# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 8, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 8, തിങ്കൾ

സ്പീക്കർ

**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി

**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...25
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...25
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...56

**II അടിയന്തരപ്രമേയം**

കെ. എസ്. ആർ.ടി.സി.-യിലെ പ്രതിസന്ധി— ...400
(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

1. വൈദ്യുതി ഉല്പാദന മേഖലയിൽ സമഗ്ര വികസന പദ്ധതികൾ—
   ശ്രീ. കെ. മുരളീധരൻ ...423
2. കടാശ്വാസ കമ്മീഷന്റെ കാലാവധി—
   ശ്രീമതി കെ. കെ. ലതിക ...430

**IV സബ്മിഷൻ**

1. ഇടുക്കി പാക്കേജ്—
   ശ്രീ. റോഷി അഗസ്റ്റിൻ ...432
2. പോസ്റ്റുമോർട്ടം—
   ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...434
3. സിവിൽ സർവ്വീസ് അക്കാഡമി സബ്സെന്റർ—
   ശ്രീ. റ്റി. വി. രാജേഷ് ...437
4. സർക്കാർ ഭൂമി കിൻഫ്രയെ ഏൽപ്പിക്കൽ—
   ശ്രീ. പി. റ്റി. എ. റഹീം ...439
5. നഴ്സിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യ—
   ശ്രീ. എം. എ. ബേബി ...440

*പേജ്*

6. കലാ-സാഹിത്യ-സാമൂഹ്യ പ്രവർത്തന മേഖലയിലെ ബുദ്ധിമുട്ടുകൾ—

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ...443

7. അദ്ധ്യാപക നിയമനം—

ശ്രീ. ജോസഫ് വാഴയ്ക്കൻ ...444

8. മികച്ച നടിക്കുള്ള അവാർഡ് പുനർനാമകരണം ചെയ്യൽ—

ശ്രീമതി ജമീലാ പ്രകാശം ...446

9. സർക്കാർ സേവന ബോർഡുകൾ സ്ഥാപിക്കൽ—

ശ്രീ. ലൂഡി ലൂയിസ് ...448

10. ഷാപ്പുകൾ അടപ്പിക്കുന്ന നടപടി—

ശ്രീ. കെ. കെ. നാരായണൻ ...449

11. ബ്രാഞ്ച് കനാലിന്റെ പുനർനിർമ്മാണം—

ശ്രീ. എ. കെ. ബാലൻ ...451

12. ആശാവർക്കേഴ്സിന്റെ ഓണറേറിയം—

ശ്രീ. എളമരം കരീം ...452

13. ശബരിമലയിൽ അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാരിൽ നിന്നും ഫീസ് ഈടാക്കൽ—

ശ്രീ. കെ. ശിവദാസൻ നായർ ...453

14. ക്യാൻസർ സെന്റർ നിർമ്മാണം—

ശ്രീ. അൻവർ സാദത്ത് ...455

15. 4-12-2014-ൽ ശ്രീ. വി. ശശി, എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള വിശദീകരണം—

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
(ശ്രീ. രമേശ് ചെന്നിത്തല) ...458

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവര പട്ടികയിലെ മൂന്നാമത്തെ ഇനം
അനുസരിച്ചുള്ള കടലാസ്സുകൾ ...460

*പേജ്*

**VI റിപ്പോർട്ട് സമർപ്പണം**

1. 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ചും 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം സംബന്ധിച്ചുമുള്ള സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ടുകൾ ...461
2. 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പ്രത്യേക റിപ്പോർട്ട് ...462

**VII നിയമനിർമ്മാണകാര്യം**

1. 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ...462
2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...517

**VIII അറിയിപ്പ്** ...535

**അനുബന്ധം**

(5-12-2014-ലെ ചോദ്യോത്തരങ്ങൾ) ...536

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 8, തിങ്കൾ*

വാല്യം 157]                ഔദ്യോഗിക റിപ്പോർട്ട്                [നമ്പർ 6

നിയമസഭ 2014 ഡിസംബർ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ......ഓർഡർ......ചോദ്യം നമ്പർ *151

### മുല്ലപ്പെരിയാർ വനമേഖലയിലെ ജൈവ-ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള പഠനം

1(*151) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നത് വനമേഖലയിലെ ജൈവ-ആവാസ വ്യവസ്ഥയെ ഗുരുതരമായി ബാധിക്കുമെന്ന് പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ആയിരുന്ന ശ്രീ. വി. ഗോപിനാഥന്റെ നേതൃത്വത്തിൽ 2014 നവംബർ മാസത്തിൽ നടത്തിയ പഠനത്തിൽ 35 വർഷത്തെ ഇടവേളയ്ക്കുശേഷം ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയാക്കി ഉയർത്തിയതുമൂലം പാരിസ്ഥിതിക പ്രശ്നങ്ങളും നിയമപരമായ പ്രശ്നങ്ങളും ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ദേശീയ ഹരിത ട്രൈബ്യൂണലിൽ ടി നിയമ ലംഘനങ്ങൾ ചൂണ്ടിക്കാട്ടി കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. സി. ദിവാകരൻ : സർ, മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് വർദ്ധിച്ചാലുണ്ടാകുന്ന ഗുരുതരമായ അവസ്ഥയെക്കുറിച്ചാണ് ഗവൺമെന്റിന് റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നത്. ഇത് ഇവിടെ മുമ്പ് ചർച്ച ചെയ്ത സന്ദർഭത്തിൽ പറഞ്ഞത് 136 അടി ആകുന്നതോടുകൂടി കേരളത്തിലെ മൂന്ന് ജില്ലകളും നാല്പത് ലക്ഷത്തോളമാളുകളും വെള്ളത്തിലാകുമെന്നാണ്. അന്നുമുതൽ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു നിസ്സംഗതാ മനോഭാവമാണ് സ്വീകരിച്ചിട്ടുള്ളത്. നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണെന്നാണ് ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി നൽകിയിരിക്കുന്ന മറുപടി. ജലനിരപ്പ് 142 അടിയായി ഉയർന്നിട്ടും ഡാമിന് ഒരു കോട്ടവും തട്ടിയിട്ടില്ലെന്നാണ് മേൽനോട്ട ചെയർമാനായ ശ്രീ. എൽ. എ. വി. വിശ്വനാഥൻ ഈ ഡാം സന്ദർശിച്ചതിനുശേഷം സർക്കാരിന് റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. കേസുകളെല്ലാം തോറ്റു. ഗവൺമെന്റിന്റെ നിലപാട് അവ്യക്തമായതിനാൽ ഇനി എങ്ങോട്ടാണ് പോകുന്നത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് ചോദിച്ച ചോദ്യത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, ജലനിരപ്പ് ഉയരുന്നതോടുകൂടി നമുക്കുണ്ടാകുന്ന ഭീഷണി. അത് ഡാമിന്റെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ടതാണ്. 1979-ൽ ജലനിരപ്പ് 136 അടിയായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിശ്ചയിച്ചപ്പോൾ 35 വർഷമായി അവിടെ ഉണ്ടായിട്ടുള്ള വന്യജീവികളുടെ ആവാസ കേന്ദ്രങ്ങളുണ്ട്. ആ ആവാസ കേന്ദ്രങ്ങളിൽ ഏകദേശം 5.68 ചതുരശ്ര കിലോമീറ്റർ നഷ്ടപ്പെട്ടുപോകുന്ന എന്നുള്ളതാണ് വനത്തിന്റെ ആസ്പെക്ടിലുണ്ടാകുന്ന പ്രധാനപ്പെട്ട പ്രശ്നം. അത് പരിശോധിക്കുമ്പോൾ നാല് പ്രധാനപ്പെട്ട നിയമങ്ങളുടെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടാവുകയാണ്. അതിൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ ലംഘനവും 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ ലംഘനവും 1986-ൽ പാസ്സാക്കിയിട്ടുള്ള Environment Protection ആക്ടിന്റെ ലംഘനവും 2006-ൽ പാസ്സാക്കിയിട്ടുള്ള ആദിവാസികൾക്കായുള്ള വനാവകാശ നിയമത്തിന്റെ ലംഘനവുമുണ്ട്. അതേസമയം അങ്ങ് പറഞ്ഞത് നമ്മുടെ സുരക്ഷിതത്വത്തെ ബാധിക്കുന്ന പ്രശ്നമാണ്. ഈ രണ്ട് കാര്യങ്ങൾകൂടി ഒരുമിച്ചെടുത്താൽ മാത്രമേ മുല്ലപ്പെരിയാറിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് നമുക്കൊരു തീരുമാനത്തിലെത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. ദിവാകരൻ : സർ, ഗവൺമെന്റിന്റെ മുമ്പിൽ വളരെ നേരത്തേ റിപ്പോർട്ട് കിട്ടിയിട്ടും ബഹുമാനപ്പെട്ട മന്ത്രി പറയുന്ന എല്ലാ ഭീഷണിയുണ്ടായിട്ടും ഹരിത ട്രൈബ്യൂണലിൽ ഇതുവരെ കേസ് രജിസ്റ്റർ ചെയ്യാത്തത് കുറ്റകരമായ അനാസ്ഥയാണ്. ആ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സീനിയറായിട്ടുള്ള അഡ്വക്കേറ്റിനെവച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള എല്ലാ നടപടികളുമെടുത്ത്, അതിന്റെ ലാസ്റ്റ് സ്റ്റേജിൽ എത്തിയിരിക്കുകയാണ്. കുറച്ചധികം റിക്കോർഡുകൾ ശേഖരിക്കാനുണ്ട്. അത് ശേഖരിക്കുന്നതിനുവേണ്ടിയുള്ള അവസാന ഘട്ടത്തിൽ നിൽക്കുകയാണ്.

ശ്രീ. കെ. അജിത് : സർ, മുല്ലപ്പെരിയാറിലെ ജലനിരപ്പ് 142 അടിയായി ഉയർത്തിയപ്പോൾ ഏകദേശം രണ്ടായിരത്തിലധികം ഹെക്ടർ സ്ഥലങ്ങളിലെ ജൈവസമ്പത്താണ് കേരളത്തിന് നഷ്ടമായത്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകുവാനും പരിഭവം പറയാനും പോവുകയാണ്. ഗവൺമെന്റ് ഈ സർവ്വകക്ഷി സംഘത്തിന് എന്ത് പാക്കേജാണ് നൽകാൻ പോകുന്നത് ; പഠന റിപ്പോർട്ടല്ലാതെ ഇതുമായി ബന്ധപ്പെട്ടുള്ള മറ്റെന്തെങ്കിലും പാക്കേജുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് കോടതിയെ സമീപിച്ചപ്പോൾ എന്ത് അഭിപ്രായമാണ് ലഭിച്ചിട്ടുള്ളത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 1979 മുതൽ ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്ന വിധത്തിലുള്ള എല്ലാ നടപടികളും ചെയ്യുന്നുണ്ട്. ഞാൻ മുൻകാല ചരിത്രത്തിലേക്കൊന്നും പോകുന്നില്ല. കാരണം ഈ വിഷയം ഇവിടെ ചർച്ച

ചെയ്തിട്ടുള്ളതും  സഭ യുനാനിമസായി പ്രമേയം പാസ്സാക്കി ഇന്ത്യാഗവൺമെന്റിന്റെ മുമ്പിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പക്ഷേ അവസാനമായി വന്നിരിക്കുന്ന തീരുമാനം, നമ്മുടെ  പ്രൊട്ടക്ഷൻ സംബന്ധിച്ചുള്ള വാദഗതികളോട് യോജിക്കാത്ത വിധത്തിലുള്ളതാണ്. ഇതിൽ മറ്റൊരു മുഖമുള്ളത് ഞാൻ നേരത്തേ സൂചിപ്പിച്ചതു പോലെ നാല് കേന്ദ്രനിയമങ്ങളുടെ ലംഘനമുണ്ടായിരിക്കുന്നു. ആ ലംഘനങ്ങൾ ഹരിത ട്രൈബ്യൂണലിന്റെ മുമ്പിൽ നമ്മൾ കൊടുക്കാൻ പോകുകയാണ്. വാദങ്ങൾ ഉണ്ടാകുമ്പോൾ നമുക്ക് പറയാനുള്ള കാര്യങ്ങൾ അവിടെ പറയാം. അങ്ങ് ചോദിച്ച ആദ്യത്തെ ചോദ്യത്തിന് ഒരു ഉത്തരം കൂടിയുണ്ട്. രണ്ടായിരത്തിൽ ഈ കേസുകളെല്ലാം സുപ്രീംകോടതിയിൽ പറഞ്ഞിരുന്നെങ്കിലും അതിൽ ഈ വാദഗതികൾ പൂർണ്ണമായി അംഗീകരിച്ചിട്ടില്ലെന്നുള്ളത് മറ്റൊരു വശമാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ഇതുസംബന്ധിച്ച അവസാന വിധിക്കായി ഹരിത ട്രൈബ്യൂണലിനുവേണ്ടി കാത്തിരിക്കാമെന്നും അതിന് വിദഗ്ദ്ധനായ ഒരു വക്കീലിനെ വച്ചിട്ടുണ്ടെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. കേസ് ഇതുവരെ ഫയൽ ചെയ്തിട്ടില്ല. രണ്ട് ടീമുകൾ തമ്മിലുള്ള മത്സരത്തിൽ ആര് ജയിക്കുമെന്നുള്ളതല്ല പ്രശ്നം. നമ്മുടെ ആവാസ വ്യവസ്ഥയേയും മൂന്ന്-നാല് ജില്ലകളേയും അവിടത്തെ ജനങ്ങളെയും ബാധിക്കുന്ന അതീവഗുരുതരമായ പ്രശ്നമെന്നനിലയ്ക്ക് ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ചർച്ചയിലേക്കു പോകാതെ ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കാനുള്ള ശ്രമം നടത്താത്തിടത്തോളംകാലം ഇതിനൊരു പരിഹാരമുണ്ടാകില്ല. ആ നിലയ്ക്ക് അതിന് പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, നമ്മുടെ ആർഗ്യുമെന്റിന് വളരെ ശക്തിയുണ്ട്. കാരണം വെള്ളത്തിന്റെ കാര്യത്തിൽ നമ്മൾ തർക്കം പറയുന്നില്ല. സുരക്ഷിതത്വം ഉറപ്പാക്കണമെന്നുമാത്രമാണ് പറയുന്നത്. അത് വേറൊരു കേസാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട, വന്യജീവി സംരക്ഷണവുമായി  ബന്ധപ്പെട്ട മറ്റൊരു കേസാണ് ഞാൻ ഉന്നയിക്കുന്നത്. ഇതു രണ്ടും രണ്ടാണ്. ഇവിടെ Directive Priciples-ലെ Article 48A-ൽ  " Protection and improvement of  environment and safeguarding of forests and wildlife." എന്ന് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിന്റെ ലംഘനമുണ്ടാകരുത് എന്നുള്ളതാണ് നമ്മുടെ വാദം. Fundamental Duties-ൽ (Article 51A) പറഞ്ഞിരിക്കുന്നത്,  ".....(g) to protect and improve the natural environment including forests, lakes, rivers and wildlife, and to have compassion for living creatures ;"  എന്നാണ്. ഇത് ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ

പറഞ്ഞിട്ടുള്ള, ഭരണഘടനാപരമായി നമുക്ക് കിട്ടേണ്ട അവകാശങ്ങളാണ്. ആ അവകാശം സ്ഥാപിച്ച് കിട്ടുന്നതിന വേണ്ടിയാണ് ഗ്രീൻ ട്രൈബ്യൂണലിലേക്ക് പോകുന്നത്. ആ നടപടികളുമായി ഗവൺമെന്റ് നീങ്ങുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, നമ്മുടെ കേസിന്റെ വീക്ക്നെസ് എന്നു പറയുന്നത് 1970-ൽ കരാർ പുതുക്കിക്കൊടുത്തു എന്നുള്ളതാണ്. അത് ആരുടെ കാലത്താണ് ചെയ്തതെന്ന് ഞാൻ പറയുന്നില്ല. അങ്ങനെയൊരു വീക്ക്നെസ് ഉണ്ടാക്കിയെടുത്തതിനുശേഷം ഇപ്പോൾ സർക്കാരിനെ നിരന്തരം കുറ്റംപറയുകയാണ്. ഗ്രീൻ ട്രൈബ്യൂണലിൽ എന്ന് കേസ് കൊടുക്കാൻ ഉദ്ദേശിക്കുന്നു ; ഏറ്റവും കോമ്പിറ്റന്റായ വക്കീലിനെ വയ്ക്കുകയും ഗ്രീൻ ട്രൈബ്യൂണലിൽ പോയാൽ മാത്രമേ നീതികിട്ടുകയുള്ളൂ എന്ന വിശ്വാസം ഗവൺമെന്റിനുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നിയമപരമായ എല്ലാ പ്രൊട്ടക്ഷനും ലഭിക്കുന്നതിനുവേണ്ടി നമ്മൾ ശ്രമിക്കും. എൻവയോൺമെന്റൽ ആസ്പെക്ട്സിൽ പറയുന്നത് വളരെ ഗൗരവമുള്ള കാര്യങ്ങളാണ്. വഞ്ചിവയലിൽ താമസിക്കുന്ന ട്രൈബൽ കോളനിയിലെ ഇ.ഡി.സി. 22-11-2014-ൽ പാസ്സാക്കിയ ഒരു പ്രമേയം എന്റെ കൈവശമുണ്ട്. വഞ്ചിവയൽ, മന്നാർക്കുടി, പള്ളിയക്കുടി എന്നീ മൂന്ന് കോളനികളിൽ താമസിക്കുന്ന ആദിവാസി സമൂഹങ്ങൾ പാവപ്പെട്ടവരാണ്. അവർക്ക് എവിടെ പോകാൻ സാധിക്കും ? വെള്ളം വർദ്ധിച്ചതോടുകൂടി അവർക്ക് അവിടെനിന്ന് ഒഴിഞ്ഞുപോവുകയല്ലാതെ വേറെ മാർഗ്ഗമില്ല. അങ്ങനെ ഉണ്ടാകുമായിരുന്നെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കേണ്ട തായിരുന്നു. അത് ആലോചിച്ചിട്ടില്ല. ആ എൻവയോൺമെന്റൽ ഇഷ്യൂവിനെക്കുറിച്ച് ഒരു പബ്ലിക് ഹിയറിംഗ് ഉണ്ടാകേണ്ടതാണ്. ഞാനൊരു വൈരുദ്ധ്യം ചൂണ്ടിക്കാണിക്കാം. ഇവിടെ പേപ്പാറ ഡാമിന് ഉയരം കൂട്ടണമെന്നൊരാവശ്യമുണ്ടായിരുന്നു. അത് അനുവദിക്കില്ലെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞു, കാരണം അത് ആദിവാസികളെയും വന്യജീവി ആവാസകേന്ദ്രത്തെയും നമ്മുടെ ഇക്കോളജിയെയും ബാധിക്കുമെന്നുള്ളതിനാൽ മൂന്ന് മീറ്റർ ഉയർത്താൻ സ്യാധമല്ലെന്ന നിലപാടാണ് നേരത്തെയെടുത്തത്. ഇപ്പോൾ അതേ സ്ഥലത്ത് അതേ സ്റ്റേറ്റിൽ മറ്റൊരു ഡാമിന്റെ കാര്യം വന്നപ്പോൾ നേരെ വ്യത്യസ്തമായ സമീപനമെടുക്കുന്നത് തികച്ചും വൈരുദ്ധ്യമാണ്. ഡയറക്ടീവ് പ്രിൻസിപ്പിൾസിന്റെയും ഭരണഘടനയുടേയും നിലവിലുള്ള നിയമത്തിന്റേയും ലംഘനം എല്ലാ കാര്യത്തിലും ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ടാണ് ഹരിത ട്രൈബ്യൂണലിൽ പോകുന്നത്. നമ്മൾ കോൺസ്റ്റിറ്റ്യൂഷണൽ ബഞ്ചുവരെ പോയിട്ടും ഫലമുണ്ടായില്ല. ഇതിനെ പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ടി 2006-ൽ അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ 2006 മാർച്ച് 14, 15 തീയതികളിൽ ഒരുമിച്ചുകൂടി സ്പെഷ്യൽ സമ്മേളനം നടത്തി. നിയമസഭ പിരിഞ്ഞ പശ്ചാത്തലത്തിൽപോലും കേരളത്തെ ബാധിക്കുന്ന അതീവ

ഗുരുതരമായ ഒരു പ്രശ്നമാണെന്നുള്ളതുകൊണ്ട് മുഖ്യമന്ത്രി സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടി. ആ യോഗത്തിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസം 14, 15 തീയതികളിൽ നമ്മൾ സ്പെഷ്യൽ സമ്മേളനം വിളിച്ചുകൂട്ടി ഒരു പുതിയ നിയമംതന്നെ പാസ്സാക്കി. ആ നിയമത്തെയാണ് സുപ്രീംകോടതി ചോദ്യം ചെയ്തിരിക്കുന്നത്. അതിന്റെ അവസാന തീരുമാനം വന്നപ്പോൾ നമ്മൾ ഉന്നയിച്ച വാദഗതി അംഗീകരിച്ചതായി കാണുന്നില്ല. അതുകൊണ്ട് കേരളത്തിന്റെ ബുദ്ധിമുട്ടും വേദനയും ദുഃഖവും ഹരിത ട്രൈബ്യൂണലിന്റെ മുമ്പിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്. അത് ഈ സഭ ഒരുപോലെ ഒരുമിച്ച് പണ്ട് പാസ്സാക്കിയ പ്രമേയത്തിന്റെ ഒരു സ്പിരിറ്റിലാണ് നിൽക്കുന്നത് എന്നുള്ളതാണ് എന്റെ വിശ്വാസം.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, മുല്ലപ്പെരിയാർ ഡാമിൽ നിന്നും എത്ര ആയിരം ഹെക്ടർ ഭൂമിയിൽ വെള്ളം സംഭരിക്കാനാണ് പാട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ; 136 അടിയിൽ നിന്നും 142 അടിയായി ഉയരുമ്പോൾ നമ്മുടെ പാട്ട വ്യവസ്ഥ ലംഘിച്ചുകൊണ്ട് അധികം ഭൂമിയിൽ വെള്ളം സംഭരിക്കപ്പെടുന്നുണ്ടോ ? അതോടൊപ്പം തന്നെ 152 അടിയായി ഉയരുമ്പോൾ ഡാമിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് അറിയാൻ എന്തെങ്കിലും പഠനം നടത്തുകയോ മനസ്സിലാക്കുകയോ ചെയ്തിട്ടുണ്ടോ എന്നുള്ള വസ്തുത അറിയാൻ സാധിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് ചോദിച്ചത് വളരെ ശരിയാണ്. 152 അടിയായി ഉയരുമ്പോൾ 11.5 സ്ക്വയർ കിലോമീറ്റർ വെള്ളത്തിന് അടിയിൽ ആയി പോകും. ഇപ്പോൾ 142 അടിയിൽ നിൽക്കുന്നതുകൊണ്ട് 5.68 സ്ക്വയർ കിലോമീറ്ററിലാണ് അധികമായി വെള്ളം കയറിയിരിക്കുന്നത്. അത് 152 അടിയിലേക്ക് വന്നാൽ 11.5 സ്ക്വയർ കിലോമീറ്റർ വെള്ളത്തിനടിയിലാകുകയാണ്. അത് ജന്തുജീവികളുടെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിന്റെ എല്ലാ ആസ്പെക്ടുകളും പരിശോധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നമുക്ക് പറയാൻ കഴിയുന്നത് ഹരിത ട്രൈബ്യൂണലിലാണെന്നുള്ളതുകൊണ്ട് ഹരിത ട്രൈബ്യൂണലിന് മുൻപിൽ നമ്മൾ കേസ് ഉന്നയിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ജലനിരപ്പ് ഉയരുന്നതോടുകൂടി അവിടത്തെ ജൈവ ആവാസ വ്യവസ്ഥകൾക്ക് ഗുരുതരമായ ആഘാതമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സുപ്രീംകോടതിയുടെ കോൺസ്റ്റിറ്റ്യൂഷൻ ബഞ്ചിന്റെ അന്തിമവിധി വന്നിരിക്കുകയാണ്. അതിനുശേഷം അവിടെ ഉയർത്തിയ അതേ വാദമുഖങ്ങൾ തന്നെ ഉയർത്തികൊണ്ട് നമ്മൾ ഗ്രീൻ ട്രൈബ്യൂണൽ മുൻപാകെ പോയാൽ സുപ്രീംകോടതിയുടെ

കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് എടുത്തിരിക്കുന്ന തീരുമാനത്തെ മറികടക്കാനുള്ള അധികാരം ഗ്രീൻ ട്രൈബ്യൂണലിന് ഉണ്ടോ ? കോടതി പിരിഞ്ഞതിനുശേഷം ലോ പോയിന്റ് പറഞ്ഞിട്ട് കാര്യമില്ലല്ലോ. നാല് പ്രധാനപ്പെട്ട നിയമലംഘനങ്ങൾ നടത്തിയതിനുള്ള കാരണം നേരത്തെ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. നമുക്ക് ഇനിയുള്ള ഏക കച്ചിത്തുരുമ്പായ, ജൈവ ആവാസ വ്യവസ്ഥകൾ വെള്ളത്തിനടിയിലാകുമെന്നുള്ള പ്രധാനപ്പെട്ട വിഷയം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി റീ ഓപ്പൺ ചെയ്യുന്നതിന് എന്തെങ്കിലും വഴികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, വനത്തിന്റെ ആസ്പെക്ടുമായി ബന്ധപ്പെട്ട ഒരു ഭാഗം മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. സുപ്രീംകോടതിയിൽ കേസ് നടക്കുന്നതുകൊണ്ടും കേസിനെ സംബന്ധിച്ച് അഫിഡവിറ്റ് കൊടുത്തിട്ടുള്ളതുകൊണ്ടും ബാക്കി കാര്യങ്ങൾ ഒരുപാട് പ്രാവശ്യം ചർച്ച ചെയ്തതുകൊണ്ടും ഇവിടെ ഇപ്പോൾ ആ ഇഷ്യൂ ഓപ്പൺ ചെയ്യുന്നില്ല. ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞത് ശരിയാണ്. നമ്മൾ ഇത് സുപ്രീംകോടതിയിൽ ഉന്നയിച്ചതാണ്. പക്ഷേ സുപ്രീം കോടതിയിൽ ഉന്നയിച്ച പോയിന്റുകൾക്ക് ആവശ്യമായ രൂപത്തിൽ വിധിയിൽ ഒരു മറുപടി വന്നതായി ഇപ്പോഴും ബോധ്യപ്പെട്ടിട്ടില്ല. ആ ഇഷ്യൂ ഓപ്പൺ ആയി നിൽക്കുകയാണ്. കാരണം സുപ്രീംകോടതിയിൽ ആ വിഷയം ഉന്നയിച്ചു. ഗൗരവതരമായ രൂപത്തിൽ സുപ്രീംകോടതി ആ ഇഷ്യൂവിന് മറുപടി പറഞ്ഞതായി തോന്നിയിട്ടില്ല. അതുകൊണ്ട് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിൽ ഹരിത ട്രൈബ്യൂണലിനാണ് ഇത് നോക്കാനുള്ള പ്രൈമറി ഡ്യൂട്ടി എന്നുള്ളതുകൊണ്ട് ഭരണഘടനാപരമായി ചെന്ന് കയറാൻ പറ്റുന്ന ഏറ്റവും പ്രധാനപ്പെട്ട കോടതിയിലേക്ക് ഇതിനെ കൊണ്ടുപോകുകയാണ്. ഹരിത ട്രൈബ്യൂണലിന്റെ മുൻപിലെങ്കിലും കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ട് നമ്മുടെ വാദഗതികൾ ഉന്നയിച്ച് ആവാസ വ്യവസ്ഥ തകരുന്നത് ഇല്ലാതാക്കുന്നതിനു വേണ്ടിയുള്ള ശ്രമം നടത്തേണ്ടതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, അങ്ങ് ഇവിടെ പ്രകടിപ്പിച്ച ദുഃഖവും പരിഭവവും സങ്കടവും ഒക്കെ ആവർത്തിക്കുന്നു എന്നുള്ളതുകൊണ്ട് നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ള വിശ്വാസം നഷ്ടപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സ്വന്തം മണ്ഡലത്തിലൂടെ യാത്ര ചെയ്യാൻ പോലും കഴിയാത്ത ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. ജില്ലാകളക്ടർക്കുപോലും ആ പ്രദേശത്തേക്ക് കയറാൻ കഴിയില്ല. അവിടെ ഒരു തരം അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. ജില്ലാ കളക്ടർ പോയിട്ടുപോലും അവിടം സന്ദർശിക്കാൻ വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. സി.ഐ.എസ്.എഫ്.-ന്റെ ആളുകളെ കൊണ്ടുവന്ന് അവർ അവിടെ രഹസ്യ സന്ദർശനം

നടത്തി. അത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടോ ഇല്ലയോയെന്നുള്ളത് എനിക്ക് അറിഞ്ഞുകൂടാ. എന്തായാലും ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ അടിയന്തരമായ ഒരു പാക്കേജ് പ്രഖ്യാപിക്കണം. അത് ഇപ്പോൾ ഉണ്ടെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം കൂടി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണാൻ തീരുമാനിച്ചു. ഇന്റർനാഷണൽ ഏജൻസിയെ കൊണ്ട് സ്റ്റഡി നടത്തണമെന്നുപറയുന്നു. ആ സ്റ്റഡി നടത്തണം എന്നുപറയുമ്പോൾ എന്തെല്ലാം പുകിലുകളാണുണ്ടാകാൻ പോകുന്നതെന്ന് അറിഞ്ഞുകൂടാ. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതാണ് യഥാർത്ഥ അവസ്ഥ. ഇതുവരെ നടത്തിയ കേസുകളിൽ വിജയം കാണാൻ കഴിയാത്ത നിർഭാഗ്യകരമായ സാഹചര്യമാണുള്ളത്. അത് ഈ ഗവൺമെന്റിന്റെ കുറ്റമാണെന്നൊന്നും ഞാൻ പറയുന്നില്ല. അവസാന നിമിഷം വരെയും ഫൈറ്റ് ചെയ്തുനോക്കുക. അങ്ങയുടെ വകുപ്പിന്റെ കീഴിൽ ആനവച്ചാലിൽ ഒരു പാർക്കിംഗ് ഗ്രൗണ്ടിന്റെ നിർമ്മാണത്തിനെതിരെ തമിഴ്നാട് ഗ്രീൻ ട്രൈബ്യൂണലിൽ പോയി സ്റ്റേ വാങ്ങിയിരിക്കുന്നു. ആറ് ആഴ്ചത്തെ സമയം കൊടുത്തിരിക്കുകയാണ്. അതിന് ഒരു സ്റ്റഡി കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റിയിൽ സർവ്വേ ഡയറക്ടറും ഐ.ജി. ഫോറസ്റ്റും മെമ്പർമാരാണ്. നമ്മുടെ സംസ്ഥാനത്തിലെ കുമളി പഞ്ചായത്തിന് ഒരു പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് തമിഴ്നാട് കൊണ്ടുവന്നിരിക്കുന്ന സ്റ്റേ വെക്കേറ്റ് ചെയ്ത് അനുകൂലമായ ഒരു വിധി നേടിയെടുക്കുന്നതിനും മുല്ലപ്പെരിയാർ തീരദേശവാസികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഞങ്ങൾക്കൊക്കെ ആ മണ്ഡലത്തിൽ സ്വതന്ത്രമായി യാത്ര ചെയ്യാനുമുള്ള ഒരു സാഹചര്യം അങ്ങ് സൃഷ്ടിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 1956-ലെ റീ-യൂണിഫിക്കേഷൻ ഓഫ് ദി സ്റ്റേറ്റ്സ്-ൽ എടുത്തിരിക്കുന്ന ചില തീരുമാനങ്ങളുണ്ട്. അതിൽ ഓരോ സംസ്ഥാനത്തിന്റെയും അധികാരം വളരെ കൃത്യമായി ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. റീ-യൂണിഫിക്കേഷൻ ഓഫ് ദി സ്റ്റേറ്റ്സ്-ന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഭൂപരിധിയിൽ വരുന്ന സ്ഥലമുണ്ട്. ഭരണഘടനാപരമായി ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ളതുപോലെ സംസ്ഥാന ഗവൺമെന്റിനാണ് ആ സ്ഥലത്തിന്റെ അധികാരം. അത് ആർക്കും കയ്യേറാൻ അധികാരമില്ല. ആനവച്ചാൽ ഗ്രൗണ്ടിനെ കുറിച്ച് അങ്ങ് പറഞ്ഞത് തീർച്ചയായിട്ടും നമ്മൾ പരിശോധിക്കും. ആവശ്യമായ നിയമസംരക്ഷണം ലഭിക്കത്തക്ക വിധത്തിൽ കോടതിയിൽ നമുക്ക് ഇക്കാര്യം ഫൈറ്റ് ചെയ്യുകയും ചെയ്യാം.

ശ്രീ. പി. സി. ജോർജ് : സർ, ഇതുസംബന്ധിച്ച് സഭ ഒരുമിച്ച് പല പ്രമേയങ്ങളും പാസ്സാക്കിയിട്ടുള്ളതാണ്. എന്നിട്ട് എന്ത് കിട്ടി? സുപ്രീംകോടതിയിൽ

ചെന്നു. ആര് മൈന്റ് ചെയ്തു; ഗ്രീൻ ട്രൈബ്യൂണലിൽ ചെന്നു, ആര് മൈന്റ് ചെയ്തു ? കേരളം എന്നൊരു നാടുണ്ടെന്ന് ഉത്തരേന്ത്യയിൽ ഇരിക്കുന്ന മുതലാളിമാർക്ക് മനസ്സിലാകുന്നില്ല. ഇന്ത്യയുടെ ഭരണം അവരുടെ കൈകളിലാണ്. ഭരണം മാറി വന്നുവെന്നുപറഞ്ഞിട്ടും ഭരണമെല്ലാം അവരുടെ കയ്യിൽ തന്നെ ഇരിക്കുകയാണ്. ഈ വസ്തുത മനസ്സിലാക്കാതെ ഇവിടെക്കിടന്ന് പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും തർക്കിച്ചിട്ട് എന്തുകിട്ടാനാണ് ; ഇങ്ങനെ പറയേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഇവിടെ പറയാതിരിക്കാൻ സാധിക്കുമോ ? ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ മുല്ലപ്പെരിയാർ സംബന്ധിച്ച എഗ്രിമെന്റ് വയലേറ്റ് ചെയ്യപ്പെട്ടിട്ടില്ലേ; കുടിവെള്ളത്തിനു കൊടുത്ത ഡാമിലെ വെള്ളമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. ആരാണ് അതിന് സാങ്ഷൻ കൊടുത്തത് ? 1970-ൽ അതിന് അനുവാദം കൊടുത്തില്ലെങ്കിൽ ഈ ഗതികേടിലേക്ക് കേരളം എത്തുമായിരുന്നോ ? ഞാൻ പേര് പറഞ്ഞ് ആരെയും അപമാനിക്കുന്നില്ല. നമ്മുടെ അടുത്ത തലമുറയെങ്കിലും നശിക്കാതിരിക്കാൻ ഈ കാര്യങ്ങളിൽ ബുദ്ധിപൂർവ്വമായി കേരളത്തെ പറ്റി ചിന്തിച്ചു കൊണ്ട് ഒരു തീരുമാനമെടുക്കണം. ഇവിടെ ബഹുമാനപ്പെട്ട ഇ. എസ്. ബിജിമോൾ പറഞ്ഞു, കുമളി പഞ്ചായത്തിൽ ഒരു പാർക്കിംഗ് ഗ്രൗണ്ടിന്റെ നിർമ്മാണത്തിന് തമിഴ്നാട് ഗ്രീൻ ട്രൈബ്യൂണലിൽ സ്റ്റേ ചെയ്തുവെന്ന്. ആ ഗ്രീൻ ട്രൈബ്യൂണലിനോട് രണ്ട് വർത്തമാനം പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് തന്റേടമുണ്ടോ, മലയാളിക്ക് തന്റേടമുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്. ഇവിടെ മലയാളിക്ക് ജീവിക്കേണ്ടേ ? മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ആരുടെയും മുഖം നോക്കാതെ ദേശീയ കക്ഷികൾ അന്തസ്സായി പെരുമാറാൻ ശ്രമിച്ചാൽ ഇതിനൊരു പരിഹാരമുണ്ടാകും. മന്ത്രി അതിന് തയ്യാറുണ്ടോ എന്നാണ് എനിക്കറിയേണ്ടത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ശ്രീ. പി. സി. ജോർജ് ഇവിടെ സൂചിപ്പിച്ച കാര്യത്തിന്റെ പൊതുവികാരം ഞാൻ ഉൾക്കൊള്ളുന്നു. ആ വികാരങ്ങളെ പരസ്യമായി ഖണ്ഡിക്കാൻ ശ്രമിക്കുന്നില്ല. നേരത്തേ സുപ്രീംകോടതിയുടെ ഒരു വിധിവന്നു. ആ വിധി നമ്മളെ ബാധിച്ചതുകൊണ്ട്, നമ്മളൊരു കേസ് കൊടുത്തു. ഡാമിന്റെ സുരക്ഷിതത്വം സംരക്ഷിക്കുന്നതിനുവേണ്ടി നിയമസഭ ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് ഒരു നിയമം പാസ്സാക്കി. ആ നിയമത്തെ അവർ ചോദ്യം ചെയ്തു. ആ നിയമത്തിന് സാധുത നിലനിൽക്കണമെന്നാവശ്യപ്പെട്ട് നമ്മൾ സുപ്രീംകോടതിയെ സമീപിച്ചപ്പോൾ ചില എൻവയോൺമെന്റൽ ആസ്പെക്ട് കൂടി പറഞ്ഞു. പക്ഷേ സുപ്രീംകോടതി അത് എടുത്തതായി തോന്നിയിട്ടില്ല. ഇപ്പോൾ ഗ്രീൻ ട്രൈബ്യൂണലിന്റെ സ്പെഷ്യൽ കോടതിയായതുകൊണ്ട് അങ്ങോട്ട് മാറാം.

ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞ പൊതുവികാരത്തെ ഞാൻ എതിർക്കുന്നില്ല. പക്ഷേ ഇത് ഉത്തരേന്ത്യൻ-ദക്ഷിണേന്ത്യൻ തർക്കമോ അല്ലെങ്കിൽ തമിഴ്നാട്-കേരളം തർക്കമോ അല്ല. നമ്മൾ വെള്ളം കൊടുക്കാമെന്നേ പറഞ്ഞുള്ളൂ. നമ്മുടെ കുട്ടികൾക്ക് സുരക്ഷിതത്വത്തോടുകൂടി ജീവിക്കാൻ പറ്റത്തക്ക വിധത്തിൽ അവർക്ക് സംരക്ഷണമുണ്ടാകണം. അതാണ് നമ്മുടെ ബേസിക് ഇഷ്യൂ. അതേസമയം കോടതിയെടുത്ത തീരുമാനത്തിൽ സബ്സിക്വന്റായി വന്ന ഡവലപ്മെന്റ് കേരളത്തിലെ ആവാസ വ്യവസ്ഥയെ ബാധിക്കുന്നു. അത് കോടതി പരിശോധിച്ചിട്ടുണ്ടോ ? ഇല്ല എന്നാണ് കോടതിവിധിയിൽ നിന്നും മനസ്സിലാക്കുന്നത്. അതുകൊണ്ട് കോടതിയുടെ വിധിയിൽ നമ്മളെ ബാധിച്ചിട്ടുള്ള എൻവയോൺമെന്റൽ ആസ്പെക്ടിന് പരിഹാരമുണ്ടാകുന്നതിനുവേണ്ടിയുള്ള നിയമ നടപടികളുമായി മുന്നോട്ടു പോകുകയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് നിരവധി സർവ്വകക്ഷിയോഗങ്ങൾ കൂടി. കഴിഞ്ഞ ദിവസവും യോഗം കൂടി. അതിനുമുമ്പ് യോഗം കൂടിയപ്പോൾ പരിസ്ഥിതി ആഘാതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കമ്മ്യൂണിറ്റി റൈറ്റ് എന്ന ആവശ്യമുന്നയിച്ച് മണ്ണാകുടി എന്ന വ്യക്തി ഒരു കേസ് കൊടുത്തിരുന്നു. ആ കേസിനെ പ്രോത്സാഹിപ്പിക്കുകയും കക്ഷിചേരാൻ പറ്റുമെങ്കിൽ കക്ഷിചേരാൻ ശ്രമിക്കണമെന്നും അന്നുതന്നെ ഹരിത ട്രൈബ്യൂണലിനെ സമീപിക്കണമെന്നുമുള്ള രണ്ട് നിർദ്ദേശങ്ങളാണ് അന്നത്തെ യോഗത്തിലുണ്ടായത്. അതുകഴിഞ്ഞ്, ഇപ്പോഴും മന്ത്രി പറയുന്നത് ഹരിത ട്രൈബ്യൂണലിനെ സമീപിക്കുന്ന കാര്യങ്ങളിലെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുകയാണ് എന്നാണ്. ഈ രണ്ട് പ്രശ്നത്തിലും ആരുടെ ഭാഗത്തുനിന്നാണ് അലംഭാവമുണ്ടായത് ; ആ സർവ്വകക്ഷിയോഗത്തിന്റെ നിർദ്ദേശങ്ങൾ എന്തുകൊണ്ടാണ് പരിഗണിക്കപ്പെടാതെ പോയത് ; ആ അലംഭാവത്തിന് ആരാണ് ഉത്തരവാദി ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞതു പോലെ സർവ്വകക്ഷിയോഗത്തിലെടുത്ത തീരുമാനത്തിന്റെ ഒരു കോൺസൻസസ് ആണ് നമ്മൾ ഹരിത ട്രൈബ്യൂണലിൽ പോകണമെന്നുള്ളത്. അതിനായുള്ള നിയമ നടപടികളിലാണ് നിൽക്കുന്നത്. ആ നിയമനടപടികളെല്ലാം തയ്യാറാക്കി നമുക്ക് ഫയൽ ചെയ്യത്തക്കവിധത്തിൽ എത്തിയിരിക്കുകയാണ്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : സർ, മുല്ലപ്പെരിയാർ ഡാമിന്റെ സംഭരണശേഷി 142 അടിയായി ഉയർത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും പരിസ്ഥിതി, വനാവകാശ നിയമം, ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അങ്ങനെ ഒരുപാട് നിയമ

ലംഘനങ്ങൾ നടക്കുന്നുവെന്നും ഗ്രീൻ ട്രൈബ്യൂണലിന്റെ മുമ്പിൽ പോകാനുള്ള സാധ്യതയുണ്ടെന്നും മന്ത്രി ഇവിടെ പറഞ്ഞു. അതിൽ ഒരു കാര്യം ശ്രദ്ധിക്കണമെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഗ്രീൻ ട്രൈബ്യൂണലിൽ നമ്മൾ ഉയർത്തിയിട്ടുള്ള ചില വാദങ്ങളുണ്ട്. ആ വാദങ്ങൾക്ക് കോൺട്രഡിക്റ്ററിയായിട്ടുള്ള ഒരു വാദത്തിലേക്ക് ഈ കാര്യം വരുമ്പോൾ പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതുകൊണ്ട് ഇത് വളരെ ഗൗരവത്തോടുകൂടിത്തന്നെ ആലോചിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാനിവിടെ സൂചിപ്പിച്ച നാല് നിയമങ്ങൾ കേന്ദ്രഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള നിയമങ്ങളാണ്. അത് കസ്തൂരി രംഗൻ റിപ്പോർട്ടിലെ വാദഗതികളുമായി ഒരു കോൺട്രഡിക്ഷനുമില്ല. കസ്തൂരി രംഗൻ റിപ്പോർട്ട് വന്നിട്ടുള്ളത് വേറൊരു ആസ്പെക്ടിലും വേറൊരു മേഖലയുമായി ബന്ധപ്പെട്ടുമാണ്. ആ മേഖലയിലെ 11000 ഏക്കർ സ്ഥലം കേരളത്തിലായിപ്പോയി എന്നുള്ളത് മാത്രമേയുള്ളൂ. 59000 ഏക്കർ സ്ഥലത്തെ ബാധിക്കുന്നതാണ് കസ്തൂരി രംഗൻ റിപ്പോർട്ട്. അതും ഇതും രണ്ടും രണ്ടാണ്. നിലവിൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നാല് നിയമങ്ങളുടെ ലംഘനം, ആ ലംഘനത്തിന്റെ ശരിയായിട്ടുള്ള കാര്യങ്ങൾ കോടതിയുടെ മുമ്പിലെത്തിക്കുന്നതിനു വേണ്ടിയാണ് നമ്മൾ ശ്രമിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, എൻവയോൺമെന്റൽ ആസ്പെക്ടിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞകാര്യം ആദ്യം തന്നെ തോന്നിയിരുന്നുവെങ്കിൽ രക്ഷപ്പെടാനുള്ള എല്ലാ വകുപ്പുകളും നമുക്കുണ്ടായിരുന്നു. ഒരു ബദൽ ഡാം കെട്ടാനാണ് നമ്മൾ നിയമം കൊണ്ടുവന്നത്. ഇത് നമുക്ക് അന്ന് തോന്നിയിരുന്നുവെങ്കിൽ രക്ഷപ്പെടുമായിരുന്നു. ഇനി രക്ഷപ്പെടാനും പോകുന്നില്ല. കാരണം നേരത്തേ എം.എൽ.എ. പറഞ്ഞതുപോലെ നേരെ കോൺട്രഡിക്ടറിയായിട്ടുള്ള വെർഷനായിരിക്കും ഗ്രീൻ ട്രൈബ്യൂണലിന് കൊടുത്താലുണ്ടാകുന്നത്. എന്റെ ചോദ്യം, ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ട് എന്ന പേരിൽ HRMLP എന്ന പദ്ധതി മുല്ലപ്പെരിയാർ അടക്കമുള്ള ഹൈറേഞ്ചുകളിൽ നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. ഇതിന്റെ ഭാഗമായി ഇടുക്കി കളക്ടർ ഉൾപ്പെടെയുള്ള ആളുകൾ വിദേശത്തേക്ക് പോയിരുന്നു. അങ്ങനെയൊരു പദ്ധതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഈ പദ്ധതിക്ക് ആരാണ് രൂപം കൊടുത്തത്, എന്താണ് ഇതിന്റെ ഉദ്ദേശം. ഇത് സംബന്ധിച്ച് വിശദമാക്കാൻ സാധിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇത് UNDP-യുടെ പദ്ധതിയാണെന്നാണ്

എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. UNDP പദ്ധതി ലാന്റ്സ്കേപ്പ് പ്രോഗ്രാമായി മുന്നോട്ട് പോകുകയാണ്. UNDP പദ്ധതിയിൽ 30 കോടിരൂപ അന്ന് കേരള ഗവൺമെന്റിന് ഗ്രാന്റായി നൽകാമെന്ന് അവർ തീരുമാനിച്ചതായാണ് എനിക്ക് ഫയലിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് അത് UNDP-യുടെ പദ്ധതിയാണ്. സ്വകാര്യഏജൻസിയുടേതല്ല.

**കോമ്പിംഗ് ഓപ്പറേഷൻ**

2(*152) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റകൃത്യങ്ങൾ തടയുന്നതിനും ക്രിമിനൽ കേസുകളിലെയും വാറണ്ടുള്ളവരെയും അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കുന്നതിനും ആഭ്യന്തര വകുപ്പിനുകീഴിൽ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകുമോ ;

(ബി) പ്രത്യേക കോമ്പിംഗ് ഓപ്പറേഷൻ നടത്തുന്നതിന് മാനദണ്ഡമോ കാലപരിധിയോ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണെന്നും 2014-ൽ എത്ര ഓപ്പറേഷനുകൾ എവിടെയെല്ലാം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) കോമ്പിംഗ് ഓപ്പറേഷന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിൽ ഈ വർഷം നടത്തിയ കോമ്പിംഗ് ഓപ്പറേഷനുകളുടെ ഫലം വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) കുറ്റകൃത്യങ്ങൾ തടയുന്നതിനായി അത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി നിരീക്ഷിച്ചുവരുന്നതും കൂടുതൽ കേസുകളിൽ പ്രതികളാകുന്നവരെ KAAPA നിയമപ്രകാരം തടങ്കലിൽവച്ചും കുറ്റ്യകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് ശ്രമിച്ചും വരുന്നു. വാറണ്ടുള്ളവരെ അറസ്റ്റ് ചെയ്യുന്നതിനും പിടികിട്ടാപ്പുള്ളികളെ പിടികൂടുന്നതിനും സർക്കിൾ അടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ശക്തമായി പട്രോളിംഗ് നടത്തിയും വാറണ്ടുള്ള കുറ്റവാളികൾ ഉൾപ്പെടെ ഉള്ളവരെ അറസ്റ്റ് ചെയ്യുന്നതിന് പ്രത്യേക സംഘങ്ങൾ രൂപീകരിച്ചും സ്ഥിരമായി കുറ്റകൃത്യങ്ങൾ ഏർപ്പെടുന്നവരിൽനിന്നും നല്ല നടപ്പിന് ജാമ്യം വാങ്ങിപ്പിച്ചും വരുന്നു.

ക്രിമിനൽ കേസിലെ പ്രതികളെയും വാറണ്ടുള്ള പ്രതികളെയും യഥാസമയം അറസ്റ്റ ചെയ്ത് നിയമനടപടികൾക്കായി കോടതിയിൽ ഹാജരാക്കി വരുന്നുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസ് സ്റ്റേഷൻ പരിധികളിൽ പ്രത്യേകം പ്രത്യേകം ബീറ്റുകൾ ഏർപ്പെടുത്തി ഡ്യൂട്ടികൾ ചെയ്യാറുണ്ട്. കൂടാതെ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് കുറ്റകൃത്യങ്ങളെപ്പറ്റിയും കുറ്റകൃത്യം നടത്തുന്നവരെപ്പറ്റിയും രഹസ്യവിവരം ശേഖരിച്ചു വരുന്നു. ജനമൈത്രി പോലീസ് സിസ്റ്റം, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ഉപയോഗിച്ച് കുറ്റകൃത്യത്തിനെതിരെ ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. വാറണ്ടുള്ളവരെ അറസ്റ്റ് ചെയ്യാൻ സ്പെഷ്യൽ ഡ്രൈവും കോമ്പിംഗ് ഓപ്പറേഷനുകളും ഏർപ്പെടുത്താറുണ്ട്. കുറ്റകൃത്യങ്ങളും മോഷണങ്ങളും തടയുന്നതിനായി രാത്രികാല പട്രോളിംഗ് ശക്തമായി നടത്തിവരുന്നു. സംശയാസ്പദമായി കണ്ടെത്തുന്നവരെ പ്രിവന്റീവ് അറസ്റ്റ് നടത്തി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ ഷാഡോ പോലീസിനെ നിയോഗിച്ചും ഇന്റലിജൻസ് മുഖാന്തരം വിവരങ്ങൾ ശേഖരിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുവാൻ സാധ്യതയുള്ളവരുടെ മേൽ നിരീക്ഷണവും പിടികിട്ടാപുള്ളികളെയും അജ്ഞാതരായ കുറ്റവാളികളെയും കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും ചെയ്യുന്നു. കള്ളനോട്ടുകാർക്കെതിരെയും വ്യാജവാറ്റുകാർ ക്കെതിരെയും മയക്കുമരുന്ന് കുറ്റവാളികൾക്കെതിരെയും ഹവാല തട്ടിപ്പുകാർക്കെതിരെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമവ്യവസ്ഥ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. ബ്ലേഡ് മാഫിയകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് 'ഓപ്പറേഷൻ കുബേര' പോലുള്ള നടപടികൾ വളരെയധികം സഹായിച്ചിട്ടുണ്ട്.

(ബി) കോമ്പിംഗ് ഓപ്പറേഷൻ നടത്തുന്നതിന് പ്രത്യേക മാനദണ്ഡമോ കാലപരിധിയോ നിശ്ചയിച്ചിട്ടില്ല. അതാത് സമയങ്ങളിലുണ്ടാകുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കുറ്റകൃത്യങ്ങൾ കുറച്ച് കൊണ്ടുവരുന്നതിനാണ് കോമ്പിംഗ് ഓപ്പറേഷനുകൾ നടത്തുന്നത്.

(സി) കോമ്പിംഗ് ഓപ്പറേഷന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കോമ്പിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപുള്ളികൾ, ഒളിവിൽ കഴിഞ്ഞുവരുന്ന പ്രതികൾ ഉൾപ്പെടെയുള്ള നിരവധിപേരെ പിടികൂടാൻ സാധിച്ചിട്ടുണ്ട്. കുറ്റത്തിന്റെ വ്യാപ്തിയനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയ്തും പിഴ ഈടാക്കിയും ബോധവൽക്കരണം നടത്തിയും വരുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരെയും ഗതാഗത നിയമലംഘനം നടത്തുന്നവരെയും കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോമ്പിംഗ്

ഓപ്പറേഷൻ കുറ്റകൃത്യങ്ങൾ തടയുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. 2014-ൽ നടത്തിയ കോമ്പിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപുള്ളികൾ ഉൾപ്പെടെയുള്ള നിരവധി പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ : സർ, അങ്ങയുടെ നേതൃത്വത്തിൽ ഓപ്പറേഷൻ കുബേര പോലുള്ള ഒട്ടേറെ നല്ലപ്രവർത്തനങ്ങൾ കേരളാ പോലീസിന് കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ ഇന്ന് കേരളത്തെ മുഴുവൻ ഞെട്ടിപ്പിക്കുന്ന വിധത്തിലുള്ള വാർത്തകളാണ് വയനാട്ടിൽ നിന്നും വന്നുകൊണ്ടിരിക്കുന്നത്. വയനാട്ടിലെ തൊണ്ടർനാട് പഞ്ചായത്തിലെ ചാപ്പ കോളനിയിൽ ഇന്നലെ മാവോയിസ്റ്റ് സംഘം പോലീസിന്റെ തണ്ടർബോൾട്ടുമായി ഏറ്റുമുട്ടലുണ്ടാവുകയും മൂന്നുതവണ പോലീസിന് നേരെ നിറയൊഴിച്ചുവെന്നുള്ളതും കേരളത്തെ നടുക്കുന്ന സംഗതിയാണ്. വർഷങ്ങളോളമായി കേരളത്തിന്റെ വനാതിർത്തിയിൽ മാവോയിസ്റ്റുകൾ താവളമുറപ്പിച്ചിട്ടുണ്ടെന്നും പല സ്ഥലങ്ങളിലും അവരെ കാണുന്നുണ്ടെന്നും അവരെ നേരിടുന്നതിനായി പ്രത്യേക സേനയെ നിയോഗിച്ചിട്ടുണ്ടെന്ന് പറയുന്നുവെങ്കിൽപ്പോലും ഇന്നലെ ഉണ്ടായത് കേരളത്തെ അങ്ങേയറ്റം നടുക്കുന്ന ഒരു വാർത്തയാണ്. അതുകൊണ്ട് മാവോയിസ്റ്റുകളെ ഫലപ്രദമായി നേരിടുന്നതിന് കേരളാ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. വയനാട് ജില്ലയിലെ വെള്ളമുണ്ട പഞ്ചായത്തിലുള്ള ഒരു ആദിവാസി കോളനിയിൽ തണ്ടർബോൾട്ട് കോമ്പിംഗ് നടത്തിക്കൊണ്ടിരിക്കുന്നതിനിടയിലാണ് ഇന്നലെ തണ്ടർബോൾട്ടിന് നേരെ മാവോയിസ്റ്റുകൾ വെടിവച്ചത്. പോലീസ് തിരിച്ചും വെടിവയ്ക്കുകയുണ്ടായി. മാവോയിസ്റ്റുകൾ ഉയർത്തുന്ന ഏതൊരു വെല്ലുവിളിയേയും നേരിടാൻ കേരളാ പോലീസ് സജ്ജമാണ്. അതിനുവേണ്ടിയുള്ള ശക്തമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ഒരാശങ്കയുടെയും ആവശ്യമില്ല. കേരളാ പോലീസ് വളരെ എഫക്റ്റീവായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെയുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽതന്നെയാണ് കോമ്പിംഗും മറ്റുനടപടികളും സ്വീകരിച്ചുവരുന്നത്. അതിന്റെ വിശദാംശങ്ങൾ സുരക്ഷാകാരണങ്ങളാൽ എനിക്ക് വെളിപ്പെടുത്താൻ കഴിയുന്നില്ല. പക്ഷേ കേരളാ പോലീസ് മാവോയിസ്റ്റുകളെ നേരിടുന്ന കാര്യത്തിൽ പൂർണ്ണമായി സജ്ജരാണെന്ന കാര്യം സഭയെയും സഭയിലൂടെ ജനങ്ങളെയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എം. ഉമ്മർ : സർ, മാവോയിസ്റ്റുകളുടെ കേന്ദ്രമായി പറയപ്പെടുന്നത് കേരളത്തിന്റെയും തമിഴ്നാടിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തിയിലുള്ള

വനപ്രദേശമാണ്. സ്വാഭാവികമായും പോലീസ് ഇവരെ തുരത്താനായി ചെല്ലുമ്പോൾ ഇവർ മറ്റുസംസ്ഥാനങ്ങളിലേക്ക് കടക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി തമിഴ്നാട്, കേരള, കർണ്ണാടക എന്നീ മൂന്ന് സംസ്ഥാനങ്ങളിലെ ആഭ്യന്തരമന്ത്രിമാരും മൂന്ന് സംസ്ഥാന ഗവൺമെന്റുകളും സംയുക്തമായി യോജിച്ചുനിന്ന് മാവോയിസ്റ്റുകളുടെ ആക്രമണം മുളയിൽത്തന്നെ നുള്ളുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾക്ക് അങ്ങ് നേതൃത്വം കൊടുക്കുമോ എന്നാണ് അറിയേണ്ടത് ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഇതൊരു ട്രൈ ജംഗ്ഷനാണ്. അദ്ദേഹം പറഞ്ഞത് നൂറുശതമാനം ശരിയാണ്. തമിഴ്നാട്, കേരളം, കർണ്ണാടകം എന്നീ മൂന്നു ഗവൺമെന്റും ഇക്കാര്യത്തിൽ വളരെ അലെർട്ടാണ്. സത്വരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ ട്രൈ ജംഗ്ഷനിൽ ഉണ്ടാകുന്ന എല്ലാ നീക്കങ്ങളും വളരെ ഗൗരവത്തോടെതന്നെയാണ് മൂന്ന് സംസ്ഥാനങ്ങളിലെയും പോലീസ് വീക്ഷിച്ച് കൊണ്ടിരിക്കുന്നത്. മൂന്ന് ഡി.ജി.പി.-മാരുടെയും യോഗം ഉണ്ടായിരുന്നു. മന്ത്രിതലത്തിലുള്ള യോഗത്തെപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. കർണ്ണാടക ആഭ്യന്തര വകുപ്പുമന്ത്രിയുമായും തമിഴ്നാട് ആഭ്യന്തര വകുപ്പുമന്ത്രിയുമായും ഇക്കാര്യം നേരത്തേതന്നെ സംസാരിച്ചിട്ടുണ്ട്. വൈകാതെ മൂന്ന് സംസ്ഥാനങ്ങളിലെയും ആഭ്യന്തരവകുപ്പുമന്ത്രിമാരുടെ യോഗം കൂടുന്നുണ്ട്. മാവോയിസ്റ്റുകളെ ഫലപ്രദമായി ചെറുത്തുനിൽക്കാനുള്ള നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇതിനകത്ത് രണ്ടുവശങ്ങളുണ്ട്. ഒന്ന്, ആദിവാസി മേഖലയിലെ പ്രശ്നങ്ങളാണ്. അവയ്ക്ക് പരിഹാരം കാണാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. മറ്റൊന്ന് പോലീസിന്റെ നിലയിലുള്ള ഓപ്പറേഷനാണ്. ഇവ രണ്ടും ഒരുമിച്ചുകൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ 16 ഐ.എ.എസ്. ഐ.എഫ്.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുത്ത് ആ മേഖലയിൽ നിയോഗിച്ചിട്ടുണ്ട്. ഞാൻ തന്നെ വയനാട്ടിൽ വച്ച് അവരുടെ റിവ്യൂ മീറ്റിംഗ് നടത്തുകയുണ്ടായി. ആദിവാസി മേഖലയിലെ വിവിധ സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ മന്ത്രാലയവുമായി യോജിച്ചുകൊണ്ട് ഗവൺമെന്റിന്റെ നേതൃത്വത്തിൽത്തന്നെ നടപടികൾ നീക്കുന്നുണ്ട്. അതേ സമയം ശക്തമായ നിലയിൽ പോലീസിന്റെ നേതൃത്വത്തിൽ ഇവരെ ചെറുക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, ബ്ലേഡ് മാഫിയയെ പിടിച്ചുകെട്ടുന്നതുൾപ്പെടെയുള്ള നടപടികളിൽ കേരളത്തിലെ പോലീസുകാരെക്കുറിച്ച് പൊതുജനങ്ങൾക്ക് വലിയ മതിപ്പുണ്ടാക്കിയിട്ടുണ്ട്. എന്നാൽ കുറ്റവാളികളെ എല്ലാ പഴുതുകളുമടച്ച് പിടികൂടുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് കോമ്പിംഗ് ഓപ്പറേഷൻ ആരംഭിച്ചത്. കോമ്പിംഗ് ഓപ്പറേഷന് മുമ്പ് പലപ്പോഴും കുറ്റവാളികൾക്ക് പോലീസുകാരിൽ നിന്നുതന്നെ

വിവരങ്ങൾ ലഭിക്കുകയും അവർക്ക് രക്ഷപ്പെടാനുള്ള മാർഗ്ഗം ഉണ്ടാകുകയും ചെയ്യുന്ന എന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. പോലീസുകാർക്കിടയിൽ നിന്ന് കുറ്റവാളികൾക്ക് മുൻകൂട്ടി വിവരം നൽകുന്ന ആളുകളെ കണ്ടെത്താനും അവരെ ഇതിൽനിന്നും ഒഴിവാക്കാനും കോമ്പിംഗ് ഓപ്പറേഷൻ വിജയകരമായി നടത്തുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പിടികിട്ടാപ്പുള്ളികൾ, വാറണ്ട് പ്രതികൾ അതുപോലെതന്നെ ലോംഗ് പെന്റിംഗായ കേസുകളിലെ പ്രതികൾ എന്നിവരെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക എന്നുള്ള ലക്ഷ്യത്തോടെയാണ് കോമ്പിംഗ് ആരംഭിച്ചത്. പോലീസിൽ നിന്ന് ഇത്തരം വിവരങ്ങൾ ചോർന്നുപോകുന്നുണ്ടോയെന്നുള്ള കാര്യം നിരീക്ഷിക്കുന്നുണ്ട്. ഇന്റലിജൻസ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഏതായാലും കോമ്പിംഗ് ഓപ്പറേഷനിലൂടെ വളരെക്കാലമായി പിടികിട്ടാനുള്ള പ്രതികളെയും അതോടൊപ്പം തന്നെ ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ള പ്രതികളെയും വാറണ്ട് പ്രതികളായ ധാരാളം ആളുകളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സർക്കാരിന് കഴിയുന്നുണ്ട്.

ശ്രീ. പി. ബി. അബ്ദുൽ റസാക് : സർ, അറസ്റ്റുമായി ബന്ധപ്പെട്ട് പോലീസ് പാലിക്കേണ്ട ചില നിർദ്ദേശങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടല്ലോ ; അത് ഇന്നും പാലിച്ചു വരുന്നില്ലെന്നുള്ളതാണ് നമ്മൾ കണ്ടുവരുന്നത്. വാറണ്ടിന്റെ പേരിലും കേസ്സിന്റെ പേരിലും രാത്രി ഒരു മണിക്കും രണ്ടും മണിക്കും വനിതാ പോലീസ് പോലുമില്ലാതെ വീട്ടിൽക്കയറി നരനായാട്ട് നടത്തുന്ന സംവിധാനം ഇന്നും കണ്ടുവരികയാണ്. ഇതിനെതിരെ പോലീസുകാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ; അങ്ങനെ ആരെങ്കിലും പരാതി നൽകിയാൽപോലും അത് പുറംലോകം കാണാത്ത തരത്തിലുള്ള അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. അതിന് പരാതി നൽകിയാൽ കർശന നടപടി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുന്നതിനെ സംബന്ധിച്ച് സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. അത് പാലിക്കണമെന്നുതന്നെയാണ് പോലീസിന് നൽകിയിട്ടുള്ള നിർദ്ദേശം. മറിച്ച് ഒരു നിർദ്ദേശവും നൽകിയിട്ടില്ല. ഏതെങ്കിലും സ്പെസിഫിക്കായിട്ടുള്ള കാര്യം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത് എഴുതിത്തന്നാൽ തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഇന്ത്യയിലെ 250 ജില്ലകളിൽ മാവോയിസ്റ്റുകൾക്ക് സ്വാധീനമുണ്ട്. അവരുടെ... technology has been upgraded. കുറ്റം ചെയ്യുന്നവർ അവരുടെ ടെക്നോളജിക്കൽ അപ്ഗ്രഡേഷൻ from time to time നടത്തുന്നുണ്ട്.

അതുകൊണ്ട് മോഡേണൈസ്ഡ് ആയിട്ടുള്ള രീതിയിൽ കുറ്റം ചെയ്യാൻ കുറ്റവാളികൾക്ക് സാധിക്കുമ്പോൾ അതനുസരിച്ച് ടെക്നോളജിക്കൽ, ലീഗൽ എന്നീ രംഗങ്ങളിൽ പോലീസിംഗ് സംവിധാനത്തിൽ മാറ്റം വരുന്നില്ലെന്നുള്ളത് വളരെ ഖേദകരമായ ഒരു കാര്യമാണ്. മാവോയിസ്റ്റുകളുടെ വരവ് വയനാട് മാത്രമല്ല മലപ്പുറം പ്രദേശത്തെ നിലമ്പൂർ ഉൾപ്പെടെ സജീവമായി അനുഭവപ്പെട്ടിട്ടുണ്ടായിരുന്നു. അവർ കാട്ടുതീ എന്നപേരുള്ള മാസിക തന്നെ പ്രസിദ്ധീകരിക്കുന്നുണ്ട്. അവരെ അങ്ങനെ നിസ്സാരമായിട്ടുള്ള ഒരു ശക്തിയായി കാണാൻ പാടില്ല. നമ്മൾ ഇവിടെ തണ്ടർബോൾട്ട് എന്നുള്ള പേര് കേട്ടാൽ ആരും വിരണ്ടുപോകും. പേരുപോലുള്ള ഉശിര് കാണാനില്ല എന്നാണ് എനിക്ക് തോന്നുന്നത്. കുറേക്കാലമായി ഇത് തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് കുറ്റകൃത്യങ്ങൾ തടയാനും കുറ്റവാളികളെ നിലയ്ക്ക് നിർത്താനും ക്രമസമാധാന പാലനത്തിനും ആധുനിക-ശാസ്ത്ര-സാങ്കേതിക സഹായത്തോടുകൂടി ഏറ്റവും പരിഷ്കൃതമായ സംവിധാനങ്ങൾ ഏർപ്പെടുത്തി പോലീസിംഗിൽ ഒരു മോഡേണൈസേഷൻ നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഊർജ്ജസ്വലനായ ആഭ്യന്തര വകുപ്പുമന്ത്രി മുൻകൈ എടുക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് വേണ്ടത്ര ജാഗ്രത പുലർത്തുന്നുണ്ട്. ആധുനിക ആയുധങ്ങളുള്ള മാവോയിസ്റ്റുകളെ നേരിടുവാൻ തക്കപരിശീലനം, സാങ്കേതിക ഉപകരണങ്ങളുള്ള തണ്ടർ ബോൾട്ട്, കമാന്റോ വിഭാഗം, ജില്ലാ പോലീസിനെ സഹായിക്കുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ പ്രത്യേകം തെരഞ്ഞെടുത്ത ആംഡ് പോലീസ് ബറ്റാലിയനിലെയും ലോക്കൽ പോലീസിലെയും ഉദ്യോഗസ്ഥന്മാർക്ക് മതിയായ പരിശീലനം നൽകി ആന്റി നക്സൽ ഫോഴ്സിനും രൂപം നൽകിയിട്ടുണ്ട്. മാവോയിസ്റ്റുകൾ സ്വീകരിക്കുന്ന ആധുനികമായ തന്ത്രങ്ങൾ നമുക്ക് അറിയാം. അതറിഞ്ഞുകൊണ്ടുതന്നെ അതിനെ പ്രതിരോധിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ടെന്നുള്ള കാര്യം മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മാവോയിസ്റ്റ് ഭീഷണി ഇല്ലാത്ത സംസ്ഥാനങ്ങളുടെ പട്ടികയിലായിരുന്നു കേരളത്തിന്റെ സ്ഥാനം. ഇപ്പോൾ അത് പോയി. മാവോയിസ്റ്റ് ഭീഷണിയുള്ള സംസ്ഥാനമെന്നുള്ള നിലയിലേക്ക് കേരളം എത്തിക്കഴിഞ്ഞു. ആദിവാസി മേഖലയിലുള്ള അസമത്വം ചൂഷണം ചെയ്തുകൊണ്ടും അവിടെയുള്ള കടുത്ത ചൂഷണത്തെ അധിഷ്ഠിതമാക്കിയിട്ടുമാണ് മാവോയിസ്റ്റുകൾ കടന്നുകയറുന്നത്. കേരളത്തിൽ അട്ടപ്പാടി മേഖലയിലെ ആദിവാസികളെ സംബന്ധിച്ച് വന്ന റിപ്പോർട്ട് വളരെ ആപത്തുണ്ടാക്കുന്നതാണ്. അവിടെ മൂന്നുവർഷത്തിനിടയിൽ 1000 ആദിവാസികൾ മരണപ്പെട്ടു. പുതിയതായിട്ടുള്ള ജനനം അറുന്നൂറ് ആണ്. ആദിവാസികൾ ഒരു വംശഹത്യയ്ക്ക് വിധേയമാകുന്നുവെന്നുള്ള ഒരു ഗുരുതരമായ

പ്രശ്നം ഈ സംസ്ഥാനത്ത് വന്നുകഴിഞ്ഞിരിക്കുകയാണ്. പോഷകാഹാരമില്ല, ഗർഭിണികൾക്ക് ആവശ്യമായ ശുശ്രൂഷയില്ല. ഇത്തരത്തിലുള്ള സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കാതെ ഈ ഭീഷണി നേരിടാൻ കഴിയില്ല. വയനാട്ടിലെ ആദിവാസി മേഖലയിലും ഇതേ സ്ഥിതിയിലുള്ള പ്രശ്നമാണുള്ളത്. അവർക്ക് ഭൂമി കൊടുക്കുന്നില്ല. ഭൂമി കൊടുക്കാമെന്ന് പറഞ്ഞു, ഭൂമി കൊടുക്കുന്നില്ല. ഈ മേഖലയിൽ പോയിട്ട് പണിയെടുക്കുന്ന .... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്...യെസ്...പ്ലീസ്....പ്ലീസ്......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇത് ഗൗരവതരമായ ഒരു പ്രശ്നമാണ്. ....(ബഹളം)..... ഇത് ബഹളം വയ്ക്കേണ്ട ഒരു പ്രശ്നമല്ല. നിങ്ങൾക്ക് ഈ പ്രശ്നത്തിന് പരിഹാരം കാണണ്ടേ. അവരെ യുദ്ധം ചെയ്ത് തോൽപ്പിക്കാനാണെങ്കിൽ തോൽപ്പിച്ചോ ....ദിവസവും വെടിവച്ചോളൂ... അങ്ങനെ പ്രശ്നം പരിഹരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് ആദിവാസി മേഖലയിലെ പ്രശ്നം പരിഹരിക്കാൻ മുൻഗണന കൊടുക്കുകയും അവരുടെ ഭൂമിപ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ആദിവാസി കോളനികളിലേക്ക് പോകുന്ന സി.പി.ഐ-എം. പ്രവർത്തകരെയും പൊതുപ്രവർത്തകന്മാരെയും അങ്ങോട്ട് കടക്കാൻ വിടുന്നില്ല എന്നതാണ് വയനാട്ടിലെ ഇപ്പോഴത്തെ സ്ഥിതി. സി.പി.ഐ.-എം.-ന്റെ ജില്ലാ സെക്രട്ടറി ശശീന്ദ്രനെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തിയിരിക്കുകയാണ്. ആദിവാസി മേഖല മുഴുവൻ മാവോയിസ്റ്റുകൾക്ക് വിട്ടുകിട്ടണം. ഇതേപ്രശ്നം തന്നെയാണ് ഛത്തീസ്ഗഡ്-ലെ കോൺഗ്രസ് പ്രവർത്തകർ നേരിടുന്നത്. അവിടത്തെ ഡി.സി.സി. പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ വധിച്ചു. ആ മേഖലയിൽ പോകാൻ പാടില്ലെന്നതായിരുന്നു മാവോയിസ്റ്റുകളുടെ സമീപനം. ഇതിനെ നേരിടാൻ കഴിയുന്ന വിധത്തിൽ സാമൂഹ്യപ്രസ്ഥാനങ്ങളെ അണിനിരത്തിക്കൊണ്ട് ഒരു മൂവ്മെന്റ് കേരളത്തിൽ ആരംഭിക്കുന്നില്ലെങ്കിൽ, ആദിവാസിമേഖലയിലെ പ്രശ്നം പരിഹരിച്ചുകൊണ്ട് സന്നദ്ധപ്രവർത്തകന്മാരെയും ബഹുജന പ്രസ്ഥാനങ്ങളെയും അണിനിരത്തുന്നില്ലെങ്കിൽ ഇവർക്ക് കടന്നുകയറാൻ അവസരമുണ്ടാകും. അവർക്ക് ആ മേഖലയിൽ കടക്കാൻ കഴിയാത്ത വിധത്തിലുള്ള ഇൻഫർമേഷൻ പോലീസിന് ലഭിക്കത്തക്കവിധത്തിലുള്ള എന്തെങ്കിലും സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ; അങ്ങനെയല്ലാതെ തണ്ടർബോൾട്ട് ഉണ്ടെന്നുപറഞ്ഞതുകൊണ്ട് മാത്രം ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല. അതുകൊണ്ട് ഗൗരവതരമായിട്ടുള്ള ഒരു സമീപനം സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്നുണ്ടോ എന്നാണ് അറിയേണ്ടത് ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ഇതിനെ രണ്ട് രീതിയിൽ കാണേണ്ടിയിരിക്കുന്നു. സാമൂഹിക പ്രശ്നങ്ങളിൽ നിന്ന് ഉയർന്നുവരുന്ന അസംതൃപ്തി മുതലെടുക്കാനാണ് മാവോയിസ്റ്റുകൾ

ശ്രമിക്കുന്നത്. കേരളത്തിലെ ആദിവാസി മേഖലയിൽ നിന്ന് വലിയ തോതിലുള്ള അനുഭാവം മാവോയിസ്റ്റുകൾക്ക് ലഭിക്കുന്നില്ല. ആദിവാസികൾ നേരിടുന്ന സാമൂഹിക പ്രശ്നങ്ങളും ഭൂമി സംബന്ധമായ പ്രശ്നങ്ങളും മുതലെടുത്തുകൊണ്ട് അവർക്കിടയിലുള്ള സ്വാധീനം വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ അതിൽ വിജയം കാണാൻ അവർക്ക് കഴിഞ്ഞിട്ടില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും ആദിവാസി മേഖലയിൽ സജീവമാകണമെന്നാണ് എന്റെ അഭിപ്രായം. സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി ശ്രീ. ശശീന്ദ്രന് ഭീഷണിയുണ്ടായപ്പോൾ ഞാൻ അദ്ദേഹവുമായി നേരിൽ സംസാരിക്കുകയും അദ്ദേഹത്തിന് പോലീസ് സുരക്ഷ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പോരാ. എല്ലാ രാഷ്ട്രീയ പാർട്ടികളും ആദിവാസി മേഖലയിൽ ശ്രദ്ധിക്കുകയും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും വേണം. അവിടെ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പരിഹരിക്കാൻ കഴിയുന്നവ പരിഹരിക്കുക. വട്ടിപ്പലിശക്കാരുടേയും കൊള്ളപ്പലിശക്കാരുടേയും ചൂഷണം ഏറ്റവും കൂടുതൽ അനുഭവിച്ചുകൊണ്ടിരുന്നത് വയനാട് ജില്ലയിലെ ആദിവാസികൾ തന്നെയായിരുന്നു. ഓപ്പറേഷൻ കുബേര ഒരു പരിധിവരെ അവർക്കൊരു സഹായമായിട്ടുണ്ട്. എനിക്ക് ധാരാളം ഇൻഫർമേഷൻസ് കിട്ടിയിട്ടുണ്ട്. വലിയ തോതിലുള്ള സഹായമായി അവർതന്നെ എടുത്തുപറയുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയ പാർട്ടികളും ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഗവൺമെന്റ് മെഷിനറി ഉപയോഗിച്ചുകൊണ്ട് പട്ടികവർഗ്ഗ മന്ത്രാലയവുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങളുമായി മുന്നോട്ട് നീങ്ങുന്നുണ്ട്. 16 ഉദ്യോഗസ്ഥന്മാരെ അതിനുവേണ്ടി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. ഈ മാസം വീണ്ടും അവരുടെ റിവ്യൂ മീറ്റിംഗ് ഞാൻതന്നെ വയനാട്ടിൽപോയി നടത്തുന്നുണ്ട്. ഈ കാര്യത്തിൽ അങ്ങ് പറഞ്ഞ നിർദ്ദേശം തികച്ചും സ്വാഗതാർഹമാണ്. Too prolonged strategy ആണ് ഇക്കാര്യത്തിൽ ആവശ്യം. പോലീസും തണ്ടർബോൾട്ടും മാത്രമല്ല ആദിവാസി മേഖലയിലെ സ്വാധീനം വർദ്ധിപ്പിക്കാനുള്ള മാവോയിസ്റ്റുകളുടെ ശ്രമത്തെ പൂർണ്ണമായി പരാജയപ്പെടുത്തുകയെന്നുള്ള സ്ട്രാറ്റെജിക് മൂവ് കൂടി നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

ശ്രീ. സി. എഫ്. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ സന്തോഷകരമാണ്. ഈ പ്രശ്നത്തിൽ രണ്ട് സമീപനങ്ങളും ഒരുപോലെ പ്രധാനപ്പെട്ടതാണ്. അത് അങ്ങ് ആവർത്തിച്ച് പറയുകയുണ്ടായി. അത് നമുക്ക് എഫക്ടീവായി മുന്നോട്ട് കൊണ്ടുപോകണം. വയനാട്ടിൽ ഉണ്ടായതുകൊണ്ട് അവിടെ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുക എന്നുള്ളതായിരിക്കരുത് നമ്മുടെ പോളിസി. നമ്മുടെ എല്ലാ അതിർത്തികളും വനങ്ങളും സൂക്ഷിക്കണം. അടുത്തകാലത്ത് നമ്മുടെ ശ്രദ്ധയിൽ വന്ന ഒരു കാര്യം, വനപാലകരായ

ഉദ്യോഗസ്ഥർക്ക് ഇന്ന് കൊടുക്കുന്ന ശാസ്ത്രീയമായ ഉപകരണങ്ങളും പരിശീലനങ്ങളും പോരെന്നുള്ള ഒരു പരാതി ഉയർന്നുവന്നു. അതുകൊണ്ട് വനം വകുപ്പുമായി ആലോചിച്ച് സംയുക്തമായ ഒരു പ്രവർത്തനം ഇക്കാര്യത്തിൽ നടത്താൻ നടപടിയെടുക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇക്കാര്യത്തിൽ വനം വകുപ്പും ആദിവാസി വകുപ്പും ആഭ്യന്തര വകുപ്പും ചേർന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുന്നത്. ഡി.എഫ്.ഒ.-മാർ, പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥർ, എസ്.പി.-മാർ മുതലായവരെല്ലാമടങ്ങുന്ന ഒരു സംയുക്തമായ പ്രവർത്തനമാണ് നടത്തുന്നത്. അതുപോലെ കളക്ടർമാരുടെ നേതൃത്വത്തിലാണ് അവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമം നടത്തിവരുന്നത്. ആദിവാസികൾക്ക് വനവിഭവങ്ങൾ എടുക്കാൻപോലും നിവൃത്തിയില്ലാത്ത വിധത്തിൽ വനപാലകർ അവരെ ബുദ്ധിമുട്ടിക്കുന്നുണ്ടെന്ന തരത്തിലുള്ള പ്രശ്നങ്ങളും ഉയർന്നുവരാറുണ്ട്. അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സമയാസമയങ്ങളിൽ ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് അവിടെത്തന്നെ പരിഹരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സംസ്ഥാനത്ത് മാവോയിസ്റ്റുകൾ മാത്രമല്ല, വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളും വളരെ ശക്തമായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ ഗവൺമെന്റ് ഈ വർഗ്ഗീയ ശക്തികളോട് ഒരു മൃദുസമീപനം കൈക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ് എന്റെ പരാതി. കാരണം, ഡോ. പ്രവീൺ തൊഗാഡിയ കേരളത്തിൽ വന്ന് പ്രസംഗിച്ച കേസ് ഗവൺമെന്റ് പിൻവലിച്ചുകൊടുത്തു. വളരെ ഗുരുതരമായ തെറ്റ് ചെയ്ത തൊഗാഡിയയുടെ കേസ് ഈ ഗവൺമെന്റാണ് പിൻവലിച്ചത്. ഇന്നലെ കോഴിക്കോട് ഒരു സമരം നടന്നു. ആ സമരത്തെപ്പറ്റി അഭിപ്രായ വ്യത്യാസമുണ്ടാകാം. പക്ഷേ ആ സമരത്തെ നേരിടേണ്ട പോലീസും സംസ്ഥാന ഗവൺമെന്റും നിയമപരമായി നേരിടാൻ അവസരമുണ്ടാക്കു ന്നതിന് പകരം, അവിടെ ശിവസേന അഴിഞ്ഞാടിയെന്നാണ് മാതൃഭൂമി പത്രത്തിൽ പറയുന്നത്. ഹനുമാൻസേനയും ശിവസേനയും അഴിഞ്ഞാടുകയാണ്. ശിവസേനയും ആർ.എസ്.എസും എസ്.ഡി.പി.ഐ.-യും എൻ.ഡി.എഫും തമ്മിലുള്ള കെട്ടിപ്പിടിച്ച ചുംബനമാണ് വാസ്തവത്തിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഫാസിസ്റ്റ് സംഘടനകൾ ഇവിടെയുള്ള ജനങ്ങളുടെ അവകാശങ്ങൾക്കുമേൽ കടന്നാക്രമണം നടത്തുമ്പോൾ പോലീസ് നിഷ്ക്രിയമായിരിക്കുന്നതിന്റെ ഉദാഹരണമാണ് ഇന്നലെ കോഴിക്കോട്ടുണ്ടായത്. അവിടത്തെ സിറ്റി പോലീസ് കമ്മീഷണർ നിയമപരമായി നേരിടുമെന്നല്ല പറഞ്ഞത്. അതിനുപകരം ഈ ഫാസിസ്റ്റുകളെ സഹായിക്കുന്ന രീതിയിലുള്ള പ്രസ്താവന നടത്തുകയാണുണ്ടായത്. ഇവിടെ സമരം നടത്താൻ

എല്ലാവർക്കും അവകാശമുണ്ട്. അതുപോലെ സമരത്തെ നിയമപരമായി നേരിടാൻ പോലീസിനും അവകാശമുണ്ട്. പക്ഷേ ഫാസിസ്റ്റുകളെ അഴിഞ്ഞാടാൻ വിട്ടുകൊടുക്കുന്ന രീതിയിലേക്ക് പോകുന്നതിനോട് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ് ; ഇന്നലെ കോഴിക്കോട് നടന്ന സംഭവത്തിന് ഗവൺമെന്റ് ഏത് രീതിയിലാണ് തീരുമാനമെടുക്കാൻ പോകുന്നത് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. വി. എസ്. സുനിൽ കുമാർ തൊഗാഡിയയുടെ കേസ് പിൻവലിച്ച കാര്യത്തെക്കുറിച്ച് പറഞ്ഞു. അതിന് മറുപടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഗവൺമെന്റ് ആ കേസ് പിൻവലിച്ചിട്ടില്ല. കേസെടുത്ത് അതിന്റെ ചാർജ്ഷീറ്റ് കൊടുക്കാൻ വൈകിയതിന്റെ പേരിൽ കോടതി കേസ് തീർപ്പാക്കുകയാണ് ചെയ്തത്. 2006 മുതൽ 2011 വരെ എൽ.ഡി.എഫ് ഗവൺമെന്റ് ഇവിടെ അധികാരത്തിലിരുന്നപ്പോഴും ചാർജ് ഷീറ്റ് കൊടുത്തില്ല. അതിനെ ഞാൻ വിമർശിക്കുന്നില്ല. കാരണം അന്ന് ഇതുസംബന്ധിച്ച് ഒരു ധാരണ ഉണ്ടാക്കിയതിൽ, ഗുരുതര സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കും എന്നുണ്ടായതു കൊണ്ടായിരിക്കാം അന്ന് കൊടുക്കാഞ്ഞത്. പക്ഷേ അങ്ങനെ ചാർജ് ഷീറ്റ് കൊടുക്കാത്തതിന്റെ പേരിൽ കോടതിയാണ് ആ കേസ് തീർപ്പാക്കിയത് എന്നത് സത്യമായിരിക്കെ, ബഹുമാനപ്പെട്ട ശ്രീ. വി. എസ്. സുനിൽകുമാർ ഇതുപോലുള്ള ആക്ഷേപങ്ങൾ ആവർത്തിച്ചതുകൊണ്ട് ഞാൻ പറയുകയാണ്, കോടതിയുടെ ആ തീരുമാനം വേണമെങ്കിൽ ഞാനങ്ങേയ്ക്ക് തരാം. (.......ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്... പ്ലീസ്.. അതിനെ സംബന്ധിച്ച് ചർച്ചയില്ല. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, അങ്ങ് ചോദ്യം ചോദിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞു. ഇനി ചർച്ചയില്ല. (.......ബഹളം.....)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. കുമ്മനം രാജശേഖരൻ കൊടുത്ത അപേക്ഷയിന്മേൽ ഇ ഗവൺമെന്റ് എടുത്ത തീരുമാനം സഭയിൽ വയ്ക്കാമോ ? (......ബഹളം....)

ശ്രീ. ഉമ്മൻ ചാണ്ടി : റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടില്ല. കേസ് പിൻവലിക്കാൻവേണ്ടി ലഭിച്ച അപേക്ഷ ഗവൺമെന്റ് പ്രോസസ് ചെയ്തു. പക്ഷേ അതിന് മുമ്പുതന്നെ കോടതി അത് തീർപ്പാക്കി. കോടതി തീർപ്പാക്കിയ ഫയൽ ഞാൻ കാണിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ കേസിന് ശ്രീ. കുമ്മനം രാജശേഖരൻ

സമർപ്പിച്ച അപേക്ഷയിന്മേൽ ഈ ഗവൺമെന്റ് എടുത്ത എല്ലാ നിലപാടുകളും സഭയുടെ മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : ഇതുസംബന്ധിച്ച് ജഡ്ജ്മെന്റുണ്ടെന്ന് ഞാൻ പറഞ്ഞല്ലോ. അത് ഞാനങ്ങയെ കാണിക്കാം. (.....ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ ഇതിന് ചർച്ച വേണ്ട. പ്ലീസ്.. ചോദ്യോത്തര സമയം ചർച്ചയിലേക്ക് പോകരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആ ഫയൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, മുഖ്യമന്ത്രി അങ്ങയെ ഇതിന്റെ ഫയൽ കാണിക്കാമെന്ന് പറഞ്ഞു. ഇനി ചർച്ചയിലേക്ക് പോകരുത്. പ്ലീസ്.. പ്ലീസ്..

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കുമ്മനം രാജശേഖരൻ സമർപ്പിച്ച അപേക്ഷയിന്മേൽ ഈ ഗവൺമെന്റ് എടുത്ത എല്ലാ നിലപാടുകളും സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ആ നിവേദനം പ്രോസസ് ചെയ്ത് തീരുമാനമെടുക്കുന്നതിന് മുൻപുതന്നെ കോടതി ഇതുസംബന്ധിച്ച് അവസാന തീർപ്പുകൽപ്പിച്ചു. അത് ഞാൻ കാണിക്കാം. (.....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എളമരം കരീം, ഇത് ചോദ്യാത്തര സമയമാണ്. ചർച്ചയിലേക്ക് പോകരുത്. പല ചോദ്യങ്ങൾക്കും മറുപടി പറഞ്ഞു. ശ്രീ. വി. എസ്. സുനിൽ കുമാർ, ഇതിനെ സംബന്ധിക്കുന്ന ഫയൽ ശ്രീ. കോടിയേരി ബാലകൃഷ്ണനെ കാണിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. (....ബഹളം...)

ശ്രീ. വി. എസ്. സുനിൽ കുമാർ : ഗവൺമെന്റ് ആർ.എസ്.എസ്സി.-നെ സഹായിക്കുകയാണ്. (.....ബഹളം....)

മി. ഡെപ്യൂട്ടി സ്പീക്കർ : ചെയർ പറയുന്നത് കേൾക്കണം. ശ്രീ. ശിവൻകുട്ടി, ഇത് ചോദ്യോത്തര സമയമാണെന്നുള്ള കാര്യം മറക്കരുത്. പ്ലീസ്... പ്ലീസ്... (....ബഹളം....)

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇത് സംബന്ധിച്ച

ഫയൽ അങ്ങയെ കാണിക്കാമെന്ന് പറഞ്ഞല്ലോ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ വ്യക്തമായിട്ട് പറഞ്ഞു. 2012-ൽ ഈ ഗവൺമെന്റാണ് ചാർജ് ഷീറ്റ് കൊടുക്കുന്നത്. അത് സംബന്ധിച്ച് 28-2-2014-ൽ കോടതി ഡിസ്ചാർജ് അനുവദിച്ചു. ഗവൺമെന്റ് അതിന്റെ പ്രോസിക്യൂഷനെ എതിർത്തു. പക്ഷേ ഞങ്ങളെ കുറ്റപ്പെടുത്തുമ്പോൾ 2006 മുതൽ 2011 വരെ അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന എന്നുള്ള കാര്യം മറക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അടുത്ത ചോദ്യത്തിലേക്ക് കടക്കട്ടെ. ബഹുമാനപ്പെട്ട മിനിസ്റ്റർ, ചോദ്യത്തിന് മറുപടി പറയൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ ചോദിച്ച ചോദ്യത്തിന് മറുപടി കിട്ടണ്ടേ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീ കോടിയേരി ബാലകൃഷ്ണൻ, മറുപടിയെല്ലാം ആയിക്കഴിഞ്ഞല്ലോ. പ്ലീസ്.. പ്ലീസ്.. എത്രയോ പ്രാവശ്യം മറുപടി പറഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. ചുംബനസമരത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശം ഇവിടെ വരികയുണ്ടായി. ജനാധിപത്യ സംവിധാനത്തിൽ ഈ ഗവൺമെന്റ് ഒരു സമരത്തിനും എതിരല്ല, ചുംബനസമരത്തിനും ഗവൺമെന്റ് എതിരല്ല. പ്രതിഷേധിക്കുന്നവർക്ക് ആർക്കും ഗവൺമെന്റ് എതിരല്ല. ആർക്കുവേണമെങ്കിലും പ്രതിഷേധിക്കാം, ആർക്കു വേണമെങ്കിലും ചുംബിക്കാം. ഇതിനൊന്നും ഗവൺമെന്റ് എതിരല്ല. ഇന്നലെ കോഴിക്കോട് നടന്ന സംഭവത്തിൽ പോലീസ് എടുത്ത സമീപനം അതാണ്. ചുംബിക്കുന്നവർക്ക് ചുംബിക്കുകയും പ്രതിഷേധിക്കുന്നവർക്ക് പ്രതിഷേധിക്കുകയും ചെയ്യാം. പക്ഷേ അതൊരു ക്രമസമാധാന പ്രശ്നമായി മാറുമ്പോൾ മാത്രമേ പോലീസ് ഇടപെടുകയുള്ളൂ. ഇന്നലെ കോഴിക്കോട്ട് പോലീസിന്റെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. പോലീസ് രണ്ടു കൂട്ടരോടും ഒരേ സമീപനമേ സ്വീകരിച്ചിട്ടുള്ളൂ. പോലീസിന്റെ ഭാഗത്തുനിന്ന് ഒരു വീഴ്ചയുമുണ്ടായിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക് : അതെങ്ങനെ ശരിയാകും. രണ്ടുകൂട്ടരോടും എങ്ങനെയാണ് ഒരേ സമീപനം സ്വീകരിക്കുന്നത് ?

ശ്രീ. രമേശ് ചെന്നിത്തല : സർ, പ്രതിഷേധിക്കുന്നവരോടും ചുംബിക്കുന്നവരോടും

ഗവൺമെന്റിന് ഒരേ സമീപനമാണുള്ളത്. (....ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ : എല്ലാ മറുപടിക്കും ഇങ്ങനെ ബഹളം വയ്ക്കണമെന്നുണ്ടോ; ചോദ്യോത്തര സമയത്ത് ബഹുമാനപ്പെട്ട മന്ത്രിമാർ എന്തുപറഞ്ഞാലും ബഹളം വയ്ക്കണമെന്നുണ്ടോ ? അത് ശരിയല്ല. അങ്ങനെ പോകരുത്. ഇത് ചോദ്യോത്തര സമയമാണ്. എന്തു മറുപടി പറഞ്ഞാലും അതിന് ബഹളം വയ്ക്കുന്നത് ശരിയല്ല. മിനിസ്റ്റർ പറഞ്ഞു കഴിഞ്ഞോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, അതുകൊണ്ട് ഗവൺമെന്റിന് ഇക്കാര്യത്തിൽ ആരെയും പ്രീതിപ്പെടുത്തേണ്ട ആവശ്യമില്ല. ഇവിടെ ചുംബനം നടത്തുന്നവരോടും പ്രതിഷേധിക്കുന്നവരോടും ഗവൺമെന്റ് വിലക്കിയിട്ടില്ല. ഇവിടെ ലാ ആന്റ് ഓർഡർ പ്രശ്നമുണ്ടായാൽ പോലീസ് ഇടപെടും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

**വിഴിഞ്ഞം പദ്ധതി**

3(*153) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ആനുകൂല്യം എത്രയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഫണ്ട് ലഭിക്കുന്നതിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ ഏതു തരത്തിലുള്ള പങ്കാളിത്തമാണ് ഉണ്ടാവുകയെന്ന് വിശദമാക്കുമോ ;

(ഡി) വിഴിഞ്ഞം പദ്ധതിക്കെതിരെ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന് ഇപ്പോൾ കണക്കാക്കിയിട്ടുള്ള Public Private Partnership (PPP) വിഹിതമായ 4044

കോടിയുടെ 20 ശതമാനം വരെ (809 കോടി രൂപ) കേന്ദ്ര സർക്കാരിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സഹായം ലഭിക്കാൻ കേന്ദ്രത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ച് അർഹതയുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള Guidelines for Financial Support to Public Private Partnership Project in Infrastructure (വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്) ആണ് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം (അനുബന്ധമായി ചേർത്തിരിക്കുന്നു)*

(സി) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന കൺസഷനയർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ പദ്ധതിയിലുള്ള പങ്കാളിത്തം. തുറമുഖം പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലായിരിക്കും.

(ഡി) വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്ക് എതിരെ ചെന്നൈ ബഞ്ചിൽ രണ്ട് ഹർജികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഹരിത ട്രൈബ്യൂണലിന്റെ ഡൽഹി ബഞ്ചിൽ വിഴിഞ്ഞം പദ്ധതിക്കും പാരിസ്ഥിതികാനുമതിക്ക് എതിരെയും 2011-ലെ CRZ നിയമം ചോദ്യം ചെയ്തുകൊണ്ടും ഓരോ ഹർജികൾ വീതം നൽകിയിട്ടുണ്ട്. ഇതിനെതിരെ നിയമപരമായ നടപടികൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയും സംസ്ഥാന സർക്കാരും സ്വീകരിച്ചു വരുന്നു. കേസ് ഇപ്പോൾ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഇവർക്ക് പിന്നിൽ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശ്രീ. എ. റ്റി. ജോർജ്</u> : സർ, വിഴിഞ്ഞം തുറമുഖം ലോകനിലവാരത്തിൽ നിർമ്മിക്കുന്നതിനായി ഈ സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് സൂചിപ്പിക്കാമോ ; ലോകത്തിലെ ഏറ്റവും വലിപ്പമുള്ള കപ്പലുകൾ ഈ തുറമുഖത്ത് ഉപയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; അതുപോലെ വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിന് സാമ്പത്തികം അത്യാവശ്യമാണ്. അത് അങ്ങയുടെ മറുപടിയിൽത്തന്നെ പറഞ്ഞിരിക്കുന്നു, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സഹായത്തിന് നമുക്കർഹതയുണ്ട്. ആ ഫണ്ട് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ബാബു : സർ, വിഴിഞ്ഞം പദ്ധതിയുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗുമായി ബന്ധപ്പെട്ട ചർച്ചകൾ അവസാന ഘട്ടത്തിലാണ്. ഇന്ന് അതിന്റെ അവസാന റൗണ്ട് ചർച്ച ഡൽഹിയിൽവച്ച് നടക്കുകയാണ്. ചീഫ് സെക്രട്ടറിയും തുറമുഖ വകുപ്പ് സെക്രട്ടറിയും വിഴിഞ്ഞം കമ്പനിയുടെ എം.ഡി.-യും ഡൽഹിയിൽ ചർച്ചയ്ക്കുവേണ്ടി പോയിട്ടുണ്ട്. ലോകനിലവാരത്തിലുള്ള ഒന്നാക്കി വിഴിഞ്ഞം തുറമുഖത്തെ മാറ്റാൻ വേണ്ടി ഈ ഗവൺമെന്റ് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 9000 TU കപ്പൽ വരുന്നതിനുള്ള കപ്പാസിറ്റിയാണ് നേരത്തെ വിഭാവനം ചെയ്തിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 18000 TU കപ്പാസിറ്റിയാക്കി ഉയർത്തിയിട്ടുണ്ട്. ബർത്തിന്റെ നീളം 650 മീറ്ററിൽനിന്ന് 800 മീറ്ററായും അതുപോലെ കടൽ നിരപ്പാക്കി എടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി 26 ഹെക്ടറിൽനിന്ന് 56 ഹെക്ടറായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവിടെ ഇപ്പോൾ 21000 TU കപ്പൽ വരാൻ പോകുകയാണ്. അതുകൂടി ഉൾക്കൊള്ളത്തക്ക വിധത്തിലാണ് ഈ തുറമുഖം റീ-ഡിസൈൻ ചെയ്തിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്ലസ് ടു ബാച്ചുകൾ അനുവദിച്ചത് സംബന്ധിച്ച് ലോകായുക്തയുടെ ഉത്തരവ്

4 (*154) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എളമരം കരീം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധിക പ്ലസ് ടു ബാച്ചുകൾ അനുവദിച്ചതിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ലോകായുക്ത ഉത്തരവിട്ടിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ആരുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുവാനായിരുന്ന നിർദ്ദേശം ;

(ബി) ലോകായുക്തയുടെ ഉത്തരവിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ലോകായുക്തയുടെ നിർദ്ദേശം അട്ടിമറിക്കപ്പെട്ടതായുള്ള ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വിശദമാക്കാമോ ;

(ഡി) ക്രമക്കേടുകൾക്ക് നേതൃത്വം നൽകിയവർക്കെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ടോ ;

(ഇ) 2014-15 വർഷത്തിൽ ക്രമവിരുദ്ധമായി പ്ലസ് ടു കോഴ്സും ബാച്ചും തരപ്പെടുത്തുകയും പിന്നീടത് റദ്ദാക്കപ്പെടുകയും ചെയ്യപ്പെട്ടിട്ടുള്ളതായി വിജിലൻസ് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ഇടപാടുകൾക്ക് പിന്നിൽ പ്രവർത്തിച്ചവർക്കും, ഗൂഢാലോചനയിൽ ഏർപ്പെട്ടതായി ആക്ഷേപിക്കപ്പെട്ടവർക്കുമെതിരെ വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടി എന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉത്തരവായിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ അന്വേഷണത്തിന് ലോകായുക്ത ഉത്തരവായിട്ടുണ്ട്.

(ബി) ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ്-ന്റെ ആവശ്യപ്രകാരം അന്വേഷണത്തിൽ സഹായിക്കുന്നതിനു വേണ്ടി 23-9-2014-ലെ റ്റി 8/101304/14 സംസ്ഥാന പോലീസ് മേധാവിയുടെ നടപടിക്രമം പ്രകാരം താഴെ പറയുന്ന ഉദ്യോഗസ്ഥരെ ചേർത്ത് ഒരു ടീം രൂപീകരിക്കുകയുണ്ടായി.

(1) ശ്രീ. പ്രകാശ്, ഐ.പി.എസ്.

(2) ശ്രീ. രാഗേഷ് കുമാർ, ഡിവൈ.എസ്.പി.

(3) ശ്രീ. എം. പി. വിനോദ്, ഡി.ഐ. കണ്ണൂർ

(4) ശ്രീ. കീർത്തി ബാബു, ഡി.ഐ. കോഴിക്കോട്.

കൂടാതെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിലെ അണ്ടർ സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി 14-11-2014-ന് അന്വേഷണ സംഘാംഗങ്ങളുടെ ഒരു യോഗം കൂടിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇതു സംബന്ധിച്ച് വിജിലൻസ് കേസുകളൊന്നും എടുത്തിട്ടില്ല.

(ഇ) പ്ലസ് ടു ബാച്ച് അനുവദിച്ചതിലെ അഴിമതി സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പക്കൽ നിന്നും സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതി പോലീസ് ആസ്ഥാനത്തു നിന്നും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിലേക്ക് അയച്ചിരുന്നു. ടി വിഷയത്തിൽ ലോകായുക്ത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി. റാങ്കിലുള്ള ഒരു സീനിയർ ഉദ്യോഗസ്ഥൻ ഒരു അന്വേഷണം നടത്തുന്നതിനാൽ പ്രസ്തുത പരാതിയിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ പ്രത്യേക അന്വേഷണമൊന്നും നടത്തേണ്ടതില്ല എന്ന് പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് മറുപടി നൽകിയിട്ടുണ്ട്.

**സർക്കാർ വകുപ്പുകളുടെ പ്രവർത്തന മികവിന് റാങ്കിംഗ്**

5 (*155) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വകുപ്പുകളെ റാങ്കിംഗിന് വിധേയമാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) പഠന വിധേയമാക്കിയ വകുപ്പുകളുടെ റാങ്കിംഗ് നിലവാരത്തിന്റെ പട്ടിക വെളിപ്പെടുത്തുമോ ;

(സി) റാങ്കിംഗിൽ പിറകിലായ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനമികവ് മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ റിസൽട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 2011-12-ൽ 36-ഉം, 2012-13-ൽ 38-ഉം, 2013-14-ൽ 38-ഉം വകുപ്പുകൾക്ക് കോമ്പോസിറ്റ് സ്കോർ നൽകി ഉത്തരവിറക്കിയിട്ടുണ്ട്.

(ബി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ വിവിധ വകുപ്പുകൾക്ക് നൽകിയ കോമ്പോസിറ്റ് സ്കോറിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു.*

(സി) കോമ്പോസിറ്റ് സ്കോർ കുറഞ്ഞ വകുപ്പുകളുടെ പ്രവർത്തനം തുടർവർഷങ്ങളിൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അതാത് വകുപ്പുകൾ സ്വീകരിക്കുന്നതാണ്.

**അന്ധവിശ്വാസത്തിന്റെ മറവിൽ നടക്കുന്ന തട്ടിപ്പ് തടയാൻ നിയമനിർമ്മാണം**

6 (*156) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസത്തിന്റെ മറവിൽ നടക്കുന്ന ചൂഷണങ്ങളും വഞ്ചനയും തട്ടിപ്പും തടയാൻ ഒരു നിയമനിർമ്മാണത്തിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമനിർമ്മാണക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്ധവിശ്വാസങ്ങൾമൂലം ഉണ്ടാകുന്ന ചൂഷണം ഫലപ്രദമായി തടയുന്നതിനും, കർശന ശിക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രത്യേക നിയമം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള കരട് ബില്ലിന്റെ പരിശോധന സർക്കാർ തലത്തിൽ നടന്നു വരുന്നു.

**ജനമൈത്രി എക്സൈസ്**

7 (*157) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവത്ക്കരണം നടത്തുവാനും എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ജനമൈത്രി എക്സൈസ് രൂപീകരിക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി, ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മദ്യ-മയക്കു മരുന്നുകളുടെ ഉപഭോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി "ലഹരി മുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയും, അതൊടൊപ്പം മദ്യ-മയക്കു മരുന്നുകളുടെ ഉത്പ്പാദനവും, വിപണനവും ഇല്ലായ്മ ചെയ്യുന്നതിന് ജനങ്ങളുടെ സഹകരണം ഉറപ്പാക്കി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് പരിശ്രമിക്കുക എന്ന ലക്ഷ്യമാണ് "ജനമൈത്രി എക്സൈസ്" കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) എല്ലാ എക്സൈസ് റേഞ്ചിന്റെയും അധികാര പരിധിയിലുള്ള സന്നദ്ധ സംഘടനകളെ കോർത്തിണക്കിക്കൊണ്ട് വ്യാജമദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉൽപ്പാദന വിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ടി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മേൽനോട്ടം വഹിക്കുകയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ തലത്തിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എത്തിക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ, ലഘുചിത്രപ്രദർശനങ്ങൾ, ലഘുലേഖവിതരണം എന്നീ പരിപാടികൾ നടത്തുകയും, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ളബുകളിലൂടെയും, എൻ.എസ്.എസ്, എസ്.പി.സി. എന്നിവയിലൂടെയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിനു പുറമേ കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നീ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും

ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു.

(ഡി) ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പതിനഞ്ചംഗ ഉദ്യോഗസ്ഥരെ നിയമിച്ച് ജനമൈത്രി എക്സൈസ് എന്ന പേരിൽ ഒരു കർമ്മസേന അട്ടപ്പാടിയിൽ ഇതിനോടകംതന്നെ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു.

**സാമൂഹിക സുരക്ഷാ സെസ്**

8 (*158) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സെസ്സ് ഏർപ്പെടുത്താനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സെസ്സ് ഏർപ്പെടുത്തുന്നതുമൂലം എന്തെല്ലാം അധിക സൗകര്യങ്ങൾ യാത്രക്കാർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായി എത്ര വീതം സെസ്സാണ് പിരിക്കുന്നതെന്ന് വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹിക സുരക്ഷാ സെസ്സ് ഏർപ്പെടുത്തുന്നതിലേക്കായി, 15 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിൽ മാത്രമേ ഈ പദ്ധതി നടപ്പാകുകയുള്ളൂ. സാമൂഹിക സുരക്ഷാ സെസ്സ് ഏർപ്പെടുത്തുക വഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് എടുത്ത് യാത്ര ചെയ്യുന്ന യാത്രക്കാർക്ക്, യാത്രക്കിടയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾമൂലം ഉണ്ടാകുന്ന ആശുപത്രി ചെലവുകൾ, അടിയന്തര സഹായം എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേക ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും, യാത്രക്കാർക്കായി ബസ്

സ്റ്റേഷനുകളിൽ നിലവിലുള്ളതിന് പുറമേ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങളും ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും വേണ്ടിയാണ് സെസ്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) യാത്രക്കാർക്ക് മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങൾ, ക്ലോക്ക് റൂം തുടങ്ങിയ സൗകര്യങ്ങൾ കൂടാതെ Accidental Death, Accidental Hospitalisation, Accidental Treatment, Hospitalisation Cash Allowance, Baggage Allowance തുടങ്ങിയ വിവിധ തരത്തിലുള്ള ഇൻഷ്വറൻസ് കവറേജുകൾ നൽകുവാനാണ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു :

| ടിക്കറ്റ് നിരക്ക് | സെസ്സ് തുക |
|---|---|
| 24 രൂപ വരെ | ... |
| 25 രൂപ മുതൽ 49 രൂപ വരെ | 2 രൂപ |
| 50 രൂപ മുതൽ 74 രൂപ വരെ | 3 രൂപ |
| 75 രൂപ മുതൽ 99 രൂപ വരെ | 4 രൂപ |
| 100 രൂപയ്ക്കും അതിനു മുകളിലും | 10 രൂപ |

**കരുണാ എസ്റ്റേറ്റ് അനധികൃതമായി കൈവശം വച്ചിട്ടുള്ള വനഭൂമി**

9 (*159) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കേണ്ട 786 ഏക്കർ വനഭൂമി നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് (ഇപ്പോൾ പോബ്സ് എസ്റ്റേറ്റ്) അനധികൃതമായി കൈവശം വച്ച് വരുന്നതായി സർക്കാരിനറിയാമോ ;

(ബി) പ്രസ്തുത ഭൂമി പോബ്സ് എസ്റ്റേറ്റുകാർക്ക് പോക്കുവരവ് ചെയ്തു കൊടുക്കുന്നതിന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എൻ.ഒ.സി. നല്കിയതെപ്പോഴായിരുന്നു ; ഇതേ തുടർന്ന് ചിറ്റൂർ അഡീ. തഹസീദാർ ഭൂമി പോക്കുവരവ് ചെയ്തതായി വകുപ്പിന്

അറിയാമോ ; ഇതുസംബന്ധമായി ഉയർന്നുവന്ന ആക്ഷേപങ്ങൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചത് എപ്പോഴായിരുന്നു;

(സി) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയ നിഗമനങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ വനം വകുപ്പ് സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ ; നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിയമവിരുദ്ധമായി നൽകിയ എൻ.ഒ.സി., (സി.സി.എഫ്.) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റദ്ദ് ചെയ്തിട്ടുണ്ടോ ; ഈ പ്രശ്നത്തിൽ വനം വകുപ്പ് രൂപം നൽകിയ ഉപസമിതിയുടെ നിഗമനം വസ്തുതകൾ ബോധപൂർവ്വം മറച്ച് പിടിച്ചുകൊണ്ടുള്ളതായിരുന്നു എന്ന ആരോപണം ശരിവയ്ക്കുന്ന നിലയിലാണോ ലാന്റ് ബോർഡ് സെക്രട്ടറിയുടെ കണ്ടെത്തലുകൾ ; വിശദമാക്കാമോ ;

(ഡി) നിക്ഷിപ്ത ഭൂമി സ്വകാര്യ വ്യക്തിക്ക് കൈവശപ്പെടുത്തുന്നതിന് കൂട്ടു നിന്ന വനം വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ്; ഇവർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടി എന്താണ് ; വിശദമാക്കാമോ ;

(ഇ) ഇതുപോലെ സ്വകാര്യ വ്യക്തികൾ നിയമവിരുദ്ധമായി വനഭൂമി കൈവശം വച്ചുപോരുന്നതായി ആക്ഷേപം ഉന്നയിക്കപ്പെട്ട എല്ലാ കേസുകളിലും വിദഗ്ദ്ധ പരിശോധന നടത്താൻ ഉത്തരവ് പുറപ്പെടുവിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്), ആക്ട് 1971 പ്രകാരമാണ് സ്വകാര്യവനങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെടുന്നതും തുടർന്ന് സെക്ഷൻ 3 (1) പ്രകാരം വനഭൂമിയായി സംരക്ഷിക്കപ്പെടുന്നതും. 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്ന സ്ഥലങ്ങൾ റവന്യൂ ഭൂമികളാണ്. കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്), ആക്ട് 1971 പ്രകാരം, വനം വകുപ്പ് കരുണ പ്ലാന്റേഷനിൽ 569 ഏക്കർ സ്ഥലം ഏറ്റെടുക്കുകയുണ്ടായെങ്കിലും, ഫോറസ്റ്റ് ട്രിബ്യൂണലിലും, ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും നടന്ന വിവിധ കേസുകൾക്കൊടുവിൽ വനമായി വിധിക്കപ്പെട്ട് സംരക്ഷിച്ചുവരുന്ന വനഭൂമി 36.3544 ഹെക്ടർ (89.83 ഏക്കർ) ആകുന്നു. കൂടാതെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്), 2003 പ്രകാരം 13.59 ഏക്കറും വനഭൂമിയായി നിലനിൽക്കുന്നു. കേരള ഭൂപരിഷ്കരണ നിയമം 1963 പ്രകാരമുള്ള നടപടികളും നിയന്ത്രണങ്ങളും റവന്യൂ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളായതിനാൽ

കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്), ആക്ട് 1971 നിലവിൽ വരുന്നതിനുമുമ്പ് ഈ തോട്ടം ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതുണ്ടോ എന്ന് റവന്യൂ വകുപ്പ് പരിശോധിച്ചു വരുന്നു.

(ബി) 23-7-2013-ൽ ചിറ്റൂർ അഡീഷണൽ തഹസീൽദാർ 492, 493, 494 സർവ്വേ നമ്പരുകളിൽ ഭൂമിക്ക് കരം സ്വീകരിക്കാവുന്നതാണോ എന്ന് ആരാഞ്ഞുകൊണ്ട് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് അയച്ചിരുന്നു. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും 2-1-2013-ലെ സർക്കാർ ജി.ഒ.(ആർടി.) നമ്പർ 04/2013/ വനം ഉത്തരവ് പ്രകാരം രൂപീകരിച്ച സ്പെഷ്യൽ ടീമിന്റെ പരിശോധനയുടെ അടിസ്ഥാനത്തിലും ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ ഫീൽഡ് പരിശോധനയ്ക്കുശേഷം ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ചിറ്റൂർ അഡീഷണൽ തഹസിൽദാരുടെ കത്തിന് മറുപടിയായി നെല്ലിയാമ്പതിയിലെ കരുണാ പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള 314.4508 ഹെ. വനഭൂമിയല്ലാത്ത സ്ഥലത്തിന് കരം സ്വീകരിക്കുന്നതിന് വിരോധമില്ലെന്ന് 28-4-2014-ലെ സി2-8521/2012 പ്രകാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചിരുന്നു. എന്നാൽ അഡീഷണൽ തഹസിൽദാർ 28-5-2014-ന് പുറപ്പെടുവിച്ച നടപടിക്രമപ്രകാരം ടി സ്ഥലം പോക്കുവരവ് ചെയ്യുന്നതിനായി അനുമതി നൽകിയതായി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങൾ അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അദ്ധ്യക്ഷനായുള്ള കമ്മിറ്റി 15-7-2014-ൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

(സി) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയ നിഗമനങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെന്മാറ ഡി.എഫ്.ഒ. നിയമവിരുദ്ധമായി നൽകിയ എൻ.ഒ.സി. ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളയുടെ 8-7-2014-ലെ പ്രൊ. (11) 21741/2014-ലെ തുടർ നിർദ്ദേശം അനുസരിച്ചും പ്രസ്തുത നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കരം തീർക്കുന്നതിന് വനം വകുപ്പിന് തടസ്സമില്ലെന്ന് വ്യക്തമാക്കിയ എതിർപ്പില്ലാരേഖ പ്രകാരമുള്ള എല്ലാ തീരുമാനങ്ങളും നിർത്തലാക്കേണ്ടതിന് ചിറ്റൂർ തഹസീൽദാർക്ക് 8-7-2014-ന് അറിയിപ്പ് നൽകിയിട്ടുണ്ട്.

31-5-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 230/2014 വനം പ്രകാരം സർക്കാർ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (വിജിലൻസ്) എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീകരിച്ച മൂന്നംഗ സമിതിയുടെ റിപ്പോർട്ട് പ്രകാരം കരം ഒടുക്കാൻ അനുമതി നൽകിയതിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്തുനിന്നും തെറ്റുകൾ ഒന്നും ഇല്ലായെന്ന് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം വനം വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) MFA 574/89, 106/90 എന്നിവയിലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പൊതു ഉത്തരവ് പ്രകാരവും ആയത് സുപ്രീം കോടതിയിൽ ശരിവച്ചതുപ്രകാരവും നിക്ഷിപ്തമാക്കപ്പെട്ട വനഭൂമി 89.83 ഏക്കറാകുന്നു. ഇത് വനം വകുപ്പിന്റെ സംരക്ഷണയിലുമാണ്.

(ഇ) ഈസ്റ്റേൺ സർക്കിളിലെ ഇത്തരം കേസ്സുകളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി 2-1-2013-ലെ സർക്കാർ s ജി.ഒ.(ആർ റ്റി.) നമ്പർ 04/2013 വനം തീയതി ഉത്തരവ് പ്രകാരം ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. മാത്രമല്ല 1-1-1977-ന് ശേഷമുണ്ടായ പൊതു കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ വനം വകുപ്പ് നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**കോൾഡ് ചെയിൻ പദ്ധതി**

10 (*160) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ പദ്ധതി നിലവിലുണ്ടോ ;

(ബി) കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പുവരുത്തുന്നതിന് കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) മത്സ്യത്തിന്റെ ഗുൺമേന്മ ഉറപ്പാക്കി, കേട്ടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി 75% കേന്ദ്ര സഹായത്തോടെ "ഫ്രഷ് ഫിഷ് ടു ആൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയായ 390.00 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. 15 ഇൻസുലേറ്റഡ് ട്രക്കുകൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ 200 ഇരുചക്ര വാഹനങ്ങൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടി 50 ഓട്ടോറിക്ഷകൾ എന്നിവ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 6 ഇൻസുലേറ്റഡ് ട്രക്കുകൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽനിന്നും പദ്ധതി പ്രകാരമുള്ള ബാക്കി ഇൻസുലേറ്റഡ് ട്രക്കുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻവഴി പുരോഗമിച്ചു വരുന്നു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഇരുചക്ര വാഹനത്തിനായി 200 ഗുണഭോക്താക്കളെയും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഓട്ടോറിക്ഷയ്ക്കായി 50 ഗുണഭോക്താക്കളെയും തെരഞ്ഞെടുത്തു. ഇതിൽ ഗുണഭോക്തൃവിഹിതം അടച്ച 130 പേർക്ക് ഇരുചക്രവാഹനവും 17 പേർക്ക് ഓട്ടോറിക്ഷയും വിതരണം ചെയ്തു കഴിഞ്ഞു. പദ്ധതി പ്രകാരം ബാക്കിയുള്ള ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗുണമേന്മയുള്ള പച്ചമത്സ്യം ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ മത്സ്യഫെഡ് നിലവിൽ 9 വിൽപ്പനശാലകൾ പ്രവർത്തിപ്പിക്കുന്നുണ്ട്..

(ബി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നാഷണൽ

ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാൻ കഴിയും.

(ഡി) സ്വീകരിക്കുന്നതാണ്.

**അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട്**

11 (*161) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പുരുഷൻ കടലുണ്ടി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള സിനിമാ മേഖലയെക്കുറിച്ച് പഠിച്ച് സർക്കാരിന് സമർപ്പിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയുണ്ടായോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എല്ലാം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം ശിപാർശകൾ അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട് ; ഇതിന് മുമ്പായി സിനിമാരംഗത്തെ എല്ലാ സംഘടനകളുമായും ചർച്ച ചെയ്യുകയുണ്ടായോ ;

(ഡി) വിദഗ്ധ സമിതി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് പ്രതിവർഷം പ്രതീക്ഷിക്കുന്ന അധിക ചെലവ് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക വകയിരുത്തപ്പെട്ടിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ&ബി) മലയാള സിനിമാ മേഖലയെക്കുറിച്ച് പഠിച്ച് സർക്കാരിന് സമർപ്പിച്ച അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിക്കുകയും, ശിപാർശകൾ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശിപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സിനിമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് 13-10-2014-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയുണ്ടായി.

(ഡി) വിദഗ്ദ്ധ സമിതി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് പ്രതിവർഷം പ്രതീക്ഷിക്കുന്ന അധിക ചെലവ് കണക്കാക്കിയിട്ടില്ല.

**സേവനാവകാശ നിയമം നടപ്പാക്കിയതിന്റെ പുരോഗതി**

12 (*162) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പാക്കിയതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പൊതുജനങ്ങൾക്ക് സേവനാവകാശ നിയമം ഗുണപ്രദമായി ഭവിക്കുന്ന നിലയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 117 വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശനിയമം നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.എം.ജി. ഒരു പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ മുന്നോട്ടു വച്ചിരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സേവനാവകാശ നിയമ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട്, 15-11-2014-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ

വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21-10-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിയ്ക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി.ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി.ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കുവാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഹർത്താലുകൾമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ**

13 (*163) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടരെയുണ്ടാകുന്ന ഹർത്താലുകൾ ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കാതിരിക്കാൻ സ്വീകരിച്ചു വരുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(ബി) ഹർത്താലുകൾമൂലം ഒരു വർഷം തൊഴിൽ, ഗതാഗതം, കാർഷികം, വ്യവസായം, വിദ്യാഭ്യാസം എന്നീ മേഖലകളിലുൾപ്പെടെ പൊതുവായുണ്ടാകുന്നതും അതിനു പുറമേ വ്യക്തികൾക്കുണ്ടാകുന്നതുമായ കഷ്ടനഷ്ടങ്ങളുടെ വ്യാപ്തിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഹർത്താലുകൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച ഏതെങ്കിലും കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ കോടതി പരാമർശങ്ങളുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) തുടരെയുണ്ടാകുന്ന ഹർത്താലുകൾ ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കിയ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(Crl)No.77/07 എന്ന കേസിൽ സുപ്രീം കോടതി 16-4-2009-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, അതനുസരിച്ചുള്ള മുൻകരുതൽ നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചു വന്നിട്ടുള്ളതുമാണ്. പ്രിവെൻഷൻ ഓഫ് ഡാമേജ് ടു പബ്ളിക് പ്രോപ്പർട്ടി ആക്ട്-1984 (PDPP Act), പബ്ളിക് വേയ്സ് റെസ്ട്രിക്ഷൻ ഓഫ് അസംബ്ളീസ് ആൻഡ് പ്രൊസ്സഷൻസ് ആക്ട്-2011 എന്നിവ പ്രകാരവും, ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും, കേരള പോലീസ് ആക്ടിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും സംസ്ഥാനത്ത് വിവിധ രാഷ്ട്രീയ പാർട്ടികൾ/സംഘടനകൾ ആഹ്വാനം ചെയ്യുന്ന ഹർത്താലുകളിൽ ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാകാതിരിക്കാനും, പൊതുജീവന് സംരക്ഷണം നൽകുന്നതിനും നിയമപരമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ വിഷയത്തിൽ വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ, ഹർത്താൽ ദിനത്തിൽ പൊതുമുതൽ നശിപ്പിക്കുന്നവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഹർത്താലിന്റെ എല്ലാ വശങ്ങളും ഉൾക്കൊണ്ടു വിപുലമായ നിയമം പ്രാബല്യത്തിൽ വരുത്തുന്നത് സർക്കാർ പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഫുൾബെഞ്ച് വിവിധ കേസുകളിലായി ഉത്തരവായിട്ടുള്ളതും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) ഹർത്താലുകൾമൂലം സംസ്ഥാനത്തുണ്ടാകുന്ന തൊഴിൽ, ഗതാഗതം, കാർഷികം,

വ്യവസായം, വിദ്യാഭ്യാസം എന്നീ മേഖലകൾക്കുണ്ടാകുന്ന നഷ്ടങ്ങൾ എന്നിവ ബന്ധപ്പെട്ട വകുപ്പുകൾ വിലയിരുത്താറുണ്ട്. ഹർത്താലുകൾമൂലം വിദ്യാഭ്യാസ മേഖലയിൽ അദ്ധ്യയന ദിനങ്ങളുടെ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുമുണ്ട്. കൂടാതെ, ഹർത്താലുകൾമൂലം പൊതു-സ്വകാര്യ മുതലുകൾ ആക്രമിക്കപ്പെടുകയും, നശിപ്പിക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങളിന്മേൽ, നശിപ്പിക്കപ്പെട്ട മുതലുകളുടെ നഷ്ടം കണക്കാക്കുകയും അവ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിലുൾപ്പെടുത്തി ബന്ധപ്പെട്ട കോടതികൾക്ക് റിപ്പോർട്ട് സമർപ്പിക്കാറുമുണ്ട്.

(സി) ഹർത്താലുകൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം റിട്ട. സുപ്രീം കോടതി ജഡ്ജി ശ്രീ. കെ. റ്റി. തോമസിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും, പ്രസ്തുത കമ്മിറ്റി സുപ്രീം കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സുപ്രീം കോടതിയും, ഹൈക്കോടതിയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹർത്താലിന്റെ എല്ലാ വശങ്ങളും ഉൾക്കൊണ്ടുള്ള വിപുലമായൊരു നിയമം പ്രാബല്യത്തിൽ വരുത്തണമെന്ന ഹൈക്കോടതി ഫുൾബെഞ്ചിന്റെ 29-10-2014-ലെ ഉത്തരവ് സർക്കാരിന്റെ പരിഗണനയിലാണ്.

**ഉൾനാടൻ ജലഗതാഗതം**

14 (*164) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലഗതാഗതത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) നിലവിലുള്ള ജലഗതാഗത സൗകര്യങ്ങൾ ജനങ്ങളുടെ ആവശ്യം കൂടി കണക്കിലെടുത്ത് പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ജലഗതാഗത വകുപ്പിനു കീഴിൽ നിലവിൽ പ്രവർത്തനക്ഷമമായ ബോട്ടുകളുടെയും പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെയും വിശദവിവരം നൽകാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ പുറത്തിറങ്ങുന്ന വ്യവസ്ഥകൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ കൃത്യമായി പാലിച്ചുകൊണ്ട് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വെള്ളക്കെട്ടായ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക്, മെച്ചപ്പെട്ട ജലഗതാഗത സൗകര്യം ലഭ്യമാക്കുക എന്നതാണ് സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ദൗത്യം. കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറു ജില്ലകളിലായി വെള്ളക്കെട്ടുള്ള ദ്വീപുകളെ ബന്ധപ്പെടുത്തി സംസ്ഥാന ജലഗതാഗത വകുപ്പ് 51 ഷെഡ്യൂളുകളിലായി പാസഞ്ചർ സർവ്വീസുകൾ നടത്തി വരുന്നു. കൂടാതെ ഉൾനാടൻ ജലഗതാഗതത്തിനായുള്ള സംസ്ഥാന ജലപാതയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം പാതയുടെ ഇരുവശങ്ങളിൽ ഉൾപ്പെടുന്ന കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളെ നബാഡ്, പതിമൂന്നാം ധനകാര്യകമ്മീഷൻ, സ്റ്റേറ്റ് ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിലേക്കായി വിവിധഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിലും നടത്തി വരുന്നത് പൂർത്തിയായാൽ ടി ജലപാതകളിലൂടെയും സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നകാര്യം ആവശ്യമെങ്കിൽ പരിശോധിക്കാവുന്നതാണ്.

(ബി) ഉണ്ട്. പൊതുജനങ്ങളുടെ ആവശ്യം കൂടി കണക്കിലെടുത്ത് സംസ്ഥാന ജലഗതാഗത വകുപ്പ് നൽകിയിട്ടുള്ള 51 ഷെഡ്യൂളുകളും മുടക്കം കൂടാതെ കാര്യക്ഷമമായി നടത്തി വരുന്നു. ഇതിൽ സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി അപ്പർ ഡെക്ക് സംവിധാനമുള്ള രണ്ട് ലക്ഷ്വറി ബോട്ടുകൾ ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇത് കൂടാതെ 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് പാസഞ്ചർ കം-ടൂറിസ്റ്റ് ഡബിൾ ഡക്കർ ബോട്ടുകൾ 'സീ-കുട്ടനാട് 'എന്ന പേരിൽ ആലപ്പുഴ-കുട്ടനാട് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ കയറ്റാവുന്ന രീതിയിൽ രൂപകല്പന ചെയ്ത ആറ് പാസ്സഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) നിലവിൽ 56 ബോട്ടുകൾ പ്രവർത്തനക്ഷമമാണ് പ്രതിദിനം 51 സർവ്വീസ് നടത്തി വരുന്നു.

**കളരിപ്പയറ്റിനെ കായിക ഇനമായി ഉൾപ്പെടുത്തുവാൻ പദ്ധതി**

15 (*165) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനത് ആയോധന കലയായി കളരിപ്പയറ്റിനെ കണക്കാക്കുന്നുണ്ടോ ;

(ബി) കളരിപ്പയറ്റിനെ സ്വായത്തമാക്കാൻ വിദേശ രാജ്യങ്ങളിൽ നിന്നുപോലും പഠിതാക്കൾ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആയോധന കലയെ ഒരു കായിക ഇനമായി ഉൾപ്പെടുത്തി ഈ ശാഖയുടെ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ&ബി) ഉണ്ട്.

(സി) 2008-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് ചട്ടങ്ങൾപ്രകാരം കളരിപ്പയറ്റിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ആയതുപ്രകാരം കളരിപ്പയറ്റിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സംഘടനയായ കേരള കളരിപ്പയറ്റ് അസോസിയേഷനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഘടന ടി ആയോധന കലയുടെ വളർച്ചയ്ക്ക് ഉതകുംവിധം കേരളത്തിൽ ജില്ലാ/സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു. കേരള കളരിപ്പയറ്റ് അസോസിയേഷന് സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ടി ആയോധന കലയെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക്, മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കായികതാരങ്ങളെ സ്പോർട്സ് ക്വാട്ട അഡ്മിഷൻ, ഗ്രേഡ് മാർക്ക്, സ്പോർട്സ് ക്വാട്ട നിയമനം എന്നിവയിലേക്ക് പരിഗണിച്ചു വരുന്നു. കൂടാതെ കളരിപ്പയറ്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് കായിക യുവജന കാര്യാലയത്തിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്. ഇവയ്ക്ക് പുറമേ കളരിയുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനുമായി കോഴിക്കോട് ജില്ലയിലെ വടകരയിൽ ഒരു കളരി അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**റോഡപകടങ്ങളിൽ അജ്ഞാത വാഹനങ്ങളുടെ പങ്ക്**

16 (*166) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളിൽ അജ്ഞാത വാഹനങ്ങളുടെ പങ്ക് വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) അജ്ഞാത വാഹനങ്ങളുടെ പങ്കാളിത്തം കുറച്ചുകൊണ്ടുവരാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; കൂടുതൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) പ്രസ്തുത വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങൾക്കിരയാകുന്നവർക്കും ആശ്രിതർക്കും നഷ്ടപരിഹാരത്തിനുള്ള നടപടി കേസ് രജിസ്റ്റർ ചെയ്യുന്നതോടൊപ്പം സ്വമേധയാ ആരംഭിക്കാൻ തക്ക വിധത്തിൽ നടപടിക്രമം പരിഷ്കരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ചില ജില്ലകളിൽ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അജ്ഞാത വാഹനങ്ങളുടെ പങ്കാളിത്തമുള്ള അപകടങ്ങൾ ഭൂരിഭാഗവും രാത്രികാലങ്ങളിലും, അതിരാവിലെയുമാണ് നടക്കുന്നത്. ഈ സമയത്തുള്ള വാഹന പരിശോധന കർശനമായി നടത്തി വരുന്നുണ്ട്. കൂടാതെ വ്യക്തതയില്ലാത്ത നമ്പർ പ്ലേറ്റുകൾ, Material Alteration, ആർ.സി. ബുക്കിൽ രേഖപ്പെടുത്താത്ത നിറംമാറ്റം, വിൽപ്പന സമയത്ത് ചെയ്യുന്ന ആർ.സി. ബുക്കിലെ മേൽവിലാസം മാറ്റം എന്നിവ യഥാസമയം പരിശോധിച്ച് മോട്ടോർ വാഹന നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും, പ്രധാന വീഥികളിലുമെല്ലാം സി.സി.ടി.വി. ക്യാമറ ലഭ്യതയ്ക്കനുസരിച്ച് സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മോട്ടോർ വാഹന വകുപ്പിന്റെ ഇന്റർസെപ്റ്റർ വാഹനത്തിന്റെ സേവനവും ലഭ്യമാണ്. മൊബൈൽ പട്രോളിങ്ങ്, ബീറ്റ് പട്രോളിങ്ങ് എന്നിവ ശക്തിപ്പെടുത്തിയും ഹൈവേ പോലീസിന്റെ പട്രോളിങ്ങ് ശക്തിപ്പെടുത്തിയും അജ്ഞാത വാഹനങ്ങളുടെ പങ്കാളിത്തം കുറച്ചു കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടമുണ്ടാക്കിയിട്ടുള്ള അജ്ഞാത വാഹനങ്ങൾ കണ്ടുപിടിക്കാൻ ഫോറൻസിക് പരിശോധനകൾ ഉൾപ്പെടെയുള്ള വാഹനപരിശോധനകൾ നടത്തുന്നുണ്ട്.

(സി) മോട്ടോർ വാഹന നിയമം 163(1) വകുപ്പിൽ നിശ്ചയിച്ചിട്ടുള്ളതു പ്രകാരം കേന്ദ്ര ഗവൺമെന്റ് 'സൊലേഷ്യം സ്കീം 1989' സംസ്ഥാനത്ത് നിലവിലുണ്ട്. ടി സ്കീമിലെ ഖണ്ഡിക 11 പ്രകാരം ജില്ലാ കളക്ടർ സെറ്റിൽമെന്റ് കമ്മീഷണറായും ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ ഡിവിഷണൽ മാനേജർ ഒരംഗമായും ഇതിന് പുറമേ മറ്റ് 3 അംഗങ്ങൾ കൂടി ഉൾപ്പെടുന്നതുമായ ഒരു 5 അംഗ ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ക്ലെയിംസ് എൻക്വയറി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റി കൂടി Hit and Run കേസ്സുകളിൽ ഭൂരിപക്ഷ അഭിപ്രായ പ്രകാരം തീരുമാനമെടുക്കുകയും, അപകടങ്ങളിൽ മരണപ്പെടുന്ന കേസ്സുകളിൽ പരമാവധി 50,000 രൂപയും, പരിക്കു പറ്റുന്ന കേസ്സുകളിൽ പരമാവധി 25,000 രൂപയും നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഉത്തരവ് ലഭിച്ച്, ദിവസങ്ങൾക്കുള്ളിൽ തന്നെ ഇൻഷ്വറൻസ് കമ്പനി, പ്രസ്തുത തുക ചെക്കായോ ഡിമാന്റ് ഡ്രാഫ്റ്റായോ ബന്ധപ്പെട്ട കക്ഷികൾക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്.

**സ്ത്രീകളുടെ സുരക്ഷയ്ക്ക് നിയമനിർമ്മാണം**

17 (*167) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പാലോട് രവി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്ക് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്ത്രീകളുടെ സുരക്ഷയ്ക്കായി എന്തെല്ലാമാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷകളാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ ?

ആഭ്യന്തവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-ഡി) സ്ത്രീ സുരക്ഷയ്ക്കാവശ്യമായ നിയമങ്ങളും വ്യവസ്ഥകളും ഇന്ന് നിലവിലുണ്ട്. കൂടുതലായുള്ള നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

## എയർ കേരള പദ്ധതി

18 (*168) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ;

(ബി) പദ്ധതിക്കാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തുക ;

(സി) പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്രമേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്തു നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) കേന്ദ്ര സർക്കാരിൽ നിന്നും പ്രസ്തുത ഇളവുകൾ ലഭിക്കുന്ന മുറയ്ക്കേ ഇക്കാര്യങ്ങൾ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

## സർക്കാർ വകുപ്പുകളുടെ പ്രവർത്തന മികവ്

19 (*169) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. പി. റ്റി. എ. റഹീം :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ മികവ് പരിശോധിക്കുകയുണ്ടായിട്ടുണ്ടോ ; വകുപ്പുകളുടെ പ്രവർത്തന മികവ് വിലയിരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് വിശദമാക്കാമോ ; ഓരോ വകുപ്പിനും നിർണ്ണയിക്കപ്പെട്ട റാങ്ക് സംബന്ധമായ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) പ്രവർത്തനങ്ങൾ ജനങ്ങൾക്ക് എന്തുമാത്രം പ്രയോജനപ്പെട്ടു എന്ന കാര്യം വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) വിലയിരുത്തലുകൾ ഏത് മാനദണ്ഡം അടിസ്ഥാനമാക്കിക്കൊണ്ടായിരുന്നു ;

(ഡി) മന്ത്രിമാരുടെയും വകുപ്പു മേധാവികളുടെയും പ്രവർത്തനം കൂടി പരിശോധിക്ക പെട്ടിട്ടുണ്ടോ ;

(ഇ) പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകളും കെടുകാര്യസ്ഥതയും ക്രമക്കേടുകളും ഈ ഘട്ടത്തിൽ പരിശോധിക്കപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന മികവ് പരിശോധിക്കുകയുണ്ടായിട്ടുണ്ട്. 2011 മുതൽ കേന്ദ്രക്യാബിനറ്റ് സെക്രട്ടറിയേറ്റിലെ പെർഫോമൻസ് മാനേജ്മെന്റ് ഡിവിഷന്റെ നിർദ്ദേശാനുസരണം വകുപ്പുകളുടെ പ്രവർത്തന മികവ് തയ്യാറാക്കുന്ന റിസൾട്ട്സ് ഫ്രെയിംവർക്ക് ഡോക്കുമെന്റ് (ആർ.എഫ്.ഡി.) കേരളത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഓരോ വകുപ്പിന്റെയും ആർ.എഫ്.ഡി. വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലുള്ള കോമ്പോസിറ്റ് സ്കോർ വകുപ്പുകൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2011-12, 2012-13, 2013-14 വർഷങ്ങളിലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഓരോ വകുപ്പും അതാത് വകുപ്പിലൂടെ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ് ആർ.എഫ്.ഡി.-യിൽ ഉൾപ്പെടുത്തുന്നത്. ഇങ്ങനെ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ പരമാവധി ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പിന് ഉയർന്ന കോമ്പോസിറ്റ് സ്കോർ ലഭ്യമാകുന്നത്. ഇങ്ങനെ ഉയർന്ന കോമ്പോസിറ്റ് സ്കോർ ലഭ്യമാകുന്ന വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് പ്രയോജനകരമായിരുന്നു വെന്നാണ് വിലയിരുത്തപ്പെടുന്നത്.

(സി) ആർ.എഫ്.ഡി.-യിൽ വാഗ്ദത്തം ചെയ്ത പദ്ധതികൾ എത്രത്തോളം നടപ്പിൽ വരുത്തിയെന്നതിന്റെയും അതിന്റെ പ്രാധാന്യത്തിന്റെയും (വെയിറ്റ്) അടിസ്ഥാനത്തിലാണ് വിലയിരുത്തലുകൾ നടത്തിയിട്ടുള്ളത്.

(ഡി) പരിശോധിക്കപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പരിശോധിക്കപ്പെട്ടിട്ടില്ല.

**മലയാളം ഔദ്യോഗിക ഭാഷയാക്കാൻ നടപടി**

20 (*170) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം നിർബന്ധമായും സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 77 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 65 പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടില്ലാത്ത വകുപ്പുകളിലും സ്ഥാപനങ്ങളിലും പുതുതായി രൂപീകരിക്കുന്ന വകുപ്പുകൾ സ്ഥാപനങ്ങൾ എന്നിവയിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റ്/സെക്രട്ടേറിയറ്റിതര വകുപ്പുകൾ, സ്വയംഭരണ-പൊതുമേഖല-സഹകരണ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

(സി&ഡി) ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ലെ കേരള ഔദ്യോഗികഭാഷകൾ ആക്ട് നിലവിലുണ്ട്.

**പോലീസ് സേനയുടെ ശാക്തീകരണം**

21 (*171) ശ്രീ. സി. കെ. നാണു :

ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത സാന്ദ്രത വർദ്ധിച്ചുവരുന്നതും സൈബർ കേസുകൾ അടക്കം പുതിയ മേഖലകളിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതും കണക്കിലെടുത്ത് പോലീസ് സേനയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പോലീസ് സേനയെയും പോലീസ് സ്റ്റേഷനുകളെയും നവീകരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പോലീസിന്റെ അംഗബലം കൂട്ടാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ;

(ഡി) നിലവിൽ പോലീസ് സേനയിലെ ഡ്രൈവർമാരടക്കമുള്ള തസ്തികകളിലെ ഒഴിവുകൾ നികത്താൻ സർക്കാർ തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഗതാഗത സാന്ദ്രത വർദ്ധിച്ച് വരുന്നതുമൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഹൈവേ പട്രോളുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും, ഗതാഗത സംവിധാനങ്ങളുടെ പരിഷ്കരണത്തിനും ആധുനിക സാങ്കേതിക സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. Interceptors, Laser Speed Radars, Speed detection Cameras, Traffic Security/Surveillance Cameras എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അപകട സാധ്യതാ മുന്നറിയിപ്പ് ബോർഡുകൾ, ട്രാഫിക് സിഗ്നൽ ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും പൊതുജനങ്ങൾക്കും, ഡ്രൈവർമാർക്കും, വിദ്യാർത്ഥികൾക്കും ട്രാഫിക് നിയമ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തുവരുന്നു. പ്രധാന ജംഗ്ഷനുകളിലും, ഹൈവേകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ അമിത വേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾ ഇത്തരം High Speed Surveillance ക്യാമറയിൽ പതിയുന്ന പ്രകാരം പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. ഗതാഗത നിയന്ത്രണത്തിനായി ഗതാഗത സാന്ദ്രതയുള്ള സ്ഥലങ്ങളിൽ ട്രാഫിക് യൂണിറ്റ്, ട്രാഫിക് പോലീസ് സ്റ്റേഷൻ, എയിഡ് പോസ്റ്റ് തുടങ്ങിയവ സ്ഥാപിക്കുകയും അവ പ്രവർത്തിപ്പിക്കുന്നതിനായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുകയും ചെയ്ത് പോലീസ് സേനയെ ശക്തിപ്പെടുത്തി വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും

തടയുന്നതിനും ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സൈബർ സെല്ലുകളും, പോലീസ് ആസ്ഥാനത്ത് ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിൽ ഹൈടെക്സെല്ലും പ്രവർത്തിക്കുന്നുണ്ട്. സൈബർ സെല്ലിലേക്കാവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു സൈബർ പോലീസ് സ്റ്റേഷൻ, ക്രൈം ബ്രാഞ്ചിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ടെക്നോപാർക്കിൽ ഒരു സൈബർ ഡോം തുടങ്ങുന്നതിന് 22-8-2014-ലെ ജി.(എംഎസ്.) നമ്പർ 167/2014/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയാനായി വിവിധ സോഫ്റ്റ്വെയർ വാങ്ങി ഹൈടെക് സെല്ലുകൾക്കും, സൈബർ പോലീസ് സ്റ്റേഷനുകൾക്കും നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) MoPF Scheme, Plan Scheme, 13th FCA, തുടങ്ങിയ പദ്ധതികളിലൂടെയുള്ള നവീകരണമാണ് പോലീസ് സേനയിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ അടിസ്ഥാന/താമസസൗകര്യങ്ങൾ ഏർപ്പെടുത്തിയും, വാഹനങ്ങൾ, ആയുധങ്ങൾ, സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവ കൂടുതലായി ലഭ്യമാക്കിയും പോലീസ് സേനയെ നവീകരിച്ചു വരുന്നു. ഇതിനുപുറമേ പോലീസ് സേനയുടെ നവീകരണത്തിനായി ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്, സ്പെഷ്യൽ മോഡണൈസേഷൻ സ്കീം, CCTNS, ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം, ക്രൈം ബ്രാഞ്ച് പുനഃസംഘടന എന്നിവയും നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ നവീകരണത്തിനായി 126.818 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിച്ച് സേനയെ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പോലീസ് സേനയുടെ അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഒഴിവുകൾ പി.എസ്.സി.-യ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മദ്യനയം**

22 (*172) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനയം കർശനമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച കോടതിയുടെ മുമ്പിലുള്ള കേസുകളിൽ തീർപ്പുണ്ടാകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മദ്യനയം പരാജയമാണെന്ന് വരുത്തിത്തീർക്കാൻ മദ്യ ലോബി നടത്തുന്നതായി പറയപ്പെടുന്ന വിധ്വംസക പ്രവർത്തനങ്ങളും സ്പിരിറ്റ് കടത്തും മുൻകൂട്ടി കണ്ട് നടപടിയെടുക്കുന്നതിനും ഇക്കാര്യത്തിൽ സ്ത്രീ ജനങ്ങളുടെ കൂട്ടായ്മകളുടെ സഹകരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു) :

(എ) മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണപ്രവർത്തനങ്ങളിലൂടെ 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവന ചെയ്യുന്നത്. മദ്യനയം കർശനമായി നടപ്പാക്കുന്നതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും, എഫ്.എൽ1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിനും, എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൽ ബഞ്ചിന് മുമ്പാകെ മദ്യനയത്തിനെതിരെ ഉണ്ടായ കേസ്സ് ഇതിനകം തീർപ്പു കൽപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നയത്തിൽ നിന്നും വ്യത്യസ്തമായി 4 സ്റ്റാർ/ഹെറിറ്റേജ് ഹോട്ടലുകൾക്ക് പ്രവർത്തനാനുമതി നൽകിയ സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 4 സ്റ്റാറിനു താഴെ നിലവാരമുള്ള ഹോട്ടലുകളും പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ ഇപ്പോൾ വാദം നടന്നുവരുകയാണ്.

(സി) സംസ്ഥാനത്ത് മദ്യനയം നടപ്പിലാക്കുന്നതിനായി മുഴുവൻ ജനങ്ങളുടെയും സഹകരണം ഉറപ്പുവരുത്തിക്കൊണ്ടുതന്നെയാണ് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വ്യാജമദ്യവും സ്പിരിറ്റ് കടത്തും തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

## രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്

23 (*173) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനയം രൂപീകരിക്കുവാൻ നിയോഗിച്ച രാമചന്ദ്രൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കാത്തത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ&ബി) മദ്യനയം രൂപീകരിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി 6-3-2014-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് കൂടി പരിഗണിച്ചാണ് സർക്കാർ മദ്യനയം രൂപീകരിച്ചിട്ടുള്ളത്.

(സി) മദ്യനയം രൂപീകരിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഗതാഗത നിയമലംഘനങ്ങൾ**

24 (*174) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത നിയമ ലംഘനങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; ഇതുമൂലമുണ്ടാകുന്ന അപകടങ്ങളുടെ ശതമാനക്കണക്ക് വെളിപ്പെടുത്തുമോ ;

(ബി) ഹോണിന്റെ ശബ്ദ നിയന്ത്രണ വ്യവസ്ഥകൾ, ലൈറ്റുകളുടെയും നമ്പർ പ്ലേറ്റുകളുടെയും വിന്യാസം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ നിരന്തരം ലംഘിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ കർശന നിയന്ത്രണ/ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. വാഹനാപകടങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്ക് സംസ്ഥാന

ക്രൈം റെക്കോർഡ് ബ്യൂറോ ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഈ കണക്കനുസരിച്ച് 2009-നെ അപേക്ഷിച്ച് 2010 ൽ മോട്ടോർ വാഹന അപകടങ്ങളുടെ എണ്ണത്തിൽ 1% കുറവ് വന്നിട്ടുണ്ട്. അതേസമയം 2011, 2012 വർഷങ്ങളിൽ ഇവയുടെ എണ്ണത്തിൽ യഥാക്രമം 0.38%, 2.7% എന്ന നിലയിൽ തൊട്ടുമുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായി. എന്നാൽ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തിയതിനെ തുടർന്ന് 2013-ൽ 2012-നെ അപേക്ഷിച്ച് അപകടങ്ങളുടെ എണ്ണത്തിൽ 2.65% കുറവ് വന്നിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 2014-ലും മോട്ടോർവാഹന അപകടങ്ങളുടെ എണ്ണത്തിൽ 2013-നെ അപേക്ഷിച്ച് കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചു വരുന്നു.

**സൈബർ കുറ്റകൃത്യങ്ങൾ-ബോധവത്കരണം**

25 (*175) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ബോധവത്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും, വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ജനമൈത്രി പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, അക്ഷയകേന്ദ്രങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവ മുഖേന സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ CERT(Computer Emergency Response Team)-ന്റെ സഹകരണത്തോടെ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവരുമായി ചേർന്നും കൂടാതെ ജനമൈത്രി പോലീസ്, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടിയുമാണ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത്.

(സി&ഡി) പവർ പോയിന്റ് പ്രസന്റേഷൻ സ്ലൈഡുകളുടെ വീഡിയോ പ്രദർശിപ്പിച്ച് സോഷ്യൽ മീഡിയകളുടെയും, മൊബൈൽ ഫോണുകളുടെയും ദുരുപയോഗംമൂലമുള്ള അപകടങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെ സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും, അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിശദീകരിക്കുന്നു. മൊബൈൽ സുരക്ഷിതമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും Security, Safety & Ethics for Teenagers, Internet Safety Basics എന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നു. കൂടാതെ Chatting with Stranger's e-mail, Social Network site എന്നിവയിൽ എന്തെല്ലാം ചെയ്യാൻ പാടില്ല എന്നതിനെക്കുറിച്ചും ക്ലാസ്സ് എടുക്കുന്നുണ്ട്. കൂടാതെ ഐ.ടി ആക്ടിലെ പ്രധാനപ്പെട്ട റൂളുകളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. സർക്കാർ/പ്രൈവറ്റ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ട്രെയിനിംഗ് സെന്ററുകൾ എന്നിവയ്ക്ക് ആവശ്യാനുസരണം ട്രെയിനിംഗുകൾ കൊടുക്കുന്നുണ്ട്. അത് തുടർന്നും വരുന്നു. കൂടാതെ കാലാകാലങ്ങളിൽ ടി വിഷയത്തിൽ വരുന്ന മാറ്റങ്ങൾ സംബന്ധിച്ച് സർക്കാർ അതത് അവസരങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയുമായി ആശയവിനിമയം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചും വരുന്നു.

**നിയമനത്തിൽ സംവരണം**

26 (*176) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിൽ സംവരണം ഏർപ്പെടുത്തുന്നതിൽ നിലപാട് അറിയിക്കാമോ ;

(ബി) ആവശ്യമെങ്കിൽ നിയമനിർമ്മാണത്തിലൂടെ ഇതിനുവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(സി) ദേവസ്വം ബോർഡ്, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലും സംവരണം പാലിക്കാൻ വേണ്ട നിയമനിർമ്മാണത്തിനു തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) തിരുവിതാംകൂർ, കൊച്ചി, മലബാർ, ദേവസ്വം ബോർഡുകളിലെ കോളേജ്/സ്കൂളുകളിലേക്കുള്ള എല്ലാ നിയമനങ്ങളും ജനറൽ വിഭാഗത്തിൽ നിന്നാണ് നടത്തുന്നത്. ഗുരുവായൂർ ദേവസ്വത്തിലെ കോളേജ്/സ്കൂളുകളിലേക്കുള്ള നിയമനം ഗുരുവായൂർ ദേവസ്വം ആക്ട് 19 പ്രകാരം 10% എസ്‌സി,എസ്റ്റി. വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ എല്ലാ ദേവസ്വം ബോർഡുകളിലേക്കുമുള്ള അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലേക്കുള്ള നിയമന ങ്ങൾക്കായി ഒരു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി**

27 (*177) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വിഭാഗം സർക്കാർ ഉദ്യോഗസ്ഥർ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നതായുള്ള റിപ്പോർട്ടുകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ സംവിധാനത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഭരണ നിർവ്വഹണത്തിലെ കൊള്ളരുതായ്മകളും കെടുകാര്യസ്ഥതയും നിയന്ത്രിക്കുന്നതിൽ വന്ന പോരായ്മയാണിതിനു കാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) അഴിമതിക്കാരായ ഉദ്യോഗസ്ഥരെ വകുപ്പുകളുടെ നേതൃസ്ഥാനത്ത് നിയോഗിക്കാതിരിക്കാനും മറ്റു സ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യാനും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ; തെറ്റായ രീതിയിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കിയെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടാൽ ഉടൻ ചോദ്യം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; ഉന്നതർക്കെതിരെയുള്ള ഇന്റലിജൻസ് റിപ്പോർട്ട് ഗൗരവമായി പരിഗണിക്കുമോ ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) :

(എ) ഏതെങ്കിലും പ്രത്യേക വിഭാഗം സർക്കാർ ഉദ്യോഗസ്ഥർ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സർക്കാർ സംവിധാനത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാസ്ഥാപനങ്ങളിലും കണ്ടുവരുന്ന അഴിമതി, കെടുകാര്യസ്ഥത എന്നിവ നിയന്ത്രിക്കുന്നതിന് ഇന്റേണൽ വിജിലൻസ് സംവിധാനം നിലവിലുണ്ട്. ആയവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും സർക്കാരും കാലാകാലങ്ങളിൽ നൽകുന്നുണ്ട്.

(ഡി) ഉദ്യോഗസ്ഥന്മാരെ പ്രധാനപ്പെട്ട തസ്തികകളിൽ നിയമിക്കുന്നതിന് മുമ്പ് നിർബന്ധമായും വിജിലൻസ് കേസോ, അന്വേഷണമോ ടിയാനെതിരെ നിലവിലുണ്ടോ എന്ന് പരിശോധിക്കാൻ വിജിലൻസിനോട് ആവശ്യപ്പെടുകയും അതിനനുസരിച്ച് വിജിലൻസ് ക്ലിയറൻസ് ലഭിച്ച ശേഷവുമാണ് നിയമനം സംബന്ധിച്ച നടപടികൾ കൈകൊള്ളുന്നത്. ഈ വിഷയത്തിൽ കാലാകാലങ്ങളിൽ സർക്കാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ തെറ്റായ രീതിയിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടാലോ അഴിമതി ആരോപണമുണ്ടായാലോ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്.

**അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തടയാൻ നിയമനിർമ്മാണം**

28 (*178) <u>ശ്രീ. എം. ചന്ദ്രൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത് തടയാൻ കാലോചിതമായ നിയമനിർമ്മാണത്തിന് തയ്യാറാകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമവ്യവസ്ഥകളും അതിന്റെ നടത്തിപ്പും വിശദമാക്കാമോ ;

(സി) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഭാഗമായുള്ള പരിപാടികളിൽ നിന്നും ഔദ്യോഗിക സംവിധാനങ്ങൾ വിട്ടുനില്ക്കണമെന്ന് നിർബന്ധിക്കുമോ ; ഇത്തരം പരിപാടികളിൽ നിന്ന് മന്ത്രിമാർ വിട്ടുനില്ക്കാൻ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഇതു സംബന്ധിച്ച് നിയമം കൊണ്ടു വരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അന്ധവിശ്വാസങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ The Drugs and Magical Remedies (Objectionable Advertisement) Act 1954 പ്രകാരവും, IPC 420, 508 പ്രകാരവും കേരള പോലീസ് ആക്ട് പ്രകാരവും നിയമ നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്താൽ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഭാഗമായുള്ള പരിപാടികളിൽ ഔദ്യോഗിക സംവിധാനങ്ങളോ, മന്ത്രിമാരോ പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഫ്ളക്സ് ബോർഡ് നിരോധനം**

29 (*179) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സാജു പോൾ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലക്സ്ബോർഡ് നിരോധനം സംബന്ധിച്ച് പഠനം നടത്താൻ മന്ത്രിസഭാ

ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടായിരുന്നുവോ ; സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ വെളിപ്പെടുത്താമോ ;

(ബി) സർക്കാർ പരിപാടികൾക്കും മന്ത്രിമാരുടെ ചടങ്ങുകൾക്കും ഫ്ലക്സ് ബോർഡ് പാടില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഗതാഗത തടസ്സം ഉണ്ടാക്കുന്ന നിലയിൽപ്പോലും സർക്കാർ ചെലവിൽ മന്ത്രിമാരുടെ പടങ്ങളോട്ടു കൂടിയ ഫ്ലക്സ്ബോർഡുകൾ സ്ഥാപിക്കുന്ന രീതി അവസാനിപ്പിക്കാമോ ; ഇക്കാര്യത്തിൽ മാതൃകാപരമായി പ്രവർത്തിക്കാൻ സർക്കാർ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) നിയോഗിച്ചിരുന്നു. സമിതി റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) 6-11-2014-ലെ സ.ഉ.(കൈ) നമ്പർ 195/14/തസ്വഭവ പ്രകാരം സർക്കാർ ചടങ്ങുകളിലും പരസ്യങ്ങളിലും ഫ്ളക്സ് ബോർഡുകൾ പൂർണ്ണമായും നിരോധിക്കുമെന്നും ഇത് സർക്കാർ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും എന്നും തീരുമാനിച്ചിട്ടുണ്ട്.

## ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് ഇ-ഫയലിംഗും ആധുനിക സാങ്കേതിക വിദ്യകളും

30 (*180) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും ഏറ്റവും വേഗം ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും ഫയൽ തീർപ്പു കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഫയലുകളിന്മേൽ താഴ്ന്ന ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ആധുനിക സാങ്കേതിക വിദ്യകളും, ഇ-ഫയലിംഗ് ഉൾപ്പെടെയുള്ള പുതിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സെക്രട്ടറി തലത്തിൽ റിവ്യൂ മീറ്റിങ്ങുകളും ഫയൽ അദാലത്തും നടത്തി വരുന്നുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയൽ നടപടികൾ എളുപ്പവും, കാര്യക്ഷമവും ആക്കുവാൻ NIC-യുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു.

(ബി) വിവിധ വകുപ്പു തലവൻമാരുടെ ഓഫീസുകളിൽ നിന്നും താഴെയുള്ള ഓഫീസുകളിൽ നിന്നും റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയൽ നടപടികൾ എളുപ്പവും കാര്യക്ഷമവും ആക്കുവാൻ NIC-യുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക, അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ്. ഇ-ഫയലിംഗ്, നോളഡ്ജ് മാനേജ്മെന്റ് സിസ്റ്റം, കൊളാബ്രേഷൻ&മെസ്സേജിംഗ് സേവനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു രേഖയെ വിശ്വാസയോഗ്യമാക്കുവാൻ ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ആ രേഖയെ ഡിജിറ്റൽ ഒപ്പ് ചെയ്യുവാൻ സാധിക്കും. ഇതുവഴി ഫയൽ തീർപ്പാക്കൽ നടപടികൾ വേഗത്തിലാകുന്നതാണ്. അടുത്ത ഘട്ടത്തിൽ ഡയറക്ടറേറ്റിലും സബ്ഡിവിഷൻ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യം പരിശോധിക്കുന്നതിന് കമ്മിറ്റി

1 (1865) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യം

പരിശോധിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനും ജനപ്രതിനിധികളടങ്ങിയ എന്തെങ്കിലും കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ രൂപീകരണം എന്നായിരുന്നുവെന്നും ആരെല്ലാമാണ് ഇതിൽ അംഗങ്ങളെന്നും വ്യക്തമാക്കുമോ ;

(സി) ഇത് എത്ര പ്രാവശ്യം, ഏതെല്ലാം തീയതികളിൽ യോഗം ചേർന്നുവെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21-7-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 83/2010/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഉന്നതാധികാര സമിതി രൂപീകരിക്കുകയുണ്ടായി. ടി ഉന്നതാധികാര സമിതി 20-8-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 85/2011/പ.ജ.പ.വ.വി.വ ഉത്തരവുപ്രകാരം പുനഃസംഘടിപ്പിച്ചു. പ്രസ്തുത ഉന്നതാധികാര സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ്. മുഖ്യമന്ത്രി ചെയർമാനും പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും ടൂറിസവും വകുപ്പുമന്ത്രി വൈസ് ചെയർമാനും എം.എൽ.എ.-മാരായ സർവ്വശ്രീ കെ. അച്യുതൻ, എ. റ്റി. ജോർജ്, ഡൊമിനിക് പ്രസന്റേഷൻ, റ്റി. എൻ. പ്രതാപൻ, എ. പി. അബ്ദുള്ളക്കുട്ടി, സി. പി. മുഹമ്മദ്, ഹൈബി ഈഡൻ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, കെ. എം. ഷാജി, എ.എ. അസീസ്, കെ. കെ. ജയചന്ദ്രൻ, കെ. രാജു., ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ), ജോയിന്റ് സെക്രട്ടറി പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ്, സെക്രട്ടറി (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് എന്നിവർ അംഗങ്ങളുമാണ്.

(സി) പ്രസ്തുത ഉന്നതാധികാര സമിതി ഇതുവരെ യോഗം ചേർന്നിട്ടില്ല. ആദ്യയോഗം 12-1-2015 തിങ്കളാഴ്ച 10 മണിക്ക് കൂടുന്നുണ്ട്.

**കാസർഗോഡ് ജില്ലയിൽ മുഖ്യമന്ത്രിയുടെ സാമ്പത്തിക സഹായം**

2 (1866) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ

മുഖ്യമന്ത്രിയുടെ സാമ്പത്തിക സഹായം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും എന്ത് തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാസർഗോഡ് ജില്ലയിൽ 16315 പേർക്ക് 18,01,13,810 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി**

3 (1867) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) മൂന്ന് വർഷത്തിൽക്കൂടുതൽ പഴക്കമുള്ള ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 2014 മേയ്-ജൂൺ മാസങ്ങളിൽ പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ നടത്തി ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള സാദ്ധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കാൻ എല്ലാ വകുപ്പുകൾക്കും

നിർദ്ദേശം നൽകിയിരുന്നു.

(ബി) നിയമപരവും സാങ്കേതികവുമായ തടസ്സങ്ങളില്ലാത്ത കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളിലും തീരുമാനമെടുത്ത് ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടാകാതെ സമയബന്ധിതമായിത്തന്നെ അവയുടെ തീർപ്പാക്കലും ലക്ഷ്യമിടുന്നുണ്ട്.

(സി) മേൽ പരാമർശിച്ച ഫയൽ തീർപ്പാക്കൽ പരിപാടിയുടെ തുടർച്ചയായി എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ നിർദ്ദേശമില്ലാതെതന്നെ തങ്ങളുടെ വകുപ്പിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നതിനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുകയും അന്നേ ദിവസം മേലുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സാദ്ധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതാണെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ വകുപ്പിലുമുണ്ടാകുന്ന ജോലിഭാരക്കൂടുതൽ ക്രമീകരിക്കുന്നതിനും വകുപ്പുകളുടെ ജോലി വിതരണം കുറ്റമറ്റതാക്കുകയും ജോലിഭാരം തുല്യമായി വീതിച്ച് ജോലി ചെയ്യുന്നതിനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അതാത് വകുപ്പദ്ധ്യക്ഷന്മാരാണ് പദ്ധതി നടപ്പാക്കേണ്ടത്. ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് ഓരോ വകുപ്പുകളും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ചും കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ചും അവലോകനം നടത്തേണ്ടതാണെന്നും എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## എം.എൽ.എ.-മാർ നൽകുന്ന നിവേദനങ്ങളും ശിപാർശകളും

4 (1868) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹു. മുഖ്യമന്ത്രിയടക്കം ബഹു. മന്ത്രിമാർക്കും മറ്റ് ഉന്നത അധികാരികൾക്കും എം.എൽ.എ.-മാർ നൽകുന്ന നിവേദനങ്ങളിലും ശിപാർശകളിലും സ്വീകരിക്കുന്ന

നടപടികളും അന്തിമ തീരുമാനങ്ങളും ബന്ധപ്പെട്ട എം.എൽ.എ.-മാരെ അറിയിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഉത്തരവുണ്ടെങ്കിൽ അത് പാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേലുള്ള തുടർനടപടിക്ക് എം.എൽ.എ.-മാർ ആരോടാണ് പരാതി പെടെണ്ടതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതിയുണ്ടെങ്കിൽ എം.എൽ.എ.-മാർ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിക്കോ ബന്ധപ്പെട്ട വകുപ്പ് തലവന്മാർക്കോ നൽകേണ്ടതാണ്.

**പി.എച്ച്.ഡി. ബിരുദം ലഭിച്ചവരുടെ ഡോക്ടർ പദവി സംബന്ധിച്ച്**

5 (1869) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് പി.എച്ച്.ഡി. ബിരുദം ലഭിച്ചവരുടെ പേരിനൊപ്പം ഡോക്ടർ എന്ന് ചേർക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇപ്രകാരം ഉത്തരവ് നിലവിൽ ഇല്ലായെങ്കിൽ, വിദ്യാഭ്യാസ യോഗ്യതയുള്ള ഏതെങ്കിലും ജീവനക്കാരൻ ഡോക്ടർ എന്ന പദം ചേർക്കുന്നത് തടയാൻ ഡി.എം.ഒ.-മാർക്ക് അനുവാദം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ, ഡോക്ടർ എന്ന പദം ചേർക്കുന്നതിന് തടസ്സം ഉന്നയിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സർവ്വകലാശാലയിൽ നിന്നും ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്ന് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. ഗിരീഷ് എന്നയാൾ ഡോക്ടർ എന്ന പദം പേരിനൊപ്പം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ചികിത്സകനല്ലാത്ത ശ്രീ. ഗിരീഷ് 'ഡോക്ടർ' എന്ന പദം ഉപയോഗിക്കുന്നത് രോഗികളിൽ തെറ്റിദ്ധാരണ പരത്താൻ ഇടയാക്കുന്നതാണെന്നും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മാത്രമായ അദ്ദേഹം കൺസൾട്ടന്റ് എന്നുകൂടി ഉപയോഗിക്കുന്നത് തെറ്റാണെന്നും പി.എച്ച്.ഡി.-യുള്ള അദ്ദേഹം പേരിനൊപ്പം പി.എച്ച്.ഡി. എന്നുകൂടി കാണിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ തസ്തികയിൽ ജോലിക്ക് പ്രവേശിച്ചപ്പോൾ ഗിരീഷ് എന്ന് മാത്രമാണ് നിയമന ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. 'ഡോക്ടർ' എന്ന പദം ഉപയോഗിക്കുന്നത് തടയാൻ ജില്ലാ മെഡിക്കൽ ഓഫീസർമാരെ അനുവദിച്ചുകൊണ്ട് നിർദ്ദേശമൊന്നും സർക്കാർ നൽകിയിട്ടില്ല.

**കേരള എയർലൈൻ പദ്ധതി**

6 (1870) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള എയർ ലൈൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പരിഗണനയിലുണ്ട്. ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റുകൾ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ എയർകേരള ഇന്റർനാഷണൽ സർവ്വീസ് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തരമേഖലയിലെ പ്രവൃത്തിപരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ നിബന്ധനകളിൽ ഇളവിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും തീരുമാനിച്ചാണ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്.

പ്രസ്തുത നിബന്ധനകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇളവുകൾ ഇതുവരെ അനുവദിച്ചിട്ടില്ല. ഇളവുകൾ

ലഭിക്കുന്ന മുറയ്ക്ക് എയർകേരളയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഇളവുകൾ നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

## പത്മപുരസ്കാരങ്ങൾ നൽകുന്നതിന് ശിപാർശ പട്ടിക തയ്യാറാക്കുന്നതിലെ മാനദണ്ഡം

7 (T*1871) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്മപുരസ്കാരങ്ങൾ നല്കുന്നതിനായി ശിപാർശ പട്ടിക തയ്യാറാക്കുന്നതിൽ മാനദണ്ഡം പാലിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്ന സെർച്ച് കമ്മിറ്റി നിലവിലുണ്ടോ ;

(സി) എങ്കിൽ കമ്മിറ്റിയംഗങ്ങൾ എത്ര പേരാണെന്നും ആരൊക്കെയാണെന്നും വിശദമാക്കാമോ ?

### ഉത്തരം

(എ-സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് പത്മപുരസ്കാരങ്ങൾക്കുള്ള ശിപാർശ പട്ടിക തയ്യാറാക്കുന്നത്. മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത് അനുസരിച്ച് ബഹു. ഗ്രാമവികസന സാംസ്കാരിക വകുപ്പുമന്ത്രി കൺവീനറും ചീഫ് സെക്രട്ടറി കമ്മിറ്റി സെക്രട്ടറിയും താഴെ പറയുന്ന മന്ത്രിമാർ മെമ്പർമാരായും സെർച്ച് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു.

1. ശ്രീ. അടൂർ പ്രകാശ്, ബഹു. റവന്യൂ വകുപ്പുമന്ത്രി.
2. ശ്രീ. എ. പി. അനിൽ കുമാർ, ബഹു. പട്ടികജാതി പിന്നോക്കക്ഷേമ ടൂറിസം വകുപ്പുമന്ത്രി.
3. ഡോ. എം. കെ. മുനീർ, ബഹു. പഞ്ചായത്ത്-സാമൂഹ്യ നീതി വകുപ്പുമന്ത്രി.
4. ശ്രീ. പി. ജെ. ജോസഫ്, ബഹു ജലവിഭവ വകുപ്പുമന്ത്രി.

## എയർകേരള പദ്ധതി

8 (1872) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയർ കേരള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രവാസികളിൽ നിന്നും മറ്റുമായി എത്ര കോടി രൂപയാണ് ഇതിനായി സമാഹരിക്കാൻ തീരുമാനിച്ചിരുന്നത് ; ഇവരിൽ നിന്ന് തുക സമാഹരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സംരംഭത്തിന് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ് ; ഈ നിബന്ധനകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) എയർ കേരള പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല. പ്രവാസി മലയാളികൾ, പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.

(ബി) ഇതിനുള്ള മൊത്തം മുതൽമുടക്കിൽ 24% കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിനോടൊപ്പം കേരള സർക്കാർ പങ്കിടാനും ബാക്കി ഷെയറുകളുമായി പൊതുജനങ്ങളിൽനിന്നും ഇന്ത്യക്കാരായ പ്രവാസികളിൽനിന്നും സമാഹരിക്കാനുമാണ് വിഭാവന ചെയ്തിരുന്നത്. പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ഇളവുകൾ ലഭിച്ച ശേഷമേ ഫണ്ട് സമാഹരണം സംബന്ധിച്ച അന്തിമ തീരുമാനങ്ങൾ സാധ്യമാകൂ.

(സി&ഡി) കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് അഞ്ച് കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പ്രവൃത്തിപരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ യോഗ്യതകളില്ലാത്തതിനാൽ കമ്പനിക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. ടി നിബന്ധനകൾക്ക് ഇളവ് ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അന്തർ സംസ്ഥാന കരാറുകൾ**

9 (1873) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ സംസ്ഥാനങ്ങളുമായി എന്തൊക്കെ വിഷയങ്ങളിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കരാറുകളുടെയും കാലാവധി എത്രയാണെന്നും, കരാറുകളുടെ സമയ പരിധിക്കുള്ളിൽ കരാറുകൾ പുതുക്കുന്നതിനും സ്വത്തുക്കൾ തിരികെ ഉടമസ്ഥതയിൽ

കൊണ്ടുവരുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കരാറുകൾ സംബന്ധിച്ച് അവലോകന യോഗം ചേർന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കരാറുകൾ സംബന്ധിച്ച പ്രമാണങ്ങളുടെ കസ്റ്റോഡിയൻ ആരാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

1. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

2. 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്.

3. 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ. 1970-ലെ അനുബന്ധ കരാറുകൾ എന്നിവയാണ് പെരിയാറിനെ സംബന്ധിച്ച കരാറുകൾ. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്.

   കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായി വാദിച്ചും സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകളിലൂടെയും നേടിയെടുക്കാറുണ്ട്.

പറമ്പിക്കുളം-ആളിയാർ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം യഥാസമയം സ്വീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും

മുഖ്യമന്ത്രി തലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ഇതിനായി നിയോഗിച്ചിട്ടുള്ള ജോയിന്റ് കൺട്രോൾ ബോർഡാണ്. പ്രസ്തുത ബോർഡിന്റെ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) 28-4-2013-ന് തിരുവനന്തപുരത്തുവച്ച് കേരളത്തിന്റെ ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെയും തമിഴ്നാടിന്റെ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ചർച്ച നടക്കുകയുണ്ടായി. ഈ യോഗത്തിൽ പ്രധാനമായും പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ, നെയ്യാറിലെ ജലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയാണ് ചർച്ച ചെയ്യപ്പെട്ടത്. മറ്റ് കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ഡി) പ്രസ്തുത കരാറുകളുടെ കസ്റ്റോഡിയൻ ജലവിഭവ വകുപ്പിലെ ഐ.എസ്.ഡബ്ല്യു.സി. വിഭാഗമാണ്. മറ്റ് കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

## വിവിധ വകുപ്പുകളുടെ അധിക തസ്തികകൾ

10 (1874) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ വകുപ്പുകളിലെ അധിക തസ്തികകൾ കണ്ടെത്തുന്നതിന് സർക്കാർ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിരുന്നോ ; എങ്കിൽ ആരെല്ലാമായിരുന്നു അംഗങ്ങൾ എന്നു വിശദമാക്കാമോ ; സമിതിയുടെ ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

8-8-2012-ലെ സ.ഉ.(പി) നമ്പർ 441/2012/ധന. ഉത്തരവുപ്രകാരം സംസ്ഥാന സർവ്വീസിലെ അധിക തസ്തികകൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**വിവിധ വകുപ്പുകളിലെ ഫയൽ സംവിധാനം**

11 (1875) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ഫയൽ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഏതെല്ലാം സോഫ്റ്റ്‌വെയറുകളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതു സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളാണ് നിയമസഭാ സാമാജികർക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഫിനാൻസ് വകുപ്പിലെയും ഹയർ എഡ്യുക്കേഷൻ വകുപ്പിലെയും ഫയൽ നീക്കം യഥാസമയം നിയമസഭാ സാമാജികർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വിവിധ വകുപ്പുകളിലെ ഫയൽ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ വിവരം ചുവടെ ചേർക്കുന്നു :

(i) നിയമ വകുപ്പിൽ ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (LIMS)

(ii) സാമൂഹ്യനീതി വകുപ്പിലും ഉപരിപഠന വകുപ്പിലും DDFS.

(iii) വിവിധ വകുപ്പുകളിൽ ഫയൽ ട്രാക്ക് ചെയ്യുവാൻ IDEAS ആണ് ഉപയോഗിക്കുന്നത്. എന്നാൽ IDEAS-ൽ ഫയൽ നടപടികൾ

ചെയ്യുവാൻ സാദ്ധ്യമല്ല.

(ബി) ഫയൽ ട്രാക്ക് ചെയ്യുന്നതിനായി നിയമസഭാ സാമാജികരും പൊതുജനങ്ങളും IDEAS ഉപയോഗിക്കുന്നു.

(സി) സ്വീകരിക്കുന്നതാണ്. ഇ-ഓഫീസിൽ സിറ്റിസൺ ഇന്റർഫേസ് എന്ന പുതിയൊരു സംവിധാനം ഉൾപ്പെടുത്തുന്നതുവഴി പൊതുജനങ്ങൾക്ക് ഫയൽ ട്രാക്കിംഗ് വിവരങ്ങൾ അറിയാൻ സാധിക്കും.

**റൈറ്റ് ടു ഹിയറിംഗ്**

12 (1876) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൈറ്റ് ടു ഹിയറിംഗ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി ആരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) കേരള സംസ്ഥാന കേൾക്കപ്പെടുവാനുള്ള അവകാശം ബിൽ പരിശോധിച്ചു വരുന്നു. സർക്കാരിൽനിന്നും എന്തെങ്കിലും ആനുകൂല്യമോ ആശ്വാസമോ തേടുന്ന ജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ കേൾക്കപ്പെടുവാനുള്ള അവകാശത്തിനും അതിന് ആനുഷംഗികവുമായ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ. ഈ ബില്ലിന്റെ അന്തിമരൂപമായിട്ടില്ല.

**തീരദേശ പരിപാലന അതോറിറ്റി**

13 (1877) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന അതോറിറ്റി എന്നാണ് നിലവിൽ വന്നത് ; അതിന്റെ അംഗങ്ങൾ ആരെല്ലാമാണ് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് നിർവ്വചിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഈ അതോറിറ്റിയുടെ അധികാരങ്ങൾ എന്തെല്ലാം ; അത് പ്രയോഗത്തിൽ വരുത്താൻ പര്യാപ്തമായ എന്തെല്ലാം നിയമങ്ങളാണ് നിലവിലുള്ളത് ; നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെങ്കിൽ പര്യാപ്തമായ നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) അതോറിറ്റിക്ക് സ്വന്തമായി ഒരു ആസ്ഥാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ടിൽ അധിഷ്ഠിതമായി കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ SO No. 1001 (E)26 നവംബർ 1998-ലെ വിജ്ഞാപനപ്രകാരം തീരദേശ പരിപാലന അതോറിറ്റി ആദ്യമായി നിലവിൽ വന്നു. പ്രസ്തുത തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 2 വർഷമായിരുന്നു. നിലവിലുള്ള തീരദേശ പരിപാലന അതോറിറ്റി പ്രാബല്യത്തിൽ വന്നത് 2011 ഡിസംബർ 20-നാണ്. ഈ അതോറിറ്റിയുടെ കാലാവധി 3 വർഷമാണ്. നിലവിലുള്ള സമിതിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ് - അതോറിറ്റി അദ്ധ്യക്ഷൻ
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് - അംഗം
3. സെക്രട്ടറി, പരിസ്ഥിതി വകുപ്പ് - അംഗം
4. പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് - അംഗം
5. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് - അംഗം
6. സെക്രട്ടറി, മത്സ്യബന്ധന വകുപ്പ് - അംഗം

7. അദ്ധ്യക്ഷൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് - അംഗം

8. ഡയറക്ടർ, ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം - അംഗം

9. പ്രൊഫ. ഡോ. കെ. പത്മകുമാർ, അക്വാട്ടിക് ബയോളജി, കേരള യൂണിവേഴ്സിറ്റി - അംഗം

10. പ്രൊഫ. ഡോ. എ. രാമചന്ദ്രൻ, രജിസ്ട്രാർ, ഇൻഡസ്ട്രിയൽ ഫിഷറീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി - അംഗം

11. ശ്രീ. ബേബി ജോൺ, മലബാർ കോസ്റ്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ്, റിസർച്ച് ആന്റ് ആക്ഷൻ (MCITRA), കോഴിക്കോട് - അംഗം

12. മെമ്പർ സെക്രട്ടറി, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ -അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധമായി ചേർത്തിരിക്കുന്ന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അധികാരങ്ങൾകൂടി വിശദീകരിച്ചിട്ടുണ്ട്. അവ പ്രയോഗത്തിൽ വരുത്താൻ പര്യാപ്തമായ 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ടും അതിൽ അധിഷ്ഠിതമായ നിയമങ്ങളുമാണ് നിലവിലുള്ളത്. പ്രസ്തുത നിയമങ്ങൾ നിലവിൽ ഇതിന്റെ നടത്തിപ്പിനായി പര്യാപ്തമാണ്.

(ഡി) ഇല്ല. കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് ഏകോപിപ്പിക്കുന്നത്. ഭരണ നിർവ്വഹണ കാര്യങ്ങൾ ശാസ്ത്ര സാങ്കേതിക (എ) വകുപ്പും സാങ്കേതിക സഹായങ്ങൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും നൽകിവരുന്നു. തിരുവനന്തപുരം പട്ടത്തെ ശാസ്ത്രഭവൻ ആസ്ഥാനമാക്കിയാണ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

## തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് ഇളവ് അനുവദിക്കണമെന്ന ആവശ്യം

14 (1878) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് ഇളവ് അനുവദിക്കണം എന്നാവശ്യപ്പെട്ട് രേഖാമൂലം കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിരുന്നോ ;

(ബി) എന്നാണ് അപേക്ഷ സമർപ്പിച്ചത് ; എന്തെല്ലാം ഇളവുകളാണ് അതിൽ ആവശ്യപ്പെട്ടിരിക്കുന്നത് ; ഇതിന്മേൽ കേന്ദ്ര സർക്കാർ ഇതുവരെ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആശ്രിത നിയമനത്തിനുള്ള കാലതാമസം**

15 (1879) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനം ലഭിക്കുവാൻ അർഹരായ എത്ര അപേക്ഷകർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ ഇനത്തിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; യോഗ്യതയുള്ളവർക്ക് അനുയോജ്യമായ ഇതര വകുപ്പുകളിൽ നിയമനം നൽകുന്നതിന് തടസ്സമുണ്ടോ ;

(സി) ശ്രീ. ശ്രീജിത്ത് ആർ. എസ്., പൗർണമി, പെരുമണ്ണൂർ പി.ഒ., വാതുകം, ടിയാളുടെ പിതാവും ഗവ. എൽ.പി.എസ്. വാതുകം പ്രഥമാദ്ധ്യാപകനുമായിരുന്ന പി. രാജൻ സർവ്വീസിലിരിക്കെ മരണപ്പെട്ട സാഹചര്യത്തിൽ ആശ്രിത നിയമനത്തിനായി സമർപ്പിച്ച 52461/L3/2013/TGEdn. നമ്പർ ഫയലിന്മേലുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് നിർണ്ണയിച്ച് നൽകാനായി പൊതുഭരണ (സി.ഇ. സെൽ) വകുപ്പിലേക്ക് സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾ മുഖാന്തരം ലഭിച്ച പ്രൊഫോർമ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലായി 178 അപേക്ഷകർ നിലവിലുണ്ട്. വിവിധ വകുപ്പുകളിൽ നിലവിലുള്ള അപേക്ഷകളെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആശ്രിത നിയമനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 6-7-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 174/12 ജി.എ.ഡി. ഉത്തരവുപ്രകാരം 549 തസ്തികകളും 2-9-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ അതാത് വകുപ്പുകളിൽ തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ലീഗൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് തസ്തികകളിലായി 4 അധിക സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതാത് വകുപ്പുകളിൽ ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരുന്നു. ആശ്രിത നിയമന വ്യവസ്ഥകൾ പ്രകാരം മാതൃവകുപ്പുകളിൽ നിയമനം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിലെ പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ അപേക്ഷകരുടെ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത വകുപ്പ് മുഖേനയാണ് ഒഴിവ് നിർണ്ണയിച്ച് നൽകുന്നത്.

(സി) ശ്രീ. ശ്രീജിത്ത് ആർ. എസ്. ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയടങ്ങുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 52461/എൽ3/13/പൊ.വി.വ. നമ്പർ ഫയൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അനുമതിക്കായി ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പരിഗണനയിലാണ്.

## സംസ്ഥാന സർവ്വീസിലെ സ്പോർട്സ് ക്വാട്ട നിയമനം

16 (1880) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ; ഓരോ വർഷവും പ്രഗത്ഭരായ എത്ര കായിക താരങ്ങൾക്കാണ് നിയമനം നൽകുന്നത് ;

(ബി) 2010 മുതലുള്ള നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കായിക താരങ്ങൾക്കാണ് നിയമനം ലഭിക്കുക; വിശദാംശം നൽകുമോ ;

(സി) കായിക താരങ്ങൾക്കുള്ള നിയമനം നീണ്ടു പോകുന്നതെന്തുകൊണ്ടാണ് ?

<u>ഉത്തരം</u>

(എ) 23-7-2014-ലെ സ.ഉ (പി) നമ്പർ 206/14/പൊ.ഭ.വ. പ്രകാരം സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

1. നിയമനം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും.
2. ഒളിമ്പിക്സിൽ ഉൾപ്പെടുത്താത്തതും എന്നാൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമായ എല്ലാ കായിക ഇനങ്ങൾക്കുംകൂടി നാല് ഒഴിവുകൾ നീക്കിവയ്ക്കുന്നതായിരിക്കും.
3. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതായിരിക്കും.
4. വിഭിന്നശേഷിയുള്ള കായിക താരങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും രണ്ട് ഒഴിവുകൾ വീതം നീക്കിവയ്ക്കുന്നതായിരിക്കും.
5. നിയമനത്തിനായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഓരോ വകുപ്പിലെയും സ്പെഷ്യൽ റൂൾസ് പ്രകാരം ജനറൽ റിക്രൂട്ട്മെന്റിന് നിഷ്കർഷിച്ചിട്ടുള്ളതായിരിക്കും.

   2009 കലണ്ടർ വർഷം മുതൽ പ്രതിവർഷം 50 കായിക താരങ്ങൾക്കാണ് നിയമനം നൽകുന്നത്.

(ബി) 2010 മുതലുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രതിവർഷം 50 കായിക താരങ്ങൾക്കാണ് നിയമനം ലഭിക്കുക.

(സി) സ്പോർട്സ് ക്വാട്ട നിയമന പദ്ധതി കാലോചിതമായി പരിഷ്കരിച്ച് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടി വന്നതുകൊണ്ടാണ് നിയമന നടപടി നീണ്ടുപോയത്.

## പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സിലോൺകാരുടെ ജാതി സർട്ടിഫിക്കറ്റ്

17 (1881) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്ന സ്ഥാപനത്തിൽ പുനരധിവസിക്കപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട സിലോൺകാർ, ജാതി സർട്ടിഫിക്കറ്റ് ലഭിക്കാതെ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിക്കുന്നതിന് ബഹു. മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഇന്ത്യ-ശ്രീലങ്ക ഉഭയകക്ഷി കരാറുകൾ (1964-ലെ സിരിമാവോ-ശാസ്ത്രി കരാർ, 1974-ലെ സിരിമാവോ-ഇന്ദിരാഗാന്ധി കരാർ) പ്രകാരം ശ്രീലങ്കയിൽ നിന്നും കേരളത്തിൽ പുനരധിവസിപ്പിക്കപ്പെട്ട ഇന്ത്യൻ വംശജർക്ക് അവരുടെ ഫാമിലി കാർഡുകളിൽ ഇന്ത്യൻ ഹൈക്കമ്മീഷണർ നടത്തിയിട്ടുള്ള രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ സമുദായ സാക്ഷ്യപത്രം അനുവദിക്കാൻ 17-7-2014-ലെ സ.ഉ. (കൈ) നമ്പർ 43/14/പജ.പവ.വി.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

**സേവനാവകാശ നിയമം**

18 (1882) ശ്രീ. എം. എ. ബേബി :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നിലവിൽ വന്നതോടെ പൗരാവകാശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടോ ;

(ബി) സേവനാവകാശ നിയമം നിലവിൽ വന്നിട്ടും സർക്കാർ ഓഫീസുകളിൽ

നിന്നുള്ള സേവനങ്ങൾ ഇപ്പോഴും പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ;

(സി) ലഭിച്ച അപേക്ഷകൾ വിവിധ സർക്കാർ ഓഫീസുകളിൽ നിശ്ചിത സമയ പരിധിക്കകം തീരുമാനം ഉണ്ടാകാതെ കെട്ടിക്കിടക്കുന്നതായി പരിശോധിക്കപ്പെട്ടിട്ടുണ്ടോ ; സർക്കാർ വകുപ്പുകളിൽ നിശ്ചിത പരിധി കഴിഞ്ഞ് കെട്ടിക്കിടക്കുന്ന ഫയലുകൾ സംബന്ധിച്ച ലഭ്യമായ കണക്കുകൾ വിശദമാക്കാമോ ;

(ഡി) പ്രാബല്യത്തിലുള്ള സേവനാവകാശ നിയമം നടപ്പിൽ വരുത്തുന്നതിന് സർക്കാർ ഒഫീസുകളെ സജ്ജമാക്കാൻ നടപടി എടുക്കുമോ ?

<u>ഉത്തരം</u>

(എ) വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവ നടപ്പിലാക്കിയിട്ടുള്ളത് പൗരാവകാശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ്.

(ബി&സി) സേവനാവകാശ നിയമപ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടിയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട് 15-11-2014-ലെ 16203/എ.ആർ. 12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേക അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ

വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) എല്ലാ സർക്കാർ ഓഫീസുകളിലും/സ്ഥാപനങ്ങളിലും സേവനാവകാശ നിയമം നടപ്പിലാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സേവനാവകാശ നിയമം-വീഴ്ച പരിശോധിക്കാൻ നടപടി**

19 (1883) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) ഇതിൽ വീഴ്ചയുണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത് ; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 1-11-2012 മുതൽ നിലവിൽ വന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/ എ.ആർ.12/(1)/12/ഉ.ഭ.പ.വ., 20-12-2012-ലെ 14944/എ.ആർ.12(1)/12/ഉ.ഭ.പ.വ., 4-10-2013-ലെ 16203/എ.ആർ. 12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്കും കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതിപോലെ,

അപേക്ഷകന്, ഫോറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ സർക്കുലർ നമ്പർ.16203/എ.ആർ.12(1)/13/ ഉ.ഭ. പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട് ഭരണ വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെ കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**താത്കാലിക സർവ്വീസുള്ള ഡ്രൈവർമാർ**

20 (1884) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്ന 25 വർഷം വരെ താത്കാലിക സർവ്വീസുള്ള ഡ്രൈവർമാരെ പിരിച്ച് വിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ജീവിത സായാഹ്നത്തിലെത്തിയ ഇവർക്ക് മറ്റൊരു ജോലി നേടാൻ കഴിയാത്ത അവസ്ഥയും മാനുഷിക പരിഗണനയും മുൻനിർത്തി സർക്കാരിന്റെ ഏതെങ്കിലും വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 51/2014/ തസ്വഭവ പ്രകാരം തിരുവനന്തപുരം (3), ആലപ്പുഴ (3), കോട്ടയം (31), ഇടുക്കി (11),

മലപ്പുറം (9), കോഴിക്കോട് (40) എന്നിങ്ങനെ 91 ഗ്രാമപഞ്ചായത്തുകളിലായി 97 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളിലെ നിയമനം പി.എസ്.സി. വഴി നടത്തിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന ഡ്രൈവർമാരെ പിരിച്ചുവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമവ്യവസ്ഥ അനുസരിച്ച് താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല.

## പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്നതും പിരിച്ചുവിട്ടതുമായ ഡ്രൈവർമാർക്ക് ഏതെങ്കിലും വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടി

21 (1885) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 25 വർഷം വരെ താത്കാലിക സർവ്വീസുള്ള പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാരെ പിരിച്ചുവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജീവിത സായാഹ്നത്തിലെത്തിയ ഇവർക്ക് മറ്റൊരു ജോലി നേടാൻ കഴിയാത്ത അവസ്ഥയും മാനുഷിക പരിഗണനയും മുൻനിർത്തി ഏതെങ്കിലും വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 51/2014/തസ്വഭവ പ്രകാരം തിരുവനന്തപുരം (3), ആലപ്പുഴ (3), കോട്ടയം (31), ഇടുക്കി (11), മലപ്പുറം (9), കോഴിക്കോട് (40) എന്നിങ്ങനെ 91 ഗ്രാമപഞ്ചായത്തുകളിലായി 97 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളിലെ നിയമനം പി.എസ്.സി. വഴി നടത്തിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന ഡ്രൈവർമാരെ പിരിച്ചുവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമവ്യവസ്ഥ അനുസരിച്ച് താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല.

## പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബിൽ

22 (1886) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2011 ഫെബ്രുവരി 24-ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം നേടുന്നതിന് സംസ്ഥാനത്തുനിന്നും അങ്ങയുടെ നേതൃത്വത്തിൽ ഒരു സർവകക്ഷി സംഘം രാഷ്ട്രപതിയെ കണ്ട് നിവേദനം നൽകുന്ന കാര്യം പരിഗണിക്കാമോ ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

**കാസർഗോഡ്, വയനാട് ജില്ലകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം**

23 (1887) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ദിവസവും പറയാമോ ;

(ബി) കാസർഗോഡ്, വയനാട് ജില്ലകളിലായി വിവിധ വകുപ്പുകളിൽ എത്ര എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലുണ്ട് എന്നും എത്രപേർ ജോലി ചെയ്യുന്നു എന്നും വകുപ്പു തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ജില്ലകളിൽ 2015 മേയ് 31 വരെ എത്ര എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക ഒഴിവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വകുപ്പ് തിരിച്ചുള്ള വിവരം അറിയിക്കാമോ ;

(ഡി) ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികയിൽ ഒഴിവ് യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുകയുണ്ടായോ എങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് ?

<u>ഉത്തരം</u>

(എ) രണ്ട് ജില്ലകളിലും 17-5-2012-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. വയനാട് ജില്ലയിൽ 19-11-2014 വരെ ആകെ 51 നിയമന ശിപാർശയും കാസർഗോഡ് ജില്ലയിൽ 9-10-2014 വരെ 60 നിയമന ശിപാർശയും നൽകിയിട്ടുണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**സ്പോർട്സ് ക്വാട്ട നിയമനം**

24 (1888) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-10-2014-ലെ G.O.(Rt) No. 8378/2014/GAD ഉത്തരവ് പ്രകാരം സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരായവർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) നിയമന ഉത്തരവ് നൽകിയിട്ടില്ലെങ്കിൽ സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരായവരെ ഏതെല്ലാം വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് നിയമിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) സ്പോർട്സ് ക്വാട്ട നിയമനത്തിന് ഓരോ കായിക വിഭാഗത്തിനും നിശ്ചിത വകുപ്പിൽ നിശ്ചിത തസ്തികകൾ സംവരണം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) ഇല്ല.

**സർക്കാർ ഓഫീസുകളുടെ പ്രവർത്തനം**

25 (1889) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾ കുറ്റമറ്റവിധം എളുപ്പമാക്കുന്നതിനും എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് സർക്കാർ ഓഫീസുകളിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് പറയാമോ ; ഇത്തരം സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാനും കേടുപാടുകൾ പരിഹരിക്കുന്നതിനും ഇതിനുവേണ്ട അനുബന്ധ സാമഗ്രികൾ യഥാസമയം ഓഫീസുകളിൽ എത്തിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ

എന്തെല്ലാമാണെന്ന പറയാമോ ;

(ബി) പല സർക്കാർ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ കേടായവയും പ്രിന്റർ, സ്കാനർ എന്നിവ പ്രവർത്തിക്കാത്തവയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഷ്കരിക്കുന്നതിനും കേടുപാടുകൾ മാറ്റുന്നതിനും ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന പറയാമോ ; റേറ്റ് കോൺട്രാക്റ്റ് ഈ വിഷയത്തിൽ നിലവിലുണ്ടോ ;

(സി) സർക്കാർ ഓഫീസുകളുടെ സാങ്കേതിക സംവിധാനം പരിഷ്കരിക്കുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി ഈ സർക്കാർ കാലയളവിൽ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾ കുറ്റമറ്റവിധം എളുപ്പമാക്കുന്നതിനുമായി സർക്കാർ ഓഫീസുകളിൽ നിലവിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ്, വെബ് ടെലികാസ്റ്റിംഗ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. സെക്രട്ടേറിയറ്റിലടക്കമുള്ള പല സർക്കാർ ഓഫീസുകളും കമ്പ്യൂട്ടർവത്കരിച്ചു. ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. അതുപോലെ സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം നിരീക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും IDEAS എന്ന സംവിധാനം നടപ്പിലാക്കി. സെക്രട്ടേറിയറ്റ് അടക്കമുള്ള പല ഓഫീസുകളിലും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിന് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സ്റ്റേറ്റാക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ഇ-ഗവേണൻസിന്റെ നടത്തിപ്പിനും പരിപാലനത്തിനും അതാത് വകുപ്പ്/സ്ഥാപനങ്ങളിൽ ഐ.ടി. ഡിവിഷൻ സൃഷ്ടിച്ചുകൊണ്ട് സർക്കാർ 26-7-2008-ലെ സ.ഉ.(എംഎസ്.) നമ്പർ 28/2008/ഐ.ടി.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) വ്യാപകമായ രീതിയിൽ കമ്പ്യൂട്ടറുകൾ കേടായതായോ പ്രിന്റർ, സ്കാനർ എന്നിവ പ്രവർത്തിക്കാത്തതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ വകുപ്പുകൾ വിവിധ ഏജൻസികളെയാണ് കേടുപാടുകൾ തീർക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ഇക്കാര്യത്തിൽ റേറ്റ് കോൺട്രാക്ട് മാത്രം അടിസ്ഥാനമാക്കി ചെയ്യണമെന്ന നിർദ്ദേശം നിലവിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ഓഫീസുകളിൽ പേപ്പർലെസ് സംവിധാനം**

26 (1890) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ പേപ്പർലെസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ് ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിൽ ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേപ്പർലെസ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി എൻ.ഐ.സി.-യുടെ ഇ-ഓഫീസ്, സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഉപയോഗിക്കുന്നുണ്ട്. വിവിധ വകുപ്പ് ഡയറക്ടറേറ്റുകളിലും സബ് ഡിവിഷൻ ഓഫീസുകളിലും കളക്ടറേറ്റുകളിലും ഇതേ സംവിധാനംതന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) സെക്രട്ടേറിയറ്റിലെ ഫയൽ തീർപ്പുകല്പിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1. ഫയൽ തീർപ്പുകല്പിക്കുന്നതിനുള്ള സമയദൈർഘ്യം ശരാശരി രണ്ടാഴ്ചയിൽ നിന്നും മൂന്നുനാല് ദിവസമായി ചുരുങ്ങിയിരിക്കുന്നു.
2. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മുകളിലുള്ള ഉദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കാൻ സാധിക്കുന്നു.
3. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും

ഒഴിവാക്കാൻ സാധിക്കുന്നു.

4. ഫയലുകൾ സൂക്ഷിക്കുന്നതിനും തീരുമാനമായ ഫയലുകൾ അവസാനിപ്പി ക്കുന്നതിനുമുള്ള പ്രക്രിയ എളുപ്പമായിരിക്കുന്നു.

5. ഇ-ഓഫീസ് നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റർ എന്നിവയുടെ ഉപയോഗത്തിൽ വളരെയധികം കുറവുണ്ടാകുന്നു.

6. ഓരോ സെക്ഷനുകളിലെയും ഫയലുകൾ ഏത് ഉദ്യോഗസ്ഥന്റെ പക്കലാണുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

7. ഇ-ഓഫീസിന്റെ നോട്ടീസ് ബോർഡ് മുഖേന വകുപ്പുതല എല്ലാ ജീവനക്കാരും അറിയേണ്ട കാര്യങ്ങൾ താമസംകൂടാതെ അറിയിക്കാൻ സാധിക്കുന്നു.

8. ഉയർന്ന ഉദ്യോഗസ്ഥർക്ക് VPN വഴി ഇ-ഓഫീസ് ലഭ്യമാവുന്നതിനാൽ ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നു.

9. ഇ-ഓഫീസ് വരുന്നതോടെ പേപ്പർരഹിത ഓഫീസ് ആയതിനാൽ ഓഫീസിലെ പൊതു ശുചിത്വം വർദ്ധിക്കപ്പെടുകയും ചെയ്യും.

(സി) വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ മുഴുവൻ മേൽനോട്ടവും ഐ.റ്റി സെൽ നിർവ്വഹിക്കുന്നു.

2. സോഫ്റ്റ്‌വെയർ നിർമ്മിക്കൽ, സെർവർ മേൽനോട്ടം, സോഫ്റ്റ്‌വെയറിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തൽ, ഇ-മെയിൽ ഐ.ഡി-കൾ, വിവിധ വകുപ്പുകളുടെ കോൺഫിഗറേഷൻ, ട്രെയിനിംഗ് എന്നിവ നൽകുന്നത് എൻ.ഐ.സി. ആണ്.

3. ഇൻഫ്രാസ്ട്രക്ചർ ഗ്യാപ്പ് വിലയിരുത്തുന്നത് ഐ.ടി. മിഷനാണ്.

4. ഇൻഫ്രാസ്ട്രക്ചർ ഗ്യാപ്പ് നികത്തുന്നതും തകരാറ് കണ്ടെത്തുന്നതും നെറ്റ്‌വർക്കിംഗ്, ഡിജിറ്റൈസേഷൻ സ്ട്രാറ്റജി നടത്തുന്നതും കെൽട്രോൺ ആണ്.

**സർക്കാർ ഓഫീസുകളിൽ നൽകുന്ന പരാതികൾക്ക് മറുപടി**

27 (1891) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ ആവശ്യങ്ങളും ആവലാതികളും ഉന്നയിച്ച് നൽകുന്ന പരാതികൾക്ക് ഒരു മറുപടിയെങ്കിലും നൽകിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്ത് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അത്തരത്തിൽ ഏറ്റവും ഒടുവിൽ നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സെക്രട്ടറിമാരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്ന പരാതികളിൽ വർഷങ്ങൾ കഴിഞ്ഞാലും തീർപ്പുണ്ടാകുകയോ മറുപടി നൽകുകയോ ചെയ്യാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അത്തരം കേസുകൾ പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പരാതിക്കാരായ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അവഗണനയിന്മേൽ പരാതിപ്പെട്ടാൽ നടപടി സ്വീകരിക്കാൻ സംവിധാനമുണ്ടാക്കുകയും അക്കാര്യം പൊതുജനങ്ങളെ അറിയിക്കുകയും ചെയ്യുമോ ?

<u>ഉത്തരം</u>

(എ) അപേക്ഷകന് ഒരു മാസത്തിനകം പരാതിയിന്മേൽ മറുപടി നൽകേണ്ടതും അന്തിമ മറുപടി മൂന്ന് മാസത്തിനുള്ളിൽ നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ട് 28-4-1992-ൽ സർക്കുലർ നമ്പർ 4264/ഡി2/92 പി &എ.ആർ.ഡി, സർക്കുലർ 6245/ഡി2/95/പി&എ.ആർ.ഡി തീയതി 31-5-1995 എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ബി) പരാതികൾ സമയബന്ധിതമായി പരിഹരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) സർക്കാർ ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾ/പരാതികൾ/ നിവേദനങ്ങൾ മുതലായവയ്ക്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് കൈപ്പറ്റ് രസീതിന്റെ മാതൃക സഹിതം സർക്കുലർ നമ്പർ 168/എ.ആർ.13(2)/09/ ഉഭപവ തീയതി 12-1-2009 പുറപ്പെടുവിച്ചിട്ടുണ്ട്. 28-4-1992-ൽ സർക്കുലർ നമ്പർ 4264/ഡി 2/92/പി&എ.ആർ.ഡി പ്രകാരം പൊതുജനങ്ങൾക്കായി എല്ലാ ഓഫീസുകളിലും എൻക്വയറി കൗണ്ടറുകൾ തുറക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സന്ദർശകർക്ക് അവരുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവലാതികൾ ബോധിപ്പിക്കുവാനും ബന്ധപ്പെട്ട സെക്ഷനുകൾക്ക് കാലവിളംബം കൂടാതെ പരാതികളിന്മേൽ പരിഹാരം കാണുവാനും എൻക്വയറി കൗണ്ടറുകളുടെ പ്രവർത്തനം സഹായകമാകുകയും ചെയ്യുന്നുണ്ട്.

**സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്ര**

28 (1892) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) 2014 നവംബർ മാസം വരെ ഔദ്യോഗികാവശ്യങ്ങൾക്കായി എത്ര സർക്കാർ ഉദ്യോഗസ്ഥർ വിദേശ രാജ്യങ്ങൾ സന്ദർശിച്ചു എന്നും ആരൊക്കെയാണ് എന്നും ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു എന്നും അറിയിക്കുമോ ;

(ഡി) ഓരോ യാത്രയ്ക്കും ഓരോ ഉദ്യോഗസ്ഥനും വേണ്ടി സർക്കാർ ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 11-10-2013-ലെ സ.ഉ.(പി)നമ്പർ 515/2013/ധന. പ്രകാരം സർക്കാർ ഉദ്യോഗസ്ഥരുടെ അംഗീകൃത പദ്ധതികളുമായി ബന്ധമില്ലാത്തതും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതല്ലാത്തതുമായ വിദേശയാത്രകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്ന പതിവില്ല.

**മുഖ്യമന്ത്രി ഒടുവിൽ പ്രധാനമന്ത്രിയെ ഡൽഹിയിൽ പോയി സന്ദർശിച്ചത്**

29 (1893) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി ഏറ്റവുമൊടുവിൽ പ്രധാനമന്ത്രിയെ ഡൽഹിയിൽ പോയി സന്ദർശിച്ചത് എന്നായിരുന്നു ;

(ബി) ഈ സംഘത്തിൽ മുഖ്യമന്ത്രിക്കൊപ്പം മറ്റാരെല്ലാമായിരുന്നു ഉണ്ടായിരുന്നത് ; എത്ര കേന്ദ്രമന്ത്രിമാരെയാണ് നേരിൽകണ്ട് സംഘം ചർച്ച നടത്തിയത് ;

(സി) സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ സന്ദർശന വേളയിൽ ഉന്നയിക്കുകയുണ്ടായെന്ന് വ്യക്തമാക്കാമോ ;

(ഡി) ഉന്നയിച്ച ഏതെല്ലാം കാര്യങ്ങളിൽ പ്രധാനമന്ത്രിയും മറ്റ് മന്ത്രിമാരും ഉറപ്പുനൽകുകയുണ്ടായി ; ഇവയിൽ നടപ്പിലാക്കിയവ ഏതെല്ലാം ; നടപ്പിലാക്കാത്തവ ഏതെല്ലാം ; വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഖജനാവിൽ നിന്നും ചെലവായ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014 ഒക്ടോബർ 16.

(ബി) പ്രധാനമന്ത്രിയെ സന്ദർശിച്ചപ്പോൾ മുഖ്യമന്ത്രിക്കൊപ്പം ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി ജലവിഭവ വകുപ്പുമന്ത്രി, മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി, ആരോഗ്യ കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി എന്നിവരാണ് ഉണ്ടായിരുന്നത്. പ്രധാനമന്ത്രിയെക്കൂടാതെ കേന്ദ്ര മാനവശേഷി വികസന വകുപ്പുമന്ത്രി, കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി കേന്ദ്ര കൃഷി വകുപ്പുമന്ത്രി, കേന്ദ്ര വാണിജ്യവും വ്യവസായവും വകുപ്പുമന്ത്രി എന്നിവരെയാണ് മുഖ്യമന്ത്രി സന്ദർശിച്ചത്.

(സി) പ്രധാനമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. 35-ാമത് നാഷണൽ ഗെയിംസിന്റെ ചീഫ് ഗസ്റ്റായുള്ള ക്ഷണം.
2. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ

3. കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ

4. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ

5. ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുക

6. മരുന്നുകളുടെ വില നിയന്ത്രണം

7. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി

8. വിഴിഞ്ഞം ഉറമുഖ പദ്ധതിയിൽ VGF (Viability Gap Funding) അനുവദിക്കുക

9. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെ നാഷണൽ കാൻസർ സെന്ററാക്കുക

10. നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ നിർമ്മാണം

11. സീറോ ലാന്റ്ലെസ് സ്കീം ഗ്രാന്റ് ലഭ്യമാക്കുക

12. FACT പുനരുദ്ധാരണം

13. മത്സ്യബന്ധന മേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ മൂലധന ചെലവിനുള്ള സാമ്പത്തിക സഹായം 40 ശതമാനത്തിൽനിന്നുയർത്തി മുമ്പുണ്ടായിരുന്ന 75% ആയി പുനഃസ്ഥാപിക്കുക

14. കേരളത്തിൽ സബർബൻ റെയിൽവേ ആരംഭിക്കുക

15. സൊമാലിയൻ കടൽക്കൊള്ളക്കാർ തടവിലാക്കിയ മലയാളികൾ ഉൾപ്പെടെയുള്ള ഇൻഡ്യാക്കാരുടെ മോചനം

16. നൈപുണ്യ വികസന പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം

17. Kerala University of Fisheries and Ocean Studies-ന് സാമ്പത്തിക സഹായം

18. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ കേന്ദ്രസർക്കാർ ഏറ്റെടുക്കുക

കേന്ദ്രമാനവവിഭവശേഷി വികസന വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള യൂണിവേഴ്സിറ്റിയുടെ 10 ബി.എഡ്. കോളേജുകളുടെ എൻ.സി.റ്റി.ഇ. അംഗീകാരം പുനഃസ്ഥാപിക്കുക
2. ഹൈദരാബാദ് ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്റർ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക
3. കേരളത്തിൽ ഐ.ഐ.ടി. സ്ഥാപിക്കുന്നതിനായി സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ സന്ദർശനം
4. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സംസ്ഥാനത്തിനു പുറത്ത് ഗൾഫ് രാജ്യങ്ങളിൽ നടത്തുന്ന ഓഫ് കാമ്പസ് സെന്ററുകൾ അടച്ചുപൂട്ടുന്നതിന് യു.ജി.സി. നൽകിയ നിർദ്ദേശം പിൻവലിക്കുക
5. ആറാം ശമ്പള പരിഷ്കരണ കമ്മീഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ചെലവായ അധിക തുകയുടെ കേന്ദ്ര വിഹിതമായി 251.26 കോടി രൂപ ലഭ്യമാക്കുക
6. കൊച്ചിയിലെ കുസാറ്റിനെ IIEST (Indian Institute of Engineering Science & Technology) ആയി ഉയർത്തുക

കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ
2. വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി സംബന്ധിച്ച പുനരധിവാസ ത്തിനായുള്ള ധനസഹായം
3. കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസഡ്) നോട്ടിഫിക്കേഷൻ സംബന്ധിച്ച കേരളത്തിന്റെ നിർദ്ദേശങ്ങൾ

കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമായുള്ള സന്ദർശനവേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു :

1. കൊല്ലം തുറമുഖത്ത് Plant Quarantine Station സ്ഥാപിക്കുക

2. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ മൂലധന ചെലവിന്റെ കേന്ദ്രസഹായം 40% ആക്കി ചുരുക്കിയത് 75% ആയി പുനഃസ്ഥാപിക്കുക

3. ഗ്ലോബൽ അഗ്രോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നതിനുള്ള ക്ഷണം

4. കുട്ടനാട് പാക്കേജിന്റെ സമയപരിധി 2 വർഷം നീട്ടിനൽകുക

5. ഇടുക്കി പാക്കേജിന്റെ സമയപരിധി 2 വർഷം നീട്ടിനൽകുക

<u>കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയുമായുള്ള സന്ദർശന വേളയിൽ ഉന്നയിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു</u> :

1. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ ASIDE സ്കീമിൽ ക്രെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

2. കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ

(ഡി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഇ) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് യാത്രാബത്ത ഇനത്തിൽ ക്ലെയിം ചെയ്യപ്പെട്ട 26,014 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

**സ്വാതന്ത്ര്യ സമര പെൻഷൻ**

30 (1894) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനായി സ്വാതന്ത്ര്യസമര സേനാനികൾ സർക്കാർ ഓഫീസുകളും, കോടതികളും കയറിയിറങ്ങുന്നത് ഗൗരവമായി പരിഗണിക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ, ചേർത്തല താലൂക്കിൽ, വടക്കുമുറിപത്തി, പുതുശ്ശേരിയിൽ കുട്ടന്റെ മകനും സ്വാതന്ത്ര്യ സമരസേനാനിയുമായ ശ്രീ. പി. കെ. ദാസൻ കേന്ദ്ര പെൻഷനു വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ശ്രീ. പി. കെ. ദാസന് കേന്ദ്ര പെൻഷൻ അനുവദിക്കാൻ യോഗ്യനാണെന്ന ബഹു: കോടതിയുടെ വിധി (W.P (C) No. 31232 of 2007 -R) പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കോടതിയുടെ അനുകൂല വിധിയുണ്ടായിട്ടും ശ്രീ. പി. കെ. ദാസന് കേന്ദ്ര പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയായി കണ്ട് അടിയന്തര നടപടി കൈകൊള്ളുവാൻ നിർദ്ദേശം നൽകുമോ ;

(ഇ) കെട്ടിക്കിടക്കുന്ന ഇത്തരം അപേക്ഷകളും, അപ്പീലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് സ്വാതന്ത്ര്യ സമര സേനാനികളോട് കുറുപുലർത്തുവാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിന് മതിയായ തെളിവുരേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകരുടെ അപേക്ഷയിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ അനുവദിക്കുന്നതിന് അന്തിമ തീരുമാനം കൈക്കൊള്ളുന്നത് കേന്ദ്രസർക്കാരാണ്.

(ബി) സ്വാതന്ത്ര്യ സമര സേനാനി കേന്ദ്രപെൻഷൻ അനുവദിക്കുന്നതിന് ശ്രീ. പി. കെ. ദാസൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ നിയമാവലി അനുസരിച്ചുള്ള തെളിവുരേഖകൾ ഉൾക്കൊള്ളി ച്ചിട്ടില്ലായിരുന്നു. ആയതിന് നിരവധി തവണ അപേക്ഷകനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെ ടിയാൻ തെളിവുരേഖകൾ ഹാജരാക്കിയിട്ടില്ല. എന്നാൽ സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീ. ദാസൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4643/2008-ന്റെ 9-12-2008-ലെ വിധിന്യായം നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ അപേക്ഷ കേന്ദ്രഗവൺമെന്റിലേക്ക് അനന്തര നടപടികൾക്കായി അയച്ചുകൊടുക്കുകയും ആയതിന്മേൽ 23-5-2014-ൽ കേന്ദ്രഗവൺമെന്റ് തെളിവുരേഖകളുടെ അഭാവത്തിൽ നിരസിത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് അപേക്ഷകന്റെ മേൽവിലാസത്തിൽ അയച്ചുകൊടുത്തിട്ടുള്ളതും എന്നാൽ കൈപ്പറ്റിയിട്ടില്ലാത്തതുമാകുന്നു.

(സി) ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള വിധിന്യായം കേരള പെൻഷൻ സംബന്ധിച്ചുള്ളതാണ്. ഈ വിധിന്യായം നടപ്പാക്കിയിട്ടുണ്ട്. കേരള സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ നിലവിൽ ശ്രീ. പി. കെ. ദാസന് ലഭിച്ചുവരുന്നു.

(ഡി) സ്വതന്ത്രതാ സൈനിക് സമ്മാൻ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീ. പി. കെ. ദാസൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 4643/2008 ന്റെ വിധിന്യായം അനുസരിച്ച് അദ്ദേഹം സമർപ്പിച്ച അപേക്ഷയിന്മേലുള്ള അപാകതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ടെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ അപാകതകൾ പരിഹരിക്കാൻ സാധിച്ചില്ല. ആയതിനാൽ കോടതിവിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ അപേക്ഷ കേന്ദ്രഗവൺമെന്റിലേക്ക് അനന്തര നടപടികൾക്കായി അയച്ചുകൊടുക്കുകയും ആയതിന്മേൽ 23-5-2014-ൽ കേന്ദ്രഗവൺമെന്റ് തെളിവുരേഖകളുടെ അഭാവത്തിൽ നിരസിത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ടിയാളുടെ മേൽവിലാസത്തിൽ അയച്ചുകൊടുത്തെങ്കിലും കൈപ്പറ്റിയിട്ടില്ല.

(ഇ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അപേക്ഷകളിന്മേൽ അന്തിമ തീരുമാനം സ്വീകരിക്കുന്നത് കേന്ദ്രസർക്കാരാണ്.

**സ്വാതന്ത്ര്യസമര സേനാനികളുടെ ക്ഷേമം**

31 (1895) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ ക്ഷേമവും അവർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങളും പരിഗണനയിലുണ്ടോ ;

(ബി) ഇവരിൽ കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി അർഹതയുള്ള ആശ്രിതർക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇവരുടെ പെൻഷൻ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) സ്വാതന്ത്ര്യസമര സേനാനികളുടെ ആശ്രിതർക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് നിലവിലുള്ള നിയമം അനുശാസിക്കുന്നില്ല.

(സി) നിലവിൽ 6125 രൂപ അടിസ്ഥാന പെൻഷനും അതിന്റെ 60%

ക്ഷാമബത്തയും (3675 രൂപ) സഹിതം 9800 രൂപ കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷനായി അനുവദിക്കുന്നുണ്ട്. പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ജനസമ്പർക്ക പരിപാടി**

32 (1896) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച പരാതികൾ എത്ര ; നാളിതുവരെ തീർപ്പാക്കിയ പരാതികൾ എത്ര; ജില്ലയും വകുപ്പും തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ പരാതികളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* വകുപ്പു തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല.

**മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങൾ**

33 (1897) <u>ഡോ. ടി. എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 എന്നീ സാമ്പത്തികവർഷങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതവർഷങ്ങളിൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു ; ആയതിൽ ചെലവഴിച്ച തുകയെത്ര ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

I പൊതുഭരണ വകുപ്പ് :

ഈ വകുപ്പിന് കീഴിലെ വിവിധ സെക്ഷനുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു :

1. സൈനികക്ഷേമ വകുപ്പ്

2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ സൈനിക ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

സൈനികക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് 2012-13 സാമ്പത്തിക വർഷത്തിൽ നോൺ-പ്ലാൻ ഇനത്തിലെ വിവിധ ശീർഷകങ്ങളിലായി 8,75,13,000 രൂപ വകയിരുത്തുകയും 8,56,38,666 രൂപ ചെലവഴിക്കുകയും പ്ലാൻ ഇനത്തിലെ 2235-60-200-77 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിലെ വിവിധ ശീർഷകങ്ങളിലായി 9,56,17,000 രൂപ വകയിരുത്തുകയും 10,01,11,655 രൂപ ചെലവഴിക്കുകയും പ്ലാൻ ഇനത്തിലെ 2235-60-200-77 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയിലും അധികമായി ചെലവായ തുക റീ-അപ്രോപ്രിയേഷനിലൂടെ റഗുലറൈസ് ചെയ്തിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിലെ വിവിധ ശീർഷകങ്ങളിലായി 10,89,30,000 രൂപ വകയിരുത്തുകയും 30-10-2014 വരെ 6,38,60,922 രൂപ ചെലവഴിക്കുകയും ചെയ്തു. പ്ലാൻ ഇനത്തിലെ 2235-60-200-77 എന്ന ശീർഷകത്തിൽ 13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നുംതന്നെ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

2. സംസ്ഥാന വിവരാവകാശ കമ്മീഷൻ :

2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ പദ്ധതിയിനങ്ങളിൽ സംസ്ഥാന വിവരാവകാശ കമ്മീഷന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

3. കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ :

2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയ എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 10.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 25.681 കോടി രൂപയിൽ ഇതുവരെ 33.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

4. <u>പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ- എ) വകുപ്പ്</u> :

ഈ വകുപ്പുമായി ബന്ധപ്പെട്ട '2052-00-090-99-05-OE-3-ടെലിഫോൺ ചാർജസ്' എന്ന ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ 75,00,000 രൂപ അനുവദിക്കുകയും 72,39,947 രൂപ ചെലവഴിക്കുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷത്തിൽ 70,00,000 രൂപ അനുവദിക്കുകയും 67,74,979 രൂപ ചെലവഴിക്കുകയും ചെയ്തു. 2014-15 സാമ്പത്തിക വർഷത്തിൽ 26-11-2014 വരെ 52,50,000 രൂപ അനുവദിക്കുകയും 40,09,994 രൂപ ചെലവഴിക്കുകയും ചെയ്തു.

5. <u>പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-ബി) വകുപ്പ്</u> :

ഈ വകുപ്പുമായി ബന്ധപ്പെട്ട '2052-00-090-99-05-OE-4-മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ 60,00,000 രൂപ അനുവദിക്കുകയും 59,99,578 രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 422 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷത്തിൽ 60,00,000 രൂപ അനുവദിക്കുകയും 59,99,750 രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 250 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. 2014-15 സാമ്പത്തിക വർഷത്തിൽ 65,00,000 രൂപ അനുവദിക്കുകയും 4-12-2014 വരെ 22,26,967 രൂപ ചെലവഴിക്കുകയും ചെയ്തു.

6. <u>പൊതുഭരണ (സ്പെഷ്യൽ- എ) വകുപ്പ്</u> :

ഈ വകുപ്പുമായി ബന്ധപ്പെട്ട '2070-00-003-99-ആൾ ഇൻഡ്യ സർവ്വീസ് പ്രൊബേഷണർമാരുടെ പരിശീലനം' എന്ന ശീർഷകത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ 5,00,000 രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിക്കുകയും 30,87,000 രൂപ അധിക തുക വകയിരുത്തുകയും 35,86,508 രൂപ ചെലവഴിക്കുകയും ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ 20,00,000 രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിക്കുകയും 16,12,000 രൂപ അധിക തുക വകയിരുത്തുകയും 36,11,550 രൂപ ചെലവഴിക്കുകയും ചെയ്തു.

2014-15 സാമ്പത്തിക വർഷത്തിൽ 25,00,000 രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിക്കുകയും നാളിതുവരെ 1,38,180 രൂപ ചെലവഴിക്കുകയും ചെയ്തു.

II ഇലക്ഷൻ വകുപ്പ് :

2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇലക്ഷൻ വകുപ്പിനെ സംബന്ധിച്ച് പ്രത്യേക ബഡ്ജറ്റ് നിർദ്ദേശങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല.

2012-13 സാമ്പത്തിക വർഷത്തിൽ 26,34,02,000 രൂപ വകയിരുത്തുകയും 25,70,19,157 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ 32,92,84,000 രൂപ വകയിരുത്തുകയും 32,01,83,153 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ 132,26,26,000 രൂപ വകയിരുത്തുകയും 3-12-2014 വരെ 110,14,56,633 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

III റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് :

2075-00-800-40-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവന (NP) എന്ന ശീർഷകവുമായി ബന്ധപ്പെട്ട 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ട്.

2012-13-ൽ 70 കോടി രൂപയും 2013-14-ൽ 130 കോടി രൂപയും 2014-15-ൽ 115 കോടി രൂപയുമാണ് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്നത്. ഇതിൽ 2012-13, 2013-14 വർഷങ്ങളിൽ വകയിരുത്തിയ മുഴുവൻ തുകയും അതത് സാമ്പത്തിക വർഷംതന്നെ ധനസഹായ വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഇതിനകം 90,92,31,548 രൂപ ധനസഹായ വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്.

IV ശാസ്ത്ര സാങ്കേതിക വകുപ്പ് :

ശാസ്ത്ര സാങ്കേതിക വകുപ്പുമായി ബന്ധപ്പെട്ട് 2012-13 സാമ്പത്തിക വർഷത്തിൽ

ഗ്രീൻ ടെക്നോളജി സെന്റർ, ട്രാൻസ്‌ലേഷൻ റിസർച്ച് സെന്റർ, എൺവയോൺമെന്റ് മാനേജ്മെന്റ് ട്രെയിനിംഗ്, ട്രെയിനിംഗ് ഫെസിലിറ്റി ഫോർ എസ്&ടി മാനേജ്മെന്റ്, മറ്റ് പലവക വികസന പ്രവർത്തനങ്ങൾ, റൂറൽ അഗ്രികൾച്ചറൽ വർക്ക്, കേരള മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ പദ്ധതികൾ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

2013-14 സാമ്പത്തിക വർഷത്തിൽ ഗ്രീൻ ടെക്നോളജി സെന്റർ, ട്രാൻസ്‌ലേഷൻ റിസർച്ച് സെന്റർ, ട്രെയിനിംഗ് ഫെസിലിറ്റി ഫോർ എസ്&ടി മാനേജ്മെന്റ് എന്നീ പദ്ധതികൾ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2012-13 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 6645 ലക്ഷം രൂപ വകയിരുത്തുകയും 5365.86 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതിയേതരയിനത്തിൽ 3380.53 ലക്ഷം രൂപ വകയിരുത്തുകയും 3370.36 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 7920 ലക്ഷം രൂപ വകയിരുത്തുകയും 5067.96 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതിയേതരയിനത്തിൽ 3921.42 ലക്ഷം രൂപ വകയിരുത്തുകയും 3786.74 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

2014-15 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 9097 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 4548.83 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ തുക ആവശ്യാനുസരണം ചെലവഴിച്ചുകൊണ്ടിരിക്കുന്നു.

V <u>ജലവിഭവ (ഇന്റർ സ്റ്റേറ്റ് വാട്ടർ സെൽ) വകുപ്പ്</u> :

മുല്ലപ്പെരിയാറിൽ ഒരു അണക്കെട്ട് നിർമ്മിക്കുമെന്ന 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശം ബഹു. സുപ്രീംകോടതിയിൽ ഇതുസംബന്ധിച്ച കേസ് നിലനിന്നിരുന്നതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

2012-13 സാമ്പത്തിക വർഷത്തിൽ 5000 ലക്ഷം രൂപ വകയിരുത്തുകയും 2.82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

2013-14 സാമ്പത്തിക വർഷത്തിൽ 5000 ലക്ഷം രൂപ വകയിരുത്തുകയും

0.65 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

2014-15 സാമ്പത്തിക വർഷത്തിൽ 5000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ തുകയൊന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

VI ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് :

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ പറ്റിയുള്ള വിവരം ചുവടെ ചേർക്കുന്നു :

1. ഐ.എം.ജി :

2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനുകീഴിലെ ഐ.എം.ജി.-യുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ പ്രതിപാദിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്നു.

2012-13 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ 15 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തു. നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ 377.11 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. STP ഇനത്തിൽ വകയിരുത്തിയ 5 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ 350 ലക്ഷം രൂപ വകയിരുത്തുകയും 283.22 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ 437.45 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. എസ്.റ്റി.പി. ഇനത്തിൽ വകയിരുത്തിയ 8 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഒറ്റത്തവണ കേന്ദ്രസഹായമായി ലഭിച്ച 11.32 കോടി രൂപയിൽ 6.32 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അവാർഡ് ഇനത്തിൽ ലഭിച്ച 25 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ 385 ലക്ഷം രൂപ വകയിരുത്തുകയും 31-10-2014 വരെ 255.14 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ 506.26 ലക്ഷം രൂപയിൽ 31-10-2014 വരെ 439.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. STP ഇനത്തിൽ വകയിരുത്തിയ 10 കോടി രൂപയിൽ 31-10-2014 വരെ 4.10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അവാർഡ് ഇനത്തിൽ ലഭിച്ച 25 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

2. ഔദ്യോഗിക ഭാഷാ വകുപ്പ് :

2012-13 സാമ്പത്തിക വർഷത്തിൽ 32,02,000 രൂപ വകയിരുത്തുകയും 28,37,833 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 13,38,000 രൂപ വകയിരുത്തുകയും 11,19,438 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 4,83,000 രൂപ വകയിരുത്തുകയും നവംബർ 2014 വരെ 2,74,486 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

3. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ :

2012-13 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 3,19,38,000 രൂപ വകയിരുത്തുകയും 2,76,44,554 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 4,92,74,000 രൂപ വകയിരുത്തുകയും 3,43,64,931 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 5,65,95,000 രൂപ വകയിരുത്തുകയും 30-9-2014 വരെ 2,04,30,179 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

VII ആഭ്യന്തര (സി) വകുപ്പ് :

ആഭ്യന്തര (സി) വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

1. പ്രോസിക്യൂഷൻ ഡയറക്ടറേറ്റ്

2012-13, 2013,14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

പ്രോസിക്യൂഷൻ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് 2012-13 സാമ്പത്തിക വർഷത്തിൽ വിവിധ ശീർഷകങ്ങളിലായി 12,51,60,000 രൂപ അനുവദിക്കുകയും 11,58,31,385 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ വിവിധ ശീർഷകങ്ങളിലായി 13,53,46,000 രൂപ അനുവദിക്കുകയും 12,45,49,649 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ വിവിധ ശീർഷകങ്ങളിലായി 15,73,54 ,000 രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ചെലവുകൾ തുടരുന്നതിനാൽ അന്തിമ കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

2. <u>മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ</u> :

2012-13 സാമ്പത്തിക വർഷത്തിൽ ഈ ഓഫീസിനായി 95,46,000 രൂപ അനുവദിക്കുകയും 79,50,640 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ 1,62,56,000 രൂപ അനുവദിക്കുകയും 95,88,301 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ 1,81,71,000 രൂപ അനുവദിക്കുകയും 83,04,305 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

3. <u>ഹൈക്കോടതി</u> :

2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമ ന്യായാലയങ്ങളുടെ രൂപീകരണം, സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പത്ത് കർമ്മ പദ്ധതികൾ എന്നിവ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ചങ്ങനാശ്ശേരിയിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇരിങ്ങാലക്കുടയിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണം ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമ ന്യായാലയങ്ങളുടെ രൂപീകരണത്തിനായി 5,49,89,000 രൂപ ഗ്രാന്റ് അനുവദിച്ചെങ്കിലും ഈ തുക ചെലവഴിച്ചിട്ടില്ല. പ്രസ്തുത തുക സറണ്ടർ ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിലെ ചങ്ങനാശ്ശേരിയിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുകയും ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ തുക ചെലഴിച്ചിട്ടില്ല.

2014-15 സാമ്പത്തിക വർഷത്തിൽ ഇരിങ്ങാലക്കുടയിലെ കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിനായി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**വിശ്വസ്തതയും സുതാര്യതയുമുള്ള ഭരണം**

34 (1898) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണത്തിൽ കൂടുതൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു പേഴ്സണൽ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിംഗിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താനാകുന്നുണ്ട്. വിഷൻ 2030, സേവനാവകാശ നിയമം തുടങ്ങിയവയും ഈ ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ്. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങി കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സ്റ്റേറ്റ് ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവരാവകാശ നിയമം കർശനമായി പ്രാവർത്തികമാക്കുന്നതിൽക്കൂടിയും വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. വിവരാവകാശ നിയമപ്രകാരം അപേക്ഷയും ഫീസും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നുണ്ട്. ഇങ്ങനെ സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും നിയമനിർമ്മാണത്തിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ബി&സി) ഇതുസംബന്ധിച്ച ശിപാർശകളൊന്നും നിലവിലില്ല.

## മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ നടത്തിയ വിദേശയാത്രകളുടെ വിവരം

35 (1899) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരിൽ ആരെല്ലാം നടത്തിയ വിദേശയാത്രകളുടെ കണക്കുകളാണ് നാളിതുവരെ തീർപ്പാക്കാത്തതെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം വിദേശയാത്രകളുടെ കണക്കുകളാണ് ഇത്തരത്തിൽ തീർപ്പാക്കുവാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കുമോ ; വെളിപ്പെടുത്താമോ ;

(ബി) വിദേശ യാത്രയ്ക്ക് മുൻകൂർ വാങ്ങിയ തുകയിൽ മിച്ചം വന്ന തുക തിരിച്ചടച്ചിട്ടില്ലാത്ത ആരെങ്കിലും ഉണ്ടോ ; എങ്കിൽ, ആരെല്ലാമാണെന്നും എത്ര തുക വീതം തിരികെ നൽകേണ്ടതുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) നാളിതുവരെ ഓരോ മന്ത്രിക്കും ചീഫ് വിപ്പിനും വിദേശയാത്ര നടത്തിയ ഇനത്തിൽ ഖജനാവിൽ നിന്ന് ചെലവായ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ നടത്തിയ വിദേശയാത്രകളുടെ കണക്കുകൾ തീർപ്പാക്കാത്തതോ വിദേശയാത്രയ്ക്ക് മുൻകൂർ വാങ്ങിയ തുകയിൽ മിച്ചം വന്ന തുക തിരിച്ചടച്ചിട്ടില്ലാത്തതോ ആയ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ വിദേശയാത്ര നടത്തിയ ഇനത്തിൽ വിമാന ടിക്കറ്റ് ചാർജായി ഖജനാവിൽ നിന്ന് ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* അന്തിമ മറുപടി ശേഖരിച്ചു നൽകുന്നതാണ്.

**സ്പോർട്സ് ക്വാട്ട നിയമനം**

36 (1900) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സ്പോർട്സ് ക്വാട്ട നിയമനത്തിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് സെലക്ഷൻ കമ്മിറ്റി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും മുൻഗണനാ പോയിന്റുകൾ കണക്കാക്കുന്നത് എങ്ങനെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്പോർട്ട്സ് ക്വാട്ട നിയമനത്തിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലെ വ്യവസ്ഥകളും നിബന്ധനകളും അടിസ്ഥാനമാക്കിയാണ് സെലക്ഷൻ കമ്മിറ്റി കായികതാരങ്ങളെ നിയമനത്തിനായി തെരഞ്ഞെടുക്കുന്നത്. അതുപ്രകാരം ഏറ്റവും അവസാനം സ്പോർട്സ് ക്വാട്ട നിയമനത്തിനായി സർക്കാർ പുറപ്പെടുവിച്ച 4-9-2010 തീയതിയിലെ 72859/എസ്.ഡി.1/2009/പൊ.ഭ.വ. നമ്പർ സർക്കാർ വിജ്ഞാപനത്തിലെ വ്യവസ്ഥകളും നിബന്ധനകളും പ്രകാരമാണ് 2006-08 & 2009 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി കായികതാരങ്ങളെ തെരഞ്ഞെടുത്തത്. സ്പോർട്സ് ക്വാട്ട നിയമനത്തിനായി പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ നിയമനത്തിനായി പരിഗണിക്കുന്ന കായിക നേട്ടങ്ങളുടെ പട്ടിക മുൻഗണനാക്രമത്തിൽ പോയിന്റ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ടാകും. സ്പോർട്സ് ക്വാട്ട നിയമനത്തിനായി ഓരോ കായികതാരവും സമർപ്പിക്കുന്ന കായികരംഗത്തെ നേട്ടങ്ങളുടെ സർട്ടിഫിക്കറ്റിന് പ്രസ്തുത പട്ടികയിൽ പറയുന്ന പോയിന്റ് നൽകും. ഇപ്രകാരം പോയിന്റ് നൽകിയതിനുശേഷം ഓരോ കായിക ഇനത്തിനും നീക്കിവച്ചിട്ടുള്ള ഒഴിവുകൾക്ക് ആനുപാതികമായി ഏറ്റവും ഉയർന്ന മുൻഗണനാ പോയിന്റ് ലഭിച്ചിട്ടുള്ള കായികതാരങ്ങളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി കായികതാരങ്ങളെ നിയമനത്തിനായി പരിഗണിക്കുന്നു.

## മന്ത്രിമാരുടെ വിദേശയാത്രകൾ

37 (1901) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്‌വിപ്പ് എന്നിവർ നടത്തിയ വിദേശയാത്രകൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോരുത്തരും നടത്തിയ യാത്രാപരിപാടിയുടെ ആദ്യവസാനം വരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഏതെങ്കിലും മന്ത്രി ഏതെങ്കിലും വിദേശയാത്ര വേളയിൽ പരിപാടിയിൽ മാറ്റം വരുത്തി മറ്റേതെങ്കിലും സ്ഥലം കൂടി സന്ദർശിക്കുകയുണ്ടായോ; വിശദമാക്കാമോ ?

### ഉത്തരം

(എ&ബി) ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* അന്തിമ മറുപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശേഖരിച്ചുനൽകുന്നതാണ്.

(സി) മന്ത്രിമാർ വിദേശയാത്ര പരിപാടിയിൽ മാറ്റം വരുത്തി മറ്റ് സ്ഥലങ്ങൾ സന്ദർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്രോട്ടോക്കോൾ**

38 (1902) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി, എം.പി., എം.എൽ.എ., ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, അംഗങ്ങൾ, വിവിധ ഉദ്യോഗസ്ഥർ എന്നിവർ പൊതുചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ അനുവദിക്കേണ്ടുന്ന പരിഗണന സംബന്ധിച്ച് പ്രോട്ടോക്കോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ക്രമം എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കാമോ ;

(ഡി) പ്രോട്ടോക്കോൾ സംബന്ധിച്ച കൈപ്പുസ്തകം പുറത്തിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 11-6-2012-ലെ ജി.ഒ. (ആർടി.) നമ്പർ 141/12/ജി.എ.ഡി, 19-10-2012-ലെ ജി.ഒ. (ആർടി.) നമ്പർ 8888/12/ജി.എ.ഡി, 31-7-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 228/2013/ജി എ ഡി, എന്നീ ഉത്തരവുകൾ പ്രകാരം മുഖ്യമന്ത്രി, എം.പി.-മാർ. എം.എൽ.എ.-മാർ തുടങ്ങി ഉന്നത ഉദ്യോഗസ്ഥർ വരെ പങ്കെടുക്കുന്ന ചടങ്ങുകൾക്കുള്ള പ്രോട്ടോക്കോൾ ക്രമം വ്യക്തമാക്കിയിട്ടുണ്ട്.

(സി) അനുബന്ധം എ - യിൽ കാണാവുന്നതാണ്. *

(ഡി) ഉണ്ട്. അനുബന്ധം ബി - യിൽ കാണാവുന്നതാണ്.*

**ഭരണസംവിധാനത്തിലെ പോരായ്മകൾ**

39 (1903) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. പി. റ്റി. എ. റഹീം :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ സംവിധാനത്തിന്റെ പോരായ്മമൂലം ജനങ്ങൾ പ്രയാസങ്ങൾ നേരിടുന്നുവെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഭരണത്തിൽ സുതാര്യതയും ഏകോപനവും ഇല്ലെന്ന ആക്ഷേപങ്ങൾ വർദ്ധിച്ചു വരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉദ്യോഗസ്ഥതലത്തിലുൾപ്പെടെ ഭരണസംവിധാനത്തിന്റെ വീഴ്ചമൂലം അടിയന്തര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ പോലും ചുവപ്പ് നാടയിൽ കുടുങ്ങി കിടക്കുന്നുവെന്ന് കേരള ഹൈക്കോടതിയുടെ ഫുൾബെഞ്ച് അഭിപ്രായപ്പെടാനിടയായ സാഹചര്യം എന്തായിരുന്നുവെന്നു വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവത്കരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയതിലൂടെ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ്, ഓൺലൈൻ, ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ എന്നിവ വഴി ലഭ്യമാക്കുന്നുണ്ട്. വിവരാവകാശ നിയമം നടപ്പിലാക്കിയത് ഭരണസംവിധാനം വിശ്വസ്തവും സുതാര്യവുമാക്കാൻ സഹായമാകുന്നുണ്ട്. അപേക്ഷകളിൽ കാലതാമസം കൂടാതെ എത്രയുംവേഗം തീരുമാനമെടുക്കുന്നതിന്റെയും നടപടിക്രമങ്ങൾ സുതാര്യവുമാക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്കരണം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, e-office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പാക്കിവരുന്നു. സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 117 വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും കാലതാമസം കൂടാതെ തീരുമാനമെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ഇങ്ങനെ ഭരണത്തിലെ കാലതാമസം ഒഴിവാക്കിയും

സുതാര്യതയും ഏകോപനവും വർദ്ധിപ്പിച്ചും നിരവധി നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ**

40 (1904) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷയുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഓരോ ജില്ലയിലും ധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) അനുവദിക്കപ്പെട്ട ധനസഹായം ലഭ്യമാക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ ഇക്കാലയളവിൽ നിരസിക്കപ്പെടുകയുണ്ടായി എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലുമായി കെട്ടിക്കിടക്കുന്ന ഫയലുകൾ**

41 (1905) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലുമായി മൊത്തം എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ട് ;

(ബി) ഇതിൽ 2006-ലെ എത്ര ഫയലുകളുണ്ടെന്നും; 2006-നും 2011-നും ഇടയ്ക്കുള്ള എത്ര ഫയലുകളുണ്ടെന്നും ; 2011 -നു ശേഷമുള്ള എത്ര ഫയലുകളുണ്ടെന്നും

ഇനം തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റിൽ 117137 ഫയലുകളും വിവിധ ഡയറക്ടറേറ്റുകളിൽ 254784 ഫയലുകളുമാണ് കെട്ടിക്കിടക്കുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിമാസ ശമ്പളം**

42 (T*1906) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിമാസ ശമ്പളം എത്രയാണ് ;

(ബി) ശമ്പളത്തിന്റെ 20% കുറച്ച് വാങ്ങിയാൽ മതിയെന്ന് മന്ത്രിസഭായോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പിലാക്കുക വഴി 2015 മാർച്ച് 31 വരെ എത്ര തുകയുടെ ചെലവ് സർക്കാരിന് കുറഞ്ഞ് കിട്ടും ;

(ഡി) ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) വിവിധ അലവൻസുകൾ ഉൾപ്പെടെ മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രതിമാസ ശമ്പളം 49,910 രൂപയാണ്.

(ബി) ശമ്പളത്തിന്റെ 20% കുറച്ച് വാങ്ങിയാൽ മതിയെന്ന് 17-9-2014-ലെ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു തീരുമാനമെടുത്തിട്ടുള്ളത്.

(സി) മന്ത്രിമാരുടെ ശമ്പളത്തിൽ നിന്നും 20% കിഴിവ് വരുത്തുകവഴി മാർച്ച് 2015 വരെ ആകെ 14.67 ലക്ഷം രൂപ ശമ്പളച്ചെലവിൽ കുറവ് വരും.

(ഡി) ഉണ്ട്. 23-9-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 7445/2014/

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പൊ.ഭ.വ.-യുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**ജനസമ്പർക്ക കേന്ദ്രംവഴി മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികൾ**

43 (1907) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ജനസമ്പർക്കകേന്ദ്രം വഴി മുഖ്യമന്ത്രിക്ക് ഇതുവരെ എത്ര പരാതികൾ ലഭിച്ചു ; ഇതിന്റെ കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പരാതികളിൽ ഓരോ വകുപ്പിലേയും എത്ര പരാതികളിന്മേൽ അന്തിമമായി തീർപ്പായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30-11-2014 വരെ 10,900 പരാതികൾ ലഭിച്ചു. (11-10-2013 മുതൽ)

(ബി) പരാതികൾ മേൽനടപടിക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. തീർപ്പാക്കിയ പരാതികളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല.

**അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള നിയമനിർമ്മാണം**

44 (1908) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസങ്ങൾമൂലം സ്ത്രീകളും കുട്ടികളും കൊല്ലപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്ധവിശ്വാസങ്ങൾക്കെതിരെ എത്ര സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടന്നിട്ടുണ്ട് എന്നറിയാമോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(സി) കേരളത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മഹാരാഷ്ട്രയിൽ ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**മിഷൻ 676- ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണത്തിന് പദ്ധതി**

45 (1909) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്ത് ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) ഉണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ ഇതുവരെ തയ്യാറാക്കിയിട്ടില്ല.

(ബി&സി) ഭരണ സാമ്പത്തിക അധികാരങ്ങളുടെ ലഘൂകരണംവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വളരെവേഗം ലഭ്യമാക്കുകയെന്നതാണ് ലക്ഷ്യം. താഴെത്തലത്തിൽ തന്നെ തീരുമാനമെടുക്കുന്നതിന് സാധിക്കുന്നതിനാൽ ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാവും. വിവിധ തലങ്ങളിലെ ഭരണ-സാമ്പത്തിക അധികാരങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തതയുണ്ടാക്കും. ഇത് സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുന്നതിന് സഹായകരമാകും.

(ഡി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല.

**മിഷൻ 676-സേവനാവകാശ നിയമം**

46 (1910) ശ്രീ. വർക്കല കഹാർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി സേവനാവകാശ നിയമം രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഓരോ വകുപ്പിലും പ്രസ്തുത നിയമം നടപ്പാക്കുന്നത് ആരുടെ നേതൃത്വത്തിലാണ് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) ഉണ്ട്. സേവനാവകാശ നിയമം കൂടുതൽ കാര്യക്ഷമമായി സർക്കാരിന്റെ എല്ലാ വകുപ്പുകളിലും തലങ്ങളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. സർക്കാർ വകുപ്പുകൾ, ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ ജനങ്ങൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

(സി) പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടില്ല. എന്നാൽ സർക്കാർ വകുപ്പുകൾ എന്തെല്ലാം സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ജനങ്ങൾക്ക് ലഭ്യമാക്കുമെന്നത് സംബന്ധിച്ച രേഖകൾ പല വകുപ്പുകളും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല.

## എൽ.ബി.എസ്. ഡയറക്ടർ-ഇൻ-ചാർജ് ശ്രീ. സയിദ് റഷീദിന്റെ ഡെപ്യൂട്ടേഷൻ

47 (1911) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണ സ്ഥാപനമായ LBS ഡയറക്ടർ-ഇൻ-ചാർജ് ആയി പ്രവർത്തിക്കുന്ന ശ്രീ. സയിദ് റഷീദിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 21-10-2014-ൽ നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ; ചീഫ് സെക്രട്ടറി എന്നാണ് അന്വേഷണം ആരംഭിച്ചതെന്നും, അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഡെപ്യൂട്ടേഷൻ അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് മാതൃവകുപ്പിൽ നിന്നുള്ള NOC നൽകിയിട്ടുള്ള കാലാവധി കഴിഞ്ഞും, NOC നൽകില്ലാ എന്ന് അറിയിച്ചിട്ടും പ്രസ്തുത വകുപ്പിൽ ജീവനക്കാരനെ തുടരുവാൻ നിയമം അനുശാസിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(സി) നിലവിൽ LBS-ന്റെ ചാർജ് വഹിക്കുന്ന ശ്രീ. സയിദ് റഷീദിന്റെ ഡെപ്യൂട്ടേഷന് ഏത് തീയതിവരെയാണ് മാതൃവകുപ്പിൽ നിന്നും NOC നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത NOC-യുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ടിയാന്റെ സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിന് സംസ്ഥാന സർക്കാരിന് എത്ര പ്രാവശ്യം ടിയാന്റെ മാതൃവകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട് ; പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ LBS-ലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കെതിരെയും പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള അദ്ധ്യാപകർക്കെതിരെയും അച്ചടക്ക നടപടിവരെ എടുക്കാൻ അധികാരമുള്ള നിലവിലെ ഡയറക്ടറുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും വ്യക്തമാക്കാമോ ; LBS ഡയറക്ടർ ആകുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ നീണ്ടകാലം ചാർജ് വഹിക്കുന്ന ശ്രീ. സയിദ് റഷീദിന് ഉണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(എഫ്) ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചിട്ടും, മാതൃവകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകില്ല എന്ന് അറിയിച്ചിട്ടും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവൃത്തി പരിചയവും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയും ഇല്ലാത്ത ശ്രീ. സയിദ് റഷീദിനെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

ടിയാൻ ഏതൊക്കെ സ്ഥാപനങ്ങളുടെ ചുമതലയാണ് ഇപ്പോൾ വഹിക്കുന്നതെന്നും കാലയളവും വ്യക്തമാക്കാമോ ;

(ജി) ടിയാന്റെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച ഫയലിൽ P&ARD-യുടേയും നിയമ വകുപ്പിന്റേയും ശിപാർശയുണ്ടോ ; ഇല്ലെങ്കിൽ നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കാൻ തയ്യാറാകുമോ ; മുൻ സർക്കാരിന്റെ കാലത്ത് ഡെപ്യൂട്ടേഷൻ അനുവദിക്കുകയും, ഇപ്പോൾ മാതൃ വകുപ്പ് എൻ.ഒ.സി. നൽകാതെ വിടുതൽ ചെയ്യണമെന്ന് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്ത ശ്രീ. സയിദ് റഷീദിനെ എന്ന് റിലീവ് ചെയ്യുമെന്ന് വ്യക്തമാക്കാമോ ; ടിയാന്റെ നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണ സ്ഥാപനമായ എൽ.ബി.എസ്. ഡയറക്ടർ -ഇൻ-ചാർജ്ജായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. സയിദ് റഷീദിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ പരാതി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. ശ്രീ. സയിദ് റഷീദിന്റെ സേവനം സംസ്ഥാന സർക്കാരിന് ആവശ്യമായതിനാൽ അദ്ദേഹത്തിന് ഡെപ്യൂട്ടേഷനിൽ തുടരാൻ എൻ.ഒ.സി. നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിന് കത്ത് നൽകിയിരുന്നെങ്കിലും അനുകൂലമായ മറുപടി ലഭിച്ചില്ല.

(സി) ശ്രീ. സയിദ് റഷീദിന്റെ ഡെപ്യൂട്ടേഷൻ 5-4-2014 വരെയാണ് മാതൃവകുപ്പിൽ നിന്നും എൻ.ഒ.സി. നൽകിയിട്ടുള്ളത്. എൻ.ഒ.സി.-യുടെ പകർപ്പ് അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ഡി) ടിയാന്റെ സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിന് മാതൃവകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന് ആറ് പ്രാവശ്യം കത്ത് നൽകിയിട്ടുണ്ട്. കത്തുകളുടെ പകർപ്പ് അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(ഇ) നിലവിൽ എൽ.ബി.എസ്. ഡയറക്ടറുടെ ചാർജ് വഹിക്കുന്ന ശ്രീ. സയിദ് റഷീദിന്റെ വിദ്യാഭ്യാസ യോഗ്യത നിയമത്തിലുള്ള ബിരുദാനന്തര ബിരുദമാണ്. സിവിൽ സർവ്വീസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2003 ബാച്ചിലെ IPoS ഉദ്യോഗസ്ഥനായ ഇദ്ദേഹത്തിന് കേന്ദ്രസർക്കാരിന്റെ ഗ്രൂപ്പ് 'എ' സർവ്വീസിൽ പതിനൊന്ന് വർഷത്തെ പ്രവൃത്തി പരിചയമുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറി എന്ന നിലയിലാണ് അദ്ദേഹത്തിന് എൽ.ബി.എസ്. ഡയറക്ടറുടെ അധിക ചുമതല നൽകിയിരിക്കുന്നത്.

(എഫ്) 23-1-2010-ലെ G.O.(Rt)No.184/2010/H.Edn. പ്രകാരം കേരള ഓപ്പൺ യൂണിവേഴ്സിറ്റിയിലെ സ്പെഷ്യൽ ഓഫീസറായും 6-4-2010-ലെ G.O.(Rt)No.718/2010/H.Edn. പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറിയായും നിയമിച്ച ശ്രീ. സയിദ് റഷീദിന് 24-2-2011 മുതൽ എൽ.ബി.എസ്. ഡയറക്ടറുടെ അധിക ചുമതലകൂടി നൽകിയിട്ടുണ്ട്. കൂടാതെ 25-11-2014-ലെ G.O.(Rt)No.2785/2014/H.Edn. പ്രകാരം ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായും അദ്ദേഹത്തെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോഴും മേൽപ്പറഞ്ഞ സ്ഥാനങ്ങൾ വഹിക്കുന്നുണ്ട്. ടി സ്ഥാനങ്ങളിൽ ടിയാന്റെ സേവനം അനിവാര്യമായതിനാലാണ് ടി സ്ഥാനങ്ങളിൽ ഇപ്പോഴും നിലനിർത്തിയിരിക്കുന്നത്.

(ജി) ടിയാന്റെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച ഫയലിൽ P&ARD-യുടെയും നിയമ വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിരുന്നില്ല. ശ്രീ. സയിദ് റഷീദിന്റെ വിടുതൽ സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല. ടിയാന്റെ നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് അനുബന്ധം (സി) ആയി ചേർക്കുന്നു.*

**ഐ.എ.എസ്. അക്കാദമി ആരംഭിക്കാൻ നടപടി**

48 (1912) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഐ.എ.എസ്. അക്കാദമി ആരംഭിച്ചിട്ടുള്ളത് ; ആയതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇടുക്കി ജില്ലയിൽ കട്ടപ്പന കേന്ദ്രീകരിച്ച് ഐ.എ.എസ്. അക്കാദമി ആരംഭിക്കണമെന്ന പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി ; വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2014-ൽ പ്രവർത്തനമാരംഭിച്ച ടി കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ ക്ലാസ്സുകൾ വിജയകരമായി നടത്തിവരുന്നു. പരിശീലന ക്ലാസ്സുകൾ മികച്ച ഗുണനിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും സിവിൽ സർവ്വീസ് പരീക്ഷ പരിശീലനത്തിൽ പരിചയ സമ്പന്നരുമായ അദ്ധ്യാപകരാണ് അക്കാദമിയുടെ വിജയത്തിന്റെ പ്രധാന ഘടകം. വിശദമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള മൂന്ന് കേന്ദ്രങ്ങൾക്ക് പുറമേ നിർദ്ദിഷ്ട ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയശേഷം പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

**ഐ.എ.എസ്., ഐ.പി.എസ്. ഒഴിവുകളിലേക്ക് നിയമനങ്ങൾ**

49 (1913) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്. കേഡറിൽപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാരുണ്ട് ; നിലവിലുള്ള ഒഴിവുകൾ എത്ര ; പ്രസ്തുത ഒഴിവുകളിലേക്ക് നോൺ-കേഡറിൽപ്പെട്ട എത്രപേരെ നിയോഗിച്ചിട്ടുണ്ട് ; അവർ ആരൊക്കെ ;

(ബി) ഐ.എ.എസ്., ഐ.പി.എസ്. കേഡറിൽ, നോൺ-കേഡറിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കുന്നതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ, പ്രസ്തുതനിർദ്ദേശത്തിനു വിരുദ്ധമായുള്ള നിയമനങ്ങൾ ഇപ്പോഴും നിലവിലുണ്ടോ ; അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; ഇപ്രകാരം നിയമിച്ച നടപടി തിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കേന്ദ്ര ഡെപ്യൂട്ടേഷൻ, ലീവ് റിസർവ്, ജൂനിയർ റിസർവ്

എന്നിവയുൾപ്പെടെ ഐ.എ.എസ്. കേഡറിൽ 155 ഉദ്യോഗസ്ഥരും ഐ.പി.എസ്. കേഡറിൽ 127 ഉദ്യോഗസ്ഥരുമുണ്ട്. ഐ.എ.എസ്-ൽ 126 കേഡർ തസ്തികകളിൽ നിലവിൽ 61 ഒഴിവുകളുണ്ട്. ഇതിൽ 23 നോൺ കേഡർ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലയായി നൽകിയിട്ടുണ്ട്. ഐ.പി.എസ്.-ലെ 89 കേഡർ തസ്തികകളിൽ നിലവിൽ 18 ഒഴിവുകളുണ്ട്. അതിൽ ആംഡ് പോലീസ് ബറ്റാലിയൻ കമാണ്ടന്റിന്റെ ഒരൊഴിവിൽ നോൺ-കേഡർ ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്.

(ബി) അഖിലേന്ത്യാ സർവ്വീസ് കേഡർ ചട്ടം 9 പ്രകാരം നോൺ-കേഡർ ഉദ്യോഗസ്ഥരെ കേഡർ തസ്തികകളിൽ നിയമിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. റൂളിന്റെ പകർപ്പ് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ പ്രത്യേകിച്ച്, ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ധാരാളം ഒഴിവുകൾ സംസ്ഥാനത്ത് നിലവിലുള്ളതിനാൽ കേഡർ തസ്തികകളിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥരെയോ ആ വകുപ്പുകളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെയോ ഭരണപരമായ സൗകര്യാർത്ഥം നിയമിച്ചിട്ടുണ്ട്.

## സിവിൽ സർവ്വീസ് ഓഫീസർമാരുടെ ഒഴിവുകൾ

50 (1914) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സിവിൽ സർവ്വീസ് ഓഫീസർമാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ;

(ബി) ഇതിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഓഫീസർമാരുടെ ഒഴിവുകൾ എത്ര എണ്ണം വീതമുണ്ട് ;

(സി) സിവിൽ സർവ്വീസ് ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് നിമിത്തം ഭരണരംഗത്ത് നിശ്ചലാവസ്ഥ സംജാതമാകും എന്നതു കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) സംസ്ഥാനത്ത് സിവിൽ സർവ്വീസ് ഓഫീസർമാരിൽ 83 ഐ.എ.എസ്.-കാരുടെയും 36 ഐ.പി.എസ്. ഉദ്യോഗസ്ഥരുടെയും 26 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെയും ഒഴിവുകളും കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.

(സി) കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നിലവിലുള്ള ഒരൊഴിവ് ബൈ-ട്രാൻസ്ഫർ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.എ.എസ്/ഐ.പി.എസ്/ഐ.എഫ്.എസ്. എന്നീ വിഭാഗങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകിവരുന്നതിനാൽ ഭരണരംഗത്ത് നിശ്ചലാവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉന്നതോദ്യോഗസ്ഥർക്കെതിരെ ഉയർന്ന പരാതികൾ**

51 (1915) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ചീഫ് സെക്രട്ടറിയെ തൽസ്ഥാനത്ത് നിന്നും മാറ്റണമെന്ന് ഏതെല്ലാം മന്ത്രിമാർ/എം.എൽ.എ.-മാരാണ് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുള്ളത് ; എന്തു കാരണത്തിലാണിത് എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ വിദേശയാത്രയുമായി ബന്ധപ്പെട്ട അവധി സംബന്ധിച്ചുള്ള ഫയലിലെ വിവരം ചോർന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി മുഖ്യമന്ത്രിയോട് അടിയന്തര അന്വേഷണം ആവശ്യപ്പെട്ടത് എന്നാണ് ; പ്രസ്തുത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു ; ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി പുറത്തിറക്കിയ വാർത്താക്കുറിപ്പ് എന്താണ് എന്നും വ്യക്തമാക്കുമോ ;

(സി) ചീഫ് സെക്രട്ടറി ഏതെല്ലാം സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട് ; ഏതെല്ലാം ഉദ്യോഗസ്ഥർ സമർപ്പിച്ച അവധി ഡയസ്നോൺ ആക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ചീഫ് സെക്രട്ടറിക്കെതിരെ ഡി.ജി.പി. എന്തെല്ലാം പരാതികളും വിമർശനങ്ങളുമാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ വന്നശേഷം നാളിതുവരെ വിദേശ പരിശീലനത്തിനായി പോയ ഐ. എ.എസ്., ഐ.പി. എസ്.ഉദ്യോഗസ്ഥർ ആരെല്ലാം ; നാളിതുവരെ എത്ര തുക ഖജനാവിൽ നിന്നും പ്രസ്തുത യാത്രകൾക്കായി ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(എഫ്) പ്ലാനിംഗ് ബോർഡ് അധികൃതരും സബർബൻ അധികൃതരും പങ്കെടുക്കേണ്ട ഏതെല്ലാം യോഗങ്ങളിൽ ചീഫ് സെക്രട്ടറി പങ്കെടുത്തുവെന്നും ഇതിന് സർക്കാർ അനുമതിയുണ്ടായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇത്തരത്തിൽ ഒരാവശ്യവും മന്ത്രിമാരോ എം.എൽ.എ.-മാരോ ഉന്നയിച്ചിട്ടില്ല.

(ബി) ചീഫ് സെക്രട്ടറി രേഖാമൂലം ഇത്തരമൊരു ആവശ്യം ഉന്നയിച്ചിട്ടില്ല. വാർത്താക്കുറിപ്പ് സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല.

(സി) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കേഡർ നിയന്ത്രണാധികാരി ചീഫ് സെക്രട്ടറിയായതിനാൽ ആ നിലയ്ക്ക് അഖിലേന്ത്യാ സർവ്വീസ് ചട്ടങ്ങൾക്കുള്ളിൽ നിന്ന് പ്രവർത്തിക്കാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുക എന്നുള്ളത് ചീഫ് സെക്രട്ടറിയുടെ കർത്തവ്യമാണ്.

(ഡി) ഇത്തരത്തിൽ ഒരു പരാതിയും നൽകിയിട്ടില്ല.

(ഇ) ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വിദേശയാത്ര സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 23 ഐ.പി.എസ്. ഉദ്യോഗസ്ഥർ ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുള്ളതിൽ ശ്രീ. ജേക്കബ് പുന്നൂസ്, ഐ.പി.എസ്. 1,26,784 രൂപയും ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ ഐ.പി.എസ്. 85,000 രൂപയും ശ്രീ. രാജേഷ് ദിവാൻ ഐ.പി.എസ്. 17,000 രൂപയും സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ വിദേശയാത്രയ്ക്ക് സർക്കാർ ഖജനാവിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.)*

(എഫ്) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ യോഗങ്ങളിലും ചീഫ് സെക്രട്ടറിയോ ചീഫ് സെക്രട്ടറിയുടെ പ്രതിനിധിയായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരോ പങ്കെടുക്കേണ്ടതുണ്ട്.

**ഐ.എസ്.ആർ.ഒ. ചാരക്കേസ് അന്വേഷണം**

52 (1916) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> :
<u>ശ്രീ. സാജു പോൾ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സദയം മറുപടി നൽകുമോ :

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസ്സിൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സി.ബി.ഐ. നിർദ്ദേശിച്ച ശിക്ഷണ നടപടി എടുക്കേണ്ടതില്ലെന്ന് തീരുമാനിക്കാനുള്ള കാരണം എന്തായിരുന്നു ; ഈ നിലപാട് തിരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) മുൻ ഡി.ജി.പി. സിബി മാത്യൂസ് ഈ കേസിൽ ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായി അറിയാമോ; ഇതിനോടുള്ള നിലപാട് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കേസ് പരിഗണിച്ച മജിസ്ട്രേറ്റ് കോടതിയിൽ നിന്നും സുപ്രീംകോടതിയിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് ഉത്തരവ് ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ സി.ബി.ഐ. വീഴ്ചകൾ ചൂണ്ടിക്കാട്ടിയെങ്കിലും 15 വർഷങ്ങൾക്കുശേഷം ശിക്ഷണ നടപടി സ്വീകരിക്കുന്നത് ഉചിതമല്ലെന്ന് സർക്കാർ തീരുമാനിച്ചത്. സർക്കാരിന്റെ ഈ തീരുമാനം ഹൈക്കോടതി റദ്ദ് ചെയ്ത സാഹചര്യത്തിൽ കോടതിവിധി പരിശോധിച്ച് ഉചിതമായ നടപടികളുമായി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) പത്രമാദ്ധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി വിധി പരിശോധിച്ച് ഉചിതമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നതാണ്.

**കെ.എസ്.ആർ.-ന് വിരുദ്ധമായി ജോയിനിംഗ് ടൈം**

53 (1917) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി സിവിൽ ജുഡീഷ്യൽ ജില്ലയിലെ കോടതിയിൽ (കണ്ണൂർ ജില്ല സിവിൽ ജുഡീഷ്യൽ കോടതി) സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് KSR അനുസരിച്ച് ലഭിക്കേണ്ടുന്ന ജോയിനിംഗ് ടൈം നിഷേധിക്കുകയോ നിജപ്പെടുത്തുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 2012 മുതലുള്ള സ്ഥലം മാറ്റ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) കെ.എസ്.ആർ.-ന് വിരുദ്ധമായി ജോയിനിംഗ് ടൈം നിജപ്പെടുത്താനോ നിഷേധിക്കാനോ ഉള്ള നിർദ്ദേശങ്ങൾ നിയമന അധികാരികൾക്ക് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ജോയിനിംഗ് ടൈം നിജപ്പെടുത്തി സ്ഥലം മാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാരന് കെ.എസ്.ആർ. അനുസരിച്ച് ജോയിനിംഗ് ടൈം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തലശ്ശേരി സിവിൽ ജുഡീഷ്യൽ ജില്ലയിലെ കോടതികളിൽ സ്ഥലംമാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ. അനുസരിച്ച് ലഭിക്കേണ്ടുന്ന ജോയിനിംഗ് ടൈം നിഷേധിച്ചിട്ടില്ല; എന്നാൽ നിജപ്പെടുത്തിയിട്ടുണ്ട്. 2012 മുതൽ അമ്പതിലധികം സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. കെ.എസ്.ആർ. ഭാഗം-I ചട്ടം 127-ന് കീഴിലെ എക്സെംപ്ഷൻ-1 പ്രകാരം ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ഥലം മാറ്റത്തിന് അനുമതി നൽകുന്ന അധികാരിക്ക് ജോയിനിംഗ് ടൈം കുറയ്ക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്. കോടതികളിലെ ജോലിഭാരം കണക്കിലെടുത്താണ് ഇപ്രകാരമൊരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) സ്ഥലംമാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.-ൽ പ്രതിപാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് ജോയിനിംഗ് ടൈം അനുവദിച്ചുവരുന്നത്.

**വിവാഹ മോചന കേസ്സുകൾ**

54 (1918) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജനുവരി മുതൽ നവംബർ 30 വരെ സംസ്ഥാനത്ത് എത്ര വിവാഹമോചന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) കുടുംബകോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 1-1-2014 മുതൽ 31-10-2014 വരെ ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്തെ കുടുംബകോടതികളിൽ 41329 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 31-10-2014 വരെ സംസ്ഥാനത്തെ കുടുംബകോടതികളിൽ 52504 കേസ്സുകൾ തീർപ്പാക്കാനായുണ്ട്.

## കൊണ്ടോട്ടിയിൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

55 (1919) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി നിലവിൽ ഒരു പ്രയോറിറ്റി ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൊണ്ടോട്ടി കേന്ദ്രമാക്കി (മലപ്പുറം ജില്ല) ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) കോടതികൾ ആരംഭിക്കുന്നതിലേക്കായി 6-7-2009 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1919/2009/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവുപ്രകാരം പരിഗണനാ പട്ടിക പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളും ഉൾപ്പെടുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഫണ്ട് വിനിയോഗിച്ച് 13-5-2014 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 94/2014/ആഭ്യന്തരം പ്രകാരം 27 താത്കാലിക ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 16 കോടതികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള കേസ്സുകൾ

56 (1920) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള എത്ര കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിട്ടുണ്ട് ;

(ബി) ഏതൊക്കെ ജില്ലകളിലെ ഏതെല്ലാം കേസ്സുകളാണ് ഇങ്ങനെ പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിനു മന്ത്രിമാരുടെ പേരിലുണ്ടായിരുന്ന കേസുകൾ എന്തെല്ലാം ;

(സി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 11 വിജിലൻസ് കേസുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേസുകളെ സംബന്ധിച്ച വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇവയിൽ മന്ത്രിമാരുടെ പേരിലുള്ള കേസുകൾ ഒന്നുമില്ല.

(സി) കേസുകൾ നിലവിൽ പരിഗണനയിലില്ല.

**സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കോടതി**

57 (1921) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി സംസ്ഥാനത്ത് എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

(ബി) അനുവദിക്കപ്പെട്ട കോടതികളിൽ ഏതൊക്കെ കോടതികളാണ് ഇനിയും പ്രവർത്തനം തുടങ്ങാത്തതെന്നും ആയതിന്റെ കാരണങ്ങൾ എന്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി എറണാകുളത്ത് പ്രത്യേക കോടതി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തിരുവനന്തപുരത്ത് കോടതി ആരംഭിക്കുന്നതിനുള്ള അനുമതി നൽകിക്കഴിഞ്ഞു. കൂടാതെ കോഴിക്കോട് കോടതി ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കോടതികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് തിരുവനന്തപുരത്തും കോഴിക്കോടും കോടതികൾ പ്രവർത്തിച്ചു തുടങ്ങും.

**മലബാർ ബൊട്ടാണിക്കൽ ഗാർഡൻ**

58 (1922) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

കോഴിക്കോട് ജില്ലയിലെ മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013 ജൂൺ 7-ാം തീയതി നടന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 9-ാം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡനെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഒരു റിസർച്ച് & ഡെവലപ്മെന്റ് സെന്റർ (ഗവേഷണ വികസന സ്ഥാപനം) ആയി പുനരുദ്ധരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 6-ാം ഗവേണിംഗ് ബോഡി മീറ്റിംഗിൽ പരിഗണിക്കുകയും അത് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. തുടർ നടപടികൾക്കായി കൗൺസിലിന്റെ 36-ാം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഈ പ്രൊപ്പോസൽ പരിഗണിക്കുകയും മേൽപ്പറഞ്ഞ വിഷയത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു എംപവേർഡ് കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. മലബാർ ബൊട്ടാണിക്കൽ ഗാർഡനെ കൗൺസിലിന്റെ കീഴിലുള്ള ഒരു ആർ & ഡി സെന്റർ ആക്കണമെന്ന എംപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ട് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 38-ാം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗീകരിച്ചു. എംപവേർഡ് കമ്മിറ്റിയുടെ ഈ റിപ്പോർട്ട് കൗൺസിലിന്റെ പ്രസിഡന്റിന് സമർപ്പിക്കുകയും അത് അംഗീകരിക്കുകയുമുണ്ടായി. 2014 ഒക്ടോബർ 29-ാം തീയതി നടന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 7-ാം ഗവേണിംഗ് ബോഡി മീറ്റിംഗിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ സൊസൈറ്റിയെ ലയിപ്പിച്ച് കൗൺസിലിന്റെ കീഴിലുള്ള ഒരു ഗവേഷണ സ്ഥാപനമാക്കാനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തീരുമാനിച്ചു. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

### കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്റർ

59 (1923) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്റർ (CARC)-മായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് CARC-യുടെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.) എന്ന സ്ഥാപനം കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്ററുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പ്രചാരത്തിലുണ്ടായിരുന്ന വാഴയിനങ്ങളുടെ ഒരു ജനിതകശേഖരം നിർമ്മിക്കുകയും സംരക്ഷിക്കുകയും അന്യംനിന്നുപോയ അനേകം ഇനങ്ങളുടെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നു. വാഴനാരുകളിൽ നിന്നും ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. ഔഷധസസ്യങ്ങളുടെ കൃഷിക്കും പരിപാലനത്തിനും വേണ്ട പരിശീലനം നൽകിവരുന്നു. ഔഷധകൃഷിയുടെ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുകയും അവ നൽകുകയും കൃഷി പ്രോത്സാഹിപ്പിക്കുകയും ഉല്പന്നത്തിന് വിപണി ലഭ്യമാക്കുകയും ചെയ്യുന്നു.

(ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട ജൈവ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പ്രോഗ്രാമുകൾക്ക് ഗ്രാമീണ മേഖലയിലെ കർഷകർക്കും മറ്റ് തൊഴിൽരഹിതർക്കും സ്വയംതൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നവർക്കും പരിശീലനം നൽകുകയും അവരെ സ്വയംപര്യാപ്തരാക്കുകയുമാണ് CARC-യുടെ പരമമായ ലക്ഷ്യം. ജൈവ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷി സംബന്ധിയായ കാര്യങ്ങളുടെയെല്ലാം പ്രോത്സാഹനവും പ്രചരണവും CARC-ന്റെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങളാണ്.

കൃഷി അനുബന്ധമായി വരുന്ന കാര്യങ്ങളായ ജൈവ കീടനാശിനി, ജൈവവളം തുടങ്ങിയവയും CARC-കളുടെ പരിധിയിൽപ്പെടുന്നു. ഗ്രാമീണ കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളുടെയെല്ലാം സഹകരണവും ഏകോപന പ്രവർത്തനങ്ങളും CARC ലക്ഷ്യമിടുന്നു.

**മിഷൻ 676-കാഴ്ച വൈകല്യമുള്ളവരുടെ ശാക്തീകരണ പദ്ധതികൾ**

60 (1924) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ശാസ്ത്ര സാങ്കേതിക വകുപ്പ് വഴി നടപ്പാക്കുന്ന കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദ്യഘട്ടമെന്ന നിലയിൽ അന്ധർക്കുവേണ്ടിയുള്ള കമ്പ്യൂട്ടർ പരിശീലനം, അവർക്കുവേണ്ടിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അസിസ്റ്റീവ് ടെക്നോളജിയെ കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ്.

(സി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസിന്റെ ദേശീയതലത്തിലുള്ള ഒരു ഉപദേശക സമിതി 30-4-2014-ൽ ചേർന്ന് സെന്ററിന്റെ പ്രവർത്തനത്തിനുവേണ്ടി രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് എന്ന പേരിൽ ഒരു സെന്റർ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആസ്ഥാനത്ത് രൂപീകരിക്കുകയും അതിനൊരു കോ-ഓർഡിനേറ്ററെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സെന്ററിന്റെ നടത്തിപ്പിനായി ദേശീയതലത്തിലുള്ള ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

## സി-സ്റ്റെഡ് (സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്റർപ്രണേഴ്സ് ഡെവലപ്മെന്റ്) നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

61 (1925) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംരംഭകത്വ വികസനത്തിന് ബഡ്ജറ്റ് തുകയുടെ ഒരു ശതമാനം (500 കോടി രൂപയിലേറെ) തുക ചെലവഴിക്കാമെന്ന സർക്കാർ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രഖ്യാപനം നിലനിൽക്കുമ്പോൾത്തന്നെ ശാസ്ത്ര/ സംരംഭകത്വ പരിശീലന രംഗത്ത് വൻനേട്ടങ്ങൾ കൈവരിച്ച കേരളത്തിലെ ആദ്യസ്ഥാപനമായ "സി-സ്റ്റെഡ്" (സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി എന്റർപ്രണേഴ്സ് ഡെവലപ്മെന്റ്) നിലവിൽ തകർച്ചയിലേക്ക് പതിക്കുകയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രസ്തുത സ്ഥാപനം എത്ര രൂപവരെ ലാഭമുണ്ടാക്കിയെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ ഈ സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി വ്യക്തമാക്കാമോ ;

(ഇ) ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിലവിൽ കുടിശ്ശികയായിട്ടുണ്ടോ ; ഇവർക്ക് ശമ്പളം നൽകുന്നതിനുള്ള തുക വരുമാനമായി കണ്ടെത്തുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(എഫ്) ഇക്കാര്യങ്ങൾ പരിശോധിച്ച് സ്ഥാപനത്തെ തകർച്ചയിൽനിന്നും കരകയറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പരിഗണനാവിഷയങ്ങളിൽ സംരംഭകത്വ വികസനം പ്രധാന പരിഗണനാവിഷയമായി വരുന്നില്ല. ആയതിനാൽ ബഡ്ജറ്റ് തുകയുടെ ഒരു ശതമാനം ഈ വകുപ്പിൽനിന്നും ആയതിലേക്ക് ചെലവഴിക്കുന്നില്ല.

(ബി) സി-സ്റ്റെഡ് തകർച്ചയിലേക്ക് പതിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംരംഭകത്വ വികസനവും സ്ഥായിയായ തൊഴിലും ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ദേശീയ ശാസ്ത്ര സാങ്കേതിക സംരംഭകത്വ വികസന മിഷന്റെ 13 പ്രോജക്ടുകളിൽ ഒന്നായ ശാസ്ത്ര സാങ്കേതിക സംരംഭകത്വവികസന പദ്ധതി നിർത്തലാക്കിയപ്പോൾ ആയതിനെ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാക്കി രജിസ്റ്റർ ചെയ്ത് സയൻസ് ആന്റ് ടെക്നോളജി വകുപ്പിന് കീഴിൽ 2008-ൽ കേരള സർക്കാർ തുടങ്ങിയ സ്ഥാപനമാണ് സി-സ്റ്റെഡ്. സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനമായതിനാൽ ആയതിന്റെ ലാഭം കണക്കാക്കിയിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിന്റെ അവസാന സാമ്പത്തിക വർഷമായ 2010-11-ൽ സി-സ്റ്റെഡിന് 4,18,074 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു.

(ഡി) നിലവിൽ സ്ഥാപനത്തിന് 88,18,813 രൂപ നീക്കിയിരിപ്പുണ്ട്. ആയത് സാമൂഹ്യനീതി വകുപ്പ്, അനെർട്ട്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയവയിലെ വിവിധ പരിശീലന പദ്ധതികൾക്കായി ചെലവഴിക്കാനുദ്ദേശിച്ചുള്ളതാണ്.

(ഇ) ഈ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരാണുള്ളത്. പരിശീലന പദ്ധതികളിൽനിന്നും സ്ഥാപനത്തിന് ലഭിക്കുന്ന വരുമാനം കൊണ്ടാണ് ജീവനക്കാർക്ക് വേതനം നൽകുന്നത്. വരുമാനം കൂടുന്നതിനനുസരിച്ച് ആനുകൂല്യങ്ങൾ നൽകുകയാണ് പതിവ്. ആയതിനാൽ കുടിശ്ശികയുള്ളതായി കണക്കാക്കാൻ കഴിയില്ല.

(എഫ്) സ്ഥാപനത്തിന് എന്തെങ്കിലും പരാധീനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വിവിധ തസ്തികകളിലെ അടിസ്ഥാന യോഗ്യത

62 (1926) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ തസ്തികകളിലെ അടിസ്ഥാന യോഗ്യത ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുന്നതുമൂലം സാധാരണക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവസരങ്ങൾ നഷ്ടപ്പെടും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഓരോ തസ്തികയുടെയും അടിസ്ഥാന യോഗ്യത അവ ഉൾപ്പെടുന്ന സ്പെഷ്യൽ റൂളിലാണ് വിവക്ഷിച്ചിരിക്കുന്നത്. സ്പെഷ്യൽ റൂളുകളിൽ മാറ്റം വരുത്തി അടിസ്ഥാന യോഗ്യത ഉയർത്തുന്നത് അതാത് വകുപ്പുകളാണ്. പൊതു തസ്തികകളുടെ അടിസ്ഥാന യോഗ്യത ഉയർത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ലാസ്റ്റ് ഗ്രേഡ് തസ്തികകൾ നിർത്തലാക്കി പുറംകരാർ സംബന്ധിച്ച്

63 (1927) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലാസ്റ്റ് ഗ്രേഡ് തസ്തികകൾ നിർത്തലാക്കി പുറംകരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഏത് കമ്പനിക്കാണ് പുറംകരാർ നൽകിയിട്ടുള്ളത് ;

(ഡി) ഇതുസംബന്ധിച്ച് ടെണ്ടർ വിളിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഏതെല്ലാം വകുപ്പുകളിലാണ് പുറംകരാർ നല്കി സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളത് ;

(ജി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി -ജി) 'ബാധകമല്ല'

**പി.എസ്.സി.-യും കർമ്മ പദ്ധതികളും**

64 (1928) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി സദയം നൽകുമോ :

(എ) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ഉടൻ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തസ്തികകൾക്കാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എല്ലാ തസ്തികകളിലേക്കും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് തീരുമാനിച്ചിരിക്കുന്നത് ; വിശദാംശം നൽകുമോ ;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

**കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർമാർ**

65 (1929) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 3-12-2010 തീയതിയിലെ വിജ്ഞാപനം വഴി കെ.എസ്.ആർ.ടി.സി.-യിലെ റിസർവ് കണ്ടക്ടർമാരുടെ എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത് ; ഇതിനുള്ള എഴുത്തുപരീക്ഷ എന്നാണ് നടത്തിയത്; ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ; ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ബി) ഈ ലിസ്റ്റിൽനിന്നും എത്ര പേർക്കാണ് ഇതേവരെ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയത് ; ഇതിൽനിന്നും എത്ര പേർക്കാണ് ഇതേവരെ നിയമനം ലഭിച്ചിട്ടുള്ളത് ; ബാക്കി എത്ര പേർക്കാണ് ഇനി നിയമനം നൽകാനുള്ളത് ; അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും നിയമനം ലഭിക്കാത്തത് എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ;

(സി) ലിസ്റ്റിൽ അവശേഷിക്കുന്നവർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിയമനം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) ഒഴിവുകളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല. ടി തസ്തികയിലേക്ക് 9-6-2012-ൽ OMR പരീക്ഷ നടത്തി. 9-5-2013-ൽ ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ടി തസ്തികയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ടി റാങ്ക് ലിസ്റ്റിൽ പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(ബി) 9300 പേർക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്. അതിൻപ്രകാരം ആകെ 5363 പേർക്കാണ് ഇതുവരെ നിയമനം നൽകിയിട്ടുള്ളത്. ശേഷിച്ച 3937 പേർക്കാണ് ഇനി നിയമനം നൽകാനുള്ളത്. 5-11-2011-ൽ റിസർവ് കണ്ടക്ടർമാരുടെ 8140 ഒഴിവുകൾ കെ.എസ്.ആർ.ടി.സി. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടേയും കണ്ടക്ടർമാരുടേയും ഒഴിവുകൾ നിശ്ചയിക്കുന്നത് ഓപ്പറേറ്റ് ചെയ്യുന്നതും പ്രാബല്യത്തിലുള്ളതുമായ ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. ആയതനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിൽ 3,808 റിസർവ് കണ്ടക്ടർമാരുടെ ഒഴിവുകളാണ് യഥാർത്ഥത്തിൽ ഉണ്ടായിരുന്നത്. ആയതിൽ തന്നെ 1,257 എണ്ണം നേരത്തെ കമ്മീഷൻ അഡ്വൈസ് ചെയ്തവർ ജോലിക്ക് ചേരാതിരുന്നതുമൂലം ഉണ്ടായ ഒഴിവുകളാണ്. ഈ ഒഴിവുകളെ സംബന്ധിച്ച് നേരത്തെ തന്നെ കോർപ്പറേഷൻ കമ്മീഷനെ അറിയിച്ചിരുന്നതുമാണ്. സ്ഥിരമായി ഓടിക്കുന്ന ഷെഡ്യൂളുകൾക്കു പകരം പല കാരണങ്ങളാൽ ഒരിക്കലും ഓടിക്കാത്തതും സ്ഥിരമായി ക്യാൻസൽ ചെയ്യുന്നതുമായ ഷെഡ്യൂളുകളും, തുടർ വർഷങ്ങളിൽ തുടങ്ങാൻ സാദ്ധ്യതയുള്ള

ഷെഡ്യൂളുകളും കണക്കിലെടുത്താണ് ഒഴിവുകളുടെ എണ്ണം നിർണ്ണയിച്ചതും ആയത് കമ്മീഷനെ അറിയിച്ചിട്ടുള്ളതും. കമ്മീഷൻ അഡ്വൈസ് ചെയ്തതും അഡ്വൈസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ ഒഴിവുകളും ഈ ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലം സംഭവിച്ച പിശകുമൂലമാണ് ഇത്രയും അധികം എണ്ണം ഒഴിവുകൾ കമ്മീഷനെ അറിയിക്കാനിടയായിട്ടുള്ളത്. തെറ്റായി റിപ്പോർട്ട് ചെയ്ത 8140 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകരുതെന്നും യഥാർത്ഥത്തിൽ ഒഴിവുള്ള റിസർവ് കണ്ടക്ടർമാരുടെ 3808 തസ്തികകളിലേക്ക് മാത്രമേ നിയമന ശിപാർശ നൽകുവാൻ നടപടി സ്വീകരിക്കാവൂ എന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷനും, ഗവൺമെന്റും അഭ്യർത്ഥിച്ചുവെങ്കിലും ആയത് നിരസിച്ചുകൊണ്ട് കമ്മീഷൻ 9300 പേർക്ക് നിയമന ശിപാർശ നൽകുകയാണുണ്ടായത്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരുടെ മതിയായ ഒഴിവുകൾ ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ആംഡ് പോലീസ് ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലെ പി.എസ്.സി. നിയമനം**

66 (1930) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 267/2011 കാറ്റഗറി നമ്പർ പ്രകാരം പി.എസ്.സി., 9-5-2013-ൽ എഴുത്ത് പരീക്ഷയും 5-2-2014-ൽ പ്രായോഗിക പരീക്ഷയും നടത്തിയ, ആംഡ് പോലീസ് ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്തുകൊണ്ടാണ് നാളിതുവരെ പ്രസിദ്ധീകരിക്കാത്തതെന്നും ആയത് എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട് എന്നും പ്രസ്തുത ഒഴിവുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള തീയതികളും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 17-11-2014 തീയതി വച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 380 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത തീയതികൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

## എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി

67 (1931) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ വിവിധ ജില്ലകളിൽ നിലവിലുള്ള പി.എസ്.സി. എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി, വിശദാംശം നൽകുമോ ;

(സി) 2012 ഏപ്രിൽ ഒന്നു മുതൽ 2013 മാർച്ച് 31 വരെയുള്ള ഒഴിവുകൾ സൂപ്പർന്യൂമററിയായി കണക്കാക്കി മുൻ ലിസ്റ്റിലുള്ള എത്ര പേർക്ക് എൽ.ഡി.സി. തസ്തികയിൽ നിയമനം നൽകി ;

(ഡി) 2012 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ ബൈ പ്രമോഷൻവഴി എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി.സി. തസ്തികയിൽ നിയമനം നൽകി ;

(ഇ) 2012 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ എൽ.ഡി.സി. തസ്തികയിൽ എത്ര പേർക്ക് ആശ്രിത നിയമനം നൽകി ;

(എഫ്) റാങ്ക് ലിസ്റ്റിൽപ്പെട്ട മൂന്നിലൊന്നു പേർക്ക് പോലും നിയമനം ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-3-2012-ൽ.

(ബി-ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി, പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## എൽ.ഡി.സി. റാങ്ക് ലിസ്റ്റുകളിൽനിന്നുള്ള നിയമനം

68 (1932) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലകളിലെയും നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര പേരെ വീതം നിയമിച്ചു എന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) മുൻപത്തെ രണ്ട് ലിസ്റ്റുകളെ അപേക്ഷിച്ച് നിയമനത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം വീതം എന്നു വിശദമാക്കുമോ ;

(സി) നിയമനം കുറയാനുള്ള കാരണമെന്താണ് ; പെൻഷൻ പ്രായം 56 ആക്കി നിജപ്പെടുത്തിയത് കുറവിന് കാരണമായിട്ടുണ്ടോ ;

(ഡി) എങ്കിൽ 2015 മാർച്ച് 31 വരെയുള്ള കാലത്ത് വരുന്ന ഒഴിവുകളിൽ ഈ ലിസ്റ്റിൽനിന്നും സൂപ്പർ ന്യൂമററി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി-സി) നിയമനത്തിൽ കുറവു വന്നിട്ടുണ്ടോയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പുതിയ നിയമനങ്ങൾ**

69 (1933) <u>ശ്രീ. എ. എ. അസീസ്</u> :

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും പി.എസ്.സി. വഴി പുതുതായി എത്രപേർക്ക് നിയമനം നൽകി ;

(ബി) പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചതെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം (18-5-2011 മുതൽ ഒക്ടോബർ 2014 വരെ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

109048 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു :

| | | |
|---|---|---|
| മേയ് 2011 മുതൽ ഡിസംബർ 2011 വരെ | - | 18136 |
| 2012 | - | 28425 |
| 2013 | - | 39183 |
| 1-1-2014 മുതൽ 31-10-2014 വരെ | - | 23304 |
| ആകെ | - | 109048 |

(ബി) വിവരം ശേഖരിച്ചു വരുന്നു.

**നിയമന നിരോധനം**

70 (1934) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിയമന നിരോധനം ഏർപ്പെടുത്തുവാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

**മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതു സംബന്ധിച്ച യോഗം**

71 (1935) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്താൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജൂലൈ മാസത്തിൽ ഡർബാർ ഹാളിൽ ചേരാൻ നിശ്ചയിച്ച യോഗം നടക്കുകയുണ്ടായോ ;

(ബി) യോഗത്തിൽ പങ്കെടുക്കാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എത്ര പേരെ ക്ഷണിച്ചിട്ടുണ്ടായിരുന്നു ;

(സി) യോഗം നടക്കാതിരുന്നതിന്റെ കാരണം എന്തായിരുന്നു ; യോഗം നടക്കാതിരുന്നതുമൂലം സംസ്ഥാന ഖജനാവിനുണ്ടായ നഷ്ടം കണക്കാക്കി വിശദാംശങ്ങൾ

ലഭ്യമാക്കാമോ ;

(ഡി) മലയാളം ഔദ്യോഗിക ഭാഷയാക്കാനുള്ള നടപടി അട്ടിമറിക്കാൻ നീക്കം നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകളുടെ തലവൻമാർ, പൊതുമേഖലാ/അർദ്ധ സർക്കാർ/സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളുടെ തലവന്മാർ, ജില്ലാ കളക്ടർമാർ.

(സി) 21-7-2014-ൽ നിശ്ചയിച്ചിരുന്ന യോഗത്തിൽ ഭാഷാമാറ്റ പുരോഗതി സംബന്ധിച്ച് വകുപ്പ് സ്വീകരിച്ചിട്ടുള്ള വിവിധ നടപടികൾ യോഗത്തിൽ വിശദീകരിക്കേണ്ടിയിരുന്ന ഔദ്യോഗിക ഭാഷാ വകുപ്പ് സെക്രട്ടറിയായ ശ്രീ. സുരേഷ് കുമാറിന് യോഗത്തിൽ പങ്കെടുക്കാൻ കഴിയില്ലായെന്ന് അന്നേ ദിവസം രാവിലെ അറിയിച്ചതിനെ തുടർന്നാണ് യോഗം മാറ്റിവയ്ക്കാനുള്ള സാഹചര്യമുണ്ടായത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ**

72 (1936) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ എത്ര ഒഴിവുകളാണ് നികത്തപ്പെടാനുള്ളത് ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിരമായി നിർദ്ദേശം നൽകുമോ ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ

ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും 10-9-2014-ലെ 19493/ഉപ.സി3/14 ഉഭപവ നമ്പർ പരിപത്രം പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇടുക്കി ജില്ല-എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

73 (1937) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2012-ൽ ഇടുക്കി ജില്ലയിൽ നിലവിൽ വന്ന വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി ; ഓപ്പൺ മെറിറ്റിൽ എത്ര പേർക്ക് നിയമനം നൽകി ; സംവരണത്തിൽ എത്ര പേർക്ക് നിയമനം നൽകി ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് വളരെ കുറച്ച് നിയമനമാണ് നടന്നിട്ടുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിലുള്ള മുഴുവൻ വേക്കൻസികളും റിപ്പോർട്ട് ചെയ്യുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഡി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

### ഗ്രൂപ്പ് സി, ഡി തസ്തികകളിലേക്കുള്ള വെയ്റ്റേജ് മാർക്ക്

74 (1940) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ഗ്രൂപ്പ് സി, ഡി തസ്തികകളിലേക്ക് പി.എസ്.സി. വഴിയുള്ള നിയമനത്തിന് അതാതു ജില്ലക്കാർക്ക് വെയ്റ്റേജ് മാർക്ക് നൽകുന്ന നടപടി നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ, ആയതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) വെയ്റ്റേജ് മാർക്ക് നൽകുന്ന നടപടി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ, പ്രസ്തുത ഉത്തരവിനെതിരെ മേൽക്കോടതികളിൽ അപ്പീൽ നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അപ്പീൽ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) ജില്ലാതല നിയമനങ്ങളിൽ അതാത് ജില്ലകളിലുള്ള ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്ന KS & SSR- ലെ ചട്ടം 5 A, WP(c) 28055/10-ലും അനുബന്ധ ഹർജികളിന്മേലുമുള്ള 18-1-2012-ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ അപ്പീൽ (റിട്ട് അപ്പീൽ W.A 1811/2013, 719/2014) ഫയൽ ചെയ്തിട്ടുണ്ട്.

### സ്റ്റാഫ് നഴ്സ് തസ്തിക പി.എസ്.സി. അപേക്ഷ

75 (1941) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിലുള്ള ആശുപത്രികളിൽ സ്റ്റാഫ് നഴ്സ്

തസ്തികയിൽ എത്ര ഒഴിവുകളിലേക്കാണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിരുന്നത് ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

## പബ്ലിക് സർവ്വീസ് കമ്മീഷന്റെ സെക്രട്ടേറിയറ്റ്/പി.എസ്.സി/ എൽ.എഫ്.എ.ഡി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

76 (1942) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ്/പി.എസ്.സി./എൽ.എഫ്.എ.ഡി. എന്നിവിടങ്ങളിലേയ്ക്കുള്ള നിയമനത്തിനായി 8-4-2013-ൽ നിലവിൽ വന്ന പബ്ലിക് സർവീസ് കമ്മീഷന്റെ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം നാമമാത്രമായി മാത്രമേ നടക്കുന്നുള്ളൂവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വകുപ്പുകളിലേക്കുള്ള നിയമനത്തിനായി മുൻ റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒരു വർഷം മാത്രം 40-നും 500-നും ഇടയിൽ നിയമനം നടന്നപ്പോൾ നിലവിലെ ലിസ്റ്റിൽനിന്നും രണ്ട് വർഷം കൊണ്ട് 200-ൽ പരം നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂവെന്ന കാര്യം പരിശോധിക്കുമോ ;

(സി) വർഷാവർഷം സർവ്വീസിൽനിന്നും വിരമിക്കുന്നവരുടെ എണ്ണത്തിൽ വലിയ വ്യത്യാസമില്ലെന്നിരിക്കെ നിയമനത്തിൽ വന്ന ഈ കുറവ് ഫലത്തിൽ അപ്രഖ്യാപിത നിയമനനിരോധനം ആകുന്നില്ലേ എന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള സെക്രട്ടേറിയറ്റ്/പി.എസ്.സി./എൽ.എഫ്.എ.ഡി. റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ കാലയളവിൽ ഉണ്ടായ ഒഴിവുകളിലേക്ക് നിയമനം നടത്തിയിട്ടുണ്ട്.

(ബി-ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്കാണ് പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുന്നത്. ഈ കാലയളവിലുണ്ടായ ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തിയിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്**

77 (1943) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.സി. തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ; പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് 18-10-2012-ലാണ്. ടി ലിസ്റ്റിൽനിന്നും നാളിതുവരെ 451 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് നിയമനം**

78 (1944) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുവരെ നിയമനം നടത്തിയത് സംബന്ധിച്ച് സംവരണം തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം**

79 (1945) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിയവരുടെ സംവരണം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ എത്രപേർക്കാണ് നിയമനം നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിലെ കാലതാമസം**

80 (1946) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ തേടിയാൽ ഉടൻ തന്നെ മറുപടി നൽകാവുന്ന വിവരങ്ങൾ പോലും അനുവദിക്കപ്പെട്ടിട്ടുള്ളതിന്റെ അവസാന ദിവസം നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുമോ ;

(ബി) വിവരങ്ങൾ അപൂർണ്ണവും, സത്യവിരുദ്ധവുമായി നൽകുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത് ;

(സി) ആവർത്തിച്ച് തെറ്റായ വിവരങ്ങൾ നല്കുന്ന ഓഫീസിനും ഓഫീസർക്കുമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് നിയമം അനുശാസിക്കുന്നത് ;

(ഡി) വിവരാവകാശ നിയമത്തിന്റെ അന്തഃസത്തയും, സുതാര്യതയും, പൗരാവകാശവും സംരക്ഷിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2005-ലെ വിവരാവകാശനിയമം 7-ാം വകുപ്പ് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരം ഒരു വ്യക്തിയുടെ ജീവനേയോ അല്ലെങ്കിൽ സ്വാതന്ത്ര്യത്തേയോ സംബന്ധിച്ചുള്ളതാണെങ്കിൽ അപേക്ഷ ലഭിച്ച് 48 മണിക്കൂറിനകവും അല്ലാത്ത അപേക്ഷകളിൽ പരമാവധി 30 ദിവസത്തിനകവും വിവരം നൽകേണ്ടതാണെന്ന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. ആയതിനാൽ ടി സമയപരിധിക്കുള്ളിൽ വിവരങ്ങൾ നൽകിയില്ലെങ്കിൽ മാത്രമേ നിയമപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി&സി) അപൂർണ്ണവും സത്യവിരുദ്ധവുമായ വിവരങ്ങൾ നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ 2005-ലെ വിവരാവകാശനിയമം 20-ാം വകുപ്പ് അനുസരിച്ചുള്ള ശിക്ഷണ നടപടികളാണ് സ്വീകരിക്കേണ്ടത്. കൂടാതെ വിവരാവകാശ നിയമത്തിലെ 20(2) വകുപ്പ് അനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ ബാധകമാകുന്ന സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് വകുപ്പുതല നടപടിയും അനുശാസിക്കുന്നുണ്ട്.

(ഡി) വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിയമം അനുശാസിക്കുന്ന പ്രകാരവും ഭരണപരവുമായ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## സ്റ്റേറ്റ് സിവിൽ സർവ്വീസ്

81 (1947) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച സാധ്യതാ പഠനത്തിനായി 24-9-2013-ലെ ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റി റിപ്പോർട്ടിന്റെ സാരാംശം വെളിപ്പെടുത്തുമോ ; കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഈ സർവ്വീസിലേക്ക് പ്രായപരിധിയില്ലാതെ യോഗ്യരായ എല്ലാ ജീവനക്കാർക്കും ടെസ്റ്റിന്റെയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിൽ നിയമനം ലഭിക്കാനുള്ള സാഹചര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെ തീരുമാനങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അംഗീകരിച്ച് ഉത്തരവ് (16-8-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 228/14/പൊ.ഭ) പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ച സർവ്വീസ് സംഘടനകളുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തിയിരുന്നു. യോഗത്തിൽ പ്രത്യേകം തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**കോഴിക്കോട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം**

82 (1948) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 205/2009) റാങ്ക് ലിസ്റ്റിൽ എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട് ;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം ഏതെല്ലാം വകുപ്പുകളിലാണ് ടൈപ്പിസ്റ്റ് തസ്തികകൾ വെട്ടിക്കുറച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(സി) നിലവിൽ ഓരോ വകുപ്പുകളിലും ഉള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) നിലവിൽ തടസ്സങ്ങൾ നീക്കി മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-10-2014 വരെ 171 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**വികലാംഗരുടെ നിയമനം**

83 (1949) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയെന്ന് ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചു വരുന്നു.

## പത്തനംതിട്ട ജില്ലയിലെ വനിത എക്സൈസ് ഗാർഡ് നിയമനവും എസ്‌സി./എസ്‌റ്റി. സംവരണവും

84 (1950) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ വനിതകളെ എക്സൈസ് ഗാർഡുമാരായി നിയമിക്കുന്നതിന് പത്തനംതിട്ട ജില്ലയിൽ എന്നാണ് പി.എസ്.സി. പരീക്ഷ നടത്തിയത് ; റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു ; എത്ര ഒഴിവിലേക്കാണ് പരീക്ഷ നടത്തിയത് ; എത്ര പേർക്ക് നിയമനം ലഭിച്ചു ; ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ബി) പി.എസ്.സി. നിയമനങ്ങളിൽ സ്വീകരിക്കുന്ന റൊട്ടേഷൻ ചാർട്ട് പ്രകാരം എസ്‌സി., എസ്‌റ്റി. വിഭാഗങ്ങളിൽപ്പെടുന്നവർക്ക് പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രാമത്തെ വീതം നിയമനങ്ങളാണ് പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ളത് ; ഇനി പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് എത്രാമതാണ് നിയമനം ലഭിക്കുക ;

(സി) പി.എസ്.സി. നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന തസ്തികകളുടെ എണ്ണത്തിൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ കുറവു വരുത്തിയിട്ടുണ്ടോ ; എത്ര കുറവാണ് വരുത്തിയത് ; എന്തുകൊണ്ടാണ് കുറവു വരുത്തിയതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ വനിത എക്സൈസ് ഗാർഡുകളുടെ നിയമനത്തിനായി പത്തനംതിട്ട ജില്ലയിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തിയത് 3-9-2011-ലാണ്. ആയതിന്റെ റാങ്ക് ലിസ്റ്റ് 12-2-2014-ന് പ്രസിദ്ധീകരിച്ചു. 15 ഒഴിവുകളിലേക്കാണ് പരീക്ഷ നടന്നത്. 15 പേർക്ക് നിയമനം നൽകി. നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക ചേർക്കുന്നു :

| | |
|---|---|
| പട്ടിക ജാതി | പുലയ - 2 |
| മുസ്ലീം | 1 |
| ലത്തീൻ കത്തോലിക്ക | 1 |
| ഹിന്ദു ഈഴവ | 2 |
| ഹിന്ദു വീരശൈവ | 1 |
| ഓപ്പൺ കാറ്റഗറി | 8 |
| ആകെ | 15 |

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

**സർക്കാർ വകുപ്പുകൾ**

85 (1951) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് എത്ര സർക്കാർ വകുപ്പുകൾ ഉണ്ടെന്നും ഇവയിൽ എത്ര തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) സർക്കാർ വകുപ്പുകൾ ഒഴിവുകൾ പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് 114 സർക്കാർ വകുപ്പുകളുണ്ട്. ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി വകുപ്പു മേധാവികൾ സമർപ്പിച്ച രേഖകൾ പ്രകാരം മൂവായിരത്തി അഞ്ഞൂറോളം തസ്തികകളിലായി ആകെ 506556 (അഞ്ച് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി അൻപത്തി ആറ്) ജീവനക്കാരുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ 10-9-2014-ലെ 19493/

ഉപ.സി3/2014/ഉഭപവ നമ്പർ പരിപത്രത്തിലൂടെ എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ**

86 (1952) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത് എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ബി) KS&SSR റൂൾ 8 അനുസരിച്ച് മാതൃ വകുപ്പിലേക്ക് തിരിച്ചു വരുന്ന ഒരു ജീവനക്കാരന് അത്തരത്തിൽ വരുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; ആയതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ റൂൾ അനുസരിച്ച് എന്തെങ്കിലും കാരണം ബോധിപ്പിച്ചാലെ വകുപ്പ് മേധാവി ഇവരെ തിരിച്ചെടുക്കൂ എന്ന് നിബന്ധന ഉണ്ടോ ; ഉണ്ടെങ്കിൽ എന്ത് കാരണങ്ങളാണ് സ്വീകാര്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കമോ ;

(ഡി) KSR,KS&SSR എന്നിവയിലെ വ്യവസ്ഥകൾ വകുപ്പ് മേധാവിക്ക് ഇഷ്ടമുണ്ടെങ്കിൽ നടപ്പിലാക്കിയാൽ മതിയോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) KS&SSR റൂൾ 8 പ്രകാരം തിരികെ എടുക്കുന്നതിലും തിരികെ എടുത്തവർക്ക് സീനിയോറിറ്റി തിരികെ നൽകുന്നതിലും പ്രകടമായ വിവേചനം നടത്താൻ ഏതെങ്കിലും വകുപ്പ് മേധാവിക്ക് അവകാശമുണ്ടോ ;

(എഫ്) ഈ റൂൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതും തീരുമാനങ്ങൾ എടുക്കുന്നതും കുറ്റകരമാണോ ; എങ്കിൽ ഏത് ചട്ടപ്രകാരം ഇവർക്കെതിരെ നടപടി സ്വീകരിക്കാം എന്ന് വ്യക്തമാക്കുമോ ;

(ജി) സർവ്വീസ് റൂളുകൾക്ക് വിരുദ്ധമായി ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ വകുപ്പ് മേധാവിക്ക് അവകാശമുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; KS&SSR റൂൾ എട്ടുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയിട്ടുള്ള

ഉത്തരവുകളും സർക്കുലറുകളും ഏതൊക്കെയാണ് ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ; KS&SSR റൂൾ എട്ട് അനുസരിച്ച് തിരികെ മാതൃ വകുപ്പിൽ എത്തുന്ന ജീവനക്കാരന് സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിനു സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ : ആയത് വകുപ്പ് മേധാവിയുടെ വിവേചനാധികാരമാണോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; നോട്ട് ഫയലുകളിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി എഴുതുന്ന ഒരു ജീവനക്കാരനെതിരെ ഏതെല്ലാം സർവ്വീസ് ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കാം എന്ന് വ്യക്തമാക്കുമോ ; വ്യക്തമായ ചട്ടവും കോടതി വിധികളും പ്രീസിഡന്റ്സും ഉള്ളപ്പോൾ അവയ്ക്ക് വിരുദ്ധമായ അഭിപ്രായങ്ങൾ എഴുതുന്ന ജീവനക്കാർക്കെതിരെ വകുപ്പ് മേധാവികൾക്ക് സ്വീകരിക്കാവുന്ന ശിക്ഷണ നടപടികൾ എന്തൊക്കെയാണ് ; ഏതൊക്കെ ചട്ടങ്ങൾ പ്രകാരമാണ് എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള പബ്ലിക് സർവ്വീസസ് ആക്ടും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെയും മറ്റ് എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഇല്ല. ബാധകമല്ല.

(ഡി) KSR, KS&SSR's എന്നിവയിലെ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ നടപ്പിലാക്കുവാൻ വകുപ്പ് മേധാവികൾ ബാദ്ധ്യസ്ഥരാണ്.

(ഇ) ഇല്ല.

(എഫ്&ജി) പ്രധാനപ്പെട്ട ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.* സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ KCS (CC & A) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

## സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി

87 (1953) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കാനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുറഞ്ഞ പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രായപരിധി അതാതുവർഷം ജനുവരി ഒന്ന് എന്ന് വിജ്ഞാപനം ചെയ്യുന്നതുമൂലം ജനുവരി 2 മുതൽ ഡിസംബർ 31 വരെയുള്ള വിജ്ഞാപനകാലയളവിൽ നിശ്ചിത പ്രായം പൂർത്തിയാകുന്നവർക്ക് അപേക്ഷിക്കാനുള്ള അവസരം നഷ്ടമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പെൻഷൻ പറ്റുന്ന തീയതിയുടെ കാര്യത്തിൽ നിലനിന്നിരുന്ന അപാകത പരിഹരിച്ച് നീതി നടപ്പാക്കിയ തത്വത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്നതിനുള്ള വയസ്സിന്റെ കാര്യത്തിലും വിജ്ഞാപന വർഷത്തിലെ ഡിസംബർ 31 വരെയുള്ള തീയതിയിൽ നിശ്ചിത കുറഞ്ഞ/കൂടിയ പ്രായമെത്തുന്നവർക്ക് അപേക്ഷിക്കാനുള്ള അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഓരോ തസ്തികയ്ക്കും നിയമനത്തിനായുള്ള കുറഞ്ഞ പ്രായപരിധി, ആ തസ്തിക ഉൾപ്പെടുന്ന സ്പെഷ്യൽ റൂളിലാണ് നിശ്ചയിച്ചിരിക്കുന്നത്. പൊതു തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 18 വയസാണ്.

(ബി&സി) പി.എസ്.സി. വിജ്ഞാപനം ക്ഷണിക്കുന്ന കലണ്ടർ വർഷത്തിൽ ഉയർന്ന പ്രായപരിധി കഴിയുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു അവസരംകൂടി ലഭ്യമാക്കുന്ന തരത്തിലാണ് വിജ്ഞാപന വർഷം ജനുവരി ഒന്ന് അടിസ്ഥാനപ്പെടുത്തി കുറഞ്ഞ/ഉയർന്ന പ്രായപരിധി നിശ്ചയിച്ചിരിക്കുന്നത്. പ്രായപരിധി സംബന്ധിച്ച് നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന പക്ഷം വിജ്ഞാപന വർഷം ഉയർന്ന പ്രായപരിധി കഴിയുന്നവർക്ക് ഇപ്പോൾ ലഭ്യമാകുന്ന ഈ ആനുകൂല്യം നഷ്ടമാകും. കുറഞ്ഞ പ്രായപരിധിയും ഉയർന്ന പ്രായപരിധിയും രണ്ട് വ്യത്യസ്ത തീയതികൾ വച്ച് കണക്കാക്കുന്നത് പ്രായോഗികമാവില്ല.

## ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തൽ

88 (1954) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നീ സ്ഥാപനങ്ങളിലെ

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, സെക്യൂരിറ്റി ജീവനക്കാർ എന്നിവർക്ക് പൊതുലിസ്റ്റ് തയ്യാറാക്കുന്നത് പോലെ ഈ സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ ;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് അനുവദിച്ചിട്ടുള്ള പ്രൊമോഷൻ 10% എന്നത് സെക്രട്ടേറിയറ്റിലും പി.എസ്.സി.-യിലും നടപ്പാക്കുമോ ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കുന്നതിന് പി.എസ്.സി. എന്തെങ്കിലും മറുപടി സർക്കാരിനു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനു മുന്നോടിയായി ഇവരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ഭേദഗതികൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ വരുത്തേണ്ടതുണ്ട്. പി.എസ്.സി. ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താൻ കഴിയില്ല. പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇല്ല.

**മത്സ്യഫെഡിലെ പി.എസ്.സി. നിയമനം**

89 (1955) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി.

എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചുവെന്നും എന്നാണ് അയച്ചതെന്നും പറയാമോ ;

(ബി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ എത്ര പേരുണ്ടെന്ന് പറയാമോ ;

(സി) അഡ്വൈസ് മെമ്മോ അയച്ചിട്ടും മത്സ്യഫെഡിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയയ്ക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) വിശദമായ പരിശോധനകൾക്കു ശേഷം സർക്കാർ ഉത്തരവിനെത്തുടർന്ന് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് കാലതാമസം ഒഴിവാക്കി നിയമന ഉത്തരവ് നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. 24 ഉദ്യോഗാർത്ഥികൾക്ക് 16-9-2014-ൽ അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്.

(ബി) ടി ലിസ്റ്റിൽ രണ്ട് പട്ടികജാതി ഉദ്യോഗാർത്ഥികളുണ്ട്. പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ ആരും തന്നെയില്ല.

(സി&ഡി) അഡ്വൈസ് മെമ്മോ പ്രകാരം നിയമന ഉത്തരവ് നൽകുന്നതിന് 3 മാസക്കാലം സമയമനുവദിച്ചിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിട്ടതായി കാണുന്നില്ല.

**ജീവനക്കാരുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിന് മിന്നൽ പരിശോധന**

90 (1956) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജീവനക്കാരുടെ കാര്യക്ഷമതയും, ഓഫീസുകളിലെ ഹാജർ നിലയും നേരിട്ടു മനസ്സിലാക്കുന്നതിലേക്കായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ എത്ര പ്രാവശ്യം ഏതെല്ലാം ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി ;

(ബി) എന്നാണ് നടത്തിയത് ; തീയതിയും, ഓഫീസുകളും, സമയവും, ഇൻസ്പെക്ഷൻ നടത്തിയ മന്ത്രിയെയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഇൻസ്പെക്ഷൻ വഴി എന്തെല്ലാം ന്യൂനതകൾ കണ്ടെത്തി ; വിശദാംശം ലഭ്യമാക്കാമോ ?

## ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജീവനക്കാരുടെ കാര്യക്ഷമതയും, ഓഫീസുകളിലെ ഹാജർ നിലയും നേരിട്ട മനസ്സിലാക്കുന്നതിനായി മുഖ്യമന്ത്രി മിന്നൽ പരിശോധനകളൊന്നും നടത്തിയിട്ടില്ല. മന്ത്രിമാരിൽ പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം മൃഗശാലാ വകുപ്പമന്ത്രിയും ആരോഗ്യവകുപ്പമന്ത്രിയും നഗരകാര്യ ന്യൂനപക്ഷക്ഷേമവകുപ്പമന്ത്രിയും നടത്തിയ മിന്നൽ പരിശോധനയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം-മൃഗശാല വകുപ്പമന്ത്രി :

ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം ജീവനക്കാരുടെ കാര്യക്ഷമതയും ഓഫീസുകളിലെ ഹാജർ നിലയും നേരിട്ട് മനസ്സിലാക്കുന്നതിലേക്കായി ബഹു. പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം-മൃഗശാലാ വകുപ്പമന്ത്രി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളായ അട്ടപ്പാടി, പി.എം.എച്ച്. (ഗേൾസ്-1), പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്, കൽപറ്റ ഐ.ടി.ഡി.പി. ഓഫീസ്, തൃശ്ശിലേരി പ്രീ-മെട്രിക് ഹോസ്റ്റൽ, പനമരം പ്രീ-മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ), പി.എം.എച്ച്. മണിമൂളി എന്നിവിടങ്ങളിലും മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ഓഫീസുകളിൽ 13 തവണയും സന്ദർശിച്ച് പരിശോധന നടത്തിയിട്ടുണ്ട്. സന്ദർശനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഓഫീസ് | പരിശോധന നടത്തിയ തീയതി |
|---|---|---|
| 1. | പ്രീ-മെട്രിക് ഹോസ്റ്റൽ, അഗളി (പെൺകുട്ടികൾ) | 4-8-2011 |
| 2. | ഐ.ടി.ഡി.പി, കൽപറ്റ | 24-12-2011 |
| 3. | പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ് | 27-7-2012 |
| 4. | പ്രീ-മെട്രിക് ഹോസ്റ്റൽ, പനമരം (പെൺകുട്ടികൾ) | 12-6-2011 |
| 5. | പ്രീ-മെട്രിക് ഹോസ്റ്റൽ, പനമരം (ആൺകുട്ടികൾ) | 12-6-2011 |
| 6. | പ്രീ-മെട്രിക് ഹോസ്റ്റൽ, മണിമൂളി (പെൺകുട്ടികൾ) | 26-2-2013 |
| 7. | പ്രീ-മെട്രിക് ഹോസ്റ്റൽ, തൃശ്ശിലേരി (പെൺകുട്ടികൾ) | 8-10-2011 |

തിരുവനന്തപുരം മ്യൂസിയം മൃഗശാലാ വകുപ്പിൽ 31-8.2011, 26-7-2011, 17-12-2012,

21-12-2012, 12-3-2013, 23-5-2013, 10-9-2013, 20-11-2013, 28-5-2014 എന്നീ തീയതികളിലും തൃശ്ശൂർ മൃഗശാലാ മ്യൂസിയത്തിൽ 28-12-2012-ാം തീയതി 11.30 am-നും 7-10-2013-ാം തീയതി 2.45 pm-നും 11-7-2014-ാം തീയതി 6.00 pm-നും കോഴിക്കോട് മ്യൂസിയം മൃഗശാലാ വകുപ്പിൽ 10-2-2014-നും വകുപ്പുമന്ത്രി സന്ദർശനം നടത്തിയിട്ടുണ്ട്.

ആരോഗ്യവകുപ്പുമന്ത്രി :

ആരോഗ്യവകുപ്പുമന്ത്രി 22-4-2013 രാവിലെ 11.00 മണിക്ക് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ പരിശോധന നടത്തുകയുണ്ടായി.

നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി :

നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി നഗരകാര്യ ഡയറക്ടറേറ്റ്, ചീഫ് ടൗൺ പ്ലാനറുടെ ഓഫീസ്, കെ.എസ്.യു.ഡി.പി.-യുടെ തിരുവനന്തപുരം ട്രാൻസ് ടവേഴ്സിലുള്ള ഓഫീസ് എന്നിവിടങ്ങളിൽ ഓരോ പ്രാവശ്യം മിന്നൽ പരിശോധന നടത്തുകയുണ്ടായി.

14-10-2014-ൽ തിരുവനന്തപുരം നന്ദൻകോട് സ്വരാജ് ഭവനിലെ നഗരകാര്യ ഡയറക്ടറേറ്റിലും ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലും 28-10-2014-ാം തീയതി കെ.എസ്.യു.ഡി.പി.-യുടെ ഓഫീസിലും മിന്നൽ പരിശോധന നടത്തുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വിവിധ നഗരസഭകളിലും ജില്ലാ ഓഫീസുകളിലും പരിശോധന നടത്തിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം-മൃഗശാലാ വകുപ്പിനെ സംബന്ധിച്ച് അട്ടപ്പാടി ഐ.ടി.ഡി.പി. ഓഫീസിന് കീഴിലുള്ള അഗളി പ്രീ-മെട്രിക് ഹോസ്റ്റലിൽ ഹാജർ പുസ്തകത്തിലെ കൃത്രിമത്വം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി സ്ഥാപനത്തിലെ ഒരു കുക്കിനേയും ഒരു പി.റ്റി.എസ്.-നേയും സസ്പെന്റ് ചെയ്തു. കൂടാതെ ടി സ്ഥാപനത്തിലെ ഒരു കുക്കിനെ അന്തേവാസികളോടുള്ള പരുഷമായ പെരുമാറ്റം കാരണം സ്ഥലം മാറ്റിയിട്ടുണ്ട്. മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തൃശ്ശൂർ ഓഫീസിൽ മിന്നൽ പരിശോധന നടത്തിയപ്പോൾ ഹാജർ നില പരിശോധിക്കുകയും, അവധി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്ത ജീവനക്കാരോട് വിശദീകരണം നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ആരോഗ്യവകുപ്പുമന്ത്രി 22-4-2013-ന് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ പരിശോധന നടത്തിയപ്പോൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതായി കണ്ടെത്തിയ ജീവനക്കാരന്റെ പേരിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി നടത്തിയ

പരിശോധനയിൽ ഹാജർ നിലയിൽ കുറവ് കണ്ടെത്തി. മേലിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സർവ്വീസിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർ**

91 (1958) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ മേഖലയിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും, ഇവരിൽ എത്ര പേരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഭരണ വകുപ്പിൽ 113 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇവരിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. എന്നാൽ പത്തു വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവന്ന ഒരാളെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

**കാര്യക്ഷമതയുള്ള സിവിൽ സർവ്വീസിനായി ഭരണ പരിഷ്കാര കമ്മീഷൻ**

92 (1959) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാര്യക്ഷമതയുള്ള സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി പുതിയ ഭരണ പരിഷ്കാര കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) അവസാനമായി എന്നാണ് ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചത് ; അതിലെ ശിപാർശകൾ എന്തെല്ലാമായിരുന്നു ; അതിൽ എത്ര എണ്ണം നടപ്പിലാക്കി ; അവശേഷിക്കുന്നവ ഏതെല്ലാം ; വിശദാംശം നൽകാമോ ;

(സി) സംസ്ഥാന സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ തീർപ്പാക്കുന്നതിലേക്കായി 31-10-2014-ൽ എത്ര ഫയലുകൾ അവശേഷിക്കുന്നുണ്ട് ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഫയലുകൾ സംബന്ധിച്ച വിഷയം പൊതുജനങ്ങൾക്ക് അറിയുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ആണുള്ളത് ; ആയതിലേക്ക് ഓരോ ബ്ലോക്കിലും ഹെൽപ്പ് ഡസ്കുകൾ ഏർപ്പെടുത്തുമോ : വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇ. കെ. നായനാർ ചെയർമാനായുള്ള മൂന്നാമത് കേരള ഭരണപരിഷ്കാര കമ്മിറ്റിയാണ് (1997-ൽ) അവസാനമായി നിയമിതമായത്. മൂന്നാമത് ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശിപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇവയുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലാണ്. 5,9,14,15 എന്നീ നമ്പരുകളിലെ ശിപാർശകളാണ് നടപ്പിലാക്കിയിട്ടില്ലാത്തത്. അവയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) 128078 ഫയലുകളാണ് 31-10-2014-ൽ സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ തീർപ്പാക്കാൻ അവശേഷിക്കുന്നത്. വകുപ്പു തിരിച്ചുള്ള കണക്ക് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) നിലവിൽ ഇന്റർനെറ്റിന്റെ സഹായത്തോടെ 'IDEAS' സോഫ്റ്റ്‌വെയർ വഴി പൊതുജനങ്ങൾക്ക് ട്രാക്കിംഗ് നടത്താവുന്നതാണ്. കൂടാതെ സെക്രട്ടേറിയറ്റിലെ സന്ദർശക സഹായ കേന്ദ്രങ്ങളിൽ Touch Screen Kiosk-കൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴിയും പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാകുന്നതാണ്.

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ഒഴിവുകൾ**

93 (1960) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പൊതുഭരണ വകുപ്പിൽനിന്നും 2014 ഒക്ടോബർ മാസം വരെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് മുകളിലുള്ള എത്ര ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചു ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ ഏതൊക്കെ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ എത്ര അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) സെക്രട്ടേറിയറ്റിൽ തസ്തികമാറ്റം വഴി എത്ര പേർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട് ;

(ഇ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ 2015 മേയ് വരെയുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് മുകളിലുള്ള സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറിവരെ 20 പേർ വിരമിച്ചിട്ടുണ്ട്.

(ബി) മേൽ പറഞ്ഞ എല്ലാ തസ്തികകളിലും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ 19 അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സെക്രട്ടേറിയറ്റിൽ തസ്തികമാറ്റംവഴി 13 പേർക്ക് അസിസ്റ്റന്റായി നിയമനം നൽകിയിട്ടുണ്ട്. (ഏപ്രിൽ 2014 മുതൽ ഒക്ടോബർ 2014 വരെ)

(ഇ) 2015 മേയ് വരെ 63 റിട്ടയർമെന്റ് ഒഴിവുണ്ട്. ഇതിൽ ആശ്രിതനിയമനം/ബൈട്രാൻസ്ഫർ/സ്പോർസ് ക്വാട്ട തുടങ്ങിയ നിയമനങ്ങൾക്കായുള്ള നിശ്ചിത ശതമാനം ഒഴിവുകൾ നീക്കിവച്ച് ബാക്കിയുള്ള ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുള്ളൂ.

**ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിച്ച പുതിയ തസ്തികകൾ**

94 (1961) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിച്ച പുതിയ തസ്തികകൾ എത്രയാണ് ; വകുപ്പ് തിരിച്ച് വിശദമാക്കുമോ ;

(ബി) ധനകാര്യ വകുപ്പ് അനുവദിച്ചാൽ മാത്രം പുതിയ തസ്തികകൾ സൃഷ്ടിച്ചാൽ മതി എന്ന് മന്ത്രിസഭാ യോഗം തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ എന്ന് ; അതിനുശേഷം ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിച്ച തസ്തികകൾ എത്ര ; അനുമതിയോടു

കൂടി സൃഷ്ടിച്ച തസ്തികകൾ എത്ര ; അവ ഏതൊക്കെ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ നിലവിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കാത്ത പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ പാടുള്ളതല്ലായെന്ന് 11-6-2014-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## 2014 ഡിസംബർ 31-ന് കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകൾ

95 (1962) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഡിസംബർ 31-നു കാലാവധി അവസാനിക്കുന്ന എത്ര റാങ്ക് ലിസ്റ്റുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഓരോന്നിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ തസ്തികയിലും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു എന്നും കാലാവധി തീരുംമുമ്പ് പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ അഴിമതി

96 (1963) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ അഴിമതി നടന്നതായുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ അന്വേഷണം ഏതു ഘട്ടത്തിലാണ് ; കുറ്റാരോപിതരായ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ് ; ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ ;

(ബി) ഏതെല്ലാം കളക്ടർമാർ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിലെ അഴിമതി സംബന്ധമായി അന്വേഷണവും പരിശോധനയും നടത്തുകയുണ്ടായിട്ടുണ്ട് ; ചീഫ് ഇലക്ടറൽ ഓഫീസർക്ക് ഏതെല്ലാം കളക്ടർമാർ റിപ്പോർട്ട് നൽകിയിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ തിരുവനന്തപുരം ജില്ലാകളക്ടറേറ്റിൽ അഴിമതി നടന്നതായി ചീഫ് ഇലക്ടറൽ ഓഫീസർക്ക് ആക്ഷേപം ലഭിച്ചിരുന്നു. അവ വിശദമായ അന്വേഷണത്തിനും റിപ്പോർട്ടിനുമായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകുകയുണ്ടായി. ടി വിഷയത്തിൽ എ.ഡി.എം. മുഖാന്തരം വിശദമായ അന്വേഷണം നടത്തുന്നതായും പൊതുതെരഞ്ഞെടുപ്പ് സമയത്ത് ജില്ലയിലെ ഇലക്ഷൻ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. എസ്. രമേശ്, സീനിയർ ക്ലാർക്ക് ശ്രീ. എസ്. എസ്. സന്തോഷ് കുമാർ, ഓഫീസ് അറ്റന്റന്റ് ശ്രീ. രഞ്ചു എന്നീ ആരോപണ വിധേയരെ സ്ഥലം മാറ്റിയതായും 20-9-2014-ലെ പ്രാഥമിക റിപ്പോർട്ട്, 3-12-2014-ലെ കത്ത് എന്നിവ പ്രകാരം കളക്ടർ അറിയിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ സ്ഥലം മാറ്റം ലഭിച്ച സെക്ഷനുകളിൽ ഇപ്പോഴും ജോലി ചെയ്തുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച് മാത്രമേ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ളൂ. ആയതിനാൽ തിരുവനന്തപുരം ജില്ലാകളക്ടർ മാത്രമേ അന്വേഷണം നടത്തിയിട്ടുള്ളൂ. ഇദ്ദേഹം ഒരു പ്രാഥമിക റിപ്പോർട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദമായ അന്വേഷണ റിപ്പോർട്ട് ഉടൻ നൽകുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റവന്യൂ ഡി.ആർ.എഫ്. സെക്ഷനുകളിലെ ജോലിഭാരം

97 (1964) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഡി.ആർ.എഫ്. സെക്ഷനുകളിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് പരിഗണിക്കുമോ ;

(ബി) റവന്യൂ, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ വർക്ക് ഡിസ്ട്രിബ്യൂഷൻ സന്തുലിതമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റിലെ ഓരോ സെക്ഷനും അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിനനുസൃതമായി മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളൂ. എന്നാൽ, റവന്യൂ ഡി.ആർ.എഫ്. സെക്ഷനുകളിലെ ജോലിഭാരം കണക്കിലെടുത്ത് സൂപ്പർന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന മൂന്ന് അസിസ്റ്റന്റുമാരെക്കൂടി അവിടെ അധികമായി

നിയമിച്ചിട്ടുണ്ട്. എന്നാൽ ഇത് ഒരു സ്ഥിരം സംവിധാനമല്ല.

(ബി) എല്ലാ വകുപ്പുകളിലും ഏറെക്കുറെ സന്തുലിതമായ രീതിയിലാണ് വർക്ക് ഡിസ്ട്രിബ്യൂഷൻ നടത്തിയിരിക്കുന്നത്. എങ്കിലും ഓരോ വകുപ്പിലെയും ജോലിയുടെ സ്വഭാവമനുസരിച്ച് ജോലിയുടെ അളവിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം.

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

98 (1965) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളിൻമേലാണ് ധനസഹായം ഇനിയും നൽകുവാനുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ധനസഹായം വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മണ്ഡലം തിരിച്ചുള്ള കണക്ക് പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം വിതരണം ചെയ്യുന്നത് വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം എം.എൽ.എ.-മാരെ അറിയിക്കുന്നതിന് നടപടി

99 (1966) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായത്തിന് എം.എൽ.എ.-യുടെ ശിപാർശയോടുകൂടി അപേക്ഷിക്കുന്നവർക്ക് ധനസഹായം വിതരണം ചെയ്യുന്ന മുറയ്ക്ക് താലൂക്കാഫീസിൽനിന്നും പ്രസ്തുത വിവരം എം.എൽ.എ.-മാരെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

അപേക്ഷകളുടെ ബാഹുല്യംമൂലം ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായം

100 (1967) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നാട്ടിക മണ്ഡലത്തിൽനിന്ന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അപേക്ഷകളിൽ എത്രയെണ്ണത്തിനു ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആകെ എത്ര രൂപയുടെ ധനസഹായമാണ് ഗുണഭോക്താക്കൾക്ക് അനുവദിച്ചു വിതരണം നടത്തിയതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചു സൂക്ഷിക്കാറില്ല.

## മുല്ലപ്പെരിയാറിൽ നിന്നുള്ള ജലം ഉപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉൽപാദിപ്പിക്കുന്നത് സംബന്ധിച്ച്

101 (1968) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽനിന്നുള്ള ജലം ഉപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും കരാർ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ എപ്പോഴാണ് കരാർ ഉണ്ടാക്കിയതെന്നും കരാർ എത്ര വർഷത്തേക്കാണെന്നും വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാറിൽ നിന്നുള്ള ജലം ഉപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെങ്കിൽ അതിനു സംസ്ഥാനത്തിന് ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനം ഗുരുതരമായ വൈദ്യുത പ്രതിസന്ധി നേരിടുന്ന അവസ്ഥയിൽ മുല്ലപ്പെരിയാറിലെ ജലം ഉപയോഗിച്ച് തമിഴ്നാട് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽനിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ**

102 (1969) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉടനീളം കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ ഓഫീസുകൾക്ക് മുന്നിൽക്കിടന്ന് നശിച്ചുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ അവ ലേലം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഓരോ വകുപ്പിന്റെയും കീഴിൽ കണ്ടം ചെയ്യാൻ മാറ്റിയിട്ടിട്ടുള്ള എത്ര വാഹനങ്ങൾ വീതമുണ്ടെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ സാങ്കേതിക തടസ്സമുണ്ടെങ്കിൽ അവ നീക്കി സമയബന്ധിതമായി ലേലം ചെയ്തു സർക്കാരിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ചലയിടങ്ങളിൽ കണ്ടം ചെയ്യേണ്ട സർക്കാർ വാഹനങ്ങൾ ഓഫീസുകൾക്ക് മുന്നിൽക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം മൂലമാണ് കണ്ടം ചെയ്യേണ്ട വാഹനങ്ങളുടെ ലേല നടപടികൾ വൈകുന്നത്.

(സി) സർക്കാർ വാഹനങ്ങൾ കണ്ടം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വകുപ്പുതലങ്ങളിൽനിന്ന് സമയബന്ധിതമായി പൂർത്തിയാക്കി അതതു ഭരണ വകുപ്പുകൾക്ക്

കൈമാറുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി യഥാസമയം വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചു വരുന്നു.

**സുതാര്യ കേരളം പദ്ധതി**

103 (1970) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പദ്ധതിയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ലഭ്യമായ പരാതികളിൽ എത്രയെണ്ണം പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 119862 പരാതികൾ ലഭ്യമായിട്ടുണ്ട്.

(ബി) 68522 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

**കൊല്ലം തീരദേശ അതോറിറ്റി**

104 (1971) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ അതോറിറ്റി രൂപീകരിച്ച കൊല്ലം ജില്ലാതല സമിതി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സമിതിക്ക് ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; പരാതികൾ സംബന്ധിച്ച വിശദാംശം നല്കുമോ ;

(സി) പ്രസ്തുത പരാതികളിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ട് ; വിശദാംശം നല്കുമോ ;

(ഡി) സമിതി നിലവിൽ വന്നതിനുശേഷം കൊല്ലം ജില്ലയുടെ തീരത്ത് കയ്യേറ്റം, അനധികൃത നിർമ്മാണം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്യുന്ന ജില്ലാതല കമ്മിറ്റികൾ

രൂപീകരിച്ച് 12-12-2013-ൽ ഉത്തരവായിരുന്നു. കൊല്ലം ജില്ലയിലെ സമിതി ഇതുവരെ യോഗം ചേർന്ന് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

(ബി) ജില്ലാ സമിതിക്ക് മുമ്പാകെ പരാതികളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) സമിതി നിലവിൽ വന്നതിന് ശേഷവും കൊല്ലം ജില്ലയിൽ തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതായി കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ പരാതികൾ ലഭ്യമായിട്ടുണ്ട്. പരാതിയുടെ വിശദാംശങ്ങളും അവയിന്മേൽ അതോറിറ്റി സ്വീകരിച്ച നടപടികളും അനുബന്ധം ആയി ചേർക്കുന്നു.*

## മന്ത്രിതല സംഘങ്ങളുടെ കേന്ദ്ര സന്ദർശനം

105 (1972) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ മന്ത്രിതല സംഘങ്ങൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സംസ്ഥാനം നേരിടുന്ന ഏതെല്ലാം വിഷയങ്ങളാണ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചത് ;

(സി) ഇതിൽ ഏതെല്ലാം കാര്യങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചു നൽകി ;

(ഡി) മന്ത്രിതല സംഘങ്ങളുടെ സന്ദർശനത്തിനായി ഓരോ തവണയും എന്തു തുക ചെലവായി ; വിശദമാക്കാമോ ?

ഉത്തരം

(എ) ഏഴ് തവണ.

(ബി) സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള നിവേദനങ്ങളാണ് പല തവണയായി കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ളത്. അവസാനമായി 2014 ഒക്ടോബർ 16-ന് മുഖ്യമന്ത്രിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നേതൃത്വത്തിലുള്ള സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ച് ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ നിവേദനമായി സമർപ്പിച്ചു :

1. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ നോട്ടിഫിക്കേഷൻ പുറത്തിറക്കുക.
2. കോസ്റ്റൽ റഗുലേഷൻ സോൺ സംബന്ധമായ ചട്ടങ്ങളിൽ ഇളവു വരുത്തുക.
3. കേരളത്തിലെ റബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര നയങ്ങളിൽ മാറ്റം വരുത്തുക.
4. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുക.
5. മരുന്നുകളുടെ വില നിയന്ത്രിക്കുക.
6. പാലക്കാട് റെയിൽകോച്ച് ഫാക്ടറി സ്ഥാപിക്കുക.
7. വിഴിഞ്ഞം പദ്ധതിക്കായി VGF (Viability Gap Funding) അനുവദിക്കുക.
8. RCC-യെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുക.
9. നിലമ്പൂർ -നഞ്ചൻകോഡ് റെയിൽപ്പാത നിർമ്മാണം.
10. ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിയിലെ ഗുണഭോക്താക്കൾക്കായി ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുക.
11. FACT-ന്റെ പുനരുദ്ധാരണ പാക്കേജ്.
12. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസന ത്തിനുള്ളമൂലധന നിക്ഷേപം 40%-ൽ നിന്നും 75% ആക്കി ഉയർത്തുക.
13. കേരളത്തിൽ സബർബൻ റെയിൽ സർവ്വീസ് ആരംഭിക്കുക.
14. കേന്ദ്ര സർക്കാരിന്റെ 100 Smart City പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയെ ഉൾപ്പെടുത്തുക.
15. സൊമാലിയൻ കടൽക്കൊള്ളക്കാരുടെ പിടിയിലുള്ള നാവികരുടെ

മോചനം.

16. കേരളത്തിൽ നൈപുണ്യവികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ ധനസഹായം അനുവദിക്കുക.

17. Kerala University of Fisheries and Ocean Studies -ന് ഒറ്റത്തവണ സാമ്പത്തിക സഹായമായി 100 കോടി രൂപ അനുവദിക്കുക.

18. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുക.

(സി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) വിവിധ തീയതികളിലെ ഡൽഹി സന്ദർശനത്തിനായി നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2011 സെപ്റ്റംബർ 22, 23 | - | 1,40,235 |
| 2011 നവംബർ 21, 22 | - | 3,46,186 |
| 2012 മാർച്ച് 26, 27 | - | 58,100 |
| 2012 ജൂലൈ 1, 3 | - | 1,35,075 |
| 2013 മാർച്ച് 4, 5 | - | 1,63,491 |

3-7-2014, 4-7-2014, 16-10-2014 എന്നീ തീയതികളിലെ മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് യാത്രാബത്തയിനത്തിൽ ഖജനാവിൽ നിന്നും 26,014 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

**അന്യ സംസ്ഥാനങ്ങളിലെ സ്വത്തുവിവരം**

106 (1973) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യയിലെ ഏതൊക്കെ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമാണ് സംസ്ഥാനത്തിന് ഭൂസ്വത്തുക്കൾ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭൂസ്വത്തുക്കൾ ഓരോന്നും എവിടെയാണെന്നും ആയതിന്റെ വിസ്തീർണ്ണം, മതിപ്പുവില എന്നിവ എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ ഭൂസ്വത്തുക്കളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച പ്രമാണങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ കസ്റ്റോഡിയൻ ആരാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തമിഴ്നാട്, കർണ്ണാടക, ഉത്തർപ്രദേശ്, ന്യൂഡൽഹി.

(ബി)

| ക്രമ നമ്പർ | പേര് | വസ്തുവിന്റെ വിസ്തീർണ്ണം |
|---|---|---|
| 1. | കേരള ഹൗസ്, ന്യൂഡൽഹി | 2.496 ഏക്കർ |
| 2. | ട്രാവൻകൂർ ഹൗസ്, ന്യൂഡൽഹി | 8.075 ഏക്കർ |
| 3. | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | 4.108 ഏക്കർ |
| 4. | കേരള പവിലിയൻ, പ്രഗതി മൈതാൻ, ന്യൂഡൽഹി | 0.40 ഏക്കർ |
| 5. | തുള്ളോക്ക് ഗാർഡൻ, ചെന്നൈ | 8.00 ഏക്കർ |
| 6. | കേരള ഹൗസ്, കന്യാകുമാരി | 4.063 ഏക്കർ |
| 7. | കുറ്റാലം കൊട്ടാരം, കുറ്റാലം | 56.68 ഏക്കർ |
| 8. | പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി | വിവരം ശേഖരിച്ചു വരുന്നു. |
| 9. | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | 14.38 ഏക്കർ |
| 10. | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | 8.62 ഏക്കർ |

| | | |
|---|---|---|
| 11. | ടിമ്പർ ഡിപ്പോ, നഞ്ചൻകോട്, കർണ്ണാടക | 5.93 ഏക്കർ |
| 12. | സത്രം, വാരണാസി, ഉത്തർപ്രദേശ് | 0.175 ഏക്കർ |

സ്ഥലത്തിന്റെ മതിപ്പ് വില സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

**കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാത്ത വിഷയങ്ങളുടെ പരിഗണന**

107 (1974) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രബഡ്ജറ്റിനുശേഷം മുഖ്യമന്ത്രി ഏതെല്ലാം കേന്ദ്രമന്ത്രിമാരെ നേരിൽക്കണ്ട് ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെ പോയ കേരളത്തിന്റെ ആവശ്യങ്ങൾ വീണ്ടും ഉന്നയിക്കുകയുണ്ടായി ; വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം കാര്യങ്ങളിൽ ഏതെല്ലാം കേന്ദ്ര മന്ത്രിമാരിൽനിന്ന് ഉറപ്പുകൾ ലഭിക്കുകയുണ്ടായി ; ഈ ഉറപ്പുകളിൽ ഏതെല്ലാം ഇതുവരെ പാലിക്കുകയുണ്ടായി ; വ്യക്തമാക്കുമോ ;

(സി) യു.പി.എ. ഗവൺമെന്റിൽനിന്നും സംസ്ഥാനസർക്കാരിനു ലഭിച്ചിരുന്ന ഏതെല്ലാം ആവശ്യങ്ങളിന്മേലുള്ള ഉറപ്പുകൾ ഇനിയും നടപ്പാക്കാൻ അവശേഷിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റിനുശേഷം മുഖ്യമന്ത്രി പ്രധാനമന്ത്രിയടക്കം താഴെപ്പറയുന്ന കേന്ദ്ര മന്ത്രിമാരെ സന്ദർശിക്കുകയും കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു :

1. ശ്രീമതി സുഷമാ സ്വരാജ്- വിദേശകാര്യ വകുപ്പുമന്ത്രി
2. ശ്രീമതി സ്മൃതി സുബിൻ ഇറാനി- മാനവശേഷി വികസന വകുപ്പുമന്ത്രി
3. ശ്രീ. പ്രകാശ് ജാവദേക്കർ-പരിസ്ഥിതി, വനം, കാലാവസ്ഥ വകുപ്പു സഹമന്ത്രി

4. ശ്രീ. രാധാ മോഹൻസിംഗ്- കൃഷി വകുപ്പുമന്ത്രി

5. ശ്രീമതി നിർമ്മല സീതാരാമൻ- വാണിജ്യവും വ്യവസായവും വകുപ്പുമന്ത്രി

(ബി) സംസ്ഥാനം ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) എന്നിവയ്ക്ക് ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരിൽനിന്നും പ്രധാനമന്ത്രിയിൽനിന്നും അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാനം ഉന്നയിച്ച മറ്റ് ആവശ്യങ്ങൾക്കും അനുഭാവ പൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്.

(സി) യു.പി.എ. സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാർ സമർപ്പിച്ചിരുന്ന ആവശ്യങ്ങളിന്മേൽ അനുകൂലമായ സമീപനമായിരുന്നു കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നത്.

**രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടി**

108 (1975) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽനിന്ന് എത്ര പരാതികളാണ് സമർപ്പിക്കപ്പെട്ടത് ;

(ബി) അവയിൽ എത്ര പരാതികളിൽ തീർപ്പായിട്ടുണ്ട് ;

(സി) തീർപ്പാക്കാത്തവയിൻമേൽ എന്തു തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര പേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചു ;

(ഇ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര പേർക്ക് എന്തു തുക ധനസഹായമായി അനുവദിച്ചു ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ 26171 അപേക്ഷകൾ ലഭിച്ചു.

(ബി) 26,100 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) തീർപ്പാക്കാനുള്ള അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നടപടിയിലാണ്. അപേക്ഷകൾ തീർപ്പാക്കുന്ന മുറയ്ക്ക് നടപടി വിവരം അപേക്ഷകരെ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് നേരിട്ട് അറിയിക്കുന്നതാണ്.

(ഡി) എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ ആക്കുന്നതിനായി 4,787 അപേക്ഷകൾ ലഭിച്ചു. 393 പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്.

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി 8,852 അപേക്ഷകൾ ലഭിച്ചു. 2,313 അപേക്ഷകർക്കായി 2,75,17,000 രൂപ ധനസഹായം അനുവദിച്ചു.

**ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ**

109 (1976) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത് ഏത് ജില്ലയിൽ നിന്നാണ് ;

(ബി) ജനസമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിൽ നിന്ന് ലഭിച്ച അപേക്ഷകളുടെ എണ്ണവും വിശദാംശങ്ങളും നൽകാമോ ;

(സി) ജില്ലയിൽനിന്ന് ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പായിട്ടുണ്ട് ; തീർപ്പാകാത്ത അപേക്ഷകൾ എത്രയാണ് ; തീർപ്പാകാതിരിക്കാൻ കാരണമെന്താണ് ;

(ഡി) ജനസമ്പർക്ക പരിപാടിയിൽ ദുരിതാശ്വാസനിധിയിൽനിന്ന് സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ; ഇതിൽ പരിഗണിക്കപ്പെട്ടതും പരിഗണിക്കപ്പെടാത്തതുമായ അപേക്ഷകളുടെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ തൃശ്ശൂർ ജില്ലയിൽനിന്നും രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ജില്ലയിൽനിന്നുമാണ് ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചത്.

(ബി) കാസർഗോഡ് ജില്ലയിൽ 2011-ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ

22,417 പരാതികളും 2013 ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ 20863 പരാതികളും ലഭിച്ചിട്ടുണ്ട്.

(സി) ഒന്നാംഘട്ടത്തിൽ ലഭിച്ച 22417 പരാതികളും തീർപ്പാക്കിയിട്ടുണ്ട്. 2013-ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ 20863 പരാതികൾ രജിസ്റ്റർ ചെയ്തതിൽ ഇതുവരെയായി 19209 പരാതികൾ തീർപ്പാക്കി. 1654 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. തീർപ്പാകാൻ ബാക്കിയുള്ള അപേക്ഷകളിൽ നടപടികൾ എടുത്തു വരുന്നു.

(ഡി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനായി ലഭിച്ച 3457 അപേക്ഷകളിലും നടപടി സ്വീകരിച്ച് തുക അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച 3814 അപേക്ഷകളിൽ 3007 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കിയുള്ള 807 അപേക്ഷകളിൽ നടപടികൾ എടുത്തു വരുന്നതുമാണ്.

## 2014-15-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാനായി മുന്നോട്ടുവച്ച സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

110 (1977) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ കേന്ദ്രബഡ്ജറ്റിൽ പരിഗണിക്കാനായി സംസ്ഥാനത്തിന്റെ ഏതെല്ലാം ആവശ്യങ്ങൾ മുന്നോട്ട വയ്ക്കുകയുണ്ടായി ; ഇവയിൽ പരിഗണിക്കപ്പെട്ടവ ഏതൊക്കെ ; പരിഗണിക്കാതെ പോയവ ഏതൊക്കെ ; വിശദമാക്കുമോ ;

(ബി) ബഡ്ജറ്റ് അവതരണത്തിനു മുന്നോടിയായി മുഖ്യമന്ത്രി, സംസ്ഥാനത്തിന്റെ പ്രമുഖ ആവശ്യങ്ങൾ നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ, എപ്പോൾ ; നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിനു മുമ്പ് മുഖ്യമന്ത്രി ആരെല്ലാമായി ചർച്ച നടത്തിയെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക,

വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്യുക. സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വളർച്ച തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും പരമ്പരാഗത വ്യവസായങ്ങളുടെയും പുനരുദ്ധാരണത്തിനായി കേന്ദ്രസഹായം നൽകുക, പൊതു സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക, പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെലവു കുറഞ്ഞ വായ്പാ പദ്ധതികൾ ആരംഭിക്കുക. ഭവനവായ്പകളുടെ നിലവിലുള്ള പലിശ നിരക്ക് കുറയ്ക്കുക, സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവയാണ് സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികളിൽ പ്രധാനപ്പെട്ടവ.

സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ജി.എസ്.റ്റി. (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവ്വീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യൂണിറ്റുകൾക്ക് എക്സൈസ് തീരുവയിൽ ഇളവ് അനുവദിക്കുക, തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിരുന്നു. ഇതിനുപുറമേ കേന്ദ്ര ബഡ്ജറ്റിലെ നികുതി ഘടന സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ നികുതി നിർദ്ദേശങ്ങളും കേന്ദ്ര റവന്യൂ മന്ത്രാലയത്തെ അറിയിച്ചിരുന്നു. ജി.എസ്.റ്റി. നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ട സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ, സംസ്ഥാന ആഡംബര നികുതിയുടെ പരിധിയിൽ വരുന്ന ഇനങ്ങളെ കേന്ദ്ര സേവന നികുതിയുടെ പരിധിയിൽക്കൂടി ഉൾപ്പെടുത്തിയ നടപടി പിൻവലിക്കുക, റബ്ബർ, നാളികേരം തുടങ്ങി മുഖ്യമായും സംസ്ഥാനത്തുനിന്ന് ഉൽപാദിക്കപ്പെടുന്ന ഇനങ്ങളുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക, സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവുകൾ നൽകുക തുടങ്ങിയവയാണ് സംസ്ഥാനം സമർപ്പിച്ച നികുതി നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ.

2014-15-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടുന്നതിനായി സംസ്ഥാനം

മുന്നോട്ട് വച്ച ശിപാർശകൾ ഭാഗികമായി അംഗീകരിക്കപ്പെടുകയുണ്ടായി. കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 462.12 കോടി രൂപയും കാർഷികോൽപന്നങ്ങളുടെ വിലസ്ഥിരതാ പദ്ധതിയ്ക്ക് വേണ്ടി 500 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയത് ഇതുസംബന്ധിച്ച് സംസ്ഥാനം സമർപ്പിച്ച ശിപാർശകൾകൂടി കണക്കിലെടുത്താണ്. ചരക്ക് സേവന നികുതി (GST) നടപ്പിലാക്കുന്ന പ്രഖ്യാപനവും കേരളത്തിൽ IIT സ്ഥാപിക്കുമെന്ന വാഗ്ദാനവും സംസ്ഥാന ശിപാർശകൾ അംഗീകരിക്കപ്പെട്ടതിന്റെ സൂചകങ്ങളാണ്.

എറണാകുളത്ത് ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ സ്ഥാപിക്കൽ, 'സ്കിൽ ഇന്ത്യാ പദ്ധതി' ശുചിത്വ പദ്ധതി, മാതൃ-ശിശു സംരക്ഷണം, വനിതാ വികസനം, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ തുടങ്ങിയവരുടെ ക്ഷേമം ലക്ഷ്യമാക്കി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിപുലീകരണം, കൃഷി, വിദ്യാഭ്യാസം, ഭക്ഷ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ തുടങ്ങിയവയൊക്കെ സംസ്ഥാനം സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കപ്പെട്ടവയല്ല എങ്കിൽപ്പോലും മേൽപദ്ധതികൾ നടപ്പിലാക്കുന്നത് പൊതുവിൽ സംസ്ഥാനത്തിന് പ്രയോജനപ്രദമാണെന്ന് വിലയിരുത്തപ്പെടുന്നു. സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക, പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുക, സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവ പരിഗണിക്കാതെ പോയ പ്രധാന നിർദ്ദേശങ്ങളാണ്.

(ബി) 2014-15-ലെ കേന്ദ്രബഡ്ജറ്റ് അവതരണത്തിനു മുന്നോടിയായി സംസ്ഥാനത്തിന്റെ പ്രമുഖ ആവശ്യങ്ങൾ മുഖ്യമന്ത്രി നിവേദനത്തിലൂടെ പ്രധാനമന്ത്രി അടക്കമുള്ള കേന്ദ്രമന്ത്രിമാർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലക്കാട്ടെ റെയിൽ കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ നിർമ്മാണ ഫാക്ടറി, തിരുവനന്തപുരം-കായംകുളം/ഹരിപ്പാട് റൂട്ടിലെ സബർബൻ റെയിൽവേ സർവ്വീസ്, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, പുതിയ റെയിൽപ്പാതകൾ, കണ്ണൂർ എയർപോർട്ടിന് റെയിൽ കണക്ടിവിറ്റി നൽകുന്നതിന് കണ്ണൂർ-മട്ടന്നൂർ റെയിൽപ്പാത തുടങ്ങിയ കേരളത്തിലെ വിവിധ റെയിൽവേ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയുള്ള തുക 2014-15-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 30-5-2014-ലെ നിവേദനം മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. കളമശ്ശേരിയിൽ സ്ഥാപിക്കുന്ന ടെക്നോളജി ഇന്നവേഷൻ

സോണിന് 2014-15-ലെ ബഡ്ജറ്റിൽ വിഹിതം ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള 4-6-2014-ലെ നിവേദനം മുഖ്യമന്ത്രി, പ്രധാന മന്ത്രിയ്ക്കും, കേന്ദ്ര ശാസ്ത്ര-സാങ്കേതിക മന്ത്രിയ്ക്കും നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഫാക്ടിന് പുനരുദ്ധാരണ പാക്കേജ് ആവശ്യപ്പെട്ടുകൊണ്ടുള്ള 30-5-2014-ലെ നിവേദനം കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രിയ്ക്കും റബ്ബർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള 3-7-2014-ലെ നിവേദനം പ്രധാനമന്ത്രിയ്ക്കും 2014-15-ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി നൽകിയിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 9-6-2014-ൽ കേന്ദ്ര ധനമന്ത്രി വിളിച്ചു ചേർത്ത പ്രീ-ബഡ്ജറ്റ് മീറ്റിംഗിൽ പങ്കെടുത്ത് ധനമന്ത്രി ആവശ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

## വിദേശമദ്യത്തിന്റെ ഉത്പാദനം

111 (1978) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീര്യംകൂടിയ വിദേശമദ്യത്തിന്റെ ഉത്പാദനം സംസ്ഥാനത്ത് നിർത്തലാക്കിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച സർക്കാരിന്റെ നിലപാട് പ്രഖ്യാപിത മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ; ഇതിന്റെയടിസ്ഥാനത്തിൽ ഏതെല്ലാം ഡിസ്റ്റിലറികളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട് ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ വിദേശമദ്യം ഉല്പാദിപ്പിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ വഴി പ്രതിവർഷം എത്രമാത്രം ; വിശദമാക്കാമോ ;

(സി) വിദേശമദ്യത്തിന്റെ വില്പനയ്ക്കും വിതരണത്തിനും ആർക്കെല്ലാമാണിപ്പോൾ അവകാശം നൽകിയിരിക്കുന്നത് ?

### ഉത്തരം

(എ) ഇല്ല ; മദ്യത്തിന്റെ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഡിസ്റ്റിലറികൾ നിർത്തലാക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല.

(ബി) ഉണ്ട്.

1. എസ്.ടി.ഡി., നെയ്യാറ്റിൻകര.
2. ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ്, തിരുവല്ല.
3. യുണൈറ്റഡ് സ്പിരിറ്റ്സ്, ചേർത്തല.
4. കാസനോവ ഡിസ്റ്റിലറി, കോട്ടയം
5. ദേവികുളം ഡിസ്റ്റലറീസ്, കാക്കനാട്.
6. ഇൻഡോ സ്കോട്ടിഷ് ബ്രാൻഡ് പ്രൈവറ്റ് ലിമിറ്റഡ്, ഡിസ്റ്റിലറി, കൊച്ചി.
7. പോൾസൺ ഡിസ്റ്റിലറി, തൃശ്ശൂർ.
8. സെവൻസീസ് ഡിസ്റ്റിലറി, മണ്ണുത്തി.
9. കെയ്സി ഡിസ്റ്റിലറി, പുതുക്കാട്.
10. എസ്.ഡി.എഫ്. ഇൻഡസ്ട്രീസ്, പാമ്പാടി.
11. എലൈറ്റ് ഡിസ്റ്റലറീസ്, മുണ്ടൂർ.
12. അമൃത് ഡിസ്റ്റിലറി, പാലക്കാട്.
13. എം.പി. ഡിസ്റ്റിലറി, കഞ്ചിക്കോട്.
14. കേരളാ ആൾക്കഹോളിക് പ്രോഡക്ട്സ്, മീനാക്ഷിപുരം.
15. ഇംപീരിയൽ സ്പിരിറ്റ്സ്, ഗോവിന്ദപുരം.
16. യുണൈറ്റഡ് സ്പിരിറ്റ്സ്, പാലക്കാട്.
17. യുണൈറ്റഡ് ഡിസ്റ്റിലറി, വെങ്ങാലിപ്പാറ.
18. കെ.എസ്. ഡിസ്റ്റിലറി, കണ്ണൂർ.
19. നോർമണ്ടി ബ്രൂവറീസ് & ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ്, ചീമേനി.

ഈ സ്ഥാപനങ്ങളിൽനിന്നും പ്രതിവർഷം ശരാശി 2.5 കോടി കെയ്സ് വിദേശ മദ്യം ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്.

(സി) വിദേശ മദ്യത്തിന്റെ വില്പനയ്ക്കും വിതരണത്തിനും കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് മാത്രമാണ് അവകാശം നൽകിയിട്ടുള്ളത്.

**കെ.എസ്.ബി.സി.-യുടെ ഔട്ട് ലെറ്റുകൾ**

112 (1979) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയ്ക്കരികിലും ജനനിബിഡമായ പ്രദേശങ്ങളിലുമുള്ള കെ.എസ്.ബി.സി.-യുടെ ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കണമെന്ന ബഹു. ഹൈക്കോടതി ഉത്തരവിന്റെ പ്രസക്തഭാഗം നൽകാമോ ;

(ബി) ബാർ അടച്ചിട്ടതിനുശേഷം കെ.എസ്.ബി.സി. വഴിയുള്ള വിറ്റുവരവിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ബാർ നിർത്തലാക്കിയതിനു ശേഷം (കോടതി ഇടപെടൽ വന്നതൊഴികെ) മദ്യത്തിന് വില കൂടിയിട്ടുണ്ടോ ; കുറഞ്ഞിട്ടുണ്ടോ ;

(ഡി) സർക്കാർ മദ്യനയം നടപ്പിലാക്കിയതിന്റെ ഭാഗമായി ഷോപ്പുകൾ എവിടെയൊക്കെ പൂട്ടിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ബഹു. ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ബാർ അടച്ചിട്ടതിനുശേഷം കെ.എസ്.ബി.സി. വഴി വിറ്റ മദ്യം (ഏപ്രിൽ 2014 മുതൽ ഒക്ടോബർ 2014 വരെ) 5731.47 കോടി രൂപയാണ്.

(സി) ബാർ നിർത്തലാക്കിയതിനുശേഷം മദ്യത്തിന് വില്പന നികുതി കൂട്ടിയതുമൂലവും, 5 % റീഹാബിലിറ്റേഷൻ സെസ്സ് ഏർപ്പെടുത്തിയതുമൂലവും വില കൂടിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മദ്യനയം നടപ്പിലാക്കിയതിന്റെ ഭാഗമായി അടച്ചുപൂട്ടിയ ഷോപ്പുകളുടെ വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

### മദ്യ വിപണന മേഖലയിലെ സെയിൽസ് പ്രൊമോഷൻ ജീവനക്കാർ

113 (1980) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യ വിപണന മേഖലയിൽ മദ്യ കമ്പനികളുടെ ഉല്പന്നങ്ങൾ പ്രൊമോട്ട് ചെയ്യുന്ന എത്ര സെയിൽസ് പ്രൊമോഷൻ ജീവനക്കാരുണ്ട് ;

(ബി) പുതിയ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായി സെയിൽസ് പ്രൊമോഷൻ ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെടുന്ന സെയിൽസ് പ്രൊമോഷൻ ജീവനക്കാരെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) മദ്യ വിപണന മേഖലയിൽ മദ്യ കമ്പനികളുടെ ഉൽപ്പന്നങ്ങൾ പ്രൊമോട്ട് ചെയ്യുന്ന സെയിൽസ് പ്രൊമോഷൻ ജീവനക്കാരുടെ വിവരങ്ങൾ എക്സൈസ് വകുപ്പിന് ലഭ്യമല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

### മദ്യ നിരോധനം-തൊഴിലാളികളുടെ പുനരധിവാസം

114 (1981) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്യ നിരോധനത്തെ തുടർന്ന് ബീവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ പൂട്ടുമ്പോൾ തൊഴിലാളികളെ എപ്രകാരം പുനരധിവസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; ഇതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

2014-15 ലെ മദ്യനയ പ്രകാരം ബിവറേജസ് കോർപ്പറേഷന്റെ 34 ചില്ലറ വില്പനശാലകൾ അടച്ചു പൂട്ടിയതുമൂലം ടി വില്പനശാലകളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ ഉൾപ്പെടെയുള്ള ജീവനക്കാരെ ജീവനക്കാർ കുറവുള്ള മറ്റ് ഷോപ്പുകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷനിലെ തൊഴിലാളികളുടെ പുനരധിവാസം സംബന്ധിച്ച് പ്രത്യേക പദ്ധതികൾ ഒന്നും രൂപീകരിച്ചിട്ടില്ല.

**ലഹരി വിരുദ്ധ ബോധവത്ക്കരണം**

115 (1982) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനത്തിന് ആകെ ചെലവാക്കിയ തുക എത്രയെന്ന് അറിയിക്കുമോ ;

(ബി) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന നടത്തിയ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ ;

(സി) ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി 3,32,97,431 (മൂന്ന് കോടി മുപ്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നാന്നൂറ്റി മുപ്പത്തി ഒന്ന് രൂപ) ചെലവഴിച്ചു.

(ബി&സി) മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെകുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാന്മാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1298 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 165 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി സാക്ഷാത്കരിക്കുന്നതിനായി ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ,

സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകൾ റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

**മദ്യ കുപ്പികൾക്കുള്ള ഹോളോഗ്രാം നിർമ്മാണം**

116 (1983) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മദ്യ കുപ്പികൾക്കുള്ള ഹോളോഗ്രാം നിർമ്മാണത്തിലെ സുരക്ഷാ ഘടകങ്ങൾ ഫലപ്രദമായിട്ടുള്ളതാണോ ;

(ബി) ഹോളോഗ്രാം ലേബൽ നിർമ്മാണത്തിൽനിന്ന് സി-ഡിറ്റിനെ ഒഴിവാക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് ; സി-ഡിറ്റിനെ ഒഴിവാക്കിയതിനു ശേഷം സ്വകാര്യ കമ്പനിയെ ഏല്പിക്കാൻ എക്സൈസ് വകുപ്പ് ടെണ്ടർ വിളിച്ചിട്ടുണ്ടോ ; സി-ഡിറ്റിന് ഉണ്ടായിരുന്ന കരാർ നീട്ടി നൽകാതിരുന്നത് എന്തുകൊണ്ടാണ് ;

(സി) എക്സൈസ് വകുപ്പ്, സി-ഡിറ്റിനെ ഒഴിവാക്കി കർണ്ണാടകയിലെ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുമ്പോൾ, കർണ്ണാടക സർക്കാർ സി-ഡിറ്റിന്റെ സാങ്കേതികവിദ്യ പഠിക്കാൻ സി-ഡിറ്റിലെത്തിയ വിവരം എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-ബി) ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലിന്റെ നിർമ്മാണം നടത്തുന്നതിനായി കെ.എസ്.ബി.സി. സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ടു. എന്നാൽ വൻസുരക്ഷാ ക്രമീകരണങ്ങളോടെ ഹോളോഗ്രാമിന്റെ പ്രിന്റിംഗ് നടത്തേണ്ടതിനു പകരം സി-ഡിറ്റ് ടി ലേബൽ നിർമ്മാണം ഈ രംഗത്ത് മുൻപരിചയമില്ലാത്ത ഒരു സ്വകാര്യ കമ്പനിക്ക് നൽകികൊണ്ടു കരാറിൽ ഏർപ്പെട്ടതായും ടി സ്വകാര്യ കമ്പനി

സി-ഡിറ്റിന് പുറത്ത് എറണാകുളത്തും തമിഴ്നാട്ടിൽ വാളയാർ ചെക്ക് പോസ്റ്റിനടുത്തും ടി ലേബലുകൾ നിർമ്മിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇതുസംബന്ധിച്ച് എക്സൈസ് വിജിലൻസ് അന്വേഷണം നടത്തിയതിൽ സി-ഡിറ്റ് 'പ്രോസസ്സ് കളർ' എന്ന സ്വകാര്യ സ്ഥാപനവുമായി സെക്യൂരിറ്റി ലേബലുകൾ പ്രിന്റ് ചെയ്തു നൽകുന്നതിന് കരാർ ഉണ്ടാക്കിയത്, സി-ഡിറ്റും കെ.എസ്.ബി.സി.-യും തമ്മിലുണ്ടാക്കിയ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയിരുന്നു. സി & എ.ജി.-യുടെ റിപ്പോർട്ട് പ്രകാരം എക്സൈസ് കമ്മീഷണറുടെ ഒപ്പോടുകൂടിയ സെക്യൂരിറ്റി ലേബലുകൾ കൈകാര്യം ചെയ്യുന്നത് ലൈസൻസിയായ കെ.എസ്.ബി.സി.-യാണ്. എക്സൈസ് വകുപ്പിന് ടി ലേബലുകളുടെ നിയന്ത്രണം ഇല്ലാത്തതുകൊണ്ട് ശക്തമായ സൂപ്പർ വിഷൻ ഈ കാര്യത്തിൽ നടക്കുന്നില്ലെന്നും അതുകൊണ്ട് സർക്കാരിനു വേണ്ടി എക്സൈസ് വകുപ്പു തന്നെ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കണമെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർക്കാർ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും എക്സൈസ് വകുപ്പിന്റെ ശക്തമായ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇതിലേക്കായി സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച ആർ.എഫ്.പി. സർക്കാരിന്റെ പരിഗണനയിലാണ്. ഹോളോഗ്രാം നിർമ്മാണത്തിലേക്കായി എക്സൈസ് വകുപ്പ് ഇതേവരെ ടെണ്ടർ വിളിച്ചിട്ടില്ല. കൂടാതെ ഹോളോഗ്രാം ലേബൽ നിർമ്മാണത്തിൽ നിന്ന് സി-ഡിറ്റിനെ ഒഴിവാക്കാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഹോളോഗ്രാം സ്റ്റിക്കർ ഇപ്പോഴും സി-ഡിറ്റിൽ തന്നെയാണ് പ്രിന്റ് ചെയ്യുന്നത്.

## പുതിയ മദ്യ നയം- അനധികൃത സ്പിരിറ്റ് കടത്ത്, വ്യാജ ചാരായ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട കേസ്സുകൾ

117 (1984) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പുതിയ മദ്യ നയം പ്രഖ്യാപിച്ചതിനു ശേഷം അനധികൃത സ്പിരിറ്റ് കടത്ത് ശക്തിപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാലയളവിൽ എത്ര സ്പിരിറ്റ് കടത്ത് കേസുകളാണ് ഉണ്ടായിട്ടുള്ളത് ;

(സി) എല്ലാം കൂടി എത്ര ലിറ്റർ സ്പിരിറ്റാണ് അനധികൃതമായി കേരളത്തിലേക്ക് കടത്തിയിട്ടുള്ളത് ;

(ഡി) വ്യാജ ചാരായ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് ;

(ഇ) എത്ര കേസുകളാണ് ഇപ്പോൾ കോടതികളിൽ വ്യാജ മദ്യ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിച്ചതിനുശേഷം അനധികൃത സ്പിരിറ്റ് കടത്ത് ശക്തിപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 16 കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) 19029 ലിറ്റർ സ്പിരിറ്റ് പിടികൂടിയിട്ടുണ്ട്.

(ഡി) 211 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഇ) 733 കേസ്സുകളാണ് കോടതിയിലുള്ളത്.

**പുകയില ഉൽപന്നങ്ങളുടെ വിൽപന**

118 (1985) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ :

നിരോധിക്കപ്പെട്ട പുകയില ഉല്പന്നങ്ങൾ വിൽപന നടത്തുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ എന്തൊക്കെയാണ് ; പ്രസ്തുത ശിക്ഷകൾ വളരെ നിസാരമാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പുകയില ഉല്പന്നങ്ങൾ വിൽപന നടത്തുന്ന വർക്കെതിരായ ശിക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

Cigarettes & other Tobacco Products Act, 2003-ലെ വ്യവസ്ഥകളനുസരിച്ച്

പൊതുസ്ഥലത്ത് പുകവലിക്കുന്നവർക്കെതിരെയും കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക സമീപവും 18 വയസ്സിനു താഴെയുള്ളവർക്കും പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നവർക്കെതിരെ, കർശനമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. Cigarettes and other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act, 2003 പ്രകാരം പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നവർക്കും പുകയിലയുടെ അനുബന്ധ ഉല്പന്നങ്ങളും പ്രായപൂർത്തിയാകാത്തവർക്ക് വിൽക്കുന്നവർക്കുമെതിരെ 200 രൂപ പിഴ ചുമത്തുന്നതിന് വ്യവസ്ഥയുണ്ട്. പുകയില ഉല്പന്നങ്ങളുടെ പരസ്യത്തിനും പ്രചാരണത്തിനും നേരിട്ടും അല്ലാതെയും ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ 1000 രൂപ പിഴയോ അല്ലെങ്കിൽ 2 വർഷത്തിൽ കുറയാത്ത ജയിൽവാസമോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷയായി ലഭിക്കാവുന്നതാണ്. ഇത്തരത്തിൽ ഒരിക്കൽ ശിക്ഷിക്കപ്പെട്ടയാൾ തുടർന്നും ഇതേ കുറ്റം ആവർത്തിക്കുകയാണെങ്കിൽ 5000 രൂപവരെ പിഴയും 5 വർഷം വരെ ജയിൽ ശിക്ഷയും അനുഭവിക്കേണ്ടതാണ്. പുകയിലയുടേയും അനുബന്ധ ഉല്പന്നങ്ങളുടേയും കവറുകളിൽ ഇവയുടെ നിർമ്മാതാക്കൾ നിയമപ്രകാരമുള്ള മുൻകരുതലുകൾ അച്ചടിച്ച് പ്രദർശിപ്പിക്കാത്തപക്ഷം, 5,000 രൂപവരെ പിഴയോ, 2 വർഷം വരെ ആകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ലഭിക്കാവുന്നതും ശിക്ഷ ആവർത്തിക്കുകയാണെങ്കിൽ, 10,000 രൂപവരെ പിഴയോ 5 വർഷം വരെ ആകാവുന്ന തടവു ശിക്ഷയോ ലഭിക്കുന്നതാണ്. നിലവിൽ പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നവർക്കെതിരെയുള്ള ശിക്ഷണ നടപടികൾ വർദ്ധിപ്പിക്കുന്ന കാര്യം എക്സൈസ് വകുപ്പിന്റെ പരിഗണനയിലില്ല.

**മദ്യ നയം**

119 (1986) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ 2014-15 വർഷത്തേക്ക് മദ്യനയം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ കോപ്പി നൽകാമോ ;

(ബി) കഴിഞ്ഞ വർഷം പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതെങ്കിലും ബാറുകൾക്ക് ഈ വർഷം പ്രവർത്തനാനുമതി നിഷേധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണത്തിന് ; എന്തു കാരണത്താലാണ് ഇവയ്ക്ക് പ്രവർത്തനാനുമതി നിഷേധിച്ചത് എന്നും ഇവയുടെ

ലിസ്റ്റ് തയ്യാറാക്കിയത് ആരാണെന്നും വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ ബാറുകളുടെ നിലവാരം സംബന്ധിച്ച് എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ ; ഈ പരിശോധനയുടെ അടിസ്ഥാനത്തിലാണോ ബാറുകൾക്ക് പ്രവർത്തനാനുമതി നിഷേധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഒരു ബാർ ഹോട്ടൽ പ്രവർത്തിക്കാൻ വേണ്ട മിനിമം സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ സൗകര്യങ്ങൾ ആണെന്ന് വിശദമാക്കാമോ ;

(ഇ) സർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള ഹോട്ടലുകൾക്കാണോ ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത് ; ഈ മാനദണ്ഡങ്ങൾ പാലിക്കാത്ത ഹോട്ടലുകൾ പുതുക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ ;

(എഫ്) ലൈസൻസ് പുതുക്കി നൽകാത്ത ബാർ ഹോട്ടലുകളിൽ ഏതിലെങ്കിലും ഈ മാനദണ്ഡങ്ങൾ ഉള്ളവയുണ്ടോ ; നിലവാരം ഉള്ള ബാറുകൾക്ക് പ്രവർത്തനാനുമതി നിഷേധിച്ച നടപടി പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 12-2-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 22/2014/നി.വ. പ്രകാരം കള്ള് ചെത്ത് വ്യവസായ മേഖലയ്ക്കുള്ള 2014-15 -ലെ അബ്കാരി നയവും 22-8-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 139/2014/ നി.വ പ്രകാരം സമഗ്ര മദ്യനയവും പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ലഭ്യമാക്കുന്നു.*

(ബി) കഴിഞ്ഞ വർഷം പ്രവർത്തിച്ചുകൊണ്ടിരുന്ന ബാറുകളിൽ 428 എണ്ണത്തിന് ഈ വർഷം പ്രവർത്തനാനുമതി നിഷേധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 3196/14 മുതൽ കേസുകളിന്മേലുള്ള 5-3-2014-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഇവയിൽ 8 എണ്ണത്തിന്റെ ബാർ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതും 6 എണ്ണത്തിന്റെ ലൈസൻസ് 2014-15 വർഷത്തേക്ക് പുതുക്കി നൽകാത്തതുമാകുന്നു. ബാക്കി 414 ഹോട്ടലുകൾ സി.എ.ജി. റിപ്പോർട്ടിൽ നിലവാര മില്ലായെന്ന് പ്രതിപാദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനാനുമതി നിഷേധിച്ചത്. കോടതി വിധിയുടേയും സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പാണ് ഇവയുടെ ലിസ്റ്റ് തയ്യാറാക്കിയത്.

(സി) സി.എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ഹോട്ടലുകൾക്കാണ് പ്രവർത്തനാനുമതി നിഷേധിച്ചത്.

(ഡി) സർക്കാരിന്റെ 2014-15 വർഷത്തേക്കുള്ള മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒരു ബാർ ഹോട്ടൽ പ്രവർത്തിക്കാൻ വേണ്ട മിനിമം സൗകര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ടൂറിസം മന്ത്രാലയം പുറപ്പെടുവിച്ച ഫൈവ് സ്റ്റാർ ക്ലാസിഫിക്കേഷനാവശ്യമായ സൗകര്യങ്ങളാണ്.

(ഇ) സി.എ.ജി. റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്ന 418 ഹോട്ടലുകൾക്കെതിരെ ഉണ്ടായ സുപ്രീം കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സി.എ.ജി. റിപ്പോർട്ടിൽ പ്രതിപാദിച്ച ഹോട്ടലുകളുടെ ബാർ ലൈസൻസുകളും സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 3196/14 മുതൽ കേസുകളിന്മേലുള്ള 5-3-2014-ലെ വിധിയുടെ അടിസ്ഥാനത്തിൽ 6 എണ്ണത്തിന്റെയും ഒഴികെ 312 ബാർ ലൈസൻസുകളാണ് പുതുക്കി നൽകിയിട്ടുള്ളത്. എന്നാൽ പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ 21 ഫൈവ് സ്റ്റാർ ഹോട്ടലുകൾ ഒഴികെയുള്ള എല്ലാ ഹോട്ടലുകളുടെയും ബാർ ലൈസൻസുകൾ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളതും എന്നാൽ ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിൽ ടി ഹോട്ടലുകളുംകൂടി ഇപ്പോൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(എഫ്) ലൈസൻസ് പുതുക്കി നൽകാത്ത ഹോട്ടലുകൾക്ക് ഒന്നും തന്നെ 5 സ്റ്റാർ ക്ലാസിഫിക്കേഷനില്ല.

## എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതി

120 (1987) ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പിൽ കൂടുതൽ വാഹനങ്ങളും മറ്റ് സൗകര്യങ്ങളും നൽകി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുവേണ്ടി കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുക, റെയിൻ കോട്ടുകൾ, സിഗ്നൽ ലൈറ്റ്, ബാറ്റൺ എന്നിവ നൽകി വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, കമ്പ്യൂട്ടറുകൾ, ഫർണിച്ചർ തുടങ്ങിയവ നൽകി എക്സൈസ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക ; എക്സൈസ് അക്കാദമിയുടെ നവീകരണം, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും വേഗത്തിലും ആക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുക, ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) ഐ.ടി. മിഷൻ, ഐ.ടി. വകുപ്പ്, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, നിർമ്മിതി കേന്ദ്രം.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

മൊബൈൽ അനലറ്റിക്കൽ ലാബ് :

ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം മാത്രമെ വിതരണം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിന് വേണ്ടി നിലവിൽ തെക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ച് വരുന്നതും എറണാകുളം ജില്ല കേന്ദ്രീകരിച്ച് മൊബൈൽ ലാബ് ആരംഭിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടി ലാബിന്റെ ആവശ്യത്തിനായി വാങ്ങിയ മിനി ബസിൽ ഫാബ്രിക്കേഷൻ വർക്കുകൾ നടത്തുന്നതിനും കെമിക്കൽസും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും

ടെണ്ടർ ചെയ്ത് നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ കോഴിക്കോട് ജില്ല കേന്ദ്രീകരിച്ചും മൊബൈൽ ലാബ് തുടങ്ങുന്നതിന് വേണ്ടി ഒരു മിനി ബസ് വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കൽ :

എക്സൈസ് വകുപ്പിലെ തെരഞ്ഞെടുത്ത 12 എക്സൈസ് ചെക്പോസ്റ്റുകളിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിതികേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 1,22,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ചെക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു.

എക്സൈസ് അക്കാഡമിയുടെ നവീകരണം :

എക്സൈസ് അക്കാഡമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിന്മേൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. ആയതനുസരിച്ച് എക്സൈസ് അക്കാഡമിയിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

എക്സൈസ് എൻഫോഴ്സ്മെന്റ് :

2011-12 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിൽ 33 ജീപ്പുകളും 5 കാറുകളും 2012-13 സാമ്പത്തിക വർഷത്തിൽ 70 മോട്ടോർ ബൈക്കുകളും വാങ്ങിയിട്ടുള്ളതാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 48 മോട്ടോർ ബൈക്കുകൾ 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയും ആയത് വിതരണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ 48 മോട്ടോർ ബൈക്കുകൾകൂടി അനുവദിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ഫോട്ടോ കോപ്പിയർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിലേക്കായി 10 ജീപ്പുകൾ, സിഗ്നൽ ലൈറ്റ്, ബാറ്റൺ, റെയിൻകോട്ട്, ലാത്തികൾ, ഡിജിറ്റൽ ക്യാമറകൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു. ഫീൽഡ് യൂണിറ്റുകളിലെ അസി. എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ റാങ്കുകൾ വരെയുള്ള ഉദ്യോഗസ്ഥർക്ക് സിം കാർഡ് കണക്ഷൻ നൽകാൻ ഭരണാനുമതി നൽകിയിട്ടുള്ളതും ആയത് വിതരണം ചെയ്യുന്നതിനുമുള്ള

നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

എക്സൈസ് വകുപ്പിലെ ഓഫീസുകളിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന് ഇ-ടെണ്ടറിംഗ് നടപടികൾ പൂർത്തീകരിച്ചു വരുന്നതുമാണ്. വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും ഇ.സി.ആർ.ബി.-യുടെ സുഗമമായ പ്രവർത്തനത്തിന് കേസുകളുടെയും കുറ്റവാളികളുടെയും വിവരം ശേഖരിക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയുമാണ്.

അബ്കാരി/എൻ.ഡി.പി.എസ്. കേസുകളുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. മദ്യത്തിന്റെയും മയക്ക് മരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിന് ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു പ്രത്യേക വിഭാഗം ആരംഭിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എരുമേലി റേഞ്ച് രൂപീകരിച്ചതും അട്ടപ്പാടി ആദിവാസി മേഖലയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്നതിനായും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിനും ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റലുകൾക്ക് 26000 എണ്ണം വെടിയുണ്ടകൾ പൂനയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും ആകെ 8,53,122 രൂപ അനുവദിച്ച് വാങ്ങുകയുണ്ടായി.

## കഞ്ചാവ് വിൽപ്പനയുമായി ബന്ധപ്പെട്ട കേസ്സുകൾ

121 (1988) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 വർഷത്തിൽ ഇതേവരെ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിലെ പ്രതികളിൽ നിന്നും എത്ര കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട് ;

(സി) ഇതിന്റെ വില്പന ഫലപ്രദമായി തടയുന്നതിന് എക്സൈസ് വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014 വർഷത്തിൽ നവംബർ 30 വരെ എക്സൈസ് വകുപ്പിൽ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് 864 എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2014 വർഷത്തിൽ നവംബർ 30 വരെ എക്സൈസ് വകുപ്പിൽ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിലായി 748 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്.

(സി) കഞ്ചാവിന്റെയും മരുന്ന് രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും വിൽപ്പന തടയുന്നതിന് റെയ്ഡുകളും വാഹന പരിശോധനയും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വില്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും അന്യ സംസ്ഥാന തൊഴിലാളികൾ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ടുവരുന്നതും തടയുന്നതിനുവേണ്ടി ടി ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലും ജോലിചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നു. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും, സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം**

122 (1989) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) പരിശീലനത്തിനായി മൊഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പരിശീലനം നൽകുന്നുണ്ട്.

(ബി) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ നിലവിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ 90 പ്രവൃത്തി ദിവസം നീണ്ടുനിൽക്കുന്ന പ്രാഥമിക പരിശീലനവും, എക്സൈസ് ഡ്രൈവർമാരുടെ 3 മാസത്തെ പരിശീലനവും വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 ദിവസത്തെ പരിശീലനവും നടത്തിവരുന്നു. കൂടാതെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ നടത്തിവരുന്നു. ആയുധ പരിശീലനം നടത്തുന്നതിന് സൗകര്യം ഇല്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമിക്കപ്പെടുന്ന) തസ്തികയിലുള്ളവരുടെ പ്രാഥമിക പരിശീലനം നടത്തിവരുന്നത് നിലവിൽ കേരള പോലീസ് അക്കാദമിയിലും, പോലീസ് ട്രെയിനിംഗ് കോളേജിലും വച്ചാണ്. ഇവരുടെ പരിശീലനവും കൂടി എക്സൈസ് അക്കാദമിയിൽ വച്ച് നടത്തുന്നതിനുവേണ്ടി എക്സൈസ് അക്കാദമിയിൽ ഒരു ആയുധപ്പുര സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനം നടത്തുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി 30 പേരടങ്ങുന്ന 9 ബാച്ചുകളിലായി 270 എക്സൈസ് ഉദ്യോഗസ്ഥർക്ക് 3 ദിവസം വീതമുള്ള പരിശീലനം ഈ വർഷം നടത്തിയിട്ടുണ്ട്.

(സി) പരിശീലനത്തിനായി മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിന്റെ വിശദ വിവരങ്ങൾ താഴെ സമർപ്പിക്കുന്നു :

1. സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 പ്രവർത്തി ദിവസം നൽകുന്ന പരിശീലനത്തിൽ ഔട്ട് ഡോർ, ഇൻഡോർ വിഷയങ്ങൾക്കു പുറമേ ഡ്രൈവിംഗ്, നീന്തൽ, കമ്പ്യൂട്ടർ, ജംഗിൾ ട്രെയിനിംഗ് എന്നിവയും ഉൾപ്പെടുന്നു. ഔട്ട്ഡോർ വിഷയത്തിന് നീക്കി വച്ചിട്ടുള്ള ആകെ 540 പിരീഡുകളിൽ പ്രധാനമായി ഫിസിക്കൽ ട്രെയിനിംഗിന് 68 പിരീഡും ഡ്രിൽ വിത്തൗട്ട് ആംസിന് 178 പിരീഡും ലാത്തി ഡ്രില്ലിന് 72 പിരീഡും ക്രോസ് കൺട്രി റേസിന്

6 പിരീഡും, ശ്രമദാനത്തിന് 28 പിരീഡും, റോഡ് വാക്ക് & റൺസിന് 7 പിരീഡും നീക്കി വച്ചിട്ടുള്ളതാണ്. ഡ്രൈവിംഗ്, നീന്തൽ പരിശീലനത്തിന് 30 പിരീഡ് നീക്കി വച്ചിരിക്കുന്നു. ഇൻഡോർ വിഷയങ്ങളിൽ ആകെയുള്ള 360 പിരീഡുകളിൽ അബ്കാരി, എൻ.ഡി.പി.എസ്. കേസുകൾ കണ്ടെത്തി അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 82 പിരീഡും, അബ്കാരി ആക്ടിൽ 64 പിരീഡും എൻ.ഡി.പി.എസ്. ആക്ടിന് 12 പിരീഡും, എം &റ്റി.പി. ആക്ടിന് 16 പിരീഡും, ബ്രൂവറി റൂൾസ്, ഡിസ്റ്റിലറി & വെയർ ഹൗസ് റൂൾസ്, മൈനറി റൂൾസ്, ലിക്വർ ട്രാൻസിറ്റ് റൂൾസ്, റെക്റ്റിഫൈഡ് സ്പിരിറ്റ് റൂൾസ്, സ്പിരിച്ചസ് പ്രിപ്പറേഷൻ കൺട്രോൾ റൂൾസ്, അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ്, അബ്കാരി ഡിസ്പോസൽ ഓഫ് കോൺഫിസ്ക്കേറ്റഡ് ആർട്ടിക്കിൾസ് റൂൾസ്, ഫോറിൻ ലിക്വർ റൂൾസ്, കൊച്ചിൻ മാസ് വൈൻ റൂൾസ്, സി.ഡി.എസ്. ആന്റ് എം.എ. റൂൾസ്, ഫോറിൻ ലിക്വർ രജിസ്ട്രേഷൻ ഓഫ് ബ്രാൻഡ് റൂൾസ്, ഫോറിൻ ലിക്വർ കോമ്പൗണ്ടിംഗ് ബ്ലൻഡിംഗ് ആന്റ് ബോട്ടിലിംഗ് റൂൾസ്, ഫോറിൻ ലിക്വർ സ്റ്റോറേജ് ഇൻ ബോണ്ട് റൂൾസ്, ട്രീ ടാക്സ് റൂൾസ്, ഡി.എം. റൂൾസ് എന്നിവയ്ക്ക് 58 പിരീഡുകൾ നീക്കി വച്ചിട്ടുള്ളതാണ്. കൂടാതെ എക്സൈസ് മാനുവൽ, എക്സൈസ് ഇന്റലിജൻസ്, എക്സൈസ് റെയ്ഡ് എന്നിവയ്ക്ക് 20 പിരീഡ് നീക്കിവച്ചിരിക്കുന്നു. മേൽ വിഷയങ്ങൾ കൂടാതെ സി.ആർ.പി.സി., ഐ.പി.സി. എവിഡൻസ് ആക്ട്, ആർ.ഐ. ആക്ട്, കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട്, പേഴ്സണാലിറ്റി ഡവലപ്മെന്റ്, ദേശീയ ഗാനം, ദേശീയ പതാക, ഫസ്റ്റ് എയ്ഡ്, മനുഷ്യാവകാശ നിയമം, കേരള സർവ്വീസ് റൂൾസ്, ട്രഷറി കോഡ്, എം.ഒ.പി. സ്റ്റേസ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

2. വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് 90 ദിവസം നൽകുന്ന പരിശീലനത്തിൽ ഔട്ട്ഡോർ, ഇൻഡോർ വിഷയങ്ങൾക്ക് പുറമേ ഡ്രൈവിംഗ്, നീന്തൽ, കമ്പ്യൂട്ടർ, ജംഗിൾ ട്രെയിനിംഗ് എന്നിവയും ഉൾപ്പെടുന്നു. കൂടാതെ ഇൻഡോർ ഔട്ട്ഡോർ വിഷയങ്ങളിൽ സിവിൽ എക്സൈസ് ഓഫീസർമാർക്ക് നൽകിവരുന്ന അതേ

പരിശീലനം തന്നെ വനിതകൾക്കും നൽകിവരുന്നു.

3. എക്സൈസ് ഡ്രൈവർമാർക്ക് 3 മാസ കാലയളവിൽ നൽകിവരുന്ന പരിശീലനത്തിൽ ഫെമിലിയറൈസേഷൻ ഓഫ് എക്സൈസ് ഡിപ്പാർട്ട്മെന്റ് ഹൈറാർക്കി ഓഫ് എക്സൈസ് ഡിപ്പാർട്ട്മെന്റ്, എക്സൈസ് ഡിപ്പാർട്ട്മെന്റ് കൈകാര്യം ചെയ്യുന്ന വിവിധ ആക്ടുകളും റൂളുകളും, ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പരിപാലനം, ലോഗ്ബുക്ക്, ട്രിപ്പ് ഷീറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള പരിചയം, ട്രാഫിക് റൂൾസ്, റോഡ് സേഫ്റ്റി, നാഷണൽ ഫ്ലാഗ്, മനുഷ്യാവകാശ നിയമം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. റോഡ് സേഫ്റ്റി വിഷയത്തിൽ നാറ്റ്പാക്കിൽനിന്നുള്ള വിദഗ്ധരും ട്രാഫിക് റൂൾസ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഫാക്കൽറ്റികളും കൈകാര്യം ചെയ്യുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പരിപാലനം എന്നിവ സംബന്ധിച്ച് എക്സൈസ് വകുപ്പിലെ മെക്കാനിക്കൽ എഞ്ചിനീയർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. കൂടാതെ ഔട്ട്ഡോർ വിഷയങ്ങളിൽ സിവിൽ എക്സൈസ് ഓഫീസർമാർക്ക് നൽകിവരുന്ന അതേ പരിശീലനംതന്നെ എക്സൈസ് ഡ്രൈവർമാർക്ക് നൽകുന്നു.

4. സംസ്ഥാന ഗവൺമെന്റിന്റെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയിൽ ഉൾപ്പെടുത്തി ഐ.എം.ജി.-യുടെ സഹകരണത്തോടെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിക മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികവരെയുള്ള ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന ഇൻസർവ്വീസ് പരിശീലനത്തിൽ 2014-15 വർഷം വിവിധ വിഷയങ്ങളിൽ 30 എക്സൈസ് ഓഫീസർമാർക്ക് 5 ദിവസം വീതം ദൈർഘ്യമുള്ള 36 പരിശീലന പരിപാടികൾ നടത്തുന്നതിന് ട്രെയിനിംഗ് കലണ്ടർ തയ്യാറാക്കി ഐ.എം.ജി. അധികാരികൾക്ക് സമർപ്പിച്ചതിൽ ആയത് അംഗീകരിക്കുകയും ടി 36 പരിശീലന പരിപാടികളിൽ സ്ട്രെസ് മാനേജ്മെന്റ്, പേഴ്സണാലിറ്റി ഡവലപ്മെന്റ് & കമ്മ്യൂണിക്കേഷൻ സ്കിൽ, റൈറ്റ് റ്റു ഇൻഫർമേഷൻ ആക്ട്, റൈറ്റ് റ്റു സർവീസ് ആക്ട് ഹ്യൂമൻറൈറ്റ്സ് ആക്ട്, വുമൺസ് റൈറ്റ്സ് പ്രൊട്ടക്ഷൻ ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട്, എസ്.സി., എസ്.റ്റി. ആക്ട്, കൺസ്യൂമർ

പ്രൊട്ടക്ഷൻ ആക്ട്, സ്റ്റോർ പർച്ചേസ് മാനവൽ, സ്പാർക്ക്, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, അബ്കാരി, എൻ.ഡി.പി.എസ്. കേസുകളുടെ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കൽ എന്നിവയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

5. ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർക്ക് നൽകുന്ന ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് എന്ന പരിശീലന പരിപാടിയിൽ മദ്യവും കരൾ രോഗവും, മദ്യവും ലഹരി മരുന്നുകളും ശരീരത്തിന്റെ അവയവങ്ങൾക്ക് ഉണ്ടാക്കുന്ന ദോഷങ്ങൾ, വിഷാംശ നിർമ്മാർജ്ജനവും ലഹരി വിമുക്ത ചികിത്സയും മദ്യത്തിന്റെയും ലഹരി മരുന്നുകളുടെയും സൈക്കോപാത്തോളജി, മദ്യവും ലഹരി മരുന്നുകളും മനസ്സിലും മസ്തിഷ്കത്തിലും വരുത്തുന്ന സ്വാധീനങ്ങൾ, ലഹരി വിമോചന ചികിത്സയിലെ മനശാസ്ത്ര സമീപനം, മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗത്തിലൂടെ സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ, പൊതു സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## ബിവറേജസ് ഔട്ട്ലെറ്റുകൾ

123 (1991) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ബിവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുവെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ ;

(ബി) ഓരോ ഔട്ട്ലെറ്റിലും വിറ്റിരുന്ന മദ്യത്തിന്റെ അളവും വിറ്റുവരവും എത്രയാണെന്ന് അറിയിക്കുമോ ;

(സി) പുതിയ മദ്യനയത്തിന്റെ ഭാഗമായി ഇതുവരെ എത്ര ഔട്ട്ലെറ്റുകൾ പൂട്ടിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ബാറുകളും ഔട്ട്ലെറ്റുകളും അടച്ചു പൂട്ടുന്നതിന് മുമ്പ് സംസ്ഥാനത്തെ ശരാശരി മദ്യ ഉപഭോഗം എത്രയായിരുന്നു ;

(ഇ) പുതിയ മദ്യനയം പ്രാബല്യത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ശരാശരി മദ്യ ഉപഭോഗം എത്രയാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) പ്രവർത്തിച്ചുവരുന്ന ബിവറേജസ് ഔട്ട്‌ലെറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 2013-14 സാമ്പത്തിക വർഷം ഔട്ട്‌ലെറ്റുകൾ വഴി വിറ്റിരുന്ന മദ്യത്തിന്റെ അളവിന്റെ വിശദാംശം അനുബന്ധം II ആയും* മദ്യത്തിന്റെ വിറ്റുവരവ് സംബന്ധിച്ച വിശദാംശം അനുബന്ധം III ആയും ചേർത്തിരിക്കുന്നു.*

(സി) പുതിയ മദ്യനയത്തിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷന്റെ 34 ഔട്ട്‌ലെറ്റുകൾ പൂട്ടിയിട്ടുണ്ട്.

(ഡി) ബാറുകളും ഔട്ട്‌ലെറ്റുകളും അടച്ചുപൂട്ടുന്നതിനുമുമ്പ് (2013-14) ബിവറേജസ് കോർപ്പറേഷന്റെ വെയർഹൗസുകളിൽനിന്നും ബാറുകളിലുക്കും, ബിവറേജസ് ഷോപ്പുകൾ, കൺസ്യൂമർഫെഡ് ഔട്ട്‌ലെറ്റുകൾ എന്നിവ വഴിയും പ്രതിദിനം വിറ്റ മദ്യത്തിന്റെ അളവ് 69200 കെയ്സും 31027 കെയ്സ് ബിയറും ആയിരുന്നു.

(ഇ) സംസ്ഥാനത്തെ 418 ബാറുകൾ പൂട്ടിയതിനു ശേഷം 2014 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ബിവറേജസ് കോർപ്പറേഷൻ മുഖേന വിറ്റഴിച്ച മദ്യത്തിന്റെ ശരാശരി പ്രതിദിന അളവ് 66765 കെയ്സും ബിയറിന്റേത് 26950 കെയ്സും ആയിരുന്നു.

**ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിലെ കുറവ്**

124 (1992) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ബാറുകൾ പൂട്ടിയ ശേഷം ശേഷം ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ എത്ര തുകയുടെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; 2013-ലെ വ്യാപാരവുമായി താരതമ്യപ്പെടുത്തിയാൽ എത്ര തുക വ്യത്യാസം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാനത്ത് ബാറുകൾ പൂട്ടിയ ശേഷം ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനയുടെ തുകയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിനുള്ള പ്രധാന കാരണം നികുതി വർദ്ധനവാണ്. 10-10-2014 മുതൽ 400 രൂപയ്ക്കു താഴെ ലാന്റഡ് കോസ്റ്റ് ഉള്ള മദ്യത്തിന്റെ വിൽപ്പന നികുതി 105%-ൽനിന്നും 125% ആയും ലാന്റഡ് കോസ്റ്റ് 400 രൂപയും അതിനുമുകളിലുമുള്ള മദ്യത്തിന് 115%-ൽനിന്ന് 135% ആയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉയർത്തി. ബിയറിന്റെ വിൽപ്പന നികുതി 50%-ൽനിന്ന് 70% ആയി ഉയർത്തി. കൂടാതെ 5% റീഹാബിലിറ്റേഷൻ സെസ് 8-10-2014 മുതൽ പ്രാബല്യത്തിൽ വന്നു. ബിവറേജസ് കോർപ്പറേഷന്റെ ഈ വർഷത്തെ (2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) വിറ്റ് വരവ് 5731.47 കോടി രൂപയും ഇതേ കാലയളവിൽ കഴിഞ്ഞ വർഷത്തെ (2013 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) വിറ്റ് വരവ് 5378.38 കോടി രൂപയുമാണ്. 2013-ലെയും 2014-ലെയും ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള വ്യാപാരം താരതമ്യ പ്പെടുത്തിയാൽ 2014-ൽ 353.09 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**ബാറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ**

125 (1993) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാറുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മദ്യഷാപ്പുകളും ബാറുകളും തുടങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന പഞ്ചായത്ത്‌രാജ്/മുനിസിപ്പാലിറ്റി നിയമങ്ങൾ റദ്ദ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ ഫൈവ്സ്റ്റാർ ബാറുകൾ അടച്ചു പൂട്ടുന്നതിന് സംസ്ഥാന സർക്കാരിന് സാങ്കേതിക തടസ്സങ്ങളോ അധികാര പരിമിതിയോ ഉണ്ടോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പരിശോധിച്ചുവരുന്നു.

(സി) സർക്കാരിന്റെ പുതിയ മദ്യനയപ്രകാരം ഫൈവ് സ്റ്റാർ ബാർ ഹോട്ടലുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഫൈവ് സ്റ്റാർ ബാർ ഹോട്ടലുകൾ അടച്ചുപൂട്ടേണ്ട സാഹചര്യം നിലവിലില്ല.

**വിദേശമദ്യ വിൽപ്പനയിലൂടെ ലഭിച്ച വരുമാനം**

126 (1994) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 -14 സാമ്പത്തിക വർഷം കെ.എസ്.ബി.സി. വഴി വിറ്റഴിച്ച വിദേശ മദ്യത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കാലയളവിൽ വിറ്റഴിച്ച

ബിയറിന്റെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ ; വിദേശമദ്യവും ബിയറും വില്പന വഴി ഖജനാവിലേക്ക് 2013-14-ൽ ലഭിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ ;

(ബി) 2013 ഏപ്രിൽ മുതൽ നവംബർ 30 വരെ വിദേശ മദ്യവും ബിയറും എത്ര അളവ് വീതം വിറ്റഴിച്ചു ; ആയതിൽ നിന്നും പ്രസ്തുത കാലയളവിൽ സർക്കാരിനു ലഭിച്ച വരുമാനമെത്ര ;

(സി) 2014 ഏപ്രിൽ മുതൽ നവംബർ 30 വരെ വിറ്റഴിച്ച വിദേശ മദ്യത്തിന്റേയും ബിയറിന്റേയും അളവ് വ്യക്തമാക്കുമോ ; ഈ കാലയളവിൽ ഗവൺമെന്റിനുള്ള വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തിക വർഷം കെ.എസ്.ബി.സി. വഴി 240.81 ലക്ഷം കെയ്സ് വിദേശമദ്യവും 107.96 ലക്ഷം കെയ്സ് ബിയറും വിറ്റഴിച്ചിട്ടുണ്ട്. വിദേശമദ്യവും ബിയറും വിറ്റുവഴി ഖജനാവിലേക്ക് 2013-14-ൽ ലഭിച്ച തുക 7575.77 കോടി രൂപയാണ്.

(ബി) 2013 ഏപ്രിൽ മുതൽ നവംബർ 30 വരെ 160.13 ലക്ഷം കെയ്സ് വിദേശ മദ്യവും 66.70 ലക്ഷം കെയ്സ് ബിയറും വിറ്റഴിച്ചിട്ടുണ്ട്. ആയതിൽ നിന്നും പ്രസ്തുത കാലയളവിൽ സർക്കാരിന് ലഭിച്ച വരുമാനം 4954 കോടി രൂപയാണ്.

(സി) 2014 ഏപ്രിൽ മുതൽ നവംബർ 30 വരെ 148.89 ലക്ഷം കെയ്സ് വിദേശമദ്യവും 56.89 ലക്ഷം കെയ്സ് ബിയറും ബിവറേജസ് കോർപ്പറേഷൻവഴി വിറ്റഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ ഗവൺമെന്റിന് ലഭിച്ച വരുമാനം 5258.53 കോടി രൂപയാണ്.

**വ്യാജമദ്യ നിർമ്മാണവും വിപണനവും**

127 (1995) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉല്പാദനവും, വിപണനവും തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു. വിശദാംശം ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉല്പാദനവും, വിപണനവും തടയുന്നതിനായി

സ്വീകരിച്ച നടപടികൾ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ;

(സി) 1-7-2012 മുതൽ 31-10-2014 വരെ വ്യാജമദ്യ വിപണനവും, നിർമ്മാണവും സംബന്ധിച്ച് എത്ര കേസുകൾ സർക്കാർ രജിസ്റ്റർ ചെയ്തു ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ഡി) 1-7-2011 മുതൽ 31-10-2014 വരെ എത്ര അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തു. ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ഇ) അയൽ സംസ്ഥാനത്ത് നിന്ന് അതിർ ഗ്രാമങ്ങളിലെ ഊടുവഴികൾ മുഖേന സ്പിരിറ്റ് കടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ; അത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു. വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) എല്ലാ എക്സൈസ് ഡിവിഷനുകളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. എല്ലാ ജില്ലകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലേയ്ക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ട് വരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ചുവരുന്നു. ലൈസൻസ് സ്ഥാപനങ്ങൾ അടച്ച് പൂട്ടിയ സാഹചര്യത്തിൽ 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 3314 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 232 |
| കൊല്ലം | 150 |
| പത്തനംതിട്ട | 462 |
| ആലപ്പുഴ | 254 |
| കോട്ടയം | 29 |
| ഇടുക്കി | 68 |
| എറണാകുളം | 53 |
| തൃശ്ശൂർ | 24 |
| പാലക്കാട് | 540 |
| കോഴിക്കോട് | 503 |
| മലപ്പുറം | 89 |
| വയനാട് | 152 |
| കണ്ണൂർ | 295 |
| കാസർഗോഡ് | 463 |
| ആകെ | 3314 |

(ഡി) 41914 കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2990 |
| കൊല്ലം | 4438 |

| | |
|---|---|
| പത്തനംതിട്ട | 2716 |
| ആലപ്പുഴ | 3808 |
| കോട്ടയം | 2788 |
| ഇടുക്കി | 1697 |
| എറണാകുളം | 4437 |
| തൃശ്ശൂർ | 3449 |
| പാലക്കാട് | 3309 |
| കോഴിക്കോട് | 2871 |
| മലപ്പുറം | 3309 |
| വയനാട് | 1581 |
| കണ്ണൂർ | 3104 |
| കാസർഗോഡ് | 1417 |
| ആകെ | 41914 |

(ഇ) കേരളത്തിലേക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തി കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ച് വരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ച വരുന്നു. ലൈസൻസ് സ്ഥാപനങ്ങൾ അടച്ചു പൂട്ടിയ സാഹചര്യത്തിൽ 'റെഡ് അലർട്ട് ' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

**അനധികൃതമായി മദ്യം വിളമ്പിയ ക്ലബ്ബുകൾക്കെതിരെ സ്വീകരിച്ച നടപടികൾ**

128 (1997) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാർ ഹോട്ടലുകളും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിദേശമദ്യ ചില്ലറ വില്പനശാലകളും ഘട്ടംഘട്ടമായി അടച്ചുപൂട്ടാൻ തീരുമാനമെടുത്തത് എന്നാണ് ; ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ ഇടയാക്കിയ അടിയന്തര സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എത്ര ക്ലബ്ബുകൾക്കാണ് മദ്യം വിളമ്പുന്നതിന് സർക്കാർ ലൈസൻസ് നൽകിയിട്ടുള്ളത് ; അവ ഏതൊക്കെ ; ലൈസൻസ് ഫീസിനത്തിൽ എന്ത് തുകയാണ് ഇവരിൽനിന്നും വർഷം തോറും ഈടാക്കുന്നത് ; ബാർ ഹോട്ടലുകൾക്ക് ലൈസൻസ് ഫീ എത്രയാണ് ;

(സി) പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മദ്യ ഉപഭോഗം കുറയ്ക്കാൻ എത്ര ക്ലബ്ബുകളുടെ ലൈസൻസുകൾ റദ്ദാക്കിയിട്ടുണ്ട് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ;

(ഡി) അനധികൃതമായി മദ്യം വിളമ്പിയ എത്ര ക്ലബ്ബുകൾക്കെതിരെ ഈ വർഷം കേസെടുത്തിട്ടുണ്ട് ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനത്തിലൂടെയുള്ള മദ്യനിരോധനമാണ് സർക്കാരിന്റെ മദ്യനയം. 2011-12-ലെ അബ്കാരി നയത്തിൽ തന്നെ സംസ്ഥാനത്ത് മദ്യലഭ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പുതിയ എഫ്.എൽ. 1 ഷോപ്പുകൾ അനുവദിക്കില്ലായെന്നും 2012 ഏപ്രിൽ മുതൽ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കില്ലായെന്നും തീരുമാനിച്ചു. സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ച 418 ഹോട്ടലുകൾക്കെതിരെ നടപടി വൈകുന്നുവെന്നുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരാമർശത്തെ തുടർന്ന് ടി ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ 1-4-2014 മുതൽ 2014-15 വർഷത്തേക്ക് പുതുക്കി നൽകിയിട്ടില്ലാത്തതും 2014-15 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ആകെയുള്ള വിദേശമദ്യ ചില്ലറവിൽപ്പന ശാലകൾ 10% വച്ച് 2-1-2014 മുതൽ വർഷംതോറും അടയ്ക്കുവാനും തീരുമാനിച്ചു.

(ബി) സംസ്ഥാനത്ത് മദ്യം വിളമ്പുന്നതിന് 33 ക്ലബ്ബുകൾക്കാണ് ലൈസൻസ്

ഉള്ളത്. ക്ലബ്ബുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ലൈസൻസ് ഫീസിനത്തിൽ ഓരോ ക്ലബ്ബിൽനിന്നും 15 ലക്ഷം രൂപയാണ് വർഷംതോറും ഈടാക്കുന്നത്. ബാർ ഹോട്ടലുകളുടെ ലൈസൻസ് ഫീസ് ഒരു വർഷത്തേക്ക് 23,00,000 രൂപയാണ്.

(സി) പുതിയ മദ്യനയത്തിൽ ക്ലബ്ബുകളുടെ ലൈസൻസ് റദ്ദാക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ഡി) ഈ സാമ്പത്തിക വർഷം ക്ലബ്ബുകൾ അനധികൃതമായി മദ്യം വിളമ്പിയതായി കണ്ടെത്തിയിട്ടില്ല.

### ബിവറേജസിന്റെ മദ്യവിൽപ്പന ശാലകൾ നീക്കം ചെയ്യാൻ നടപടി

129 (1998) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽനിന്നും ബിവറേജസിന്റെ മദ്യവില്പന ശാലകൾ നീക്കം ചെയ്യാനുള്ള ബഹു. ഹൈക്കോടതി ഉത്തരവുപ്രകാരം എത്ര ഔട്ട്ലെറ്റുകൾ മാറ്റേണ്ടതായിട്ടുണ്ട് ; ഇവ മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇത്തരം പാതയോരങ്ങളിൽ നിന്നും മദ്യശാലകൾക്കുണ്ടാകേണ്ട ദൂരപരിധി എത്രയാണ് ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷന്റെ 115 ഓളം ഷോപ്പുകൾ ദേശീയ-സംസ്ഥാന പാതയോരങ്ങൾക്ക് സമീപത്തായി സ്ഥിതി ചെയ്യുന്നുണ്ട്. ഷോപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കോർപ്പറേഷൻ ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്.

(ബി) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ നിന്നും മദ്യശാലകൾക്ക് ദൂരപരിധി നിശ്ചയിച്ചിട്ടില്ല.

### കുന്ദമംഗലത്ത് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം

130 (1999) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലത്ത് എക്സൈസ് റേഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടമില്ലെന്നത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് താലൂക്കിൽ പുളക്കോട് വില്ലേജിൽ റീ-സർവ്വേ 20/1 എ 1-ൽപ്പെട്ട 1.51 ഏക്കർ റവന്യൂ ഭൂമിയിൽ നിന്ന് 30.6 സെന്റ് ഭൂമി എക്സൈസ് വകുപ്പിന് കൈമാറാൻ സന്നദ്ധമാണെന്ന് 12-7-2013-ലെ എൽ1/12/35133/11-ാം നമ്പർ കത്ത് പ്രകാരം കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും റവന്യൂ വകുപ്പിൽ നിന്നും ടി ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ചുത്തരവായിട്ടില്ല; ടി ഭൂമി അനുവദിച്ചു കിട്ടിയാലുടൻ എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

**ഡിസ്റ്റിലറികളുടെ പ്രവർത്തനം**

131 (2000) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാറുകൾ നിർത്തലാക്കി മദ്യവർജ്ജനം നടപ്പിലാക്കുന്ന വേളയിലും മദ്യം നിർമ്മിക്കുന്ന ഡിസ്റ്റിലറികൾ നിർത്തലാക്കാൻ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഡിസ്റ്റിലറികൾ നിർത്തലാക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല.

**തീരദേശ ബഫർ സോൺ**

132 (2001) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരക്കടലിൽ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴം വരുന്ന മേഖലയെ ബഫർ സോണായി പ്രഖ്യാപിക്കുന്നതു സംബന്ധിച്ച വിദഗ്ധസമിതി റിപ്പോർട്ട്

പരിഗണിക്കുന്ന കേന്ദ്രസർക്കാരിനെ, സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കുമോ ;

(ബി) നിശ്ചിതമേഖലയിൽ പ്രവർത്തിക്കുന്ന നാലായിരത്തോളം ബോട്ടുകൾക്ക് ഇതുവഴി വിലക്കുണ്ടാകുമെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കരുതൽമേഖലയായി പ്രഖ്യാപിക്കുകവഴി കേരളത്തിന്റെ തീരദേശങ്ങളിൽ എന്തെല്ലാം പുതിയ നിയന്ത്രണങ്ങൾ ഉണ്ടാകുമെന്നാണ കരുതുന്നത് ; വിശദാംശങ്ങൾ അറിയിക്കുമമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 'കരുതൽ മേഖല' സംബന്ധിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തിന് അംഗീകരിക്കാൻ കഴിയില്ലെന്ന വസ്തുത ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ശരാശരി തീരത്തുനിന്നും 32 മുതൽ 40 വരെ നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന പ്രദേശമാണ്. നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതലായി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണിത്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതലായി ചൂഷണം ചെയ്യാനുദ്ദേശിച്ചുകൊണ്ട് ഈ പ്രദേശം ഒരു ബഫർ സോണാക്കി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. ഇപ്പോൾ തന്നെ LoP വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നത് കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലഭിക്കുന്നത് കുറഞ്ഞു വരികയാണ്.

**സൗത്ത് പരവൂരിലെ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം**

133 (2002) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിലേക്കായുള്ള പ്രാഥമിക നടപടികൾ അരംഭിച്ചത് എന്നാണ് ; പ്രാഥമിക നടപടികൾ ആരംഭിച്ച് 4 വർഷം പിന്നിട്ടിട്ടും അത്യാവശ്യമായ റിപ്പോർട്ടുകളും,

പഠന വിവരങ്ങളും ലഭിച്ചിട്ടുണ്ടോ ;

(ബി) മാതൃകാ പഠനത്തിനും, തുടർ പഠനങ്ങൾക്കും വേണ്ടി തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക ബന്ധപ്പെട്ട വകുപ്പ് ആവശ്യപ്പെട്ടിരുന്നുവോ ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്ക് ആവശ്യമായ പരിസ്ഥിതി ക്ലിയറൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി, സെസ്സിൽനിന്നുള്ള സി.ആർ. ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ട്, വിശദമായ രൂപരേഖ എന്നിവ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ) മിനി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ മേയ് 2012 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ടി ഫിഷറി ഹാർബറിന്റെ മാതൃകാ പഠനം നടത്തുന്നതിന് CWPRS, Pune എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലേക്കായി 26-12-2008-ലെ G.O.(Rt.) No.747/2008/F&PD പ്രകാരം 12.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എങ്കിലും ടി തുക പര്യാപ്തമല്ലാത്തതിനാൽ 18-8-2012-ൽ ഡി11/347/08/സി.ഇ. നമ്പർ കത്ത് പ്രകാരം പ്രസ്തുത പഠനത്തിലേക്ക് 40.00 ലക്ഷം രൂപ അനുവദിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അപ്രകാരം 30-3-2013-ലെ G.O.(Rt.) No.257/2013/F&PD തീയതി പ്രകാരം 40.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. മാതൃകാപഠനം നടത്തുന്നതിന് പൂനയിലെ CWPRS എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടതനുസരിച്ച് ടി പഠനത്തിനായി 52,86,130 രൂപയുടെ എസ്റ്റിമേറ്റ് CWPRS സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മാതൃകാ പഠനത്തിനു ശേഷം പരിസ്ഥിതി പഠനം നടത്തേണ്ടതുണ്ട്. ആയതിന് ഏകദേശം 20 ലക്ഷം രൂപ ചെലവ് വരുന്നതാണ്. മാതൃകാ പഠനവും പരിസ്ഥിതി പഠനവും നടത്തുന്നതിന് മേൽ ഭരണാനുമതി തുക അപര്യാപ്തമായതിനാൽ 81 ലക്ഷം രൂപയുടെ പുതുക്കിയ

ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

(സി) സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിലേക്കുള്ള പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് മാതൃകാ പഠനം നടത്തുന്നതിന് CWPRS, Pune എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. CWPRS-ൽനിന്നും മാതൃകാപഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് പാരിസ്ഥിതിക ക്ലിയറൻസിന് ആവശ്യമായ മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി, സെസ്സിൽ നിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ട് പാരിസ്ഥിതിക പഠനം എന്നിവ ഏർപ്പാടാക്കാവുന്നതാണ്. പാരിസ്ഥിതിക പഠനത്തിനു ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ രൂപരേഖ തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

(ഡി) പദ്ധതി നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊച്ചി തുറമുഖത്തിന്റെ പ്രതിസന്ധി**

134 (2003) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി തുറമുഖത്തിന്റെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുറമുഖത്തിന്റെ സംരക്ഷണത്തിനായി നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയത്തിൽ ഒരു സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) വല്ലാർപാടം ICTT-ലെ ടെർമിനൽ ഓപ്പറേറ്ററുമായുള്ള കരാർ പ്രകാരം specified draft നിലനിർത്തുന്നത് സംബന്ധിച്ച് കൊച്ചിൻ പോർട്ട് ട്രസ്റ്റ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റും DP world-മായുള്ള കരാർ വ്യവസ്ഥ പ്രകാരം ബർത്തിന് മുമ്പിലുള്ള അപ്രോച്ച് ചാനലിനും ബേസിനും 14.5 മീറ്റർ ആഴം നിലനിർത്തേണ്ടത് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ബാദ്ധ്യതയാണ്. ആയതിനാൽ പോർട്ട് ചാനലിലെ ആഴം നിലനിർത്തുന്നതിനുള്ള ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 138 കോടി രൂപ

ചെലവഴിച്ചു. എന്നാൽ ടെർമിനൽ ഓപ്പറേറ്ററിൽനിന്നും ലഭിച്ചത് 86 കോടി രൂപയാണ്. ടെർമിനലിൽ നിന്നും ലഭിക്കുന്ന വരുമാനം ഡ്രഡ്ജിംഗിന് വേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത തരണം ചെയ്യാൻ പര്യാപ്തമല്ല. ICTT പദ്ധതിയുടെ നടത്തിപ്പിനായി ഡ്രഡ്ജിംഗ്-നായി വേണ്ടിവന്ന വർദ്ധിച്ച ചെലവുമൂലം കഴിഞ്ഞ 6 വർഷമായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

(ബി&സി) പരിശോധിച്ചുവരുന്നു.

**പൊന്നാനി കാർഗോ പോർട്ട്**

135 (2004) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി കാർഗോ പോർട്ടിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കമ്പനിയുമായി പാട്ടക്കരാർ ഒപ്പുവച്ചിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവർത്തി തുടങ്ങുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പൊന്നാനി കാർഗോ പോർട്ടായി വികസിപ്പിക്കുന്നതിന് M/s മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനവുമായി ഒപ്പ് വയ്ക്കുന്നതിനുള്ള ലീസ് എഗ്രിമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ലീസ് എഗ്രിമെന്റ് 2 ആഴ്ചക്കുള്ളിൽ ഒപ്പുവയ്ക്കും. ഒപ്പുവച്ച് മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനം തുടങ്ങുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) ലീസ് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി**

136 (2005) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും സംരംഭക മൂലധനം (വി.ജി.എഫ്.) ഉറപ്പായിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധമായി മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന സഹായം എന്തായിരുന്നു ; അക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്തായിരുന്നു ;

(സി) പ്രസ്തുത പദ്ധതിക്ക് സംരംഭക മൂലധനമായി ഉറപ്പായ കേന്ദ്രസഹായം എത്ര കോടിയാണ് ;

(ഡി) ഇതിന്റെ പശ്ചാത്തലത്തിൽ കമ്പനി വിളിച്ച ടെണ്ടറിൽ മാറ്റം വരുത്താനുദ്ദേശമുണ്ടോ ;

(ഇ) കേന്ദ്രസഹായ മാനദണ്ഡങ്ങൾ സംബന്ധിച്ച കേന്ദ്ര ധനവകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നിലപാട് എന്തായിരുന്നു ; യോഗതീരുമാനം സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിനുള്ള ധനകാര്യ മന്ത്രാലയത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനു വേണ്ടിയുള്ള Empowered Committee-യുടെ തത്വത്തിലുള്ള അംഗീകാരം വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിക്ക് ലഭ്യമായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള 'Guidelines for Financial Support to Public Private Partnership Infrastructure (Viability Gap Funding)' ആണ് പ്രസ്തുത ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം.

(ബി&സി) മൊത്തം പദ്ധതി തുകയായ 6707 കോടി രൂപയിൽ ഇപ്പോൾ കണക്കാക്കിയിട്ടുള്ള Public Private Partnership വിഹിതമായ 4044 കോടി

രൂപയുടെ 40 ശതമാനമായ 1618 കോടിയോളം രൂപയാണ് മാനദണ്ഡമനുസരിച്ച് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിന് അർഹതയുള്ളത്. പ്രസ്തുത തുകയുടെ ആദ്യത്തെ 20 ശതമാനംവരെ (809 കോടി രൂപ) വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര സഹായമായി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡം പ്രകാരം ലഭ്യമാക്കുക. ഈ തുക ലഭ്യമാക്കുന്നതിനുള്ള ധനകാര്യ മന്ത്രാലയത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനു വേണ്ടിയുള്ള Empowered Committee-യുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡമനുസരിച്ച് അന്തിമ അനുമതി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമാണ് ലഭ്യമാകുക. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ടെണ്ടർ നടപടിക്രമം അനുസരിച്ച് ഏറ്റവും കുറവ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (ഗ്രാന്റ്) തുക ആവശ്യപ്പെടുന്നതോ, അതല്ലെങ്കിൽ ഏറ്റവും കൂടുതൽ പ്രീമിയം തുക സർക്കാരിന് നൽകുകയോ ചെയ്യുന്ന ബിഡ്ഡറിനെ ആണ് കൺസഷണറായി തിരഞ്ഞെടുക്കുക. ആയതിനാൽ യഥാർത്ഥ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് തുക ടെണ്ടർ ഉറപ്പിച്ചതിനു ശേഷമേ അറിയുവാൻ സാധിക്കുകയുള്ളൂ.

(ഡി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ചും കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ മോഡൽ കൺസഷൻ എഗ്രിമെന്റും അനുസരിച്ചുമാണ് കമ്പനി ഇപ്പോൾ ടെണ്ടർ വിളിച്ചിട്ടുള്ളത്. ഇതിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങളിലും ടെണ്ടർ നടപടി ക്രമങ്ങളിലും മാറ്റം വരുന്നില്ല. ടെണ്ടർ രേഖകളുടെ ഭാഗമായി പ്രീ-ക്വാളിഫൈഡ് ആയിട്ടുള്ളതും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വാങ്ങിയിട്ടുള്ളതുമായ ബിഡ്ഡർമാർക്ക് നൽകിയിട്ടുള്ള ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിൽ കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച Empowered Committee-യുടെ നിർദ്ദേശപ്രകാരം മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ഇത് നിലവിലെ ടെണ്ടർ വ്യവസ്ഥകൾ പ്രകാരമാണ്.

(ഇ) കേന്ദ്ര ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയിട്ടുള്ളതും അതനുസരിച്ച് സംസ്ഥാന സർക്കാർ അംഗീകരിച്ചതുമായ മോഡൽ കൺസഷൻ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുമതി ലഭ്യമാക്കണമെന്നാണ് കേന്ദ്ര ധനവകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നിലപാട്. ഇതേത്തുടർന്ന് 2014 ഒക്ടോബർ 29-ാം തീയതി കൂടിയ കേന്ദ്രധനമന്ത്രാലയത്തിന്റെ Empowered Committee വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിന് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിക്ക് കൂടുതൽ അനുകൂലമാകുന്ന

തരത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിലെ വ്യവസ്ഥകൾ മാറ്റുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 2014 നവംബർ 24-ന് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുവേണ്ടി കേന്ദ്ര സർക്കാർ ഉന്നതതല യോഗം 2014 ഡിസംബർ 8-ന് ഡൽഹിയിൽ വിളിച്ചിട്ടുണ്ട്.

**കുട്ടനാട് പാക്കേജിൽ ഫിർമയുടെ പോള നിർമ്മാർജ്ജനം**

137 (2006) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ജലാശയങ്ങളിലെ പോള നിർമ്മാർജ്ജനം ചെയ്യുന്നതിന് ഫിർമ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കി വീണ്ടും പോള നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജലാശയങ്ങളിലെ പോള നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിക്ക് നാളിതുവരെ ചെലവഴിച്ച തുക 14,30,90,010 രൂപയാണ്. ഇതിൽ യന്ത്രമുപയോഗിച്ചുള്ള പോളവാരലിന് 13,07,26,555 രൂപയും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 36,86,490 രൂപയും വെർമികംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് (ട്രെയിനിംഗ് ഉൾപ്പെടെ) 28,77,025 രൂപയും മറ്റുള്ളവയ്ക്കായി 57,99,940 രൂപയുമാണ് ചെലവ്.

(ബി) പോള നിർമ്മാർജ്ജനം പുനരാരംഭിക്കുന്നതിനായി 'വേമ്പനാട് കായലിലെ പോള നിർമ്മാർജ്ജനവും പുനരുപയോഗവും' എന്ന പദ്ധതി തയ്യാറാക്കി രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം അംഗീകാരം ലഭിക്കുന്നതിനായി ഫിർമ സമർപ്പിച്ചെങ്കിലും ഒരിക്കൽ ടി പദ്ധതിക്കായി ആർ.കെ.വി.വൈ. സഹായം ലഭിച്ചതിനാൽ വീണ്ടും അനുവദിക്കാനാവില്ലെന്ന് നോഡൽ ഏജൻസി ആയ കൃഷി (പി.പി.എം. സെൽ) വകുപ്പ് അറിയിച്ചിരുന്നു. തുടർന്ന് പോള ബാധിത ജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തുന്നതിനായി മത്സ്യകൃഷി കൂടി ഉൾപ്പെടുത്തി വീണ്ടും പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അതിലെ പോളവാരൽ ഘടകത്തിന് ആർ.കെ.വി.വൈ. പ്രകാരം ഫണ്ട് അനുവദിക്കാനാവില്ലെന്ന് കൃഷി (പി.പി.എം. സെൽ) വകുപ്പ് അറിയിച്ചിട്ടുണ്ട്.

## തങ്കശ്ശേരി തുറമുഖത്തിന്റെ വികസനം

138 (2007) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന് മതിയായ തുക 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) തങ്കശ്ശേരി തുറമുഖത്തിന്റെ സമഗ്ര വികസനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അർഹമായ തുക ലഭ്യമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ മൂന്നാംഘട്ട വികസനത്തിനായി 500 ലക്ഷം രൂപ 2015-16 ആന്വൽ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ മൂന്നാംഘട്ട വികസനത്തിനായി 4900 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നു. തുടർന്ന് 19-9-2014-ൽ കേന്ദ്ര സർക്കാരിൽനിന്നും ടി പദ്ധതിക്ക് ഭൂമിയുടെ ലഭ്യത, പാരിസ്ഥിതിക അനുമതി എന്നിവയുടെ വിശദാംശങ്ങൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, ടി പദ്ധതിക്ക് 40% കേന്ദ്രസഹായം മാത്രമേ ലഭ്യമാകുവെന്നും, ശേഷിക്കുന്ന 60% തുക സംസ്ഥാന വിഹിതമായി അനുവദിക്കുന്നതിനുള്ള സന്നദ്ധത സംസ്ഥാന സർക്കാരിനോട് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

139 (2008) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടി ദേശീയപാത, റെയിൽവേ കണക്റ്റിവിറ്റി എന്നീ സൗകര്യങ്ങൾ ഒരുക്കിയെടുക്കുന്നതിന് നീക്കം ചെയ്ത ഊന്നിവല, ചീനവല എന്നിവയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) നഷ്ടപരിഹാരത്തിന് അർഹരായവർ എത്ര പേരെന്നും നഷ്ടപരിഹാരത്തുക

എത്രയെന്നും വിശദമാക്കുമോ ;

(സി) നഷ്ടപരിഹാരം എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് പറയുമോ ;

(ഡി) നഷ്ടപരിഹാരം നൽകുന്നതിന് തടസ്സമുണ്ടെങ്കിൽ വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടിയുള്ള റെയിൽ, റോഡ് കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് തൊഴിൽ/തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2,05,39,735 രൂപയുടെ നഷ്ട പരിഹാര പാക്കേജാണ് അംഗീകരിച്ചിട്ടുള്ളത്. ഈ പാക്കേജ് രണ്ട് ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കാവശ്യമായ 96,19,110 രൂപയിൽ റെയിൽ കണക്ടിവിറ്റി മുഖാന്തരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരയിനത്തിൽ 27,42,500 രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. ടി തുക എറണാകുളം മേഖലാ ഫിഷറീസ് ഡയറക്ടറുടെ Special TSB A/c-ൽ നിക്ഷേപിച്ചിരിക്കുകയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കാനുള്ള തുകയായ 68,76,610 രൂപ ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റിക്കെതിരെ ഒരു സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനായി നടപടി സ്വീകരിച്ച് വരികയാണ്. ഇത് സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർ, എറണാകുളത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 689 പേരാണ് നഷ്ടപരിഹാരത്തിന് അർഹരായവർ. 2,05,39,735 രൂപയാണ് ആകെ നഷ്ടപരിഹാരത്തുക.

**വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് പാരിസ്ഥിതിക അനുമതി**

140 (2009) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പാരിസ്ഥിതിക അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെ യായിരുന്നു ; വ്യക്തമാക്കാമോ ;

(സി) ഈ വ്യവസ്ഥകൾ എല്ലാം തന്നെ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇതുവരെ പാലിക്കപ്പെടാത്ത വ്യവസ്ഥകൾ ഏതൊക്കെയെന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി എന്തെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ അനുബന്ധത്തിൽ കാണാവുന്നതാണ്.

(സി) വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ട്.

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ തീരദേശ റോഡ്**

141 (2010) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൊഴിക്കര മുതൽ-ലക്ഷ്മീപുരം തോപ്പ് വഴി കൊല്ലം വരെയുള്ള തീരദേശ റോഡിന്റെ നിലവിലുള്ള ഗതാഗത സൗകര്യം എന്താണ് ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിലേക്കായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും, ആയതിന്റെ പുരോഗതിയും അറിയിക്കുമോ ;

(സി) ഈ റോഡിന്റെ തുടക്കത്തിലുള്ള ടാറിംഗ് ജോലികൾ ആരംഭിച്ചുവോ (4.5 കി.മി.) ; എങ്കിൽ പ്രവർത്തനപുരോഗതി അറിയിക്കുമോ ; ടാറിംഗ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ; അത് പരിഹരിക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ-സി) നിലവിൽ ടി റോഡ് പൂർണ്ണതോതിൽ സഞ്ചാരയോഗ്യമല്ല. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ഇരുചക്രവാഹനങ്ങളും കാറുകളും ഈവഴി കടന്ന് പോകുന്നുണ്ട്. പൊഴിക്കരനിന്നും ആരംഭിച്ച് ലക്ഷ്മിപുരം തോപ്പുവഴി കൊല്ലത്തേക്കുള്ള തീരദേശ റോഡിൽ ഉൾപ്പെട്ട പൊഴിക്കര മുതൽ മുക്കംപൊഴി വരെയുള്ള റോഡിന്റെ ടാറിംഗിനായി 3 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ ടി പ്രവൃത്തി ഒരിക്കൽക്കൂടി ടെണ്ടർ ചെയ്യുകയും ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദർഘാസിൽ ഒരു കരാറുകാരൻ പങ്കെടുക്കുകയും ചെയ്തു. ടി ദർഘാസ് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത റോഡിൽ മുക്കംപൊഴി മുതൽ ലക്ഷ്മിപുരം തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. ലക്ഷ്മീപുരംതോപ്പുമുതൽ ഇരവിപുരം വരെയുള്ള റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമാണ്. ഇരവിപുരം കാക്കത്തോപ്പ് വരെയുള്ള റോഡിന്റെ നിർമ്മാണത്തിനായി 66 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ക്രമീകരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. കാക്കത്തോപ്പുമുതൽ കൊല്ലം വരെയുള്ള റോഡ് പൂർണ്ണമായും സഞ്ചാരയോഗ്യമല്ല.

**യാത്രാക്കപ്പൽ സർവീസ് ആരംഭിക്കുന്നതിന് പദ്ധതി**

142 (2011) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം എന്നേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ യാത്രാക്കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഒരു യാത്രക്കാരന് ഒരു കിലോമീറ്റർ യാത്ര ചെയ്യുന്നതിന് ഒരു രൂപ നിരക്കിൽ ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി-വിഴിഞ്ഞം, തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് യാത്രാക്കപ്പൽ സൗകര്യം ആരംഭിക്കുന്നതിനായി തുറമുഖ വകുപ്പ് സ്വകാര്യ സംരംഭകരിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുകയുണ്ടായി. എന്നാൽ സ്വകാര്യ സംരംഭകരാരുംതന്നെ താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടില്ല. കേരള തീരത്ത് യാത്രാക്കപ്പൽ ഗതാഗതം നടത്തുന്നതിനായി ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തിയിട്ടുണ്ട്.

(സി) സ്വകാര്യ സംരംഭകരും ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടന്നുവരുന്നു.

**ഓലക്കീൽ കടവ് പാലം നിർമ്മാണം**

143 (2012) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി പഞ്ചായത്തിലെ ഓലക്കീലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലം നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഹാർബർ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഉടനെ അനുമതി നൽകുന്നതാണെന്ന് 11-7-2014-ലെ സബ്മിഷന് ബഹു. ഫിഷറീസ് വകുപ്പുമന്ത്രി മറുപടി നൽകിയിരുന്നെങ്കിലും ഇതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യമാക്കി പ്രസ്തുത പാലം നബാർഡിന്റെ RIDF 20-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ടി പ്രവൃത്തിക്കായി പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. ടി പാലം പണിയുന്നത് സംബന്ധിച്ചുള്ള പദ്ധതി രൂപരേഖയുടെ വിശദമായ എസ്റ്റിമേറ്റ് (പ്രാഥമിക പഠനം ഉൾപ്പെടെ) തയ്യാറാക്കി നബാർഡ് ആർ.ഐ.ഡി.എഫ്-20-ൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതനുസരിച്ച് പ്രാഥമിക പഠനത്തിനുള്ള ശിപാർശ സമർപ്പിക്കുകയും ആയത് നബാർഡ് ശീർഷകത്തിൽനിന്നും ഭരണാനുമതി നൽകുന്നകാര്യം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പദ്ധതികൾ

144 (2013) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വർഷം, പദ്ധതി, അടങ്കൽ തുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വർഷം, പദ്ധതി, അടങ്കൽ തുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുന്ന പദ്ധതികൾ മാത്രമേ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | പദ്ധതി | അടങ്കൽ തുക (ലക്ഷം) |
|---|---|---|
| 2011-12 | തീരദേശ റോഡുകളുടെ പുനരുദ്ധാരണം - അജാനൂർ അവിക്കൽ റോഡ് | 19.50 |
| 2012-13 | തീരദേശ റോഡുകളുടെ പുനരുദ്ധാരണം - പടന്നക്കാട് ഒഴിഞ്ഞവളപ്പ് ബീച്ച് റോഡ് | 26.00 |
| 2012-13 | തീരദേശ റോഡുകളുടെ പുനരുദ്ധാരണം - ഞാണിക്കടവ് പുഞ്ചാവി എം.എൽ.എ. റോഡ് | 13.00 |

(ഡി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ.

1. തീരദേശ റോഡുകളുടെ പുനരുദ്ധാരണം

    (എ) മല്ലികമാട് ചിത്താരി പാലംറോഡ് (56 ലക്ഷം)

    (ബി) ഗാർഡൻവളപ്പ് - ബല്ലാ കടപ്പുറം റോഡ്

    (സി) അജാനൂർ ഫിഷ്‌ലാന്റിംഗ് സെന്ററിലേക്കുള്ള റോഡ്

2. അജാനൂർ ഫിഷിംഗ് ഹാർബർ നിർമ്മാണം - അജാനൂർ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇൻവെസ്റ്റിഗേഷൻ, മോഡൽ സ്റ്റഡി, ഇ.ഐ.എ. പഠനം എന്നിവ പൂർത്തീകരിക്കുന്ന മുറയ്ക്കാണ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മത്സ്യഗ്രാമം പദ്ധതി**

145 (2014) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ മത്സ്യഗ്രാമം പദ്ധതിയിൽ ഇപ്പോൾ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) താനൂർ നിയോജക മണ്ഡലത്തിലെ പുതിയ കടപ്പുറം, പണ്ടാരകടപ്പുറം എന്നീ പ്രദേശങ്ങൾ നിർദ്ധനരായ പരമ്പരാഗത മത്സ്യതൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഗ്രാമങ്ങൾ കൂടി മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംയോജിത മത്സ്യഗ്രാമവികസന പദ്ധതി 2013-14-ൽ ഉൾപ്പെടുത്തി താനൂർ മത്സ്യഗ്രാമത്തിൽ 2.00 കോടി രൂപയുടെ കുടിവെള്ള പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 298.00 ലക്ഷം രൂപയുടെ താനൂർ ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ച് 17.50 ലക്ഷം രൂപയുടെ പുതിയകടപ്പുറം അംഗൻവാടി കെട്ടിട നിർമ്മാണം എന്നിവ താനൂർ മത്സ്യഗ്രാമത്തിൽ നടപ്പിലാക്കുന്നു.

(ബി) ആകെ അനുവദിച്ച 284 വീടുകളിൽ 261 വീടുകൾ പൂർത്തിയാക്കി. ബാക്കി 23 വീടുകൾ പൂർത്തിയാക്കാനുണ്ട്. താനൂർ മത്സ്യഗ്രാമത്തിൽ 2.00 കോടി രൂപയുടെ കുടിവെള്ള പദ്ധതി 90% പൂർത്തീകരിച്ചു. 298.00 ലക്ഷം രൂപയുടെ താനൂർ ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം, 17.50 ലക്ഷം രൂപയുടെ പുതിയകടപ്പുറം അംഗൻവാടി കെട്ടിടനിർമ്മാണം എന്നിവയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു. ഉടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) താനൂർ മത്സ്യഗ്രാമപദ്ധതിയിൽ പണ്ടാരക്കടപ്പുറം പൂർണ്ണമായും പുതിയകടപ്പുറം മത്സ്യഗ്രാമത്തിന്റെ താനൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഭാഗങ്ങളും കൂടി ഉൾപ്പെട്ടിട്ടുണ്ട്.

**തീരസമൃദ്ധി പദ്ധതി - പൂതക്കുളം ഗ്രാമപഞ്ചായത്ത്**

146 (2015) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയിരുന്ന തീര സമൃദ്ധി പദ്ധതിയിലെ ശേഷിച്ച ഫണ്ട് ഉപയോഗിച്ച് പൂതക്കുളം ഗ്രാമപഞ്ചായത്തിലെ നെല്ലേറ്റിൽ എന്ന സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കണമെന്ന് കാണിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ ; (ഫയൽ നമ്പർ 2116/സി2/13 )

(ബി) പ്രസ്തുത നിർദ്ദേശം ലഭിച്ച് ഒരു വർഷം പിന്നിട്ടിട്ടും വാട്ടർടാങ്ക് നിർമ്മാണ ആവശ്യം പരിഗണിക്കുന്നതിലേക്ക് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) പ്രസ്തുത ടാങ്ക് നിർമ്മിക്കുന്നതിലേക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ; എങ്കിൽ ആയത് എന്താണെന്നും, അവ പരിഹരിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) അപേക്ഷ ലഭിച്ചിരുന്നു.

(ബി&സി) തീരസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി 2002-ൽ ഹാർബർ എഞ്ചിനീയറിംഗ് കൊല്ലം ഡിവിഷന്റെ പരിധിയിൽ 50 ലക്ഷം രൂപ അനുവദിച്ചതിൽ പരവൂരിൽ വാട്ടർ ടാങ്ക്, കുഴൽകിണർ എന്നിവ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി പരവൂർ മുനിസിപ്പാലിറ്റിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 11/2012-ൽ മാത്രമാണ് പരവൂർ പൂതക്കുളത്ത് നെല്ലേറ്റിൽ കടവിന് സമീപം നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ, ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന് മുൻസിപ്പൽ അധികൃതർ അറിയിക്കുകയുണ്ടായത്. തീരസമൃദ്ധി പദ്ധതി പ്രകാരം 2002-ൽ ആണ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിരുന്നത്. ഭരണാനുമതി ലഭിച്ച് അഞ്ച് വർഷത്തിനകം പദ്ധതി നടപ്പിലാക്കേണ്ടതായിരുന്നു. തീരസമൃദ്ധി വഴി നടപ്പിലാക്കിയ പ്രവൃത്തികൾ Letter of Credit മുഖേനയാണോയെന്ന് വ്യക്തമാക്കുവാനും 50 ലക്ഷം രൂപ അനുവദിച്ചതിൽ 15 ലക്ഷം രൂപ സറണ്ടർ ചെയ്തതിനും 15.19 ലക്ഷം രൂപ ശേഷിച്ചതെങ്ങനെയെന്നും മൊത്തം തുകയിലെ ബാക്കിയായ 36,28,830 രൂപ ടി പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ സറണ്ടർ

ചെയ്യാത്തത് എന്തുകൊണ്ടാണെന്നുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി വ്യക്തമായ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തീരസമൃദ്ധി പദ്ധതി ഇപ്പോൾ നിലവിലില്ല.

**കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

147 (2016) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭയിലെ ഒരു റോഡും ചാത്തന്നൂർ, പാരിപ്പള്ളി എന്നിവിടങ്ങളിലെ പൊതു മാർക്കറ്റും നവീകരിക്കണമെന്ന് കാണിച്ച് അപേക്ഷ പ്രസ്തുത സ്ഥാപനത്തിന് ലഭിച്ചിരുന്നുവോ ; എങ്കിൽ അതിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമ പദ്ധതി, മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് പദ്ധതി, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ ജി.പി.എസ്. - വി.എച്ച്.എഫ്. സംവിധാനം, കോൾഡ് ചെയിൻ സംവിധാനം എന്നിവയാണ് പ്രധാന പദ്ധതികൾ.

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ നഗരസഭയിലെ മാങ്ങാക്കുന്ന് വാർഡിൽ ചരുവിള ജംഗ്ഷൻ-വെട്ടിക്കുന്ന് വിള-പെരുവിള റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് കാണിച്ച് നിവേദനം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ചാത്തന്നൂർ മത്സ്യമാർക്കറ്റും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പാരിപ്പള്ളി മത്സ്യമാർക്കറ്റും നവീകരിക്കുന്നതിനുള്ള നിവേദനവും ലഭിച്ചിരുന്നു. ദേശീയ മത്സ്യ വികസന ബോർഡിന്റെ

ധനസഹായത്തോടെ നടപ്പിലാക്കുന്ന ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി 11 മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ ദേശീയ മത്സ്യ വികസന ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികൾക്ക് എൻ.എഫ്.ഡി.ബി-ൽ നിന്നും അംഗീകാരം കിട്ടുന്ന മുറയ്ക്ക് പുതിയ മാർക്കറ്റുകളുടെ പ്രൊപ്പോസൽ അംഗീകരിക്കുന്നതാണ്. റോഡ് നിർമ്മാണത്തിന്റെ പദ്ധതി സാധ്യതാ പഠനം നടത്തി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യഗ്രാമ വികസന പദ്ധതി

148 (2017) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ ഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ നല്കാമോ ?

## ഉത്തരം

(എ) സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ആദ്യപടിയായി തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശസ്വയംഭരണ പ്രദേശത്ത് 135 കോടി രൂപയുടെ ഭവന നിർമ്മാണ പ്രവർത്തനത്തിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2012-13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ

24 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ 2013-14 സാമ്പത്തിക വർഷം 13-ാം ധനകാര്യ കമ്മീഷൻ പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപ മത്സ്യമേഖലയിലെ കക്കൂസുകളുടെ നിർമ്മാണത്തിനും 5 കോടി രൂപ വീടുകളുടെ അറ്റകുറ്റപ്പണികൾ/നവീകരണത്തിനും 25 കോടി രൂപ 2014-15-ൽ മത്സ്യത്തൊഴിലാളി കോളനി നവീകരണത്തിനും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ സമഗ്ര അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യഗ്രാമങ്ങളിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്.

(ഡി) മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി ആകെ 160 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ 135 കോടി രൂപയും ഭവന നിർമ്മാണത്തിനായാണ് ചെലവഴിക്കുന്നത്. 25 കോടി രൂപ ചെലവിട്ട് സാനിട്ടേഷൻ, കുടിവെള്ളം, വൈദ്യുതി, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം 4973 വീടുകളും 8212 കക്കൂസുകളും അനുവദിച്ചിട്ടുണ്ട്. മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ള വിതരണം, തീരദേശ റോഡ് നിർമ്മാണം, ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ള വിതരണം, ബേപ്പൂരിൽ തീരദേശ റോഡ് നിർമ്മാണം, വിദ്യാഭ്യാസ സ്ഥാപന നവീകരണം, ആനാപ്പുഴ മത്സ്യഗ്രാമത്തിൽ വൈദ്യുതീകരണം, വലിയതുറയിൽ ആശുപത്രി കെട്ടിട നിർമ്മാണം

എന്നീ സൗകര്യങ്ങളാണ് മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത്. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതുവരെ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കുടിവെള്ള വിതരണം (57 എണ്ണം) | - | 51.39 കോടി രൂപ |
| വൈദ്യുതീകരണം (57 എണ്ണം) | - | 23.03 കോടി രൂപ |
| സാനിട്ടേഷൻ (20 പബ്ലിക് ടോയ്‌ലറ്റ്, 3525 വ്യക്തിഗത ടോയ്‌ലറ്റുകൾ) | - | 11.58 കോടി രൂപ |
| ലൈബ്രറി സഹായം (32 എണ്ണം) | - | 8.99 കോടി രൂപ |
| ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം) | - | 7.79 കോടി രൂപ |
| ജീവനോപാധി സഹായം (1 മത്സ്യമാർക്കറ്റ്, 1862 വള്ളവും വലയും) | - | 8.90 കോടി രൂപ |

**മാതൃകാ മത്സ്യകൃഷിയിട വികസനം**

149 (2018) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ മത്സ്യ കൃഷിയിടങ്ങൾ വികസിപ്പിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉൾനാടൻ മത്സ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ 250 മാതൃകാ മത്സ്യഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖ പരിശോധിച്ചുവരുന്നു. കൂടാതെ നൂതന ജലകൃഷി രീതികൾക്കായി മാതൃകാ മത്സ്യഫാമുകൾ വികസിപ്പിക്കുന്നതിനുള്ള 'അഡാക്ക് ' സമർപ്പിച്ച പദ്ധതിക്ക് 2014-15 -ൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നൂതന ജലകൃഷി രീതികൾക്കായി മാതൃകാ ഫാമുകളുടെ വികസനം എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിവിധ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. മാതൃകാ മത്സ്യകൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖ പരിശോധിച്ചുവരുന്നു.

## മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കാൻ പദ്ധതി

150 (2019) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ നിർദ്ദേശിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളോട് അഭ്യർത്ഥിക്കുകയും, അവർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സാങ്കേതിക സർവ്വേ നടത്തി ഉചിതമായ സ്ഥലങ്ങൾ അന്തിമമായി തിരഞ്ഞെടുക്കുകയും ചെയ്തു. ഫിർമ തയ്യാറാക്കിയ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ്

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കുകയും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്യുന്നു.

(സി) മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും അതിനായി 115 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ഫിർമ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യമാർക്കറ്റുകളുടെ നവീകരണം**

151 (2020) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് കേന്ദ്രസർക്കാരിന്റെ സഹായത്തോടെ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം മത്സ്യ മാർക്കറ്റുകളെ ഇതിനായി തെരഞ്ഞെടുത്തു എന്നും, ഇതിന് എന്ത് തുക ലഭിച്ചു എന്നും വിശദമാക്കാമോ ;

(സി) പുതിയ മാർക്കറ്റുകളെ ഇതിനായി ഇനിയും തെരഞ്ഞെടുക്കുന്നുണ്ടോ ; പിന്നീട് സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചോ എന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി 40 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചുകഴിഞ്ഞു. ആകെ 7590.53 ലക്ഷം രൂപ അടങ്കൽ തുകയിൽ 6366.105 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡിന്റെ വിഹിതവും 1224.425 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്.

(ബി) തെരഞ്ഞെടുത്ത മത്സ്യമാർക്കറ്റുകളുടെയും ലഭിച്ച തുകയുടെയും വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി 12 മത്സ്യമാർക്കറ്റിന്റെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജില്ലയിലെ ബാലരാമപുരം മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്.

**ഫിഷറീസ് സ്കൂളുകളുടെ ശോച്യാവസ്ഥ**

152 (2021) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് സ്കൂളുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ വിദഗ്ദ്ധർ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ ;

(സി) എന്നാണ് പ്രസ്തുത നിർദ്ദേശങ്ങൾ ലഭിച്ചത് ; പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഇ) ഇല്ല.

**നാട്ടിക മണ്ഡലത്തിലെ കാലവർഷക്കെടുതി ദുരിതാശ്വാസം**

153 (2022) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ വലപ്പാട്, നാട്ടിക, കളിച്ചളം പഞ്ചായത്തുകളിലെ തീരദേശ മത്സ്യത്തൊഴിലാളികളുടെ കാലവർഷക്കെടുതി ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) വീടും വള്ളങ്ങളും വലകളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര കുടുംബങ്ങൾക്ക് എത്ര രൂപ വീതം അനുവദിച്ചുവെന്ന്

അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

**ഫിഷറീസ് സ്കൂളുകളിലെ സൗകര്യങ്ങൾ**

154 (2023) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളിൽ നിലവിൽ അനുവദനീയമായ എണ്ണം കുട്ടികൾ പഠിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ഫിഷറീസ് സ്കൂളുകളിൽ ഉറപ്പുള്ള കെട്ടിടം, അദ്ധ്യാപകർക്കും ഹെഡ് മാസ്റ്റർക്കും മുറികൾ, സ്മാർട്ട് ക്ലാസ്സ് മുറികൾ, കളിസ്ഥലങ്ങൾ, ലൈബ്രറി, ലാബുകൾ, ആവശ്യത്തിന് ഫർണിച്ചറുകൾ, ടോയ്ലെറ്റുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ വൃത്തിയുള്ളതും മെച്ചപ്പെട്ടതുമായ രീതിയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് നിലവിൽ അനുവദിക്കപ്പെടുന്ന മെസ്സ് അലവൻസ് തുക പോഷക മൂല്യമുള്ള ഭക്ഷണം നൽകുന്നതിന് അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളിൽ നിലവിൽ അനുവദനീയമായ എണ്ണം കുട്ടികൾ പഠിക്കുന്നില്ല. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അണുകുടുംബങ്ങളായി മാറിയ സാഹചര്യത്തിൽ മക്കളെ വീട്ടിൽ നിന്ന് മാറ്റി ഹോസ്റ്റലിൽ താമസിപ്പിച്ച് പഠിപ്പിക്കുവാൻ രക്ഷിതാക്കൾക്ക് താല്പര്യമില്ലാത്ത സാഹചര്യത്തിലാണ് കുട്ടികളുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുവരുന്നത്.

(ബി) സംസ്ഥാനത്തെ ഫിഷറീസ് വകുപ്പിന് കീഴിലുള്ള കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പൊന്നാനി, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ ഫിഷറീസ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏറെക്കുറെ ലഭ്യമാണ്. എന്നാൽ ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ്സ് മുറികൾ എന്നീ സൗകര്യങ്ങൾ കുറവാണ്. 13-ാം

ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 10 ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണവും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 2516.5 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഇതിൽ ഓരോ സ്കൂളുകൾക്കും അനുവദിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | കാഞ്ഞങ്ങാട് ഫിഷറീസ് സ്കൂൾ | - | 139.00 ലക്ഷം രൂപ |
| 2. | അഴീക്കൽ ഫിഷറീസ് സ്കൂൾ | - | 340.00 ലക്ഷം രൂപ |
| 3. | ബേപ്പൂർ ഫിഷറീസ് സ്കൂൾ | - | 174.00 ലക്ഷം രൂപ |
| 4. | കൊയിലാണ്ടി ഫിഷറീസ് സ്കൂൾ | - | 135.00 ലക്ഷം രൂപ |
| 5. | താനൂർ ഫിഷറീസ് സ്കൂൾ | - | 298.00 ലക്ഷം രൂപ |
| 6. | ചാവക്കാട് ഫിഷറീസ് സ്കൂൾ | - | 132.00 ലക്ഷം രൂപ |
| 7. | തേവര ഫിഷറീസ് സ്കൂൾ | - | 202.00 ലക്ഷം രൂപ |
| 8. | അർത്തുങ്കൽ ഫിഷറീസ് സ്കൂൾ | - | 119.50 ലക്ഷം രൂപ |
| 9. | കരുനാഗപ്പള്ളി ഫിഷറീസ് സ്കൂൾ | - | 195.00 ലക്ഷം രൂപ |
| 10. | വലിയതുറ ഫിഷറീസ് സ്കൂൾ | - | 782.00 ലക്ഷംരൂപ |
| | | ആകെ | 2516.50 ലക്ഷം രൂപ |

(സി) ഉണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പാരമ്പര്യ മത്സ്യത്തൊഴിലാളികളും മീനാകുമാരി കമ്മീഷനും**

155 (2024) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോ. ബി. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ബി) കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് എന്തെങ്കിലും നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന കമ്മീഷൻ റിപ്പോർട്ടിലെ

ശിപാർശകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ലഭ്യമായിട്ടുണ്ട്.

(ബി) കമ്മിഷൻ റിപ്പോർട്ടിലെ ഹാനികരമായ ശിപാർശകൾ തള്ളിക്കളയണമെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്.

(സി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മാവേലിക്കര മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾ**

156 (2025) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദമാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ ഏതൊക്കെ മത്സ്യ മാർക്കറ്റുകളാണ് നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ; ഏതൊക്കെ മത്സ്യ മാർക്കറ്റുകളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ; ഇതിന്റെ തുക ഉൾപ്പെടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കരമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മാവേലിക്കര മണ്ഡലത്തിലെ പാലമേലിൽ 174.61 ലക്ഷം രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം നിർവ്വഹിച്ചുവരുന്നു.

**അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി**

157 (2026) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ അനുവദിച്ച റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഇതുവരെ ഭരണാനുമതി ലഭ്യമായവയിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ടെണ്ടർ ചെയ്തിട്ട് കരാറുകൾ ഏറ്റെടുക്കാത്തതും കരാറുകാർ ഏറ്റെടുത്തിട്ട് നിർമ്മാണം ആരംഭിക്കാത്തതുമായ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 19 റോഡുകളുടെ പേരു വിവരം ചുവടെ ചേർക്കുന്നു :

1. വെള്ളക്കിണർ ചാമക്കുളം നിരവന്തറ റോഡ്
2. പാക്കളിപ്പാലം മുതൽ പാലത്തുംതലയ്ക്കൽ ഐ.എച്ച്.ഡി.പി. കോളനി പുതുവൽ റോഡ്.
3. പുത്തൻപറമ്പ് - പടിഞ്ഞാറുവശം പാലം റോഡ്.
4. ലിസിയോ മട്ടാഞ്ചേരി റോഡ്.
5. കറുപ്പൻ ജംഗ്ഷൻ - ആറാട്ടുചിറക്കോണത്തുചിറ റോഡ്
6. നാലുവേലിത്തറ-സെന്റ് മേരീസ് ആയുർവേദ വൈദ്യശാല റോഡ്.
7. പള്ളിമോട്ടോർത്തറ – തെക്കോട്ട് മുട്ടേൽ പീടിക റോഡ്.
8. ചെമ്പുപുറം പി.എച്ച്. സെന്റർ കിഴക്കോട്ട് ചാംവേലിപ്പടി റോഡ്.
9. അമ്പക്കാട്ടുപടി - ആനുതീരം റോഡ്.
10. വട്ടടിക്കടവ് - വാത്തിയപ്പുരപടി റോഡ്.
11. പനമുട്ടം-മാരാമുട്ടം ലക്ഷംവീട്ടു കോളനി റോഡ്.
12. പോട്ടുമുപ്പതുപാലം - കായൽപുറം റോഡ്.
13. എബനേസർപടി - വല്ലേൽപ്പടി വരെയുള്ള റോഡ്.
14. പഴയമഠത്തിൽപാലം - വേളുത്തേടത്തു റേഷൻകട വരെയുള്ള റോഡ്

15. കൊല്ലേലിൽ - നല്ലൂർക്കാവ് ദേവീക്ഷേത്രം വരെയുള്ള റോഡ്.

16. ലക്ഷ്മി മന്ദിരം റോഡ്.

17. സുബ്രഹ്മണ്യസ്വാമിക്ഷേത്രം വടക്കേകുളിക്കടവ് റോഡ്.

18. പോത്തുകുന്നേൽപടി - ചട്ടുകംപാടത്തിന്റെ മോട്ടോർത്തറ വരെയുള്ള റോഡ്.

19. മണമ്മേൽചിറപാലം - കാവിലവീട്ടുപടി വരെയുള്ള റോഡ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഭരണാനുമതി നൽകിയവയിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പരുത്തിക്കാട്ടുചിറ ആക്കനടി റോഡ്.
2. തോട്ടുതീരം റോഡ്.
3. ബേക്കറിപ്പാലം മുതൽ ആറ്റു തീരം - ഉച്ചിക്കാരം ഓട്ടോ റോഡ്.
4. പുത്തൻകട മാങ്കീഴതറ റോഡ്.
5. കുന്നമ്പരി എസ്.എൻ.ഡി.പി. ജംഗ്ഷൻ മുതൽ മോഴശ്ശേരി പാലം വരെ.
6. കെ.എസ്.ഇ.ബി. ജംഗ്ഷൻ മുതൽ കണിയാംപറമ്പ് വരെയുള്ള റോഡ്.
7. പത്തിൻപ്പാലം - ലക്ഷംവീട്ടു കോളനി റോഡ്.
8. നാരകത്തറ പി.ഡബ്ല്യൂ.ഡി. ജി.യു.പി. സ്കൂൾ റോഡ്.
9. ഗവൺമെന്റ് എൽ.പി.എസ്.-തോട്ടക്കാട് റോഡ്.
10. മിൽമാ ജംഗ്ഷൻ - ചെക്കിടിക്കാട് ആറ്റുതീരം റോഡ്.
11. പുളിക്കത്തറകോളനിപ്പടി - ആനന്ദ്രമ്പാൽ ക്ഷേത്രം റോഡ്.
12. മെതിക്കുളം പാലം ആറ്റുതീരം റോഡ്.
13. ചാപ്പൽപ്പടി കിഴക്ക് ആറ്റുതീരം റോഡ്.
14. വെള്ളക്കിണർ ചാമക്കുളം നിരവന്തറ റോഡ്.

15. പാക്കളിപ്പാലം മുതൽ പാലത്തുംതലയ്ക്കൽ ഐ.എച്ച്.ഡി.പി. കോളനി പുതുവൽ റോഡ്.
16. പുത്തൻപറമ്പ് - പടിഞ്ഞാറുവശം പാലം റോഡ്.
17. ലിസിയോ മട്ടാഞ്ചേരി റോഡ്.
18. കറുപ്പൻ ജംഗ്ഷൻ - ആറാട്ടുചിറക്കോണത്തുചിറ റോഡ്.
19. നാലുവേലിത്തറ-സെന്റ് മേരീസ് ആയുർവേദ വൈദ്യശാല. റോഡ്
20. പള്ളിമോട്ടോർത്തറ – തെക്കോട്ട് മുട്ടേൽ പീടിക റോഡ്.
21. ചെമ്പുപുറം പി.എച്ച്. സെന്റർ കിഴക്കോട്ട് ചാംവേലിപ്പടി റോഡ്.
22. അമ്പക്കാട്ടുപടി - ആറ്റുതീരം റോഡ്.
23. വട്ടടിക്കടവ് - വാത്തിയപ്പുരപടി റോഡ്.
24. പനമൂട്ടം - മാരാമൂട്ടം ലക്ഷം വീടുകോളനി റോഡ്.
25. പൊട്ടുമുപ്പതുപാലം - കായൽപുറം റോഡ്.
26. എബനേസർപടി - വല്ലേൽപ്പടി വരെയുള്ള റോഡ്.
27. പഴയമഠത്തിൽപാലം - വേളൂത്തേടത്തു റേഷൻകട വരെയുള്ള റോഡ്.
28. കൊല്ലേലിൽ - നല്ലൂർക്കാവ് ദേവീക്ഷേത്രം വരെയുള്ള റോഡ്.
29. ലക്ഷ്മി മന്ദിരം റോഡ്.
30. സുബ്രഹ്മണ്യസ്വാമിക്ഷേത്രം വടക്കാടകുളിക്കടവ് റോഡ്.
31. മണമ്മേൽചിറപാലം - കാവിലവീട്ടുപടി വരെയുള്ള റോഡ്.
32. പയറ്റുപക്കാ പങ്കിയമ്മപ്പാലം - കിഴക്കേ അംഗൻവാടി റോഡ്.
33. പി.ഡബ്ല്യൂ.ഡി. റോഡ് - നാരകത്തറ ബോട്ട്ജെട്ടി വരെയുള്ള റോഡ്.
34. വായനശാലമുതൽ പുളിത്തറക്കടവ് വരെയുള്ള റോഡ്.

35. ചക്കചമ്പക്കകൊക്കംപാടം - നടുവത്ത് പാടശേഖരം റോഡ്.

36. തേവർക്കാട് വെള്ളമാത്ര റോഡ്

37. ചമ്പക്കുളം ബി.എസ്.എൻ.എൽ. ജംഗ്ഷൻ-വൈശ്യംഭാഗം റോഡ്

38. അമ്പത്തഞ്ച് മുട്ട് രാമങ്കരി കടവ് റോഡ്.

39. സെന്റ് ജോസഫ് ചർച്ച് - രാമങ്കരി ആനന്ദതീരം റോഡ്.

40. വാഴച്ചിറ ജംഗ്ഷൻ - പുത്തൻപറമ്പ് ചൂള റോഡ്.

41. നാലങ്ങാടി - പനവേലിപ്പടി റോഡ്.

42. പോത്തുകുന്നേൽപടി - ചട്ടുകംപാടത്തിന്റെ മോട്ടോർത്തറ വരെയുള്ള റോഡ്.

43. തോട്ടുവാത്തല ഗ്രന്ഥശാല – കാർഷാശ്ശേരി ദേവീക്ഷേത്രം വരെയുള്ള റോഡ്.

(സി)ടെണ്ടർ ചെയ്തിട്ടും കരാർ ഏറ്റെടുക്കാത്ത റോഡുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1. വായനശാല മുതൽ പുളിത്തറക്കടവ് വരെയുള്ള റോഡ്
2. ചക്കചമ്പക്കകൊക്കംപാടം - നടുവത്ത് പാടശേഖരം റോഡ്.
3. തേവർക്കാട് വെള്ളമാത്ര റോഡ്.
4. ചമ്പക്കുളം ബി.എസ്.എൻ.എൽ. ജംഗ്ഷൻ - വൈശ്യംഭാഗം. റോഡ്
5. അമ്പത്തഞ്ച് മുട്ട് രാമങ്കരി കടവ് റോഡ്.
6. സെന്റ് ജോസഫ് ചർച്ച് - രാമങ്കരി ആനന്ദതീരം റോഡ്.
7. വാഴച്ചിറ ജംഗ്ഷൻ - പുത്തൻപറമ്പ് ചൂളറോഡ്.
8. നാലങ്ങാടി - പനവേലിപ്പടി റോഡ്.
9. പോത്തുകുന്നേൽപടി - ചട്ടുകംപാടത്തിന്റെ മോട്ടോർത്തറ വരെയുള്ള റോഡ്.

10. തോട്ടുവാത്ത ഗ്രന്ഥശാല-കാർഷാശ്ശേരി ദേവീക്ഷേത്രം വരെയുള്ള റോഡ്

കരാറുകാർ ഏറ്റെടുത്തിട്ട് പ്രവൃത്തി തടസ്സപ്പെട്ട രണ്ടു റോഡുകൾ ചുവടെ ചേർക്കുന്നു :

1. മങ്കോട്ടുചിറ ഇന്റഗ്രേറ്റഡ് ഫിഷ് സീഡ് ഫാം റോഡ്.

2. ചെറുകര കപ്പേളപ്പള്ളി ചെറുകര ഷാപ്പുചിറ റോഡ്.

ടി റോഡുകളുടെ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, ഇതിൽ ഒന്നാമത്തെ റോഡിന്റെ ദർഘാസ് അംഗീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുംവരുന്നു.

**ചെറുവത്തൂർ ഫിഷിംഗ് ഹാർബർ**

158 (2027) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഹാർബറിന്റെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം മാർച്ച് 2015-ൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ ഇനിയും പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | ചുറ്റുമതിൽ | - | നിർമ്മാണം പുരോഗമിക്കുന്നു. |
| 2. | ഗേറ്റ് & ഗേറ്റ് ഹൗസ് | - | നിർമ്മാണം പുരോഗമിക്കുന്നു. |
| 3. | അപ്രോച്ച്റോഡ് | - | നിർമ്മാണം പുരോഗമിക്കുന്നു. |

(സ്ഥലനിർണ്ണയവുമായി ബന്ധപ്പെട്ട തർക്കം നിലനിൽക്കുന്നതിനാൽ അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടില്ല. )

4. കുടിവെള്ള വിതരണ പദ്ധതി - നിർമ്മാണം പുരോഗമിക്കുന്നു.

**മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത തീരദേശ ഗ്രാമ പഞ്ചായത്തുകൾ**

159 (2028) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത തീരദേശ ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്തതു കാരണം ഈ ഗ്രാമപഞ്ചായത്തുകളിലെ നിരവധി മത്സ്യത്തൊഴിലാളികൾക്ക്, പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ പലതും ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ തീരദേശ ഗ്രാമപഞ്ചായത്തായ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിനെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടാത്ത സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ഗ്രാമീണ അടിസ്ഥാന സൗകര്യ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം, ടോയ്‌ലെറ്റ്, കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമം പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു :

| | | |
|---|---|---|
| കുടിവെള്ള പദ്ധതി | - | 69.55 ലക്ഷം രൂപ |
| വൈദ്യുതീകരണം | - | 8.74 ലക്ഷം രൂപ |
| വ്യക്തിഗത ടോയ്ലറ്റുകൾ | - | 10.00 ലക്ഷം രൂപ |
| ലൈബ്രറി നിർമ്മാണം | - | 20.00 ലക്ഷം രൂപ |
| ഹൈമാസ്റ്റ് ലൈറ്റുകൾ (4 എണ്ണം) | - | 28.00 ലക്ഷം രൂപ |

ഇതിൽ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിച്ചു. കൂടാതെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ 2 മത്സ്യഗ്രാമങ്ങളിലും 252.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഗവ. യു.പി. സ്കൂൾ, അരിയല്ലൂർ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം - 120.00 ലക്ഷം രൂപ.

ഗവ. എൽ.പി. സ്കൂൾ, കടലുണ്ടി നഗരം പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം - 85.00 ലക്ഷം രൂപ.

നെറ്റ് മെന്റിംഗ് യാർഡ് നിർമ്മാണം, കടലുണ്ടി നഗരം - 47.00 ലക്ഷം രൂപ

(ഡി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്ന രണ്ട് മത്സ്യഗ്രാമങ്ങളിൽ അരിയല്ലൂർ മത്സ്യഗ്രാമത്തെ സംയോജിത മത്സ്യഗ്രാമം പദ്ധതി 2012-13-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ മത്സ്യഗ്രാമമായ കടലുണ്ടി നഗരത്തെ തെരഞ്ഞെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പെരുവണ്ണാമൂഴി റിസർവ്വോയറിലെ ശുദ്ധജല മത്സ്യകൃഷി**

160 (2029) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പെരുവണ്ണാമൂഴി റിസർവ്വോയറിൽ ശുദ്ധജല മത്സ്യകൃഷിക്കുള്ള സാധ്യതകൾ പരിഗണിച്ച് പദ്ധതി ആവിഷ്കരിക്കാമോ ; ഇവിടെ ഇപ്പോഴുള്ള സഹകരണ ഹാച്ചറിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മത്സ്യ പ്രജനനത്തിനും, കുഞ്ഞുങ്ങളെ വളർത്തി ഡാമിൽ വിടുന്നതിനുമുള്ള പദ്ധതി

പരിഗണനയിലുണ്ടോ ; ഹാച്ചറിയുടെ ആധുനികവത്ക്കരണത്തിനും കൂടുതൽ വരുമാന വർദ്ധനവിനും പദ്ധതി സമർപ്പിക്കാൻ നിർദ്ദേശിക്കാമോ ;

(ബി) ഇവിടെ ഇപ്പോഴുള്ള സഹകരണ ഹാച്ചറിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മത്സ്യ പ്രജനനത്തിനും, കുഞ്ഞുങ്ങളെ വളർത്തി ഡാമിൽ വിടുന്നതിനുമുള്ള പദ്ധതി പരിഗണനയിലുണ്ടോ ?

<u>ഉത്തരം</u>

(എ) പെരുവണ്ണാമൂഴി റിസർവ്വോയർ കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ നിയന്ത്രണത്തിലുള്ളതാണ്. പ്രസ്തുത റിസർവ്വോയറിലാണ് ജില്ലയിൽ ശുദ്ധജല വിതരണ പദ്ധതിയായ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മുഖ്യ ജലസംഭരണിയുള്ളത്. കുടിവെള്ള സ്രോതസ്സ് നിലനിൽക്കുന്നതിനാൽ ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടു കൂടി മാത്രമേ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കാനാവൂ. കോഴിക്കോട് മത്സ്യ കർഷക വികസന ഏജൻസിയുടെ 2014-15 മാനേജിംഗ് കമ്മിറ്റി, പെരുവണ്ണാമൂഴി റിസർവ്വോയറിൽ ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്.

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ വരുന്ന കല്ലാനോട് ഹാച്ചറിയിൽ പെരുവണ്ണാമൂഴി പട്ടികജാതി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം മത്സ്യ വിത്തുല്പാദത്തിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കോഴിക്കോട് മത്സ്യകർഷക വികസന ഏജൻസി 2014-15 മാനേജിംഗ് കമ്മിറ്റിയിൽ പെരുവണ്ണാമൂഴി റിസർവ്വോയറിൽ ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്ന പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്.

## ചെറുമത്സ്യങ്ങളെ അന്യ സംസ്ഥാനങ്ങളിലെ വളം ഫാക്ടറികളിലേക്ക് കയറ്റി അയയ്ക്കുന്നതിന് നിരോധനം

161 (2030) <u>ശ്രീ. പി. തിലോത്തമൻ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. കെ. അജിത്</u> :
<u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിലെ ചെറുമത്സ്യങ്ങളെ നിയമ വിരുദ്ധമായി പിടിച്ച് അന്യസംസ്ഥാനങ്ങളിലെ വളം ഫാക്ടറികളിലേക്ക് കയറ്റി അയയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യസമ്പത്തിന് ദോഷകരമായി ബാധിക്കുന്ന ഇത്തരം മീൻ പിടുത്തം നിരോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നിരോധനം ലംഘിക്കുന്നവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(സി) 1980-ലെ കേരള കടൽ മീൻപിടുത്ത നിയന്ത്രണ നിയമം അനുസരിച്ച് ഇത് തടയുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മത്സ്യബന്ധനത്തിന് ദോഷകരമായി ബാധിക്കുന്ന ചെറുമീൻ പിടുത്തം നിരോധിച്ചിട്ടുണ്ട്. ഈ നിരോധനം ലംഘിക്കുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ട് പ്രകാരം ബോട്ടുകൾ പിടിച്ചെടുത്ത് പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിച്ചു വരികയാണ്.

**മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി തൃശ്ശൂർ ജില്ലയിൽ**

162 (2031) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രവർത്തനക്ഷമമാണോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന തൃശ്ശൂർ ജില്ലയിലെ മത്സ്യബന്ധന തൊഴിലാളികൾക്ക് വേണ്ടി സ്വീകരിച്ച കടാശ്വാസ നടപടികൾ വിശദമാക്കുമോ ;

(സി) നാട്ടിക മണ്ഡലത്തിലെ നാട്ടിക, വലപ്പാട്, തളിക്കുളം പഞ്ചായത്തുകളിലെ തീരദേശത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം ആശ്വാസ ആനുകൂല്യങ്ങൾ നൽകിയെന്നും ഓരോ ഇനത്തിലും എത്ര തുകയുടെ ആശ്വാസ നടപടികൾ സ്വീകരിച്ച

എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രവർത്തനക്ഷമമാണ്. കടാശ്വാസ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ 15-2-2009-ലെ ജി.ഒ. (Ms) നമ്പർ 78/09/F&PD ഉത്തരവ് പ്രകാരം 9891 മത്സ്യത്തൊഴിലാളികളുടെ ഹഡ്കോ ഭവനവായ്പ കുടിശ്ശികയും 24-2-2010-ലെ ജി.ഒ. (എംഎസ്.) നമ്പർ 9/2010/F&PD നമ്പർ ഉത്തരവ് പ്രകാരം 46804 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾവഴി 31-12-2007 വരെ വിതരണം ചെയ്ത NCDC വായ്പ കുടിശ്ശികയും ചേർത്ത് 126,86,09,024 രൂപയുടെ ബാദ്ധ്യത സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് അവരെ ഋണമുക്തമാക്കിയിട്ടുണ്ട്. കൂടാതെ കമ്മീഷൻ കടാശ്വാസത്തിന് അർഹത കണ്ടെത്തി നാളിതുവരെ 6 ഘട്ടങ്ങളിലായി 66363 പേർക്ക് കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് വേണ്ടിയുള്ള സിറ്റിംഗുകൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത സർക്കാർ അംഗീകരിച്ച ലിസ്റ്റിൽനിന്ന് മത്സ്യഫെഡ് മുഖേനയും സഹകരണ വകുപ്പ് മുഖേനയും 48044 പേർക്ക് 144.75 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) മത്സ്യഫെഡ് മുഖേന തൃശ്ശൂർ ജില്ലയിലെ 7910 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസമായി 7,26,57,035 രൂപയും മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം 6,80,71,110 രൂപയും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ 581 വായ്പക്കാർക്കായി 1,22,69,302 രൂപയുടെ അധിക പ്രൊപ്പോസലുകൾ ജില്ലയിൽനിന്ന് ശിപാർശ ചെയ്ത് ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്.

(സി) നാട്ടിക മണ്ഡലത്തിലെ നാട്ടിക, വലപ്പാട്, തളിക്കുളം പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വലപ്പാട് സർവ്വീസ് സഹകരണ ബാങ്ക്, എടമുട്ടം സർവീസ് സഹകരണ ബാങ്ക്, കരയാവടം സർവീസ് സഹകരണ ബാങ്ക്, നാട്ടിക സർവ്വീസ് സഹകരണ ബാങ്ക്, തളിക്കുളം സർവ്വീസ് സഹകരണ ബാങ്ക്, നാട്ടിക ഫർക്ക റൂറൽ സഹകരണ ബാങ്ക് എന്നീ 6 സഹകരണ സ്ഥാപനങ്ങൾ മുഖേന നാളിതുവരെ 362 വായ്പക്കാരുടെ വായ്പാ കണക്കുകളിലായി 1,51,55,124 രൂപയുടെ കടാശ്വാസ തുക

അനുവദിച്ചിട്ടുള്ളതാണ്. ടി വായ്പാ കണക്കുകൾ അവസാനിപ്പിച്ച് ഈട് പ്രമാണങ്ങൾ തിരികെ കൊടുക്കുന്നതിലേക്ക് 1,00,84,033 രൂപ പലിശ ഇനത്തിലും 6,96,112 രൂപ പിഴപ്പലിശ ഇനത്തിലുമായി ആകെ 107,80,145 രൂപ സംഘങ്ങൾ വിട്ടു നൽകിയിട്ടുണ്ട്. കൂടാതെ, എടമുട്ടം സർവ്വീസ് സഹകരണ ബാങ്ക്, നാട്ടിക ഫർക്ക റൂറൽ സഹകരണ ബാങ്ക്, നാട്ടിക ഫർക്ക ഹൗസിംഗ് സഹകരണ സംഘം എന്നീ 3 സഹകരണ സ്ഥാപനങ്ങളിലെ 5 വായ്പക്കാരുടെ 2,31,444 രൂപയുടെ കടാശ്വാസ പ്രൊപ്പോസൽ സഹകരണ വകുപ്പ് രജിസ്ട്രാറിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. മത്സ്യഫെഡ് മുഖേന നാട്ടിക മണ്ഡലത്തിലെ നാട്ടിക, വലപ്പാട്, തളിക്കുളം പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിച്ച് വിതരണം ചെയ്തതിന്റെ വിവരം ചുവടെ സമർപ്പിക്കുന്നു :

| പഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| വലപ്പാട് | 987 | 14188157 |
| നാട്ടിക | 598 | 15097943 |
| തളിക്കുളം | 208 | 24,66,340 |

## മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

163 (T*2032) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കു കീഴിലുമുള്ള ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് നൽകുമോ ;

(സി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ വർഷം ഇതുവരെ എത്ര

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ :

1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി :

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനം നടത്തുന്നതിനാവശ്യമായ പ്രവർത്തനമൂലധന വായ്പ, പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യസംഭരണം, വിപണനം എന്നിവയ്ക്ക് ധനസഹായം, സബ്സിഡി, ഓഹരിമൂലധനം എന്നിവ ഈ പദ്ധതി മുഖേന നൽകിവരുന്നു.

2. നാടൻ വള്ളങ്ങളുടെ നവീകരണം (50% കേന്ദ്രാവിഷ്കൃത പദ്ധതി) :

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി.-യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകിവരുന്നു.

3. മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം :

മത്സ്യബന്ധന വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 6000 രൂപ വരെ സബ്സിഡി നൽകിവരുന്നു.

4. എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി. പദ്ധതി. :

ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സ്വയം തൊഴിലിനായി ചുരുങ്ങിയ പലിശ നിരക്കിനുള്ള വായ്പകൾ നൽകിവരുന്നു.

5. ബാങ്കബിൾ സ്കീം. :

സർക്കാർ ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും വഴി വായ്പയെടുത്ത് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് വായ്പാ തുകയുടെ 25 ശതമാനം വരെ സബ്സിഡി നൽകിവരുന്നു.

6. <u>മൈക്രോഫിനാൻസ്</u> :

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിലുള്ള അംഗങ്ങളെ സ്വയം സഹായ ഗ്രൂപ്പുകളായി സംഘടിപ്പിച്ചു കൊണ്ട് 6% പലിശ നിരക്കിൽ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. ഒരു വ്യക്തിക്ക് 10,000 രൂപ മുതൽ 25,000 രൂപ വരെ വിവിധ ഘട്ടങ്ങളിലായി സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്യുന്നു.

7. <u>മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ.</u> :

സംസ്ഥാന സർക്കാർ മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പലിശ രഹിത വായ്പാ പദ്ധതി പ്രകാരം മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് 5,000 രൂപ മുതൽ 20,000 രൂപവരെ വിവിധ ഘട്ടങ്ങളിൽ പലിശരഹിത വായ്പയായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്തു വരുന്നു. ഒരു വർഷം കാലാവധിയുള്ള ഈ വായ്പയുടെ പലിശ സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

8. <u>അപകടത്തിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ</u> :

അപകടത്തിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിപ്രകാരം ധനസഹായം നൽകുന്നുണ്ട്. അപകട മരണത്തിന് 5 ലക്ഷം രൂപയും, മരണാനന്തര ചടങ്ങുകൾക്കായി 2,500 രൂപയും, മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപ (ഒരാളിന് 5,000 രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു.

9. <u>വനിതാ ബസ് സർവ്വീസ്</u> :

മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി 4 വനിതാ ബസ്സുകൾ മത്സ്യഫെഡ്

മുഖേന നടത്തിവരുന്നു. 2 എണ്ണം തിരുവനന്തപുരം മുതൽ കൊല്ലം, നീണ്ടകര വരെയും ഒരെണ്ണം വിഴിഞ്ഞം മുതൽ തിരുവനന്തപുരം ആഭ്യന്തരമാർക്കറ്റുകളിലേക്കും എറണാകുളം ജില്ലയിൽ ഒരെണ്ണം ദിവസേന യാത്രക്കൂലി ഇനത്തിൽ ഇളവ് അനുവദിച്ച് പാസ് നൽകി സർവ്വീസ് നടത്തി വരുന്നു.

(ബി) ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധം I ആയി ചേർക്കുന്നു.*

(സി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ വർഷം മത്സ്യഫെഡുവഴി വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക അനുബന്ധം II ആയി ചേർക്കുന്നു.*

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതികൾ**

164 (2033) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യതൊഴിലാളികൾക്കുവേണ്ടി ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും, അവരുടെ ഉന്നമനവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനും പദ്ധതികൾ നടപ്പാക്കുന്നതിനും ഏതൊക്കെ ഏജൻസികളാണ് സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) അതിൽ ഓരോ വിഭാഗവും നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്നും, ഈ വർഷം നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോയെന്നും എങ്കിൽ അതു സംബന്ധിച്ച വിശദ വിവരവും വെളിപ്പെടുത്തുമോ ;

(സി) 2014-ൽ ഇതുവരെ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ തൊഴിലാളികളുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങൾ നല്കിയിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) മത്സ്യഫെഡ് മുഖേനയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതികളുടെ പുരോഗതി അവലോകനം നടത്തുന്നുണ്ട്.

മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ :

1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധന സഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി.
2. നാടൻ വള്ളങ്ങളുടെ നവീകരണം (50% കേന്ദ്രാവിഷ്കൃത പദ്ധതി)
3. മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം.
4. എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. പദ്ധതി.
5. ബാങ്കബിൾ സ്കീം.
6. മൈക്രോഫിനാൻസ്
7. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ
8. അപകടത്തിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ
9. വനിതാ ബസ് സർവ്വീസ്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ :

1. ഗ്രൂപ്പ് ഇൻഷ്വറൻസ്
2. മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3. വിവാഹ ധനസഹായം.
4. വാർദ്ധക്യകാല പെൻഷൻ.
5. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം.
6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി.
7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം.
8. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്.

9. കുടുംബ സംവിധാന പദ്ധതി.
10. മാരക രോഗ ചികിത്സാ പദ്ധതി.
11. ചെയർമാൻസ് റിലീഫ് ഫണ്ട്.
12. ബോർഡിന്റെ പ്രത്യേക ധനസഹായം
13. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി.
14. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.
15. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി.
16. വിധവാ പെൻഷൻ.

കൂടാതെ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്കായി പ്രത്യേക സാമ്പത്തിക സഹായ പദ്ധതിയായ തണൽ പദ്ധതിയും നടപ്പിലാക്കി വരുന്നു.

(സി) <u>മത്സ്യഫെഡ് മുഖേന നൽകിയ സഹായങ്ങൾ</u>

2014-ൽ ഇതുവരെ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ 15 തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ചെലവുകൾക്കുള്ള അടിയന്തര സഹായമായി മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽനിന്നും 75,000 രൂപ നൽകിയിട്ടുണ്ട്. കൂടാതെ അപകടത്തിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിപ്രകാരം ധനസഹായം നൽകുന്നുണ്ട്. അപകട മരണത്തിന് 5 ലക്ഷം രൂപയും, മരണാനന്തര ചടങ്ങുകൾക്കായി 2500 രൂപയും, മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപ (ഒരാളിന് 5000 രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ഇപ്രകാരം 2014-ൽ 48 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 2,49,26,863 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

<u>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിയ സഹായങ്ങൾ</u>

1. മത്സ്യബന്ധനത്തിനിടയിലുള്ള അപകടമരണത്തിന് ഇൻഷ്വറൻസ് ധനസഹായമായി 5 ലക്ഷം രൂപയും, മത്സ്യബന്ധന സമയത്തുള്ള ആകസ്മിക മരണത്തിന് ബോർഡ് നൽകുന്ന 50,000 രൂപയുമാണ് ആശ്രിതർക്കുള്ള ധനസഹായം.

2. മരണാനന്തര ഇൻഷ്വറൻസ് ധനസഹായമായി ഈ വർഷം 25 പേർക്കായി 1 കോടി 25 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

3. അപകടത്തെ തുടർന്നുള്ള ആശുപത്രി ചെലവിനത്തിൽ 16,06000 രൂപ നൽകിയിട്ടുണ്ട്.

4. ആകസ്മിക മരണത്തിന് നാളിതുവരെ ഈ വർഷം 40 പേർക്കായി (20,000 രൂപ പഴയ നിരക്കിൽ) ആകെ 8 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

## മത്സ്യവിഭവക്കയറ്റുമതി

165 (2034) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14 സാമ്പത്തികവർഷങ്ങളിൽ മത്സ്യവിഭവക്കയറ്റുമതിയിൽ കേരളത്തിൽനിന്നും നികുതിയിനത്തിൽ കേന്ദ്രസർക്കാരിന് എത്ര രൂപ കിട്ടിയിട്ടുണ്ട് ;

(ബി) സംസ്ഥാനസർക്കാരിന് ഇതിൽ ഏതെങ്കിലും തരത്തിലുള്ള നികുതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എത്ര രൂപ വീതമെന്നു വിശദമാക്കാമോ ?

ഉത്തരം

(എ&ബി) മത്സ്യവിഭവക്കയറ്റുമതിയിലൂടെ ലഭിക്കുന്ന നികുതി സംബന്ധമായ വിവരങ്ങൾ ഫിഷറീസ് വകുപ്പിൽ ലഭ്യമല്ല.

## മത്സ്യത്തൊഴിലാളികളുടെ സർവ്വേ

166 (2035) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികളുടെ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം അറിയുന്നതിനും വികസന പദ്ധതികൾ ഫലപ്രദമാക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥാ പഠനമാണ് സർവ്വേ കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രസ്തുത സർവ്വേ നടന്നുവരുന്നത്. ഈ സർവ്വേയുടെ ഡാറ്റാ എൻട്രി, ടാബുലേഷൻ എന്നിവയ്ക്കായി ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

148/2019

(ഡി) മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച തിരിച്ചറിയൽ വിവരങ്ങൾ, കുടുംബാംഗങ്ങളെയും ഭവനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ, ഗാർഹിക സൗകര്യങ്ങൾ, സാമ്പത്തികം, വായ്പ എന്നിവ സംബന്ധിച്ച വിവരങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ എന്നീ കാര്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡം

167 (2036) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ നന്നേ ചെറുപ്പത്തിൽ വിധവകളായവർക്കു വേണ്ടി പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി

ചേർത്തിരിക്കുന്നു.* പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അപേക്ഷകരിൽ നിന്നും 90% പേരെ നറുക്കെടുപ്പിലൂടെയും ബാക്കി 10% അങ്ങേയറ്റം പരിഗണന അർഹിക്കുന്ന വിധവകൾ, കാൻസർ രോഗികൾ മുതലായവരിൽനിന്നും സർക്കാർ പ്രത്യേകമായി തെരഞ്ഞെടുക്കുന്നു.

(ബി) സർക്കാർ നിശ്ചയിക്കുന്ന 10% ഗവൺമെന്റ് ക്വാട്ടയിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളിൽ വിധവകൾക്കും പരിഗണന നൽകിവരുന്നു.

**ആംഡ് പോലീസ് ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ**

168 (2037) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആംഡ് പോലീസ് ബറ്റാലിയനിൽ ഡ്രൈവർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് എന്നുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും ടി തസ്തികയിലേക്കുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ ഉണ്ടെങ്കിൽ ആയത് എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആംഡ് പോലീസ് ബറ്റാലിയനിൽ ഡ്രൈവർ തസ്തികയിൽ 247 ഒഴിവുകൾ ഉണ്ട്.

| | | |
|---|---|---|
| എം.എസ്.പി. | - | 3 |
| എസ്.എ.പി. | - | 17 |
| കെ.എ.പി.1 | - | 37 |
| കെ.എ.പി.2 | - | 22 |
| കെ.എ.പി.3 | - | 16 |
| കെ.എ.പി.4 | - | 55 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| കെ.എ.പി.5 | - | 23 |
| ആർ.ആർ.ആർ.എഫ്. | - | 14 |
| ഐ.ആർ. ബറ്റാലിയൻ | - | 60 |

(ബി&സി) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സ്ത്രീപീഡന കേസുകൾ**

169 (2038) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സ്ത്രീകളും പെൺകുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 47198 സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 4157 പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 354 സ്ത്രീകളും 82 പെൺകുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ട്.

**കെ.എ.പി. നാലാം ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ**

170 (2039) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ കണ്ണൂർ ജില്ലയിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് ;

(സി) എത്ര ഒഴിവുകൾ കാസർഗോഡ് ജില്ലയിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് ;

(ഡി) എത്ര ഒഴിവുകൾ വയനാട് ജില്ലയിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഇ) കെ.എ.പി. ഒന്നിൽ അധികമായ എത്ര സിവിൽ പോലീസ് ഓഫീസർമാരെ ഇപ്പോൾ കെ.എ.പി. നാലിൽ അറ്റാച്ച് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇവരെ കെ.എ.പി. ഒന്നിലേക്ക് മടക്കി അയയ്ക്കുവാനും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; കണ്ണൂർ ജില്ലയിൽ രണ്ടു വർഷമായി സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കണ്ണൂർ ജില്ലയിലെ സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം അടിയന്തരമായി നടത്തുവാനും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ രണ്ട് സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. എന്നാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒഴിവുകളില്ല.

(ബി-ഡി) കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകൾ ഉൾപ്പെടുന്ന കെ.എ.പി. 4-ാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ 419 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കെ.എ.പി. 1-ാം ബറ്റാലിയനിലെ 128 പോലീസ് കോൺസ്റ്റബിൾമാരെ

കെ.എ.പി. 4-ാം ബറ്റാലിയനിൽ താൽക്കാലികമായി അറ്റാച്ച് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച പോലീസ് കോൺസ്റ്റബിൾമാർ പരിശീലനം പൂർത്തിയാക്കി വരുന്ന മുറയ്ക്ക് അറ്റാച്ച് ചെയ്തവരെ കെ.എ.പി. 1-ാം ബറ്റാലിയനിലേക്ക് മാറ്റുന്നതായിരിക്കും. കണ്ണൂർ ജില്ലയിൽ 2 വർഷമായി സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം നിലച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാപ്പ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ**

171 (2040) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പ നിയമത്തിൽ ഉൾപ്പെടുത്തി കേസ്സെടുക്കുന്നതിന് മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ ആരെയെല്ലാമാണ് പ്രതി ചേർത്തിട്ടുള്ളതെന്നും ഇവരുടെ രാഷ്ട്രീയ ബന്ധം എന്താണെന്നും പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ-സി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഒരു കരുതൽ തടങ്കൽ നിയമമാണ്. ഏതെങ്കിലും ഒരു കുറ്റകൃത്യത്തിനുള്ള ശിക്ഷയായല്ല മറിച്ച് നാട്ടിലെ സാധാരണ നിയമങ്ങൾക്ക് കീഴ്പ്പെട്ട് ജീവിക്കാതെ സമൂഹ സുരക്ഷയ്ക്കും പബ്ലിക് ഓർഡറിനും ഭീഷണിയായി നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ അതിൽ നിന്നും തടയുന്നതിനായാണ് നിയമത്തിലെ വകുപ്പ് 2 (പി) പ്രകാരം അറിയപ്പെടുന്ന റൗഡിയായോ 2 (ഒ) പ്രകാരം അറിയപ്പെടുന്ന ഗുണ്ടയായോ വർഗ്ഗീകരിക്കാവുന്ന ആളുകളെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നത്. അവർ ഉൾപ്പെട്ട ക്രിമിനൽ കേസുകളുടെ അടിസ്ഥാനത്തിലാണ് കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുന്നത്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ട വ്യക്തികളെ തടങ്കലിൽവയ്ക്കുന്നതിലേക്കായി വീണ്ടും കേസുകൾ രജിസ്റ്റർ ചെയ്യേണ്ടതില്ല. രാഷ്ട്രീയ പ്രവർത്തകരാണ് എന്നതിനാലോ, രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കെടുത്തു എന്ന കാരണത്താലോ ആർക്കെങ്കിലും എതിരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഈ നിയമപ്രകാരം കരുതൽ തടങ്കലിൽവയ്ക്കുന്നവരുടെ

രാഷ്ട്രീയ ബന്ധങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല.

**സംസ്ഥാന പോലീസ് വകുപ്പിൽ അനുവദിച്ച തസ്തികകൾ**

172 (2041) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊലീസ് വകുപ്പിലെ വാഹനങ്ങളുടെ എണ്ണത്തിനനുസൃതമായി ഡ്രൈവർമാർ, മറ്റ് സാങ്കേതിക വിദഗ്ദ്ധർ എന്നിവരുടെ തസ്തികകൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. കേരള പോലീസ് വകുപ്പിലെ വാഹനങ്ങൾക്ക് ആനുപാതികമായി ഡ്രൈവർമാരുടെയും സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെയും തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പോലീസ് സേനയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം**

173 (2042) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരുടെ എത്ര തസ്തികകളാണ് ആകെയുള്ളത് ; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; എത്രകാലമായി പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ;വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികകളിൽ അവസാനമായി നിയമനം നടത്തിയത് എപ്പോഴാണ് ;

(സി) പ്രസ്തുത ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം**

174 (2043) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ നിലവിലുള്ള ശോചനീയാവസ്ഥ പരിഗണിച്ച് അടിയന്തരമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) അനുയോജ്യമായ സ്ഥലം പോലീസ് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**പി.പി. മനോജ് കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്സ്**

175 (2044) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അഞ്ചാംപീടികയിൽ കോലത്തുവയലിൽ ശ്രീ. സോമന്റെ മകൻ പി. പി. മനോജ് കൊല ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് കേസ്സ് രജിസ്റ്റർ ചെയ്തത് ഏതു പോലീസ് സ്റ്റേഷനിലാണ് ;

(ബി) എന്നാണ് കേസ്സ് രജിസ്റ്റർ ചെയ്തതെന്ന് അറിയിക്കുമോ ;

(സി) കേസ്സന്വേഷണത്തെത്തുടർന്ന് എത്ര പേരെ പ്രതികളാക്കി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആരെല്ലാമാണ് പ്രതികളെന്നും പ്രതികളുടെ രാഷ്ട്രീയ ബന്ധം എന്താണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ ചുമതലയിലാണ് കേസ്സന്വേഷണം നടക്കുന്നതെന്ന് പറയുമോ ;

(ഇ) കേസ്സന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിവരിക്കുമോ ;

(എഫ്) കേസ്സിന്റെ ചാർജ് ഷീറ്റ് നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ണൂർ കണ്ണപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 13/2011 u/s

143, 147, 148, 452, 324, 302 r/w 149 IPC & 3 & 5 of ES Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തു.

(ബി) 18-1-2011-ാം തീയതി.

(സി) ആകെ 8 പ്രതികളുള്ളതായി വെളിവായിട്ടുണ്ട്. ഇതിൽ 5 പേരെ തിരിച്ചറിഞ്ഞിട്ടുള്ളതും, 3 പ്രതികളെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്തതുമാകുന്നു. തിരിച്ചറിഞ്ഞ 5 പ്രതികളുടെ പേരുവിവരം ചുവടെ പറയുന്നു :

(1) സുനിൽ @ പാമ്പ് സുനി,

(2) എം. സി. അരുൺ,

(3) പി. വി. ലിജേഷ്,

(4) ബിജു,

(5) പി. സി. ഗിരിധരൻ. തിരിച്ചറിഞ്ഞ 5 പ്രതികളും ബി.ജെ.പി.-യുടെ സജീവ പ്രവർത്തകരാണ്.

(ഡി) വളപട്ടണം സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ.

(ഇ) ടി കേസ് അന്വേഷണാവസ്ഥയിലാണ്.

(എഫ്) തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്ത 3 പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിടുന്നു.

**എം.ജി. കോളേജിൽ പോലീസിനെ ആക്രമിച്ച കേസ്**

176 (2046) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എം.ജി. കോളേജിൽ പോലീസിനെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് ആർ.എസ്.എസ്. പ്രവർത്തകർ പ്രതികളായ കേസുകൾ പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടോ ;

(ബി) ആരുടെ അപേക്ഷ പ്രകാരമാണ് നിരാക്ഷേപ പത്രം നൽകിയതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് പോലീസ് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17-ാം പ്രതി ആദർശ്. റ്റി. ആർ. സമർപ്പിച്ച അപേക്ഷ പ്രകാരം.

(സി) പോലീസ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണിചെയിൻ, വിസ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് കേസുകൾ

177 (2047) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിസാ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് എന്നിവ സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസ്സുകളിൽ പ്രതികളായ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; എത്രപേർ അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ; വ്യക്തമാക്കുമോ ;

(സി) മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പ് നടന്നെന്നാണ് കണക്കാക്കിയിരിക്കുന്നത് ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ മണി ചെയിനുമായി ബന്ധപ്പെട്ട് 1248 കേസ്സുകളും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 680 കേസ്സുകളും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 75 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ മണി ചെയിനുമായി ബന്ധപ്പെട്ട് 454 പേരെയും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 547 പേരെയും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 33 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ മണി ചെയിനുമായി ബന്ധപ്പെട്ട് 514 പേരെയും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 300 പേരെയും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 68 പേരെയും ഇനിയും അറസ്റ്റ് ചെയ്യേണ്ടതായുണ്ട്.

(സി) മണി ചെയിനുമായി ബന്ധപ്പെട്ട് 1,09,97,30,633 രൂപയുടെയും, 37,59,005 രൂപയുടെ ചെക്കിന്റെയും തട്ടിപ്പ് നടന്നെന്നാണ് കണക്കാക്കിയിരിക്കുന്നത്.

## മുഖംമൂടി ധരിച്ച് ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം

178 (2048) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 നവംബർ മാസത്തിൽ ചെമ്മനാട് വില്ലേജ് അരമങ്ങാനം ഉല്ലൂജി സ്വദേശി കമലാക്ഷ എച്ച്. എസ്. എന്ന വ്യക്തിയെ ഫോണിൽ വിളിച്ചു വരുത്തി കോളിയടുക്കം ശിവപുരം ക്ഷേത്രത്തിനു സമീപം മുഖംമൂടി ധരിച്ച് ആക്രമിച്ച് പരുക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; ഇതുവരെ ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത കേസ് ആദ്യം അന്വേഷിച്ചത് ആരായിരുന്നു; ഈ അന്വേഷണ സംഘത്തെ പ്രതികളെ പിടിക്കുന്ന ഘട്ടത്തിലെത്തിയപ്പോൾ മാറ്റുന്ന നടപടി സ്വീകരിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) മേൽ സംഭവത്തിൽ ഇതുവരെ പ്രതികളെ പിടികൂടാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 698/2013 u/s 143, 147, 148, 341, 324, 308 r/w 149 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) വിദ്യാനഗർ അഡീഷണൽ പോലീസ് സബ് ഇൻസ്പെക്ടർ ആണ് ഈ കേസ് അന്വേഷിച്ചുവരുന്നത്. അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയിട്ടില്ല.

(ഡി) ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

## ആംഡ് പോലീസ് ബറ്റാലിയനിലെ തിരുവനന്തപുരം ജില്ലയിലെ ഡ്രൈവർ തസ്തികകൾ

179 (2049) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര ഡ്രൈവർ തസ്തികകൾ ഉണ്ടെന്നും അവയിൽ ഇപ്പോൾ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) 2017 ഡിസംബർ വരെ പ്രസ്തുത തസ്തികയിൽ റിട്ടയർമെന്റുകളിലൂടെ എത്ര ഒഴിവുകൾ ഉണ്ടാകും എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരത്തെ ആംഡ് പോലീസ് ബറ്റാലിയനായ എസ്.എ.പി.-യിൽ ഡ്രൈവർ എസ്.ഐ.-യുടെ ഒരു തസ്തികയും ഡ്രൈവർ എച്ച്.സി/പി.സി.-യുടെ 46

തസ്തികകളും നിലവിലുണ്ട്. ആയതിൽ 17 ഡ്രൈവർ എച്ച്.സി./പി.സി. തസ്തികകളിൽ ഒഴിവുണ്ട്.

(ബി) 2017 ഡിസംബർ വരെ ഡ്രൈവർ തസ്തികയിൽ റിട്ടയർമെന്റുകളിലൂടെ 5 ഒഴിവുകൾ ഉണ്ടാകും.

**സേഫ് കാമ്പസ് ക്ലീൻ കാമ്പസ് പദ്ധതി**

180 (2050) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേഫ് കാമ്പസ് ക്ലീൻ കാമ്പസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാഭ്യാസ-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി നടത്തിയ പരിപാടിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കുട്ടികളുടെ ഇടയിൽ കണ്ടു വരുന്ന അനാശാസ്യമായ പ്രവണതകൾ, ലഹരിമരുന്നുപയോഗം എന്നിവ തടയുന്നതിന് പ്രസ്തുത പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ ഇല്ലാതാക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗവും പ്രചരണവും ഇല്ലാതാക്കുക, ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ലഹരി രഹിതവും സുരക്ഷിതവുമായ കാമ്പസ് അന്തരീക്ഷം സൃഷ്ടിക്കുക അതുവഴി ആരോഗ്യവും അച്ചടക്കവും രാജ്യസ്നേഹവും, സാമൂഹ്യബോധവും കർമ്മോന്മുഖമായ ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഈ പദ്ധതി മുന്നോട്ട് പോകുന്നുണ്ട്. COTPA Act, NDPS Act, Kerala Abkari Act, Kerala Police Act, Juvenile Justice Act, Protection of Children from Sexual Offences Act തുടങ്ങിയ നിയമങ്ങൾ ശക്തമായി നടപ്പാക്കുന്നതും, പ്രത്യേകിച്ചും സ്കൂൾ കോളേജ് പരിസരങ്ങളിൽ നടപ്പിലാക്കുന്നതിന് ഈ പദ്ധതി വളരെയധികം സഹായിക്കുന്നുണ്ട്.

(ബി) ഉണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ കണ്ടെത്തുന്നതിനായി വിദ്യാലയ പരിസരങ്ങളിൽ റെയ്ഡുകൾ നടത്തിയും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സ്കൂൾ ജാഗ്രതാ സമിതികളുടെയും സഹായത്തോടെ ലഹരി

വസ്തുക്കൾ കണ്ടെത്തുന്നതിനായി വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയും കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച വിവര ശേഖരണത്തിന് ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയുടെ സ്കൂൾ ലവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട്**

181 (2051) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും ബ്ലേഡ് മാഫിയയെ നേരിടുന്നതിനും എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിന്റെ പരിധിയിൽ 'മണി ചെയിൻ' കുറ്റകൃത്യങ്ങൾ കൂടി ഉൾപ്പെടുത്താനും കരുതൽ തടങ്കലിന്റെ പരമാവധി കാലയളവ് ഒരു വർഷം വരെയാക്കുന്നതിനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും കണ്ടുകെട്ടുന്നതിനുമുള്ള വിശദമായ വ്യവസ്ഥകളുമാണ് ഭേദഗതി നിയമത്തിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി) ഭേദഗതി നിർദ്ദേശങ്ങൾ പ്രകാരം 'മണി ചെയിൻ' കുറ്റവാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ട്. കരുതൽ തടങ്കൽ നിയമമായത് കൊണ്ട് ഏതെങ്കിലും കുറ്റത്തിനുള്ള ശിക്ഷ ഭേദഗതി നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) കരട് ബില്ലിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകുകയും തുടർ നടപടികൾ നിയമ വകുപ്പ് സ്വീകരിച്ചു വരികയുമാണ്.

### വനിതാ സബ്ഇൻസ്പെക്ടർമാർക്ക് എസ്.എച്ച്.ഒ.-ആയി നിയമനം

182 (2052) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ സബ് ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ഹൗസ് ആഫീസർ ചാർജ് നൽകാതിരിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകളോ വകുപ്പുതല ഉത്തരവുകളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പോലീസ് സ്റ്റേഷനുകളിൽ നിലവിലെ വനിതാ സബ് ഇൻസ്പെക്ടർമാർക്ക് എസ്.എച്ച്.ഒ.-ആയി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) സബ് ഇൻസ്പെക്ടർമാർ, സർക്കിൾ ഇൻസ്പെക്ടർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, പോലീസ് സൂപ്രണ്ട് (പ്രൊമോഷൻ വഴി) എന്നിവർക്ക് ആനുപാതികമായി വനിതാ പോലീസ് ആഫീസർമാർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ജനറൽ എ.എസ്.ഐ. തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉത്തരവ് നിലവിലില്ല.

(ബി-ഡി) നിലവിൽ പരിഗണനയിലില്ല.

### ഗതാഗത നിയമലംഘനം - സോഷ്യൽ മീഡിയകളുടെ സഹായം തേടൽ

183 (2053) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത നിയമ ലംഘനം വർദ്ധിക്കുന്നത് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) ഇത്തരം നിയമലംഘനം, പൊതുജനങ്ങൾക്ക് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താൻ സോഷ്യൽ മീഡിയകളുടെ സഹായം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയെന്നും ഇതിന്റെ പ്രവർത്തനരീതി എന്തൊക്കെയെന്നും അറിയിക്കുമോ ;

(സി) സോഷ്യൽ മീഡിയകൾ വഴി പോലീസിന് ലഭിച്ച പരാതികൾ എത്രയെന്നും അവ ഏതൊക്കെ മീഡിയകൾ വഴിയാണ് ലഭിച്ചതെന്നും അവയിൽ സ്വീകരിച്ച നിയമനടപടികൾ എന്തൊക്കെയെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം സിറ്റി, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ സിറ്റി, പാലക്കാട്, കോഴിക്കോട് റൂറൽ എന്നീ ജില്ലകളിൽ സോഷ്യൽ മീഡിയകളെ പ്രയോജനപ്പെടുത്തി ഗതാഗത നിയമലംഘനങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുവാനായിട്ടുള്ള സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് ഫേസ്ബുക്ക്, ട്വിറ്റർ, വാട്ട്സ് ആപ്പ് എന്നിവയിലൂടെ ഗതാഗത നിയമലംഘനം സംബന്ധിച്ച് മെസേജുകൾ, ഫോട്ടോകൾ, വീഡിയോകൾ എന്നിവ അധികൃതരുടെ ശ്രദ്ധയിൽകൊണ്ടുവരുവാനായിട്ടുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വാട്ട്സ് ആപ്പ്‌വഴി 88 പരാതികൾ ലഭിച്ചിട്ടുള്ളതും അതിൽ 76 എണ്ണത്തിന് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

## ക്രൈംബ്രാഞ്ചിന്റെ ആധുനികവത്കരണം

184 (2054) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനും തെളിയിക്കുവാനുമുള്ള കാര്യങ്ങൾ ആധുനികവത്ക്കരണത്തിൽ ഉൾപ്പെടുത്തുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ക്രൈംബ്രാഞ്ച് വിഭാഗം റീ ഓർഗനൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ

അടുത്ത ധനകാര്യവർഷം പരിഗണിക്കുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്. കൂടാതെ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈം ബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിച്ചും ഓഫീസ് വാഹന സൗകര്യങ്ങൾ ലഭ്യമാക്കിയും ക്രൈംബ്രാഞ്ചിന്റെ നിലവിലുള്ള പ്രവർത്തനം വ്യാപിപ്പിക്കുകയും, മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുള്ള കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

(ബി) ആധുനികവത്കരണ പദ്ധതിയുടെ ഭാഗമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും വാഹനങ്ങൾ, ക്യാമറകൾ എന്നിവ വാങ്ങി നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

(സി&ഡി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനുമായി ക്രൈംബ്രാഞ്ചിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൈബർ പോലീസ് സ്റ്റേഷനിലേക്ക് ഒരു ഡിവൈ.എസ്.പി., 4 ഇൻസ്പെക്ടർ, എന്നീ പോസ്റ്റുകൾ 26-6-2014-ലെ ജി.ഒ. (എംഎസ്.) 79/2014 പ്രകാരം അനുവദിച്ചിട്ടുണ്ട്. സൈബർ സെല്ലുകളിലേക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി 1-8-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 194/13/ആഭ്യന്തരം പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ Password Cracker, ഹാർഡ്‌വെയർ ആന്റ് സോഫ്റ്റ്‌വെയർ, മൊബൈൽ ഫോൺ എസ്ട്രാക്റ്റർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ്‌വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.

**പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന നടപടി**

185 (2055) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മലയോര അതിർത്തി പ്രദേശമായ പാണത്തൂരിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള അടങ്കൽ തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) പാണത്തൂരിൽ എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

**പോലീസ് സേനയുടെ നവീകരണ പ്രവർത്തനങ്ങൾ**

186 (2056) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനായി നടപ്പിലാക്കുന്ന MoPF Scheme, Plan Scheme, 13th FCA എന്നീ പദ്ധതികൾക്കായി എത്ര തുക നാളിതുവരെ ചെലവിട്ടുവെന്നും, ആയത് ഏതെല്ലാം ഇനത്തിലാണെന്നും വിശദമാക്കുമോ ;

(ബി) ഈ പദ്ധതികളുടെ നാളിതുവരെയുണ്ടായിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാന പ്ലാൻ സ്കീം (ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവേർനസ്സ് സ്കീം ഉൾപ്പെടെ) 13th FCA എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട് :

| വർഷം | പ്ലാൻ സ്കീം | | 13th FCA | |
|---|---|---|---|---|
| | അനുവദിച്ച തുക (ലക്ഷം) | ചെലവ് (ലക്ഷം) | അനുവദിച്ച തുക (ലക്ഷം) | ചെലവ് (ലക്ഷം) |
| 2012-13 | 1780.00 | 1480.28 | 2500.00 | 2400.00 |
| 2013-14 | 2150.00 | 2061.68 | 2500.00 | 2250.00 |
| 2014-15 | 2350.00 | 1784.56 | 2500.00 | 1371.84 |

കമ്മ്യൂണിറ്റി പോലീസിംഗ് (ജനമൈത്രി സുരക്ഷാ പദ്ധതി), സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, കോളനികളിൽ പോലീസ് സേവനങ്ങൾ മെച്ചപ്പെടുത്തൽ, പ്രൊഫഷണൽ

ഓഫീസ് വർക്ക് സ്റ്റേഷനുകൾ വികസിപ്പിക്കൽ, കുറ്റാന്വേഷണം മെച്ചപ്പെടുത്തൽ, ആഭ്യന്തര ഭരണ നിർവ്വഹണ സംവിധാനം (ഐ.എ.പി.എസ്.), ടെലികമ്മ്യൂണിക്കേഷൻ ശേഷി വർദ്ധിപ്പിക്കൽ, പോലീസിന്റെ പ്രതികരണം കാര്യക്ഷമമാക്കൽ, പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ബുദ്ധി ചാതുര്യത്താൽ നയിക്കപ്പെടുന്ന പോലീസ് സംവിധാനം ഏർപ്പെടുത്തുക, പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുള്ള ജി.ഐ.എസ്. അധിഷ്ഠിത നിയമനിർവ്വഹണം, സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സാങ്കേതിക വിദ്യാനിലവാരം മെച്ചപ്പെടുത്തൽ, ശാസ്ത്രീയ അന്വേഷണത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ, പരിശീലന സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, പോലീസ് വകുപ്പിൽ ജന്റർ അവബോധത്തിനും ജന്റർ സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾക്കുമായുള്ള പരിപാടി തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ പ്ലാൻ സ്കീമിലും, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകൾ, വിനോദസഞ്ചാരികളുടെ സംരക്ഷണത്തിനും പോലീസ് സഹായത്തിനുമുള്ള കേന്ദ്രങ്ങൾ, മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണ കേന്ദ്രങ്ങൾ, വിദേശികൾക്കുള്ള ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ, പോലീസ് സേനാംഗങ്ങൾക്ക് ഡോർമിറ്ററികൾ തുടങ്ങിയ പ്രവർത്തനങ്ങൾ പതിമൂന്നാം ഫിനാൻസ് കമ്മീഷനിലും നടപ്പിലാക്കി വരുന്നു. നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം, റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം, മൊബിലിറ്റി, ആയുധങ്ങൾ വാങ്ങൽ, പോലീസ് ഉപകരണങ്ങളായ സെക്യൂരിറ്റി/ട്രാഫിക് ഉപകരണങ്ങൾ/ജനറൽ പോലീസ് ഉപകരണങ്ങൾ/സ്പെഷ്യൽ ബ്രാഞ്ചിലേയും ഇന്റലിജൻസ് വിഭാഗത്തിന്റെ ആവശ്യങ്ങൾക്കുമുള്ള ഉപകരണങ്ങൾ, ഫോറൻസിക് ഉപകരണങ്ങൾ/ ഫോട്ടോഗ്രാഫിക് ബ്യൂറോഉപകരണങ്ങൾ/ട്രെയിനിംഗ് ഉപകരണങ്ങൾ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് ആവശ്യമായവ, ക്രൈംബ്രാഞ്ചിന് ആവശ്യമായ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് (MoPF) സ്കീമിൽ ഉൾപ്പെടുത്തി വരുന്നു.

(ബി) വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്കീമുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങി പോലീസ് സേനയുടെ ഉപയോഗത്തിന് നൽകിയതുവഴി സേനയുടെ കാര്യക്ഷമതയും കഴിവും ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**പോലീസ് സേനയിലെ ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം**

187 (2057) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടന്നിട്ട് എത്ര കാലമായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലാത്ത പക്ഷം ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വിവിധ ജില്ലകളിലായി പോലീസ് സേനയിൽ ആകെ എത്ര വാഹനങ്ങൾ ഉണ്ട് ;

(ഇ) നിലവിൽ സേനയിൽ എത്ര ഡ്രൈവർമാർ ജോലി നോക്കിവരുന്നു ?

<u>ഉത്തരം</u>

(എ) പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തിയിട്ടില്ല.

(ബി) 380 ഒഴിവുകൾ.

(സി) 380 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പോലീസിൽ വിവിധ ജില്ലകളിലായി ആകെ 7057 (ബോട്ടുകൾ, ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ) വാഹനങ്ങൾ ഉണ്ട്.

(ഇ) സംസ്ഥാന പോലീസിൽ ഡ്രൈവർമാരുടെ 2585 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽ 380 ഒഴിവുകളുണ്ട്.

**പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കൽ**

188 (2058) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എം. എ. വാഹിദ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം കൊണ്ട് വരുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ്

ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) കേരളത്തിൽ പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം നിലവിൽ 1:725 ആണ്. ഇക്കാര്യത്തിൽ ദേശീയ ശരാശരി 1:576 ആണ്. അതായത് ദേശീയ ശരാശരിയേക്കാൾ പോലീസിന്റെ അംഗബലം 25% കുറവാണെന്ന് സംസ്ഥാന സുരക്ഷാ കമ്മീഷൻ വിലയിരുത്തുകയും വർഷാവർഷം 5% വീതം അംഗബലം വർദ്ധിപ്പിച്ചുകൊണ്ട് അടുത്ത 5 വർഷം കൊണ്ട് പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിലേക്കായി ടി കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി. ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു.

**അരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

189 (2059) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഏതു ഘട്ടത്തിലാണ് ; അരൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തു പോലീസ് സ്റ്റേഷനു കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അരൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അരൂർ വില്ലേജിൽ സർവ്വേ നമ്പർ 36/8-ൽ ഉൾപ്പെട്ട 24 സെന്റ് നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറി നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ച് വരുന്നുണ്ട്. പ്രസ്തുത സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫണ്ടും ഭരണാനുമതിയും നൽകാവുന്നതാണ്.

**പോലീസ് സേനയിൽ അംഗബലം വർദ്ധിപ്പിക്കുവാൻ നടപടി**

190 (2060) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഇന്റലിജൻസ് റിപ്പോർട്ട് പ്രകാരം കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകൾ മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിനാൽ കെ.എ.പി. നാലാം ബറ്റാലിയന്റെ അംഗബലം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) വർഷം തോറും പോലീസ് സേനകളുടെ അംഗബലം 5% വർദ്ധിപ്പിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നത് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനുള്ള തടസ്സം എന്താണ് ; വിശദാംശം നൽകുമോ ;

(സി) വിവിധ ബറ്റാലിയനുകളിലായി നിലവിൽ എത്ര പോലീസുകാരുടെ ഒഴിവുകളുണ്ട് ; വിശദാംശം നല്കുമോ ;

(ഡി) പോലീസ് സേനയിൽ പ്രൊമോഷൻ യഥാസമയം നടക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിനും ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് നൽകിയ ശിപാർശ പരിശോധിച്ചുവരുന്നു.

(സി) ബറ്റാലിയനുകളിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും പ്രസ്തുത ഒഴിവുകളിലേക്ക് അഡ്വൈസ് ലഭിച്ചിട്ടുള്ളതിനാൽ നിലവിൽ സംസ്ഥാനത്തെ ബറ്റാലിയനുകളിൽ പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ ഒഴിവുകളില്ല.

(ഡി) സീനിയോറിറ്റി സംബന്ധമായുള്ള പരാതികളിൽ ബഹു. കോടതിയിൽ കേസുകളുള്ളതിനാൽ ബഹു. കോടതി തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പ്രൊമോഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**പോലീസ് വകുപ്പിലെ വാഹനങ്ങളും ഡ്രൈവർമാരും**

191 (2061) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിൽ പോലീസ് ഡിപ്പാർട്ടുമെന്റിൽ എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നും അവയിൽ ലൈറ്റ്-ഹെവി മോട്ടോർ വാഹനങ്ങൾ എത്രവീതമെന്നും ഇപ്പോൾ എത്ര പോലീസ് കോൺസ്റ്റബിൾമാർ (സിവിൽ പോലീസ് ഓഫീസർമാർ) താൽക്കാലിക ഡ്രൈവർമാർ എന്ന നിലയിൽ പോലീസ് വാഹനങ്ങൾ ഓടിക്കുന്നു എന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

തിരുവനന്തപുരം സിറ്റി പോലീസ് ജില്ലയിൽ ആകെ 509 പോലീസ് വാഹനങ്ങളുണ്ട്. അവയിൽ 214 എണ്ണം ലൈറ്റ് മോട്ടോർ വാഹനങ്ങളും 35 എണ്ണം ഹെവി/മീഡിയം വാഹനങ്ങളുമാണ്.

തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിൽ ആകെ 312 പോലീസ് വാഹനങ്ങളുണ്ട്. അവയിൽ 154 എണ്ണം ലൈറ്റ് മോട്ടോർ വാഹനങ്ങളും 18 എണ്ണം ഹെവി/മീഡിയം വാഹനങ്ങളുമാണ്.

ഈ രണ്ട് ജില്ലയിലും 44 സിവിൽ പോലീസ് ഓഫീസർമാർ വീതം താൽക്കാലിക ഡ്രൈവർമാർ എന്ന നിലയിൽ പോലീസ് വാഹനങ്ങൾ ഓടിക്കുന്നുണ്ട്.

**പോലീസ് വകുപ്പിലെ വാഹനങ്ങളുടെ മെയിന്റനൻസ്**

192 (2062) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പോലീസ് വകുപ്പിലെ ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്ക് വാഹനങ്ങൾ റിപ്പയർ ആൻഡ് മെയിന്റനൻസ് നടത്തുന്നതിനുള്ള ധനവിനിയോഗ പരിധി എത്ര രൂപ വരെയാണ് അനുവദിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പരിധി കാലാനുസൃതമായി ഉയർത്തി പോലീസ് വാഹനങ്ങൾക്ക് യഥാസമയം കൃത്യമായി മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുക ?

<u>ഉത്തരം</u>

(എ) ഭരണ വകുപ്പുകൾക്കും, അവയ്ക്ക് കീഴിലുള്ള വകുപ്പ് മേധാവികൾക്കും ധനവിനിയോഗ പരിധി നിശ്ചയിച്ചുകൊണ്ടുള്ള 1-3-2013-ലെ സ.ഉ.(പി) 110/13/ധന നമ്പർ ഉത്തരവാണ് ഇപ്പോൾ നിലവിലുള്ളത്. ഇതുപ്രകാരം സംസ്ഥാന പോലീസ് മേധാവിക്ക് 15,000 രൂപ വരെ ചെലവഴിച്ച് (വാർഷിക ചെലവ് 50,000-ൽ കവിയാതെ) ഓരോ വാഹനത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

**പോലീസ് വകുപ്പിൽ വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി**

193 (2063) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി നടപ്പിലാക്കി

തുടങ്ങിയോ ; എങ്കിൽ എത്ര കുറ്റകൃത്യങ്ങളുടെ വിവരം ഇതുവരെ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കേസ്സുകൾ സംബന്ധിച്ച വിവരങ്ങളാണ് ഇങ്ങനെ ലഭിച്ചത് ; വിവരങ്ങൾ നല്കിയതിനു പ്രതിഫലം നൽകിയിട്ടുണ്ടെങ്കിൽ എത്ര രൂപ വീതം ഏതെല്ലാം കേസ്സുകൾക്ക് നൽകിയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി പോലീസ് വകുപ്പിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ. ക്രിസ്റ്റഫർ ചാൾസ് രാജ് ഐ.പി.എസ്., സൂപ്രണ്ട് ഓഫ് പോലീസ്, സെക്യൂരിറ്റി, SBCID-യെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. രഹസ്യസ്വഭാവം സൂക്ഷിക്കേണ്ടതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**പോലീസ് ഉദ്യോഗസ്ഥരുടെ ക്രിമിനൽ കുറ്റം**

194 (2064) <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിലാണ് ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഓരോരുത്തരുടേയും റാങ്ക് അനുസരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(സി) ഇതിൽ എത്രപേരെയാണ് സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുള്ളത് ;

(ഡി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാർ എത്ര ; ഇവരുടെ പേരിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**ആളുകളെ കസ്റ്റഡിയിൽ എടുത്തശേഷം ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്ന നടപടി**

195 (2065) <u>ശ്രീ. എളമരം കരീം</u> :
<u>ശ്രീമതി കെ. എസ്. സലീഖ</u> :
<u>ശ്രീ. കെ. കെ. നാരായണൻ</u> :
<u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആളുകളെ കസ്റ്റഡിയിൽ എടുത്ത ശേഷം ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്ന നടപടി അവസാനിപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെടുകയുണ്ടായോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഇത്തരത്തിൽ നിർദ്ദേശം നൽകാനിടയായ സാഹചര്യം ഇപ്പോഴും പോലീസ് സ്റ്റേഷനുകളിൽ നിലനിൽക്കുന്നതായി അറിയാമോ ;

(സി) ഏതൊരാളേയും അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ടതായ സുപ്രീം കോടതി നിർദ്ദേശങ്ങൾ സംസ്ഥാനത്ത് വ്യാപകമായി ലംഘിക്കപ്പെടുന്നതായി അറിയാമോ ; സുപ്രീം കോടതി നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; അവ കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കാമോ ; നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടതായ എത്ര പരാതികൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ?

<u>ഉത്തരം</u>

(എ&ബി) ബഹു. മനുഷ്യാവകാശ കമ്മീഷനിൽ നിന്നും ഇത്തരത്തിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ അറസ്റ്റ് സംബന്ധിച്ച ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾ പാലിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കസ്റ്റഡിയിൽ എടുക്കുന്നയാളെ നിയമാനുസരണം 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കി വരുന്നു. ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്നതായ നടപടികൾ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ സംസ്ഥാനത്ത് ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അറസ്റ്റ് സംബന്ധിച്ചുള്ള സുപ്രീംകോടതി നിർദ്ദേശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ടി നിർദ്ദേശങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ലംഘിക്കപ്പെട്ടതായ സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ സംബന്ധിച്ച്

196 (2066) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിലവിൽ എത്ര സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ട് ;

(ബി) പ്രസ്തുത ജില്ലകളിലെ ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി.-ക്ക് ഏറ്റവും ഒടുവിൽ റിപ്പോർട്ട് നൽകിയത് എന്നാണ് ;

(സി) പ്രസ്തുത ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കൊല്ലം, പത്തനംതിട്ട ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. ആലപ്പുഴ ജില്ലയിൽ ഒരൊഴിവ് നിലവിലുണ്ട്.

(ബി) 14-3-2013-ൽ.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ആയത് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ ഉത്തരവിലൂടെ പിൻവലിച്ച കേസുകൾ

197 (2067) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് എഫ്.ഐ.ആർ. ഇട്ട് കോടതിയിൽ വിചാരണയിലിരിക്കുകയായിരുന്ന എത്ര കേസുകൾ പിൻവലിക്കാൻ ഉത്തരവുകൾ പുറപ്പെടുവിച്ച ;

(ബി) പോലീസ് അന്വേഷണത്തിലിരിക്കുകയായിരുന്ന എത്ര കേസ്സുകൾ സർക്കാർ ഉത്തരവിലൂടെ പിൻവലിച്ചിട്ടുണ്ട് ;

(സി) പോലീസ് അന്വേഷണത്തിലിരിക്കെ, പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കി നിൽപ്പുണ്ടായിരുന്ന എത്ര കേസുകൾ സർക്കാർ ഉത്തരവിലൂടെ പിൻവലിച്ചിട്ടുണ്ട് ;

ഇതിന്റെ പേരിൽ അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെടേണ്ടിയിരുന്ന എത്രപേരെ പോലീസിന് അറസ്റ്റ് ചെയ്യാൻ സാധിക്കാതെ പോയിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) 1163 കേസ്സുകൾ.

(ബി&സി) ഒരു കേസ്. പാലക്കാട് ജില്ലാ ഹേമാംബികാനഗർ പോലീസ് സ്റ്റേഷനിൽ സെക്ഷൻ 143, 147, 188, 283 149 IPC പ്രകാരം 290/11-ാം ക്രൈം നമ്പരായി രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളായ ടി. കെ. അച്യുതൻ, വി. കെ. ശ്രീകണ്ഠൻ, എം. കെ രാമചന്ദ്രൻ കൂടാതെ മറ്റു കണ്ടാലറിയാവുന്ന 400 പേരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

**റോഡപകടം - സൗജന്യ ഇൻഷ്വറൻസ് പദ്ധതി**

198 (2068) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്കു സൗജന്യ ചികിൽസ നൽകുന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത ആനുകൂല്യത്തിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) ഈ പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) ആഭ്യന്തര വകുപ്പിന് കീഴിൽ ഇത്തരം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി**

199 (T*2069) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാന പോലീസിലെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം**

200 (2070) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം എന്നാണു നിലവിൽ വന്നതെന്നു വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഈ വിഭാഗത്തിൽ എല്ലാ ജില്ലകളിലും സാങ്കേതികയോഗ്യതയുള്ള ഉദ്യോഗസ്ഥർ ആവശ്യത്തിനുണ്ടോ ; ഇല്ലെങ്കിൽ, ജില്ലകളിൽ പ്രസ്തുത തസ്തിക അനുവദിക്കുവാനോ, നിലവിൽ സാങ്കേതികയോഗ്യതയുള്ള കോൺസ്റ്റാബുലറി വിഭാഗത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർക്ക് ചെയ്യുന്ന ഉദ്യോഗസ്ഥരെ നിയമിക്കുവാനോ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-6-1962-ലെ സ.ഉ.(സാധാ) നമ്പർ 882/ആഭ്യന്തരം പ്രകാരം കേരള പോലീസിന്റെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം പ്രവർത്തനമാരംഭിച്ചു.

(ബി) ഇല്ല. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കൊല്ലം ജില്ലയിലെ സിറ്റി പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ**

201 (2071) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ സിറ്റി പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നികത്താതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊല്ലം ജില്ലാ സായുധസേനയിൽ നിന്നും കൊല്ലം സിറ്റി പോലീസ് സ്റ്റേഷനുകളിൽ അവസാനമായി ട്രാൻസ്ഫർ നടത്തിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(സി) കൊല്ലം ജില്ലയിലെ സിറ്റി പോലീസ് സ്റ്റേഷനുകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളില്ല.

(ബി) 3-3-2012-ൽ.

(സി) ബാധകമല്ല.

**കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം**

202 (2072) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്നു വ്യക്തമാക്കാമോ ;

(ബി) സാമൂഹ്യവിരുദ്ധപ്രവർത്തനം തടയൽ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്നു വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ രജിസ്റ്റർ ചെയ്ത ഏതെല്ലാം കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഫെപോസ നിയമം, കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം എന്നീ നിയമങ്ങൾ പ്രകാരം ഇതുവരെ 489 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം 469 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(സി) ഈ കാലയളവിൽ 56 കേസ്സുകളിൽ യു.എ.പി.എ. പ്രകാരം കുറ്റം ചുമത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാൻഡോ വിംഗ്**

203 (2074) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി രൂപം നൽകിയ ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാൻഡോ വിംഗിൽ എത്ര പേർ ശാരീരിക ക്ഷമത പാസ്സായിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ കേരളത്തിൽ സുരക്ഷയ്ക്ക് നിയമന ഉത്തരവ് ലഭിച്ചവർ എത്രയെന്നും പ്രസ്തുത ലിസ്റ്റിൽ ഇനി അവശേഷിക്കുന്നവർ എത്രയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് ; ശേഷിക്കുന്നവർക്ക് അടിയന്തരമായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇന്ത്യാ റിസർവ് ബറ്റാലിയനിൽ 313 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ലിസ്റ്റിൽ ഇനി അവശേഷിക്കുന്നവരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2015-ൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിച്ച വരുന്നു.

## പോലീസ് കംപ്ലയിന്റ് അതോറിറ്റി

204 (2075) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അവരുടെ ഭാഗം കൂടി കേട്ടശേഷം ആവശ്യമെങ്കിൽ കർശന നടപടി സ്വീകരിക്കുമോ ;

(ബി) ജനങ്ങളോട്, പോലീസ് സേനാംഗങ്ങൾ മോശമായി പെരുമാറുന്നതു സംബന്ധിച്ച പരാതികളിൽ നടപടി സ്വീകരിക്കുവാനുള്ള അധികാരം കൂടി പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് നൽകുമോ ?

ഉത്തരം

(എ) പോലീസ് സേനയിലെ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ, കേരള പോലീസ് ഡിപ്പാർട്ട്മെന്റിൽ എൻക്വയറി, പണിഷ്മെന്റ് & അപ്പീൽ റൂൾ പ്രകാരം വകുപ്പുതല അന്വേഷണ നടപടികൾ ആരംഭിക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് അവരുടെ ഭാഗം വിശദീകരിക്കുവാനായി അവസരം നൽകുകയും ചെയ്തശേഷം ആവശ്യമെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇതിനുള്ള അധികാരം നിലവിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിക്കുണ്ട്.

## പോലീസ് ഉദ്യോഗസ്ഥരുടെ വാഹന പരിശോധന

205 (2076) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥരുടെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) വാഹന പരിശോധനകൾ നടത്തുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(സി) ക്യാമറ ചിത്രീകരണം ഇല്ലാതെ വാഹന പരിശോധന നടത്തി യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം മറികടന്ന് വാഹന പരിശോധന

നടത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(ഇ) സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം ലംഘിച്ച് പരിശോധന നടത്തിയാൽ, നിയമനടപടികളിൽനിന്നും യാത്രക്കാരെ ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) പോലീസ് ഉദ്യോഗസ്ഥരുടെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ സബ് ഇൻസ്പെക്ടർ റാങ്കിലുള്ളതോ അതിനു മുകളിലുള്ള ഉദ്യോഗസ്ഥനോ ആയിരിക്കണമെന്നും വാഹന പരിശോധന നടത്തുമ്പോൾ ഔദ്യോഗിക വേഷത്തിലായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പറുകൾ 5/12, 6/12, 11/13, 17/13 പ്രകാരം സുതാര്യവും വാഹനങ്ങളുടെ ഡ്രൈവർമാർക്ക് വളരെ ദൂരെ നിന്നും കാണാവുന്ന സ്ഥലങ്ങളിലും മതിയായ വെളിച്ചത്തിലും ഗതാഗത തടസ്സം സൃഷ്ടിക്കാത്ത വിധത്തിൽ പാർക്ക് ചെയ്യാവുന്നിടത്തും കൂടാതെ വളവുകൾ, ഇടുങ്ങിയ റോഡുകൾ, തിരക്കുള്ള സ്ഥലങ്ങൾ, പ്രധാന ജംഗ്ഷനുകൾ എന്നിവ ഒഴിവാക്കി വാഹനം നിർത്തിയതിന് ശേഷം ഡ്രൈവർമാരുടെ സമീപത്ത് ചെന്ന് നിയമലംഘനം പറഞ്ഞ് ബോധ്യപ്പെടുത്തി രേഖകൾ പരിശോധിക്കണമെന്നും വാഹന പരിശോധന നടത്തുമ്പോൾ ഒരു വാഹനം പരിശോധിച്ചതിനുശേഷം മാത്രമേ അടുത്ത വാഹനം നിർത്തി പരിശോധിക്കാൻ പാടുള്ളൂവെന്നും ഇത്തരം നടപടികൾ സ്വീകരിക്കുന്നത് വീഡിയോ ക്യാമറകൾ ലഭ്യമെങ്കിൽ ആയവ ഉപയോഗിച്ച് ചിത്രീകരണം നടത്തിയും വാഹന പരിശോധന നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തൃശ്ശൂർ റൂറലിലെ ഒരു പോലീസുദ്യോഗസ്ഥനെതിരെ ഇത്തരത്തിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം ലംഘിച്ച് പരിശോധന നടത്തിയാൽ ടി ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. നിയമ നടപടികളിൽനിന്നും യാത്രക്കാരെ ഒഴിവാക്കുവാൻ തീരുമാനം എടുത്തിട്ടില്ല.

**പോലീസ് ഡിപ്പാർട്ട്മെന്റിൽ ജീവനക്കാരിയായ ഷീലയും സർവ്വേ വകുപ്പിൽ ജോലിയുള്ള സഹോദരി സജിതയും കൊള്ളപ്പലിശയ്ക്ക് പണം കടം കൊടുത്ത സംഭവം**

206 (2077) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ചേങ്കോട്ടുകോണം മഠത്തിൽ വീട്ടിൽ പോലീസ് ഡിപ്പാർട്ട്മെന്റിൽ ജീവനക്കാരിയായ ഷീലയും സർവ്വേ വകുപ്പിൽ ജോലിയുള്ള സഹോദരി സജിതയും കൊള്ളപ്പലിശയ്ക്ക് പണം കടം കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2013 മേയ് 12- ാം തീയതി ഓപ്പറേഷൻ കുബേരയിലൂടെ ഇവരുടെ വീട്ടിൽ നിന്നും പിടിച്ചെടുത്ത ഡയറിയും ഒപ്പിട്ട വെള്ളപേപ്പറുകളും ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പൊതുവായി കിട്ടിയ അറിവിന്മേൽ ആയതിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി 12-5-2014-ാം തീയതി കഴക്കൂട്ടം പോലീസ് സ്റ്റേഷൻ അഡീഷണൽ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റെയ്ഡ് നടത്തിയിട്ടുള്ളതും പ്രസ്തുത റെയ്ഡിൽ ഡയറിയോ രേഖകളോ കണ്ടെടുത്തിട്ടി ല്ലാത്തതുമാണ്.

## സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വില്പന തടയുന്നതിന് നടപടി

207 (2078) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വില്പനയും മദ്യ-മയക്കുമരുന്ന് വില്പനയും കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) വിദ്യാർത്ഥികളിൽ മയക്കുമരുന്ന് എത്തിക്കുന്ന ഗൂഢസംഘങ്ങളെ ഗുണ്ടാ ആക്ടിൽ ഉൾപ്പെടുത്തി അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി പ്രത്യേക സ്ക്വാഡിനെ നിയമിക്കുമോ ?

<u>ഉത്തരം</u>

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വിൽപ്പന തടയുന്നതിനായി നിരന്തര റെയ്ഡുകൾ നടത്തുകയും പോലീസ് പട്രോളിംഗ് ശക്തി പെടുത്തുകയും ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവരെ രഹസ്യ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി അറസ്റ്റ് ചെയ്തും കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും

ഇത്തരം ഉല്പന്നങ്ങളുടെ വ്യാപനം തടഞ്ഞുവരുന്നു. ഇതിനുപുറമേ ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് പദ്ധതി പ്രകാരം ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് പദ്ധതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവ മുഖേന കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും മറ്റു വകുപ്പുകളുമായി ചേർന്ന് ബോധവത്കരണ ക്ലാസുകൾ നടത്തി വരുന്നു.

(ബി) മയക്കുമരുന്ന് വിൽപ്പനക്കാരായവർ ഗുണ്ടാ ആക്ടിന്റെ പരിധിയിൽപ്പെടുന്ന സ്ഥിരം കുറ്റവാളികൾ ആണെങ്കിൽ ടിയാന്മാരെ ഈ ആക്ട് പ്രകാരം അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതിലേക്ക് മാത്രമായി പ്രത്യേക സ്ക്വാഡിനെ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സ്കൂൾ, കോളേജ് പരിധികളിലെ പോലീസ് സബ്-ഇൻസ്പെക്ടർമാർക്കും സർക്കിൾ ഇൻസ്പെക്ടർമാർക്കും ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കസ്റ്റഡി മരണം**

208 (2079) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കസ്റ്റഡി മരണം തടയുന്നതിനുള്ള സജ്ജീകരണങ്ങളെ സംബന്ധിച്ച് വിശദമാക്കാൻ സുപ്രീം കോടതി ആവശ്യപ്പെട്ടിരുന്നോ ;

(സി) ഇതിന് മറുപടി നൽകിയിരുന്നോ ; എങ്കിൽ ആ മറുപടി എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 10 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

**സഫീദയുടെ മരണം സംബന്ധിച്ച കേസ്**

209 (2080) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അമ്പലത്തറ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പാറപ്പള്ളിയിൽ 2014 ഒക്ടോബർ 3-ന് സഫീദ എന്ന സ്ത്രീ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്ര പ്രതികളാണ് കേസ്സിൽ ഉള്ളത് ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) സഫീദയുടേത് ദുരൂഹമരണമാണെന്ന് സംശയിക്കാൻ കാരണമെന്താണ്; പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സഫീദ എന്ന സ്ത്രീ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കാസർഗോഡ് അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 413/2014 പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ ആരെങ്കിലും ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ കേസിന്റെ അന്വേഷണത്തിൽ സഫീദയുടെ മരണം ദുരൂഹമാണെന്ന് വെളിവായിട്ടില്ല. കൂടാതെ, തദ്ദേശീയരായ ആക്ഷൻ കമ്മിറ്റി ആവശ്യപ്പെട്ടതുപ്രകാരം ടി കേസ് തുടരന്വേഷണത്തിനായി ജില്ലാ ക്രൈം ബ്രാഞ്ചിന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ വിവിധ പോലീസ് കേസുകളിലെ പ്രതികളെ സംബന്ധിച്ച വിവരം

210 (2082) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വെണ്ടുട്ടായി സ്വദേശികളായ പ്രണോബ്, പ്രേംജിത്ത്, ഓടക്കടവ് സ്വദേശികളായ ശ്രീജിത്ത്, ലാലു, കോട്ടം സ്വദേശിയായ നിധീഷ് എന്നിവർക്കെതിരെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ കേസ്സുകളുടെ വിശദാംശങ്ങളും കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതിയും

ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) മേൽകേസ്സുകളിൽ പ്രതിയായിട്ടുള്ള ആളുടെ വീട്ടിൽനിന്നും സ്റ്റീൽ ബോംബ്, ചന്ദനം, കൊടുവാൾ എന്നിവ പോലീസ് കണ്ടെടുത്തതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വെണ്ടുട്ടായി സ്വദേശി പ്രണോബ്, ഓടക്കടവ് സ്വദേശി ശ്രീജിത്ത്, ഓടക്കടവ് സ്വദേശി ലാലു എന്നിവരുടെ പേരിൽ കണ്ണൂർ ജില്ലയിൽ കേസുകളില്ല. എന്നാൽ വെണ്ടുട്ടായി സ്വദേശിയായ പ്രണോബ്, കീഴത്തൂർ സ്വദേശി ലാലു എന്ന ശ്രീനിലേഷ്, കീഴത്തൂർ സ്വദേശി ശ്രീജിത്ത് എന്നിവർക്കെതിരെയും വെണ്ടുട്ടായി സ്വദേശി പ്രേംജിത്ത്, കോട്ടം സ്വദേശി നിധീഷ് എന്നിവർക്കെതിരെയും കേസ്സുകളുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) ചന്ദനമുട്ടികൾ പ്രണോബിന്റെ വീട്ടിൽ നിന്നും കണ്ടെടുത്തതുമായി ബന്ധപ്പെട്ട് കതിരൂർ കേസ് ക്രൈം നമ്പർ 633/11 u/s27(1)(d) & (e) III and IV of Kerala Forest Act, 1961 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ് കൊട്ടിയൂർ ഫോറസ്റ്റ് റേഞ്ചിന് കൈമാറിയിട്ടുണ്ട്.

**ആഭ്യന്തര കലാപങ്ങൾ**

211 (2083) <u>ശ്രീ. എ. എ. അസീസ്</u> :

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര ആഭ്യന്തര കലാപങ്ങളാണ് നടന്നിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) ആഭ്യന്തര കലാപങ്ങൾ മുൻകൂട്ടി അറിയുന്നതിനും, അമർച്ച ചെയ്യുന്നതിനും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ആഭ്യന്തര കലാപങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ചെറിയ സംഘർഷങ്ങളും അക്രമ സംഭവങ്ങളുമുണ്ടാകുമ്പോൾ നടപടി സ്വീകരിച്ച് സംഘർഷം നിയന്ത്രിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്.

(ബി) അക്രമങ്ങളിലേക്കും കലാപങ്ങളിലേക്കും വഴി വയ്ക്കാവുന്ന പ്രശ്നങ്ങൾ മുൻകൂട്ടി അറിയുന്നതിനും അമർച്ച ചെയ്യുന്നതിനും രഹസ്യാന്വേഷണ വിഭാഗവും ക്രമസമാധാനപാലന വിഭാഗവും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നുണ്ട്.

**കായംകുളം പട്ടണത്തിലെ ഗതാഗതക്കുരുക്ക്**

212 (2084) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം പട്ടണത്തിലെ ഗതാഗത കുരുക്കിനു പരിഹാരമായി കായംകുളം - KP റോഡിൽ പോലീസ് സ്റ്റേഷൻ ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചെങ്ങന്നൂർ ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ 12-11-2014-ാം തീയതി കൂടിയ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗത്തിൽ കായംകുളം പോലീസ് സ്റ്റേഷൻ ജംഗ്ഷനിൽ കെ.പി. റോഡിന് തെക്കുവശത്തായി പള്ളി മതിലിനോട് ചേർന്നുള്ള ടെലിഫോൺ പോസ്റ്റ് മാറ്റി ബ്ലിങ്കർ ലൈറ്റ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

**വീടുകൾ കേന്ദ്രീകരിച്ചുള്ള കുറ്റകൃത്യങ്ങൾ**

213 (2085) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകൽ സമയത്തുപോലും സ്വന്തം വീടുകളിൽ നിർഭയം ജീവിക്കാൻ കഴിയാത്ത അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടുകൾ കേന്ദ്രീകരിച്ചുള്ള

ആക്രമണങ്ങൾക്കും, മോഷണങ്ങൾക്കും അനാശാസ്യ പ്രവർത്തനങ്ങൾക്കും വിധേയരായി എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ട് ; എത്ര കേസ്സുകളിൽ കണ്ടെത്തുവാനുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇത്തരക്കാരുടെ ആക്രമണത്തിന് വിധേയരായി മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ ആശ്വാസ /ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) ഇത്തരം പ്രവൃത്തികളിൽ പങ്കെടുത്ത് പ്രതികളായ ആഭ്യന്തര വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവർക്കെതിരെ കർശനമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടുകൾ കേന്ദ്രീകരിച്ചുള്ള ആക്രമണങ്ങൾക്കും, മോഷണങ്ങൾക്കും അനാശാസ്യ പ്രവർത്തനങ്ങൾക്കും വിധേയരായി 67 പേർ മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇതിൽ 61 കേസ്സുകളിലെ പ്രതികളെ കണ്ടെത്തി. 2 കേസ്സുകളിൽ ഇനിയും പ്രതികളെ കണ്ടെത്താനുണ്ട്.

(ഡി&ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിലെ വാഹന അപകടങ്ങളും ട്രാഫിക് കുറ്റകൃത്യങ്ങളും സംബന്ധിച്ച കണക്ക്

214 (2086) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-2014 കാലയളവിൽ IPC 279, 337, 338, 304(a) തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം എത്ര വാഹന അപകടങ്ങളും മറ്റ് ട്രാഫിക് കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത വാഹനാപകടങ്ങളുടെയും ട്രാഫിക് കുറ്റകൃത്യങ്ങളുടെയും ബാഹുല്യവും വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കും കണക്കിലെടുത്ത് അനുകൂല റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും എം.സി. റോഡും ദേശീയപാതയും സംഗമിക്കുന്ന അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുകയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതായതിനാൽ ഈ സാമ്പത്തിക വർഷം പരിഗണിക്കാൻ നിർവ്വാഹമില്ല. പുതിയതായി തുടങ്ങേണ്ടുന്ന പോലീസ് സ്റ്റേഷനുകളുടേയും ട്രാഫിക് പോലീസ് സ്റ്റേഷനുകളുടേയും മറ്റും മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ജനമൈത്രി സുരക്ഷ പദ്ധതി സംബന്ധിച്ച് സെമിനാർ**

215 (2087) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി നിയമ വിരുദ്ധമായി അമിത പലിശയ്ക്ക് പണം നൽകുന്നവരെ നേരിടുന്നതിനെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത് എന്തെല്ലാം വിഷയങ്ങളാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) സെമിനാറിൽ പങ്കെടുത്തിട്ടുള്ളത് ഏതെല്ലാം വിഭാഗങ്ങളിൽ നിന്നുള്ളവരാണ് ; വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സെമിനാറിൽ ചർച്ചചെയ്ത വിഷയങ്ങളുടെ കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 29-5-2014-ൽ തിരുവനന്തപുരം കനകക്കുന്ന് പാലസ് ഹാളിൽ വച്ച് കേരളത്തിലെ മുഴുവൻ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലേയും തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർക്കായി ബ്ലേഡ് മാഫിയാ പ്രവർത്തനങ്ങൾക്കെതിരെ ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് എറണാകുളത്ത് വച്ച് എറണാകുളം സിറ്റി ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ 2014 ജൂൺ 6-ാം തീയതിയിൽ മറ്റൊരു സെമിനാർ കൂടി സംഘടിപ്പിക്കുകയുണ്ടായി.

(ബി) വായ്പ, സാമ്പത്തിക തട്ടിപ്പുകാർ, അനധികൃത ചിട്ടി ഫണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമസാധുതകൾ ബ്ലേഡ് മാഫിയ അമർച്ച ചെയ്യുന്നതിൽ ജനമൈത്രി പോലീസിന്റെ പങ്ക്, പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വരുത്തിയിരിക്കുന്ന വ്യവസ്ഥകൾ, ഗവൺമെന്റ്/ഗവൺമെന്റ് അംഗീകൃത പണമിടപാടു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിവിധ വായ്പാ സൗകര്യങ്ങൾ, ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ, പരിണിതഫലങ്ങൾ, അവയ്ക്കെതിരെ പൊതുസമൂഹം സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നീ വിഷയങ്ങളെപ്പറ്റിയാണ് സെമിനാർ ചർച്ച ചെയ്യപ്പെട്ടത്.

(സി) ബീറ്റ് ഓഫീസർമാർ (6), കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർ (220), ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാർ (10), ജനമൈത്രി ജില്ലാ നോഡൽ ഓഫീസർമാർ/ജില്ലാ പോലീസ് മേധാവികൾ (25), മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ (14) എന്നിങ്ങനെ ആകെ 275 പോലീസ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, മാധ്യമപ്രതിനിധികൾ എന്നിവരാണ് സെമിനാറിൽ പങ്കെടുത്തത്. കൂടാതെ സാമ്പത്തിക/ബാങ്കിംഗ് മേഖലയിലെ വിഷയങ്ങളെക്കുറിച്ച് അവഗാഹം നേടിയ അഡ്വ. ജി. മോഹൻരാജ്, രജിസ്ട്രേഷൻ ഐ.ജി. ശ്രീ. കൗശികൻ ഐ.എ.എസ്. ശ്രീ. എൻ. ജയകൃഷ്ണൻ (എസ്.ബി.റ്റി.), ശ്രീ. പി. എം. രാജഗോപാൽ (ആർ.ബി.ഐ.), ശ്രീമതി ടാനി തോമസ് (കുടുംബശ്രീ മിഷൻ) തുടങ്ങിയവരും പോലീസ് പ്രവർത്തനങ്ങൾ/സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നീ വിഷയങ്ങളിൽ ശ്രീ. എ. ഹേമചന്ദ്രൻ ഐ.പി.എസ്. (എ.ഡി.ജി.പി., ഇന്റലിജൻസ്), ശ്രീ. റെജി ജേക്കബ് (എ.സി.പി., ഡി.സി.ആർ.ബി.) തുടങ്ങിയ നിരവധി പേർ സെമിനാറിൽ ക്ലാസുകൾ കൈകാര്യം ചെയ്തു. കൂടാതെ മേൽ വിഷയങ്ങളെ സംബന്ധിച്ച് ഒരു ഓപ്പൺ ഹൗസും നടത്തുകയുണ്ടായി. എറണാകുളത്തു വച്ചു നടന്ന സെമിനാറിലും മേൽപ്പറഞ്ഞ വിധത്തിൽ ഏതാണ്ട് 175 പേർ പങ്കെടുത്തു.

(ഡി) സെമിനാറിൽ പങ്കെടുത്ത മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും അവരവരുടെ അധികാരപരിധിയിൽ ബ്ലേഡ് മാഫിയയ്ക്കെതിരെ സത്വരവും തീവ്രവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടപടികളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള നിലവിലെ സംവിധാനം

216 (2088) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013, 2014 എന്നീ വർഷങ്ങളിൽ ഓരോ വർഷവും എത്ര റോഡ് അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട് ; പരിക്കേറ്റവർ എത്ര ;

(ബി) ഈ അപകടങ്ങളിൽപ്പെട്ട ഡ്രൈവർമാരിൽ എത്ര പേരെ മദ്യപിച്ചിട്ടുണ്ടോ എന്നറിയാനുള്ള പരിശോധനയ്ക്ക് വിധേയരാക്കിയിട്ടുണ്ട് ; അവരിൽ എത്ര പേർ മദ്യപിച്ചതായി കണ്ടെത്തിയിട്ടുണ്ട് ;

(സി) വാഹനമോടിക്കുന്നവർ മദ്യപിച്ചിട്ടുണ്ടോ എന്നു കണ്ടെത്താൻ പരിശോധന നടത്താനുള്ള നിലവിലെ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംശയാസ്പദമായ എല്ലാ കേസുകളിലും പരിശോധന നടത്താനുള്ള ഉപകരണം പോലീസിനു നല്കുകയും പരിശോധന കർശനമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുമോ ?

ഉത്തരം

(എ)

| വർഷം | ആകെ റോഡപകടങ്ങൾ | മരണം | പരിക്കേറ്റവർ |
|---|---|---|---|
| 2013 | 35,215 | 4,258 | 40,346 |
| 2014 നവംബർ 30 വരെ | 32,635 | 3,558 | 36,647 |

(ബി)

| വർഷം | മദ്യപിച്ചിട്ടുണ്ടോ എന്നറിയാനുള്ള പരിശോധനയ്ക്ക് വിധേയരാക്കിയവർ | മദ്യപിച്ചതായി കണ്ടെത്തിയവർ |
|---|---|---|
| 2013 | 3,249 | 156 |

| | | |
|---|---|---|
| 2014 നവംബർ 30 വരെ | 3,115 | 140 |

(സി&ഡി) നിലവിൽ ബ്രീത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നിവ ഉപയോഗിച്ച് പരിശോധന നടത്തിയും ആശുപത്രിയിൽ കൊണ്ടുപോയി മെഡിക്കൽ പരിശോധന/രക്തസാമ്പിൾ പരിശോധന നടത്തിയും വാഹനമോടിക്കുന്നവർ മദ്യപിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തിവരുന്നു. സംശയാസ്പദമായ എല്ലാ കേസ്സുകളിലും ഈ ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്തി വരുന്നു.

## കൊലക്കേസ് പ്രതി കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയെ സ്വീകരിക്കുന്നതിന് ഇടയായ സാഹചര്യം

217 (2089) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രോട്ടോക്കോളും ബ്ലൂബുക്ക് പ്രൊസിജിയറും മറികടന്ന് കൊലക്കേസ് പ്രതിയും ചന്ദനക്കള്ളക്കടത്ത് കേസിൽ ജയിലിൽ കിടന്നയാളും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയെ സ്വീകരിക്കുന്നതിന് ഇടയായ സാഹചര്യം എങ്ങനെയുണ്ടായെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിഷയത്തിൽ കേന്ദ്ര സേനയ്ക്ക് യഥാവിധം വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ സംസ്ഥാന പോലീസിന്റെ നടപടി പരിശോധിച്ചിട്ടുണ്ടോ ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

(എ) 27-9-2014-ാം തീയതി രാവിലെ ഏതാണ്ട് 9.15 മണിയോടെ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തിയ ബഹു. കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിംഗ് ക്ഷേത്രത്തിന് പുറത്ത് പാർക്ക് ചെയ്തിരുന്ന വാഹനത്തിൽ കയറാൻ തുടങ്ങുന്ന സമയം സന്തോഷ് എന്ന ബി.ജെ.പി. പ്രവർത്തകൻ ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ സുരക്ഷാചുമതലയുള്ള നാഷണൽ സെക്യൂരിറ്റി ഗ്രൂപ്പ് സേനാംഗങ്ങളുടെയും മുതിർന്ന സംസ്ഥാന ബി.ജെ.പി. നേതാക്കളുടെയും സാന്നിദ്ധ്യത്തിൽ പാർട്ടി നേതാക്കന്മാരുടെ അറിവോടും സമ്മതത്തോടുംകൂടിയും ബഹു. കേന്ദ്ര സുരക്ഷാ അധികൃതരുടെ ലെയ്സൺ ഓഫീസറുടെ അനുമതിയോടുകൂടിയും ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ തലയിൽ തലപ്പാവ് അണിയിക്കുകയാണുണ്ടായത്. ഇത്തരത്തിൽ തലപ്പാവ് അണിയിക്കുന്നത് സംബന്ധിച്ച് ഒരു വിവരവും സംസ്ഥാന പോലീസ് അധികാരികളെയോ സ്ഥലത്ത് സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെയോ മുൻകൂട്ടി അറിയിക്കുകയോ മുൻകൂർ അനുവാദം വാങ്ങുകയോ ചെയ്തിരുന്നില്ല. തലപ്പാവ് അണിയിക്കുന്ന സമയത്ത് സ്ഥലത്ത് കൂടിയിരുന്ന

ബി.ജെ.പി. പ്രവർത്തകരുടെ കൂട്ടത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ചന്ദന മോഷണ കേസിൽ ഉൾപ്പെട്ടിരുന്ന പ്രതിയായ തിരുവനന്തപുരം കമലേശ്വരം ഗംഗാനഗർ പണയിൽ വീട്ടിൽ അപ്പുക്കുട്ടൻ നായർ മകൻ വിജയകുമാർ എന്ന ബി.ജെ.പി. പ്രവർത്തകനും കൂടെയുണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബഹു. കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. രാജ്നാഥ് സിംഗിനോടൊപ്പം പ്രോക്സിമിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്ന പേഴ്സണൽ സെക്യൂരിറ്റി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥനുമായി ബി.ജെ.പി. പ്രവർത്തകർ ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ അറിവോടുകൂടിയാണ് തലപ്പാവ് അണിയിക്കുകയുണ്ടായത്. ആയതിനാൽ ഇതു സംബന്ധിച്ച് സംസ്ഥാന പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലാത്തതും ഇക്കാര്യത്തിൽ അന്വേഷണമോ മറ്റു നടപടികളോ സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

**നിരാക്ഷേപ പത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകൾ**

218 (2090) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ നിരാക്ഷേപ പത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ എണ്ണം എത്ര ; അവ ഏതെല്ലാം ; വ്യക്തമാക്കാമോ ;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകളേതെല്ലാം ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 4718 കേസ്സുകൾ.

(ബി) 1272 കേസ്സുകൾ.

**പാലക്കാട് ജില്ലയിലെ കവർച്ച കേസ്സുകൾ**

219 (2091) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഈ വർഷം എത്ര കവർച്ച കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഏതെല്ലാം തരത്തിലുള്ള കവർച്ച കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) കവർച്ച കേസ്സിൽപ്പെട്ട മുഴുവൻ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിൽ 2014-ാം വർഷം 42 കവർച്ച കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (Dacoity -4, Robbery -38)

(സി) കവർച്ച കേസ്സിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടില്ല. 42 കേസ്സുകളിലായി 43 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**പോലീസിൽ വ്യാപകമായ ക്രിമിനൽവൽക്കരണം**

220 (2092) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിൽ വ്യാപകമായ ക്രിമിനൽവൽക്കരണം നടക്കുന്നുവെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്രിമിനലുകളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; ഇതിന്റെ അടിസ്ഥാനത്തിൽ നടപടിക്ക് വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ ;

(സി) കേരളത്തിലെ പോലീസ് സേനയ്ക്ക് സമയബന്ധിതമായും നിശ്ചിത ഇടവേളകളിലും സമഗ്രവും ശാസ്ത്രീയവുമായ പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിച്ച് ഓരോ വർഷവും പ്രസ്തുത പരിശീലനത്തിനായി കലണ്ടർ പ്രസിദ്ധീകരിക്കുമോ ; ഇതിനായി വ്യക്തമായ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുമോ ; വിശദ വിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) പോലീസിൽ ക്രിമിനൽവൽക്കരണം നടക്കുന്നില്ല.

(ബി) ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിലെ പോലീസ് സേനയ്ക്ക് നിശ്ചിത ഇടവേളകളിൽ ശാസ്ത്രീയ കുറ്റാന്വേഷണം ഉൾപ്പെടെ ആവശ്യമായ പരിശീലനം നൽകി വരുന്നുണ്ട്.

**നിർഭയയുടെ പ്രവർത്തനം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

221 (2093) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളെയും കുട്ടികളെയും പാർപ്പിക്കുന്ന സ്ഥാപനമായ നിർഭയയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം നിർഭയയിൽനിന്നും നാളിതുവരെ കാണാതായവർ എത്ര ; പോലീസ് എത്ര പേരെ കണ്ടെത്തി ; ഇനി എത്ര പേരെ കണ്ടെത്തുവാനുണ്ട് ; എന്തുകൊണ്ടാണ് ഇവരെ കാണാതാകുന്നത് ; ഇത്തരം കാണാതാകൽ ഇല്ലാതാക്കാൻ ആഭ്യന്തര വകുപ്പ് ശക്തമായ എന്തു നടപടികൾ സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ ;

(സി) നിർഭയയുടെ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവരിൽ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തി നടപടിക്ക് വിധേയരായവർ ആരെല്ലാം ; ഇല്ല എങ്കിൽ പോലീസിന്റെ മേൽനോട്ടം നിർഭയ കേന്ദ്രങ്ങളിൽ നടത്താൻ ആഭ്യന്തര വകുപ്പ് എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ;

(ഡി) നിർഭയയിൽ വെളിയിലുള്ളവരുടെ ഇടപെടലുകൾ നിലവിലുണ്ടോ ; എങ്കിൽ ഇത് കുറ്റമറ്റരീതിയിൽ പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും ആഭ്യന്തര വകുപ്പ് പോലീസിന് നിർദ്ദേശം നൽകുമോ ; വിശദാംശം വ്യക്തമാക്കാമോ ;

(ഇ) നിർഭയയിൽ 24 മണിക്കൂറും വനിതാ പോലീസിന്റെ സേവനം ലഭ്യമാക്കാനും നിർഭയയിലെ അന്തേവാസികളുടെ തിരോധാനം ഒഴിവാക്കാനും എന്തു നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(എഫ്) നിർഭയയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ഏതെല്ലാം ജനപ്രതിനിധികൾ പരാതികൾ ആഭ്യന്തര വകുപ്പിന് നൽകി ; എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കമോ ;

ഉത്തരം

(എ) ഇല്ല. പ്രസ്തുത സ്ഥാപനം സാമൂഹ്യസുരക്ഷാ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം നിർഭയയിൽ നിന്നും നാളിതുവരെ 5 പെൺകുട്ടികളെ കാണാതായിട്ടുണ്ട്. ഇവരിൽ 4 പേരെ പോലീസ് കണ്ടെത്തി. ഒരാളെ ഇനിയും കണ്ടെത്തുവാനുണ്ട്. കാണാതാകുന്നത് സംബന്ധിച്ച് വിവരം ലഭിച്ചാലുടൻ തന്നെ ഇവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്.

(സി&ഡി) നിർഭയയുടെ പ്രവർത്തനത്തിന് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല. കുറ്റമറ്റ രീതിയിൽ ആഭ്യന്തര വകുപ്പ് നിരീക്ഷിക്കുന്നുണ്ട്.

(ഇ) പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടില്ല.

### രാഷ്ട്രീയ കൊലപാതകങ്ങൾ

222 (2094) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012 മേയ് 31-ന് ശേഷം കേരളത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; കൊല്ലപ്പെട്ടവരുടെയും പ്രതികളായവരുടെയും രാഷ്ട്രീയ ബന്ധം വിശദമാക്കുമോ ; പ്രതികളെ പിടികൂടിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഓരോ പ്രതികൾക്കെതിരെയും ചുമത്തിയ വകുപ്പുകൾ വിശദമാക്കുമോ ?

ഉത്തരം

2012 മേയ് 31-ന് ശേഷം കേരളത്തിൽ 12 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

### സർക്കാർ സർവ്വീസിലുള്ള സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ

223 (2095) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ആഭ്യന്തര മന്ത്രി തന്നെ പ്രസ്താവന നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ സബോർഡിനേറ്റ് സർവ്വീസിലും സ്റ്റേറ്റ് സർവ്വീസിലും ഇതിനകം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിന് നടപടിയെടുത്തു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 83 പരാതികൾ ലഭിച്ചിട്ടുള്ളതും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പോലീസിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോ കണക്ക്**

224 (2096) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് കഴിഞ്ഞ 9 മാസത്തിനിടയിൽ കേരളത്തിൽ ബലാത്സംഗത്തിനിരയായ സ്ത്രീകൾ എത്ര ;

(ബി) ഇതിൽ ഒരുവയസ്സിനും പതിനേഴ വയസ്സിനുമിടയിലുള്ളവർ എത്ര ;

(സി) ഈ കാലയളവിനുള്ളിൽ ആൺകുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തു ;

(ഡി) ഇത്തരം കേസ്സുകളിൽ പോലീസ് കഴിഞ്ഞ 9 മാസത്തിനിടയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു ; ആയതിൽ എത്രപേരെ കേസ്സ് വിചാരണ പൂർത്തിയാക്കി ജയിലിലടച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഇതിൽ പ്രതികളായ സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖല/ഐ.റ്റി./ സ്വകാര്യമേഖലാ ജീവനക്കാർ ആരെല്ലാമെന്നും, ഇവർക്കെതിരെ കർശനമായ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് കഴിഞ്ഞ 9 മാസത്തിനിടയിൽ 981 ബലാത്സംഗ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇവയിൽ ഒരു വയസ്സിനും പതിനേഴ് വയസ്സിനുമിടയിലുള്ളവർ ബലാത്സംഗത്തിനിരയായതിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം- 550.

(സി) ഈ കാലയളവിനുള്ളിൽ അൺകുട്ടികൾക്കെതിരെയുള്ള 223 പീഡന

കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ കാലയളവിൽ നടന്ന കേസ്സുകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(ഇ) ഇതിൽ പ്രതികളായ സർക്കാർ/അർദ്ധസർക്കാർ/ഐ.ടി./ സ്വകാര്യമേഖല ജീവനക്കാർ ആരെല്ലാമെന്നും ഇവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു.*

**ഓപ്പറേഷൻ കുബേര**

225 (2097) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന അനധികൃത പണമിടപാടുകാരും കൊള്ളപ്പലിശക്കാരും വ്യാപകമാകുന്നത് ഫലപ്രദമായി നിയന്ത്രിക്കാൻ സർക്കാർ തയ്യാറാകുമോ ;

(ബി) ഓപ്പറേഷൻ കുബേര പ്രവർത്തനമാരംഭിച്ചപ്പോഴുള്ള സാഹചര്യങ്ങൾ തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് എന്തുകൊണ്ടാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) കഴുത്തറുപ്പൻ പലിശക്കാരിൽ ചിലർക്കെതിരെ ഓപ്പറേഷൻ കുബേര പ്രകാരം എടുത്തുവന്ന നടപടികളിൽ പഴുതുകൾ ഏറെ ഉണ്ടായിരുന്നതിനാൽ പ്രതി ചേർക്കപ്പെട്ടവർ നിയമനടപടികളിൽനിന്നും രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഭരണ നേതൃത്വത്തിലുള്ളവരുമായി അടുത്ത ബന്ധം പുലർത്തുന്ന കൊള്ളപ്പലിശക്കാരിലേക്ക് അന്വേഷണം എത്തുമെന്ന ഘട്ടത്തിൽ, ഓപ്പറേഷൻ കുബേര അട്ടിമറിക്കപ്പെട്ടതായുള്ള ആക്ഷേപത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; പഴുതുകൾ ഇല്ലാതെയും മുഖം നോക്കാതെ നിയമാനുസൃതമായും കേസുകൾ എടുക്കുന്നതിന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന അനധികൃത പണമിടപാടുകാരും കൊള്ളപ്പലിശക്കാരും വ്യാപകമാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ഇത്തരക്കാരെ ഓപ്പറേഷൻ കുബേര പോലുള്ള നടപടികളിലൂടെ അടിച്ചമർത്തുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ഓപ്പറേഷൻ കുബേര പ്രവർത്തനമാരംഭിച്ചപ്പോഴുള്ള സാഹചര്യങ്ങളല്ല ഇപ്പോൾ നിലവിലുള്ളത്. ഓപ്പറേഷൻ കുബേരയെ തുടർന്ന് അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെയും ബ്ലേഡ് മാഫിയക്കെതിരെയും അവരുടെ കേന്ദ്രങ്ങളിൽ തുടരെത്തുടരെ റെയ്ഡുകൾ നടത്തുകയും പണവും രേഖകളും മറ്റും പിടിച്ചെടുക്കുകയും കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായി മനസ്സിലാക്കുന്നു.

(സി) ഓപ്പറേഷൻ കുബേര പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളിൽ പഴുതുകൾമൂലം കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ പോലീസ് വളരെ ജാഗ്രതയോടെ പ്രവർത്തിക്കുകയും ഇത്തരം കുറ്റകൃത്യങ്ങൾ അടിച്ചമർത്തുന്നതിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചും വരുന്നു.

(ഡി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഴുതുകൾ ഇല്ലാതെയും മുഖം നോക്കാതെയും നിയമാനുസൃതമായുമാണ് കേസുകൾ കൈകാര്യം ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ വീഴ്ചകൾ വരുത്തിയിട്ടില്ല.

**ഓപ്പറേഷൻ കുബേര**

226 (2098) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേര ക്യാമ്പയിൻ പ്രകാരം 2014 ഒക്ടോബർ മുതൽ നവംബർ 30 വരെ മാത്രമായി എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

'ഓപ്പറേഷൻ കുബേര' മുഖേന 2014 ഒക്ടോബർ മുതൽ നവംബർ 30 വരെ സംസ്ഥാനത്ത് 151 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**വിജിലൻസ് കേസിൽ പ്രതിയായിരുന്ന പോലീസ് ഉദ്യോഗസ്ഥനെ പൊതുമേഖലാ സ്ഥാപനത്തിൽ വിജിലൻസ് ഓഫീസറായി നിയമിച്ചത്**

**സംബന്ധിച്ച വിവരം**

227 (2099) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസ്സിൽ പ്രതിയായിരുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് വിരമിച്ചതിനുശേഷം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ വിജിലൻസ് ഓഫീസറായി നിയമനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥനാണെന്നും ഏത് പൊതുമേഖലാ സ്ഥാപനത്തിലാണ് നിയമനം നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സർവ്വീസിലിരുന്നപ്പോൾ ഏതെല്ലാം കേസ്സുകളാണ് ചാർജ്ജ് ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലയളവിലുണ്ടായിരുന്ന ഏതെങ്കിലും ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിജിലൻസ് കേസ്സിൽ പ്രതിയായിരുന്ന ഒരാളെ വിജിലൻസ് ഓഫീസറായി നിയമിക്കുന്നത് ശരിയായ നടപടിയാണെന്ന് കരുതുന്നുണ്ടോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ്‌വർക്ക് സിസ്റ്റം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി**

228 (2100) <u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപദ്ധതിയായ ക്രിമിനൽ ട്രാക്കിംഗ് ആൻഡ് നെറ്റ്‌വർക്ക് സിസ്റ്റം നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ

ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി എങ്ങനെയാണ് നടപ്പാക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധപ്പെട്ട മറ്റ് ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം (CCTNS) നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, എറണാകുളം റൂറൽ, മലപ്പുറം, വയനാട്, പാലക്കാട്, കാസർഗോഡ്, ഇടുക്കി, കോട്ടയം, ആലപ്പുഴ എന്നീ പോലീസ് ജില്ലകളിലെ 263 പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ജില്ലകളിൽ ഉടൻതന്നെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതോടെ രാജ്യത്തെ വിവിധ പോലീസ് ഓഫീസുകൾക്ക് ഈ നെറ്റ്‌വർക്കിലൂടെ ബന്ധപ്പെട്ട് കേസുകളുടെ അന്വേഷണം വളരെ എളുപ്പത്തിൽ നടത്താൻ സാധിക്കും. കൂടാതെ സംസ്ഥാനാന്തര കുറ്റകൃത്യങ്ങൾ, മയക്കുമരുന്ന് മാഫിയ, മനുഷ്യകടത്ത് തുടങ്ങിയ കാര്യങ്ങളിൽ അന്യസംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാനും ഇതിലൂടെ സാധിക്കും.

(സി) നിലവിൽ 10 പോലീസ് ജില്ലകളിലാണ് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം (CCTNS) നടപ്പിലാക്കിയിട്ടുള്ളത്. ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലേക്കും പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതിക്കാവശ്യമായ കംപ്യൂട്ടറുകൾ, പ്രിന്ററുകൾ, UPS, ഡിജിറ്റൽ ക്യാമറകൾ, ഇലക്ട്രോണിക് പെൻ, നെറ്റ്‌വർക്കിംഗ് സംബന്ധമായ ഉപകരണങ്ങൾ, ഡാറ്റാ സെന്റർ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, എയർ കണ്ടീഷനറുകൾ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ പഴയ എഫ്.ഐ.

ആറുകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും ഈ പദ്ധതിക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‍വർക്ക് സിസ്റ്റം (CCTNS) ആപ്ലിക്കേഷനിൽ വിവിധ മോഡ്യൂളുകളുണ്ട്. ഇതിൽ ജനറൽ ഡയറി, എഫ്.ഐ.ആർ. എന്നീ മോഡ്യൂളുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് മോഡ്യൂളുകളായ Investigation, Prosecution എന്നിവ ഉടൻ നടപ്പിൽ വരുത്തുന്നതാണ്.

(ഡി) രാജ്യത്തെ 14000-ൽ പരം പോലീസ് സ്റ്റേഷനുകളെയും 6000-ൽ പരം മറ്റ് ഇതര പോലീസ് ഓഫീസുകളെയും സംസ്ഥാനതലത്തിലുള്ള ഡാറ്റാസെന്റർ, ദേശീയ ഡാറ്റാ സെന്റർ എന്നിവവഴി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‍വർക്ക് സിസ്റ്റം (CCTNS). കേരളത്തിന്റെ ഡാറ്റാ സെന്റർ തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

**ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർ**

229 (2101) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പേർ പോലീസ് ഉദ്യോഗസ്ഥരുണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് അഴിമതി, കൈക്കൂലി കേസ്സുകളിൽ ഉൾപ്പെട്ട എത്ര സർക്കാർ ജീവനക്കാർ ഉണ്ടെന്നും അതിൽ ഉൾപ്പെട്ട പോലീസുകാരുടെ എണ്ണം എത്രയെന്നും പ്രത്യേകം തിരിച്ച് നൽകുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് സസ്പെൻഷനിലായ സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയെന്നും അതിൽ എത്ര പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 1225 സർക്കാർ ജീവനക്കാർ.

(ബി) 706 പോലീസ് ഉദ്യോഗസ്ഥർ.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും പ്രത്യേകമാക്കൽ

230 (2102) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന പരിപാലനച്ചുമതലയും കുറ്റാന്വേഷണച്ചുമതലയും പ്രത്യേക മാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിന് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ക്രമസമാധാന പരിപാലനം കൂടുതൽ മികവുറ്റതാക്കി മാറ്റാൻ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-12-2006-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 3069/2006/ആഭ്യന്തരം പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽനിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വേഗത്തിലും മികച്ച രീതിയിലുമുള്ള കുറ്റാന്വേഷണം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണച്ചുമതലയും വേർതിരിച്ചുകൊണ്ട് ഉത്തരവായത്.

(ബി) കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് ഇതിനകം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

## മനുഷ്യാവകാശ സംരക്ഷണ നിയമം

231 (2103) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എം. ഹംസ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മനുഷ്യാവകാശ കമ്മീഷന്റെ അപ്പീൽ അധികാരി ആവാൻ സംസ്ഥാന പോലീസ് മേധാവി ശ്രമിക്കരുതെന്ന് മനുഷ്യാവകാശ കമ്മീഷന്റെ താക്കീത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരമൊരു താക്കീത് നല്കാനിടയായ സാഹചര്യം വിശദമാക്കാമോ ;

(സി) മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരം കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പാക്കാൻ പോലീസ് മേധാവി തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ് ; സർക്കാർ നിലപാടും നിയമവ്യവസ്ഥകളും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സന്തോഷ് എന്നയാൾക്ക് പോലീസ് കസ്റ്റഡിയിൽ വച്ച് മർദ്ദനമേറ്റുവെന്നും ടിയാന് നഷ്ടപരിഹാരമായി പതിനായിരം രൂപ സംസ്ഥാന സർക്കാർ നൽകണമെന്നും ഈ തുക എതിർകക്ഷികളിൽനിന്നും തുല്യമായി ഈടാക്കിയെടുക്കണമെന്നും എതിർ കക്ഷികൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ നടപ്പാക്കിയില്ല എന്നു കാണിച്ച് സന്തോഷ് എന്നയാൾ വീണ്ടും ബഹുമാനപ്പെട്ട കമ്മീഷന് പരാതി നൽകി. കമ്മീഷൻ ശിപാർശകൾ തുടർ നടപടികൾക്കായി ഐ.ജി.പി. കൊച്ചി റേഞ്ചിന് സംസ്ഥാന പോലീസ് മേധാവി നൽകിയിരുന്നു. ടിയാൻ ഇക്കാര്യത്തെ സംബന്ധിച്ച് ഒരന്വേഷണം നടത്തിയെന്നും അന്വേഷണത്തിൽ പ്രതികളെ നിയമാനുസരണം അറസ്റ്റ് ചെയ്തതാണെന്നും പ്രതികൾക്ക് ആവശ്യമായ പരിഗണന നൽകിയതാണെന്നും റിപ്പോർട്ട് ചെയ്തു. ഇത്തരമൊരു റിപ്പോർട്ടിലാണ് ബഹു. കമ്മീഷൻ മേൽപ്പറഞ്ഞ തരത്തിൽ പരാമർശം നടത്തിയത്.

(സി) ബഹു. മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എല്ലാം സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**രജിസ്റ്റർ ചെയ്ത കേസുകൾ**

232 (2105) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് മോഷണം, പിടിച്ചുപറി, കവർച്ച, ഭവന ഭേദനം എന്നീയിനങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ കാലയളവിൽ മോഷണം, കവർച്ച, പിടിച്ചുപറി, ഭവന ഭേദനം എന്നിവയ്ക്കിടയിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 9-12-2014-ലെ കണക്കനുസരിച്ച്

| | |
|---|---|
| മോഷണം | - 14797 |
| കവർച്ച | - 2841 |
| പിടിച്ചുപറി | - 2352 |
| ഭവനഭേദനം | - 10432 |

(ബി) 74 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

**ഫോറൻസിക് ലാബിന്റെ പ്രവർത്തനം**

233 (2106) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറൻസിക് ലാബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഫോറൻസിക് പഠനം പൂർത്തിയാക്കിയവർക്ക് പരിശീലനത്തിന് ലാബിൽ സൗകര്യം ചെയ്തുകൊടുക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിശീലനത്തിന് എത്ര പേർക്ക് ഫോറൻസിക് ലാബിൽ സൗകര്യം ചെയ്തു കൊടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതി നിർദ്ദേശപ്രകാരം ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകളുടെ പരിശോധന നടക്കുന്ന സ്ഥലമായതിനാൽ കേസ് പരിശോധനയിലെ

പരിശീലനം നൽകാൻ ബുദ്ധിമുട്ടുണ്ട്. ആയതിനാൽ പുറത്തുനിന്നുള്ളവരുടെ സാന്നിദ്ധ്യത്തിൽ ഫോറൻസിക് പരിശോധന നടത്താനോ, പരിശോധനാ രീതിയിലെ പരിശീലനം നൽകാനോ നിർവ്വാഹമില്ല. കോടതികൾ കേസ്സിൽ ഉൾപ്പെട്ട സാധനങ്ങൾ ഫോറൻസിക് വിദഗ്ദ്ധന്റെ പരിശോധനയ്ക്കായിട്ടാണ് സീൽ ചെയ്ത് അയയ്ക്കുന്നത്. ടി സാധനങ്ങൾ വച്ച് പരിശീലനം നടത്തിക്കുന്നതും കോടതി നിർദ്ദേശിക്കാത്ത മറ്റൊരാളുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതും ശരിയല്ല. കോടതിയിൽ നിന്നുള്ള തൊണ്ടിമുതലുകളുടെ സുരക്ഷയേയും പരിശോധനയിലെ മൗലികതയെയും ഇത് ബാധിക്കുന്നു. തൊണ്ടിമുതലുകളുടെ പരിശോധന നടത്തേണ്ടത് ലാബിലെ സയന്റിസ്റ്റുകളാണ്. ഇത് പുറത്ത് നിന്നുള്ളവരുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചാൽ പരിശോധനാ ഫലത്തിന്റെ രഹസ്യസ്വഭാവത്തെ ബാധിക്കും. അതുകൊണ്ട് പുറത്തു നിന്നുള്ളവർക്ക് പരിശീലനം നൽകാറില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫോറൻസിക് പഠനം പൂർത്തിയാക്കിയ ആർക്കും ഫോറൻസിക് ലാബിൽ പരിശീലനം കൊടുത്തിട്ടില്ല.

**ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണം**

234 (2107) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഭവങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തു; എത്രപേർ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ട് ; അറസ്റ്റ് ചെയ്യപ്പെട്ടവരിൽ എത്രപേർ ശിക്ഷിക്കപ്പെട്ടു ; എത്രപേരെ വെറുതെവിട്ടു ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് 21 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവങ്ങളിൽ 4 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 160 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 39 പേർ അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. ആരെയും വെറുതെ വിട്ടിട്ടില്ല.

**മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്റർ**

235 (2108) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങളെ സംബന്ധിച്ച് വിശദാംശം നൽകുമോ ;

(സി) പ്രസ്തുത രജിസ്റ്ററിലെ വിവരങ്ങൾ യഥാസമയം അപ്ഡേറ്റ് ചെയ്യാറുണ്ടോ ; അതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് കാറ്റഗറിയിലെ ഉദ്യോഗസ്ഥനെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിലാളികളുടെ മേൽവിലാസവും അവരുടെ സംസ്ഥാനം, ഫോൺ നമ്പർ, ഐഡന്റിഫിക്കേഷൻ മാർക്ക്, ബ്ലഡ് ഗ്രൂപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഫോട്ടോഗ്രാഫ് എന്നിവ ശേഖരിച്ച് രജിസ്റ്ററിൽ സൂക്ഷിക്കുന്നു.

(സി) ഉണ്ട്. പോലീസ് സ്റ്റേഷനിലെ സബ്-ഇൻസ്പെക്ടർമാരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

**അനധികൃതമായി പണമിടപാട് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി**

236 (2109) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി പണമിടപാട് നടത്തുന്ന എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഇതുവരെ കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങളിൽ പോലീസ് റെയ്ഡു നടത്തിയിട്ടുണ്ട് ; എത്രപേരെ അറസ്റ്റു ചെയ്തു ; എത്ര രൂപ പിടിച്ചെടുത്തു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര കേസ്സുകൾ കോടതിയിലെത്തി ; എത്ര കേസ്സുകളിന്മേൽ വിചാരണ ആരംഭിച്ചു ;

(ഡി) പ്രസ്തുത കേസ്സുകളിൽ ജാമ്യം ലഭിക്കാതെ നിലവിൽ എത്ര പേർ ജയിലിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ബ്ലേഡ് മാഫിയയുടെ ഭീഷണിയെത്തുടർന്ന് എത്ര പേർ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(എഫ്) രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട എത്രപേർ ഇത്തരം കേസ്സുകളിൽ പ്രതിയായിട്ടുണ്ട് ; അവർ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയും അവരുടെ പേരും മേൽവിലാസവും വ്യകതമാക്കുമോ ;

(ജി) പോലീസുകാർ ഉൾപ്പെടെയുള്ള എത്ര സർക്കാർ ജീവനക്കാർ ഇത്തരം കേസ്സുകളിൽ ഇതിനകം പ്രതി ചേർക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) അനധികൃതമായി പണമിടപാട് നടത്തുന്ന 162 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. 233 സ്ഥാപനങ്ങളിൽ പോലീസ് റെയ്ഡ് നടത്തിയിട്ടുണ്ട്. 150 പേരെ അറസ്റ്റ് ചെയ്തു. 25,37,987 രൂപ പിടിച്ചെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(സി) 159 കേസ്സുകൾ രജിസ്റ്റർ ചെയ്തു ; 59 കേസ്സുകൾ കോടതിയിൽ സമർപ്പിച്ചു ; 18 കേസുകളിന്മേൽ വിചാരണ ആരംഭിച്ചു ;

(ഡി) പ്രസ്തുത കേസ്സുകളിൽ ജാമ്യം ലഭിക്കാതെ ജയിലുകളിൽ ആരും തന്നെയില്ല.

(ഇ) ബ്ലേഡ് മാഫിയയുടെ ഭീഷണിയെത്തുടർന്ന് 17 പേർ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു.*

(എഫ്) രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആരുംതന്നെ ഇത്തരം കേസ്സുകളിൽ പ്രതിയായിട്ടില്ല.

(ജി) ഒരു പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെടെ 4 സർക്കാർ ജീവനക്കാർ ഇത്തരം കേസ്സുകളിൽ ഇതിനോടകം പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

237 (2110) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾക്ക് വിധേയരായവർ എത്ര; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; ഇതുമായി ബന്ധപ്പെട്ട് എത്ര പേർ മരണപ്പെട്ടു ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇത്തരക്കാരുടെ ആക്രമണംമൂലം മരണപ്പെട്ട പൊതുജനങ്ങൾ, പോലീസ് ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇത്തരം കുറ്റകൃത്യം ചെയ്ത ക്വട്ടേഷൻ സംഘത്തിലെ എത്ര പേരെ നാളിതുവരെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ പൂർത്തിയാക്കി ജയിലിലടച്ചു ; ഇതിൽ എത്ര പേരെ ഇനിയും പിടികൂടാനുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ വന്നശേഷം ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾക്കിരയായവരും കൊല്ലപ്പെട്ടവരുടെ ബന്ധുക്കളായവരുമായ ആർക്കെല്ലാം ആശ്വാസ സഹായം ലഭ്യമാക്കി ; വ്യക്തമാക്കുമോ ;

(ഇ) ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധമുണ്ട് എന്ന് കണ്ടെത്തിയ ആഭ്യന്തര വകുപ്പിൻ കീഴിലെ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവരുടെ പേരിൽ എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവർക്കെതിരെ ആഭ്യന്തര വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(എഫ്) മറ്റ് സർക്കാർ സർവ്വീസിലെ ആർക്കൊക്കെ ഇത്തരം ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധമുണ്ട് എന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ട് ; ഇവർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾക്ക് 24 പേർ വിധേയരായിട്ടുണ്ട്. ഇതിൽ 4 പേർ മരണപ്പെട്ടിട്ടുള്ളതും, ഇതു സംബന്ധിച്ച് 21 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

കേസ്സുകളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(ബി) ഇത്തരക്കാരുടെ ആക്രമണങ്ങളിൽ മരണപ്പെട്ട 4 പേരും പൊതുജനങ്ങളാണ്. ഉദ്യോഗസ്ഥരാരും മരണപ്പെട്ടിട്ടില്ല. മരണപ്പെട്ടവരുടെ പേര് അനുബന്ധം എ-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *

(സി) ഇത്തരം കുറ്റകൃത്യം ചെയ്ത ക്വട്ടേഷൻ സംഘാംഗങ്ങളിൽ മേൽക്കാലയളവിൽ നിയമ നടപടികൾ പൂർത്തിയാക്കി ശിക്ഷിച്ച് ജയിലിലടച്ചവർ ആരുമില്ല. ഇതിൽ 39 പേരെ ഇനിയും പിടികൂടുവാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം-ബി ആയി ചേർത്തിരിക്കുന്നു.*

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയവരിൽ ആഭ്യന്തര വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർ ആരുംതന്നെയില്ല.

(എഫ്) മറ്റ് സർക്കാർ സർവ്വീസിലെ ആർക്കും ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടില്ല.

## കംപ്ലയിന്റ് അതോറിറ്റികൾ

238 (2111) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംകോടതി നിർദ്ദേശപ്രകാരം സംസ്ഥാനത്ത് നിലവിൽവന്ന കംപ്ലയിന്റ് അതോറിറ്റികൾക്ക് മുൻപാകെ ഇതിനകം ലഭിച്ച പരാതികൾ എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) അവയിൽ തീർപ്പ് കല്പിക്കപ്പെട്ടവ എത്ര ;

(സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ഡി) പോലീസ് അതോറിറ്റിയുടെ പ്രവർത്തനത്തിന് വിഘാതമായുള്ള സർക്കാർ തീരുമാനങ്ങൾ തിരുത്താൻ തയ്യാറാകുമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) സംസ്ഥാന-ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് കൊലപാതകക്കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ**

239 (2112) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള കൊലപാതകങ്ങളിൽ, ഗുണ്ടാ ആക്രമണം, മാഫിയാ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് എത്ര പേർ ഇരയാക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഇനിയും പിടികൂടാനുള്ള പ്രതികളെത്ര ; അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ച കേസ്സുകളെത്ര; വ്യക്തമാക്കാമോ ;

(സി) വിചാരണ പൂർത്തിയായ കേസ്സുകളെത്ര; ശിക്ഷിക്കപ്പെട്ട പ്രതികളെത്ര ; വിട്ടയയ്ക്കപ്പെട്ടവരെത്ര ; വ്യക്തമാക്കാമോ ;

(ഡി) അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറിയ കേസ്സുകളെത്രയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം - 12 ; മാഫിയാ ആക്രമണങ്ങളിൽ കൊല്ലപ്പട്ടവരില്ല ; മതസ്പർദ്ധയാൽ കൊല്ലപ്പെട്ടവരുടെ എണ്ണം - 2 ; ധനാപഹരണത്തിനിടെ കൊല്ലപ്പെട്ടവരുടെ എണ്ണം - 66.

(ബി) മേൽപ്പറഞ്ഞ സംഭവങ്ങളിൽ ഗുണ്ടാ ആക്രമണങ്ങളിലെ പ്രതികളെ ആരെയും പിടികൂടുവാനില്ല. 9 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു. മതസ്പർദ്ധയാലുള്ള ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 3 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. ഒരു കേസ്സിൽ അന്വേഷണം പൂർത്തിയാക്കി. ധനാപഹരണ ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 4 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. 45 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചു.

(സി) ടി സംഭവങ്ങളിൽ ഗുണ്ടാ ആക്രമണങ്ങളിൽ വിചാരണ പൂർത്തിയായ

കേസ്സുകൾ - 2 ; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം - 7 ; വിട്ടയയ്ക്കപ്പെട്ട പ്രതികളുടെ എണ്ണം-7. മതസ്പർദ്ധ കേസ്സുകളിൽ അന്വേഷണം പൂർത്തിയായ കേസ്സുകളൊന്നുമില്ല.

ധനാപഹരണത്തിനിടെ നടന്ന ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ വിചാരണ പൂർത്തിയായവ-5 ; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം-17 ; വിട്ടയയ്ക്കപ്പെട്ട പ്രതികളുടെ എണ്ണം-4.

(ഡി) മേൽപ്പറഞ്ഞ കേസുകളൊന്നുംതന്നെ സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടില്ല.

## പെരുമ്പളത്ത് പോലീസ് ഔട്ട്പോസ്റ്റ്

240 (2113) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ വടക്കേ അറ്റത്തുള്ള ദ്വീപ് പഞ്ചായത്തായ പെരുമ്പളം, ഗുണ്ടാ-മയക്കുമരുന്ന് സംഘങ്ങളുടെ താവളമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനും ദ്വീപിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമായി പെരുമ്പളം ദ്വീപ് കേന്ദ്രമാക്കി ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ടി സ്ഥലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

## മാവോയിസ്റ്റ് സാന്നിദ്ധ്യം

241 (2114) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടും ഇതുവരെ ഒരു മാവോയിസ്റ്റിനെ പോലും പിടികൂടാനാവാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

വിശദീകരണം നൽകാമോ ?

<u>ഉത്തരം</u>

2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ അനവധി വർഷങ്ങളായി മാവോയിസ്റ്റ് പ്രവർത്തനമുണ്ട്. കേരളത്തിലെ വന പ്രദേശങ്ങളിൽ മുഖ്യമായും കേന്ദ്രീകരിക്കുന്ന ഇവരിൽ ബഹു ഭൂരിപക്ഷവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. താരതമ്യേന പുതിയതായി ഉയർന്നു വന്നിട്ടുള്ളതും പരമ്പരാഗതമായി കാര്യമായ പോലീസ് പ്രവർത്തനം നടക്കാത്തതുമായ വനാന്തരങ്ങളിൽ മുഖ്യമായും കേന്ദ്രീകരിച്ചിട്ടുള്ളതിനാലുമാണ് മാവോയിസ്റ്റുകളെ അറസ്റ്റ് ചെയ്യാൻ എളുപ്പത്തിൽ കഴിയാത്തത്. ഈ പ്രശ്നം കാര്യക്ഷമമായി നേരിടുന്നതിന് സംസ്ഥാന പോലീസിന്റെ വിവിധ ശാഖകളെ ശക്തിപ്പെടുത്തിവരുന്നു.

**ലോകായുക്തയെ ശക്തിപ്പെടുത്താൻ കർമ്മ പരിപാടികൾ**

242 (2115) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തയ്ക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അഴിമതി കേസ്സുകളുടെ അന്വേഷണവും തുടർ നടപടികളും കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ്, ലോകായുക്ത നിയമങ്ങളും, നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി റിട്ടയേർഡ് ജസ്റ്റിസ് കെ. പി. ബാലചന്ദ്രന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റി ലോകായുക്ത ആക്ട് പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി ശിപാർശകളുടെയും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ നിയമത്തിന്റെയും അടിസ്ഥാനത്തിൽ കേരള ലോകായുക്ത നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുവാൻ ലോകായുക്ത രജിസ്ട്രാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ലോകായുക്ത നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അഴിമതി, ദുർഭരണം, പൊതുപ്രവർത്തകരുടെ അധികാര ദുർവിനിയോഗം എന്നിവ തടയുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് കേരള ലോകായുക്ത പ്രവർത്തിച്ചു വരുന്നത്.

(സി&ഡി) കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ ബില്ലിന് അനുസൃതമായി ലോകായുക്ത നിയമത്തിലും ഭേദഗതികൾ വരുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## മയക്കുമരുന്ന് മാഫിയാക്കാരായ അന്യസംസ്ഥാന തൊഴിലാളികളെ കണ്ടെത്താൻ പ്രത്യേക സംഘം

243 (2116) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പിടിക്കപ്പെടുന്ന കഞ്ചാവ്-മയക്കുമരുന്ന്-മാഫിയ കൂട്ടുകെട്ടിന് പിന്നിൽ അന്യസംസ്ഥാന തൊഴിലാളികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലെ മയക്കുമരുന്ന് വ്യാപാരത്തിന്റെ മൊത്തക്കച്ചവടക്കാരായി മാറുന്ന അന്യസംസ്ഥാന തൊഴിലാളികളെ പരിശോധനയ്ക്ക് വിധേയമാക്കാൻ

റെയിൽവേ സ്റ്റേഷനുകളിലും മറ്റും പ്രത്യേക സംഘങ്ങളെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പിടിക്കപ്പെടുന്ന കഞ്ചാവ്- മയക്കുമരുന്ന് കൂട്ടുകെട്ടിന് പിന്നിൽ ചില അന്യസംസ്ഥാന തൊഴിലാളികൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും അനുബന്ധ പ്രദേശങ്ങളിലും ബീറ്റ്/പട്രോളിംഗ് എന്നിവ നടത്തി അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ചും, അവരുടെ പ്രവർത്തനങ്ങൾ പരിശോധന നടത്തിയും വിവരങ്ങൾ ശേഖരിച്ചും പ്രത്യേക ജാഗ്രത പുലർത്തിവരുന്നുണ്ട്.

**റാണി പോളിന്റെ ദുരൂഹമരണം**

244 (2117) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 14 വർഷക്കാലമായി പഞ്ചായത്ത് മെമ്പറും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണുമായിരുന്ന റാണി പോളിന്റെ ദുരൂഹ മരണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ നടത്തിയ പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റാണി പോളിന്റെ ദുരൂഹമരണം അന്വേഷിക്കുന്നതിനും, മരണത്തിനുത്തര വാദികളായവരെ കണ്ടെത്തുന്നതിനും, ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരണപ്പെട്ട റാണി പോളിന്റെ സഹോദരൻ 27-8-2014-ാം തീയതി രാവിലെ 7.15 മണിക്ക് കൊരട്ടി പോലീസ് സ്റ്റേഷനിൽ ഹാജരായി ടി റാണി പോൾ താമസിച്ചു വന്നിരുന്ന വീട്ടിലെ നടുമുറിയിൽ ഒരു സാരിയിൽ കെട്ടിത്തൂങ്ങി മരണപ്പെട്ടതായി പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ

1500/2014 പ്രകാരം അസ്വാഭാവിക മരണത്തിന് ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ മരണപ്പെട്ട റാണി പോൾ ഭർത്താവ് പോളുമായി 26-8-2014 തീയതി 21 മണിക്ക് ഉണ്ടായ കുടുംബവഴക്കിനെ തുടർന്നുള്ള മാനസിക വിഷമത്താൽ ആത്മഹത്യ ചെയ്തതായി വെളിവായതിനാൽ 30-10-2014-ാം തീയതി ടി കേസ് FR as Death due to Hanging ആയി തീർച്ചപ്പെടുത്തി ബഹുമാനപ്പെട്ട കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്.

## സ്റ്റുഡന്റ്സ് പോലീസ് അനുവദിക്കൽ

245 (2118) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വെറ്റിലപ്പാറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊടകര ഡോൺബോസ്കോ എന്നീ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിൽ മാത്രം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയാൽ മതിയെന്ന വ്യവസ്ഥപ്രകാരം നിലവിൽ കൊടകര പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ട് സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ഇതിനകം നടപ്പിലാക്കിയിട്ടുള്ളതിനാൽ ടി പദ്ധതി ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വെറ്റിലപ്പാറ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കൊടകര ഡോൺബോസ്കോ എന്നീ സ്കൂളുകളിൽ ഇപ്പോൾ അനുവദിക്കുവാൻ നിർവ്വാഹമില്ല.

## ആറ്റുകാൽദേവീക്ഷേത്രത്തിന് സമീപം ഒരു പോലീസ് സ്റ്റേഷൻ

246 (2119) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ലോകപ്രസിദ്ധമായ

ആറ്റുകാൽദേവി ക്ഷേത്രത്തിന് സമീപം ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ആറ്റുകാൽ ക്ഷേത്രത്തിന് സമീപം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ക്ഷേത്രഭരണ സമിതി അംഗങ്ങളും, ഉന്നത പോലീസ് അധികാരികളും, മറ്റ് ജനപ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ 20 സെന്റ് സ്ഥലവും ആറ്റുകാൽ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള പ്രാരംഭ ചെലവ് മുഴുവനായും, ആവർത്തന ചെലവുകളുടെ പകുതിയും ആറ്റുകാൽ ടെമ്പിൾ ട്രസ്റ്റ് വഹിക്കുവാൻ ധാരണയായി ട്ടുണ്ടായിരുന്നു. എന്നാൽ ക്ഷേത്രം ട്രസ്റ്റ് വക സ്ഥലം കൈമാറുന്നതിൽ നിയമപരമായ തടസ്സം ഉള്ളതായി ടി ട്രസ്റ്റ് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ചുവരുന്നു.

**മാവേലിക്കരയിൽ ട്രാഫിക് യൂണിറ്റ്**

247 (2120) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിൽ ട്രാഫിക്ക് യൂണിറ്റ് അനുവദിക്കുമോ ; അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) മാവേലിക്കര സി. ഐ. ആഫീസ് പരിധിയിൽ ക്വട്ടേഷൻ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 2014-ൽ നടന്ന ക്വട്ടേഷൻ ആക്രമണങ്ങൾ എത്ര ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്രയാളുകളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട് ;

(സി) രജിസ്റ്റർ ചെയ്ത കേസുകളിൽപ്പെട്ട പ്രതികളെ പിടികൂടാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; അടിയന്തരമായി പ്രതികളെ പിടികൂടുമോ ?

<u>ഉത്തരം</u>

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-ൽ മാവേലിക്കരയിൽ ക്വട്ടേഷൻ ആക്രമണങ്ങൾ ഉണ്ടായിട്ടില്ല.

**സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ**

248 (2121) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 9 മാസത്തിനിടെ സ്ത്രീകളും കുട്ടികളുമടക്കം 1531 പേർ ബലാത്സംഗത്തിനിരയായി എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കേസ്സുകളിൽ എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും, എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുവെന്നും വ്യക്തമാക്കുമോ ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ;

(സി) പീഡനത്തിനിരയാകുന്നവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ കേസ്സന്വേഷിക്കുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പോലീസ് വിമുഖത കാണിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ 9 മാസത്തിനിടെ സ്ത്രീകളെയും കുട്ടികളെയും ബലാത്സംഗം ചെയ്തതുമായി ബന്ധപ്പെട്ട് 1531 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ 9 മാസത്തിനിടെ കേരളത്തിൽ 981 ബലാത്സംഗ കേസ്സുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് (Total Rape Cases-981 including children rape cases) ഇതിൽ 550 കേസുകൾ കുട്ടികൾ ഇരകളായ ബലാത്സംഗ കേസ്സുകളാണ്. പ്രസ്തുത കേസുകളിൽ 1089 പേരെ അറസ്റ്റ് ചെയ്യുകയും 981 എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗീകാതിക്രമങ്ങൾ തടയുന്നതിനായി ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷനുകളും, വനിതാ സെല്ലും, വനിതാ ഹെൽപ്പ് ലൈനും പ്രവർത്തിച്ച് വരുന്നു. കൂടാതെ ജനമൈത്രി പോലീസിന്റെയും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെയും, ചൈൽഡ് ലൈൻ പ്രവർത്തകരുടെയും, സാമൂഹ്യനീതി വകുപ്പിന്റെയും, പഞ്ചായത്ത് ജനകീയ സമിതിയുടെയും സഹകരണത്തോടുകൂടി ബോധവൽക്കരണം നടത്തിയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു.

(സി) പീഡനത്തിനിരയാകുന്നവരുടെ മൊഴികളുടെ അടിസ്ഥാനത്തിൽ കേസന്വേഷിക്കുന്നതിനും, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പോലീസ് വിമുഖത കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വെറ്റിലപ്പാറയിലെ പോലീസ് സ്റ്റേഷനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ടൂറിസം**

## ഇൻഫർമേഷൻ സെന്റർ

249 (2122) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളിയിൽ ടൂറിസം പോലീസിന്റെ കീഴിൽ വെറ്റിലപ്പാറയിലെ പോലീസ് സ്റ്റേഷനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ടൂറിസം ഇൻഫർമേഷൻ സെന്റർ ഉത്ഘാടനം കഴിഞ്ഞുവെങ്കിലും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ടൂറിസം പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതടക്കമുള്ള സൗകര്യങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂറിസം ഇൻഫർമേഷൻ സെന്ററിൽ വൈദ്യുതിയുടെയും വെള്ളത്തിന്റെയും കണക്ഷനുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. ആയതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത കണക്ഷനുകൾ ലഭ്യമായാലുടൻ ടൂറിസം ഇൻഫർമേഷൻ സെന്റർ അതിരപ്പിള്ളിയിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) അതിരപ്പിള്ളി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി ഒരു ടാറ്റാ സുമോ വാഹനം അനുവദിച്ചിട്ടുണ്ട്.

## അച്ചടക്ക നടപടിക്ക് വിധേയരായ പോലീസുകാർ

250 (2123) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സേനയിൽ സ്വഭാവദൂഷ്യത്തിനോ, മറ്റു കുറ്റകൃത്യങ്ങളുടെ പേരിലോ അച്ചടക്ക നടപടിക്ക് വിധേയരായ പോലീസുകാരുടെ എണ്ണം ലഭ്യമാക്കുമോ ;

(ബി) ഇവരിൽ പിരിച്ചുവിടപ്പെട്ടവരും സസ്പെൻഷന് വിധേയമായവരും സ്ഥലം മാറ്റിയവരും എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ പോലീസുകാർ പ്രതികളായ എത്ര സ്ത്രീ പീഡന കേസുകളും ബലാത്സംഗക്കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സസ്പെൻസ് ചെയ്യപ്പെട്ട എത്ര പേരെ ഇതിനകം തിരിച്ചെടുക്കുക

യുണ്ടായിട്ടുണ്ട് ; സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ടവരെത്രയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2629 പോലീസ് ഉദ്യോഗസ്ഥർ അച്ചടക്ക നടപടിക്ക് വിധേയരായിട്ടുണ്ട്.

(ബി) 52 പേരെ പിരിച്ചുവിടുകയും, 1131 പേരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ഥലം മാറ്റപ്പെട്ടവർ 158 പേരാണ്.

(സി) പോലീസുകാർ പ്രതികളായ 124 സ്ത്രീ പീഡനക്കേസുകളും, 13 ബലാത്സംഗ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സസ്പെൻഡ് ചെയ്യപ്പെട്ട 1004 പേരെ തിരിച്ചെടുക്കുകയുണ്ടായി. സർവ്വീസിൽനിന്നും പുറത്താക്കപ്പെട്ടവർ (പിരിച്ചുവിട്ടവർ) 52 പേരാണ്.

## ഉദ്യോഗസ്ഥന്മാരുടെ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകൾ

251 (2124) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥരുടെ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകളിൽ ആർക്കെല്ലാമെതിരെയാണ് കേസ് എടുത്തതെന്നും എന്തിനെല്ലാമായിരുന്നു കേസ് എടുത്തതെന്നും ഉള്ള വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർ തടവിലാക്കപ്പെട്ടു ; ആരെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(സി) എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ പിഴ ചുമത്തി; ആർക്കെല്ലാമെതിരെയാണ് പിഴ ചുമത്തിയത് ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30-11-2014 വരെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ 458 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) മുൻ കാലങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ ഉൾപ്പെടെ മൊത്തം 62 ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എല്ലാ കേസ്സുകളിലും അപ്പീൽ നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 4 വിജിലൻസ് കോടതികളിലും കൂടി 62 കേസ്സുകളുടെ വിധിയുടെ അടിസ്ഥാനത്തിൽ 28,88,050 രൂപ പിഴ ചുമത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രതികൾ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ പിഴ ഒടുക്കിയിട്ടില്ല.

**മുഖ്യമന്ത്രിക്കും മന്ത്രിസഭയിലെ അംഗങ്ങൾക്കും എതിരായ അന്വേഷണം**

252 (2125) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിക്കും, മന്ത്രിസഭയിലെ അംഗങ്ങൾക്കും എതിരായി വന്ന ഏതെല്ലാം വെളിപ്പെടുത്തലുകളിൽ കോടതി നിർദ്ദേശപ്രകാരവും, സർക്കാർ നേരിട്ടും ഏതെല്ലാം ഏജൻസികളെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഓരോ അന്വേഷണവും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വെളിപ്പെടുത്തലുകളെ ആസ്പദമാക്കി അന്വേഷണം നടത്തുന്നില്ല.

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ**

253 (2126) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജനുവരി മുതൽ നവംബർ വരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 12706 അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അന്ധവിശ്വാസത്തിന്റെ പേരിലുള്ള ചൂഷണവും അക്രമങ്ങളും**

254 (2127) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസത്തിന്റെ പേരിലുള്ള ചൂഷണത്തിനും ആക്രമണത്തിനും ഇരയാവുന്നത് സ്ത്രീകളാണെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം സാമൂഹ്യവിപത്ത് തടയുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) അന്ധവിശ്വാസത്തിന്റെ പേരിലുള്ള ചൂഷണത്തിനും ആക്രമണത്തിനും സ്ത്രീകൾ ഇരയാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് നിയമം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

**കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം**

255 (2129) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ സി.ആർ.പി.സി. പ്രകാരം എന്തെല്ലാം നഷ്ട പരിഹാരങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ;

(ഡി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദ വിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. Cr. P.C (Amendment) Act, 2008 (No. 5 of 2009)

പ്രകാരം 31-12-2009-ൽ പ്രാബല്യത്തിൽ വന്ന Cr.P.C സെക്ഷൻ 357-A പ്രകാരം വിഭാവനം ചെയ്ത Victim Compensation Scheme-2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 24-2-2014 തീയതിലെ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 37/2014/ ആഭ്യന്തരം പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. ഒരു ക്ഷേമ പദ്ധതി എന്ന നിലയിലാണ് സർക്കാർ പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നത്. കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ആശ്രിതർക്ക്, കുറ്റകൃത്യത്തിന്റെ പരിണിതഫലമായി നഷ്ടം/പരിക്ക് സംഭവിക്കുകയും, അവർക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായുള്ള ഫണ്ട് താഴെ കാണിച്ചിരിക്കുന്ന മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത് :

1. വാർഷിക ബഡ്ജറ്റിൽ വകയിരുത്തപ്പെടുന്ന തുക.
2. Cr.P.C സെക്ഷൻ 357 അനുസരിച്ച് പിഴ ഇനത്തിൽ ഈടാക്കുന്ന തുക.
3. സംഘടനകളിൽനിന്നും, വ്യക്തികളിൽനിന്നും, ദേശീയവും അന്തർദ്ദേശീയവുമായ ചാരിറ്റബിൾ സൊസൈറ്റികളിൽ നിന്നും ലഭിക്കുന്ന സംഭാവനകളും പിരിവുകളും.

ഈ സ്കീമിന്റെ നിയന്ത്രണവും ഭരണവും, ഒപ്പം പുരോഗതി വിലയിരുത്തലും നടത്തുന്നതിന് ആഭ്യന്തര വകുപ്പിനെയാണ് 'Nodal Department' ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല 'Member Secretary, Kerala State Legal Service Authority'-യ്ക്കാണ് നൽകിയിരിക്കുന്നത്.

(സി) പ്രസ്തുത സ്കീമിലൂടെ നൽകാനുദ്ദേശിക്കുന്ന നഷ്ടപരിഹാര തുകയെ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) പദ്ധതിക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. ടി പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ട് രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

256 (2130) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) സ്റ്റേഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ താൽക്കാലിക സ്റ്റേഷൻ സംവിധാനം ഏർപ്പെടുത്താൻ സംവിധാനം ഉണ്ടാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. താൽക്കാലിക സ്റ്റേഷൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**കള്ളനോട്ടുകേസ്സുകൾ**

257 (2131) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര കള്ളനോട്ടുകേസ്സുകളാണ് നിലവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത് ; ഇവയിൽ എത്ര കേസ്സുകളാണ് വിവിധ കോടതികളുടെ പരിഗണനയിലുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) കള്ളനോട്ടുകേസ്സുകളുടെ വിചാരണയ്ക്കു മാത്രമായി സ്ഥാപിച്ച എത്ര കോടതികളാണ് നിലവിലുള്ളത് ; അവ ഏതെല്ലാം ; വ്യക്തമാക്കാമോ ;

(സി) ഈ കോടതിയുടെ പരിഗണനയിൽ എത്ര കേസ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) മറ്റു കോടതികളുടെ പരിഗണനയിലുള്ള കള്ളനോട്ടുകേസ്സുകൂടി ഈ പ്രത്യേക കോടതിയുടെ പരിഗണനയിൽ കൊണ്ടുവരുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**വാഹനപരിശോധനയ്ക്കുള്ള ഇന്റർസെപ്റ്റർ വാഹനങ്ങൾ**

258 (2132) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ വാഹനപരിശോധനയ്ക്കായി ഇന്റർസെപ്റ്റർ വാഹനങ്ങൾ (ടൊയോട്ട) വാങ്ങിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വാഹനങ്ങൾ വാഹനപരിശോധനയ്ക്കുപയോഗിച്ചതുവഴി 2014-ൽ എത്ര നിയമലംഘനങ്ങൾ കണ്ടെത്തി ; പിഴയിനത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് വകുപ്പിൽ വാഹന പരിശോധനയ്ക്കായി 14 ടൊയോട്ട ഇന്നോവ വാഹനങ്ങൾ ഇന്റർസെപ്റ്റർ വാഹനമായി മോഡിഫിക്കേഷൻ വരുത്തുന്നതിനായി വാങ്ങിയിട്ടുണ്ട്. ടി വാഹനങ്ങളിൽ ഇന്റർസെപ്റ്റർ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇവ പൂർത്തിയായാൽ മാത്രമേ ടി വാഹനങ്ങൾ, വാഹന പരിശോധനയ്ക്കായി നിരത്തിലിറക്കുകയുള്ളൂ.

**അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള ചെലവ്**

259 (2134) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിന്റെ ചെലവ് പോലീസ് വഹിക്കുമെന്ന ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവന നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രഖ്യാപനം അനുസരിച്ച് നാളിതുവരെ എത്ര കേസ്സുകളിലായി, എത്ര രൂപ ചെലവ് വരുകയുണ്ടായി ;

(സി) അപകടത്തിൽപ്പെടുന്നവരെ ആശുപത്രികളിലെത്തിക്കാനുള്ള ചെലവ് ഏത് ഹെഡിൽ നിന്നാണ് ചെലവഴിക്കാൻ തീരുമാനിച്ചിരിക്കുന്നത് ?

ഉത്തരം

(എ-സി) അപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിന്റെ ചെലവ് പോലീസ് വഹിക്കുമെന്ന നിർദ്ദേശം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനായുള്ള പരിശോധനകൾ നടന്നു വരുന്നു.

## 2013-14 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ കേസ്സുകൾ

260 (2135) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട റോഡപകടങ്ങൾ, ഗാർഹിക പീഡനങ്ങൾ, ക്രിമിനൽ കേസ്സുകൾ, കൊലപാതകങ്ങൾ, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച കണക്ക് വെളിപ്പെടുത്തുമോ ;

(ബി) 2014 ജനവരി 1 മുതൽ മാർച്ച് 31 വരെ ഇത്തരം എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) 2014 ഏപ്രിൽ 1 മുതൽ ഒക്ടോബർ 31 വരെ ഇത്തരം എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട് ?

ഉത്തരം

| | | |
|---|---|---|
| (എ) | റോഡപകടങ്ങൾ | 35 215 |
| | ഗാർഹികപീഡന കേസ്സുകൾ | 4,983 |
| | ക്രിമിനൽ കേസ്സുകൾ | 583182 |
| | കൊലപാതക കേസ്സുകൾ | 372 |
| | സ്ത്രീകൾക്കുനേരെയുള്ള അതിക്രമ കേസ്സുകൾ | 13738 |
| (ബി) | റോഡപകടങ്ങൾ | 9327 |
| | ഗാർഹികപീഡന കേസ്സുകൾ | 1339 |
| | ക്രിമിനൽ കേസ്സുകൾ | 169602 |

| | | |
|---|---|---|
| | കൊലപാതക കേസ്സുകൾ | 81 |
| | സ്ത്രീകൾക്കുനേരെയുള്ള അതിക്രമ കേസ്സുകൾ | 3863 |
| (സി) | റോഡപകടങ്ങൾ | 20594 |
| | ഗാർഹികപീഡന കേസ്സുകൾ | 2872 |
| | ക്രിമിനൽ കേസ്സുകൾ | 348685 |
| | കൊലപാതക കേസ്സുകൾ | 180 |
| | സ്ത്രീകൾക്കുനേരെയുള്ള അതിക്രമ കേസ്സുകൾ | 7880 |

**പോലീസ് സേനയിൽ സ്ത്രീകൾക്ക് 33% സംവരണം**

261 (2136) ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സ്ത്രീകൾക്ക് 33% സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതു സംബന്ധമായ സർക്കാർ നിലപാടും നടപടികളും വിശദമാക്കാമോ ; ഇതിന്റെ ഭാഗമായി പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്ര ; പി. എസ്. സി.-യെ അറിയിച്ച ഒഴിവുകൾ എത്ര;

(ബി) നിലവിലുള്ള പോലീസ് സേനയിൽ സ്ത്രീകൾക്കുള്ള പ്രാതിനിധ്യം എത്ര ശതമാനമാണ് ; ഈ സർക്കാരിന്റെ കാലത്ത് ഇത് എത്ര ശതമാനമായി വർദ്ധിപ്പിക്കും. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നൽകിയ നിർദ്ദേശം എന്തായിരുന്നു ;

(സി) പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദപരവും നീതി നിർവ്വഹണം

നടപ്പാക്കുന്നതും ആർക്കും നിർഭയം കടന്നു ചെല്ലാവുന്നതുമായ കേന്ദ്രങ്ങളാക്കി മാറ്റാൻ തയ്യാറാകുമോ ;

(ഡി) മറിച്ചുള്ള ദുരനുഭവങ്ങൾക്കിരയായവരാൽ ആരോപിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) ഘട്ടം ഘട്ടമായി പോലീസ് സേനയിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഏർപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. നിലവിൽ പോലീസ് സേനയിൽ സ്ത്രീകളുടെ പ്രാതിനിധ്യം 6.15 ശതമാനമാണ്. പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം 33 ശതമാനം ആക്കണമെന്നത് തന്നെയാണ് കേന്ദ്ര സർക്കാർ നിർദ്ദേശവും. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 33 ശതമാനം ആക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 10 ശതമാനമായി വർദ്ധിപ്പിക്കുന്നതിലേക്കായി 60 വനിതാ എസ്.ഐ.-മാരുടെയും 250 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും ആയതിലേക്ക് നിയമനം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ പി.എസ്.സി.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഹെൽപ്പ് ഡസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസ് പദ്ധതിയും, വനിതാ പോലീസിന്റെ സാന്നിദ്ധ്യവും പോലീസ് സ്റ്റേഷനുകളിൽ സ്ത്രീകൾ ഉൾപ്പെടെ ആർക്കും നിർഭയം കടന്നു ചെല്ലാവുന്നതായ കേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്.

(ഡി) പോലീസ് സ്റ്റേഷനുകളിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ ജനസൗഹൃദ സമീപനം സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## കെ.എ.പി. 4-ാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ

262 (2137) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി.4-ാം ബറ്റാലിയനിൽ കെ.എ.പി. 1-ാം ബറ്റാലിയനിൽ നിന്ന് താൽക്കാലിക അടിസ്ഥാനത്തിൽ പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എങ്കിൽ ഈ നിയമനം കെ.എ.പി. 4-ാം ബറ്റാലിയന്റെ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ എത്ര സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകളുണ്ട് ; ഇവ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ കെ.എ.പി. 4-ാം ബറ്റാലിയന്റെ കീഴിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. എന്നാൽ കെ.എ.പി. ഒന്നാം ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ അനുവദിക്കപ്പെട്ട എണ്ണത്തിനേക്കാൾ 344 പോലീസ് കോൺസ്റ്റബിൾമാർ അധികം വന്നതിനാൽ അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതായി 128 പോലീസ് കോൺസ്റ്റബിൾമാരെ കെ.എ.പി. 4-ാം ബറ്റാലിയനിലേക്ക് താൽക്കാലികമായി അറ്റാച്ച് ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. കെ.എ.പി. നാലാം ബറ്റാലിയനിലെ ഒഴിവുകൾ പി.എസ്.സി.- യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച പോലീസ് കോൺസ്റ്റബിൾമാർ പരിശീലനം പൂർത്തിയാക്കി വരുന്ന മുറയ്ക്ക് അറ്റാച്ച് ചെയ്തവരെ കെ.എ.പി. 1-ാം ബറ്റാലിയനിലേക്ക് മാറ്റുന്നതായിരിക്കും.

(സി) ഒഴിവുകൾ നിലവിലില്ല.

(ഡി) കെ.എ.പി.-4-ാം ബറ്റാലിയനിൽ നിലവിലുണ്ടായിരുന്ന 419 ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും അതനുസരിച്ച് 419 പേർക്ക് നിയമന ശിപാർശ ലഭിച്ചിട്ടുള്ളതുമാണ്.

**എറണാകുളം കെ.എ.പി. (1)-ൽ ഉൾപ്പെട്ട വനിതാ പോലീസ് റാങ്ക് ലിസ്റ്റ്**

263 (2138) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 4-2-2014-ൽ നിലവിൽ വന്ന എറണാകുളം ജില്ലയിലെ K.A.P - (I)-ൽ ഉൾപ്പെട്ട വനിതാ പോലീസ് റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി ;

(ബി) നിലവിലുള്ള ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ; ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എത്ര പേർക്ക് കൂടി നിയമന ശിപാർശ നല്കുവാൻ കഴിയും എന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആകെ 117 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമോ അഥവാ ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റിൽനിന്നും അവസാനമായി നിയമന ശിപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസമോ ഏതാണ് അവസാനമായി വരുന്നത് അതുവരെ ആയിരിക്കും. ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് റിപ്പോർട്ട് ചെയ്യുന്ന ഒഴിവിലേക്ക് നിയമന ശിപാർശ നൽകുന്നതാണ്.

**ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

264 (2139) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകളാണ് നിലവിലുള്ളതെന്നും ; എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുള്ള ഫയർ സ്റ്റേഷനുകൾ നിലവിലുണ്ടോ ;

(സി) ആകെ എത്ര ജീവനക്കാരുടെ തസ്തികകളാണ് ഇപ്പോൾ ഒഴിഞ്ഞ് കിടക്കുന്നത് ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 107 ഫയർ സ്റ്റേഷനുകളുണ്ട്. വാണിജ്യ വ്യവസായ ശാലകളുടെ സാന്നിദ്ധ്യം, ജനസംഖ്യ, ഫയർ കോളുകളുടെയും ഇൻസിഡന്റ് കോളുകളുടെയും എണ്ണം

കേന്ദ്ര സർക്കാർ ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തുന്ന പഠന റിപ്പോർട്ട്, സർക്കാർ പുറപ്പെടുവിച്ച മുൻഗണനാപട്ടിക എന്നിവയുടെ അടിസ്ഥാനത്തിലുമാണ് ഫയർ സ്റ്റേഷനുകൾ അനുവദിച്ചു വരുന്നത്. എന്നാൽ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നു.

(ബി) പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള എല്ലാ ഫയർ സ്റ്റേഷനുകളും പ്രവർത്തനമാരംഭിച്ചത്.

(സി) 1347 തസ്തികകൾ.

(ഡി) ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാറുണ്ട്. സ്ഥാനക്കയറ്റം മുഖേന നികത്താൻ കഴിയുന്ന ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**നാട്ടിക-വലപ്പാട് ഫയർ സ്റ്റേഷൻ**

265 (2140) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിച്ചതും നാട്ടിക മണ്ഡലത്തിൽ വലപ്പാട് റവന്യു വകുപ്പ് കൈമാറിയതുമായ സ്ഥലത്ത് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തു ശിലാസ്ഥാപനം നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നാട്ടിക മണ്ഡലത്തിലെ വലപ്പാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി, പുതുക്കിയ നിരക്ക് അനുസരിച്ചുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരികയാണ്. സാങ്കേതികാനുമതി ലഭിച്ചാൽ ഉടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

**പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ**

266 (2141) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷനായി മാടായിപാറയിലെ തിരുവർക്കാട്ടുകാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത നിവേദനത്തിൽ സൂചിപ്പിച്ചിരുന്ന പ്രകാരം തിരുവർക്കാട്ടുകാവ് ക്ഷേത്രത്തിന്റെ അധീനതയിൽ സ്ഥിതി ചെയ്യുന്ന മാടായിപ്പാറയിലുള്ള 50 സെന്റ് സ്ഥലം സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ ജലലഭ്യത സംബന്ധിച്ച് സംശയം ഉയർന്നിട്ടുണ്ട്. ജലലഭ്യത ഉറപ്പുവരുത്തി, നിർദ്ദിഷ്ട സ്ഥലം വകുപ്പിന് കൈമാറിയാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ, 21-12-2011-ലെ സ.ഉ (സാധാ) 3764/2011/ആഭ്യന്തരം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള, അടുത്ത അഞ്ചു വർഷക്കാലയളവിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിലും പഴയങ്ങാടി ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല, നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ മാത്രമാണ് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നത്.

**ചാലക്കുടിയിൽ ഫയർഫോഴ്സിന് കെട്ടിടം**

267 (2142) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ ഫയർഫോഴ്സിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഫയർഫോഴ്സിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും ആധുനിക ഉപകരണങ്ങളും വാഹനങ്ങളും അനുവദിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ചാലക്കുടി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിലേക്കായി മുകുന്ദപുരം താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 435/1, 437/1,437/2-ൽ ഉൾപ്പെട്ട 1.4812 ഹെക്ടർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഫയർ ഫോഴ്സിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും, ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം**

268 (2143) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്./ ഐ.പി.എസ്./ഐ.എഫ്.എസ് റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ബന്ധപ്പെട്ടവരുടെ പേരുൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് കൂടുതൽ വിജിലൻസ് കേസ്സുകൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്./ ഐ.പി.എസ്./ഐ.എഫ്.എസ്. റാങ്കിലുള്ള 12 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2012-13 വർഷത്തിലെ വാർഷിക സ്ഥിതി വിവര കണക്കുകൾ അനുസരിച്ച് റവന്യൂ പഞ്ചായത്ത് എന്നീ വകുപ്പുകളിലേയും, 2013-14 വർഷത്തിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയുമാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്.

**ബാർ കോഴ**

269 (2144) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഒരു മന്ത്രിയുടെയും എറണാകുളം ജില്ലയിലെ ഒരു ഭരണകക്ഷി എം.എൽ.എ.-യുടെയും പേരിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉന്നയിക്കപ്പെട്ട ആക്ഷേപം വാർത്തയായി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണിക്ക് എതിരായ ഡോ. ബിജുരമേശിന്റെ വെളിപ്പെടുത്തലുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വി. എസ്. അച്യുതാനന്ദൻ നൽകിയ 1-11-2014 ലെ പരാതിയിന്മേൽ സത്വരാന്വേഷണം (ക്യൂ.വി. 14/14 എസ്.ആർ.ടി.) നടന്നുവരുന്നു.

## വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ

270 (2145) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരാണ് ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് കേസ് പ്രതികളായത് ;

(ബി) കേസിലുൾപ്പെട്ട വ്യക്തിയാണോ, അതോ സ്ഥാപനമാണോ പ്രസ്തുത കേസ് നടത്തിപ്പിന് വേണ്ട കോടതി ചെലവ് വഹിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) സ്ഥാപനങ്ങൾക്ക് നഷ്ടം വരുത്തുന്ന വ്യക്തികൾ വിജിലൻസ് കേസിൽ ഉൾപ്പെടുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളുടെ തലപ്പത്ത് തുടരാൻ വീണ്ടും അനുവദിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് കേസുകളിൽ പ്രതികളായ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കേസിന്റെ സ്വഭാവവും വിജിലൻസ് ഡയറക്ടറുടെ ശിപാർശയും പരിഗണിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്.

## കോഴിക്കോട് കുന്നമ്മൽ വില്ലേജിലെ ഭൂമി ജില്ലാ രജിസ്ട്രാർ ഓഫീസിൽ വച്ച് രജിസ്റ്റർ ചെയ്തത് സംബന്ധിച്ച പരാതി

271 (2046) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കുന്നമ്മൽ വില്ലേജിൽ ശ്രീമതി ശ്രീലതയുടെ ഭൂമി സബ്‌രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യാതെ ജില്ലാ രജിസ്ട്രാർ ഓഫീസിൽ വെച്ച് രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് ആക്ഷൻ കൗൺസിൽ കൺവീനർ ശ്രീ. കെ. കെ. സുരേഷ് നൽകിയ പരാതിയിൽ എന്തെല്ലാം നടപടികൾ വിജിലൻസ് വകുപ്പ് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് ആരിൽ നിന്നെല്ലാം തെളിവെടുപ്പ് നടത്തിയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. കെ. സുരേഷിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു സത്വരാന്വേഷണം (ക്യൂ.വി 11/14/കെ.കെ.ഡി) കോഴിക്കോട് വിജിലൻസ് യൂണിറ്റ് നടത്തി റിപ്പോർട്ട് വിജിലൻസ് കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് വിജിലൻസ് കാര്യാലയത്തിൽ സൂക്ഷ്മ പരിശോധനയിലാണ്.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ. കെ. സുരേഷ്, ശ്രീമതി ശ്രീലത, വടകര അഡീഷണൽ തഹസീൽദാർ ശ്രീ. രവീന്ദ്രൻ, ആധാരം എഴുത്തുകാരൻ ശ്രീ. പി. സി. ബാബു എന്നിവരിൽ നിന്ന് തെളിവെടുപ്പ് നടത്തിയിട്ടുണ്ട്.

**സർക്കാർ ഉദ്യോഗസ്ഥരുടെ കൈക്കൂലി കേസ്**

272 (2147) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി കേസ്സിൽ എത്ര ഉദ്യോഗസ്ഥർ പിടിക്കപ്പെട്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പിടിക്കപ്പെട്ടവരുടെ തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) ഐ.പി.എസ്. ഉദ്യോഗസ്ഥനായ രാഹുൽ ആർ. നായർ ക്വോറി ഉടമയിൽ നിന്നും 17 ലക്ഷം രൂപ വാങ്ങിയതിന് വിജിലൻസ് കേസ് എടുത്തു എന്ന പത്രവാർത്ത ശരിയാണോ ;

(ഡി) ശരിയാണെങ്കിൽ അദ്ദേഹത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി കേസ്സിൽ 77 ഉദ്യോഗസ്ഥർ പിടിക്കപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ഐ.പി.എസ്. ഉദ്യോഗസ്ഥനായ ശ്രീ. രാഹുൽ ആർ. നായർക്കെതിരെ വി.സി.05/2014/എസ്.ഐ.യു-1 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ശുപാർശ പ്രകാരം ശ്രീ. രാഹുൽ ആർ. നായരെ സർക്കാർ സസ്പെന്റ് ചെയ്തു. ടിയാനെതിരെയുള്ള കേസന്വേഷണം നടന്നുവരുന്നു.

**മന്ത്രിസഭയിലെ അംഗങ്ങൾക്കെതിരെയുള്ള അഴിമതി കേസുകൾ**

273 (2148) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിസഭയിലെ എത്ര അംഗങ്ങൾക്കെതിരെ അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദ വിവരം നൽകുമോ ;

(ബി) ഇതിൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസ്സുകൾ എത്രയെന്നും വിജിലൻസിന്റെ അന്വേഷണത്തിൽ ഇരിക്കുന്ന കേസ്സുകൾ എത്രയെന്നും സംബന്ധിച്ച് വിശദവിവരം നൽകുമോ ;

(സി) ഇതിൽ കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ട് അന്വേഷണത്തിൽ ഉള്ളവരുടെ വിശദ വിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫിനെതിരെ 3 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. വി.സി.05/2012/ഇ.ആർ.കെ.
2. വി.സി.06/2012/ഇ.ആർ.കെ.
3. വി.സി.07/2013/റ്റി.എസ്.ആർ.

വി.സി.05/2012/ഇ.ആർ.കെ, വി.സി.06/2012/ഇ.ആർ.കെ എന്നീ കേസ്സുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി&സി) അന്വേഷണ ഘട്ടത്തിൽ തന്നെ ടി കേസുകളിൽ കുറ്റാരോപിതരായ ശ്രീ. കെ. പി. ജോർജ്, ഗ്രീൻബർഗ് റിസോർട്ട്, കുളമാവിന്റെ അപേക്ഷയിൽ ആണ് സ്റ്റേ അനുവദിച്ചിരിക്കുന്നത്. വി.സി. 07/2013/റ്റി.എസ്.ആർ. അന്വേഷണം പൂർത്തിയാക്കി അനന്തര നടപടികൾ ആവശ്യമില്ലായെന്നുകണ്ട് ബഹുമാനപ്പെട്ട തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

**അഴിമതിയാരോപണങ്ങളിലെ അന്വേഷണം**

274 (2149) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിയാരോപണങ്ങളിൽ 15 ദിവസത്തിനകം വിജിലൻസ് പരിശോധന പൂർത്തിയാക്കി പരാതിയിൽ തീർപ്പുകൽപ്പിക്കണമെന്ന ബഹു. സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബാർ അഴിമതി കേസിന്റെ അന്വേഷണത്തിൽ പ്രസ്തുത വിധി പാലിക്കപ്പെട്ടിട്ടുണ്ടോ ;

(സി) ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ നടത്തുന്ന വെളിപ്പെടുത്തലുകളും പ്രാഥമിക തെളിവായി അംഗീകരിക്കാമെന്ന് 2000-ലെ തെളിവ് നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരമുള്ള അന്വേഷണം പ്രസ്തുത കേസിലും നടത്തിയിട്ടുണ്ടോ ;

(ഡി) ആരോപണം ഉന്നയിച്ചയാൾ മൊഴി നൽകുമ്പോൾ മാറ്റിപ്പറഞ്ഞാലും മാധ്യമങ്ങളിൽ വന്ന വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കേസ് നിലനിൽക്കുന്നതാണോ?

ഉത്തരം

(എ) അഴിമതി ആക്ഷേപങ്ങൾ ഉണ്ടായാൽ 15 ദിവസത്തിനുള്ളിൽ പ്രാഥമിക അന്വേഷണം നടത്തണമെന്ന് സുപ്രീം കോടതിയുടെ വിധിയിൽ നിഷ്കർഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസിൽ ലഭിച്ച പരാതിയിൽ അഴിമതി നിരോധന നിയമ പ്രകാരം, ആരോപിക്കപ്പെട്ട കുറ്റം വെളിവാകുന്നുണ്ടോ എന്ന നിഗമനത്തിൽ എത്തിച്ചേരാൻ വേണ്ടിയാണ് അന്വേഷണം നടത്തുന്നത്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുള്ളിൽ നടത്തിയ അന്വേഷണത്തിൽ കുറ്റം വെളിവാകാത്ത സാഹചര്യത്തിൽ അന്വേഷണം തുടർന്നു വരുന്നു.

(സി) ഉണ്ട്.

(ഡി) ഈ കേസിന്റെ അന്വേഷണം നടന്നുവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള അഭിപ്രായത്തിന് പ്രസക്തിയില്ല.

**അഴിമതിക്കേസുകളിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

275 (2150) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതിക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഈ ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, വകുപ്പ് എന്നിവ അറിയിക്കുമോ ;

(സി) പ്രസ്തുത കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30-11-2014 വരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 458 അഴിമതി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ അന്വേഷണ ഘട്ടങ്ങളിലും, പ്രതികളെ ചേർക്കാറുള്ളതിനാൽ എത്ര പ്രതികൾ എന്ന് ക്ലിപ്തമായി പറയാൻ കഴിയുന്നില്ല. ഏകദേശം 800 ഉദ്യോഗസ്ഥർക്ക് എതിരെയാണ് പ്രസ്തുത കേസുകൾ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) എല്ലാ കേസുകളും അന്വേഷണ ഘട്ടത്തിൽ ആണ്.

**മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ**

276 (2051) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മന്ത്രിസഭയിലെ മുഖ്യമന്ത്രി അടക്കമുള്ള ഏതെല്ലാം മന്ത്രിമാർക്കെതിരെ എത്ര വീതം വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ മന്ത്രിസഭയിലെ മുഖ്യമന്ത്രി അടക്കമുള്ള ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കോടതി ഉത്തരവിനെത്തുടർന്നാണോ മറ്റേതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലാണോ ഓരോ കേസ്സും രജിസ്റ്റർ ചെയ്യതെന്ന് വ്യക്തമാക്കാമോ ?

148/2019

ഉത്തരം

(എ) 1. ശ്രീ. അടൂർ പ്രകാശ് (ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി) : 1. (വി.സി. 2/2008/എൻ.ആർ.കെ.)

2. ശ്രീ. പി. ജെ. ജോസഫ് (ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി) : 3. (വി.സി 5/12/ഇ.ആർ.കെ., വി.സി.6/12/ഇ.ആർ.കെ., വി.സി. 7/13/ടി.എസ്.ആർ.)

3. ഡോ. എം. കെ. മുനീർ (ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) : 1. (വി.സി. 1/09/എസ്.ഐ.യു.1)

(ബി) പിൻവലിച്ചിട്ടില്ല. :

(സി) ശ്രീ. അടൂർപ്രകാശ് :

വി.ഇ. 9/07/എൻ.ആർ.കെ. അന്വേഷണത്തെ തുടർന്ന് ആണ് വി.സി 2/08/ എൻ.ആർ.കെ. എന്ന കേസ് രജിസ്റ്റർ ചെയ്യത്.

ശ്രീ. പി. ജെ. ജോസഫ് :

വി.ഇ. 1/08/ഇ.ആർ.കെ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോട്ടയം എൻക്വയറി കമ്മിഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ നിർദ്ദേശത്തെ തുടർന്ന് ആണ് വി.സി ബി 5/12/ഇ.ആർ.കെ, 6/12/ഇ.ആർ.കെ. എന്നിവ രജിസ്റ്റർ ചെയ്യത്. വി.സി 7/13/ടി.എസ്.ആർ. എന്ന കേസ് തൃശ്ശൂർ എൻക്വയറി കമ്മിഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ നിർദ്ദേശത്തെ തുടർന്നാണ് രജിസ്റ്റർ ചെയ്യത്.

ഡോ. എം. കെ. മുനീർ :

വി.ഇ. 4/08/എസ്.ഐ.യു-1 എന്ന വിജിലൻസ് അന്വേഷണത്തിൽ നിന്നാണ് വി.സി 1/09/എസ്.ഐ.യു.-1 എന്ന കേസ് രജിസ്റ്റർ ചെയ്യത്.

### ജയിൽ ചപ്പാത്തിയും കോഴിക്കറിയും വിൽപ്പന

277 (2152) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ തടവുകാർ ഉണ്ടാക്കി പൊതുജനങ്ങൾക്കു വിൽക്കുന്ന ചപ്പാത്തിയും കോഴിക്കറിയും വിൽപ്പനയിലൂടെ സർക്കാരിന് ഉണ്ടായ ലാഭം എത്രയാണെന്ന് പറയാമോ ; ഇതിന്റെ വില്പന കൂടുതൽ തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനം ഉണ്ടോ ;

(ബി) എല്ലാ ജില്ലകളിലെയും പ്രധാന കേന്ദ്രങ്ങളിലെ തടവുകാരുണ്ടാക്കുന്ന ചപ്പാത്തിയും ചിക്കൻ കറിയും മിതമായ നിരക്കിൽ വിതരണം ചെയ്ത് അന്യായമായി ഭക്ഷണ സാധനങ്ങൾക്ക് വില ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചപ്പാത്തിയും ചിക്കൻകറിയും വിൽക്കുന്നതിലൂടെ ജയിലിനും സർക്കാരിനും കൂടുതൽ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ജയിൽ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ഈ ലാഭത്തിന്റെ ഒരു വിഹിതം വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നാളിതുവരെ 10,48,07,210 രൂപ (പത്തു കോടി നാല്പത്തെട്ട് ലക്ഷത്തി ഏഴായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) ലാഭം ഉണ്ടായി. വില്പന വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജയിലുകളിൽ ചപ്പാത്തി യൂണിറ്റിൽ ജോലി നോക്കുന്ന തടവുകാർക്ക് മറ്റു യൂണിറ്റുകളിൽ ജോലി നോക്കുന്ന സഹതടവുകാർക്ക് അനുവദിച്ചിട്ടുള്ള വേതനത്തെക്കാൾ ഉയർന്ന നിരക്കിലുള്ള പ്രതിദിന വേതനമായ 117 രൂപ (നൂറ്റി പതിനേഴ് രൂപ മാത്രം) അനുവദിച്ചു വരുന്നു. 'തടവുകാരുടെ ക്ഷേമം' 'ജയിലുകളുടെ നവീകരണം' എന്നീ പദ്ധതികളിലുൾപ്പെടുത്തി ജയിലിൽ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### ജയിൽ വരുമാനത്തിൽ വർദ്ധനവ്

278 (2153) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ജയിൽ വരുമാനത്തിൽ നാളിതുവരെ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) വരുമാന വർദ്ധനവിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഭക്ഷണ സാധനങ്ങൾ വില്പന നടത്തുന്നതിനായി പ്രധാനപ്പെട്ട ജയിലുകളോടനുബന്ധിച്ച് ഔട്ട്ലെറ്റുകൾ, മൊബൈൽ യൂണിറ്റുകൾ എന്നിവയും ജയിൽ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനായി ജയിലാസ്ഥാന കാര്യാലയത്തിൽ ഒരു സെയിൽസ് കൗണ്ടറും പ്രവർത്തിച്ച വരുന്നു.

(ബി)

| വർഷം | ജയിൽ വകുപ്പിന്റെ ആകെ വിറ്റുവരവ് |
|---|---|
| 2011-12 | 3,41,25,669 |
| 2012-13 | 13,27,37,898 |
| 2013-14 | 24,44,36,972 |
| 2014-15 (നാളിതുവരെ) | 11,48,29,623 |
| ആകെ | 52,61,30,162 |

(സി) സംസ്ഥാനത്തെ പ്രധാന ജയിലുകളിൽ ചപ്പാത്തി, ഇഡ്ഡലി, ദം ബിരിയാണി, ലഡു, കേക്ക്, ചിപ്സ് എന്നിവ നിർമ്മിച്ച് വിപണനം നടത്തി വരുന്നു. സംസ്ഥാനത്തെ മൂന്ന് സെൻട്രൽ ജയിലുകളിൽ പന്നി വളർത്തൽ കേന്ദ്രവും, നെട്ടുകാൽത്തേരി തുറന്ന ജയിലിൽ പൗൾട്രി ഫാം, ആടു വളർത്തൽ കേന്ദ്രം എന്നിവയും ആരംഭിച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യോല്പാദന യൂണിറ്റുകൾ ആരംഭിക്കുകയും, പന്നി വളർത്തൽ കേന്ദ്രം, ആടുവളർത്തൽ കേന്ദ്രം, ഡയറി ഫാം, പൗൾട്രി ഫാം എന്നിവ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഭക്ഷ്യോല്പന്നങ്ങളുടെ വിപണനത്തിനായി മൊബൈൽ വില്പന കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കുകയും ജയിലുകളിൽ വില്പന ഔട്ട്ലെറ്റുകൾ തുറക്കുകയും ചെയ്തു. ചീമേനി തുറന്ന ജയിലിലെ വെട്ടുകല്ല് നിർമ്മാണ യൂണിറ്റ്, വിയ്യൂർ സെൻട്രൽ ജയിലിലെ കാർപ്പെന്ററി യൂണിറ്റ്, തിരുവനന്തപുരം സെൻട്രൽ ജയിലിലെ സോപ്പ് നിർമ്മാണ യൂണിറ്റ് എന്നിവ വിപുലീകരിക്കുന്നതിനും, വിയ്യൂർ സെൻട്രൽ ജയിലിൽ വെട്ടുകല്ല് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനും നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ഇന്റർലോക്ക് മണ്ണിഷ്ടിക, സിമെന്റ് ബ്ലോക്ക് എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം**

279 (2154) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ ജയിലിനോട് ചേർന്ന് പോലീസ് വകുപ്പിന്റെ വയർലെസ്സ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലം ജയിൽ വകുപ്പിന് കൈമാറാനുള്ള നടപടികൾ പൂർത്തിയായോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണ് ; എന്നത്തേക്ക് നടപടി പൂർത്തീകരിക്കും ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പോലീസ് വകുപ്പിന്റെ കൈവശമുള്ളതും നിലവിൽ ജയിൽ സ്ഥിതി ചെയ്യുന്നതുമായ 69 സെന്റ് സ്ഥലവും, വയർലെസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്നും 36 സെന്റും ഉൾപ്പെടെ 1.05 ഏക്കർ സ്ഥലം ജയിൽ വകുപ്പിന് കൈമാറുന്നതിന് പോലീസ് വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്. സ്ഥലം ജയിൽ വകുപ്പിന് കൈമാറുന്നതിനായി റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ജയിലിലെ മെയിൽ വാർഡൻമാരുടെ ഒഴിവുകൾ**

280 (2155) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ ചട്ട പ്രകാരം ജീവനക്കാരും തടവുകാരും തമ്മിലുള്ള അനുപാതം എത്രയാണ് ;

(ബി) തിരുവനന്തപുരം യൂണിറ്റിൽ ജയിൽ ചട്ട പ്രകാരം ഇപ്പോഴുള്ള തടവുകാർക്ക് ആനുപാതികമായി എത്ര മെയിൽ വാർഡൻ (അസിസ്റ്റന്റ് പ്രിസൺ ആഫീസർ)മാരുടെ കുറവാണുള്ളത് ;

(സി) ജയിലുകളുടെ അവസ്ഥ പഠിച്ച നിയമസഭാ സമിതി തിരുവനന്തപുരം യൂണിറ്റിൽ കണ്ടെത്തിയ ഒഴിവുകൾ എത്രയാണ് ;

(ഡി) സ്ഥിരമായി എത്ര അസിസ്റ്റന്റ് പ്രിസൺ ആഫീസർമാർ നിലവിൽ തിരുവനന്തപുരം യൂണിറ്റിൽ ജോലി ചെയ്തു വരുന്നു ?

<u>ഉത്തരം</u>

(എ) തടവുകാരുടെയും ജീവനക്കാരുടെയും അനുപാതം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവോ ജയിൽ ചട്ടമോ നിലവിലില്ല. എന്നാൽ ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (ബി.പി.ആർ.&ഡി.) തയ്യാറാക്കിയ മോഡൽ പ്രിസൺ മാന്വലിൽ ഒരു മാർഗ്ഗനിർദ്ദേശമായി 6:1 ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) മോഡൽ പ്രിസൺ മാന്വൽ പ്രകാരം 132 പേരുടെ കുറവുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) 334 പേർ.

**പരോളിനുള്ള നടപടിക്രമങ്ങൾ**

281 (2156) <u>ശ്രീ. എ. എ. അസീസ്</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരോളിലിറങ്ങിയിട്ട് ജയിലിൽ തിരിച്ചെത്താത്ത എത്ര പ്രതികളാണുള്ളത് ;

(ബി) ഇവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 58 തടവുകാർ.

(ബി) പരോൾ കാലാവധിക്കുശേഷം ജയിലുകളിൽ മടങ്ങിയെത്താത്ത തടവുകാരെക്കുറിച്ചുള്ള വിവരം ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയേയും പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെയും അറിയിക്കുകയും അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ സെൻട്രൽ ജയിലുകളിലെ തടവുകാർക്ക് പരോളിലിറങ്ങാൻ ജാമ്യം നിൽക്കുന്നവരിൽനിന്നും ജാമ്യത്തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചുവരുന്നു.

## സ്കൂൾ കോളേജ് പാഠ്യ പദ്ധതിയിൽ വനം പരിസ്ഥിതി പഠനം ഉൾപ്പെടുത്തുവാൻ നടപടി

282 (2157) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി പഠനം സംബന്ധിച്ചുള്ള വിവരങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വനം വകുപ്പ് സമ്മർദ്ദം ചെലുത്തുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ ;

(ബി) വനം, പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സ്കൂൾ കുട്ടികളിൽ അവബോധം വളർത്തുന്നതിൽ വകുപ്പ് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) വനം, പരിസ്ഥിതി പഠനം സംബന്ധിച്ച് ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകളും റിസർച്ച് സെന്ററുകളും കൂടുതലായി ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ?

### ഉത്തരം

(എ) പരിസ്ഥിതി പഠനം സംബന്ധിച്ചുള്ള വിവരങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമാണ്. ഈ വിഷയം വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(ബി) സ്കൂൾ കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്റെ മരം, ഹരിതശ്രീ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിൽ ഇക്കോ കേഡറ്റ് പദ്ധതി, ഫോറസ്ട്രി ക്ലബ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള വിവിധതരം മത്സരങ്ങൾ വിദ്യാർത്ഥി കൾക്കായി സംഘടിപ്പിച്ചു വരുന്നു. ഇതിനുപുറമേ സ്കൂൾ വിദ്യാർത്ഥികൾക്കായി

പ്രകൃതി പഠന ക്യാമ്പും നടത്തി വരുന്നു.

(സി) വനം പരിസ്ഥിതി പഠനം സംബന്ധിച്ച് ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകളും റിസർച്ച് സെന്ററുകളും ആരംഭിക്കുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും യൂണിവേഴ്സിറ്റികളും തമ്മിൽ ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

**ഹരിതശ്രീ പദ്ധതി**

283 (2158) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പ് ഹരിതശ്രീ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകളും സാമൂഹിക സംഘടനകളുമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട വനം-പരിസ്ഥിതി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-5-2014-ലും, 21-5-2014-ലും ചേർന്ന യോഗ തീരുമാനങ്ങളെത്തുടർന്ന്, പങ്കാളിത്ത പാരിസ്ഥിതിക പരിപാലന പദ്ധതി (Participatory Environment Action Programme-PEAP) നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തിന്റെ നിലനിൽപ്പിന് തന്നെ കാരണമായ അനാദൃശ്യ പാരിസ്ഥിതിക ഘടകങ്ങൾ, ജൈവവ്യവസ്ഥ എന്നിവ ഭാവിതലമുറയ്ക്ക് അന്യമാകാതിരിക്കാനായി അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ താഴ്ന്ന തലം മുതൽ പൊതുപങ്കാളിത്തത്തോടെയും ജനപിന്തുണയോടെയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള ടി പദ്ധതിക്ക് സർക്കാർ

അനുമതിയും മാർഗ്ഗരേഖയും 24-5-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 89/2014 മുഖേന പുറപ്പെടുവിച്ചിരിക്കുന്നു. "ഒരു മനുഷ്യന് ഒരു മരം" എന്ന പേരിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം പ്രത്യേകിച്ച് ഒഴിഞ്ഞുകിടക്കുന്ന പൊതുസ്ഥലങ്ങൾ, പുറമ്പോക്കുകൾ, വിദ്യാലയ പരിസരങ്ങൾ, റോഡരികുകൾ, സ്വകാര്യകൈവശസ്ഥലങ്ങൾ എന്നിവിട ങ്ങളിലെല്ലാം പൊതുപങ്കാളിത്തത്തോടെയും സംസ്ഥാനത്തുടനീളം വൃക്ഷത്തൈകൾ നട്ടുവാനും ആയത് ബന്ധപ്പെട്ട വ്യക്തികൾ പരിപാലിച്ച് വളർത്തിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഉദ്ദേശിച്ചുള്ളതാണ് "ഹരിതശ്രീ" പദ്ധതി. ഈ വർഷം ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് സംസ്ഥാനമൊട്ടാകെ 10 ലക്ഷം വൃക്ഷ തൈകൾ വിദ്യാർത്ഥികൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, സന്നദ്ധസംഘടനകൾ, പരിസ്ഥിതി സംഘടനകൾ, ആർമി, നേവി, പോലീസ്, റെയിൽവേ, തപാൽ വകുപ്പ് വിവിധ വകുപ്പുകൾ എന്നിവ മുഖേനയും, വിവിധ തുറകളിലുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയും രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് നട്ടുവാനും, തുടർന്ന് പരിപാലിച്ച് വളർത്തിയെടുക്കുവാനും ലക്ഷ്യമിട്ടിരുന്നു.

(ബി) ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിൽ 5-6-2014-ന് രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിനും, ടി തൈകൾ നഷ്ടപ്പെട്ടുപോകാതെ തുടർച്ചയായി പരിപാലിക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ ചുമതലപ്പെടുത്തുന്നതിനും ആയതുവഴി ടി തൈകളെല്ലാം വൃക്ഷമായി മാറ്റി സംസ്ഥാനത്തെ പരിസ്ഥിതിയെ പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ് ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക എന്നതുകൂടാതെ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖല, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാൻ ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ട്.

(സി) വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി, ഭൂമിത്രസേന തുടങ്ങിയ വിദ്യാർത്ഥി സംഘടനകൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, കുടുംബശ്രീ, ആർമി, നേവി, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ,

ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ, തപാൽ വകുപ്പുകൾ, വിവിധ സർക്കാർ വകുപ്പുകൾ നേച്ചർ ക്ലബ്ബുകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരും ടി പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) 2014 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30-നും 11.30-നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും തുടർന്ന് അവയെ പരിപാലിച്ച് വളർത്തിയെടുക്കുവാനുമാണ് ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ വേണ്ട തുടർനടപടികളെടുത്തതിനെ തുടർന്ന് ടി ഹരിതസമയത്ത് 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**വനം വകുപ്പിലെ ജീവനക്കാർ**

284 (2159) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനം വകുപ്പിലെ ജീവനക്കാരുടെ ജോലി സമയം എത്ര മണിക്കൂറാണെന്ന് വ്യക്തമാക്കാമോ ; ഇത് മറ്റ് വകുപ്പുകളിലേതിന് തുല്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാന പോലീസ് സേനയിലും വനം വകുപ്പിലും ശമ്പളേതര ആനുകൂല്യങ്ങളിൽ വ്യത്യാസമുണ്ടോ ; എങ്കിൽ ഈ ആനുകൂല്യങ്ങൾ പോലീസ് സേനയിലേതിന് തുല്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) വനം വകുപ്പിലെ ജോലിയുടെ ബുദ്ധിമുട്ട് പരിഗണിച്ച് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യത്തിന് താമസസൗകര്യവും വാർത്താവിനിമയ സൗകര്യങ്ങളും നിലവിൽ ലഭ്യമാകുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ ; ഈ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഇ) വനം വകുപ്പിൽ ബീറ്റ് ഓഫീസർമാരായി ജോലിയിൽ പ്രവേശിക്കുന്നവരിൽ ഭൂരിഭാഗവും ജോലി ഉപേക്ഷിച്ച് താഴ്ന്ന വേതനത്തിലുള്ള മറ്റ് ജോലികൾ സ്വീകരിക്കുന്നതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനിടയായ സാഹചര്യങ്ങൾ കണ്ടെത്തി പരിഹരിച്ച് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിലെ വനസംരക്ഷണ ജീവനക്കാർ മുഴവൻ സമയം ജോലിക്കാരായതിനാൽ ഇവരുടെ ജോലിയുടെ സ്വഭാവം മറ്റു വകുപ്പുകളുമായി താരതമ്യം ചെയ്യാൻ സാധിക്കുകയില്ല.

(ബി&സി) സംസ്ഥാന പോലീസ് സേനയിലും വനം വകുപ്പിലും ശമ്പളേതര ആനുകൂല്യങ്ങളിൽ വ്യത്യാസം നിലവിലുണ്ട്. ശമ്പളേതര ആനുകൂല്യങ്ങൾ തുല്യമാക്കുന്നതിനും വനം വകുപ്പിലെ ജോലിയുടെ ബുദ്ധിമുട്ട് പരിഗണിച്ച് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും 10-ാം ശമ്പള കമ്മീഷൻ മുമ്പാകെ വനം വകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ഡി) വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യത്തിന് താമസ സൗകര്യവും വാർത്താവിനിമയ സൗകര്യങ്ങളും ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് അപര്യാപ്തതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർ അതിനെക്കാൾ ഉയർന്ന/താഴ്ന്ന തസ്തികയിൽ ജോലി ലഭിക്കുന്നതനുസരിച്ച് അവരുടെ സൗകര്യാർത്ഥം വനം വകുപ്പിൽ നിന്നും വിടുതൽ ചെയ്യാറുണ്ട്. വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ ജോലി സാഹചര്യവും വനം വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് മറ്റ് ജോലി സ്വീകരിക്കുന്നതിനുള്ള ഒരു കാരണമായി കണ്ടുവരുന്നു. ഇത്തരം സാഹചര്യങ്ങൾ കണ്ടെത്തി വന സംരക്ഷണ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വനം വകുപ്പ് അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് മുഖേന വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

285 (2160) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് വഴി വയനാട് ജില്ലയിൽ വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) അവയുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്‌വഴി വയനാട് ജില്ല ഉൾപ്പെടെയുള്ള മൂന്ന് ജില്ലകളിൽ (ഇടുക്കി, വയനാട്, പാലക്കാട്) നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. വാട്ടർ കൺസർവേഷൻ ഓൺ വാട്ടർഷെഡ് ബേസിസ് ഇൻ ഇടുക്കി, പാലക്കാട് ആന്റ് വയനാട് ഡിസ്ട്രിക്ട് എന്ന പദ്ധതിയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി ടി പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ടി പദ്ധതി ആരംഭിക്കുന്നതാണ്.

(സി) നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ വനം വകുപ്പിൽ ലഭ്യമല്ല. നീർത്തട അടിസ്ഥാനത്തിൽ കബനി നദിയുടെ നീർത്തട പ്രദേശത്ത് നോർത്ത് വയനാട് ഡിവിഷൻ, സൗത്ത് വയനാട് ഡിവിഷൻ, വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ എന്നീ വനം ഡിവിഷനുകളിലാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## വനം വകുപ്പ് സംരക്ഷണ വിഭാഗം ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ

286 (2161) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ ജോലി ചെയ്യുന്നതിന് അനുമതി നിഷേധിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഒരേ ഡിപ്പാർട്ട്മെന്റിലുള്ള മിനിസ്റ്റീരിയൽ വിഭാഗക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുകയും സംരക്ഷണ വിഭാഗക്കാർക്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് സർവ്വീസ് റൂൾ ലംഘനമാണോയെന്ന് അറിയിക്കുമോ ; എങ്കിൽ ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വനം വകുപ്പിലെ വിവിധ ഡിവിഷനുകളിൽ സംരക്ഷണ വിഭാഗം ജീവനക്കാരുടെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും തസ്തിക തിരിച്ച് നിലവിലുള്ള ഒഴിവ്

എത്രയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിലെ വനസംരക്ഷണ ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്ത് വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ/സ്ഥാപനങ്ങളിൽ നിയമനം നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ അനുവദിക്കണമെന്ന ചട്ടങ്ങൾ നിലവിലില്ല. വകുപ്പിലെ വനസംരക്ഷണ ജീവനക്കാരുടെ അപര്യാപ്തത കാരണം വന സംരക്ഷണ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയത് ചട്ടങ്ങളുടെ ലംഘനമല്ല.

(സി) വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിലെ വനസംരക്ഷണ ജീവനക്കാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു :

<u>വനസംരക്ഷണ ജീവനക്കാർ</u> :

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ | 1 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 34 |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 113 |
| ഫോറസ്റ്റ് വാച്ചർ | 14 |
| റിസർവ് വാച്ചർ | 1 |
| വൈൽഡ് ലൈഫ് അസിസ്റ്റന്റ് | 1 |

<u>മിനിസ്റ്റീരിയൽ ജീവനക്കാർ</u> :

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |

| | |
|---|---|
| ക്ലാർക്ക് | 21 |
| ടൈപ്പിസ്റ്റ് | 2 |
| ഓഫീസ് അറ്റൻഡന്റ് | 23 |
| ഡ്രാഫ്റ്റ്സ്മാൻ | 4 |
| ഡ്രൈവർ | 11 |
| ആനപാപ്പാൻ | 12 |
| പാർട്ട് ടൈം സ്വീപ്പർ | 4 |
| നൈറ്റ് വാച്ചർ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| ഓഫീസ് അറ്റൻഡർ | 1 |

**ഇക്കോ കേഡറ്റ് കോർ രൂപീകരണം**

287 (2162) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പ് ഇക്കോ കേഡറ്റ് കോർ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവന്നിരിക്കുന്നത് ; വിശദമാക്കാമോ ;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിൽ നിന്നുള്ള വിവിധ സ്കൂളുകളിലെ യോഗ്യരായ കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് മാതൃകയിൽ ഇക്കോ കേഡറ്റ്സ് ആക്കി തീർക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇക്കോ കേഡറ്റ്സ് കോർപ്സിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. പരിസ്ഥിതി ബോധമുള്ള യുവതലമുറയെ വാർത്തെടുക്കുക
2. വിദ്യാർത്ഥികൾക്കിടയിൽ പരിസ്ഥിതി സംബന്ധമായ അവബോധം സൃഷ്ടിക്കുക.
3. പരിസ്ഥിതി സംരക്ഷണത്തിനായി ബ്രാന്റ് അംബാസിഡർമാരെ സൃഷ്ടിക്കുക.
4. പ്രകൃതിയേയും, പ്രകൃതി നിയമങ്ങളേയും ബഹുമാനിക്കുവാനും സംരക്ഷിക്കുവാനും യുവതലമുറയെ പ്രാപ്തരാക്കുക.
5. പരിസ്ഥിതി സംരക്ഷണത്തിനായി ചിന്താശക്തിയുള്ള യുവതലമുറയെ സൃഷ്ടിക്കുക.
6. കണ്ടൽക്കാട് സംരക്ഷണം, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥയുടെ പുനഃസംരക്ഷണം എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ യുവതലമുറയിലൂടെ നടപ്പിലാക്കുക.
7. പ്രകൃതി സംരക്ഷണത്തിനായുള്ള കഴിവുകൾ വളർത്തിയെടുക്കാൻ ഓരോ വിദ്യാർത്ഥിയേയും ഉത്സുകരാക്കുക.

(സി) സംസ്ഥാന വനം വകുപ്പ്, പോലീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പരിസ്ഥിതി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിതര സന്നദ്ധ സംഘടനകൾ, യുവജനങ്ങൾ എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട രൂപരേഖയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇക്കോ കേഡറ്റ് കോർപ്സ് നടപ്പിലാക്കുന്നതിനുവേണ്ട മറ്റു നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**ഇക്കോ കേഡറ്റ് പദ്ധതി സംബന്ധിച്ച്**

288 (2163) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പ് ഇക്കോ-കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ വിശദ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വിദ്യാർത്ഥികൾക്ക് വകുപ്പ് പരിശീലനം നൽകിയിട്ടുണ്ട് ; ഇതിനായി എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) ഇക്കോ കേഡറ്റ് പദ്ധതിയുടെ സിലബസ് പ്രസിദ്ധപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഇക്കോ-കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതേത്തുടർന്ന് സ്കൂളുകളുടെ സെലക്ഷൻ നടപടികൾ പുരോഗമിച്ച് വരുന്നു. ആയത് പൂർത്തിയായിട്ടില്ല.

(ബി) പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ സാധിച്ചിട്ടില്ല. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി 1-10-2014-ലെ ജി.ഒ. (ആർറ്റി.) 455/14/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(സി) ഇക്കോ-കേഡറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഇക്കോ കേഡറ്റുകൾക്ക് താഴെപ്പറയുന്ന വിഷയങ്ങളിൽ പരിശീലനം നൽകുന്നതാണ് :

1. നേതൃത്വ പരിശീലനം
2. ആശയ വിനിമയ പാടവം മെച്ചപ്പെടുത്തൽ
3. ക്രിയാത്മകമായ സമീപനവും ചിന്താശേഷിയും വർദ്ധിപ്പിക്കാനുള്ള പരിശീലനം
4. വ്യക്തിത്വ വികസന പരിശീലനം
5. പരിസ്ഥിതി സംരക്ഷണത്തിനുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം

6. ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള പരിശീലനം
7. പരിസ്ഥിതി ശാസ്ത്രം സംബന്ധിച്ച പഠനം
8. പരിസ്ഥിതി സംബന്ധമായ നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം
9. കായിക പരിശീലനം, യോഗ, ധ്യാനം തുടങ്ങിയവയുടെ പരിശീലനം
10. ജൈവവൈവിദ്ധ്യ സംരക്ഷണം, കടലാമ സംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണം, വിവിധ വനസസ്യങ്ങളെ തിരിച്ചറിയാനുള്ള പരിശീലനം. ഇവ കൂടാതെ നേതൃത്വ പരിശീലന ക്യാമ്പുകൾ, ശില്പശാല, സെമിനാറുകൾ എന്നിവയും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

**ഇന്ത്യാ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട്**

289 (2164) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഷിംഗ്ടണിൽ തയ്യാറാക്കപ്പെട്ട ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ സ്ഥലങ്ങളെ ബന്ധിപ്പിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; സംസ്ഥാന സർക്കാർ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഇന്ത്യയിലെ ഏത് ഏജൻസി വഴിയാണ് ഇത് നടപ്പാക്കുന്നത് ; ഇതിൽ വനം വകുപ്പിന്റെ പങ്ക് എന്താണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഏക്കർ കൃഷിഭൂമി സംരക്ഷിത വനപ്രദേശമാക്കി മാറ്റാനുദ്ദേശിക്കുന്നുണ്ട് ; പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എത്ര ഏക്കർ സ്ഥലത്ത് പുതുതായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തും ;

(സി) ഈ പദ്ധതിക്ക് ലഭിച്ച വിദേശ സഹായം, കണക്കാക്കപ്പെട്ട മൊത്തം പദ്ധതിച്ചെലവ് എന്നിവ എത്രയാണ് ;

(ഡി) പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തുനിന്ന് ഏതെല്ലാം ഉദ്യോഗസ്ഥന്മാർ ആരുടെയൊക്കെ നേതൃത്വത്തിൽ വിദേശയാത്ര നടത്തി ; ഇതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ ; വിദേശ സന്ദർശനത്തിന്റെ ചെലവ് വഹിക്കുന്നത് ആരാണ് ; യാത്രയുടെ ഉദ്ദേശ്യങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഐക്യരാഷ്ട്ര സഭയുടെ ഘടകസംഘടനയായ യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം (UNDP) രൂപം നൽകിയ ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് സംസ്ഥാനത്ത് മൂന്നാർ ലാന്റ് സ്കേപ്പിന്റെ ഭാഗമായി കണക്കാക്കിയിട്ടുള്ള ദേവികുളം, ഉടുമ്പൻചോല, കോതമംഗലം, കുന്നത്തുനാട്, മുകുന്ദപുരം എന്നീ 5 താലൂക്കുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള സംസ്ഥാന വനം വന്യജീവി വകുപ്പ് വഴി കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് നടപ്പാക്കുന്നത്. മൂന്നാർ ഹൈറേഞ്ച് മേഖലയിൽ പദ്ധതി നടത്തിപ്പിനായുള്ള മുന്നൊരുക്കങ്ങൾ, പദ്ധതിയുടെ നേരിട്ടുള്ള നിർവ്വഹണം, മേഖലയിൽ വിവിധ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, ഏജൻസികൾ തുടങ്ങിയവയുമായുള്ള ഏകോപനവും സഹകരണവും എന്നിവയാണ് വനം വകുപ്പിന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ.

(ബി) പദ്ധതിയുടെ ഭാഗമായി കൃഷിഭൂമി സംരക്ഷിത വനപ്രദേശമാക്കാനും പദ്ധതി പ്രദേശത്ത് പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നില്ല.

(സി) ഈ പദ്ധതിക്ക് ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ല. പദ്ധതി രേഖ പ്രകാരം 5 വർഷത്തേക്കായുള്ള പദ്ധതിയുടെ നടത്തിപ്പിനായി ഉദ്ദേശം 35 കോടി രൂപ (US $ 6.27 Million)-യുടെ ധനസഹായമാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തുനിന്നും ചീഫ് സെക്രട്ടറി ശ്രീ. ഇ. കെ. ഭരത് ഭൂഷന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ വിദേശയാത്ര നടത്തി.

| | | |
|---|---|---|
| 1 | ശ്രീ. പി. കെ. മൊഹന്തി | അഡീ.ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ് |

| | | |
|---|---|---|
| 2 | ശ്രീ. ജി. ഹരികുമാർ | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ |
| 3 | ശ്രീ. സുബ്രതോ ബിശ്വാസ് | പ്രിൻസിപ്പൽ സെക്രട്ടറി. പട്ടികവർഗ്ഗ വികസന വകുപ്പ് |
| 4 | ഡോ. രാജൻ ഖോബ്രാഗഡെ | സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 5 | ഡോ. അമിത് മല്ലിക് | ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം |
| 6 | ശ്രീ. സഞ്ജയൻ കുമാർ | ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ് |
| 7 | ശ്രീ. അജിത് പാട്ടീൽ | ജില്ലാ കളക്ടർ, ഇടുക്കി |
| 8 | ശ്രീ. എം. റ്റി. തോമസ് | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി |
| 9 | ശ്രീ. എൽദോസ് കുന്നപ്പള്ളി | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എറണാകുളം. |

പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കാൻ സഹായിക്കുന്ന, ഐക്യരാഷ്ട്ര സഭയുടെ ഘടക സംഘടനയായ യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം ആണ് ഈ സന്ദർശനത്തിന്റെ ചെലവ് വഹിച്ചത്.

സംരക്ഷിത വനപ്രദേശങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ ക്രിയാത്മകമായ പങ്ക് വഹിക്കുന്നവരുടെ ആഗോളതലത്തിൽ ഓരോ 10 വർഷവും കൂടുമ്പോൾ നടത്തുന്ന ഒത്തു ചേരലായ 'വേൾഡ് പാർക്ക് കോൺഗ്രസ്സ്-2014-ൽ' പങ്കെടുക്കാനും പ്രദേശത്തെ സംരക്ഷിത വന പ്രദേശങ്ങൾ സന്ദർശിക്കാനുമാണ് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ സിഡ്നിയിൽ പോയത്.

**കണ്ടൽ വനമേഖലകളുടെ സംരക്ഷണം**

290 (2165) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ :

(എ) പൊതുസ്ഥലങ്ങളിലെ കണ്ടൽ വനമേഖലകൾ സംരക്ഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) മാലിന്യ നിക്ഷേപത്തെ തുടർന്ന് കണ്ടൽ വനങ്ങളുടെ ജൈവ സമ്പന്നത നശിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ബോധവത്കരണ പദ്ധതിയിലൂടെ ഇത്തരം വനങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ടൽ വനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് 2010-ൽ കണ്ടലുകൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010-11 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും ആയതിന്റെ ഭാഗമായി തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനത്തെ കണ്ടലുകൾ സംരക്ഷിക്കുന്നതിലേക്കായി സർക്കാരിന്റെ നിലവിലുള്ള (12-9-2013)-ലെ ജി.ഒ. (ആർറ്റി.) നമ്പർ 354/2013/വനം പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുള്ള പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽ പുനരുല്പാദനത്തിന് ധനസഹായം നൽകുക, പദ്ധതിക്കുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുവേണ്ടി കണ്ടൽ ഉടമകൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000 രൂപ പാരിതോഷികമായി നൽകുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തി വരുന്നുണ്ട്. കേരള പ്രൊമോഷൻ ട്രീ ഗ്രോത്ത് ആക്ട് 2005 സെക്ഷൻ 6 (3) പ്രകാരം കണ്ടൽ കാടുകൾ എല്ലാം വിജ്ഞാപനം ചെയ്ത മേഖലയാണ്. ആയതിനാൽ ഒരു ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള കണ്ടലുകളുടെ ഉടമകൾക്ക് മരം വെട്ടുന്നതിന് അതാത് സ്ഥലത്തെ അധികാരപ്പെടുത്തിയ ഓഫീസറുടെ അനുവാദം വാങ്ങേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## ഇടുക്കി-ഉടുമ്പന്നൂർ റോഡ് നിർമ്മാണം

291 (2166) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി-ഉടുമ്പന്നൂർ റോഡിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗത്തിന്റെ ദൈർഘ്യം എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി മേഖലയായ പെരുങ്കാലാ, മണിയാറൻകുടി, വട്ടമേട്, കൈതപ്പാറ, മനയത്തടം പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊടുപുഴ ഭാഗത്തേക്ക് സഞ്ചരിക്കുന്നതിന് ഏറ്റവും ദൂരം കുറഞ്ഞ റോഡുമാർഗ്ഗമാണ് ഇതെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) യഥാകാലം പുനരുദ്ധാരണ പ്രവൃത്തികൾ നടക്കാതിരിക്കുന്നതുമൂലം വനം വകുപ്പിന്റെ അധീനതയിലുള്ള റോഡ്ഭാഗം ഗതാഗതത്തിനു ദുഷ്കരമാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റോഡിന്റെ മണിയാറൻകുടി പാപ്പൻതോട് ഭാഗം മുതൽ വേളൂർ ചെക്ക് പോസ്റ്റ് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം വനം വകുപ്പ് മുഖാന്തരം നടത്തുന്നതിന് നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഒരു കോടി രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ കത്ത് നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ നിലവിലുള്ള സ്ഥിതി എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത റോഡിന്റെ നിർമ്മാണം താമസംവിനാ നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇടുക്കി-ഉടുമ്പന്നൂർ റോഡിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗത്തിന്റെ ദൈർഘ്യം 23 കിലോമീറ്ററാണ്.

(ബി) മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊടുപുഴ ഭാഗത്തേക്ക് സഞ്ചരിക്കുന്നതിന് ദൂരം കുറഞ്ഞ റോഡുമാർഗ്ഗമാണ് ഇതെന്ന് നിരീക്ഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇടുക്കി-ഉടുമ്പന്നൂർ റോഡ് നിയോജക മണ്ഡലം ആസ്തി വികസനഫണ്ട്

ഉപയോഗിച്ച് നവീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.-യുടെ 1-2-2014-ലെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റോഡ് പൂർണ്ണമായും റിസർവ് വനത്തിലൂടെയായതിനാൽ ടാറിംഗ് നടത്തുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് ബാധകമാണ്. എന്നാൽ നിലവിലുള്ള സ്ഥിതിയിൽ ടി റോഡ് നവീകരിക്കുന്നതിന് സർക്കാർ തലത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി (വീതി കൂട്ടാതെയും ടാറിംഗ് നടത്താതെയും ജെ.സി.ബി. ഉപയോഗിക്കാതെയും രാത്രികാല ഗതാഗതം ഒഴിവാക്കിയും) അനുമതി നൽകാവുന്നതാണ്.

(ഇ) ഇടുക്കി-ഉടുമ്പന്നൂർ റോഡിന്റെ നവീകരണത്തിനായി എം.എൽ.എ. ഫണ്ടിൽനിന്നും നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ള തുക എഫ്.ഡി.എ.-യ്ക്ക് കൈമാറുകയും ആയത് ഉപയോഗിച്ച് റോഡ് പണിയുന്നതിന് അംഗീകാരം നൽകുന്ന മുറയ്ക്ക് ടി റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എഫ്.ഡി.എ. മുഖാന്തരം വനം വകുപ്പിന് ഏറ്റെടുത്ത് നടത്താവുന്നതാണ്.

**വനദീപ്തി പദ്ധതി**

292 (2167) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനദീപ്തി പദ്ധതിയുമായി ബന്ധപ്പെട്ട്, സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) എത്ര തുക ഈ പദ്ധതിക്കായി നാളിതുവരെ വകയിരുത്തിയിട്ടുണ്ടെന്നും ആയവ ഏതെല്ലാം ഇനത്തിലാണ് ചെലവിട്ടിട്ടുള്ളതെന്നും വിശദമാക്കുമോ ;

(സി) വനമേഖലയ്ക്ക് പുറത്ത് ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) വനദീപ്തി പദ്ധതി പ്രകാരം കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിലുള്ള പത്തുപറ എന്ന സ്ഥലത്ത് 5.7 ഹെക്ടർ സ്ഥലത്തും, തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിലുള്ള ഇളംബ്രക്കോട് എന്ന സ്ഥലത്ത് 20 ഹെക്ടർ സ്ഥലത്തും സ്വാഭാവിക വനവൽക്കരണ പദ്ധതി (വനദീപ്തി പദ്ധതി) നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 126.65 ലക്ഷം രൂപ

വകയിരുത്തിയിട്ടുള്ളതും, നഴ്സറി ഉൽപ്പാദനം, തൈനടീൽ, മണ്ണ്-ജലസംരക്ഷണം, വേലി നിർമ്മാണം, കള നിർമ്മാർജ്ജനം, സംരക്ഷണ പ്രവർത്തനം എന്നിവയ്ക്കായി 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിനുള്ളിൽ 86.70 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) വനമേഖലയ്ക്ക് പുറത്ത് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

## വനദീപ്തി പദ്ധതി

293 (2168) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനദീപ്തി പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം വൃക്ഷത്തൈകളുടെ സംരക്ഷണത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത് ?

### ഉത്തരം

(എ) വനദീപ്തി പദ്ധതി നിലവിൽ തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) വനദീപ്തി പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ അതിജീവനം നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

(സി) വനദീപ്തി പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളുടെ സംരക്ഷണത്തിനായി വർഷാവർഷങ്ങളിലുള്ള പരിചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നതും ഇതിനുപുറമേ വേനൽക്കാലത്തെ അതികഠിനമായ ചൂടിൽ നിന്നും വൃക്ഷത്തൈകളുടെ സംരക്ഷണ ത്തിനായി ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## വന്യജീവി ആക്രമണം-ധനസഹായം

294 (2169) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യജീവികളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് എത്ര രൂപയുടെ ധനസഹായമാണ് അനുവദിക്കുന്നത് ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരുക്കേൽക്കുന്നവർക്ക് നൽകിവരുന്ന ധനസഹായം എത്രയാണ് ?

<u>ഉത്തരം</u>

(എ) വന്യജീവികളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് ഇപ്പോൾ 5 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് പരമാവധി 75,000 രൂപ വരെ നഷ്ടപരിഹാരമായി അനുവദിക്കുന്നുണ്ട്. ഒരു വർഷത്തിൽ പരമാവധി നാല് തവണ വരെ ഒരാൾക്ക് ഇത്തരത്തിൽ നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

**ഫോറസ്റ്റ് റേഞ്ച് ഓഫീസർ നിയമനം**

295 (2170) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ ഫോറസ്റ്റ് റേഞ്ച് ഓഫീസർ നിയമനത്തിനുള്ള സർവ്വീസ് റൂൾ നിലവിൽ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത റൂൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചതിനുശേഷം റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ വിവിധ കാറ്റഗറികളിലായി നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ കാറ്റഗറിയിൽ ; എത്ര വീതം ;

(സി) വനം വകുപ്പിൽ ഫോറസ്ട്രി ബിരുദധാരികൾക്കായി നീക്കിവച്ചിട്ടുള്ള നിയമനത്തിനായി ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) പ്രസ്തുത കാറ്റഗറിയിലുള്ള നിയമനത്തിനായി 1962-ലെ സബോർഡിനേറ്റ് സർവ്വീസ് റൂളിൽ നിന്നും 2010-ലെ സ്പെഷ്യൽ റൂളിൽ എന്ത് മാറ്റമാണ് വരുത്തിയിട്ടുള്ളത് ;

(ഇ) റേഞ്ചർ നിയമനത്തിനായി സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് 1962-ലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിലെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾ 21-10-2010-ലെ സ.ഉ. (പി) നമ്പർ 73/2010/വനം പ്രകാരം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതും ആയതിന് 10-9-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 80/2014/വനം പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്.

(ബി) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ബി.എസ്.സി. ഫോറസ്ട്രി ക്വാട്ടയിൽ 25 പേർക്കും ബി.എസ്.സി. സയൻസ്/എഞ്ചിനീയറിംഗ് ക്വാട്ടയിൽ 13 പേർക്കും, വനം വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗക്കാർക്ക് അനുവദിച്ച ക്വാട്ടയിൽ 2 പേർക്കും ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട വിഭാഗത്തിൽനിന്നും ഒരാൾക്കും നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിലില്ല.

(ഡി) 1962-ലെ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 9 (എ) പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം ലഭിച്ച ഫോറസ്ട്രി ബിരുദധാരികൾക്ക് ഒരു വർഷത്തെ വകുപ്പുതല പ്രായോഗിക പരിശീലനം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടം 9 (2) (എ) പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം ലഭിച്ച ഫോറസ്ട്രി ബിരുദധാരികൾക്ക് ഭാരത സർക്കാരിന്റെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനത്തിൽ നിന്നും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള റെയിഞ്ചേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയതിനുശേഷം ചട്ടം 9 (2) (ബി) പ്രകാരം ഒരു വർഷത്തെ വകുപ്പുതല പ്രായോഗിക പരിശീലനവും പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഇ) 1962-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ

നിലവിലുണ്ടായിരുന്നപ്പോൾ ബി.എസ്‌സി. ഫോറസ്ട്രി ക്വാട്ടയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് 2010-ൽ സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിനുശേഷമുണ്ടായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

**ശബരിമലയിലെ കാട്ടുകളിലെ അമൂല്യമായ മരങ്ങൾ**

296 (2171) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ കാട്ടുകളിലെ അമൂല്യമായ മരങ്ങൾ, വെടിപ്പുര കരാർ എടുത്തിരിക്കുന്ന ആളുകൾ വെട്ടി മാറ്റി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി എടുക്കാത്ത വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശബരിമലയിലെ വെടി കരാറുകാർ കൈവിരൽ നീളവും വണ്ണവുമുള്ള ചെറിയ മട്ടക്ക കമ്പുകൾ മുറിച്ച് കതിന കുറ്റിക്കുവേണ്ടി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശബരിമലയിൽ ശബരിപീഠത്തിന് സമീപം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും വെടിവഴിപാട് നടത്തുവാൻ കരാർ എടുത്തിട്ടുള്ള കരാറുകാരൻ കതിനയുടെ പ്ലഗ് ആയി ഉപയോഗിക്കുന്നതിന് കാട്ടിൽനിന്നും വെട്ടിശേഖരിച്ച് വച്ചിരുന്നതായ കൈവിരൽ നീളവും വണ്ണവുമുള്ള മട്ടക്ക (Xanthophyllum arnottianum) ഇനത്തിൽപ്പെട്ട കുറ്റികൾ കണ്ടെത്തുകയും ടി കുറ്റകൃത്യത്തിന് 1-12-2014 തീയതിയിൽ സന്നിധാനം ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ മഹസർ തയ്യാറാക്കി ടി കരാറുകാരന്റെയും സഹായിയുടെയും പേരിൽ കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 27 (1)ഇ 3, വനസംരക്ഷണ നിയമത്തിലെ സെക്ഷൻ 27 (2) എന്നിവ പ്രകാരം ഒ.ആർ.-02/2014 നമ്പർ കേസ് സന്നിധാനം ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും ബഹു. റാന്നി JFMC-യിൽ ഫോം.1 റിപ്പോർട്ട് സമർപ്പിച്ച് തുടർ അന്വേഷണം നടത്തി

വരുന്നതുമാണ്.

(സി&ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കാസർഗോഡ് ജില്ലയിലെ വന്യമൃഗങ്ങളുടെ ശല്യം**

297 (2172) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനവാസകേന്ദ്രങ്ങളിലും സ്കൂൾ പരിസരത്തും പകൽ സമയങ്ങളിൽ കാട്ടാനക്കൂട്ടം ഇറങ്ങി പരിഭ്രാന്തി സൃഷ്ടിക്കുന്ന വിഷയം ഗൗരവത്തിൽ എടുത്തിട്ടുണ്ടോ ;

(സി) ജനവാസ കേന്ദ്രത്തിൽ ആന ഇറങ്ങുമ്പോൾ പേരിന് തുരത്തൽ നടപടി സ്വീകരിക്കുന്നതല്ലാതെ ആയതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാണ്ടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അതിർത്തിയിലുള്ള അഡൂർ റിസർവ് വനത്തിൽ കാട്ടാനകൾ വരാറുണ്ട്. കാസർഗോഡ് ജില്ലയിലെ വന മേഖല ജനവാസ കേന്ദ്രങ്ങളിലും കയറിയും ഇറങ്ങിയും ചുറ്റപ്പെട്ടുമാണുള്ളത്. ആനകളുടെ വനത്തിനകത്തെ വഴികളും റോഡുകളുമാണ് നാട്ടുകാരും ഉപയോഗിക്കുന്നത്. കർണ്ണാടക വനങ്ങളിൽ നിന്നുമാണ് കാസർഗോഡ് ഡിവിഷനിൽ വനമേഖലയിലേക്ക് കാട്ടാനകൾ ഇറങ്ങി വരുന്നത്. ഇങ്ങനെ വന്ന മൂന്ന് കൂട്ടം കാട്ടാനകളെ വയനാട്ടിൽ നിന്നും വന്ന എലിഫന്റ് ടാസ്ക് ഫോഴ്സിന്റെയും കണ്ണൂർ ദ്രുതകർമ്മ സേനയുടെയും സഹായത്തോടെ കർണ്ണാടക വനത്തിലേക്ക് തിരിച്ചയച്ചിട്ടുണ്ട്.

(സി) ജനവാസ കേന്ദ്രത്തിൽ ആന ഇറങ്ങുന്നത് തടയുന്നതിന് കാസർഗോഡ് ഡിവിഷനിൽ 2013-14 വർഷത്തിൽ 18.19 ലക്ഷം രൂപ ചെലവിൽ 17 കി.മീ. സോളാർ ഫെൻസിംഗ് നിർമ്മിക്കുകയുണ്ടായി. ഈ വർഷം 36 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിനും 4 ലക്ഷം രൂപ ചെലവിൽ സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണി നടത്തുന്നതിനും ഉള്ള ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വരികയുമാണ്.

## ഇക്കോടൂറിസം പദ്ധതി

298 (2173) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വീയപുരം തടി ഡിപ്പോയോടനുബന്ധിച്ച് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

വീയപുരം തടി ഡിപ്പോയോടനുബന്ധിച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

## സ്റ്റുഡന്റ്സ് അഗ്രികൾച്ചറൽ ഫോറസ്റ്റേഷൻ പ്രോഗ്രാം

299 (2174) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡൻസ് അഗ്രികൾച്ചറൽ ഫോറസ്റ്റേഷൻ പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവൽക്കരണത്തിലും പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സ്കൂളുകളിൽ പ്രസ്തുത പ്രോഗ്രാം ഈ അദ്ധ്യയന വർഷം മുതൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) എന്റെ മരം പദ്ധതിയിൽ വൃക്ഷം നട്ടുവളർത്തുന്ന വിദ്യാർത്ഥിക്ക് 10-ാം ക്ലാസ്

പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുവാൻ വിഭാവനം ചെയ്തിരുന്ന ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഭൂമിയെ ഹരിതാഭമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളിൽ അവബോധം വളർത്തുക.
2. വ്യക്തിയും ഭൂമിയും തമ്മിലുള്ള ബന്ധം വളർത്തുന്നതിന് സഹായിക്കുക.
3. വൃക്ഷങ്ങൾ നടേണ്ടതിന്റെ ആവശ്യകത വിദ്യാർത്ഥികൾക്ക് ബോദ്ധ്യപ്പെടുത്തുക.
4. കുടുംബത്തിനാവശ്യമായതിന്റെ ഒരു ഭാഗമെങ്കിലും പച്ചക്കറികൾ സ്വയം കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.
5. ഹരിതവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക.

(സി) വിദ്യാർത്ഥികൾക്ക് എന്റെ മരം പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുക, അവരെക്കൊണ്ട് അത് നട്ടുവളർത്തുന്നതിനും തുടർ പരിപാലനം നടത്തുന്നതിനും വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുക, ബന്ധപ്പെട്ട വിദ്യാർത്ഥി 10-ാം ക്ലാസ്സുവരെയും അവയെ പരിപാലിക്കുക, നിരീക്ഷണ ഫലങ്ങൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം നൽകപ്പെടുന്ന ഡോക്യുമെന്റേഷൻ കാർഡിൽ രേഖപ്പെടുത്തുക, തുടർന്ന് ടി വൃക്ഷങ്ങളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വിലയിരുത്തലിന്മേൽ ആവശ്യമെങ്കിൽ Random Verification നടത്തി ഗ്രേസ് മാർക്ക് നൽകുന്ന പ്രക്രിയയെ സുഗമമാക്കുക എന്നതുമാത്രമാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(ഡി) സ്കൂൾ കുട്ടികൾക്ക് കൃഷിയിലും വനവൽക്കരണത്തിലും പ്രോത്സാഹനം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷിക വിളകൾക്ക് നഷ്ടപരിഹാരം**

300 (2175) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇത്തരത്തിൽ അനുവദിച്ച് നൽകിയ തുകയിൽ കുടിശ്ശികയായി എത്ര രൂപ കാസർഗോഡ് ജില്ലയിൽ നൽകാനുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1980-ലെ കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടപ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്.

(ബി) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നത് 11-6-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. പ്രകാരമുള്ള വില നിലവാരം അടിസ്ഥാനമാക്കി താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് :

1. കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടത്തിന്റെ 100% (പരമാവധി 75000 രൂപ വരെ) ഓരോ കേസിനും അനുവദിക്കുന്നു.
2. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി നാല് തവണ നൽകുന്നു.
3. സംഭവം നടന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്തെ അധികാര പരിധിയിലുള്ള റെയിഞ്ച് ഓഫീസർക്ക്/ അസി. വൈൽഡ്ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

(സി) കാസർഗോഡ് ജില്ലയിലേക്ക് അനുവദിച്ച 18 ലക്ഷം രൂപയിൽ 8,68,290 രൂപ കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. കുടിശ്ശികയായി 17,00,000 രൂപ (17 ലക്ഷം രൂപ) നൽകാനുണ്ട്.

## മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുക വഴി വനങ്ങൾക്കും വനവിഭവങ്ങൾക്കും സംഭവിച്ച ദോഷം

301 (2176) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുകവഴി വനങ്ങൾക്കും വനവിഭവങ്ങൾക്കും ദോഷം സംഭവിക്കുന്നത് കേന്ദ്ര സർക്കാരിന്റെയും തമിഴ്നാട് സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത ഗവൺമെന്റുകളുടെ പ്രതികരണം എന്തായിരുന്നു ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുകവഴി വനങ്ങൾക്കും വനവിഭവങ്ങൾക്കും ഉണ്ടാകാവുന്ന ദോഷങ്ങൾ ചൂണ്ടിക്കാണിച്ച് ദേശീയ ഹരിത ട്രൈബ്യൂണലിൽ ഹർജി സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ വിഷയം കേന്ദ്ര/ തമിഴ്നാട് സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്തുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

302 (2177) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിവരെയായി ഉയർത്തുന്നതുമൂലം വെള്ളത്തിനടിയിലാവുന്ന വനഭൂമിയിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങൾ ഉൾപ്പെടുമോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിസ്തീർണ്ണം എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മുല്ലപ്പെരിയാർ കേസിന്റെ ഏതെങ്കിലും ഘട്ടങ്ങളിൽ വനം വകുപ്പ് കക്ഷിയാവുകയോ വനഭൂമിക്കും പരിസ്ഥിതിക്കും ഉണ്ടാവുന്ന നാശം സുപ്രീം കോടതിയെയോ സർക്കാരിനെയോ അറിയിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നത് പ്രദേശത്ത് മാത്രം കാണപ്പെടുന്ന ഏതെങ്കിലും സസ്യജാലങ്ങളുടേയോ ജന്തുജാലങ്ങളുടേയോ വംശനാശത്തിനു കാരണമാവും എന്ന് വനം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നതുമൂലം വലിയൊരളവ് വനപ്രദേശത്തിനും അവിടുത്തെ സസ്യ-ജന്തു ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും ഉണ്ടാവുന്ന ആഘാതത്തെ സംബന്ധിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടുണ്ടോയെന്നും ഇതുസംബന്ധിച്ച വസ്തുതകൾ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉൾപ്പെടും. പ്രസ്തുത പ്രദേശങ്ങളുടെ വിസ്തീർണ്ണം 568 ഹെക്ടർ ആണ്.

(ബി) മുല്ലപ്പെരിയാർ കേസ്സിൽ അസ്സൽ വ്യവഹാരം 3/2006-ൽ കേരള

സംസ്ഥാനവും, തമിഴ്നാട് സംസ്ഥാനവും ആണ് കക്ഷികൾ. വനം വകുപ്പ് നേരിട്ട് കക്ഷി ചേർന്നിട്ടില്ല.

(സി) ഉണ്ട്.

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്ത കേസ്സുകളിൽ കേരളത്തിന്റെ വാദങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി തയ്യാറാക്കിയ "Environmental and Social Impact Assessment of increasing the water level at Periyar lake in Periyar Tiger Reserve from 136 ft to 152 ft" എന്ന പഠന റിപ്പോർട്ട് എക്സിബിറ്റ് ആയി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്നു.

**തീപ്പെട്ടി കമ്പനികളുടെ സംരക്ഷണം**

303 (2178) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പ്രവർത്തിക്കുന്ന ആയിരത്തി അഞ്ഞൂറോളം വരുന്ന തീപ്പെട്ടി കമ്പനികളിൽ അവശേഷിക്കുന്ന 400-ൽത്താഴെ കമ്പനികൾക്കാവശ്യമായ പെരുമരം (മട്ടിമരം) ലഭ്യമല്ലാത്തതിനാൽ ഈ ഫാക്ടറികൾ പൂട്ടൽ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, തീപ്പെട്ടിക്കമ്പനികൾക്ക് അവശ്യം വേണ്ട അസംസ്കൃതവസ്തുവായ മട്ടിയുടെ ലഭ്യതക്കുറവു പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) നിലവിൽ പൂട്ടിക്കിടക്കുന്ന തീപ്പെട്ടിക്കമ്പനികളിൽ പണിയെടുത്തിരുന്ന ഇരുപതിനായിരത്തോളം വരുന്ന ബി.പി.എൽ. കുടുംബാംഗങ്ങൾക്കും, ഇപ്പോൾ പൂട്ടൽഭീഷണി നേരിടുന്ന കമ്പനികളിലെ പതിനായിരത്തോളം വരുന്ന തൊഴിലാളികൾക്കും തൊഴിൽ സംരക്ഷണം ഏർപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പുമന്ത്രിതലത്തിൽ 27-8-2006-ലും, 19-9-2008-ലും കൂടിയ ഉന്നതതലയോഗത്തിലെടുത്ത തീരുമാനപ്രകാരം മട്ടി, പാല എന്നീ മരങ്ങൾ അവശ്യസാധനനിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തണമെന്നുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) 4-5-2010-ലെ പ്രോ(4)2849/2008 കത്തു പ്രകാരം പാല, മട്ടി എന്നീ ഇനം മരങ്ങൾ 1986-ലെ കേരള അവശ്യസാധന നിയന്ത്രണനിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുള്ള ശിപാർശ അംഗീകരിച്ചിട്ടുണ്ടോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം കേരള സ്റ്റേറ്റ് മാച്ച് സ്പ്ലിന്റ് ആൻഡ് വിന്നേഴ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ നൽകിയ നിവേദനങ്ങൾ പരിഗണിച്ചിട്ടുണ്ടോ ;

(ജി) ഈ വ്യവസായത്തിനുണ്ടായിട്ടുള്ള അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിനും, ഇതിനുവേണ്ട പരിഹാരങ്ങൾ കണ്ടെത്തുന്നതിനും വേണ്ടി ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ, കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; പല ചെറുകിട വ്യവസായങ്ങൾക്കും അർഹിക്കുന്ന സംരക്ഷണം കിട്ടാത്തതിനാൽ ഇത്തരം വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് പറിച്ചുമാറ്റപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീപ്പെട്ടി കമ്പനികൾക്ക് അവശ്യം വേണ്ട അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മട്ടി, പാല, ഇലവ് എന്നീ മരങ്ങളെ അവശ്യസാധന നിയന്ത്രണ നിയമത്തിന്റെ കീഴിൽ കൊണ്ടുവരിക, പ്രസ്തുത മരങ്ങൾ സംസ്ഥാനത്തിന് വെളിയിലേക്ക് കടത്തുന്നത് നിരോധിക്കുക തുടങ്ങിയ ആവശ്യങ്ങളിന്മേൽ പഠനം നടത്തുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ 262/2014/വനം, 12-6-2014 പ്രകാരം ശ്രീ. സി. ജെ. ടെഗ്ഗി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്), ശ്രീ. മാമൻ, സയന്റിസ്റ്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരെ നിയോഗിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച നിവേദനം ലഭിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പുമന്ത്രിതലത്തിൽ 27-8-2006, 19-9-2008 എന്നീ തീയതികളിൽ നടന്ന യോഗ നടപടിക്കുറിപ്പ് പ്രകാരം തടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ആവശ്യമാണോ എന്ന വിഷയമാണ് പരിശോധിക്കാൻ തീരുമാനിച്ചിരുന്നത്.

(ഇ) അംഗീകരിച്ചിട്ടില്ല.

(എഫ്) പരിഗണിച്ചിട്ടുണ്ട്.

(ജി) പാല, മട്ടി, ഇലവ് എന്നീ ഇനം മരങ്ങളെ അവശ്യസാധന നിയന്ത്രണ

നിയമത്തിന്റെ കീഴിൽ കൊണ്ടുവരിക, പ്രസ്തുത മരങ്ങൾ സംസ്ഥാനത്തിന് വെളിയിലേക്ക് കടത്തുന്നത് നിരോധിക്കുക തുടങ്ങിയ കേരള സ്റ്റേറ്റ് മാച്ച് സ്പ്ലിന്റ് ആൻഡ് വിന്നേഴ്സ് മാനുഫാക്ച്ചേഴ്സ് അസോസിയേഷന്റെ ആവശ്യങ്ങളിന്മേൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 12-6-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 262/2014/വനം, പ്രകാരം ഒരുവിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടി സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ചെറുകിട വ്യവസായങ്ങൾക്കും അർഹിക്കുന്ന സംരക്ഷണം കിട്ടാത്തതിനാൽ ഇത്തരം വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് പറിച്ചു മാറ്റപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 152 അടിയായി ഉയർത്തുന്നതു സംബന്ധിച്ച പഠന റിപ്പോർട്ട്

304 (2179) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 152 അടിയായി ഉയർത്തുന്നതു സംബന്ധിച്ചുള്ള കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ട് ലഭിച്ചതെന്നാണ് ;

(ബി) പ്രസ്തുത പഠന സംഘത്തിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു ; പഠന റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് സുപ്രീം കോടതിയിൽ ഹാജരാക്കാൻ കഴിഞ്ഞില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) 2000-മാർച്ചിലാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'Environmental & Social Impact Assessment of increasing the water level at Periyar Lake in Periyar Tiger Reserve' എന്ന റിപ്പോർട്ട് തയ്യാറാക്കിയത്.

(ബി) 1. ഡോ. എ. ആർ. ആർ. മേനോൻ, കെ.എഫ്.ആർ.ഐ.

2. ഡോ. പി. എസ്. ഈസ, കെ.എഫ്.ആർ.ഐ.

3. ഡോ. എൻ.ശശിധരൻ, കെ.എഫ്.ആർ.ഐ.

4. ഡോ. എസ്. ശങ്കർ, കെ.എഫ്.ആർ.ഐ.

5. വൈൽഡ് ലൈഫ് പ്രിസർവേഷൻ ഓഫീസർ എന്നിവരാണ് പഠന സംഘത്തിലെ അംഗങ്ങൾ.

പ്രസ്തുത പഠന റിപ്പോർട്ടിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 152 അടിയിലേക്ക് ഉയർത്തുമ്പോൾ അത് വനമേഖലയിലെ ജൈവ-ആവാസ വ്യവസ്ഥയെയും, വന്യജീവികളെയും, പ്രദേശത്തെ ടൂറിസത്തെയും ആദിവാസി സമൂഹത്തെയും പ്രതികൂലമായി ബാധിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുകയും ജല നിരപ്പ് 152 അടിയായി ഉയർത്തുവാൻ പാടില്ലായെന്ന് ശക്തമായി ശിപാർശ ചെയ്യുകയുമുണ്ടായി.

(സി) പ്രസ്തുത പഠന റിപ്പോർട്ട് Kerala Document No 5 ആയി അസ്സൽ വ്യവഹാരം നമ്പർ 3/2006-ൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ആക്ഷേപം ഉദിക്കുന്നില്ല.

**ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കോപ്പ് പ്രോജക്ട് പദ്ധതി (HRMLP)**

305 (2180) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കേപ്പ് പ്രോജക്ട് (HRMLP) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നത് ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; ഏത് ഏജൻസി/ സ്ഥാപനം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കുന്നതിന് വിദേശ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ; എത്ര രൂപയുടേതാണ് വാഗ്ദാനം ; ഏത് രാജ്യത്തെ ഏത് ഏജൻസി/സ്ഥാപനം ആണ് വാഗ്ദാനം നൽകിയിട്ടുള്ളത് ;

(ഡി) സാമ്പത്തിക സഹായത്തിന്റെ വ്യവസ്ഥകൾ വിശദമാക്കുമോ ; ഈ വ്യവസ്ഥകൾ അംഗീകരിച്ച് സംസ്ഥാന സർക്കാർ കരാർ ഒപ്പിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരെങ്കിലും വിദേശയാത്ര നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാമാണ് വിദേശയാത്ര നടത്തിയത് ; എവിടെയാണ് യാത്ര ചെയ്തത് ; ചെലവ് ആരാണ് വഹിച്ചത് ; വിശദാംശം നല്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് മൂന്നാർ ലാൻഡ് സ്കോപിന്റെ ഭാഗമായി കണക്കാക്കിയിട്ടുള്ള ദേവികുളം, ഉടുമ്പൻചോല, കോതമംഗലം, കുന്നത്തുനാട്, മുകുന്ദപുരം എന്നീ 5 താലൂക്കുകളിലാണ് ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കോപ്പ് പ്രോജക്ട് (HRML Project) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) മൂന്നാർ ഭൂപ്രദേശത്തിന് മൊത്തമായ ഒരു പരിസ്ഥിതി ജൈവ വൈവിദ്ധ്യ സംരക്ഷണ പദ്ധതി മറ്റ് വകുപ്പുകളുടേയും ഏജൻസികളുടേയുമെല്ലാം താല്പര്യം കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കുക, പ്രദേശത്തെ വന്യജീവി സങ്കേതങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക, ഊർജ്ജക്ഷമത വർദ്ധിപ്പിക്കുക, ഇടമലക്കുടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായുള്ള സാങ്കേതിക സഹായങ്ങളൊരുക്കുക, ടൂറിസം, ഏലം, തേയില, മേഖലകളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാങ്കേതിക സഹായം നല്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

ഐക്യരാഷ്ട്ര സംഘടനയുടെ ഘടകസംഘടനയായ UNDP മുഖേന, ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി (GEF)-യുടെ ധനസഹായത്തോടെ കേരള സംസ്ഥാന വനം വകുപ്പുവഴി കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) പദ്ധതി നടപ്പാക്കുന്നതിന് ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റിയുടെ 6.27 Million US $ (ഉദ്ദേശം 35 കോടി രൂപ) ധനസഹായമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്.

(ഡി) ഐക്യരാഷ്ട്ര സംഘടനയുടെ ഘടകസംഘടനയായ United Nations Development Programme മുഖേന, ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റിയിൽ നിന്നും ധനസഹായം 100% ഗ്രാന്റായാണ് ലഭിക്കുന്നത്. ഇതിന് പ്രത്യേക വ്യവസ്ഥകളൊന്നും ഇല്ല. പദ്ധതി നടപ്പിലാക്കുമ്പോൾ കാലാകാലങ്ങളിൽ പദ്ധതി പുരോഗതി വിലയിരുത്തണമെന്നും, പദ്ധതി നടത്തിപ്പിലേക്കൊരുക്കുന്ന സൗകര്യങ്ങളുടെ പൂർണ്ണ സുരക്ഷയുറപ്പാക്കണമെന്നും, UNDP-യിൽനിന്നും ലഭ്യമാകുന്ന ധനസഹായമുപയോഗിച്ച് തീവ്രവാദ ബന്ധമുള്ള വ്യക്തികളേയോ ഏജൻസികളേയോ സഹായിക്കാൻ പാടില്ലെന്നും, വർഷം തോറുമുള്ള പദ്ധതി ചെലവു വിവരങ്ങൾ ആഡിറ്റ് ചെയ്യണമെന്നും UNDP-യെ അറിയിക്കണമെന്നുമുള്ള പൊതു വ്യവസ്ഥകളാണ് പദ്ധതിരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതിരേഖ സംസ്ഥാന സർക്കാരിനുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി, വനം

വന്യജീവി വകുപ്പ് 15-5-2014 തീയതിയിൽ ഒപ്പിട്ടുകയും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കുകയും, കേന്ദ്ര സർക്കാർ ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തു നിന്നും ചീഫ് സെക്രട്ടറി ശ്രീ. ഇ. കെ. ഭരത് ഭൂഷന്റെ നേതൃത്വത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥർ സിഡ്നിയിലേക്ക് യാത്ര നടത്തുകയുണ്ടായി.

| | |
|---|---|
| 1. ശ്രീ. പി. കെ. മൊഹന്തി | അഡീ. ചീഫ്.സെക്രട്ടറി, വനം വന്യജീവി വകുപ്പ്. |
| 2. ശ്രീ. ജി. ഹരികുമാർ | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ |
| 3. ശ്രീ. സുബ്രതോബിശ്വാസ് | പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്. |
| 4. ഡോ. രാജൻ ഖോബ്രാഗഡെ | സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് |
| 5. ഡോ. അമിത് മല്ലിക് | ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം |
| 6. ശ്രീ. സഞ്ജയൻ കുമാർ | ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർച്ച് |
| 7. ശ്രീ. അജിത് പാട്ടീൽ | ജില്ലാ കളക്ടർ, ഇടുക്കി |
| 8. ശ്രീ. എം. റ്റി. തോമസ് | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി. |
| 9. ശ്രീ. എൽദോസ് കുന്നപ്പള്ളി | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എറണാകുളം |

പദ്ധതി നടപ്പാക്കാൻ സഹായിക്കുന്ന, ഐക്യരാഷ്ട്ര സഭയുടെ ഘടക സംഘടനയായ, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം ആണ് ഈ സന്ദർശനത്തിന്റെ ചെലവ് വഹിച്ചത്.

**മുല്ലപ്പെരിയാർ സംഭരണശേഷി വർദ്ധനവ്**

306 (2181) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സംഭരണശേഷി 142 അടിയായി ഉയർത്തിയ തിനെതിരെ സംസ്ഥാന വനം വകുപ്പ് ദേശീയഹരിത ട്രൈബ്യൂണലിനെ സമീപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മുല്ലപ്പെരിയാറിന്റെ സംഭരണശേഷി 142 അടിയായി ഉയർത്തിയതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും, വനം-വന്യജീവി സമ്പത്തിനുണ്ടാകുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ചും പ്രാഥമിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടമേഖല പരിധിയിൽ ശബരിമല ഉൾപ്പെടുന്ന പത്തനംതിട്ട ജില്ല ഉൾപ്പെടുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ വിഷയവും ഹരിത ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കേരളത്തിന്റെ ജലവിഭവ വകുപ്പ്, ഡോ. ധ്രുബജ്യോതി ഘോഷ്, റീജിയണൽ വൈസ് ചെയർമാൻ (സൗത്ത് ഏഷ്യ) കമ്മീഷൻ ഓൺ ഇക്കോ സിസ്റ്റം മാനേജ്മെന്റ്, IUCN (International Union For Conservation of Nature) ചെയർമാനായി രൂപീകരിച്ച 3 അംഗനാഷണൽ എക്സ്പെർട്ട് കമ്മിറ്റിയുടെ മേയ് 2007-ലെ റിപ്പോർട്ടിൽ (An Assessment of the Ecological Impact of Water Level Increase at Mullapperiyar Dam) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നത് വനമേഖലയിലെ ജൈവ ആവാസവ്യവസ്ഥയെ ബാധിക്കുന്നതെങ്ങനെ എന്ന് പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2000-ലെ "Enviornmental and Social Impact Assessment of Increasing the Water Level At Periyar Lake in Periyar Tiger Reserve" എന്ന റിപ്പോർട്ടിലും ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. മുഖ്യ വനപാലകൻ ആയിരുന്ന ശ്രീ.വി. ഗോപിനാഥന്റെ നേതൃത്വത്തിൽ 2014 നവംബർ മാസത്തിൽ നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ അനുബന്ധമായി

ചേർക്കുന്നു.*

(ഡി) ഇല്ല. എന്നിരുന്നാലും തടാകതീരത്തെ വന പ്രദേശങ്ങൾ വെള്ളത്തിനടിയിലായതുമൂലം പരമ്പരാഗത സഞ്ചാരപഥങ്ങൾ നഷ്ടപ്പെടുന്ന വന്യജീവികൾ ശബരിമല ഉൾപ്പെടെയുള്ള വനഭാഗങ്ങളിലേയ്ക്ക് നീങ്ങുന്നത് ശബരിമല ഭാഗങ്ങളിൽ തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇക്കാര്യവും ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വന്യജീവികളിൽ നിന്നുള്ള ആക്രമണങ്ങൾ**

307 (2182) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാതിർത്തിയോട് ചേർന്ന് ജീവിക്കുന്ന മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും വന്യജീവികളിൽ നിന്നുണ്ടാകുന്ന ആക്രമണങ്ങളാൽ അപകടങ്ങളുണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വന്യജീവികളിൽ നിന്നുള്ള ആക്രമണങ്ങളിൽ ജീവനും സ്വത്തിനും നാശനഷ്ടം നേരിടുന്നവർക്ക് നിലവിൽ എന്തെല്ലാം നഷ്ടപരിഹാരം നൽകുന്നുണ്ട് ;

(സി) കൂടോ, മയക്കുവെടിയോ വെച്ചോ പിടിച്ച് ദൂരെയുള്ള കാടുകളിൽ കൊണ്ടുപോയി വിടുന്ന വന്യമൃഗങ്ങൾ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുന്നതെന്ന് അറിയിക്കാമോ ;

(ഇ) നാട്ടിലിറങ്ങുന്ന വന്യജീവികളെക്കുറിച്ചുള്ള പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വന്യജീവി സംരക്ഷണ നിയമം 1972-ന്റെ 1 മുതൽ 4 വരെ ഷെഡ്യൂളിൽപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിനും, ജീവഹാനിക്കും പരിക്കിനും ജനങ്ങൾക്ക് ധനസഹായം നൽകാൻ 1980-ൽ നിലവിൽ വന്ന 'കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ്, 1980' എന്ന ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. നമ്മുടെ നാട്ടിലെ വന്യമൃഗ-മനുഷ്യ സംഘർഷങ്ങൾക്ക് കാരണമാകുന്ന മിക്ക വന്യജീവികളും വന്യജീവി സംരക്ഷണ നിയമത്തിന്റെ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്നവയാണ്. നിലവിലുള്ള നഷ്ടപരിഹാര തുക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകൂ എന്നുള്ള വ്യവസ്ഥ വർഷത്തിൽ നാല് തവണ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

ഇൻഷ്വറൻസ് പരിരക്ഷ :

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലും വനത്തിനോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും ചുവടെ പറയും പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

(എ) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് (വിശദ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു)*

(ബി) വനത്തിന് പുറത്ത് താമസിക്കുന്ന മറ്റുള്ളവർ

ഈ വിഭാഗത്തിൽ വന്യജീവികളുടെ ആക്രമണംമൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. അപേക്ഷകൾ അപകടം സംഭിച്ച സ്ഥലത്തെ റെയിഞ്ച് ഓഫീസർവഴി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതാണ്.

(സി) ദൂരെയുള്ള കാടുകളിൽ കൊണ്ടുവിടുന്ന വന്യമൃഗങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം സി-യുടെ വെളിച്ചത്തിൽ ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) നാട്ടിലിറങ്ങുന്ന വന്യജീവികളെക്കുറിച്ചുള്ള പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിലേക്കായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
3. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
4. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം.
5. വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി പ്രതിരോധമതിൽ, പ്രതിരോധകിടങ്ങ്, സൗരോർജ്ജ കമ്പിവേലി എന്നിവയുടെ നിർമ്മാണം.
6. വന്യജീവിമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി.
7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളുടെയും ചെക്കുഡാമുകളുടെയും നിർമ്മാണം.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

308 (2183) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; നഷ്ടപരിഹാര തുകയിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്രകാരം നഷ്ടപരിഹാരത്തുക നൽകുന്നതിൽ കാലതാമസം നേരിടുന്ന കേസ്സുകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നല്കുന്നത് 11-6-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 239/2012/ ഡി.എം.ഡി. പ്രകാരമുള്ള വില നിലവാരം അടിസ്ഥാനമാക്കി താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് :

1. കൃഷിനാശം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ 100%(പരമാവധി 75,000 രൂപ വരെ) ഓരോ കേസിനും അനുവദിക്കുന്നു.
2. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി നാല് തവണ നൽകുന്നു.
3. സംഭവം നടന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്തെ അധികാരപരിധിയിലുള്ള റെയിഞ്ചാഫീസർക്ക്/അസി. വൈൽഡ്ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

നഷ്ടപരിഹാരത്തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി വനം വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്രകാരമുള്ള കേസ്സുകളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ച് വരുന്നു.

**കസ്തൂരിരംഗൻ റിപ്പോർട്ട്**

309 (2184) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട സംരക്ഷണത്തിന് ഗാഡ്ഗിൽ സമിതി റിപ്പോർട്ടാണോ അതിനെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കസ്തൂരിരംഗൻ റിപ്പോർട്ടാണോ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) കസ്തൂരി രംഗൻ റിപ്പോർട്ടിൽ സംസ്ഥാനത്തെ എത്ര വില്ലേജുകളാണ് പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വില്ലേജുകളിൽ ഏതെങ്കിലും തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഈ വില്ലേജുകളിൽ ജനങ്ങൾക്ക് അവരുടെ ഭൂമി സ്വന്തമായി ക്രയവിക്രയം ചെയ്യുന്നതിനും പണയപ്പെടുത്തുന്നതിനും തടസ്സം സൃഷ്ടിച്ചുകൊണ്ടുള്ള എന്തെങ്കിലും ഉത്തരവുകൾ ഏതെങ്കിലും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതു നീക്കം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാനാണ് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുള്ളത്.

(ബി) 123 വില്ലേജുകൾ.

(സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 20-12-2013-ൽ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം ഖനനം, പാറഖനനം, മണൽ വാരൽ, താപോർജ്ജ പ്ളാന്റുകൾ, 20,000 ചതുരശ്ര മീറ്ററോ അതിലധികമോ വലിപ്പമുള്ള കെട്ടിട നിർമ്മാണം, 50 ഹെക്ടറോ അതിലധികമോ ഉള്ള നഗര വികസന പദ്ധതികൾ, 150000 ചതുരശ്ര മീറ്ററോ അതിലധികമോ ഉള്ള കെട്ടിട സമുച്ചയങ്ങൾ, ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ എന്നിവയ്ക്ക് നിയന്ത്രണമുണ്ട്.

(ഡി) പരിസ്ഥിതി വകുപ്പിൽനിന്നും ഇത്തരം ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**ഫ്ളക്സ് നിരോധനം**

310 (2185) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലക്സ് നിരോധനവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഫ്ളക്സ് ബോർഡുകൾക്ക് അതിലേർപ്പെട്ടിരിക്കുന്ന സംരംഭകരുടെയും തൊഴിലാളികളുടെയും താൽപര്യം കണക്കിലെടുത്ത് ഉടനടി പൂർണ്ണ നിരോധനം ഏർപ്പെടുത്താതെ, 6-11-2014-ൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 195/2014/ തസ്വഭവ പ്രകാരം ഘട്ടം ഘട്ടമായി നിയന്ത്രണം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

**വിജ്ഞാപനം ചെയ്ത പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ**

311 (2186) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ടത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഏതെല്ലാം പ്രദേശങ്ങളാണ് പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ളത് ;

(ബി) ഇങ്ങനെ വിജ്ഞാപനം ചെയ്തിട്ടുള്ള ആകെ ഭൂമിയുടെ വിസ്തൃതി എത്രയാണ് ;

(സി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച റിപ്പോർട്ടിൽ ഏതെല്ലാം പ്രദേശങ്ങളാണ് പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നുള്ള ജില്ല തിരിച്ചും വില്ലേജ് തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) 2014 മാർച്ച് 10-ലെ കേന്ദ്രസർക്കാരിന്റെ കരട് വിജ്ഞാപന പ്രകാരം പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളായി ഉൾപ്പടുത്തിയിട്ടുള്ള പ്രദേശങ്ങളുടെ വിവരം സംസ്ഥാനം, ജില്ല, വില്ലേജ് ഇവ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.* കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം 59940 ചതുരശ്ര കിലോ മീറ്ററാണ് പരിസ്ഥിതിലോല പ്രദേശങ്ങളായി കണക്കാക്കിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്നാൽ മേൽ സൂചിപ്പിച്ച കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിസ്തൃതി 56825 ചതുരശ്ര കിലോ മീറ്ററായി കുറവുചെയ്തിട്ടുണ്ട്. കേരളത്തിന്റെ അഭ്യർത്ഥന പരിഗണിച്ചാണ് വിസ്തൃതിയിൽ കുറവു വരുത്തിയത്. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ സംസ്ഥാനത്ത് പരിസ്ഥിതിലോല പ്രദേശമായി കണക്കാക്കിയിരുന്നത് 13108 ചതുരശ്ര കിലോമീറ്ററായിരുന്നു. കരട് വിജ്ഞാപനത്തിൽ ഇത് 9993.7 ചതുരശ്ര കിലോ മീറ്ററായി ചുരുക്കി. (ഇതിൽ 886.7 ചതുരശ്ര കി.മീ. മാത്രമാണ് വനേതര പ്രദേശം). കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ ജില്ല-വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**പരിസ്ഥിതി ദുർബ്ബലപ്രദേശ നിയമം**

312 (2187) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി ദുർബ്ബല പ്രദേശ നിയമ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) പരിസ്ഥിതി ദുർബ്ബലപ്രദേശ നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ രണ്ടു ഹെക്ടർ വരെയുള്ള ഭൂമി ഭൂവുടമകൾക്ക് തിരിച്ചു നൽകുവാനുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിക്കുന്നത് ;

(ഡി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഇതിന്റെ ഗുണഭോക്താക്കൾ എത്രപേരാണ് ;

(എഫ്) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി ദുർബ്ബലപ്രദേശ നിയമപ്രകാരം സംസ്ഥാനത്ത് 14591 ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പരിസ്ഥിതി ദുർബ്ബലപ്രദേശമായി ഏറ്റെടുത്ത ഭൂമിയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| പാലക്കാട് | 5270.69 ഹെക്ടർ |
| വയനാട് | 3004.86 ഹെക്ടർ |
| കോഴിക്കോട് | 1544.99 ഹെക്ടർ |
| ഇടുക്കി | 1411.82 ഹെക്ടർ |
| മലപ്പുറം | 1285.09 ഹെക്ടർ |
| തിരുവനന്തപുരം | 885.26 ഹെക്ടർ |
| കാസർകോട് | 662.90 ഹെക്ടർ |
| കണ്ണൂർ | 491.26 ഹെക്ടർ |
| കൊല്ലം | 273.72 ഹെക്ടർ |
| തൃശ്ശൂർ | 80.04 ഹെക്ടർ |
| ആകെ | 14910.63 ഹെക്ടർ |

ഇതിൽ 319 ഹെക്ടർ ഭൂമി ഇ.എഫ്.എൽ. പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) 5-3-2014 തീയതിയിലെ മന്ത്രിസഭാ തീരുമാനപ്രകാരം 2 ഹെക്ടർ വരെയുള്ള ഇ.എഫ്.എൽ. ഭൂമി വിട്ടു നൽകുന്നതിന് തീരുമാനിച്ചിരുന്നു. മേൽ തീരുമാനം നടപ്പിലാക്കുന്നതിനായുള്ള സത്വര നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു. ഇ.എഫ്.ഇൽ. ഭൂമി വിട്ടുകൊടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

(ഡി) അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഇ) രണ്ട് ഹെക്ടറിൽ താഴെ എത്ര പേരുടെ ഭൂമി സർക്കാർ ഏറ്റെടുത്തു എന്ന വിവരം ലഭ്യമല്ല. എന്തെന്നാൽ ഉടമസ്ഥാവകാശം നോക്കിയിട്ടല്ല വിജ്ഞാപനങ്ങൾ നടത്തിയിരിക്കുന്നത്. സ്ഥലത്തു നിൽക്കുന്ന വൃക്ഷങ്ങളുടെ സ്വഭാവവും കിടപ്പും കണക്കാക്കി സർവ്വേനമ്പരും മറ്റു വിവരങ്ങളും രേഖപ്പെടുത്തിയാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. 2010 ൽ 2 ഹെക്ടറിൽ താഴെ വരുന്ന സ്ഥലത്തിന്റെ ഉടമസ്ഥർക്ക് അപേക്ഷിക്കാൻ അവസരം നൽകിയപ്പോൾ 1050 ഓളം അപേക്ഷകൾ ലഭിച്ചിരുന്നു. മൊത്തത്തിൽ 2 ഹെക്ടറിനു താഴെയുള്ള ഭൂമിയുടെ ഏകദേശം 2000 ഉടമസ്ഥരുണ്ടാകുമെന്ന് അനുമാനിക്കുന്നു.

(എഫ്) നിലവിൽ സാധുവായ 383 അപേക്ഷകൾ വിവിധ ഘട്ടങ്ങളായിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

| | |
|---|---|
| തൃശ്ശൂർ | 19 |
| കണ്ണൂർ | 4 |
| കാസർകോഡ് | 2 |
| ഇടുക്കി | 28 |
| കോഴിക്കോട് | 87 |
| പാലക്കാട് | 164 |
| വയനാട് | 29 |
| കോട്ടയം | 24 |
| മലപ്പുറം | 26 |
| ആകെ | 383 |

**പരിസ്ഥിതി ദുർബ്ബലപ്രദേശ നിയമം**

313 (2188) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി ദുർബ്ബലപ്രദേശ നിയമമനുസരിച്ച് ഓരോ ജില്ലയിലും പരിസ്ഥിതി ദുർബ്ബലപ്രദേശങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജില്ല തിരിച്ചും വില്ലേജ് തിരിച്ചുമുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| | |
|---|---|
| പാലക്കാട് | 5270.69 ഹെക്ടർ |
| വയനാട് | 3004.86 ഹെക്ടർ |

| | |
|---|---|
| കോഴിക്കോട് | 1544.99 ഹെക്ടർ |
| ഇടുക്കി | 1411.82 ഹെക്ടർ |
| മലപ്പുറം | 1285.09 ഹെക്ടർ |
| തിരുവനന്തപുരം | 885.26 ഹെക്ടർ |
| കാസർകോട് | 662.90 ഹെക്ടർ |
| കണ്ണൂർ | 491.26 ഹെക്ടർ |
| കോട്ടയം | 273.72 ഹെക്ടർ |
| തൃശ്ശൂർ | 80.04 ഹെക്ടർ |
| ആകെ | 14910.63 ഹെക്ടർ |

ഇതിൽ 319 ഹെക്ടർ ഭൂമി ഇ.എഫ്.എൽ. പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**വനം വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി**

314 (2189) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവിറക്കിയത് എന്നുമുതലാണെന്നും ഏതു തീയതി മുതലാണ് ഈ ഭേദഗതിക്ക് പ്രാബല്യം ഉണ്ടായിരുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റൂൾ ഭേദഗതിക്ക് നിയമസഭാ വനം പരിസ്ഥിതി സബ്ജക്റ്റ് കമ്മിറ്റി അംഗീകാരം നൽകിയതായി അറിയാമോ ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സ.ഉ(പി) നമ്പർ 80/2014/വനം തീയതി 10-9-2014 (SRO നമ്പർ 571/2014) പ്രകാരം ഭേദഗതി 23-9-2014-ലെ 2328 നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് സ.ഉ.(പി) നമ്പർ 84/2014/നമ്പർ തീയതി 20-9-2014 (SRO No.574/2014) പ്രകാരം ഭേദഗതി വരുത്തി 23-9-2014-ലെ 2336 നമ്പർ അസാധാരണ ഗസറ്റിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിജ്ഞാപനം ചെയ്തിട്ടുണ്ട്. വനം വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത സർക്കാർ ഉത്തരവ് തീയതി മുതൽ ഭേദഗതി പ്രാബല്യമുണ്ട്.

(ബി) കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ ഭേദഗതിക്ക് സബ്ജക്ട് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. 3-7-2013-ൽ കൂടിയ സമിതിയോഗമാണ് അംഗീകാരം നൽകിയത്.

## മുല്ലപ്പെരിയാർ പാരിസ്ഥിതിക പ്രശ്നങ്ങൾ ജസ്റ്റിസ് ആനന്ദ് കമ്മിറ്റി മുൻപാകെ ഉന്നയിക്കാതിരുന്നതിന്റെ കാരണം

315 (2190) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടി കവിയുമ്പോൾ ഉണ്ടാകുന്ന വനനശീകരണം ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സുപ്രീം കോടതി നിയമിച്ച ജസ്റ്റിസ് ആനന്ദ് കമ്മിറ്റി മുൻപാകെ ഉന്നയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ജലനിരപ്പ് 142 അടിയായി ഉയർന്നതുമൂലമുണ്ടായ നാശനഷ്ടങ്ങൾ കേന്ദ്ര സർക്കാരിനു മുമ്പാകെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന് മുമ്പാകെയോ സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടി കവിയുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വിശദമാക്കുന്ന കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ "Enviornmental and Social Impact Assessment of Increasing the Water Level at Periyar Lake in Periyar Tiger Reserve" എന്ന 2000-ലെ റിപ്പോർട്ട് കേരള ഡോക്യുമെന്റ് 5 ആയിട്ടും, കേരള ജലവിഭവ വകുപ്പ്, ഡോ. ധ്രുബജ്യോതിഘോഷ്, റീജിയണൽ വൈസ് ചെയർമാൻ (സൗത്ത് ഏഷ്യ) കമ്മീഷൻ ഓൺ ഇക്കോ സിസ്റ്റം മാനേജ്മെന്റ്, IUCN (International Union For Conservation of Nature) ചെയർമാനായി രൂപീകരിച്ച 3 അംഗ നാഷണൽ എക്സ്പെർട്ട് കമ്മിറ്റിയുടെ മേയ് 2007-ലെ റിപ്പോർട്ട് (An Assessment of the Ecological Impact of Water Level Increase at Mullapperiyar Dam) Kerala Document 6 ആയിട്ടും അസ്സൽ

വ്യവഹാരം നമ്പർ 3/2006-ൽ സമർപ്പിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ മുമ്പിൽ സമർപ്പിച്ച എല്ലാ രേഖകളും പഠന റിപ്പോർട്ടുകളും ജസ്റ്റിസ് ആനന്ദ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ജലനിരപ്പ് 142 അടിയായി ഉയർന്നതുമൂലമുണ്ടായ നാശനഷ്ടങ്ങൾ ബഹു. മുഖ്യമന്ത്രിയും ബഹു. പ്രതിപക്ഷ നേതാവും ഉൾപ്പെടുന്ന സംഘം കേന്ദ്രസർക്കാരിനെ അറിയിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ ഹരിത ട്രൈബ്യൂണലിനെ സമീപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**ദേശീയ ഗെയിംസും പദ്ധതികളും**

316 (2191) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച മിഷൻ മോഡ് പദ്ധതികൾ ഏതെല്ലാമാണ് ;

(സി) മിഷൻ മോഡ് സ്കീമിൽ ഉൾപ്പെടുത്തി ഇനിയും പൂർത്തീകരിക്കേണ്ട പദ്ധതികൾ ഏതെല്ലാമാണ് വിശദമാക്കാമോ ?

ഉത്തരം

(എ) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിനായുള്ള തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ദേശീയ ഗെയിംസിനായി 16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനരുദ്ധാരണവും, 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 10 താൽക്കാലിക നിർമ്മിതികളുമാണ് സജ്ജമാകുന്നത്. ഇതിൽ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങൾ 2014 ഡിസംബർ 30-ഓടെ സജ്ജമാകും. പണി പൂർത്തിയായ സ്റ്റേഡിയങ്ങളിൽ മത്സരം നടത്തുന്നതിന് വേണ്ടി വരുന്ന മറ്റ് ടെക്നിക്കൽ ആവശ്യങ്ങൾ/താല്കാലിക സൗകര്യങ്ങൾ എന്നിവ തയ്യാറായി

വരുന്നുണ്ട്. ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന, ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസസൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരത്ത് മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഗെയിംസ് വില്ലേജിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായി. ഗെയിംസ് വില്ലേജിലെ മറ്റ് അനുബന്ധപ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഗെയിംസ് നടക്കുന്ന തിരുവനന്തപുരം ഒഴികെയുള്ള മറ്റ് ജില്ലകളിൽ കായിക താരങ്ങൾക്കും, ഒഫീഷ്യൽസിനും താമസസൗകര്യം ഏർപ്പാടാക്കുന്നതിന് അക്കോമഡേഷൻ കമ്മിറ്റി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

35-ാമത് ദേശീയ ഗെയിംസിന്റെ ഫലപ്രദമായ നടത്തിപ്പിനു വേണ്ടി ബഹു: മുഖ്യമന്ത്രി ചെയർമാനായുള്ള നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും, കൂടാതെ 27 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ജില്ലാതലപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ബഹു.മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ/പ്രാദേശിക കമ്മിറ്റികളും, പ്രത്യേക ചുമതലകൾ നൽകിക്കൊണ്ട് 22 സംസ്ഥാനതല സബ് കമ്മിറ്റികളും രൂപീകരിച്ച് ഗെയിംസ് മികച്ച രീതിയിൽ നടത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 35-ാമത് ദേശീയ ഗെയിംസിലെ മത്സരങ്ങളുടെ നടത്തിപ്പിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നുണ്ട്. ഗെയിംസിനായുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചതിൽ, രാജ്യാന്തരം ഉൾപ്പെടെ, വിവിധ ഇനങ്ങൾക്കായി 19 സപ്ലൈ ഓർഡറുകൾ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്.

(ബി&സി) താഴെപ്പറയുന്ന പ്രവർത്തികളാണ് മിഷൻമോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം
2. ട്രാപ്പ് & സ്കീറ്റ്, മൂക്കുന്നിമല
3. ഹോക്കി സ്റ്റേഡിയം, കൊല്ലം
4. ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ

മൂക്കന്നിമലയിൽ നടത്താനിരുന്ന ട്രാപ്പ് & സ്കീറ്റ് റേഞ്ച് നിർമ്മാണം സാങ്കേതിക കാരണങ്ങളാൽ ഉപേക്ഷിക്കുകയും, പുതുതായി ട്രാപ്പ് & സ്കീറ്റ് ഷൂട്ടിംഗ് റേഞ്ച് നിർമ്മിക്കുന്നതിന് തൃശ്ശൂർ പോലീസ് അക്കാഡമിയിൽ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞിട്ടുള്ള മിഷൻ മോഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള താഴെപ്പറയുന്ന പ്രവർത്തികൾ ഡിസംബർ മാസത്തോടെ പൂർത്തിയാകുന്നതാണ്.

1. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം
2. ട്രാപ്പ് & സ്കീറ്റ്, പോലീസ് അക്കാഡമി, തൃശ്ശൂർ (മൂക്കന്നിമല പദ്ധതിക്കു പകരം)
3. ഹോക്കി സ്റ്റേഡിയം, കൊല്ലം

**കായിക താരങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

317 (2192) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന തലങ്ങളിൽ കായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന പല കായിക താരങ്ങളും ഉപജീവന മാർഗ്ഗത്തിന് ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കായിക താരങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത നിയമനങ്ങളിൽ കായിക താരങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായികതാരങ്ങളുടെ നേട്ടത്തിനും വിദ്യാഭ്യാസ യോഗ്യതയ്ക്കും ആനുപാതികമായി ഇപ്പോൾ 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ തസ്തികകളിൽ ഓരോ സാമ്പത്തിക വർഷവും ജോലി നൽകുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ്

കൗൺസിലിൽ സോഫ്റ്റ്ബോൾ കായികതാരമായ ശ്രീ. അരുൺ. ടി. എസ്, ഫുട്ബോൾ കായികതാരമായ ശ്രീമതി പ്രീത ജെറാൾഡ് എന്നിവർക്ക് പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിൽ ജോലി നൽകിയിട്ടുണ്ട്. കൂടാതെ ഒളിമ്പ്യൻ ശ്രീ. പി. ആർ. ശ്രീജേഷിന് വിദ്യാഭ്യാസ വകുപ്പിലും അന്ധക്രിക്കറ്റർ ശ്രീ. മനീഷിന് റവന്യൂ വകുപ്പിലും ജോലി നൽകിയിട്ടുണ്ട്.

(സി & ഡി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്സ് ക്വാട്ടയിൽ നടത്തിയ നിയമനം സംബന്ധിച്ച് വിവരം ശേഖരിച്ച വരുന്നു.

**സൈ്റ്റൽ പദ്ധതി**

318 (2193) <u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക യുവജനകാര്യാലയത്തിന്റെ സൈ്റ്റൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14-ൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഈ പദ്ധതിയുടെ കീഴിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് ;

(ഡി) ഈ സാമ്പത്തിക വർഷം പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സൈ്റ്റൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14-ൽ

മൾട്ടി സ്പോർട്സ് പ്ലേ സ്പേസസ് (12 സ്ഥാപനങ്ങൾ)

കമ്മ്യൂണിറ്റി സ്പോർട്സ് (21 സ്ഥാപനങ്ങൾ)

സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് (4 സ്ഥാപനങ്ങൾ)

എന്നീ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് 1050 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി&ഡി) 2013-14 സാമ്പത്തിക വർഷത്തേക്കുള്ള സൈ്റ്റൽ പദ്ധതിയിലേക്ക് ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് യോഗ്യരായവരെ സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയിൽ തെരഞ്ഞെടുപ്പ് ഉത്തരവ് പുറപ്പെടുവിച്ചത് 2014-15 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലാണ്. ആയതിനാൽ സൈ്റ്റൽ പദ്ധതിയിലെ

2013-14 സാമ്പത്തിക വർഷത്തെ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ 2014-15-ലെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. M/s. KITCO മുഖേന 'ടി' പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ (പൈക്ക)**

319 (2194) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ (പൈക്ക) പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭ്യമായി ;

(ബി) പൈക്ക പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) 2011 മുതൽ ഈ പദ്ധതിക്കായി ലഭ്യമായ കേന്ദ്ര വിഹിതം ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം പദ്ധതിക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൈക്ക പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കേന്ദ്ര സഹായമായി ലഭിച്ച ഗ്രാന്റുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. 2010-11 വർഷത്തിൽ പൈക്ക പദ്ധതിയിൽ ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റായി 4,87,27,500 രൂപയും ആന്വൽ അക്വിസിഷൻ ഗ്രാന്റ്, ആന്വൽ ഓപ്പറേഷൻ ഗ്രാന്റായി 50,38,000 രൂപയും ലഭിക്കുകയുണ്ടായി.
2. 2011-12 വർഷത്തെ പൈക്ക വനിത വാർഷിക മത്സരങ്ങളുടെ നടത്തിപ്പിനായി 22.80 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുകയുണ്ടായി.
3. 2011-12 വർഷത്തിൽ ഒറ്റത്തവണ പ്രാരംഭമൂലധന ഗ്രാന്റായി 4,48,05,000 രൂപയും ആന്വൽ അക്വിസിഷൻ ഗ്രാന്റ്, ആന്വൽ ഓപ്പറേഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ 50,16,000 രൂപയും സംസ്ഥാന

സർക്കാരിന് ലഭിക്കുകയുണ്ടായി.

(വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.)*

(ബി) ഗ്രാമ പ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് ആഭിമുഖ്യം വളർത്തി രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും അതുവഴി കൂടുതൽ കായികതാരങ്ങളെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രയുവജനകാര്യകായിക മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയാണ് "പൈക്ക" (പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ). ഈ പദ്ധതി പ്രകാരം ഗ്രാമ/ പഞ്ചായത്തുകളിൽ നിലവാരമുള്ള കളിസ്ഥലങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുകയും സ്ഥിരമായ പരിശീലനം നൽകിയും ബ്ലോക്ക്/ ജില്ല/സംസ്ഥാന/ദേശീയ തലങ്ങളിൽ കൃത്യമായി വാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, നിലവിലുള്ളവ വികസിപ്പിക്കുന്നതിനുമുള്ള ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന് (One Time Seed Capital Grant) അർഹതയുണ്ട്. ഇത് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ സംയുക്തമായിട്ടാണ് വഹിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈയിനത്തിൽ അഞ്ച് ലക്ഷം രൂപയും ഗ്രാമ പഞ്ചായത്തുകൾക്ക് ജനസംഖ്യാനുപാതികമായി 4600 പേർക്ക് ഒരു ലക്ഷം രൂപ എന്ന തോതിലും സഹായം ലഭിക്കുന്നു. പൈക്ക കായികപരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അതിന്റെ ചുമതലക്കാരായ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്ക് നൽകുന്ന ഹോണറേറിയത്തിനുമായി നൂറ് ശതമാനം കേന്ദ്രം സഹായമായി ആന്വൽ ഓപ്പറേഷണൽ ഗ്രാന്റ് (Annual Operational Grant) ലഭിക്കുന്നു. ഗ്രാമപഞ്ചായത്തിന് പ്രതിവർഷം പന്ത്രണ്ടായിരം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് പ്രതിവർഷം ഇരുപത്തിനാലായിരം രൂപ വീതവുമാണ് ഈയിനത്തിൽ ലഭിക്കുക.

ഈ പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന കായിക പരിശീലന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആന്വൽ അക്വിസിഷൻ ഗ്രാന്റ് (Annual Acquisitional Grant), ഗ്രാമപഞ്ചായത്തിന് പ്രതിവർഷം പതിനായിരം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന് പ്രതിവർഷം ഇരുപതിനായിരം രൂപ വീതവുമാണ് ലഭിക്കുന്നത്. എന്നാൽ പതിനായിരമോ അതിലധികമോ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ആന്വൽ അക്വിസിഷൻ ഗ്രാന്റും, ആന്വൽ ഓപ്പറേഷണൽ ഗ്രാന്റും സാധാരണ നിരക്കിന്റെ ഇരട്ടി വീതം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതായത് യഥാക്രമം ഇരുപതിനായിരം രൂപ വീതവും ഇരുപത്തിനാലായിരം രൂപ വീതവും പ്രതിവർഷം ലഭിക്കാൻ അർഹതയുണ്ട്. ഇത് പദ്ധതി നടപ്പാക്കി ആദ്യ 5 വർഷം മാത്രമേ ലഭിയ്ക്കുകയുള്ളൂ.കൂടാതെ എല്ലാ വർഷവും ബ്ലോക്ക്/ജില്ല/ സംസ്ഥാന/ ദേശീയതല പൈക്ക കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, അവാർഡുകൾ നൽകുന്നതിനും, 100 ശതമാനം കേന്ദ്ര സഹായമായി ആന്വൽ കോമ്പറ്റീഷൻ ഗ്രാന്റും ലഭിക്കുന്നുണ്ട്.

(സി) 2011 വർഷത്തിൽ പൈക്ക വനിത വാർഷിക കായിക മത്സരങ്ങൾക്കായി ലഭിച്ച ഗ്രാന്റ് വിനിയോഗിച്ച് 14 ജില്ലകളിലായി ജില്ല/സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

2010-11, 2011-12 വർഷത്തിൽ പൈക്ക പദ്ധയിലുൾപ്പെടുത്തി കേരളത്തിൽ എല്ലാ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത 200 ഗ്രാമ പഞ്ചായത്തുകൾക്കും, 28 ബ്ലോക്ക് പഞ്ചായത്തുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിച്ച ഒറ്റത്തവണ പ്രാരംഭമൂലധന ഗ്രാന്റ് ഭൂമി നിരപ്പാക്കൽ, ഗ്രൗണ്ടിൽ വെള്ളംകെട്ടി നിൽക്കാതിരിക്കാനുള്ള സംവിധാനം ഒരുക്കൽ, കളിസ്ഥലത്തിനു ചുറ്റും റീടെയിനിംഗ് വാൾ നിർമ്മിക്കൽ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ടോയ്ലെറ്റ് സംവിധാനം, അത്ലറ്റിക്സ് ട്രാക്ക്, ലോങ്ജംപ് പിറ്റ് (സാധാരണമോ സിന്തറ്റിക്കോ), ഹൈജംപ് പിറ്റ് (സാധാരണമോ സിന്തറ്റിക്കോ), വിവിധയിനം കായിക പരിശീലനത്തിനാവശ്യമായ കോർട്ടുകൾ നിർമ്മിക്കുക, അവയ്ക്കാവശ്യമായ പോസ്റ്റുകൾ സ്ഥാപിക്കുക എന്നീ വിവിധയിനം പദ്ധതികൾക്കായി വിനിയോഗിക്കുന്നു.

കൂടാതെ പൈക്ക പരിശീലന കേന്ദ്രങ്ങൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള ആന്വൽ അക്വസിഷൻ ഗ്രാന്റ് വിനിയോഗിച്ച് ഓരോ ഗ്രാമ പഞ്ചായത്തിനും 10,000 രൂപ വിലമതിക്കുന്ന 11 ഇനം കായിക ഉപകരണങ്ങളും (ഫുട്ബോൾ-4, വോളീബോൾ-4, ബാസ്കറ്റ് ബോൾ-2, വിസിൽ-1, വോളീബോൾ നെറ്റ്-1, സ്കിപ്പിംഗ് റോപ്പ്-8, ഷോട്ട്പുട്-1, ഡിസ്കസ്-1, റിലേ ബാറ്റൺ-1, മെഡിസിൻ ബോൾ-2, കിറ്റ് ബാഗ്-1), ഓരോ ബ്ലോക്ക് പഞ്ചായത്തിനും 20,000 രൂപ വിലമതിയ്ക്കുന്ന 11 ഇനം കായിക ഉപകരണങ്ങളും വാങ്ങി വിതരണം ചെയ്തുവരുന്നു.

**കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ സിനിമാശാലകൾ**

320 (2195) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ സംസ്ഥാനത്ത് എത്ര സിനിമാശാലകൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ ; കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഈ സിനിമാശാലകളിൽ നിന്നുള്ള വരുമാനം എത്ര വീതമെന്നും അറിയിക്കാമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സിനിമാശാലകൾ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത് ;

(സി) സിനിമാശാലകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് കെ.എസ്.എഫ്.ഡി.സി. നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ പുതിയ തിയേറ്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ സംസ്ഥാനത്ത് നിലവിൽ 12 സിനിമാ ശാലകൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സിനിമാശാലകളിൽ നിന്നു ലഭിച്ച വരുമാനം ചുവടെ കൊടുക്കുന്നു :

| ക്രമ നമ്പർ | തിയേറ്റർ | വരുമാനം |
|---|---|---|
| 1. | കലാഭവൻ, തിരുവനന്തപുരം | 61,89,195 |
| 2. | ചിത്രാഞ്ജലി, ചേർത്തല | 38,30,979 |
| 3. | ചിത്രാഞ്ജലി, ചിറ്റൂർ | 12,11,122 |

| | | |
|---|---|---|
| 4. | ചിത്രാഞ്ജലി, നോർത്ത് പറവൂർ | 36,13,997 |
| 5. | കൈരളി/ശ്രീ, കോഴിക്കോട് | 1,82,59,487 |
| 6. | കൈരളി/ശ്രീ, തൃശ്ശൂർ | 1,37,77,499 |
| 7. | കൈരളി/ശ്രീ/നിള, തിരുവനന്തപുരം | 1,82,64,418 |

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പാലക്കാട് ചിറ്റൂരിലുള്ള ചിത്രാഞ്ജലി തിയേറ്റർ ഒഴികെ ബാക്കി എല്ലാ തിയേറ്ററുകളും ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്.

(സി) കെ.എസ്.എഫ്.ഡി.സി.-യുടെ തിരുവനന്തപുരത്തെ കൈരളി/ശ്രീ, കലാഭവൻ എന്നീ തിയേറ്ററുകൾ കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ കൈരളി/ ശ്രീ തിയേറ്ററുകൾ ചേർത്തല ചിത്രാഞ്ജലി തിയേറ്റർ എന്നിവ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടെ നവീകരണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു. അടുത്ത പടിയായി നോർത്ത് പറവൂർ ചിത്രാഞ്ജലി തിയേറ്ററിന്റെ നവീകരണം ഏപ്രിൽ മാസത്തോടെ ആരംഭിക്കുവാൻ കെ.എസ്.എഫ്.ഡി.സി. ഉദ്ദേശിക്കുന്നു. ആലപ്പുഴയിൽ രണ്ട് തിയേറ്ററുകൾ അടങ്ങിയ തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ഡി) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ ആലപ്പുഴയിൽ ജനുവരി മാസത്തോടെ പുതിയ രണ്ട് തിയേറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്. അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്ന ഇടങ്ങളിൽ പുതിയ തിയേറ്ററുകൾ പണിയുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.-യുടെ പരിഗണനയിലാണ്.

## രാജ്യാന്തര ചലച്ചിത്രമേളകൾ പ്രേക്ഷക പങ്കാളിത്തവും തിയേറ്റർ കോംപ്ലക്സ് നിർമ്മാണവും

321 (2196) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യാന്തര ചലച്ചിത്രമേളകളിലെ പ്രേക്ഷക പങ്കാളിത്തം നിയന്ത്രിക്കുന്നതിന് ശ്രമിക്കുകയുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രേക്ഷക പങ്കാളിത്തം നിയന്ത്രിക്കുന്നതിന് പകരം വിപുലമായ രീതിയിൽ മേള സംഘടിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത മേളയുമായി ബന്ധപ്പെട്ട് തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ;

(ഡി) എങ്കിൽ ആയതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിപുലമായ രീതിയിൽ മേള സംഘടിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) തിയേറ്റർ കോംപ്ലക്സിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.

## 2014-ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ

322 (2197) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനുവേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുതിയ എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടു വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ;

(സി) ഐ..എഫ്.എഫ്.കെ 2013-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനു വേണ്ടി 2,25,00,000 (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ) പ്ലാൻ ഫണ്ടിലും 50,00,000 (അൻപത് ലക്ഷം രൂപ) നോൺപ്ലാൻ ഫണ്ടിലും വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഫെസ്റ്റിവൽ സിനിമ കാണുന്നതിന് ഡെലിഗേറ്റുകൾ തിയേറ്ററുകളിൽ

നിന്ന് സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. പ്രസ്തുത ടിക്കറ്റുകളുടെ അടിസ്ഥാനത്തിലായിരിക്കും തിയേറ്ററുകളിൽ പ്രവേശനം.

(സി&ഡി) ഐ.എഫ്.എഫ്.കെ. 2013-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അഞ്ച് കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർണ്ണമായ ചെലവുകൾ ചലച്ചിത്ര അക്കാദമിയിലെ ഇന്റേണൽ ഓഡിറ്റ് തീരുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി. ഷെഡ്യൂളിന് ആനുപാതികമായി ബസുകൾ**

323 (2198) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഷെഡ്യൂളിന് ആനുപാതികമായി എത്ര ബസുകൾ ആവശ്യമുണ്ടെന്നും എത്ര ബസുകളുടെ കുറവ് നിലവിലുണ്ടെന്നും ഡിപ്പോ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഷെഡ്യൂളിന് ആനുപാതികമായി ബസുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 5668 ഷെഡ്യൂളുകളാണുള്ളത്. ഈ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസുകൾ ഉൾപ്പെടെ 6365 ബസുകൾ ആവശ്യമാണ്. നിലവിൽ 5603 ബസുകളാണുള്ളത്. ഇപ്പോൾ 762 ബസുകളുടെ കുറവ് ഉണ്ട്. ഡിപ്പോ അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിൽ 320 JnNURM പദ്ധതിയിൽപ്പെട്ട ബസുകൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 1500 പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ബസുകളുടെ ബോഡി നിർമ്മാണം വിവിധ കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ നടന്നുവരുന്നു. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകളുടെ കുറവ് പരിഹരിക്കുന്നതാണ്.

**ബസ് ചാർജ്ജ് വർദ്ധനവ് പുനഃപരിശോധിക്കാൻ നടപടി**

324 (2199) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് സംസ്ഥാനത്തെ ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ് ബസുകളിലെ മിനിമം നിരക്കും സഞ്ചരിക്കാവുന്ന ദൂരവും എത്രയായിരുന്നു ; ഓരോ വിഭാഗത്തിലും കിലോമീറ്ററിന് എത്ര രൂപയായിരുന്നു നിരക്ക് ; ഫെയർ സ്റ്റേജ് നിശ്ചയിച്ചിരുന്നോ ; ഉണ്ടെങ്കിൽ ഫെയർ സ്റ്റേജ് നിരക്ക് എത്ര വീതമായിരുന്നു ; അന്നത്തെ ഡീസൽ/പെട്രോൾ വില ലിറ്ററിന് എത്ര രൂപയായിരുന്നു ; അന്ന് അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര വില എത്രയായിരുന്നു ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ ബസ് ചാർജ്ജുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട് ; ഓരോ തവണയും വരുത്തിയ വർദ്ധനവ് എത്ര വീതമാണ് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; വർദ്ധനവ് വരുത്തിയതിന്റെ കാരണം വിശദമാക്കാമോ ; ഈ ഓരോ വർദ്ധനവ് വരുത്തിയപ്പോഴും പെട്രോൾ/ഡീസൽ വില ലിറ്ററിന് എത്ര രൂപയായിരുന്നു ; ഈ സമയങ്ങളിൽ അസംസ്കൃത എണ്ണയുടെ വില എത്രയായിരുന്നു ;

(സി) ഏറ്റവുമൊടുവിൽ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ ഉള്ള ഡീസൽ/ പെട്രോൾ വില ലിറ്ററിന് എത്രയാണ് ; ചാർജ്ജ് വർദ്ധന നടപ്പിലാക്കിയശേഷം പെട്രോൾ/ഡീസൽ വിലയിൽ എത്ര തവണ മാറ്റം വന്നിട്ടുണ്ട് ; ഓരോ തവണയും വന്ന മാറ്റങ്ങൾ എന്തൊക്കെ ;

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ ചാർജ്ജ് വർദ്ധനവ് വില കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഫെയർ സ്റ്റേജിനു പകരം മിനിമം ചാർജ്ജ് ഫിക്സ് ചെയ്ത് കിലോമീറ്ററിന് ആനുപാതികമായ നിരക്ക് നിശ്ചയിക്കുകയും പെട്രോൾ/ഡീസൽ വില കുറയുന്നതനുസരിച്ച് ബസ് ചാർജ്ജുകളിൽ ആനുപാതിക കുറവ് വരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിരക്കും സഞ്ചരിക്കാവുന്ന ദൂരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഫെയർ സ്റ്റേജുകളിൽ മാറ്റം വരുത്തിയിരുന്നില്ല. ആയതിനാൽ സ്റ്റേജുകൾ തമ്മിലുള്ള നിരക്കിൽ ഫെയർ റിവിഷൻ മൂലമുള്ള വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ഡീസൽ വില ലിറ്ററിന് 40.49 രൂപയായിരുന്നു. അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര വില ബാരലിന് 108.33 ഡോളർ ആയിരുന്നു.

(ബി) മൂന്ന് തവണ. ഓരോ തവണയും വരുത്തിയ വർദ്ധനവിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇന്ധനവില, സ്പെയർ പാർട്സ്, ലൂബ്രിക്കന്റ്സ്, ജീവനക്കാരുടെ ആനുകൂല്യങ്ങൾ, മറ്റ് ചെലവുകൾ എന്നിവയിലുണ്ടായ വർദ്ധനവിന്റെ വെളിച്ചത്തിലാണ് സ്റ്റേജ് ക്യാരേജുകളുടെ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളത്. താഴെപ്പറയും പ്രകാരമായിരുന്നു ഡീസൽ വില നിലവാരം.

<u>ഡീസൽ വില ലിറ്ററിന്</u> :

| | |
|---|---|
| 8-8-2011-ൽ | 43.73 രൂപ |
| 11-11-2012-ൽ | 48.73 രൂപ |
| 20-5-2014-ൽ | 60.88 രൂപ |

<u>അസംസ്കൃത എണ്ണയുടെ അന്താരാഷ്ട്ര വില ബാരലിന്</u> :

| | |
|---|---|
| 8-8-2011-ൽ | 103.04 ഡോളർ |
| 11-11-2012-ൽ | 107.63 ഡോളർ |
| 20-5-2014-ൽ | 107.39 ഡോളർ |

(സി) ഏറ്റവുമൊടുവിൽ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചത് 20-5-2014-ൽ ആയിരുന്നു. അന്ന് ഡീസൽ വില ലിറ്ററിന് 60.88 രൂപയായിരുന്നു. ആയതിനുശേഷം ഡീസൽ വിലയിൽ പ്രതി ലിറ്ററിന് വന്ന മാറ്റം താഴെ പറയും പ്രകാരമാണ് :

| | |
|---|---|
| 1-6-2014-ൽ | 61.49 രൂപ |
| 1-7-2014-ൽ | 62.12 രൂപ |
| 1-8-2014-ൽ | 62.72 രൂപ |

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| 31-8-2014-ൽ | 63.32 രൂപ |
| 19-10-2014-ൽ | 59.72 രൂപ |
| 30-10-2014-ൽ | 60.33 രൂപ |
| 1-11-2014-ൽ | 57.96 രൂപ |
| 19-11-2014-ൽ | 58.45 രൂപ |
| 1-12-2014-ൽ | 57.33 രൂപ |

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമേ, സ്പെയർപാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതമായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യ യാത്ര അനുവദിക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റ് ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്ത ശേഷമാണ് ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**എടത്വ ഡിപ്പോയിൽ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ**

325 (2200) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെയർ പാർട്സുകൾ ലഭിക്കാതെ എടത്വാ ഡിപ്പോയിൽനിന്നും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം ഷെഡ്യൂളുകളാണ് ഈ വർഷം നാളിതുവരെ റദ്ദ് ചെയ്തതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2-12-2014-ലെ കണക്കനുസരിച്ച് 5 ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടുണ്ടായിരുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം യഥാസമയം പണം കൊടുത്തു തീർക്കാത്തതിനാൽ സ്പെയർ പാർട്സ് ലഭ്യമാക്കുന്നതിൽ ചെറിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇവ പരിഹരിച്ച് സ്പെയർ പാർട്സ് യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. എത്രയും പെട്ടെന്ന് സ്പെയർ പാർട്സ് ക്ഷാമം പരിഹരിച്ച് വാഹനങ്ങളുടെ ഓഫ്-റോഡ് അനുവദനീയമായ പരിധിക്കുള്ളിൽ നിലനിർത്തുന്നതാണ്.

(ബി) കുട്ടനാട്ടിലേക്കുള്ള 05.00 മണി മുട്ടാർ-ആലപ്പുഴ, 6.50 മണി തായങ്കരി-ആലപ്പുഴ, 7.00 മണി കളങ്ങര-ആലപ്പുഴ എന്നീ മൂന്ന് സർവ്വീസുകൾ വരുമാനക്കുറവും ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം**

326 (2201) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

KSRTC-യുടെ വരുമാനം വർദ്ധിപ്പിക്കാനായി സർക്കാർ പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; KSRTC-യുടെ വരുമാനം വർദ്ധിപ്പിക്കാനായി സർക്കാർ പുതിയതായി നടപ്പിലാക്കിയ പദ്ധതികളിലൂടെ എത്ര അധിക വരുമാനം ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിച്ച് ലാഭത്തിന്റെ പാതയിലേക്ക് നയിക്കുന്നതിനായി ഒരു പുനഃരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകി നടപ്പാക്കി വരികയാണ്. പ്രസ്തുത പാക്കേജിലെ ഒരു പദ്ധതി കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിക്കുക എന്നതാണ്. ഇതിൻ പ്രകാരം 1031 സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിച്ചു കഴിഞ്ഞു. കെ.എസ്.ആർ.ടി.സി. പുഷ് ബാക് സീറ്റ് സൗകര്യമുള്ള 50 സൂപ്പർ ഡീലക്സ് ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിലേക്കായി 10 മൾട്ടി ആക്സിൽ വോൾവോ ബസ്സും നിരത്തിലിറക്കിയിട്ടുണ്ട്. ഓൺലൈൻ സംവിധാനം നവീകരിച്ചിട്ടുണ്ട്. ഇതുമൂലം വരവ് ചെലവ് അന്തരം കുറച്ച് പ്രതിമാസം 15 കോടി രൂപയുടെ അധികവരുമാനം നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ സെസ്സ് പിരിവ്**

327 (2202) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽനിന്നും സെസ്സ് പിരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; സെസ്സ് വഴി സമാഹരിക്കുന്ന തുക എന്തെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) സെസ്സ് ഇനത്തിൽ പ്രതിവർഷം സമാഹരിക്കാമെന്ന് കരുതുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(സി) യാത്രക്കാരിൽനിന്നും പിരിക്കുന്ന സെസ്സ് പെൻഷൻ ബാദ്ധ്യത നിർവ്വഹിക്കുന്നതിന് വിനിയോഗിക്കുന്നുണ്ടോ ;

(ഡി) ഈ തീരുമാനംവഴി ടിക്കറ്റ് ചാർജ്ജ് ഇനത്തിൽ സ്വകാര്യ ബസുകാരും കെ.എസ്.ആർ.ടി.സി.-യും തമ്മിലുണ്ടാകുന്ന വ്യത്യാസം, സ്വകാര്യ വാഹനങ്ങളെ സഹായിക്കുന്നതും, കെ.എസ്.ആർ.ടി.സി.-യുടെ മത്സരക്ഷമത ഇല്ലാതാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് എടുത്ത് യാത്ര ചെയ്യുന്ന യാത്രക്കാർക്ക് യാത്രക്കിടയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾമൂലം ഉണ്ടാകുന്ന ആശുപത്രി ചെലവുകൾ, അടിയന്തര സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും, യാത്രക്കാർക്കായി ബസ്സ് സ്റ്റേഷനുകളിൽ നിലവിലുള്ളതിന് പുറമെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങളും ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും വേണ്ടിയാണ് സെസ്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) സാമൂഹിക സുരക്ഷാ സെസ്സ് ഇനത്തിൽ പ്രതിവർഷം 150 കോടി രൂപ സമാഹരിക്കാമെന്നാണ് കരുതുന്നത്.

(സി) സെസ്സ് തുകയുടെ ഒരു ഭാഗം പെൻഷൻ ബാദ്ധ്യത നിർവ്വഹിക്കുന്നതിന് വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതുകൊണ്ടും നവീകരിച്ച ബസ് സ്റ്റേഷനുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടും കെ.എസ്.ആർ.ടി.സി.-യുടെ മത്സരക്ഷമത ഇല്ലാതാകുമെന്ന് കരുതുന്നില്ല.

**കെ.എസ്.ആർ.ടി.സി. ടിക്കറ്റിൽ സെസ്സ്**

328 (2203) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ടിക്കറ്റിൽ സെസ്സ് ഏർപ്പെടുത്തിയതുവഴി ഇതുവരെ എന്ത് തുകയാണ് പിരിച്ചെടുക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

റോഡ് ട്രാൻസ്പോർട്ട് ആക്ടനുസരിച്ചുള്ള എം.എ.സി.ടി. സെസ്സ് ഏർപ്പെടുത്തിയ 6-4-2007 മുതൽ 30-11-2014 വരെ 42,33,48,915 രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കെ.എസ്.ആർ. ടി.സി.-യിലെ പെൻഷൻ**

329 (2204) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. നൽകുന്ന പെൻഷന്റെ വിശദവിവരം നൽകുമോ ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സർക്കാരിന്റെ പരിഗണനയിൽ എന്തെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) പ്രതിമാസം 42 കോടി രൂപയാണ് പെൻഷൻ വിതരണത്തിനായി കെ.എസ്.ആർ.ടി.സി.-യ്ക്ക് ആവശ്യമായുള്ളത്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനത്തിൽനിന്നും പെൻഷൻ വിതരണത്തിനായി തുക കണ്ടെത്താൻ കഴിയുന്നില്ല. ഇതുമൂലം 2014 ഒക്ടോബർ, നവംബർ മാസങ്ങളിലെ പെൻഷൻ തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. 2014 സെപ്റ്റംബർ മാസത്തെ പെൻഷൻ തുക 8600 രൂപയായി നിജപ്പെടുത്തി മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്.

(സി) കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും എടുത്ത വായ്പകൾ പൊതുമേഖലാ ബാങ്കുകളിലെ കുറഞ്ഞ പലിശയും ദീർഘമായ തിരിച്ചടവ് കാലാവധിയുമുള്ള വായ്പകളാക്കി മാറ്റുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. അപ്രകാരം വായ്പ തിരിച്ചടവിൽ കുറവ് വരുന്നതിലൂടെ കോർപ്പറേഷന്റെ ചെലവും വരവും തമ്മിലുള്ള അന്തരം ഗണ്യമായി കുറയുന്നതാണ്. കൂടാതെ സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ സമാഹരിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ വിഹിതവും പെൻഷൻ വിതരണത്തിന് കോർപ്പറേഷന് ഉപയുക്തമാക്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം സ്വന്തം നിലയ്ക്ക് പെൻഷൻ വിതരണം നടത്താൻ കോർപ്പറേഷന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തൽ**

330 (2205) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹികപ്രതിബദ്ധത നിലനിർത്തിക്കൊണ്ട് സ്വന്തം നിലയ്ക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നു എന്ന് വിശദമാക്കുമോ ;

(ബി) മറ്റു ചില സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്വകാര്യവത്ക്കരിക്കുകയോ, പൂട്ടുകയോ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള പുനരുജ്ജീവന പദ്ധതികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം സ്വന്തം നിലയ്ക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടും, കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റണമെന്ന ഉദ്ദേശ്യത്തോടെയും തയ്യാറാക്കിയ പുനഃരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. നഷ്ടത്തിൽ ഓടിയിരുന്ന 1031 സർവ്വീസുകൾ ക്രമപ്പെടുത്തി നഷ്ടം ഉണ്ടാകാത്ത തരത്തിൽ ഓടിച്ചു തുടങ്ങി. ഇതുമൂലം കോർപ്പറേഷന്റെ വരവ് ചെലവ് അന്തരം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു.

2. റിസർവേഷൻ സൗകര്യം കൂടുതൽ മെച്ചമാക്കി.

3. പ്രസ്തുത പാക്കേജിലെ വ്യവസ്ഥ പ്രകാരം സൂപ്പർ ക്ലാസ് ബസുകൾ ഓടിക്കേണ്ടതുണ്ട്. ആയതിലേക്ക് 750 ലൈലാൻഡ് ഷാസികൾക്ക് ടെൻണ്ടർ നൽകി.

4. ബസ് യാത്രക്കാർക്കായി ഇൻഷ്വറൻസ് സെസ് നടപ്പാക്കുന്നതിലൂടെ കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേയ്ക്ക് ആകർഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചു.

5. വരുമാന ചോർച്ച തടയുന്നതിന് ജിപിആർഎസ് സൗകര്യത്തോടു കൂടിയ ഇറ്റിഎം ഘട്ടം ഘട്ടമായി എല്ലാത്തരം സർവ്വീസുകളിലും നടപ്പാക്കും.

6. യാത്രക്കാർക്കായി RFID (Radio Frequency Identity) നടപ്പിൽ വരുത്തും. ഇതുമൂലം കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുവാൻ കഴിയും.

7. നിലവിൽ കെ.റ്റി.ടി.എഫ്.ഡി.-യിൽനിന്നുമുള്ള കടം മുഴുവനായി പൊതുമേഖലാ ബാങ്കുകളിലേക്ക് മാറ്റുന്നതോടെ വായ്പാ തിരിച്ചടവ് പ്രതിമാസം 43 കോടി രൂപയിൽനിന്നും 15-20 കോടി രൂപയായി കുറയുകയും കാഷ് ഇൻഫ്ളോ വർദ്ധിക്കുകയും ചെയ്യും.

8. സാദ്ധ്യമായ ഡിപ്പോകളിലെല്ലാം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുവാനും പദ്ധതിയുണ്ട്.

9. ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുവാൻ നടപടികൾ എടുത്തു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ കരകയറ്റുന്നതിനായിട്ടുള്ള പുനഃരുദ്ധാരണ പാക്കേജ് പ്രകാരം വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ

സർവ്വീസ് എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികൾ നടപ്പിലാക്കുന്ന തിനായിട്ടുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

**കെ.എസ്.ആർ.ടി.സി.-യിൽ പാസഞ്ചർ ഇതര വാഹനങ്ങളുടെ ശീതീകരണം**

331 (2206) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിലെ പാസഞ്ചർ ഇതര വാഹനങ്ങളുടെ തരംതിരിച്ച എണ്ണം ലഭ്യമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ എത്ര പാസഞ്ചർ ഇതര വാഹനങ്ങൾ ശീതീകരിച്ചിട്ടുണ്ട് ; ഇവയുടെ ശീതീകരണത്തിന് അടിയന്തരമായി ഉണ്ടായ സാഹചര്യമെന്തെല്ലാമായിരുന്നു ; ഇവയ്ക്കായി ചെലവാക്കിയ തുക എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ പാസഞ്ചർ ഇതര വാഹനങ്ങളുടെ തരംതിരിച്ച എണ്ണം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഡിപ്പോ വാൻ | - | 94 |
| ജീപ്പ് | - | 52 |
| കാർ | - | 15 |
| ടാങ്കർ ടെക്ക് | - | 9 |
| ലോറി | - | 6 |
| ആമ്പുലൻസ് | - | 2 |
| ആകെ | | 178 |

(ബി) KL-01 AY 9762 എന്ന ബൊലീറോ ജീപ്പ് 10-1-2012-ൽ ശീതീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻ)-ന് അനുവദിച്ചിട്ടുള്ള വാഹനമായതിനാലും ഇന്ത്യയിലെ വിവിധ ആർ.ടി.സി.-യിൽനിന്നും വരുന്ന ഉന്നത ഉദ്യോഗസ്ഥർക്ക് കേരളത്തിലെ യാത്രയ്ക്ക് അനുവദിക്കുന്നതിനുമാണ് ഈ

വാഹനം ഉപയോഗിക്കുന്നത്. ടി വാഹനം ശീതീകരിക്കുന്നതിന് 55,915 രൂപ ചെലവായിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിൽ പുറത്തിറക്കിയ പുതിയ ബസുകൾ**

332 (2207) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസുകൾ കണ്ടം ചെയ്തുവെന്ന് അറിയിക്കുമോ ;

(ബി) വിവിധ ഡിപ്പോകളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ആകെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ എത്ര ; ഇവയ്ക്ക് എത്ര ബസുകളാണ് ആവശ്യമായിട്ടുള്ളത് ; ഇപ്പോൾ എത്ര ബസുകളാണ് ഉള്ളത് ;

(സി) ബസുകളുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2014 ഒക്ടോബർ വരെ 1152 ബസുകൾ കണ്ടം ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യ്ക്ക് നിലവിൽ 5668 ഷെഡ്യൂളുകളാണുള്ളത്. ഈ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസുകൾ ഉൾപ്പെടെ 6365 ബസുകൾ ആവശ്യമാണ്. നിലവിൽ 5603 ബസുകൾ ഉണ്ട്. ഇതിൽ 320 JnNURM പദ്ധതിയിൽപ്പെട്ട ബസുകളുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല.

(സി) 1500 പുതിയ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ബസുകളുടെ ബോഡി നിർമ്മാണം വിവിധ കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ നടന്നുവരുന്നു. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകളുടെ കുറവ് പരിഹരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ നടപടി**

333 (2208) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ ഒരു വ്യക്തമായ നയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം എത്ര ബസ്സ് റൂട്ടുകൾ വെട്ടിച്ചുരുക്കി, എത്ര ബസ്സാണ് സർവ്വീസ് നടത്തുന്നത് വ്യക്തമാക്കാമോ ;

(സി) പൊതുമേഖലാ സ്ഥാപനത്തിന് സബ്സിഡൈസ്ഡ് ഡീസൽ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം, പെൻഷൻ, ശമ്പളം, പ്രതിമാസ ബാദ്ധ്യത, പ്രതിമാസ ലോൺ കുടിശ്ശിക എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; പെൻഷൻകാർക്ക് ഏത് മാസം വരെ പെൻഷൻ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്തുന്നതിനും നഷ്ടത്തിൽനിന്നും കരകയറ്റുന്നതിനുമുള്ള നയപരിപാടികൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികളാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം ഷെഡ്യൂളിന്റെ എണ്ണം കുറച്ചിട്ടില്ല. എന്നാൽ ബസ്സിന്റെ കുറവ് കാരണം വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്. 2014 ഒക്ടോബറിലെ കണക്ക് പ്രകാരം ശരാശരി 4454 ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി. നടത്തിയിട്ടുണ്ട്.

(സി) വൻകിട ഉപഭോക്താവ് എന്ന നിലയിലുള്ള ഡീസൽ വിലവർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിരുന്നു. നിലവിൽ പൊതു വിപണയിൽ വിൽക്കുന്ന വിലയ്ക്ക് തന്നെയാണ് ഡീസൽ വാങ്ങുന്നത്.

(ഡി) 2014 നവംബർ മാസത്തെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ശരാശരി പ്രതിദിന വരുമാനം 5.28 കോടി രൂപയാണ്. ഇതിൽ JnNURM പദ്ധതി പ്രകാരമുള്ള വരുമാനവും ഉൾപ്പെടുന്നു. 2014 സെപ്റ്റംബർ മാസത്തെ കണക്കു പ്രകാരം പെൻഷൻ തുക 40.16 കോടി രൂപയാണ്. 2014 ഒക്ടോബർ മാസത്തെ കണക്കു പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ എംപാനൽ ജീവനക്കാരുൾപ്പെടെയുള്ളവരുടെ ശമ്പളം 65.17 കോടി രൂപയാണ്. നിലവിൽ കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് പ്രതിദിന തിരിച്ചടവാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ടി ഇനത്തിൽ പ്രതിമാസം 45.07 കോടി രൂപ ചെലവ് വരുന്നുണ്ട്. HUDCO-യിൽ നിന്നുള്ള വായ്പകൾക്കുള്ള തിരിച്ചടവിനത്തിൽ 3.23 കോടി രൂപയും തിരിച്ചടയ്ക്കുന്നുണ്ട്. ടി ലോണുകളിൽ കുടിശ്ശികയില്ല. നിലവിൽ കോർപ്പറേഷൻ സെപ്റ്റംബർ മാസത്തെ പെൻഷൻ ഭാഗികമായി മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. സെപ്റ്റംബർ മാസത്തെ മിനിമം പെൻഷൻ പൂർണ്ണമായും വിതരണം ചെയ്തു. 2014 ഒക്ടോബർ മുതൽ നാളിതു വരെയുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്**

334 (2209) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.റ്റി.ഡി.എഫ്.സി. അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രൊജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംങ് കോംപ്ലക്സിൽ ലേല ദർഘാസ് നടപടികളിലൂടെ ഓരോ നിലയിലും എത്ര സ്ഥലമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത് ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എത്ര സ്ഥലമാണ് ഇനി ലേലത്തിൽ പോകാനുള്ളത് പ്രസ്തുത സ്ഥലങ്ങൾ

ലേലത്തിൽ പോകുന്നതിനായി നാളിതുവരെ എത്ര തവണ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഈ സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വാടകയ്ക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| Sl.No. | Floor | Area Rented out |
|---|---|---|
| 1 | Ground Floor | 9138.73 sq.ft |
| 2 | First Floor | വാടകയ്ക്ക് നൽകിയിട്ടില്ല. |
| 3 | Second Floor | വാടകയ്ക്ക് നൽകിയിട്ടില്ല. |
| 4 | Third Floor | വാടകയ്ക്ക് നൽകിയിട്ടില്ല. |
| 5 | Fourth Floor | 1633.68 sq.ft |
| 6 | Fifth Floor | 22015 sq.ft |

(ബി) ഇനി വാടകയ്ക്ക് പോകാനുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| Sl.No | Floor | Vacant space |
|---|---|---|
| 1 | Ground Floor | 1151.12 sq.ft |
| 2 | First Floor | 12738.05 sq.ft |
| 3 | Second Floor | 19833.59 sq.ft |
| 4 | Third Floor | 19833.59 sq.ft |
| 5 | Fourth Floor | 18197.74 sq.ft |
| 6 | Fifth Floor | മുഴുവൻ സ്ഥലവും വാടകയ്ക്ക് പോയിട്ടുണ്ട്. |

ഇതുവരെ 5 തവണ ദർഘാസ് - ലേല നടപടികൾ നടത്തിയിട്ടുണ്ട്. ദർഘാസ് - ലേല നടപടി കൂടാതെ ആവശ്യക്കാരെ കണ്ടെത്തി നേരിട്ട് സ്ഥലം വാടകയ്ക്ക് നല്കുന്നതിനായി കെ.റ്റി.ഡി.എഫ്.സി.-യുടെ ബോർഡ് തീരുമാനപ്രകാരം ഒരു ഡയറക്ട് മാർക്കറ്റിംഗ് ഏജൻസിയേയും എംപാനൽ ചെയ്തിട്ടുണ്ട്. ആറാംഘട്ട ദർഘാസ്-ലേലത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കോർപ്പറേഷൻ നിജപ്പെടുത്തിയിട്ടുള്ള പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകുവാൻ വാടകക്കാർ വിമുഖത കാണിക്കുന്നതാണ് സ്ഥലങ്ങൾ വാടകയ്ക്ക് പോകുന്നതിന് കാലതാമസമുണ്ടാകുന്നതിനുള്ള പ്രധാന കാരണം. Online trading-ന്റെ കടന്നുകയറ്റവും ഈ സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനുള്ള കാലതാമസത്തിന് മറ്റൊരു കാരണമാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസുകൾ**

335 (2210) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 വർഷത്തിൽ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകളാണ് നിരത്തിലിറക്കിയത് ; ഇതിനാവശ്യമായ തുക എവിടെ നിന്നാണ് ലഭ്യമാക്കിയത് ?

ഉത്തരം

2014-15 വർഷത്തിൽ 18 പുതിയ ബസുകളാണ് നിരത്തിലിറക്കിയത്. ഇതിനാവശ്യമായ തുക തിരുവനന്തപുരം റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും സർക്കാർ പദ്ധതി ഇനത്തിൽ നൽകിയ തുകയിൽനിന്നും HUDCO-ൽനിന്നും മൂലധന വായ്പ ലഭ്യമാക്കിയുമാണ് കണ്ടെത്തിയത്.

**കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസുകൾ**

336 (2211) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാർ ആവശ്യപ്പെട്ടതനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഉണ്ടെങ്കിൽ ആരുടെയെല്ലാം ശിപാർശയിൽ ; ഏതെല്ലാം മണ്ഡലങ്ങളിൽ എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ അത്തരം റൂട്ടുകളിൽ സർവ്വീസ് നടത്തിവരുന്നുണ്ടോ ;

(ഡി) യാത്രാസൗകര്യം പരിമിതമായ കാസർഗോഡ് നിയോജക മണ്ഡലത്തിൽ, മലയോരമേഖലയായ ബെള്ളൂർ, കാറഡുക്ക പഞ്ചായത്തുകളെ ചെങ്കള പഞ്ചായത്തുവഴി കാസർകോട് നഗരവുമായി ബന്ധപ്പെടുത്തുന്ന കിന്നിങ്കർ-കാസർഗോഡ് റൂട്ടിൽ സ്ഥലം എം.എൽ.എ.-യുടെ ശിപാർശയിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 181 എണ്ണം.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ബസ്സിന്റെ കുറവുമൂലം വരുമാനക്കുറവുള്ള ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്.

(ഡി) തീരെ വരുമാനം കുറവുള്ളതിനാലും ബസ്സിന്റെ അഭാവവും കാരണമാണ് കിന്നിങ്കർ സർവ്വീസ് താൽക്കാലികമായി റദ്ദ് ചെയ്തിരിക്കുന്നത്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ കർമ്മ പദ്ധതി

337 (2212) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ബി) ഇതിനായി പുനരുദ്ധാരണ പാക്കേജിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. പുഷ് ബാക് സീറ്റ് സൗകര്യമുള്ള 50 സൂപ്പർ ഡീലക്സ് ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. പുറമേ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ബാംഗ്ലൂരിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിലേക്കായി 10 മൾട്ടി ആക്സിൽ വോൾവോ ബസ്സും നിരത്തിലിറക്കിയിട്ടുണ്ട്. യാത്രക്കാർക്ക് വളരെ എളുപ്പം ടിക്കറ്റ് ബുക്ക് ചെയ്യുവാൻ കഴിയുന്ന രീതിയിൽ ഓൺലൈൻ സംവിധാനം നവീകരിച്ചിട്ടുമുണ്ട്. സർവ്വീസ് കാര്യക്ഷമമാക്കി കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനായി 1350 പുതിയ ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ബസ്സുകൾ നിരത്തിലിറക്കി തുടങ്ങിയിട്ടുണ്ട്. പുതിയ ബസ്സുകൾ പൂർണ്ണമായി നിരത്തിലിറങ്ങി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതോടുകൂടി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്ന് കരുതുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രക്കാർക്കായി ഒരു സാമൂഹ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. മാത്രമല്ല RFID ഉള്ള Smart Card ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ബസുകളിൽ യാത്ര ചെയ്യുന്നവർക്ക് സാമൂഹ്യ സുരക്ഷാ സെസ് ആരംഭിക്കുവാൻ പുനരുദ്ധാരണ പാക്കേജിൽ വ്യവസ്ഥയുണ്ട്. പുനരുദ്ധാരണ പാക്കേജിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ടി കാര്യങ്ങൾ നടപ്പിലാക്കിയത്. 25 രൂപയും അതിനുമുകളിലുള്ള ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്നവരിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള സ്ലാബ് പ്രകാരം സെസ് ഈടാക്കുന്നതാണ് :

| ടിക്കറ്റ് നിരക്ക് | സെസ് തുക |
|---|---|
| 24 രൂപ വരെ | ... |
| 25-49 രൂപ | 2 രൂപ |

| | |
|---|---|
| 50-74 രൂപ | 3 രൂപ |
| 75-99 രൂപ | 4 രൂപ |
| 100 രൂപയും അതിനുമുകളിലും | 10 രൂപ |

(സി) സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലൂടെ പ്രതിമാസം 9-10 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽനിന്നും ഒരു തുക കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ഫണ്ടിൽ ഉൾച്ചേർക്കാനായി ഉദ്ദേശിക്കുന്നു. ഇതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാദ്ധ്യതയിൽ കുറവുണ്ടാകുന്നതാണ്. കൂടാതെ പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിലൂടെ അധികവരുമാനം ലഭിക്കുന്നതിലൂടെയും സാമ്പത്തിക പ്രതിസന്ധിക്ക് ഗണ്യമായ പരിഹാരം കാണുവാൻ കഴിയുമെന്നും കരുതുന്നു.

(ഡി) സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലേക്ക് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമേഖലയിലുള്ള ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്ത് പോളിസി തുക നടപ്പാക്കുന്ന രീതി തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുത്തു കഴിഞ്ഞു. സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതോടെ നിയമമാകുകയും കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽനിന്നും സെസ് തുക ഈടാക്കിത്തുടങ്ങുകയും ഒപ്പം ഇൻഷ്വറൻസ് പരിരക്ഷ യാത്രക്കാർക്ക് ലഭിക്കുകയും ചെയ്യുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ കുടിശ്ശിക

338 (2213) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ കുടിശ്ശിക കൊടുക്കുവാൻ സർക്കാരിൽനിന്ന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഭൂരിഭാഗം പേരും പെൻഷൻ തുകയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാകയാൽ മാനുഷികപരിഗണന നൽകി പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാനും മാസാമാസം കുടിശ്ശികയില്ലാതെ തുക പൂർണ്ണമായും വിതരണം ചെയ്യുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണത്തിനായി മാത്രം സർക്കാർ ധനസഹായം നൽകിവരുന്നില്ല. അതേ സമയം കോർപ്പറേഷന്റെ പ്രവർത്തന ചെലവുകൾക്കായി സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം നോൺ പ്ലാൻ ഇനത്തിൽ 150 കോടി രൂപ പ്രവർത്തനമൂലധന വായ്പയായി കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കോർപ്പറേഷൻ നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. പ്രതിമാസ വരുമാനത്തിൽനിന്നും പെൻഷൻ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ് പൂർണ്ണമായി നടപ്പാക്കുന്ന മുറയ്ക്കും സാമൂഹ്യ സുരക്ഷാ സെസിൽനിന്നുള്ള അധിക വരുമാനത്തിലൂടെയും ഈ സ്ഥിതി മെച്ചപ്പെടുത്താനാകുമെന്ന് കരുതുന്നു.

**കെ.എസ്.ആർ.ടി.സി. സൂപ്പർ -ലക്ഷ്വറി ബസുകൾ**

339 (2214) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്ന സൂപ്പർ-ലക്ഷ്വറി ബസുകൾ എന്നുമുതൽ നിരത്തിലിറക്കുമെന്ന് വിശദമാക്കുമോ ; ഏതൊക്കെ ഡിപ്പോകളിൽ നിന്നാണ് ബസ് സർവ്വീസ് ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.- യിൽ എത്ര ആളുകൾക്ക് നിയമനം നൽകി ; ഇതിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്രയാളുകൾക്ക് നിയമനം നൽകി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 150 എയർ സസ്പെൻഷൻ സൂപ്പർ ഡീലക്സ് ബസുകൾ വാങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. നടപടികൾ പൂർത്തീകരിച്ച് പർച്ചേസ്, ബോഡി ബിൽഡിംഗ് മുതലായവ പൂർത്തിയാക്കി നിരത്തിലിറക്കാൻ കഴിയുമെന്ന് കരുതുന്നു. ഏതെല്ലാം ഡിപ്പോകളിൽ നിന്നാണ് സർവ്വീസ് ആരംഭിക്കുന്നതെന്ന് തീരുമാനമായിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ 15524 ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിൽ പി.എസ്.സി.-യിൽനിന്നും

12747 ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**കെ.എസ്.ആർ.ടി.സി. കൊല്ലം- ചെങ്ങന്നൂർ ചെയിൻ സർവ്വീസ്**

340 (2215) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കൊല്ലം-ചെങ്ങന്നൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനാവശ്യമായ ബസ്സുകളും ജീവനക്കാരെയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത സർവ്വീസ് എന്നാരംഭിക്കുമെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ കൊല്ലം-ചെങ്ങന്നൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ബസ് ചാർജ് വർദ്ധനവ്**

341 (2216) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ വർദ്ധനവുകളിലായി വ്യത്യസ്ത സർവ്വീസുകളുടെ മിനിമം ചാർജിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ബസ് ചാർജ് പരിഷ്കരിക്കാൻ NATPAC-ന്റെ പഠന റിപ്പോർട്ട് ഇപ്പോൾ ആശ്രയിക്കുന്നുണ്ടോ ;

(ഡി) പല തവണകളിലായി ഡീസലിന് ഉണ്ടായ വിലക്കുറവിനെ തുടർന്ന് ബസ് ചാർജുകളിൽ കുറവ് വരുത്താത്തതിന്റെ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 3 തവണ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് ബസ് യാത്രാ നിരക്കുകൾ വർദ്ധിപ്പിക്കുന്നത്. കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ NATPAC ശേഖരിക്കുന്ന വിവരങ്ങളും അവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകളിലെ വിവരങ്ങളും കണക്കിലെടുക്കാറുണ്ട്.

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമേ സ്പെയർ പാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റ് ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്തശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ആയതിനാൽ പെട്രോൾ/ഡീസൽ എന്നിവയിലെ വിലക്കുറവ് മാത്രം കണക്കാക്കി ചാർജ് കുറയ്ക്കുന്ന കാര്യം പൂർണ്ണമായും പ്രായോഗികമല്ല. എങ്കിലും ഇക്കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

**ബസ്-ഓട്ടോ-ടാക്സി-ചാർജ്ജ് വർദ്ധനവ്**

342 (2217) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ്-ഓട്ടോ-ടാക്സി ചാർജുകൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓരോ തവണയും നിലവിലുണ്ടായിരുന്ന ചാർജ്ജും വർദ്ധിപ്പിച്ച ചാർജ്ജും കാണിക്കുന്ന ഒരു പട്ടിക ലഭ്യമാക്കുമോ ;

(സി) ചാർജ് വർദ്ധനവ് നടപ്പാക്കിയപ്പോൾ ഡീസൽ, പെട്രോൾ വിലവർദ്ധനവ് പരിഗണിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പരിഗണിച്ചിട്ടുണ്ടെങ്കിൽ ഡീസൽ, പെട്രോൾ വില കുറഞ്ഞ സാഹചര്യത്തിൽ ബസ്-ഓട്ടോ-ടാക്സി ചാർജ്ജുകൾ കുറവ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 3 തവണ ബസ് ചാർജ്ജും 2 തവണ ഓട്ടോ ടാക്സി ചാർജ്ജും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ബസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയും ഓട്ടോ-ടാക്സി ചാർജ്ജുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിട്ടുണ്ട്.*

(സി) പരിഗണിച്ചിരുന്നു.

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമേ സ്പെയർ പാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റ് ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്തശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

## ബസ് റൂട്ടുകളുടെ ദേശസാത്കരണം

343 (2218) <u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. സി. കെ. സദാശിവൻ</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ് റൂട്ടുകളുടെ ദേശസാൽക്കരണം സംബന്ധിച്ച് അനുവർത്തിച്ചു വരുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ ഇതിനകം നടത്തിയ മാറ്റങ്ങളും അതിൻപ്രകാരം ദേശസാൽക്കരണം മരവിപ്പിച്ച സൂപ്പർക്ലാസ് റൂട്ടുകളും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ദേശസാൽക്കരണം മരവിപ്പിച്ചുകൊണ്ട് ഏതെല്ലാം സൂപ്പർക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസ്സുടമകൾക്ക് താൽക്കാലികമോ സ്ഥിരമോ ആയ പെർമിറ്റുകൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഇത്തരത്തിൽ നൽകപ്പെട്ട പെർമിറ്റുകൾ എത്ര ; ഏതെല്ലാം സ്വകാര്യ ബസ് ഉടമകൾക്കാണ് നൽകിയിട്ടുള്ളത് ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പദ്ധതിക്ക് ഏറെ സഹായകരമാവുമെന്ന് ചൂണ്ടിക്കാട്ടിയ ദേശസാൽക്കരണം അട്ടിമറിക്കപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 22-1-2014-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ. (പി) നമ്പർ 03/2014/ട്രാൻ പ്രകാരം പൊന്നാനി-ചേളാരി റൂട്ട് ദേശസാൽക്കരിക്കപ്പെട്ടിരിക്കുന്നു. 16-7-2013-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ.(പി) 73/2013/ട്രാൻ പ്രകാരം ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഡീലക്സ്, ആഡംബര സർവ്വീസ് എന്നീ തരത്തിലുള്ള സ്റ്റേജ് കാര്യേജ് സർവ്വീസുകൾ നടത്താനുള്ള അധികാരം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഈ രണ്ടു സ്കീമുകളും ഒറ്റയടിക്ക് നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടും കാലതാമസവും ബോദ്ധ്യപ്പെട്ടതിനാൽ യാത്രക്കാരായ പൊതുജനങ്ങളുടെ സൗകര്യാർത്ഥം മേൽപ്പറഞ്ഞ 2 സ്കീമുകളിൽ ഉൾപ്പെട്ടിരുന്ന സ്വകാര്യ വാഹനങ്ങൾക്ക് താൽക്കാലിക പെർമിറ്റ് നൽകാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് 17-7-2014-ലെ സർക്കാർ കത്ത് നമ്പർ 10689/ബി1/2014/ട്രാൻ തീയതി പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകൾക്ക് വിധേയമായാണ് പ്രസ്തുത നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിരുന്നത്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) ദേശസാൽക്കരണം അട്ടിമറിക്കപ്പെടാനുള്ള സാഹചര്യം നിലവിലില്ല.

**റോഡ് സേഫ്റ്റി ബിൽ**

344 (2219) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ റോഡ് ഗതാഗത രംഗത്ത് റോഡ് സേഫ്റ്റി ബിൽ എന്ന പേരിൽ ഒരു പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെ ദോഷകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കരട് ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാന സർക്കാരിന്റെ റോഡ് ഗതാഗതമേഖലയിലുള്ള അധികാരം വെട്ടിച്ചുരുക്കുമെന്ന കാര്യം അറിയാമോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) അറിയാം.

(ഡി) ബില്ലിനെതിരായ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**പുതിയ താലൂക്ക് ആസ്ഥാനങ്ങളിൽ ആർ.റ്റി.ഒ. സബ് ഓഫീസുകൾ**

345 (2220) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിച്ച താലൂക്ക് ആസ്ഥാനങ്ങളിൽ ആർ.റ്റി.ഒ. സബ് ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഗതാഗത വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി ധനകാര്യ വകുപ്പിൽ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ പുതിയ കൊണ്ടോട്ടി താലൂക്ക് കേന്ദ്രമായി ഒരു സബ് ആർ.ടി.ഒ. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പരിശോധിച്ചു വരുന്നു.

**ഗതാഗത നിയമലംഘനം**

346 (2221) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത നിയമ ലംഘനം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം നിയമ ലംഘനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സോഷ്യൽ മീഡിയകളെ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെയെന്നും അവയുടെ പ്രവർത്തന രീതികൾ എങ്ങനെയാണെന്നും വിശദമാക്കുമോ ;

(സി) സോഷ്യൽ മീഡിയകൾ വഴി മോട്ടോർ വാഹന വകുപ്പിന് എത്ര പരാതികൾ ലഭിച്ചെന്നും അവ ഏതൊക്കെ സോഷ്യൽ മീഡിയകൾ വഴിയാണെന്നും അവയിൽ സ്വീകരിച്ച നിയമ നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രഥമദൃഷ്ട്യാ റോഡുകളിൽ കണ്ടുവരുന്ന മോട്ടോർ വാഹന നിയമ ലംഘനങ്ങൾ - ഉദാ. നമ്പർ പ്ലേറ്റ്, കൂളിംഗ് ഫിലിം ഒട്ടിച്ചിട്ടുള്ള വാഹനങ്ങൾ, ഹെൽമെറ്റ് ധരിക്കാതെയുള്ള യാത്ര, ഇരുചക്ര വാഹനങ്ങളിൽ മൂന്നുപേർ കയറി പോകുന്ന യാത്ര, എന്നിങ്ങനെയുള്ള നിയമ ലംഘനങ്ങൾ മൊബൈലിലോ, ക്യാമറകളിലോ പകർത്തി ബന്ധപ്പെട്ട അധികാരികൾക്ക് സോഷ്യൽ മീഡിയകൾ വഴി എത്തിക്കുക യെന്നതാണ് ഇതിന്റെ പ്രവർത്തന രീതി. ഇതുമൂലം ഗതാഗത നിയമ ലംഘനങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഏതൊരാൾക്കും സാധിക്കുന്നു. അങ്ങനെ ഒരു വലിയ അളവിൽ നിയമലംഘനങ്ങൾ ഒഴിവാക്കാനാകും. ലഭിക്കുന്ന സന്ദേശങ്ങളുടെ ആധികാരികത ഉറപ്പുവരുത്തിയ ശേഷം തുടർനടപടികൾ എടുക്കുന്നതിനാൽ നിയമലംഘനങ്ങൾ കുറയ്ക്കാൻ കഴിയുന്നു.

1. മൊബൈൽഫോൺ സംവിധാനം Closed User Group സിസ്റ്റത്തിലൂടെ എല്ലാ ഉയർന്ന ഉദ്യോഗസ്ഥർക്കും  നൽകിയിട്ടുണ്ട്. ഈ നമ്പറുകൾ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ ഫോണുകളിലേക്ക് നേരിട്ടോ എസ്.എം.എസ്. വഴിയോ ബന്ധപ്പെടാം.

2. Whats app എല്ലാ ഫോണുകളിലും ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ഓരോ ഓഫീസിലും Facebook Account open ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഫേസ്ബുക്, വാട്ട്സ് ആപ്പ് എന്നീ സോഷ്യൽ മീഡിയകൾവഴി 102 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളിൽ അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിഴ അടപ്പിക്കുക, നികുതി ഈടാക്കുക, ഫിറ്റ്നസ് റദ്ദ് ചെയ്യുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു.

**ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി.-യ്ക്ക് ബസ്സുകൾ**

347 (2222) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി.-ക്കായി ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ;

(ബി) ഇപ്രകാരം എത്ര ബസ്സുകൾ വാങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയോട് സന്നദ്ധത അറിയിച്ച് എത്ര പേർ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഓരോ നിയോജകമണ്ഡലത്തിലെയും യാത്രാക്ലേശത്തിന് എത്രത്തോളം പരിഹാരം കാണാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ബസ്സുകൾ വാങ്ങി പ്രസ്തുത നിയോജകമണ്ഡലത്തിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്നതാണ്. ചേസ്സിസ് വാങ്ങി ബോഡി നിർമ്മാണം നടത്തി ഒരു ബസ് പുറത്തിറക്കുന്നതിന് 18.87 ലക്ഷം രൂപ ചെലവ് വരും.

(ബി) ഒരു ചേസ്സിസ് വാങ്ങി ബോഡി നിർമ്മാണം നടത്തി നിരത്തിലിറക്കുന്നതിന് ഉദ്ദേശം 18.87 ലക്ഷം രൂപ ചെലവുവരും. ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാകുന്ന തുക അനുസരിച്ച് ബസുകൾ വാങ്ങുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയോട് സന്നദ്ധത അറിയിച്ച് ഒൻപത് നിയമസഭാംഗങ്ങൾ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ്സുകൾ വാങ്ങി കൂടുതൽ സർവ്വീസുകൾ ആരംഭിച്ചാൽ പ്രസ്തുത നിയോജക മണ്ഡലങ്ങളിലെ യാത്രാ ക്ലേശം പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

**ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ**

348 (2223) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ചടയമംഗലം ഡിപ്പോയിൽനിന്ന് പമ്പയിലേക്ക് നിത്യേന സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശബരിമല മഹോത്സവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-യുടെ

പമ്പ ബസ് സ്റ്റേഷന്റെ പ്രവർത്തനം 14-11-2014-ൽ ആരംഭിക്കുകയുണ്ടായി. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് വർക്സ് മാനേജരെ പമ്പ ബസ് സ്റ്റേഷന്റെ സ്പെഷ്യൽ ഓഫീസറായും അദ്ദേഹത്തെ സഹായിക്കുവാൻ രണ്ട് ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. പുറമെ എഴുപത്തിഅഞ്ചോളം ജീവനക്കാരെയും പമ്പ ബസ് സ്റ്റേഷനിലേക്ക് നിയോഗിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര പുനലൂർ, പത്തനംതിട്ട, ചെങ്ങന്നൂർ, അടൂർ, കായംകുളം, കോട്ടയം, എറണാകുളം, എരുമേലി, കുമിളി എന്നീ യൂണിറ്റുകളെ പ്രത്യേക സർവ്വീസ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ച് ആദ്യഘട്ടത്തിൽ നൂറ്റി അൻപതോളം ബസ്സുകൾ പൂൾ ചെയ്ത് നൽകിയിട്ടുണ്ട്. നിലക്കൽ-പമ്പ ചെയിൻ സർവ്വീസിനായി 100 ബസ്സുകൾ പമ്പ ബസ് സ്റ്റേഷനിലും പൂൾ ചെയ്തിട്ടുണ്ട്. തിരക്കിനനുസരിച്ച് കൂടുതൽ ബസ്സുകൾ അനുവദിച്ച് വരുന്നുമുണ്ട്. തിരുവനന്തപുരം പഴവങ്ങാടി ഗണപതി ക്ഷേത്രം, കൊട്ടാരക്കര ഗണപതി ക്ഷേത്രം, ഓച്ചിറ പരബ്രഹ്മ ക്ഷേത്രം, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ല, എറണാകുളം റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽനിന്നും പമ്പയിലേക്കും എരുമേലിയിലേക്കും പ്രത്യേക സർവ്വീസുകൾ നടത്തി വരുന്നുണ്ട്. നിലക്കൽ പ്ലാപ്പള്ളി, പെരിനാട് എന്നിവിടങ്ങളിൽ ബ്രേക്ക് ഡൗൺ ഉണ്ടായാൽ അറ്റൻഡ് ചെയ്യുന്നതിന് മെക്കാനിക്കൽ ജീവനക്കാരുടെ സംഘത്തെ വിന്യസിപ്പിച്ചിട്ടുമുണ്ട്. വിവിധ സംസ്ഥാനങ്ങളിൽനിന്നും വരുന്ന തീർത്ഥാടകർക്ക് മനസ്സിലാക്കുന്നതിനായി ബസ്സുകളുടെ ബോർഡുകളിൽ സ്ഥലനാമം മലയാളത്തിന് പുറമേ തമിഴ്, തെലുങ്ക്, കന്നഡ, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ റിസർവേഷൻ സൗകര്യമുള്ള എല്ലാ ഡിപ്പോകളിൽ നിന്നും പമ്പയിലേയ്ക്ക് റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ബാംഗ്ലൂരിൽ നിന്നും രണ്ട് സൂപ്പർ ഡീലക്സ് ബസുകൾ ദിവസവും പമ്പയിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്. തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിലേക്ക് പമ്പയിൽനിന്നുമുള്ള സർവ്വീസുകൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും നടത്തുന്ന മറ്റ് പ്രത്യേക സർവ്വീസുകൾക്ക് പുറമെ ഒരു വോൾവോ ബസ് ഉപയോഗിച്ച് ദിവസവും ഒരു സർവ്വീസ് നടത്തിവരുന്നുമുണ്ട്. തീർത്ഥാടകരുടെ തിരക്കിനനുസരിച്ച് കൂടുതൽ ബസ്സുകൾ അനുവദിച്ച് ഈ വർഷത്തെ ശബരിമല മഹോൽസവ പ്രത്യേക സർവ്വീസ് കാര്യക്ഷമമായി നടത്തുവാൻ കെ.എസ്.ആർ.ടി.സി. എല്ലാ സജ്ജീകരണങ്ങളും ഇതിനകം നടത്തിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ചടയമംഗലം ഡിപ്പോയിൽനിന്നും 16-11-2014 മുതൽ രാത്രി 8.00 മണിക്ക് പമ്പയിലേക്ക് ഒരു സർവ്വീസ് ദിവസവും നടത്തിവരുന്നുണ്ട്.

### തലസ്ഥാന നഗരിയിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ

349 (2224) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകളുടെ എണ്ണം എത്ര ;

(ബി) ഇതിൽ എത്ര എണ്ണത്തിന് തിരക്കേറിയ കിഴക്കേക്കോട്ട സ്റ്റാൻഡിൽ കയറി പോകുന്നതിന് അനുമതി നൽകിയിട്ടുണ്ട് ;

(സി) അനുമതി നൽകിയിട്ടില്ലെങ്കിലും നഗരത്തിലെ ഏറെക്കുറെ എല്ലാ സ്വകാര്യ ബസ്സുകളും ഇവിടെവന്ന് പോകുന്നത് തടയാൻ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇല്ലെങ്കിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ഇവർക്കെതിരെ നടപടി നടത്താതിരിക്കുന്നതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 108.

(ബി) 106.

(സി) അനുമതിയുള്ള ബസ്സുകൾ മാത്രമേ കിഴക്കേക്കോട്ടവഴി സർവ്വീസ് നടത്തുന്നുള്ളൂ.

(ഡി) മനഃപ്പൂർവ്വം ഗതാഗത കുരുക്ക് ഉണ്ടാക്കുന്ന ബസ്സുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

### യൂണിഫോം ധരിക്കാത്ത ചെക്കിംഗ് ഇൻസ്പെക്ടർമാർക്കെതിരെ നടപടി

350 (2225) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ചെക്കിംഗ് ഇൻസ്പെക്ടർമാർക്ക് യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ടോ; എത്ര തുകയാണ് നൽകുന്നത് ; വിശദമാക്കാമോ ;

(സി) 2014-15 സാമ്പത്തിക വർഷം യൂണിഫോം അലവൻസ് കൈപ്പറ്റുകയും എന്നാൽ യൂണിഫോം ധരിക്കാത്തതുമായ ഉദ്യോഗസ്ഥരെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) ഇത്തരം കേസുകളിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇൻസ്പെക്ടർമാർ നിശ്ചിത യൂണിഫോം ധരിച്ചുകൊണ്ടുമാത്രമേ ജോലി ചെയ്യാൻ പാടുള്ളൂ. എന്നാൽ ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, സർപ്രൈസ് സ്ക്വാഡ് യൂണിറ്റിലെ ഇൻസ്പെക്ടർമാർ എന്നിവർക്ക് ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്.

(ബി) നൽകുന്നുണ്ട്. പുതുക്കിയ സേവനവേതനകരാർ പ്രകാരം നിലവിൽ പ്രതിവർഷം 1250 രൂപയാണ് ഇൻസ്പെക്ടർമാർക്ക് യൂണിഫോം അലവൻസായി നൽകിവരുന്നത്.

(സി) 2014-15 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-യിൽ ഒരു ജീവനക്കാരനും യൂണിഫോം അലവൻസ് അനുവദിച്ചിട്ടില്ല. ആയതിനാൽ യൂണിഫോം ധരിക്കാത്ത ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല.

(ഡി) യൂണിഫോം അലവൻസ് കൈപ്പറ്റുന്ന ജീവനക്കാർക്ക് നിർബന്ധമായും യൂണിഫോം ധരിച്ചാകണം ജോലിക്ക് ഹാജരാകേണ്ടതെന്നും അല്ലാത്തവരെ ജോലിയിൽനിന്ന് മാറ്റി നിർത്തണമെന്നുമുള്ള കർശന നിർദ്ദേശം എല്ലാ യൂണിറ്റധികാരികൾക്കും നൽകുകയും അതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

351 (2226) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് ലോഫ്ലോർ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) പുനലൂർനിന്നും തെങ്കാശിവഴി മധുരയിലേക്കും പുനലൂർനിന്നും കോയമ്പത്തൂരിലേക്കും അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുമോ ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ പുനലൂർ നിന്നും തെങ്കാശി വഴി മധുരയ്ക്കും, കോയമ്പത്തൂരിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഗാന്ധിറോഡ്-നടക്കാവ്-മെഡിക്കൽ കോളേജ് റൂട്ടിൽ ബസ്സ് സർവ്വീസ്

352 (2227) <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ ഗാന്ധിറോഡ്-നടക്കാവ്-മെഡിക്കൽ കോളേജ് റൂട്ടിൽ ഓടിയിരുന്ന ബസ്സ് സർവ്വീസ് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് നിവേദനം ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടില്ല.

(ബി) ഉത്തരം 'എ' -യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## വെഞ്ഞാറമൂട്, പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ബസ്സുകൾ

353 (2228) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട്, പാലോട് എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിലവിലുള്ള മൊത്തം ഷെഡ്യൂളുകളുടെ ലിസ്റ്റ് നല്കാമോ ;

(ബി) വെഞ്ഞാറമൂട്, പാലോട് ഡിപ്പോകളിലെ മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസ്സുകളുടെ എണ്ണം സംബന്ധിച്ച വിവരം അറിയിക്കുമോ ;

(സി) നിലവിൽ ഈ ഡിപ്പോകളിൽ എത്ര ബസ്സുകൾ വീതമാണ് ഉള്ളത് ;

(ഡി) പ്രസ്തുത ഡിപ്പോകളിലെ പ്രവർത്തനക്ഷമമല്ലാത്ത ബസ്സുകളുടെ എണ്ണം എത്രയാണ് ;

(ഇ) ഈ സർക്കാർ നാളിതുവരെ പ്രസ്തുത ഡിപ്പോകൾക്കായി എത്ര പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) ഈ ഡിപ്പോകൾക്കായി കൂടുതൽ പുതിയ ബസ്സുകൾ അനുവദിക്കുമോ ;

ഓരോന്നിനും എത്ര ബസ്സ് വീതം നൽകുമെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) വെഞ്ഞാറമൂട് ഡിപ്പോയിൽ 62 ഷെഡ്യൂളുകളും, പാലോട് ഡിപ്പോയിൽ 40 ഷെഡ്യൂളുകളുമാണുള്ളത്. ഷെഡ്യൂളിന്റെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) വെഞ്ഞാറമൂട് ഡിപ്പോയിൽ 2 ഫാസ്റ്റ്, 16 സിറ്റി ഫാസ്റ്റ്, 44 ഓർഡിനറി എന്നിങ്ങനെ 62 ഷെഡ്യൂളുകളാണ് നിലവിലുള്ളത്. മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസുകൾ ഉൾപ്പെടെ 68 ബസുകൾ ആവശ്യമുണ്ട്. പാലോട് ഡിപ്പോയിൽ 7 ഫാസ്റ്റ്, 33 ഓർഡിനറി എന്നിങ്ങനെ 40 ഷെഡ്യൂളുകളാണ് നിലവിലുള്ളത്. മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് 44 ബസ്സുകൾ സ്പെയർ ബസ് ഉൾപ്പെടെ ആവശ്യമുണ്ട്.

(സി) വെഞ്ഞാറമൂട് ഡിപ്പോയിൽ 9 JnNURM ബസ്സുകൾ ഉൾപ്പെടെ 52 ബസ്സുകൾ ഉണ്ട്. പാലോട് ഡിപ്പോയിൽ 3 Jn NURM ബസ്സുകൾ ഉൾപ്പെടെ 37 ബസ്സുകൾ ഉണ്ട്.

(ഡി) വെഞ്ഞാറമൂട് ഡിപ്പോയിൽ 2-12-2014-ൽ ഏഴ് ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടിട്ടുണ്ടായിരുന്നു. പാലോട് ഡിപ്പോയിൽ 2-12-2014-ൽ നാല് ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടിട്ടുണ്ടായിരുന്നു.

(ഇ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ വെഞ്ഞാറമൂട് ഡിപ്പോയ്ക്ക് 7 പുതിയ ബസ്സുകളും പാലോട് ഡിപ്പോയ്ക്ക് 6 പുതിയ ബസ്സുകളും നൽകിയിട്ടുണ്ട്.

(എഫ്) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**റോഡപകടങ്ങൾ പെരുകുന്നത് തടയുവാൻ നടപടി**

354 (2229) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷം റോഡപകടങ്ങളിൽ മരിച്ചവരുടെ എണ്ണം, കാൽനട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

യാത്രക്കാർ, ബൈക്ക് യാത്രികർ, മറ്റ് വാഹനങ്ങളിലെ യാത്രക്കാർ എന്നിങ്ങനെ തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ട്രാഫിക്ക് നിയമങ്ങൾ പാലിക്കാത്തതും അനുവദനീയമായതിലുമധികം വേഗത്തിൽ വാഹനമോടിക്കുന്നതുംമൂലമാണ് അപകടങ്ങൾ പെരുകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ ആയത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2013-ൽ 4258 പേർ റോഡപകടങ്ങളിൽ മരണപ്പെടുകയും ഇതിൽ 1333 പേർ കാൽ നട യാത്രക്കാരും, 1712 ബൈക്ക് യാത്രക്കാരും, 1213 മറ്റു വാഹനങ്ങളിലെ യാത്രക്കാരുമാണ് മരണപ്പെട്ടിട്ടുള്ളത്.

(സി&ഡി) ഉണ്ട്. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് ക്യാരേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലത്തിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യസംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്/നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും,

സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും നടപ്പിലാക്കി വരുന്നു.

**ചാലക്കുടി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ നിന്നുമുള്ള ബസ്സ് സർവ്വീസ്**

355 (2230) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ ശബരിമല സീസൺ ആരംഭത്തിൽ തന്നെ ചാലക്കുടി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽനിന്നും പമ്പയിലേക്ക് ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) ചാലക്കുടിയിൽനിന്നും അതിരപ്പിള്ളി, മലക്കപ്പാറ, വാൽപ്പാറ, പൊള്ളാച്ചിവഴി പഴനിയിലേക്ക് അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മതിയായ യാത്രക്കാരെ ലഭ്യമാകാത്തതിനാൽ ചാലക്കുടിയിൽനിന്നും പമ്പയിലേയ്ക്ക് പ്രതിദിന സർവ്വീസ് നടത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ 40 പേർ ഒരുമിച്ച് വന്നാൽ ഏത് ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ചാലക്കുടിയിൽനിന്നും അതിരപ്പിള്ളി, മലക്കപ്പാറ, വാൽപ്പാറ, പൊള്ളാച്ചിവഴി പഴനിയിലേക്ക് അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

**മോട്ടോർ വാഹന വകുപ്പിൽ നികുതികളും മറ്റും ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം**

356 (2231) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ നികുതികളും മറ്റും ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. എന്നാൽ എല്ലാത്തരം വാഹനങ്ങളുടേയും നികുതി ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള സംവിധാനം ആയിട്ടില്ല.

(ബി) ജനങ്ങൾക്ക് സൗകര്യപ്രദമായി വീട്ടിൽ ഇരുന്നുപോലും നികുതി അടയ്ക്കുന്നതിന് സംവിധാനം ഉണ്ടാക്കുക, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് അഴിമതി തടയുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. എല്ലാവർക്കും വേണ്ട നിർദ്ദേശങ്ങളും സൗകര്യങ്ങളും മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(സി) എസ്.ബി.ടി., എസ്.ബി.ഐ. എന്നീ ബാങ്കുകളും, സോഫ്റ്റ്വെയർ ഡെവലപ്പർ ആയ എൻ.ഐ.സി.-യുമാണ് പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) മോട്ടോർ വാഹന നികുതി നിയമം, മോട്ടോർ വാഹന നികുതി ചട്ടം എന്നിവ പരിഷ്കരിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

357 (2232) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഗതാഗതവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളിൽ അത്യാവശ്യ സേവനങ്ങൾ

ബുധനാഴ്ചകളിലും ചെയ്തു കൊടുക്കണമെന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; പ്രസ്തുത ഉത്തരവ് ആർ.ടി. ഓഫീസുകൾ നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഉത്തരവ് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ഡിപ്പോയിൽ നിന്നും വരേണിക്കൽവഴി ചാരുമൂടിന് ഒരു ഓർഡിനറി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിൽ പുതിയ ബസ്സുകളുടെ ബോഡി നിർമ്മാണം പുനഃരാരംഭിക്കുന്നതിനായി പുതിയ Phosphating tank-ന്റെയും Paint booth-ന്റെയും പണികൾ നടന്നുവരുന്നു. വർക് ഷോപ്പിലെ യാർഡ് മെറ്റലിംഗും, ടാറിംഗും നടത്തിയിട്ടുണ്ട്. കൂടാതെ ഓഫീസ് കെട്ടിടം നവീകരിച്ചിട്ടുള്ളതും ചോർച്ച തടയുന്നതിനുവേണ്ടി പുതിയതായി മേൽക്കൂര പണിതിട്ടുള്ളതുമാണ്. വർക്ഷോപ്പിലെ കെട്ടിടത്തിനുള്ളിലെ താപനില കുറയ്ക്കുന്നതിന് Turbo ventilators സ്ഥാപിച്ചു.

(ബി) നികുതി പിരിവിൽ വീഴ്ച വരാത്ത രീതിയിൽ ബുധനാഴ്ചകളിൽ നികുതി പിരിവിനൊപ്പം മറ്റു സേവനങ്ങൾ കൂടി മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്ന് 2-2-2012-ലെ 13418/സി1/2011/ഗതാഗതം, 18-6-2012-ലെ 4704/സി1/2012/ഗതാഗതം എന്നീ കത്തുകൾ (പകർപ്പ് അനുബന്ധം I, II-ആയി വച്ചിരിക്കുന്നു) മുഖേന ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നതിനെ തുടർന്ന് ഗതാഗത കമ്മീഷണർ 27-6-2012-ന് പുറപ്പെടുവിച്ച 06/2012 സർക്കുലറിൽ (പകർപ്പ് അനുബന്ധം III-ആയി വച്ചിരിക്കുന്നു)* വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ആഫീസർമാർക്കും നൽകിയിട്ടുണ്ട്. ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ചകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യിൽ പാഴ്സൽ കൊറിയർ സർവ്വീസുകൾ**

358 (2233) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പാഴ്സൽ കൊറിയർ സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇത് എത്ര മാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. അനുദിനം നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ എങ്കിലും സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിച്ച് മറികടക്കാമെന്ന ഉദ്ദേശ്യത്തോടെയാണ് ടി സംരംഭത്തിന് തുടക്കം കുറിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി&ഡി) മെച്ചപ്പെട്ട സർവ്വീസ് ഇതര വരുമാനമാണ് പ്രതീക്ഷിക്കുന്നത്. വിവിധ ബസ്സുകളിൽ സ്ഥാപിച്ചിട്ടുള്ള കൊറിയർ ബോക്സുകൾ പ്രയോജനപ്പെടുത്തി ഓപ്പൺ ടെണ്ടർ വ്യവസ്ഥയിലൂടെ മെച്ചപ്പെട്ട ലൈസൻസികളെ കണ്ടെത്തി വരുമാനം പങ്കുവയ്ക്കൽ വ്യവസ്ഥയിൽ പാഴ്സൽ കൊറിയർ സർവ്വീസുകൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

**മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് നടപടികൾ**

359 (2234) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത വകുപ്പിൽ എന്തെല്ലാം ശാക്തീകരണ പരിപാടികളും അടിസ്ഥാന സൗകര്യങ്ങളും ഇതിനായി ഒരുക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) അമിതവേഗതയും മറ്റു ട്രാഫിക് നിയമ ലംഘനങ്ങളും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തിവരുന്ന വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും ഗതാഗത നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ വഴിയും എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കിയിട്ടുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും, അയോഗ്യത കൽപ്പിക്കൽ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും നിരന്തരം നടപ്പിലാക്കിവരുന്നു.

(ബി) ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മോട്ടോർ വാഹന വകുപ്പിലെ 34 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ സമയോചിതമായ പ്രവർത്തനങ്ങൾമൂലവും റോഡ് സുരക്ഷയെക്കുറിച്ചും റോഡപകട ങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ പരിപാടികളിലൂടെയും റോഡപകടങ്ങളും മരണ സംഖ്യയും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) റോഡപകടങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചുമുള്ള ബോധവൽക്കരണത്തിലൂടെ റോഡപകടങ്ങളും, മരണസംഖ്യയും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. മരണ നിരക്ക് ഏറ്റവും കുറവായ വർഷമാണ് 2013. ക്യാമറകളും, കൺട്രോൾ റൂമുമുള്ള ഓട്ടോമൈസ്ഡ് എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങളിലൂടെ നഗരങ്ങളിലെ ട്രാഫിക് കുറ്റകൃത്യങ്ങളും, അതുവഴി അപകടങ്ങളും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഹൈവേകൾ പൂർണ്ണമായും സർവൈലൻസ് ക്യാമറയുടെ നിരീക്ഷണത്തിലാണ്. സ്പീഡ് ഗവേർണർ, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ നിർബന്ധമാക്കുകയും കർശനമായ ചെക്കിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. അപകടകരമായ നിലയിലുള്ള ഹോർഡിങ്ങുകളും പരസ്യങ്ങളും റോഡുവക്കിൽ നിന്നും നീക്കം ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെയുള്ള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളിലൂടെയും റോഡപകടങ്ങളുടെയും മരണത്തിന്റെയും നിരക്കുകൾ ഒരു പരിധി വരെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**മോട്ടോർ വാഹനവകുപ്പിന്റെ ഹെൽപ്പ് ലൈൻ സംവിധാനം**

360 (2235) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രയ്ക്കിടയിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളും കുറ്റകൃത്യങ്ങളും തടയാൻ മോട്ടോർ വാഹന വകുപ്പ് ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ബി) ഹെൽപ്പ് ലൈനിന്റെ പ്രവർത്തന രീതി വിശദമാക്കുമോ ;

(സി) ഹെൽപ്പ് ലൈൻ വഴി നൽകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇവയുടെ പ്രവർത്തനം മോണിട്ടർ ചെയ്യാൻ സ്വീകരിച്ചിട്ടുള്ള സംവിധാനം എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) യാത്രക്കാരിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമവും കുറ്റകൃത്യങ്ങളും തടയാൻ മോട്ടോർ വാഹന വകുപ്പ് ഹെൽപ്പ് ലൈൻ സംവിധാനം 14-2-2014 മുതൽ എല്ലാ ആർ.ടി. ഓഫീസുകളിലും ആരംഭിച്ചിട്ടുണ്ട്. പ്രൈവറ്റ് ബസ്സുകളിലും, കെ.എസ്.ആർ.ടി.സി. ബസ്സുകളിലും വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും വയോജനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചും യാത്രാ സൗജന്യവുമായി ബന്ധപ്പെട്ടും നിരവധി പരാതികൾ വിവിധ ഓഫീസുകളിൽ ലഭിച്ചു കൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കിയിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അടങ്ങിയ പത്രക്കുറിപ്പ് 17-2-2014-ൽ കേരളത്തിലെ എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിലെ ഓരോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും പരിധിയിൽ ഉണ്ടാകുന്ന പരാതികൾക്ക് ഉടനടി പരിഹാരമുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തന രീതിയാണ് ഈ സംവിധാനത്തിലുള്ളത്. ഇതിനായി ഓരോ ജില്ലയിലും സർവ്വീസ് നടത്തുന്ന ബസ്സുകളിൽ യാത്രക്കാർക്ക് വായിക്കാൻ പറ്റുന്ന വിധത്തിൽ ഹെൽപ്പ് ലൈൻ നമ്പർ എഴുതി പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബസ് സ്റ്റാന്റ് തുടങ്ങിയ പ്രധാനപ്പെട്ട സ്ഥലങ്ങളിലും ഹെൽപ്പ് ലൈൻ നമ്പരുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ആയതിനാൽ വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കും നേരിട്ട് പരാതികൾ അറിയിച്ചും പരിഹാരം കാണാവുന്നതാണ്.

(സി) ഹെൽപ്പ് ലൈൻവഴി നൽകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധമായി പരാതികൾ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ പരാതി സെല്ലിൽ സ്വീകരിച്ച് ഉടൻ നടപടിക്ക് ശുപാർശ ചെയ്യുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വിവിധ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) ഹെൽപ്പ് ലൈൻ സംവിധാനം മോണിറ്റർ ചെയ്യുവാൻ എല്ലാ ജില്ലകളിലേയും ആർ.ടി.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ പരാതി പരിഹാരസെല്ലിലൂടെ ഈ സംവിധാനം നിരീക്ഷണം ചെയ്യുകയും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്യുന്നുണ്ട്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

361 (2236) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാഹനങ്ങളിൽ നമ്പർ പ്ലേറ്റും, വകുപ്പിന്റെ പേരും പ്രദർശി പ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി വാഹനങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഔദ്യോഗിക ആവശ്യത്തിനായി വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഇത്തരം വാഹനങ്ങളിൽ ഔദ്യോഗിക പേരും തസ്തികയും പ്രദർശിപ്പിച്ച് സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 50, 51 എന്നിവയ്ക്ക് അനുസൃതമായാണ് സർക്കാർ വാഹനങ്ങളിൽ നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കുന്നത്. സർക്കാർ വാഹനങ്ങളിൽ വകുപ്പിന്റെ പേര് പ്രദർശിപ്പിക്കുന്നതിന് ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 25-2-1994-ലെ സർക്കാർ സർക്കുലർ നമ്പർ 5280/എം2/94/പി.ഡബ്ല്യൂ ആന്റ് റ്റി പ്രകാരം സംസ്ഥാന മന്ത്രിമാർക്കും തത്തുല്യ പദവി വഹിക്കുന്നവർക്കും വാഹനത്തിൽ "കേരള സ്റ്റേറ്റ് " എന്ന ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. സർക്കാർ വകുപ്പുകൾക്ക് വാഹനത്തിന്റെ പുറകിലും മുൻപിലും വകുപ്പിന്റെ പേർ സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. പ്രസ്തുത ബോർഡിന്റെ പശ്ചാത്തലം ചുവപ്പും അക്ഷരങ്ങൾ വെള്ള നിറത്തിലും ആയിരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വാഹനത്തിന്റെ മുൻവശത്ത് ദീർഘചതുരാകൃതിയിലുള്ള പൊതുമേഖലാ സ്ഥാപനത്തിന്റെ പേരും അതിന് താഴെയായി "A State Government Undertaking" എന്ന് എഴുതിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. വാഹനത്തിന്റെ പുറകിൽ വൃത്താകൃതിയിൽ കമ്പനിയുടെ പേര് പൂർണ്ണ രൂപത്തിലോ, ചുരുക്ക രൂപത്തിലോ എഴുതിയ ബോർഡ്

പ്രദർശിപ്പിക്കാവുന്നതാണ്. രണ്ട് ബോർഡുകളുടെയും പശ്ചാത്തലം ഇളം നീല നിറത്തിലും, അക്ഷരങ്ങൾ കറുത്ത നിറത്തിലുമായിരിക്കണം.

(ബി) പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി വാഹനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ ഇളക്കി മാറ്റുന്നതിന് നിർദ്ദേശം നൽകുന്നതിനോടൊപ്പം മോട്ടോർ വാഹന നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പിഴയും ഈടാക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ജനറൽ ട്രാൻസ്ഫർ**

362 (2237) <u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ ഈ വർഷം ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയോ ; ഏതെല്ലാം തസ്തികയിൽ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ എല്ലാ തസ്തികകളിലും ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടുണ്ട്.

**ആലപ്പുഴയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി**

363 (2238) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനം പ്രമാണിച്ച് ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് എത്ര സ്പെഷ്യൽ സർവ്വീസുകളാണ് ആരംഭിച്ചിട്ടുള്ളത് ; ഇതിന് പുതുതായി ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) സ്പെഷ്യൽ സർവ്വീസുകൾ നടത്തുന്നതിനുവേണ്ടി പ്രസ്തുത ഡിപ്പോയിൽ എത്ര പ്രതിദിന റൂട്ടുകളാണ് റദ്ദു ചെയ്തിട്ടുള്ളത് ;

(സി) റൂട്ടുകൾ റദ്ദാക്കിയതുമൂലം ആലപ്പുഴ-തകഴി-തിരുവല്ല റൂട്ടുകളിൽ യാത്രാക്ലേശം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ആലപ്പുഴനിന്നും രാത്രി 9.00 മണിക്ക് പമ്പയിലേക്ക് ഒരു സർവ്വീസ് തുടങ്ങിയിട്ടുണ്ട്. ഇതിനായി പുതിയ ബസ്സുകൾ അനുവദിച്ചിട്ടില്ല.

(ബി) ആലപ്പുഴയിൽനിന്നുമുള്ള പമ്പ സർവ്വീസ് ഉൾപ്പെടെ സ്പെഷ്യൽ സർവ്വീസുകൾ നടത്തുന്നതിനുവേണ്ടി 5 ബസ്സുകൾ മാറ്റിയപ്പോൾ 5 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

(സി&ഡി) ശബരിമല പ്രത്യേക സർവ്വീസിനുവേണ്ടി ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് പിൻവലിച്ചിട്ടുള്ളത്. ആലപ്പുഴ-തകഴി-തിരുവല്ല റൂട്ടിൽ ഓർഡിനറി ബസ്സുകൾ ഉപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്. ഓർഡിനറി ബസ്സുകളൊന്നും തന്നെ പിൻവലിച്ചിട്ടില്ലാത്തതിനാൽ ടി റൂട്ടിൽ യാത്രാക്ലേശം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 1938, 1939, 1957, 1990, 1996, 2045, 2073, 2081, 2104, 2128, 2133 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

മി. ഡെപ്യൂട്ടി സ്പീക്കർ : സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനവും അവശ്യസർവ്വീസുമായ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും, പെൻഷനായവർക്ക് പെൻഷൻ തുക പോലും നൽകാനാവാതെ പ്രതിസന്ധിയിലായിരിക്കുന്നു. പുതിയ ബസ്സുകൾ ഇറക്കിയും കട്ടപ്പുറത്തുള്ള ബസ്സുകൾ സ്പെയർപാർട്ട്സ് ലഭ്യമാക്കി സർവ്വീസ് നടത്തിയും ദേശസാൽക്കരിച്ച റൂട്ടുകൾ സംരക്ഷിക്കുന്നതുമുൾപ്പെടെ വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾക്കും പുനരുദ്ധാരണത്തിനും സർക്കാർ അടിയന്തരമായി ഇടപെടേണ്ടത് സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എളമരം കരീം, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഈ അടിയന്തര പ്രമേയത്തിൽ പറയുന്ന കാര്യങ്ങൾ എഴുതിയ സമയത്തേതിനെക്കാൾ കുറച്ച് വ്യത്യാസപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ശമ്പളം കുടിശ്ശിക ഇല്ല, കൊടുത്തുകഴിഞ്ഞു. ഒരു ദിവസത്തെ സാവകാശമുണ്ടായത് എല്ലാവർക്കുമറിയാം, 40 കോടി രൂപ ഗവൺമെന്റിൽ നിന്ന് കിട്ടണമായിരുന്നു. കെ.ടി.ഡി.എഫ്.സി.-യിൽനിന്ന് 17 കോടിരൂപ കിട്ടി. പെൻഷനറി ബെനിഫിറ്റ്സിനു വേണ്ടി കിട്ടേണ്ടിയിരുന്ന 12 കോടി രൂപ ഇപ്പോഴൊന്നും ഡിസ്ബേർസ് ചെയ്യരുതെന്ന് പറഞ്ഞുകൊണ്ട് ഒരു പെൻഷൻകാരൻ കോടതിയിൽ അഫിഡവിറ്റ് കൊടുത്തു. ഇതെല്ലാം കണക്കുകൂട്ടിയാണ് ശമ്പളവും പെൻഷനുമെല്ലാം കൊടുക്കുന്നതിന് വേണ്ടിയുള്ള ക്രമീകരണത്തിലേക്ക് പോയത്. പക്ഷേ, പെട്ടെന്നുണ്ടായ ഒരു സംഭവത്തിന്റെ അടിസ്ഥാനത്തിൽ ഒന്നു രണ്ട് ദിവസത്തേക്ക് പ്രശ്നമുണ്ടായി. എനിക്ക് അതിൽ ഖേദമുണ്ട്. ഇപ്പോൾ ശമ്പളമെല്ലാം കൊടുത്തുതീർത്തു. സെപ്റ്റംബർ മാസത്തെ പെൻഷൻ, 14 കോടി രൂപ വീതം രണ്ടുതവണയായി 28 കോടി രൂപ കൊടുത്തു. അതിനുശേഷം 12 കോടിരൂപ ബാലൻസ് കൊടുക്കാനുണ്ടായിരുന്നു. ആ തുകയും കൊടുത്തു കഴിഞ്ഞു. ഇവിടെ പെൻഷനും ശമ്പളവും കൊടുക്കുന്ന ഡേറ്റുകൾ തമ്മിൽ വ്യത്യാസമുണ്ട്. ശമ്പളം കൊടുക്കുന്നത് മാസാവസാനമാണ്. എന്നാൽ പെൻഷൻ അഡ്വാൻസായി ആ മാസത്തിന്റെ ആദ്യംതന്നെ കൊടുക്കണം. അങ്ങനെ നോക്കുമ്പോൾ ഡിസംബർ മാസം 1-ാം തീയതി പെൻഷൻ കൊടുക്കേണ്ടതായിരുന്നു. ഇന്ന് ഡിസംബർ 8-ാം തീയതിയായി. ചെറിയൊരു സാവകാശമുണ്ടായിട്ടുണ്ടെങ്കിലും പെൻഷൻ നിശ്ചയമായും കൊടുക്കും. ഒക്ടോബർ മാസത്തെ പെൻഷൻ 40.16 കോടി രൂപയും നവംബർ മാസത്തേത് 42.5 കോടി രൂപയും കൊടുക്കാനുണ്ട്. ഡി.എ. കുടിശ്ശിക 7.5 ശതമാനം കൊടുക്കാൻ തീരുമാനിച്ചപ്പോൾ പെൻഷനും കൂടി ഡി.എ. കൊടുത്തതുകൊണ്ട് 2.5 കോടി രൂപ അഡീഷണൽ ആയി എക്സ്പെൻഡിച്ചർ വരികയാണ്. മൊത്തത്തിൽ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല, അതാണ് കെ.എസ്.ആർ.ടി.സി. ദീർഘകാലമായി അനുഭവിക്കുന്ന പ്രധാന പ്രശ്നം. ഇങ്ങനെയുള്ള പ്രയാസങ്ങളൊക്കെ വരുന്നുണ്ടെങ്കിലും ജീവനക്കാരെ വിശ്വാസത്തിലെടുത്ത്, അവരുമായി ഡിസ്കസ്സ് ചെയ്ത്, ഗവൺമെന്റിന് ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലുള്ള തീരുമാനങ്ങളെടുത്ത് മുന്നോട്ടു പോകുന്നതിനുവേണ്ടിയുള്ള

എല്ലാ പരിശ്രമങ്ങളും നടത്തിയിട്ടുണ്ട്. നവംബർ മാസത്തെ ശമ്പളം കൊടുക്കുന്നതിന് 6 ദിവസത്തെ താമസമുണ്ടായിട്ടുണ്ട്. ഇപ്പോൾ അതെല്ലാം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബസ്സുകളുടെ എണ്ണം കൂട്ടുന്നതിന് വേണ്ടി എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. ഓടാതെ കിടക്കുന്ന ബസ്സുകളിൽ 10 ശതമാനം ഗ്യാരേജിൽ ഇടാനുള്ള പെർമിഷനുണ്ട്. അങ്ങനെ പെർമിസീവായിട്ടുള്ളതിനേക്കാൾ ചെറിയൊരു വർദ്ധനവ് അതിലുണ്ടെന്നത് ഞാൻ സമ്മതിക്കുന്നു. പക്ഷേ, പണ്ട് ഉണ്ടായിരുന്നതിനേക്കാൾ വളരെ വ്യത്യാസമുണ്ട്. പണ്ട് അതിനേക്കാൾ വളരെ കൂടുതലായിരുന്നു. അടിയന്തരപ്രമേയം അവതരിപ്പിച്ച തിനുശേഷം അതിന്റെ കണക്ക് ഞാൻ ബോദ്ധ്യപ്പെടുത്താം. ഏതായാലും ഇക്കാര്യത്തിലെല്ലാം പോസിറ്റീവായിട്ടുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. നിരത്തിലിറക്കുന്ന വണ്ടികളുടെ എണ്ണം കൂട്ടാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇപ്പോൾ നിലവിലുള്ള 5084 ബസ്സുകൾക്കു പുറമേ 1900 ബസ്സുകൾ കൂടി നിരത്തിലിറക്കാനുള്ള പരിശ്രമമാണ് നടത്തുന്നത്. ആ പരിശ്രമം വിജയിക്കുമെന്നാണ് എന്റെ വിശ്വാസം. അങ്ങനെയെങ്കിൽ ഏകദേശം 6984 ബസ്സുകൾ നിരത്തിലിറക്കി ഓടിക്കാൻ കഴിയും. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ ബാധിക്കുന്നതുപോലെയുള്ള സാമ്പത്തിക ക്ലേശം കെ.എസ്.ആർ.ടി.സി.-ക്കുമുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളമോ, പെൻഷനോ പറ്റുന്ന ഒരു ലക്ഷത്തിലധികം ആളുകളുണ്ട്. അതിനുള്ള വരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്നില്ല എന്നതാണ് പ്രശ്നം. ആദ്യത്തെ പ്രയോറിറ്റി പണിയെടുത്ത് കളക്ഷൻ കൊണ്ടുവരുന്ന ജീവനക്കാരുടെ ശമ്പളമാണ്, അതിനുശേഷമേ മറ്റ് ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. നമുക്ക് ഡെയ്‌ലി കിട്ടുന്ന കളക്ഷനിൽനിന്ന് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം മാറ്റിവയ്ക്കേണ്ടിവരും. പെൻഷനറി ബെനിഫിറ്റ്സിനും മറ്റ് ആനുകൂല്യങ്ങൾക്കുംവേണ്ടി ഇത്ര ശതമാനം മാറ്റിവയ്ക്കണമെന്ന് കോടതി പറഞ്ഞിട്ടുണ്ട്. അങ്ങനെ എല്ലാംകൂടി മാറ്റിവയ്ക്കേണ്ടി വരുമ്പോൾ ശമ്പളം കൊടുക്കുന്നതിനുപോലും വളരെ ബുദ്ധിമുട്ടുണ്ട്. ഈ പ്രശ്നം ഗൗരവതരമായിട്ട് പരിശോധിച്ചിട്ടുള്ള ഏതൊരു വ്യക്തിക്കും ഇക്കാര്യം അറിയാവുന്നതാണ്. അതുകൊണ്ട് ഈ പൊതുമേഖലാ സ്ഥാപനത്തെ സഹായിക്കുന്നതിന് വേണ്ടി കഴിയുന്നത്ര പരിശ്രമം നടത്തുന്നതാണ്. ഗവൺമെന്റ് കഴിയുന്നത്ര സഹായം നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വായ്പയിനത്തിൽ 9.30 കോടി രൂപയും പദ്ധതിയിനത്തിൽ 223.54 കോടി രൂപയും ഗ്രാന്റായി 32 കോടി രൂപയും സബ്സിഡിയായി 28 കോടി രൂപയും ലഭിച്ചിട്ടുണ്ട്. അങ്ങനെ ആകെ 1213.54 കോടി രൂപ ലഭിച്ചു. തിരിച്ചടവിന് നിവൃത്തിയില്ലാത്തതു കാരണം കുറച്ചു തുക വായ്പയായി നിൽക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, വായ്പയായി നൽകിയ തുകയിൽ ബാങ്ക് ഗ്യാരന്റി നൽകിയത് ഉൾപ്പെട്ടിട്ടുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, വായ്പയായി നൽകിയ തുക കൂടാതെ ബാങ്ക് ഗ്യാരന്റിയായി 300 കോടി രൂപ വേറെയുണ്ട്. ഇതെല്ലാം ചേർത്ത് മൊത്തം 1513.54 (1213.54 + 300) കോടി രൂപ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. അതേസമയം മുൻഗവൺമെന്റിന്റെ കാലഘട്ടത്തിലേതുമായി ഒരു കംപാരിറ്റീവ് സ്റ്റഡി ഞാൻ നടത്തുന്നില്ല. ഈ ഗവൺമെന്റ് നൽകിയതിന്റെ മൂന്നിലൊരുഭാഗം മാത്രമേ അത് വരികയുള്ളൂ. അന്നത്തെ ഗവൺമെന്റ് 5 വർഷക്കാലംകൊണ്ട് വായ്പ ഇനത്തിൽ 510.13 കോടി രൂപയും പദ്ധതി തുകയുടെ അടിസ്ഥാനത്തിൽ 89.70 കോടി രൂപയുമുൾപ്പെടെ 599.83 കോടി രൂപ മാത്രമാണ് കെ.എസ്.ആർ.ടി.സി.-ക്ക് കൊടുത്തത്. അങ്ങോട്ടുമിങ്ങോട്ടും വാക്കുതർക്കമുണ്ടാക്കി ഈ പൊതുമേഖലാ സ്ഥാപനത്തെ ക്ഷീണിപ്പിക്കാതെ, കെ.എസ്.ആർ.ടി.സി-യെ എങ്ങനേയും രക്ഷപ്പെടുത്തുന്നതിനുള്ള നടപടിയെക്കുറിച്ചാണ് ഈ ഗവൺമെന്റ് ആലോചിക്കുന്നത്. ഞാൻ ജീവനക്കാരുടെ സംഘടനകളുമായി സംസാരിച്ചു. ആ സംഘടന രണ്ടു രീതിയിൽ പ്രവർത്തിക്കുന്നതാണ്. റെക്കഗ്നൈസ്ഡ് യൂണിയനും രജിസ്റ്റേർഡ് യൂണിയനുമുണ്ട്. ഞാൻ രണ്ട് കൂട്ടരുമായും പല ഘട്ടങ്ങളിൽ സംസാരിച്ചിട്ടുണ്ട്. അവരുമായി ഈ കാര്യങ്ങളൊക്കെ ഷെയർ ചെയ്തിട്ടുണ്ട്, ഈ കാര്യങ്ങളൊക്കെ യൂണിയൻകാർക്കുമറിയാം. ഇതൊക്കെയാണെങ്കിലും ജീവനക്കാരുടെ വിഷമങ്ങൾക്ക് പൂർണ്ണമായും പരിഹാരമുണ്ടാക്കാൻ സാധിച്ചിട്ടില്ല, ഗവൺമെന്റ് അതിനുവേണ്ടിയുള്ള ശ്രമത്തിലാണ്. അതിന് സഹായകരമായ രീതിയിൽ എല്ലാവരും ഒരുമിച്ചുനിൽക്കണമെന്നുമാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്. ഒരു ലക്ഷത്തിലധികം വരുന്ന ജീവനക്കാരെ ഡയറക്ടായോ, ഇൻഡയറക്ടായോ ബാധിക്കുന്ന ഒരു പ്രശ്നത്തിൽ കേരള നിയമസഭ പോസിറ്റീവായി നടപടി സ്വീകരിക്കുന്നുവെന്ന് പുറത്തൊരു മെസേജ് വരത്തക്ക രീതിയിൽ ഇതിനെ സമീപിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എളമരം കരീം : സർ, സഭയിൽ ഇത് ചർച്ച ചെയ്ത് ഒരു പൊതു തീരുമാനം ഉണ്ടാക്കണമെന്ന മന്ത്രിയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ അംഗീകരിക്കുന്നു. അടിയന്തര പ്രമേയം പൊതു ചർച്ചയ്ക്ക് വിധേയമാക്കണമെന്നതാണ് പോസിറ്റീവായി ചെയ്യേണ്ടത്. അപ്പോൾ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും നിർദ്ദേശം വയ്ക്കുവാനും ഇക്കാര്യത്തിലൊരു പൊതുതീരുമാനമെടുക്കാനും സാധിക്കും. ഇക്കാര്യത്തോട് മന്ത്രി അനുകൂലമായി പ്രതികരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അങ്ങ് പറഞ്ഞു

പോലെ, 34,000 സ്ഥിരം ജീവനക്കാരും 12,000 താൽക്കാലിക ജീവനക്കാരും 37,000 പെൻഷൻകാരും നേരിട്ട് കെ.എസ്.ആർ.ടി.സി.-യെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ കിട്ടാതെ ആത്മഹത്യ ചെയ്ത 12 പേരുടെ ദുരവസ്ഥയെക്കുറിച്ച് അങ്ങയുടെ മറുപടിയിൽ യാതൊന്നും പരാമർശിച്ചില്ല. ചട്ടങ്ങൾക്ക് വിരുദ്ധമായി നിയമസഭാ ഗാലറിയിൽ ഒരു പെൻഷനർ കയറി ശബ്ദമുണ്ടാക്കിയ പ്രശ്നം നമ്മൾ കൈകാര്യം ചെയ്തതാണ്. അദ്ദേഹം വെളിയിൽ പോയപ്പോൾ പെൻഷൻകാരെല്ലാംകൂടി അദ്ദേഹത്തിന് സ്വീകരണം നൽകി. അതുകഴിഞ്ഞ് മടങ്ങിപ്പോകുമ്പോഴാണ് ഒരാൾ കുഴഞ്ഞ് വീണ് മരണപ്പെട്ടത്. തൊട്ടടുത്ത ദിവസം മറ്റൊരു പെൻഷൻകാരൻ ആത്മഹത്യ ചെയ്തു. കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ 12 പേരാണ് ആത്മഹത്യ ചെയ്തത്. ഇങ്ങനെ പോകുകയാണെങ്കിൽ വരും ദിവസങ്ങളിൽ ആത്മഹത്യകളുടെ എണ്ണം കൂടും. ഒരു വിഭാഗം ജീവനക്കാരെ ആത്മഹത്യയിലേക്ക് തള്ളിവിടാൻ ഇടയാക്കിയ കാലത്തെ മന്ത്രിയെന്ന പദവിയുടെ പ്രയാസം അങ്ങ് മനസ്സിലാക്കുന്നുണ്ടെന്നാണ് ഞാൻ കരുതുന്നത്. കെ.എസ്.ആർ.ടി.സി. ഈ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനവും അവശ്യസർവ്വീസുമാണ് ലക്ഷക്കണക്കിന് ജനങ്ങളുടെ യാത്രാ പ്രശ്നം കൈകാര്യം ചെയ്യേണ്ട ഒരു സ്ഥാപനമാണ്. കെ.എസ്.ആർ.ടി.സി. തകർന്നു കഴിഞ്ഞാൽ ജനങ്ങളുടെ യാത്രാ പ്രശ്നം ഗുരുതരമാകും. റിമോട്ട് വില്ലേജുകളിലേക്കും രാത്രി വൈകിയും സുരക്ഷിതമായി യാത്ര ചെയ്യാൻ ജനങ്ങൾ ആശ്രയിക്കുന്ന ഒരു സാമൂഹിക സേവന മേഖലയായ ട്രാൻസ്പോർട്ട് കോർപറേഷനു പകരം വയ്ക്കാൻ ഇവിടെ മറ്റൊരു സംവിധാനമില്ല. അങ്ങനെയുള്ള ട്രാൻസ്പോർട്ട് കോർപ്പറേഷനോട് ഗവൺമെന്റ് കൈക്കൊള്ളേണ്ട നയമെന്താണ് ? മരിക്കാൻ കിടക്കുമ്പോൾ ഒരു തുള്ളി വെള്ളം കൊടുക്കുന്നതുപോലെ 12 കോടി കൊടുത്തു, 50 കോടി കൊടുത്തു എന്ന് പറയുന്നതല്ലാതെ സമഗ്രമായ ഒരു പുനരുദ്ധാരണ പാക്കേജ് നിങ്ങൾ തയ്യാറാക്കിയോ ? ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ വകുപ്പിന് നേതൃത്വം കൊടുത്തിരുന്ന സമയത്ത് ഇതുപോലൊരു പ്രതിസന്ധി വന്നപ്പോൾ അദ്ദേഹം ട്രേഡ് യൂണിയൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവരെല്ലാം ചേർന്ന് മുഖ്യമന്ത്രിയുടെ ചേമ്പറിൽ മീറ്റിംഗ് നടത്തിയതോർമ്മയുണ്ടോ; ട്രാൻസ്പോർട്ട് കോർപ്പറേഷനെ പുനരുദ്ധരിക്കാനുള്ള ഒരു പ്രായോഗിക പാക്കേജിന് പിന്തുണ നൽകണമെന്ന് അന്ന് ഞങ്ങൾ എല്ലാവരും ഒറ്റക്കെട്ടായി മുഖ്യമന്ത്രിയോട് പറഞ്ഞപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് ആ നിലയിൽ ചർച്ചചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണെന്നാണ്. പിന്നീടിതുവരെ അതിനെപ്പറ്റി എന്തെങ്കിലും ചർച്ച നടന്നോ ? ട്രേഡ് യൂണിയനുകളുമായി ആലോചിക്കാതെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഒരു

പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കി, ട്രേഡ് യൂണിയനുകൾക്ക് അതിൽ വിമർശനവുമുണ്ടായി. ആ പാക്കേജ് നിങ്ങൾ ക്യാബിനറ്റിൽ ചർച്ച ചെയ്ത് അംഗീകരിച്ചോ ; അതിന്റെ ഒരു ഭാഗമായ സർചാർജ്ജ് നടപ്പിലാക്കാനുള്ള തീരുമാനം നിങ്ങൾ അതിവേഗം നടപ്പാക്കിയല്ലോ ; അതിനെത്തുടർന്ന് ഗവൺമെന്റ് നൽകേണ്ടുന്ന സഹായം 2015-16 മുതൽ നൽകാമെന്ന് ഗവൺമെന്റ് അറിയിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി. 2015-16 മുതൽ കൊടുത്താൽ മതിയോ ; അതാണോ പുനരുദ്ധാരണ പാക്കേജ് ? കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പയുടെ പലിശ കുറയ്ക്കാൻ എന്ത് നിർദ്ദേശമാണ് നിങ്ങൾ തയ്യാറാക്കിയിട്ടുള്ളത് ; പ്രതിമാസം എത്രകോടി രൂപയാണ് കെ.ടി.ഡി.എഫ്.സി.-ക്ക് പലിശയിനത്തിൽ നൽകേണ്ടിവരുന്നത് ; അതും ബ്ലേഡ് നിരക്കിലുള്ള പലിശ. അതിനേക്കാൾ കുറഞ്ഞ പലിശനിരക്കിൽ വായ്പയെടുക്കണമെങ്കിൽ നിലവിലുള്ള വായ്പ ഒറ്റത്തവണ തീർപ്പാക്കി പുതിയ വായ്പയിലേയ്ക്ക് പോകുവാൻ ഗവൺമെന്റ് ഗാരന്റി നിൽക്കേണ്ടേ ; അങ്ങനെയൊരു പദ്ധതി ആവിഷ്ക്കരിക്കേണ്ടേ ; അങ്ങനെയല്ലേ അതിന്റെ ബാധ്യത കുറച്ചുകൊണ്ട് വരാൻ സാധിക്കുകയുള്ളൂ. ഷെഡ്യൂൾ മുഴുവൻ ഓപ്പറേറ്റ് ചെയ്യുകയാണെങ്കിൽ നഷ്ടമില്ലാതെ കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രവർത്തിക്കാൻ കഴിയും. പിന്നെ വരുന്ന ഏക ബാധ്യത പെൻഷൻ ബാധ്യത മാത്രമാണ്. പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷനെ നഷ്ടമില്ലാതെ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് ഈ സംസ്ഥാനം തെളിയിച്ചിട്ടുണ്ടല്ലോ ; അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ? സമഗ്രമായ ഒരാലോചനയില്ലാതെ, വണ്ടിയെവിടെയെങ്കിലുമൊന്ന് ഇടിച്ച് നിൽക്കുമ്പോൾ അതിനെ താൽക്കാലികമായി റിപ്പയർ ചെയ്ത് ഓടിക്കുന്നതു പോലെ കെ.എസ്.ആർ.ടി.സി-യെ എത്രകാലം മുന്നോട്ട് കൊണ്ടുപോകാൻ കഴിയും ? കേരളത്തിലെ ഏറ്റവും വലിയ സാമൂഹിക സ്ഥാപനമെന്ന നിലയിൽ, പബ്ലിക് യൂട്ടിലിറ്റി സർവ്വീസെന്ന നിലയിൽ ഈ സ്ഥാപനം നിലനിർത്തിക്കൊണ്ട് പോകുന്നതിനും അതിനെ സംരക്ഷിക്കുന്നതിനുമുള്ള ഒരു നയം കേരള ഗവൺമെന്റ് ആവിഷ്ക്കരിക്കാതെ ഈ സ്ഥാപനം മുന്നോട്ട് പോകില്ല. താൽക്കാലിക പ്രതിസന്ധി പരിഹരിച്ചുകൊണ്ടുമാത്രം കാര്യമില്ല. നിങ്ങൾ ഒരു മാസത്തെ ശമ്പളം കൊടുത്തുവെന്ന് പറഞ്ഞല്ലോ ; ഗവൺമെന്റ് നൽകിയ 40 കോടി രൂപയും കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും 17 കോടി രൂപയും പെൻഷൻ ഫണ്ടിൽ നിന്ന് 12 കോടി രൂപയുമെടുത്ത് തൽക്കാലം നിങ്ങൾ ശമ്പളം കൊടുത്തു, അടുത്ത മാസത്തേക്ക് നിങ്ങൾക്ക് എവിടെ നിന്നാണ് കാശ് കിട്ടുന്നത് ; ഇതുപോലെ അടുത്ത മാസവും ഫണ്ട് നൽകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിക്ക് ഉറപ്പ് നൽകാൻ കഴിയുമോ ?

സെപ്റ്റംബർ മാസത്തെ പെൻഷൻ മൂന്ന് ഗഡുവായി കൊടുത്തു, അതിന്റെ ബാധ്യത തീർത്തുവെന്ന് നിങ്ങൾ പറഞ്ഞു. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ കൊടുക്കണ്ടേ ; എന്ന് കൊടുക്കാൻ സാധിക്കും ; ഏകദേശം 48 കോടി രൂപ ഒരു മാസം ബാധ്യത വരുന്ന പെൻഷൻ എപ്പോൾ കൊടുത്തു തീർക്കുവാൻ സാധിക്കും ; അതിനുള്ള ഫണ്ട് എവിടെ നിന്ന് കിട്ടും ? തൊഴിലാളികൾ സെക്രട്ടേറിയറ്റിനു മുമ്പിൽ സമരം നടത്തുമ്പോൾ അല്ലെങ്കിൽ പ്രതിപക്ഷം നിയമസഭയിൽ ഈ പ്രശ്നം ഉന്നയിക്കുമ്പോൾ എവിടെ നിന്നെങ്കിലും കടമെടുത്ത് തൽക്കാലത്തേക്ക് ഒപ്പിച്ച് സഭാ സമ്മേളനം പിരിയുന്നതുവരെ ശാന്തമായി പോയാൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രക്ഷപ്പെടുമോ ; ഇതിന് പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിയുമോ ? ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്തുകൊണ്ട് ഈ തകർച്ചയിലേക്ക് പോയി എന്നതിനെക്കുറിച്ച് നിങ്ങൾ ഗൗരവമായി ആലോചിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നൽകിയ സഹായവും ഇപ്പോൾ നൽകിയ സഹായവുമായി വ്യത്യാസം ഉണ്ടെന്ന് മന്ത്രി പറഞ്ഞു. എൽ.ഡി.എഫ്. ഭരണ കാലത്ത്, ശ്രീ. മാത്യു ടി. തോമസ് ഗതാഗതവകുപ്പുമന്ത്രിയായി ചുമതല വഹിക്കുന്ന കാലത്ത് ഒരു ദിവസം പോലും ശമ്പളം വൈകിയിട്ടില്ല, പെൻഷനുവേണ്ടി സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തേണ്ടി വന്നിട്ടുമില്ല. 2008 മുതൽ മുടങ്ങാതെ പ്രതിവർഷം 1000 ബസ്സുകൾ വീതമാണ് ഇടതുപക്ഷ ജനാതിപത്യഗവൺമെന്റിന്റെ കാലത്ത് നിരത്തിലിറക്കിയത്. നടപ്പു സാമ്പത്തികവർഷം 1000 ബസ്സുകൾ നിരത്തിലിറക്കുമെന്ന് നിങ്ങൾ ഒന്നാമത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ശ്രീ. കെ. എം. മാണിയുടെ ആദ്യത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിമാസം 40 കോടിയോളം രൂപ നൽകുമെന്നും നടപ്പ് സാമ്പത്തിക വർഷം 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കുമെന്നും പറഞ്ഞു. അടുത്ത ബഡ്ജറ്റിലും ഇതുതന്നെ പറഞ്ഞു ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നര വർഷമായിട്ട് 1040 ബസ്സുകളാണ് പുതിയതായി നിരത്തിലിറക്കിയത്. അപ്പോഴേക്കും കാലപ്പഴക്കം കൊണ്ട് 1100-ഓളം ബസ്സുകൾ സ്ക്രാപ്പ് ചെയ്തു. അപ്പോൾ എവിടെയാണ് അതിന്റെ എക്സ്പാൻഷൻ ? വരുമാനം വർദ്ധിക്കണമെങ്കിൽ പുതിയ ബസ്സുകൾ നിരത്തിലിറക്കണ്ടേ: ലാഭകരമായ റൂട്ടുകൾ തിരഞ്ഞ് പിടിച്ച് പ്രൊഫണലായിട്ട് അതിന്റെ ഓപ്പറേഷൻ നടത്തണ്ടേ ? പ്രൊഫഷണൽ മാനേജുമെന്റ് സംബന്ധിച്ച് ശ്രീ. കെ. എൻ. എ. ഖാദറിന്റെ ഒരു ചോദ്യത്തിന് നിങ്ങൾ നൽകിയ മറുപടി എന്റെ കയ്യിലുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അത് പറയുന്നില്ല. മാനേജുമെന്റിനെ പ്രൊഫഷണലൈസ് ചെയ്യുന്നതിനും ലാഭകരമായി നടത്തുന്നതിനും നഷ്ടം കുറയ്ക്കുന്നതിനുമുള്ള യാതൊരു നടപടിയും

ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയ്യുന്നില്ല. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയിരിക്കുന്ന മറുപടി കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് 5.85 കോടി രൂപയാണ്. 2014 ഒക്ടോബറിലെ കണക്കനുസരിച്ച് വരുമാനം 4.91 കോടി രൂപയുമാണ്. 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് 5.85 കോടി രൂപയും ഒരു വർഷത്തെ നഷ്ടം 519.26 കോടിരൂപയുമാണെന്നാണ്. ഇങ്ങനെ പോയാൽ ഈ ഡെഫിസിറ്റ് ഫിനാൻസ് ചെയ്യുന്നതിന് ഓരോ മാസവും ധനകാര്യ വകുപ്പുമന്ത്രി പണം കൊടുക്കുമെന്ന് നിങ്ങൾക്ക് സഭയിൽ ഉറപ്പ് നൽകാൻ പറ്റുമോ ; നിങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി 40 ഏക്കറും 50 ഏക്കറും പ്ലഡ്ജ് ചെയ്തിട്ട് കടംവാങ്ങി എത്രകാലം മുന്നോട്ട് പോകും ? ഇടപ്പാൾ റീജിയണൽ ഡിപ്പോയുടെ 54.74 ഏക്കർ പ്ലഡ്ജ് ചെയ്തു കഴിഞ്ഞു, തിരിച്ചെടുക്കാൻ നിങ്ങൾക്ക് സാധിക്കുമോ ; സെൻട്രൽ വർക്ക്ഷോപ്പ് പാപ്പനംകോട് 23.64 ഏക്കർ, റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര 6 ഏക്കർ, അതുപോലെ ഈരാറ്റുപേട്ട 2.84 ഏക്കർ, പാറശ്ശാല ബസ്സ്റ്റേഷൻ 4 ഹെക്ടർ നിങ്ങൾ എല്ലാം പ്ലഡ്ജ് ചെയ്ത് കടം വാങ്ങിക്കൊണ്ടിരിക്കുകയാണ്. നാളെ നിങ്ങൾ ഈ സെക്രട്ടേറിയറ്റ് പ്ലഡ്ജ് ചെയ്യില്ലെന്നുള്ളതിന് എന്താണ് ഉറപ്പ് ? ആയിരക്കണക്കിന് കോടി രൂപ മാസംതോറും കടമെടുത്ത് ശമ്പളം കൊടുക്കുകയാണ്. ശ്രീ. കെ. എം. മാണി നമ്മളാരുമറിയാതെ സെക്രട്ടേറിയറ്റിന് മുന്നിൽ ഷോപ്പിംഗ് കോംപ്ലക്സുണ്ടാക്കാൻ പറ്റിയ സ്ഥലം അളന്ന് തിരിച്ച് കൊടുത്ത് കാശ് വാങ്ങില്ലെന്നുള്ളതിന് എന്താണ് ഉറപ്പ് ; ഈ രീതിയിൽ പോയാൽ എവിടെ എത്തും ; നിങ്ങൾ അധികാരം ഒഴിയുമ്പോൾ കെ.എസ്.ആർ.ടി.സി. എന്ന സ്ഥാപനം ബാക്കിയുണ്ടാകുമോ ? മുഴുവൻ സ്ഥലവും ഇങ്ങനെ പ്ലഡ്ജ് ചെയ്ത് ഒരോ കമ്പനി വായ്പയ്ക്ക് വേണ്ടി പണം കൊടുത്താൽ എവിടെയെത്തും ? കെ.ടി.ഡി.എഫ്.സി.-യുടെ പലിശനിരക്ക് വച്ച് ഈ സ്ഥാപനം ലാഭകരമാക്കാൻ കഴിയുമോ ; ഹഡ്കോയിൽ നിന്നോ മറ്റേതെങ്കിലും സാമ്പത്തിക ഏജൻസിയിൽനിന്നോ കുറഞ്ഞ പലിശയ്ക്ക് വായ്പ കിട്ടാവുന്ന ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കണമെങ്കിൽ നിലവിലുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കാനുള്ള സംവിധാനം സ്വീകരിക്കണം. അക്കാര്യത്തെക്കുറിച്ച് നിങ്ങൾക്ക് അഭിപ്രായമുണ്ടെന്ന് എനിക്ക് അറിയാം. പക്ഷേ കാബിനറ്റിൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ ; സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ തടസ്സങ്ങൾ പറഞ്ഞ് ഈ പ്രതിസന്ധി നീട്ടിക്കൊണ്ടുപോയാൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഒന്നാകെ ഇടിച്ച് നിൽക്കേണ്ടിവരും. നമുക്ക് ഇന്ന് ലഭിക്കുന്ന വരുമാനത്തിന്റെ

അവസ്ഥയെന്താണ് ; ഓരോ ഡിപ്പോയുടെ വരുമാനവും ഓരോ ആവശ്യത്തിനായി മാറ്റിവയ്ക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽനിന്ന് ഓരോ ഡിപ്പോയിലെ വരുമാനവും ഇങ്ങനെ കടത്തിന് വേണ്ടി എഴുതിക്കൊടുത്തിരിക്കുകയാണ്. കെ.ടി.ഡി.എഫ്.സി.-യ്ക്ക് ഇത്ര ഡിപ്പോയിലെ വരുമാനം, പെൻഷൻ നൽകുന്നതിനു വേണ്ടി ഇത്ര ഡിപ്പോയിലെ വരുമാനം. പ്രതിദിന വരുമാനം 4.9 കോടിയെന്ന് പറയുന്നുണ്ടെങ്കിലും ഹെഡ്ഡോഫീസ് അക്കൗണ്ടിലേയ്ക്ക് മുഴുവൻ പണവും വരുന്നില്ല. ശമ്പളം കൊടുക്കുന്നതിനുവേണ്ടി ഒരു പൈസപോലും മിച്ചം വയ്ക്കാൻ കഴിയാത്ത ഒരവസ്ഥയാണ് ഇന്ന് കെ.എസ്.ആർ.ടി.സി-ക്കുള്ളത്. ഡീസലിന് പണം കൊടുക്കണം, പ്ലഡ്ജ് ചെയ്യുന്നിടത്തൊക്കെ പണം കൊടുക്കണം, സ്പെയർ പാർട്ട്സ് വാങ്ങിക്കണം. ഒരു നയാപൈസപോലും ശമ്പളയിനത്തിലേക്ക് മാറ്റിവയ്ക്കാനില്ല, ഒരു മാസത്തെ ശമ്പളത്തിനായി 60-70 കോടി രൂപ കടം വാങ്ങണം. ഇതിന് ഏകപരിഹാരം ട്രാൻസ്പോർട്ട് കോർപ്പറേഷനെ വികസിപ്പിക്കുകയെന്നുള്ളതാണ്. അതിനായി പുതിയ ബസ്സുകൾ വാങ്ങണം, ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യണം. അങ്ങനെ വരുമാനം വർദ്ധിപ്പിക്കണം. മൂന്നുതവണ നിങ്ങൾ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചു, എന്നിട്ടും വരുമാനം കൂടിയില്ല. ബസ് ചാർജ്ജ് വർദ്ധിപ്പിക്കാതെ, ഈ തരത്തിലുള്ള പ്രതിസന്ധിയില്ലാതെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മാനേജ് ചെയ്തു. ഇപ്പോൾ നിങ്ങൾ പുതിയ സർചാർജ്ജ് കൊണ്ടുവന്നു. അപ്പോൾ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മൊത്തം യാത്രക്കാരുടെ എണ്ണം 35 ലക്ഷത്തിൽനിന്നും 30 ലക്ഷമായി കുറഞ്ഞു. സർചാർജ്ജ് വന്നപ്പോൾ വരുമാനം കൂടുകയല്ല കുറയുകയാണ് ചെയ്തത്. നിങ്ങൾ ഉദ്ദേശിക്കുന്ന രൂപത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ സാധ്യമല്ല. വരുമാനം വർദ്ധിപ്പിക്കാനുള്ള പരിഹാരമാർഗ്ഗം കടബാധ്യത ലഘൂകരിക്കണം, പെൻഷൻ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കണം, ഇന്ന് നിലവിലുള്ള ഗവൺമെന്റിന്റെ വായ്പകളെല്ലാം ഓഹരിയാക്കി മാറ്റണം, അതിന്റെ ബാധ്യതയിൽനിന്ന് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണം, കേരളാ ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ നിന്നെടുത്ത വായ്പ ദീർഘകാല വായ്പയാക്കി മാറ്റണം, കുറഞ്ഞ പലിശയ്ക്ക് വായ്പ കിട്ടുന്ന സ്ഥാപനവുമായി ചർച്ച ചെയ്ത് സർക്കാർ ഗ്യാരന്റി നിന്ന് ഈ വായ്പ റീ-ഷെഡ്യൂൾ ചെയ്യണം. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാതെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രക്ഷപ്പെടുകയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

10.00 AM]

ശ്രീ. എളമരം കരീം : സർ, അങ്ങ് ട്രാൻസ്പോർട്ട് മന്ത്രിയായിരുന്ന കാലത്തും

ഇങ്ങനെയൊരു പ്രശ്നമുണ്ടായിരുന്നില്ല. ഇതിനുമുമ്പുള്ള അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ മുഴുവൻ തൊഴിലാളി സംഘടനകളും സെക്രട്ടേറിയറ്റിനുമുന്നിൽ അനിശ്ചിതകാല സമരം നടത്തുകയാണ്. കേരളത്തിലെ എല്ലാ ഡിപ്പോകളുടെ മുന്നിലും തൊഴിലാളികൾ സമരത്തിലാണ്. ഈ മാസം ശമ്പളം കിട്ടിയാലും അടുത്ത മാസം ശമ്പളം കിട്ടുമെന്ന് ഉറപ്പില്ല. പെൻഷൻകാർ അതിനേക്കാൾ വലിയ അനിശ്ചിതത്വത്തിലാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ടുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാതെ ട്രാൻസ്പോർട്ട് വകുപ്പിനെമാത്രം ബലിയാടാക്കിയിട്ട് കാര്യമില്ല. ഇത് ട്രാൻസ്പോർട്ട് വകുപ്പിനുമാത്രം പരിഹരിക്കാവുന്ന കാര്യമല്ല. നിങ്ങൾ ബഡ്ജറ്റിൽ വലിയ തുക കൊടുത്തുവെന്ന് പറഞ്ഞല്ലോ. 2012-13-ലെ ബഡ്ജറ്റിൽ നിങ്ങൾ കൊടുത്തത് 484 കോടി രൂപ മാത്രമാണ്. അത്രയും തുക കൊടുക്കേണ്ടിവന്നതുതന്നെ ബൾക്ക് കൺസ്യൂമേഴ്സ് എന്ന പേരിൽ ട്രാൻസ്പോർട്ട് കോർപ്പറേഷന് ഡീസലിന്റെ സബ്സിഡി ലഭിക്കാതായപ്പോൾ തൽക്കാലം പിടിച്ചുനിൽക്കാൻവേണ്ടി അടിയന്തര സഹായമായി കൊടുത്തതാണ്. അല്ലാത്ത സമയങ്ങളിൽ നിങ്ങൾ കൊടുത്തത് 215 കോടി രൂപയാണ്. ഡീസൽ നികുതിയും വാഹന നികുതിയുമടക്കം 299.5 കോടി രൂപ ഒരു വർഷം നികുതിയിനത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഗവൺമെന്റിന് കൊടുക്കുന്നുണ്ട്. ആ പണമെങ്കിലും തിരിച്ചുകൊടുത്തുകൂടേ ? ബസ് വാങ്ങാനുള്ള മൂലധനച്ചെലവ് ഗവൺമെന്റ് കൊടുക്കണം. എവിടെനിന്നെങ്കിലും വായ്പയെടുത്ത് ബസ് വാങ്ങി സർവ്വീസ് നടത്തുന്നതിൽ എന്താണ് അർത്ഥം ? പുതിയ ബസ് വാങ്ങാൻ സർക്കാർ പണമനുവദിക്കണം. ഈ കടബാധ്യത തീർത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംരക്ഷിക്കണം. ഗൗരവമായ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളോട് ഞാനും യോജിക്കുകയാണ്. ജീവനക്കാരെയും അവരുടെ സംഘടനകളെയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നിലപാട് സ്വീകരിക്കണമെന്നതിനോട് എനിക്ക് വിയോജിപ്പൊന്നുമില്ല. സംഘടനകളുമായി പലവട്ടം ചർച്ച ചെയ്തിട്ടുണ്ട്. ഇനിയും ചർച്ച ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണ്. ജീവനക്കാരോട് കണ്ണടച്ച സമീപനമോ ചർച്ചയില്ലെന്ന നിലപാടോ ഗവൺമെന്റിനില്ല. കെ.എസ്.ആർ.ടി.സി.-യുടെ 1500 കോടി രൂപയുടെ കടം കെ.ടി.ഡി.എഫ്.സി.-യിലാണുള്ളത്. കടം വന്നതിന്റെ

പ്രധാനപ്പെട്ട കാരണവും പശ്ചാത്തലവുമൊക്കെ അങ്ങേയ്ക്കും അറിയാവുന്നതാണ്. കെ.ടി.ഡി.എഫ്.സി.-യിലെ കടം പൊതുമേഖലാ ബാങ്കുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ദീർഘകാലത്തേക്ക് മാറ്റി റീ-സ്ട്രക്ച്ചർ ചെയ്യാനും പലിശ കുറയ്ക്കാനുമുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. അങ്ങനെ വന്നാൽ 120 കോടി രൂപയുടെ വ്യത്യാസം ഒരു വർഷത്തിലുണ്ടാക്കാൻ പറ്റുമെന്നാണ് പ്രതീക്ഷ. അതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്ന് അവർതന്നെ പറഞ്ഞിരുന്നു. ബസ്ചാർജ് കൂട്ടിയതുകൊണ്ട് യാത്ര ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവെന്ന് പറയുന്നത് വസ്തുതാപരമായി ശരിയല്ല. ആ ചാർജ് ഇതുവരെ കൂട്ടിയിട്ടില്ല. 10-ാം തീയതി ഇവിടെ ആ ബിൽ വരുന്നതേയുള്ളൂ. ആ ബിൽ നിയമസഭ അംഗീകരിച്ചതിനുശേഷം മാത്രമേ ആ നടപടിയിലേക്ക് പോകുകയുള്ളൂ. യാത്ര ചെയ്യുന്ന ആളുകളുടെ സുരക്ഷിതത്വത്തെ കുറിച്ചുള്ള വളരെ ഗൗരവതരമായ ഒരു പ്രശ്നം നമ്മൾ അഡ്രസ് ചെയ്യാതെ നിൽക്കുകയാണ്. എം.വി.ഒ.പി. കേസ് കൊടുത്താൽ 12-ഉം 15-ഉം വർഷം കഴിഞ്ഞ് വിധിയും വിധിനടത്തിപ്പും കഴിഞ്ഞാണ് അവർക്ക് കിട്ടുന്നത് ? ആ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളിലെ ബാങ്കുകളുമായി ആലോചിച്ച് ഒരു ഇൻഷ്വറൻസ് സ്കീം കൊണ്ടുവന്നു. നാല് പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്നത്. അവർക്കുള്ള തുക ഗവൺമെന്റ് കൊടുക്കും. ഈ നിയമത്തിൽ പറയുന്നതുപോലെ പെൻഷനറി ബെനിഫിറ്റ്സിനുകൂടി വിനിയോഗിക്കത്തക്ക നിലയിൽ ഒരു സംവിധാനം വരുമ്പോൾ ഒരു തുകയുമില്ലാത്ത ഇന്നത്തെ സാഹചര്യത്തിൽനിന്ന് പെൻഷൻ കൊടുക്കുന്നതിന് കുറച്ച് തുകയെങ്കിലും മാറ്റിവയ്ക്കാൻ സാധിക്കും. അതുകൊണ്ട് അങ്ങ് പറഞ്ഞ സമീപനങ്ങളെ പോസിറ്റീവായി എടുക്കുകയാണ്. അപകട ഇൻഷ്വറൻസും പെൻഷൻ ബെനിഫിറ്റ്സും ക്ലബ് ചെയ്തുകൊണ്ടുള്ള ഒരു നടപടിയിലേക്ക് പോകുകയാണ്.

<u>ശ്രീ. സി. കെ. നാണു</u> : സർ, ഒരു വർഷം കൺസെഷൻ അനുവദിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-ക്ക് എത്ര കോടി രൂപ സംസ്ഥാന ഗവൺമെന്റ് തരാനുണ്ട് ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, എനിക്ക് കിട്ടിയ കണക്കനുസരിച്ച്, കുറേ ദീർഘകാല തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കൺസെഷനൊക്കെ കൊടുത്തിട്ടുണ്ട്. എല്ലാ കാലത്തും വന്നിട്ടുള്ള ഓരോ ഗവൺമെന്റുകൾക്കും അതിൽ പങ്കാളിത്തമുണ്ട്. 1616 കോടി രൂപ ആ ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് കിട്ടാനുണ്ടെന്നുള്ളതാണ് ഞങ്ങളുടെ കണക്ക്.

ശ്രീ. സി. കെ. നാണു : സർ, ............(മൈക്ക് ഓഫ്)..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമുക്ക് അത് വേറെ ചർച്ച ചെയ്യാം. ഗ്യാരേജിൽ ധാരാളം വണ്ടികളുണ്ടായിരുന്നുവെന്ന് പറഞ്ഞു. ഗ്യാരേജിലുണ്ടായിരുന്ന 200 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. അതുകൂടാതെ 1500 ബസ്സുകളും 400 ജൻറം ബസ്സുകളുംചേർത്ത് 1900 ബസ്സുകൾ പ്ലാൻ ചെയ്ത് ഘട്ടംഘട്ടമായി ഇറക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. അതേസമയം റീപ്ലേസ് ചെയ്യാനുള്ള കുറേ ബസ്സുകളുണ്ട്. 1900 ബസ്സുകളിറക്കുമ്പോൾ അത്രയും ബസ്സും റൂട്ടിൽ ഓടുകയില്ല. അപ്പോൾ കുറേ ബസ്സുകൾ റീപ്ലേസ് ചെയ്യേണ്ടിവരും.

ശ്രീ. എളമരം കരീം : സർ, നിങ്ങൾ തയ്യാറാക്കിയ പാക്കേജനുസരിച്ച് പെൻഷന് സ്വരൂപിക്കേണ്ട 480 കോടി രൂപയും സർച്ചാർജിനത്തിൽ കിട്ടുന്നത് കഴിച്ചുവരുന്ന തുകയിൽ പ്രതിമാസം 150 കോടി രൂപയും സർക്കാർ നൽകണമെന്നത് ധനകാര്യ വകുപ്പ് അംഗീകരിച്ചോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ധനകാര്യ വകുപ്പിന് ധനകാര്യ വകുപ്പിന്റേതായ നിലപാടുണ്ട്. അതിനെ ശ്രീ. കെ. എം മാണി സാറുമായി കൂട്ടിവായിക്കണ്ട. കാരണം, ഏതുകാലത്തും ധനകാര്യ വകുപ്പെടുക്കുന്ന ധനകാര്യ വകുപ്പിന്റേതായ ഒരു നിലപാടുണ്ട്. നഷ്ടത്തിൽ പോകുന്ന പൊതുമേഖലാ സ്ഥാപന മെന്നുള്ള നിലയിൽ ഞങ്ങളുടേതായ വിഷമങ്ങളും പ്രയാസങ്ങളും മറുവശത്തുമുണ്ട്. 1900 ബസ്സുകൾകൂടി രംഗത്തിറക്കാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. നോൺ ഓപ്പറേറ്റീവ് രംഗത്ത് കൊറിയർ സർവ്വീസ് ആരംഭിക്കുന്നതിനും യാത്രക്കാരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ അമിനിറ്റീസ് വർദ്ധിപ്പിക്കാനും എല്ലാ പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എ.ടി.എം. സ്ഥാപിക്കുന്നതിനുമുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, പെൻഷൻ കൊടുക്കാൻ പറ്റുമോയെന്ന് ചോദിക്കുമ്പോൾ എന്തിനാണ് അമിനിറ്റീസിന്റെ കാര്യം പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങേക്ക് താല്പര്യമുള്ള കാര്യങ്ങളെ കുറിച്ച് മാത്രം വിശദീകരിച്ചാൽ കെ.എസ്.ആർ.ടി.സി. ആവുകയില്ലല്ലോ. കെ.എസ്.ആർ.ടി.സി. ആയി വരണമെങ്കിൽ ഇതെല്ലാം കൂടിച്ചേരണം. യാത്രക്കാർക്ക് സർവ്വീസ് സംബന്ധമായി തത്സമയം വിവരങ്ങൾ നൽകുന്നതിനുള്ള പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റമുണ്ട്. ഈ സിസ്റ്റത്തിൽ ജി.പി.എസ്. ഘടിപ്പിച്ച് വരുമാന ചോർച്ച ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

കൂടുതൽ വോൾവോ ബസ്സുകൾ ഇറക്കാനും 1100 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് ലാഭത്തിൽ ഓടിക്കുന്നതിനും വരുമാന ചോർച്ച ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനേജ്മെന്റ് പ്രൊഫഷണൽസിനെ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി-യെ പ്രൊഫഷണൽ മാനേജ്മെന്റാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ച കണക്ക് ഏത് രൂപത്തിലാണെന്നുള്ളത് പരിശോധിക്കുന്നതാണ്. ലഭ്യമായ വിവരമനുസരിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് ഇന്നലെ കിട്ടിയിട്ടുള്ള വരുമാനം 5.55 കോടി രൂപയാണ്. അതായത് അഞ്ചര കോടി രൂപയ്ക്ക് മുകളിലാണ് കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ വരുമാനം. ചില ദിവസങ്ങളിൽ ആറു കോടി രൂപ വരാറുണ്ട്. ദിനംപ്രതി ഏഴ് കോടി രൂപ വരുമാനമുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഫലമായിട്ടാണ് ഈ നടപടികളൊക്കെ എടുത്തുവരുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ പുതിയ സബ്സിഡിയറി ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആരംഭിച്ച് അതിന്റെ കീഴിലാണ് ജെൻറം ബസ്സുകൾ ഓടിക്കാൻ ശ്രമിക്കുന്നത്. ഇങ്ങനെ കഴിയുന്നത്ര പ്രധാനപ്പെട്ട നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്. ഷോപ്പിംഗ് കോംപ്ലക്സുകൾക്കുവേണ്ടി ഒരു വലിയ തുക മുതൽമുടക്കിയതിന്റെ ഫലമായിട്ടാണ് കെ.റ്റി.ഡി.എഫ്.സി.-ക്ക് കടമുണ്ടായത്. ഇതുവരെ ഒന്നും തിരിച്ചടയ്ക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ 500-600 കോടിരൂപ വില വരുന്ന ഭൂമിയാണ് അതിനകത്ത് വന്നുപെട്ടിട്ടുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, പൈസ ഉണ്ടാക്കുന്ന പ്രശ്നമാണ് ഇവിടത്തെ ചർച്ചാവിഷയം. 1957-ൽ ഗവൺമെന്റ് വന്നതിനുശേഷം 57 വർഷങ്ങളായി കൺസ്ട്രക്ഷൻ ഇനത്തിൽ 15,000 കോടി രൂപയിൽ കുറയാതെ സംസ്ഥാന ഗവൺമെന്റ് ഒബ്ലിഗേഷൻ തരാനുണ്ട്. 500 കോടി രൂപ വച്ച് 30 മാസം തരണമെന്ന് എന്തുകൊണ്ട് ധൈര്യമായിട്ട് പറയുന്നില്ല ? ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ് പണം കൊടുക്കേണ്ടത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാനത് പറയാത്തതിന് ഒരു കാരണമുണ്ട്. 1965 മുതൽ ഈ സർക്കാർ വരുന്നതുവരെ എല്ലാ ഗവൺമെന്റുകളും ഭരിച്ചിട്ടുള്ളതാണ്. ആ കാലത്തൊന്നും കിട്ടിയിട്ടില്ല. ആ കാലത്തൊന്നും കിട്ടാത്തത് കൊണ്ട് ആ പ്രശ്നം അങ്ങനെതന്നെ നിൽക്കുകയാണ്. അങ്ങ് ഇവിടെ വളരെ വികാരപരമായി പറഞ്ഞ ഒരു കാര്യം ഇതൊക്കെ പണയംവച്ച് പോകുകയാണെന്നാണ്. എന്റെ കയ്യിൽ ഇരിക്കുന്ന ഡോക്യുമെന്റിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ 2009-10-ലും 2010-11-ലും ഇവിടെ ഭൂമി പണയപ്പെടുത്തിയിട്ടുണ്ട്. ഇതൊരു വാദവിവാദമല്ലാത്തത്

കൊണ്ട് പറയുന്നില്ല. അതിനുമുമ്പ് 2003-04-ലും ഭൂമി പണയപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ഗവൺമെന്റിൽനിന്ന് ലീസ് എടുക്കുന്ന ഭൂമി ഒരു ബാങ്കിൽ ഉറപ്പായി കൊടുക്കുന്നതിന് തടസ്സമില്ലാത്ത ഒരു സംസ്ഥാനത്ത് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും അതുതന്നെ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനത്ത് കഷ്ടപ്പാടനുഭവിക്കുന്ന കെ.എസ്.ആർ.ടി.സി. നിങ്ങൾതന്നെ ഭരിക്കുന്ന സഹകരണ ബാങ്കിൽനിന്ന് കടമെടുക്കുന്നതിനുവേണ്ടി ഞങ്ങൾ ഗ്യാരന്റി കൊടുക്കുന്നു എന്നു പറയുന്നതിൽ എന്തത്ഭുതമാണുള്ളത് ? ഞാൻ ഒരു കാര്യം മാത്രമേ പറഞ്ഞുള്ളൂ. ഇവിടെയുള്ള കണക്കിനകത്ത് ഇതെല്ലാമുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : .......... (മൈക്ക് ഓഫ്)...........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് എത്ര ഉച്ചത്തിൽ പറഞ്ഞാലും ഞാൻ നിൽക്കുന്നിടത്തോളം മൈക്ക് ഇവിടെ മാത്രമേ ഉണ്ടാകൂ. അതുകൊണ്ട് നമ്മൾ തമ്മിൽ ഒരു തർക്കം വേണ്ട. ഇതെല്ലാം അങ്ങോട്ടും ഇങ്ങോട്ടും ഒരാൾ ഒരാളിനെക്കാൾ വലുതാണെന്ന് കാണിക്കാനല്ല. കാരണം പെൻഷൻ കൊടുക്കാൻ സാധിക്കാതെ വന്ന സമയത്ത് ആദ്യ മാസങ്ങളിലെ പെൻഷൻ തീർത്തു കൊടുക്കാതെ ശമ്പളം വാങ്ങില്ലെന്നു പറഞ്ഞയാളാണ് ഞാൻ. പിന്നീട് അന്നുവരെയുള്ള പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തതിനുശേഷമാണ് ഞാൻ എന്റെ ശമ്പളബില്ലിൽ എഴുതിയത്. എല്ലാവർക്കും വിഷമങ്ങളും പ്രയാസങ്ങളും കാണും. 1965 മുതലുള്ള കാര്യത്തിൽ ഈ ഒരു കൊല്ലക്കാലത്തെ ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കാം. അതിനുമുമ്പുള്ള 44 കൊല്ലത്തെ ഉത്തരവാദിത്തം ഈ ഗവൺമെന്റിനാണെന്ന് പറയാൻ സാധിക്കുമോ ? അതുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും തർക്കിക്കുന്ന തരത്തിലുള്ള ഒരു സമീപനമെടുക്കാതെ വളരെ പോസിറ്റീവായി ഈ സ്ഥാപനത്തെ കൊണ്ടുപോകണം. അങ്ങ് പറഞ്ഞ ഒരു കാര്യം വളരെ ശരിയാണ്. കെ.റ്റി.ഡി.എഫ്.സി.-ക്ക് 16.25 ശതമാനം പലിശയാണ് ഇപ്പോൾ കൊടുക്കേണ്ടി വരുന്നത്. അത് തീർക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പലിശ കുറഞ്ഞ സ്ഥലത്തുനിന്ന് റീസ്ട്രക്ചർ ചെയ്ത് പണമെടുത്ത് കെ.റ്റി.ഡി.എഫ്.സി.-ക്ക് കൊടുക്കാനുള്ളത് കൊടുത്ത് അവരെ ഡിസ്പോസ് ചെയ്യും. അതിനുവേണ്ടിയുള്ള നടപടിയിലേക്ക് പോകുകയാണ്.

ശ്രീ. സി. കെ. നാണു : സർ, കെ.റ്റി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.-യെ സഹായിക്കുന്നതിനുവേണ്ടിയാണ് ഫണ്ട് തന്നത്. സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച ഡയറക്ടർമാരാണ് പതിനാറര ശതമാനമെന്ന പലിശനിരക്ക് നിശ്ചയിച്ചത്. അതിന് അവർക്കെന്തധികാരമാണുള്ളത് ? കൊള്ളപ്പലിശ വാങ്ങാൻ കെ.റ്റി.ഡി.എഫ്.സി.-യുടെ

ഡയറക്ടർമാർക്ക് അധികാരമില്ല. അപ്പോൾ അനാവശ്യമായി കെ.റ്റി.ഡി.എഫ്.സി. ഈ പണം വസൂലാക്കും. അത് തിരിച്ചുകൊടുക്കേണ്ട ആവശ്യമൊന്നും നമുക്കില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഒരു ഗവൺമെന്റിന് കണക്കും അക്കൗണ്ടും കൃത്യമായി പാലിക്കേണ്ടിവരും. അതുകൊണ്ട് ഒരു കാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നത് അവർക്ക് കൊടുക്കുവാനുള്ള പണം മറ്റ് മാർഗ്ഗങ്ങളിൽക്കൂടി സ്വരൂപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. പലിശ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുന്നതാണ്. അങ്ങ് ഇതിനെക്കുറിച്ച് ഉന്നയിച്ചത് നല്ല കാര്യമാണ്. ഗവൺമെന്റ് ഇതിനെ ഗൗരവമായി ഉൾക്കൊള്ളുകയാണ്. ഒരു ചർച്ചയുടെ ആവശ്യമില്ല. പൊതുവായ തീരുമാനത്തിൽ ഇത് ഭംഗിയായി കൊണ്ടുപോകണം. അതുകൊണ്ട് മറ്റ് തർക്കങ്ങളൊന്നുമില്ലാതെ ഈ വിഷയം പൊതുചർച്ചയുടെ അടിസ്ഥാനത്തിൽ ചെയ്യാവുന്ന പോസിറ്റീവായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന് പറയാനാഗ്രഹിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാനും അങ്ങും പങ്കെടുത്തുകൊണ്ട് ഒരു വർഷത്തിനുമുമ്പ് തമ്പാനൂരിലെ ബസ്സ്സ്റ്റാന്റ് ഉദ്ഘാടനം ചെയ്തു. അത് വാടകയ്ക്ക് കൊടുത്ത് അഡ്വാൻസ് വാങ്ങിയിരുന്നുവെങ്കിൽ മുടക്കിയതിന്റെ പകുതി കാശെങ്കിലും കിട്ടുമായിരുന്നു. ഇപ്പോഴും ആ കെട്ടിടം അന്ന് ഉദ്ഘാനം ചെയ്ത അതേ രൂപത്തിൽ കിടക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ തർക്കത്തിനകത്ത് ഇതിനെ കുറിച്ച് പറയുന്നില്ല. എനിക്ക് ഒരു കൺസെപ്റ്റുണ്ട്. റെന്റ് ഡെപ്പോസിറ്റ് സ്കീമിൽ ഉൾപ്പെടുത്തി, എം.എൽ.എ.-മാരടക്കമുള്ളവരുടെ നിർദ്ദേശം ഇക്കാര്യത്തിൽ വന്നിട്ടുണ്ട്. അവരുടെ നിയോജക മണ്ഡലത്തിൽ പ്രൈം ആയിട്ടുള്ള ഏരിയ വെറുതെ കിടക്കുകയാണ്. അത് വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്, എന്നാൽ സാമ്പത്തിക ബാധ്യത കെ.എസ്.ആർ.ടി.സി.-യുടെ മേൽ വരികയും ചെയ്യരുത്. അതുകൊണ്ട് സ്കീം മാറ്റുകയും റെന്റ് ഡെപ്പോസിറ്റ് സ്കീമെന്നുള്ള നിലയിൽ ഡെപ്പോസിറ്റ് തരുന്നിടത്ത് കെട്ടിടം നിർമ്മിച്ച് കൊടുക്കുകയും റെന്റ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുകയും വേണം. അങ്ങ് പറഞ്ഞ ഒരു ന്യൂനത എങ്ങനെ പരിഹരിക്കാമെന്നുള്ളതിനെക്കുറിച്ച് വേറെ ആലോചിക്കാവുന്നതാണ്. അതുകൊണ്ട് ആ സ്കീം വേറൊരു രീതിയിൽ ജനങ്ങൾക്കു പ്രയോജനപ്പെടുന്നതിനുവേണ്ടി ഉപയോഗിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എളമരം കരീം : സർ, സംസ്ഥാനത്തിന് കാര്യമായ പ്രതിസന്ധിയില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്. ആ

സാഹചര്യത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷന് ആവശ്യമായ ധനസഹായം നൽകി പുനരുദ്ധരിക്കുമെന്ന് നിങ്ങൾക്ക് ഗവൺമെന്റിനുവേണ്ടി പറയുവാൻ സാധിക്കുമോ ? ട്രാൻസ്പോർട്ട് മന്ത്രി പറയുന്ന വിഷമം എനിക്ക് മനസ്സിലായി. പക്ഷേ, സാമ്പത്തിക പ്രതിസന്ധിയില്ലാത്ത സാഹചര്യത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനെ ഈ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് കാറ്റഗറിക്കലായി പറയാൻ മുഖ്യമന്ത്രിക്ക് സാധിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഒരു ചർച്ചയില്ലാതെ ഇക്കാര്യങ്ങളിൽ പരിഹാരമുണ്ടാക്കാൻ നമുക്ക് യത്നിക്കാം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് അറിയിച്ചുകൊള്ളുന്നു.

മി.ഡപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, കേരളത്തിലെ സാധാരണക്കാരുടെ നിത്യജീവിതവുമായി ബന്ധമുള്ള കെ.എസ്.ആർ.ടി.സി. നിശ്ചലമായാൽ സാധാരണ മനുഷ്യരുടെ ജീവിതംതന്നെ സ്തംഭിക്കുന്ന നിലയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. കെ.എസ്.ആർ.ടി.സി. ഇപ്പോൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. ജീവനക്കാരുടെ ശമ്പളം മുടങ്ങിയതും അതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസമുണ്ടായ സമരവും സംഘർഷങ്ങളുമൊക്കെ നാം കണ്ടതാണല്ലോ. പെൻഷൻകാർക്ക് കഴിഞ്ഞ മൂന്നുമാസമായി പെൻഷൻ കിട്ടിയിട്ടില്ല. ഒരു കെ.എസ്.ആർ.ടി.സി. പെൻഷൻകാരന് 8,300 രൂപയാണ് പെൻഷൻ ഇനത്തിൽ നൽകുന്നത്. ഈ തുകകൊണ്ട് ഒരു കുടുംബത്തിന് എങ്ങനെയാണ് ജീവിക്കാൻ കഴിയുന്നത് ; അപ്പോൾ മൂന്നുമാസമായി അതുപോലും ലഭിക്കാതെ വന്നാൽ അവരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന സ്ഥിതിയായിരിക്കില്ലേ ഉണ്ടാകുന്നത്. അതുപോലെ കഴിഞ്ഞ ദിവസം ഒരു കെ.എസ്.ആർ.ടി.സി. പെൻഷൻകാരൻ ഈ സഭയുടെ ഗ്യാലറിയിൽവന്ന് പ്രതിഷേധിച്ചില്ലേ ; നിവൃത്തികേടുകൊണ്ടല്ലേ ഇങ്ങനെ ചെയ്തത്. സമരത്തിൽ പങ്കെടുത്ത് മടങ്ങുന്നതിനിടയിൽ ഒരു ജീവനക്കാരൻ ഹൃദയംപൊട്ടി മരിച്ചതും നമ്മൾ കണ്ടതല്ലേ. കെ.എസ്.ആർ.ടി.സി. ജീവനക്കാരെയും പെൻഷൻകാരെയും കൂട്ടആത്മഹത്യയിലേക്ക് തള്ളിവിടാനാണോ സർക്കാർ തീരുമാനിച്ചിട്ടുള്ളത് ? ഇതേപ്പറ്റി ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും സർക്കാരും എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ ; ബസ്സുകൾ ഭൂരിപക്ഷവും കട്ടപ്പുറത്താണ്. പുതിയ ബസ്സില്ല, സ്പെയർ പാർട്ട്സ് ഇല്ല,

ഇവിടെ എന്ത് ഭരണമാണ് നടക്കുന്നത്. ഇപ്പോൾ ശബരിമല സീസണല്ലേ; ശബരിമല റൂട്ടിലേക്കുള്ള യാത്രാക്ലേശം പരിഹരിക്കാൻ സർക്കാർ എന്തുചെയ്തു ; കെ.എസ്.ആർ.ടി.സി-യെ പൂട്ടിക്കെട്ടിയ മന്ത്രിയെന്ന നിലയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചരിത്രത്തിൽ സ്ഥാനം പിടിക്കാൻ പോകുകയല്ലേ. കെ.എസ്.ആർ.ടി.സി.-യുടെ പേരുതന്നെ കർണ്ണാടക ഗവൺമെന്റ് അടിച്ചുമാറ്റിയില്ലേ ; എന്നിട്ട് വകുപ്പുമന്ത്രിയും സർക്കാരും വായും പൊളിച്ചുനിൽക്കുകയല്ലേ ; കെ.എസ്.ആർ.ടി.സി. പൂട്ടിക്കെട്ടിയാൽ അത് സാധാരണക്കാരെയാണ് ബാധിക്കുന്നത്. പ്രമാണിമാർക്ക് ഒന്നും സംഭവിക്കാൻ പോകുന്നില്ല. പക്ഷേ സാധാരണക്കാരെ ബാധിക്കുന്ന ഗൗരവതരമായ പ്രശ്നംപോലും ചർച്ച ചെയ്യില്ലെന്ന ജനവിരുദ്ധ നിലപാടാണ് സർക്കാരിനുള്ളത്. എല്ലാ വകുപ്പിനും ആവശ്യമായ പണം നൽകുന്ന ധനകാര്യ വകുപ്പ് ട്രാൻസ്പോർട്ട് വകുപ്പ് അനുഭവിക്കുന്ന വിഷമത അൽപ്പംപോലും ശ്രദ്ധിച്ചതായി കാണുന്നില്ല. സാമ്പത്തിക പ്രതിസന്ധി യാണെന്നു പറയുന്നു. അതേസമയം സാമ്പത്തികമായി വിഷമം അനുഭവിക്കുന്ന വകുപ്പുകളെ സഹായിക്കേണ്ട ധനകാര്യ വകുപ്പ് മിണ്ടുന്നുമില്ല. ധനകാര്യ വകുപ്പ് മിണ്ടാതിരുന്നാൽ മുഖ്യമന്ത്രിക്ക് എന്തെങ്കിലും അഭിപ്രായമുണ്ടോ ; ഒരഭിപ്രായവുമില്ല. അപ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർ പെൻഷൻ കിട്ടാതെയും ശമ്പളം കിട്ടാതെയും മരിച്ചുപൊയ്ക്കോട്ടെ എന്നാണോ നിങ്ങളുടെ ചിന്ത ; അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി കാറിലും മറ്റും പോകുമ്പോൾ ജനങ്ങൾ കൂട്ടമായി വന്ന് കാർ വളഞ്ഞുവച്ചാൽ ഇവിടെ എന്തെല്ലാം സംഭവിക്കാം. അതിനെക്കുറിച്ചൊന്നും ധനകാര്യ വകുപ്പിന് ഒരു ചിന്തയുമില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു വാക്കുപോലും പറയാൻ കഴിയുന്നില്ലല്ലോ. ആ വകുപ്പിൽ ഡസൺ കണക്കിനാളുകൾ മരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, over and above the budget, ബഡ്ജറ്റിനുപരിയായി 40 കോടി രൂപയാണ് കൊടുത്തത്. വളരെ ഉദാരമായ ഒരു സമീപനമാണ് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, 40 കോടി രൂപ അല്ലെങ്കിൽ 50 കോടി രൂപ കൊടുത്തതുകൊണ്ട് ഈ സ്ഥാപനത്തിന് കട്ടപ്പുറത്തുനിന്നും എഴുന്നേൽക്കാൻ കഴിയുമോ ; ആനവായിൽ അമ്പഴങ്ങ എന്നു പറയുന്നതുപോലെയല്ലേ ആകൂ. കാറിലും മറ്റും യാത്ര ചെയ്യുന്നതുകൊണ്ട് ട്രാൻസ്പോർട്ട് ബസ്സിൽ യാത്ര ചെയ്യുന്ന സാധാരണക്കാരന്റെ സ്ഥിതിയെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കുറച്ചുകൂടി ഉദാരമായി ഈ സർവ്വീസ് നിലനിർത്താൻവേണ്ട നടപടികൾ

സ്വീകരിക്കുക, ഇല്ലെങ്കിൽ ചെറിയ വാടകയ്ക്ക് തന്നാൽ ഈ സ്ഥാപനം നടത്തി കൊണ്ടുപോകാൻ കഴിയുമോയെന്ന് പ്രതിപക്ഷം നോക്കാം. ധനകാര്യ വകുപ്പും മുഖ്യമന്ത്രിയും ഒന്നും ചെയ്യുണ്ട. പൊതുജനങ്ങളുടെ ഒരു സർവ്വീസാണ്. അത് നിലനിർത്തിക്കൊണ്ടുപോകേണ്ടത് സ്റ്റേറ്റിന്റെ ആവശ്യമാണ്. നിങ്ങൾക്ക് അങ്ങനെയൊരു ചിന്തയില്ല, അതിലെ തൊഴിലാളികളെല്ലാം ചത്തുപോകട്ടെ എന്നുള്ള ചിന്ത വളരെയധികം അപകടകരമാണ്. ധനകാര്യ വകുപ്പാകട്ടെ, വകുപ്പുകളെയാകെ നയിക്കുന്ന മുഖ്യമന്ത്രിയാകട്ടെ ഈ വകുപ്പിനെ കണ്ടില്ലെന്നുള്ള സമീപനമാണെടുത്തിരിക്കുന്നത്. അത്യന്തം ദ്രോഹകരമായ ഈ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ ട്രാൻസ്പോർട്ട് വകുപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയാണ് ഇപ്പോൾ നേരിടുന്നത്. ഇവിടെ ട്രാൻസ്പോർട്ട് വ്യവസായം നഷ്ടമാണെന്ന് പറയുന്ന കണക്കുകളെല്ലാം അടിസ്ഥാന രഹിതമാണ്. കോടാനുകോടി രൂപയുടെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന കേരളത്തിലെ അപൂർവ്വമായ ഒരു പബ്ലിക് സെക്ടറാണ് ഇത്. യഥാർത്ഥത്തിൽ ഇവിടെ യാതൊരു പ്രതിസന്ധിയുമില്ല. പ്രതിസന്ധി ഉണ്ടാക്കുന്നത് mismanagement-ഉം financial management-ഉം ആണ്. ആ രംഗത്ത് അഴിമതിയാണ് നടക്കുന്നത്. ഇഷ്ടംപോലെ യാത്രക്കാരുണ്ട്. കൂടുതൽ റൂട്ടുകളിലേക്ക് സർവ്വീസ് വേണമെന്ന് ജനങ്ങൾ ആവശ്യപ്പെടുകയാണ്. പൊതുമേഖലാ സർവ്വീസുകൊണ്ട് ജനങ്ങൾക്ക് ധാരാളം പ്രയോജനങ്ങളുണ്ട്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി, അടിയന്തര പ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ പ്രതിപക്ഷത്താണെങ്കിൽ പോലും അങ്ങേക്കുവേണ്ടിയും ഗവൺമെന്റിനുവേണ്ടിയുമാണ് സംസാരിക്കുന്നത്. കെ.എസ്.ആർ.ടി.സി. ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചാൽ വൻലാഭമുണ്ടാക്കാൻ കഴിയുന്നതാണെന്ന് അങ്ങയുടെ ചെറിയകാലത്തെ അനുഭവം കൊണ്ടുതന്നെ തെളിയുന്നതാണ്. തൊഴിലാളികൾ പണിമുടക്കിയിട്ടില്ല, ഖെരാവോ ചെയ്യുന്നില്ല, തൊഴിലാളികൾ സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്നില്ല. എന്നിട്ടും നമ്മുടെ നാട്ടിലെ തൊഴിലാളികൾ ഭിക്ഷക്കാരെപ്പോലെ സെക്രട്ടേറിയറ്റ് പടിക്കൽ കിടക്കുന്നില്ലേ ; 30-38 കൊല്ലം കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി രാപ്പകൽ പണിയെടുത്ത പാവപ്പെട്ട ആളുകളോട് നിങ്ങൾ എന്ത് നീതിയാണ് കാണിക്കുന്നത്. ഇത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്ന സാമ്പത്തിക പ്രശ്നമാണോ ;

ഇതൊരു ബാദ്ധ്യതയല്ലേ ; ഒരു പൊതുമേഖലാ സ്ഥാപനത്തിൽ വർഷങ്ങളോളം വർക്കുചെയ്തുകഴിഞ്ഞതിനുശേഷം റിട്ടയറായിട്ട് മൂന്നും നാലും മാസം പെൻഷൻ കിട്ടാതിരുന്നാൽ അവർ മരുന്നുവാങ്ങാൻ കഴിയാതെയും ഒരു ചായ കുടിക്കാൻ കഴിയാതെയും എങ്ങനെ ജീവിക്കും. ആത്മഹത്യകൾ എത്രയെണ്ണമായി; ഇത് ഗവൺമെന്റിനുതന്നെ അപമാനകരമല്ലേ ; സാമൂഹിക പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റ് ഇങ്ങനെയാണോ പെരുമാറേണ്ടത് ; ശമ്പളം അഞ്ചാറുദിവസം കഴിഞ്ഞ് നിങ്ങൾ കൊടുത്താൽ മതി. പക്ഷേ 30, 38 കൊല്ലം സർവ്വീസ് കഴിഞ്ഞ് പരാശ്രയമില്ലാതെ ഒരിടത്തും പോകാൻ വയ്യാതെ അവർ വഴിയിൽ കുഴഞ്ഞുവീഴുന്നു. ഇതെല്ലാം കേരളത്തിലല്ലേ സംഭവിക്കുന്നത് ; കേരളം ആദിവാസികളുടെ കേന്ദ്രമാണോ ; തലസ്ഥാന നഗരമല്ലേ. നിയമസഭയുടെ ചരിത്രത്തിൽ ഇതുവരെ ഒരു ജീവനക്കാരൻ ഗാലറിയിൽ വന്ന് ആത്മഹത്യാശ്രമം നടത്തിയിട്ടുണ്ടോ ; ഈ സഭയുടെ മുൻപിൽ ഇത്തരത്തിലുള്ള ഒരു സംഭവം ആദ്യമായിട്ടല്ലേ നടന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട സി. ദിവാകരൻ, ആ വിഷയം ദയവുചെയ്ത് ഇവിടെ ഉന്നയിക്കരുത്. അത് പാടില്ല.

ശ്രീ. സി. ദിവാകരൻ : സർ, നടന്ന സംഭവമല്ലേ; ഗത്യന്തരമില്ലാതെ വന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അതിനെ പ്രോത്സാഹിപ്പിക്കരുത്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അവരുന്നയിച്ച ആവശ്യം നമ്മളെല്ലാവരുംകൂടി ചർച്ച ചെയ്തതല്ലേ ; നിങ്ങൾ എത്ര മറച്ചുവച്ചാലും രാജ്യം മുഴുവൻ പ്രക്ഷേപണം ചെയ്തില്ലേ ;

ശ്രീ. കെ. ശിവദാസൻ നായർ : സർ, നിങ്ങൾ അതിനെ ന്യായീകരിക്കരുത്.

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ അതിനെ ന്യായീകരിക്കുന്നില്ല. അതിൽ അവരുന്നയിക്കുന്ന വിഷയമാണ് പ്രശ്നം. ***പാസ് കൊടുത്തത്. എന്തായാലും ഞാനല്ല പാസ് കൊടുത്തത്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാനല്ല പാസ് കൊടുത്തത്. ആരാണ് പാസ് കൊടുത്തതെന്നുള്ളത് ഇടതുപക്ഷത്തുള്ളവരോട് ചോദിക്കണം. വെറുതെ ആവശ്യമില്ലാത്ത കാര്യങ്ങൾ പറയരുത്.

***പിൻവലിച്ചു

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്, പ്ലീസ്..........

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ ന്യായീകരിക്കുന്നില്ല. ഞാൻ ആ വിഷയം പറഞ്ഞത് പെൻഷൻ കിട്ടാതെ വന്നപ്പോഴുള്ള ബുദ്ധിമുട്ടാണ്. മനുഷ്യരാണ്, പലതും ചെയ്യും. അതിന് യാതൊരു നിയമവുമില്ല.

ശ്രീ. സി. പി. മുഹമ്മദ് : സർ, പാസ് അനുവദിച്ചുകൊടുത്തത് *** എന്നുള്ളത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. സി. ദിവാകരൻ : സർ, അതിന് ശ്രീ. സി. പി. മുഹമ്മദിന്റെ സഹായം ആവശ്യമില്ല. ***പേര് പറഞ്ഞത് ഞാൻ പിൻവലിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം പറഞ്ഞത് പിൻവലിച്ചു.

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ സംസാരിക്കാൻ എഴുന്നേൽക്കുമ്പോഴൊക്കെ ശ്രീ. സി. പി. മുഹമ്മദ് എന്തെങ്കിലും പറഞ്ഞുകൊണ്ടെഴുന്നേൽക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് അങ്ങയോടുള്ള താൽപ്പര്യംകൊണ്ടാണ്.

ശ്രീ. സി. ദിവാകരൻ : സർ, അത് എന്നോടുള്ള താൽപ്പര്യംകൊണ്ടല്ല, എന്റെ സമയം കളയാൻവേണ്ടിയാണ്. ഈ വിഷയം സംബന്ധിച്ച് നമ്മൾ എല്ലാപേരും പറയുന്നത് ഒരു കാര്യമാണ്. നിങ്ങൾ പെൻഷൻ നൽകുന്നതിനെതിരാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. പക്ഷേ അധികാരമുള്ള നിങ്ങൾ ചെയ്യേണ്ട ചുമതല നിർവ്വഹിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ഉദാരമായി ഇക്കാര്യത്തിൽ ഇടപെടുന്നില്ല. ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൊടുക്കണം. ഇതിൽ കുറ്റവാളികൾ ആരാണ് ; പ്രതിപക്ഷമാണോ ; തൊഴിലാളികളാണോ ; ട്രേഡ് യൂണിയനുകളാണോ എന്തുകൊണ്ട് അവർക്ക് പെൻഷനും വേതനവും കൊടുക്കാൻ കഴിയുന്നില്ല. അതിന് മറുപടി പറയേണ്ടതിനുപകരം മറ്റ് കാര്യങ്ങൾ പറയുന്നത് എന്തിനാണ്. ഇപ്പോൾ പെൻഷൻ കിട്ടിയിട്ട് 4 മാസമായി. ട്രാൻസ്പോർട്ട് ജീവനക്കാർക്ക് ഇനിമുതൽ ശമ്പളവും പെൻഷനും കൃത്യമായി കൊടുക്കുന്നതായിരിക്കുമെന്ന് ഒരുറപ്പ് സഭയിൽ പറയാൻ കഴിയുമോ ? അതുപോലും പറയാൻ കഴിയുന്നില്ല. സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിയുള്ള പ്രസംഗവും മന്ത്രിയുടെ മറുപടിയും കഴിഞ്ഞ് വാക്കൗട്ട് നടന്നുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ഇപ്പോഴും കട്ടപ്പുറത്ത് തന്നെയാണ്. ഇങ്ങനെയൊരു വിഷയം അടിയന്തരപ്രമേയ രൂപേണ ഈ സഭയിൽ കൊണ്ടുവരുന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും പ്രയോജനമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചോ ? അത്യന്തം ഗൗരവതരമായ ഈ വിഷയത്തെ അങ്ങേയറ്റം ലാഘവത്തോടുകൂടിയാണ് സർക്കാർ സഭയിൽ കൈകാര്യം ചെയ്തതെന്ന് വളരെ വേദനയോടുകൂടി ഞാൻ പറയുകയാണ്. ഈ വിഷയം ഗവൺമെന്റ് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. തീർത്തും ഒരു നിഷേധാത്മകമായ നിലപാടാണ് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഗതാഗത വകുപ്പുമന്ത്രിയുടെ ബുദ്ധിമുട്ട് അങ്ങേക്കും എനിക്കും അറിയാവുന്നതാണ്. ഞങ്ങൾ രണ്ടുപേരും ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ളവരാണ്. ഗതാഗത വകുപ്പിനുമാത്രമായി ഈ വിഷയം കൈകാര്യം ചെയ്യാൻ സാധിക്കില്ലെന്ന് അങ്ങേക്കും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്കും അനുഭവമുണ്ട്. സാധാരണ ഗൗരവമുള്ള ഒരു വിഷയം സഭയിൽ ചർച്ചചെയ്യുമ്പോൾ മന്ത്രിസഭയിലെ മറ്റ് മന്ത്രിമാർ കൂടി ഈ ചർച്ചയിൽ പങ്കെടുക്കാറുണ്ട്. ദൗർഭാഗ്യവശാൽ, കെ.എസ്.ആർ.ടി.സി.-യുടെ വിഷയം ചർച്ചയ്ക്ക് വന്നപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നോ ഒരു കൈത്താങ്ങ് ഉണ്ടാകാത്തതിൽ ഞങ്ങൾക്ക് അങ്ങേയറ്റം വേദനയുണ്ട്. ഞാൻ ആരോപണത്തിലേക്കൊന്നും പോകുന്നില്ല. കെ.എസ്.ആർ.ടി.സി. നമ്മുടെ എല്ലാവരുടെയും ഒരു വികാരമാണ്; നാട്ടുകാരുടെ ഒരാവശ്യമാണ്. അത് ശക്തിപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന ഒരു വലിയ സമൂഹം നമ്മുടെ നാട്ടിലുണ്ട്. കെ.എസ്.ആർ.ടി.സി. നിലനിൽക്കണമെന്നും വികസിക്കണമെന്നും വളരണമെന്നും ആഗ്രഹിക്കുന്നവരാണ് മലയാളികൾ. അവിടെ ഒരാരോപണ പ്രത്യാരോപണങ്ങളുടെ ആവശ്യമില്ല. അടിസ്ഥാനപരമായി കെ.എസ്.ആർ.ടി.സി.-യുടെ വികസന രംഗത്ത് ഒരു കാഴ്ചപ്പാട് ഗവൺമെന്റിനുണ്ടാകണം. നമുക്ക് പുതിയ ബസ്സുകൾ വേണ്ടേ ? ശബരിമലയ്ക്ക് എല്ലാ ഡിപ്പോകളിൽനിന്നും പൂൾ ചെയ്ത് വണ്ടിയോടിച്ചാൽ ആ ഡിപ്പോകളിലെ സർവ്വീസ് ഇല്ലാതാകുകയും വരുമാനം കുറയുകയും ചെയ്യും. ശബരിമല സീസണിലെങ്കിലും പുതിയ ബസ്സുകൾ ഇറക്കുകയും ആ ബസ്സുകൾ വീണ്ടും ഈ സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ വിന്യസിക്കുകയും ചെയ്യുന്ന പഴയ രീതി ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പാക്കാതെ പോയത് എന്തുകൊണ്ടാണ് ? 2006-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നപ്പോൾ 13 ശതമാനം വണ്ടികൾ ഗതാഗത മേഖലയിൽ

ഉണ്ടായിരുന്നത് 2011 ആയപ്പോൾ 27 ശതമാനമാക്കി വർദ്ധിപ്പിച്ചു. അത്രയും ശതമാനം വർദ്ധിച്ചുവരേണ്ട സ്ഥാനത്ത് ഇപ്പോൾ 25 ശതമാനമായി കുറഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് കിട്ടിയ കണക്ക്. അയൽസംസ്ഥാനത്ത് മെച്ചപ്പെട്ട രീതിയിൽ കോർപ്പറേഷനുകൾ വർക്ക് ചെയ്യുന്നുവെന്ന് പറയുമ്പോൾ ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലും കർണ്ണാടകയിലുമൊക്കെ 98 ശതമാനവും കോർപ്പറേഷനുകളുടെ വണ്ടികളാണ്. സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി.-യുടെ വികസനത്തെ സംബന്ധിച്ച് ഒരു കാഴ്ചപ്പാട് ഉണ്ടാകുകയും അതിനാവശ്യമായ സാഹചര്യങ്ങൾ ഗവൺമെന്റ് ഉണ്ടാക്കി കൊടുക്കുകയും ചെയ്യണം. അതിൽ നമ്മൾ പരാജയപ്പെട്ടു. കട്ടപ്പുറത്ത് വണ്ടികൾ എല്ലാക്കാലത്തും ഉണ്ടാകുന്നതാണ്. അങ്ങയുടെ കാലത്തും എന്റെകാലത്തും ഉണ്ടായിട്ടുണ്ട്. വണ്ടികൾ റോഡിൽ ഓടിയാൽ വർക്ക്ഷോപ്പിൽ കയറ്റേണ്ടിവരും. വർക്ക് ഷോപ്പിൽ കയറ്റുന്ന വണ്ടികൾ നന്നാക്കിവേണം പുറത്തിറക്കാൻ. ലാഭകരമായി ഓടിയ പല സർവ്വീസുകളും ഇപ്പോൾ ഓടിക്കാൻ കഴിയുന്നില്ല. ശബരിമലയിൽ ബസ് വിട്ടതിന്റെ പേരിൽ ലാഭക്കൊയ്ത്ത് എടുത്തിരുന്നു. ഒരുപക്ഷേ കളക്ഷൻ കുറവുള്ള ബസ്സുകളായിരിക്കാം പിൻവലിച്ചത്. ദേശസാൽകൃത റൂട്ടുകളിലേക്ക് സ്വകാര്യ ബസുകൾക്ക് കടന്നുവരാനുള്ള അനുവാദം കൊടുത്തു. നമ്മളൊക്ക ഇക്കാര്യം ചർച്ച ചെയ്തതാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് കേരളത്തിന്റെ ഗതാഗത വകുപ്പുമന്ത്രി ആയിരുന്നപ്പോൾ പുറപ്പെടുവിച്ച ഒരു വിജ്ഞാപനം എന്റെ കാലത്ത് ഞാൻ ശ്രമിച്ചിട്ട് നടക്കാതെ പോയതാണ്. അക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചതാണ്. എന്നാൽ ആ വിജ്ഞാപനം ഇന്ന് പിൻവലിച്ചിരിക്കുകയാണ്. 243 റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ ഓടാൻ തുടങ്ങിയിരിക്കുന്നു. പട്ടണങ്ങളിലടക്കം സമാന്തര സർവ്വീസ് ഓടിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് കിട്ടേണ്ട വരുമാനം സ്വകാര്യ-അനധികൃത സർവ്വീസുകാർക്ക് കിട്ടുന്ന ഒരു സാഹചര്യമുണ്ടാക്കികൊടുക്കാൻ പാടുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, 2007-ലും 2008-ലും 2009 സെപ്റ്റംബർ മാസം 19-നും എൽ.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയ മൂന്ന് ഉത്തരവുകൾ ഒരു ചെറിയ കാലത്തേയ്ക്ക് തുടരാനുള്ള അനുമതി മാത്രമേ കൊടുത്തിട്ടുള്ളൂ. അതിനപ്പുറത്ത് ഒന്നും കൊടുത്തിട്ടില്ല. അങ്ങ് എടുത്ത നിലപാടിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് ഒന്നും എടുത്തിട്ടില്ല. അക്കാര്യം ബഹുമാനപ്പെട്ട മെമ്പർ ആലോചിക്കണം.

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഇടപെട്ടതുകൊണ്ട് ഞാൻ മറുപടി പറയാൻ ബാധ്യസ്ഥനാണ്.

ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി സർവ്വീസ് ഉണ്ടാകണമെന്ന നയമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. ആ നയം സ്വീകരിച്ചപ്പോൾ ഞങ്ങൾ ഫ്ലീറ്റ് ഓണേഴ്സ് എന്ന ഡെഫനിഷനിൽ മാറ്റംവരുത്തി, അത് കോടതിയിൽ നിന്നില്ല. പക്ഷേ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കാലത്ത് ഒരു ഉത്തരവ് ഉണ്ടായി. ഞാൻ അതിനെ സ്വാഗതം ചെയ്തല്ലോ ? ഞങ്ങളെക്കൊണ്ട് സാധിക്കാത്തത് ശ്രീ. ആര്യാടൻ മുഹമ്മദിനെക്കൊണ്ട് സാധിച്ചുവെന്ന് ഞാൻ പറഞ്ഞല്ലോ ? എന്തിനാണ് ആ ഉത്തരവ് ഈ സർക്കാർ പിൻവലിച്ചത് ? ആ ഉത്തരവ് ഈ സർക്കാർ തന്നെ ഇറക്കിയ, ഒരു മന്ത്രി ഭരണവകുപ്പിന്റെ ചുമതലയുണ്ടായിരുന്നപ്പോൾ ഇറക്കിയ ഉത്തരവ് ഈയിടയ്ക്ക് പിൻവലിച്ചില്ലേ ? അങ്ങല്ലെന്നും ആരാണ് അതിന്റെ പുറകിലുള്ളതെന്നും എനിക്കറിയാം. അങ്ങ് ആഗ്രഹിച്ച ഒരു ഉത്തരവ് അല്ലെന്നും എനിക്കറിയാം. പക്ഷേ നാട്ടിൽ എന്താണ് സംഭവിച്ചത് ? ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഓടിച്ച് ലാഭം കൊയ്യാൻ കെ.എസ്.ആർ.ടി.സി. പിൻവാങ്ങികൊടുക്കാൻ ഈ ഗവൺമെന്റ് സാഹചര്യമുണ്ടാക്കിക്കൊടുത്തില്ലേ ? അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് വളരാനുള്ള സാഹചര്യമുണ്ടാകുന്നില്ലെന്നു മാത്രമല്ല തകരാനുള്ള എല്ലാ സാഹചര്യവും സർക്കാർ ഒരുക്കിക്കൊടുത്തതിന് ശേഷം ഈ തകർച്ച കണ്ട് നാം ദുഃഖം പറഞ്ഞിട്ട് കാര്യമില്ല. തകർച്ചയിൽനിന്ന് രക്ഷപ്പെടുത്തണമെങ്കിൽ നയങ്ങളിൽ മാറ്റമുണ്ടാകണം. കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തെ വളർത്തുമെന്ന ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കണം. ആ നിലപാടിനോടൊപ്പം മാനേജ്മെന്റും തൊഴിലാളികളും നിലനിൽക്കണം. അങ്ങനെ തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട് ഗവൺമെന്റും മാനേജ്മെന്റും തൊഴിലാളികളും ഒരേ ദിശയിൽ പോകുന്ന സാഹചര്യമുണ്ടാകണം. ഇവിടത്തെ പ്രശ്നം പെൻഷന്റെയും ശമ്പളത്തിന്റെയും കാര്യമാണ്. അടിയന്തരമായി പെൻഷൻ വിതരണം ചെയ്യുകയും ദൈനംദിന ചെലവുകൾക്കാവശ്യമായ പണം ഗവൺമെന്റ് കൊടുത്തുകൊണ്ട്, കെ.എസ്.ആർ.ടി.സി.-യിൽ കൂടുതൽ ബസുകൾ വാങ്ങി കെ.എസ്.ആർ.ടി.സി-യെന്ന മഹാപ്രസ്ഥാനത്തെ വിപുലീകരിച്ച് ഈ നാട്ടിലെ ജനങ്ങൾ നെഞ്ചിലേറ്റുന്ന പ്രസ്ഥാനമായി മുന്നോട്ട് കൊണ്ടുപോകാനുള്ള സാഹചര്യം സർക്കാർ ഒരുക്കിക്കൊടുക്കണമായിരുന്നു. മറിച്ച്, തികഞ്ഞ ലാഘവത്തോടുകൂടി, അവജ്ഞതയോടുകൂടി ഈ അടിയന്തരപ്രമേയത്തെ സമീപിച്ചതിൽ ഞങ്ങൾക്കുള്ള പ്രതിഷേധം രേഖപ്പെടുത്തികൊണ്ട് ഞാനും എന്റെ പാർട്ടി അംഗങ്ങളും വാക്ക് ഔട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. ആ സ്ഥാപനം നേരിടുന്ന പ്രതിസന്ധി ഒരു പ്രസംഗത്തിലൂടെ, അതിനൊരു മറുപടിയിലൂടെ പരിഹാരം കാണാൻ കഴിയുന്ന ഒന്നാണെന്ന നിലപാടാണ് നമ്മുടെ ഗതാഗത വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. ഈ പ്രതിസന്ധിയിൽ എത്തിച്ചേർന്നതിനുള്ള നിരവധി കാരണങ്ങളിൽ ഒന്ന് ചെലവ് ചുരുക്കൽ നടപടി കാര്യക്ഷമമായി നടക്കുന്നില്ലെന്നുള്ളതാണ്. ചെലവ് ചുരുക്കൽ നടപടി കാര്യക്ഷമമായി നടപ്പിലാക്കിയതിന്റെ ഫലമായാണ് അന്യ സംസ്ഥാനങ്ങളിലെ പൊതുമേഖലാ ഗതാഗത വ്യവസായം നല്ല നിലയിൽ പ്രവർത്തിക്കുന്നത്. എങ്ങനെയാണ് അവർ ആ സ്ഥാപനത്തെ ലാഭകരമാക്കി നടത്തുന്നത് എന്നുള്ളതൊക്കെ ഒന്ന് പഠിക്കുകയും ഓരോരുത്തർക്കുമുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്യുതിനുശേഷം ഉചിതമായൊരു തീരുമാനത്തിലെത്താൻ ശ്രമിക്കുമെന്നായിരുന്നു ഞങ്ങൾ കരുതിയത്. കാരണം ഇത്രയേറെ പ്രതിസന്ധി നേരിടുന്ന ഒരു സ്ഥാപനത്തെ കരകയറ്റാനുള്ള മാർഗ്ഗങ്ങൾ എവിടെയാണ് നമ്മൾ ചർച്ച ചെയ്യുക ? ഇതൊരു ദുരഭിമാനത്തിന്റെ പ്രശ്നമാണ്. ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളിലൂടെ തന്നെ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ കഴിയുമെന്ന മിഥ്യാധാരണ വകുപ്പുമന്ത്രി വച്ചുപുലർത്തുന്നുണ്ടെന്നാണ് തോന്നുന്നത്. അദ്ദേഹം പറയുന്നത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ്. ഇത്രയും ഗുരുതരമായൊരു പ്രശ്നത്തിൽ ചർച്ചയൊന്നും വേണ്ട, എല്ലാം ഭംഗിയായി നടക്കുന്നുവെന്ന നിലപാട് സ്വീകരിച്ചതിന്റെ യുക്തി എന്താണെന്ന് ഒട്ടും മനസ്സിലാകുന്നില്ല. പന്ത്രണ്ടായിരത്തോളം ബസ് സർവ്വീസുകളും അതിലേറെ ജീവനക്കാരും മൂന്നിരട്ടി പെൻഷൻകാരുമുള്ള ഈ മഹാപ്രസ്ഥാനത്തെ കരകയറ്റാനാവശ്യമായ നിർദ്ദേശങ്ങളെ കുറിച്ച് ഒരു പഠനം നടത്തി, അതിന്റെയടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ സ്വീകരിച്ച് വിട്ടുവീഴ്ചാ മനോഭാവത്തോടുകൂടി ഈ പ്രശ്നം പരിഹരിക്കാനുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടിയിരുന്നത്. അത്തരത്തിലുള്ള ഒരു പോസിറ്റീവായ നിലപാടല്ല ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായതെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും അത്തരം നിലപാടിൽ പ്രതിഷേധിച്ചുകൊണ്ടും ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി)

## III ശ്രദ്ധ ക്ഷണിക്കൽ

### 1. വൈദ്യുതി ഉത്പാദന മേഖലയിൽ സമഗ്രവികസന പദ്ധതികൾ

ശ്രീ. കെ. മുരളീധരൻ : സർ, സംസ്ഥാനത്തെ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് സമഗ്രവും ഫലപ്രദവുമായ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും കേരളം ഭാവിയിൽ നേരിടാവുന്ന രൂക്ഷമായ ഊർജ്ജ പ്രതിസന്ധിയെ സംബന്ധിച്ചും ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റി ആയി പ്രഖ്യാപിക്കപ്പെട്ട കെ.എസ്.ഇ.ബി.-ക്ക് നിലവിലെ കണക്ക് പ്രകാരം 2486.7 മെഗാവാട്ടിന്റെ ഉല്പാദനശേഷി മാത്രമാണുള്ളത്. എന്നാൽ സംസ്ഥാനത്ത് ഇപ്പോൾതന്നെ 4200 മെഗാവാട്ടിലധികം വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. കേന്ദ്രത്തിൽനിന്ന് 1726 മെഗാവാട്ട് വൈദ്യുതിയാണ് ഇപ്പോൾ ലഭിക്കുന്നത്. കേന്ദ്ര ഗ്രിഡുകളെയും അന്യസംസ്ഥാനങ്ങളെയും ആശ്രയിച്ചാണ് കേരളം ഇപ്പോഴും മുന്നോട്ടുപോകുന്നത് ; ഇങ്ങനെ എത്രകാലം പോകാൻ സാധിക്കും ? കെ.എസ്.ഇ.ബി.-ക്ക് 2007-ൽ 2313.7 മെഗാവാട്ട് ഉല്പാദനശേഷിയാണുണ്ടായിരുന്നത്. 2013-ൽ ഉല്പാദനശേഷി 2486.7 മെഗാവാട്ടാണ് വർദ്ധിച്ചത്. അതായത് 7 ശതമാനം വളർച്ചാനിരക്ക് മാത്രമാണുണ്ടായിട്ടുള്ളത്. എന്നാൽ ഇതേകാലയളവിൽ തമിഴ്നാട്ടിൽ 55 ശതമാനവും പശ്ചിമബംഗാളിൽ 65 ശതമാനവും കർണ്ണാടകയിൽ 79 ശതമാനവും ഗുജറാത്തിൽ 178 ശതമാനവുമായി വൈദ്യുതിയുല്പാദനം വർദ്ധിച്ചു. വൈദ്യുതിയുല്പാദന രംഗത്ത് കേരളം ജലവൈദ്യുത പദ്ധതിയെ മാത്രമാണ് ആശ്രയിക്കുന്നത്. എന്നാൽ ഉദ്ദേശിച്ച പല ജലവൈദ്യുത പദ്ധതികളും നമുക്കാരംഭിക്കാൻ കഴിഞ്ഞില്ല. പൂയംകുട്ടി പദ്ധതി പരിസ്ഥിതി പ്രവർത്തകരുടെ ശക്തമായ എതിർപ്പുകാരണം ഉപേക്ഷിക്കേണ്ടിവന്നു. ശ്രീ. എ. കെ. ബാലനും ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. കടവൂർ ശിവദാസനും കുറച്ചുനാൾ ഞാനും മന്ത്രിയായിരുന്നപ്പോൾ അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കാൻ പല രീതിയിലുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും ആ പദ്ധതി നടപ്പാക്കുന്നതിൽ നമുക്ക് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ഇതിനെല്ലാംപുറമേ ഇപ്പോൾ വൈദ്യുതിവിതരണ രംഗത്തും വൻനഷ്ടമുണ്ട്. ഇപ്പോഴും പ്രസരണ നഷ്ടം 15.35 ശതമാനമെന്നാണ് പറയപ്പെടുന്നത്. ബോർഡിന്റെ റവന്യൂ കമ്മി 2931.21 കോടി രൂപയാണെന്നാണ് ഇപ്പോൾ കണക്കാക്കുന്നത്.

കേരളത്തിൽ 1950-ലെ വൈദ്യുതിയുല്പാദന കപ്പാസിറ്റി 38 മെഗാവാട്ടായിരുന്നത് 9-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടെ, 2007-ൽ 2657.22 മെഗാവാട്ടായാണ് മാറിയത്. അതിനുശേഷം കാര്യമായ ഉല്പാദന വർദ്ധനവ് ദൗർഭാഗ്യവശാൽ ഈ രംഗത്തുണ്ടായില്ല. ഇതിനെല്ലാംപുറമെയാണ് വൈദ്യുതി ലൈൻ വലിക്കുന്നതിലുണ്ടാകുന്ന തടസങ്ങൾ. പലപ്പോഴും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി കൊണ്ടുവരുന്ന ലൈനുകളുടെ പ്രവർത്തനങ്ങൾ പ്രാദേശിക എതിർപ്പുകൾകാരണം തടസ്സപ്പെടുകയാണ്. കൂടംകുളം പദ്ധതിയുടെ ആദ്യഘട്ടം കമ്മീഷൻ കഴിഞ്ഞപ്പോൾ 133 മെഗാവാട്ട് വൈദ്യുതി ലഭിക്കേണ്ടതായിരുന്നുവെങ്കിലും ലൈൻ വലിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ ഫലമായി അതും സംസ്ഥാനത്തിന് ലഭിക്കാത്ത സ്ഥിതിയാണ്. ചുരുക്കിപ്പറഞ്ഞാൽ എത്ര മഴപെയ്താലും നമുക്കാവശ്യത്തിനുള്ള വൈദ്യുതിയുല്പാദിപ്പിക്കാൻ കഴിയുന്നില്ല. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് പാരമ്പര്യേതര ഊർജ്ജത്തെ കുറിച്ച് ചിന്തിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ പ്രകാരം 2022 ഓടുകൂടി 20000 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതിയിട്ടു എന്നാണ് മനസ്സിലാക്കുന്നത്. മാത്രമല്ല, ഓരോ വാട്ട് വൈദ്യുതി ഉല്പാദനത്തിനും 24 രൂപ വച്ച് സഹായം നൽകുമെന്നാണ് കേന്ദ്രം പ്രഖ്യാപിച്ചിട്ടുള്ളത്. ആ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടെ ? നമ്മുടെ സംസ്ഥാനത്ത് അനാവശ്യമായ ഫ്ലാറ്റ് നിർമ്മാണവും വൻകിടകെട്ടിടങ്ങളും നിർമ്മിക്കപ്പെടുന്നുണ്ട്. ഇത്തരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പെർമിഷൻ കൊടുക്കുമ്പോൾ സോളാർ ലൈറ്റുകൾ നിർബന്ധമായും സ്ഥാപിക്കണമെന്നുള്ള നിബന്ധന വയ്ക്കുകയും സംസ്ഥാന സർക്കാർ ഇത് നിയമമായി കൊണ്ടുവരാനും ശ്രമിക്കണം. സംസ്ഥാനത്ത് ഇപ്രാവശ്യം നല്ലരീതിയിൽ കാലവർഷം ലഭിച്ചുവെങ്കിലും ഇതുകൊണ്ടൊന്നും കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ കൂടുതൽ വൈദ്യുത ഉല്പാദനത്തെക്കുറിച്ച് ആലോചിക്കണം. നമ്മുടെ സംസ്ഥാനം thickly populated area ആയതിനാൽ കാറ്റാടിയന്ത്രമുപയോഗിച്ച് വൈദ്യുതിയുല്പാദിപ്പിക്കാനുള്ള സാധ്യത കുറവാണ്. എന്നാൽ തമിഴ്നാട്ടിൽ ഏക്കർകണക്കിന് ഭൂമി വെറുതെ കിടക്കുന്നതിനാൽ കാറ്റാടിയന്ത്രമുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുന്നു. നമുക്ക് അട്ടപ്പാടിയിലുണ്ടായിരുന്നത് കഴിഞ്ഞ പ്രാവശ്യം എല്ലാ പാർട്ടിക്കാരുംകൂടി സമരം ചെയ്ത് വേണ്ടെന്നുവച്ചു. വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് മറ്റ് സ്രോതസ്സുകളിൽനിന്ന് വൈദ്യുതിയുല്പാദിപ്പിക്കാനുള്ള സാധ്യതകളെക്കുറിച്ച് ആരായുകയും അത് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്തില്ലെങ്കിൽ കേരളം നാളെ

ഇരുട്ടിലേക്ക് പോകും, അത് സംസ്ഥാനത്തിന് കനത്ത തിരിച്ചടിയാകും. അതുകൊണ്ട് ഈ വിഷയത്തിൽ ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം ശരിയാണ്. ഈ നിലയിൽ പോയാൽ കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രാപ്രദേശിലുമൊക്കെ 6 മണിക്കൂറോളം ലോഡ്ഷെഡിംഗ് ഏർപ്പെടുത്തുകയാണ്. ആ സ്ഥിതിയിലേക്ക് കേരളവും പോകും. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 18-ാമത് സ്റ്റഡി റിപ്പോർട്ടനുസരിച്ച് 12-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുമ്പോൾ, 2017-ൽ 4669 മെഗാവാട്ടും 2021-22-ലേക്ക് 6093 മെഗാവാട്ടും വൈദ്യുതി കേരളത്തിനാവശ്യമാണ്. 2486 മെഗാവാട്ടിന്റെ ഉല്പാദനശേഷിയുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്, ഇത് കായംകുളവും ബി.എസ്.ഇ.എസ്. പദ്ധതികളുമൊക്കെ കൂടിയാണ്. ഏകദേശം 2004 മെഗാവാട്ട് ഉല്പാദനശേഷിയാണ് കേരളത്തിലെ ജലവൈദ്യുത പദ്ധതികൾക്കുള്ളത്. അതുതന്നെ മുഴുവനും ഒരിക്കലും ജനറേറ്റ് ചെയ്യാൻ കഴിയില്ല. ഏകദേശം 1600-1700 മെഗാവാട്ട് വൈദ്യുതി മാത്രമേ നമുക്ക് ജനറേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. ബാക്കിയുള്ള തെർമൽ സ്റ്റേഷനുകളിലെ ഉല്പാദനചെലവ് 12 മുതൽ 15 രൂപ വരെയാണ്. അത് വളരെ റസ്ട്രിക്ട് ചെയ്തുകൊണ്ട്, ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻവേണ്ടി നമ്മൾ ഉപയോഗിക്കുന്നു. എന്നാൽ മുഴുവനും ഇല്ല. ഏകദേശം 1100-1200 മെഗാവാട്ട് കേന്ദ്ര ഗവൺമെന്റിന്റെ സെൻട്രൽ ജനറേഷൻ സ്റ്റേഷനുകളിൽനിന്ന് ലഭിക്കുന്നുണ്ട്. ഇതെല്ലാം കഴിഞ്ഞാലും 800-900 മെഗാവാട്ട് വൈദ്യുതിയുടെ ഷോർട്ടേജ് വരുന്നുണ്ട്. 6-7 ശതമാനം വച്ച് ഓരോ വർഷവും ഡിമാന്റ് കൂടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വലിയ പ്രയാസത്തിലേക്ക് പോവുകയാണ്. നമുക്ക് കൂടുതൽ വൈദ്യുതി ജനറേറ്റ് ചെയ്യാനുള്ള സാദ്ധ്യതയില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ജലവൈദ്യുത പദ്ധതികളാണ് നമുക്ക് കാര്യമായിട്ടുള്ളത്. 6000 മെഗാവാട്ട് വൈദ്യുതിയുടെ പൊട്ടൻഷ്യൽ നമുക്കുണ്ടെങ്കിലും നമുക്കത് ഉപയോഗിക്കാൻ കഴിയുന്നില്ല. ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന ഏകദേശം 13 വൈദ്യുത പദ്ധതികളിൽനിന്നും 195 മെഗാവാട്ട് വൈദ്യുതിയുൽപ്പാദിപ്പിക്കാൻ സാധിക്കും. അതുപോലെ 7 ചെറുകിട പദ്ധതികളുടെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ മറ്റുചില പദ്ധതികളും ശരിയാക്കുന്നുണ്ട്. എല്ലാംകൂടി കൂട്ടുമ്പോൾ 3 വർഷം കൊണ്ട്

500-ൽപ്പരം മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്വകാര്യമേഖലയിൽ 25 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുവദിച്ചു. ഇതെല്ലാംകൂടി വരുമ്പോൾ ഏകദേശം 536 മെഗാവാട്ട് വൈദ്യുതിയുൽപ്പാദിപ്പിക്കാൻ സാധിക്കും. 25 ആളുകൾക്ക് കൊടുത്തതിൽനിന്നും 109 മെഗാവാട്ടും ഓൺ ഗോയിംഗ് പദ്ധതികളിൽനിന്നും 199 മെഗാവാട്ടും വൈദ്യുതി കിട്ടുന്നുണ്ട്. ഇതിനുപുറമേ, കായംകുളം എൻ.റ്റി.പി.സി.-യും ബി.എസ്.ഇ.എസ്.-ഉം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് 12 മുതൽ 14 രൂപവരെ ചെലവ് വരുന്നു. അതുകൊണ്ട് അത് രണ്ടും എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു ശ്രമം നടത്തിവരുന്നു. ഇതിനുപുറമേ ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി.-യുടെ സ്വന്തം സ്ഥലത്ത് 400 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പ്ലാന്റ് എൽ.എൻ.ജി. ഉപയോഗിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്നു. ജലവൈദ്യുത പദ്ധതിയേക്കാളും കോൾ ബേസ്ഡ് പദ്ധതികളേക്കാളും എൽ.എൻ.ജി.-ക്ക് വില കൂടുമെങ്കിലും നമുക്കാവശ്യമായതുകൊണ്ട് അങ്ങനെ ചെയ്യാതിരിക്കാൻ കഴിയില്ല. അല്ലെങ്കിൽ ലോഡ്ഷെഡ്ഡിംഗ് ആകും. അതിനുള്ള തീരുമാനമെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. അതുപോലെ കായംകുളത്ത് മുഴുവൻ എൽ.എൻ.ജി. ആക്കാനുള്ള എഗ്രിമെന്റ് വച്ചുകഴിഞ്ഞു. ബി.എസ്.ഇ.എസ്.-ഉം എൽ.എൻ.ജി. ആക്കിയാൽ ഷോർട്ടേജിൽ കുറച്ച് കുറവ് വരും. അതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതുപോലെ, കൊച്ചിൻ റിഫൈനറിയിൽ 20,000 കോടി രൂപ മുടക്കി എക്സ്പാൻഷൻ നടത്തുന്നു. അതിൽ നിന്നുള്ള ബൈപ്രോഡക്ടായ PETCOCK ഉപയോഗിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിന്റെയും പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. 2015-16-ൽ എക്സ്പാൻഷൻ കംപ്ലീറ്റ് ചെയ്താൽ മാത്രമേ, PETCOCK കിട്ടാനുള്ള സാദ്ധ്യതയുള്ളൂ. അതിന് ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പിന്നെയുള്ളത് സോളാറിൽനിന്നും ലഭിക്കുന്ന വൈദ്യുതിയാണ്. സോളാറിൽനിന്നും നമുക്ക് ആകെ 32 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത്. തമിഴ്നാടിന് കാറ്റിൽനിന്നും ലഭിക്കുന്നത് 6000 മെഗാവാട്ട് വൈദ്യുതിയാണ്. നമുക്ക് കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പ്രയാസമുണ്ട്. നമ്മുടെ ഭൂമി കുന്നും മലയും വനവുമായിട്ട് സ്ഥിതി ചെയ്യുന്നതുകൊണ്ട് തമിഴ്നാടിന് കിട്ടുന്നതുപോലുള്ള കാറ്റ് നമുക്ക് കിട്ടാൻ സാദ്ധ്യതയില്ല. അതുമാത്രവുമല്ല വനത്തിൽ കൂടി ഇലക്ട്രിക് ലൈൻ വലിക്കാനുള്ള അനുവാദം കിട്ടാൻ പ്രയാസമാണ്. എന്നാലും എൻ.എസ്.പി.സി.എൽ. എന്ന കേന്ദ്ര ഗവൺമെന്റിന്റെ കമ്പനിയുമായി ANERT എം.ഒ.യു. ഒപ്പുവച്ചിരിക്കുകയാണ്. അതനുസരിച്ച് 82 മെഗാവാട്ട് വൈദ്യുതിയും മറ്റുചില പ്രൈവറ്റ് കമ്പനികളിൽനിന്ന് 28 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കാനുള്ള തീരുമാനമെടുത്തുകഴിഞ്ഞു. 10

മെഗാവാട്ടോളം വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ടുള്ള സ്റ്റഡി ANERT-ൽ നടക്കുകയാണ്. ഇതാണ് കാറ്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയെ സംബന്ധിച്ച് പറയാനുള്ളത്. സോളാറിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതും പ്രയാസമാണ്. കാരണം ആവശ്യമായ ഭൂമി കിട്ടാനുള്ള പ്രയാസമുണ്ട്. എങ്കിലും കഴിഞ്ഞ വർഷം 10000 വീടുകളുടെ റൂഫ് ടോപ്പിൽ സോളാർ പാനൽ സ്ഥാപിച്ചു കൊണ്ടുള്ള വൈദ്യുതോല്പാദനത്തിന് ഏകദേശം 92,000 രൂപ സബ്സിഡി കൊടുക്കാൻ തീരുമാനിച്ചു. 39,000 രൂപ കേരള ഗവൺമെന്റും ആകെയുള്ള ചെലവിന്റെ മൂന്നിൽ ഒരുഭാഗം എം.എൻ.ആർ.ഇ.-യും ചെലവഴിക്കും. അതിൽ 7,000-ത്തോളം സോളാർ പാനലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം ഓഫ്ഗ്രിഡ് ആണ് ചെയ്തത്. അതിനാണ് കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി കിട്ടിയത്. ഈ വർഷം ഗ്രിഡ് കണക്റ്റഡായി തരണമെന്നും സബ്സിഡി വേണമെന്ന് നേരത്തെ പറയുകയും ചെയ്തതിന്റെ ഫലമായി 5000 ഗ്രിഡ് കണക്ഷൻ അനുവദിച്ചുനൽകുകയും ചെയ്തു. ഗവൺമെന്റ് കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുവേണ്ടി 50 മെഗാവാട്ട് വൈദ്യുതി തരാൻ തയ്യാറുള്ളവരുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചു. ആരും വന്നില്ല. ഒരു പാർട്ടി ഒപ്പിടുകയും ഒരുകോടി രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തുവെന്നല്ലാതെ ഒന്നും ചെയ്തിട്ടില്ല. അതിനും ഭൂമി തന്നെയാണ് പ്രധാനപ്പെട്ട പ്രശ്നം. ഏതായാലും അടുത്ത 3 വർഷം കൊണ്ട് 536 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള എല്ലാ പദ്ധതികളുമായി വൈദ്യുതി ബോർഡും ഗവൺമെന്റും മുന്നോട്ട് പോവുകയാണ്. ഇവിടെ നമുക്ക് ഏറ്റവും കരണീയമായിട്ടുള്ളത് കോൾ ബേസ്ഡ് ഉൽപ്പാദനമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അലോട്ട്മെന്റ് കിട്ടിയില്ലെങ്കിൽപ്പോലും വിദേശത്തുനിന്നും കോൾ കൊണ്ടുവന്നാലും 3.5-4 രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി ജനറേറ്റ് ചെയ്യാൻ സാധിക്കും. പക്ഷേ അതിനുവേണ്ടി വലിയൊരു ശ്രമം നടത്തിയപ്പോൾ അതിനും പൊല്യൂഷന്റെ കാര്യം പറഞ്ഞ് വലിയ എതിർപ്പുകളാണ് വന്നിട്ടുള്ളത്. പക്ഷേ, ഇന്ന് ലോകത്ത് മാത്രമല്ല, ഇന്ത്യയിൽ തന്നെ പൊല്യൂഷൻ ഇല്ലാത്ത രൂപത്തിൽ കോളിൽ നിന്നും വൈദ്യുതി ജനറേറ്റ് ചെയ്യുന്ന നിരവധി പ്ലാന്റുകളുണ്ട്. ഞാനും സബ്ജക്റ്റ് കമ്മിറ്റി മെമ്പർമാരും പോയി കണ്ടതാണ്. ഇതിനുമുമ്പുള്ള ഗവൺമെന്റും ഈ പദ്ധതി ഉദ്ദേശിച്ചത് ചീമേനിയിലാണ്. ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന കാലത്തും അതിനുള്ള ശ്രമം നടത്തിയതാണ്. പക്ഷേ, അന്നും ഇന്നും ഒബ്ജക്ഷനാണ്. ഇനിയും അതിനുവേണ്ടിയുള്ള ശ്രമം നടത്തും. എല്ലാവരും കൂടി യോജിച്ച് വലിയ പരിസ്ഥിതി പ്രശ്നങ്ങളില്ലാത്ത വിധത്തിൽ, ഡവലപ് ചെയ്ത മെഷിനറി ടെക്നോളജി ഉപയോഗിച്ച് ചെയ്യാനുള്ള തീരുമാനത്തിലെത്താൻ

സാധിച്ചാൽ കേരളത്തിന് ഊർജ്ജത്തിന്റെ കാര്യത്തിൽ വലിയൊരനുഗ്രഹമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഏതായാലും ഇക്കാര്യം ശ്രീ. കെ. മുരളീധരൻ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. കെ. മുരളീധരൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങളൊക്കെ സ്വാഗതം ചെയ്യുന്നു. ഇനി ഒരു പ്രധാനപ്പെട്ട കാര്യമുള്ളത്, 163 മെഗാവാട്ട് വൈദ്യുതിയാണ് അതിരപ്പിള്ളി പദ്ധതിയിൽനിന്നും നമുക്ക് ലഭിക്കുമെന്ന് പറയുന്നത്. ആ പദ്ധതിയിപ്പോൾ പരിസ്ഥിതി വകുപ്പിന്റെ തടസ്സത്തിൽപ്പെട്ട് ക്ലിയറൻസ് ലഭിക്കാതെ പെൻഡിംഗിലാണ്. ചെയറിന് ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെന്നറിയാമെങ്കിലും, അതിന്റെ ക്ലിയറൻസിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും മുൻകയ്യെടുക്കുമോ ; അതോടൊപ്പംതന്നെ ഇത്തവണ ആവശ്യത്തിനുള്ള മഴ ലഭിച്ച സാഹചര്യത്തിൽ ലോഡ് ഷെഡിംഗ് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പറഞ്ഞല്ലോ നമുക്ക് പുറത്തുനിന്ന് വൈദ്യുതി ലഭിച്ചില്ലെങ്കിൽ ലോഡ് ഷെഡിംഗ് വേണ്ടിവരും. നമുക്കാകെ 1700 മെഗാവാട്ട് വൈദ്യുതി മാത്രമേ ഉൽപ്പാദിപ്പിക്കുന്നതിനുള്ള കഴിവുള്ളൂ. എന്നുമാത്രമല്ല, കായംകുളം താപ വൈദ്യുത പദ്ധതി, ബി.എസ്.ഇ.എസ്. എന്നിവയെല്ലാംകൂടി ഉപയോഗിച്ചാൽപോലും നമുക്ക് 3700 മെഗാവാട്ട് വൈദ്യുതി ആവശ്യമുണ്ട്. അപ്പോഴും ഷോർട്ടേജുണ്ട്. പിന്നെ വെള്ളം എത്രയുണ്ടെങ്കിലും നമുക്ക് 1700 മെഗാവാട്ട് വൈദ്യുതി മാത്രമല്ലേ ജനറേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ, 1700 മെഗാവാട്ടിൽ കൂടുതൽ നമുക്ക് ജനറേറ്റ് ചെയ്യാൻ സാധിക്കില്ല. മെഷീന് എവിടെയെങ്കിലും തകരാറ് സംഭവിച്ചാൽ അതും നിന്നുപോകും. അതുപോലെ കേന്ദ്ര ഗവൺമെന്റ് 1200 മെഗാവാട്ട് വൈദ്യുതി നൽകുന്നുണ്ട്. അവരുടെ മെഷീനും ഇടയ്ക്കിടെ തകരാറ് സംഭവിക്കാറുണ്ട്. അങ്ങനെ കേടുവരുമ്പോഴും ഷോർട്ടേജ് വരാറുണ്ട്. ശരിക്കുള്ള വൈദ്യുതി കിട്ടിയാൽപ്പോലും നമുക്ക് ഏകദേശം 800 മെഗാവാട്ട് വൈദ്യുതിയുടെ ഷോർട്ടേജുണ്ട്. അത് പുറത്തുനിന്ന് വാങ്ങുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ 400 മെഗാവാട്ട് വൈദ്യുതിക്ക് വേണ്ടിയുള്ള ഒരു എഗ്രിമെന്റ് ഉണ്ടാക്കുകയും 25 വർഷത്തേക്ക് 815 മെഗാവാട്ട് വൈദ്യുതിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ക്യാബിനറ്റുമായി ആലോചിച്ചതിന് ശേഷം ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്. ലോഡ് ഷെഡിംഗ് ഉണ്ടാകില്ലെന്ന് പറയാൻ സാധിക്കില്ല. ലോഡ് ഷെഡിംഗ് ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടത്തുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട കെ. മുരളീധരൻ ഇവിടെ സൂചിപ്പിച്ച അതിരപ്പിള്ളി വൈദ്യുത പദ്ധതിക്ക് 3 പ്രാവശ്യം പരിസ്ഥിതി ക്ലിയറൻസ് കിട്ടിയിരുന്നു. എന്നാൽ ഒരു എക്സിക്യൂട്ടീവ് ഓർഡർ വച്ച് പരിസ്ഥിതി ക്ലിയറൻസ് റിവോക്ക് ചെയ്യുകയാണുണ്ടായത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. മുരളീധരൻ പറഞ്ഞതിനെ സംബന്ധിച്ച് ഞാൻ മറുപടി പറയാൻ വിട്ടുപോയതാണ്. ആദ്യം ശ്രീ. പിണറായി വിജയന്റെ കാലത്ത് ക്ലിയറൻസ് കിട്ടിയിരുന്നു. ചില ആളുകളുടെ പരാതികളെത്തുടർന്ന് അത് പിന്നീട് ക്യാൻസൽ ചെയ്തു. പബ്ലിക് ഹിയറിംഗ് നടത്തിയില്ലെന്നുള്ളതാണ് ഹൈക്കോടതി അതിന് കാരണമായി പറഞ്ഞത്. വീണ്ടും ഞാൻ മന്ത്രിയായപ്പോൾ പബ്ലിക് ഹിയറിംഗ് നടത്തി ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഡൽഹിയിൽ പോയി ബന്ധപ്പെട്ട മന്ത്രിമാരെക്കണ്ട് ക്ലിയറൻസ് വാങ്ങിയിരുന്നു. ആ ക്ലിയറൻസ് വാങ്ങിക്കഴിഞ്ഞതിനുശേഷവും പരാതികളായി. ഹൈക്കോടതിയിൽ കേസായി അതും ക്യാൻസലായി. അതുകഴിഞ്ഞ് ശ്രീ. എ. കെ. ബാലൻ ഊർജ്ജ വകുപ്പുമന്ത്രിയായിരുന്നപ്പോഴും ഒരു പ്രാവശ്യം ക്ലിയറൻസ് ലഭിച്ചതാണ്. വീണ്ടും ഈ പറയുന്ന രൂപത്തിൽ നമ്മുടെ നാട്ടിലെ ആളുകൾതന്നെ ഇതിന്റെ പരാതിക്കാരായി, അങ്ങനെ ആ എക്സിക്യൂട്ടീവ് ഓർഡർ വരാൻ കാരണവുമായി. നാട്ടുകാർ മാത്രമല്ല, ബഹുമാനപ്പെട്ട എ. കെ. ബാലൻ വളരെ അനുകൂലമായിരുന്നെങ്കിൽത്തന്നെ എതിരായി നിന്നവരുടെ പേരുകളൊന്നും ഞാൻ പറയുന്നില്ല. ഏതായാലും അതിന്റെ പേരിൽ അതും ക്യാൻസലായി. വീണ്ടും ഇക്കാര്യത്തിന് വേണ്ടി ശ്രമിക്കും, യാതൊരു സംശയവുമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, വളരെ നല്ല നടപടികളാണ് അങ്ങ് സ്വീകരിക്കുന്നത്. പരിസ്ഥിതി ക്ലിയറൻസിനുവേണ്ടി പോകുന്നതിനപ്പുറം, അങ്ങ് തന്നെ നിർദ്ദേശം നൽകിയിട്ടും നടക്കാതെ പോയ ഒരു കാര്യമുണ്ട്. കേരളത്തിലൂടെ ഒഴുകിപ്പോകുന്ന നദികളിൽ ഇറിഗേഷൻ വകുപ്പും മറ്റുമൊക്കെ നിർമ്മിക്കുന്ന തടയണകളിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ജനറേറ്ററുകൾ വച്ച് കിട്ടുന്നത്രയും വൈദ്യുതി ശേഖരിക്കണം. നമ്മുടെ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കെ. മുരളീധരൻ പറഞ്ഞതു പോലെ പാരമ്പര്യ ഊർജ്ജത്തിന്റെ ഭാഗമായി ഒഴുകിപ്പോകുന്ന വെള്ളത്തെ വൈദ്യുതിയാക്കി മാറ്റാനും ഒരു യൂണിറ്റെങ്കിൽ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അതിനുവേണ്ടിയുമുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. 536 മെഗാവാട്ട് മൂന്നു വർഷം കൊണ്ട് ഉൽപ്പാദിപ്പിക്കുമെന്ന് പറഞ്ഞതിൽ ഈ

സ്കീമും ഉൾപ്പെടും.

## 2. കടാശ്വാസ കമ്മീഷന്റെ കാലാവധി

ശ്രീമതി കെ. കെ. ലതിക : സർ, കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് 18-1-2007-ൽ നിലവിൽവന്നു. പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്ന തീയതിക്കുമുമ്പ് കൃഷിക്കാരെടുത്ത കടങ്ങൾ മാത്രമാണ് സെക്ഷൻ 2 പ്രകാരം 'കടം' എന്ന വാക്കിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 18-1-2007-നുശേഷം കൃഷിക്കാരെടുത്ത വായ്പകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നാൽ 2012-ലെ കേരള കാർഷിക കടാശ്വാസ കമ്മീഷൻ ഭേദഗതി നിയമപ്രകാരം 31-10-2011 വരെ വയനാട് ജില്ലയിലെ കർഷകർ എടുത്ത വായ്പകൾക്ക് കടാശ്വാസം ലഭിക്കുന്നതിന് നിയമസാധുത നൽകിയിട്ടുണ്ട്. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ നിന്ന് പോകുന്നതുവരെ കേരളത്തിൽ ഒറ്റ കർഷകനുപോലും കടബാധ്യതമൂലം ആത്മഹത്യ ചെയ്യേണ്ട സാഹചര്യം വന്നിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകൾ സർവ്വസാധാരണമായിരിക്കുകയാണ്. കേന്ദ്ര-കേരള സർക്കാരുകളുടെ തെറ്റായ സാമ്പത്തികനയംമൂലം കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ചയുണ്ടാകുന്ന സാഹചര്യം സംജാതമായതും ധനകാര്യ സ്ഥാപനങ്ങൾ ബ്ലേഡ് കമ്പനികളെപ്പോലെ പെരുമാറാൻ തുടങ്ങിയതും സംസ്ഥാന സർക്കാരിന്റെ ഇടപെടൽ ഈ രംഗത്തില്ലാത്തതുമാണ് കർഷക ആത്മഹത്യകൾ കേരളത്തിൽ വീണ്ടുമുണ്ടാകുന്നതിന് കാരണമായിട്ടുള്ളത്. കേരളത്തിലെ റബ്ബർ കർഷകരും മറ്റ് നാണ്യവിള കർഷകരും ഉൽപ്പന്ന വിലത്തകർച്ചമൂലം ഇന്നനുഭവിക്കുന്ന പ്രയാസങ്ങളും ഉത്കണ്ഠകളും വിവരണാതീതമാണ്. ഉൽപ്പാദനചെലവ് ലഭിക്കാത്തതുമൂലം റബർ കർഷകർ ടാപ്പിംഗ് നടത്തുന്നില്ല. തമിഴ്നാട്ടിലും ശ്രീലങ്കയിലും ഉൽപ്പാദനം കുറഞ്ഞതുകാരണം തേങ്ങയ്ക്ക് ഇടക്കാലത്ത് നല്ല വില ലഭിച്ചു. എന്നാൽ അതും ഇപ്പോൾ കുറഞ്ഞുവരുന്ന അവസ്ഥയാണുള്ളത്. സർക്കാരിന്റെ സാമ്പത്തികനില പൂർണ്ണമായും തകർന്നടിഞ്ഞതുമൂലം നിർമ്മാണ മേഖലയും സ്തംഭിച്ചിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മാറിനിന്ന വറുതിയുടെ കാലം വീണ്ടും പടികയറി വരുന്ന അവസ്ഥയാണുള്ളത്. കേരളത്തിലെ കൃഷിക്കാരെ ആത്മഹത്യയുടെ വക്കിൽനിന്നും രക്ഷിച്ചേ മതിയാകൂ. ആയതിന് കാർഷിക കടാശ്വാസ കമ്മീഷൻ നിയമത്തിൽ ഭേദഗതി കൊണ്ടുവന്ന് 31-3-2014-ന് കാലാവധി കഴിഞ്ഞതും കൃഷിക്കാർ എടുത്തിട്ടുള്ളതുമായ മുഴുവൻ കടങ്ങളും കടാശ്വാസത്തിന്റെ പരിധിയിൽ കൊണ്ടുവരണം. കൂടാതെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, 2015 ജൂൺ മാസത്തിൽ കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിക്കുകയാണ്. കടാശ്വാസ

കമ്മീഷന്റെ കാലാവധി നീട്ടിനൽകുന്നതിനാവശ്യമായ ഭേദഗതി കൊണ്ടുവരുന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നതിനുശേഷവും കേരളത്തിൽ കർഷക ആത്മഹത്യകളുണ്ടായിട്ടുണ്ട്. കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനും കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിനും ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടിയാണ് 2006-ലെ കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഈ ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനുമുമ്പോ ഒരു കർഷകനിൽനിന്നും 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘത്തിനോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കുന്ന തിലേർപ്പെട്ടിരിക്കുന്ന ഒരാളിനോ ലഭിക്കാനുള്ള ബാദ്ധ്യതകളാണ് കടാശ്വാസത്തിനായി കമ്മീഷൻ പരിഗണിക്കുന്നത്. എന്നാൽ കർഷകൻ തന്റെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യാവശ്യത്തിനോ ആഡംബരത്തിനോ എടുത്തിട്ടുള്ള കടങ്ങൾ കടാശ്വാസത്തിനായി പരിഗണിക്കുന്നതല്ല. 20-2-2009-ലെ സർക്കാർ ഉത്തരവുപ്രകാരം കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി 31-5-2009 -ആയി നിശ്ചയിച്ചിട്ടുള്ളതാണ്. വയനാട് ജില്ലയിൽ കർഷക ആത്മഹത്യ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ജില്ലയിലെ കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠിക്കുകയും പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾ കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകരിൽനിന്നും നിലവിൽ കമ്മീഷനിൽ അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. വയനാട് ജില്ലയിൽ മാത്രമാണ് ഈ സൗകര്യം ഇപ്പോഴും നിലവിലുള്ളത്. അതുപ്രകാരമുള്ള അപേക്ഷ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ടുവർഷ കാലമായിട്ട് കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമില്ല. 2014 മാർച്ച് 31 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ശ്രീമതി കെ. കെ. ലതിക : സർ, 2015 ജൂൺ മാസത്തോടുകൂടി കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി കഴിയുകയാണ്. കടാശ്വാസ കമ്മീഷന്റെ

കാലാവധി നീട്ടുന്നതിന് നിയമ ഭേദഗതി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. മോഹനൻ : സർ, അത് ഒറ്റയടിക്ക് പയാൻ സാദ്ധ്യമല്ല, കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടാൻ കഴിയുമോ എന്നുള്ളകാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

11.00 AM]

## IV സബ്മിഷൻ

### 1. ഇടുക്കി പാക്കേജ്

ശ്രീ. റോഷി അഗസ്റ്റിൻ : സർ, വളരെ സുപ്രധാനമായ കാര്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇടുക്കി ജില്ലയുടെ കാർഷിക പ്രതിസന്ധി ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള ഇടുക്കി പാക്കേജിന് 2008 നവംബർ മാസം 20-ാം തീയതിയാണ് കേന്ദ്രാനുമതി ലഭിച്ചത്. 765 കോടി രൂപയായിരുന്നു അടങ്കൽ തുക.

തോട്ടവിളകൾ, ഗ്രാമീണ ഗതാഗതം, മൃഗസംരക്ഷണം, നീർത്തട വികസനം, ഹോർട്ടി കൾച്ചർ, കൃഷി, വനം, മത്സ്യ കൃഷി തുടങ്ങിയ മേഖലകളുടെ വികസനമാണ് പ്രധാനമായും ഈ പാക്കേജിൽ ലക്ഷ്യമിട്ടിരുന്നത്. ഇടുക്കി പാക്കേജിന് അനുവദിച്ച പണം പൂർണ്ണമായും ഈ മേഖലയിൽ വിനിയോഗിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. വിവിധ വകുപ്പുകൾവഴി സമർപ്പിച്ച പദ്ധതികൾ ഇനിയും നടപ്പാക്കാൻ അവശേഷിക്കുന്നു. ഈ പാക്കേജിന്റെ കാലാവധി പര്യവസാനിച്ചിരിക്കുന്നുവെന്നതാണ് അവിടുത്തെ കാർഷിക മേഖലയിൽ ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട്. മേൽ സൂചിപ്പിച്ച ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടി തുടർന്നുവരുന്ന പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന്, കുട്ടനാട് പാക്കേജിന്റെ കാലാവധി നീട്ടിക്കിട്ടിയതുപോലെ ഇടുക്കി പാക്കേജിന്റെ കാലാവധികൂടി ദീർഘിപ്പിച്ച് 765 കോടി രൂപയുടെ പ്രവർത്തനങ്ങൾ ജില്ലയിലെ സമഗ്രമായ കാർഷിക വികസനത്തിനുതകുന്ന വിധത്തിൽ മുന്നോട്ട് കൊണ്ടുപോകാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നേടിയെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ കൃഷിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത് സുതാര്യമായ നിലപാടോടുകൂടിയ സമീപനം ഗവൺമെന്റ് സ്വീകരിക്കുകയും ഇടുക്കിയിലെ കാർഷികമേഖലയിലുണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ എങ്കിലും പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന് പ്രതീക്ഷിച്ച ഇടുക്കി പാക്കേജ് പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ പറഞ്ഞ ഇടുക്കി പാക്കേജ് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇടുക്കി പാക്കേജിന് 20-11-2008-നാണ് കേന്ദ്ര കാബിനറ്റ് അഞ്ചുവർഷത്തേക്ക് അംഗീകാരം നൽകിയത്. അഞ്ചു വർഷം പൂർത്തിയായതിനെത്തുടർന്ന് ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി കേന്ദ്ര കൃഷി മന്ത്രാലയത്തിൽനിന്നും അറിയിച്ചിട്ടുണ്ട്. രണ്ടുവർഷത്തേക്ക് കൂടിയെങ്കിലും കാലാവധി നീട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കാലാവധി നീട്ടിയതായി ഒരു കമ്മ്യൂണിക്കേഷൻ ഇതുവരെ കിട്ടിയിട്ടില്ല. അതേ സമയം, പാക്കേജിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ തുടർനടപടികൾ സ്വീകരിക്കുന്നതിന് യാതൊരു വിധത്തിലുള്ള തടസ്സവുമുണ്ടാകില്ലെന്ന് അറിയിച്ചിട്ടുണ്ട്. കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള സ്കീമുകളിലുൾപ്പെടുത്തി നടത്താവുന്നതാണെന്ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി 13-11-2014-ൽ

എനിക്കയച്ച കത്തിൽ നിർദ്ദേശിച്ചിരുന്നു. അതുകൊണ്ട് കാലാവധി അവസാനിച്ചുവെന്നത് ഒരു തടസ്സമാവില്ല. ഈ പാക്കേജ് അനുസരിച്ച് 751.28 കോടി രൂപയുടെ ഡി.പി.ആർ. നമ്മൾ കേന്ദ്ര സർക്കാരിന് ഇതിനോടകം സമർപ്പിച്ചു. 481 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം നൽകി. അതിൽ 260 കോടി രൂപ റിലീസ് ചെയ്ത് തന്നിട്ടുണ്ട്. ബാക്കിയുള്ള തുക യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനനുസരിച്ച് ലഭിക്കും. ഇതിനോടകം അംഗീകാരം കിട്ടിയ പദ്ധതികൾക്കെല്ലാം റിക്വയർമെന്റ് അനുസരിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യ അനുമതി തരുമെന്നാണ് പൂർണ്ണമായ പ്രതീക്ഷ. ഇടുക്കി പാക്കേജിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എല്ലാ നടപടികളുമെടുക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറോട് പറയാൻ ആഗ്രഹിക്കുകയാണ്. ആവശ്യമെങ്കിൽ അവിടത്തെ ജനപ്രതിനിധികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും യോഗം വിളിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

## 2. പോസ്റ്റുമോർട്ടം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കേരളത്തിൽ ആതുര ശുശ്രൂഷാ രംഗത്ത് ഉജ്ജ്വലമായ തിളക്കം നൽകാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദിനംതോറും അതിന്റെ മാറ്റ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ജനജീവിതത്തെ തീരാദുരിതത്തിലാക്കുംവിധം നമ്മുടെ വികലമായ പോസ്റ്റുമോർട്ടം സമ്പ്രദായം പൂർണ്ണചന്ദ്രനെ ബാധിച്ച ഗ്രഹണമായി തീർന്നിരിക്കുകയാണ്. ഈ രാഹുകേതുക്കളിൽ നിന്ന് ജനങ്ങളെ രക്ഷിക്കേണ്ട ബാധ്യത നമുക്കുണ്ട്. അഞ്ചു തവണ ഇതിനായി സബ്മിഷൻ ഉന്നയിച്ച ആളാണ് ഞാൻ. ഇത് ആറാമത്തെ സബ്മിഷനാണ്. മന്ത്രിസഭാതലത്തിൽ അനുകൂലമായ തീരുമാനമുണ്ടായിട്ടും നടപടികളുണ്ടായില്ല. സാമൂഹികമായ അനുരഞ്ജനത്തിനും സഹവർത്തിത്വത്തിനും പോസ്റ്റുമോർട്ടം സമ്പ്രദായം പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ട ഒരു ജനപ്രതിനിധിയാണ് ഞാൻ. 24 മണിക്കൂർ പോസ്റ്റുമോർട്ടം സാങ്കേതിക കാരണങ്ങളാൽ പറഞ്ഞുനീട്ടരുതെന്ന് ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നവരാണ് ഈ സഭയിലെ മുഴുവൻ എം.എൽ.എ.-മാരും. റോഡപകടങ്ങളിൽ മരിക്കുന്നവരുടെ ജഡം വൈകുന്നേരം നാലുമണി കഴിഞ്ഞാൽ പോസ്റ്റുമോർട്ടം ചെയ്യാത്തതുകൊണ്ട് എം.എൽ.എ.-മാരും ജനങ്ങളും മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങളും അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ ഞാൻ അടക്കം പല എം.എൽ.എ.-മാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. എപ്പോഴും ജനങ്ങളോടൊപ്പം ജനങ്ങൾക്കുവേണ്ടി ജീവിക്കുന്ന പ്രിയപ്പെട്ട മുഖ്യമന്ത്രിയ്ക്കുപോലും അത്തരം ഘട്ടങ്ങളിൽ

നിസ്സഹായനായി നിൽക്കാനേ കഴിയുന്നുള്ളൂ. ലക്ഷ്യപ്രാപ്തികൊണ്ട് ഒരു സർക്കാർ നാളെ സ്മരിക്കപ്പെടണമെങ്കിൽ ജനഹിതാനുസാരിയായ മാറ്റം ഇക്കാര്യത്തിലുണ്ടാകണം. 24 മണിക്കൂർ പോസ്റ്റുമോർട്ടം അനിവാര്യമാണ്. അതോടൊപ്പം ജഡം കീറിമുറിക്കാതെ ആധുനിക രീതികളും പുതിയ സാങ്കേതിക വിദ്യകളും ഉപയോഗിച്ച് പോസ്റ്റുമോർട്ടം നടത്തുന്നതിനെക്കുറിച്ച് എല്ലാകാര്യത്തിനും ലോകത്തിന് മാതൃകയായ കേരളം ചിന്തിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഇനിയൊരു സബ്മിഷൻ ഇക്കാര്യത്തിൽ കേരള നിയമസഭയിൽ ഉന്നയിക്കാൻ ഒരു ജനപ്രതിനിധിക്കും ഇടവരുത്താത്ത വിധം ഇക്കാര്യത്തിൽ ഒരു തീരുമാനം കേരളത്തിന്റെ ഗ്രാമങ്ങളെ ദുരിതക്കയത്തിൽ നിന്നും കരകയറ്റുന്നതിനുള്ള ബാധ്യത അർപ്പണമനോഭാവത്തോടെ നിർവ്വഹിക്കുന്ന മുഖ്യമന്ത്രി ഈ സബ്മിഷന് മറുപടിയായി പ്രഖ്യാപിക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

ഈ വിഷയത്തിൽ ഞാൻ ഉന്നയിച്ച സബ്മിഷന് ലഭിച്ച മറുപടി സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. 20-7-2011-ന് സബ്മിഷൻ അവതരിപ്പിച്ചപ്പോൾ കിട്ടിയ മറുപടി വിശദമായ ഒരു പഠനം നടത്തേണ്ടതുണ്ടെന്നാണ്. 12-12-2012-ന് എനിക്ക് കിട്ടിയ മറുപടി, പൊതുവായ വികാരം മനസ്സിലാക്കി നിയമപരമായ മറ്റ് വശങ്ങൾകൂടി പരിശോധിച്ചശേഷം മെഡിക്കൽ ലീഗൽ കോഡിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിക്കുമെന്നായിരുന്നു. 14-2-2013-ന് കിട്ടിയ മറുപടി ഗവൺമെന്റ് ഇക്കാര്യത്തിൽ ആഭ്യന്തരവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ വന്നാലുടൻതന്നെ ഗവൺമെന്റ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്നാണ്. 11-6-2013-ന് കിട്ടിയ മറുപടി സംസ്ഥാനത്ത് മൃതദേഹങ്ങൾ രാത്രി സമയത്തും പോസ്റ്റ്മോർട്ടം നടത്തുന്നതിന് ജി.ഒ. (എംഎസ്.) നമ്പർ 51/2013/ഹോം. 23-2-2013 പ്രകാരം ഉത്തരവായിട്ടുണ്ട്. പകൽ സമയത്തിന് സമാനമായ പ്രകാശ ക്രമീകരണങ്ങൾ, ആവശ്യമായ ഡോക്ടർമാർ, സ്റ്റാഫ് ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയാൽ മാത്രമേ സർക്കാർ ഉത്തരവ് പൂർണ്ണമായും നടപ്പാക്കാനാകൂ എന്ന് സംസ്ഥാന ഫോറൻസിക് വിഭാഗം അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ഏറ്റവുമൊടുവിൽ ഈ സഭ തുടങ്ങിയതിനുശേഷം ഡിസംബർ ഒന്നാം തീയതി ഞാൻ ചോദ്യം കൊടുത്തപ്പോൾ കിട്ടിയ മറുപടി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അഭാവമാണ് സർക്കാർ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുവാനുള്ള തടസ്സം. രാത്രികാല പോസ്റ്റുമോർട്ടം നടത്തുവാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും

ജീവനക്കാരുടെ ലഭ്യതയും ഉറപ്പാക്കുന്നത് സംബന്ധിച്ച് ഫയൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പരിശോധിച്ചുവരുന്നു. ഇതിൽ തീരുമാനമാകുന്ന മുറയ്ക്ക് സർക്കാർ ആശുപത്രികളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തുവാൻ കഴിയുന്നതാണ് എന്നായിരുന്നു.

മോർച്ചറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എം.എൽ.എ.- മാർ വിചാരിച്ചാൽ തീർച്ചയായും സാധിക്കുന്നതാണ്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിന് എന്തെങ്കിലും വിധത്തിലുള്ള അടിസ്ഥാന സൗകര്യമേർപ്പെടുത്തേണ്ടതുണ്ടെങ്കിൽ എം.എൽ.എ. എന്ന നിലയ്ക്ക് നിർവ്വഹിക്കുവാൻ ഞാൻ തയ്യാറാണ്. പുറമേനിന്നുള്ള ഉദാരമതികളായ പല ആളുകളും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് സ്പോൺസർഷിപ്പ് വരെ നൽകാൻ തയ്യാറാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

മി. ചെയർമാൻ : 2001-മുതൽ ഞാനും അനേകം തവണ ഇക്കാര്യമാവശ്യപ്പെട്ടതാണ്. അദ്ദേഹം ആറാം തവണയാണ് ആവശ്യപ്പെടുന്നത്. ഇക്കാര്യം എങ്ങനെയെങ്കിലും പരിഹരിച്ചു തരണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനകത്തുതന്നെ ഉത്തരവുമുണ്ട്. അദ്ദേഹം നാല് പ്രാവശ്യം ഈ വിഷയം ഇവിടെ അവതരിപ്പിച്ചു, നാലുപ്രാവശ്യത്തെ മറുപടിയും വായിച്ചു. ഓരോന്നും ഇൻക്രിമെന്റലായിട്ടാണ്, അനുകൂലമായി കയറി കയറി വന്ന് ഏറ്റവുമൊടുവിൽ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ച് 23-2-2013-ൽ ഓർഡറിറക്കി. അതിനുമുമ്പുള്ള ക്യാബിനറ്റ് തീരുമാനമെടുത്തതനുസരിച്ച് ആദ്യഘട്ടത്തിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും തുടർന്ന് സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും രാത്രിയിലും പോസ്റ്റുമോർട്ടം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവായി. ഈ ആവശ്യം തികച്ചും ന്യായമാണ്. അതിനുവേണ്ട സൗകര്യം ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ട്. നല്ലൊരു ശതമാനം പോസ്റ്റുമോർട്ടം നടത്തുന്നതും നിയമപരമായ നടപടിക്രമത്തിലൂടെയായിരിക്കും. വളരെ കരുതലോടു കൂടി; വളരെ അഗാധത്തിലുള്ള പഠനവും മറ്റും ആവശ്യമായി വരുന്ന കേസുകളും ഇതിനകത്ത് ഇൻവോൾവ്ഡാണ്. അതുകൊണ്ട് പോസ്റ്റുമോർട്ടം വളരെ കാര്യമായിട്ട് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അതിന് ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ടാകണം, ഏറ്റവും കഴിവുള്ള ഉദ്യോഗസ്ഥന്മാർ വേണം. ഏതായാലും ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ച് തീരുമാനമായി. ഇനി സാമ്പത്തിക പ്രശ്നം മാത്രമല്ല, അതിന്റെ തുടർ

നടപടികളാണ് നമുക്ക് വേണ്ടത്. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാകണം. രാത്രി പോസ്റ്റുമോർട്ടം ചെയ്യുന്നതിനുള്ള ലൈറ്റും മറ്റു സജ്ജീകരണങ്ങൾക്കുമെല്ലാം പ്രത്യേകമായ നിർദ്ദേശങ്ങളുണ്ട്. അതിലേതെങ്കിലും ഒന്നു ലംഘിച്ചാൽ കേസിൽ എന്തെങ്കിലും പ്രശ്നം വരുമ്പോൾ നമുക്ക് തിരിച്ചടിയുണ്ടാകും. അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആവശ്യത്തിന് സ്റ്റാഫിനെ നിയോഗിക്കാനുമുള്ള നടപടി ഗവൺമെന്റ് എടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്ന് ഇക്കാര്യത്തിൽ കാണിക്കുന്ന പ്രത്യേക താല്പര്യത്തെ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് അങ്ങും ഇവിടെ പറഞ്ഞു. ഈ സഭയിൽ പല അംഗങ്ങളും യോജിക്കുന്ന ഒരു പ്രശ്നവുമാണിത്. 23-2-2013-ലെ ഈ ഉത്തരവ് ഏറ്റവും വേഗത്തിൽ പ്രായോഗിക തലത്തിൽ വരുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഉറപ്പുതരുന്നു. ഇനി ബഹുമാനപ്പെട്ട അംഗത്തിന് ഇതുപോലൊരു സബ്മിഷൻ അവതരിപ്പിക്കാൻ അവസരമുണ്ടാകുകയില്ല.

## 3. സിവിൽ സർവ്വീസ് അക്കാഡമി സബ്സെന്റർ

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, സിവിൽ സർവ്വീസ് പരിശീലന രംഗത്ത് സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ പ്രവർത്തനം വളരെ ശ്ലാഘനീയമാണ്. ഇന്ന് ഉത്തരമലബാറിൽ കണ്ണൂർ, കാസർഗോഡ് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് അത്തരത്തിലുള്ള കോച്ചിംഗ് സെന്ററിന്റെ സേവനം ഇതുവരെ ലഭ്യമല്ല. കേരളത്തിൽ തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, കോഴിക്കോട്, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉപകേന്ദ്രങ്ങൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കല്ല്യാശ്ശേരിയിൽ പട്ടികജാതിക്കാർക്കുവേണ്ടി സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനമാരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനം പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് ഹ്രസ്വകാല തൊഴിൽ പരിശീലന കോഴ്സുകളും പി.എസ്.സി. കോച്ചിംഗും നടത്തുന്നതിനുവേണ്ടി ആരംഭിച്ചതാണ്. ഈ കെട്ടിടത്തിന്റെ ലഭ്യമായ സൗകര്യങ്ങൾ വച്ചുനോക്കിയാൽ അവരുടെ എണ്ണം വളരെ പരിമിതമാണ്. ഗ്രൗണ്ട് ഫ്ലോറിൽ 40 പേർക്ക് ഇരിക്കാവുന്ന 7 ക്ലാസ് റൂമുകളും 80 പേർക്ക് ഇരിക്കാവുന്ന അത്യാധുനികമായ ഒരു കോൺഫറൻസ് ഹാളും നല്ലൊരു കമ്പ്യൂട്ടർ ലാബും ക്യാന്റീനടക്കം താമസിച്ച് പഠിക്കാനാവശ്യമായ സൗകര്യവുമുണ്ട്. ഒരു കാലത്ത് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നാം ഏറ്റവും കൂടുതൽ പഴി കേൾക്കേണ്ടി വന്നിട്ടുള്ള ഒരു കാര്യം സിവിൽ സർവ്വീസ് പരീക്ഷയിൽ കേരളത്തിലെ ഉദ്യോഗാർത്ഥികൾ പിന്തള്ളപ്പെട്ടുപോകുന്നു എന്നുള്ളതാണ്. എന്നാൽ സിവിൽ സർവീസ് അക്കാഡമിയുടെ പ്രവർത്തനത്തിന്റെ

ഫലമായി അക്കാര്യത്തിൽ മാറ്റമുണ്ടായി എന്നുമാത്രമല്ല ഇന്ന് ദക്ഷിണേന്ത്യയിൽ ഏറ്റവും കൂടുതൽ സിവിൽ സർവ്വീസ് പരീക്ഷയിൽ യോഗ്യത നേടുന്നവരുടെ സംസ്ഥാനമായി ഈ അക്കാഡമിയുടെ പ്രവർത്തന ഫലമായി കേരളം മാറിയിട്ടുണ്ട്. 2010-ൽ 33 പേരാണ് സിവിൽ സർവ്വീസ് പരീക്ഷയിൽ യോഗ്യത നേടിയിരുന്നതെങ്കിൽ 2012-ൽ 41 പേർ യോഗ്യത നേടി. 2013-ൽ 43 പേർ യോഗ്യത നേടിയിട്ടുണ്ട്. മാത്രമല്ല ആദ്യത്തെ നൂറ് റാങ്കുകാരിൽ ടോപ്പ് ടെൻ റാങ്കുകൾ മലയാളികൾക്കാണ്. ഒന്നാം റാങ്ക്, രണ്ടാം റാങ്ക്, നാലാം റാങ്ക് ഉൾപ്പെടെയുള്ളവ മലയാളികളായ ഉദ്യോഗാർത്ഥികൾക്കായിരുന്നു. ഇവർ സിവിൽ സർവ്വീസ് അക്കാഡമിയിൽ പരിശീലനം നേടിയിട്ടുള്ളവരാണ്. അതുകൊണ്ട് കണ്ണൂർ ജില്ലയിലെ ജില്ലാ പഞ്ചായത്തിന്റെ സെന്റർ ഫോർ എക്സലൻസിന്റെ കെട്ടിടം ഉപയോഗപ്പെടുത്തി 60 ശതമാനം എസ്.സി. വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം ചെയ്തുകൊണ്ട്, 10 ശതമാനം എസ്ടി. വിഭാഗത്തിന് സംവരണം ചെയ്തുകൊണ്ട്, 30 ശതമാനം ജനറൽ കാറ്റഗറിക്ക് നൽകിക്കൊണ്ടുള്ള ഒരു പാറ്റേൺ ഉണ്ടാക്കിക്കഴിഞ്ഞാൽ തീർച്ചയായും അവിടെ ആ സൗകര്യമുപയോഗപ്പെടുത്താൻ കഴിയും. മാത്രമല്ല ഇവിടെ ഒരു ഉപകേന്ദ്രം ആരംഭിക്കാൻ ജില്ലാ പഞ്ചായത്ത് തയ്യാറാണ്. ഇതിനുവേണ്ടി വരുന്ന ചെലവുകൾ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വകയിരുത്താമെന്ന് അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു കത്തും നേരത്തെ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഉത്തരമലബാറിലെ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ എല്ലാവിധ സഹായമുണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, 2005-ലാണ് തിരുവനന്തപുരത്ത് സിവിൽ സർവ്വീസ് അക്കാഡമി തുടങ്ങിയത്. ഈ അക്കാഡമിയുടെ പത്തുവർഷക്കാലത്തെ പ്രവർത്തനം വളരെയധികം പ്രോത്സാഹജനകമാണ്. ഈ അക്കാദമിയുടെ സേവനം സമർത്ഥരായ ഉദ്യോഗാർത്ഥികൾ പ്രയോജനപ്പെടുത്തിയതിന്റെ ഫലമായി കേന്ദ്ര സർവ്വീസിലേക്കുള്ള സെലക്ഷനിൽ ഇന്ന് കേരളത്തിന് വളരെ അനുകൂലമായ മാറ്റം വന്നിട്ടുണ്ട്. തിരുവനന്തപുരം സെന്ററിന്റെ ശാഖകൾ ഇതിനോടകം തന്നെ കോഴിക്കോട്, പാലക്കാട് ജില്ലകളിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിൽ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശിപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ മൂന്നുസ്ഥലങ്ങളിലും ഈ വർഷം ആരംഭിക്കാൻ

സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ പരിഗണനയിലിരിക്കുന്ന ഈ മൂന്ന് കേന്ദ്രങ്ങളുടെയും പ്രവർത്തനം തുടങ്ങിയശേഷം പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കുന്നയവസരത്തിൽ കല്യാശ്ശേരിയിലെ സെന്റർ ഫോർ എക്സലൻസിന്റെ കാര്യം നിശ്ചയമായും പരിഗണിക്കും. ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ പ്രത്യേക താല്പര്യം കാണിച്ചിട്ടുണ്ട്. എം.എൽ.എ.-മാർ താല്പര്യം കാണിച്ച സ്ഥലങ്ങളിൽ മാത്രമാണ് ഈ കേന്ദ്രങ്ങൾ വന്നിട്ടുള്ളത്. കാരണം സിവിൽ സർവ്വീസ് അക്കാഡമിക്ക് സാമ്പത്തികമായി കുറേ പരിമിതികളുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നത് എം.എൽ.എ.-മാരാണ്. ശ്രീ. റ്റി. വി. രാജേഷ് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും അവിടെ നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് ഗവൺമെന്റിനുള്ള ഏക പരിമിതി, വിദഗ്ദ്ധരായ ലക്ചറർമാരെ ലഭിക്കുന്നില്ല എന്നതാണ്. ഇവർക്ക് പരിശീലനം കൊടുക്കാൻ സാധിക്കുന്ന സമർത്ഥരായ പരിശീലകരെ ലഭിക്കണം. സർവ്വീസിൽനിന്നും പെൻഷൻ പറ്റിയ പലരും സേവനമനസ്സോടുകൂടി സിവിൽ സർവ്വീസ് അക്കാഡമിയെ സഹായിക്കുന്നുവെന്നതാണ് നമുക്ക് ഏറ്റവും പ്രയോജന കരമായിട്ടുള്ളത്. പക്ഷേ പലപ്പോഴും തിരുവനന്തപുരത്തിന് പുറത്തുള്ള കേന്ദ്രങ്ങളിൽ അവരുടെ സേവനം എത്തിക്കുന്നതിന് ബുദ്ധിമുട്ട് വരുന്നുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ ആരംഭിക്കുന്ന കാര്യം പോസിറ്റീവായി തന്നെ ആലോചിക്കുന്നതാണ്.

## 4. സർക്കാർ ഭൂമി കിൻഫ്രയെ ഏൽപ്പിക്കൽ

ശ്രീ. പി. ടി. എ. റഹീം: സർ, മാവൂരിലെ ഗ്വാളിയോർ റയോൺസിന്റെ സ്ഥലം വളരെക്കാലമായി വെറുതെ കിടക്കുകയാണ്. ഇത് ഏറ്റെടുത്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി അത് സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് നിയമസഭയിൽ എനിക്ക് മറുപടി ലഭിച്ചിരുന്നു. ഈ സ്ഥലം രണ്ട് വിധത്തിലാണ്. ഒന്ന്, ഗ്വാളിയോർ റയോൺസ് സ്വന്തം പണം കൊടുത്ത് വാങ്ങിയ സ്ഥലമുണ്ട്. രണ്ട്, ഗവൺമെന്റ് അക്വയർ ചെയ്ത് അവർക്ക് നൽകിയ സ്ഥലവുമുണ്ട്. അക്വയർ ചെയ്ത് കൊടുത്ത സ്ഥലത്തിന്റെ വിലയും അതിന്റെ എൻഹാൻസ്മെന്റ് വിലയും കൊടുത്തിട്ടുള്ളത് ഗ്വാളിയോർ റയോൺസാണ്. ഇപ്പോഴുള്ള കേസിൽ ഗവൺമെന്റിന് ഫലപ്രദമായി ഇടപെടാൻ സാധിക്കുമെന്ന് കരുതുന്നില്ല. ഹൈക്കോടതി കഴിഞ്ഞാൽ സുപ്രീം കോടതിയൊക്കെയുള്ളതുകൊണ്ട് അത് നീണ്ടുപോകും. പലപ്പോഴും ബഹുജന സമരമൊക്കെ വരുമ്പോൾ ഗ്വാളിയോർ റയോൺസ് ഏതെങ്കിലും പ്രോജക്ടുമായി

ഗവൺമെന്റിനെ സമീപിക്കും. ആ സമരം തണുക്കുമ്പോൾ ഒരു കാര്യവും നടക്കാത്ത സാഹചര്യവുമുണ്ടാകും. ഈ സാഹചര്യത്തിൽ കോഴിക്കോട് കോമൺവെൽത്ത് ഭൂമി ഏറ്റെടുത്തതുപോലെ ഗ്വാളിയോർ റയോൺസിന് എന്തെങ്കിലും അവകാശമുണ്ടെങ്കിൽ അതുകൊടുക്കാൻ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്ന രീതിയിൽ ഒരു നിയമ നിർമ്മാണം നടത്തിയാൽ മാത്രമേ ഗവൺമെന്റിന്റെ കൈവശം ആ സ്ഥലം വരികയുള്ളൂ ; ഈ സ്ഥലം ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. കൈവശം സ്ഥലമില്ലാത്തതുകൊണ്ടാണ് കേന്ദ്രസർക്കാർ അനുവദിക്കാമെന്ന് പറഞ്ഞ എയിംസ് ആശുപത്രിയടക്കമുള്ള കാര്യങ്ങൾക്ക് സ്ഥലം കൊടുക്കാൻ സാധിക്കാതെ വന്നത്. ഈ സാഹചര്യത്തിൽ കോമൺവെൽത്ത് ഭൂമി ഏറ്റെടുത്ത മാതൃകയിൽ ഒരു നിയമനിർമ്മാണം നടത്തി ഗ്വാളിയോർ റയോൺസിന്റെ ഭൂമി സർക്കാർ ഏറ്റെടുക്കണമെന്നതാണ് ആവശ്യം. അതിന് സത്വരമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഇതിൽ രണ്ട് കാര്യങ്ങളുണ്ട്. സർക്കാർ സ്ഥലം ഏറ്റെടുത്തുവെങ്കിലും അതിനെതിരായി അവർ കോടതിയിൽ പോയിട്ടുണ്ട്. ആ കേസ് സീരിയസായി എടുത്ത് ഗവൺമെന്റിന് അനുകൂലമാക്കാൻ ശ്രമിക്കുന്നുണ്ട്. അതുകൂടാതെ ഇവർ നല്ല പ്രോജക്ട് തരുമോയെന്ന കാര്യം നോക്കിയെന്നുള്ളത് ശരിയാണ്. ഭൂമി ആരെടുത്താലും അവിടെ വ്യവസായം കൊണ്ടുവരുമോയെന്നുള്ള കാര്യമാണ് ഗവൺമെന്റ് നോക്കുന്നത്. ഗ്വാളിയോർ റയോൺസ് തന്നെ അവിടെ വ്യവസായം കൊണ്ടുവരികയാണെങ്കിൽ നല്ലതെന്നുള്ള നിലയിൽ കുറച്ചുനോക്കിയെന്നുള്ളത് ശരിയാണ്. പക്ഷേ, ഏറ്റവും അവസാനം രണ്ടാഴ്ച മുമ്പ് ബോംബെയിൽ നടന്ന ചർച്ചയിൽ ഉദ്യോഗസ്ഥർ അവർക്ക് ലാസ്റ്റ് വാണിംഗ് കൊടുത്തിട്ടുണ്ട്. ഇനി സമയം തരുന്ന പ്രശ്നമില്ല. അതിന് കോടതിയിൽ പറയാൻ ന്യായമായ കാര്യങ്ങളുണ്ട്. കോടതിയിൽ കേസ് ജയിക്കാൻ സാധിക്കും. അവരുടെ വാദമൊന്നും നിൽക്കില്ല. അവർ അവിടെ വ്യവസായം തുടങ്ങിയില്ലെങ്കിൽ ഇൻഡസ്ട്രിയൽ പാർക്കായി ഉടൻതന്നെ രൂപാന്തരപ്പെടും. ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി തന്നെ മുന്നോട്ടുപോകും.

## 5. നഴ്സിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യ

ശ്രീ. എം. എ. ബേബി : സർ, തിരുവനന്തപുരത്തെ ഒരു സ്വകാര്യ നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥിനിയായിരുന്ന കുണ്ടറ നെടുമ്പന സ്വദേശിനിയായ റോജി ജോയി നവംബർ ആറിന് ഉച്ചയ്ക്ക് നഴ്സിംഗ് കോളേജിനും അതിനോടനുബന്ധിച്ച

ആശുപത്രിയിലുംവച്ച് കെട്ടിടത്തിന്റെ മുകളിൽനിന്നും വീണ് മരണമടഞ്ഞ വിഷയമാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നത്. അന്നേദിവസം രാവിലെ 10.00 മണിയ്ക്ക് ശേഷം ഈ കുട്ടിയുടെ വീട്ടിലേക്ക് വിളിച്ചിട്ട് റാഗിംഗുമായി ബന്ധപ്പെട്ട പരാതിയുണ്ടെന്നും അതുസംബന്ധിച്ച് അന്വേഷിക്കാൻ രക്ഷിതാക്കൾ വരണമെന്നും നഴ്സിംഗ് കോളേജ് അധികാരികൾ അറിയിച്ചിരുന്നു. ഈ കുട്ടിയും ആശുപത്രിയിൽനിന്നും നഴ്സിംഗ് കോളേജിൽനിന്നും ആരെങ്കിലും വിളിച്ചിരുന്നോവെന്ന് അന്വേഷിക്കുമ്പോഴും കുട്ടിയുടെ പെരുമാറ്റത്തിൽ അസ്വാഭാവികമായി യാതൊന്നും ഉണ്ടായിരുന്നില്ലെന്നാണ് കുടുംബാംഗങ്ങൾ പറഞ്ഞത്. റാഗിംഗ് സമൂഹത്തിൽ വളരെയധികം വിമർശിക്കപ്പെടുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനഭിലഷണീയ പ്രവണതയുമാണ്. റാഗിംഗ് തടയുന്നതിനുവേണ്ടി നിയമം നിലവിലുണ്ട്. അത് ശക്തമായി നടപ്പിലാക്കാൻ അധികൃതർ ബാധ്യസ്ഥരുമാണ്. കുട്ടികൾക്കിടയിലെ ബോധവത്ക്കരണത്തിലൂടെ മാത്രമേ ഇത്തരം വൈകല്യങ്ങൾ ദൂരീകരിക്കാൻ സാധിക്കൂ. റാഗിംഗുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഒരു ഘട്ടത്തിലാണ് ഈ കുട്ടി ദാരുണമായി മരണമടയുന്ന സംഭവമുണ്ടായത്. ആത്മഹത്യ ചെയ്തതാണെന്ന തരത്തിൽ ചിത്രീകരിക്കപ്പെടുന്നുണ്ട്. എന്നാൽ ഈ കുട്ടി ആത്മഹത്യ ചെയ്യാൻ യാതൊരു സാധ്യതയുമില്ലെന്നും നല്ല മനോധൈര്യമുള്ള കുട്ടിയാണെന്നും അതിനാൽ മറ്റെന്തോ ദുരൂഹമായ സാഹചര്യങ്ങളിൽ അപകടം സംഭവിച്ചതാകാമെന്നുള്ള ആശങ്കയാണ് കുട്ടിയുടെ ബന്ധുക്കൾക്കും പരിസരവാസികൾക്കുമുള്ളത്. ഈ കുട്ടിയുടെ വീട്ടിൽ ഞാൻ പോയിരുന്നു. കുട്ടിയുടെ മാതാപിതാക്കൾ ബധിരരും മൂകരുമാണെന്നുള്ളതാണ് ഇതിനകത്തെ ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്ന കാര്യം. അവർക്ക് ഇളയ ഒരു മകൻ കൂടിയുണ്ട്. ആ കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന ഈ പെൺകുട്ടി നഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കി ഈ കുടുംബത്തെ സംരക്ഷിക്കുമെന്നാണ് കരുതിയത്. സമയബന്ധിതമായി സത്യസന്ധമായി ഇതുസംബന്ധിച്ച വസ്തുതകൾ പുറത്തുകൊണ്ടുവരാൻ കഴിയുന്ന തരത്തിൽ ഒരന്വേഷണം നടത്തണമെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, 6-11-2014 ഉച്ചയ്ക്ക് 12.15 മണിയോടുകൂടിയാണ് തിരുവനന്തപുരം കിംസ് ആശുപത്രിയിലെ നഴ്സിംഗ് സ്കൂളിലെ രണ്ടാം വർഷ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനിയും കൊല്ലം കുണ്ടറ സ്വദേശിനിയുമായ 19 വയസ്സുള്ള റോജി ജോയി ആശുപത്രിയിലെ പത്താം നിലയിൽ നിന്ന് താഴേക്ക് ചാടിയതിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ അന്നേ ദിവസം ആറ് മണിയോടെ മരണപ്പെട്ടത്. മരണപ്പെട്ട

റോജി ജോയിയുടെ പിതാവിന്റെ അനുജൻ ഫിലിപ്പിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ Cr.PC 174-ാം വകുപ്പ് പ്രകാരം Cr:1785/14 നമ്പരായി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ്സിന്റെ പ്രാഥമിക അന്വേഷണം മെഡിക്കൽ കോളേജ് പോലീസ് സബ് ഇൻസ്പെക്ടർ നടത്തിവരവേ,, തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം മെഡിക്കൽ കോളേജ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം ഏറ്റെടുക്കുകയും 7-11-2014-ന് രാവിലെ 7 മണിയോടെ കിംസ് ആശുപത്രിയിൽ വച്ച് ഇൻക്വസ്റ്റ് നടത്തി മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിന് വിധേയമാക്കി. പോസ്റ്റുമോർട്ടം കഴിഞ്ഞ് മൃതദേഹം പുറത്തിറക്കിയ സമയം റോജി ജോയിയുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപണമുന്നയിച്ച് നാട്ടുകാർ സംഘടിച്ചതിനാൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ശ്രീ. പി. ടി. ശിവദാസനെ കൊണ്ട് അന്നേ ദിവസം തന്നെ വീണ്ടും ഇൻക്വസ്റ്റ് നടത്തി. മരണത്തിന് പിന്നിൽ ദുരൂഹതകളുണ്ടെന്ന ബന്ധുക്കളുടെയും നാട്ടുകാരുടെയും ആരോപണത്തെത്തുടർന്ന് 10-11-2014-മുതൽ കേസ്സിന്റെ അന്വേഷണത്തിന് തിരുവനന്തപുരം സിറ്റി ക്രൈംബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഈ ആശുപത്രിയുടെ വനിതാ ഹോസ്റ്റലിൽ വച്ച് 5-11-2014-ന് 7.40 മണിയോടുകൂടി റോജി ജോയി, ജൂനിയർ വിദ്യാർത്ഥിനികളായ അഞ്ജു, ബോസ്കോ, അച്ചു എബ്രഹാം, അഞ്ചു ജയൻ എന്നിവരുടെ പേര് ചോദിക്കുകയും സീനിയർ വിദ്യാർത്ഥിയായ തന്നെ വണങ്ങാത്തത് സംബന്ധിച്ച് നോക്കിപേടിപ്പിച്ചുവെന്നും കളിയാക്കിയെന്നും പറഞ്ഞുകൊണ്ട് അഞ്ജു ബോസ്കോ 6-11-2014-ന് നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന് പരാതി നൽകിയിരുന്നു. ഈ പരാതിക്കാരെയും റോജി ജോയിയെയും 6-11-2014-ന് ഉച്ചയ്ക്ക് 12 മണിയോടെ അക്കാദമിക് അഫയേഴ്സ് ഡയറക്ടറുടെ ഓഫീസിന് തൊട്ടടുത്തുള്ള 1119 K എന്ന നമ്പർ മുറിയിലേക്ക് വിളിപ്പിച്ചു. അവിടെ പരാതിക്കാരുടെയും അദ്ധ്യാപകരുടെയും മുന്നിൽവച്ച് പരാതിയെക്കുറിച്ച് ചോദിച്ചതിനുശേഷം റോജി ജോയിയോട് വിശദീകരണം എഴുതി കൊടുക്കാൻ നിർദ്ദേശിക്കുകയും കൂടാതെ അഞ്ജു ബോസ്കോയുടെയും റോജി ജോയിയുടെയും രക്ഷാകർത്താക്കളെ ഹോസ്പിറ്റലിൽ കൂട്ടി കൊണ്ടുവരുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. അവർ എത്തിയതിന് ശേഷം പരാതിയിന്മേൽ നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പാൾ നിർദ്ദേശിച്ചത് പ്രകാരം വിശദീകരണം എഴുതുന്നതിന് മുറിയിൽനിന്ന് പുറത്തേക്കിറങ്ങി ആശുപത്രിയുടെ സൗത്ത് ബ്ലോക്കിൽനിന്നും നോർത്ത് ബ്ലോക്കിലേക്ക് പോയ റോജി ജോയി

പത്താം നിലയിൽനിന്നും തുറന്നിട്ട ജനാലയിലൂടെ പുറത്തേക്ക് ചാടുകയായിരുന്നുവെന്ന് അന്വേഷണത്തിലൂടെ വ്യക്തമായിട്ടുണ്ട്. ഇക്കാര്യങ്ങളാണ് അന്വേഷണ വേളയിൽ വെളിവായിട്ടുള്ളത്. എന്നിരുന്നാലും റോജി ജോയിയുടെ പിതാവ് മകളുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് കാണിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും ആഭ്യന്തര വകുപ്പുമന്ത്രിക്കും സംസ്ഥാന വികലാംഗ കമ്മീഷനും നൽകിയ പരാതികൾ സിറ്റി ക്രൈംബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ വിശദമായി അന്വേഷിച്ചു വരികയാണ്. ശ്രീ. എം. എ. ബേബി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മാതാപിതാക്കൾ അന്ധരും ബധിരരുമാണ്. വളരെ ദയനീയമായ അവസ്ഥയാണ് ആ കുടുംബത്തിനുള്ളത്. ആ കുടുംബത്തെ എങ്ങനെ സഹായിക്കാമെന്നുള്ളത് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ഏതായാലും ഇക്കാര്യത്തിൽ അന്വേഷണം സമയബന്ധിതമായി തന്നെ പൂർത്തിയാക്കുമെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എ. ബേബിയെ ഞാൻ അറിയിക്കുകയാണ്.

## 6. കലാ-സാഹിത്യ-സാമൂഹ്യ പ്രവർത്തന മേഖലയിലെ ബുദ്ധിമുട്ടുകൾ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, രാത്രി 10 മണിക്ക് ശേഷം മൈക്ക് ഉപയോഗിക്കാനുള്ള നിയന്ത്രണമേർപ്പെടുത്തിയതുമൂലം കലാ-സാഹിത്യ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തന മേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഈ നിയമം കർക്കശമായി നടപ്പിലാക്കുന്നതിന്റെ ഫലമായി സ്കൂൾ വിദ്യാർത്ഥികളുടെ യുവജനോത്സവം നടക്കുന്ന സ്ഥലത്തുപോലും പത്ത് മണിക്ക് പോലീസ് വന്ന് മൈക്ക് ഓഫാക്കുന്ന സംഭവങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആ രംഗത്ത് ജോലി ചെയ്യുന്ന കലാകാരന്മാരുടെയും സംഗീതോപകരണ തൊഴിൽ ഉപജീവനമായി കഴിയുന്നവരുടെയും ജീവിതത്തെ തന്നെ ഇത് ബാധിച്ചിട്ടുണ്ട്. ഈയിടെ കണ്ണൂരിൽ ചേർന്ന ഉത്തര കേരള മ്യൂസിക് വർക്കേഴ്സ് അസോസിയേഷൻ പ്രമേയവും അവതരിപ്പിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ ക്ലബ്ബുകളുടെയും സാംസ്കാരിക സംഘടനകളുടെയും പ്രവർത്തനങ്ങൾ മുരടിപ്പിക്കുന്നതിനും ഈ കർശന നിയമം കാരണമായിട്ടുണ്ട്. നമ്മുടെ ഗ്രാമങ്ങളിലുള്ള പല കൂട്ടായ്മകളും കുറഞ്ഞുവരികയാണ്. പ്രത്യേകിച്ച് കാവുകളിലെയും പള്ളികളിലെയും പല പരിപാടികളെയും ബാധിക്കുന്നുണ്ട്. അതുകൊണ്ട് ഈ നിയന്ത്രണം കാലോചിതമായ പശ്ചാത്തലത്തിൽ പരിഷ്കരിച്ച് 12 മണി വരെ നീട്ടുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയുടെ ആവശ്യം ഒട്ടും ന്യായമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് രാത്രികാലം മുഴുവൻ മൈക്ക് വച്ച് പ്രവർത്തിപ്പിച്ച് കുട്ടികൾക്ക് പഠിക്കാൻ നിവൃത്തിയില്ലാതെ ആളുകൾ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതുകൊണ്ടാണ് യാതൊരുവിധത്തിലും അംഗീകരിക്കാൻ കഴിയുന്ന ആവശ്യമല്ലെന്ന് പറഞ്ഞത്. കേന്ദ്ര സർക്കാരിന്റെ നോയിസ് പൊല്യൂഷൻ (റെഗുലേഷൻ ആന്റ് കൺട്രോൾ) റൂൾസ് 2000 പ്രകാരം രാത്രി 10 മണി മുതൽ 6 മണി വരെ അടച്ചുകെട്ടിയിട്ടുള്ള ഓഡിറ്റോറിയം, കോൺഫറൻസ് മുറികൾ, കമ്മ്യൂണിറ്റി ഹാൾ, സദ്യാലയങ്ങൾ എന്നിവയൊഴികെ മറ്റൊരിടത്തും ഉച്ചഭാഷിണികൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) 2011-12-ലെ വിധി ന്യായത്തിൽ നോയിസ് പൊല്യൂഷൻ (റെഗുലേഷൻസ് ആന്റ് കൺട്രോൾ) റൂൾസ് 2000-ലെ വ്യവസ്ഥയനുസരിച്ച് നടപടി സ്വീകരിക്കാൻ സർക്കാരിന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. രാത്രികാലങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനെതിരെ പൊതുജനങ്ങളിൽനിന്ന് പ്രത്യേകിച്ച് വിദ്യാർത്ഥികളിൽനിന്ന് ധാരാളം പരാതികൾ പോലീസിന് ലഭിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ മാത്രമേ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കാൻ അനുവദിക്കാവൂവെന്ന കേന്ദ്ര നിയമവും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും കൃത്യമായി നടപ്പിലാക്കിയാണ് പോലീസ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും വിഭാഗത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന വിധത്തിൽ പക്ഷപാതപരമായി പോലീസ് തീരുമാനങ്ങൾ കൈക്കൊള്ളുന്നില്ല. പക്ഷേ, രാത്രി കാലങ്ങളിൽ അനിയന്ത്രിതമായി മൈക്കുകൾ വച്ച് പ്രവർത്തിപ്പിക്കുന്നതിനോട് സർക്കാരിന് യോജിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കേന്ദ്ര നിയമത്തിന്റെയും ഹൈക്കോടതി നിയമത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമെ മൈക്കുകൾക്ക് അനുവാദം കൊടുക്കുകയുള്ളുവെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഇക്കാര്യത്തിൽ യാതൊരു മാറ്റവും വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

## 7. അദ്ധ്യാപക നിയമനം

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, 2013-2014-ൽ ആർ.എം.എസ്.എ. (Rashtriya Madhyamik Shiksha Abhiyan) പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപക നിയമനവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2013-14-ലെ ആർ.എം.എസ്.എ.

പദ്ധതിയിൽ കേരളത്തിലനുവദിച്ച നിരവധി സ്കൂളുകൾക്ക് സ്വന്തമായി അദ്ധ്യാപകരോ ഹെഡ്മാസ്റ്ററോ ക്ലാസ് മുറികളോ ഓഫീസ് മുറികളോ ഇല്ലാത്ത അവസ്ഥയാണിന്നുള്ളത്. ചില സ്ഥലങ്ങളിൽ താൽക്കാലിക അദ്ധ്യാപകരെപ്പോലും നിയമിക്കാതെ തൊട്ടടുത്ത ഗവൺമെന്റ് സ്കൂളുകളിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ അദ്ധ്യാപകരെ നിയമിച്ചത് ആ ഗവൺമെന്റ് സ്കൂളുകളുടെയും പ്രവർത്തനത്തെ ഏതാണ്ട് സാരമായി ബാധിച്ചിരിക്കുകയാണ്. പി.റ്റി.എ. നിയോഗിച്ച അദ്ധ്യാപകർ വേതനമൊന്നും വാങ്ങാതെ ക്ലാസ് എടുക്കുന്നതുകൊണ്ടാണ് ഇന്ന് പല സ്കൂളുകളും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. 2010-ൽ ആർ.എം.എസ്.എ.-യിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾക്ക് കെട്ടിടമോ ലാബുകളോ ലൈബ്രറികളോ ടോയ്ലറ്റ് സൗകര്യങ്ങളോ ഇല്ലാതെ വിഷമിക്കുകയാണ്. ആർ.എം.എസ്.എ. വിഹിതമായി കേന്ദ്രത്തിൽനിന്നും പര്യാപ്തമായ ധനസഹായം ലഭിക്കുന്നില്ല. ആകെ നാലോ അഞ്ചോ അദ്ധ്യാപകരെ മാത്രമാണ് നിയമിക്കാൻ കഴിയുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഏതായാലും ഈ സ്കൂളുകൾ ആരംഭിച്ചുകഴിഞ്ഞു ; അവിടെ കുട്ടികളുമുണ്ട്. ആ സ്കൂളുകൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനാവശ്യമായ ഇൻഫ്രാസ്ട്രക്ചറും അദ്ധ്യാപകരുമുൾപ്പെടെ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്താൻ ഗവൺമെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ബഹുമാനപ്പെട്ട അംഗം ഇടുക്കി ജില്ലയിലെ കാര്യങ്ങൾമാത്രം ഉന്നയിച്ചുകൊണ്ടാണ് സബ്മിഷൻ തന്നതെങ്കിലും പൊതുവായ കാര്യമായതുകൊണ്ട് ഞാൻ പറയുകയാണ്. നമ്മുടെ സംസ്ഥാനത്ത് അറുപത് സ്കൂൾ, മുപ്പത്തിയാറ് സ്കൂൾ, പതിനാറ് സ്കൂൾ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായി നൂറ്റി പന്ത്രണ്ട് സ്കൂളുകളാണ് നേരത്തെ ആർ.എം.എസ്.എ. പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്തിരുന്നത്. 8, 9, 10 ക്ലാസ്സുകൾക്കായി ബിൽഡിംഗ് കൺസ്ട്രക്ഷനുവേണ്ടി മാത്രമുള്ള പണവും അതോടൊപ്പം അഞ്ച് അദ്ധ്യാപകരുടെ ശമ്പളവുമാണ് ആർ.എം.എസ്.എ. പദ്ധതിപ്രകാരം ലഭിക്കുന്നത്. ഇവിടത്തെ റേറ്റ് അനുസരിച്ച് ബിൽഡിംഗ് കൺസ്ട്രക്ഷനുള്ള പണം (പത്ത് ക്ലാസ്സ്റൂമുകളുണ്ടാക്കാൻ) തികയാത്തതുകൊണ്ട് പല സമയത്തും ജില്ലാ പഞ്ചായത്തിനാണ് ആ പണം കൊടുത്തിരുന്നത്. അവർക്ക് കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞില്ല. അതിനുശേഷം കേന്ദ്രഗവൺമെന്റുതന്നെ അതിൽ മാറ്റം വരുത്തി ഏഴ് ക്ലാസ് റൂം ആക്കി. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ അവകാശ നിയമം വന്നപ്പോൾ എട്ടാം ക്ലാസ് യു.പി. സ്കൂളിന്റെ ഭാഗമായി. ഹൈസ്കൂൾ എന്നുപറയുന്നത് ഒമ്പതും പത്തും ക്ലാസുകൾ മാത്രമായി. അപ്പോൾ ആർ.എം.എസ്.എ.-യിൽ ഒമ്പതും

പത്തും ക്ലാസുകൾക്കുവേണ്ടിയുള്ള പണവും അതിനുള്ള അദ്ധ്യാപകരേയും മാത്രമേ കേന്ദ്രഗവൺമെന്റ് അനുവദിക്കുകയുള്ളൂ. കേരളത്തിലെ യു. പി. സ്കൂളുകളെല്ലാം ഏഴാം ക്ലാസുവരെ മാത്രമേയുള്ളൂ. അതുകൊണ്ട് എട്ടാം ക്ലാസ് തുടങ്ങാതെ നമുക്ക് ഒമ്പതാം ക്ലാസിലേക്ക് പോകാൻ കഴിയില്ല. അതുകൊണ്ട് കേരള ഗവൺമെന്റിന്റെ ചെലവിൽത്തന്നെ എട്ടാം ക്ലാസ് ആരംഭിച്ചു. അതിനുശേഷം ഒമ്പതും പത്തും ക്ലാസുകൾ അവിടെ നടത്തുകയാണ്. അവിടെയും എല്ലാ അദ്ധ്യാപകരെയും നിയമിക്കാൻ കഴിഞ്ഞിട്ടില്ല. അഞ്ച് അദ്ധ്യാപകരെ മാത്രമാണ് ആർ.എം.എസ്.എ. അനുവദിക്കുന്നത്. ബാക്കിയുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റുതന്നെ അതിന്റെ ചെലവ് വഹിക്കണം. അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റുണ്ടാക്കിയിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്റ്റാഫ് ഫിക്സേഷന്റെ കാര്യങ്ങൾ അന്തിമഘട്ടത്തിലാണ്. ഒന്നുരണ്ട് ആഴ്ചകൾക്കകം അത് പരിപൂർണ്ണമായി നടപ്പിലാക്കാൻ കഴിയും. അതുമായി ബന്ധപ്പെട്ട് ടീച്ചേഴ്സ് ബാങ്കിലുള്ള അദ്ധ്യാപകരേയും അധിക അദ്ധ്യാപകരേയും ഇത്തരം സ്കൂളുകളിലേക്ക് പുനർവിന്യസിക്കുന്നതോടുകൂടി ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. സ്കൂളുകളിൽ മറ്റ് ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ തന്നെ അതിന്റെ ചെലവും വഹിക്കേണ്ടതായും വരും. അതാത് സമയങ്ങളിൽ വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, തമിഴ് അദ്ധ്യാപകരുടെ കാര്യം എങ്ങനെയാണ് ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, സ്റ്റാഫ് ഫിക്സേഷന്റെ കാര്യം വന്നുകഴിയുമ്പോൾ അതും ശരിയാകും.

## 8. മികച്ച നടിക്കുള്ള അവാർഡ് പുനർനാമകരണം ചെയ്യൽ

ശ്രീമതി ജമീലാ പ്രകാശം : സർ, മലയാളത്തിലെ ആദ്യത്തെ സിനിമ ജെ. സി. ഡാനിയേൽ സംവിധാനം ചെയ്ത വിഗതകുമാരനാണ്. ആ സിനിമയിൽ നായികയുടെ റോളിൽ അഭിനയിച്ചത് പി. കെ. റോസി ആയിരുന്നു. പട്ടികജാതിക്കാരിയായ ഈ നടി മലയാളത്തിലെ ആദ്യ സിനിമയിൽ സവർണ്ണ സമുദായക്കാരിയായ ഒരു നായികാ കഥാപാത്രത്തെ അവതരിപ്പിച്ചു എന്നുള്ള ഒറ്റക്കാരണത്താൽ അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ ഇപ്പോൾ സിനിമാചരിത്രത്തിന്റെ ഭാഗമായി തീർന്നിരിക്കുകയാണ്. വിനു എബ്രഹാമിന്റെ നഷ്ടനായിക എന്ന നോവലും അതേത്തുടർന്ന് കമലിന്റെ സെല്ലുലോയ്ഡ് എന്ന സിനിമയും ആദ്യ സിനിമയിലെ നായികയുടെ റോളിൽ അഭിനയിച്ചുവെന്ന ഒറ്റക്കാരണത്താൽ റോസിക്ക് നേരിടേണ്ടിവന്ന പീഡനങ്ങൾ

വ്യക്തമായി അനാവരണം ചെയ്തിട്ടുണ്ട്. തന്റെ വീട് ആക്രമിക്കുന്നതിനും തീ വയ്ക്കുന്നതിനും തന്നെ കൊലപ്പെടുത്തുന്നതിനും സംഘടിതമായി വന്ന ജാതി വെറിയന്മാരിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി പലായനം ചെയ്ത റോസിക്ക്, തന്നെ രക്ഷപ്പെടുത്തിയ ലോറി ഡ്രൈവറുടെ ഭാര്യയായി പിന്നീടുള്ള ജീവിതം ചെലവഴിക്കേണ്ടിവന്നു. റോസിയോട് നമ്മുടെ സമൂഹത്തിലെ ജാതിവെറിയന്മാർ പ്രകടിപ്പിച്ച ആ പ്രായശ്ചിത്തമില്ലാത്ത അനീതി നമ്മുടെ സാംസ്കാരിക പ്രബുദ്ധതയ്ക്കു തന്നെ മായ്ച്ചുകളയാനാകാത്ത കളങ്കം ഏൽപ്പിച്ചിരിക്കുകയാണ്. വർഷംതോറും സംസ്ഥാന സർക്കാർ ഏറ്റവും നല്ല നടിക്ക് നൽകിവരുന്ന അവാർഡ് ഇനിമുതൽ പി. കെ. റോസിയുടെ പേരിൽ നൽകുവാൻ ഒട്ടും വൈകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചലച്ചിത്ര അക്കാഡമിയുടെ തലപ്പത്തുള്ളവർ ഈ നിർദ്ദേശത്തോട് നിഷേധാത്മകമായ സമീപനം സ്വീകരിച്ചിരിക്കുന്നുവെന്നാണ് ഇതിനുമുമ്പുള്ള എന്റെ ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. ഒരു ജനകീയ സർക്കാർ അത്തരത്തിലുള്ള സമീപനം സ്വീകരിച്ച് മൗനം പാലിച്ച് കൊണ്ടിരിക്കുന്നത് വൈകുണ്ഠ സ്വാമികളെയും ശ്രീനാരായണ ഗുരുദേവനെയും മഹാത്മാ അയ്യൻകാളിയേയും പൊയ്കയിൽ കുമാര ഗുരുദേവനെയും പോലെയുള്ള സാമൂഹിക സാംസ്കാരിക വിപ്ലവകാരികൾക്ക് ജന്മം നൽകിയ കേരളത്തിന്റെ സാംസ്കാരിക പ്രബുദ്ധതയ്ക്ക് തീരെ യോജിക്കുന്നതല്ലെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ആയതിനാൽ ഏറ്റവും നല്ല മലയാള സിനിമയ്ക്ക് നൽകിവരുന്ന അവാർഡ് ജെ. സി. ഡാനിയേൽ അവാർഡ് എന്ന് വൈകിയാണെങ്കിലും അറിയപ്പെടുവാൻ നടപടി എടുത്തതുപോലെ മലയാള സിനിമയിലെ ഏറ്റവും നല്ല നടിക്ക് വർഷംതോറും നൽകിവരുന്ന അവാർഡ് 'പി. കെ. റോസി അവാർഡ് ' എന്ന് പുനർനാമകരണം ചെയ്യുന്നതിന് ഒട്ടും വൈകാതെതന്നെ തീരുമാനമെടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് പറഞ്ഞ കാര്യത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. സിനിമയുടെ അവാർഡ് കൊടുക്കുന്നതിന് പണ്ടുമുതൽ എടുത്തുവരുന്ന ചില കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളുമുണ്ട്. അതുകൊണ്ട് ജെ. സി. ഡാനിയേൽ അവാർഡും ഇതുമായി കൂട്ടിക്കുഴയ്ക്കാൻ കഴിയില്ല. മലയാള സിനിമയുടെ പിതാവെന്ന് അറിയപ്പെടുന്ന ജെ. സി. ഡാനിയേലിന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് സമഗ്ര സംഭാവനയ്ക്കുള്ള അവാർഡായാണ് കൊടുക്കുന്നത്. ശ്രീ. എം. ടി. വാസുദേവൻ നായർക്കാണ് ഇപ്രാവശ്യത്തെ ജെ. സി.

ഡാനിയേൽ അവാർഡ് കൊടുത്തത്. എല്ലാവർഷവും സമഗ്ര സംഭാവന നടത്തിയിട്ടുള്ള ഒരു വ്യക്തിക്ക് മാത്രമായി കൊടുക്കുകയാണ്. അതേസമയം ഇതിന്റെ സോഷ്യൽ ആസ്പെക്ടിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. ഞാൻ അതിനെ അപ്രീഷിയേറ്റ് ചെയ്യുന്ന ആളാണ്. അതുകൊണ്ട് പി. കെ. റോസിയുടെ പേരിൽ ഒരു അവാർഡ് ഏത് രൂപത്തിൽ നൽകാൻ കഴിയുമെന്നുള്ളത് ചലച്ചിത്ര അക്കാഡമിയുടെ ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ചതിനുശേഷം എങ്ങനെ പ്രാവർത്തികമാക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## 9. സർക്കാർ സേവന ബോർഡുകൾ സ്ഥാപിക്കൽ

ശ്രീ. ലൂഡി ലൂയിസ് : സർ, സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന വില്ലേജ്/താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും പൗരൻമാർക്ക് സമയബന്ധിതമായി ലഭിക്കേണ്ട വിവിധ സർക്കാർ സേവനങ്ങളെ സംബന്ധിച്ചുള്ള വിവരം നൽകുന്ന അറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പൗരന്റെ അവകാശങ്ങൾക്ക് നിയമസാദ്ധ്യത നൽകുന്ന സേവനാവകാശ നിയമം-2012, സർക്കാർ സേവനം സമയബന്ധിതമായും അഴിമതിരഹിതമായും പൗരന്മാരിലെത്തിക്കുവാൻ ഏറെ സഹായകരമാണ്. എന്നാൽ സർക്കാർ സേവനം സമയബന്ധിതമായി ലഭിക്കേണ്ട അവകാശമാണെന്ന അറിവ് ജനങ്ങളിൽ, പ്രത്യേകിച്ച് സാധാരണക്കാരിൽ, ഇനിയും പൂർണ്ണമായി എത്തിയിട്ടില്ല. വിവിധ സർക്കാർ ആനുകൂല്യങ്ങളെ സംബന്ധിച്ച് നിരവധി ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകളിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ ലളിതമാക്കിയതും പുതുക്കിയതുമായ മാനദണ്ഡങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയുടെ അടിസ്ഥാനത്തിൽ ഒട്ടനവധി മാറ്റങ്ങൾ ഇതിൽ വരുത്തിയിട്ടുണ്ട്. രോഗികൾക്ക് സമാശ്വാസം നൽകുന്ന ദുരിതാശ്വാസ നിധിയിൽനിന്നുള്ള തുകയുടെ വാർഷിക വരുമാനം നേരത്തെ 20,000 രൂപയായിരുന്നത് ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതൊന്നും സാധാരണ ജനങ്ങൾക്ക് അറിയാൻ കഴിയാത്ത സാഹചര്യമാണ് ഇന്നിവിടെയുള്ളത്. ഇതുമൂലം അർഹമായ ആനുകൂല്യങ്ങളും സേവനവും നേടിയെടുക്കാൻ പലർക്കും കഴിയാതെപോകുന്നു. ഈ സാഹചര്യത്തിൽ സർക്കാർ സേവനങ്ങൾ പൗരന്റെ അവകാശമാണെന്ന് ബോദ്ധ്യം വരുംവിധം സമയാസമയങ്ങളിൽ ലഭിക്കേണ്ട സർക്കാർ സേവനങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും പുതുക്കിയ

മാനദണ്ഡങ്ങളെക്കുറിച്ചും വിശദമാക്കുന്ന ബോർഡുകൾ റവന്യൂ ഓഫീസുകളിൽ സത്വരമായി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, റവന്യൂ, സർവ്വേ, ഭൂരേഖ തുടങ്ങിയ വകുപ്പുകളിൽ സേവനാവകാശ നിയമം സംബന്ധിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിനു കീഴിലെ 24 സേവനങ്ങളും സർവ്വേ വകുപ്പിന് കീഴിലെ 12 സേവനങ്ങളും സേവനാവകാശത്തിന്റെ പരിധിയിൽ വരുന്നവയാണ്. 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം മൂന്നാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് റവന്യൂ വകുപ്പിൽനിന്ന് ലഭിക്കുന്ന സേവനങ്ങൾ എന്താണെന്നും അത്തരം സേവനങ്ങൾ സംബന്ധിച്ച് നിയുക്ത ഉദ്യോഗസ്ഥർ നിശ്ചിത സമയപരിധി, അപ്പീൽ അധികാരികൾ എന്നിവയും വ്യക്തമാക്കിക്കൊണ്ടാണ് മേൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടതുപോലെ സേവനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ, അപ്പീൽ അധികാരികൾ എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള നോട്ടീസ് ബോർഡുകൾ പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന വിധത്തിൽ പ്രദർശിപ്പിക്കുന്നതിന് എല്ലാ ഓഫീസുകൾക്കും പ്രത്യേകം നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. സേവനങ്ങൾ നൽകേണ്ട അപേക്ഷയോടൊപ്പം ചേർക്കേണ്ട അനുബന്ധ രേഖകളും മേൽ ചട്ടപ്രകാരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. സേവനാവകാശ നിയമം സംബന്ധിച്ച് പുരോഗതി റിപ്പോർട്ട് എല്ലാ മാസവും സർക്കാരിലേക്ക് നൽകുന്നതിനും സേവനാവകാശ നിയമം കർശനമായി പാലിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പിനു കീഴിലെ എല്ലാ സബ് ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തെക്കുറിച്ചും പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി നൽകേണ്ട ആവശ്യകതയെ സംബന്ധിച്ചും ജീവനക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തരം ഇപ്പോൾ പരിശീലനം നൽകിവരുന്നുണ്ട്.

## 10. ഷാപ്പുകൾ അടപ്പിക്കുന്ന നടപടി

ശ്രീ. കെ. കെ. നാരായണൻ : സർ, കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകളിൽ എക്സൈസുകാർ വ്യാപകമായി പരിശോധന നടത്തുകയും കള്ളിൽ സ്റ്റാർച്ചുണ്ടെന്ന് കണ്ടെത്തിയ കള്ളുഷാപ്പുകൾ ഉടനെ അടച്ചുപൂട്ടുകയുമാണ്. ഇതിന്റെ ഫലമായി നൂറുകണക്കിന് തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്.

ചിലയിനം തെങ്ങുകളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന കള്ളിന് സ്വാഭാവികമായി സ്റ്റാർച്ചുണ്ടാകുമെന്നും അത് മായം ചേർത്തതിന്റെ ഭാഗമായിട്ടല്ലെന്നുമാണ് തൊഴിലാളികളും ഷാപ്പുടമകളും അവകാശപ്പെടുന്നത്. അതുകൊണ്ട് തൊഴിലാളികളെ പട്ടിണിക്കിടുന്ന ഈ പരിപാടി അനുവദിക്കാൻ പാടില്ല. ഷാപ്പ് പരിശോധിക്കേണ്ടതില്ലെന്നല്ല ഞാൻ പറയുന്നത്. അതു പരിശോധിച്ചോട്ടെ. പക്ഷേ, ഷാപ്പ് അടച്ചുപൂട്ടി തൊഴിലാളികളെ പട്ടിണിക്കിടുന്ന അവസ്ഥ അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകൾ അടച്ചുപൂട്ടുന്നതിന് മനഃപൂർവ്വമായി ഗവൺമെന്റ് യാതൊന്നും ചെയ്തിട്ടില്ല. 2013-14 വർഷങ്ങളിൽ കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകൾക്കെതിരെ ആകെ രജിസ്റ്റർ ചെയ്ത 16 അബ്കാരി കേസുകളിൽ 15 എണ്ണവും കള്ളിൽ സ്റ്റാർച്ചിന്റെ അംശം കണ്ടെത്തിയതിനെത്തുടർന്നാണ് ലൈസൻസ് റദ്ദു ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചത്. പ്രകൃതിദത്തമായ കള്ളിൽ സ്റ്റാർച്ചിന്റെ അംശം ഉണ്ടാകില്ലെന്ന ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് കള്ളിൽ സ്റ്റാർച്ച് കൃത്രിമമായി ചേർക്കുന്ന ഒരു അന്യ പദാർത്ഥമായി കണക്കാക്കുന്നത്. സർക്കാരിന്റെ 14-2-2007-ലെ ഉത്തരവനുസരിച്ച് കള്ളിൽ അടങ്ങിയിട്ടുള്ള ഒരു അന്യ പദാർത്ഥമായി സ്റ്റാർച്ചിനെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കള്ളിന്റെ സാമ്പിളുകളുടെ രാസപരിശോധനാ ഫലത്തിൽ പലതവണ സ്റ്റാർച്ചിന്റെ അംശം കണ്ടെത്തുകയാണെങ്കിൽ, കള്ളുഷാപ്പ് ഉൾപ്പെടുന്ന ഗ്രൂപ്പിലെ മുഴുവൻ കള്ളുഷാപ്പുകളുടെ ലൈസൻസും റദ്ദ് ചെയ്യുക എന്നതും ലൈസൻസിക്കെതിരെ അബ്കാരി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുക എന്നുള്ളതും അബ്കാരി നിയമത്തിന്റെയും അനുബന്ധ ചട്ടങ്ങളുടെയും പരിപാലനത്തിനായി ശുദ്ധമായ കള്ള് മാത്രമേ കള്ളുഷാപ്പുകളിൽ വില്ക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിന് അനിവാര്യമാണ്. കള്ളുചെത്തു വ്യവസായത്തെ സംരക്ഷിക്കുകയെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ നയം. ചിലയിടങ്ങളിൽ മാരകമായ ക്ലോറിൻ ഹൈഡ്രേറ്റ് പോലുള്ള രാസവസ്തുക്കളും മറ്റും മിക്സ് ചെയ്തതായി കണ്ടുവരുന്നുണ്ട്. കെമിക്കൽ ലാബിലെ പരിശോധനയുടെ അടിസ്ഥാനത്തിലാണ് ഈ നിഗമനത്തിൽ എത്തിച്ചേർന്നത്. മനഃപൂർവ്വമായി കണ്ണൂർ ജില്ലയിലെ കള്ളുഷാപ്പുകൾ അടച്ചുപൂട്ടുന്നതിന് ഗവൺമെന്റ് പ്രത്യേകമായി ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് കെമിക്കൽ ലാബിലെയും മറ്റും പരിശോധനയുടെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കുന്നത്. പൊതുവെ കള്ളുവ്യവസായത്തെ സംരക്ഷിക്കുകയെന്നുള്ളതാണ് ഗവൺമെന്റ് നയം. ഈ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## 11. ബ്രാഞ്ച് കനാലിന്റെ പുനർനിർമ്മാണം

ശ്രീ. എ. കെ. ബാലൻ : സർ, കഴിഞ്ഞ ആഗസ്റ്റിൽ പാലക്കാട് ജില്ലയിൽ കനത്ത മഴയിൽ മലമ്പുഴ മെയിൻ ഇടതു ബ്രാഞ്ച് കനാൽ ബണ്ട് രണ്ടു ഭാഗങ്ങളിലായി തകരുകയുണ്ടായി. ചിതലി-ചൂലന്നൂർ കനാലിൽ ചിറകോട്ട് അഞ്ചുഓവ് ഭാഗത്താണ് ഈ സംഭവം നടന്നത്. ഇതുമൂലം തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി, തരൂർ പഞ്ചായത്തുകളിലെ അത്തിപ്പൊറ്റ, ചിറക്കോട്, തരൂർ കുട്ടൻകോട്, ചൂലന്നൂർ എന്നീ പ്രദേശങ്ങളിലെ 1500 ഹെക്ടർ സ്ഥലത്ത് രണ്ടാംവിള നെൽകൃഷി ചെയ്യാനാവാത്ത സാഹചര്യമാണുണ്ടായത്. 1000-ൽ അധികം വരുന്ന ചെറുകിട-ഇടത്തരം കർഷകരുടെ ജീവനോപാധിയാണ് കൃഷി. അതുപോലെ ഈ പ്രദേശത്തിലെ 3000-ൽപ്പരം കുടുംബങ്ങളുടെ കുടിവെള്ള സ്രോതസ്സും ഈ കനാലിൽ നിന്നുള്ള വെള്ളമാണ്. ഈ ബണ്ടു നിർമ്മിച്ച് കനാലിലൂടെ വെള്ളമൊഴുക്കിയാൽ മാത്രമേ ഇവിടെ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. 21-8-2014-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് ഇതു ചൂണ്ടിക്കാട്ടി ഞാൻ കത്ത് നൽകിയിരുന്നു. ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാർ സ്ഥലം സന്ദർശിക്കുകയും കനാൽ പുനർനിർമ്മാണത്തിന് കോഴിക്കോട് ഇറിഗേഷൻ പ്രോജക്ട് ചീഫ് എഞ്ചിനീയർ ഒരു കോടി ഇരുപത്തിമൂന്നു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 5-9-2014-ലെ ഭരണാനുമതിയ്ക്കായി സമർപ്പിച്ചു. ജലവിഭവ വകുപ്പ് അത് ക്വറിയിട്ട് ഫയൽ മടക്കി. ഇതുവരെയും ഭരണാനുമതി ലഭിച്ചിട്ടില്ല. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇപ്പോഴും നെൽകൃഷി ചെയ്യുന്ന പ്രദേശമാണ് പാലക്കാട് ജില്ലയിലെ തരൂർ, ആലത്തൂർ, കുഴൽമന്ദം മേഖലകൾ. മലമ്പുഴ കനാലിലെ വെള്ളത്തെ ആശ്രയിച്ചുമാത്രമേ ഇവിടെ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. കനാൽ പുനർനിർമ്മിക്കാതെ പാടത്തുവെള്ളമെത്തിക്കാനോ കൃഷിയിറക്കാനോ കഴിയില്ല. ആയതിനാൽ തകർന്ന മലമ്പുഴ മെയിൻ ഇടതു ബ്രാഞ്ച് കനാൽ അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇക്കഴിഞ്ഞ കാലവർഷത്തിൽ പാലക്കാട് ജില്ലയുടെ പല ഭാഗത്തുമുണ്ടായ കെടുതിയുടെ ഭാഗമായി മലമ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിൽ പലഭാഗത്തും തകർച്ചയുണ്ടായി. രണ്ടാംവിള നെൽകൃഷിക്ക് ജലം ലഭ്യമാക്കേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് (എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ടാണ്, അത് അങ്ങേക്ക് വെരിഫൈ ചെയ്യാം.) താല്ക്കാലികമായി 12 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തികൾ നടത്തുകയും ജലവിതരണം പുനഃസ്ഥാപിക്കുകയും ചെയ്തു. തകർന്ന ഭാഗങ്ങൾ ശാശ്വതമായി പുനർനിർമ്മിക്കുന്നതിന് 122.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കിട്ടിയിട്ടുണ്ട്. അത് അടിയന്തരമായി പരിശോധിച്ച് അതിനുള്ള അനുമതി നൽകുന്നതാണ്.

## 12. ആശാവർക്കേഴ്സിന്റെ ഓണറേറിയം

ശ്രീ. എളമരം കരീം : സർ, എൻ.ആർ.എച്ച്.എം.-ന് കീഴിലുള്ള 29,000-ത്തോളം വരുന്ന ആശാ വർക്കേഴ്സ് പ്രതിമാസ ഓണറേറിയം 10,000 രൂപയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റിനു മുമ്പിൽ അനിശ്ചിതകാല സമരമാരംഭിച്ചിരിക്കുകയാണ്. ഈ പ്രശ്നത്തിൽ അടിയന്തരമായ തീരുമാനമുണ്ടാക്കണം. വളരെ പാവപ്പെട്ട ഇവർ വളരെ സാഹസികമായാണ് ജോലി ചെയ്യുന്നത്. പക്ഷേ, പുറത്തു പറയാൻപോലും നാണക്കേടുണ്ടാക്കുന്ന തുച്ഛമായ തുകയാണ് ഓണറേറിയമായി ഇപ്പോൾ അവർക്ക് നൽകിവരുന്നത്. ആശാ വർക്കേഴ്സിന്റെ ന്യായമായ ഈ ആവശ്യം അംഗീകരിച്ച് സമരം ഒത്തുതീർപ്പിലെത്തിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആശാ വർക്കേഴ്സ് സമരം ആരംഭിച്ചതായി ഇവിടെ സൂചിപ്പിച്ചു. ഇന്ന് രണ്ടര മണിക്ക് അവരുമായി ചർച്ച നടത്തുന്നുണ്ട്. മറ്റു യൂണിയനുകളും അവരുടേതായിട്ടുള്ള ചില ആവശ്യങ്ങളുന്നയിച്ചിട്ടുണ്ട്. ഇന്ന് രണ്ടര മണിക്ക് നടക്കുന്ന ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. എന്നീ സംഘടനകളുമായിട്ടുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട എളമരം കരീം ഉൾപ്പെടെയുള്ളവർ പങ്കെടുക്കുകയാണ്. ഗ്രാമീണ മേഖലയിൽ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ള ആരോഗ്യസേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ജനങ്ങളെ സഹായിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 2007-ൽ കേന്ദ്ര സർക്കാർ 'ആശാ' പദ്ധതിക്ക് തുടക്കം കുറിച്ചത്. കേരളത്തിൽ 28268 ആശാ വർക്കർമാരാണ് പ്രവർത്തിക്കുന്നത്. ആരോഗ്യമേഖലയിൽ സേവനങ്ങളുടെ ബോധവൽക്കരണത്തിനും ആരോഗ്യസ്ഥിതിഗതികൾ മെച്ചപ്പെടുത്തുന്നതിനും ആശാവർക്കർമാർ നൽകുന്ന സേവനം അഭിനന്ദനാർഹമാണ്. 2007 മുതൽ കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഇൻസെന്റീവാണ് ആശാ വർക്കേഴ്സിനു നല്കിയിരുന്നത്. 2007 മുതൽ 2011 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ യാതൊരു ഓണറേറിയവും നല്കിയിരുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011-12-ലെ അവസാന ബഡ്ജറ്റിൽ 300 രൂപ ഓണറേറിയമായി നല്കുമെന്ന് പ്രഖ്യാപിക്കുക മാത്രമാണ് ചെയ്തത്. ഈ സർക്കാർ 2011-12 ജൂലൈയിലെ ആദ്യ ബഡ്ജറ്റിൽ 300 രൂപ പ്രഖ്യാപിച്ചിരുന്നത് 500 രൂപയായി വർദ്ധിപ്പിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്തു. 2012-13 ബഡ്ജറ്റിൽ 500 രൂപയിൽ നിന്ന് 600 രൂപയായി വർദ്ധിപ്പിച്ച് വിതരണം ചെയ്തു. 2013-14-ൽ 600 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിച്ച് 2013 ഡിസംബർ വരെ നല്കിയിട്ടുണ്ട്. കഴിഞ്ഞ

സാമ്പത്തിക വർഷത്തെ ജനവരി മുതൽ മാർച്ച് വരെയുള്ള മൂന്നുമാസത്തെ 700 രൂപ കുടിശ്ശിക ക്രിസ്തുമസ്സിനു മുമ്പ് വിതരണം ചെയ്യും. ഈ സാമ്പത്തികവർഷത്തെ 1-4-2014 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള 700 രൂപ എന്നത് 900 രൂപയായി വർദ്ധിപ്പിച്ച് 2015 ജനവരി 31-ന് മുമ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ ക്രമാനുഗതമായി ഓണറേറിയം ഓരോ വർഷവും വർദ്ധിപ്പിക്കുന്നതിനു പുറമേ ഫെസ്റ്റിവൽ അലവൻസും ഓരോ വർഷവും നല്കിവരുന്നുണ്ട്. ഈ സാമ്പത്തികവർഷം ഫെസ്റ്റിവൽ അലവൻസായി 900 രൂപ നല്കും. നിലവിൽ ആനുപാതികമായി ഈ തുക വീണ്ടും സർക്കാർ വർദ്ധിപ്പിക്കുന്നതാണ്.

## 13. ശബരിമലയിൽ അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാരിൽനിന്നും ഫീസ് ഈടാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ : സർ, ശബരിമലയിൽ അന്നദാനത്തിനു വരുന്ന അന്യസംസ്ഥാനങ്ങളിലെ ആളുകളിൽനിന്നും ദേവസ്വം ബോർഡ് ഫീസ് ഈടാക്കുന്ന ഒരു രീതി നിലവിലുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവർക്കും തദ്ദേശീയരായിട്ടുള്ള ആളുകൾക്കും പൂർണ്ണമായും അന്നദാനം കൊടുക്കാൻ സാധിക്കുകയില്ല. ഉദാരമതികളായ ആളുകളുടെ അന്നദാനമാണ് പലപ്പോഴും അയ്യപ്പഭക്തന്മാർക്ക് ലഭിക്കുന്നത്. കേരളീയരാണ് അന്നദാനം നടത്തുന്നതെങ്കിൽ ഫീസ് വേണ്ടെന്നും അന്യസംസ്ഥാനക്കാരാണെങ്കിൽ ഉയർന്ന നിരക്കിൽ ഫീസ് നൽകണമെന്നുമാണ് ബോർഡിന്റെ തീരുമാനം. യുക്തിക്കും സാമാന്യബുദ്ധിക്കും നിരക്കുന്ന ഒരു തീരുമാനമല്ല ഇത്. സേവന സന്നദ്ധരായെത്തുന്ന ഉദാരമനസ്കരെ ശിക്ഷിക്കുന്നതിന് തുല്യമാണ് ഈ നടപടി. മണ്ഡലകാലത്ത് അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാർ ദിനംപ്രതി 10000 രൂപ ബോർഡിന് ഫീസായി നൽകണം. മണ്ഡലകാലത്ത് 5 ദിവസം അന്നദാനം നടത്തണമെങ്കിൽ ഒരു ലക്ഷം രൂപ അഡ്വാൻസായി കെട്ടിവയ്ക്കണം. ഇത് എന്ത് നീതിയാണെന്ന് മനസ്സിലാകുന്നില്ല. ശബരിമലയിൽ എങ്ങനെയും പണമുണ്ടാക്കുക എന്നൊരു ലക്ഷ്യം ദേവസ്വം ബോർഡിനുണ്ട്. എല്ലാ കാര്യത്തിനും പണം വേണം. അവിടെ ഹോട്ടലുകൾക്ക് വലിയ ഫീസ് വാങ്ങിയിട്ടാണ് വാടകയ്ക്ക് കൊടുക്കുന്നത്. ആ ഹോട്ടലിൽ സോഫ്റ്റ് ഡ്രിങ്ക് കൊടുക്കണമെന്നുണ്ടെങ്കിൽ അതും വെവ്വേറെ ലേലം ചെയ്യുകയാണ് ചെയ്യുന്നത്. ഇതെല്ലാം കഴിഞ്ഞതിനുശേഷം അവിടെ ഉണ്ടാക്കിവയ്ക്കുന്ന വട തൂക്കിനോക്കി 5 ഗ്രാം കുറവാണെങ്കിൽ 10000 രൂപ ശിക്ഷിക്കും. വട ഉണ്ടാക്കുന്നതിന് മുമ്പും അതിനുശേഷവും തൂക്കി നോക്കിക്കൊടുക്കാൻ സാധിക്കുകയില്ലല്ലോ ? തദ്ദേശീയർക്ക് ഇല്ലാത്ത ഫീസ് സേവനമനസ്കരായി വരുന്ന അന്യസംസ്ഥാനക്കാരായ ആളുകളിൽനിന്നും ഈടാക്കുന്ന ദേവസ്വം ബോർഡിന്റെ ഇത്തരം പ്രാകൃതമായ നടപടി നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ശബരിമല ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ അന്നദാനം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് വ്യക്തികളും സന്നദ്ധ സംഘടനകളും ദേവസ്വം ബോർഡിന് അപേക്ഷ സമർപ്പിക്കാറുണ്ട്. കേരളത്തിന് അകത്തും പുറത്തുംനിന്നുമുള്ള അപേക്ഷകൾ ലഭിക്കാറുണ്ട്. പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ദിനംപ്രതി വന്നുകൊണ്ടിരിക്കുന്ന ശബരിമലയിൽ അന്നദാനം നടത്തുന്നത് ഒരു മഹത്കാര്യമാണ്. എന്നാൽ ഈ പ്രവൃത്തിയുടെ മറവിൽ വ്യാപകമായ രീതിയിൽ ഭക്തജനങ്ങളെ ചൂഷണം ചെയ്യുന്നതായി ദേവസ്വം ബോർഡിൽ നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ ശബരിമല അന്നദാനത്തിന്റെ പേരിൽ നിരവധി ട്രസ്റ്റുകൾ രൂപീകരിച്ചും വ്യക്തികൾ നേരിട്ടും പണപ്പിരിവുകൾ നടത്തുന്നതായും അത്തരത്തിൽ സമാഹരിക്കുന്ന തുകയിൽ വളരെ കുറച്ചുമാത്രം അന്നദാനത്തിന് വിനിയോഗിക്കുകയും ബാക്കി തുക ദുരുപയോഗം ചെയ്യുന്നതായും ഇത്തരത്തിൽ സമാഹരിക്കുന്ന തുകയ്ക്കും ഉല്പന്നങ്ങൾക്കും യാതൊരു കണക്കും ആരെയും ബോധിപ്പിക്കാനില്ലാത്തതുവഴി ശബരിമലയുടെ പേരിൽ വലിയ രീതിയിലുള്ള തട്ടിപ്പാണ് നടക്കുന്നതെന്ന് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും കമ്മീഷണർ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിന് പുറത്തുള്ള ചില സ്ഥാപനങ്ങൾ ഇന്റർനെറ്റിലൂടെ ശബരിമല ദേവസ്വത്തിന്റെ ഔദ്യോഗിക അറിയിപ്പ് എന്ന രീതിയിൽ ജനങ്ങളിൽ തെറ്റിദ്ധാരണയുളവാക്കി ധനസമാഹരണത്തിനുള്ള പരസ്യങ്ങൾ നൽകുന്നതായും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ മറ്റൊരു ഹൈന്ദവ ദേവാലയത്തിലും വ്യക്തികൾക്കോ സംഘടനകൾക്കോ സ്വതന്ത്രമായി പണം സമാഹരിച്ച് ആരാധനാലയങ്ങളുടെ പേരിൽ അന്നദാനം നടത്തുന്നതിന് അനുവാദം നൽകാറില്ല. പ്രസ്തുത ദേവാലയങ്ങളിൽ അന്നദാനം നടത്താനാഗ്രഹിക്കുന്നവർ അതാതു സ്ഥാപനങ്ങളിൽ പണമടയ്ക്കുകയും ആ സ്ഥാപനങ്ങൾ നേരിട്ട് അന്നദാനം നടത്തുകയുമാണ് ചെയ്യുന്നത്. ശബരിമലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അന്യസംസ്ഥാനങ്ങളിൽനിന്നുള്ള സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും അന്നദാനം നടത്തുന്നതിന് ഒരു നിയന്ത്രണമേർപ്പെടുത്തുന്നതിന്റെ ഭാഗമായി ദേവസ്വം ബോർഡ് ഏർപ്പെടുത്തിയ നിബന്ധനകളിൽ ഒന്നാണ് ഒരു നിശ്ചിത തുക ഫീസായി ഈടാക്കുകയെന്നുള്ളത്. ഇപ്രകാരം ഈടാക്കുന്ന തുക ദേവസ്വം ബോർഡിന്റെ ശബരിമല അന്നദാന ഫണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ഈ പ്രശ്നം സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത

സ്ഥാപന നിയമമനുസരിച്ച് ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽ സർക്കാരിന് ഇടപെടാൻ കഴിയുകയില്ല. ബോർഡ് കൈക്കൊള്ളുന്ന തീരുമാനങ്ങൾ ശരിയോ തെറ്റോ എന്ന് പരിശോധിക്കുവാനുള്ള അധികാരം ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മാത്രമാണ്. കോടതിയുടെ മുമ്പിലുള്ള വിഷയമായതിനാൽ സർക്കാരിന് ഇടപെടാൻ സാധിക്കുകയില്ല. ഇതിൽത്തന്നെ ദേവസ്വം ബോർഡ് അടിവാരം അയ്യപ്പ അന്നദാനക്ഷേത്രം എന്ന ഒരു സംഘടന "We accept donations, DD/ Cheque to be drawn in favour of Adivaram Ayyappan Annadaana Kshetram" എന്ന് ഒരു പരസ്യം കൊടുത്തു. ഇതിന്റെ പേരിൽ വളരെ വ്യാപകമായി മറ്റ് സംസ്ഥാനങ്ങളിൽ പണപ്പിരിവ് നടത്തുന്നുണ്ട്. അവർ ഒരുകോടി രൂപ പിരിച്ചെടുക്കുമ്പോൾ അയ്യായിരം രൂപയ്ക്ക് ഇവിടെവന്ന് അന്നദാനം നടത്തും. അത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഇതിനുവേണ്ടിയുള്ള നിയന്ത്രണം ബോർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്, കോടതിയുടെ മുമ്പിലുമുണ്ട്. ഇതുമൂലം അയ്യപ്പഭക്തന്മാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യമുണ്ടാകുകയാണെങ്കിൽ ഗവൺമെന്റ് ഇതിനെക്കുറിച്ച് നിർദ്ദേശം നൽകുന്നതാണ്. കോടതിതന്നെ ഇതുമായി ബന്ധപ്പെട്ട് ഒരു തീരുമാനമെടുക്കാനിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തുള്ള ഒരു സംഘടനകൾക്കും അന്നദാനം നടത്തുന്നതിനുവേണ്ടി അവിടെ ഫീസ് അടയ്ക്കേണ്ട ആവശ്യമില്ല. അതോടൊപ്പം ഹോട്ടലുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിലേയ്ക്കു വേണ്ടി അന്യായമായിട്ടുള്ള രീതിയിൽ എന്തെങ്കിലും നടക്കുന്നുണ്ടെങ്കിൽ അത് ഗവൺമെന്റ് പരിശോധിക്കും. ഗുണമേന്മയും ശുദ്ധമായ ഭക്ഷണപദാർത്ഥങ്ങളും വിതരണം ചെയ്യുന്നതിലേക്കുള്ള കർശനമായ നിർദ്ദേശം ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. കളക്ടറുടെ നേതൃത്വത്തിലാണ് കാര്യങ്ങൾ ചെയ്യുന്നത്. അന്യായമായി എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അത് തീർച്ചയായും പരിശോധിക്കും.

## 14. ക്യാൻസർ സെന്റർ നിർമ്മാണം

<u>ശ്രീ. അൻവർ സാദത്ത്</u> : സർ, എറണാകുളം ജില്ലയിൽ തറക്കല്ലിട്ട ക്യാൻസർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ഓരോ ദിവസവും കൂടിവരികയാണ്. ചികിത്സയ്ക്കുവേണ്ടി ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നൊരു സാഹചര്യമാണ് ഇന്ന് നമ്മുടെ നാട്ടിലുള്ളത്. ക്യാൻസർ പോലുള്ള മാരകമായ അസുഖത്തിന്റെയും മറ്റു ജീവൻരക്ഷാ മരുന്നുകളുടെയും വില കേന്ദ്രഗവൺമെന്റ് പുതിയ നയത്തിന്റെ ഭാഗമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്ന് നമ്മുടെ നാട് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. മുഖ്യമന്ത്രിയുടെ

ചികിത്സാ സഹായം ഒരു പരിധിവരെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നുണ്ടെന്ന് കാണാൻ സാധിക്കും. ഈ ക്യാൻസർ സെന്റർ വരുമ്പോൾ സ്വാഭാവികമായും ക്യാൻസർ നിർണ്ണയിക്കാനുള്ള സാഹചര്യം ഉണ്ടാകുകയും തുടക്കത്തിൽത്തന്നെ ചികിത്സിച്ച് ഭേദമാക്കാനും സാധിക്കും. ക്യാൻസർ നിർണ്ണയംതന്നെ വലിയൊരളവിൽ ഉപകാരപ്രദമാണ്. കാരണം പല രോഗങ്ങളും മൂർച്ഛിച്ച അവസ്ഥയിൽ വരുമ്പോഴാണ് നമുക്ക് അറിയാൻ സാധിക്കുന്നത്. ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ വയ്ക്കുമ്പോൾ അസുഖമുണ്ടോയെന്ന് സാധാരണക്കാർക്ക് മനസ്സിലാക്കുവാനും അതനുസരിച്ച് ട്രീറ്റ്മെന്റ് നേരത്തേ തുടങ്ങുവാനുമുള്ള സാഹചര്യമുണ്ടാകും. എറണാകുളത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ട പുതിയ കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്നകാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്നും ക്യാൻസർ സെന്ററിന് കേന്ദ്രത്തിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോയെന്നും അറിയാനാഗ്രഹമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ മുൻകയ്യെടുത്ത് ക്യാൻസർ സെന്ററിന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. സാമ്പത്തിക സഹായം ഇല്ലാത്തതുകൊണ്ടോ അല്ലെങ്കിൽ പ്രായോഗികമായ ബുദ്ധിമുട്ട് ഉള്ളതുകൊണ്ടോ ഇത് പ്രൈവറ്റ് മേഖലയിലേയ്ക്ക് കൊടുക്കാൻ പോകുന്നുവെന്ന് പത്രമാധ്യമങ്ങളിലൂടെ വാർത്ത വരുകയുണ്ടായി. എറണാകുളത്തും മറ്റുമുള്ള പത്രമാധ്യമങ്ങളൊക്കെ ഈ ക്യാൻസർ സെന്ററിന്റെ വിഷയത്തെക്കുറിച്ച് ചർച്ചനടത്തുകയാണ്. ആ സംശയം ദൂരീകരിക്കുന്നതിനായി, ഇത് എന്ന് തുടങ്ങാൻ സാധിക്കുമെന്ന് ഗവൺമെന്റ് മറുപടി നൽകണം. കഴിഞ്ഞദിവസം മരണപ്പെട്ട പ്രിയപ്പെട്ട ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ഈ ക്യാൻസർ സെന്ററിനുവേണ്ടി വളരെയധികം എഫർട്ട് എടുത്തിട്ടുള്ള ഒരാളാണ്. ഈ ക്യാൻസർ സെന്റർ അവിടെ വരികയെന്നുള്ളത് അദ്ദേഹത്തിന്റെ വലിയൊരാഗ്രഹമായിരുന്നു. നമ്മുടെ പൊതുസമൂഹത്തിനും വലിയൊരാവശ്യമാണ്. അതുകൊണ്ട് അതിന്റെ നടപടികളെന്തായി എന്ന് അങ്ങ് വ്യക്തമാക്കാമോ ?

12.00 Noon]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സംസ്ഥാന ഗവൺമെന്റ് ക്യാൻസർ ചികിത്സയ്ക്ക് ഏറ്റവും മുന്തിയ പരിഗണനയാണ് നൽകുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഓരോ വർഷവും ക്യാൻസർരോഗം കൂടിവരുന്ന ഒരു സാഹചര്യമാണുള്ളത്. അതിന്റെ പശ്ചാത്തലത്തിൽ മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.-കൾ

തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നു. തിരുവനന്തപുരത്ത് ആർ.സി.സി.-യിൽ 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. അതോടൊപ്പം തന്നെ കഴിഞ്ഞ നവംബർ മാസം ഒന്നാം തീയതി മുതൽ ഇന്ത്യയിൽ ആദ്യമായി ക്യാൻസർ ചികിത്സ സൗജന്യമായി നൽകുന്ന 'സുകൃതം' പദ്ധതി ആരംഭിച്ചു. അതിന്റെ ആദ്യഘട്ടമെന്നുള്ള നിലയിൽ കേരളത്തിലെ എട്ട് ആശുപത്രികളിൽ - ആർ.സി.സി.-യിലും എം.സി.സി.-യിലും നാല് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറലാശുപത്രിയിലും സൗജന്യ ട്രീറ്റ്മെന്റ് കൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി കളാരംഭിച്ച കഴിഞ്ഞു. അതോടൊപ്പംതന്നെ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്തു കൊണ്ടാണ് ബഹുമാന്യനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിലും എറണാകുളത്തെ ജനപ്രതിനിധികൾ ആവശ്യപ്പെട്ടതനുസരിച്ചും എറണാകുളത്ത് ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നുള്ള ആവശ്യം ഉയർന്നു വന്നത്. ഗവൺമെന്റ് വളരെ പെട്ടെന്നുതന്നെ അതിനുവേണ്ട നടപടികൾ സ്വീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി 450 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കുകയും ചെയ്തു. ആ പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി 10 ഏക്കർ സ്ഥലം എറണാകുളം മെഡിക്കൽ കോളേജ് ക്യാമ്പസിൽ അനുവദിച്ച് മുഖ്യമന്ത്രി തറക്കല്ലിട്ട് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതിന്റെ ഭാഗമായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഹോസ്പിറ്റൽ സർവ്വീസ് കൺസൾട്ടൻസിയെ (കേന്ദ്ര സർക്കാർ സ്ഥാപനം) ഏൽപ്പിച്ചു. മുന്നൂറു കിടക്കകളുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡി.പി.ആർ. തയ്യാറാക്കുകയും മേൽപ്പടി സ്ഥാപനവുമായി എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ഈ പദ്ധതിക്ക് 450 കോടി രൂപയാണ് ചെലവ് വരുന്നത്. ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ലാത്തതുകൊണ്ട് ഭരണാനുമതി നൽകുവാൻ വകുപ്പിന് സാധിച്ചിട്ടില്ല. അത് പരിഹരിക്കുന്നതിനുവേണ്ടി 18-11-2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ പദ്ധതിക്ക് വാർഷികാടിസ്ഥാനത്തിൽ (annuity model) തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. Annuity Scheme എന്നുള്ള ഒരു വാർത്ത വന്നതുകൊണ്ടായിരിക്കും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്നു എന്നുപറയുന്നത്. 100 ശതമാനവും ഗവൺമെന്റിന്റെ ഭാഗമായി തന്നെയാണ് ഈ സ്ഥാപനം നിലനിർത്താനാഗ്രഹിക്കുന്നത്. 450 കോടി രൂപ മുതൽമുടക്കുള്ള ഒരു ബൃഹത്

പദ്ധതിയായതുകൊണ്ട് ഗവൺമെന്റിന് മൊത്തത്തിൽ ഇതിനുവേണ്ട സാമ്പത്തികം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് annuity model-നെക്കുറിച്ച് ആലോചിച്ചത്. അത് ലോണെടുത്ത് പലിശ സഹിതം തിരികെ കൊടുക്കുക എന്നുള്ളതാണ്. ടെണ്ടർ വിളിച്ച് ഏതെങ്കിലും ഒരു സ്ഥാപനത്തെ നമ്മൾ ഇത് ഏൽപ്പിക്കുന്നു. അവർ കൺസ്ട്രക്ട് ചെയ്ത് സർക്കാരിന് നൽകും. മൂന്നുവർഷത്തിനുശേഷം ഇൻസ്റ്റാൾമെന്റായി ഈ തുക പലിശസഹിതം തിരികെ കൊടുക്കുന്നു. അതിനാവശ്യമായ തുക ഓരോ വർഷത്തെയും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുക എന്നുള്ളതാണ്. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ ധനകാര്യവകുപ്പ് സെക്രട്ടറി അടക്കമുള്ള ആളുകൾ പങ്കെടുത്തിരുന്നു. അത് അവരുടെ പരിഗണനയിലാണ്. അതിനുള്ള എ.എസ്. ലഭ്യമായാലുടൻ ഇതിനുവേണ്ടുന്ന നടപടിക്രമങ്ങളുമായി ഗവൺമെന്റ് വളരെ പെട്ടെന്ന് മുമ്പോട്ടുപോകുന്നതാണ്.

## 15. 4-12-2014-ലെ ശ്രീ. വി. ശശി, എം.എൽ.എ.-യുടെ സബ്മിഷനുള്ള വിശദീകരണം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, കഴിഞ്ഞ വ്യാഴാഴ്ച കഠിനംകുളത്ത് പട്ടികജാതിക്കാരനായ ഒരു യുവാവിനെ മോഷണക്കുറ്റവുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചുകൊണ്ടു പോകുകയും അതിനു ശേഷം അദ്ദേഹത്തെ മർദ്ദിച്ചുവെന്നുമുള്ള ഒരു പരാതി അവിടത്തെ മെമ്പർ ശ്രീ. വി. ശശി ഇവിടെ ഉന്നയിക്കുകയുമുണ്ടായി. അതോടൊപ്പം തന്നെ ശ്രീ. വി. ശിവൻകുട്ടി, ശ്രീ. ബി. സത്യൻ എന്നിവർ അസംബ്ലിക്കകത്തും കെ.പി.എം.എസ്.-ന്റെ സംസ്ഥാന രക്ഷാധികാരിയായ പുന്നല ശ്രീകുമാർ എന്നെ നേരിട്ട് കണ്ട് നിവേദനവും സമർപ്പിച്ചതാണ്. പ്രസ്തുത കേസ് ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ എസ്. ഐ. രാജേന്ദ്രൻ നായരുടെ ഭാഗത്ത് കുറ്റം ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.-യെ സസ്പെന്റ് ചെയ്യാനും കഴക്കൂട്ടം സി.ഐ.-യുടെയും എസ്.ഐ.-യുടെയും പേരിൽ തുടർന്ന് അന്വേഷണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ പോലീസ് സ്റ്റേഷനുകളിൽ വിവിധ ആവശ്യങ്ങളുമായി എത്തുമ്പോൾ അവർക്ക് ഭരണഘടനയുടെ അന്തഃസത്തയ്ക്കനുസൃതമായ പരിഗണന ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ദളിത് വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ സവിശേഷമായ പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തികച്ചും അനുഭാവപൂർവ്വമായ പരിഗണന ഉറപ്പുവരുത്താൻ എസ്.എച്ച്.ഒ.-മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന

ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. പരാതിയുമായി പോലീസ് സ്റ്റേഷനിൽ എത്തുന്ന ദളിത് വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് ഇരിക്കാനുള്ള അവസരം നിർബന്ധമായും നൽകണം. കൂടാതെ ആവശ്യമെങ്കിൽ പരാതി പോലീസ് ഉദ്യോഗസ്ഥർ തന്നെ എഴുതിയെടുക്കാനാവശ്യമായ സഹായം ചെയ്തുകൊടുക്കണം. അനാവശ്യമായ കാലതാമസം ഒഴിവാക്കി എസ്.എച്ച്.ഒ-മാർ നേരിട്ട് കണ്ട് പരാതി സ്വീകരിക്കണം. എസ്.എച്ച്.ഒ. ഹാജരായില്ലെങ്കിൽ പോലീസ് സ്റ്റേഷന്റെ താൽക്കാലിക ചുമതലയുള്ള ഉദ്യോഗസ്ഥൻ പരാതി സ്വീകരിക്കുകയും പരാതിക്കാർക്ക് യാതൊരു ഉപേക്ഷയും കൂടാതെ രസീത് നൽകേണ്ടതുമാണ്. പരാതി സൂക്ഷ്മമായി പരിശോധിച്ച് അത് പരിഹരിക്കുന്നതിനായി ഉടൻ തന്നെ അതാത് സ്ഥലത്തുപോയി അന്വേഷണം നടത്തി സത്വരമായ നടപടി സ്വീകരിക്കണം. ദളിത് വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പരാതികളുമായി പോലീസ് സ്റ്റേഷനിൽ വരികയാണെങ്കിൽ അത്തരം പരാതികൾ സ്വീകരിക്കുന്നതിന് വനിതാ പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേകം ചുമതലപ്പെടുത്തണം. സൂപ്പർവൈസറി ഉദ്യോഗസ്ഥർ ഇടയ്ക്കിടയ്ക്ക് ദളിത് വിഭാഗത്തിൽപ്പെട്ട പരാതിക്കാരെ നേരിട്ട് ബന്ധപ്പെട്ട് തങ്ങളുടെ കീഴിലുള്ള പോലീസ് സ്റ്റേഷനുകളിൽ അവർക്ക് അവകാശപ്പെട്ട പരിഗണന ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. സർക്കിൾ ഇൻസ്പെക്ടർമാർ എല്ലാ മാസവും നടത്തുന്ന എസ്‌സി./എസ്‌ടി. മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ ഓരോ പോലീസ് സ്റ്റേഷനിലും പരാതിയുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ നിന്നുണ്ടാകുന്ന സമീപനങ്ങളും നടപടികളുംകൂടി അവലോകന വിഷയമാക്കണം. കമ്മിറ്റിയിൽ ഏതെങ്കിലും അംഗം നടപടികളെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ അക്കാര്യം സർക്കിൾ ഇൻസ്പെക്ടർ രേഖാമൂലം ജില്ലാ പോലീസ് മേധാവിയെ അറിയിക്കേണ്ടതാണ്. ഇത്തരം റിപ്പോർട്ടുകളിന്മേൽ ജില്ലാ പോലീസ് മേധാവികൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ആവശ്യമായ ഭരണപരവും വകുപ്പുതല നടപടികളും സ്വീകരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി എല്ലാ പോലീസ് സ്റ്റേഷനുകളിലുള്ളവർക്കും ഒരു സർക്കുലർ പുറപ്പെടുവിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ആളുകൾ പോലീസ് സ്റ്റേഷനിൽ വന്നാൽ ഒരുതരത്തിലുള്ള ill-treatment-ഉം അവർക്കുണ്ടാകാൻ പാടില്ലെന്നുള്ള കർശനമായ നിർദ്ദേശം സർക്കുലർ മുഖേന കൊടുക്കണമെന്ന് ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉടനടി ഈ സർക്കുലർ ഇഷ്യൂ ചെയ്യുന്നതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ ഒരു ക്രമപ്രശ്നം എഴുതിത്തന്നിരുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. വി. ശിവൻകുട്ടി, ചെയർ പറയട്ടെ. അങ്ങ് എഴുതിത്തന്നത് ചട്ടം 303 അനുസരിച്ച് ക്രമപ്രശ്നം എന്നാണ്. ചട്ടം 303 അനുസരിച്ച് അങ്ങേക്ക് ക്രമപ്രശ്നം ഉന്നയിക്കാൻ സാധിക്കുകയില്ല. ചട്ടം 303 എന്നുപറയുന്നത് നിയമസഭാ നടപടിക്രമങ്ങളുടെ ചട്ടങ്ങളുടെ ലംഘനമാണ്. ഏതെങ്കിലും ചട്ടം ലംഘിച്ചുവെങ്കിൽ 303 അനുസരിച്ച് ക്രമപ്രശ്നമുന്നയിക്കാം. അതല്ലെങ്കിൽ ഭരണഘടനയിലെ സഭയുടെ കാര്യനിർവ്വഹണം ക്രമീകരിക്കുന്ന അനുച്ഛേദങ്ങളോ വ്യാഖ്യാനങ്ങളോ നടപ്പിലാക്കുന്നത് സംബന്ധിച്ചും ഉന്നയിക്കാം. ഇത് അതിലൊന്നിലും ഉൾപ്പെടുന്നതല്ല. ഇത് ഒരു സബ്മിഷൻ മാത്രമാണ്. അതുകൊണ്ട് ഇതൊരു സബ്മിഷനായി മാത്രമേ ഉന്നയിക്കാൻ സാധിക്കുകയുള്ളൂ. ഈ സബ്മിഷനിൽ തന്നെ അങ്ങ് രണ്ടു കാര്യങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഒന്ന്, കഠിനംകുളം പോലീസ് സ്റ്റേഷന്റെ കാര്യമാണ്. അതാണ് കഴിഞ്ഞയാഴ്ച ശ്രീ. വി. ശശി ഇവിടെ ഉന്നയിച്ചത്. അതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അന്ന് മറുപടി പറഞ്ഞു, ബാക്കി നടപടിയെടുത്തതിനെപ്പറ്റി ഇപ്പോൾ പറഞ്ഞുകഴിഞ്ഞു. ആ വിഷയം അങ്ങേക്ക് ഇനി സബ്മിഷനായി ഉന്നയിക്കാൻ സാധിക്കുകയില്ല. രണ്ടാമത്തേത് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലെ പ്രശ്നത്തെ സംബന്ധിച്ചാണ്. അതാണെങ്കിൽ അങ്ങ് പ്രത്യേക സബ്മിഷനായി നൽകണം. അത് ചെയർ അനുവദിക്കാം.

<u>ശ്രീ. വി. ശിവൻകുട്ടി</u> : ധനസഹായം കൊടുക്കുന്നതിനെക്കുറിച്ചുകൂടി പറയണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u> : സർ, പട്ടികജാതി വകുപ്പിൽനിന്നും അൻപതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്. ശ്രീ. വി. ശിവൻകുട്ടി, അതിനൊക്കെ അവരവരുടെ നിയോജക മണ്ഡലത്തിലെ എം.എൽ.എ.-മാരുണ്ട്. ശ്രീ. വി. ശശി, എം.എൽ.എ. പറഞ്ഞതനുസരിച്ച് അൻപതിനായിരം രൂപ അനുവദിച്ചു.

## V മേശപ്പുറത്തു വച്ച കടലാസുകൾ

I. മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 1625 പത്താം സമ്മേളനത്തിലെ 4971 പതിനൊന്നാം സമ്മേളനത്തിലെ 59, 6161, 6175, 7567 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

2. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1981, 3577 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

3. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 248-ാം നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

4. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3576-ാം നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

## VI റിപ്പോർട്ട് സമർപ്പണം

### 1. 2014-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ചുള്ള കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ചും പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം സംബന്ധിച്ചുമുള്ള റിപ്പോർട്ടുകൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

## 2. ഉത്തരവാദിത്വ വിനോദസഞ്ചാരം എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട്

ശ്രീ. സണ്ണി ജോസഫ് : സർ, സബ്ജക്ട് കമ്മിറ്റി X-ന്റെ സമിതിയംഗമായ ഞാൻ 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് അദ്ധ്യക്ഷനുവേണ്ടി സമർപ്പിക്കുന്നു.

# VII നിയമനിർമ്മാണകാര്യം

## 1. 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, അങ്ങേക്ക് 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കേണ്ടതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു. 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഈ ബില്ലിൽ പ്രധാനമായും പ്രവാസി വോട്ടവകാശം സംബന്ധിച്ചും ഡി.ആന്റ്ഒ. ലൈസൻസ് സംബന്ധിച്ചുമുള്ള കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. നമ്മുടെ സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നവരാണ് പ്രവാസി മലയാളികൾ. ഏകദേശം 18 ലക്ഷത്തോളം വരുന്ന പ്രവാസി മലയാളികൾ ഒരു വർഷം ഏകദേശം ഒരുലക്ഷം കോടി രൂപയാണ് വിദേശനാണയ രൂപത്തിൽ കേരളത്തിലേയ്ക്ക് അയയ്ക്കുന്നത്. വാസ്തവത്തിൽ കേരളത്തെ പട്ടിണിക്കിടാതെ നോക്കുന്നത് ഈ പ്രവാസി മലയാളികളാണ്. ഒരു മെഴുകുതിരി കത്തിത്തീരുന്നതുപോലെ മറ്റുള്ളവർക്ക് പ്രകാശം പരത്തിക്കൊണ്ട് അവരുടെ ജീവിതം അവസാനിക്കുന്നതായിട്ടാണ് കാണുന്നത്. അവരുടെ ആവശ്യങ്ങളും അവകാശങ്ങളുമൊന്നും സംരക്ഷിക്കപ്പെടുന്നില്ല. നമ്മൾ പ്രവാസികളെ ഒരു സെക്കന്റ് ഗ്രേഡ് പൗരന്മാരെ പോലെയാണ് കാണുന്നത്. ഇതിന് ശക്തമായ പരിഹാരമാണ് ഈ ബിൽ. ഈ ബിൽ പാസ്സാകുന്നതോടുകൂടി കേന്ദ്രസർക്കാരുകളും സംസ്ഥാന സർക്കാരുകളും പ്രാദേശിക ഭരണകൂടവുമെല്ലാം അവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തും. സ്ഥാനാർത്ഥികൾ മണ്ഡലത്തിൽ പര്യടനം നടത്തുന്നതുപോലെ വിദേശരാജ്യങ്ങളിൽ വോട്ടഭ്യർത്ഥിച്ച് പോകേണ്ടിവരുന്ന കാലം അതിവിദൂരമല്ല. രണ്ടാമതായി പറയുന്നത്, ഡി & ഒ ലൈസൻസ് സംബന്ധിച്ചാണ്. ഇതുസംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത് 35 വർഷങ്ങൾക്ക് മുമ്പാണ്. അഞ്ച് രൂപ മുതൽ 150 രൂപവരെയാണ് ഈ ഇനത്തിൽ വാങ്ങുന്നത്. പെട്ടിക്കടകൾ മുതൽ വലിയ കടകൾ വരെയുള്ളവയ്ക്ക് അഞ്ച് രൂപ മുതൽ 150 രൂപവരെയാണ് ഫീസ് കണക്കാക്കിയിരുന്നത്. ഫീസ് ചുമത്തുന്നതിൽ നഗരസഭകളുടെ ഏകീകരണമില്ലാത്തതിനാൽ ഒരേ സ്വഭാവമുള്ള കടകൾക്ക് അടുത്തടുത്ത നഗരസഭകളിൽ വ്യത്യസ്തമായ ഫീസ് ഈടാക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇത് മറികടക്കാനായി 2011-ൽ അന്നത്തെ സർക്കാർ ഒരു ഉത്തരവിലൂടെ പുതിയ ചട്ടങ്ങൾ കൊണ്ടുവന്നു. വ്യാപാരം നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, ടേൺഓവർ, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ച് ഫീസ് ഈടാക്കാനായിരുന്നു അന്നത്തെ ഉത്തരവിലുള്ള പ്രധാനപ്പെട്ട നിർദ്ദേശം. പക്ഷേ കച്ചവട സ്ഥാപനങ്ങളുടെ ഓരോ ഇനത്തിലും പ്രത്യേകം ഫീസ് കണക്കാക്കി മൊത്തം കൂട്ടിക്കിട്ടുന്ന തുകയാണ് ലൈസൻസ് ഫീസായി ഈടാക്കിയിരുന്നത്. തീരെ ചെറിയ കടകൾക്കുപോലും വലിയ ഫീസ് നൽകുന്ന സ്ഥിതിവിശേഷമുണ്ടായി. ചുരുക്കത്തിൽ ഒരു ഗ്രോസറി സ്റ്റോറിന് ഒരു വർഷം 3000 രൂപയോളം ലൈസൻസ് ഫീയായി നൽകേണ്ടിവരുന്ന സ്ഥിതിവിശേഷമുണ്ടായി. അശാസ്ത്രീയമായ ഫീസ്

നിരക്ക് വ്യാപാരികളിൽ വലിയ പ്രതിഷേധത്തിന് ഇടയാക്കിയതിനെത്തുടർന്ന് 25-1-2011-ൽ ആദ്യം രണ്ട് വർഷത്തേക്കും തുടർന്ന് ആറ് മാസം വീതവും ഈ ചട്ടങ്ങൾ സ്റ്റേ ചെയ്തുവരികയായിരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ചട്ടങ്ങൾ പരിഷ്കരിക്കാൻ മുനിസിപ്പൽ ആക്ടിലെ 447, 448 വകുപ്പുകളിൽ ഇപ്പോൾ ഭേദഗതി കൊണ്ടുവരുന്നത്. ഭേദഗതി പ്രകാരം ചെറുതും വലുതുമായ കടകൾക്കും ഫാക്ടറികൾക്കുമെല്ലാം നൽകുന്ന ലൈസൻസിന്റെ പേര് ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് എന്നതിനുപകരം ട്രേഡ് ലൈസൻസ് എന്നാക്കി മാറ്റുന്നതാണ്. വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും പുറമേ സേവന മേഖലയ്ക്കുകൂടി ലൈസൻസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ ഉല്പാദനവും വിതരണം നടത്തുന്ന സ്ഥാപനങ്ങൾക്ക് ഒരേ ഫീസാണ് ഈടാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ ഫാക്ടറികൾക്കും ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾക്കും വെവ്വേറെ ഫീസ് ഈടാക്കാനും വാണിജ്യ സ്ഥാപനങ്ങളെ നാല് കാറ്റഗറിയായി തിരിച്ച് ലൈസൻസ് ഏർപ്പെടുത്താനുമാണ് പുതിയ ചട്ടങ്ങളിൽ വിഭാവന ചെയ്യുന്നത്. കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും തറവിസ്തീർണം കൂടിയതുമായ ബഹുനില കെട്ടിടങ്ങളിലെ സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ് പോലുള്ളവയ്ക്ക് പ്രത്യേകമായ ഫീസ്ഘടനയും ലൈസൻസും ഏർപ്പെടുത്തുന്നതാണ്. പച്ചക്കറി, പലചരക്ക് തുടങ്ങിയ ചെറിയ സാധനങ്ങൾ വിൽപ്പന നടത്തുന്ന കടകൾക്ക് സഞ്ചിത ട്രേഡ് ലൈസൻസും സ്റ്റുഡിയോ, പ്രസ്, വേയിംഗ് ബ്രിഡ്ജ് തുടങ്ങിയവയ്ക്ക് ജോബ് സർവ്വീസ് ലൈസൻസും നൽകുന്നതാണ്. പെട്ടിക്കടകൾ ഉൾപ്പെടെ 8 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള ചെറിയ കടകൾക്ക് കുറഞ്ഞ നിരക്കിലുള്ള ഫീസാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ലൈസൻസ് ഏർപ്പെടുത്തിയ സ്ഥാപനങ്ങളേക്കാൾ മൂന്നിരട്ടി സ്ഥാപനങ്ങളും ഓഫീസുകളും ലൈസൻസ് ഫീസ് ഈടാക്കുന്നവയുടെ ഗണത്തിൽ വരും. മാത്രമല്ല നഗരങ്ങളിലെ സ്ഥാപനങ്ങളെല്ലാം നഗരസഭയുടെ അറിവോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും ഇതിലൂടെ സാധിക്കും. പുതിയ മാനദണ്ഡപ്രകാരം ലൈസൻസ് ഫീസ് കണക്കാക്കുമ്പോൾ നഗരസഭകളുടെ വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടാക്കാൻ സാധിക്കും. ഇതാണ് എനിക്ക് അവതരിപ്പിക്കാനുള്ളത്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ ഒരിക്കൽ കൂടി അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ ബില്ലിനകത്ത് ഒതുങ്ങിനിന്നുതന്നെ സംസാരിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

*Shri. A. Pradeepkumar* : Sir, I move that -

"This House resolves to disapprove The Kerala Municipality (Amendment) ordinance, 2014 (Ordinance No. 27 of 2014)".

ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങളോടും അതിന്റെ ഉള്ളടക്കത്തോടും വിയോജിക്കേണ്ട കാര്യമില്ല. യോജിക്കാവുന്ന കാര്യങ്ങളൊക്കെയാണ് പൊതുവായി വന്നിരിക്കുന്നത്. ഈ ബില്ലിനെ കൂടുതൽ ശക്തമാക്കുന്നതിന്, നഗരകാര്യ വകുപ്പിന്റെ ഭരണത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകരമാകുന്ന ഒരു സംവാദം ബില്ലിന്റെ ഡിസ്കഷനുമായി ബന്ധപ്പെട്ട് ഉയർന്നുവരുമെന്നാണ് ഞാൻ കരുതുന്നത്. പ്രവാസി വോട്ടവകാശം സംബന്ധിച്ച ഈ ഭേദഗതി തീർച്ചയായും വരേണ്ടതാണ്. എല്ലാ പരിഗണനകൾ വച്ചുകൊണ്ടും അക്കാര്യത്തിൽ നാം മാതൃക കാണിക്കേണ്ടതുതന്നെയാണ്. പലപ്പോഴും സർക്കാരിന്റേയും നഗരകാര്യ വകുപ്പിന്റേയും പല പ്രവർത്തനങ്ങളേയും സംശയത്തോടെ നോക്കിക്കാണേണ്ട ഒരു സാഹചര്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും, ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം നൽകുന്ന വകുപ്പിന്റെ ഭാഗത്തുനിന്നും സമീപകാലത്തുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ നഗരകാര്യവകുപ്പാണെങ്കിലും പഞ്ചായത്ത് വകുപ്പാണെങ്കിലും ആസൂത്രണം കൈകാര്യം ചെയ്യുന്ന വകുപ്പാണെങ്കിലുമെല്ലാം അധികാരവികേന്ദ്രീകരണത്തെയും വികേന്ദ്രീകൃത ആസൂത്രണത്തെയും ശക്തിപ്പെടുത്താനും അതുവഴി നമ്മുടെ നാടിന്റെ വികസനത്തെയും പുരോഗതിയെയും മുന്നോട്ടുനയിക്കാൻ പര്യാപ്തമാകുന്ന നടപടികളാണുണ്ടാകേണ്ടത്. പക്ഷേ ദൗർഭാഗ്യവശാൽ ഇപ്പോൾ സംഭവിച്ചു കൊണ്ടിരിക്കുന്നത് തിരിച്ചാണ്. അത് ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അറിഞ്ഞു കൊണ്ടുതന്നെയാണോ ; ഗവൺമെന്റിന്റെ പൊതുവായ നയത്തിന്റെ ഭാഗമായിട്ടാണോ ; ഉദ്യോഗസ്ഥരുടെ ഇടപെടൽ കൊണ്ടാണോ എന്നുള്ളത് അങ്ങ് മറുപടി പറയുമ്പോൾ വ്യക്തമാക്കേണ്ടതാണ്. ജനാധിപത്യവ്യവസ്ഥയിലുള്ള ഒരു ഗവൺമെന്റ്, രാഷ്ട്രീയമായ കാര്യങ്ങളിൽ നയരൂപീകരണം നടത്തുന്ന ഒരു ഗവൺമെന്റ്, എല്ലാ അധികാരവുമുള്ള ഒരു ഗവൺമെന്റ്, ആ ഗവൺമെന്റ് അറിയാതെയാണ്, ബന്ധപ്പെട്ട വകുപ്പ് അറിയാതെയാണ് ഇക്കാര്യങ്ങളൊക്കെ നടക്കുന്നതെന്ന് കരുതാനാവില്ല. യഥാർത്ഥത്തിൽ ഭരണ ഘടനാവിരുദ്ധമായ നടപടിപോലും അങ്ങയുടെ വകുപ്പിൽനിന്നും ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ ദിവസങ്ങളിൽ പത്രമാധ്യമങ്ങളിലൊക്കെ സജീവമാകുകയും വിവാദമാകുകയും ചർച്ച ചെയ്തിട്ടുള്ളതുമായ ഒരു പ്രധാനപ്പെട്ട

പ്രശ്നമാണ് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്. അതുസംബന്ധിച്ച് മന്ത്രിസഭയ്ക്കകത്തുപോലും വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായിട്ടുണ്ടെന്നാണ് പത്രവാർത്തകളിൽ വന്നിട്ടുള്ളത്. ആരുടെ മനോമുകുരത്തിൽ നിന്നാണ് ഇതുപോലെ ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായിട്ടുള്ള ആശയം ആവിർഭവിച്ചതെന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. ഭരണഘടനയുടെ 74-ാം ഭേദഗതി അനുസരിച്ചാണ് ത്രിതല പഞ്ചായത്ത് സംവിധാനം, അധികാരവികേന്ദ്രീകരണത്തിന്റെ അർത്ഥവത്തായിട്ടുള്ള വികാസം, വികേന്ദ്രീകൃത ആസൂത്രണപ്രക്രിയ ശക്തിപ്പെടൽ ഇതൊക്കെ ഇവിടെയുണ്ടായത്. മൗലികമായി അക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ലാതിരുന്ന ഒരു കാര്യമാണ്. പക്ഷേ പ്രയോഗത്തിൽ വരുന്ന സമയത്ത് പലപ്പോഴും സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങളൊക്കെ വരുമ്പോൾ ഇതിന് കടകവിരുദ്ധമായിട്ടുള്ള പ്രവർത്തനങ്ങൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്, ഇപ്പോൾ അങ്ങ് മന്ത്രിയായ കാലത്തല്ല, കാലാകാലങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നു. അത് ഇപ്പോഴും സംഭവിക്കുകയാണ്. കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് ചർച്ചയ്ക്ക് വരുന്ന സമയത്ത് അതിന്റെ വിശദാംശങ്ങൾ പറയാം. പ്രവാസി വോട്ടവകാശത്തെ എതിർക്കേണ്ട കാര്യമില്ല. അതിൽ ഒരുപാട് അഭിപ്രായവ്യത്യാസങ്ങൾ പറയാനില്ല. ഇവിടെ നഗരകാര്യ വകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ജനാധിപത്യവിരുദ്ധമായ ഓർഡിനൻസ് നിയമമാക്കാൻ തയ്യാറാകുന്നു എന്നാണ് അങ്ങ് പറഞ്ഞതിൽനിന്നും മനസ്സിലാകുന്നത്. അതിനകത്ത് അതിന്റെയൊരു ഘടന വന്നിട്ടില്ല. അടിയന്തര സാഹചര്യത്തിലാണ് ഓർഡിനൻസ് സാധാരണ വരേണ്ടത്. സാധാരണ രണ്ടു സഭകൾ സമ്മേളിക്കുന്നതിനിടയിലുള്ള ഒരു കാലയളവിൽ വളരെ അടിയന്തരമായി ചെയ്യുന്ന ഒരു കാര്യമാണ്. ഒരു ഭരണഘടനാ ഭേദഗതിയിലൂടെ ശക്തമാക്കപ്പെട്ട നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതിന്റെ അധികാരവികേന്ദ്രീകരണവുമുൾപ്പെടെയുള്ള ഒരു സംവിധാനത്തെ കൂടുതൽ ഫലവത്താക്കാൻ സഹായിക്കുന്നതാണെങ്കിൽ അതാവശ്യമായിട്ടുള്ള ആലോചനയും ആശയവിനിയമവും നടത്തി ചെയ്യേണ്ട ഒരു കാര്യമാണ്. അതൊന്നും ചെയ്യാതെ ഓർഡിനൻസ് പുതുക്കിക്കൊണ്ടേയിരിക്കുന്നു. ഓർഡിനൻസ് നിലനിൽക്കുന്നു. എന്താണെന്ന് അറിയില്ല പത്രങ്ങളിലൊക്കെ പല വാർത്തകൾ വരുന്നുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തെ പ്രാദേശിക ആസൂത്രണത്തെ പരസ്പര വിരുദ്ധമാക്കുന്ന, സംസ്ഥാന വികസന കൗൺസിലിനെത്തന്നെ പ്രവർത്തന രഹിതമാക്കുന്ന നടപടി ഇതിന്റെ ഭാഗമായി ഇവിടെ നടക്കുകയാണ്. അത്

വികേന്ദ്രീകരണ ആസൂത്രണത്തിന്റെ അന്തഃസത്ത തകർക്കുന്നതാണ്. നമ്മുടെ ആസൂത്രണ പ്രക്രിയ മുഴുവൻ നഗരാസൂത്രണ വകുപ്പിനെ മാത്രം ആസ്പദമാക്കിക്കൊണ്ട് നടക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ കൊണ്ടുചെന്നെത്തിക്കുകയാണ്. 74-ാം ഭരണഘടനാ ഭേദഗതിയിലൂടെ രൂപം കൊണ്ടിട്ടുള്ള ജില്ലാ വികസന സമിതിയെയും വികസന കൗൺസിലിനെയും അപ്രസക്തമാക്കുന്ന നിർദ്ദേശങ്ങൾ ഈ ഓർഡിനൻസിന്റെ ഭാഗമായി ഇവിടെ വന്നിരിക്കുന്നു. ജില്ലാ വികസന കൗൺസിലുകൾ നന്നായി പ്രവർത്തിച്ചുവരുകയും അതിന്റെ നേട്ടങ്ങൾ നമുക്ക് ലഭിച്ചിട്ടുള്ളതുമാണ്. ത്രിതല പഞ്ചായത്തുകളും നഗരപാലികാ സ്ഥാപനങ്ങളും തയ്യാറാക്കുന്ന പദ്ധതികളെ സംയോജിപ്പിക്കാൻ, ജില്ലയിലെ വികസന പദ്ധതികൾക്കുള്ള കരട് തയ്യാറാക്കുന്നതിന് രൂപം കൊടുത്തിട്ടുള്ള ജില്ലാ വികസന സമിതിയെയും ആസൂത്രണ സമിതിയെയും ഇല്ലാതാക്കുന്ന നിലയിലേക്ക് കാര്യങ്ങൾ വരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നുപറഞ്ഞാൽത്തന്നെ സ്വയംഭരണ സ്ഥാപനങ്ങളാണ്. ആ സ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്ന വകുപ്പിനുമുകളിൽ മറ്റൊരു ഡിപ്പാർട്ടുമെന്റിനെ പ്രതിഷ്ഠിക്കുന്ന സമീപനം ഇതിന്റെ ഭാഗമായി വരികയാണ്. ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പുതന്നെ തലയും വാലുമില്ലാതെ മൂന്നായി വിഭജിച്ച് പലരുടെ കയ്യിലായി. പഞ്ചായത്തുവകുപ്പുമന്ത്രി ഒരിക്കൽ പറയുന്നത് കേട്ടു. ഞാൻ പഞ്ചായത്തുവകുപ്പുമന്ത്രി, ബ്രായ്ക്കറ്റിൽ ഏതൊക്കെ അധികാരങ്ങളില്ലാത്ത മന്ത്രി എന്ന് അദ്ദേഹം പറഞ്ഞു. ഇല്ലാത്ത അധികാരങ്ങൾ ബ്രായ്ക്കറ്റിൽ കൊടുത്താൽ അതിനെക്കാൾ ഏറെയുണ്ടാകും. ഈയൊരവസ്ഥ ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാടില്ലായ്മയെയാണ് സൂചിപ്പിക്കുന്നത്. നിങ്ങളിൽ ആരെങ്കിലും ഒരാൾ ഈ വകുപ്പുകളെല്ലാം ചേർത്ത് കൈകാര്യം ചെയ്തുകഴിഞ്ഞാൽ ഗുണമുണ്ടാകും. അതിനുപകരം നേരത്തേ വകുപ്പുകൾ വീതം വച്ചതിന്റെ ഭാഗമായിട്ടുള്ള പല വിദണ്ഡവാദങ്ങളും നടപടികളും കൊണ്ടുവരികയാണ്. ഈയൊരു പൊതുസമീപനമുള്ളതുകൊണ്ട് പഞ്ചായത്ത് വകുപ്പാകട്ടെ, നഗരകാര്യ വകുപ്പാകട്ടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനാധിപത്യ പ്രക്രിയയിൽ അവരുടെ വികസനം ശക്തിപ്പെടുത്താനുതകുന്ന നടപടികൾ ഉണ്ടാകുന്നില്ലെന്നുമാത്രമല്ല ഉള്ളതുമുഴുവൻ കുളമാക്കിക്കൊണ്ടിരിക്കുകയുമാണ്. അതിന് ഞാൻ ഒരു ഉദാഹരണം പറയാം, നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് തന്നെ നേതൃത്വം കൊടുത്തിട്ടുള്ളതാണ്. അതിന് ഐ.കെ.എം.-നെ ചുമതലപ്പെടുത്തി. ആ ഒരു പ്രക്രിയ ആരംഭിച്ചിട്ട് കുറേക്കാലമായി. അത് എവിടെയുംചെന്ന് അവസാനിക്കുന്നില്ല. അവിരാമം തുടരുകയാണ്. ഇപ്പോൾ

ഐ.കെ.എം.-ന് നാഥനില്ലാത്ത അവസ്ഥ ആണെന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുക്കാൻ പിടിക്കുന്ന ഭരണാധികാരികളൊക്കെ പറയുന്നത്. ഇക്കാര്യത്തിനകത്ത് ഗവൺമെന്റ് എന്തെങ്കിലും കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ ; നാഥനും നേതൃത്വവുമില്ല, ഒന്നും ശ്രദ്ധിക്കാൻ ആളില്ല എന്നൊരവസ്ഥയാണ്. നിങ്ങളുടെ ആഭ്യന്തര സംഘർഷങ്ങളും തമ്മിലടിയുമൊക്കെ നടക്കുന്നതിനിടയിൽ ഇതൊന്നും നോക്കാൻ ആർക്കും നേരമില്ലാത്ത സാഹചര്യമാണുള്ളത്. മറ്റൊന്ന് പ്ലാൻ ഫണ്ടിന്റെ വിനിയോഗം വളരെ ദുഷ്കരമാക്കുന്ന ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുകയാണ്. നേരത്തേ പ്ലാൻ ഫണ്ടെല്ലാം ലോക്കൽ ബോഡീസിന്റെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. അത് ട്രഷറിയിലാണെങ്കിൽ പോലും അവരുടെ അക്കൗണ്ടായിരുന്നു. അതുകൊണ്ട് പദ്ധതിപ്രവർത്തനങ്ങൾ പൂർത്തിയാക്കുമ്പോൾ ബിൽ കൊടുത്ത് ആ പണം അവർക്ക് എൻക്യാഷ് ചെയ്യാവുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. നല്ല നേതൃത്വശേഷിയുള്ളവരും ഭാവനാസമ്പന്നരുമായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണാധികാരികൾക്ക് അവരുടെ ഭരണം നന്നായി മുമ്പോട്ടുകൊണ്ടുപോകാനുള്ള സാഹചര്യം ഇവിടെയുണ്ടായിരുന്നു. ഈ ഗവൺമെന്റ്, ആ സാഹചര്യം ഒരു ഉത്തരവിലൂടെ ഇല്ലാതാക്കി. ഇപ്പോൾ മറ്റെല്ലാ വകുപ്പുകളും, പി.ഡബ്ല്യു.ഡി. വകുപ്പ് ഒരു പ്രവൃത്തി പൂർത്തിയാക്കി ട്രഷറിയിൽ ബിൽ സബ്മിറ്റ് ചെയ്ത് പണം വാങ്ങുന്നതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവിടെനിന്നും പണം വാങ്ങേണ്ട ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് സംഭവിക്കുന്നത് എന്താണെന്നുവച്ചാൽ ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം ട്രഷറിയിൽ പണമില്ലാതെ വരുമ്പോൾ ഇവരുടെ പ്രവൃത്തി പൂർത്തിയാക്കി കരാറുകാർക്ക് പണം കൊടുക്കുന്നതിനുവേണ്ടി കാത്തുകിടക്കേണ്ട അവസ്ഥയാണ്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഇപ്പോൾ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. അത് ഈ അധികാരവികേന്ദ്രീകരണത്തിന്റെ താൽപ്പര്യങ്ങളെ ഹനിക്കുന്ന ഈ ഗവൺമെന്റിന്റെ നയമൊന്നുകൊണ്ടുമാത്രമാണെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രി തിരിച്ചറിഞ്ഞ് ഇത് പുനഃപരിശോധിക്കാൻ തയ്യാറാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനം ഉറപ്പുവരുത്തുന്ന നിലയിൽ പ്ലാൻ ഫണ്ടിന്റെയൊക്കെ 40 ശതമാനം നമ്മൾ കൊടുത്തുകൊണ്ടിരുന്നല്ലോ ; അത് സ്വതന്ത്രമായ നിലയിൽ ധനവിനിയോഗം നടത്താനുള്ള സാഹചര്യമുണ്ടാക്കാൻ തയ്യാറാകണം. അല്ലെങ്കിൽ ഈ സർക്കാരിന് പിടിച്ച രോഗം ഒരു പകർച്ചവ്യാധിപോലെ ലോക്കൽ സെൽഫ് ഗവൺമെന്റുകളേയും

ബാധിക്കുന്നതിനാണ് ഇടയാക്കുക. നിങ്ങൾക്ക് മഹാരോഗം പിടിപെട്ടിരിക്കുകയാണ്. അതാണ് സാമ്പത്തിക പ്രതിസന്ധി. ആ സാമ്പത്തിക പ്രതിസന്ധി എന്ന മഹാരോഗത്തിന്റെ രോഗാണുക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബാധിക്കുകയും അവരെ രോഗാതുരരാക്കുകയും ചെയ്യുന്നതിനുമാത്രമേ നിങ്ങളുടെ ഈ നിലപാട് കൊണ്ട് സാധിക്കുകയുള്ളൂ. ഓരോ മാസവും പത്താം തീയതി വരെ ഒരു ബില്ലും സബ്മിറ്റ് ചെയ്യാൻ പാടില്ലെന്ന് പറഞ്ഞിരിക്കുകയാണ്. അതിന് എവിടെയും രേഖ കാണില്ല. ഗവൺമെന്റിന്റെ ഡയറക്ഷനനുസരിച്ച് പത്താം തീയതിവരെ ഒരു ബില്ലും കൊണ്ട് വരേണ്ടെന്നാണ് ട്രഷറിയിൽനിന്ന് പഞ്ചായത്തുകളോടും മുനിസിപ്പാലിറ്റികളോടും കോർപ്പറേഷനുകളോടും പറയുന്നത്. അപ്പോൾ അതുവരെയുള്ള പ്രവർത്തനങ്ങൾ സ്തംഭിക്കുകയാണ്. പിന്നീട് ചെന്നാൽത്തന്നെ അവിടെ കാത്തുകിടക്കണം. കഴിഞ്ഞ വർഷം മാർച്ച് മാസാവസാനം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണാധികാരികളും, മേയർമാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുമൊക്കെ ട്രഷറിയിൽപോയി രാത്രി 12 മണിവരെ സത്യാഗ്രഹമിരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. അത് ഈ വകുപ്പിന്റെ മാത്രം പ്രശ്നമല്ല, ധനകാര്യ വകുപ്പിന്റെയും ഗവൺമെന്റിന്റെയും പൊതുവായിട്ടുള്ള പ്രശ്നമാണ്. ഇതിന്റെ ഭാഗമായി കൈക്കൊള്ളുന്ന ഓരോ നടപടിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു ദിവസം മാറാവുന്ന പരമാവധി തുക നിശ്ചയിച്ചിട്ടുണ്ട്. എല്ലാ ദിവസവും ഇത്രയും തുക മാറിക്കൊടുത്താൽപോലും അവർക്കനുവദിച്ച പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കില്ല. ഇങ്ങനെയുള്ള സീലിംഗ്, നിബന്ധനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കഴുത്ത് ഞെരിച്ചുകൊല്ലുന്ന നിലയിലുള്ള നിലപാടുകൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. സാമ്പത്തിക പ്രതിസന്ധിയില്ല, വൈഷമ്യമേയുള്ളൂവെന്നാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ അതിന്റെ ഭാഗമായി കൈക്കൊള്ളുന്ന കടുത്ത നടപടി ഭരണ-പ്രതിപക്ഷ ഭേദമന്യേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്, മാർച്ച് 31-നുശേഷം സ്പിൽ ഓവർ കൊടുക്കുന്ന കാര്യത്തിൽ വിരുദ്ധമായ ഓർഡറാണ് വന്നിരിക്കുന്നത്. ഒക്ടോബർ 31 വരെയുള്ളത് നിർത്തി, മാർച്ച് 31-ന് ശേഷമുള്ളതിനും അതേ അവസ്ഥ തന്നെയാണ്. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽനിന്ന് പലപ്പോഴും പണം കൊടുക്കേണ്ടി വരുന്നു. അത് സ്വാഭാവികമായി നടക്കേണ്ട വികസന പ്രവർത്തനങ്ങളെ വീണ്ടും തടസ്സപ്പെടുത്തുന്നു. ഈ നിലയിലുള്ള

സമീപനമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. തലയിൽ ആൾതാമസം ഇല്ലാത്ത നിലയിൽ ഇതിന്റെ വകുപ്പിനെ നയിക്കുന്ന ആൾക്കാരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന നടപടികളുടെ ഭാഗമായി വലിയ ദുരന്തങ്ങളാണ് വരുത്തി വച്ചിരിക്കുന്നത്. പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന കാര്യത്തിൽ ഇത്തരത്തിലുള്ള സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നത് എന്തിനാണെന്നറിയില്ല. 2014-15 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഇ-ടെണ്ടറിലൂടെ മാത്രമേ ചെയ്യാവൂ എന്നൊരു ഉത്തരവ് ഇറക്കി. തീർച്ചയായും നല്ലൊരു കാര്യമാണ്. ടെണ്ടറിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനാൽ ഇ-ടെണ്ടറിനുവേണ്ടി നിൽക്കുന്നവരാണ് ഞങ്ങൾ. പക്ഷേ, അതിനാവശ്യമായ എല്ലാ തയ്യാറെടുപ്പുകളും നടത്തിയിട്ടുവേണം അതൊക്കെ ചെയ്യേണ്ടത്. നിങ്ങളുടെ ആക്ടിൽ പറയുന്നത് മാന്വൽ ടെണ്ടറാണ്. ആക്ടിൽ മാന്വൽ ടെണ്ടറെന്ന് പറയുകയും ഇ-ടെണ്ടറെന്ന് പറഞ്ഞ് ഉത്തരവിറക്കുകയും ചെയ്തുകഴിഞ്ഞാൽ ആക്ടിന് വിരുദ്ധമായി ഏതെങ്കിലും ഉത്തരവ് നിലനിൽക്കുമോ ? കരാറുകാർ ഇതും പറഞ്ഞ് കോടതിയിൽപ്പോയി. അതിനിടയിൽ ഗവൺമെന്റ് കോ-ഓർഡിനേഷൻ കമ്മിറ്റി മാന്വൽ ടെണ്ടറാകാമെന്ന് തീരുമാനിച്ചു. കരാറുകാർ കോടതിയിൽ പോയപ്പോൾ കോടതി പറഞ്ഞത് ഇ-ടെണ്ടറുമാകാം മാന്വൽ ടെണ്ടറുമാകാം, രണ്ടും നടത്താൻ പറഞ്ഞു. ഒരു ടെണ്ടർതന്നെ നടത്താനാവശ്യമായ ഉദ്യോഗസ്ഥർ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലില്ല. അപ്പോൾ ഈ രണ്ട് ടെണ്ടറും നടത്തുകയാണെങ്കിൽ അധികഭാരമാകില്ലേ ; അതിനാവശ്യമായ ഉദ്യോഗസ്ഥരെ നിങ്ങൾ കൊടുക്കുമോ ; ആലോചനയില്ലാതെ, വരുംവരായ്കകൾ നോക്കാതെ ഇത്തരത്തിൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സങ്കീർണ്ണതകൾ, പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജോലിഭാരം വർദ്ധിപ്പിക്കുകയും അവർക്ക് പ്രതിസന്ധികളുണ്ടാക്കുകയും ചെയ്യുന്നു. ഇതെല്ലാം ഗവൺമെന്റിന്റേയും വകുപ്പിന്റേയും പിടിപ്പുകേടുകൊണ്ട് സംഭവിക്കുന്നതാണ്. അടിസ്ഥാനപരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ദുർബ്ബലമാക്കുക, അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കുക, വികേന്ദ്രീകൃത ആസൂത്രണം തകർത്ത് തരിപ്പണമാക്കുക എന്നൊരു സമീപനത്തിന്റെ ഭാഗമായാണ് ഇതുപോലുള്ള വിചിത്രമായ നടപടികൾ ഈ വകുപ്പിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്നതെന്നാണ് ഞാനിവിടെ ഉന്നയിക്കുന്നത്. ഇങ്ങനെയൊരു നിയമ ഭേദഗതിയൊക്കെ കൊണ്ടുവരുന്ന സമയത്തുമാത്രമേ ഇതൊക്കെ പറയാനും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും കഴിയുകയുള്ളൂ. തിരുത്താൻവേണ്ടിയാണ് ഞാനിതൊക്കെ പറയുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

മി. ചെയർമാൻ : അങ്ങ് ബില്ലിന്റെ ചർച്ചകളിൽ മിന്നിത്തിളങ്ങിയ ആളാണ്. സമയമില്ലാത്തതുകൊണ്ട് പറയുകയാണ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പ്രദീപ്കുമാർ : ഞാൻ അധികം സമയമെടുക്കില്ല. ഞാൻ കോഴിക്കോട് നഗരത്തിൽനിന്നുള്ള ഒരു എം.എൽ.എ. ആണ്. കോഴിക്കോട് കോർപ്പറേഷനാണ് എന്റെ തദ്ദേശസ്വയംഭരണ സ്ഥാപനം. അവർ അനുഭവിക്കുന്ന ചില പ്രശ്നങ്ങളുംകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്, ഇത്തരമൊരു സന്ദർഭമല്ലാതെ ഇതൊക്കെ പറയാൻ വേറൊരു അവസരവും ഞങ്ങൾക്ക് കിട്ടുന്നില്ല, ജനങ്ങൾ തെരഞ്ഞെടുത്ത് വിടുന്ന ഞങ്ങൾക്ക് ഒരു കോളിംഗ് അറ്റൻഷനോ മറ്റെന്തെങ്കിലുമോ കൊണ്ടുവരാൻ പറ്റുന്നില്ല.

മി. ചെയർമാൻ : അതുകൂടി പറഞ്ഞ് അവസാനിപ്പിക്കേണ്ടതാണ്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, പെൻഷൻ കുടിശ്ശികയായി ഞങ്ങളുടെ കോർപ്പറേഷന് 36 കോടി രൂപയാണ് ഈ ഗവൺമെന്റ് തരാനുള്ളത്. ഒന്നും തരുന്നില്ല. ആറരക്കോടി രൂപ അവരുടെ സ്വന്തം ഫണ്ടിൽനിന്ന് കൊടുക്കേണ്ട സാഹചര്യംവന്നു. അത് ആ കോർപ്പറേഷന്റെ പ്രവർത്തനത്തെ ബുദ്ധിമുട്ടിക്കുന്നതാണ്. അക്കാര്യത്തിൽ യതൊരു നടപടിയുമില്ല. അതുപോലെ തെരുവ് വിളക്ക് കത്തിക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് കൈക്കൊണ്ട നടപടി നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അങ്ങേയറ്റം ബുദ്ധിമുട്ടിക്കുന്നതാണ്. നേരത്തെ തെരുവ് വിളക്ക് കത്തിക്കുന്നതിനുള്ള സാധനങ്ങൾ വാങ്ങിച്ചുകൊടുത്താൽ മതിയായിരുന്നു. ബാക്കിയെല്ലാം ഇലക്ട്രിസിറ്റി ബോർഡ് ചെയ്യും. അവർക്കാണ് അതിനുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും മനുഷ്യവിഭവശേഷിയുമൊക്കെയുള്ളത്. പക്ഷേ, ഇവിടെ എന്താണ് സംഭവിച്ചത് ; ഗവൺമെന്റും മന്ത്രിയുമൊക്കെ അതിൽ ഇടപെട്ടുവെന്നാണ് എനിക്ക് തോന്നുന്നത്. എന്നിട്ടും അതിനൊരു ഫലമുണ്ടായില്ല. ഇപ്പോൾ സാധനങ്ങൾ വാങ്ങിക്കൊടുക്കുന്നതുകൂടാതെ അതിന്റെ ലേബർ ചാർജ്ജ് കൂടി കെ.എസ്.ഇ.ബി.-ക്ക് നൽകണം. അങ്ങനെ ചെയ്താലും കെ.എസ്.ഇ.ബി. സമയത്തിന് ചെയ്തുതരുന്നതുമില്ല. അതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യവും ഈ ഗവൺമെന്റിന്റെ നിലപാടിനെ തുടർന്നുണ്ടായതാണ്. ഓരോ കാര്യത്തിലും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്ന നിലപാടുകൾ ഗവൺമെന്റിൽനിന്ന് വരുന്നത് അവസാനിപ്പിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വതന്ത്രമായി പ്രവർത്തിപ്പിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, തെരുവ് വിളക്ക് കത്തിക്കുന്നതിനെ കുറിച്ചാണല്ലോ ഇവിടെ പറയുന്നത്. സാധാരണഗതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ക്വട്ടേഷൻ വിളിച്ചോ അല്ലെങ്കിൽ ടെണ്ടർ വിളിച്ചോ ഏറ്റവും വില കുറഞ്ഞ സാധനങ്ങൾ വാങ്ങാനുള്ള അവകാശമുണ്ടായിരുന്നു. എന്നാലിപ്പോൾ പഴയകാലത്തുണ്ടാക്കിയ ക്ര എന്നുപറയുന്ന സ്ഥാപനം കൊടുക്കുന്ന സാധനങ്ങൾ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കാവൂ. അവരുടെ സാധനങ്ങളാണെങ്കിൽ സാധാരണ മാർക്കറ്റിലുള്ളതിനേക്കാൾ ഇരട്ടിയോളം വിലയുള്ളതും ക്വാളിറ്റിയില്ലാത്തതുമാണ്. ആ സാധനങ്ങൾ നിർബന്ധമായും പഞ്ചായത്തുകൾ വാങ്ങണമെന്നുള്ള നിർബന്ധബുദ്ധി ഈ ഗവൺമെന്റിന്റെ കാലത്ത് വന്നിട്ടുണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. പ്രദീപ്കുമാർ : സർ, അതുൾപ്പടെയുള്ള കാര്യങ്ങളാണ് ഞാൻ സൂചിപ്പിച്ചത്. ഓരോന്നായി എടുത്ത് പറഞ്ഞില്ലെന്നേയുള്ളൂ. പൊതുവേ ഇത്തരത്തിലുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാവുകയാണ്. ഇത് യാദൃശ്ചിക മായിട്ടല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജില്ലാ ആസൂത്രണ സമിതിയെയും ജില്ലാ വികസന സമിതിയെയും സംസ്ഥാന വികസന കൗൺസിലിനെയുമെല്ലാം ദുർബ്ബലമാക്കുന്ന ഒരു ഓർഡിനൻസ് കൊണ്ടുവരുന്നതിന് ഈ ഡിപ്പാർട്ടുമെന്റും ഗവൺമെന്റും സന്നദ്ധമാകുന്നുവെന്ന് പറയുന്നത് നിസ്സാരമായ കാര്യമല്ല. അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കുന്ന നടപടിയാണിത്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കേന്ദ്ര ആസൂത്രണ കമ്മീഷൻ തന്നെ വേണ്ടെന്നുവച്ചു, അനുവദിക്കുന്ന പ്രശ്നമില്ലെന്ന് വലിയ വാശിയോടെ പറഞ്ഞിരിക്കുകയാണ്. ആസൂത്രണ കമ്മീഷൻ എന്നത് ജനങ്ങൾ ദൈനംദിനം ഇടപെടുന്ന ഒന്നല്ലാത്തതുകൊണ്ട് ഇല്ലാതായാലും കുഴപ്പമില്ല എല്ലാം ഗവൺമെന്റ് തീരുമാനിച്ചാൽ പോരേയെന്ന് പെട്ടെന്ന് ധരിക്കും. യഥാർത്ഥത്തിൽ ഇൻഡ്യൻ ജനാധിപത്യത്തിന്റെ അടിത്തറ തകർക്കുന്ന ഒരു പ്രക്രിയയ്ക്കാണ് ശ്രീ. നരേന്ദ്ര മോദി ഇപ്പോൾ നേതൃത്വം കൊടുത്തിരിക്കുന്നത്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്......

ശ്രീ. എ. പ്രദീപ്കുമാർ : സർ, അതിൽനിന്ന് എന്ത് വ്യത്യാസമാണ് ഇവിടെയുള്ളത്; നിങ്ങൾ ആസൂത്രണ കമ്മീഷന്റെ മാർഗ്ഗരേഖ മുക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ് ആവിഷ്ക്കരിച്ച മാർഗ്ഗരേഖ ആസൂത്രണ ബോർഡിനെ നിർവ്വീര്യമാക്കാൻ നിങ്ങളുടെ ഡിപ്പാർട്ടുമെന്റ് മുക്കുകയാണ്. സംസ്ഥാന വികസന കൗൺസിലും ജില്ലാ വികസന സമിതിയും പ്ലാനിംഗ് ബോർഡുമെല്ലാം ദുർബ്ബലമാക്കുകയാണ്. ജനാധിപത്യ വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്......

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഒരു കാര്യംകൂടി, ഞാൻ കോഴിക്കോട് നഗരത്തിൽനിന്ന് വരുന്നതുകൊണ്ട്, കോഴിക്കോട് നഗര ജീവിതവുമായി ബന്ധപ്പെട്ട് ഒരു പ്രശ്നം എനിക്ക് പറയാനുണ്ട്. ഇന്ന് രാവിലെ അതിനെക്കുറിച്ച് ഇവിടെ പരാമർശമുണ്ടായി. അത് ഇന്നലെ കോഴിക്കോട് നഗരത്തിൽ നടന്ന ചുംബന സമരവുമായി ബന്ധപ്പെട്ടാണ്. കിസ് ഓഫ് ലവ് എന്ന് പറയുന്ന ഒരു ഗ്രൂപ്പ്........

മി. ചെയർമാൻ : അതിന് ഈ ബില്ലുമായി ഒരു ബന്ധവുമില്ല. പ്ലീസ് കൺക്ലൂഡ്....

ശ്രീ. എ. പ്രദീപ്കുമാർ : സർ, ബില്ലുമായി ബന്ധപ്പെട്ടതല്ല. ബില്ലുമായി ബന്ധപ്പെട്ടത് ഞാൻ അവസാനിപ്പിച്ചു. ഇന്നലെ നടന്ന ആ വിഷയത്തിൽ ഇന്ന് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി ഇവിടെ സ്വീകരിച്ച നിലപാടിനെ സംബന്ധിച്ചാണ് പറയുന്നത്. കോഴിക്കോട് നഗരത്തിലെ ശാന്തവും സ്വച്ഛന്ദവുമായ ജീവിതാന്തരീക്ഷത്തിന് ഭംഗം വരുത്തുന്ന നടപടികൾ ഇന്നലെ ഹനുമാൻ സേന ഉൾപ്പടെയുള്ള ഹിന്ദു ഫാസിസ്റ്റ് സംഘടനകളുടെ ഭാഗത്തുനിന്നുണ്ടായി. യഥാർത്ഥത്തിൽ അവരെ കടിഞ്ഞാണിടേണ്ടിയിരുന്ന പോലീസ്, കാവിയും കാക്കിയും ഒന്നായാൽ സംഭവിക്കാവുന്ന എല്ലാ അശ്ലീലങ്ങളും കാണിച്ചുകൊണ്ട് അവിടെ അഴിഞ്ഞാടിയ സംഭവമുണ്ടായി. കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ഇന്നലെ ആ സംഭവവുമായി ബന്ധപ്പെട്ട് പറഞ്ഞത്, അവിടെയും ഇവിടെയുമൊക്കെ പോയി ആരെങ്കിലും ചുംബിച്ചാൽ തല്ലുകൊള്ളുമെന്നാണ്. ആഭ്യന്തര മന്ത്രിയുടെ നിലപാട് കാരണമാണ് ഹനുമാൻ സേനയുടെ ആക്രമണത്തെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹത്തിന് ഇങ്ങനെ പറയാനിടവന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി പറഞ്ഞു, സമരത്തിൽ പങ്കെടുത്തവരോടും ഹനുമാൻ സേനയോടും ഒരേ നിലപാടാണ് സ്വീകരിച്ചതെന്ന്. എങ്ങനെയാണ് ഒരു മതനിരപേക്ഷ ഗവൺമെന്റിന് അങ്ങനെയൊരു സമീപനം സ്വീകരിക്കാനായത് ? സമരത്തിന് എന്ത് രൂപം വേണമെന്നുള്ളത് സമരം ചെയ്യുന്നവരാണ് തീരുമാനിക്കുന്നത്. കിസ് ഓഫ് ലവ് എന്ന സംഘടന നേരത്തെ കൊച്ചിയിൽ ഇതുപോലൊരു പ്രതികരണം നടത്തിയിരുന്നു. കോഴിക്കോട് ടൗണിലെ ഡൗൺ ടൗൺ എന്ന ഹോട്ടലിനുനേരെ യുവമോർച്ചക്കാർ നടത്തിയ ആക്രമണത്തിനെ തുടർന്നാണല്ലോ ഇത്തരം ചില പ്രതികരണങ്ങൾ വരുന്നത്. ഏതോ ഒരു യുവാവും യുവതിയും പരസ്പരം ചേർന്നിരിക്കുന്നുവെന്നോ കൈ പിടിച്ചുവെന്നോ പറഞ്ഞിട്ടാണ് ഈ സദാചാരപോലീസുകാർ അന്ന് ആക്രമിച്ചത്. അതിനോടുള്ള സ്വാഭാവിക

പ്രതികരണമെന്ന നിലയിൽ നമ്മുടെ യുവസമൂഹം കൊച്ചിയിലൊരു പ്രതികരണം നടത്തി. നാടിന്റെ പല ഭാഗത്തും അതിന്റെ അലയടികളുണ്ടായി. അതിന്റെ തുടർച്ചയെന്ന നിലയിൽ ഇപ്പോൾ കോഴിക്കോട്ടും അവരുടെ ഒരു പ്രതികരണമുണ്ടായി. അവിടെ ഞാൻ യാതൊരു അശ്ലീലവും കണ്ടില്ല. ഭാര്യയും ഭർത്താവും വന്നിരിക്കുന്നു, അവർ ചുംബിക്കുന്നു. അച്ഛനും മകളുമുണ്ട്, സുഹൃത്തുക്കളുണ്ട്, പെൺകുട്ടികളായ രണ്ടുപേർ പരസ്പരം കവിളിൽ ചുംബിക്കുമ്പോൾ പോലീസ് ഇടപെട്ട് അവരുടെ കഴുത്ത് പിടിച്ച് തിരിച്ചുകളയുകയാണ്. അവർ എന്തുവേണമെങ്കിലും ചെയ്തുകൊള്ളട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇന്നത്തെ കേരള കൗമുദി പത്രത്തിന്റെ പുറകിലെ പേജിൽ ഒരു ഫോട്ടോയുണ്ട്. ലണ്ടനിലെ ഹോട്ടലിൽ മുലയൂട്ടണമെങ്കിൽ തുണികൊണ്ട് മറച്ചുപിടിക്കണമെന്ന നിർദ്ദേശത്തിനെതിരെ അവിടത്തെ ഒരു ഹോട്ടലിന് മുൻപിൽ അമ്മമാർ പരസ്യമായി മുലയൂട്ടി പ്രതിഷേധിക്കുന്നൊരു സമരം തുടങ്ങിയിട്ടുണ്ട്- മുലയൂട്ടൽ സമരം. ഇന്നലെ കോഴിക്കോട് നടന്ന സമരത്തിൽ ആളുകൾ വിളിച്ച മുദ്രാവാക്യം "ചുംബിലാബ് സിന്ദാബാദ്" എന്നായിരുന്നു. "ഇംങ്കിലാബ്" പോയി "ചുംബിലാബ്" എന്നൊരു പുതിയ മുദ്രാവാക്യം ഇന്നലെ കേട്ടിരിക്കുകയാണ്. പ്രതിഷേധത്തിന്റെ ഭാഗമായി നടക്കുന്ന ഇത്തരത്തിലുള്ള സമരങ്ങളെയെല്ലാം നേരിടുന്നതിനായി വാനരസേന, ഹനുമാൻ സേന, ശിവസേന എന്നിങ്ങനെയുള്ള പല സേനകളുമായി നമ്മുടെ നാട് അരാജകത്വത്തിന്റെ അവസ്ഥയിലേക്കെത്തിയിരിക്കുകയാണ്. കോഴിക്കോട് നഗരത്തിൽ ഇന്നലെ നടന്ന സംഭവത്തെ തുടർന്നുണ്ടായിട്ടുള്ള ഈ പ്രശ്നം, അവിടത്തെ എം.എൽ.എ. എന്നുള്ള രീതിയിൽ അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, അത് ശ്രദ്ധിച്ചതുകൊണ്ടും അവിടെനിന്നുള്ള പല പ്രതികരണങ്ങളും നേരിട്ട് അനുഭവിച്ചതുകൊണ്ടും കൂടിയാണ് ബില്ലിന്റെ ചർച്ചയായിട്ടുപോലും ഞാൻ ഈ വിഷയമിവിടെ ഉന്നയിച്ചത്. ഞാൻ നേരിട്ട് അനുഭവിച്ചതല്ല. അടികൊണ്ടവരും അതുപോലെ വിഷമിച്ചവരുമെല്ലാം അവരുടെ പ്രതികരണങ്ങൾ അവിടത്തെ ജനപ്രതിനിധി എന്നുള്ള നിലയിൽ സ്വാഭാവികമായിട്ടും എന്നെ വിളിച്ചു പറയുമല്ലോ, അതുകൊണ്ടാണ് ഈ വിഷയം ഞാനിവിടെ ഉന്നയിക്കുന്നത്. സമരം ചുംബനത്തിന്റെ രീതിയിലോ അതിൽനിന്ന് വ്യത്യസ്ഥമായിട്ടുള്ള രീതിയിലോ എന്നുള്ളത് സമരം ചെയ്യുന്നവർ തീരുമാനിക്കേണ്ടതാണ്. അതിന്റെ സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ചും മറ്റ് വശങ്ങളെ സംബന്ധിച്ചും കേരള സമൂഹവും, ധൈഷണിക രംഗത്ത് പ്രവർത്തിക്കുന്നവരുമെല്ലാം വലിയ സംവാദം നടത്തട്ടെ. പക്ഷേ ഇത്തരത്തിൽ സമരം നടത്തുന്നവരെ ആക്രമിക്കാനും ഇവിടെ നീതി നടപ്പാക്കാനും

ഹനുമാൻ സേനയും ശിവസേനയുമെല്ലാം ആരാണ് ? ഇവിടത്തെ പോലീസും ഗവൺമെന്റും സ്വീകരിക്കുന്ന നിലപാടാണ് യഥാർത്ഥത്തിൽ അതിനിടനൽകിയത്. പോലീസാണ് ഇവരെ സംരക്ഷിക്കുന്നത്. ഇന്നലെ അവരുടെ പേരിൽ നടപടി സ്വീകരിച്ചില്ല. പ്രതിഷേധമുയർന്നപ്പോൾ പിന്നീട് ഏതോ ഹനുമാൻ സേനക്കാരനെ അറസ്റ്റുചെയ്തുവെന്ന് പറയുന്നു. എന്തുകൊണ്ടാണ് പോലീസ് കമ്മീഷണറുടെ നിലപാട് ഇങ്ങനെ വന്നത് ? ആരെങ്കിലും അവരുടെ സ്വാതന്ത്ര്യം ഉപയോഗിച്ച് ചുംബിച്ചുകൊണ്ട് പ്രതിഷേധം പ്രകടിപ്പിച്ചാൽ അവരെ തല്ലുമെന്ന ശിവസേനക്കാരന്റെയും ഹനുമാൻ സേനക്കാരന്റെയും നിലപാടിന് ശക്തിപകരുന്ന നിലയിൽ സിറ്റി പോലീസ് കമ്മീഷണർ എടുത്ത നിലപാടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് അഭിപ്രായമെന്ന് എനിക്കറിയില്ല. ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത് രണ്ടുപേരും ഒരുപോലെ കുറ്റക്കാരാണെന്നാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പണ്ട് കെ.എസ്.യു. പ്രസിഡന്റായിരുന്ന കാലത്ത് മോസ്കോയിൽവച്ചുനടന്ന ലോക യുവജനോത്സവത്തിന് പോയിരുന്നു.

മി. ചെയർമാൻ : ശ്രീ. എ. പ്രദീപ് കുമാർ, പ്ലീസ് കൺക്ലൂഡ്. ഇതിന് ഈ ബില്ലുമായിട്ട് യാതൊരു ബന്ധവുമില്ല. ഇപ്പോൾ 27 മിനിട്ടായി.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഇവിടെനിന്നുള്ള കെ.എസ്.യു.-ക്കാർ മോസ്കോയിൽ ചെന്ന് സ്ത്രീകളോട് അപമര്യാദയായി പെരുമാറിയതിന്റെ പേരിൽ അവരെ പരിശീലനം ലഭിച്ച നായ പിടിച്ച സംഭവം അന്ന് പത്രങ്ങളിൽ വാർത്തയായിരുന്നു. മോസ്കോയിൽ യുവജനോത്സവത്തിന് പങ്കെടുക്കാൻ ചെന്ന കെ.എസ്.യു.-ക്കാരെ പേടിച്ച് പെൺകുട്ടികൾ മാത്രമല്ല ആ കലോത്സവം നടന്ന ദിവസങ്ങളിൽ പെൺവർഗ്ഗത്തിൽപ്പെട്ട പട്ടിയും പൂച്ചയും കാക്കയുമൊന്നും പുറത്തിറങ്ങിയില്ലെന്ന് കേരളത്തിലെ ഒരു പ്രമുഖ പത്രം അന്ന് മുഖപ്രസംഗം എഴുതിയിട്ടുണ്ട്. അത്തരം കാര്യങ്ങൾക്കെതിരെയാണ് പോലീസ് ആക്ട് ചെയ്യേണ്ടത്. അല്ലാതെ ഓരോരുത്തരും അവരവരുടെ സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ട് നടത്തുന്ന.....

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പ്രദീപ്കുമാർ വളരെ ഗൗരവമുള്ള ചില വിഷയങ്ങളാണ് ഇവിടെ ഉന്നയിച്ചത്. ചുംബന സമരമെന്ന് പറയുന്നത് കേവലമൊരു സമരമെന്നതിനേക്കാൾ ഉപരിയായി ............

മി. ചെയർമാൻ : ശ്രീ. വി. എസ്. സുനിൽ കുമാർ, ഇത് ഈ വിഷയവുമായി ഒരു ബന്ധവുമില്ലാത്തതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സഭയിൽ പല കാര്യങ്ങളും ചർച്ച ചെയ്യേണ്ടി വരികയില്ലേ ; അദ്ദേഹം വഴങ്ങിയതുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. അങ്ങ് എന്നെ സംരക്ഷിക്കേണ്ട ആളാണ്. സദാചാര പോലീസിംഗിനും ഫാസിസത്തിനും എതിരായ സമരം കൂടിയാണിത്. അതിന്റെ പേരിൽ ഹനുമാൻ സേനയും ശിവസേനയും ചേർന്നുകൊണ്ട് ഇന്നലെ ഒരു പെൺകുട്ടിയുടെ വസ്ത്രം വലിച്ചുകീറുന്നതുപോലും ടെലിവിഷൻ ചാനലിൽ കാണുകയുണ്ടായി. സമരം നടത്തിയവരോടും സമരത്തിനെ എതിർത്തവരോടും ഒരേ സമീപനമാണെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. എങ്ങനെയാണ് ഒരേ സമീപനമാവുക ? പ്രതിഷേധ സമരം വഴിവിട്ടു കഴിഞ്ഞാൽ അതിനെ നേരിടേണ്ടത് പോലീസാണ്. അതിനുപകരം പ്രതിഷേധിക്കുന്ന സ്ത്രീകളെ അടക്കം പരസ്യമായി തെരുവിൽവച്ച് വലിച്ചുകീറുന്ന ഒരു സംഭവമുണ്ടായിട്ട് അവർക്കെതിരെ കേസെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. പി. മുഹമ്മദ്)

മി. ചെയർമാൻ : ശ്രീ. എ. പ്രദീപ്കുമാർ, ഇത് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ അവസാനിപ്പിക്കാം. ഈ ഗവൺമെന്റിന്റെ നിലപാടിനെ സംബന്ധിച്ച് ഈയൊരു സന്ദർഭത്തിലേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. എനിക്കിവിടെ ശ്രദ്ധ ക്ഷണിക്കലോ സബ്മിഷനോ അനുവദിച്ചിട്ടില്ല. അതുകൊണ്ട് എനിക്കിതിവിടെ പറയണം. ചെയറിനെ ബഹുമാനിച്ചുകൊണ്ട് ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. ചുംബന സമരമോ, അതുപോലെ ജനങ്ങൾ സ്വയം വികസിപ്പിക്കുന്ന സമര രീതിയോ സംബന്ധിച്ചുള്ള കാര്യങ്ങളൊക്കെത്തന്നെ നമ്മുടെ നാടിന്റെ സാംസ്കാരിക സമൂഹം ആരോഗ്യകരമായ രീതിയിൽ സംവാദം നടത്തി നിഗമനങ്ങളിലെത്തട്ടെ. ഫാസിസ്റ്റ് സംഘടനകൾ സാംസ്കാരിക പോലീസ് എന്ന നിലയിൽ ഇടപെടുന്ന രീതിയെ ന്യായീകരിച്ചുകൊണ്ട് കേരളത്തിന്റെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇന്നിവിടെ പറഞ്ഞൊരുകാര്യം നിസ്സാരമല്ല. ഇത് ഈ സഭയ്ക്ക് ഒട്ടും ഭൂഷണമല്ല. അതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ പറഞ്ഞത്. ചുംബന സമരത്തിൽ പങ്കെടുക്കാൻ വരുന്ന ആളുകളെ കൈകാര്യം ചെയ്യുമെന്നും അവരെ വിവസ്ത്രരാക്കുമെന്നും പറഞ്ഞ് ഹനുമാൻ സേന നേരത്തെതന്നെ പരസ്യമായി പോസ്റ്റർ ഒട്ടിക്കുകയും അവരുടെ ഫോൺ നമ്പർ കൊടുക്കുകയും ചെയ്തിട്ടും ഈ ഗവൺമെന്റിന്റെ പോലീസ് എന്തു ചെയ്തു ; അവർക്കെതിരെ എന്ത് നടപടിയാണ് പോലീസ് സ്വീകരിച്ചത് ? പോസ്റ്റർ ഒട്ടിച്ചത് ഇന്നലെ എല്ലാ ചാനലിലും കാണിച്ചു.

മി. ചെയർമാൻ : അങ്ങ് അതിന് ഒരു സബ്മിഷൻ കൊടുക്കൂ. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നിലപാട് യാദൃശ്ചികമല്ല. ഇവിടെ ആർ.എസ്.എസ്സ്.-കാരും ശിവസേനയും ഹനുമാൻ സേനയും ഉൾപ്പെടെയുള്ള സംഘപരിവാർ ശക്തികൾ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന നിലപാടിന്റെ തുടർച്ചയായിട്ടാണ് ഇത് വരുന്നത്.

മി. ചെയർമാൻ : ശ്രീ. എ. പ്രദീപ്കുമാർ, ഇതേ വിഷയത്തിന് നിങ്ങൾ സബ്മിഷൻ എഴുതി കൊടുത്തിട്ടുണ്ട്. അത് അനുവദിച്ചു കിട്ടും.

ശ്രീ. എ. പ്രദീപ്കുമാർ : സർ, അത് നിയമ പ്രശ്നം സംബന്ധിച്ചാണ്, അതിന്റെ ധാർമ്മിക പ്രശ്നമാണ് ഇവിടെ പറയുന്നത്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്, അല്ലെങ്കിൽ മൈക്ക് ഓഫ് ചെയ്യും.

ശ്രീ. എ. പ്രദീപ്കുമാർ : സർ, പ്രവീൺ തൊഗാഡിയക്കെതിരായുള്ള രാജ്യദ്രോഹ കുറ്റം ചുമത്തേണ്ടുന്ന കേസ് പിൻവലിച്ച്.....

മി. ചെയർമാൻ : ബില്ലിന്റെ ചർച്ചയിൽ വിഷയത്തിൽ നിന്ന് വ്യതിചലിക്കാൻ പാടില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, പോയിന്റ് ഓഫ് ഓർഡർ, ബില്ലിന്മേലുള്ള ചർച്ചയിൽ ആ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ചർച്ച ചെയ്യാൻ പാടുള്ളൂ. ചെയർ വളരെ നേരമായി പറയുന്നു, എന്നിട്ടും ഇങ്ങനെ പ്രസംഗിക്കുന്നത് ശരിയാണോ ?

മി. ചെയർമാൻ : എത്ര പറഞ്ഞാലും മനസ്സിലാവില്ല. പ്ലീസ് കൺക്ലൂഡ്.. ബിൽ ചർച്ചയിൽ ആവശ്യമില്ലാത്തത് പറഞ്ഞാൽ സംസാരം നിറുത്തണമെന്ന് ചെയറിന് ആവശ്യപ്പെടാം, അതിന് റൂൾ ഉണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ശരിയാണ്. ചർച്ചയുടെ 90 ശതമാനവും ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. അതിനുശേഷം ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിൽ നടന്ന സംഭവമെന്നുള്ള നിലയിൽ ഈ പ്രശ്നവും അതിൽ ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിച്ച കാര്യങ്ങളും പറഞ്ഞു. ബഹുമാനപ്പെട്ട അംഗം ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ബില്ലിന്റെ ചർച്ചയിൽ ബില്ലിൽ ഒതുങ്ങി നിന്നുകൊണ്ടാണോ സംസാരിക്കാറുള്ളതെന്ന് പരിശോധിച്ചു

നോക്കണം. കോഴിക്കോട് ഇന്നലെ നടന്ന സംഘർഷത്തിന് ഇരയായ ഒരു ജനതയുടെ പ്രതിനിധി എന്ന നിലയിൽ, ആ നാട്ടിലെ ജനപ്രതിനിധി എന്ന നിലയിലുള്ള എന്റെ ഒരു വികാരം കൂടി ഈ സഭയെ അറിയിക്കേണ്ടത് എന്റെ ഉത്തരവാദിത്തമാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലത്തെ ആ സംഭവത്തിൽ കൈക്കൊണ്ട നിലപാടിനോട് ഒരുതരത്തിലും യോജിക്കാൻ കഴിയില്ല. ഞാൻ ആദ്യമായിട്ടാണ് ആഭ്യന്തര വകുപ്പുമന്ത്രിയെ ഈ നിലയിൽ വിമർശിച്ചത്. ഈ സഭയിൽ അതു പറയാനുള്ള അധികാരം എനിക്കുണ്ടെന്നാണ് ഞാൻ കരുതുന്നത്. അത് ബഹുമാനപ്പെട്ട ചെയർ മനസ്സിലാക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട്, ഒരിക്കൽ കൂടി ഈ ബില്ലിനെതിരായ നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. രാജു : സർ, ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവകാശപ്പെട്ടത്, ഈ ഭേദഗതികൾ രണ്ടും അംഗീകരിക്കപ്പെടുന്നതോടുകൂടി, പ്രവാസികളുടെ ആവശ്യങ്ങൾ അംഗീകരിക്കപ്പെടുമെന്നാണ്. അദ്ദേഹം ഏത് ലോകത്തിലാണ് ജീവിക്കുന്നതെന്നത് സംബന്ധിച്ച് എനിക്ക് അത്ഭുതം തോന്നുകയാണ്. പ്രവാസികൾക്ക് വോട്ടവകാശം കിട്ടുന്നതുമായി ബന്ധപ്പെട്ടുള്ള മുനിസിപ്പൽ ബില്ലിലെ ഒരു ഭേദഗതി സംബന്ധിച്ച് മാത്രമാണ് ഇതിൽ പറയുന്നത്. എന്നാൽ പ്രവാസികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ, ക്ലേശകരമായിട്ടുള്ള അവരുടെ ജീവിതവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ - അത് പരിഹരിക്കുവാൻ ശ്രമിക്കുന്നുണ്ടോ ? നമ്മൾ നിയമനിർമ്മാണത്തിലൂടെ നടപ്പിലാക്കിയ പ്രവാസി ക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്യാതെ വോട്ടവകാശം ലഭിക്കുന്നതോടുകൂടി അവരുടെ പ്രശ്നങ്ങൾ എല്ലാം പരിഹരിക്കപ്പെടുമെന്നുള്ള കാഴ്ചപ്പാട് ഒരു വികലമായ കാഴ്ചപ്പാടാണെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. വോട്ടവകാശം ലഭിക്കുന്നത് മോശമാണെന്ന അഭിപ്രായം എനിക്കില്ല. അതൊരു നല്ല കാര്യം തന്നെയാണ്. 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 20 (a) വകുപ്പിന് വിധേയമായി പാർലമെന്റിലേക്കും നിയമസഭയിലേക്കും വോട്ടു ചെയ്യാൻ പ്രവാസികൾക്ക് അവകാശം കൊടുത്തുകഴിഞ്ഞു. അത് മുനിസിപ്പാലിറ്റിയിലേക്കുള്ള വോട്ടിനുകൂടി ബാധകമാക്കുക എന്നുള്ളത് നല്ല കാര്യം തന്നെയാണ്. പക്ഷേ നാം മനസ്സിലാക്കേണ്ടത് ഒന്നര കോടിയോളം ഭാരതീയർ വിദേശ രാജ്യങ്ങളിലുണ്ട്. എന്നാൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഈ അവകാശം വിനിയോഗിക്കുന്നതിന് വേണ്ടി പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത് കേവലം 11,000-ഓളം ആളുകൾ മാത്രമാണ്. അപ്പോൾ ബഹുഭൂരിപക്ഷ

ത്തോളമാളുകൾ ഈ അവകാശം വിനിയോഗിക്കുന്നില്ല. അതിനുള്ള കാരണം, ഈ അവകാശങ്ങൾ വിനിയോഗിക്കപ്പെടണമെങ്കിൽ അതിനുള്ള അവസരമുണ്ടാകണം. മുനിസിപ്പാലിറ്റിയിലേക്കായാലും പഞ്ചായത്തിലേക്കായാലും നിയമസഭയിലേക്കായാലും പാർലമെന്റിലേക്കായാലും വോട്ട് ചെയ്യാം. വിദേശത്ത് താമസിക്കുന്ന ഒരാൾക്ക് പാസ്പോർട്ടിൽ കാണിച്ചിട്ടുള്ള അഡ്രസ്സിൽപ്പെടുന്ന മണ്ഡലത്തിലെ വോട്ടറായി പേര് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്താലും ഇവിടെയില്ലെങ്കിൽ അവർക്ക് വോട്ട് ചെയ്യാൻ കഴിയില്ല. എങ്ങനെ ഇവർക്ക് വോട്ട് ചെയ്യുന്നതിന് അവസരം കൊടുക്കാമെന്നുള്ളതിനെ സംബന്ധിച്ച് കോടതി തന്നെ നിർദ്ദേശങ്ങൾ ആരാഞ്ഞ് കൊണ്ടിരിക്കുന്ന സമയമാണ്. മുക്ത്യാർ വോട്ട്, ബാലറ്റ് വോട്ട് എന്നിങ്ങനെ പല മാർഗ്ഗങ്ങൾ പറയുന്നുണ്ട്. ബാലറ്റ് വോട്ട് എന്നുപറയുമ്പോൾ സർവ്വീസിലിരിക്കുന്ന ആളുകൾ വോട്ട് ചെയ്യുന്നതുപോലെ, പ്രവാസികൾക്ക് ബാലറ്റ് അയച്ചുകൊടുക്കുക, വോട്ട് എണ്ണുന്ന സമയത്തിനുള്ളിൽ അത് റിട്ടേണിംഗ് ഓഫീസർക്ക് തിരിച്ചു വരിക തുടങ്ങിയ നടപടിക്രമങ്ങളുണ്ട്. വിദേശ രാജ്യങ്ങളിൽ ജീവിക്കുന്ന ഒരു വോട്ടർ പഞ്ചായത്ത്/മുനിസിപ്പൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവിടത്തെ റിട്ടേണിംഗ് ഓഫീസർക്ക് ആദ്യം അപേക്ഷ കൊടുക്കണം. ആ അപേക്ഷ പ്രകാരം റിട്ടേണിംഗ് ഓഫീസർ ബാലറ്റ് അയച്ചു കൊടുക്കുകയും വോട്ട് എണ്ണുന്നതിനുമുമ്പ് വോട്ടു ചെയ്ത് ബാലറ്റ് തിരിച്ചുവരികയും ചെയ്യുന്നതിലെ അപ്രായോഗികതയെക്കുറിച്ച് ആലോചിക്കേണ്ടതാണ്. പലപ്പോഴും അതിൽ പല കോംപ്ലിക്കേഷൻസും വരാറുണ്ട്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, പ്രവാസിക്ക് വോട്ടവകാശം ലഭിക്കുക എന്നത് വിപ്ലവകരമായ നീക്കമാണ്. എന്നാൽ, വോട്ട് എങ്ങനെ രേഖപ്പെടുത്തണമെന്നതാണ് പ്രശ്നം. വോട്ടർ പട്ടികയിൽ പേരുള്ളവർക്ക് അവർ നാട്ടിലുണ്ടെങ്കിൽ സാധാരണ രീതിയിൽ ബാലറ്റ് പേപ്പറിൽ വോട്ട് ചെയ്യാമെന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. ഷംസീർ എന്നുപറയുന്ന പ്രവാസി നൽകിയ ഹർജിയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മുൻപിലുള്ളത്. ഇതിൽ ഏറ്റവും പ്രധാനമായും നമ്മൾ കാണേണ്ടത്, പ്രോക്സി വോട്ടവകാശവും ബാലറ്റും അതോടൊപ്പം തന്നെ ഓൺലൈൻ സംവിധാനവും പറയുന്നുണ്ട്. ഇലക്ട്രോണിക് വോട്ട് എന്നുപറയുന്നത് ഒരു അപകടമായി കാണാൻ കഴിയില്ല. കാരണം ഒരു പ്രവാസിയുടെ അധ്വാനത്തിന്റെ വിഹിതം എ.റ്റി.എം. വഴി ഓൺലൈനായി നാട്ടിൽ കൈകാര്യം ചെയ്യാൻ കഴിയുമെങ്കിൽ അവന്റെ വോട്ടും ആ രീതിയിൽ കൈകാര്യം ചെയ്യാൻ കഴിയുന്ന സംവിധാനത്തിലേക്ക് നമ്മുടെ ഇലക്ട്രോണിക് സംവിധാനം ഉയർന്നിട്ടുണ്ട്. കേരളത്തിൽനിന്നുതന്നെ ധാരാളം

പ്രവാസികളുള്ളതുകൊണ്ട് ഓൺലൈനായിത്തന്നെ വോട്ട് രേഖപ്പെടുത്താൻ കഴിയുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകണമെന്ന് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ഒരു വികാരമായി ബന്ധപ്പെട്ടവരെ അറിയിക്കാനുള്ള ശ്രമങ്ങൾ വേണം എന്ന് അങ്ങേക്ക് തോന്നുന്നില്ലേ ?

ശ്രീ. കെ. രാജു : സർ, വോട്ടവകാശം നൽകുന്നത് ഏറ്റവും വിപ്ലവകരമായ സംഗതി തന്നെയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് തന്നെയാണ് ജനപ്രാതിനിധ്യ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് നിയമസഭയിലേക്കും പാർലമെന്റിലേക്കുമൊക്കെ വോട്ട് ചെയ്യാനുള്ള അവകാശം അവർക്ക് കൊടുത്തത്. പക്ഷേ വോട്ട് ചെയ്യണമെങ്കിൽ ഇവിടെ ഉണ്ടായിരിക്കണമെന്നുള്ളതാണ് അവസ്ഥ. ഒരു പ്രവാസിയുടെ ആഗ്രഹം, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ സൂചിപ്പിച്ചതുപോലെ അവർ അമേരിക്കയിലോ ഗൾഫ് നാടുകളിലോ എവിടെയാണോ പണിയെടുക്കുന്നത് അവിടെയിരുന്നുകൊണ്ട്, ഇലക്ട്രോണിക്സ് ഉപകരണങ്ങൾവഴി, തന്റെ ആഗ്രഹമനുസരിച്ച് ഇവിടെ വോട്ട് രേഖപ്പെടുത്താനുള്ള അവസരമുണ്ടാകണം. ആ രീതിയിലുള്ള ഡെവലപ്മെന്റ് ആ മേഖലയിൽ ഉണ്ടായെങ്കിൽ മാത്രമേ ഇതുകൊണ്ട് പ്രയോജനമുള്ളൂ. ഇലക്ഷൻ കമ്മീഷൻ മാത്രമല്ല, കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമേ ആ രീതിയിൽ കൈകാര്യം ചെയ്യുവാൻ കഴിയുകയുള്ളൂ. പ്രോക്സി വോട്ട് എന്നുപറയുമ്പോൾ സുഹൃത്തുക്കളേയോ, അല്ലെങ്കിൽ അയാൾ നിർദ്ദേശിക്കുന്ന ഒരാളെയോ തനിക്കുവേണ്ടി വോട്ടുചെയ്യാനായി നിയോഗിക്കുന്നു, അയാൾക്കുവേണ്ടി പകരക്കാരൻ വോട്ട് ചെയ്യുന്നു. ഇങ്ങനെ പ്രോക്സി വോട്ട് ചെയ്യുമ്പോൾ ഒരു കുഴപ്പമുണ്ട്. എന്നെ ഒരാൾ പ്രോക്സി വോട്ട് ചെയ്യുന്നതിന് ചുമതലപ്പെടുത്തിയാൽ, എനിക്ക് വേണമെങ്കിൽ എന്നെ ചുമതലപ്പെടുത്തിയ ആളിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി വോട്ടു ചെയ്യാം. ഇങ്ങനെ ഗൾഫ് നാടുകളിലോ, വിദേശരാജ്യങ്ങളിലോ ഇരിക്കുന്ന ഒരാളുടെ അവകാശം വഞ്ചിക്കപ്പെടാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് പ്രോക്സി വോട്ട് എന്ന് പറയുമ്പോൾ പോലും അതിന്റെ പ്രായോഗികതയിൽ കുഴപ്പങ്ങളുണ്ട്. ബാലറ്റ് വോട്ടിനും അതിന്റേതായ കുഴപ്പങ്ങളുണ്ട്. പോസ്റ്റൽ വോട്ടിന്റെ കാര്യമായാലും കൃത്യ സമയത്തിനുള്ളിൽ വോട്ട് ചെയ്ത് തപാൽ വഴി അയച്ച് വോട്ട് എണ്ണുന്നതിന് മുൻപ് അത് റിട്ടേണിംഗ് ഓഫീസർക്ക് കിട്ടുക എന്നു പറയുമ്പോൾ അതിന്റേതായ ബുദ്ധിമുട്ടുകളുണ്ട്. ഈ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. അതുകൊണ്ട് മുനിസിപ്പൽ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് വോട്ടേഴ്സ് ലിസ്റ്റിൽ അവരുടെ പേരു ചേർക്കുകയും അവർക്ക് വോട്ട് ചെയ്യാനുള്ള അവസരമുണ്ടാക്കുകയും ചെയ്യണം.

അതിനെക്കുറിച്ചൊന്നും ഈ ഭേദഗതിയിലോ, നിയമത്തിലോ പറയുന്നില്ല. പുതിയ ഭേദഗതിയൊന്നും കൊണ്ടുവരുന്നുമില്ല. അതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് മുഖ്യമായും എനിക്ക് പറയാനുള്ളത്.

ശ്രീ. എം. ഉമ്മർ : സർ, ഇപ്പോൾ വിദേശത്തേക്ക് പോകുന്ന സാധാരണക്കാരായ തൊഴിലാളികളിൽ പലരും വിസിറ്റിംഗ് വിസയിൽ പോയി ഒരു വർഷമോ ആറ് മാസമോ ജോലി ചെയ്തിട്ടുവരും. അങ്ങനെ ധാരാളംപേർ സ്ഥിരമായി വിസയൊന്നും ഇല്ലാതെ പോകുന്നുണ്ട്. നമ്മുടെ നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്, അവർ ഇവിടെനിന്ന് പുറത്തേക്ക് പോയിട്ടുള്ള സമയത്ത് വോട്ടേഴ്സ് ലിസ്റ്റ് പുതുക്കാൻ വരുമ്പോൾ ആള് എവിടെയാണെന്ന് ചോദിച്ചാൽ ഗൾഫിലാണെന്നു പറയും, അപ്പോൾ വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും അവരുടെ പേര് നീക്കം ചെയ്യുകയാണ്. പിന്നീട് ആറുമാസമോ, ഒരു വർഷമോ കഴിഞ്ഞ് അവർ നാട്ടിൽ തിരിച്ചുവരുമ്പോൾ വോട്ടേഴ്സ് ലിസ്റ്റിൽ പേരില്ലാത്ത ഒരവസ്ഥയുണ്ട്. ഈ ബില്ല് നിയമമാകുന്നതോടെ വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കാനും നാട്ടിലുണ്ടെങ്കിൽ വോട്ട് ചെയ്യാനുമുള്ള പൗരാവകാശം ഉപയോഗപ്പെടുത്താൻ അവസരമുണ്ടാകും. അതുപോലും നിഷേധിക്കപ്പെട്ടിരുന്നു എന്നുള്ള വസ്തുതയുള്ളപ്പോൾ പരിമിതമായിട്ട് ഇതെങ്കിലും നേടിയെടുക്കാൻ കഴിയും എന്നുള്ളതിനാൽ അങ്ങേക്ക് അപ്രിഷിയേറ്റ് ചെയ്തുകൂടേ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഈ ബില്ലിലൂടെ നമ്മുടെ നിയമസഭയ്ക്ക് ചെയ്യാൻ കഴിയുന്നത് പ്രവാസികൾക്ക് വോട്ടവകാശം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളത് മാത്രമാണ്. ആ വോട്ട് എങ്ങനെ ചെയ്യണമെന്ന് തീരുമാനിക്കാൻ നമുക്ക് അധികാരമില്ല. അതുകൊണ്ടാണ് ജനപ്രാതിനിധ്യ നിയമത്തിൽത്തന്നെ ഭേദഗതി വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇലക്ഷൻ കമ്മീഷനോട് ചില ശുപാർശകൾ സുപ്രീംകോടതി ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയിൽ ഇലക്ഷൻ കമ്മീഷൻ തന്നെ നാലോളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, അതിൽ പ്രധാനമായും വരുന്നത് പ്രോക്സി, ഓൺലൈൻ, ബാലറ്റ് സംവിധാനങ്ങളാണ്. വിദേശ രാജ്യങ്ങളിൽ ഇൻഡ്യയിൽ നിന്നുള്ള ധാരാളം ആളുകൾ ജോലി ചെയ്യുന്നതുകൊണ്ട് ഒരു എംബസ്സിയെ പോളിങ് ബൂത്താക്കി മാറ്റാൻ സാധ്യമല്ല. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇൻഡ്യക്കാരായ പ്രവാസികളുടെ എണ്ണം വളരെ കൂടുതലാണ്. ലക്ഷക്കണക്കിനാളുകൾ ഒരു എംബസ്സിയുടെ മുമ്പിൽ വോട്ട് ചെയ്യാൻ എത്തുന്ന ഒരവസ്ഥ സൃഷ്ടിക്കപ്പെട്ടു കൂടാ. പ്രോക്സി എന്നു പറഞ്ഞാൽ, അങ്ങ് പറഞ്ഞതുപോലെ ഒരു പക്ഷേ പ്രവാസിയുടെ മനസ്സിലുള്ള വികാരം വേണ്ട രീതിയിൽ പ്രതിഫലിപ്പിക്കാൻ പ്രതിനിധിക്ക് സാധിക്കാത്ത അവസ്ഥയുണ്ടാകാം.

അതിന് മറ്റൊരു പരിഹാര മാർഗ്ഗമെന്നുപറയുന്നത്, ഞാൻ നേരത്തേ സൂചിപ്പിച്ചത് പോലെ, ഓൺലൈനായി വോട്ട് രേഖപ്പെടുത്താൻ കഴിയുന്ന ഒരന്തരീക്ഷമുണ്ടാകണം, അതിനുവേണ്ടിയുള്ള ഒരു നീക്കമുണ്ടാകണം. കേരളത്തിൽ ഈ സഭയ്ക്ക് ചെയ്യാൻ കഴിയുന്ന പരമാവധിയാണ് മുൻ പ്രവാസികൂടിയായ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചെയ്യുന്നത് എന്നതുകൊണ്ട് ഈ സന്ദർഭത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ് വേണ്ടത്.

1.00 PM]

ശ്രീ. കെ. രാജു : സർ, ഈ പറഞ്ഞ കാര്യങ്ങളോട് എനിക്ക് വിയോജിപ്പില്ല. അതായത് വോട്ട് ചെയ്യാനുള്ള അവകാശത്തിന്റെ തുടക്കമെന്നുപറയുന്നത് വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുക എന്നതാണല്ലോ. വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കപ്പെടുകയും വോട്ട് ചെയ്യാനുള്ള അവസരവും ഉണ്ടാക്കണം. അത് നമുക്ക് മാത്രമായി ചെയ്യാവുന്ന കാര്യമല്ല. ഇപ്പോൾ പ്രവാസികാര്യ വകുപ്പുമന്ത്രിയും മുനിസിപ്പൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയും ഇവിടെയിരിപ്പുണ്ട്. എങ്ങനെ വോട്ടവകാശം ഫലപ്രദമായി വിനിയോഗിക്കപ്പെടാമെന്നതിനെക്കുറിച്ചുള്ള അഭിപ്രായം ഇപ്പോൾ സുപ്രീംകോടതി ആരാഞ്ഞിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് വ്യത്യസ്ഥ കോണുകളിൽ നിന്നുള്ള അഭിപ്രായങ്ങൾ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിദേശത്ത് പല രാജ്യങ്ങളിലും ഈ അവകാശം അവർ അനുവദിച്ചു കൊടുത്തിട്ടുണ്ട്. അവിടെ അവരുടെ എംബസിയിൽ പോയി വോട്ട് ചെയ്യുകയാണ് പതിവ്. എംബസിയിൽ പോയി വോട്ട് ചെയ്യുന്നതിനു പകരം എംബസിയുടെ ആഭിമുഖ്യത്തിൽ വ്യത്യസ്ഥ മേഖലയിൽ ബൂത്തുകൾ സ്ഥാപിച്ചുകൊണ്ട് അവരുടെ വോട്ട് നിർവ്വഹിക്കാൻ കഴിയുമോ, അതല്ലെങ്കിൽ ഓൺലൈനായിട്ട് വോട്ട് ചെയ്യാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് വിദഗ്ദ്ധരുമായി ചർച്ച ചെയ്യാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വോട്ടവകാശം കിട്ടിക്കഴിഞ്ഞാൽ അവർ ഒരു വോട്ട് ബാങ്കായി മാറുമ്പോൾ എം.എൽ.എ.-മാരും മന്ത്രിമാരും രാഷ്ട്രീയപാർട്ടി പ്രതിനിധികളുമെല്ലാം അവരെ കാണാൻ അങ്ങോട്ട് ചെല്ലും, അവിടെ പൊതുയോഗങ്ങൾ അല്ലെങ്കിൽ ഒരു ഇലക്ഷൻ കാമ്പയിൻ സംഘടിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇന്ന് അനുവദിച്ചുകൊടുക്കാൻ തയ്യാറാകാതിരിക്കുന്ന പല ആനുകൂല്യങ്ങളും സമ്മർദ്ദം ചെലുത്തി അവർക്ക് അനുവദിപ്പിക്കാൻ കഴിയും. അതിനും കൂടിയാണിതെന്നാണ്. സത്യത്തിൽ നമ്മൾ ആഗ്രഹിക്കുന്നതനുസരിച്ച് പ്രവാസികൾക്ക് ഗുണം ചെയ്യുന്നുണ്ടോയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. പല തരത്തിലുള്ള തടസ്സങ്ങൾകൊണ്ട്

കഴിയുന്നില്ലെന്നുള്ളതാണ് വസ്തുത. ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ധാരാളം പോരായ്മകളുണ്ട്. നാട്ടിൽ തിരിച്ച് വന്നിട്ടുള്ള പ്രവാസികൾക്ക് ക്ഷേമനിധിയിൽ ചേരുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രായം 60 വയസ്സാക്കിയാൽ മാത്രമേ ഭൂരിപക്ഷം വരുന്നവർക്കും ഈ ക്ഷേമനിധിയിൽ അംഗങ്ങളാകാൻ കഴിയുകയുള്ളൂ. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നേരത്തെ തന്നെ പറഞ്ഞിട്ടുള്ളതാണ്. പക്ഷേ കാര്യം നടക്കുന്നില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, പ്രായപരിധി 60 വയസ്സാക്കുന്ന ഓർഡിനൻസ് കാബിനറ്റ് അംഗീകരിച്ചു. പക്ഷേ ഗവർണർ ഒപ്പിടാതെ മടക്കി അയച്ചു. ഈ അസംബ്ലി ചേരുമ്പോൾ പ്രസ്തുത ഓർഡിനൻസ് പരിഗണിക്കുന്നതാണ്.

ശ്രീ. കെ. രാജു : ഓർഡിനൻസ് മടക്കി അയയ്ക്കുന്നതിനുള്ള കാരണം എന്താണ് ? ഈ മന്ത്രിസഭ അംഗീകരിച്ച ഒരു വിഷയം ഗവർണർ മടക്കി അയയ്ക്കുവാൻ ഒരു കാരണമുണ്ടാകുമല്ലോ ?

ശ്രീ. കെ. സി. ജോസഫ് : നാല് ഓർഡിനൻസുകൾ അദ്ദേഹം മടക്കി അയച്ചു. അദ്ദേഹം പറഞ്ഞത് അതിന് അടിയന്തര സ്വഭാവമില്ല. അസംബ്ലി ചേരുമ്പോൾ കൊണ്ടു വന്നാൽ മതിയെന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ.

ശ്രീ. കെ. രാജു : ഓർഡിനൻസ് ഇങ്ങനെ അപ്പം ചുട്ടെടുക്കുന്നതുപോലെ കൊണ്ടുവരുന്നത് ശരിയല്ല. പകരം സഭ കൂടുമ്പോൾ അതിന് നിയമനിർമ്മാണം വേണമെന്നേ പറഞ്ഞുള്ളൂ. ഗവർണർ ഇതിന് എതിരല്ല. അതുകൊണ്ട് ഇപ്പോഴത്തെ അസംബ്ലിയിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി അതിനാവശ്യമായിട്ടുള്ള amendment ബിൽ അവതരിപ്പിക്കുമെന്നാണ് കരുതിയത്. മന്ത്രി ഭേദഗതി ബിൽ അവതരിപ്പിക്കുവാൻ പോകുന്നുവെന്നുള്ളതിനെ സംബന്ധിച്ച് നേരത്തെ പത്രങ്ങളിലും വാർത്തയുണ്ടായിരുന്നു. മന്ത്രി അതിൽനിന്നും പിന്മാറാൻ പോകുന്നുവെന്നുള്ളത് പിന്നീടാണ് അറിയുന്നത്. എന്തായാലും ഈ സെഷനിലും ഉണ്ടാവില്ലെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്

ശ്രീ. കെ. സി. ജോസഫ് : വെള്ളിയാഴ്ച വരെയുള്ള ഷെഡ്യൂളല്ലേ തീരുമാനിച്ചിട്ടുള്ളൂ.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : അങ്ങ് വളരെ പ്രസക്തമായ ഭാഗത്തെ കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത് പ്രവാസി ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വയസ്സിന്റെ കാര്യവും വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. പ്രവാസി ക്ഷേമനിധി ബിൽ യഥാർത്ഥത്തിൽ തുടക്കത്തിൽ നിയമസഭ പാസ്സാക്കിയതാണ്. സർക്കാരിന്റെ കണക്കനുസരിച്ച് 16 ലക്ഷം പേർ ഗൾഫ് നാടുകളിലുണ്ട്. എന്നാൽ

ഈ ക്ഷേമനിധിയിൽ ആകെ 1,20,000 പേർ മാത്രമാണ് ചേർന്നിട്ടുള്ളത്. കേവലം 60 വയസ്സാക്കിയതുകൊണ്ടുമാത്രം ആ ക്ഷേമനിധി ആകർഷകമാകില്ല. അതിനകത്ത് ഒട്ടേറെ കാര്യങ്ങൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങൾ കൂടി ചർച്ച ചെയ്തിട്ടുണ്ടാവുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. രാജു : സർ, ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 100 കോടി രൂപയുടെ ഒരു പദ്ധതി പ്രവാസികൾക്കായി പ്രഖ്യാപിച്ചു. പക്ഷേ അത് നടപ്പിലാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തരത്തിലുള്ളൊരു പരിശ്രമം നടത്തിയിട്ടുണ്ടോ ? യാതൊരുവിധ നടപടികളുമുണ്ടാകുന്നില്ല. ക്ഷേമനിധിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ വളരെ ഗുരുതരമായിട്ടുള്ള വീഴ്ചയാണ് വന്നിട്ടുള്ളത്. അത് പരിഹരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. പ്രവാസികളുടെ വോട്ടവകാശത്തെ കുറിച്ച് നമ്മൾ ചർച്ച ചെയ്യുമ്പോൾ അത്തരം കാര്യങ്ങൾ കൂടി ചർച്ച ചെയ്യേണ്ട താവശ്യമാണെന്നുള്ളതുകൊണ്ടാണ് ഞാൻ ആ വിഷയം ഇവിടെ ഉന്നയിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം 448-ാം നമ്പർ വകുപ്പിൽ ഭേദഗതി വരുത്തുന്നതുകൊണ്ട് മുനിസിപ്പൽ ലൈസൻസ് ഫീസും മറ്റുമൊക്കെ വർദ്ധിപ്പിക്കുവാനുള്ള ഒരവസരമുണ്ടാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് കടുത്ത നിയന്ത്രണമാണ് ഇപ്പോൾ ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്. സാമ്പത്തിക നിയന്ത്രണത്തിന്റെ പേരുപറഞ്ഞുകൊണ്ട് ഇപ്പോൾ ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ, ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടതടക്കം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ, പദ്ധതി പ്രവർത്തനങ്ങളെയാകെ തന്നെ, പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളെയാകെ തകിടം മറിക്കുന്ന രീതിയിലല്ലേ നടക്കുന്നത് ?

ശ്രീ. ജി. സുധാകരൻ : ഇപ്പോൾ മുനിസിപ്പൽ അല്ലെങ്കിൽ കോർപ്പറേഷൻ നഗര മേഖലയുമായി ബന്ധപ്പെട്ട് വികസനപരമായ കാര്യങ്ങൾക്ക് ലൈസൻസ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് വിഷയങ്ങൾ ചർച്ച ചെയ്യുകയാണല്ലോ. കുത്തക മുതലാളിമാർക്ക് ലൈസൻസിന് യാതൊരു വിധത്തിലുള്ള തടസ്സവുമില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഡിസ്ട്രിക്റ്റ് കോടതിയുടെ നേരെ മുൻവശത്ത് റിലയൻസിന്റെ അഞ്ചുനില കെട്ടിടം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. നാട്ടുകാർ കാണാതിരിക്കാനായി കഴിഞ്ഞ

രണ്ട് വർഷമായി മൂടിക്കെട്ടി വച്ചിരുന്നു, അതെല്ലാം അഴിച്ച് മാറ്റിയപ്പോൾ അഞ്ചുനില കെട്ടിടമാണ്. ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലം എഴുതി വാങ്ങി നിർമ്മിച്ചതാണ് ഈ കെട്ടിടം. ഒരു നില ഭൂമിക്കടിയിലാണ്. ഇതിനെല്ലാം യാതൊരുവിധ ലൈസൻസും വാങ്ങാതെയാണ് നിർമ്മിച്ചതെന്ന് ഞാൻ പറഞ്ഞാൽ നിഷേധിക്കുമോ ? ഇപ്പോൾ ലൈസൻസ് കൊടുത്തിട്ടുണ്ടോയെന്നല്ല, ഫയർ ഫോഴ്സിന്റെ ലൈസൻസില്ല, സ്റ്റേറ്റ് ടൗൺ പ്ലാനിംഗിന്റെ അനുമതി കിട്ടിയിട്ടില്ല, ഒരു ചട്ടവും റിലയൻസിന് ബാധകമല്ലായിരുന്നു. അതിന്റെ മുമ്പിലുള്ള സകല മരങ്ങളും മുറിച്ചുമാറ്റി കൊടുത്തു. എന്റെ വീടിന്റെ സമീപത്ത് നടന്ന കാര്യമാണ്. മേൽക്കൂരയിലേക്ക് മരം വീഴാതിരിക്കാൻ 6 മാസമായി അപേക്ഷകൊടുത്ത് കാത്തിരുന്നിട്ട് അവസാനം മരത്തിന്റെ രണ്ടേ രണ്ട് ചില്ലകളാണ് മുറിച്ചുമാറ്റിയത്. തികഞ്ഞ അഴിമതിയാണ് അവിടെ നടന്നത്. മിനിസ്റ്റർ ഒന്നും അറിഞ്ഞിട്ടില്ല. ഞാൻ ഒരു ദിവസം അദ്ദേഹത്തോട് അന്വേഷിച്ചാൽ കൊള്ളാമെന്ന് പറഞ്ഞു. ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ അംഗീകാരം മാത്രമല്ല ഇവിടത്തെ പ്രശ്നം. ഫയറിന്റെ ലൈസൻസ് കൊടുക്കേണ്ടത് മുനിസിപ്പാലിറ്റിയാണോ ; അത് ഫയർ ഫോഴ്സ് തന്നെ കൊടുക്കണ്ടേ ? നമ്പരിടുന്ന കാര്യമല്ല പറഞ്ഞത് സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട അംഗീകാരങ്ങൾ ശരിയായ രീതിയിൽ കൊടുത്തിട്ടുണ്ടോയെന്ന് അന്വേഷിക്കാതെ അവർ പണി ആരംഭിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. മുനിസിപ്പാലിറ്റിയുടെ ഉദ്യോഗസ്ഥൻമാരുണ്ടെങ്കിൽ അവർ ശ്രദ്ധിക്കണം. ഈ ഗ്രാമത്തിൽ റിലയൻസിന്റെ അഞ്ചു നില കെട്ടിടം എന്തിനാണ് ? ഗ്രാമ നഗരത്തിൽ കൊടുക്കരുതെന്നല്ല പറയുന്നത്. കൊച്ചു കൊച്ചു കടകൾക്ക് എക്സംപ്ഷൻ കൊടുക്കില്ല. കുത്തക കമ്പനികൾക്ക് കാശ് കൊടുത്താൽ എക്സംപ്ഷൻ ലഭിക്കും. താങ്കൾ ഇപ്പോഴല്ലേ മന്ത്രിയായത് താങ്കൾ അത് നിഷേധിക്കണ്ട. ഉദ്യോഗസ്ഥ മേധാവികളുടെ നേതൃത്വത്തിൽ കടുത്ത അഴിമതിയാണ് നടക്കുന്നത്. മുപ്പതോ നാൽപ്പതോ അൻപതോ ലക്ഷം കൊടുത്താൽ മാത്രമേ എക്സംപ്ഷൻ കൊടുക്കുകയുള്ളൂ. അവിടെയും എക്സംപ്ഷൻ കൊടുത്തിട്ടുണ്ട് നിങ്ങൾ അന്വേഷിക്കണം. ഒരു മന്ത്രിയുടെ കാലത്തെ കാര്യമാണെന്ന് ഞാൻ പറഞ്ഞില്ലല്ലോ. ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിച്ചതുകൊണ്ട് പറഞ്ഞതാണ്. പാവങ്ങളുടെ കാര്യത്തിൽ വലിയ താൽപ്പര്യമാണ്.

<u>മി.ചെയർമാൻ</u> : ശ്രീ.രാജു ...... പ്ലീസ് കൺക്ലൂഡ്..

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>) : ഇപ്പോൾ ഒരാൾക്കും എക്സംപ്ഷൻ കൊടുക്കുന്നില്ല. ആ നിയമങ്ങളൊക്കെ പഴയ കാലത്തേക്കാൾ ഒരുപാട് മാറിയിട്ടുണ്ട്. അതു മാത്രമല്ല illegal ആയിട്ട്

ഏതെങ്കിലും  കൺസ്ട്രക്ഷൻ ഏതെങ്കിലും മുനിസിപ്പാലിറ്റിയിൽ നടക്കുന്നുവെങ്കിൽ അത് കൺട്രോൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട മുനിസിപ്പാലിറ്റിക്കാണ്. ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞ സ്ഥിതിയ്ക്ക് ഉറപ്പായിട്ടും അതിനെപ്പറ്റി അന്വേഷണം നടത്തി രണ്ട് ദിവസത്തിനകം  അങ്ങേക്ക് മറുപടി നൽകുന്നതാണ്.

ശ്രീ. കെ. രാജു : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം സ്വന്തം അക്കൗണ്ടിലടച്ച് ചെലവിടുന്ന രീതിയാണ് തുടർന്നുകൊണ്ടിരുന്നത്. എന്നാൽ ആ സമ്പ്രദായം ഇപ്പോൾ നിർത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരമാണ് ഇതുമൂലം നഷ്ടമാകുന്നത്. ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റുള്ള വകുപ്പുകൾപോലെ ആയിക്കഴിഞ്ഞിരിക്കുകയാണ്.  പ്രവൃത്തി നടത്തിയതിനുശേഷം ട്രഷറിയിൽ ബിൽ സബ്മിറ്റ് ചെയ്ത് അത് മാറാൻവേണ്ടി മറ്റെല്ലാ നിയന്ത്രണങ്ങൾക്കും വിധേയമായിക്കൊണ്ടുവേണം ഇനി പഞ്ചായത്തായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായാലും അവരുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടത്. അപ്പോൾ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നൽകിയിട്ടുള്ള സ്വയംഭരണാവകാശം നഷ്ടപ്പെടുകയാണ്, സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാതാകുകയാണ്. ഇപ്പോൾ പദ്ധതി പ്രവർത്തനങ്ങളെല്ലാം ഫണ്ടില്ലാത്തതുകൊണ്ട്  നിർത്തിവച്ചിരിക്കുകയാണ്. എല്ലാ വകുപ്പിലും  അതുതന്നെയാണ് സ്ഥിതി. അത് പഞ്ചായത്തുകളിലേക്കും ഈ ഗവൺമെന്റ് ബാധകമാക്കിയിരിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, അങ്ങ് ഒരു പ്രഗത്ഭനായ നിയമസഭാംഗമാണ്. സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഫണ്ടിന്റെ അവയിലബിലിറ്റി കുറവ് ഒരു തരത്തിലും പഞ്ചായത്തുകൾക്കില്ല. പഞ്ചായത്ത് പണം ചെലവഴിക്കുന്നില്ലായെന്നേയുള്ളൂ. എല്ലാ ബുധനാഴ്ചയും പഞ്ചായത്തിന്റെ പദ്ധതി ചെലവിനെപ്പറ്റി മന്ത്രിമാർ റിവ്യൂ ചെയ്യുന്നുണ്ട്. പക്ഷേ ചെലവ് കുറവാണ്. അതിന് കാരണം കണ്ടെത്തുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നുണ്ട്. ഒരു തരത്തിലുമുള്ള സാമ്പത്തിക നിയന്ത്രണവും പഞ്ചായത്തിനുമേൽ ഏർപ്പെടുത്തിയിട്ടില്ല.

മി. ചെയർമാൻ : ബഹുമാനപ്പെട്ട കെ. രാജു, പ്ലീസ് കൺക്ലൂഡ്........

ശ്രീ. കെ. സി. ജോസഫ് : സർ, ആ വിഷയം കണ്ടെത്തി പരിഹരിക്കുന്നുണ്ട്.

ശ്രീ. സി. ദിവാകരൻ : സർ, എക്സ്പെൻഡിച്ചർ വരാത്തത് എന്തുകൊണ്ടാണ് ?

ശ്രീ. കെ. സി. ജോസഫ് : സർ, എക്സ്പെൻഡിച്ചർ ഏതാണ്ട് കഴിഞ്ഞ വർഷത്തേതിന് സമാനമായി പോകുന്നുണ്ട്. അങ്ങനെ പോയാൽ പോരാ. അതുസംബന്ധിച്ച് എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ പരിഗണിക്കുന്നുണ്ട്, പരിഹരിച്ച് കൊടുക്കുന്നുമുണ്ട്.

ശ്രീ. കെ. രാജു : സർ, സാമ്പത്തിക വിഹിതം പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന സംവിധാനം മാറ്റിയോ എന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രി പറയേണ്ടത്.

ശ്രീ. സി. ദിവാകരൻ : സർ, 10 ശതമാനം മുതൽ 12 ശതമാനംവരെയാണ് ഇതുവരെ പഞ്ചായത്തുകളുടെ എക്സ്പെൻഡിച്ചറെന്നാണ് പ്ലാനിംഗ് ബോർഡിന്റെ അടുത്ത കാലത്തുവന്ന റിപ്പോർട്ടിൽ പറയുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, കഴിഞ്ഞ വർഷം ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും രണ്ടോ മൂന്നോ പെർസെന്റ് കൂടുതലും കുറവുമുണ്ട്. അല്ലാതെ 10 ശതമാനമൊന്നുമില്ല. അങ്ങ് പറഞ്ഞതുപോലെ പഞ്ചായത്തുകൾക്ക് ഒരു സാമ്പത്തിക നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. അങ്ങ് വെറുതെ തെറ്റിദ്ധരിപ്പിക്കരുത്. കഴിഞ്ഞ വർഷത്തേതുപോലെ അനുവദിക്കുന്നുണ്ട്. പണം ചെലവഴിക്കാൻ തടസമുണ്ടാക്കുന്ന ഒരു നിർദ്ദേശവും ഗവൺമെന്റ് മുന്നോട്ട് വച്ചിട്ടില്ല.

ശ്രീ. കെ. രാജു : സർ, പബ്ലിക് അക്കൗണ്ട്സിൽ നിക്ഷേപിക്കുന്ന സംവിധാനം മാറ്റിയോ ?

ശ്രീ. കെ. സി. ജോസഫ് : സർ, ആ ഒരു പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽനിന്ന് വന്നു. അത് അംഗീകരിച്ചിട്ടില്ല.

ശ്രീ. കെ. രാജു : സർ, കഴിഞ്ഞ തവണ ചേർന്ന കൊല്ലം ഡി.ഡി.സി. യോഗത്തിൽ പങ്കെടുത്തയാളാണ് ഞാൻ. കൊല്ലം ജില്ലയിലെ ആളുകളെന്നുള്ള നിലയിൽ ഞാനും ബഹുമാനപ്പെട്ട സി. ദിവാകരനും ശ്രീ. മുല്ലക്കര രത്നാകരനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അവിടെവച്ച കണക്കാണ് ശ്രീ. സി. ദിവാകരൻ ഇവിടെ പറഞ്ഞത്. 10, 11, 12 ശതമാനമെന്നുള്ളത്. അതിപ്പോൾ ഇരുപതോ ഇരുപത്തിയൊന്നോ ശതമാനമായിക്കാണും.

ശ്രീ. കെ. സി. ജോസഫ് : സർ, എല്ലാ ബുധനാഴ്ചയുമുള്ള സി.സി. യോഗത്തിൽ കിട്ടുന്ന കണക്കാണ്. അത് ജില്ലയുടെ കണക്കല്ല. സംസ്ഥാനത്തിന്റെ മൊത്തം കണക്ക് പരിശോധിക്കുമ്പോൾ ഗ്രാമപഞ്ചായത്തിനും ബ്ലോക്കിനും ജില്ലയ്ക്കും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും ഒന്നോ രണ്ടോ പെർസന്റ് വേരിയേഷനേയുള്ളൂ. അതിൽ കൂടുതൽ വേരിയേഷനില്ല.

ശ്രീ. സി. ദിവാകരൻ : സർ, അപ്പോൾ ഡി.ഡി.സി.-യിൽ പോകുന്ന ആളുകൾ വിഡ്ഢികളാണോ ? ഡി.ഡി.സി. ഔദ്യോഗികമായി തരുന്ന കണക്കാണ് ഞാൻ പറഞ്ഞത്. എവിടെയോ something wrong, അത് നിങ്ങൾ അന്വേഷിക്കണമെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. കെ. സി. ജോസഫ് : സർ, കേരളത്തിലെ മൊത്തം കാര്യമാണ് ഞാൻ പറഞ്ഞത്. അങ്ങ് പറയുന്നത് കൊല്ലം ജില്ലയിലെ കാര്യമാണ്.

ശ്രീ. സി. ദിവാകരൻ : സർ, കൊല്ലം ജില്ല കേരളത്തിലുള്ളതാണ് .

ശ്രീ. കെ. സി. ജോസഫ് : സർ, അത് നോക്കാം.

ശ്രീ. കെ. രാജു: സർ, സാമ്പത്തികമായിട്ടുള്ള നിയന്ത്രണങ്ങളൊന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ലെന്നാണ് ഗ്രാമവികസന വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത്. അങ്ങനെയാണെങ്കിൽ അത് നല്ല കാര്യമാണ്. പക്ഷേ പഞ്ചായത്തുകളിൽ പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളും ബിൽ മാറാൻ ട്രഷറിയിൽപ്പോയി ക്യൂ നിൽക്കേണ്ട ഒരു സ്ഥിതിയിലേക്ക് എത്തിയിരിക്കുന്നുവെന്ന വസ്തുത അംഗീകരിച്ചേ മതിയാകൂ. ബില്ലുമായി ബന്ധപ്പെട്ട് മന്ത്രി കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി പൊതുവിൽ സ്വീകാര്യമാണ്. അതിനോട് യോജിച്ചുകൊണ്ട് പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൈക്കൊള്ളുന്ന നടപടികളെ സംബന്ധിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തിക നിയന്ത്രണംമൂലം ജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചുമുള്ള കാര്യങ്ങളിൽ അടിയന്തരമായ ശ്രദ്ധ പതിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. റ്റി. ബൽറാം : സർ, 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ദൗത്യപൂർത്തീകരണത്തിന്റെ ഭാഗമായിട്ടാണ് ഈ ബിൽ പരിഗണനയ്ക്ക് വരുന്നത്. ഞാൻ ചുരുക്കത്തിൽ ചില കാര്യങ്ങൾ പറഞ്ഞ് എന്റെ പ്രസംഗം അവസാനിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. പ്രവാസികളും കേരളവുമായിട്ടുള്ള ബന്ധം നമുക്കെല്ലാവർക്കും അറിയാം. കേരളത്തിന്റെ നട്ടെല്ലാണ് പ്രവാസി മലയാളി സമൂഹമെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. ഇത് നല്ല രീതിയിൽ അംഗീകരിക്കുകയും അപ്രീഷ്യേറ്റ് ചെയ്യുകയും രാജ്യത്തിനുതന്നെ മാതൃകയാകുന്ന സമീപനമാണ് കേരളത്തിലെ സർക്കാരുകൾ കഴിഞ്ഞ കാലങ്ങളിലൊക്കെ സ്വീകരിച്ചിട്ടുള്ളത്. പ്രവാസി മലയാളികൾക്കുവേണ്ടി ഒരു വകുപ്പുതന്നെ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത് നമുക്കെല്ലാവർക്കും ഓർമ്മയുണ്ട്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ശ്രീ. എം. എം. ഹസ്സൻ ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്തുകൊണ്ടാണ് ആ പ്രവർത്തനം നമ്മൾ തുടങ്ങിയത്. പിന്നീട് യു.പി.എ. ഗവൺമെന്റ് ദേശീയ തലത്തിലും നോൺ റെസിഡന്റ് ഇന്ത്യൻ അഫയേഴ്സിനുവേണ്ടി ഒരു വകുപ്പുതന്നെ രൂപീകരിച്ച് ഒരുപാട് കാര്യങ്ങൾ നടപ്പാക്കുകയും ചെയ്തു. ഈ രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ അവരെക്കൂടി ഭാഗഭാക്കാക്കുകയെന്നുള്ളത് അന്ന് നമ്മൾ പ്രവാസി മലയാളികൾക്ക് നൽകിയിരുന്ന ഒരു വാഗ്ദാനമാണ്. പലപ്പോഴും മറ്റ് പ്രവാസികളുമായി ആശയവിനിമയം നടത്താനവസരം ലഭിക്കുമ്പോഴും അല്ലെങ്കിൽ വിദേശ രാജ്യങ്ങളിൽ അപൂർവ്വം ചിലയവസരങ്ങളിൽ പോകാനവസരം ലഭിച്ച സാഹചര്യങ്ങളിലുമൊക്കെ കേരളത്തിലെ രാഷ്ട്രീയത്തെക്കുറിച്ചും ജനാധിപത്യ പ്രക്രിയയെക്കുറിച്ചും ഇവിടത്തെ ദൈനംദിന സംഭവവികാസങ്ങളെക്കുറിച്ചും വലിയ താൽപ്പര്യത്തോടുകൂടിയാണ് അവർ വീക്ഷിക്കുന്നത്. അവരുടെ ശരീരം ഇവിടെയില്ലെന്ന് മാത്രമേയുള്ളൂ. പക്ഷേ ഇവിടത്തെ ഓരോ കാര്യങ്ങളും കൂടുതൽ ശ്രദ്ധയോടുകൂടി വീക്ഷിക്കുകയും അതിനെക്കുറിച്ച് അഭിപ്രായങ്ങൾ പറയുകയും ഇടപെടാൻ കഴിയുന്ന മേഖലകളിലൊക്കെ ഇടപെടാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുള്ള ആളുകളാണ് പ്രവാസി മലയാളികൾ. അവർ ഏറ്റവും കൂടുതൽ സന്തോഷത്തോടെ ഈ തീരുമാനത്തെ സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സമീപദിവസങ്ങളിൽ പഞ്ചായത്തുകളിലെ വോട്ടെടുപ്പിൽ പങ്കെടുക്കാനുള്ള അവരുടെ അവകാശത്തെ അംഗീകരിക്കുന്ന നിയമം പാസ്സാക്കി. ഇപ്പോൾ മുനിസിപ്പാലിറ്റികളിലേക്കുകൂടി അത് കൊണ്ടുവരാൻ പോകുകയാണ്. എങ്ങനെ ഇത് മുന്നോട്ടുകൊണ്ടുപോകണം, അല്ലെങ്കിൽ ഇത് പ്രായോഗികമായി നടപ്പിലാക്കുമ്പോൾ ഏതെല്ലാം തരത്തിലാണ് അത് മുന്നോട്ടുകൊണ്ടുപോകുന്നത്

എന്നതിനെക്കുറിച്ചൊക്കെ വലിയ ചർച്ചകൾ ഉയർന്നുവന്നു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഏതായാലും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തുന്ന, കേരളത്തിലേക്ക് ഏതാണ്ട് 80,000 കോടി രൂപയോളം റെമിറ്റൻസ് ഓരോവർഷവും സംഭാവന ചെയ്ത് നമ്മുടെ സമ്പദ്ഘടനയെ നിലനിർത്തുന്ന പ്രവാസികളെ നമ്മുടെ ജനാധിപത്യത്തിൽ പൂർണ്ണമായി പങ്കാളികളാക്കുകയെന്ന വലിയ ദൗത്യത്തിന് സന്തോഷപൂർവ്വം നമ്മൾ തുടക്കം കുറിക്കുകയാണ്. അത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും സ്വാഗതം ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനനുസൃതമായ ചർച്ചകളാണ് ഇവിടെ ഉയർന്നുവന്നതെന്നുള്ള കാര്യത്തിൽ എന്റെ സന്തോഷം ഞാൻ രേഖപ്പെടുത്തുകയാണ്. ഇന്ന് ആധുനിക കാലഘട്ടമാണ്. ഇതിന്റെ പ്രായോഗികമായിട്ടുള്ള കാര്യങ്ങളിൽ ഇതെങ്ങനെ നടപ്പാക്കണം, ഇവരെ എങ്ങനെ ഉൾപ്പെടുത്താൻ സാധിക്കുമെന്നുള്ള കാര്യങ്ങളെ കുറിച്ചൊക്കെ നമുക്ക് ചെറിയ സംശയങ്ങൾ തോന്നാമെങ്കിലും സാങ്കേതികവിദ്യ വളർന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അത്തരം സംശയങ്ങൾക്കൊന്നും അധിക കാലത്തെ ആയുസ്സില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇപ്പോൾ ഓൺ-ലൈൻ വോട്ടെടുപ്പ് വേണമെന്ന് നമ്മൾ ആവശ്യപ്പെടുമ്പോൾ ഒരു പക്ഷേ, ഒറ്റയടിക്ക് ഈ വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അല്ലെങ്കിൽ മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിൽ അത് പ്രായോഗികമാക്കാൻ കഴിയില്ലെങ്കിൽപോലും വരും വർഷങ്ങളിൽ വളരെ ശാസ്ത്രീയമായിത്തന്നെ യാതൊരു തരത്തിലുള്ള ദുരുപയോഗ സാദ്ധ്യതകളും ഇല്ലാതെതന്നെ ഓൺ-ലൈൻ വോട്ടിംഗിലേക്ക് പ്രവാസികളെ പങ്കെടുപ്പിക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ അതോടൊപ്പം പ്രോക്സി വോട്ട് എന്ന ആശയം അത്രയും ഉചിതമായി തോന്നുന്നില്ല. കാരണം അത് ജനാധിപത്യത്തിന്റെ അടിസ്ഥാന സ്വഭാവത്തെ നിരാകരിക്കുകയാണ്. ഒരു വ്യക്തി നേരിട്ട് പോളിംഗ് ബൂത്തിലേക്ക് എത്തുകയും അല്ലെങ്കിൽ നേരിട്ട് അവരുടെ ഫ്രാഞ്ചൈസ് ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന ഒരു സമീപനമാണ് ഏറ്റവും കൂടുതൽ ആശാസ്യമായിട്ടുള്ളത്. അതുകൊണ്ട് പ്രോക്സി വോട്ടിംഗിലേക്ക് പോകാതെ ഓൺ-ലൈൻ വോട്ടിംഗ് അടക്കമുള്ള ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് പ്രവാസി മലയാളികളെ നമ്മുടെ ജനാധിപത്യ പ്രക്രിയയുടെ ഭാഗമാക്കാനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, പ്രവാസി മലയാളികൾക്ക് ഓൺ-ലൈൻ വോട്ടവകാശം നൽകണമെന്നുള്ള ഒരഭിപ്രായമാണ് അങ്ങിവിടെ സൂചിപ്പിക്കുന്നത്. മുൻപ് ഇവിടെ വിദേശത്തുള്ളവർക്ക് വോട്ടവകാശം നിഷേധിച്ചുകൊണ്ടിരുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. അതിൽ നിന്നുമാറി അവർക്ക് വോട്ടവകാശം കൊടുക്കണമെന്നത് നമ്മുടെ ഒരു പൊതുനിയമത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. അവർക്ക് എങ്ങനെ വോട്ടവകാശം നൽകാമെന്നുള്ളതാണ്. അങ്ങ് പ്രോക്സി വോട്ടവകാശങ്ങളെ പറ്റിയുള്ള ഒരു പോരായ്മയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. എപ്പോഴും വിദേശ മലയാളികൾ എന്നു പറയുമ്പോൾ ഗൾഫ് രാജ്യങ്ങളിലുള്ള മലയാളികളെ മാത്രമാണ് സാധാരണ ഗതിയിൽ കാണുന്നത്. അവർക്ക് ബാലറ്റ് അയച്ചുകൊടുത്ത് തിരിച്ച് ഇവിടെ വരിക എന്നുപറയുമ്പോൾ യു.എസ്.എ., യൂറോപ്പ് മുതലായ സ്ഥലങ്ങളിലൊക്കെയുള്ള പ്രവാസികൾക്ക് അത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഓൺ-ലൈൻ വോട്ടിംഗ് സമ്പ്രദായം കുറ്റമറ്റതാക്കി നടപ്പിലാക്കിയെങ്കിൽ മാത്രമേ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവാസികൾക്ക് വോട്ടവകാശം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകൂ. അത് ആ നിലയിൽത്തന്നെ പോകണമെന്നുള്ളതല്ലേ അങ്ങയുടെ അഭിപ്രായം ?

ശ്രീ. വി. ടി. ബൽറാം : സർ, ബഹുമാന്യനായ ശ്രീ. കെ. ശിവദാസൻ നായർ പറയുന്ന അഭിപ്രായത്തോട് പൂർണ്ണമായി ഞാൻ യോജിക്കുകയാണ്. ഒരു പക്ഷേ, ഈ ഒരു തെരഞ്ഞെടുപ്പിൽ അതിന്റെ പ്രായോഗികത എത്രത്തോളമുണ്ടെന്ന് ചിന്തിക്കേണ്ടിവരുമെങ്കിലും വരുംനാളുകളിൽ ആ ഒരു സാധ്യതയെ പൂർണ്ണമായും നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. ജോസ് തെറ്റയിൽ : സർ, ഈ പ്രോക്സി വോട്ട് എന്നുള്ളത് കമ്പനീസ് ആക്ടിൽ പറയുന്നതുപോലുള്ള കോർപ്പറേറ്റ് കൾച്ചറിന്റെ ഭാഗമാണ് എന്നുള്ള അഭിപ്രായം താങ്കൾക്കുണ്ടോ ?

ശ്രീ. വി. ടി. ബൽറാം : സർ, പ്രോക്സി വോട്ടിന്റെ അപ്രായോഗികതയെ കുറിച്ചാണ് ഇവിടെ പറയുന്നത്. പ്രോക്സിവോട്ട് ആവശ്യമില്ല, അത് ജനാധിപത്യത്തിന്റെ അന്തസത്തയെ ഉൾക്കൊള്ളുന്നതല്ല എന്നുള്ള താങ്കളുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുക അല്ലെങ്കിൽ അവിടുത്തെ എംബസികൾ മുഖാന്തരം വോട്ടിംഗ് നടത്തുക എന്നൊക്കെയുള്ള നിർദ്ദേശങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇക്കാര്യങ്ങളിൽ ഒരു പ്രായോഗിക ബുദ്ധിമുട്ട് തോന്നുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതുപോലെ മുഴുവൻ മലയാളികളും ഗൾഫ് രാജ്യങ്ങളിൽ അല്ലെങ്കിൽപോലും ബഹുഭൂരിപക്ഷ മലയാളികളും പ്രവാസികളായിട്ടുള്ളത് ഗൾഫ് രാജ്യങ്ങളിലാണ്. ഈ രാജ്യങ്ങളൊന്നുംതന്നെ ജനാധിപത്യത്തെ അംഗീകരിക്കുന്നവരല്ല. അവിടെ തെരഞ്ഞടുപ്പോ പ്രവർത്തനങ്ങളോ ഇല്ല. അതുകൊണ്ടുതന്നെ അത്തരം രാജ്യങ്ങളിൽ എംബസി മുഖാന്തരം വോട്ടെടുപ്പ് നടത്താൻ തീരുമാനിച്ചാൽ അവിടത്തെ സർക്കാരുകൾ അതിനെ പ്രോത്സാഹിപ്പിക്കുകയില്ലെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അവർ ഇക്കാര്യത്തിൽ നിഷേധാത്മകമായ സമീപനമായിരിക്കും സ്വീകരിക്കുക. ഇങ്ങനെ അവിടെയുള്ള ആളുകൾ ഇതുകണ്ടുപഠിച്ചാൽ അവർക്ക് അപകടമാണ്. കാരണം ജനാധിപത്യം നാളെ ആവശ്യപ്പെടുമെന്നുള്ള ഒരു അപകടഭീതി മുന്നിൽ കണ്ടുകൊണ്ട് സർക്കാരുകൾ അത്തരത്തിലൊരു സംവിധാനത്തെ പ്രോത്സാഹിപ്പിക്കാൻ സാധ്യതയില്ല. അതുകൊണ്ട് ഇങ്ങനെയുള്ള തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ എടുത്തിരിക്കുന്ന ഈ നടപടി സഹിഷ്യന്റാണെന്നാണ് എനിക്ക് തോന്നുന്നത്. വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള അവസരം നൽകുക, പ്രവാസികളായ ആളുകൾ, ഭാരതീയരായിട്ടുള്ള ആളുകൾ അവർ ലോകത്തിന്റെ എവിടെയാണെങ്കിലും ആറുമാസം വിട്ടുനിന്നാൽ വോട്ടർപട്ടികയിൽനിന്ന് അവരുടെ പേര് റദ്ദാക്കും. അതാണ് നേരത്തെ ഉണ്ടായിരുന്നത്. അതിൽനിന്നും മാറ്റം വരുത്തി എവിടെയായിരുന്നാലും അവരുടെ പേര് നമ്മുടെ നാട്ടിലെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക, സൗകര്യപ്പെടുകയാണെങ്കിൽ അവർ വരട്ടെ അവർ വരുമ്പോൾ അവരെ രണ്ടു കയ്യും നീട്ടി സ്വീകരിക്കുകയും അവർക്ക് ഈ പ്രക്രിയകളിൽ പങ്കാളികളാകാനുള്ള അവസരം നിഷേധിക്കാതിരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഇപ്പോൾ എടുത്തിരിക്കുന്ന സമീപനം. ഇത് വളരെ സ്വാഗതാർഹമാണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഇവിടെ ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യയുടെ ഒരു ഭേദഗതിയെത്തുടർന്ന് പൊതുതെരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്താനുള്ള അവസരം കിട്ടി. അതിന്റെ ചുവടുപിടിച്ചു കൊണ്ടാണ് സംസ്ഥാന ഗവൺമെന്റും പേര് ഉൾപ്പെടുത്താനുള്ള അവസരം കൊടുത്തത്. ഇവിടെ എല്ലാവരും ചർച്ച ചെയ്തതുപോലെ ഇപ്പോൾ നാട്ടിലുണ്ടെങ്കിൽ പ്രവാസിക്ക് ഇനി വരുന്ന മുൻസിപ്പൽ തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പൊതുതെരഞ്ഞെടുപ്പിലും വോട്ട് ചെയ്യാം. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതു പോലെ വോട്ട് എങ്ങനെയായിരിക്കണമെന്നുള്ളത് സംബന്ധിച്ച് ഒരു കേസ് വന്നതിനെത്തുടർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഗവൺമെന്റിന്റെ അഭിപ്രായം

ആരാഞ്ഞ് നിൽക്കുന്ന ഒരു ഘട്ടവുമാണ്. ഇങ്ങനെയൊരു ചർച്ച നടക്കുമ്പോൾ എനിക്ക് പറയാനുള്ളത് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇൻഡ്യയുടെ ചുവട് പിടിച്ചാണ് ഇത് ചെയ്യുന്നതെങ്കിലും ഇവിടെ ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അതിന്റെ മാനദണ്ഡങ്ങൾ തിരുമാനിക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. എങ്ങനെ വോട്ടു ചെയ്യണമെന്നുള്ള കാര്യത്തിൽ വ്യക്തതയില്ലാത്ത ഒരു സാഹചര്യം നിലവിലുണ്ടെന്നുള്ളതുകൊണ്ടുതന്നെ ഈ തെരഞ്ഞെടുപ്പിൽ ഓൺ-ലൈൻ വോട്ട് എന്നുള്ളത് ഈ നിയമഭേദഗതിയുടെ ഭാഗമായി കൊണ്ടുവരുന്നത് കൂടുതൽ പ്രയോജനം ചെയ്യില്ലേ, അങ്ങനെ ചെയ്യുന്നതാണ് ഈ വിഷയത്തിൽ നമുക്ക് ചെയ്യാനുള്ള അടുത്ത സ്റ്റെപ്പ് എന്നാണ് എനിക്ക് നിങ്ങളോട് അഭിപ്രായപ്പെടാനുള്ളത്.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആദ്യത്തെ സ്റ്റെപ്പാണ് ഈ നിയമത്തിലൂടെ യാഥാർത്ഥ്യമാക്കുന്നത്. ഇവർ വോട്ടർപട്ടികയിൽ പേര് രജിസ്റ്റർ ചെയ്താൽമാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതിന് വേണ്ടിയുള്ള ഒരു എനേബിളിംഗ് പ്രൊവിഷൻ കൊണ്ടുവരികയാണ്. അതിന്റെ അടുത്ത സ്റ്റെപ്പ് എങ്ങനെവേണമെന്നുള്ളതിനെക്കുറിച്ച് പ്രായോഗികമായിട്ടുള്ള സമീപനം സ്വീകരിക്കപ്പെടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഒരുപാട് കാര്യങ്ങൾ പ്രവാസികൾക്കുവേണ്ടി ചെയ്യുന്നത് എല്ലാവരും അപ്രീഷ്യേറ്റ് ചെയ്യുകയാണെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. പ്രവാസി മലയാളികൾക്കുവേണ്ടി പെൻഷൻ പദ്ധതി ഏർപ്പെടുത്തി, അത് നല്ല രീതിയിൽ മുന്നോട്ടുപോകുന്നു. അതുപോലെ നിതാഖാത്ത് നിയമത്തിന്റെ പശ്ചാത്തലത്തിൽ അവിചാരിതമായ സാഹചര്യത്തിൽ എല്ലാ ജീവനോപാധികളും പെട്ടെന്ന് ഇല്ലാതായി അവിടെ നിന്ന് ഇങ്ങോട്ട് പറിച്ചുനടേണ്ട ഒരു സാഹചര്യം വരുമ്പോൾ പല ദൗർഭാഗ്യകരമായ സാഹചര്യങ്ങളും സുഹൃത്തുക്കൾ അനുഭവിക്കേണ്ടി വരികയാണ്. അവരെ സഹായിക്കുന്നതിനുവേണ്ടി മാതൃകാപരമായ പരിപാടിപാടികളുമായി പ്രവാസി വകുപ്പ് കടന്നുവരികയാണ്. അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി വായ്പകൾ അനുവദിക്കുന്നു. ഇരുപത് ലക്ഷം രൂപവരെയുള്ള വായ്പകൾ അനുവദിച്ച് ഈ മണ്ണിന്റെ ഭാഗമായി വീണ്ടും നമ്മുടെ പൊതു സമൂഹത്തിൽ അവരെ ഉൾക്കൊള്ളുന്ന തരത്തിലുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നു എന്നുള്ളത് പ്രത്യേകമായി എടുത്തു പറയേണ്ട കാര്യമായി തോന്നുകയാണ്. അതുപോലെ എവിടെയൊക്കെ പ്രവാസി മലയാളികൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടോ അവിടങ്ങളിലൊക്കെ കേരള ഗവൺമെന്റിന്റെ ഒരു കരുതൽ സ്പർശം അവരുടെ നേർക്ക് നീട്ടാൻ

സർക്കാരിന് സാധിക്കുന്നു എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ലിബിയ, ഇറാഖ് എന്നിവിടങ്ങളിലെ നഴ്സുമാരുടെ പ്രശ്നങ്ങളിൽ സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രവാസി വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ച സമീപനം ഒരുപക്ഷേ, ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും വലിയ രീതിയിലുള്ള ചർച്ചകൾക്ക് വിധേയമാക്കപ്പെട്ടു എന്നുള്ള കാര്യത്തിൽ അഭിമാനമുണ്ട്. അത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാർ പ്രവാസി മലയാളികൾക്കുവേണ്ടി ഇനിയും ഒട്ടനവധി പ്രവർത്തനങ്ങൾ കൂട്ടായി ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. രണ്ടാമതായി ഈ ബില്ലിന്റെ ഭാഗമായി ചർച്ച ചെയ്യുന്നത് മുൻസിപ്പാലിറ്റി ആക്ടിലെ 447, 448 വകുപ്പുകളുമായി ബന്ധപ്പെട്ട ഭേദഗതികളാണ്. ബഹുമാന്യനായ മന്ത്രിതന്നെ ഇവിടെ വിശേഷിപ്പിച്ചത് നിസ്സാരമായ അല്ലെങ്കിൽ ഒരു തരത്തിലും ജനങ്ങൾക്ക് അപകടം ചെയ്യാത്ത വളരെ നല്ല രീതിയിൽ വളരെ പരിസ്ഥിതി സൗഹൃദപരമായിട്ടും ജനസൗഹൃദപരമായിട്ടും സാമൂഹ്യസൗഹൃദപരമായിട്ടും നടത്തുന്ന ബിസിനസ്സുകൾക്ക് നൽകുന്ന ലൈസൻസ് ഉൾക്കൊള്ളിച്ചിരുന്നത് Dangerous and offensive business എന്നുപറയുന്ന ആ ഒരു പട്ടികയിലായിരുന്നു. എന്നാൽ ഇപ്പോൾ ആ ഒരു പേരുതന്നെ മാറ്റി ഇവർക്കു നൽകുന്ന ലൈസൻസിനെ ട്രേഡ് ലൈസൻസ് എന്നാക്കി മാറ്റി. വെറുമൊരു പേരുമാറ്റലല്ല. ഒരു മനോഭാവമാറ്റംകൂടി അതിൽ പ്രതിഫലിച്ചുകാണുകയാണ്. ആ അർത്ഥത്തിൽ അതിനെ വളരെ വ്യാപകമായി സ്വാഗതം ചെയ്യപ്പെടേണ്ടതുണ്ട്. 2011-ൽ ഇറക്കിയ ചട്ടങ്ങളിൽ വന്നിട്ടുള്ള ഒരുപാട് അപാകതകൾ മറികടക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണമെന്ന നിലയ്ക്ക് ഈ നിയമത്തിന് വലിയ പ്രാധാന്യമുണ്ട്. ഒരുതരം uniformity ഇക്കാര്യത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. വിവിധ മുൻസിപ്പാലിറ്റികളിൽ വലിയ വേരിയേഷൻസാണ് വരുന്നത്. അത് മാറ്റിയെടുക്കാനും ഇക്കാര്യത്തിലൊരു സമാനത കൊണ്ടുവരാൻ സാധിക്കുന്നുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മുടെ മുൻസിപ്പാലിറ്റികൾ മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയംഭരണ സ്ഥാപനമെന്നുള്ള പദവിക്കനുസൃതമായി മുന്നോട്ടുപോകണമെങ്കിൽ സാമ്പത്തികമായി ഇവരെ സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് കൈ പിടിച്ചുയർത്താൻ സാധിക്കണം. പഞ്ചായത്ത് രാജ് നിയമം നടപ്പാക്കി ഏതാണ്ട് രണ്ട് പതിറ്റാണ്ട് കഴിഞ്ഞിട്ടും സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കാൻ, സ്വന്തം വരുമാനം കണ്ടെത്താൻ, ആ അർത്ഥത്തിൽ സ്വയം ഭരണം ഏറ്റെടുക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്തിയിട്ടില്ല. അതിന്റെ കാരണങ്ങളെക്കുറിച്ചു കൂടിയാണ് ബഹുമാന്യനായ മന്ത്രി ആമുഖത്തിൽ വിശേഷിപ്പിച്ചതെന്ന് തോന്നുന്നു.

പലപ്പോഴും ലൈസൻസിന് ഈടാക്കുന്നത് 5 രൂപ മുതൽ 150 രൂപവരെയുള്ള നിസ്സാരമായ ഫീസാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി കുറച്ചുകൂടി strengthen ചെയ്യേണ്ടതായിട്ടുണ്ട്. അവരുടെ ഉത്തരവാദിത്തങ്ങൾ വലിയ രീതിയിൽ വർദ്ധിച്ചു. കേരളം മുഴുവൻ ഒരൊറ്റ നഗരമായി വിശേഷിപ്പിക്കാൻ സാധിക്കുകയാണ്. 550 കിലോമീറ്റർ നീളമുള്ള ഒരൊറ്റ നഗരമെന്ന രീതിയിലാണ് കേരളത്തെ പ്ലാനിംഗിന്റെ അർത്ഥത്തിൽ കാണേണ്ടതായിട്ടുള്ളത്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഇപ്പോഴുള്ളതിന്റെ ഇരട്ടി ഉത്തരവാദിത്തങ്ങൾ സമീപ വർഷങ്ങളിൽ ഏറ്റെടുക്കേണ്ടതായിട്ടുള്ളതുകൊണ്ട് നമുക്ക് എല്ലാ അർത്ഥത്തിലും അവരെ strengthen ചെയ്യേണ്ടതായും അവരുടെ ഫിസിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ വർദ്ധിപ്പിക്കേണ്ടതായിട്ടുമുണ്ട്. കേന്ദ്രസർക്കാരിന്റെ ജൻറം പദ്ധതി അതിന് ഉപയോഗപ്പെടുന്നുണ്ട്. അതോടൊപ്പം ഹ്യൂമൻ ഇൻഫ്രാസ്ട്രക്ചർകൂടി വർദ്ധിപ്പിക്കണം. പല നഗരസഭകളിലും ജീവനക്കാരുടെ അപര്യാപ്തത ഇത്തരം സ്ഥാപനങ്ങളെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. അതോടൊപ്പംതന്നെ നിലവിലുള്ള ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. നമ്മൾ പത്രത്തിൽ കാണുന്നതാണ്, പല മുനിസിപ്പൽ ചെയർമാൻമാർക്കും സ്വന്തം ഭാര്യയുടെ കെട്ടുതാലി വരെ പണയംവച്ച് ജീവനക്കാർക്ക് ശമ്പളം കൊടുക്കേണ്ട, ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സാഹചര്യമുണ്ട്. സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്നതരത്തിൽ ഒരു വരുമാന സ്രോതസ്സ് ഇവർക്ക് ലഭ്യമാക്കി കൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. പുതിയ സംരംഭങ്ങളും സാധ്യതകളും കണ്ടെത്തി, ജനങ്ങൾക്ക് നൽകാൻ കഴിയുന്നതിലധികമായി ടാക്സ് വർദ്ധിപ്പിക്കാതെ അവയൊക്കെ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു മനോഭാവം ഇക്കാര്യത്തിലുണ്ടാകണം. അതുകൊണ്ടാണ് ഇതിനെ ഒരു മനോഭാവമാറ്റമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഇതിന്റെ ഭാഗമായി സർവ്വീസ് വരുന്നു. കേരളത്തിൽ ഇക്കോണമിയുടെ ഭാഗമായി സർവ്വീസ് സെക്ടറുകളുടെ പ്രാധാന്യം വലിയ തോതിൽ വർദ്ധിച്ചിരിക്കുകയാണ്. മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി സേവനമേഖല വലിയ പ്രാധാന്യം കൈവരിക്കുന്ന സാഹചര്യത്തിൽ അത്തരം സ്ഥാപനങ്ങളെക്കൂടി ടാക്സ് നെറ്റിനകത്ത് കൊണ്ടുവരാൻ സാധിക്കുന്നു എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു നേട്ടമായി എനിക്ക് തോന്നുന്നു. അതോടൊപ്പം തൊഴിൽ നികുതി, പുതിയൊരു സ്ഥാപനം വരുമ്പോൾ നാട്ടുകാർക്ക് അല്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അതുകൊണ്ടുള്ള നേട്ടം ലൈസൻസ് ഫീസ് റീസണബിളായി കൂട്ടുന്നു. അത് സ്വാഭാവികമായി സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതിയുൾപ്പെടെയുള്ള കാര്യങ്ങളിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തേണ്ട

സാഹചര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. അതിന് ഒരുപക്ഷേ ഭരണഘടന ഭേദഗതി ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. സ്ഥാപനത്തിന്റെ വലിപ്പത്തിന്റെയും ടേൺ ഓവറിന്റെയും അടിസ്ഥാനത്തിൽ ക്ളാസിഫിക്കേഷൻ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. ഇതിനെ 4 കാറ്റഗറിയാക്കി മാറ്റുന്നു. മൾട്ടി ട്രേഡ് ലൈസൻസ് എന്നുപറഞ്ഞ് ബഹുമുഖ വ്യാപാര സ്ഥാപനങ്ങളെ ഒരു കാറ്റഗറിയിലേക്ക് കൊണ്ടുവരുന്നു. വലിയ സ്ഥാപനങ്ങൾ, ഷോപ്പിംഗ് മാളുകളും സൂപ്പർമാർക്കറ്റുകളും ഹൈപ്പർ മാർക്കറ്റുകളും അതിന്റെ പരിധിയിൽ വരുന്നു. 3000 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള സ്ഥാപനങ്ങളാണ് അതിന്റെ പരിധിയിൽ വരുന്നത്. അതോടൊപ്പം Cumulative trade license എന്നുപറയുന്ന സഞ്ചിതവ്യാപാര ലൈസൻസ് ഏർപ്പെടുത്തുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ Job service license-ന്റെ ഭാഗമായി service sector-നെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നു. സാധാരണക്കാരെ ദ്രോഹിക്കാത്ത തരത്തിൽ Petty trade license എന്നുള്ള അർത്ഥത്തിൽ ചെറുകിട വ്യാപാര സ്ഥാപനങ്ങൾ നടത്തുന്ന ഇടത്തരക്കാരെ, പാവപ്പെട്ടവരെ, സംരക്ഷിക്കുന്ന സമീപനം കാണുന്നു. പക്ഷേ ഓരോ കാറ്റഗറിയിലും ഇനിയും ചില ക്ലാസിഫിക്കേഷന് സാധ്യതയുണ്ട്. ഉദാഹരണത്തിന് ഹോട്ടൽ സെക്ടർ - റെസ്റ്റോറന്റുകൾ, ഒരു താരതമ്യവുമില്ലാത്ത കാറ്റഗറിയാണ്. ഹോട്ടൽ എന്നുപറയുമ്പോൾ 30 അല്ലെങ്കിൽ 40 രൂപയ്ക്ക് ഒരു സാധാരണ വെജിറ്റേറിയൻ ഊണ് ലഭിക്കുന്ന ഹോട്ടലുണ്ട്, എന്നാൽ അതേ വെജിറ്റേറിയൻ ഊണിന് 200 അല്ലെങ്കിൽ 250 രൂപ ചാർജ് ചെയ്യുന്ന ഹോട്ടലുകളുമുണ്ട്. അപ്പോൾ ഇത്തരത്തിലുള്ള എല്ലാ ഹോട്ടലുകളെയും ഒരു കാറ്റഗറിയിൽ കൊണ്ടുവരിക എന്നുപറയുന്നത് യഥാർത്ഥത്തിൽ അശാസ്ത്രീയവും സാധാരണക്കാരുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധവുമായതരത്തിൽ ഭാവിയിൽ ബാധിക്കാനുള്ള സാധ്യതയുണ്ട്. അത്തരത്തിൽ ഓരോ സ്ഥാപനങ്ങളുടെയും വലുപ്പമോ turnover-ഓ കണക്കാക്കി ഒരു further classification-നുള്ള സാധ്യതയുണ്ടെങ്കിൽ അതുകൂടി പ്രയോജനപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും അത് ഉപകാരപ്രദമാകും. ഉദാഹരണത്തിന് ഒരു ജൂവലറി വരുമ്പോൾ ട്രാഫിക് conjunction പോലുള്ള പ്രശ്നങ്ങളുണ്ടാകുന്നത് അവിടെയുള്ള ജനങ്ങൾ അനുഭവിക്കുകയാണ്. അപ്പോൾ അത്തരത്തിലുള്ള വലിയ സ്ഥാപനങ്ങൾ വരുന്നതു കൊണ്ടുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക്, അല്ലെങ്കിൽ ഇത്തരത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കൊരു ഭാഗികമായ പരിഹാരമെന്ന അർത്ഥത്തിൽ അത്തരത്തിലുള്ള വലിയ സ്ഥാപനങ്ങളെ കൂടുതൽ ടാക്സ് ചെയ്യാൻ കഴിയുന്ന സ്വാതന്ത്ര്യം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഇനിയും നൽകേണ്ടതുണ്ടെന്നാണ് തോന്നുന്നത്. ഇപ്പോൾ ഒരു Base structure

നിർണ്ണയിച്ച് 20 ശതമാനം വരെയുള്ള വർദ്ധനവ് വരുത്താനുള്ള അനുവാദമാണ് മുനിസിപ്പാലിറ്റികൾക്ക് നൽകുന്നത്. ഇത് കുറച്ചുകൂടി വർദ്ധിപ്പിക്കുകയാണെങ്കിൽ ഓരോ വിഭാഗത്തിലുമുള്ള സ്ഥാപനങ്ങളുടെ വലിപ്പവും മറ്റെല്ലാ വശങ്ങളും പരിശോധിച്ച് അവയെ കൂടുതൽ ശാസ്ത്രീയമായി, യുക്തിസഹമായി അവയുടെമേൽ ടാക്സ് ഏർപ്പെടുത്താൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കുകയാണെങ്കിൽ തീർച്ചയായും തദ്ദേശ സ്ഥാപനങ്ങളുടെ വരുമാനത്തിന് ഗുണം ചെയ്യും. മറ്റ് കാര്യങ്ങളൊന്നും കൂടുതലായി പറയാനുദ്ദേശിക്കുന്നില്ല. ഏത് നഗരത്തെക്കുറിച്ചും longterm perspective-ൽ നഗരാസൂത്രണത്തെ കാണുമ്പോൾ അതിലെ sewerage disposal അല്ലെങ്കിൽ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ഇത്തരം കാര്യങ്ങളിൽ നമുക്കിപ്പോഴും വേണ്ടത്ര ശ്രദ്ധയോ പ്രായോഗികമായിട്ടുള്ള ഒരു മോഡലോ സൃഷ്ടിക്കാൻ സാധിക്കുന്നില്ലെന്നുപറയുമ്പോൾ അത് എന്തുകൊണ്ടാണെന്ന് കുറച്ചുകൂടി ആഴത്തിൽ പരിശോധിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങിവിടെ sewerage system-ത്തെ കുറിച്ച് പറഞ്ഞതുകൊണ്ട് ഞാൻ ഇടപെടുകയാണ്. പശ്ചിമ കൊച്ചിക്കുവേണ്ടി 200 കോടി രൂപയുടെ സ്വിവറേജ് പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി അതിനാവശ്യമായ പൈപ്പുകളും ഇട്ടുകഴിഞ്ഞു. ഞാൻ കൗൺസിലർമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയിരുന്നു. പക്ഷേ ഒരു ജനപ്രതിനിധിപോലും റോഡ് വെട്ടിപ്പൊളിച്ച് 4 മീറ്റർ ആഴത്തിൽ പൈപ്പിട്ട് പദ്ധതി മുന്നോട്ടുകൊണ്ടുപോകാനനുവദിക്കുന്നില്ല. ഇതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന്, എന്ന് ഈ റോഡ് റീസ്റ്റോർ ചെയ്യുമെന്നുള്ളതാണ്. രണ്ട്, മട്ടാഞ്ചേരി-ഫോർട്ടുകൊച്ചി പ്രദേശത്ത് വളരെ പഴക്കംചെന്ന കെട്ടിടങ്ങളാണുള്ളത്. 4 മീറ്റർ ആഴത്തിൽ കുഴികുഴിച്ച് പൈപ്പിട്ടാൽ പണി നടക്കുന്ന സമയത്തുതന്നെ കെട്ടിടങ്ങൾക്ക് എന്തെങ്കിലും തകരാർ സംഭവിക്കുമെന്നുള്ള ആശങ്കയാണ്. അപ്പോൾ ഇങ്ങനെയുള്ള ആശങ്കകൾ മറികടക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. വി. ടി. ബൽറാം : സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, കൊച്ചിയിലുള്ള സ്വിവറേജ് പ്രോജക്ട് വളരെക്കാലമായിട്ടും പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നുള്ളത് സത്യമാണ്. അത് മനസ്സിലാക്കി റോഡ് തുരക്കാതെ Trenchless technology ഉപയോഗിച്ച് പൈപ്പ് ഇടുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഇത് പുതിയൊരു ടെക്നോളജിയാണ്. പല വിദേശരാജ്യങ്ങളിലും ഈ ടെക്നോളജി വളരെ മുമ്പുതന്നെ ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരത്ത് ഒരു

മോഡൽ പരീക്ഷിച്ചുനോക്കി. അതേ ടെക്നോളജി കൊച്ചിയിലേക്കും വ്യാപിപ്പിക്കും. അപ്പോൾ പഴയ കെട്ടിടങ്ങൾക്ക് കേടുപാടുകളൊന്നും സംഭവിക്കില്ലെന്നുമാത്രമല്ല റോഡുകളും വെട്ടിപ്പൊളിക്കേണ്ടി വരില്ല. ആ ഒരു ടെക്നോളജിയുമായി മുന്നോട്ട് പോകുകയാണ്.

ശ്രീ. വി. ടി. ബൽറാം : സർ, വളരെ നല്ല കാര്യം. ഇത്തരത്തിലുള്ള നല്ല മോഡലുകൾ ലോകത്തിന്റെ പല ഭാഗങ്ങളിലുണ്ടെന്നുള്ളതും ആ മോഡലുകൾ ഇവിടെയും ഉപയോഗപ്പെടുത്താമെന്നുള്ള മനോഭാവത്തിലേക്ക് മാറുന്നതും സ്വാഗതം ചെയ്യപ്പെടേണ്ട കാര്യം തന്നെയാണ്. പക്ഷേ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സൂചിപ്പിച്ചതുപോലെ, നഗരങ്ങളിൽ മാത്രമല്ല, എന്റെ പ്രദേശം പോലെയുള്ള ഗ്രാമപ്രദേശങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. എന്റെ മണ്ഡലത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കണമെന്ന ആഗ്രഹം മനസ്സിൽവച്ചുകൊണ്ട് താലൂക്കിൽനിന്നുള്ള സർവ്വേ ഉദ്യോഗസ്ഥരുമായി ഒരു ഏരിയയിൽ പോയിനോക്കി. അതിന്റെ പിറ്റേദിവസം 'ഇവിടെ പൊതുശ്മശാനം അനുവദിക്കില്ല' എന്ന തരത്തിൽ സി.പി.ഐ.(എം)-ന്റെ വക വലിയൊരു ഫ്ലക്സ് ബോർഡ് സ്ഥാപിച്ചിരിക്കുകയാണ്. ആൾതാമസമില്ലാത്ത ഒഴിഞ്ഞ സ്ഥലമാണ്. പക്ഷേ അത്തരത്തിലുള്ള സ്ഥലത്തുവരെ ഒരു പൊതുശ്മശാനം ഉണ്ടാകുന്നതിനെ എതിർക്കുകയാണ്. ബാക്കിയെല്ലാ കാര്യങ്ങളിലും പൊതുമേഖലയെ ന്യായീകരിക്കുകയും പൊതുമേഖലയ്ക്ക് പ്രാധാന്യം നൽകണമെന്ന് പറയുകയും ചെയ്യുന്ന ആളുകൾ പൊതുശ്മശാനമടക്കമുള്ള കാര്യങ്ങളിൽ നിഷേധാത്മകമായ താൽപ്പര്യങ്ങളുമായി മുന്നോട്ടുപോകുന്നുവെന്നുള്ളത് കേരളം മുഴുവനുമുള്ള കാര്യമാണ്. ഇത് ഏതെങ്കിലുമൊരു പ്രദേശത്തുമാത്രമുള്ള കാര്യമാണെന്ന് തോന്നുന്നില്ല. പൊതു സ്കൂളുകളെപ്പോലെ, ആശുപത്രികളെപ്പോലെ, അംഗൻവാടികളെപ്പോലെ പ്രാധാന്യമർഹിക്കുന്ന ഒന്നുതന്നെയാണ് പൊതുശ്മശാനങ്ങളും. പൊതുയിടങ്ങളുടെ പ്രാധാന്യത്തെ ഒരു ജനത എന്ന നിലയിൽ നമ്മൾ എന്നാണ് പൂർണ്ണമായും ഉൾക്കൊള്ളുന്നത് എന്നെനിക്ക് മനസ്സിലാകുന്നില്ല. അതുൾക്കൊള്ളാനുള്ള സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. ബഹുമാന്യനായ മന്ത്രിയുടെ പ്രഖ്യാപനമനുസരിച്ച് നഗരപ്രദേശങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹന ധനസഹായം ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വി. ടി. ബൽറാം, 23 മിനിറ്റായി. ഇനി ഒരു ബില്ലുകൂടിയുണ്ട്.

ശ്രീ. വി. ടി. ബൽറാം : സർ, എല്ലാവരും 30 മിനിറ്റാണെടുത്തത്. ഞാൻ അത്രയും സമയം എടുക്കില്ല. ബഹുമാന്യനായ മിനിസ്റ്റർ ഇക്കാര്യം ശ്രദ്ധിക്കുമെന്ന് തോന്നുന്നു, നഗരപ്രദേശങ്ങളിൽ 10 ലക്ഷം രൂപ ഇത്തരത്തിലുള്ള വലിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അപര്യാപ്തമാണ്. കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും അടുത്ത ഒരു വർഷത്തിനകം പൊതുശ്മശാനങ്ങളുണ്ടായിരിക്കണം, ഓരോ മുനിസിപ്പാലിറ്റിയിലെയും പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ അവിടെ വരാൻ സാധ്യതയുള്ള മൃതശരീരങ്ങളുടെ എണ്ണം കണക്കിലെടുത്ത് ഒരു mission mode approach ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ ഇതിനോട് അനുകൂലിക്കുകയാണ്. കാരണം എന്റെ മണ്ഡലത്തിൽതന്നെ പാവപ്പെട്ട പട്ടികജാതിക്കാരുടെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ പോയപ്പോൾ അവിടങ്ങളിലുള്ള വീടുകളിൽ അടുക്കളയിൽ കുഴികുത്തി മൃതശരീരം മറവുചെയ്യുന്നതായി കാണാൻ സാധിച്ചു. വളരെ വലിയ ദുരന്തമാണത്. അടുക്കളയ്ക്കകത്ത് കുഴിയെടുത്ത് മൃതശരീരം മൂടി അവിടെ ആളുകൾ ജീവിക്കുകയാണ്. പൊതുശ്മശാനത്തിന്റെ ഏറ്റവും വലിയ പ്രസക്തി അത്തരത്തിലുള്ള ആളുകൾക്കാണ്. ശ്രീ. വി. ടി. ബൽറാമിന്റെ മണ്ഡലത്തിൽ അദ്ദേഹത്തെ എങ്ങനെ ഒറ്റപ്പെടുത്താമെന്ന് ആലോചിച്ച് സി.പി.എം. ഒരു പൊതുശ്മശാനത്തെ എതിർക്കാൻ തീരുമാനിക്കുമ്പോൾ അത്തരമൊരു സങ്കുചിതമായ രാഷ്ട്രീയത്തിൽനിന്നും പുറത്ത് കടക്കേണ്ട സമയം അതിക്രമിച്ചുവെന്നുള്ളതും ഒരു പൊതുധാരണയുടെ അടിസ്ഥാനത്തിൽ പൊതുശ്മശാനങ്ങൾ കൂടുതലായി ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് കക്ഷി രാഷ്ട്രീയത്തിനതീതമായ ഒരു ധാരണ ഈ സഭയിൽനിന്നും ഉണ്ടാകേണ്ടതല്ലേ ? അത് ഇനിയും വൈകിക്കേണ്ടതുണ്ടോ എന്നുള്ള കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. വി. ടി. ബൽറാം : അത് വളരെ പ്രധാനമാണ്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, പാർട്ടികൾ തമ്മിൽ ഒഴിവുകഴിവുകൾ പറയുകയാണ്. ശ്മശാനത്തിന് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകും. ഒരു ശ്മശാനം വരുന്നതിനെതിരെ ജനങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്. ആ അഭിപ്രായവ്യത്യാസം നമ്മൾ മാറ്റണം. അക്കാര്യത്തിൽ ഒരു സമവായമുണ്ടാക്കണം. ഒരു കുന്ന് മുഴുവൻ പൂങ്കാവനമാക്കി അതിനെ തുരന്ന് ശബരിമലയിൽ പോകുന്നതുപോലെ സ്റ്റെപ്പ് സ്റ്റെപ്പാക്കി പോകാം. അല്ലാത്തവർക്ക് വണ്ടിയിൽ കറങ്ങിയും പോകാം. ആ മലയുടെ

അടിയിൽ ഒരു വലിയ ശ്മശാനമുണ്ടാക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. കെ. മുനീർ അതിന്റെ ഡിസ്പ്ലേ കണ്ടു. മനോഹരമായി ചെയ്യാം. അപ്പോൾ ഒരു അഭിപ്രായവ്യത്യാസവുമുണ്ടാകില്ല. നമ്മൾ പേരിനുവേണ്ടി ഒരു ശ്മശാനമുണ്ടാക്കിയാൽ അഭിപ്രായവ്യത്യാസമുണ്ടാകും.

ശ്രീ. വി. ടി. ബൽറാം : സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കാര്യം പറഞ്ഞപ്പോൾ ഇത് നഗരപ്രദേശങ്ങളിൽ മാത്രമുള്ള മനോഭാവമല്ല, ഗ്രാമപ്രദേശങ്ങളിലും ഇതുപോലുള്ള കാര്യങ്ങളുമായി മുന്നോട്ട് പോകുമ്പോൾ എതിർപ്പുകൾ ഉണ്ടാകുന്നുണ്ടെന്ന് സാന്ദർഭികമായി സൂചിപ്പിക്കുന്നതിനു വേണ്ടിയാണ് എന്റെ മണ്ഡലത്തിലെ കാര്യം പറഞ്ഞത്. ചർച്ചയായതുകൊണ്ട് മാത്രമാണ് ഈ വിഷയം ഞാൻ വിശദീകരിച്ച് പറഞ്ഞത്. ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് ഒരു മുതലാളി ഒരു ഓഡിറ്റോറിയം പണിയാൻ ആഗ്രഹിക്കുന്നുണ്ട്. ആ താൽപ്പര്യം വച്ചുകൊണ്ടാണ് ഈ സമരവുമായി മുന്നോട്ടുവന്നത്. ഞാൻ താലൂക്ക് ഉദ്യോഗസ്ഥരുമായി സംഭവസ്ഥലം സന്ദർശനം നടത്തി എന്നുമാത്രമേയുള്ളൂ. അതിന്റെ തുടർ നടപടികളൊന്നും പറഞ്ഞിട്ടില്ല ; ആരോടും പ്രഖ്യാപിച്ചിട്ടുപോലുമില്ല ; പത്രങ്ങളിലൊന്നും കൊടുത്തിട്ടില്ല. അക്കാര്യം പ്രഖ്യാപിക്കുന്നതിനുമുമ്പ് മുൻകൂട്ടി മണത്തറിഞ്ഞുകൊണ്ട് എന്തിനാണ് എം.എൽ.എ. ഉദ്യോഗസ്ഥരുമായി സ്ഥലം വന്ന് പരിശോധിച്ചത് എന്നുചോദിച്ചുകൊണ്ട് പിറ്റേ ദിവസം മുതൽ ഫ്ലക്സ് വച്ച് പൊതുയോഗങ്ങൾ നടത്തി എന്നുള്ളതാണ് നിങ്ങളുടെ പാർട്ടിക്കാരുടെ അവസ്ഥ. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയാനാഗ്രഹിക്കുന്നില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, പൊതുശ്മശാനത്തിന്റെ ഭീതിയകറ്റാൻ വേണ്ടി ഒരു മന്ത്രി ഇന്നലെ രാത്രി ശ്മശാനത്തിൽ താമസിച്ചതായുള്ള വാർത്ത ഇന്നത്തെ പത്രത്തിലുണ്ട്. മന്ത്രി ശ്മശാനത്തിൽപോയി ഒരു രാത്രി മുഴുവൻ ചെലവഴിച്ചതും ഭക്ഷണം കൊണ്ടുവന്ന് കഴിച്ചതും ആ ഗ്രാമത്തിലെ ജനങ്ങളുടെ ശ്മശാനത്തെക്കുറിച്ചുള്ള ധാരണ തിരുത്തണമെന്നുള്ള രീതിയിലാണ്. അത്തരത്തിലുള്ള ഒരു ഇടപെടൽ സി.പി.എം. നേതാക്കന്മാരുടെ ഭാഗത്തുനിന്നുണ്ടാകുമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, നമ്മുടെ മന്ത്രിമാർ അത്തരത്തിൽ പോകണമെന്നാണോ അങ്ങ് ആഗ്രഹിക്കുന്നത് ?

ശ്രീ. വി. ടി. ബൽറാം : സർ, കർണ്ണാടകയിൽ കോൺഗ്രസ്സിന്റെ ഗവൺമെന്റാണ്. ആ ഗവൺമെന്റിന്റെ മന്ത്രി ഇത്തരത്തിലുള്ള ഒരു നടപടി സ്വീകരിച്ചത് അങ്ങേയറ്റം സ്വാഗതാർഹമാണ്. കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവായിരുന്ന ശ്രീ. ജനാർദ്ദൻ

പൂജാരിയാണ് അവിടെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു അന്ധവിശ്വാസത്തിനെതിരായുള്ള അതിശക്തമായ നടപടികൾ സ്വീകരിച്ചതും അവിടെ വിധവകൾക്ക് പ്രവേശനം അനുവദിക്കുന്നതടക്കമുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകുന്നത്. അത്തരത്തിലുള്ള ചില മാതൃകകൾ കേരളത്തിലും കൊണ്ടുവരേണ്ടതുണ്ടെന്ന് തോന്നുന്നു. കഴിഞ്ഞ ദിവസം എന്റെ സുഹൃത്ത് ശ്രീ. ഷാഫി പറമ്പിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കു മെതിരെ മഹാരാഷ്ട്രയിൽ നടപ്പാക്കിയ നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ശക്തമായ ഒരു നിയമനിർമ്മാണം കേരളത്തിലാവശ്യമുണ്ടെന്നു പറയുകയുണ്ടായി. കേരളത്തിന് ഒരു പാരമ്പര്യമുണ്ട്. നവോത്ഥാനരംഗത്ത് വലിയ മാതൃകാപരമായ ചുവടുവെയ്പുകൾ നടത്തിയ സംസ്ഥാനമെന്ന നിലയ്ക്ക് നമ്മൾ അതിൽനിന്നുമെത്രയോ പുറകോട്ടുപോകുന്നുവെന്ന് പറയുന്നത് ഒരിക്കലും അഭിമാനിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. ഇതിനെ മറികടക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണം ശക്തമായി ഉണ്ടാകണമെന്ന് സാന്ദർഭികമായും താങ്കൾ സൂചിപ്പിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, താങ്കൾ പൊതുശ്മശാനത്തിനെതിരാണ്, പൊതു സ്ഥാപനങ്ങൾക്ക് വാദിക്കുന്നവർ തന്നെ എതിരാണെന്ന് പറഞ്ഞു. പൊതു ശ്മശാനത്തിലുള്ളവർ മരിച്ചവരാണ്. അവരെക്കൊണ്ട് പിന്നീട് ഒരു ഉപകാരവും കിട്ടുന്നില്ല. മറ്റേത് അങ്ങനെയല്ല. അതാണ് കാരണമെന്ന് അങ്ങേക്ക് മനസ്സിലായിട്ടുണ്ടോ ?

ശ്രീ. വി. ടി. ബൽറാം : മറ്റ് പല താൽപ്പര്യങ്ങളുമുണ്ട്. ഞാൻ അക്കാര്യത്തെ കുറിച്ച് കൂടുതൽ വിശദീകരണം നടത്തുന്നില്ല. ഞാൻ എന്റെ പ്രസംഗത്തിന്റെ കൺക്ലൂഷനിൽ വരികയാണ്. എനിക്ക് ഒരു കാര്യംകൂടി ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. നമ്മുടെ പല നഗരപ്രദേശങ്ങളിലും ആസൂത്രണ വികസനം വേണമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അടുത്ത മുപ്പതോ നാൽപ്പതോ അൻപതോ വർഷം മുന്നിൽകണ്ടുകൊണ്ട് നമ്മുടെ നഗരങ്ങളേയും നഗരങ്ങളായി അനുദിനം വളർന്നുവികസിച്ചുവരുന്ന ഇടത്തരം പട്ടണങ്ങളേയും ശാസ്ത്രീയമായ ഒരു പ്ലാനിംഗിന് കീഴിൽ കൊണ്ടുവരണം. കേരളത്തിൽ പ്ലാനിംഗ് ഇല്ലാതെ നമുക്ക് മുന്നോട്ടുപോകാൻ പറ്റില്ലെന്നുള്ള കാര്യം യാഥാർത്ഥ്യമാണ്. ഇപ്പോൾ പല നഗരസഭകളിലും മാസ്റ്റർ പ്ലാൻ എന്ന പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ ജനങ്ങളെ ദ്രോഹിക്കുകയും യാതൊരു തരത്തിലുമുള്ള ശാസ്ത്രീയമായ അടിത്തറയോ യാതൊരുതരത്തിലുള്ള പ്ലാനിംഗോ ഇല്ലാത്ത ഒരുകാര്യമായി വന്നിരിക്കുകയാണ്. നമ്മൾ ചരിത്രം പഠിക്കുമ്പോൾ ഇന്ത്യയെ വിഭജിക്കുന്നതിനുവേണ്ടി ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയത് ഒരിക്കലും ഇന്ത്യകണ്ടിട്ടില്ലാത്ത, ഒരിക്കലും ഇന്ത്യ

സന്ദർശിച്ചിട്ടില്ലാത്ത, ഇന്ത്യയെ ഭൂപടത്തിൽമാത്രം നോക്കിക്കണ്ടിട്ടുള്ള, സിറിൽ റാഡ്ക്ലിഫ് എന്ന ഒരു ഉദ്യോഗസ്ഥനെ അവിടെനിന്ന് ഇവിടേക്ക് കൊണ്ടുവന്നിട്ടാണ് ഇന്ത്യയിലെ ബംഗാൾ അതിർത്തിയും പഞ്ചാബ് അതിർത്തിയും വെട്ടിമുറിച്ചതെന്ന് നമുക്കറിയാം. അദ്ദേഹം ഒരിക്കലും ഇന്ത്യയെ കണ്ടിട്ടില്ല, ഇന്ത്യയിലെ ഗ്രാമങ്ങളെ കണ്ടിട്ടില്ല, അദ്ദേഹം അവിടത്തെ ജനങ്ങളുടെ ജീവിതത്തെ കണ്ടിട്ടില്ല. അദ്ദേഹം ഒരു മാപ്പ് വച്ചാണ് ഇന്ത്യയും പാക്കിസ്ഥാനുമായി വിഭജിച്ചത്. ഈ രീതിയിലുള്ള ചില ഉദ്യോഗസ്ഥരാണ് മാസ്റ്റർ പ്ലാൻ ഇപ്പോഴും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അവർ ഗൂഗിൾമാപ്പ് നോക്കിയശേഷം തീരുമാനിക്കുകയാണ് ഏത് റോഡ് 20 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കാം, അതിന്റെ അപ്പുറത്തോ ഇപ്പുറത്തോ ആരാണ് ; എങ്ങനെയാണ് ; അവരുടെ അഭിപ്രായം എന്താണ്; ഇത് വികസിപ്പിക്കാൻ സാധ്യതയുണ്ടോ ; അല്ലെങ്കിൽ ഇതുകൊണ്ടുണ്ടാകുന്ന സോഷ്യൽ കോസ്റ്റ് എന്താണ് എന്നൊന്നും പരിശോധിക്കാതെ, ഉദ്യോഗസ്ഥ മനോഭാവപരമായിട്ടുള്ള സമീപനം സ്വീകരിച്ചുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ മാസ്റ്റർ പ്ലാൻ അങ്ങേയറ്റം ജനാധിപത്യവിരുദ്ധമാണ്. മാസ്റ്റർ പ്ലാൻ എന്ന ആശയത്തെ അനുകൂലിക്കുന്നു. മാസ്റ്റർ പ്ലാനുകൾ നഗരസഭകൾക്ക് മാത്രമല്ല ഗ്രാമസഭകൾക്കും ആവശ്യമാണെന്ന അഭിപ്രായം ഉയർത്തിപ്പിടിക്കുമ്പോഴും ഇപ്പോൾ ഉണ്ടാക്കപ്പെട്ടിരിക്കുന്ന മാസ്റ്റർപ്ലാനുകൾ ആ ഒരു വിശേഷണത്തിനുപോലും അർഹത നേടാത്തതാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശാസ്ത്രീയമായ അടിത്തറയോ ആസൂത്രണമോ ഇല്ലാതെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളെക്കുറിച്ച് പഠിക്കാനും അവ ഒരു പുനർ വിചിന്തനത്തിന് വിധേയമാക്കാനും ഗവൺമെന്റ് തയ്യാറാകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ മറ്റംഗങ്ങൾ സംസാരിച്ചതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെങ്കിലും ഇതൊരു തുടക്കം മാത്രമാണ്. ആദ്യത്തെ കടമ്പ കടന്നാൽ മാത്രമേ വിദേശത്ത് താമസിക്കുന്ന മലയാളികളായ, വോട്ട് ചെയ്യാൻ ആഗ്രഹമുള്ള മുഴുവൻ ആളുകൾക്കും വോട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. നമ്മൾ അതിന്റെ ആദ്യ കടമ്പയെന്ന നിലയിൽ അവരുടെ വോട്ട് രജിസ്റ്റർ ചെയ്യുന്നത് നല്ല കാര്യം തന്നെയാണ്. പ്രവാസികളുമായി ബന്ധപ്പെട്ട വോട്ടവകാശത്തിന്റെ കാര്യത്തിൽ മലയാളിയായ ഒരാളാണ് ആ കേസ് ഫയൽ ചെയ്തത്. അതിന്റെ പേരിലാണ് ഇങ്ങനെയൊരു ചർച്ച പോലും നടക്കുന്നത്. കേരളത്തിൽ ജീവിക്കാൻ

നിവൃത്തിയില്ലാതാകുമ്പോഴാണ് ഒരാൾ പ്രവാസിയാകുന്നത് എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ രാജ്യത്തിലെ പ്ലാനിംഗിന്റെയും വികസനത്തിന്റെയും തകരാറുകൊണ്ടാണ് ഒരാൾ പാസ്പോർട്ട് എടുക്കുന്നതും വിസ നേടുന്നതും ഗൾഫിലോ യൂറോപ്പിലോ അമേരിക്കയിലോ പോകേണ്ടി വരുന്നതും. ലോകത്ത് എവിടെയെങ്കിലും ഒരു പ്രവാസിക്ക് ഇടം കിട്ടുമെന്ന് കണ്ടാൽ ആദ്യം പോകുന്നത് മലയാളിയാണ്. അതിന്റെ ഒരു പ്രധാനപ്പെട്ട കാര്യം കേരളത്തിൽ അത്രത്തോളം നമ്മുടെ ജീവിതത്തിൽ ഇടം കണ്ടുപിടിക്കാൻ പ്രയാസമുള്ളതുകൊണ്ടാണ്. ഇത് ഇപ്പോൾ തുടങ്ങിയതല്ല. പണ്ടേയുള്ള ഒരു കാര്യമാണ്. പക്ഷേ, പണ്ട് ഇത്ര വലിയ തലത്തിൽ ഇല്ലായിരുന്നു. നമുക്കെല്ലാമറിയാവുന്ന കാര്യമാണ് അവരുടെ നോട്ടാണ് കേരളത്തിന്റെ അടിത്തറ എന്ന്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വോട്ടും അവരുടെ അവകാശമാണ്. അവരുടെ വോട്ട് കേരളത്തിന്റെ വികസനത്തെ അല്ലെങ്കിൽ ഇന്ത്യയുടെ വികസനത്തെ സഹായിക്കുന്നെങ്കിൽ അവരുടെ വോട്ട് ഇന്ത്യയ്ക്ക് വേണ്ടതാണെന്ന് തീരുമാനിക്കാനും വോട്ട് ചെയ്യാനുള്ള അവസരമൊരുക്കി കൊടുക്കാനുള്ള ബാധ്യതയും സർക്കാരിനുണ്ട്. ഇക്കാര്യത്തിൽ ഇങ്ങനെയൊരു ഭേദഗതി ആവശ്യമാണ്. ആ ഭേദഗതിയെ ഞാൻ അംഗീകരിക്കുകയും ചെയ്യുന്നു. പ്രവാസികളുടെ വോട്ടിനെക്കുറിച്ച് തീരുമാനിക്കുമ്പോൾ പ്രോക്സി വോട്ട് വേണോ, ഓൺലൈൻ വോട്ട് വേണോ, തപാൽ വോട്ട് വേണോ അല്ലെങ്കിൽ വേറെ ഏതെങ്കിലും സംവിധാനം ഏർപ്പെടുത്താമോ എന്നീ രീതിയിലുള്ള ചർച്ചകൾ വന്നു. ഈ പ്രശ്നം ഏതെങ്കിലും എക്സ്പർട്ട് കമ്മിറ്റിയുടെ സഹായത്തോടുകൂടി തീരുമാനിക്കുന്നതിനായി കേരളം മുൻകയ്യെടുക്കണം. ഇന്ത്യാക്കാർ കൂട്ടമായി ജീവിക്കുന്ന ഗൾഫ് നാടുകളിൽ മലയാളികളാണ് കൂടുതലായുള്ളത്. അമേരിക്ക, ലണ്ടൻ തുടങ്ങി മറ്റുള്ള സ്ഥലങ്ങളിലുള്ള മലയാളികളുടെ വോട്ടും പ്രധാനമാണ്. ഒരു പ്രദേശമെന്ന നിലയിൽ മറ്റ് ഇന്ത്യാക്കാരെക്കാൾ കൂടുതലായി മലയാളികൾ ജീവിക്കുന്നത് ഗൾഫിലാണ്. ഗൾഫിലെ മലയാളികൾക്ക് ഗൃഹാതുരത്വം കൂടുതലാണ്. എറണാകുളത്തുള്ളതിനെക്കാൾ മലയാളികളെ ദുബായിലും യു.എ.ഇ.-യിലും കുവൈറ്റിലും കാണാൻ കഴിയും. അവിടെയുള്ള മലയാളികൾക്കുള്ള ഗൃഹാതുരത്വം ഇവിടെ ജീവിക്കുന്ന മലയാളികൾക്കില്ലെന്നാണ് പലരും പറയുന്നത്. അവർ കേരളത്തിലെ കാര്യങ്ങൾ ശ്രദ്ധിക്കുകയും അതിൽ പ്രതികരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. റേഡിയോ വാർത്തകൾപോലും അവർ കേൾക്കുന്നത് ഗൃഹാതുരത്വത്തോടുകൂടിയാണ്. പ്രവാസികൾക്ക് എങ്ങനെ വോട്ടവകാശം കൊടുക്കാമെന്നുള്ളത് സംബന്ധിച്ച് സുപ്രീംകോടതി അഭിപ്രായം ചോദിക്കുമ്പോൾ, ഇന്ത്യയിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പലതരത്തിൽ അഭിപ്രായം പറയുമ്പോൾ,

മലയാളികളുടെ ഒരു പ്രത്യേക അഭിപ്രായം രൂപീകരിക്കുന്നതിനുള്ള ശ്രമം ബന്ധപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. ക്യാബിനറ്റിൽ ചർച്ച ചെയ്യുന്നതിനും അങ്ങ് മുൻകയ്യെടുക്കണം. ഗൾഫിലെ സാധാരണക്കാരായ മലയാളികൾക്ക് വോട്ട് ചെയ്യാനുള്ള അവസരമൊരുക്കാൻ കഴിയണം. ഇപ്പോഴും തെരഞ്ഞെടുപ്പിനോട് താല്പര്യമുള്ളവർ ഫ്ലൈറ്റിൽവന്ന് വോട്ട് ചെയ്തിട്ട് മടങ്ങിപ്പോകുന്നവരുണ്ട്. പക്ഷേ വളരെ ചെറിയൊരു വിഭാഗത്തിനുമാത്രമേ അങ്ങനെ വരാൻ കഴിയുന്നുള്ളൂ.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കഴിഞ്ഞ നിയമസഭാ, പാർലമെന്റ് തെരഞ്ഞെടുപ്പ് സമയങ്ങളിൽ ചില സംഘടനകൾ വിദേശത്തുനിന്ന് വിമാനം ചാർട്ടർ ചെയ്ത് വോട്ടർമാരെ കൊണ്ടുവന്ന് വോട്ടുചെയ്യിപ്പിച്ച സാഹചര്യം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. വിദേശത്തുള്ള ഇന്ത്യക്കാർ തെരഞ്ഞെടുപ്പിനോട് അത്രയേറെ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ചില സംഘടനകൾ അങ്ങനെ ചെയ്യുന്നുണ്ടായിരിക്കും. സംഘടനകൾ വോട്ട് ചെയ്യിപ്പിക്കാനായി കൊണ്ടുവരുന്നവരുടെ എണ്ണവും വിമാന ടിക്കറ്റെടുത്ത് വോട്ടുചെയ്യാൻ താല്പര്യം കാണിക്കുന്നവരുടെ എണ്ണവും വളരെ പരിമിതമാണ്. കേരളത്തിലെപ്പോലെ താഴ്ന്ന ജീവിതസാഹചര്യങ്ങളിൽ ജോലി ചെയ്ത് ആ രാജ്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ അടിസ്ഥാനപരമായി വലിയ പങ്ക് വഹിക്കുന്ന, അതിൽനിന്ന് ലഭിക്കുന്ന പണംകൊണ്ട് ഇവിടെ കുട്ടികളെ പഠിപ്പിക്കുന്ന, കേരളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്ന ഒരു സാധാരണ മനുഷ്യന് വോട്ട് ചെയ്യാൻ താല്പര്യമുണ്ടെങ്കിലും ഇന്ന് വോട്ടുചെയ്യാനുള്ള അവസരമില്ല. ഇവിടെ ജീവിതം പടുത്തുയർത്തുന്നതിന് ഗൾഫ് രാജ്യങ്ങളിൽപ്പോയി അദ്ധ്വാനിക്കുന്ന, വോട്ട് ചെയ്യാൻ താല്പര്യമുള്ള മഹാഭൂരിപക്ഷം ആളുകൾക്ക് വോട്ട് ചെയ്യാനുള്ള അവസരം ഉണ്ടാകണം. എന്നാൽ നമ്മുടെ നിർദ്ദേശം ആ രാജ്യത്തിന്റെ നിയമങ്ങൾക്കും പ്രത്യേകതകൾക്കും അനുസരിച്ചല്ലെങ്കിൽ അത് പ്രായോഗികമായി നടപ്പാവുകയില്ല. ഒരാൾ വോട്ട് ചെയ്യുമ്പോൾ സ്വതന്ത്രമായി തന്റെ മനസാക്ഷിയുടെ മുന്നിൽവച്ച് ഞാൻ വോട്ട് ആർക്ക് ചെയ്യണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമാണ് ഒരു വോട്ടറുടെ ഏറ്റവും വലിയ സ്വാതന്ത്ര്യമെന്ന് ഡോ. അംബേദ്കർ പറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ആളുകൾ തമ്മിൽ വോട്ടിന്റെ കാര്യത്തിൽ മാത്രമേ തുല്യതയുള്ളൂ. ടാറ്റ മുതലാളിയുടെ വോട്ടിനും കുരയിൽ കഴിയുന്ന ആദിവാസിയായ അട്ടപ്പാടിയിലെ മനുഷ്യന്റെ വോട്ടിനും തുല്യവിലയാണുള്ളത്. ഒറ്റവിലയുള്ള ഒരു കാര്യമേ ഇന്ത്യയിലുള്ളൂ. ഇത് ഞാൻ പറഞ്ഞതല്ല, ഡോ. അംബേദ്കർ പറഞ്ഞതാണ്. വീട്, അന്തസ്സ്,

ആഹാരം, ശമ്പളം തുടങ്ങി എല്ലാകാര്യത്തിലും ഇന്ത്യയിലെ ജനങ്ങൾ ഭിന്നരാണ്. എല്ലാ കാര്യത്തിലും ഭിന്നതയുള്ളപ്പോൾ എല്ലാവർക്കും തുല്യമായുള്ള വോട്ടിന്റെ കാര്യത്തിൽ ഏറ്റവും പാവപ്പെട്ട അദ്ധ്വാനിക്കുന്ന മനുഷ്യന്റെ വോട്ടിനാണ് ഏറ്റവും കൂടുതൽ മൂല്യമുള്ളത്. എങ്ങനെ വോട്ട് ചെയ്യിപ്പിക്കാമെന്ന നിർദ്ദേശം വരുമ്പോൾ, വോട്ട് ചെയ്യാനാഗ്രഹിക്കുന്ന മനുഷ്യന് വോട്ട് ചെയ്യണമെങ്കിൽ അതിനുള്ള സാഹചര്യം വിദേശത്തുതന്നെ ഒരുക്കേണ്ടിവരും. പ്രോക്സി വോട്ടിന് ചില പ്രശ്നങ്ങളുണ്ട്. എന്നാൽ ഇന്ത്യയിലെ സൈനികർക്കുള്ളത് പ്രോക്സി വോട്ടാണ്. തപാൽ വോട്ടിനും ഓൺലൈൻ വോട്ടിനും അതിന്റേതായ പ്രശ്നങ്ങളുണ്ട്. എംബസിയിൽ വോട്ട് ചെയ്യാൻ സൗകര്യമൊരുക്കണമെന്നാണ് കോൺഗ്രസ് നിർദ്ദേശിച്ചത്. അതിനും ധാരാളം പ്രശ്നങ്ങളുണ്ട്. അതിനെക്കാൾ പ്രധാനപ്പെട്ട പ്രശ്നം, ഒരു പ്രവാസി വോട്ടറുടെ മുന്നിൽ സ്ഥാനാർത്ഥിയെ അവതരിപ്പിക്കുന്നതിനുള്ള സംവിധാനം ഇവിടെയും അവിടെയും എങ്ങനെ ഒരുക്കാമെന്നുള്ളതാണ്. അങ്ങനെ ചെയ്യാൻ ശ്രമിച്ചാൽ അവിടത്തെ ഗവൺമെന്റ് നിയമങ്ങൾ അതിന് അനുവദിക്കുമോയെന്നതാണ്. അവിടെയുള്ള മലയാളികൾ തമ്മിൽ യോജിപ്പുണ്ട്. ആ യോജിപ്പ് നമ്മളൊരുക്കുന്ന തെരഞ്ഞെടുപ്പ് സംവിധാനത്തിന്റെ പ്രത്യേകതകൊണ്ട് വിയോജിപ്പുകൾക്ക് കളമൊരുക്കാൻ പാടില്ല. പ്രവാസിയായി വളരെനാൾ ജീവിച്ച ആളായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതെല്ലാം മനസ്സിലാകും. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഒരു ജനാധിപത്യ സംവിധാനത്തിൽ പങ്കെടുത്ത് എല്ലാവർക്കും വോട്ട് ചെയ്യാനും അവരുടെ ഐക്യം നിലനിർത്താനും അവിടത്തെ ഏറ്റവും സാധാരണ മനുഷ്യന് അവന്റെ ഭാവി ജീവിതത്തിന് ആരാണ് ഒരു നയം സ്വീകരിച്ച് ഇവിടെ ഇരിക്കേണ്ടതെന്ന് നിശ്ചയിക്കുന്നതിൽ പങ്കാളിയാവുകയും ചെയ്യുകയെന്ന പരമപ്രധാനമായ വിഷയം ആലോചിക്കുമ്പോൾ അത്ര ലളിതമല്ലെന്ന് മാത്രമല്ല ഒരു പക്ഷേ ഇതുവരെ ജനാധിപത്യ സംവിധാനത്തിൽ ഇന്ത്യ ആലോചിച്ചതിൽ ഏറ്റവും സങ്കീർണ്ണവുമാണ്. ആ സങ്കീർണ്ണതകളിൽ ഒരുപാട് സവിശേഷതകളുള്ള ഒരു സങ്കീർണ്ണതയാണ് കേരളത്തിലെ പ്രവാസി വോട്ടിന്റെ സങ്കീർണ്ണത, പ്രത്യേകിച്ച് ഗൾഫ് മലയാളികളുടെ വോട്ട്. അത് മനസ്സിലുണ്ടാകണമെന്ന് മാത്രമേ ഞാൻ ഇത് സംബന്ധിച്ച് പറയുന്നുള്ളൂ. മറ്റൊന്ന്, പ്രവാസി വോട്ടിന്റെ കാര്യമാണ് ഇതിൽ അമെന്റ്മെന്റായി വന്നതെങ്കിലും പ്രവാസികളുടെ എല്ലാ കാര്യങ്ങളും ആലോചിക്കണം. അതിൽ പ്രധാനം, പ്രവാസികൾ അയയ്ക്കുന്ന പണം കേരളത്തിന്റെ വികസനത്തിനും പ്രവാസികളുടെ താല്പര്യങ്ങൾക്കും എത്രമാത്രം കരുതലോടെയാണ് ഉപയോഗിക്കുന്നത് എന്നത് സംബന്ധിച്ചാണ്. പ്രവാസികളുടെ കുടുംബങ്ങളും നമ്മുടെ സമൂഹവും സംസ്ഥാനവും ബാങ്കിംഗ് സെക്ടറുമുൾപ്പെടെ എങ്ങനെയാണ് ഈ പണമുപയോഗിക്കുന്നത് ?

ഇന്ത്യയിലെ എയർപോർട്ട് അതോറിറ്റികളും മറ്റ് സംവിധാനങ്ങളും പ്രവാസികളെ എങ്ങനെയാണ് ചൂഷണം ചെയ്യുന്നത് എന്നിവയെല്ലാം കൂട്ടിയോജിപ്പിച്ചുകൂടി ഓർക്കേണ്ടതുണ്ട്. ഇന്നത്തെ അവസ്ഥയിൽ പ്രവാസികൾ കരുതുന്നത് നമ്മൾ അവരെ ചൂഷണം ചെയ്യുന്ന എന്നാണ്. ഇന്ത്യയിലെ പല ചൂഷക സംവിധാനങ്ങൾക്കും ചൂഷണം ചെയ്യാവുന്ന, കാവൽ നിൽക്കാൻ ആരുമില്ലാത്ത ഒരു വിഭാഗമാണ് പ്രവാസിയെന്ന ധാരണ പ്രവാസികളുടെ മനസിൽ വേദനയോടെയുണ്ട്. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയോ ജില്ലയുടെയോ  മണ്ഡലത്തിന്റെയോ മറ്റേത് അടിസ്ഥാന ത്തിലാണെങ്കിലും പ്രവാസികളുടെ മനസ്സിൽ തങ്ങൾ ചൂഷക വസ്തുവാണെന്ന ഒരു ധാരണയുണ്ട്.

2.00 PM]

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, നമ്മുടെ രാജ്യത്തിന്റെ വികസനത്തിന് പ്രവാസികളുടെ പങ്കാളിത്തം ചെറുതല്ല. ഏകദേശം ഒരു ലക്ഷം കോടി രൂപയോളം കേരളത്തിൽ മാത്രം പ്രവാസികളുടെ ബാങ്ക് നിക്ഷേപമായുണ്ട് . ഒരു ലക്ഷം കോടി രൂപ ചെറിയ തുകയൊന്നുമല്ല. എന്നുമാത്രമല്ല മനുഷ്യവിഭവശേഷികൊണ്ട് ഏറ്റവും കൂടുതൽ പണം സമ്പാദിക്കുന്ന രാജ്യങ്ങളിൽ ഒന്നാം സ്ഥാനം ഇന്ത്യക്കാണ്. ഇന്ത്യ ഒന്നാം സ്ഥാനത്തും ചൈന രണ്ടാം സ്ഥാനത്തും ഫിലിപ്പൈൻസ് മൂന്നാം സ്ഥാനത്തുമാണ്. പ്രവാസികൾ  ഈ രാജ്യത്തിന്റെ നട്ടെല്ലായി നിൽക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ആ പ്രവാസികൾക്കുവേണ്ടി പ്രത്യേകമായ ഒരു വകുപ്പുപോലും കേന്ദ്രത്തിലുണ്ടായിരുന്നത് ഇപ്പോൾ ഇല്ലാതായിരിക്കുന്ന സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, നമ്മുടെ  രാജ്യത്ത് കഴിഞ്ഞ 25 വർഷമായി പ്രവാസി പണം വരുന്നതിൽ ഒന്നാം സ്ഥാനം ഇന്ത്യക്കാണ്. പക്ഷേ ഇത്രത്തോളം പണം നമ്മുടെ രാജ്യത്തേക്ക് വന്നിട്ടും നമ്മൾ ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയിട്ടും അവർക്കുവേണ്ടി കാര്യമായിട്ടൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല, വെറും പ്രഖ്യാപനങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും ശ്രീ. കെ. വി. അബ്ദുൾ ഖാദറും പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. പ്രവാസികളുടെ പണം വരുന്നുണ്ടെങ്കിലും അവരുടെ മനസ്സും പ്രശ്നങ്ങളും കേന്ദ്ര ഗവൺമെന്റ് മനസ്സിലാക്കുന്നില്ല. നമുക്ക് തീരുമാനമെടുത്താലും മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ല. ഈ വിഷയം ഭരണ-പ്രതിപക്ഷത്ത് ഇരിക്കുന്നവർ മാത്രമല്ല, പൊതുസമൂഹം

ഗൗരവമായി ആലോചിക്കേണ്ടതാണ്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് ശരിയാണ്, ഒരു ലക്ഷം കോടി രൂപ വന്നിട്ടും ആ പണം ഉപയോഗിച്ച് സാദ്ധ്യമായ തരത്തിൽ ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കാൻ കഴിയുന്നില്ലെന്നുള്ളത് കേരളത്തെക്കുറിച്ചുള്ള പൊതുപരാതിയാണ്. പണമുണ്ടാക്കാൻ അറിയുന്നവരും ചെലവഴിക്കാൻ അറിയാത്തവരും ജീവിക്കുന്ന സ്ഥലമാണ് കേരളമെന്നാണ്, കേരളത്തെ കുറിച്ച് സാമ്പത്തിക വിദഗ്ദ്ധന്മാരുടെ പരാതി. നമ്മൾ കൊണ്ടുവരുന്നത് മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും തിരിച്ചുപോവുകയാണ്. പണം വന്ന് ഇവിടെ നിന്ന് വളരുന്നില്ല. എല്ലാം മറ്റ് സ്ഥലങ്ങളിലേക്ക് പറന്നുപോകുന്നു. സത്യത്തിൽ പണം പറന്നാണ് ഇവിടെ വരുന്നത്. അത് പുറത്ത് പണിയെടുക്കുന്നവരുടേതാണ്. ഇവിടെ ചെലവഴിക്കുന്നതെല്ലാം പുറത്തേക്കാണ് പോകുന്നത്. ഇങ്ങനെയുള്ള അവസരങ്ങളിൽ എല്ലാ കാര്യങ്ങളും പരിഗണിക്കണം. പ്രവാസികളുടെ വോട്ട് മാത്രമല്ല, ആ വോട്ട് നൽകുന്ന പ്രവാസികൾക്ക് ഒരു മനസ്സും നമ്മെക്കുറിച്ച് ചില പ്രതിഷേധങ്ങളും ചില ആശങ്കകളും ആകാംക്ഷകളും ഉണ്ടെന്ന് തീർച്ചയായും മനസ്സിലാക്കണം. എന്തായാലും വോട്ടിന്റെ കാര്യത്തിൽ ഇങ്ങനെ വന്നത് നന്നായി. ഇതൊരു തുടക്കം മാത്രമാണ്. അരി ഉള്ളതുകൊണ്ട് മാത്രം ചോറാകില്ല. ചോറാകണമെങ്കിൽ അടുപ്പും തീയും വെള്ളവും പാകത്തിന് ഉപ്പും അത് വിളമ്പാൻ ആളും വേണം. പ്രവാസികളുടെ പൊതുവായ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ലെന്ന പരാതിയുണ്ട്. കേന്ദ്ര ഗവൺമെന്റാണെങ്കിൽ ഒട്ടും ശ്രദ്ധിക്കുന്നില്ലെന്ന് മാത്രമല്ല, ഇനി ആ ശ്രദ്ധ കുറയാനാണ് സാദ്ധ്യത. അതുകൊണ്ട് പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിൽ ജീവിക്കുന്ന പ്രവാസികൾക്ക് വേണ്ടിയുള്ള സമ്മർദ്ദം കേരളത്തിന്റെ പൊതു സമ്മർദ്ദമായി ബന്ധപ്പെട്ടവരുടെ മുമ്പിൽ കൊണ്ടുവരാൻ കൂടുതൽ ശ്രദ്ധിക്കേണ്ടതായുണ്ട്.

രണ്ടാമത്തെ പ്രശ്നവും ഇതുപോലെ പ്രധാനപ്പെട്ട കാര്യമാണ്. മുനിസിപ്പാലിറ്റിയിൽ കടകളും വ്യവസായങ്ങളും തുടങ്ങുന്നതുമായി ബന്ധപ്പെട്ട ഒരു ഭേദഗതി വന്നു. പല മുനിസിപ്പാലിറ്റികൾക്കും താങ്ങാവുന്നതിലധികം ജനസംഖ്യയും സ്ഥാപനങ്ങളും മറ്റ് സംവിധാനങ്ങളുമുണ്ടെന്നുള്ളതാണ് മുനിസിപ്പാലിറ്റികളുടെ ഒരു പ്രശ്നം. ഒരു ക്രമീകരണവുമില്ല. ഞാൻ ഇതുസംബന്ധിച്ച്, കേരളത്തിൽ ഏതെങ്കിലും പ്ലാൻഡ് സിറ്റിയുണ്ടോ എന്ന് മന്ത്രിയോട് ഒരു ചോദ്യം ചോദിച്ചു. കേരളത്തിൽ അങ്ങനെ ഒരെണ്ണം കാണാൻ കഴിയില്ല. ഛത്തീസ്ഗഡും ഭുവനേശ്വറും ഇൻഡ്യയിലെ ഒരു വെൽ-പ്ലാൻഡ് സിറ്റിയാണ്. ഞാനും ശ്രീ. കെ. ശിവദാസൻ നായരും ഒന്നിച്ചാണ് അവിടെ സന്ദർശിച്ചത്. അദ്ദേഹത്തിന്റെ മകൾ അവിടെ ഐ.എ.എസ്.

ഉദ്യോഗസ്ഥയാണ്. നമുക്ക് എന്തുകൊണ്ടാണ് വെൽ-പ്ലാൻഡ് സിറ്റി ഉണ്ടാക്കാൻ കഴിയാത്തത് ? മുനിസിപ്പാലിറ്റിയിൽ കടകൾ വരുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് എനിക്ക് വകുപ്പുമന്ത്രിയോട് പറയാനുള്ളത്. നമ്മുടെ കടകളും കമ്പോളങ്ങളും ചില നിയമത്തിന്റെ അടിസ്ഥാനത്തിൽ വിദേശികൾക്കും കോർപ്പറേറ്റുകൾക്കും തുറന്ന് കൊടുക്കാൻ തീരുമാനിച്ചാൽ നമ്മുടെ നാട്ടിലെ പതിനായിരക്കണക്കിനാളുകളുടെ ജീവിതം വ്യഥാവിലാകും. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഓർക്കേണ്ടത്, നമ്മുടെ സാമ്പത്തിക മേഖല വളർന്ന് നിൽക്കുകയല്ല ; വളരെ തളർന്ന് നിൽക്കുകയാണ്. ശബരിമല സീസൺ കഴിഞ്ഞാൽ ഹോട്ടൽ വ്യവസായം പോലും പരിതാപകരമായ അവസ്ഥയിലേക്ക് പോകും. അങ്ങനെ പോകുമ്പോൾ എങ്ങനെ പരിസ്ഥിതിയെയും പൊതുജനാരോഗ്യത്തെയും സംരക്ഷിക്കാൻ കഴിയും. എങ്ങനെ മലിനജലവും മലിന വായുവും ഇല്ലാത്ത ആരോഗ്യകരമായ പട്ടണം കെട്ടിപ്പടുക്കാൻ സാധിക്കും. എല്ലാ ഭേദഗതികൾക്കും നിയമത്തിന്റെ ഒരു പ്രശ്നമുണ്ട്. അത് ശരിയായി കൈകാര്യം ചെയ്തില്ലെങ്കിൽ അത് മനുഷ്യനെ പരിക്കേൽപ്പിക്കുന്ന സംവിധാനങ്ങളായി വളരുമെന്നുള്ളതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. പല മുനിസിപ്പാലിറ്റികൾക്കും ഗവൺമെന്റ് നൽകിയ പണം ചെലവഴിക്കാൻ കഴിയുന്നില്ല. ചെലവഴിക്കാൻ സാധിക്കാത്തത് സ്ഥലത്തിന്റെ കാര്യം മാത്രമല്ല, ടെക്നോളജിപോലും കിട്ടാത്തതാണ്. ഞാൻ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിലെ അംഗമാണ്. ടെക്നോളജിക്ക് വേണ്ടി ഒരുവർഷമായി എഴുതിയിട്ടും സെക്രട്ടേറിയറ്റിന് അതിനുള്ള സംവിധാനം കൊടുക്കാൻ കഴിയുന്നില്ല. നമ്മുടെ പട്ടണങ്ങൾ മനുഷ്യനെ ഭയപ്പെടുത്തുന്ന തരത്തിൽ അപകട മേഖലയായി മാറരുത്. ന്യായമായി ജീവിക്കുന്നവർക്ക് അവരുടെ ആരോഗ്യത്തിനും സ്വഭാവത്തിനും വ്യക്തി ജീവിതത്തിനും സമാധാന ജീവിതത്തിനും സുരക്ഷിതമായ മേഖലകളായി പട്ടണങ്ങൾ മാറണമെങ്കിൽ കുറച്ചുകൂടി പ്ലാൻഡ് സിറ്റികൾ ആക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി എന്നെക്കാൾ, ഇവിടെ ഇരിക്കുന്ന പലരെക്കാളും ലോകത്ത് കൂടുതൽ സഞ്ചരിച്ചിട്ടുള്ള ആളാണ്. മഹാരാഷ്ട്രയിലൊക്കെ ചില പട്ടണങ്ങൾക്ക് സോണാണ്. അത്തരം സോണുകൾ ആവശ്യമുള്ളതല്ല. എന്നാൽ ചില മേഖലകളിൽ മാത്രം ഹോസ്പിറ്റലുകൾ ഉണ്ടാക്കണമെന്നും മറ്റുചില പ്രത്യേക മേഖലകളിൽ കച്ചവടസ്ഥാപനങ്ങൾ ഉണ്ടാക്കണമെന്നും റെസിഡൻഷ്യൽ ഏരിയ നിശ്ചിത സ്ഥലത്ത് ആയിരിക്കണമെന്നും ചില സ്ഥലങ്ങളിൽ നിയമമുണ്ട്. അങ്ങനെ വരുമ്പോൾ വീട് വയ്ക്കുന്നവർക്ക് വെള്ളവും വെളിച്ചവും കൊടുക്കാൻ എളുപ്പമാണ്. ഒരു സ്ഥലത്ത് പാർക്കിംഗ് സൗകര്യം കൊടുത്താൽ അവിടെ മാത്രമേ പാർക്ക് ചെയ്യുകയുള്ളൂ. കാരണം പാർക്ക് ചെയ്യേണ്ട വാഹനങ്ങൾ വരുന്നത് ഒരു സ്ഥലത്ത് മാത്രമായിരിക്കും.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, നമ്മുടെ മാസ്റ്റർ പ്ലാനുകൾ അങ്ങ് പറഞ്ഞതുപോലെയാണ് പ്രിപ്പയർ ചെയ്തിട്ടുള്ളത്. തിരുവനന്തപുരത്തും കൊച്ചിയിലും കുറച്ച് മാസങ്ങളായി ഉണ്ടാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ ആവശ്യമില്ലെന്നാണ് എം.എൽ.എ.-മാരുൾപ്പെടെയുള്ളവർ പറയുന്നത്. ഓരോ ഭാഗത്ത് മാത്രമായി പാർക്കിംഗ് ഗ്രൗണ്ടും ഹോസ്പിറ്റലുമൊക്കെ വന്നാൽ അവിടെയുള്ള ആളുകൾ വളരെ വിഷമിക്കുമെന്നും അതുകൊണ്ട് നിർബന്ധമായും മിക്സ്ഡ് ആയിരിക്കണമെന്നാണ് എല്ലാവരും ആവശ്യപ്പെടുന്നത്. ഇതാണ് നമ്മുടെ പ്രയാസം. ടൗൺ പ്ലാനർമാർ താൽപ്പര്യമെടുത്ത് വളരെ നല്ല രീതിയിൽ ഭംഗിയുള്ള പദ്ധതികൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ ആൾക്കാരും മുനിസിപ്പാലിറ്റിയും ജനപ്രതിനിധികളും ആവശ്യപ്പെടുന്നത് മിക്സ്ഡ് ആയിരിക്കണമെന്നാണ്. ഇതാണ് ഇപ്പോൾ നമ്മൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. അങ്ങ് പറയുന്നത് വളരെ ശരിയാണ്. ടൗൺ പ്ലാനിംഗ് ഓരോ വർഷം കഴിയുംതോറും മാറിവരികയാണ്. സിംഗപ്പൂരിൽ അടുത്തിടെ വന്ന ടൗൺപ്ലാനിംഗിൽ, ബിൽഡിംഗ് ഉണ്ടാക്കുന്ന സ്ഥലത്ത് പാർക്കിംഗ് പാടില്ലെന്നാണ് പറയുന്നത്. അവിടെ സ്വന്തമായി വാഹനം ഇല്ലാത്ത ആളുകൾ താമസിച്ചാൽ മതി. അവർ പബ്ലിക് ട്രാൻസ്പോർട്ട് ഉപയോഗിക്കണം. അങ്ങനെ വരുമ്പോൾ അവിടെ ജനത്തിരക്ക് കുറയ്ക്കാൻ കഴിയും. പാർക്കിംഗ് ഉണ്ടെങ്കിൽ കൂടുതൽ കാറുകൾ വാങ്ങുകയും തിരക്ക് ഉണ്ടാവുകയും ചെയ്യും. ഓരോ രാജ്യത്തും ടൗൺ പ്ലാനിംഗ് വ്യത്യസ്തമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, അങ്ങ് പറയുന്നതിനോട് ഞാനും യോജിക്കുന്നു. നമ്മുടെ ജനപ്രതിനിധികൾക്ക് അങ്ങയുടെ കാഴ്ചപ്പാടും എക്സ്പെർട്ട് ഒപ്പീനിയനും സംബന്ധിച്ച് ഒരു പ്രസന്റേഷൻ നടത്തുന്നതുകൊണ്ട് കുഴപ്പമില്ല. കാരണം പ്ലാൻ ചെയ്യാതെ പോയാൽ നഗര സ്വഭാവമുള്ളതെല്ലാം അക്ഷരാർത്ഥത്തിൽ നരകങ്ങളാകും. അവിടെ ചെല്ലുന്നവർ മാനസികമായി വിമ്മിഷ്ടപ്പെട്ട് ആരോഗ്യം തകരും, മാലിന്യം സംസ്കരിക്കാനും ആരോഗ്യം സംരക്ഷിക്കാനും കഴിയാതെ വരും.

ഡോ. ടി. എം. തോമസ് ഐസക് : സർ, മാലിന്യ സംസ്കരണത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരഭ്യർത്ഥനയുള്ളത് ഇപ്പോൾ ഗാർഹിക മാലിന്യ സംസ്കരണത്തിന് പൈപ്പ് കമ്പോസ്റ്റും ബയോ ഗ്യാസ് പ്ലാന്റും മാത്രമാണുപയോഗിക്കുന്നത്. അതിനെക്കാൾ എത്രയോ ചെലവ് കുറവാണ് വയർമെഷ് കൊണ്ടുള്ള പൈപ്പുകളും അടുക്കളയിൽ വയ്ക്കാൻ കഴിയുന്ന ബിന്നുകളും. ഇതിന് 400 മുതൽ 500 രൂപ വരെ മാത്രമേ ചെലവ് വരികയുള്ളൂ. ഒരു പരിശോധന നടത്തി വേഗം അംഗീകരിച്ചാൽ സർക്കാരിന് ലാഭമുണ്ടാവുകയും കാര്യങ്ങൾ നടക്കുകയും ചെയ്യും. അങ്ങ് ദയവ് ചെയ്ത് ഇക്കാര്യം പരിശോധിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി : അങ്ങ് ഒരു പ്രൊപ്പോസൽ തന്നാൽ തീർച്ചയായും പരിപൂർണ്ണമായ സഹായം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ആലപ്പുഴ ജില്ലയ്ക്ക് അങ്ങ് ചോദിച്ച ഏതെങ്കിലും കാര്യങ്ങൾ തരാതിരുന്നിട്ടുണ്ടോ ? അങ്ങ് ആവശ്യപ്പെട്ടത് മുഴുവൻ തന്നു. തിരുവനന്തപുരം നഗരസഭ ആവശ്യപ്പെട്ടത് മുഴുവൻ കൊടുത്തു. പണം ഇക്കാര്യത്തിന് പ്രശ്നമേയല്ല. അങ്ങ് നല്ല സജഷനും ഡി.പി.ആർ.-ഉം കൊണ്ടുവരികയാണെങ്കിൽ സർക്കാർ സഹായിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഞാൻ പറഞ്ഞത്, ഒരു പ്ലാൻ സിസ്റ്റമില്ലെങ്കിൽ വരുന്ന പ്രശ്നം, അഞ്ചുവർഷം കഴിയുമ്പോൾ നമുക്കൊരിടത്തും സഞ്ചരിക്കാൻ സാധിക്കില്ല. നമുക്ക് വാഹനം കൊണ്ടുപോകാനോ, വായു ശ്വസിക്കാനോ, വെള്ളത്തിൽ കുളിക്കാനോ ആരോഗ്യത്തോടെ ജീവിക്കാനോ സാധിക്കുകയില്ല. കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ആരോഗ്യമാണെന്ന് നമുക്ക് എല്ലാപേർക്കുമറിയാം. നമ്മുടെ ആയുസിന്റെ ദൈർഘ്യം കൂടുകയും ആരോഗ്യം കുറയുകയുമാണ് ചെയ്യുന്നത്. എല്ലാ പഠനങ്ങളും പറയുന്നത് പണ്ട് 60 വയസ്സ് നമുക്ക് ആയുർദൈർഘ്യമുണ്ടായിരുന്ന കാലത്ത് 59.5 വർഷവും നമ്മൾ ജീവിച്ചിരുന്നത് മരുന്നില്ലാതെയാണ്. എന്നാൽ ഇന്ന് 35 വയസ്സുമുതൽ ജീവിക്കുന്നത് മരുന്നുകൊണ്ടാണ്. മരുന്നുകൊണ്ട് പുലരുന്ന ഒരു സമൂഹമായി, രോഗങ്ങളുടെ തടവറയിൽപ്പെട്ട് ആരോഗ്യമില്ലാത്ത ഒരു സമൂഹമായി നമ്മൾ മാറിയതിന്റെ പ്രധാന കാരണം, നമ്മുടെ കാര്യങ്ങളൊന്നും പ്ലാൻ ചെയ്തല്ല നടപ്പാക്കിയത്, പ്രത്യേകിച്ച് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, നഗരങ്ങളെന്ന് പറയുന്ന സംവിധാനങ്ങൾ. അതുകൊണ്ടാണ് ഒരു സിസ്റ്റം കൊണ്ടുവരണമെന്ന് ഞാൻ പറയുന്നത്. ആ സിസ്റ്റമനുസരിച്ചുള്ള കാര്യങ്ങൾ നഗരങ്ങളിൽ നടപ്പാക്കാൻ ശ്രമിക്കണം. സ്കൂൾ മേഖലയിൽ ആരോഗ്യ പ്രശ്നങ്ങളോ ഏതെങ്കിലും തരത്തിലുള്ള പൊല്യൂഷനോ ഉണ്ടാകരുത്. കാരണം, അവിടെയുള്ളത് കുട്ടികളാണ്. അവർക്ക് ഏതെങ്കിലും തരത്തിൽ സഞ്ചാരത്തിന് തടസ്സമുണ്ടാകരുത്. വേണമെങ്കിൽ രണ്ടാം നില റോഡൊക്കെയാകാം. ലോകത്തിന്റെ പലയിടത്തും പോയിട്ടുള്ളവർക്കറിയാം, ഹോസ്പിറ്റലിലേക്കും എയർപോർട്ടിലേക്കും പോകുന്നത് ഒന്നാം നില റോഡല്ല, രണ്ടാം നില റോഡാണ്. അവിടെ ബ്ലോക്കുണ്ടാവുകയില്ല. ബ്ലോക്കുണ്ടാകരുതെന്ന് അവർക്ക് നിർബന്ധമാണ്. അങ്ങനെയുള്ള സ്ഥലത്ത് മാത്രമേ റോഡുകൾ നിർമ്മിക്കുകയുള്ളൂ, അതിലൂടെയാണ് വാഹനങ്ങൾ പോകുന്നത്. ഇവിടെ നമുക്കങ്ങനെയുള്ള ഒരു സംവിധാനവുമില്ല. അതുകൊണ്ട് അങ്ങയുടെ കാലത്തെങ്കിലും ചില നഗരങ്ങളിലെങ്കിലും

ഇത്തരം പദ്ധതികൾക്ക് തുടക്കം കുറിക്കണം. വളർന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ വളർച്ച പലവഴിക്കായാൽ നമ്മൾ വീർപ്പുമുട്ടിപ്പോകും. ഇവിടെ ശ്രീ. വി. ടി. ബൽറാം പറഞ്ഞ അഭിപ്രായത്തിനെതിരായി എനിക്ക് ഒരു കാര്യം പറയാനുണ്ട്. ലൈസൻസ് കൊടുക്കുമ്പോൾ ടാക്സ് കൂടുതൽ ഈടാക്കണമെന്നൊക്കെ പറഞ്ഞു. കേരളത്തിലെ എല്ലാ നഗരങ്ങളും ഒരുപോലെയല്ല. ആലപ്പുഴയും അടൂരും ഒരുപോലെയല്ല, എറണാകുളവും അവിടെയുള്ള ചെറിയ ഒരു മുനിസിപ്പാലിറ്റിയും ഒരുപോലെയല്ല. ഒരു സ്ഥാപനം നടത്തുന്നവന് ജീവിക്കാനുള്ള വരുമാനംകൂടി കിട്ടുമെന്നുറപ്പില്ലാത്ത ഒരു സംവിധാനത്തിൽ വർദ്ധിച്ച തോതിലുള്ള ലൈസൻസ് ഫീസ് ഈടാക്കുക എന്നുപറയുന്നത് കേരളത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പ്രായോഗികമാകില്ല. കേരളത്തിലെ റബ്ബറിന്റെ വിലയിടിവും ഗൾഫ് നാണ്യങ്ങളുടെ വരവിന്റെ കുറവുമാണ് എല്ലാവരും പറയുന്നത്. ഇനി വരുംകാലങ്ങളിൽ ഗൾഫ് രാജ്യങ്ങളിലേക്ക് എത്രത്തോളം അധികം മലയാളികളെ ഉൾക്കൊള്ളാൻ കഴിയുമെന്നൊന്നും വലിയ പ്രതീക്ഷയില്ല. ഒരുപക്ഷേ, അങ്ങ് ഇതേപ്പറ്റി കൂടുതൽ അറിയാവുന്ന ആളായിരിക്കാം. ഇനിയും ആളുകൾ തിരിച്ചുവരാൻ സാധ്യതയുണ്ടെങ്കിൽ ഇവിടെ നമുക്കവരെയും ഉൾക്കൊള്ളേണ്ടിവരും. അങ്ങനെയൊരു കാലത്ത് ലൈസൻസ് ഫീസിന്റെയും ടാക്സിന്റെയും കാര്യത്തിൽ നമ്മൾ കുറച്ചുകൂടി ശ്രദ്ധിക്കണം. അതായത് ഇവിടെ കച്ചവടം നടത്തുന്ന ഒരാൾ കച്ചവടം നടത്തി മതിയാക്കുകയല്ല, മറിച്ച് കച്ചവടം നടത്തി ജീവിതം നന്നായി കൊണ്ടുപോകുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ലൈസൻസ് ഫീസ് നമ്മൾ കൂട്ടുകയല്ല, കുറയ്ക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, അങ്ങ് മന്ത്രിയായിരുന്നതിന്റെ അവസാന കാലഘട്ടങ്ങളിലാണ് ഇത് റിവൈസ് ചെയ്തത്. ചെറിയൊരു കടയ്ക്ക് 3000-4000 രൂപയായിരുന്ന റിവൈസ്ഡ് ഫീസായി ഈടാക്കിയിരുന്നത്. അതിപ്പോൾ 500-600 രൂപയാക്കി ചുരുക്കിയിരിക്കുകയാണ്. ഒരാളിന്റെ കച്ചവടം എങ്ങനെയുണ്ട്, അവരുടെ ടോട്ടൽ ഇൻവെസ്റ്റ്മെന്റ് എത്രയാണ് ; എത്ര സെയിൽസുണ്ട് എന്നിവ അനുസരിച്ച് ഫീസ് ചുമത്താനുള്ള സൗകര്യങ്ങൾ നഗരസഭയ്ക്ക് ചെയ്തു കൊടുക്കുകയാണ് ചെയ്യുന്നത്. ഫീസ് കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, രണ്ടാമത് ബില്ലിൽ 'സേവനം' എന്നൊരു വാക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്. അത് തീർച്ചയായിട്ടും നല്ലതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ, 25 മിനിട്ടായി.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഞാൻ രണ്ടുമിനിട്ട് കൂടി എടുത്ത് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ആ സേവനമെന്ന വാക്ക് കൂട്ടിച്ചേർക്കുമ്പോൾ ഒരു കാര്യം, ഈ മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തുകളുടെയും സേവനങ്ങൾ, എല്ലാ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ജനങ്ങൾക്ക് നൽകാൻ കഴിയാത്തത്, ഗവൺമെന്റിന്റെ ഏതെങ്കിലും സഹായം കിട്ടുന്നതിന്റെ കുറവുകൊണ്ടാണോ ; അതോ മറ്റേതെങ്കിലും നിയമ തടസ്സംകൊണ്ടാണോ, സാങ്കേതികമായി അവർക്ക് കിട്ടുന്ന ഏതെങ്കിലും സംവിധാനത്തിന്റെ കുറവുകൊണ്ടാണോയെന്ന് അങ്ങ് പരിശോധിക്കണം. ഉദാഹരണമായി പറഞ്ഞാൽ, പട്ടിയുടെ കടിയിൽനിന്ന് രക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം, വെളിച്ചം നൽകുന്നത്, ആരോഗ്യം നൽകുന്നത്, വെള്ളം നൽകുന്നത് എന്നിവ മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്വമാണ്. ഇതിനൊക്കെ അവിടത്തെ ജനജീവിതവും ജനങ്ങളുടെ എണ്ണവും അവിടത്തെ സൗകര്യങ്ങളും മുനിസിപ്പാലിറ്റിക്ക് അല്ലെങ്കിൽ പഞ്ചായത്തിന് ഇതൊക്കെ ചെയ്യാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കണം. ചില മുനിസിപ്പാലിറ്റികൾക്കെങ്കിലും സാമ്പത്തിക പ്രശ്നങ്ങൾകൊണ്ട് അവർക്ക് നിർദ്ദേശിച്ചിട്ടുള്ളതും നിശ്ചയിക്കപ്പെട്ടിട്ടുള്ളതുമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ സാധിക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് പ്രത്യേകമായി പഠിച്ച് അതിനുവേണ്ട സഹായം നൽകിയാൽ അവിടന്ന് വരുമാനം കണ്ടെത്താനും, ടാക്സിന്റെയും ഫീസിന്റെയും കാര്യമൊഴിച്ച് മറ്റ് കാര്യങ്ങളിൽ മുനിസിപ്പാലിറ്റിക്ക് വരുമാനം സ്വയമുണ്ടാക്കിയെടുക്കാൻ സാധിക്കും. അതുകൊണ്ട് ചില മുനിസിപ്പാലിറ്റികളെങ്കിലും വെൽ പ്ലാൻഡ് സിറ്റികളാക്കി മാറ്റുന്നതിനുള്ള അന്വേഷണങ്ങൾ നടത്തി അതിനാരംഭം കുറിക്കണമെന്നും കേരളത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് മനുഷ്യന് കൂടുതൽ ആരോഗ്യവും നന്മയും കിട്ടാവുന്ന തരത്തിൽ ഭരണ സംവിധാനത്തെ ഉപയോഗ പ്പെടുത്തുന്നതെങ്ങനെയെന്ന് വേണ്ടിവന്നാൽ ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ ഒപ്പീനിയൻ തേടി പെട്ടെന്ന് നടപ്പാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട എല്ലാ നിർദ്ദേശങ്ങളും അടുത്ത സബ്ജക്ട് കമ്മിറ്റിയിൽ പരിഗണനയ്ക്കെടുത്ത് കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ട് അവ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ബഹുമാനപ്പെട്ട എ. പ്രദീപ്കുമാർ, അദ്ദേഹം ഇവിടെ ഇപ്പോഴില്ല, സാധാരണ ബില്ലൊക്കെ പഠിച്ച് കൃത്യമായി പറയുന്ന ഒരാളാണ്, എന്നാൽ ഇപ്രാവശ്യം അദ്ദേഹം സംസാരിച്ചതു മുഴുവൻ നമ്മുടെ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ടിനെപ്പറ്റിയാണ്. ഇതൊരു ജനാധിപത്യ വിരുദ്ധ ഓർഡിനൻസാണെന്നാണ്

അദ്ദേഹം പറഞ്ഞത്. അദ്ദേഹം കൂടുതൽ കാര്യങ്ങൾ അതിനെപ്പറ്റിയാണ് പറഞ്ഞത്. റിക്കോർഡിലുള്ളതുകൊണ്ട് അതിനെക്കുറിച്ച് മറുപടി പറയാതിരിക്കാൻ നിർവ്വാഹമില്ല. 100 വർഷം പഴക്കമുള്ള നഗരാസൂത്രണ നിയമങ്ങളാണ് കേരളത്തിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്നത്. ഈ ഓർഡിനൻസ് വരുന്നതുവരെ നമ്മുടെ മലബാർ പ്രദേശത്ത് 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ടും തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് 1108-ലെ ടൗൺ പ്ലാനിംഗ് ആക്ടും തിരുവിതാംകൂറിന് മാത്രമായി തിരുവിതാംകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 1120 എന്നിങ്ങനെ ഏകദേശം 100 വർഷം പഴക്കമുള്ള നഗരാസൂത്രണ നിയമങ്ങളായിരുന്നു ഈ മൂന്ന് പ്രധാനപ്പെട്ട നഗരങ്ങൾക്കു വേണ്ടി ഉണ്ടാക്കിയിരുന്നത്. മുനിസിപ്പാലിറ്റികൾ വെൽ പ്ലാൻഡ് സിറ്റീസ് ആയിരിക്കണമെന്ന് ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞു. 32 നഗരസഭകളുടെ മാസ്റ്റർ പ്ലാൻ ഏകദേശം തീർന്നുകഴിഞ്ഞിട്ടുണ്ട്, അല്ലെങ്കിൽ എബൗട്ട് ടു ഫിനിഷ് എന്ന സ്റ്റേജിലാണ്. ഈ ഡിസംബർ 31 ആകുമ്പോഴേക്കും തീർക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ബാക്കിയുള്ള നഗരസഭയുടേത് മൂന്നു-നാലു മാസംകൊണ്ട് തീർക്കാൻ കഴിയുമെന്നുള്ളതാണ് നമ്മുടെ പ്രതീക്ഷ. 1992-1994-ലെ 73, 74 എന്നീ ഭരണഘടന ഭേദഗതികൾ വന്നതോടുകൂടി പഴയ ടൗൺ പ്ലാനിംഗ് ആക്ട് മുഴുവനും ഔട്ട്ഡേറ്റഡായത് കൊണ്ട് condemn ചെയ്യണമെന്നും രണ്ടുവർഷത്തിനകം പുതിയ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് ഉണ്ടാക്കണമെന്നും കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. പക്ഷേ, പല കാരണങ്ങൾ കൊണ്ട് അതിങ്ങനെ നീണ്ടുപോകുകയാണുണ്ടായത്. ഒരാളും ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ടിനെപ്പറ്റി ശ്രദ്ധിച്ചതേയില്ല. ഒരുവർഷം മുമ്പ് ഹൈക്കോടതിയിൽ ഒരാൾ കേസിനുപോകുകയും ഒരു നിശ്ചിതകാലത്തിനുള്ളിൽ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് കൊണ്ടുവരണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വളരെ ധൃതിയിൽ, പഴയ കാലുത്തുണ്ടാക്കിവച്ചിരുന്ന ആക്ട് കുറച്ചുകൂടി മോഡിഫൈ ചെയ്തുകൊണ്ടാണ് നമ്മളിപ്പോൾ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് ഉണ്ടാക്കിയത്. ഇതിന്റെ ബേസ് ബംഗാളിലെ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് ആണ്. കുറെയധികം ആളുകളുമായി ചർച്ച ചെയ്തതിനുശേഷമാണ് ഈ പദ്ധതിയുണ്ടാക്കിയിരിക്കുന്നത്. കൊല്ലം ജില്ലയിൽ ഇത് ബേസ് ചെയ്തുകൊണ്ട് ഒരു മാസ്റ്റർ പ്ലാനുണ്ടാക്കിയിരുന്നു. ഇൻഡ്യയിലൊക്കെത്തന്നെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളും ഇതേപ്പറ്റി ചർച്ച ചെയ്യുന്നുണ്ട്. പലപ്പോഴും നമ്മുടെ സംസ്ഥാനത്തു നിന്നുള്ള ടൗൺ പ്ലാനിംഗ് ഉദ്യോഗസ്ഥന്മാരെ പല സംസ്ഥാനങ്ങളിലേക്കും കൂട്ടിക്കൊണ്ട് പോകാറുമുണ്ട്. ഏതായാലും അതിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ, ഒരു സംശയവുമില്ല, ഒരിക്കലും നമ്മുടെ ഗവൺമെന്റിന്റേത് ജനാധിപത്യ വിരുദ്ധമായ ഒരു ഓർഡിനൻസല്ല,

എന്തെങ്കിലും അധികാരങ്ങൾ അതുവഴി പിടിച്ചെടുക്കുന്നുണ്ടെങ്കിൽ ബില്ലായി വരുന്ന സമയത്ത് അത് ഉറപ്പായും എടുത്തുമാറ്റുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഇ-ടെണ്ടറിനെപ്പറ്റി പറഞ്ഞു. ഇ-ടെണ്ടർ നടപ്പാക്കിയിട്ടുള്ളത് വളരെ സദുദ്ദേശത്തോടു കൂടിയാണ്. ഇത് ഏർപ്പെടുത്താനുള്ള പ്രധാനപ്പെട്ട കാരണം, തിരുവനന്തപുരം നഗരസഭയിൽ കഴിഞ്ഞ ഒരു വർഷംമുമ്പ് കോൺട്രാക്ടർമാർ തമ്മിൽ വലിയ അടിപിടിയുണ്ടായി. അങ്ങ് അതേപ്പറ്റി വായിച്ചിട്ടുണ്ടാകും. അതുകൊണ്ട് ഇ-ടെണ്ടറാണ് നല്ലത്, ഒരു അഡ്ജസ്റ്റ്മെന്റും ഇ-ടെണ്ടറിൽ നടക്കില്ലായെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇ-ടെൻഡർ നിർബന്ധമാക്കിയത്. അങ്ങുപറഞ്ഞതുപോലെ, നമ്മുടെ നിയമത്തിൽ ടെണ്ടർ മാനുവലായി നൽകണമെന്നുണ്ടായിരുന്നു, അത് മാറ്റാൻ സാധിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ ആളുകൾ കേസിനുപോയി. അങ്ങനെ ചില നഗരസഭകളുടേത് ഇ-ടെണ്ടറും ചില നഗരസഭകളുടെത് മാനുവൽ ടെൻണ്ടറുമായി. അത് വളരെ പ്രയാസമുണ്ടാക്കുന്നതായി പല മേയർമാരും ചെയർമാൻമാരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഏത് രീതിയിലെ ടെൻഡറാണോ ഫോളോ ചെയ്യുന്നത് അതനുസരിച്ച് മാർച്ച് മാസം 31 വരെ അതേ രീതിയിൽ പോകാനും ഏപ്രിൽ മാസം മുതൽ അത് മാറ്റാനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തെരുവുവിളക്കുകൾ കത്തിക്കുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞു. എല്ലാ നഗരസഭകളിലും അത് വലിയൊരു പ്രശ്നമാണ്. അതിനാണ് 'നഗരജ്യോതി' എന്ന പദ്ധതി നഗരകാര്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ മാസം 8-ാം തീയതി അതിന്റെ ഡി.പി.ആർ. ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡി.പി.ആർ കിട്ടിയാൽ ടെണ്ടർ ക്ഷണിക്കും. 65 നഗരസഭകളിലും ഇപ്പോഴുള്ള സ്ട്രീറ്റ് ലൈറ്റ് മുഴുവൻ മാറ്റിക്കൊണ്ട് എൽ.ഇ.ഡി. ആക്കുകയാണ്. അതിനായി കേന്ദ്ര സർക്കാരിന്റെ ഒരു കമ്പനിയാണ് മുന്നോട്ട് വന്നിട്ടുള്ളത്. ടെണ്ടർ ചെയ്യുമ്പോൾ ഏത് കമ്പനിയാണ് ലാഭമെന്ന് നോക്കി ആ കമ്പനിക്ക് കൊടുക്കും. അടുത്ത അഞ്ചുവർഷത്തേക്കുള്ള മെയിന്റനൻസും അവർ ചെയ്യും. അധീഷണലായി ഒരു ഫണ്ടും കൊടുക്കേണ്ടി വരില്ല. ഇപ്പോൾ കൊടുക്കുന്ന ഇലക്ട്രിസിറ്റി ചാർജ് മാത്രം കൊടുത്താൽ മതി. അഞ്ച് വർഷം കഴിയുമ്പോൾ ഇലക്ട്രിസിറ്റി ചാർജ് ഇപ്പോൾ കൊടുക്കുന്നതിന്റെ നാൽപ്പത് ശതമാനമായി ചുരുങ്ങും. അസറ്റ് മുഴുവൻ നമുക്ക് ലഭിക്കുകയും ചെയ്യും. ആലപ്പുഴയിലൊക്കെ ഇത് ചെയ്യുന്നുണ്ട്. ഡോ. ടി. എം. തോമസ് ഐസകിന് അതിനെപ്പറ്റി അറിയാം. നഗരജ്യോതി എന്നാണ് ആ പദ്ധതിക്ക് പേരിട്ടിട്ടുള്ളത്.

വോട്ടവകാശം നേടിയതുകൊണ്ട് എല്ലാം നേടിയെന്ന് ആർക്കും ഒരു വിശ്വാസവുമില്ല. പക്ഷേ ഇതൊരു തുടക്കമാണ്. പഴയ കാലത്ത് എല്ലാ രാഷ്ട്രീയപ്പാർട്ടികളും എന്താണ് ചെയ്തിരുന്നത് ? പ്രവാസി മലയാളികളുടെ പേര് വോട്ടർ ലിസ്റ്റിൽനിന്ന് കട്ട് ചെയ്യുകയാണ് ചെയ്തിരുന്നത്. ഇപ്പോൾ മത്സരിച്ച് അവരുടെ പേര് ചേർക്കുകയാണ്. എന്നിട്ട് അവരോട് ഓണത്തിനും ക്രിസ്തുമസിനും പെരുന്നാളിനും നാട്ടിലേക്ക് വരണ്ട, പഞ്ചായത്ത് ഇലക്ഷനോ അസംബ്ലി ഇലക്ഷനോ വന്നാൽ മതിയെന്ന് വിളിച്ചു പറയുകയാണ് ചെയ്യുന്നത്. ആ രീതി മാറി, മുൻകാലങ്ങളിലും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർത്ഥമായി ശ്രമിച്ചിരുന്നു. എന്നാൽ അവർക്കിപ്പോൾ ഒരു അന്യതാബോധമില്ല. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെ ചൂഷകവസ്തുവെന്ന ഒരു ധാരണ അവർക്കില്ല. സെക്കൻഡ് ഗ്രേഡ് സിറ്റിസൺ എന്നാണ് അവരെ പറഞ്ഞിരുന്നത്. പലപ്പോഴും നമ്മൾ വോട്ടുചെയ്യാൻ പോകുന്നത് അവർ നോക്കി നിൽക്കുന്ന അവസ്ഥയായിരുന്നു. അവരുടെ പണം മാത്രം മതിയായിരുന്നു. ഇപ്പോൾ നോട്ടും വേണം വോട്ടും വേണം. നമ്മുടെ നാടിന്റെ വികസനകാര്യത്തിൽ അവർ വലിയ കാര്യമാണ് ചെയ്യുന്നത്. ഇതൊരു ഹമ്പിൾ ബിഗിനിംഗാണ്. വോട്ട് ചേർക്കുന്നത് ഓൺലൈനായാണോ മറ്റുതരത്തിലാണോ എന്നുള്ള കാര്യം കേന്ദ്ര ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. സംസ്ഥാന ഗവൺമെന്റിന് അത് തീരുമാനിക്കാൻ കഴിയില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അവർക്ക് വോട്ട് നൽകുന്നുവെന്ന മഹത്തായ കാര്യത്തോടൊപ്പം തന്നെ, ജനറൽ ഇലക്ഷനിൽ എങ്ങനെ വേണമെന്നുള്ളതിനെ കുറിച്ച് കേന്ദ്ര ഗവൺമെന്റും ബഹുമാനപ്പെട്ട സുപ്രീംകോടതിയും തമ്മിൽ ഡിസ്കഷൻ നടക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടിന്റെ കാര്യം നമുക്ക് തീരുമാനിക്കാവുന്നതേയുള്ളൂ. നിയമപരമായി തടസ്സമൊന്നുമില്ല. ഓൺലൈനായി വോട്ട് ചെയ്യാമെന്ന നിയമഭേദഗതികൂടി ഇതിന്റെകൂടെ വരുന്നത് നല്ലതായിരിക്കുമെന്ന് തോന്നുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഏത് രീതിയിലാണ് വോട്ട് ചെയ്യേണ്ടതെന്ന എക്സ്പെർട്ട് ഒപ്പീനിയനും വേണം, ചർച്ച ചെയ്യുകയും വേണം.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, അത് വളരെ വലിയ ഒരു സജഷനാണ്. കേരളം എല്ലാ കാര്യത്തിനും മറ്റുള്ള സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഇക്കാര്യത്തിലും മാതൃക കാണിക്കുന്നത് നല്ലതായിരിക്കും. അടുത്ത 8-9 മാസത്തിനുള്ളിൽ വരുന്ന പഞ്ചായത്ത് ഇലക്ഷനിൽ ഇത് മാതൃകയാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഇക്കാര്യത്തിൽ നിർബന്ധമായും ചർച്ചയാവശ്യമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡുപയോഗിക്കണമെന്ന രീതിയിലുള്ള അമെന്റ്മെന്റ്സ് കൂടി റൂൾസിൽ വരുമല്ലോ ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്, പാസ്പോർട്ട് അല്ലെങ്കിൽ ഡ്രൈവിംഗ്, ഗവൺമെന്റ് ഇഷ്യൂ ചെയ്യുന്ന ഏതെങ്കിലും ഐഡന്റിറ്റി കാർഡ് എന്നതുതന്നെയാണുള്ളത്. ബഹുമാനപ്പെട്ട ശ്രീ. വി. റ്റി. ബൽറാം പറഞ്ഞത് ചെറിയ സ്ഥാപനങ്ങൾക്കും വലിയ സ്ഥാപനങ്ങൾക്കും ഒരേ രീതിയിലുള്ള ലൈസൻസ് ഫീസല്ല എന്നുള്ളതാണ്. ആ മനോഭാവം മാറ്റണമെന്നതിന് യാതൊരു സംശയവുമില്ല. നമ്മുടെ ഖജനാവ് നിറയ്ക്കുന്നത് വ്യാപാരികൾ തന്നെയാണ്. അവർ ചെയ്യുന്ന സേവനം നമ്മൾ അംഗീകരിക്കണം. അവർക്കുവേണ്ട സൗകര്യം ചെയ്തു കൊടുക്കണം. പൂക്കട, സ്വർണ്ണക്കട അല്ലെങ്കിൽ ടെക്സ്റ്റയിൽ ഷോപ്പ് അവയെ ഡെയിഞ്ചറസ് ആന്റ് ഒഫൻസീവ് എന്നു പറയുന്നത് തന്നെ അവരെ ഇൻസൾട്ട് ചെയ്യുന്ന രീതയിലാണ്. അത് മാറ്റി ട്രേഡ് ലൈസൻസ് എന്നാണ് പേര് കൊടുക്കുന്നത്. വലിയ കടകൾക്ക് വലിയ ടാക്സ്, ചെറിയ കടകൾക്ക് ചെറിയ ടാക്സ്. വലിയ ടാക്സ് എന്നുപറയുന്നത് മാക്സിമം അയ്യായിരം ആറായിരം രൂപവരെയേ വരികയുള്ളൂ. ചെറിയ ഒരു കടയ്ക്ക് 500 രൂപയാണ് ടാക്സ്. കടകളെ മാത്രമല്ല ഇൻകം ജനറേറ്റ് ചെയ്യുന്ന ഓഫീസുകളെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരും. കൺസ്ട്രക്ഷൻ കമ്പനികൾ, ക്ലിനിക്കുകൾ ഇവയ്ക്കൊന്നും ഇതുവരെയും ട്രേഡ് ലൈസൻസ് ആവശ്യമുണ്ടായിരുന്നില്ല. ഇവയെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരും. കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എ. പ്രദീപ് കുമാർ, അങ്ങയുടെ നിരാകരണ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. എ. പ്രദീപ് കുമാർ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. റ്റി. ബൽറാം അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## 2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

മി. ഡെപ്യൂട്ടി സ്പീക്കർ : കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അങ്ങ് സംസാരിക്കുന്നുണ്ടോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ പ്രായം 55 വയസ്സ് എന്നത് 56 ആക്കുന്നതിന് വേണ്ടിയുള്ള ചെറിയ ഒരു ഭേദഗതിയാണ്. ചർച്ചയ്ക്കുശേഷം സംസാരിക്കാം.

ശ്രീ. ജെയിംസ് മാത്യു : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. വളരെ ദീർഘമായി കാര്യങ്ങൾ പറയാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വ്യത്യസ്ത അഭിപ്രായം പറയാതിരിക്കാൻ തരമില്ല. ഗവൺമെന്റ് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന്റെ ഫലമായി, അത് പ്രതിസന്ധിയല്ല സാമ്പത്തിക പ്രയാസമാണെന്ന് ലഘൂകരിച്ച് പറഞ്ഞാലും അതിന്റെ ഫലമായി ഗവൺമെന്റ് സ്വീകരിച്ചുപോരുന്ന സമീപനം പെൻഷൻ പ്രായം വർദ്ധിപ്പിച്ചുകൊണ്ട് ഈ പ്രതിസന്ധി മറികടക്കാനാണ്. ലക്ഷക്കണക്കിന് യുവജനങ്ങൾ തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന സമയത്താണ് ഗവൺമെന്റ് നിയമന നിരോധനത്തിനും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനമെടുക്കുന്നത്. അതിനനുസൃതമായി കാർഷിക സർവ്വകലാശാലയിലും ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിനോട് ഒരു തരത്തിലും യോജിക്കാൻ സാധിക്കുകയില്ല. ഒരു വയസ്സ് കൂട്ടുന്നുണ്ടോ കുറയ്ക്കുന്നുണ്ടോ എന്നതല്ല പ്രശ്നം. കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനംകൊണ്ട് കാർഷിക മേഖലയിലെ കൃഷിക്കാർക്ക് എന്തുമാത്രം ഗുണം കിട്ടുന്നുണ്ടെന്നുള്ളതാണ് പരിശോധിക്കേണ്ടത്. യഥാർത്ഥത്തിൽ കൃഷി വകുപ്പുമന്ത്രി, അദ്ദേഹം വളരെ ആവേശഭരിതനാണ്. കാർഷിക മേഖലയിലെ പ്രവർത്തനങ്ങളിൽ എല്ലാ ഭാഗത്തും എത്തിച്ചേർന്ന് തന്റെ സങ്കൽപ്പത്തിനും ഭാവനയ്ക്കുമനുസരിച്ച് കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ സദാ ജാഗരൂകനാണ്. എന്നാൽ സർവ്വകലാശാലയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അദ്ദേഹം ശ്രദ്ധിക്കാത്തതു കൊണ്ടാണോ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ആരും ഇക്കാര്യം കൊണ്ടുവരാത്തതുകൊണ്ടാണോ എന്നറിയില്ല, കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ആകെ അവതാളത്തിലാണ്. കാർഷിക സർവ്വകലാശാലയിൽ ഒരു കാര്യവും നടക്കുന്നില്ലെന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. നമ്മുടെ നിയമസഭയിലെ ചില അംഗങ്ങൾ തന്നെ അതിലെ എക്സിക്യൂട്ടീവിലുണ്ട്. ശ്രീ. എം. പി. വിൻസെന്റ് കാർഷികസർവ്വകലാശാല എക്സിക്യൂട്ടീവ് അംഗമാണ്. ബഹുമാന്യനായ അംഗം സഭയിലുണ്ടായിരുന്നെങ്കിൽ എനിക്ക് വിശദീകരിക്കേണ്ടി വരില്ലായിരുന്നു. കാർഷിക സർവ്വകലാശാല എക്സിക്യൂട്ടീവോ ജനറൽ കൗൺസിലോ എടുക്കുന്ന തീരുമാനം നടപ്പാക്കുന്ന ഒരു വൈസ് ചാൻസലർ അവിടെയില്ല. കഴിഞ്ഞ നവംബർ 29-ാം തീയതി കാർഷിക സർവ്വകലാശാലയുടെ യോഗത്തിൽ അജണ്ടയിലുള്ള കാര്യങ്ങളൊന്നും ചർച്ച ചെയ്യാൻ കഴിയാതെ പിരിഞ്ഞുവെന്നാണ് അറിയാൻ സാധിച്ചത്. അവിടെ നടക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ? അവിടെ ചില അദ്ധ്യാപികമാർ പരാതി കൊടുത്തു. അത് സംബന്ധിച്ച് അന്വേഷിക്കുന്നതിനുള്ള എന്തെങ്കിലും നടപടിയുണ്ടായോ ? ബാക്കി സർവ്വകലാശാലകളിൽ എന്താണ്

നടന്നുകൊണ്ടിരിക്കുന്നതെന്ന് വിവിധ സന്ദർഭങ്ങളിൽ ഈ സഭയ്ക്കകത്ത് ചർച്ച ചെയ്തതാണ്. കാർഷിക സർവ്വകലാശാലയെങ്കിലും ഇതിൽ നിന്നും വ്യത്യസ്തമായ ഒരനുഭവം കാഴ്ചവയ്ക്കുമെന്നാണ് നമ്മൾ പ്രതീക്ഷിച്ചത്. ഈ ഗവൺമെന്റിന്റെ കാലത്ത് കാർഷിക സർവ്വകലാശാലപോലും രക്ഷപ്പെട്ടില്ല. കാലിക്കറ്റ് സർവ്വകലാശാല, കേരള സർവ്വകലാശാല, എം.ജി. സർവ്വകലാശാല തുടങ്ങിയ സർവ്വകലാശാലകളെല്ലാം എങ്ങനെയാണോ പുറകോട്ടുപോയത്, അതിനെക്കാൾ ഒരു പടി കൂടി അപ്പുറമാണ് കേരള കാർഷിക സർവ്വകലാശാലയുടെ അവസ്ഥ. യഥാർത്ഥത്തിൽ ഈ ബിൽ അവതരിപ്പിക്കുന്ന സമയത്ത് ഇത്തരത്തിലുള്ള ഗൗരവപൂർവ്വമായ ചിന്ത ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകണ്ടേ ? ആ സർവ്വകലാശാലയിൽ ജോലി ചെയ്യുന്ന ആളുകൾക്കെല്ലാം ഒരു വയസ്സ് നീട്ടിക്കൊടുക്കുക എന്നുപറയുമ്പോൾ എന്തിനാണ് ഇവരെല്ലാവരും ഒരു വർഷം കൂടി അവിടെ ജോലി ചെയ്യുന്നത് ? ആ സർവ്വകലാശാലയ്ക്കും നാടിനും പ്രയോജനകരമായ രീതിയിൽ ഏതെങ്കിലും ഒരു പ്രവർത്തി നടത്തുന്നതിനുവേണ്ടിയാണോ ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻപ്രായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ ഭേദഗതി വന്നിട്ടുള്ളത്. ശ്രീ. ജെയിംസ് മാത്യു പ്രസക്തമായ ഒരു ചോദ്യമാണ് ചോദിച്ചത്. എന്തിനാണ് ഇവരുടെ സർവ്വീസ് കൂട്ടിനൽകുന്ന നടപടിയിലേക്ക് പോകുന്നതെന്നാണ്. നിലവിൽ അത് ഇംപ്ലിമെന്റ് ചെയ്തു കഴിഞ്ഞ ഒരു കാര്യമാണ്. ഓർഡിനൻസാണ്, അത് നിയമമാക്കുക എന്ന ഉത്തരവാദിത്തത്തിനപ്പുറം സർവ്വകലാശാലയെ യഥാർത്ഥ രൂപത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ഈ ഗവൺമെന്റിന് കഴിയുന്നില്ല. സർവ്വകലാശാലയുടെ വിഷയങ്ങളിൽ ഇടപെടുന്നതിന് ഗവൺമെന്റിന് ചില പരിമിതികളുണ്ടെങ്കിൽപ്പോലും ഉള്ള അധികാരം പ്രയോജനപ്പെടുത്തിക്കൊണ്ട് തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നില്ല. കാർഷിക സർവ്വകലാശാലയിൽ ഒന്നുകിൽ തൊഴിലാളികളെ പോസ്റ്റ് ചെയ്യാതിരിക്കുക, നേരത്തെയുണ്ടായിരുന്ന സ്റ്റെങ്ത്തിന്റെ നൂറിലൊന്നായി തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടായി. അവർക്ക് സമയത്തിന് ശമ്പളപരിഷ്കരണം കൊടുക്കുന്നില്ല. എന്നാൽ സർവ്വകലാശാലയിലെ പ്രൊഫസർമാർ മറ്റേതു ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തേക്കാൾ മികച്ച ശമ്പളം വാങ്ങുന്നയാളുകളാണ്. ഗവേഷണം നടത്തേണ്ട ഉത്തരവാദിത്വപ്പെട്ട കാർഷിക സർവ്വകലാശാലയിലെ സയന്റിസ്റ്റുകൾ യഥാർത്ഥത്തിൽ ഗവേഷണം എന്ന വാക്കുതന്നെ മറന്നുപോയിരിക്കുകയാണ്. അവരെ കാർഷിക ശാസ്ത്രജ്ഞർ എന്നു വിളിക്കാൻ കഴിയില്ല. അവർ ഉത്തരവാദിത്വം ഏറ്റെടുത്തു ചെയ്യുന്നില്ല. ജൈവ കാർഷിക കേരളവുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർക്കായി

ഒരു പ്രസന്റേഷൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നാളെ നിയമസഭാ ലോഞ്ചിൽ വച്ചിരിക്കുകയാണ്. ജൈവ കാർഷിക കേരളം നടപ്പിലാകണമെങ്കിൽ ആൾട്ടർനേഷൻ ഉണ്ടാകണ്ടേ ? നിങ്ങൾ ജൈവകൃഷിയിലേക്ക് മാറണമെന്ന് ഇടുക്കിക്കാരോട് പറയുകയാണ്, ഞങ്ങൾ തയ്യാറാണ്. പക്ഷേ ജൈവകൃഷിയിലേക്ക് മാറുമ്പോൾ ഞങ്ങൾക്കുണ്ടാകുന്ന നഷ്ടം എങ്ങനെയാണ് പരിഹരിക്കപ്പെടുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ മുമ്പിൽ ഏതെങ്കിലും തരത്തിലുള്ള പാക്കേജുണ്ടോ? ഇവിടെ റബ്ബറിന്റെ വിഷയത്തിൽ ഗൗരവതരമായ ചർച്ചകളുണ്ടായി. റബ്ബറിന്റെ വിഷയത്തിൽ ഗൗരവമായ ചർച്ചകൾ നിയമസഭയിൽ വരുമ്പോഴും ഈ പ്രതിസന്ധിയെ മറികടക്കുന്നതിനോ ഒരു പാക്കേജ് അവതരിപ്പിക്കുവാനോ ഗവൺമെന്റിന് കഴിയുന്നില്ല. ഏലയ്ക്കാ കൃഷിക്കാരോട് വ്യവസായം ഉപേക്ഷിച്ച് ജൈവകൃഷിയിലേക്ക് വരണമെന്ന് പറയുമ്പോൾ അവർക്കുണ്ടാകുന്ന നഷ്ടം എങ്ങനെ പരിഹരിക്കുമെന്നതിനെ സംബന്ധിച്ച് ഒരു ഗവേഷണം നടത്തി, അതിനൊരു ആൾട്ടർനേഷൻ അവതരിപ്പിക്കുവാൻ ഉത്തരവാദിത്വപ്പെട്ട കാർഷിക സർവ്വകലാശാല നിശബ്ദമായിരിക്കുന്ന ഒരു സാഹചര്യമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഏത് രംഗമെടുത്ത് പരിശോധിച്ചാലും കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞന്മാർ ഒരു സംഭാവനയും ചെയ്യുന്നില്ല എന്നുള്ളതു കൊണ്ട് ഒരു വയസ്സ് കൂട്ടിനൽകുന്നതിനപ്പുറം ഈ വിഷയങ്ങളെ സംബന്ധിച്ച് കുറച്ചുകൂടി ഉന്നതതലത്തിലുള്ള ഗൗരവതരമായ ചർച്ച വേണമെന്ന അഭിപ്രായം ബഹുമാനപ്പെട്ട അംഗത്തിനില്ലേ ?

<u>ശ്രീ. ജെയിംസ് മാത്യു</u> : സർ, തീർച്ചയായും. ഇതിനെ സംബന്ധിച്ച് ഈ സഭയിലിരിക്കുന്ന മുഴുവൻ അംഗങ്ങളും വീർപ്പടക്കി നിൽക്കുകയാണ്. എല്ലാവർക്കും സമയം കൊടുക്കുകയാണെങ്കിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എന്താണ് കാർഷിക സർവ്വകലാശാലയുടെ സ്ഥിതിയെന്ന് ഓരോരുത്തരും ഭംഗിയായി വിശദീകരിക്കും. ശ്രീമതി ഇ. എസ്. ബിജിമോൾ സൂചിപ്പിച്ചതുപോലെ അവിടെ തൊഴിലാളികളുടെ സ്ഥിതി മാത്രമല്ല, ഉദ്യോഗസ്ഥന്മാരുടെയും മറ്റുള്ളവരുടെയും സ്ഥിതി പരിശോധിച്ചു കഴിഞ്ഞാൽ സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുന്ന രൂപത്തിലുള്ള ഒരു പ്രവർത്തനവുമില്ല. തൊഴിലാളികളുടെ എണ്ണം കുറച്ചുവെന്നു പറഞ്ഞു, പത്തിലൊരു അംശം പോയിട്ട് നൂറിലൊരു അംശം പോലുമില്ല. പകരം താൽക്കാലിക ജീവനക്കാരെ എടുത്തുകൊണ്ടിരിക്കുകയാണ്. താൽക്കാലിക ജീവനക്കാരെ എടുക്കുന്നതിന് പുറകിൽ വ്യത്യസ്ത അഭിപ്രായങ്ങൾക്ക് കാരണമാകുന്ന പ്രശ്നങ്ങളുണ്ട്. വയസ്സ് ഒന്ന് കൂട്ടിനൽകുക എന്നുള്ളതിനേക്കാൾ കേരളീയരുടെ ആയുസ്സ് ഒന്ന് ദീർഘമായി കിട്ടുന്നതിന് കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം ഏതെങ്കിലും വിധത്തിൽ

പ്രയോജനപ്പെടുത്താൻ സാധിക്കുമോയെന്ന് അങ്ങ് പരിശോധിക്കേണ്ടതാണ്. ഒരു മന്ത്രി മുമ്പൊരിക്കൽ ഈ സഭയിൽ പ്രാദേശികമായി അഭിപ്രായ പ്രകടനം നടത്തിയപ്പോൾ ഞാനൽപ്പെടെ ഭിന്നാഭിപ്രായം പറഞ്ഞതാണ്. മന്ത്രി കേരളത്തിന്റെ മന്ത്രിയാണ്. അദ്ദേഹം കാസർഗോഡ് ജില്ലയുടെ പ്രത്യേക ചുമതലയുള്ള മന്ത്രി എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പക്ഷേ കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിൽ കാർഷിക സർവ്വകലാശാലയുടെ ക്യാമ്പസുകളിൽ ജീവനക്കാരുടെയും ശാസ്ത്രജ്ഞൻമാരുടെയും അപര്യാപ്തതയുണ്ട്. എന്തൊരു ദുരവസ്ഥയാണ് അവിടെ അനുഭവിക്കുന്നത്. അദ്ദേഹമാണെങ്കിൽ മിക്കവാറും എല്ലാ ആഴ്ചയിലും കണ്ണൂരും കാസർഗോഡും വരുകയും കാര്യങ്ങളൊക്കെ അറിയുകയും കാർഷിക സർവ്വകലാശാലയിൽ പോകുന്നുമുണ്ട്. അതിലൊന്നും ഒരു കുറവുമില്ല. പക്ഷേ പടന്നക്കാട് കാർഷിക സർവ്വകലാശാലയിലെ ക്യാമ്പസിൽ 66 ടീച്ചിംഗ് സ്റ്റാഫ് വേണ്ടടുത്ത് 20 ടീച്ചിംഗ് സ്റ്റാഫ് മാത്രമാണുള്ളതെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ എന്നറിയില്ല. 66 പേർ വേണ്ടയിടത്ത് മൂന്നിലൊന്നു പോലുമില്ലാത്ത 20 പേരെ വച്ച് കാർഷിക സർവ്വകലാശാലയുടെ ഒരു ക്യാമ്പസിന്റെ പ്രവർത്തനം എങ്ങനെ മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കും. അതിന് അനുബന്ധമായി ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞ ജൈവകൃഷിയുടെ കാര്യം. കാസർഗോഡിനെ ജൈവ കാർഷിക ജില്ലയായി പ്രഖ്യാപിച്ചു. പ്രഖ്യാപിക്കാൻ വല്ല ചെലവുമുണ്ടോ, ഒരു ബുദ്ധിമുട്ടുമില്ല. കേരളത്തെ ജൈവകൃഷി സംസ്ഥാനമായി പ്രഖ്യാപിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്. കത്ത് എല്ലാവർക്കും കിട്ടിയിട്ടുണ്ട്, എനിക്കും കത്ത് ലഭിച്ചു. കത്തിന്റെ ഉള്ളടക്കമൊക്കെ വളരെ സന്തോഷകരമാണ്. ഭക്ഷ്യധാന്യങ്ങളുടെ കാര്യമൊക്കെ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. പക്ഷേ ലളിതമായ ഒരു ചോദ്യം ചോദിക്കുകയാണ്. കാസർഗോഡ് ജില്ലയെ ജൈവകൃഷി ജില്ലയാക്കി എന്ന പ്രഖ്യാപനം നടത്തുന്നതിനുമുമ്പ് കാസർഗോഡ് ജില്ലയിലുള്ള കാർഷിക സർവ്വകലാശാലയുടെ ക്യാമ്പസ് ഇതിനെ സംബന്ധിച്ച് എന്തു പഠനമാണ് നടത്തിയിട്ടുള്ളത് ? ആ ജില്ലയിൽ നിലവിൽ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ, പ്രത്യേകിച്ച് ഭക്ഷ്യധാന്യങ്ങളുൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ആശ്രയിക്കുന്നത് രാസവളം അല്ലെങ്കിൽ രാസകീടനാശിനിയെയാണ്. ഇതെങ്ങനെ സബ്സ്റ്റിറ്റ്യൂട്ട് ചെയ്യാൻ സാധിക്കും ? എൻഡോസൾഫാൻ ദുരന്തത്തിന്റെ ഫലമായി കാസർഗോഡ് ജില്ലയെ ജൈവ കാർഷിക ജില്ലയായി പ്രഖ്യാപിച്ചതിൽ സന്തോഷം. പക്ഷേ അത് പ്രഖ്യാപിക്കുന്നതിനു മുമ്പ് കാർഷിക സർവ്വകലാശാല അതിനെ സംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടുണ്ടോ ? ഇല്ല. ഒരു പഠനവും കാർഷിക സർവ്വകലാശാല നടത്തണ്ട. പക്ഷേ, സാമാന്യബുദ്ധിക്ക്

മനസ്സിലാവുന്ന ഒരു കാര്യമുണ്ട്. രാസവളത്തിനുപകരം ജൈവവളവും രാസകീടനാശിനിക്കു പകരം ജൈവകീടനാശിനിയും ഉപയോഗിക്കണം. ഈ രണ്ടു കാര്യങ്ങളും - ജൈവവളവും ജൈവ കീടനാശിനിയും കാസർഗോഡ് ജില്ലയിൽ ഈ കാലയളവിനുള്ളിൽ എത്ര ഉല്പാദിപ്പിച്ചിട്ടുണ്ട് ; എത്ര വിപണനം ഉണ്ട് ? ജൈവവളമെന്നുപറയുന്നത് ചാണകവും പച്ചിലയുമൊക്കെയാണ്. ഈ ഒരു കൊല്ലത്തിനുള്ളിൽ കാസർഗോഡ് ജില്ലയിൽ ഇതിൽ ഏതെങ്കിലുമൊന്ന് കാൽകഴഞ്ച് ഉല്പാദിപ്പിച്ചോ ? അതില്ല. ജൈവവളമുൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചോ ജൈവകീടനാശിനിയെക്കുറിച്ചോ ജൈവ കുമിൾനാശിനിയെക്കുറിച്ചോ കൃഷി വകുപ്പിനോ കാർഷിക സർവ്വകലാശാലയ്ക്കോ ഒരു ധാരണയുമില്ല. പിന്നെ എന്ത് ജൈവകൃഷിയാണ് ? പ്രസംഗിക്കാൻ വല്ല ബുദ്ധിമുട്ടുമുണ്ടോ ; ഇനി ഈ ജില്ല എന്നല്ല കേരളം മുഴുവൻ ജൈവകൃഷി എന്നത് നല്ല പ്രഖ്യാപനമാണ്. പക്ഷേ ജൈവകൃഷി പ്രസംഗം പോലെയോ, പ്രസ്താവന പോലെയോ വരില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഇ. എസ്. ബിജിമോൾ സൂചിപ്പിച്ചത് ജൈവകൃഷി നടത്തുമ്പോൾ ഉത്പാദനത്തിൽ കുറവുവരുമെന്നാണ്. ശാസ്ത്രീയമായ പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളത് മൂന്നിലൊരുഭാഗം കുറയുമെന്നാണ്. ഈ മൂന്നിലൊരു ഭാഗത്തിന്റെ കുറവ് കൃഷിക്കാർക്കുണ്ടാകുമ്പോൾ അത് നികത്തിക്കൊടുക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും കാര്യം കണ്ടിട്ടുണ്ടോ ? ഇക്കാര്യത്തെ സംബന്ധിച്ച് കാസർഗോഡ് ജില്ലയിൽനിന്ന് ആരും ചോദിച്ചിട്ടുണ്ടാകില്ല. ജൈവ കൃഷി രീതിയിലേക്ക് വന്നാൽ ഞങ്ങളുടെ ഉത്പാദനത്തിന്റെ മൂന്നിലൊരു ഭാഗത്തിൽ കുറവ് സംഭവിക്കുമെന്നുള്ളതുകൊണ്ട് അത് നികത്തിത്തരണമെന്ന് നിങ്ങൾ കൃഷി വകുപ്പിനോടോ സർക്കാരിനോടോ ആവശ്യപ്പെട്ടിട്ടുണ്ടോ ? ഇല്ല. എന്തുകൊണ്ടാണ് ആവശ്യപ്പെടാത്തത് ; അവർ ജൈവകൃഷി ചെയ്യാത്തതുകൊണ്ടാണ് ആവശ്യപ്പെടാത്തത്. ജൈവകൃഷി ചെയ്യാൻ ആവശ്യമായ യാതൊരു പ്രാഥമിക പഠനവും നടന്നിട്ടില്ല. ജൈവകൃഷിക്ക് അടിസ്ഥാനമായിട്ടുള്ള വളം, കീടനാശിനി, കുമിൾനാശിനി തുടങ്ങിയവയുടെ ഉത്പാദനത്തെക്കുറിച്ച് ഒരക്ഷരം പോലും ഉരിയാടുന്നില്ല. അതൊന്നുമില്ലാതെ കാസർഗോഡ് ജൈവജില്ലയായി പ്രഖ്യാപിച്ചു. അതുപോലെ ഇനി കേരളം മുഴുവൻ ജൈവ ജില്ലയായി മാറും. ഇങ്ങനെയൊക്കെ സംഭവിക്കുന്നത് കാർഷിക സർവ്വകലാശാലയെ അത് ഉദ്ദേശിക്കുന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതുകൊണ്ടാണ്. കാസർഗോഡ് ജില്ലയിലെ പടന്നക്കാട്ടുള്ള ക്യാമ്പസ്സിൽ 66 ആളുകൾക്ക് പകരം 20 ആളുകൾ മാത്രമാണുള്ളത്. അതേ ജില്ലയിലുള്ള വെള്ളായണി കാർഷിക ഗവേഷണ കേന്ദ്രത്തിൽ 40 പേർ വേണം. ബഹുമാന്യനായ മന്ത്രിക്ക് ചാർജ്ജുള്ള കാസർഗോഡ് ജില്ലയിലെ പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽ 40 ആളുകൾ വേണ്ടിടത്ത് 4 പേർ മാത്രമേയുള്ളു. ഈ പടന്നക്കാടും പീലിക്കോടും

കാസർഗോഡ് ജില്ലയിലാണ്. 40 സയന്റിസ്റ്റ് വേണ്ടിടത്ത് 4 പേരും 66 അദ്ധ്യാപകർ വേണ്ടിടത്ത് 20 പേരുമാണുള്ളത്. ആ ജില്ലയെയാണ് ജൈവ ജില്ലയാക്കാനുള്ള പ്രഖ്യാപനം നടത്തിയത്. ഇത് പാഴ്വാക്കാണ്. 10 സെന്റിനകത്ത് ജൈവകൃഷി നടത്താൻ വേണ്ടി ഞങ്ങളോടൊക്കെ പറഞ്ഞാൽ മതി, അക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാം അതായിരിക്കും ഭംഗി.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, തോട്ടവിളയെന്നത് കൃഷിയിൽ വരുമോ ? അങ്ങനെയാണെങ്കിൽ പാലോട് തോട്ടവിള ഗവേഷണ കേന്ദ്രമുണ്ട്, അവിടെ ഈ പറഞ്ഞതൊന്നുമില്ല. അതിന് എന്താണ് മാർഗ്ഗം ?

ശ്രീ. ജെയിംസ് മാത്യു : സർ, പാലോട് തോട്ടവിള ഗവേഷണ കേന്ദ്രം കേന്ദ്ര സർക്കാരിന്റേതാണ്. എന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ജില്ലയായ കണ്ണൂർ ജില്ലയിൽ പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രമുണ്ട്. അവിടെയും സ്റ്റാഫില്ല. അതേ സമയം വെള്ളായണി കാർഷിക സർവ്വകലാശാലയിൽ 126 പോസ്റ്റിലും ആളുണ്ട്. വെള്ളാനിക്കരയിൽ 100 പോസ്റ്റിലും ആളുണ്ട്. ഇതിൽ എന്തോ പിശകുണ്ട്. 66 വേണ്ടിടത്ത് 20-ഉം 40 വേണ്ടിടത്ത് 4-ഉം 16 വേണ്ടിടത്ത് 1-ഉം ഇങ്ങനെയാണ് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അവസ്ഥ. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി, നമ്മുടെ നാട്ടുകാരനായ കൃഷി വകുപ്പുമന്ത്രി, അദ്ദേഹത്തിന് പ്രത്യേകം ചാർജ്ജുള്ള കാസർഗോഡ് ജില്ലയിൽ ഇങ്ങനെയൊരു അവസ്ഥ വന്നാൽ എങ്ങനെയാണ് ജൈവ കൃഷിയുണ്ടാകുന്നത്. പിന്നെ എന്തിനു വേണ്ടിയാണ് ഒരു വയസ് കൂട്ടികൊടുക്കുന്നത്. എന്തെങ്കിലും കാര്യമുണ്ടോ ? ആർക്കെങ്കിലും വയസ് കൂട്ടികൊടുത്തിട്ട് എന്തെങ്കിലും മെച്ചമുണ്ടാകുമോ ? ഒരു നിലയിലും ഒരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ല. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയോടുള്ള അഭ്യർത്ഥനയാണ്, ഇവിടെ ബഹുമാന്യനായ മെമ്പർ കോലിയക്കോട് എൻ. കൃഷ്ണൻ നായർ സൂചിപ്പിച്ചതുപോലെ കാർഷിക സർവ്വകലാശാലയോടൊപ്പം കൃഷിയെ കുറച്ചുകൂടി വേർതിരിച്ച് ഹോർട്ടിക്കൾച്ചർ യൂണിവേഴ്സിറ്റി ആരംഭിച്ചാൽ ജൈവകൃഷി മേഖലയിൽ കുറച്ചുകൂടി ശ്രദ്ധ പതിപ്പിക്കാൻ സാധിക്കും. അതിന് പറ്റിയ സ്ഥലം നമ്മുടെ നാട്ടിലുണ്ട്. ബഹുമാന്യനായ മന്ത്രിയുടെ ജില്ലയിൽ 254 ഏക്കർ വിസ്തൃതിയുള്ള കരിമ്പം കൃഷി ഫാമുണ്ട്. ആ കൃഷി ഫാമും അതിനോടനുബന്ധിച്ച് ധാരാളം സംവിധാനങ്ങളുമുണ്ട്. ഇവിടെ ഒരു വയസ്സ് കൂട്ടികൊടുക്കുന്നതിനുവേണ്ടി അങ്ങ് അവതരിപ്പിച്ച ഭേദഗതി സംബന്ധിച്ച് യഥാർത്ഥത്തിലുള്ള വിയോജിപ്പ് ഒരു വയസ്സിന്റെ കാര്യത്തിലല്ല. കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ചെയ്യുന്ന കാര്യങ്ങളെല്ലാം കാണുമ്പോൾ ഒരു വയസ്സെന്നല്ല ഒരു ദിവസം മുമ്പേ ഇവരെയെല്ലാം ഒഴിവാക്കേണ്ടതാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, ശ്രീ. ജെയിംസ് മാത്യൂ വളരെ സീരിയസ്സായ കാര്യങ്ങളാണ് പറയുന്നത്. അതൊക്കെ ചർച്ച ചെയ്യാൻ നമുക്ക് സമയമുണ്ട്. ഇന്നത്തേക്ക് അതൊന്ന് ചുരുക്കണം. ശ്രീ. ജെയിംസ് മാത്യൂ കൂടി അംഗീകരിക്കുകയാണെങ്കിൽ ശ്രീമതി ഇ. എസ്. ബിജിമോളും ഡോ. എൻ. ജയരാജും ഓരോ വാക്ക് സംസാരിച്ച് നിർത്തുമായിരുന്നു. ശ്രീ. ജെയിംസ് മാത്യുവിന്റെ സൻമനസ്സിന് വേണ്ടി വിടുകയാണ്.

ശ്രീ. ജെയിംസ് മാത്യൂ : സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് ആവശ്യമില്ലാത്ത കാര്യമൊന്നും പറയാറില്ല. അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ചുകൊണ്ട് തിരിച്ച് അദ്ദേഹത്തോട് ഒരഭ്യർത്ഥന നടത്തുകയാണ്. അദ്ദേഹം സഭയിലൊരു വെളിപ്പെടുത്തൽ നടത്താമെന്ന് പറഞ്ഞത് ഞങ്ങൾ പ്രതീക്ഷിച്ചിരിക്കുകയാണ്. അത് ഉറപ്പായും വെളിപ്പെടുത്തുമെന്നുള്ള പ്രതീക്ഷ ഉറപ്പാക്കികൊണ്ട് എന്റെ സംസാരം അവസാനി പ്പിക്കുകയാണ്. ഞാൻ ഒറ്റ കാര്യം മാത്രമേ പറയുന്നുള്ളൂ. കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം സംബന്ധിച്ച് ശ്രദ്ധാപൂർവ്വമായ ഒരിടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നും ഉണ്ടാകാത്തതിലുള്ള അമർഷവും ഈ ഭേദഗതി ബില്ലിനോടുള്ള വിയോജിപ്പും ഒരിക്കൽ കൂടി രേഖപ്പെടുത്തികൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ഡോ. എൻ. ജയരാജ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഞാൻ സുദീർഘമായ ഒരു പ്രസംഗത്തിലേക്കൊന്നും കടക്കുന്നില്ല. കാർഷിക സർവ്വകലാ ശാലയിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ പ്രായം 55 എന്നുള്ളത് 56 വയസ്സാക്കാനുള്ള ഭേദഗതിയാണെങ്കിൽപ്പോലും കാർഷിക സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ജെയിംസ് മാത്യൂ പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിച്ചുകൊണ്ട് വളരെ പെട്ടെന്ന് ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം സൂചിപ്പിച്ചതുപോലെ 1972-ലാണ് കാർഷിക സർവ്വകലാശാല രൂപം കൊണ്ടത്. അതിനുശേഷം കേരളത്തിലെ കാർഷിക മേഖലയിൽ കാർഷിക സർവ്വകലാശാലയ്ക്ക് പ്രത്യേകമായൊരു സ്ഥാനം നേടിയെടുക്കാൻ സാധിച്ചിട്ടില്ലെന്ന് പറയാൻ കഴിയില്ല. കേരളത്തിലെ കർഷകർ നടപ്പാക്കികൊണ്ടിരിക്കുന്ന കാർഷിക രീതികളും വളരെയേറെ മെച്ചപ്പെട്ട വിത്തിനങ്ങളുമൊക്കെ ഒരർത്ഥത്തിൽ കാർഷിക സർവ്വകലാശാലയുടെ സംഭാവനകൾ തന്നെയാണ്. 22 ഐറ്റത്തിൽ നിന്ന് തന്നെ ഏതാണ്ട് 251-ഓളം വിത്തിനങ്ങൾ പ്രത്യേകമായി രൂപപ്പെടുത്തിയെടുക്കാൻ

കാർഷിക സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിലെ ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെയുള്ള ഒട്ടനവധി ഉദ്യോഗസ്ഥന്മാർ കാർഷിക സർവ്വകലാശാലയുടെ സംഭാവനയാണെന്നുള്ളത് നമുക്ക് പൂർണ്ണമായും വിസ്മരിക്കുവാനും കഴിയില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, കാർഷിക സർവ്വകലാശാലയുടെ സംഭാവനയാണ് വിത്തിനമെന്ന് അങ്ങ് പറഞ്ഞു. പക്ഷേ, കൃഷിക്കാർ അഡ്വാൻസായി ഒരു വർഷം മുമ്പ് ബുക്ക് ചെയ്താൽ പോലും ഈ വിത്തിനങ്ങൾ കിട്ടില്ലെന്നുള്ള കാര്യം പ്രൊഫസറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഡോ. എൻ. ജയരാജ് : സർ, വിത്ത് കിട്ടുന്നില്ലെന്ന് പറഞ്ഞത് ശരിയാണ്. ഞാൻ അതിലേക്ക് വരാം. പക്ഷെ, തുടർച്ചയായി ആറ് വർഷക്കാലം ഇന്ത്യയിലെ മികച്ച സർവ്വകലാശാലയായി മാറിയെന്നുള്ള കാര്യം ഒരു യാഥാർത്ഥ്യമാണ്. ഒട്ടനവധി പോരായ്മകളും പരാതികളും പരിഭവങ്ങളുമെല്ലാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാർഷിക സർവ്വകലാശാലയുൾപ്പെടെയുള്ള നമ്മുടെ സർവ്വകലാശാലകളുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത് അതിന്റെ ഗവേഷണ സ്വഭാവമാണ്. Lab to land എന്ന കൺസെപ്റ്റുണ്ട്. പരീക്ഷണശാലയിൽ നിന്ന് സാധാരണ കർഷകരിലേക്ക് എത്തിച്ചേരുമ്പോഴാണ് അടിസ്ഥാനപരമായി അതിന്റെ പ്രയോജനം കൃഷിക്കാരിലേക്ക് എത്തിച്ചേരുന്നത്. അതിന് സർവ്വകലാശാലയെ മാത്രം ഒരുഭാഗത്ത് കുറ്റപ്പെടുത്തി പറയാൻ സാധിക്കില്ല. കാരണം, സാധാരണ കൃഷിക്കാരുടെ ഇടയിൽനിന്ന് പ്രവർത്തിക്കേണ്ടത് കൃഷി ഡിപ്പാർട്ടുമെന്റാണ്. കൃഷി ഡിപ്പാർട്ടുമെന്റ് അത് കൃത്യമായും ഏകോപിപ്പിക്കുന്ന കാര്യത്തിൽ അവർക്കുണ്ടാകുന്ന വീഴ്ച സർവ്വകലാശാലയുടെ വീഴ്ചയെന്ന് നമുക്ക് പൂർണ്ണമായും എഴുതിതള്ളാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് Lab to land എന്ന് പറയുന്ന ആശയം കുറേക്കൂടി പ്രാവർത്തികമാക്കുന്ന കാര്യത്തിലും നമ്മുടെ ഗവേഷണങ്ങളെ സാധാരണ കൃഷിക്കാരിലേക്ക് എത്തിക്കണമെന്നുള്ള കാര്യത്തിലും യാതൊരു സംശയവുമില്ല. കാർഷിക സർവ്വകലാശാലയിൽ Monthly Technology Advisory Committee ഉണ്ട്. അത് കൃത്യമായി കൂടാറില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സർവ്വകലാശാലകളിൽ ഉണ്ടാകുന്നത് പുതിയ ടെക്നോളജിയുടെ ഡവലപ്പ്മെന്റും അത്തരം പ്രവർത്തനങ്ങളുമാണ്. അത് താഴെത്തട്ടിൽ എത്തിക്കാനുള്ള മോണിറ്ററിംഗ് സംവിധാനം എന്ന നിലയിൽ അഡ്വൈസറി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സജീവമല്ലെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സമയക്കുറവ് കൊണ്ട് മറ്റു കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇവിടെ സീഡിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ള കാര്യം, സീഡ് വെൻഡിംഗ് മെഷീൻ വളരെ അപൂർവ്വമായി മാത്രമേ കേരളത്തിലുള്ളു. എല്ലാ ജില്ലകളിലും സീഡ് വെൻഡിംഗ് മെഷീൻ സ്ഥാപിക്കാനുള്ള നടപടികൾ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞാൽ കൃത്യമായി

വിത്ത് കിട്ടുന്നില്ലെന്നുള്ള വ്യാപകമായ പരാതിക്ക് പരിഹാരം കാണാൻ സാധിക്കും. പ്രത്യേകിച്ച് ജൈവ കൃഷിയെ സംബന്ധിച്ച് സൂചിപ്പിച്ചതുപോലെ ആളുകൾ അതിൽ നിന്ന് പിന്മാറുന്നതൊന്നുമില്ല, എന്റെ അനുഭവത്തിൽ ആളുകൾ ആ രംഗത്തേക്ക് കടന്നുവരാൻ വളരെയേറെ താൽപ്പര്യം കാണിക്കുന്നുണ്ട്. സ്വാഭാവികമായും മാറ്റത്തിന്റെ ഭാഗമെന്നുള്ള നിലയിൽ ഒട്ടേറെ പ്രതിസന്ധികൾ ഇക്കാര്യത്തിലുണ്ട്. അതുകൊണ്ട് കേരളം പ്രത്യേകിച്ച് അഭിമുഖീകരിക്കുന്ന വിഷയം, വിഷാംശമുള്ള ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം തന്നെയാണ്. അതിനുള്ള ഏറ്റവും വലിയ പ്രതിവിധിയാണ് നമ്മുടെ കാർഷിക നയത്തിൽ സൂചിപ്പിക്കുന്നതുപോലെ ജൈവ കൃഷിയിലേയ്ക്ക് കടന്നുവരുകയെന്നുള്ളത്. നമ്മൾ അതിന്റെ തുടക്കത്തിൽ വളരെയേറെ പ്രതിരോധിച്ച് സംസാരിക്കുന്നതിനപ്പുറം പ്രായോഗികമായ ഒരു സമീപനം അക്കാര്യത്തിലുണ്ടാകണം. കർഷകർ തീർച്ചയായും അക്കാര്യത്തിൽ ഏറെ തൽപ്പരരായി മാറിക്കൊണ്ടിരിക്കുകയും വലിയ ഒരു അവബോധം കേരളത്തിൽ സൃഷ്ടിക്കപ്പെടാനായി കാർഷിക ഡിപ്പാർട്ടുമെന്റിന്റെയും അങ്ങയുടെയും നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കാൻ  ആഗ്രഹിക്കുകയാണ്. തൃശ്ശൂരും വെള്ളായണി കാർഷിക കോളേജിലും ബയോടെക്നോളജിയുമായി ബന്ധപ്പെട്ട സാങ്കേതിക പഠന കേന്ദ്രം ആരംഭിക്കണമെന്നുള്ള ഒരു നിർദ്ദേശം വളരെക്കാലമായിട്ടുള്ളതാണ്. തീർച്ചയായും ആ രംഗത്ത് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം  കോട്ടയം കുമരകത്ത് സമുദ്രനിരപ്പിൽനിന്നും താഴെ കൃഷിവികസനത്തിനായുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നുള്ള ആശയം  ഗവൺമെന്റിന്റെ പരിഗണന യിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രത്യേകിച്ച് കുട്ടനാടൻ മേഖലയ്ക്ക് വളരെയേറെ പ്രയോജനപ്പെടുന്ന ഒരു നിർദ്ദേശമാണ്.  അക്കാര്യത്തിൽ അടിയന്തരമായ ശ്രദ്ധയുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ ഈ സർവ്വകലാശാലയുടെ കീഴിലുണ്ട്.  പക്ഷേ അവിടെ തൊഴിലധിഷ്ഠിത കോഴ്സുകൾ വളരെ കുറവാണ്. അതുകൊണ്ട് തൊഴിലധിഷ്ഠിത കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണമെന്ന്  സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.  കാലാവസ്ഥാ വ്യതിയാനത്തെ ആരു വിചാരിച്ചാലും മാറ്റിയെടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. കാലാവസ്ഥ അത്രയ്ക്ക് മാറുകയാണ്. അതുകൊണ്ടുതന്നെ കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായ കാലഘട്ടത്തെ നേരിടാൻ കഴിയുന്ന തരത്തിലേക്കുള്ള പുതിയ വിത്തുല്പാദന രീതികൾ സർവ്വകലാശാലകളിൽനിന്ന് രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമം തീർച്ചയായുമുണ്ടാകണം. ആ പ്രവർത്തനങ്ങൾക്കൊക്കെ വളരെ ആത്മാർത്ഥമായ ശ്രമം കേരളീയ സമൂഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാക മെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഞാൻ എന്റെ എളിയ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുക എന്നതിലുപരി കാർഷിക സർവ്വകലാശാലയിലുള്ള പ്രവർത്തനങ്ങൾ എത്രമാത്രം നമ്മുടെ സമൂഹത്തിന് ഗുണപ്പെടുന്നു എന്നുകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങൾ പറഞ്ഞതുപോലെ, കാർഷിക മേഖലയിലെ കൃഷിക്കാർക്ക് കാർഷിക സർവ്വകലാശാലയിലെ ഗവേഷണ ഫലങ്ങളുടെയോ അല്ലെങ്കിൽ അവരുടെ പ്രവർത്തനഫലമായിട്ടോ ഒരു പ്രയോജനവും ലഭിക്കുന്നില്ല. പലപ്പോഴും സെനറ്റിൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള ചർച്ചയും വി.സി.-മാരുടെ നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അഡ്വൈസറി കമ്മിറ്റി ഫലപ്രദമായി കൂടാതിരിക്കുകയും ചുരുക്കിപ്പറഞ്ഞാൽ വലിയ ചെലവുകൊടുത്ത് കർഷകർക്ക് വലിയ പ്രതീക്ഷയായിട്ടുള്ള ഈ സ്ഥാപനത്തിന്റെ ഗുണങ്ങളൊന്നുംതന്നെ സമൂഹത്തിലെ ജനങ്ങൾക്ക് കിട്ടുന്നില്ലെന്നുള്ളതാണ് യഥാർത്ഥത്തിലിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ കാർഷിക മേഖലയെ മെച്ചപ്പെടുത്തുന്നതിനായി ജൈവ പച്ചക്കറി കൃഷി തുടങ്ങിയ ഒട്ടേറെ കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. കേരളത്തിലെ തൊടികളെല്ലാംതന്നെ ശൂന്യമായിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറി യഥേഷ്ടം കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുകയാണ്. നാടിന്റെയും കർഷകരുടെയും നന്മയ്ക്കുവേണ്ടി കൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ വലിയൊരു മുന്നേറ്റമുണ്ടാക്കണമെങ്കിൽ കാർഷിക വിജ്ഞാനകേന്ദ്രംവഴിയും കാർഷിക സർവ്വകലാശാലവഴിയും ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും. ഇപ്പോഴവിടെ എന്ത് ഗവേഷണമാണ് നടക്കുന്നത് ? മുൻകാലങ്ങളിലുള്ളതുപോലെ പുതിയ നെൽവിത്തുകളൊന്നും ഇപ്പോൾ ഉല്പാദിപ്പിക്കുന്നില്ല. മറ്റൊന്ന് പച്ചക്കറി വിത്തുകളുടെ കാര്യമാണ്. ഞാൻ ഈ വിത്തുകൾ വാങ്ങി നടുന്ന ആളാണ്. സദാനന്ദപുരത്തെ കൃഷിവിജ്ഞാനകേന്ദ്രത്തിൽനിന്നും 13 രൂപ 50 പൈസയ്ക്ക് ഗ്രോബാഗുകൾ ലഭിക്കും. അവർ മണ്ണുനിറച്ച് തരുന്ന വിത്ത് നട്ടാൽ ഒറ്റത്തവണ മാത്രമേ കൃഷിയെടുക്കാൻ സാധിക്കുകയുള്ളൂ. എല്ലാം അന്തക വിത്തുകളാണ്. ഇതൊക്കെയാണോ ഗവേഷണം നടത്തി കൊണ്ടുവരുന്നത് ? വീണ്ടും വീണ്ടും കൃഷിചെയ്യാൻ സാധിക്കുന്ന വിത്തുകൾക്കുവേണ്ടി ഗവേഷണങ്ങൾ നടത്തി

കൃഷിമേഖലയെ ശാശ്വതമാക്കിക്കൊണ്ട് ഏറ്റവും മെച്ചപ്പെട്ട നിലയിലേക്ക് കൊണ്ടുവരുന്ന പ്രവർത്തനങ്ങളൊന്നുംതന്നെ ഇപ്പോൾ നടക്കുന്നില്ല. മുരടിപ്പാണ് അവിടെയുള്ളത്. വെറുതെ രാഷ്ട്രീയ ചർച്ചകളും സെനറ്റ് കൂടുമ്പോഴുള്ള പ്രശ്നങ്ങളുമൊക്കെയല്ലാതെ എന്ത് കാര്യങ്ങളാണുള്ളത് ? എപ്പോഴും ഓരോരോ വിവാദങ്ങൾ പത്രങ്ങളിൽകൂടി കാണാൻ സാധിക്കും. അതുപോലെ നിലവിലുള്ള കൃഷി സമ്പ്രദായത്തിൽ നല്ല രീതിയിൽ മാറ്റം വന്നിരിക്കുന്നു. ഞാനും എന്റെ മണ്ഡലത്തിൽ കൃഷി നടത്തുന്നുണ്ട്. മണ്ഡലകൃഷിവികസന പദ്ധതി, ജൈവകർഷക മണ്ഡലമാക്കി മാറ്റുന്ന പ്രവർത്തനം നന്നായി നടന്നുകൊണ്ടിരിക്കുകയാണ്. പച്ചക്കറിയിലുള്ള വിഷം കഴിച്ച് ഓരോ വർഷവും മുപ്പത്തയ്യായിരത്തിലധികം കാൻസർ രോഗികൾ വരുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കാൻസർ രോഗം ബാധിച്ച് ഓരോ അവയവങ്ങളും നശിച്ചുപോകുന്നതായി കാണാൻ സാധിക്കും. ഇതെല്ലാം കാർഷിക മേഖലയിൽ ശ്രദ്ധിക്കാതെ വരുന്നതുകൊണ്ടുള്ള പ്രശ്നങ്ങളാണ്. ഇത് നല്ല രീതിയിൽ മാറ്റിയെടുത്തു കൊണ്ടും കൃഷിവിജ്ഞാന കേന്ദ്രങ്ങളെ ഫലപ്രദമാക്കിക്കൊണ്ടും കാർഷിക സർവ്വകലാശാലയിൽ ഉയർന്ന ചിന്തയുള്ള സാമൂഹിക പ്രതിബദ്ധതയുള്ള ആളുകളെ നിയമിച്ചുകൊണ്ടും ഫലപ്രദമായി കൂടേണ്ട കമ്മിറ്റികളെല്ലാം കൂടി താഴെത്തട്ടിലേക്ക് എത്തേണ്ട കാര്യങ്ങൾ എത്തിച്ചുകൊണ്ടും വിഷമില്ലാത്ത പച്ചക്കറികളും നിലവിലുള്ള കൃഷിഭൂമികളുമെല്ലാം കൃഷിചെയ്തും ഉല്പാദനമേഖലയിൽ വലിയ മെച്ചമുണ്ടാക്കിക്കൊണ്ട് കേരളത്തെ എത്രമാത്രം രക്ഷിക്കാമോ അതിനുവേണ്ട പ്രവർത്തനങ്ങൾ വളരെ ധ്രുതഗതിയിൽ ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്പോൾതന്നെ പ്രതിവർഷം ആയിരം കോടി രൂപയോളമാണ് മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നത്. തമിഴ്നാട്ടിലൊക്കെ രണ്ടുതരം കൃഷിയാണെന്നാണ് പറയപ്പെടുന്നത്. കേരളത്തിലേക്ക് കയറ്റി അയയ്ക്കുന്ന പച്ചക്കറികൾ വിഷംതളിച്ച് കൊടുക്കുന്നുണ്ട്. ഓരോ ഐറ്റമെടുത്ത് നോക്കിയാലും അളവിൽ എത്രയോമടങ്ങ് വിഷലിപ്തമായിട്ടുള്ള പച്ചക്കറികളാണ് ജനങ്ങൾ ദിവസവും കഴിച്ചുകൊണ്ടിരിക്കുന്നത്. പ്രഭാത ഭക്ഷണം മുതൽ അത്താഴംവരെയുള്ള ഭക്ഷണത്തിലും കുടിക്കുന്ന പാനീയങ്ങളിലുമെല്ലാം വിഷാംശമുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനും അവരിൽ ഒരവബോധം ഉണ്ടാക്കിയെടുക്കാനും ഓരോ മനുഷ്യനും അവനവന്റെ കോമ്പൗണ്ടിൽത്തന്നെ പരമാവധി കൃഷികൾ ചെയ്യാനും കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ സാദ്ധ്യമായ രീതിയിൽ ചെറിയ ഗ്രൗണ്ടിലായാലും നടുന്നതിനുമുള്ള പ്രോത്സാഹനം കൊടുക്കത്തക്ക നിലയിലേക്ക് കാർഷിക സർവ്വകലാശാലയും അതിന്റെ അനുബന്ധ പഠനങ്ങളുമെല്ലാം ഉയർന്ന

വരേണ്ടതായിട്ടുണ്ട്. സർക്കാരിന്റെ ഇടപെടലും നിരന്തരമായിട്ടുള്ള റിവ്യൂവും ഇക്കാര്യത്തിൽ നടത്തിക്കൊണ്ടും ഓരോ സ്റ്റേജിലുമുള്ള പുരോഗതി അവലോകനം ചെയ്തുകൊണ്ടുമാണ് പോകേണ്ടത്. അല്ലാതെ ഇങ്ങനെയൊരു സർവ്വകലാശാലയിൽ ഒരു വർഷം കൂട്ടിക്കൊടുത്തതുകൊണ്ടോ അല്ലെങ്കിൽ അവർക്ക് ശമ്പളം കൂട്ടിക്കൊടുത്തതു കൊണ്ടോ ഒന്നും ആകുകയില്ല. ഫലപ്രദമായി ഈ സർവ്വകലാശാലയിലുള്ള ആളുകൾ വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യയെല്ലാം ഫലപ്രദമായി കർഷകരിലേക്കും ജനങ്ങളിലേക്കും എത്തിക്കാനുള്ള നടപടികളാണ് ഉണ്ടാകേണ്ടതെന്നാണ് എനിക്ക് ഈ അവസരത്തിൽ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പറയുവാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കേരളത്തിലെ കാർഷിക സർവ്വകലാശാല ഇന്ത്യയിൽത്തന്നെ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സർവ്വകലാശാലയാണ്. വളരെ നല്ല രീതിയിൽ ഗവേഷണങ്ങൾ നടത്തിക്കൊണ്ടും നല്ല വിത്തിനങ്ങളും അതോടൊപ്പംതന്നെ മറ്റ് തൈകളുമടക്കം ഉൽപ്പാദിപ്പിച്ചുകൊണ്ട് ധാരാളം കർഷകർക്ക് അതിന്റെ ഗുണം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ചില വിത്തുകളെക്കുറിച്ച് സൂചിപ്പിച്ചു. പക്ഷേ ആ വിത്തുകളൊന്നും കാർഷിക സർവ്വകലാശാലയുടെ ഗവേഷണകേന്ദ്രത്തിൽനിന്നും വരുന്നതല്ല. കാർഷിക സർവ്വകലാശാലയുടെ പേര് ഉപയോഗിച്ചുകൊണ്ട് പല വിത്തിനങ്ങളും ഇന്ന് വ്യാപാരത്തിനുവേണ്ടി കൊണ്ടുവരുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗവേഷണങ്ങൾ എത്രത്തോളം മുന്തിയതാണെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് 'നീര.' ഗവേഷണത്തിലൂടെ നീര ഉൽപ്പാദിപ്പിച്ചെടുത്തത് കാർഷിക സർവ്വകലാശാലയിലാണ്. ആ കാർഷിക സർവ്വകലാശാല കേരളത്തിലെ അനേകായിരം നാളികേര കർഷകർക്ക് ഇന്ന് ഗുണകരമായി വന്നിരിക്കുകയാണ്. അത്തരത്തിലുള്ള ധാരാളം കാര്യങ്ങളുണ്ട്. ഇവിടത്തെ ജീവനക്കാരെക്കുറിച്ച് പറഞ്ഞു. ജീവനക്കാരുടെ കുറവുണ്ടെന്നുള്ളത് സത്യമാണ്. പ്രത്യേകിച്ച് കേരളത്തിലെ വടക്കൻ പ്രദേശങ്ങളിലേക്ക് പോകാൻ ആളുകൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. അതിന്റെ ചർച്ചകൾ രണ്ടുമൂന്ന് പ്രാവശ്യമായി നടന്നുകൊണ്ടിരിക്കുകയുമാണ്. അതിനൊരു സമാപ്തി എന്ന നിലയിൽ അതിന്റെ വേക്കൻസികളൊക്കെ ഫിൽ അപ് ചെയ്തുകൊണ്ട് മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ആവശ്യമില്ലാതെ പണം ചെലവഴിക്കണ്ട എന്നതുകൊണ്ട് അനാവശ്യമായി തൊഴിലാളികളെ സ്ഥിരമായി വയ്ക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. അങ്ങനെ മുന്നോട്ടുപോകുന്ന സംവിധാനമാണുള്ളത്.

3.00 PM]

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, കാർഷിക സർവ്വകലാശാലയുടെ ഗവേഷണ സ്ഥാപനമായ പാമ്പാടുംപാറ ഏലം ഗവേഷണ കേന്ദ്രത്തിൽ ജീവനക്കാരില്ലെന്നുള്ളതുകൊണ്ട് സ്ഥിരം സ്റ്റാഫായി ഒരാളെ മാത്രമാണ് അവിടെ പോസ്റ്റ് ചെയ്തിട്ടുള്ളത്. അവിടെ ഡെയ്‌ലി വേജസായിട്ടും അല്ലാതെയും ആളെ എടുക്കുന്നില്ല. തൊഴിലാളികളെ എടുക്കണ്ട, മറ്റ് അനുബന്ധ പ്രവൃത്തികൾക്ക് ആ സർവ്വകലാശാലയിലെ പ്രൊഫസറെ അസിസ്റ്റ് ചെയ്യുന്നതിനുവേണ്ടി സഹായികളെയെങ്കിലും പോസ്റ്റ് ചെയ്യേണ്ടതുണ്ട്. കാർഷിക സർവ്വകലാശാല പോസ്റ്റ് ചെയ്തിട്ടും മിനിസ്റ്റർ ഇടപെട്ടിട്ടും പാമ്പാടുംപാറ ഏലം ഗവേഷണ കേന്ദ്രത്തിലേക്ക് ആളുകൾ ജോലിക്ക് വരാൻ തയ്യാറല്ല. സ്വാഭാവികമായി അതിനുവേറെ എന്തെങ്കിലും ഒരു പരിഹാരം കണ്ടെങ്കിൽ മാത്രമേ അത്തരം സ്ഥാപനങ്ങളിലേക്ക് ആളുകൾ എത്തുകയുള്ളൂ. കാർഷിക സർവ്വകലാശാലയിലെ ആളുകൾക്ക് തൃശ്ശൂരും തിരുവനന്തപുരവും ഒഴികെ ടൗൺ വിട്ട് മറ്റ് സ്ഥലങ്ങളിൽ പോയി ജോലി ചെയ്യുന്നതിന് താല്പര്യമില്ലെന്നതാണ് പ്രശ്നം. ഈ പ്രശ്നത്തിൽ ഇടപെടുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഈ പ്രശ്നം വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. അക്കാര്യം സർവ്വകലാശാലയെ അറിയിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സ്പൈസസ് ബോർഡിന്റെ ഓഫീസ് പാമ്പാടുംപാറയിലുണ്ടോ, അതോ ഈ ഗവേഷണകേന്ദ്രം അവിടെനിന്ന് മാറ്റിക്കൊണ്ടുപോയോ എന്നുള്ളതാണ് അറിയേണ്ടത്; അതിന്റെ ഭാഗമായിട്ടാണ് ഈ ഉദ്യോഗസ്ഥന്മാർ അവിടെ വരാത്തതും ഇത്തരം ചർച്ചകൾ വരാൻ ഇടയായതും. അതുകൊണ്ട് ആ സ്ഥാപനം അവിടെ ഉണ്ടോ ഇല്ലയോ എന്നുള്ളതുംകൂടി വ്യക്തമാക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കെ. പി. മോഹനൻ : സർ, ആ സ്ഥാപനം അവിടെത്തന്നെയുണ്ട്. ജീവനക്കാരുടെ കുറവുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. എന്തായാലും ഈ പ്രശ്നം പരിഹരിക്കപ്പെടുന്ന രീതിയിലുള്ള സംവിധാനങ്ങൾ ഒരുക്കും. റബ്ബർ, ഏലം മുതലായവയുടെ പാക്കേജിനെക്കുറിച്ച് പറഞ്ഞു. പാക്കേജിനെക്കാൾ കൂടുതലായി വേണ്ടത് നിർദ്ദേശങ്ങളാണ്. ഫ്ലെക്സിബിളായ നിർദ്ദേശങ്ങൾ കർഷകർക്ക് ഗുണകരമായി വരുന്നതാണെങ്കിൽ അത് പാലിക്കപ്പെടാനും പ്രതിജ്ഞാബദ്ധമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇവിടെ എല്ലാവരും ജൈവ കൃഷിയെക്കുറിച്ച് പറഞ്ഞു. ജൈവകൃഷിക്ക് കാർഷിക സർവ്വകലാശാല എന്തു ചെയ്തു എന്നാണ്; കാർഷിക

സർവ്വകലാശാലയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിച്ചതിനുശേഷം അടിത്തട്ടിലേക്ക് ഇറങ്ങിച്ചെന്നു കൊണ്ട് അവിടത്തെ മണ്ണ് പരിശോധിക്കുകയും ആ മണ്ണ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അതിൽ എന്തൊക്കെ ജൈവ ഇൻപുട്ട്സ് വേണമെന്നതിനെ കുറിച്ചുള്ള പരിശീലനം നടത്തുകയുമാണ്. അതുകൂടുതൽ വ്യക്തമാക്കാൻ വേണ്ടിയാണ് നാളെ ഇവിടെയൊരു പ്രസന്റേഷനും സെമിനാറും സംഘടിപ്പിച്ചിരിക്കുന്നത്. കാസർഗോഡ് ജൈവജില്ല എന്നു പ്രഖ്യാപിച്ചതിനുശേഷം അവിടെ വളരെ നന്നായി പ്രവർത്തിച്ചുകൊണ്ട് നല്ല നിലയിലേക്ക് കടന്നുവരാനുള്ള ശ്രമങ്ങൾ നടത്താൻ ഏറ്റവും കൂടുതൽ സഹായകരമായ നിലപാട് സ്വീകരിച്ചത് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയാണ്. മറ്റു മേഖലകളിലും അതിന്റെ പ്രവർത്തനങ്ങൾ വളരെ സജീവമായി മുന്നോട്ടു പോകുന്നുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, ഇതുമായി ബന്ധപ്പെട്ട കാര്യമല്ല. എന്നാലും വളരെ പ്രധാനപ്പെട്ടതാണ്. ഇൻഡോ-സ്വിസ് പ്രോജക്ടിനുവേണ്ടി വാഗമണിൽ പന്ത്രണ്ടായിരം ഹെക്ടർ സ്ഥലമാണ് കൊടുത്തത്. ഇപ്പോൾ ആ സ്ഥലമെല്ലാംകൂടി എത്രയുണ്ട് ? അങ്ങയുടെ കാലത്തെങ്കിലും അന്യാധീനപ്പെട്ട ആ ഭൂമി തിരികെ എടുക്കാനുള്ള നടപടി സ്വീകരിക്കാനുള്ള ആർജ്ജവം ഉണ്ടാകുമോ ?

ശ്രീ. കെ. പി. മോഹനൻ : സർ, അത് അന്യാധീനപ്പെട്ടുപോയി എന്ന് ശ്രീ. പി. സി. ജോർജ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല. അന്യാധീനപ്പെട്ടിട്ടില്ല. കയ്യിലില്ല, അതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. പക്ഷേ അന്യാധീനപ്പെട്ടിട്ടില്ല.

മി.ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, പ്ലീസ് കൺക്ലൂഡ് ........

ശ്രീ. മോൻസ് ജോസഫ് : സർ, ഈ ബില്ലിന്റെ ചർച്ചയിൽ ഹോർട്ടിക്കൾച്ചർ കോളേജുകൾ അല്ലെങ്കിൽ യൂണിവേഴ്സിറ്റി തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിൽ ഇപ്പോൾ ഹോർട്ടിക്കൾച്ചർ കോഴ്സുകൾ പഠിക്കാനുണ്ട്. കേരളത്തിലെ കുട്ടികൾ പഠനത്തിനുവേണ്ടി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളിൽ പോയി പഠിച്ചുവരുന്ന കുട്ടികൾക്ക് ഇവിടെ വലിയ അവസരങ്ങൾ ലഭിക്കുന്നുണ്ട്. കേരളത്തിൽ യൂണിവേഴ്സിറ്റി തുടങ്ങാൻ പ്രായോഗികമായി കഴിയുന്നില്ലെങ്കിലും അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഹോർട്ടിക്കൾച്ചറിന് മാത്രമായിട്ടെങ്കിലും ഒരു കോളേജ് തുടങ്ങേണ്ടതാവശ്യമാണ്. കേരളത്തിൽ അങ്ങനെയില്ല. അതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ ; കുട്ടികൾ മറ്റു സംസ്ഥാനങ്ങളിൽ പോകുന്നത് ഒഴിവാക്കി കേരളത്തിൽത്തന്നെ പഠിക്കാനുള്ള അവസരമുണ്ടാകേണ്ടത് ആവശ്യമാണ്. അങ്ങ് അതിന് മുൻഗണന കൊടുക്കുമോ ?

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, ഇതിനെക്കുറിച്ച് വളരെ വിശദമായി ചർച്ച ചെയ്തതാണ്. പുതിയ കോളേജുകൾ തുടങ്ങാനും അതോടൊപ്പം അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലും എയ്ഡഡ് മേഖലയിലും മറ്റും കൂടുതൽ കോളേജുകൾ തുടങ്ങാനുള്ള ആലോചനകൾ നടന്നുവരികയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ഇത് ഒരു ചോദ്യോത്തരവേളയാക്കണ്ട. പ്ലീസ്............പ്ലീസ്.......... ബഹുമാനപ്പെട്ട മന്ത്രി, ഈ ബില്ലിൽ വരുന്ന കാര്യമാണ് പറയുന്നത് ?

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : സർ, കാർഷിക സർവ്വകാലാശാലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യമാണ് പറയുന്നത്. നീലേശ്വരം മുനിസിപ്പാലിറ്റിയും കാസർഗോഡ് ജില്ലയിലെ എല്ലാ രാഷ്ട്രീയപാർട്ടികളും ഐകകണ്ഠ്യേന ആവശ്യപ്പെട്ടതാണ് അവിടെ ഒരു ബസ് സ്റ്റാൻഡ് പണിയണമെന്നുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബസ്സ്റ്റാൻഡ് ഈ ബില്ലിൽ വരുന്നതാണോ ?

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : സർ, ഇതെല്ലാം പരസ്പരം ബന്ധപ്പെട്ടതാണ്. അത് മനസ്സിലാക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബില്ല് പാസ്സാക്കുന്ന സമയമാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : സർ, എന്തെല്ലാം കാര്യങ്ങൾ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ അവിടെ പോയി സ്ഥലം കാണുകയും സമ്മതിക്കുകയും ചെയ്തിട്ടുള്ളതുമാണ്. എന്നിട്ടും ഇതുവരെ ബസ് സ്റ്റാന്റ് അനുവദിച്ചിട്ടില്ല. അവിടെയുള്ളവർക്ക് ഇതിൽ വലിയ പ്രതിഷേധമുണ്ട്.

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, കാർഷിക സർവ്വകലാശാലയുടെ ഭൂമി ബസ്സ്റ്റാന്റിന് വിട്ടുകൊടുക്കണമെന്ന് പറഞ്ഞു, ഞങ്ങൾതന്നെ റെക്കമെൻഡ് ചെയ്തതാണ്. പക്ഷേ അവിടെ കാർഷിക ഉല്പന്നങ്ങൾ, വിത്തുതൈകൾ എന്നിവ ഉല്പാദിപ്പിക്കുന്ന സ്ഥലമായതുകൊണ്ട് അതുതന്നെ വേണമെന്ന് അവർ വാശിപിടിക്കുന്നത് കൊണ്ടാണ് ആ സ്ഥലം വിട്ടുകൊടുക്കാൻ സാധിക്കാത്തത്. അവർ പറയുന്ന ഭാഗങ്ങളിൽ വിട്ടുകൊടുക്കാൻ സാധിക്കില്ലെന്ന് യൂണിവേഴ്സിറ്റിയിലെ അംഗങ്ങളും മറ്റും സൂചിപ്പിച്ചതിന്റെ ഭാഗമായി കാർഷിക യൂണിവേഴ്സിറ്റിയുടെതന്നെ മറ്റ് പ്രദേശത്തുള്ള സ്ഥലം വിട്ടുകൊടുക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)...... അതുകഴിഞ്ഞു. അങ്ങ് ശാന്തമായി ഇരിക്കു. ഇവിടെ ബിൽ പാസ്സാക്കുകയാണ്. ഇത് ക്ളാസ് ബൈ ക്ളാസ് ഡിസ്കഷനാണ്. ദയവായി അങ്ങ് ഇരിക്കു.

ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുണ്ടോ ?

ഡോ. എൻ. ജയരാജ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഡോ എൻ. ജയരാജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കാർഷിക സർവ്വകലാശാലാ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതി ഇല്ല.)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതി ഇല്ല.)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

*Sri. M. Ummer :* Sir, I move the following amendment :

112. In clause 1 (2) for the words and figures "March, 2012" substitute the words and figures " July, 2013" .

*Sri. A. K. Saseendran* : Sir, I move the following amendment:

115. Clause 1(2) shall be recast as follows;

" (2) It shall be deemed to have come into force at once" .

<u>ശ്രീ. കെ. പി. മോഹനൻ</u> : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : 2014-ലെ കേരള കാർഷിക സർവ്വകലാശാല ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## VIII അറിയിപ്പ്

### 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളുമാണ് നാളെ നിശ്ചയിച്ചിട്ടുള്ളത്. 117 വകുപ്പുകളുള്ള ഒരു ബില്ലാണിത്. കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നല്കിയിട്ടുള്ള നാല് അംഗങ്ങളും ഭേദഗതി നല്കിയിട്ടുള്ള നാല് അംഗങ്ങളും ഈ ബില്ല് പരിഗണനയ്ക്കെടുക്കുന്ന വേളയിൽ പ്രസംഗിക്കാനുണ്ട്. ആയതിനാൽ ഈ ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് മറ്റൊരു ദിവസംകൂടി അനുവദിക്കണമെന്ന ഒരഭിപ്രായം അംഗങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ട്. ഇത് പരിഗണിച്ച് ടി ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് മറ്റൊരു ദിവസംകൂടി സമയം അനുവദിക്കുന്നതാണ്. വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് ഏതു ദിവസം എത്ര സമയം അനുവദിക്കണമെന്ന കാര്യം കാര്യോപദേശക സമിതിയോഗം തീരുമാനിക്കുന്നതാണ്. ഈ ബില്ലിന് വകുപ്പുതിരിച്ചുള്ള ഭേദഗതി നല്കുന്നതിന് അംഗങ്ങൾക്ക് 2014 ഡിസംബർ 12-ാം തീയതി 3.00 മണിവരെ സമയം അനുവദിക്കുന്നതാണ്.

ഓർഡർ.......ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 9-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.12-ന് പിരിഞ്ഞു.)

## അനുബന്ധം

# 5-12-2014-ലെ നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

1 (*121) ശ്രീ. കെ. അജിത് :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി ഒരു കിലോ റബ്ബറിന് 200 രൂപ താങ്ങുവില നൽകണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) റബ്ബർ കർഷകരെ സഹായിക്കാൻ മതിയായ വിലസ്ഥിരതാ ഫണ്ട് മാറ്റി വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്ന നില്ക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരണം കർഷകരിൽനിന്നും നടത്തുന്നതിന് 6-11-2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 254/2014/കൃഷി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) റബ്ബർ വിളയുടെ ഉല്പാദനം, വിപണനം സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് റബ്ബർ ബോർഡാണ്.

(സി) ഉണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് :

1. റബ്ബറിന്റെ ഇറക്കുമതി തടയുക.
2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റേയും, റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.
4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.
5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.
6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.
7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.
8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.
9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക.
10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി

2 (*122) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പദ്ധതി മുഖാന്തരം പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-ഡി) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി 2005-ൽ സർക്കാർ MGP -യുടെ ഭാഗമായി ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് സ.ഉ.(എംഎസ്.) നമ്പർ 363/2005/തസ്വഭവ നമ്പർ ഉത്തരവ് 2-12-2005-ൽ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം രജിസ്റ്ററുകൾ കില, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഇൻഫർമേഷൻ കേരള മിഷൻ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയെങ്കിലും ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം വിവിധ കാരണങ്ങളാൽ സാധ്യമാകാത്തതിനെതുടർന്ന് അവ ഡിജിറ്റൽ രൂപത്തിൽ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഫാറങ്ങളും ഉൾപ്പെട്ട സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ഡിജിറ്റൽ രൂപത്തിലാക്കപ്പെട്ട ആസ്തി രജിസ്റ്ററുകൾ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും മറ്റു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറുമായി പത്തംഗ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും ചെയ്തു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ആസ്തികൾ സംബന്ധിച്ച് വ്യക്തമായ രേഖ തയ്യാറാക്കി സൂക്ഷിക്കുകയും അത് ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ വിവരശേഖരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് സാധിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കപ്പെടുകയും ആയതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭിക്കുകയും ചെയ്യുന്നു.

## ഗോരക്ഷാ പദ്ധതി

3 (*123) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ക്ഷീര കർഷകരുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ഡി) ഗോരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പകർച്ചവ്യാധികളായ കുളമ്പുരോഗം, കുരലടപ്പൻ, അടപ്പൻ, ബ്രൂസല്ലോസിസ് തുടങ്ങിയ രോഗങ്ങൾ മാരകമാണ്. പകർച്ചവ്യാധികളായ ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിന് വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയാണ് "ഗോരക്ഷാ "പദ്ധതി. ടി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ :

1. കേരളത്തിലെ മൃഗസമ്പത്തിനെ പകർച്ച വ്യാധികളിൽനിന്നും സംരക്ഷിക്കുക.
2. ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം കൂട്ടുക.
3. മൃഗ ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യത വർദ്ധിപ്പിക്കുക.
4. ഇറച്ചി, പാൽ, മുട്ട എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തി ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുക.
5. കേരളത്തെ കാലിരോഗ വിമുക്തമേഖല ആക്കുക.
6. കുളമ്പുരോഗ നിയന്ത്രണത്തിന് പ്രാധാന്യം നൽകി, മറ്റു പകർച്ച വ്യാധികളുടെ പരിശോധനയും നിയന്ത്രണവും നടപ്പിലാക്കുകയും ചെയ്ത് കാലിരോഗങ്ങളെ പൂർണ്ണമായും ഉന്മൂലനം ചെയ്യുക.

(ബി) 1. കുളമ്പുരോഗ നിർമ്മാർജ്ജനത്തിനാവശ്യമായ വാക്സിനേഷൻ നൽകുന്നു.

2. വാക്സിനേഷനോടനുബന്ധിച്ച് എന്തെങ്കിലും അത്യാഹിതം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നു.

3. കുത്തിവെയ്പ്പ് എടുത്ത മൃഗങ്ങൾക്ക് രോഗബാധ ഉണ്ടാകുകയാണെങ്കിൽ അവയെ സൗജന്യമായി ചികിത്സിക്കുന്നു. മരണം സംഭവിക്കുകയാണെങ്കിൽ പ്രകൃതിക്ഷോഭത്തിന് നൽകുന്ന നിരക്കനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നു.

4. രക്ത സാമ്പിളുകളിൽ രോഗപ്രതിരോധ ശക്തി പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2014-15 വർഷത്തെ കേന്ദ്രസർക്കാർ വിഹിതം 164 ലക്ഷം രൂപ. സംസ്ഥാന വിഹിതം 200 ലക്ഷം രൂപ.

(ഡി) ഗോരക്ഷാ പദ്ധതി 2004-ൽ ആരംഭിച്ചു. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

## ഖരമാലിന്യ സംസ്കരണ സംവിധാനം

4 (*124) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ കീഴിൽ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ടോ ; പ്രതിദിനം ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങളുടെ തോതനുസരിച്ച് നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം പര്യാപ്തമാണോ ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പരിധിയിൽ പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവ് സംബന്ധിച്ച് ഏകദേശ ധാരണയുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പഞ്ചായത്തുകളിൽ ഉറവിടങ്ങളിൽനിന്ന് ഖരമാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിനും ഫലപ്രദമായ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ ഖരമാലിന്യസംസ്കരണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. പൊതുഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുള്ള സ്ഥലങ്ങളിൽ അവ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കേണ്ട ചുമതല അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ തദ്ദേശവാസികളിൽനിന്നും ചില സ്ഥലങ്ങളിൽ വ്യാപകമായ പരാതിയും പ്രതിഷേധവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ച് മാലിന്യം ഉറവിടത്തിൽതന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുമുള്ള പ്രേരണയും പ്രോത്സാഹനവുമാണ് ഇപ്പോൾ നൽകുന്നത്. അതുവഴി പൊതു മാലിന്യ സംസ്കരണത്തിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും അജൈവ മാലിന്യങ്ങൾ പ്ലാസ്റ്റിക്, ഇ-മാലിന്യം ഉൾപ്പെടെയുള്ളവ resource recovery centre-കൾ സ്ഥാപിച്ച് പുനഃചംക്രമണം നടത്തുന്നതിന് പ്രോത്സാഹിപ്പിച്ചു വരുന്നു. കൂടാതെ നിലവിലുള്ള പ്ലാന്റുകളിലെ കുറവുകൾ പരിഹരിച്ച് കുറ്റമറ്റതാക്കാനും നടപടി എടുത്തു വരുന്നു. പ്രതിദിനം ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവനുസരിച്ച് മാലിന്യം സംസ്കരിക്കാൻ ശേഷിയില്ലാത്ത പ്ലാന്റുകളുടെ വിസ്തൃതി കൂട്ടാനും നടപടി എടുത്തിട്ടുണ്ട്. ഇപ്പോൾ തുറസ്സായ സ്ഥലങ്ങളിൽ അനുവദനീയമായ സാങ്കേതിക വിദ്യകൾക്ക് അനുയോജ്യമല്ലാത്തരീതിയിൽ നടത്തിവരുന്ന മാലിന്യ സംസ്കരണ രീതി പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കുന്നതായി കണക്കാക്കുന്നു.

(ബി) 2006-ൽ നടത്തിയ പഠനം വെളിപ്പെടുത്തുന്നത് കേരളത്തിൽ പ്രതിദിനം 6000 ടൺ ഖരമാലിന്യം ഉൽപാദിപ്പിക്കപ്പെടുന്നുണ്ടെന്നാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾ പ്രകാരം പഞ്ചായത്തുകളിൽ ഉറവിടങ്ങളിൽ ഖരമാലിന്യം തരംതിരിച്ച് സംഭരിക്കാനും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ വിവിധ കമ്പോസ്റ്റ് സംവിധാനങ്ങൾവഴിയും ബയോഗ്യാസ് പ്ലാന്റുകൾവഴിയും സംസ്കരിക്കാനുള്ള പദ്ധതിക്കാണ് നടപടിയെടുത്തിട്ടുള്ളത്. അപ്രകാരം പദ്ധതികൾ തയ്യാറാക്കി ഗ്രാമ പഞ്ചായത്തുകൾ സമർപ്പിക്കുന്നത് പരിശോധിച്ച് അവയ്ക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ശുചിത്വ മിഷൻവഴി ലഭ്യമാക്കി വരുന്നു. എന്നാൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിവഴി മാലിന്യ സംസ്കരണം നടത്തുന്നതിന് മുൻപ് മാലിന്യം തരംതിരിച്ച് വേർതിരിക്കേണ്ട ഉത്തരവാദിത്വം മാലിന്യം ഉണ്ടാകുന്ന ഉറവിടത്തിൽതന്നെ നടത്തേണ്ടതാണ്.

## നഗരകാര്യ വകുപ്പിന്റെ വിവിധ പദ്ധതികൾ

5 (*125) ശ്രീ. കെ. രാജു :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരകാര്യ വകുപ്പിന്റെ കീഴിൽ 'പാർട്ട്ണർ കേരള' നിക്ഷേപ സംഗമം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സംഗമത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) 'അർബൻ 2020' പദ്ധതി രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) നഗരാസൂത്രണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ്‌വേയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ഇതിലൂടെ നഗരസഭകളിലെ വികസന പദ്ധതികളിൽ പൊതുസ്വകാര്യ പങ്കാളിത്തം സാധ്യമാക്കുക എന്നതായിരുന്നു പാർട്ട്ണർ കേരളസംഗമത്തിന്റെ ലക്ഷ്യം. ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സംഗമത്തിൽ വച്ച് 104 നിക്ഷേപകർ 4868.79 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ ആകാമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ പാർട്ട്ണർ കേരളമിഷൻ രൂപീകരിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്.

(ബി) ഉണ്ട്. നഗരപ്രദേശങ്ങളിലെ പശ്ചാത്തല വികസനരംഗത്തെ പ്രതിസന്ധികൾ ഒഴിവാക്കുക. പ്രധാനമായി ഖരമാലിന്യ സംസ്കരണം, ഗതാഗതം, റോഡ്, പാലങ്ങൾ തുടങ്ങിയവയുടെ വികസനവും നഗരവൽക്കരണവുമാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പാക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

## ജൈവ പച്ചക്കറി കൃഷി

6 (*126) ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) കീടനാശിനി കലർന്ന പഴങ്ങളും പച്ചക്കറികളും അന്യസംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്യുന്നത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ; ഇതിനായി എന്തൊക്കെ നടപടികളാണ് ഇപ്പോൾ നിലവിലുള്ളത് ;

(സി) ഇറക്കുമതി ചെയ്യുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇറക്കുമതി ചെയ്യുന്ന ഏതൊക്കെ സാധനങ്ങളിലാണ് മാരകമായ കീടനാശിനികളുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനും ഭക്ഷ്യ സുരക്ഷ പരിഗണിച്ച് വിഷവിമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കാനും ലക്ഷ്യമിട്ട് 2012-13 മുതൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവ കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. 2014-15-ൽ 64 കോടി രൂപ അനുവദിച്ച ഈ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പച്ചക്കറി വികസന പദ്ധതി - ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|

| (1) | (2) | (3) |
|---|---|---|
| 1. | പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക : 20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും, പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നൽകുന്നു. | 500 |
| 2. | അർബൻ ക്ലസ്റ്റർ പ്രോത്സാഹനം : 2000 രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിയ്ക്കായി വിതരണം ചെയ്യുന്നു. | 525 |
| 3. | വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി<br>(എ) തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000 രൂപ സഹായധനം (100 ലക്ഷം)<br>(ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ (40 ലക്ഷം.)<br>(സി) 2500 വിദ്യാലയങ്ങളിൽ ക്ലബ്ബുകളുടെ പ്രവർത്തനം (25 ലക്ഷം)<br>(ഡി) പ്രോജക്ടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി (135 ലക്ഷം) | 300 |
| (1) | (2) | (3) |
| 4. | ജില്ലാ ക്ലസ്റ്റർ വികസനം :<br>(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 കാര്യക്ഷമമായ | 1780 |

ക്ലസ്റ്ററുകളുടെ വികസനം (ക്ലസ്റ്ററിന് 75,000 രൂപ നിരക്കിൽ ആകെ 600 ലക്ഷം)

(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000 രൂപ നിരക്കിൽ) വികസന സഹായം (435 ലക്ഷം)

(സി) പമ്പ് സെറ്റുകൾ 1720 പമ്പ് സെറ്റുകൾക്ക് 10,000 രൂപ നിരക്കിൽ സഹായധനം.

(ഡി) സസ്യ സംരക്ഷണ ഉപാധികൾ 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ സഹായധനം.

(ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ.

(എഫ്) തരിശു നില കൃഷി ഹെക്ടറിന് 30,000 രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം.

(ജി) പ്രസിദ്ധീകരണങ്ങൾ/മാധ്യമങ്ങൾവഴി 20 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം.

5. “ എ" ഗ്രേഡ് ക്ളസ്റ്ററുകൾക്കുള്ള വികസന സഹായം -

(എ) നടപ്പു വർഷത്തിലെ 100 പ്രവർത്തനക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം.

(ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം. 1730

(സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉൽപാദനത്തിനും, വിപണന ത്തിനുമുള്ള ധനസഹായം.

| (1) | (2) | (3) |
|---|---|---|
| 6. | സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം : | 50 |

| | | |
|---|---|---|
| | തിരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വളപ്രയോഗം. | |
| 7. | ബ്ലോക്ക തല ഫെഡറേറ്റഡ് സമിതികൾ : 2013-14, 2014-15 രൂപീകരിക്കപ്പെട്ട 40 ബ്ലോക്കതല ഫെഡറേറ്റഡ് സമിതികൾക്ക് 10 ലക്ഷം രൂപ നിരക്കിൽ സംഭരണ വിപണന സഹായധനം. | 400 |
| 8. | കിഴങ്ങു പയറുവിള വികസനം : | |
| | (എ) കിഴങ്ങുവിള വികസനം - 75 ലക്ഷം രൂപ സി.റ്റി.സി.ആർ.ഐ. മുഖേന (പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ) | 100 |
| | (ബി) പയറുവിള വികസനം (25 ലക്ഷം രൂപ) ഹെക്ടറിന് 10,000 രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം - (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിൽ) | |
| 9. | നഴ്സറികളുടെ സ്ഥാപനം : ബ്ലോക്കതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികൾ. | 75 |
| 10. | മഴമറകൾ : 75% നിരക്കിൽ 200 മഴമറകൾക്ക് 50,000 രൂപ വീതം ധനസഹായം. | 100 |
| 11. | സങ്കരവിത്തിനങ്ങളുടെ പ്രദർശന തോട്ടം : 225 യൂണിറ്റുകൾക്ക് ധനസഹായം. | 25 |
| 12. | സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും : 1400 യൂണിറ്റുകൾക്ക് 30,000 രൂപ വീതം ധനസഹായം നൽകുന്നു. | 425 |
| 13. | മാനന്തവാടി ബ്ലോക്കിലെ ആദിവാസി ഊരുകളിൽ ജൈവ പച്ചക്കറി കൃഷി. | 7.62 |

ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടുകൂടി വെജിറ്റബിൾ

ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി, വയനാട് എന്നീ 8 ജില്ലകളിലായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടയും അനിയന്ത്രിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. 2012-13 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെ പതിനാല് ജില്ലകളിലായി 26 പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

(ബി) പച്ചക്കറികളിൽ കീടനാശിനികളുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തിര യോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമ പ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(സി) വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധനശാലയിൽ കീടനാശിനിയുടെ അവശിഷ്ടം പരിശോധിക്കുവാനുള്ള

സംവിധാനമുണ്ട്. പൊതു വിപണിയിൽ ലഭിക്കുന്ന പഴം പച്ചക്കറികളുടെ സാമ്പിൾ പരിശോധിച്ച് വിഷാംശം കൂടുതൽ ഉള്ളത്, പരിധിയ്ക്കു താഴെ വിഷാംശം ഉള്ളത്, പൂർണ്ണമായും വിഷരഹിതം എന്നീ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ച് റിപ്പോർട്ടുകൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന 'സേഫ് റ്റു ഈറ്റ് ' ഗവേഷണ പദ്ധതി കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ചേർന്ന് നടപ്പാക്കുന്നു. ഓരോ പച്ചക്കറിയിലും പഴവർഗ്ഗങ്ങളിലും കണ്ടെത്തിയ കീടനാശിനികളുടെ വിശദ വിവരങ്ങൾ അടങ്ങിയ 6 റിപ്പോർട്ടുകൾ kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ 'Reports & Manuals' എന്ന ലിങ്കിൽ ലഭ്യമാണ്. കൂടാതെ ഇറക്കുമതി ചെയ്യുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയുമെല്ലാം ഗുണനിലവാരം ഭക്ഷ്യസുരക്ഷാ വകുപ്പും കമ്പോളത്തിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാറുണ്ട്.

(ഡി) വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധനശാലയിൽ നടത്തിയ പരിശോധനയിൽ അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് ചുവപ്പ് ചീര, പുതിനയില, കാരറ്റ്, പച്ചമുളക്, കറിവേപ്പില, വഴുതന, മല്ലിയില, പച്ച ചീര, സെലറി, കാപ്സിക്കം, വെള്ളരി, വെണ്ടയ്ക്ക, മുരിങ്ങയ്ക്ക, റാഡിഷ് (വെള്ള), റാഡിഷ് (ചുവപ്പ്), പാവയ്ക്ക, വറ്റൽമുളക്, മുളക്പൊടി, ഏലയ്ക്ക, ജീരകം എന്നീ സുഗന്ധ വ്യഞ്ജനങ്ങളിലുമായിരുന്നു. ഓരോ ഭക്ഷ്യ വസ്തുവിലും കണ്ടെത്തിയ വിഷാംശത്തിന്റെ വിശദ വിവരങ്ങളും, പരിധികളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**നിയമവിരുദ്ധ നിർമ്മാണങ്ങൾക്കെതിരെ നടപടി**

7 (*127) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതി വാങ്ങാതെയും തീരദേശ മേഖലാ നിയന്ത്രണചട്ടങ്ങൾ ലംഘിച്ചും സംസ്ഥാനത്തെ തീരപ്രദേശങ്ങളിലും കായലുകളുടെ സമീപത്തും ഫ്ലാറ്റ് സമുച്ചയങ്ങൾ പടുത്തുയർത്തിയത് ആരൊക്കെയാണെന്ന് സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്. 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) സി & എ.ജി. റിപ്പോർട്ട് ഖണ്ഡിക 4.1.4.2 പ്രകാരം പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതി വാങ്ങാതെയും തീരദേശമേഖലാ നിയന്ത്രണ ചട്ടങ്ങൾ ലംഘിച്ചും ചിലവന്നൂർ കായൽ തീരത്ത് താഴെ പറയുന്ന 19 കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട് :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കെട്ടിടങ്ങളുടെ എണ്ണം | നദീതീരത്തു നിന്നുള്ള നിർമ്മാണ സ്ഥലത്തിന്റെ ദൂരം (മീറ്ററിൽ) |
|---|---|---|---|
| 1. | ഗ്യാലക്സി ഡവലപ്പേഴ്സ് (നാലു ബ്ലോക്കുകളിലുള്ള 13 നില കെട്ടിടം) | 4 | 9.80 |
| 2. | ഹീര കൺസ്ട്രക്ഷൻസ് (18 നില കെട്ടിടം) | 1 | 17.17 |
| 3. | അമ്പാടി റീട്രീറ്റ്സ് (9 നിലയുള്ള കെട്ടിടം) | 1 | 60 |
| 4. | അമ്പാടി റീട്രീറ്റ്സ് (അടുക്കള റസ്റ്ററന്റ്) | 1 | 18.50 |
| 5. | ജ്യൂവൽ ഹോംസ് (2 ബ്ലോക്കുകളിലുള്ള 10 നില കെട്ടിടം) | 2 | 32.50 |
| 6. | ജ്യൂവൽ ഹോംസ് (കാർ പോർച്ച്) | 1 | 17.50 |
| 7. | എം.എ. യൂസഫലി (3 നില കെട്ടിടം) | 1 | 10 |
| 8. | റെയ്ൻ ട്രീ റിയാംസ് | 1 | 10 |
| 9. | ആബാദ് ലോട്ടസ് | 1 | 16.30 |
| 10. | ബ്ലൂ ലഗൂൺ (വാട്ടർ ഫ്രണ്ട് എൻക്ലേവ്) | 1 | 7.20 |
| 11. | മെസ്സേഴ്സ് അദേലി ബിൽഡേഴ്സ് & ഡെവലപേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ് (5 ബ്ലോക്കുകളിലുള്ള 21 നില കെട്ടിടം) | 5 | 27.54 |
| | | 19 കെട്ടിടങ്ങൾ | |

(ബി) കെട്ടിട ഉടമകൾക്ക്, കേരളാ കോസ്റ്റൽ സോണൽ മാനേജ്മെന്റ് അതോറിറ്റിയിൽനിന്നും എൻ.ഒ.സി. ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊച്ചി

മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999-ലെ വ്യവസ്ഥകൾക്കനുസരിച്ചും മറ്റ് വിവിധ നിയമവ്യവസ്ഥകളിൽ അനുശാസിക്കപ്പെട്ട നിബന്ധനകൾക്ക് അനുസൃതമായും മാത്രമാണ് സംസ്ഥാനത്ത് നഗരസഭാ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്നത്. നിയമ വിരുദ്ധമായും അംഗീകാരം കൂടാതെയും നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406-ാം വകുപ്പിന് അനുസൃതമായി നോട്ടീസും താൽക്കാലിക ഉത്തരവും നൽകി കക്ഷികളെ നേരിൽ വിചാരണ ചെയ്ത് അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളാണ് കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർ സ്വീകരിച്ചു വരുന്നത്. 2014-ലെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കെ.എം.ബി.ആർ. 1999-ലെ സേഫ്റ്റി ആന്റ് സെക്യൂരിറ്റി വ്യവസ്ഥകളെ ബാധിക്കുന്നതും ടൗൺ പ്ലാനിംഗ് സ്കീമുകൾ, ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കോസ്റ്റൽ സോൺ റഗുലേഷൻസ്, നെൽവയൽ സംരക്ഷണ നിയമം എന്നിവ ഉൾപ്പെടെയുള്ള വ്യവസ്ഥകളെ പ്രതികൂലമായി ബാധിക്കാത്ത അനധികൃത കെട്ടിടങ്ങളെ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ചു നല്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാനങ്ങളുടെ പദ്ധതിപ്പണം**

8 (*128) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. എം. ഹംസ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിപ്പണം പിൻവലിക്കുന്നതിനായി നിലവിലുള്ള രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇത്തരത്തിലുള്ള തീരുമാനം കൈക്കൊള്ളാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോ ; പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷനുകൾക്ക് ഒരു

മാസം പിൻവലിക്കാവുന്ന പരമാവധി പദ്ധതി പണം എത്രയാണ് ; ഈ നിലയിൽ അവശേഷിക്കുന്ന സമയംകൊണ്ട് പദ്ധതിപ്പണം പൂർണ്ണമായും വിനിയോഗിക്കാൻ പറ്റുമോ ;

(ഡി) സാമ്പത്തിക പ്രതിസന്ധിമൂലമുള്ള ട്രഷറി നിയന്ത്രണം വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ജോലികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാരും ഗുണഭോക്തൃ സമിതികളും തയ്യാറാകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിപ്പണം പിൻവലിക്കുന്നതിനായി നിലവിലുള്ള രീതിയിൽ ഇതുവരെ മാറ്റം വരുത്തിയിട്ടില്ല.

(സി) ഒരു മാസം പിൻവലിക്കാവുന്ന പരമാവധി പദ്ധതിപ്പണം എത്രയെന്ന് നിശ്ചയിച്ചിട്ടില്ല. അവശേഷിക്കുന്ന വാർഷിക പദ്ധതി കാലയളവിൽ പൂർണ്ണ വിനിയോഗമാണ് ലക്ഷ്യമിടുന്നത്. മാർച്ച് കഴിയുമ്പോഴെ വിനിയോഗം പൂർണ്ണമായോയെന്ന് പറയാൻ കഴിയൂ.

(ഡി) ഇല്ല.

**പുരാവസ്തുക്കളുടെയും പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും സംരക്ഷണവും**

9 (*129) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുരാവസ്തുക്കളുടെയും, പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും, സംരക്ഷണവും സംബന്ധിച്ച നയം വ്യക്തമാക്കുമോ ; അതിനുള്ള മാനദണ്ഡമെന്താണെന്ന വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും കൈവശത്തിലുള്ളതും പൈതൃകശേഷിപ്പായി സംരക്ഷിക്കപ്പെടേണ്ടവയും സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) ഇത്തരത്തിൽ വിവരശേഖരണം നടത്തി യഥാസമയം നോട്ടിഫൈ ചെയ്യാൻ അലംഭാവം കാണിച്ചതുമൂലം വിലപ്പെട്ടതും സംസ്കാരത്തിന്റെ ഭാഗമായതുമായ

നിരവധി പൈതൃകശേഷിപ്പുകൾ നശിപ്പിക്കപ്പെട്ടുപോയ സാഹചര്യത്തിൽ ശേഷിക്കുന്നവയെങ്കിലും സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972 കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചാണ് പുരാവസ്തുക്കളുടെയും പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും സംരക്ഷണവും നടത്തുന്നത്. ദേശീയ പ്രാധാന്യമില്ലാത്ത പ്രാചീന സ്മാരകങ്ങളും (ചരിത്രപരമായോ, പുരാവസ്തു ശാസ്ത്രപരമായോ, കലാശിൽപപരമായോ, കൗതുക പ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതായ വല്ല നിർമ്മാണമോ, എടുപ്പോ, സ്മാരകമോ, ശ്മശാനമോ, തടങ്കൽ സ്ഥലമോ, ഗുഹയോ, പാറമേലുള്ള ശിൽപവേലയോ, ശിലാലിഖിതമോ, ശിലാസ്തംഭമോ) പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും അതുപോലുള്ള മറ്റു വസ്തുക്കൾ കാത്തുസൂക്ഷിക്കുന്നതിനും പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു. ദേശീയ പ്രാധാന്യമുള്ളവ കേന്ദ്ര പുരാവസ്തു വകുപ്പാണ് സംരക്ഷിക്കുന്നത്.

(ബി) സംസ്ഥാനത്തെ പൈതൃക ശേഷിപ്പുകളുടെ ആകമാനമുള്ള വിവരശേഖരണം നടത്തിയിട്ടില്ല. പുരാവസ്തുവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളവയും പൊതുസമൂഹത്തിൽ നിന്നും ശ്രദ്ധയിൽപ്പെടുന്നതുമായ പൈതൃക ശേഷിപ്പുകളുടെ വിവരശേഖരണം നടത്തുന്ന രീതിയാണ് തുടർന്ന് വരുന്നത്. ആകമാനമുള്ള വിവരശേഖരണം ഭാരിച്ച മാനവവിഭവശേഷിയും സാമ്പത്തിക ചെലവും വേണ്ടി വരുന്ന പ്രക്രിയയാണ്.

(സി) പുരാവസ്തു വകുപ്പിന്റെ അധീനതയിൽ നിലവിൽ 171 സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട്. കൂടാതെ സംരക്ഷിക്കപ്പെടേണ്ട സ്മാരകങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് അവയെ നിലവിലുള്ള ആക്ടിലെ വ്യവസ്ഥ അനുസരിച്ച് പരിശോധിച്ച് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നു.

## എയ്റോബിൻ യൂണിറ്റുകൾ

10 (*130) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യ സംസ്കരണത്തിനുപയോഗിക്കുന്ന എയ്റോബിൻ യൂണിറ്റുകളുടെ പ്രവർത്തനഫലം വിലയിരുത്തിയിട്ടുണ്ടോ, വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റുകൾക്ക് കൂടുതൽ പ്രോത്സാഹനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്. സർക്കാർ രൂപം നൽകിയ ഒരു വിദഗ്ദ്ധ സമിതി മുമ്പാകെ പ്രാദേശികമായി രൂപകൽപന ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുള്ള മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനക്ഷമത ബോദ്ധ്യപ്പെടുത്തിയതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബഹുനില കെട്ടിട സമുച്ചയങ്ങളിലും റസിഡൻഷ്യൽ കോളനികളിലും താമസിക്കുന്ന കുടുംബങ്ങളിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കാൻ എയ്റോബിക് ഫെറോസിമന്റ് കമ്പോസ്റ്റ് യൂണിറ്റ് അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. ഇത്തരത്തിലുള്ള വിലയിരുത്തൽ നടത്തി വിദഗ്ദ്ധ സമിതി ശിപാർശ ചെയ്ത സാങ്കേതിക വിദ്യകൾക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് :

1. അഴുകാത്ത മാലിന്യങ്ങളായ പ്ലാസ്റ്റിക് പോലുള്ള പദാർത്ഥങ്ങൾ, ഇ-മാലിന്യങ്ങളായ ബാറ്ററി, സി.എഫ്.എൽ. തുടങ്ങിയ പദാർത്ഥങ്ങൾ ഇതിൽ നിക്ഷേപിക്കാൻ പാടില്ല.
2. ഈ സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നേടിയിട്ടുള്ള വ്യക്തികളെ ചുമതലപ്പെടുത്തേണ്ടതാണ്.

(ബി) ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കാൻ കഴിയാത്ത മാർക്കറ്റുകൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഇത്തരം കമ്പോസ്റ്റ് സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യ പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്.

**ക്ഷേമപെൻഷനുകളുടെ കുടിശ്ശിക**

11 (*131) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതൊക്കെ ക്ഷേമപെൻഷനുകളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും കുടിശ്ശിക വരാനുള്ള കാരണവും വ്യക്തമാക്കുമോ ;

(സി) പെൻഷൻ കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ ക്ഷേമപെൻഷനുകൾക്കായി നീക്കിവച്ച ഫണ്ട് സംബന്ധിച്ച വിവരം വിശദമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ&ബി) സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്തുവരുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകളിൽ 2014 സെപ്റ്റംബർ മുതൽ കുടിശ്ശിക ഉണ്ട്. ഇവയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| വികലാംഗ പെൻഷൻ | - | 8568.86 ലക്ഷം |
| അഗതി (വിധവ) പെൻഷൻ | - | 25432.27 ലക്ഷം |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | - | 17595.25 ലക്ഷം |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | 1701.46 ലക്ഷം |

ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവും ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് പെൻഷൻ തുകയിൽ വരുത്തിയ വർദ്ധനവും കാരണമാണ് തുക കുടിശ്ശിക ആയിട്ടുള്ളത്.

(സി) ഉപധനാഭ്യർത്ഥന പ്രകാരം അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിവിധ ക്ഷേമ പെൻഷനുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ

ബഡ്ജറ്റ് വിഹിതമായും അധികമായി അനുവദിച്ചതുമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

(തുക ലക്ഷത്തിൽ)

| ക്ഷേമ പെൻഷന്റെ പേര് | ബഡ്ജറ്റ് വിഹിതം | അധിക തുക | ആകെ |
|---|---|---|---|
| വികലാംഗ പെൻഷൻ | 26951.34 | ... | 26951.34 |
| അഗതി (വിധവ) പെൻഷൻ | 73327.38 | ... | 73327.38 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 13000 | 30884.64 | 43884.64 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5053.62 | ... | 5053.62 |
| ആകെ | 118332.34 | | 149216.98 |

**ആഗോള കാർഷിക സംഗമം**

12 (*132) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സംഘടിപ്പിച്ച ആഗോള കാർഷിക സംഗമം സംസ്ഥാനത്തെ കാർഷിക മേഖല നേരിട്ടു കൊണ്ടിരിക്കുന്ന കാർഷികോല്പന്നങ്ങളുടെ വിലയിടിവ് പോലുള്ള പ്രശ്നങ്ങളിൽ ഗുണപരമായ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്നറിയിക്കാമോ ;

(ബി) പ്രസ്തുത സംഗമത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിൽ വിദേശ നിക്ഷേപത്തിന് അവസരമൊരുക്കുന്ന തരത്തിലുള്ള പദ്ധതികൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) സംഗമം സംഘടിപ്പിക്കുന്നതിനു സർക്കാരുമായി സഹകരിച്ച ഏജൻസികൾ ഏതൊക്കെയാണെന്നറിയിക്കാമോ ;

(ഡി) ഇവർ സംഗമവുമായി സഹകരിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിരുന്നുവോ ; വിശദീകരിക്കുമോ ; സർക്കാരിന് എന്തു തുക ചെലവായി എന്നറിയിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. കെ. പി. മോഹനൻ) :

(എ) കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തവും സ്വാദിഷ്ഠവുമായ ഉത്പന്നങ്ങളുടെ മേന്മയും മൂല്യവും ലോകരാഷ്ട്രങ്ങളെ അറിയിക്കുകയും അങ്ങനെ ആഗോള വിപണി കണ്ടെത്തുകയും ചെയ്യുക എന്ന ലക്ഷ്യവും ആഗോള സംഗമത്തിനുണ്ടായിരുന്നു. പുത്തൻ ശാസ്ത്ര സാങ്കേതിക വിദ്യകൾ നമ്മുടെ കർഷകർക്ക് സ്വായത്തമാക്കാനും വിപണന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും ഇതുകൊണ്ട് കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) കേരളത്തിൽ കാർഷിക മേഖലയിൽ വിദേശ നിക്ഷേപങ്ങൾക്ക് സാദ്ധ്യതയുള്ള മേഖലകളെക്കുറിച്ചും, വിഷയങ്ങളെക്കുറിച്ചും അവതരണമുണ്ടായിരുന്നു. ജൈവ കൃഷി ഭക്ഷ്യസംസ്കരണം, മറൈൻ എക്സ്പോർട്ട്സ്, ലാന്റ് സ്കേപ്പിംഗ്, കോക്കനട്ട് എക്സ്ട്രാക്ട്, പൈനാപ്പിൾ കൃഷി, ഫാം എക്യുപ്മെന്റ്സ് ടെക്നോളജിക്കൽ ഫാം പ്രോഡക്ട്സ് തുടങ്ങിയവയാണ് പ്രധാന മേഖലകൾ.

(സി) കൃഷി വകുപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കേരഫെഡ്, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, ഹോർട്ടി കോർപ്പ്, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് അഗ്രോ മെഷിനറി കോർപ്പറേഷൻ, പ്ളാന്റേഷൻ കോർപ്പറേഷൻ കേരള, കേരള പൈനാപ്പിൾ മിഷൻ, മിൽമ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ടൂറിസം വകുപ്പ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയാണ് ആഗോള കാർഷിക സംഗമം സംഘടിപ്പിച്ചത്.

(ഡി) ആഗോള കാർഷിക സംഗമം സംഘടിപ്പിക്കുന്നതിന് 219.62 ലക്ഷം രൂപ ചെലവായിട്ടുണ്ട്. വിജ്ഞാന വ്യാപനത്തിന് കേന്ദ്ര സംസ്ഥാന സർക്കാർ അനുവദിച്ച തുകയും, ഇതിൽ കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ നിന്ന് 25 ലക്ഷം രൂപയും ബാക്കി തുക മറ്റു വകുപ്പുകൾ, സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നിവരിൽനിന്നും സ്വരൂപിച്ച് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

## വൃദ്ധരും അവശരുമായവർക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ

13 (*133) ശ്രീ. കെ. എം. ഷാജി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹത്തിൽ പട്ടിണിക്കാരില്ലെന്ന് ഉറപ്പുവരുത്തുവാനും വൃദ്ധരും, അവശരുമായവർക്ക് രണ്ടു നേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാമൂഹ്യസുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സൗജന്യ ഭക്ഷണം അത്യന്താപേക്ഷിതമായ വൃദ്ധരുടെയും, രോഗാവസ്ഥയാൽ തൊഴിലെടുക്കാനാവാതെയായ വ്യക്തികളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇത്തരക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനായി പൊതുവിതരണ സംവിധാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യം സാമൂഹ്യസുരക്ഷാവിഭാഗം മുഖേന വൃദ്ധരും, അവശരുമായവർക്ക് ഉപയോഗപ്പെടുത്താനാവുമോ എന്നകാര്യം ഭക്ഷ്യ വകുപ്പുമായി ചേർന്ന് ആലോചിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ( ഡോ. എം. കെ. മുനീർ) :

(എ) സമൂഹത്തിൽ പട്ടിണിക്കാരില്ലെന്ന് ഉറപ്പുവരുത്തുവാനും വൃദ്ധരും, അവശരുമായവർക്ക് രണ്ടു നേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും സാമൂഹ്യനീതി വകുപ്പിൽ നിലവിൽ പ്രത്യേക പദ്ധതികളില്ല. എന്നാൽ അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരുപ്പുകാരും പലപ്പോഴും സാമ്പത്തിക പരാധീനതകളാൽ ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നത് ശ്രദ്ധയിൽപെടുകയും ഇവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകണമെന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'വിശപ്പുരഹിത നഗരം' പദ്ധതി കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിലെ തെരഞ്ഞെടുത്ത ആശുപത്രികളിൽ നടപ്പാക്കി വരുന്നു. വൃദ്ധരും അവശരും അനാഥരും വികലാംഗരുമായിട്ടുള്ള സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്ക് സൗജന്യമായി താമസവും, ഭക്ഷണവും, വസ്ത്രവും, മരുന്നും നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 71 ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവര ശേഖരണം നടത്തിയിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല. എന്നാൽ 65 വയസ്സിനു മുകളിൽ പ്രായമുള്ള യാതൊരു പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത വൃദ്ധരും അശരണരും ആയ ജനങ്ങളെ അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യനിരക്കിൽ പ്രതിമാസം 10 കിലോ അരി റേഷൻ ആയി ഭക്ഷ്യ പൊതുവിതരണ വകുപ്പ് നൽകുന്നു.

**വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണ പദ്ധതി**

14 (*134) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ രീതിയെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും പ്രസ്തുത രീതിക്ക് യോജിച്ച വിധമുള്ള മാലിന്യനിർമ്മാർജ്ജന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) വികേന്ദ്രീകൃത മാലിന്യസംസ്കരണം ലക്ഷ്യമിട്ട് സി.പി.ഐ.(എം.) സംഘടിപ്പിക്കുന്ന ശുചിത്വകേരളം പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയപ്പാർട്ടിയുടെ ജനകീയ പദ്ധതി കൂടി കോർത്തിണക്കി ഇത് ഒരു വൻ ക്യാമ്പയിനായി മാറ്റാൻ മുൻകയ്യെടുക്കുമോയെന്ന് വിശദമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ( ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും പരിസ്ഥിതി സൗഹൃദമായ മാർഗ്ഗം. ആയത് പരിഗണിച്ച് കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിലേക്കായി വീടുകൾ തോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നോഡൽ ഏജൻസിയായ ശുചിത്വ മിഷൻവഴി അനുമതി നൽകി ഉറവിട മാലിന്യസംസ്കരണരീതി ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഉണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും സാങ്കേതിക അനുമതിയും ശുചിത്വമിഷൻ നൽകി വരുന്നു. പദ്ധതി നിർവ്വഹണം നടത്തേണ്ട ചുമതല ക്ലീൻ കേരള കമ്പനിയിൽ നിക്ഷിപ്തമാണ്. ക്ലീൻ കേരള കമ്പനിക്ക് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമാണെങ്കിൽ സാങ്കേതിക സഹായവും അനുമതിയും ലഭ്യമാക്കാനാണ് ശുചിത്വ മിഷന് ചുമതലയുള്ളത്. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം, ഇ-വേസ്റ്റ് നിർമ്മാർജ്ജനം എന്നീ പ്രവർത്തികൾ ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം ആലോചിക്കാവുന്നതാണ്. മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശീയമായിട്ടുള്ള ജനകീയ കമ്മിറ്റിയിലൂടെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

**ഹോർട്ടികോർപ്പിലെ ക്രമക്കേടുകൾ**

15 (*135) ശ്രീ. പി. കെ. ഗുരുദാസൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ .കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടികോർപ്പിൽ പച്ചക്കറി ഇടപാടിൽ വൻക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിജിലൻസ് അന്വേഷണത്തിൽ വെളിവായ വിവരങ്ങൾ വിശദമാക്കാമോ ;

(ബി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് ഹോർട്ടികോർപ്പിലെ ആർക്കെല്ലാമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ;

(സി) തന്നാണ്ടിൽ സംസ്ഥാനത്തുനിന്നും സംസ്ഥാനത്തിനു പുറത്തുനിന്നും ഹോർട്ടി കോർപ്പ് വാങ്ങിയ പച്ചക്കറികൾ എത്ര തുകയ്ക്കുള്ളതാണെന്ന് വിശദമാക്കാമോ ; ഈ കാലയളവിൽ സംസ്ഥാനത്തുണ്ടായിരുന്ന പച്ചക്കറികളിൽ എന്തെങ്കിലും പുറത്തു നിന്നും വാങ്ങുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. കെ. പി. മോഹനൻ) :

(എ&ബി) 6-12-2013-ലെ 14710/ബി 2/2013 വിജി നമ്പർ കത്ത് പ്രകാരം ഹോർട്ടികോർപ്പിൽ പച്ചക്കറി വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിരുന്നു. ആയതിൻപ്രകാരം വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടന്നുവരുന്നു. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ഈ വർഷം ഹോർട്ടികോർപ്പിന്റെ വിവിധ ജില്ലാ കേന്ദ്രങ്ങൾ വഴി സംസ്ഥാനത്തിനകത്തുനിന്നും 28,58,27,042 രൂപയുടെയും സംസ്ഥാനത്തിനു പുറത്തുനിന്നും 27,83,08,948 രൂപയുടെയും പച്ചക്കറി സംഭരിച്ചിരുന്നു. സംസ്ഥാനത്ത് ലഭ്യമല്ലാത്ത ഇനങ്ങളോ ഓരോ ദിവസവും വിപണനശൃംഖലകൾ വഴി വിതരണം നടത്താനാവശ്യമായ മുഴുവൻ അളവും ജില്ലാ സംഭരണ കേന്ദ്രത്തിൽ ലഭ്യമല്ലാതെ വരുമ്പോഴോ ആണ് സംസ്ഥാനത്തിനു പുറത്തുനിന്നും പച്ചക്കറി സംഭരിക്കുന്നത്.

**പ്ളാനിംഗ് ബോർഡ് അവലോകനം**

16 (*136) ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ പദ്ധതി പ്രവർത്തനം പ്ലാനിംഗ് ബോർഡ് അവലോകനം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവലോകനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം വീതം ഓരോ വകുപ്പും അവലോകന കാലയളവിൽ ചെലവഴിക്കുകയുണ്ടായി ; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം ശേഖരിക്കാൻ കഴിയാതെ വന്നിട്ടുള്ളതിനാലും അധിക ചെലവുകൾ നേരിട്ടതിനാലും പദ്ധതി പ്രവർത്തനത്തിന്റെ ലക്ഷ്യത്തിനനുസൃതമായി നേട്ടം കൈവരിക്കാൻ സാധ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) പ്രഖ്യാപിത പദ്ധതികൾ ഈ വർഷം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) അവലോകനം ചെയ്തിട്ടുണ്ട്. 2014 ഒക്ടോബർ 31 വരെയുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം 2014-15-ലെ പദ്ധതി വിഹിതത്തിന്റെ 25 ശതമാനം തുക ചെലവഴിച്ചതായി കാണുന്നു.

(ബി) 2014 ഒക്ടോബർ 31 വരെ ഓരോ വകുപ്പും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതി നിർവ്വഹണം ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക വർഷാവസാനത്തോടുകൂടി പദ്ധതി പ്രവർത്തനത്തിന്റെ ലക്ഷ്യത്തിനനുസൃതമായി നേട്ടം കൈവരിക്കാൻ സാധിക്കുന്നതാണ്.

(ഡി) പ്രഖ്യാപിത പദ്ധതികൾ ഈ വർഷം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഭക്ഷ്യ സുരക്ഷാനിയമം**

17 (*137) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സുരക്ഷാ നിയമത്തെ മുൻനിർത്തി കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുള്ള പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം നടപ്പാക്കുവാനുദ്ദേശിക്കുന്ന പദ്ധതി കൊണ്ട് കർഷകനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. കെ. പി. മോഹനൻ) :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ വിവിധ വകുപ്പുകൾ പ്രകാരം

1. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാപേർക്കും ഒരംഗത്തിന് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യം ഉറപ്പ് നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. ഭക്ഷ്യധാന്യം ലഭിയ്ക്കാതെ വരുന്ന അവസരങ്ങളിൽ ഭക്ഷ്യ അലവൻസ് ഉറപ്പ് നൽകുന്നു.

3. റേഷൻ സാധനങ്ങൾ അംഗീകൃത ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ഡോർസ്റ്റെപ്പ് ഡെലിവറി നടത്തുന്നു.

4. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ എല്ലാ താലൂക്കുകളിലും സുതാര്യത ഉറപ്പ് വരുത്തുന്നു.

5. ആധാർ പോലുള്ള യൂണിക് ഐഡന്റിഫിക്കേഷനിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തുവാൻ കഴിയുന്നു.

6. റേഷൻ സാധന വിതരണത്തിനായി പഞ്ചായത്ത്, സ്വയം സഹായ ഗ്രൂപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നു.

7. സ്ത്രീ ശാക്തീകരണത്തിനായി റേഷൻ കാർഡിന്റെ ഉടമ കുടുംബത്തിലെ മുതിർന്ന വനിതയായിരിക്കും.

8. പരാതി പരിഹരിക്കുന്നതിന് ജില്ല/സംസ്ഥാനതല സംവിധാനം ഉണ്ടായിരിക്കും.

(ബി) കീടനാശിനികളുടെ വിഷാംശം, പഴം പച്ചക്കറികൾ എന്നിവയിലടങ്ങിയിരിക്കുന്നുണ്ടോയെന്ന് പരിശോധിച്ചറിയുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി വിഷാംശ പരിശോധന ശാലയിൽ സംവിധാനമുണ്ട്. 2013 ജനുവരി മുതൽ ഈ ലാബിൽ തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലെ പച്ചക്കറിക്കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകളിലെ കീടനാശിനിയുടെ അവശിഷ്ടം പരിശോധിച്ചുവരുന്നു. പരിശോധനാ ഫലം www.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) വിഷരഹിതമായ പച്ചക്കറി ഉല്പാദിപ്പിക്കുന്ന കർഷകർക്ക് അവരുടെ മൂല്യങ്ങൾക്ക് കൂടുതൽവില (premium price) ലഭിക്കുന്നു. പൊതുജനങ്ങൾക്കിടയിൽ സുരക്ഷിത ഭക്ഷണത്തെക്കുറിച്ചുള്ള അവബോധമുള്ളതിനാൽ വിഷരഹിതമായ പച്ചക്കറി, പഴവർഗ്ഗങ്ങൾക്ക്, അധികമായ ആവശ്യം ഉള്ളതിനാൽ, വിപണനം വളരെ എളുപ്പമാകുന്നു.

## ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

18 (*138) ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലക്സ് ബോർഡുകളുടെ ഉപയോഗ ക്രമം സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ നഗര റോഡുകളിൽ അപൂർവ്വമായെങ്കിലുമുള്ള നടപ്പാതകളിലും കാൽ നടയ്ക്കുപയോഗിക്കുന്ന ഭാഗങ്ങളിലും ഫ്ലക്സ് ബോർഡുകളും ബാനറുകളും, കൊടിതോരണങ്ങളും കെട്ടി യാത്ര തടസ്സപ്പെടുത്തുകയും അപകട സാദ്ധ്യത വർദ്ധിപ്പിക്കുകയും നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) എങ്കിൽ അതിനു പരിഹാരമുണ്ടാക്കുന്നതിനും, നഗരറോഡുകളിലെ കാൽനടക്കാർക്ക് സുരക്ഷിത പാതകളൊരുക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ( ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) 6-11-2014-ൽ സ.ഉ.(കൈ) നമ്പർ 194/2014/ത.സ്വ.ഭ.വ. സ.ഉ.(കൈ) നമ്പർ 195/2014/ത.സ്വ.ഭ.വ. എന്നീ നമ്പർ ഉത്തരവുകളിൽ ഫ്ലക്സ് ബോർഡുകളുടെ ഉപയോഗക്രമം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. യാത്രാ തടസ്സം സൃഷ്ടിക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങളും അപകടസാധ്യതകളും വർദ്ധിപ്പിക്കുന്ന തരത്തിൽ, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള മുഴുവൻ പരസ്യങ്ങളും നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം

19 (*139) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യക്തിഗത ആനുകൂല്യത്തിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് വാർഡ് സഭയ്ക്ക് ഉണ്ടായിരുന്ന അധികാരം ഇല്ലാതാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നത് അധികാര വികേന്ദ്രീകരണതത്വങ്ങൾക്ക് എതിരാണെന്നകാര്യം ബോദ്ധ്യമായിട്ടുണ്ടോ ;

(ഡി) വാർഡ് സഭകളെ അപ്രസക്തമാക്കുന്ന പ്രസ്തുത തീരുമാനം പിൻവലിക്കാൻ തീരുമാനമായിട്ടുണ്ടോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ( ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

## ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപവൽക്കരണം

20 (*140) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപവൽക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ( ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്.

(ബി&സി) ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള വിവിധ വികസന/ക്ഷേമ പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവുമാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതുമേഖലാ സർവ്വീസുകളിൽ ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ എന്നിവ നടപ്പാക്കലും വകുപ്പ് ലക്ഷ്യമിടുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിക്കുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ (ജനറൽ)ന് കീഴിൽ ഒരു ന്യൂനപക്ഷ സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചു വരുന്നു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട, മറ്റു വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വകുപ്പ് നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്. പരിശോധിച്ചു വരുന്നു.

**ടൗൺ ആന്റ് കൺട്രി പ്ളാനിംഗ് കമ്മീഷൻ**

21 (*141) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് കമ്മീഷൻ നിലവിൽ വന്നുവോ ; ഇതിന്റെ ഘടന വിശദമാക്കുമോ ;

(ബി) കമ്മീഷൻ നിലവിൽ വരുന്നതോടെ വികേന്ദ്രീകൃതാസൂത്രണം വീണ്ടും കേന്ദ്രീകരണത്തിലേക്ക് നീങ്ങുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ സംവിധാനത്തിൽ ജില്ലാ ആസൂത്രണ സമിതികൾക്ക്, നിലവിലുള്ള സ്ഥാനത്തിലും ചുമതലയിലും മാറ്റം വരുത്തുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആസൂത്രണം അടിത്തട്ടിൽനിന്നും മുകളിലേക്ക് എന്ന ആശയം മാറ്റിമറിക്കുന്ന കമ്മീഷന്റെ രൂപീകരണത്തിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) ഇത് നിലവിലുള്ള ആസൂത്രണ പ്രക്രിയയിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്ന ആശങ്ക ഉള്ളതിനാൽ പ്രസ്തുത കമ്മീഷൻ രൂപീകരിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ( ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) മാറ്റം വരുത്തുന്നില്ല.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ശുചിത്വ മിഷൻ**

22 (*142) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് സർക്കാരിന്റെ പക്കലുള്ളതെന്ന് വിശദമാക്കുമോ ;

(ബി) മാലിന്യ സംസ്കരണത്തിൽ ശുചിത്വ മിഷൻ എന്തെല്ലാം നടപടികൾ/ പദ്ധതികൾ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) മാലിന്യ സംസ്കരണത്തിൽ ശുചിത്വ മിഷൻ എന്തെങ്കിലും പ്രതിസന്ധികൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ( ഡോ. എം. കെ. മുനീർ) :

(എ&ബി) നിലവിൽ മാലിന്യസംസ്കരണം ശുചിത്വമിഷന്റെ സാങ്കേതിക സഹായത്തോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിലേക്കായി വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി വീടുകൾതോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നോഡൽ ഏജൻസിയായ ശുചിത്വ മിഷൻ വഴി അനുമതി നൽകി ഉറവിട മാലിന്യ സംസ്കരണ രീതിക്ക് സർക്കാർ പ്രോത്സാഹനം നൽകിവരുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിലേക്കായി വീടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പദ്ധതികൾക്ക് ഉയർന്ന തോതിലുള്ള സബ്സിഡി നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി പ്രോത്സാഹനം നൽകി നടപ്പിലാക്കി വരുന്നു. മാലിന്യസംസ്കരണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പാക്കാനായി ഒരു വലിയ ബോധവൽക്കരണ പരിപാടി, ഓരോ വ്യക്തിയും മാലിന്യ സംസ്കരണത്തിൽ തങ്ങളുടെ കടമ നിറവേറ്റാൻ പ്രേരിപ്പിക്കുന്ന തരത്തിൽ 2014 ജൂൺ 5 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതിക സഹായവും പദ്ധതിക്കുള്ള സാങ്കേതിക അനുമതിയും സർക്കാർ ഭാഗത്തുനിന്നുള്ള സാമ്പത്തിക സഹായവും ശുചിത്വ മിഷൻ മുഖേന നൽകിവരുന്നു. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സാങ്കേതിക സഹായം നൽകുന്നതിന് ശുചിത്വ മിഷനിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെയും, വിപുലീകരണത്തിന് സഹായിക്കാനുള്ള ഉദ്യോഗസ്ഥരുടെയും വമ്പിച്ച കുറവ് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**പഞ്ചായത്തുകളുടെ തനതുഫണ്ടിലേക്കുള്ള വരുമാന സ്രോതസ്സുകൾ**

23 (*143) ശ്രീ. കെ. ദാസൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ തനതുഫണ്ടിലേക്കുള്ള വരുമാന സ്രോതസ്സുകൾ ഏതെല്ലാമാണ് വിശദമാക്കാമോ ;

(ബി) ഇങ്ങനെ ലഭ്യമാകുന്ന ഫണ്ട് നിലവിൽ പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് പര്യാപ്തമാണോ ;

(സി) പഞ്ചായത്ത് പരിധിയിൽ വരുന്ന അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയ നടപടി തനതു ഫണ്ടിലേക്കുള്ള വരുമാനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പഞ്ചായത്തുകളുടെ വരുമാനത്തെ പ്രസ്തുത നടപടി ബാധിച്ചിട്ടുണ്ടെങ്കിൽ ആയത് പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) പഞ്ചായത്തുകളുടെ തനതു വരവുകളെ നികുതി വരവെന്നും നികുതിയേതര വരവെന്നും രണ്ടായി തിരിക്കാവുന്നതാണ്. നികുതി വരവുകൾ പ്രധാനമായും വസ്തു നികുതി (കെട്ടിട നികുതി), തൊഴിൽ നികുതി, വിനോദ നികുതി, സേവന നികുതി, പരസ്യ നികുതി എന്നിവയാണ്. നികുതിയേതര വരവുകളിൽ ഡി & ഒ ലൈസൻസ് ഫീ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, സ്വകാര്യ മാർക്കറ്റ് ലൈസൻസ് ഫീ, കശാപ്പുശാല ലൈസൻസ് ഫീ, കെട്ടിടങ്ങൾ വാടകയ്ക്കു നൽകി അതിൽ നിന്നുള്ള വരവ്, സ്വകാര്യ പാരാമെഡിക്കൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ, ബസ് സ്റ്റാന്റ്, വണ്ടിത്താവളം ഫീ, ഫാറങ്ങളുടെ വിൽപ്പന, മണൽ വിൽപ്പന, ക്വാറി വരവ്, ജനന-മരണ രജിസ്ട്രേഷൻ ഫീ, വിവാഹ രജിസ്ട്രേഷൻ ഫീ, അവയുടെ സർട്ടിഫിക്കറ്റുകളുടെ ഫീസ്, അംശദായങ്ങളും മേലാദായങ്ങളും ഉൾപ്പെടും. കൂടാതെ ജനറൽ പർപ്പസ് ഫണ്ടും തനതു വരുമാനത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുന്നത്.

(ബി) തനതു ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്കു ബുദ്ധിമുട്ടുന്ന 40 ഗ്രാമ പഞ്ചായത്തുകൾക്ക് സർക്കാർ 2013 - 14 വർഷം ഗ്യാപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പിൽ സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറിതലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽനിന്ന് ഒഴിവാക്കി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലോ അധികാരിതയിലോ അല്ലാത്ത സ്ഥാപനങ്ങളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങൾ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തിനുള്ള തുക അലോട്ട്മെന്റ് സമ്പ്രദായം

24 (*144) ശ്രീ. എം. ഹംസ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജെയിംസ് മാത്യൂ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിനിർവ്വഹണത്തിനുള്ള തുക അലോട്ട്മെന്റ് ലെറ്ററായി നൽകുന്ന രീതി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനുപകരം കൊണ്ടുവന്ന സംവിധാനം എന്താണ് ;

(സി) കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടർന്നുവരുന്ന അലോട്ട്മെന്റ് സമ്പ്രദായം മാറ്റിയത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ടോ ;

(ഡി) ഇപ്പോൾ ഏർപ്പെടുത്തിയ പകരം സംവിധാനം മാറ്റി അലോട്ട്മെന്റ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ( ഡോ. എം. കെ. മുനീർ) :

(എ-ഡി) കാലാകാലങ്ങളിൽ സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം ക്രമപ്പെടുത്തുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിനുള്ള ഫണ്ട് വിഹിതം 2006 മുതൽ ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ 10 തവണകളുടെ അലോട്ട്മെന്റായാണ് നൽകി വരുന്നത്. ഈ സാമ്പത്തികവർഷം വികസനഫണ്ട് 7-ാം ഗഡു 21-10-2014-ൽ അനുവദിച്ചു നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലെറ്ററായി നൽകിവരുന്ന രീതിക്ക് ഇതുവരെ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള ധനവിനിയോഗ നിയന്ത്രണ നടപടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ഇപ്പോൾ റവന്യൂ അക്കൗണ്ടിൽ നിന്നും റിലീസ് ചെയ്യുന്നത് അവയുടെ പബ്ലിക്ക് അക്കൗണ്ടിൽ പാർക്ക് ചെയ്യുന്നത് സംസ്ഥാനത്തിന്റെ റവന്യൂ ഡെഫിസിറ്റിന് കാരണമാകുന്നു എന്ന് കാണുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗ അക്കൗണ്ടിന്മേൽ റവന്യൂ ഡഫിസിറ്റ് നിയന്ത്രിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ, ഇപ്പോൾ ചെയ്തുവരുന്ന പബ്ലിക് അക്കൗണ്ടുകൾക്ക് പകരം, പുതിയ റവന്യൂ അക്കൗണ്ടിൽ നിന്നും ധനവിനിയോഗം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തുടർ രീതിയെ സംബന്ധിച്ചുള്ള അവസാന തീരുമാനമായിട്ടില്ല.

## പ്രവാസികൾ ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണം കൈകാര്യം ചെയ്യുന്നതിന് സേവന നികുതി

25 (*145) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾ ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണം കൈകാര്യം ചെയ്യുന്നതിന് സേവന നികുതി ഏർപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) പ്രവാസികൾ അധികമുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ഇത് എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ ;

(സി) ഇപ്രകാരമുള്ള നികുതി നിർദ്ദേശം പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പ്രവാസികൾ വിദേശത്തുനിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവനനികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്ത് നിന്നും ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല. എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവ് (foreign money transfer service operator (MTSO)-ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ, ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO)-നിന്നും ഈടാക്കുന്ന കമ്മീഷന് സേവന നികുതി നൽകണമെന്നതാണ് നിർദ്ദേശം

(ബി) ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചിട്ടില്ല. ഇത്തരം നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ പ്രവാസികളുടെ ആഭ്യന്തര നിക്ഷേപ താൽപ്പര്യം കുറയാൻ സാദ്ധ്യതയുണ്ടെന്നതാണ് പ്രാഥമിക വിലയിരുത്തൽ.

(സി) പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. നിലവാരം

26 (*146) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പ്രസ്തുത പദ്ധതി വഴി പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഐ.എസ്.ഒ. നിലവാരം പ്രാപ്തമാക്കാൻ പഞ്ചായത്തുകൾ പാലിക്കേണ്ടത് ; വിശദാംശങ്ങൾ നൽകാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ( ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) 1. ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുക.

2. ജനാഭിലാഷം അനുസരിച്ച് സേവന പ്രദാന സംവിധാനം ഒരുക്കുക.

3. ഗ്രാമപഞ്ചായത്തിന്റെ വിഭവങ്ങളുടേയും സംവിധാനങ്ങളുടേയും ഉപയോഗം ഫലപ്രദമായിട്ടാണെന്ന് ഉറപ്പു വരുത്തുക.

4. ഗ്രാമപഞ്ചായത്തിന്റെ ദീർഘദർശനവും കാഴ്ചപ്പാടും ജനകേന്ദ്രീകൃതമാക്കുക.

5. ഗ്രാമപഞ്ചായത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും ഉറപ്പ് വരുത്തുക.

6. പഞ്ചായത്തിൽനിന്നുള്ള സേവനങ്ങൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പു വരുത്തുക.

7. ഗുണനിലവാര സംവിധാനത്തിന്റെ മുഖമുദ്രയായ ISO 9001:2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുക.

(സി) 1. പൗരാവകാശരേഖയിൽ പറയുന്ന സേവനങ്ങളുടെ ഗുണനിലവാരം ഘട്ടം ഘട്ടമായി ഉറപ്പു വരുത്തിയിട്ടുണ്ട്.

2. അതാത് ദിവസം തന്നെ കൊടുക്കാവുന്ന സേവനങ്ങൾ അപേക്ഷ കിട്ടി എത്രയും വേഗം കൊടുക്കുവാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

3. അന്വേഷണങ്ങൾ ആവശ്യമില്ലാത്തതും പഞ്ചായത്തിന്റെ വിവരശേഖരണം അടിസ്ഥാനമാക്കി നൽകേണ്ടതുമായ സേവനങ്ങൾ അപേക്ഷ കിട്ടിയാലുടൻ തന്നെ നൽകുവാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

4. 1970 മുതലുള്ള ജനന-മരണ സർട്ടിഫിക്കറ്റുകൾ, 2008 മുതലുള്ള പൊതുവിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, മെമ്പർഷിപ്പ് സർട്ടിഫിക്കറ്റുകൾ എന്നിവ പൊതുജനങ്ങൾക്ക് സ്വയം ഡൗൺലോഡ് ചെയ്യാനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാനുള്ള സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ISO 9001 : 2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കേരഫെഡിന്റെ ക്രമക്കേടുകൾ**

27 (*147) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരഫെഡിൽ ക്രമക്കേടുകളും അഴിമതിയും നടന്നിട്ടുള്ളതായി സഹകരണ വകുപ്പ് രജിസ്ട്രാറുടെ ആഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ക്രമക്കേടുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. കെ. പി. മോഹനൻ) :

(എ) താഴെപ്പറയുന്ന വിഷയങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേരഫെഡിന്റെ 2013 -14 വർഷത്തെ ആഡിറ്റിൽ പരാമർശിച്ചിട്ടുണ്ട് :

1. പച്ച തേങ്ങ സംഭരണം :

2012-13 വർഷത്തിൽ മാത്രം നടപ്പിലാക്കുവാൻ അംഗീകരിച്ച പദ്ധതി പ്രകാരമുള്ള സംഭരണം സർക്കാരിന്റെ തുടർ അനുവാദമില്ലാതെ ഇപ്പോഴും തുടരുന്നു. സർക്കാർ നിശ്ചയിച്ച 14 രൂപയിൽ കൂടുതൽ വിലയ്ക്ക് സംഭരണം നടത്തി. കൊപ്രയാക്കുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളിൽ നിന്നും ലഭിക്കുന്ന കൊപ്രായുടെ ഗുണനിലവാരം മോശമായതും റിക്കവറി ശതമാനം സംബന്ധിച്ച റെക്കാർഡുകൾ ലഭ്യമല്ലാത്തതും.

2. കൊപ്ര സ്റ്റോക്കിൽ കുറവ് :

1,75,54,215 രൂപയുടെ 1887.55 ക്വിന്റൽ കൊപ്ര സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പച്ചതേങ്ങ സംഭരണവുമായി ബന്ധപ്പെട്ട സ്വകാര്യ സ്ഥാപനങ്ങളിൽ ഡ്രയറുകൾ സ്ഥാപിച്ചത് :

സ്ഥപനവുമായി ഒപ്പു വച്ചിട്ടുള്ള എഗ്രിമെന്റ്/കരാർ, ടെണ്ടർ രജിസ്റ്റർ, ടെണ്ടർ പരിശോധനാസമിതിയുടെ വിലയിരുത്തൽ/ശിപാർശ ഭരണസമിതി അംഗീകാരം, ഡ്രയർ പൂർത്തീകരണ സർട്ടിഫിക്കറ്റ്, ജില്ലാ മാനേജർ നല്കിയ രേഖകൾ, ഓരോ ഡ്രയറിലും സംസ്കരിച്ച പച്ചതേങ്ങ, ലഭിച്ച കൊപ്ര, റിക്കവറി, ഗുണനിലവാരം, അനുവാദമില്ലാതെ 3 ഡ്രയറുകൾക്ക് ഓരോന്നിനും 21 ലക്ഷം രൂപയ്ക്ക് പകരം 21,50,000 രൂപ നല്കിയത് സംബന്ധിച്ചും, ടെണ്ടറിനു അധികരിച്ച് ഡ്രയറുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തിയതും ഷെഡ് നിർമ്മാണം സംബന്ധിച്ചും.

4. കരുനാഗപ്പള്ളി, നടുവണ്ണൂർ എന്നിവിടങ്ങളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിച്ചതിലെ ക്രമക്കേടുകൾ, EMD അടച്ച തുക തിരികെ നല്കാത്തതും ഓരോ വിഷയത്തിൻമേലും വ്യക്തമായ തീരുമാനം, അതിന്റെ പുരോഗതി അവലോകനം, ഓരോ മാസത്തേയും വരവു ചെലവു കണക്കുകൾ എന്നിവ ഭരണസമിതി തീരുമാനം എടുക്കാത്തതും അംഗീകാരം എടുക്കാത്തതും സംബന്ധിച്ചും

(ബി) ഇല്ല.

## റബ്ബർ മേഖല നേരിടുന്ന പ്രശ്നങ്ങൾ

28 (*148) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ റബ്ബറിനെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയ വിനിമയം നടത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെല്ലാം ഉറപ്പുകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. കെ. പി. മോഹനൻ) :

(എ) റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്ന നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപ്പെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരണം കർഷകരിൽ നിന്നും നടത്തുന്നതിന് 6-11-2014-ലെ സ.ഉ(എംഎസ്.) നമ്പർ 254/2014 കൃഷി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് :

1. റബ്ബറിന്റെ ഇറക്കുമതി തടയുക.
2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റേയും, റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.

4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതു പോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.

5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.

6. ബ്ളോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.

7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.

8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.

9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക.

10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

## അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മാരക വിഷം കലർന്ന പച്ചക്കറികൾ പരിശോധിക്കുന്നതിന് സംവിധാനം

29 (*149) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മാരക വിഷം കലർന്ന പച്ചക്കറികൾ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിലും മറ്റ് കേന്ദ്രങ്ങളിലും എന്തെങ്കിലും സംവിധാനങ്ങൾ കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം പരിശോധനകൾക്കായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരള വിപണിയിലേക്ക് പച്ചക്കറി വിളയിക്കുന്ന അന്യ സംസ്ഥാനങ്ങളിലെ കൃഷിയിടങ്ങളിൽ പരിശോധന ഊർജ്ജിതമാക്കാൻ സാധ്യതയുണ്ടോ ;

(ഡി) മാരക വിഷം കലർന്ന എത്ര മാത്രം പച്ചക്കറിയാണ് ദിനംപ്രതി സംസ്ഥാനത്തെത്തുന്നതെന്ന് അറിയാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ( ശ്രീ. കെ. പി. മോഹനൻ) :

(എ) ഇല്ല.

(ബി) വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധനശാലയിൽ പഴം, പച്ചക്കറികൾ എന്നിവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ അവശിഷ്ടം പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇതിന്റെ കണക്ക് കൃഷി വകുപ്പ് തിട്ടപ്പെടുത്തിയിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ്**

30 (*150) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. കെ. ബാലൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് സംബന്ധിച്ച് ഏറ്റവും അവസാനം അവലോകനം നടത്തിയത് എന്നായിരുന്നു ; അവലോകനത്തെ തുടർന്ന് ലഭ്യമായ പ്രധാന വിവരങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) പദ്ധതിച്ചെലവ് തൃപ്തികരമാണോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(സി) പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ ജില്ലാതല യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നുവോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കൽ എത്രയാണ് ; അതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ( ഡോ. എം. കെ. മുനീർ) :

(എ) 26-11-2014-ൽ "വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി" അവലോകനം നടത്തിയപ്പോൾ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1381.97 കോടി രൂപയാണ് എന്നുകണ്ടു. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഈ യോഗത്തിൽ റിപ്പോർട്ട് ചെയ്ത പ്രകാരം ഗ്രാമപഞ്ചായത്തുകൾ 802.97 കോടി രൂപയാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾ 176.53 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 228.36 കോടിരൂപയും മുനിസിപ്പാലിറ്റികൾ 121.58 കോടി രൂപയും കോർപ്പറേഷനുകൾ 52 കോടി രൂപയും ചെലവഴിച്ചു.

(ബി) വാർഷിക പാദ കാലയളവുകളിലെ പദ്ധതിച്ചെലവ് തൃപ്തികരമല്ല. പാദകാലയളവുകളിലെ വിനിയോഗലക്ഷ്യം നേടാനായിട്ടില്ല. മരാമത്ത് പണികളുടെ ഇ-ടെൻഡറിങ്ങിലുള്ള സാങ്കേതിക പ്രശ്നങ്ങൾ, ഭരണ നിർവ്വഹണ പ്രശ്നങ്ങൾ തുടങ്ങി ഒട്ടേറെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പശ്ചാത്തല മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ മുന്നോട്ട് പോകാതിരുന്നതും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസവുമാണ് പ്രധാന കാരണമെന്ന് കാണുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ച് താരതമ്യേന കൂടുതൽ ദിവസങ്ങളിൽ മഴ ഉണ്ടായി എന്നതും കാരണമാണ്. വരുന്ന മാസങ്ങളിൽ പ്രവർത്തനങ്ങൾ പുരോഗതി പ്രാപിക്കുമെന്നും വർഷാവസാനത്തോടുകൂടെ ലക്ഷ്യത്തിലെത്തുമെന്നും കരുതുന്നു.

(സി) ഇല്ല. എന്നാൽ വകുപ്പ് ഉദ്യോഗസ്ഥരുടെ വിവിധ തലങ്ങളിലുള്ള യോഗങ്ങൾ ചേർന്ന് അവലോകനം നടത്തിവരുന്നു. നഗരകാര്യ വകുപ്പിൽ മേഖലാതലയോഗങ്ങൾ 2014 മേയ് മാസത്തിലും, നവംബർ മാസത്തിലും നടത്തുകയുണ്ടായി. കൂടാതെ എല്ലാ മാസങ്ങളിലും നഗരകാര്യ വകുപ്പിലെ മേഖലാ ജോയിന്റ് ഡയറക്ടർമാർ, ഉത്തര മദ്ധ്യ, ദക്ഷിണ മേഖലകളിലെ നഗരസഭകളിൽ പ്രവർത്തനങ്ങൾ വിശദമായി അവലോകനം നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ നടത്തി വരുന്നതും, പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ റിവ്യൂ നടന്നു വരുന്നതുമാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി ചെലവ് സംബന്ധിച്ച് എല്ലാ മാസത്തിലും ബ്ലോക്ക് പഞ്ചായത്തുതലത്തിലും ജില്ലാതലത്തിലും അവലോകനം നടത്താറുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ ഗ്രാമ വികസന കമ്മിഷണറേറ്റ് തലത്തിൽ പദ്ധതി ചെലവിനെ സംബന്ധിച്ച് അവലോകനം നടത്തി വരുന്നു. ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ ഈ സാമ്പത്തിക വർഷത്തിൽ വിവിധ ജില്ലകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് അവലോകനയോഗം വിളിച്ചുചേർത്തിരുന്നു. വയനാട്, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ ഒഴികെ 11 ജില്ലകളിലും ഇത്തരത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.

(ഡി) നടപ്പു സാമ്പത്തിക വർഷം 4700 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റ് വിഹിതമായി നൽകുന്നത്. 26-11-2014-ൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ റിപ്പോർട്ട് ചെയ്ത പ്രകാരം ഗ്രാമപഞ്ചായത്തുകൾ 802.97 കോടി രൂപയാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾ 176.53 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 228.36 കോടി രൂപയും മുനിസിപ്പാലിറ്റികൾ 121.58 കോടി രൂപയും കോർപ്പറേഷനുകൾ 52 കോടി രൂപയും ചെലവഴിച്ചു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി

31 (1464) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ശതമാനം പൂർത്തിയാക്കിയെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതികൾ അംഗീകരിച്ചു നൽകുന്നതിൽ വന്ന കാലതാമസമാണ് നിർവ്വഹണം വൈകിപ്പിച്ചത് എന്ന ആക്ഷേപം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കാമോ ;

(സി) സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിക്കുവാൻ നീട്ടി നൽകിയ കാലാവധിക്കുള്ളിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത് പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭ്യമായ താൽക്കാലിക കണക്കനുസരിച്ച് 77.46 ശതമാനം പൂർത്തിയാക്കി.

(ബി) മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി 2013-14-ൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലായിരുന്നു. 2013-14 വർഷത്തെ പദ്ധതി അംഗീകാര നടപടികൾ ജൂൺ മാസത്തിൽ പൂർത്തിയായതിനാൽ നിർവ്വഹണത്തിന് 9 മാസത്തോളം സമയം ലഭിച്ചിരുന്നു. 2014-15 വർഷത്തെ പദ്ധതി അംഗീകാര നടപടികൾ 2013-14 സാമ്പത്തിക വർഷം പൂർത്തിയാക്കണമെന്ന ഉദ്ദേശ്യത്തോടെ മാർഗ്ഗരേഖ 16-11-2013-ൽ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ലോക്സഭ പൊതു തെരഞ്ഞെടുപ്പ് കാരണം പദ്ധതി

അംഗീകാര നടപടികളിൽ കാലതാമസം നേരിട്ടു. എങ്കിലും 2014 ജൂലൈ മാസത്തിൽ അംഗീകാര നടപടികൾ പൂർത്തീകരിച്ചതു കാരണം നിർവ്വഹണത്തിനായി 8 മാസത്തോളം ലഭിക്കുന്നതാണ്.

(സി) 2014 ഡിസംബർ 31 വരെ സമയം നൽകിയിട്ടുണ്ട്. അതിനാൽ 31-12-2014-ന് ശേഷമേ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

**രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ**

32 (1465) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്കു പഞ്ചായത്തുകളിലുമാണ് ഇത്തരത്തിലുള്ള സേവാകേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സേവാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാർ ഭേദഗതി ചെയ്ത 3-1-2014-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1-ൽ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം അനുവദനീയ പ്രവൃത്തിയായി ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ 3-1-2014-നുശേഷം, പുതുതായി രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് നിർവ്വാഹമില്ല. മുൻവർഷങ്ങളിലെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ള ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ നിലവിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

## പെരളം-കല്ലൻചിറ പാലം നിർമ്മാണം

33 (1466) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കരിവെള്ളൂർ - പെരളം പഞ്ചായത്തിലെ പെരളം - കല്ലൻചിറ പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) നടപടികൾ പൂർത്തീകരിച്ച് പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പെരളം-കല്ലൻചിറ പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പാലത്തിന്റെ പണി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ലഭ്യമായ തുക

34 (1467) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതമായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ഈ വർഷം എത്ര തുകയാണ് ലഭ്യമായത് ;

(ബി) കഴിഞ്ഞ വർഷം ലഭിച്ച തുക എത്രയാണ് ;

(സി) ഈ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് എന്തൊക്കെ പ്രവൃത്തികളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതമായി കേന്ദ്രസർക്കാരിൽ നിന്നും നടപ്പുവർഷം, നാളിതുവരെ, 73948.46 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന് കഴിഞ്ഞ വർഷം (2013-14) കേന്ദ്രസർക്കാർ വിഹിതമായ 127710.9 ലക്ഷം രൂപയുൾപ്പെടെ 138105.32 ലക്ഷം രൂപ ആകെ ലഭ്യമായിരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള റോഡുകളുടെ ഭരണാനുമതി**

35 (1468) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൊല്ലം മണ്ഡലത്തിൽ ചിറ്റുമല ബ്ലോക്കിന്റെ പരിധിയിൽ വരുന്ന തൃക്കടവൂർ, തൃക്കരുവ, പനയം എന്നീ ഗ്രാമപഞ്ചായത്തുകളിൽ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റോഡുകളുടെ പേരും അനുവദിച്ച തുകയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള റോഡുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൊല്ലം മണ്ഡലത്തിൽ ചിറ്റുമല ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ഒരു റോഡിനും ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) പി.എം.ജി.എസ്.വൈ. രണ്ടിന്റെ ഭാഗമായുള്ള ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഇതിന് അംഗീകാരം ലഭ്യമായതിനുശേഷം മാത്രമേ പി.എം.ജി.എസ്.വൈ. രണ്ടിൽ പുതുതായി റോഡുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തെരഞ്ഞെടുക്കുകയുള്ളൂ.

**പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള റോഡ് നിർമ്മാണം**

36 (1469) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച ഏതെല്ലാം റോഡുകളാണ് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുള്ളത് ; ആയത് പുനരാരംഭിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 1. അമ്പലപ്പാറ പഞ്ചായത്തിലെ ലക്ഷംവീട് കുനൻമല റോഡ്

2. അമ്പലപ്പാറ പഞ്ചായത്തിലെ കണ്ണമംഗലം കണ്ണമംഗലം റോഡ്

3. കരിംമ്പുഴ പഞ്ചായത്തിലെ പോമ്പ്ര കടപ്പാടം റോഡ്

4. പൂക്കോട്ടുകാവ് പഞ്ചായത്തിലെ പൂക്കോട്ടുകാവ് കോവിലിങ്ങൽപടി റോഡ്

5. അമ്പലപ്പാറ പഞ്ചായത്തിലെ കടമ്പൂർപള്ളി കടവ് റോഡ്

(ബി) 1. ലക്ഷംവീട് കുനൻമല റോഡ്-ജി.എസ്.ബി. പൂർത്തിയായി.

2. കണ്ണമംഗലം കണ്ണമംഗലം നോർത്ത്-ജി.എസ്.ബി.സി.ഡി. വർക്കുകൾ പൂർത്തിയായിവരുന്നു.

3. പോമ്പ്ര കടപ്പാടം റോഡ്- കോൺക്രീറ്റ് ഡ്രൈയിൻ സി.ഡി. വർക്കുകൾ, പാർശ്വഭിത്തികൾ, ഡ്രൈയിനേജ് പണികൾ എന്നിവ പൂർത്തിയായിവരുന്നു.

4. പൂക്കോട്ടുകാവ് കോവിലിങ്ങൽപടി റോഡ്-പാർശ്വഭിത്തികൾ, ഡ്രൈയിനേജ് പണികൾ എന്നിവ പൂർത്തിയായിവരുന്നു.

5. കടമ്പൂർപള്ളി കടവ് റോഡ്-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ട്.

(സി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച യാതൊരു റോഡുകളുമില്ല.

**പി.എം.ജി.എസ്.വൈ. പദ്ധതി**

37(1470) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷമായി തൃശ്ശൂർ ജില്ലയിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവയ്ക്കായി നീക്കിവച്ചിരിക്കുന്ന തുക എത്ര വീതമാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**ബി.പി.എൽ. ലിസ്റ്റ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടി**

38 (1471) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ. ലിസ്റ്റ് തയ്യാർ ചെയ്തത് എന്നാണ് ;

(ബി) ബി.പി.എൽ. ലിസ്റ്റ് പരിഷ്ക്കരിക്കുന്ന നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(സി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട അനർഹരെ പ്രസ്തുത ലിസ്റ്റിൽനിന്നും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്രപേരെ അപ്രകാരം നീക്കം ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2009 ബി.പി.എൽ. സർവ്വേ പ്രകാരം.

(ബി) 2009 ബി.പി.എൽ. സർവ്വേ പ്രകാരം പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും സാമൂഹിക സാമ്പത്തിക ജാതി സെൻസസിനുശേഷം ആവശ്യമെങ്കിൽ പരിശോധിക്കാമെന്ന് 27-4-2012-ലെ സ.ഉ.(സാധാ)1205/2012/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർവ്വേ അവസാനഘട്ടത്തിലാണ്. പ്രസിദ്ധീകരിച്ച ബി.പി.എൽ. പട്ടികയിൽ പുതുതായി കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) ദരിദ്ര കുടുംബങ്ങളുടെ പട്ടികയിലുൾപ്പെടുന്ന കുടുംബം പിന്നീടുള്ള പരിശോധനയിൽ അനർഹമാണെന്നു കാണുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുമെന്ന് 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ. പ്രകാരം (ഖണ്ഡിക 6-ൽ) വ്യവസ്ഥയുണ്ട്. നീക്കം ചെയ്യപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു.

**കോതമംഗലം ബ്ലോക്ക് വിഭജനം**

39 (1472) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം ബ്ലോക്ക് വിഭജിച്ച് കോതമംഗലം, കവളങ്ങാട് എന്നീ പുതിയ രണ്ട് ബ്ലോക്കുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കോതമംഗലം ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതിയുടെ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം (MMS) നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോതമംഗലം ബ്ലോക്ക് വിഭജിച്ച് കോതമംഗലം, കവളങ്ങാട് എന്നീ പുതിയ രണ്ട് ബ്ലോക്ക് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നത് സംബന്ധിച്ച സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

**ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി**

40 (1473) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിവഴി എത്ര രൂപയുടെ പ്രവൃത്തികൾക്ക് നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തിയാക്കിയിട്ടുണ്ട് ; ജില്ലയും മണ്ഡലവും തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന 2012 മാർച്ച് മുതൽ നാളിതുവരെ 87,05,52,953.00 രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

**ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖനേ നടപ്പിലാക്കുന്ന പദ്ധതികൾ**

41 (1474) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ; പ്രസ്തുത പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളുടെ പേര്, അടങ്കൽ തുക തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു :

1. ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം
2. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി
3. മലയോര റോഡുകളുടെ പുനരുദ്ധാരണം
4. സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി
5. പഴം പച്ചക്കറി വികസന പദ്ധതി

മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 1. പഴം പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിന് കാഞ്ഞങ്ങാട്, പരപ്പ എന്നീ ബ്ലോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

അടങ്കൽ തുക :

| | | |
|---|---|---|
| 1. കാഞ്ഞങ്ങാട് ബ്ലോക്ക് | - | 26 ലക്ഷം |
| 2. പരപ്പ ബ്ലോക്ക് | - | 26 ലക്ഷം |

### ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന ചെക്ക്ഡാം നിർമ്മിക്കുന്ന പദ്ധതി

42 (1475) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖേന ചെറിയ അരുവികളിൽ ചെക്ക്ഡാം നിർമ്മിക്കുന്ന പദ്ധതികൾക്കായി 2013-14, 2014-15 കാലയളവിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ കാസർകോട് ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികൾക്ക് എന്ത് തുക വീതം അനുവദിച്ചുവെന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദമാക്കാമോ ;

(സി) പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മിക്കുന്ന പദ്ധതികൾക്കായി 2013-14-ൽ 17,47,40,736 രൂപയും 2014-15 കാലയളവിൽ 3,93,01,838 രൂപയും ഉൾപ്പെടെ ആകെ 21,40,42,574 രൂപ നാളിതുവരെ ചെലവഴിച്ചു.

(ബി) ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മിക്കുന്ന പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ മലയോര വികസന ഏജൻസിവഴി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2013-14-ൽ തെരെഞ്ഞെടുത്തിരുന്ന തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് എന്നീ നിയോജക മണ്ഡലങ്ങളിലെ പഞ്ചായത്തുകളിൽ നിന്ന് പ്രൊപ്പോസലൊന്നും ലഭിക്കാത്തതിനാൽ ഒരു പ്രവൃത്തിക്കും 2013-14-ൽ മലയോര വികസന ഏജൻസിയിൽനിന്നും തുക അനുവദിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്തിട്ടുള്ള തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിൽ 3 റോഡുകളും (60 ലക്ഷം രൂപ), കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിനാനൂർ-കരിന്തളം, ബളാൽ, പനത്തടി എന്നീ പഞ്ചായത്തുകളിലായി 5 റോഡുകളും (95 ലക്ഷം രൂപ) വെസ്റ്റ് എളേരി പഞ്ചായത്തിൽ ഒരു ചെക്ക് ഡാം (15 ലക്ഷം) പദ്ധതിയും നബാർഡിന്റെ ആർ.ഐ.ഡി.എഫ്./സംസ്ഥാന ആവിഷ്കൃത പദ്ധതികൾവഴി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഗ്രാമവികസന വകുപ്പിൻകീഴിലെ വികസന പരിശീലന കേന്ദ്രങ്ങൾ

43 (1476) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ വികസന വകുപ്പിൻ കീഴിൽ വികസന പരിശീലന കേന്ദ്രങ്ങൾക്ക് (ETC) കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ധനസഹായം ഏത് മേഖലയിൽ എന്ത് തുകയാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയ ETC-കൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് എന്ത് തുക വീതം നൽകുന്നുണ്ട് ?

ഉത്തരം

(എ) റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ പ്രതിവർഷം 20 ലക്ഷം രൂപ വീതം വികസന പരിശീലന കേന്ദ്രങ്ങൾക്ക് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്ട് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് നോൺ റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ സഹായം ലഭിച്ചുവരുന്നത്.

(ബി) ഇല്ല.

**മലയോര വികസന ഏജൻസിയുടെ പ്രവർത്തനം**

44 (1477) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസി 2012-ൽ രൂപീകരിച്ചതിനു ശേഷം 2012-13-ലും 2013-14-ലും 2014-15-ലും ഓരോ വർഷവും മലയോര വികസന പദ്ധതികൾക്കായി എത്ര തുക വീതം നീക്കിവയ്ക്കുകയുണ്ടായി ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) മലയോര വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമാണ് ;

(സി) 2012-13-ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ് ; ഓരോ പദ്ധതിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത് ;

(ഡി) 2013-14-ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ് ; ഓരോ പദ്ധതിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത് ;

(ഇ) 2014-15-ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ് ; ഓരോ പദ്ധതിയും ഏതു നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത് ?

<u>ഉത്തരം</u>

(എ) മലയോര വികസന ഏജൻസി 2012-ൽ രൂപീകരിച്ചതിനുശേഷം ഓരോ വർഷവും മലയോര വികസന പദ്ധതിക്കായി നീക്കിവച്ച തുക താഴെ കൊടുക്കുന്നു :

| | | |
|---|---|---|
| 2012-13 | - | 36.30 കോടി രൂപ |
| 2013-14 | - | 42.50 കോടി രൂപ |
| 2014-15 | - | 110 കോടി രൂപ |

(ബി) ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, പഴം പച്ചക്കറി വികസന പദ്ധതി, മലയോര റോഡുകളുടെ മെച്ചപ്പെടുത്തൽ, സഹ്യശ്രീ സ്വയംതൊഴിൽ പദ്ധതി, കുളങ്ങളുടെ നവീകരണം, കാർഷിക വികസനം എന്നീ വികസന പദ്ധതികളാണ് മലയോര വികസന ഏജൻസിവഴി നടപ്പിലാക്കുന്നത്.

(സി) കണ്ണൂർ ജില്ലയിൽ 2012-13 സാമ്പത്തിക വർഷത്തിൽ പഴം പച്ചക്കറി വികസനം, ചെറിയ അരുവികളിൽ ചെക്ക്ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി എന്നിവയാണ് നടപ്പിലാക്കിയത്. 2012-13 സാമ്പത്തിക വർഷത്തിൽ ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച പദ്ധതികളും അനുവദിച്ച തുകയും അനുബന്ധം I ആയി ചേർക്കുന്നു.*

(ഡി) 2013-14 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ, പഴം പച്ചക്കറി വികസനം, ചെറു അരുവികളിൽ ചെക്ക്ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, മലയോര റോഡുകളുടെ മെച്ചപ്പെടുത്തൽ, സഹ്യശ്രീ സ്വയംതൊഴിൽ പദ്ധതി എന്നിവയാണ്. ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച പദ്ധതികളും അനുവദിച്ച തുകയും അനുബന്ധം II ആയി ചേർക്കുന്നു.*

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ 30-10-2014 വരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കി വരുന്ന പദ്ധതികൾ ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി എന്നിവയാണ്. പദ്ധതികൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച പദ്ധതികൾ അനുബന്ധം III ആയി ചേർക്കുന്നു.*

**ആദർശ് ഗ്രാമം പദ്ധതി**

45 (1478) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പാർലമെന്റ് അംഗം മൂന്ന് ഗ്രാമങ്ങൾ ഏറ്റെടുത്ത് ആദർശ് ഗ്രാമമായി വികസിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമാന പദ്ധതി നിയമസഭാംഗങ്ങൾക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ഒരു പാർലമെന്റ് അംഗം, ആദ്യഘട്ടമെന്ന നിലയിൽ ഒരു ഗ്രാമം ഏറ്റെടുത്ത് ആദർശ് ഗ്രാമമായി വികസിപ്പിക്കാനുള്ള കേന്ദ്ര പദ്ധതി "സൻസദ് ആദർശ് ഗ്രാമയോജന" സംസ്ഥാനങ്ങളിൽ നടപ്പിലാക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നടപടികൾ നടന്നുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു നടപടി**

46 (1479) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ക്ഷീര കർഷകരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച ശുപാർശ കേന്ദ്രസർക്കാരിന് നേരത്തെ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിച്ചിരുന്നില്ല. ഈ ആവശ്യം പരിഗണിക്കുന്നതിന് വീണ്ടും കേന്ദ്രസർക്കാരിൽ സംസ്ഥാനം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും കേന്ദ്രസർക്കാർ നാളിതുവരെ അനുമതി നൽകിയിട്ടില്ല.

**മഹിള കിസാൻ ശാക്തീകരണ പരിയോജന-അട്ടപ്പാടിയിൽ**

47 (1480) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹിളാ കിസ്സാൻ ശാക്തീകരണ പരിയോജന എന്ന കേന്ദ്ര സർക്കാർ പദ്ധതി അട്ടപ്പാടിയിൽ നടപ്പാക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; സംസ്ഥാന വിഹിതം എത്ര രൂപയാണ് ; എത്ര രൂപ ഇതുവരെ ചെലവഴിച്ചു ;

(ഡി) അട്ടപ്പാടിയിൽ പ്രധാനമായും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത് ; ഓരോന്നിനും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ ;

(ഇ) പദ്ധതിയ്ക്ക് മേൽനോട്ടം വഹിച്ചത് ആരാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെൽകൃഷി പുനരുദ്ധാരണത്തിനായി വനിതകളുടെ ലേബർ ബാങ്ക് രൂപീകരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യം.

(സി) പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലാ പഞ്ചായത്തുകളുടെ കൺസോർഷ്യം നടപ്പാക്കുന്ന ഈ പദ്ധതിയിൽ കേന്ദ്രവിഹിതമായി 7,57,00,000 രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി 12,04,83,022 രൂപ ലഭിച്ചിട്ടുണ്ട്. 2,17,60,836 രൂപ നാളിതുവരെ ചെലഴിച്ചിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) മഹിളാ കിസാൻ ശാക്തീകരണ പരിയോജന പ്രോജക്ട് II നെൽകൃഷി പുനരുദ്ധാരണ പദ്ധതി മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കൺസോർഷ്യം COMPT-വഴിയാണ് നടപ്പിലാക്കുന്നത്.

**ഇന്ദിര ആവാസ് യോജന**

48 (1481) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം നൽകാത്തതിനാൽ എത്ര വീടുകളുടെ നിർമ്മാണം മുടങ്ങിയിട്ടുണ്ട് ;

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(സി) പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണത്തിന് ബാങ്കുകളിൽ നിന്നും സർക്കാർ ഉറപ്പിൽ വായ്പ എടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ധനവകുപ്പ് അംഗീകരിക്കാത്തതിനാൽ ബാങ്ക് വായ്പ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജനയുടെ കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്‌സി. ജനറൽ) 2.5 ലക്ഷവും (എസ്റ്റി) ആക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാദ്ധ്യത പരിഹരിക്കുന്നതിന് സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചത് 2011-12-ലാണ്. അതനുസരിച്ച് വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ ആകെ 50.8 കോടി രൂപ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്.

**മലയോര വികസന ഏജൻസി**

49 (1482) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് നിലവിൽ മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളെയും മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തുമെന്ന് ആസൂത്രണ വകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ മലയോര വികസന ഏജൻസിയുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ താഴെപ്പറയുന്നവയാണ് :

1. കുന്നോത്തുപറമ്പ്
2. പാട്യം
3. കണിച്ചാർ
4. കേളകം
5. കൊട്ടിയൂർ
6. അയ്യൻകുന്ന്
7. ആറളം
8. പയ്യാവൂർ
9. എരുവേശ്ശി
10. ഉളിക്കൽ
11. ശ്രീകണ്ഠാപുരം
12. ഇരിക്കൂർ
13. നടുവിൽ
14. ആലക്കോട്
15. ഉദയഗിരി

16. ചെങ്ങളായി

17. ചപ്പാരപ്പടവ്

18. ചെറുപുഴ

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന പഞ്ചായത്തുകളെ മലയോര വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അംഗീകരിച്ചിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് :

1. ചിറ്റാരിപ്പറമ്പ
2. കീഴല്ലൂർ
3. കൂടാളി
4. മാലൂർ
5. മങ്ങാട്ടിടം
6. കോളയാട്
7. തില്ലങ്കേരി
8. പടിയൂർ കല്യാട്

ഫണ്ടിന്റെ പരിമിതിമൂലം ഒന്നാം ഘട്ടത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്തിനെയും തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ പ്രസ്തുത പഞ്ചായത്തുകളെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഇന്ദിരാ ആവാസ് യോജന**

50 (1483) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച്

നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുക എന്നതാണ് ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയിലൂടെയാണ്. യൂണിറ്റ് കോസ്റ്റ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ വഹിക്കുന്നു.

(ബി) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 75,000 രൂപയാണ്. അതിൽ 52,500 രൂപ കേന്ദ്ര വിഹിതവും 17,500 രൂപ സംസ്ഥാന വിഹിതവുമാണ്. എന്നാൽ കേരളത്തിൽ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്‌സി. ജനറൽ) 2.5 ലക്ഷവും (എസ്ടി) ആക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവുമൂലമുണ്ടായ അധികബാദ്ധ്യതയിൽ 50,000 രൂപ സംസ്ഥാന സർക്കാരും ബാക്കിത്തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 അനുപാതത്തിൽ കണ്ടെത്താനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഉണ്ട്. 15-9-2011 മുതൽ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്‌സി. ജനറൽ) 2.5 ലക്ഷവും (എസ്ടി) ആക്കി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവുമൂലമുണ്ടായ അധികബാദ്ധ്യതയിൽ 50,000 രൂപ സംസ്ഥാന സർക്കാരും ബാക്കിത്തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 അനുപാതത്തിൽ കണ്ടെത്താനുമാണ് തീരുമാനിച്ചിട്ടുള്ളത്.

**ഇന്ദിരാ ആവാസ് യോജന-ഫണ്ട് ദൗർലഭ്യം**

51 (1484) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയിൽ ഉൾപ്പെട്ട വീടുകളുടെ നിർമ്മാണം യഥാസമയം ഫണ്ട് ലഭ്യമാകുന്നില്ല എന്ന കാരണത്താൽ നിലച്ചുപോയ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വർദ്ധിപ്പിച്ച തുകയുടെ എത്ര ശതമാനമാണ് മാനദണ്ഡ പ്രകാരം സംസ്ഥാന സർക്കാർ നൽകേണ്ടത് ;

(സി) സർക്കാർ വിഹിതം നൽകാത്തതിന്റെ സാങ്കേതിക തടസ്സം എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള, നിർമ്മാണം മുടങ്ങിക്കിടക്കുന്ന വീടുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇന്ദിരാ ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്‌സി. ജനറൽ) 2.5 ലക്ഷവും (എസ്‌ടി) ആക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധികബാദ്ധ്യതയിൽ 50,000 രൂപ സംസ്ഥാന സർക്കാരും ബാക്കിത്തുക ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 അനുപാതത്തിൽ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) സർക്കാർ വിഹിതം നൽകിവരുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**ഇന്ദിരാ ആവാസ് യോജന പദ്ധതി**

52 (1485) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടില്ലാത്തവർക്കെല്ലാം അഞ്ചുവർഷത്തിനകം വീട് ഉറപ്പാക്കും എന്ന തീരുമാനം പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ വിഹിതം നൽകാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതിയിൽ സഹായം ലഭ്യമാക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പഞ്ചായത്തുകൾക്ക് നൽകുന്ന തുകയിൽ കുറവുവരുത്തിയിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ടു പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്.

(സി) ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്. യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്‌സി. ജനറൽ) 2.5 ലക്ഷവും (എസ്‌ടി.) ആക്കി വർദ്ധിപ്പിച്ചത് മൂലമുണ്ടായ അധികബാദ്ധ്യതയിൽ 50,000 രൂപ സംസ്ഥാന സർക്കാരും ബാക്കിത്തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 അനുപാതത്തിൽ കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) തുകയിൽ കുറവു വരുത്തിയിട്ടില്ല.

**ചെറുപുഴ ഗ്രാമപഞ്ചായത്തിലെ റോഡ് വികസനം**

53 (1486) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) HADA പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്താൻ നിർദ്ദേശിച്ച ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ പ്രാപ്പൊയിൽ - ചൂരപ്പടവ്-ചട്ടിവയൽ റോഡിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി ഭരണാനുമതി ലഭ്യമാക്കി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി 2014-15-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാപ്പൊയിൽ-ചൂരപ്പടവ്-ചട്ടിവയൽ റോഡ് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നബാർഡിലേക്ക് ഭരണാനുമതിക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) നബാർഡിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. എത്രയുംവേഗം പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിലെ ഭരണാനുമതി ലഭിക്കാനുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ**

54 (1487) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ വിവിധ ആർ.ഐ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതികളിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ പുതുതായി നടപ്പാക്കുവാനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ;

(സി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതികളിൽ പ്രവൃത്തികൾക്ക് മുൻഗണന ലഭിക്കുന്നതിനും അംഗീകാരം/ഭരണാനുമതി ലഭിക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) നബാർഡ് പ്രവൃത്തികൾ സംസ്ഥാനാടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി) പ്രവർത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണ ത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതല പ്പെടുത്തുകയാണ് ചെയ്യുന്നത്.

**പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്**

55 (1490) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുമ്പ് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗമായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്ത് മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ അതിനു പകരമായി കൂട്ടിച്ചേർത്ത പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണുള്ളതെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കൂട്ടിച്ചേർക്കപ്പെട്ട പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ;

(സി) ഭരണപരമായ സൗകര്യം മുൻ നിർത്തി മേൽപ്പറഞ്ഞ നടപടി പൂർത്തീകരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## തൊഴിലുറപ്പ് പദ്ധതി

56 (1491) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൻപ്രകാരം എത്രപേർ പണിയെടുക്കുന്നു ;

(ബി) 2013-14 സാമ്പത്തികവർഷം എത്രപേർക്ക് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചു ;

(സി) നടപ്പുവർഷം പ്രസ്തുത പദ്ധതിക്ക് നാളിതുവരെ ലഭിച്ച കേന്ദ്രസഹായം എത്ര ; നാളിതുവരെ എന്ത് തുക സംസ്ഥാന വിഹിതമായി നൽകി ; വ്യക്തമാക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് കുടിശ്ശികയിനത്തിൽ

നൽകാനുള്ള തുക എത്ര ; ഏത് മാസം മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത് ; വ്യക്തമാക്കുമോ ;

(ഇ) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന ജില്ലതിരിച്ച് വ്യക്തമാക്കുമോ ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(എഫ്) എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 1-12-2014 വരെ 2962973 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും അതിൽ 1073719 കുടുംബങ്ങളിലെ 1131820 പേർക്ക് ആവശ്യാധിഷ്ഠിതമായി തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷം 406422 പേർക്ക് നൂറ് ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 1-12-2014 വരെ കേന്ദ്രവിഹിതമായി 73948.46 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 4000 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുത്തവർക്ക് 1-12-2014 വരെ 224.60 കോടി രൂപ അവിദഗ്ദ്ധ വേതന കുടിശ്ശികയിനത്തിൽ നൽകാനുണ്ട്. 2014 ഒക്ടോബർ, നവംബർ മാസങ്ങളിലെ വേതനമാണ് കുടിശ്ശികയായിട്ടുള്ളത്.

(ഇ) തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കിടെ മരണപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു. പണി സ്ഥലത്തുവച്ച് അപകട മരണം സംഭവിച്ചാൽ അവകാശികൾക്ക് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള എക്സ്ഗ്രേഷ്യയ്ക്ക് അവകാശമുണ്ടായിരിക്കും.

(എഫ്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം**

57 (1493) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതിയിൽ തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ വേതന വിതരണത്തിനായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (e-FMS) സംസ്ഥാനത്ത് 975 ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 3 ഗ്രാമപഞ്ചായത്തുകളിലെ തൊഴിലാളികളുടെ അക്കൗണ്ടുകൾ സമ്പൂർണ്ണമായും കോർ ബാങ്കിംഗ് സൗകര്യമില്ലാത്ത സഹകരണ ബാങ്കുകളിലായതിനാൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ഇ-എഫ്.എം.എസ്. മുഖേന വേതന വിതരണം ആരംഭിച്ചിട്ടില്ല. തൊഴിലാളികളുടെ അക്കൗണ്ടുകൾ കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കിലേക്ക് മാറ്റുകയോ സഹകരണ ബാങ്കുകൾ കോർ ബാങ്കിംഗ് സിസ്റ്റം അവലംബിച്ചിട്ടുള്ള വാണിജ്യ ബാങ്കുകളുമായി സഹകരിച്ച് വേതനം വിതരണം ചെയ്യുന്നതിന് സജ്ജമാകുന്നതോടെ ഇവരെയും ഇ-എഫ്.എം.എസ്.-ൽ ഉൾപ്പെടുത്താവുന്നതാണ്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005, ഷെഡ്യൂൾ II 29 (1) പ്രകാരം തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം മസ്റ്റർറോൾ പൂർത്തീകരിച്ചതിനുശേഷം 15 ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെയും ബാങ്കിലെയും സങ്കീർണ്ണമായ നടപടി ക്രമങ്ങൾമൂലം തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി യഥാസമയം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം

ഏർപ്പെടുത്തിയിട്ടുള്ളത്. ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം മുഖേന തൊഴിലാളികളുടെ വേതനം അവരുടെ അക്കൗണ്ടിലേക്ക് സംസ്ഥാന മിഷനിൽ നിന്ന് നേരിട്ട് നൽകുകവഴി ധനവിനിയോഗത്തിൽ കൃത്യതയും സുരക്ഷയും സുതാര്യതയും ഉറപ്പാക്കുകയാണ് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഉദ്ദേശ്യം.

(സി) തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി നിർണ്ണയിക്കുന്നത് മസ്റ്റർറോൾ പ്രകാരമുള്ള ഹാജരിന്റെയും ചെയ്ത പ്രവൃത്തിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വേജ് ലിസ്റ്റ് പ്രകാരവുമാണ്. ഇ-എഫ്.എം.എസ്. പദ്ധതിയിൽ വേജ് ലിസ്റ്റ് ഇലക്ട്രോണിക്കായി കമ്പ്യൂട്ടർ സംവിധാനംവഴി തയ്യാറാക്കി അതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഡിജിറ്റലായി ഒപ്പ് രേഖപ്പെടുത്തുന്നു. ഒപ്പ് രേഖപ്പെടുത്തിയ വേജ് ലിസ്റ്റുകൾ തുടർന്ന് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകളായി ഈ ആവശ്യത്തിലേക്ക് നിശ്ചയിച്ചിട്ടുള്ള നോഡൽ ബാങ്കുകളിലേക്ക് ഇലക്ട്രോണിക്കായി അയച്ചുകൊടുക്കുന്നു. നോഡൽ ബാങ്കുകൾക്ക് ലഭിക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പരിശോധിച്ച് പ്രസ്തുത ബാങ്കുകൾ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് തുക വരവുവയ്ക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം, ആവശ്യമായ കമ്പ്യൂട്ടറുകൾ, സാങ്കേതിക ജീവനക്കാർ എന്നീ സൗകര്യങ്ങൾ പഞ്ചായത്തുകളിൽ ഒരുക്കിയിട്ടുണ്ട്.

(ഡി) ഇ-എഫ്.എം.എസ്. നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കുകളും പോസ്റ്റ് ഓഫീസുകളും നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC), RBI എന്നീ സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്. നിലവിൽ പഞ്ചായത്തുകൾ അയയ്ക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സംസ്ഥാനത്തെ ദേശസാത്കൃത ബാങ്കുകളായ കാനറാ ബാങ്ക്, എസ്.ബി.റ്റി., എസ്.ബി.ഐ. എന്നിവയാണ് സ്വീകരിച്ച് തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് നൽകുന്നത്.

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക സംബന്ധിച്ച വിവരം

58 (1494) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 വർഷങ്ങളിൽ മഹാത്മാഗന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് എത്ര തുക വീതം അനുവദിച്ചു ; ഇതിൽ എത്ര തുക ചെലവാക്കി ; ബാക്കി തുക ചെലവഴിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോവർഷവും എത്ര തൊഴിൽ ദിനങ്ങൾ വീതം സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**പ്രധാനമന്ത്രി ഗ്രാമ സഡക് യോജന**

59 (1495) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ പണി ആരംഭിച്ചിട്ട് പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമാണ് ;

(ബി) അവയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ;

(സി) അനുമതി ലഭിച്ചിട്ട് ഇനിയും പണി ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഏറ്റവും ഒടുവിലായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

60(1496) <u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ചെയ്യുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) കേന്ദ്രസർക്കാർ 3-1-2014-ൽ പുറപ്പെടുവിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക I, II എന്നിവയുടെ ഭേദഗതി അനുസരിച്ച് ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം അനുവദനീയമായ പ്രവൃത്തിയിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത നിയമഭേദഗതിക്ക് മുമ്പ് 54 ഗ്രാമപഞ്ചായത്തുകളിലും 15 ബ്ലോക്ക് പഞ്ചായത്തുകളിലും ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഇവയിൽ അഞ്ച് ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവയുടെ നിർമ്മാണം പുരോഗതിയിലാണ്.

(ബി) ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സ്ഥലം പ്രദാനം ചെയ്യുക.

2. വിജ്ഞാന-വിഭവ കേന്ദ്രമായി (knowledge resource centre) പ്രവർത്തിക്കുക

   (i) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെയും മറ്റ് ഗ്രാമവികസന പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ ഗ്രാമീണർക്ക് ലഭ്യമാക്കുക.

(ii) ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉല്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകുക.

(iii) പൊതുജനങ്ങൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഓഫീസിനും സഹായകരമായ രീതിയിൽ വിവര സാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ ലഭ്യമാക്കുക.

(സി&ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ലഭ്യമാക്കേണ്ട അവകാശങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുതകുന്ന വേദിയായി ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ, മസ്റ്റർ റോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവരസാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ എന്നിവ സേവാകേന്ദ്രങ്ങൾവഴി ഏറ്റെടുക്കാം. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം, മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കോർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളും രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾവഴി നിർവ്വഹിക്കുന്നതാണ്.

മേൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ സേവനങ്ങളും ലഭ്യമാക്കുകവഴി പദ്ധതി കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കൽ, അവയ്ക്ക് കൈപ്പറ്റ് രസീത് നൽകൽ, തൊഴിൽ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകൽ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS)-ൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ,

തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് ആവശ്യമായ ഓഫീസ് സൗകര്യങ്ങൾ ലഭ്യമാക്കൽ, തൊഴിലാളികൾക്ക് സമ്മേളിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കൽ, തൊഴിലാളികൾക്കുള്ള പരിശീലനങ്ങൾ നടത്തൽ, പദ്ധതി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കൽ, സാമൂഹ്യ ഓഡിറ്റിംഗിന് സഹായങ്ങൾ ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾവഴി നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ

61 (1497) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇക്കാലയളവിൽ എന്തെല്ലാം ഭൗതിക സാമ്പത്തിക നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലെ സ്ത്രീത്തൊഴിലാളികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ സർക്കാരിനെ അപേക്ഷിച്ച് ഇക്കാലയളവിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2011-12 സാമ്പത്തിക വർഷം 90 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത 104549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1,000 രൂപ വീതം ധനസഹായം നൽകി. ഇതിലേക്കായി 10.46 കോടി രൂപ ചെലവഴിച്ചു. 2012-13 സാമ്പത്തിക വർഷം 100 ദിവസം ജോലിചെയ്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത തുകയുള്ള ഓണക്കോടി വിതരണം ചെയ്തു. ഇതിലേക്കായി 13,61,24800 രൂപ സർക്കാർ അനുവദിച്ചു.

(ഡി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ**

62 (1498) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ നടപ്പു സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്നതിന്റെ ബ്ലോക്ക് തിരിച്ചുള്ള വിശദാംശങ്ങൾ നല്കുമോ ;

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്ന വനിതാ തൊഴിലാളികൾക്ക് അവരുടെ വേതനത്തിനു പുറമേ ലഭ്യമാകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടോ ; തൊഴിൽ വേളയിൽ അപകടം സംഭവിച്ചാൽ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു കുടുംബത്തിന്റെ താമസസ്ഥലത്തിന് 5 കി.മീ. ചുറ്റളവിന് പുറത്താണെങ്കിൽ കൂലിയുടെ 10% യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കും. യഥാസമയം തൊഴിൽ ലഭ്യമായില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ട്. അതുപോലെ മസ്റ്റർറോൾ പൂർത്തീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ അർഹതപ്പെട്ട വേതനം ലഭിക്കുന്നതിനും കാലതാമസമുണ്ടാകുന്ന ഓരോ ദിവസത്തിനും നൽകാത്ത വേതനത്തിന്റെ 0.05% നിരക്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനും തൊഴിലാളിക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവകാശമുണ്ടായിരിക്കും. പ്രവൃത്തിസ്ഥലത്ത് കുടിവെള്ളം, പ്രാഥമിക ശുശ്രൂഷാ സൗകര്യം, തണൽ, അഞ്ച് വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പരിചരണ സൗകര്യം, തൊഴിലാളിയോ അനുധാവനം ചെയ്യുന്ന കുട്ടിയോ അപകടത്തിൽപ്പെട്ടാൽ സൗജന്യ ചികിത്സ, അപകടമരണം സംഭവിച്ചാൽ എക്സ്ഗ്രേഷ്യ എന്നിവയും പദ്ധതിയിലെ ആനുകൂല്യങ്ങളാണ്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പതിനഞ്ചും അതിലധികവും ദിവസം പണിയെടുത്ത തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകാവുന്നതും ആയതിന്റെ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. തൊഴിൽവേളയിൽ അപകടം സംഭവിച്ചാൽ സൗജന്യ ചികിത്സയും തൊഴിലിടത്തുവച്ച് അപകടമരണം സംഭവിച്ചാൽ എക്സ്ഗ്രേഷ്യയും ലഭിക്കും.

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമം**

63 (1499) ശ്രീ. എളമരം കരീം :
ശ്രീ. സി കെ. സദാശിവൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമം രാജ്യത്തെ 2500 തെരഞ്ഞെടുക്കപ്പെട്ട പിന്നോക്ക ബ്ലോക്കുകളിൽ കേന്ദ്രീകരിക്കുന്നതിനും, അതിനായി ഇന്റൻസീവ് പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് എക്സർസൈസ് പരിശീലനം (ഐ.പി.പി.ഇ.) നടത്താനുമുള്ള കേന്ദ്രസർക്കാർ തീരുമാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഐ.പി.പി.ഇ. പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിത്തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ ; ഇതിനായി സംസ്ഥാനം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഇതിൽപ്പെടുന്ന ബ്ലോക്കുകൾ എത്ര ; നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള എത്ര ബ്ലോക്കുകളിലെ എത്ര പേർ പുതിയ ഐ.പി.പി.ഇ. പദ്ധതിയിൽ നിന്നും പുറത്താകും ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതി ജില്ലാടിസ്ഥാനത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് നടപ്പാക്കുക; വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) മറ്റ് ബ്ലോക്കുകളിൽ തൊഴിലുറപ്പ് നിയമമനുസരിച്ചുള്ള പദ്ധതി നടത്തിപ്പിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 2014 ജൂലൈ 21-ന് ജി-31011/4/2013-

എം.ജി.എൻ.ആർ.ഇ.ജി.എസ്. V സർക്കുലർ പ്രകാരം 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷൻ തിട്ടപ്പെടുത്തിയിട്ടുള്ള രാജ്യത്തെ 2500 പിന്നോക്ക ബ്ലോക്കുകൾക്ക് കൂടുതൽ ഊന്നൽ നൽകിയാവണം ലേബർ ബഡ്ജറ്റ് തയ്യാറാക്കേണ്ടതെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു. (കേന്ദ്രസർക്കാർ, സംസ്ഥാനത്തെ 22 ബ്ലോക്കുകളെ മാത്രമാണ് ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.) ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ (Intensive Participatory Planning Exercise-IPPE)-യാവണം ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ബ്ലോക്കുകളിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കേണ്ടതെന്നും പ്രസ്തുത സർക്കുലർ വ്യക്തമാക്കുന്നുണ്ട്. ഊർജ്ജിത പങ്കാളിത്ത പ്രക്രിയയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡുകളിലും യാഥാർത്ഥ്യബോധത്തോടെയുള്ള തൊഴിൽ ആവശ്യംതിട്ടപ്പെടുത്തുക.

2. ദുർബല വിഭാഗങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ അവരുടെ ഭൂമിയിൽ പ്രവൃത്തികൾ ഏറ്റെടുക്കുകയും അവരുടെ ജീവനോപാധികൾ സുസ്ഥിരമാക്കുന്നതിനുള്ള ആസ്തികൾ സൃഷ്ടിക്കൽ.

3. ഉല്പാദനപരവും കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുന്നതും പാവപ്പെട്ടവരുടെ ജീവനോപാധികൾ സുസ്ഥിരമാക്കുന്നതിനുമുള്ള വിഭവ അടിത്തറ സൃഷ്ടിക്കുക.

4. സമൂഹത്തിനൊട്ടാകെ പ്രയോജനകരമാകുന്നതും നേരിട്ടും അനുബന്ധമായും ഗുണഫലങ്ങൾ ലഭിക്കുന്ന പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിനുതകുന്ന പ്രവൃത്തികൾ ഏറ്റെടുക്കുക.

5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലും പ്രവർത്തനമാർഗ്ഗ നിർദ്ദേശത്തിലും പ്രതിപാദിച്ചിരിക്കുന്ന വിധത്തിൽ പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിൽ ആവശ്യവും പ്രവൃത്തികളും കണ്ടെത്തി ലേബർ ബഡ്ജറ്റ് തയ്യാറാക്കുക.

(ബി) കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ പിന്നോക്കാവസ്ഥ കണക്കാക്കുന്നതിനുള്ള സൂചികകൾ പ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ള 2500 പിന്നോക്ക ബ്ലോക്കുകളിൽ സംസ്ഥാനത്തെ 22 ബ്ലോക്കുകളെ മാത്രമാണ് ഈ ഗണത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിരുന്നത്. ഈ ബ്ലോക്കുകളിൽ പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും വാർഷിക കർമ്മ പദ്ധതി രൂപീകരിക്കുന്നതിനുമാണ് സംസ്ഥാനത്തോട് ആവശ്യപ്പെട്ടിരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ,

കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീ സാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഈ ഗണത്തിൽ ഉൾപ്പെടുത്തേണ്ട 50 ബ്ലോക്കുകളുടെ ലിസ്റ്റ് സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ ആരംഭിച്ചിട്ടുള്ളതുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാന/ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പരിശീലന പരിപാടികളും ഫീൽഡുതല മാപ്പിംഗും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. വിവരശേഖരണ ത്തിനായുള്ള ഭവന സന്ദർശനവും സർവ്വേ പ്രവർത്തനങ്ങളും പുരോഗതിയിലാണ്. ശേഷിച്ച 102 ബ്ലോക്കുകളിൽ, സംസ്ഥാന സർക്കാർ 2008-ൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അയൽക്കൂട്ടതലം മുതൽ ജില്ലാ പഞ്ചായത്തുതലംവരെ ചർച്ച ചെയ്ത് തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കുന്നതിനുള്ള പ്രക്രിയ തുടരുന്നതാണ്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ (IPPE)-യുടെ പരിധിയിൽ വരാത്ത 102 ബ്ലോക്കുകളിൽ സംസ്ഥാന സർക്കാർ 2008 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അയൽക്കൂട്ടതലം മുതൽ ജില്ലാ പഞ്ചായത്തുതലംവരെ ചർച്ച ചെയ്ത് ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കുന്നതിനുള്ള പ്രക്രിയ നടന്നുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 2014 ഡിസംബർ 31-നകം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളിലും പുരോഗമിച്ചുവരുന്നു.

## കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടം

64 (1500) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായിട്ടില്ല.

(ബി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കാവുന്നതാണ്.

**പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ.)**

65 (1501) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിയിൽ സംസ്ഥാനത്ത് 2012-13, 2013-14 എന്നീ വർഷങ്ങളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) തൃശ്ശൂർ ജില്ലയിൽ പ്രസ്തുത കാലയളവിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(സി) ഇവയിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും നടപടികൾ പൂർത്തിയാക്കാനായി അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ ആരംഭിക്കുവാനും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷം പദ്ധതികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷം ഫേസ് എട്ടിൽ ഉൾപ്പെടുത്തി 415 റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. റോഡുകളുടെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. *

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) സ്വീകരിച്ചിട്ടുണ്ട്.

**പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന**

66 (1502) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത് ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കുവാൻ കഴിയാത്ത പ്രവൃത്തികൾക്കെല്ലാംതന്നെ പി.എം.ജി.എസ്.വൈ. 2013 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ.II നടപ്പിലാക്കുന്നതിനായി 14 ജില്ലകളുടെയും ജില്ലാതലത്തിലുള്ള ഗ്രാമീണ റോഡുകളുടെ പ്ലാൻ (DRRP) Map in GIS-Platform-ൽ തയ്യാറാക്കി കേന്ദ്രഗവൺമെന്റ് അംഗീകാരത്തിന് സമർപ്പിക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തീകരിച്ച് കേന്ദ്രസർക്കാരിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പ്രകാരം എല്ലാ ഘട്ടങ്ങളിലുമായി 1430 റോഡുകളാണ് നിലവിലുള്ളത്.

(സി) പി.എം.ജി.എസ്.വൈ. 100% കേന്ദ്രസഹായമുള്ള പദ്ധതിയാണ്. പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തീകരിച്ചശേഷം 5 വർഷത്തെ അറ്റകുറ്റ പണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 570 കി.മീ. ദൈർഘ്യംവരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽനിന്നും നേടിയിട്ടുണ്ട്. 75:25 (75 കേന്ദ്രം 25 സംസ്ഥാനം) പിന്നോക്ക ജില്ലകൾക്ക് 90:10

എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്.

(ഡി) നിലവിലുള്ള റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രതിമാസ സംസ്ഥാനതല അവലോകന യോഗത്തിനുപുറമെ അതാത് ജില്ലകളിൽക്കൂടി പ്രതിമാസ അവലോകന യോഗം നടത്തുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ ചെയർമാനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റീജിയണൽ റിവ്യൂ മീറ്റിംഗുകളും സംസ്ഥാനതല മീറ്റിംഗുകളും നടത്തിവരുന്നു. പി.എം.ജി.എസ്.വൈ. പദ്ധതികളിലേക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളുടെ മാർക്കറ്റ് വില നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## അട്ടപ്പാടിയിലെ തൊഴിലുറപ്പ് പദ്ധതി

67 (1503) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ എത്ര ആദിവാസി കുടുംബങ്ങളാണ് തൊഴിലുറപ്പു പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; കഴിഞ്ഞ മൂന്നു വർഷത്തെ കണക്ക് ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു ; എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു ;

(സി) തൊഴിൽ ലഭിച്ചവർക്കുള്ള കൂലിയിനത്തിൽ എത്ര രൂപ ഇനിയും വിതരണം ചെയ്യാനുണ്ട് ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) അട്ടപ്പാടിയിലെ അർഹരായ എല്ലാ ആദിവാസി കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ ലഭ്യമാക്കുന്നതിനും ഇവരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള വ്യക്തിഗത/ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് കാമ്പയിൻ പരിപാടി (പാര ഫൈവ് കാമ്പയിൻ) സംഘടിപ്പിക്കുകയും വ്യക്തിഗത/സാമൂഹ്യ ആസ്തികളുടെ ആവശ്യകത തിട്ടപ്പെടുത്തുകയും പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെടുത്തി കർമ്മപദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷം തന്നെ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള നൂറ് ദിവസങ്ങൾക്കു പുറമേ (വനാവകാശം അംഗീകരിക്കൽ നിയമത്തിന്റെ ഗുണഭോക്താക്കളായ മറ്റ് സ്വകാര്യ ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രതിവർഷം 150 ദിവസങ്ങൾവീതം), സംസ്ഥാന ഫണ്ട് വിനിയോഗിച്ച് അട്ടപ്പാടി ബ്ലോക്കിലെ അർഹരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും നൂറ് അധിക തൊഴിൽ ദിനങ്ങൾകൂടി ആവശ്യാധിഷ്ഠിതമായി ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി നടപ്പുവർഷം 577.60 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊട്ടാരക്കരയിലെ ഗ്രാമീണ റോഡുകളുടെ നവീകരണം**

68 (1504) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എത്ര ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് തദ്ദേശഭരണ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ബി) എന്നാണ് ഭരണാനുമതി നൽകിയത് ; എത്ര തുകയുടെ ഭരണാനുമതി നൽകി ;

(സി) പ്രസ്തുത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പുവഴി ഡിപ്പോസിറ്റ്

വർക്കായി ചെയ്യുന്നതിന് ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിരുന്നോ ;

(ഡി) പൊതുമരാമത്ത് വകുപ്പിന് ഡിപ്പോസിറ്റ് ചെയ്യേണ്ട പ്രസ്തുത തുക ഡിപ്പോസിറ്റ് ചെയ്യുന്നതിൽ തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗം കാലതാമസം വരുത്തുന്നതിന്റെ കാരണം എന്താണ് ;

(ഇ) ഡിപ്പോസിറ്റ് ചെയ്യേണ്ട തുക അടിയന്തരമായി പി.ഡബ്ല്യൂ.ഡി.-യ്ക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പതിമൂന്ന് റോഡ് പ്രവൃത്തികൾ.

(ബി) 5-3-2014-ൽ 556.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിഷ്കർഷിച്ചിരുന്നു.

(ഡി&ഇ) പതിമൂന്ന് റോഡ് പ്രവൃത്തികൾക്ക് 5-3-2014-ലെ സ.ഉ.(സാധാ) നമ്പർ 671/2014/ത.സ്വ.ഭ.വ. 672/14/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ് ഭരണാനുമതി നൽകിയിരുന്നത്. ധനകാര്യ വകുപ്പിൽനിന്നും ധനാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 4515-00-800-96 projects under LAC-ADS (NP), 5054-03-337-94 projects under LAC-ADS (NP) എന്നീ ശീർഷകങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ചെലവ് വഹിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 4515-00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽനിന്നു മാത്രമേ തുക അനുവദിക്കുവാൻ നിർവ്വാഹമുള്ളുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 1-12-2014-ലെ ഇ 2/11907/14/സി.ഇ./തസ്വഭവ. കത്ത് മുഖേന അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5054-03-337-94 projects under LAC-ADS (NP) എന്ന ശീർഷകം തിരുത്തി 1-12-2014-ലെ സ.ഉ.(സാധാ) നമ്പർ 3154/14/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ റിക്വസിഷൻ ഫോം അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗ്രാമവികസന വകുപ്പിലെ ബി.ഡി.ഒ. തസ്തിക**

69 (1505) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിലെ ബി.ഡി.ഒ. തസ്തികയിലേക്ക് ഏതെല്ലാം തരത്തിലാണ് നിയമനം നടത്തുന്നത് ;

(ബി) ഇതിന്റെ റേഷ്യോ എത്രയാണ് ;

(സി) വകുപ്പിലെ ജീവനക്കാർക്ക് പ്രൊമോഷനിലൂടെ എത്ര ശതമാനമാണ് ബി.ഡി.ഒ. തസ്തികയിലേക്ക് നിയമനം നൽകുന്നത് ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഏതെല്ലാം വകുപ്പിൽ നിന്നാണ് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്നത് ;

(ഇ) ഗ്രാമവികസന വകുപ്പിലെ യോഗ്യരായ ഉദ്യോഗസ്ഥർക്ക് പ്രസ്തുത തസ്തികയിലേക്ക് ബൈ ട്രാൻസ്ഫറിലൂടെ നിയമനം നൽകുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ അതിന് നടപടി എടുക്കുമോ ; വിശദമാക്കുമോ ; അടുത്ത ശമ്പള പരിഷ്കരണത്തോടെ ഇതിന് നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) ഇതുസംബന്ധിച്ച 16-2-2011-ലെ സ്പെഷ്യൽ റൂൾ ജി.ഒ.(പി) നമ്പർ 44/2011/എൽ.എസ്.ജി.ഡി. പ്രകാരം.

1. തസ്തികമാറ്റംവഴി സ്ഥാനക്കയറ്റത്തിലൂടെ വകുപ്പിലെ ജോയിന്റ് ബി.ഡി.ഒ.-മാരിൽ നിന്നും ഡി.പി.സി.(ലോവർ) തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനത്തിൽ ;

2. തസ്തികമാറ്റംവഴി സ്ഥാനക്കയറ്റത്തിലൂടെ വകുപ്പിലെ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്കുമാരിൽനിന്നും ഡി.പി.സി.(ലോവർ) തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനത്തിൽ ;

3. തസ്തികമാറ്റംവഴി പി.എസ്.സി. റിക്രൂട്ട്മെന്റിലൂടെ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്, ധനകാര്യ വകുപ്പ്, നിയമസഭാ സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ സെലക്ഷൻ ഗ്രേഡും സീനിയർ ഗ്രേഡും അസിസ്റ്റന്റുമാർ, നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാർ എന്നിവരിൽ നിന്നുള്ള നിയമനം ;

4. പി.എസ്.സി. റിക്രൂട്ട്മെന്റിലൂടെ നേരിട്ടുള്ള നിയമനം, എന്നിവയാണ് ബി.ഡി.ഒ. തസ്തികയിലേക്കുള്ള നിയമന രീതികൾ.

(ബി) 1. $33^{1/3}$ %

2. 8%

3. $25^{1/3}$%

4. $33^{1/3}$%

(സി) ജോയിന്റ് ബി.ഡി.ഒ.-മാരിൽ നിന്നും $33^{1/3}$ ശതമാനവും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്കുമാരിൽനിന്നും 8 ശതമാനവും തസ്തികമാറ്റംവഴി സ്ഥാനക്കയറ്റം. ആകെ-$41^{1/3}$%

(ഡി) ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ബി.ഡി.ഒ.-മാരിൽനിന്നും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്കുമാരിൽനിന്നും അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്, ധനകാര്യ വകുപ്പ്, നിയമസഭാ സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ സെലക്ഷൻ ഗ്രേഡും സീനിയർ ഗ്രേഡും അസിസ്റ്റന്റുമാർ, നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാർ എന്നിവരിൽ നിന്നുമാണ് ബി.ഡി.ഒ. തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്നത്.

(ഇ) ഇതുസംബന്ധിച്ച 16-2-2011-ലെ സ്പെഷ്യൽ റൂൾ ജി.ഒ.(പി)നമ്പർ 44/2011/എൽ.എസ്.ജി.ഡി. അനുസരിച്ച് മുകളിൽ കൊടുത്ത രീതിയിൽ നൽകുന്നുണ്ട്.

(എഫ്) ബാധകമല്ല.

**മിഷൻ 676-ഗ്രാമീണ മേഖലയിൽ വികസന മുന്നേറ്റ പദ്ധതി**

70 (1506) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ വികസന മുന്നേറ്റത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) മിഷൻ 676 -ൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളായ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യോജന എന്നിവ നിലവിൽ വകുപ്പുവഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഇത് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ചുമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ ഈ പദ്ധതികൾക്ക് പ്രത്യേക രൂപരേഖ തയ്യാറാക്കേണ്ടതില്ല. കൂടാതെ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാനിൽ 7 കോടി രൂപ വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പരപ്പ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിലേക്കായി 33,69,360 രൂപ ആദ്യ ഗഡുവായി നൽകിയിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്തിന് കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു. മറ്റ് നാല് ബ്ലോക്ക് പഞ്ചായത്തുകളും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികളെടുത്തു വരുന്നു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേക്കൂട്ടിത്തന്നെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയും പദ്ധതി പുനരവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

**വാമനപുരത്തെ പി.എം.ജി.എസ്.വൈ. റോഡുകൾ**

71 (1507) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പത്തുവർഷക്കാലത്തിനിടെ PMGSY പദ്ധതിപ്രകാരം വാമനപുരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത് ; ഇവയുടെ പേരും തുകയും എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഇക്കാലയളവിൽ ടെണ്ടർ ചെയ്ത് പണി പൂർത്തിയാക്കിയ റോഡുകൾ, പാതിവഴിയിൽ പണി ഉപേക്ഷിക്കപ്പെട്ട റോഡുകൾ, പണി ആരംഭിക്കാത്ത റോഡുകൾ, എന്നിവയും ഇതിനുള്ള കാരണങ്ങളും വിശദമാക്കുമോ ;

(സി) PMGSY പദ്ധതിപ്രകാരം ഏറ്റെടുത്ത റോഡുകളുടെ പണി വർഷങ്ങളായി നടക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും ഫണ്ടുകളുപയോഗിച്ച് ഇത്തരം റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) വാമനപുരം മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന PMGSY റോഡുകൾ ഏതെങ്കിലും റീ-ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 31 റോഡുകൾ. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വാമനപുരം നിയോജക മണ്ഡലത്തിൽ ടെണ്ടർ ചെയ്ത് പണി പൂർത്തിയാക്കിയതും പണി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടതുമായ റോഡുകളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* ഈ നിയോജകമണ്ഡലത്തിൽ പണി ആരംഭിക്കാത്ത റോഡുകൾ ഒന്നുംതന്നെയില്ല.

(സി) നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

(ഡി) വാമനപുരം നിയോജക മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന എസ്.എൻ. പുരം-പുല്ലമല, പേരയം-പുളിനട, കല്ലിയോട്-വടക്കേക്കോണം എന്നീ റോഡുകൾ പുനർ ദർഘാസ് ചെയ്തിട്ടുണ്ട്. ഇതിൽ പേരയം-പുളിനട റോഡിന് കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

**സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പേസ് സംവിധാനം**

72 (1508) <u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഇതിനുപുറമേ, വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവയുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ, പദ്ധതികളുടെ സാമ്പത്തിക പുരോഗതി, ഭൗതിക നേട്ടങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനവും പ്ലാൻ സ്പേസിൽ ഉണ്ട്.

(ബി) നിർവ്വഹണ ഏജൻസികൾക്ക് വിവിധ വികസന പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമയാസമയങ്ങളിൽ ഓൺലൈനായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും വിവിധ വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ എന്നിവർക്ക് പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്ലാൻ സ്പേസിൽ സൗകര്യമുണ്ട്.

(സി) സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളം (IIITK)എന്ന സ്ഥാപനമാണ് പ്ലാൻ സ്പേസ് ഒരുക്കാനായി വേണ്ട സാങ്കേതിക സഹായം നൽകുന്നത്. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് മേധാവികളും നിർവ്വഹണ ഏജൻസികളും പ്ലാൻ വിവരങ്ങൾ നൽകുന്നതിന് സഹകരിക്കുന്നു.

**ഫീൽഡ് ചാനലുകളുടെ അറ്റകുറ്റപ്പണികൾ**

73 (1509) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിഭവ വകുപ്പ്, കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി മുഖേന നിർമ്മിച്ച ഫീൽഡ് ചാനലുകൾ ജീർണ്ണിച്ച് ഉപയോഗ ശൂന്യമായിക്കിടക്കുന്നത് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാനായി സ്റ്റേറ്റ് പ്ലാനിംഗിനു കീഴിലുള്ള ചീഫ് അഗ്രികൾച്ചർ ഡിവിഷന് സമർപ്പിച്ചിരുന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ 2014-15 വാർഷിക പദ്ധതിയിൽ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുകയും 4 കോടി രൂപ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തു. പദ്ധതി അനുസരിച്ച് കമാന്റ് ഏരിയ വികസന അതോറിറ്റി പൈലറ്റ് അടിസ്ഥാനത്തിൽ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണത്തിനായുള്ള പദ്ധതിയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയും കമാന്റ് ഏരിയ വികസന അതോറിറ്റി ഗവൺമെന്റിൽ സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ കനാലുകളാണ് നവീകരിക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത് കമാന്റ് ഏരിയ വികസന അതോറിറ്റിയാണ്.

**വാർഷിക പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച അവലോകനം**

74 (1510) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :
<u>ഡോ. ടി. എം. തോമസ് ഐസക്</u> :
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി വാർഷിക പദ്ധതി നടത്തിപ്പിനെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(സി) ഈ വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ ചുരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഓരോ വകുപ്പും പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചതായാണ് ആസൂത്രണബോർഡ് ഏറ്റവും ഒടുവിൽ നടത്തിയ അവലോകനത്തിൽ വെളിപ്പെടുത്തിയതെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) ഈ വർഷത്തെ വാർഷിക പദ്ധതി അവലോകനം നടത്തിയിട്ടുണ്ട്.

(ബി) 2014-15 ഒക്ടോബർ 31 വരെ 27% ആയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധി വാർഷിക പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടില്ല.

(സി) വാർഷിക പദ്ധതിയുടെ അടങ്കൽ ചുരുക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) 31-10-2014 വരെയുള്ള ഓരോ വകുപ്പും ചെലവഴിച്ച പദ്ധതി വിഹിതം സംബന്ധിച്ച സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് അനുബന്ധമായി നൽകുന്നു.*

**ഗ്രാമീൺ സഡക് യോജന പദ്ധതിയുടെ വർക്കുകൾ**

75 (1511) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രാമീൺ സഡക് യോജന പദ്ധതിയുടെ വർക്കുകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; കേന്ദ്ര നോംസ് അനുസരിച്ച് കേരളത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് കേന്ദ്രത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുക ;

(ബി) സംസ്ഥാനത്ത് എത്ര പ്രവൃത്തികൾ ഇതിനകം ടെണ്ടർ ചെയ്തു കഴിഞ്ഞു ; 30% ടെണ്ടർ എക്സസ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എത്ര പ്രവൃത്തികൾ ഉണ്ട് ; എത്ര വർക്കുകൾ ടെണ്ടർ ചെയ്തു ; വ്യക്തമാക്കാമോ ;

(സി) ഓൺലൈൻവഴി ടെണ്ടർ ചെയ്യുന്നതിലെ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നിർമ്മാണത്തിനാവശ്യമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂമി ജനങ്ങളിൽനിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കുമെന്ന ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ ഉറപ്പിന്മേലാണ് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. എന്നാൽ പദ്ധതി തുടങ്ങുമ്പോൾ പലപ്പോഴും ആവശ്യമായ ഭൂമി ലഭിക്കാറില്ല. പദ്ധതി മാർഗ്ഗരേഖയിലെ ബുദ്ധിമുട്ട് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് ഒരളവുവരെ പരിഹരിച്ചിട്ടുമുണ്ട്.

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും (1430) സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. നിലവിൽ പി.എം.ജി.എസ്.വൈ. 2013 ഷെഡ്യൂൾ നിരക്ക് പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ്സ് ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ 2012-ലെ പി.ഡബ്ല്യു.ഡി. നിരക്കുകൾ പ്രകാരം 2013-ൽ ദർഘാസ് വിളിച്ച പ്രവൃത്തികൾക്ക് സംസ്ഥാന സർക്കാർ 20% വരെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ചുവടെ കാണിച്ചിട്ടുള്ള രണ്ട് പ്രവൃത്തികളാണുള്ളത്. അവയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട് :

1. രാഗിണിമുക്ക്-വട്ടലിൽ കോളനി
2. കുന്നുമ്മൽ-രാഗിണിമുക്ക്

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**നഴ്സിംഗ് പഠനത്തിനുള്ള വിദ്യാഭ്യാസ വായ്പ**

76 (1512) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് പഠനത്തിന് വായ്പ എടുത്ത് കടക്കെണിയിലായ എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നഴ്സിംഗ് പഠനത്തിന് വായ്പ എടുത്തവർക്ക് പലിശ പൂർണ്ണമായി ഇളവു ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ ;

(സി) പ്രസ്തുത വായ്പ എടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദവിവരം ലഭ്യമാക്കുമോ ?

## ഉത്തരം

(എ) നഴ്സിംഗ് പഠനത്തിന് വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടില്ല.

(ബി&സി) റിസർവ് ബാങ്ക് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവുകൾ ബാങ്കുകൾ നൽകിവരുന്നുണ്ട്. വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ ബാങ്കുകൾ വായ്പാ കാലാവധി ആവശ്യമെങ്കിൽ ദീർഘിപ്പിച്ചു നൽകുന്നുണ്ട്. ചില വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീം പ്രകാരം നൽകുന്ന ഇളവുകൾ നഴ്സിംഗ് പഠനത്തിന് വിദ്യാഭ്യാസ വായ്പയെടുത്തവർക്കും ലഭ്യമാണ്. കാനറാ ബാങ്കിൽനിന്നും നാല് ലക്ഷം രൂപവരെ വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ളവരും ആഭ്യന്തരപ്രശ്നം കാരണം ഇറാഖ്, ലിബിയ എന്നിവിടങ്ങളിൽനിന്ന് തിരിച്ചെത്തിയവരുമായ നഴ്സുമാർക്ക് കാനറാ ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളോടും ഇത്തരത്തിൽ പദ്ധതി ആവിഷ്കരിക്കാൻ സംസ്ഥാനതല ബാങ്കുകളുടെ സമിതി അഭ്യർത്ഥിച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

77 (1513) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം ;

(ബി) കൃഷി, ടൂറിസം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ കീഴിൽ ഓരോന്നിലും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ യഥാസമയം പൂർത്തിയാകാത്തതു

കൊണ്ട് കേരളത്തിന് നഷ്ടപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 'എ' ആയി നൽകുന്നു.*

(ബി) കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 'ബി' ആയി നൽകുന്നു.* ടൂറിസം വകുപ്പിൽ 2014-15-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(സി) ഈ വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് അനുബന്ധം 'സി' ആയി നൽകുന്നു.*

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം**

78 (1514) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം എത്ര ശതമാനം പദ്ധതിപ്പണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ചെലവഴിച്ചത് ; പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭ എന്നിവിടങ്ങളിൽ എസ്‌സി./എസ്റ്റി. വിഭാഗത്തിനായി എത്ര ശതമാനം ചെലവഴിച്ചു ; പദ്ധതി പ്രവർത്തനത്തിനോ സ്പിൽഓവർ പദ്ധതിക്കോ സമയംനീട്ടി നൽകിയിരുന്നോ ;

(ബി) 2014-15 സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു ; ജനറൽ, എസ്‌സി./എസ്റ്റി. തിരിച്ച് വ്യക്തമാക്കാമോ ;

(സി) സ്പിൽ ഓവർ പ്രോജക്ടുകൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; പദ്ധതി പ്രവർത്തനത്തിന് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടോ ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം എത്ര ഗഡു തുക അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ലഭ്യമായിട്ടുള്ള താത്കാലിക കണക്കനുസരിച്ച് 2013-14 സാമ്പത്തിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷം 77.46% തുക ചെലവഴിച്ചിട്ടുണ്ട്.

| | എസ്‌സി. | എസ്‌റ്റി. |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 76.38 | 72.32 |
| ബ്ലോക്ക് പഞ്ചായത്ത് | 90.25 | 93.27 |
| ജില്ലാ പഞ്ചായത്ത് | 61.25 | 68.65 |
| മുനിസിപ്പാലിറ്റി | 61.31 | 62.41 |
| നഗരസഭ | 58.11 | ... |

സ്പിൽ ഓവർ പദ്ധതികൾക്ക് സമയം നൽകിയിരുന്നു.

(ബി) ലഭ്യമായ കണക്കുപ്രകാരം 2014-15 സാമ്പത്തിക വർഷം 18.45% തുക ചെലവഴിച്ചു.

ജനറൽ -20.02%

എസ്‌സി.-13.86%

എസ്‌റ്റി.-16.34%

(സി) ഈ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് 31-12-2014 വരെ സമയം നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് കണക്കാക്കാറുണ്ട്. വികസന ഫണ്ടിന്റെ പത്ത് ഗഡുക്കളിൽ ഏഴ് ഗഡുവരെയുള്ള തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

79 (1515) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി നടപ്പുവർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; ആയതിൽ എത്ര കോടി രൂപ 2014 ഒക്ടോബർ 31 വരെ ചെലവഴിച്ചു ; വകുപ്പുതിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്രം നൽകുന്ന തുക ഓരോ വർഷവും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്രം നൽകുന്ന തുക ഈ സർക്കാർ വകമാറ്റി ചെലവഴിക്കുന്നുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്രം നൽകുന്ന എന്ത് തുക ലാപ്സായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഇ) മികച്ച ആസൂത്രണമില്ലായ്മയാണ് ഇത്തരത്തിൽ ഓരോ വർഷവും കേന്ദ്ര ഫണ്ട് കുറയുന്നതിനും കേന്ദ്രം നൽകുന്ന തുക ലാപ്സാകുന്നതിനും കാരണമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം 2733.53 കോടി രൂപ അനുവദിച്ചതിൽ 31-10-2014 വരെയുള്ള താത്കാലിക കണക്കുപ്രകാരം 634.94 കോടി രൂപ (23%) ചെലവഴിച്ചു. വകുപ്പ് തിരിച്ച കണക്ക് അനുബന്ധമായി നൽകുന്നു.*

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം അനുവദിക്കുന്ന തുക ഓരോ വർഷവും കുറഞ്ഞുവരുന്നില്ല.

(സി) വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ തുക ലാപ്സായതായി കണക്കാക്കുവാൻ കഴിയുകയില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രഫണ്ട് വിതരണം**

80 (1516) <u>ശ്രീ. എം. എ. ബേബി :</u>
<u>ശ്രീ. എളമരം കരീം :</u>
<u>ശ്രീ. എം. ചന്ദ്രൻ</u> :
<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രഫണ്ട് വിതരണം സംബന്ധിച്ച് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡം എന്താണെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇപ്രകാരം സംസ്ഥാനത്തിന് പുതുതായി എന്തെങ്കിലും അധികാരങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അധികാരം എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്രസഹായങ്ങളിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനർരൂപീകരണം സംസ്ഥാനത്തിന് സഹായകരമാണോ ; പുനർരൂപീകരണത്തിലൂടെ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) കേന്ദ്രസർക്കാരിന്റെ തീരുമാനം അനുസരിച്ച് ആസൂത്രണ കമ്മീഷൻ സംസ്ഥാനത്തിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ബി. കെ. ചതുർവേദി കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രപദ്ധതികളുടെ പുനഃഏകീകരണം സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശപ്രകാരം നിലവിലെ 137 കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏകീകരിച്ച് 66 ആക്കുകയും എല്ലാ കേന്ദ്രസഹായങ്ങളും (Direct Funding ഉൾപ്പെടെയുള്ളവ) 2014-15 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സഞ്ചിതനിധിയിലൂടെ (Consolidated Fund) മാത്രമാക്കുവാനും എല്ലാ പ്ലാൻ പദ്ധതികളും സംസ്ഥാനത്തിനുള്ള കേന്ദ്രസഹായമായി കണക്കാക്കാനും തീരുമാനിച്ചിട്ടുള്ളതാകുന്നു.

(സി) വർദ്ധനവുണ്ടായിട്ടുണ്ട്. 2011-12-ൽ 1406.28 കോടി രൂപയും 2012-13-ൽ 2176.60 കോടി രൂപയും 2013-14-ൽ 2643.20 കോടി രൂപയും 2014-15-ൽ 2733.53 കോടി രൂപയുമാണ് കേന്ദ്രപദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളത്.

(ഡി) പുനഃക്രമീകരണം കൊണ്ട് ചുവടെ പ്രകാരമുള്ള മാറ്റങ്ങൾ സംസ്ഥാനത്തിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു :

1. ഫണ്ട് കൈമാറ്റം കൂടുതൽ സുതാര്യമാകുന്നു.

2. ഏകീകൃത കേന്ദ്ര നിരീക്ഷണ/കണക്കെടുപ്പ് സംവിധാനം കൂടുതൽ ഫലപ്രദമാകും. തന്മൂലം അതാതു മന്ത്രാലയങ്ങൾക്ക് പദ്ധതികളുടെ വിലയിരുത്തൽ ഫലപ്രദമായി സാദ്ധ്യമാകും.

3. മുഖ്യ പതാക നൗക പദ്ധതികളുടെ റിലീസ് നേരിട്ട് നടത്തിപ്പ് ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിന് പകരം സംസ്ഥാന ബഡ്ജറ്റിലൂടെ നൽകുന്നത് ഫണ്ടിന്റെ കൃത്യമായ വരവ്/ചെലവ് നിരീക്ഷിക്കുവാൻ സംസ്ഥാനത്ത് സാധ്യമാകും.

4. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും 10% ഫ്ലക്സി ഫണ്ടുകൾ വകയിരുത്തും. ഇത് സംസ്ഥാനങ്ങൾക്ക് അവരുടെ ആവശ്യമനുസരിച്ചുള്ള പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്.

(ഇ) ആസൂത്രണ കമ്മീഷനിൽനിന്നും നിർദ്ദേശങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

**വകുപ്പുകളുടെ വാർഷികപദ്ധതി തുക വിനിയോഗം**

81 (1517) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ വാർഷിക പദ്ധതിച്ചെലവ് വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നത് ഏതെല്ലാം സംവിധാനങ്ങളിലൂടെയാണെന്നറിയിക്കാമോ ;

(ബി) പിൻവലിച്ച ശേഷം പദ്ധതിപ്പണം ചെലവിടാതെ അതാത് വകുപ്പുകളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പദ്ധതിപ്പണം ചെവലഴിക്കപ്പെട്ടതായി കണക്കിൽ വരുകയും എന്നാൽ ആയത് ചെലവഴിക്കപ്പെടാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കപ്പെടുകയും ചെയ്യുന്ന രീതി സംസ്ഥാനത്തിന്റെ വികസനത്തെ എപ്രകാരമെല്ലാം ബാധിച്ചിട്ടുണ്ടെന്ന വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത രീതിയിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയെ സംബന്ധിച്ചുള്ള കണക്ക് മേൽനോട്ട സംവിധാനത്തിലൂടെ ലഭ്യമാക്കാൻ സാധിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകനയോഗം നടത്തുകയുണ്ടായി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകനയോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. ജില്ലാ വികസന സമിതി യോഗത്തിന് പുറമേ ആഫീസർമാരുടെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ ആഫീസർമാരുടെ പ്രത്യേക യോഗം നടത്തുന്നുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം ഭരണാനുമതി വേണ്ട പദ്ധതികൾക്കെല്ലാം തന്നെ (ഏതാണ്ട് 10% ഒഴികെ) ഇതിനോടകം ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിക്കാതെ വകുപ്പുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണതയ്ക്കും നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാന മാസം ചെലവഴിക്കാത്ത തുക മാറ്റുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാന രണ്ട് മാസങ്ങളിൽ ഏതൊരു ശീർഷകത്തിലെയും ചെലവഴിക്കാത്ത തുക മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തിന്റെ 2014-2015-ലെ വാർഷിക പദ്ധതികൾ

82( 1518) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 നടപ്പു വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ആയതിൽ 2014 ഒക്ടോബർ 31 വരെ എത്ര രൂപ ചെലവഴിച്ചു; വകുപ്പ്

തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാൽ 2015 നവംബറിന് ശേഷം പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകരുത് എന്ന് മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷം 20,000 കോടി രൂപ വാർഷിക പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി നൽകുന്നു.*

(ബി) 2014 ഒക്ടോബർ 31 വരെയുള്ള താത്കാലിക കണക്കനുസരിച്ച് 5424.22 കോടി (27%) രൂപ ചെലവഴിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി നൽകുന്നു.*

(സി) 2014 നവംബറിനുശേഷം ഭരണാനുമതി നൽകരുതെന്ന തീരുമാനം മന്ത്രിസഭ അംഗീകരിച്ചിട്ടില്ല.

**മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ അവലോകനം**

83 (1519) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതിനകം പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെയാണ് ; അതിനായി ചെലവഴിച്ച തുക എത്ര ; 2014-15 ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി കണ്ടെത്തി ഉപയോഗിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മിഷൻ 676 പദ്ധതി നടത്തിപ്പ് തുടങ്ങിയ തീയതി ഏതായിരുന്നു ; അവസാനിക്കുന്ന തീയതി ഏതാണ്; അവശേഷിക്കുന്ന ദിവസങ്ങൾ എത്ര ;

(സി) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ ;

(ഡി) മുഖ്യമന്ത്രി ഈ പദ്ധതിയുടെ അവലോകന യോഗം വിളിച്ച് പ്രവർത്തനം വിലയിരുത്തുകയുണ്ടായോ ; എങ്കിൽ എന്നാണ് ഏറ്റവും ഒടുവിൽ യോഗം ചേർന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിലയിരുത്തലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2014 ഏപ്രിൽ 24 -ാം തീയതി ആരംഭിച്ച് 2016 ഫെബ്രുവരി 29-ൽ അവസാനിക്കുന്ന കാലയളവിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പദ്ധതികളാണ് മിഷൻ 676. ഇനി 425 ദിവസങ്ങൾ അവശേഷിക്കുന്നു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## മിഷൻ 676-ന്റെ നടത്തിപ്പിലെ പുരോഗതി

84 (1520) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ ഇതിനകം ആരംഭിച്ചത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികളിൽ ഇനിയും ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമെന്നും അവ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയതിനുശേഷം ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ആസൂത്രണ വകുപ്പിന്റെ ചുമതലയിൽ ആറ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇവയിൽ ഒരു പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് അഞ്ച് പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. മറ്റ് വകുപ്പുകളുടെ ചുമതലയിൽ നടത്തുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളൊന്നും തന്നെ ഉപേക്ഷിച്ചിട്ടില്ല.

## മിഷൻ 676-ൽ പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

85 (1521) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മിഷൻ 676 പദ്ധതിയുടെ ഭാഗമായ അഞ്ചിന പദ്ധതി**

86 (1522) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതിയുടെ ഭാഗമായി സർക്കാർ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ജനങ്ങളിലെത്തിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അഞ്ചിന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ പ്രവർത്തനരീതിയും ഘടനയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ;

(ഡി) അനുബന്ധ പ്രവർത്തനങ്ങൾക്കായി എന്ത് തുക നാളിതുവരെ ചെലവിട്ടിട്ടുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മിഷൻ 676 നടപ്പാക്കുന്നതിനുള്ള പദ്ധതികൾ**

87 (1523) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംരംഭം മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) ഉണ്ട്. പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഈ സർക്കാരിന്റെ കാലാവധി അവസാനിക്കാൻ 676 ദിവസങ്ങളാണുണ്ടായിരുന്നത്. ഈ കാലയളവിനുള്ളിൽ പൂർണ്ണമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നടപ്പിലാക്കാൻ കഴിയുന്നതും ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരവുമായ പദ്ധതികൾക്ക് മുൻഗണന നൽകി നിശ്ചിത കാലയളവിനുള്ളിൽ നടപ്പിലാക്കുകയെന്നതാണ് ഇതിന്റെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) മിഷൻ 676-ൽ ഉൾപ്പെട്ട പദ്ധതികളുടെ വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മിഷൻ 676-കോഴിക്കോട് ജില്ലയിൽനിന്നും ഉൾപ്പെടുത്തിയ പദ്ധതികൾ**

88 (1524) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ 676 പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽനിന്നും ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽനിന്നും ഉൾപ്പെടുത്തിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**മിഷൻ 676-വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ**

89 (1525) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ 676-ന്റെ ഭാഗമായി വിവിധ വകുപ്പുകൾ വൈപ്പിൻ മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**മിഷൻ 676-ലെ 5 കോടി രൂപയിൽ കൂടുതലുള്ള പദ്ധതികൾ**

90 (1526) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തിയ 5 കോടി രൂപയിൽ കൂടുതൽ ചെലവുവരുന്ന എത്ര പദ്ധതികൾ ഉണ്ടെന്ന് വകുപ്പുതിരിച്ച് വിശദമാക്കാമോ ;

(ബി) 5 കോടി രൂപയിൽ താഴെ ചെലവുവരുന്ന എത്ര പദ്ധതികളുണ്ടെന്ന് വകുപ്പുതിരിച്ച് അറിയിക്കുമോ ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയ എത്ര പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പാൽ ഉല്പന്നവും ഉപഭോഗവും വില വർദ്ധനയും

91 (1527) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മിൽമ പാലിന് എത്ര തവണ എത്ര രൂപ വീതം വർദ്ധിപ്പിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് എത്ര പാൽ പ്രതിവർഷം ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് പ്രതിവർഷം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്തിന് വെളിയിൽനിന്ന് പ്രതിവർഷം എത്ര അളവിൽ പാൽ എത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമ പാലിന്റെ വില താഴെപ്പറയുംപ്രകാരം മൂന്ന് തവണ വർദ്ധിപ്പിക്കുകയുണ്ടായി :

15-9-2011 മുതൽ ലിറ്ററിന് 5 രൂപ

14-10-2012 മുതൽ ലിറ്ററിന് 5 രൂപ

21-7-2014 മുതൽ ലിറ്ററിന് 3 രൂപ

(ബി) സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് 2012-2013-ൽ 30.498 ലക്ഷം ടൺ പാലും 2013-14 വർഷം 31.78 ലക്ഷം ടൺ പാലും ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് 2012-2013 വർഷം 27.91(28) ലക്ഷം ടൺ പാലും 2013-14 വർഷം 29.03 ലക്ഷം ടൺ പാലും ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്നും പ്രതിവർഷം 2.75 ലക്ഷം ടൺ പാൽ കേരളത്തിലേക്ക് വരുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2013-14 വർഷം മിൽമ അയൽസംസ്ഥാനങ്ങളിൽനിന്നും 1225 ലക്ഷം ലിറ്റർ പാൽ കൊണ്ടുവന്നിട്ടുണ്ട്.

## മിൽമയുടെ പാൽ സംഭരണം

92 (1528) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ക്ഷീരകർഷകരിൽ നിന്നും മിൽമ, പാൽ സംഭരിക്കുമ്പോൾ വില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ; ഇത്തരത്തിൽ വില നിശ്ചയിക്കുകവഴി കർഷകർക്ക് അർഹമായ വില പാലിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മിൽമയുടെ, പാൽ സംഭരണ വില ചാർട്ടിൽ അപാകത ഉണ്ടെന്ന കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വില നിർണ്ണയത്തിൽ അപാകതകൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) പാൽ സംഭരണ വില ചാർട്ടിലും, വില നിർണ്ണയ രീതിയിലും ഉണ്ടായ പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കാമോ ?

ഉത്തരം

(എ) മിൽമ സംഭരിക്കുന്ന പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ഭരണസമിതിയാണ്. ക്ഷീരകർഷകർക്കുണ്ടാകുന്ന ഉല്പാദനച്ചെലവ്, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ-വില്പന വിലകൾ, ഉപഭോക്തൃ വില്പന വിലയും വിപണിയിലെ മത്സരവും തുടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ചതിനുശേഷമാണ് മിൽമയുടെ ഭരണസമിതി പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത്. മിൽമ പാലിന്റെ വില നിശ്ചയിക്കുമ്പോൾ കർഷകർക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിൽ തന്നെയാണ് തീരുമാനം കൈക്കൊള്ളുന്നത്.

(ബി&സി) മിൽമയിലെ നിലവിലെ പാൽ സംഭരണ ചാർട്ടിലെ അപാകതമൂലം കർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. കർഷകർക്ക് ന്യായവില ലഭിക്കുന്നതിലേക്കായി മിൽക്ക് ചാർട്ട് പരിഷ്കരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മുഖാന്തരം ഒരു പഠനം നടത്തുകയും അവർ തങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പാൽ സംഭരണ ചാർട്ട് പരിഷ്കരിക്കുന്നതിലേക്കായി ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പഠനം നടത്തുന്നതിന് സർക്കാർ തീരുമാനം കൈക്കൊള്ളുകയും National Dairy Research Institute ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം**

93 (1529) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) പ്രശസ്ത സംഗീതജ്ഞൻ കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം പണിയണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ. രാഘവൻ മാസ്റ്ററുടെ സ്മരണാർത്ഥം തലശ്ശേരിയിൽ സ്മൃതിമണ്ഡപവും പ്രതിമയും സ്ഥാപിക്കുന്നതിന് തലശ്ശേരി നഗരസഭ 25.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി സർക്കാർ ധനസഹായം ആവശ്യപ്പെട്ടിരുന്നു. കെ. രാഘവൻ മാസ്റ്റർ സ്മാരക നിർമ്മാണത്തിന് സർക്കാർ വിഹിതമായി 15 ലക്ഷം രൂപ തലശ്ശേരി നഗരസഭയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ച് ധനവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്.

(സി) സാംസ്കാരിക വകുപ്പ് നേരിട്ട് സ്മാരക/പ്രതിമ നിർമ്മാണം ഏറ്റെടുത്ത് നടത്താറില്ല. തുക ലഭ്യമാകുന്ന മുറയ്ക്ക് നഗരസഭയ്ക്ക് സ്മാരക നിർമ്മാണം ആരംഭിക്കാവുന്നതാണ്.

## സ്വാതന്ത്ര്യ സമരസേനാനി കേളപ്പജിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ

94 (1530) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര സമര സേനാനി കേരള ഗാന്ധി കേളപ്പജിയ്ക്ക് സ്മാരകം നിർമ്മിക്കുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. സർക്കാരിൽ നൽകിയ നിവേദനത്തിൽ നടപടികൾ എവിടെവരെ എത്തി എന്നത് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സ്മാരകം യാഥാർത്ഥ്യമാകുമോ ?

<u>ഉത്തരം</u>

(എ) സ്വാതന്ത്ര്യ സമരസേനാനി, കേരളഗാന്ധി കേളപ്പജിക്ക് സ്മാരകം

നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ റിപ്പോർട്ടിനായി കോട്ടയം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) സ്മാരക നിർമ്മാണം സംബന്ധിച്ച് ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഭൂതത്താൻകെട്ടിലുള്ള പുരാവസ്തു സംരക്ഷണം**

95 (1531) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ നദീതീരത്തെ ഭൂതത്താൻകെട്ടിലുള്ള പുരാവസ്തു സംരക്ഷണത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പുരാവസ്തു ദീർഘനാളായി സംരക്ഷിക്കാതെ കിടക്കുന്നതുമൂലം അവ നശിച്ച് പോകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ സംരക്ഷണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ. എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പെരിയാർ തീരത്തെ പുരാവസ്തു പ്രാധാന്യമുള്ള വസ്തുക്കളും പ്രദേശങ്ങളും വനത്തിനുള്ളിലായതിനാൽ ഇവയുടെ സംരക്ഷണത്തിന് വനം, റവന്യൂ, തദ്ദേശസ്വയംഭരണം, വിനോദ സഞ്ചാര വകുപ്പുകളുടെ സഹകരണം ആവശ്യമാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പെരിയാർ തീരത്തെ പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിനായി വിശദമായ നിർദ്ദേശം സമർപ്പിക്കുന്നതിന് പുരാവസ്തു വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതിന്റെ സംരക്ഷണത്തിനുള്ള പ്രാരംഭ നടപടിയായി റവന്യൂ വിശദവിവരം, സ്കെച്ച്, പ്ലാൻ, സർവ്വേ നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ലളിതകലാ അക്കാദമിയുടെ നിയന്ത്രണത്തിൽ ആർട്ട് ഗ്യാലറി**

96 (1532) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) ലളിതകലാ അക്കാദമിയുടെ നിയന്ത്രണത്തിൽ അടൂരിൽ ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകുമോ ;

(ബി) ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് നിലവിൽ വേണ്ടുന്നതായ ആവശ്യമായ ഘടകങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇത്തരത്തിൽ ലളിതകലാ അക്കാദമിയുടെ ആർട്ട് ഗ്യാലറികൾ എത്രയെണ്ണം പ്രവർത്തിച്ച് വരുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആർട്ട് ഗ്യാലറി തുടങ്ങുന്നതിനുവേണ്ടി കുറഞ്ഞത് 1000 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള ഹാളും ഓഫീസ് സൗകര്യങ്ങളുള്ള ഉറപ്പുള്ള ഒരു കെട്ടിടവും ഗ്യാലറിക്ക് അനുയോജ്യമായി ഭിത്തികളിലും ഫ്ലോറിലും പെയിന്റിംഗ്, ചിത്രങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോർ സൗകര്യം, ഗ്യാലറി ലൈറ്റുകൾ ചിത്രങ്ങൾ തൂക്കിയിടുന്നതിന് അലൂമിനിയം റീപ്പറുകൾ, കലാസൃഷ്ടികൾ ഫംഗസും പൂപ്പലും പൊടിയും പിടിച്ച് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനുള്ള പ്രത്യേക കൂളിംഗ് സൗകര്യങ്ങൾ എന്നിവയാണ് നിലവിൽ വേണ്ടതായ ആവശ്യമായ ഘടകങ്ങൾ.

(സി) ആകെ 17 ആർട്ട് ഗ്യാലറികളുണ്ട്. തിരുവനന്തപുരം-2, ആലപ്പുഴ-2, കോട്ടയം-2, എറണാകുളം-3, തൃശ്ശൂർ-2, പാലക്കാട്-1, മലപ്പുറം-1, കോഴിക്കോട്-1, കണ്ണൂർ-1, വയനാട്-1, കാസർഗോഡ്-1 എന്നിങ്ങനെയാണ് ആർട്ട് ഗ്യാലറികൾ പ്രവർത്തിച്ചു വരുന്നത്.

**കേരള കലാമണ്ഡലം**

97 (1533) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലം പഠനക്കളരികൾ നടത്തുന്നത് യു.ജി.സി. ചട്ടങ്ങൾക്ക് വിധേയമായിട്ടാണോ ;

(ബി) ഏതെല്ലാം ജില്ലകളിൽ ഇത്തരം ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുവെന്ന്

വ്യക്തമാക്കുമോ ;

(സി) പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വേതന-സേവന വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ഡി) പഠിപ്പിക്കുന്ന കോഴ്സുകൾ, ഫീസ് എന്നിവ വിശദമാക്കാമോ ?

ഉത്തരം

(എ) കേരള കലാമണ്ഡലം നേരിട്ടു നടത്തുന്നതാണ് കലാസ്വാദന പഠനക്കളരികൾ, യു.ജി.സി. നിബന്ധനകൾ അനുസരിച്ചുള്ള ബിരുദ കോഴ്സുകളല്ലാത്തതിനാൽ കലാമണ്ഡലത്തിന്റെ ഓഫ് ക്യാമ്പസ്സുകളല്ല ഇവ. ആയതിനാൽ കലാസ്വാദന പഠനക്കളരികൾ നടത്തുന്നത് യു.ജി.സി. ചട്ടങ്ങൾക്ക് വിരുദ്ധമല്ല.

(ബി) തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം

(സി) താൽക്കാലിക വ്യവസ്ഥയിൽ പ്രതിമാസം 12,000 രൂപ വേതനം നൽകുന്നു.

(ഡി) കഥകളി, ചെണ്ട, കർണ്ണാടക സംഗീതം എന്നീ കോഴ്സുകളാണ് പഠിപ്പിക്കുന്നത്.

| | | |
|---|---|---|
| കഥകളി & ചെണ്ട | : | 750 രൂപ പ്രതിമാസം. |
| കർണ്ണാടക സംഗീതം | : | 10,000 രൂപ വാർഷിക ഫീസ്. |

**മലയാള ഭാഷാനിയമം**

98 (1534) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ഭാഷാ നിയമം നടപ്പാക്കിയോ ;

(ബി) പ്രവാസി മലയാളികളുടെ കുട്ടികളെ മലയാള ഭാഷ പഠിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സാങ്കേതിക സ്കൂളുകളിലും ഫിഷറീസ് സ്കൂളുകളിലും മലയാള ഭാഷാ പഠനക്രമം ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. കേരള സർക്കാരിന്റെ സാംസ്കാരികകാര്യ വകുപ്പിനുകീഴിലുള്ള മലയാളം മിഷൻ, പ്രവാസി മലയാളി കുട്ടികളെ മലയാളഭാഷയും കേരളസംസ്കാരവും പരിചയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

**പൈതൃക സംരക്ഷണം**

99 (1535) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈതൃകമായ സാംസ്കാരിക തനിമകൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ ;

(ബി) സാംസ്കാരിക തനതു കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ശ്രദ്ധ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം നൂറ് വർഷത്തിനു മുകളിൽ കാലപ്പഴക്കമുള്ള ചരിത്ര പൈതൃക സ്മാരകങ്ങളുടെ സംരക്ഷണം ചെയ്തുപോരുന്നു. കൂടാതെ ഓരോ ജില്ലയുടെയും പൈതൃകവും കലാരൂപങ്ങളും മറ്റും സംരക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും ഒരു ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ആദ്യപടിയായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ സാംസ്കാരിക തനതു കലാരൂപങ്ങൾ പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. തനതു കലാരൂപങ്ങളുടെ സംരക്ഷണം, പ്രോത്സാഹനം എന്നിവ സാംസ്കാരിക വകുപ്പിൻ കീഴിലുള്ള ഫോക്‌ലോർ അക്കാദമി, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങൾ മുഖാന്തരം നടത്തി വരുന്നു.

**തലശ്ശേരി കോട്ടയിൽനിന്ന് ലഭിച്ച പീരങ്കി സംരക്ഷിക്കാൻ നടപടി**

100 (1536) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കോട്ടയിൽ നിന്ന് ലഭിച്ച നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി

സർക്കാർ ഏറ്റെടുത്തു സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പീരങ്കികളുടെ സംരക്ഷണച്ചെലവിലേക്കായി തലശ്ശേരി പോർട്ട് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും 3 ലക്ഷം രൂപ ഡി.ഡി. ആയി ലഭിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പ് ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന രാസസംരക്ഷണ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് പീരങ്കികളുടെ രാസസംരക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുഞ്ചൻ സ്മാരകം**

101 (1537) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലക്കിടി ഗ്രാമപഞ്ചായത്തിലെ കുഞ്ചൻ സ്മാരകത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) 1-7-2006 മുതൽ 31-3-2011 വരെയും 1-4-2011 മുതൽ 31-10-2014 വരെയുമുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(സി) കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ ;

(ഡി) കുഞ്ചൻ സ്മാരകത്തിന്റെ വികസനത്തിനായി മുൻസർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ലക്കിടി കുഞ്ചൻ സ്മാരകത്തിന് ഈ സർക്കാർ വന്നതിനുശേഷം 48,99,000 രൂപ അനുവദിച്ചു.

(ബി) 1-7-2006 മുതൽ 31-03-2011 വരെ

| | |
|---|---|
| 2006-07 | 1,65,000 |
| 2007-08 | 1,35,000 |

| | |
|---|---|
| 2008-09 | 21,25,000 |
| 2009-10 | 1,75,000 |
| 2010-11 | 13,25,000 |
| ആകെ | 39,25,000 രൂപ |

1-4-2011 മുതൽ 31-10-2014 വരെ

| | |
|---|---|
| 2011-12 | 21,24,000 |
| 2012-13 | 16,75,000 |
| 2013-14 | 7,00,000 |
| ആകെ | 44,99,000 |

1-4-2014 മുതൽ 31-10-2014 വരെ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ വന്നതിനുശേഷം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കും 48,99,000 രൂപ അനുവദിച്ചു. ആയതിൽ 3 ലക്ഷം രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മിച്ചു. 10 ലക്ഷം രൂപ ഉപയോഗിച്ച് ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ജീവനക്കാരുടേയും അദ്ധ്യാപകരുടെയും ശമ്പളം, തുള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻ ദിനം, മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കായും ഈ തുക വിനിയോഗിക്കുകയുണ്ടായി.

(ഡി) മുൻ സർക്കാരിന്റെ കാലയളവിൽ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 39,25,000 രൂപ അനുവദിച്ചിരുന്നു. 2008-ൽ കേരള കലാമണ്ഡലവുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ച് കലാപീഠം പ്രവർത്തനം തുടങ്ങി. തുള്ളൽ, കർണ്ണാടക സംഗീതം, മോഹിനിയാട്ടം, മൃദംഗം എന്നീ കലാവിഷയങ്ങളിൽ ത്രിവൽസര പാർട്ട് ടൈം കോഴ്സുകൾ ആരംഭിച്ചു. ആയതിന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകുന്നു. നാട്യശാല നിർമ്മിച്ചു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും തുള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന ത്രിദളം ഡി.വി.ഡി. തയ്യാറാക്കി. സ്മാരകത്തിന്റെ വെബ്സൈറ്റ് നിലവിൽവന്നു.

**കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ**
**കഥകളി രൂപങ്ങളുടെ നവീകരണം**

102 (1538) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണം കേരള കലാമണ്ഡലത്തിനെ ഏൽപ്പിച്ചത് എന്നാണ് ; നവീകരണ പ്രവർത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നവീകരണം എന്നേക്ക് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) നവീകരണ പ്രവർത്തനത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്ര തുകയാണ് ?

ഉത്തരം

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ മ്യൂസിയത്തിലെ കഥകളി രൂപങ്ങളുടെ നവീകരണത്തിനായി 4 ലക്ഷം രൂപ കലാമണ്ഡലത്തിന് മുൻകൂറായി 2014 ജനുവരി മാസത്തിൽ നൽകിയിട്ടുണ്ട്. കഥകളി രൂപങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഥകളി ചമയങ്ങളുടെ മരപ്പണികളും ആടയാഭരണ അലങ്കാരാദികളും പൂർത്തിയാക്കി വരുന്നു.

(ബി) നവീകരണ പ്രവർത്തനങ്ങൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്.

(സി) നവീകരണ പ്രവർത്തനത്തിന് 8 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

## വാനനിരീക്ഷണ കേന്ദ്രത്തെ സംരക്ഷിത സ്മാരകമാക്കാൻ നടപടി

103 (1539) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഇരുന്നൂറ് വർഷത്തോളം പഴക്കമുള്ളതും, പൈതൃക ശേഷിപ്പുമായ ആദ്യകാല വാനനിരീക്ഷണ കേന്ദ്രം പുരാവസ്തു വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിച്ച് പുനരുദ്ധരിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മന്ദിരത്തെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വാനനിരീക്ഷണ കേന്ദ്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. പുരാവസ്തു വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം പരിശോധിച്ച് ചരിത്രപരവും 100 വർഷത്തിലപ്പുറം പഴക്കവുമുള്ള വാനനിരീക്ഷണകേന്ദ്രം സംരക്ഷിക്കപ്പെടേണ്ടതാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ വാനനിരീക്ഷണ കേന്ദ്രം കേന്ദ്ര സർക്കാരിന്റെ Indian Meteorological Department-ന്റെ കീഴിലായതിനാൽ കേന്ദ്രപൊതുമരാമത്ത് വകുപ്പ് മുഖാന്തരമാണ് നടപടികൾ സ്വീകരിക്കേണ്ടത്.

**കുഞ്ഞിമംഗലം മൂശാരി കോവിൽ ശിൽപ പൈതൃക ഗ്രാമം**

104 (1540) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഞ്ഞിമംഗലം മൂശാരികോവിൽ 'ശില്പപൈതൃക ഗ്രാമ'മായി പ്രഖ്യാപിക്കുന്നതിന് തുടർനടപടി എടുക്കുന്നതിന് കേരള ലളിതകലാ അക്കാദമിയെ ചുമതലപ്പെടുത്തുമെന്ന് ബഹു. സാംസ്കാരികകാര്യ വകുപ്പുമന്ത്രി 13-6-2014-ലെ സബ്മിഷന് മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ ലളിതകലാ അക്കാദമി എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) അടുത്ത ബഡ്ജറ്റിൽ കുഞ്ഞിമംഗലം മൂശാരികോവിൽ ഗ്രാമത്തെ 'ശില്പപൈതൃക ഗ്രാമ'മായി പ്രഖ്യാപിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചലോഹ ശിൽപങ്ങൾ, തെയ്യത്തിനും മറ്റും ഉപയോഗിക്കുന്ന വെങ്കല രൂപങ്ങൾ, ദീപസ്തംഭം തുടങ്ങി പരമ്പരാഗത രീതിയിലുള്ള പല ശിൽപ രൂപങ്ങളും മൂശാരി കോവിലിൽ നിർമ്മിച്ചു വരുന്നതായി അക്കാദമിയുടെ പ്രാഥമിക പഠനത്തിൽ മനസ്സിലാക്കാൻ സാധിച്ചു.

(ബി) ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടില്ല.

**മിഷൻ 676-ൽ ഉൾപ്പെടുത്തി സാംസ്കാരിക രംഗത്ത് പുത്തൻ ഉണർവിനായി പദ്ധതികൾ**

105 (1541) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക രംഗത്ത് പുത്തൻ ഉണർവിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ 676-ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) മലയാളം, അറബി സാഹിത്യോത്സവം (സാഹിത്യ അക്കാഡമി), അന്തർദ്ദേശീയ കാവ്യോത്സവം (സാഹിത്യ അക്കാഡമി), സംഗീത നാടക അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ടെന്റ് തിയേറ്റർ പദ്ധതി, കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം (ലളിതകലാ അക്കാദമി), കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗ്യാലറി (ലളിതകലാ അക്കാദമി), 14 ജില്ലകളിലും വഴിയോര ശില്പങ്ങൾ (ലളിതകലാ അക്കാദമി), കണ്ണൂരിൽ ശ്രീകണ്ഠാപുരത്ത് കലാഗ്രാമം (ലളിതകലാ അക്കാദമി), കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക് ലോർ ഗ്രാമം (ലളിതകലാ അക്കാദമി), കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക്‌ലോർ ഗ്രാമം (ഫോക്‌ലോർ അക്കാദമി), സാംസ്കാരിക നിഘണ്ടു (2 വാല്യം), ഭാഷാ നിഘണ്ടു, കമ്പ്യൂട്ടർ നിഘണ്ടു, വാദ്യകലാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), അംബേദ്കർ ഫൗണ്ടേഷൻ അനുവദിച്ച അംബേദ്കർ ചെയർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), സർവ്വവിജ്ഞാനകോശം 8-ാം വാല്യം പരിഷ്കരിച്ചതിന്റെ പ്രസിദ്ധീകരണം (സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്), വിജ്ഞാനകോശം വാല്യങ്ങളുടെ ഉള്ളടക്കം കീവേർഡ് സേർച്ചിലൂടെ വിക്കി പീഡിയ മോഡലിൽ ലഭ്യമാകുന്ന പദ്ധതി (സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്), കേരള കലാമണ്ഡലത്തിന്റെ 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടി, കേരള കലാമണ്ഡലത്തിന്റെ രംഗകലാ മ്യൂസിയം പണി പൂർത്തീകരണം, മലയാളം മിഷൻ മുഖേന കേരളത്തിനു പുറത്തുള്ള മലയാളം പഠന കേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള നടപടി, മലയാളം മിഷൻ മുഖേന പുതിയതായി ഇന്ത്യയ്ക്കകത്തും

പുറത്തും പുതിയ മലയാളം പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടി, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കളിയും ചിരിയും വായനയും പ്രദാനം ചെയ്യുന്ന ഇന്ററാക്ടീവ് പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, പുരാവസ്തു വകുപ്പ് മുഖേന 7 ജില്ലാതല പൈതൃകമ്യൂസിയങ്ങളുടെ പൂർത്തീകരണം, കേന്ദ്രസഹായത്തോടെ തിരുവനന്തപുരം കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശി മ്യൂസിയം എന്നിവയുടെ നവീകരണ പണികൾ (പുരാവസ്തു വകുപ്പ്) മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരണം (പുരാരേഖ വകുപ്പ്) വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സമര മെമ്മോറിയൽ (പുരാരേഖ വകുപ്പ്), തിരുവനന്തപുരത്തെ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം (പുരാരേഖ വകുപ്പ്), ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരളീയ കലകൾ ഇന്ത്യയ്ക്കകത്തും പുറത്തും പ്രചരിപ്പിക്കുന്നതിന് വിപുലമായ പദ്ധതികൾ, വൈക്കം സത്യാഗ്രഹ മ്യൂസിയവും ഗാന്ധിപ്രതിമയും വൈക്കത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി (പുരാരേഖാ വകുപ്പ്), തകഴി സ്മാരകത്തിന്റെ പുതിയ കെട്ടിടം പണി പൂർത്തീകരണം, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ വീടും സ്ഥലവും ഏറ്റെടുത്ത് സംരക്ഷിച്ച് സ്മാരകമാക്കുന്ന പദ്ധതി (പുരാവസ്തു വകുപ്പ്) എന്നീ പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നത്.

(ബി&സി) മിഷൻ 676-ലൂടെ താഴെപറയുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. മലയാളം അറബി സാഹിത്യോത്സവം
2. കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം നിർമ്മാണം.
3. കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗ്യാലറി നിർമ്മാണം.
4. സാംസ്കാരിക നിഘണ്ടു (2 വാല്യം), ഭാഷാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം.
5. നോളഡ്ജ് വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്ട്.
6. മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ
7. മഹാരാഷ്ട്രയിലെ പൂനെയിൽ 6-9-2014-ൽ കേരളോത്സവം സംഘടിപ്പിച്ചു.

മറ്റു പദ്ധതികളുടെ രൂപരേഖ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്.

## സർക്കാർ പരസ്യങ്ങൾ നൽകിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക

106 (1542) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ പരസ്യങ്ങൾ നൽകിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സർക്കാർ പരസ്യങ്ങൾ നൽകിയ ഇനത്തിൽ പഴയ നിരക്കുകൾ പ്രകാരം ഏകദേശം 30 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. പരസ്യം നൽകിയ വകയിൽ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

## സർക്കാർ പരസ്യങ്ങൾക്ക് ചെലവായ തുക

107 (1543) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ താല്പര്യം സംരക്ഷിക്കുന്നതിനായി, പൊതുപണം ദുരുപയോഗപ്പെടുത്തി, സർക്കാർ പരസ്യങ്ങൾ നൽകുന്നതായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതുസംബന്ധമായി സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സമിതി നിർദ്ദേശിച്ച മാർഗ്ഗരേഖയും നിർദ്ദേശങ്ങളും വിശദമാക്കാമോ ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്ത് എന്നുമുതൽ നടപ്പിലാക്കിയിട്ടുണ്ട് ; ഈ സർക്കാരിന്റെ കാലത്ത് എല്ലാ ഇനത്തിലും പെട്ട പരസ്യങ്ങൾക്ക് ചെലവായ മൊത്തം തുകയുടെ കണക്കുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ

കരടിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) നിർദ്ദേശങ്ങൾ പരിഗണനയിലാണ്. ഈ സർക്കാരിന്റെ കാലത്ത് എല്ലാ ഇനത്തിലുംപെട്ട പരസ്യങ്ങൾക്കും മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയും ഉൾപ്പെടെ ഏകദേശം 104,29,60,888 (നൂറ്റി നാല് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി അറുപതിനായിരത്തി എണ്ണൂറ്റി എൺപത്തിയെട്ട്) രൂപ ചെലവഴിച്ചിട്ടുണ്ട്.

## സർക്കാർ പരസ്യങ്ങൾ

108 (1544) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീം കോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ നിർദ്ദേശമനുസരിച്ചാണോ സർക്കാർ പരസ്യങ്ങൾ നൽകുന്നത് ; വിശദമാക്കാമോ ;

(ബി) സർക്കാർ പരസ്യങ്ങളുടെ പെർഫോമൻസ് ആഡിറ്റ് നടത്താറുണ്ടോ ;

(സി) പരസ്യ ഇനത്തിൽ മാധ്യമങ്ങൾക്ക് നൽകാനുള്ള തുക എത്രയെന്ന് കണക്ക് സഹിതം വിശദമാക്കാമോ ?

### ഉത്തരം

(എ) നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) പരസ്യ ഇനത്തിൽ മാധ്യമങ്ങൾക്ക് പഴയ നിരക്കുകൾ പ്രകാരം ഏകദേശം 30 കോടി (മുപ്പത് കോടി) രൂപ നൽകുവാനുണ്ട്. പരസ്യം നൽകിയ വകയിൽ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

## പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യങ്ങൾ

109 (1545) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ ഇതുവരെയായി പരസ്യയിനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് എത്ര തുകയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ടെന്ന വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് പരസ്യങ്ങൾ നൽകിയിട്ടുള്ളതെന്നും ഓരോ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള പരസ്യങ്ങളുടെ തുകയും വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2014-15 വർഷത്തിൽ ഇതുവരെയായി പരസ്യയിനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഏകദേശം 12,56,07,108 (പന്ത്രണ്ട് കോടി അമ്പത്തിയാറ് ലക്ഷത്തി ഏഴായിരത്തി ഒരുന്നൂറ്റി എട്ട്) രൂപയുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

(ബി) മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കും കൂടാതെ ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേക നിരക്കിൽ മറ്റ് പ്രസിദ്ധീകരണങ്ങൾക്കും പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്. ദിനപത്രങ്ങൾക്ക് 11,95,35,788 (പതിനൊന്നു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എഴുന്നൂറ്റി എൺപത്തിയെട്ട്) രൂപയുടെ പരസ്യങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് 23,71,320 (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി മൂന്നൂറ്റി ഇരുപത്) രൂപയുടെ പരസ്യങ്ങളും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് 37,00,000 (മുപ്പത്തിയേഴ് ലക്ഷം) രൂപയുടെ പരസ്യങ്ങളും പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്.

**പ്രാദേശിക പത്ര പ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തൽ**

110 (1546) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാദേശിക പത്രപ്രവർത്തകർക്ക് വേണ്ടിയുള്ള ക്ഷേമനിധി എന്നത്തേക്ക് പ്രാബല്യത്തിൽ വരും ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) സമയബന്ധിതമായി ഈ ക്ഷേമനിധി പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നകാര്യം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും നടപടികൾ നടന്നുവരികയുമാണ്. നിലവിലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്ട് പ്രകാരം പത്ര പ്രവർത്തകരുടെ സംജ്ഞയിൽ ഉൾപ്പെടുന്നവരല്ല 'പ്രാദേശിക പത്രപ്രവർത്തകർ' എന്നതിനാൽ പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധിയെന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. എങ്കിലും ഇത് പരിഹരിക്കുന്നതിനായി മാനേജ്മെന്റിന്റെ പ്രതിനിധികളുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തിയിരുന്നെങ്കിലും മാനേജ്മെന്റുകളുടെ വിഹിതം

നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടായില്ല. തുടർന്ന് പി.ആർ.ഡി ഡയറക്ടറുടെ അധ്യക്ഷതയിൽ KUWJ പ്രതിനിധികളുമായും ചർച്ച നടത്തുകയും അവർ ഇത് സംബന്ധിച്ച് ഹാജരാക്കിയ അഭിപ്രായത്തിലും 'പ്രാദേശിക പത്ര പ്രവർത്തകർ' പത്രപ്രവർത്തകർ എന്ന സംജ്ഞയിൽ ഉൾപ്പെടുന്നില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. സർക്കാരിന്റെ മാത്രം സാമ്പത്തിക പങ്കാളിത്തത്തോടെ ക്ഷേമനിധി നടപ്പിലാക്കുക എന്നത് പ്രായോഗികമായി പ്രയാസമുള്ള കാര്യമാണെങ്കിലും ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചു വരുന്നു.

## പ്രവാസികളുടെ പുനരധിവാസ പദ്ധതി

111 (1547) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതികൾ എന്തെല്ലാം ; ഏതെല്ലാം മേഖലകളാണ് പുനരധിവാസത്തിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

### ഉത്തരം

തിരികെയെത്തിയ പ്രവാസി മലയാളികൾക്കുവേണ്ടി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

ഇതിനുപുറമേ സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം (നിതാഖത്ത്) കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണുള്ളത് :

1. തിരികെയെത്തിയ പ്രവാസികളെ അവരുടെ താല്പര്യമനുസരിച്ച് വിദേശ രാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയയ്ക്കുക.

2. ആഭ്യന്തര തൊഴിൽമേഖലയിലേക്ക് തിരികെയെത്തിയ പ്രവാസികളുടെ പുനരേകീകരണം.

3. സ്വയം സംരംഭക സഹായ പദ്ധതി.

4. പ്രവാസി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്ന പദ്ധതി.

5. സ്വയംതൊഴിൽ /നിക്ഷേപ സംരംഭങ്ങൾ.

താഴെപ്പറയുന്ന മേഖലകളിലാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകി വരുന്നത് :

ഉല്പാദനം-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണീച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

സേവനങ്ങൾ-(റിപ്പയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ)

കച്ചവടം- (പൊതു വ്യാപാരം- വാങ്ങുകയും വിൽക്കുകയും തുടങ്ങിയവ)

കാർഷിക വ്യവസായങ്ങൾ (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ), മത്സ്യ കൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപന്ന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആട്ട വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)

**പ്രവാസി ക്ഷേമനിധി**

112 (1548) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവാസി ക്ഷേമനിധിയിൽ നിന്നുള്ള പെൻഷന് അപേക്ഷിച്ചിട്ടുള്ളവർ എത്ര ; എത്രപേർക്ക് പെൻഷൻ നൽകി

വരുന്നുണ്ട് ; എത്ര അപേക്ഷകളിന്മേൽ ഇനിയും നടപടി സ്വീകരിക്കാനുണ്ട് ;

(ബി) പെൻഷൻ തുക എത്രയാണ് ; ഇത് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ ; ഏത് തീയതി മുതലുള്ള പെൻഷൻ കുടിശ്ശികയായിട്ടുണ്ട് ?

ഉത്തരം

(എ) 2014 ഒക്ടോബർ മാസംവരെ പെൻഷന് അർഹരായി അപേക്ഷിച്ച 124 പേർക്കും കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽനിന്നും പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രവാസി കേരളീയൻ (വിദേശം) അംഗങ്ങൾക്ക് പ്രതിമാസം 1,000 രൂപയും മുൻ പ്രവാസി കേരളീയൻ (വിദേശം) അംഗങ്ങൾക്കും പ്രവാസി കേരളീയൻ (ഭാരതം) അംഗങ്ങൾക്കും കല്പിത അംഗങ്ങൾക്കും പ്രതിമാസം 500 രൂപയുമാണ് മിനിമം പെൻഷൻ. പെൻഷൻ കുടിശ്ശികയായിട്ടില്ല. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പ്രവാസി കേരളീയരുടെ എണ്ണം

113 (1549) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി കേരളീയരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) കേരളീയരിൽ എത്ര പേരാണ് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതെന്നും, ഇവർ ഏതൊക്കെ രാജ്യങ്ങളിലാണ് ജോലി ചെയ്യുന്നതെന്നും വിശദമാക്കാമോ ;

(സി) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ സാമ്പത്തിക സെൻസസിനോടൊപ്പം നോർക്ക വകുപ്പ് സാമ്പത്തിക സ്ഥിതി വിവരക്കണക്ക വകുപ്പുമായി നടത്തിയ പ്രവാസി മലയാളി സർവ്വേ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു :

| രാജ്യം | ആകെ |
|---|---|

| | |
|---|---|
| യു.എസ്.എ. | 53642 |
| കാനഡ | 6350 |
| യു.കെ | 30291 |
| ജർമ്മനി | 1920 |
| മറ്റ് യൂറോപ്യൻ രാജ്യങ്ങൾ | 3809 |
| നൈജീരിയ | 850 |
| ലിബിയ | 811 |
| മറ്റ് ആഫ്രിക്കൻ രാജ്യങ്ങൾ | 4122 |
| സൗദി അറേബ്യ | 421313 |
| യു.എ.ഇ | 507087 |
| കുവൈറ്റ് | 91780 |
| ഒമാൻ | 89238 |
| ഖത്തർ | 113395 |
| ബഹറിൻ | 61408 |
| ഇറാഖ് | 763 |
| ഇറാൻ | 473 |
| സിങ്കപ്പൂർ | 5931 |
| മലേഷ്യ | 5546 |
| മറ്റ് ഏഷ്യൻ രാജ്യങ്ങൾ | 8987 |
| ന്യൂസിലാൻഡ് | 2189 |
| ആസ്ട്രേലിയ | 10709 |
| മറ്റു രാജ്യങ്ങൾ | 6239 |
| ആകെ | 1426853 |

(സി) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെയും തിരികെയെത്തിയവരുടെയും

ക്ഷേമത്തിനും പുനരധിവാസത്തിനുമായി നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- തിരികെവന്ന പ്രവാസികൾക്കായി, സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി- 'നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് ( NDPREM)'

- സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നൽകുന്നതിനുവേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ ഒരു " നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" ആരംഭിക്കുന്നതിനുള്ള പദ്ധതി.

- വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള ' പ്രവാസി ലീഗൽ അസിസ്റ്റൻസ് ' പദ്ധതി.

- വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർദ്ധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.

- തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ സഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി.'

- പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ.

- മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ.

- നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ

ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

- ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണംമൂലം തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പുനരധിവാസ പദ്ധതി.
- മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.
- നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/ കോൾ സന്റർ'.
- വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഒരു സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.
- തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള തൊഴിൽ നൈപുണ്യ വികസന പരിപാടി.
- ഇന്ത്യക്കുപുറത്തോ ഇതര സംസ്ഥാനങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ ' കാരുണ്യം പദ്ധതി'.
- പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമബോർഡ്.
- പ്രവാസികളുടെ തിരിച്ചറിയൽ രേഖയായി ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്ന എൻ.ആർ.കെ. ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്.

**പ്രവാസി കേരളീയരുടെ നിക്ഷേപം**

114 (1550) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മുതൽ വിദേശങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരായ

പ്രവാസികൾ ഓരോ വർഷവും നാട്ടിലെത്തിക്കുന്ന നിക്ഷേപം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഈ നിക്ഷേപം ഏതെങ്കിലും വികസന പദ്ധതികൾക്ക് വിനിയോഗി ച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം നിക്ഷേപങ്ങൾ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) പ്രവാസികൾ നാട്ടിലെത്തിക്കുന്ന ബാങ്ക് നിക്ഷേപത്തിന്റെ കണക്ക് ലഭ്യമാണ്. സംസ്ഥാനത്ത് 2011 മുതൽ പ്രവാസികൾ നാട്ടിലെത്തിച്ച നിക്ഷേപം ചുവടെ ചേർക്കുന്നു :

| വർഷം | തുക (കോടിയിൽ) |
|---|---|
| 2011 | 37690 |
| 2012 | 48454 |
| 2013 | 66190 |
| 2014 | 93883 (അവലംബം SLRM) |

(സി) ഈ നിക്ഷേപം എന്തൊക്കെ ആവശ്യത്തിന് വിനിയോഗിച്ചുയെന്ന വിവരം സർക്കാരിന് ലഭ്യമല്ല. എന്നാൽ സംസ്ഥാനത്തെ ബാങ്കുകൾ 2011 മുതൽ നൽകിയ വായ്പകളുടെ വിവരം ചുവടെ കൊടുക്കുന്നു :

| വർഷം | തുക (കോടിയിൽ) |
|---|---|
| 2011 | 121982 |
| 2012 | 149293 |
| 2013 | 175087 |

2014 192010 (അവലംബം SLRM)

(ഡി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി ഒരു പുതിയ പദ്ധതി Engaging Diaspora for Investment in the State എന്ന പേരിൽ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ നിക്ഷേപ താത്പര്യമുള്ള പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപ സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ്‌വഴി നടപ്പിലാക്കിയിട്ടുണ്ട്.

## പ്രവാസി മലയാളികളുടെ പുനരധിവാസം

115 (1551) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ വിദേശത്തുനിന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിയെത്തിയവർ എത്രപേരാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം പദ്ധതികൾക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഈ അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും, ബാക്കിയുള്ളവ അനുവദിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്നും വിശദമാക്കാമോ ?

### ഉത്തരം

(എ) 2011 മുതൽ വിദേശത്തുനിന്ന് തിരികെയെത്തിയവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. 2013 മുതൽ വിദേശത്തുനിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി കേരളീയർക്കായി രജിസ്ട്രേഷൻ സംവിധാനം നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 25700 പേർ വിദേശത്തുനിന്ന്

തിരികെയത്തിയതായി നോർക്ക-റൂട്ട്സ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ രാജ്യം തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) തിരികെയെത്തിയ പ്രവാസി മലയാളികൾക്കുവേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15 % മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. ഇതിനുപുറമേ സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം (നിതാഖത്ത്) കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. നിതാഖത്ത് മുഖാന്തരം തിരികെയെത്തി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന മേഖലകളിലാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകി വരുന്നത് :

<u>കച്ചവടം</u> : (പൊതു വ്യാപാരം-വാങ്ങുകയും വിൽക്കുകയും തുടങ്ങിയവ)

<u>സേവനങ്ങൾ</u> : (റിപ്പയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ)

<u>ഉല്പാദനം</u> : ചെറുകിട-ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

<u>കാർഷിക വ്യവസായങ്ങൾ</u> : (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ), മത്സ്യകൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപന്ന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആട്ട വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ആദ്യഘട്ടത്തിൽ ലഭിച്ച 19690 അപേക്ഷകളിന്മേൽ ബാങ്കുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരികയാണ്. നിലവിൽ 16000-ത്തോളം പേരെ സ്ക്രീനിംഗിന് വിളിക്കുകയും സ്ക്രീനിംഗ് അറ്റൻഡ് ചെയ്ത 8000-ത്തോളം പേരിൽനിന്നും 3000-ത്തോളം പേരുടെ അപേക്ഷകൾ ബാങ്കുകളിൽ പ്രോസസിംഗിലുമാണ്. ഇതിനുപുറമേ 320 ഓളം പേർ വിവിധ വായ്പാ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ അപേക്ഷകളിന്മേൽ അവസാനഘട്ട സ്ക്രീനിംഗ് നടപടികൾ പുരോഗമിക്കുകയാണ്. നിതാഖത്ത് നടപ്പാക്കിയതുമൂലം സൗദി അറേബ്യയിൽ നിന്നു തിരികെയെത്തി നോർക്ക-റൂട്ട്സിൽ രജിസ്റ്റർ ചെയ്ത 22634 പേരുടെ ഡാറ്റാ കളക്ഷനും മറ്റ് നടപടികളും പുരോഗമിക്കുകയാണ്. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു.

**പ്രവാസി നിക്ഷേപങ്ങൾക്ക് അധികനികുതി സമ്പ്രദായം**

116 (1552) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ബാങ്ക് നിക്ഷേപങ്ങളിൽ അധിക നികുതി ഏർപ്പെടുത്തുന്നതിന് തീരുമാനങ്ങളോ നിയമ നിർമ്മാണങ്ങളോ ഉത്തരവുകളോ നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രവാസികളുടെ നിക്ഷേപങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്താനുള്ള തീരുമാനം റദ്ദ് ചെയ്യുമോ ?

<u>ഉത്തരം</u>

(എ) പ്രവാസികൾ വിദേശത്തുനിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവന നികുതി ഏർപ്പെടുത്തി കേന്ദ്ര സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിദേശത്തുനിന്നും ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല. എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവി (foreign money transfer service operator (MTSO)-ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO) നിന്നും ഈടാക്കുന്ന കമ്മീഷന് സേവന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നികുതി നൽകണമെന്നതാണ് നിർദ്ദേശം.

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരാണ് തീരുമാനിക്കേണ്ടത്. പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നോർക്കയും പ്രവാസി മലയാളികളും

117 (1553) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ മലയാളികളുടെ എണ്ണം എത്രയാണെന്നാണ് നിലവിൽ നോർക്ക വിലയിരുത്തിയിട്ടുള്ളത് ;

(ബി) ഇവർ ഒരു വർഷം ശരാശരി കേരളത്തിലേക്ക് അയയ്ക്കുന്നത് എത്ര കോടി രൂപയാണെന്ന് നോർക്ക വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് എവിടെയാണ് ; നിതാഖത്ത് കർശനമാക്കിയ സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്ര ;

(ഡി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല, താലൂക്ക് ഇവ ഏതൊക്കെയാണ് ;

(ഇ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ എത്ര മലയാളി പ്രവാസികൾ ജയിലിൽ കഴിയുന്നുവെന്നാണ് നോർക്ക മനസ്സിലാക്കുന്നത് ; ഇവരെ നാട്ടിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; ഇപ്രകാരം ഈ സർക്കാർ വന്നതിനുശേഷം എത്രപേരെ നാട്ടിലെത്തിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ നിന്ന് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം വിവിധ വിദേശരാജ്യങ്ങളിൽ 1625653 കേരളീയർ താമസിക്കുന്നതായും അതിൽ

1426853 പേർ വിദേശത്ത് തൊഴിൽ ചെയ്യുന്നതായും കണക്കാക്കിയിട്ടുണ്ട്.

(ബി) വിദേശ മലയാളികൾ കേരളത്തിലേക്ക് അയയ്ക്കുന്ന തുകയുടെ ശരാശരി കണക്ക് ലഭ്യമല്ല. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 2014 ജൂൺ മാസം വരെ 94000 കോടി രൂപ കേരളത്തിലെ വിവിധ ബാങ്കുകളിൽ വിദേശ മലയാളികളിൽ നിന്നുള്ള ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

(സി) നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ യു.എ.ഇ.-യിലാണ് ജോലി ചെയ്യുന്നത് (507087), സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ എണ്ണം 421313 ആണ്.

(ഡി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല മലപ്പുറം. താലൂക്ക തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ഇ) വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര കേരളീയർ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. ഗൾഫ് രാജ്യങ്ങളിലേയും മലേഷ്യയിലേയും ഇന്ത്യൻ സ്ഥാനപതികളോട് ലഭ്യമായ വിവരം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽനിന്നോ വ്യക്തികളിൽനിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് അവരുടെ മോചനത്തിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാദ്ധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസിയുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിന് പ്രവാസി ലീഗൽ അസിസ്റ്റൻസ് എന്ന പദ്ധതി നിലവിലുണ്ട്. ഇതിനുപുറമേ തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് സ്വപ്ന സാഫല്യം പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 94 പേരെ നാട്ടിൽ തിരികെയത്തിച്ചിട്ടുണ്ട്.

**മിഷൻ 676-പ്രവാസി ക്ഷേമ പദ്ധതികൾ**

118 (1554) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; വിശദവിവരം നൽകാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പ്രവാസികാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മടങ്ങിവന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ച് 100 ദിവസത്തിനുള്ളിൽ ഓരോ ജില്ലയിലും കുറഞ്ഞത് 50 സംരംഭകർക്കെങ്കിലും മൂലധന-പലിശ സബ്സിഡികളോടെ വായ്പ നൽകൽ. തുടർന്ന് ജില്ലകളിൽ ബാങ്കുകളുമായി ചേർന്ന് അദാലത്തുകൾ സംഘടിപ്പിച്ച്, സംരംഭകർക്ക് പരിശീലനം നൽകി, അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ പദ്ധതി നടപ്പിലാക്കൽ.

2. നോർക്ക റൂട്ട്സിന്റെ Help Desk എല്ലാ ജില്ലകളിലും ആരംഭിക്കൽ.

3. ഗൾഫ് രാജ്യങ്ങളിൽ ഒന്നാം ഘട്ടമായും മറ്റ് മേഖലയിൽ തുടർന്നും നോർക്ക അഡ്വൈസറി കമ്മിറ്റികളുടെ രൂപീകരണം.

4. ഗൾഫ് മേഖലയിലെ മലയാളികളായ ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചുകൂട്ടി മടങ്ങിവന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ജോലിക്കവസരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്ന പദ്ധതി.

5. പ്രവാസി ക്ഷേമനിധി നവീകരിക്കാനും കൂടുതൽ ആകർഷകമാക്കാനും 100 ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള പദ്ധതി.

6. പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള പദ്ധതി.

7. സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പ്രവാസികളെ പങ്കെടുപ്പിക്കാൻ ഫലപ്രദമായ നടപടികൾ 100 ദിവസത്തിനുള്ളിൽ സ്വീകരിക്കുന്ന പദ്ധതി.

8. വിദേശ രാജ്യങ്ങളിൽ സാംസ്കാരിക വകുപ്പുമായി കൈകോർത്ത് പ്രവാസി കലാമേളകൾ സംഘടിപ്പിക്കൽ.

9. ഇന്ത്യൻ എംബസ്സികളുമായും പ്രവാസി സംഘടനകളുമായും സഹകരിച്ച് ഗൾഫിൽ നിസ്സാരമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്ക് നിയമസഹായം നൽകാൻ നടപടികൾ സ്വീകരിക്കുന്ന പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി.

(സി&ഡി) 1. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി പ്രകാരം ബാങ്കുകൾ മുഖേന വായ്പ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനകം 320 സംരംഭകർക്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

2. നിലവിൽ നോർക്ക സെല്ലുകൾ ഇല്ലാതിരുന്ന പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ കളക്ടറേറ്റുകളോടനുബന്ധിച്ച് സെല്ലുകൾ ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള ആലപ്പുഴ, വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ നോർക്ക

സെല്ലുകൾ ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് സ്ഥല സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

3. ഗൾഫ് രാജ്യങ്ങളിൽ നോർക്ക അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതേയുള്ളൂ.

4. 2015 ജനുവരി മാസത്തിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ (Global NRK meet) വിദേശ മലയാളി ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

5. പ്രവാസി ക്ഷേമനിധി നവീകരിക്കുന്നതിന്റേയും കൂടുതൽ ആകർഷകമാക്കുന്നതിന്റേയും ഭാഗമായി കേരള പ്രവാസി കേരളീയ ക്ഷേമനിധി അംഗങ്ങൾക്കായി വിദ്യാഭ്യാസ ആനുകൂല്യം പദ്ധതി ഈ വർഷം മുതൽ ആരംഭിച്ചു. 60 വയസ്സ് പൂർത്തിയാക്കുന്ന ക്ഷേമനിധിയിലെ അംഗങ്ങൾക്കായുള്ള പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. അംഗങ്ങളുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ഭവന വായ്പ പദ്ധതി തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി പ്രവാസി ക്ഷേമനിധി ആകർഷകമാക്കാനുള്ള നിർദ്ദേശങ്ങൾക്ക് രൂപം നൽകി വരുന്നു.

6. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ചെന്നെ എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രവർത്തനമുണ്ട്. ഗുജറാത്തിലെ വിവിധ മേഖലകളിലും ഗോവ, കൊങ്കൺ, ഭിലായ്, ബാംഗ്ലൂർ, പൂനെ എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളായ യു.കെ., ബഹറിൻ, ഒമാൻ, യു.എസ്.എ. എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നോർക്ക വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തനങ്ങൾ വിപുലമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. 2015 ജനുവരി മാസത്തിൽ നടക്കുന്ന ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ വിദേശ മലയാളികളെ സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ഉതകുന്ന ചർച്ചകൾ കൂടി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

8. വിദേശ രാജ്യങ്ങളിൽ പ്രവാസി കലാമേളകൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.

9. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സുഗമമായ നടത്തിപ്പിന് ഇന്ത്യൻ എംബസ്സികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

## പ്രവാസികാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

119 (1555) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവ ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയാണോ ;

(സി) ഇവയിൽ പൂർത്തിയാക്കിയവ ഏതെല്ലാം ; പണി ആരംഭിച്ചത് ഏതെല്ലാം ; പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ&ബി) പ്രവാസികാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മടങ്ങിവന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ച് 100 ദിവസത്തിനുള്ളിൽ ഓരോ ജില്ലയിലും കുറഞ്ഞത് 50 സംരംഭകർക്കെങ്കിലും മൂലധന-പലിശ സബ്സിഡികളോടെ വായ്പ നൽകൽ. തുടർന്ന് ജില്ലകളിൽ ബാങ്കുകളുമായി ചേർന്ന് അദാലത്തുകൾ സംഘടിപ്പിച്ച്, സംരംഭകർക്ക് പരിശീലനം നൽകി, അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ പദ്ധതി നടപ്പിലാക്കൽ.

   2014-15 സാമ്പത്തിക വർഷത്തേക്ക് 5 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

2. നോർക്ക റൂട്ട്സിന്റെ Help Desk എല്ലാ ജില്ലകളിലും ആരംഭിക്കൽ.

   2014-15 സാമ്പത്തിക വർഷത്തേക്ക് 30 ലക്ഷം രൂപ

ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

3. ഗൾഫ് രാജ്യങ്ങളിൽ ഒന്നാംഘട്ടമായും മറ്റ് മേഖലയിൽ തുടർന്നും നോർക്ക അഡ്വൈസറി കമ്മിറ്റികളുടെ രൂപീകരണം. ഈ പദ്ധതിക്ക് പ്രത്യേകം തുക വകയിരുത്തേണ്ട ആവശ്യമില്ല.

4. ഗൾഫ് മേഖലയിലെ മലയാളികളായ ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചുകൂട്ടി മടങ്ങിവന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ജോലിക്കവസരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്ന പദ്ധതി.

ഈ പദ്ധതിക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

5. പ്രവാസി ക്ഷേമനിധി നവീകരിക്കാനും കൂടുതൽ ആകർഷകമാക്കാനും 100 ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള പദ്ധതി.

ഈ പദ്ധതി ക്ഷേമനിധി ആനുകൂല്യമായതിനാൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

6. പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള പദ്ധതി.

ഈ പദ്ധതിക്കായി നോർക്ക വകുപ്പ് പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

7. സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പ്രവാസികളെ പങ്കെടുപ്പിക്കാൻ ഫലപ്രദമായ നടപടികൾ 100 ദിവസത്തിനുള്ളിൽ സ്വീകരിക്കുന്ന പദ്ധതി.

2014-15 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. വിദേശരാജ്യങ്ങളിൽ സാംസ്കാരിക വകുപ്പുമായി കൈകോർത്ത് പ്രവാസി കലാമേളകൾ സംഘടിപ്പിക്കൽ.

ഈ പദ്ധതിക്ക് നോർക്ക വകുപ്പ് പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

9. ഇന്ത്യൻ എംബസ്സികളുമായും പ്രവാസി സംഘടനകളുമായും സഹകരിച്ച് ഗൾഫിൽ നിസ്സാരമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്ക് നിയമസഹായം നൽകാൻ നടപടികൾ സ്വീകരിക്കുന്ന പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി.

2014-15 സാമ്പത്തിക വർഷം 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) 1. മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഇതിനകം 320 സംരംഭകർക്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

2. നിലവിൽ നോർക്ക സെല്ലുകൾ ഇല്ലാതിരുന്ന പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ കളക്ടറേറ്റുകളോടനുബന്ധിച്ച് സെല്ലുകൾ ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള ആലപ്പുഴ, വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ നോർക്ക സെല്ലുകൾ ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് സ്ഥല സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

3. ഗൾഫ് രാജ്യങ്ങളിൽ നോർക്ക അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതേയുള്ളൂ.

4. 2015 ജനുവരി മാസത്തിൽ നടക്കുന്ന ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ (Global NRK meet) വിദേശ മലയാളി ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

5. പ്രവാസി ക്ഷേമനിധി നവീകരിക്കുന്നതിന്റേയും കൂടുതൽ ആകർഷകമാക്കുന്നതിന്റേയും ഭാഗമായി കേരള പ്രവാസി കേരളീയ ക്ഷേമനിധി അംഗങ്ങൾക്കായി വിദ്യാഭ്യാസ ആനുകൂല്യം പദ്ധതി ഈ വർഷം മുതൽ ആരംഭിച്ചു. 60 വയസ്സ് പൂർത്തിയാക്കുന്ന ക്ഷേമനിധിയിലെ അംഗങ്ങൾക്കായുള്ള പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. അംഗങ്ങളുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ഭവന വായ്പ പദ്ധതി തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി പ്രവാസി ക്ഷേമനിധി ആകർഷകമാക്കാനുള്ള നിർദ്ദേശങ്ങൾക്ക് രൂപം നൽകി വരുന്നു.

6. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രവർത്തനമുണ്ട്. ഗുജറാത്തിലെ വിവിധ മേഖലകളിലും

ഗോവ, കൊങ്കൺ, ഭിലായ്, ബാംഗ്ലൂർ, പൂനെ എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളായ യു.കെ., ബഹറിൻ, ഒമാൻ, യു.എസ്.എ. എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നോർക്ക വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തനങ്ങൾ വിപുലമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. 2015 ജനുവരി മാസത്തിൽ നടക്കുന്ന ഗ്ലോബൽ എൻ.ആർ.കെ. മീറ്റിനോടനുബന്ധിച്ച് സംസ്ഥാനത്തെ വികസന സംരംഭങ്ങളിൽ പ്രവാസികളെ പങ്കാളികളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ചർച്ച ചെയ്യുന്നുണ്ട്.

8. വിദേശ രാജ്യങ്ങളിൽ പ്രവാസി കലാമേളകൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.

9. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സുഗമമായ നടത്തിപ്പിന് ഇന്ത്യൻ എംബസ്സികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

**ക്ലീൻ കേരള കമ്പനി**

120 (1556) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പുതുതായി രൂപീകരിച്ച ക്ലീൻ കേരള കമ്പനി ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ;

(ബി) കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അറുപത്തഞ്ച് നഗരസഭകളിലെ നിരത്തുകളിലും മറ്റു സ്ഥാപനങ്ങളിലും ആരും ശേഖരിക്കാതെ ചിതറികിടക്കുകയായിരുന്ന 55 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ കിലോയ്ക്ക് രണ്ട് രൂപാ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കി ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിൽനിന്ന് ഇ-മാലിന്യം കിലോക്ക് 5 രൂപാ നിരക്കിൽ നൽകി ഏറ്റവും അപകടകാരിയായ ട്യൂബ്ലൈറ്റ്, സി.എഫ്.എൽ. ഉടങ്ങിയ മാലിന്യങ്ങൾ ഉൾപ്പെടെ ശേഖരിച്ച് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള സ്ഥാപനത്തിലൂടെ

ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യുന്ന പദ്ധതി ആരംഭിക്കുകയും ഇതുവരെ 30 (മുപ്പത്) ടൺ ഇ-മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണത്തിനായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 1. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെപ്പ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതി.

2. ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാവുന്ന സി.എൻ.ജി. ബോട്ട്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കൽ.

3. പൊതുനിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ലക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/ പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കി കൊണ്ട് പരസ്യ ബോർഡുകൾ സ്ഥാപിക്കലും അവയുടെ പരിപാലനവും.

4. സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ ശുചിത്വ പരിപാലനം ഏറ്റെടുക്കുന്ന പദ്ധതി.

**പൊന്നാനി നഗരസഭയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുമതി**

121 (1557) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി നഗരസഭയിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാണ് നിലവിൽ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ പ്രത്യേക പദ്ധതികൾ ഏതെങ്കിലും അനുവദിച്ചിട്ടുണ്ടോ ; അവയുടെ തുകയും വിശദമാക്കാമോ ;

(സി) സമഗ്ര കുടിവെള്ള പദ്ധതിക്ക് കേന്ദ്ര ധനസഹായത്താൽ ഫണ്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് ഗുണഭോക്തൃവിഹിതമായി നഗരസഭ തുക അടയ്ക്കേണ്ടതുണ്ടോ ; എങ്കിൽ അത് അടച്ചിട്ടുണ്ടോ ; എത്രയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തുക കണ്ടെത്താൻ സംസ്ഥാന സർക്കാർ നഗരസഭയ്ക്ക് ഫണ്ട് അനുവദിക്കുമോ ?

<u>ഉത്തരം</u>

(എ) സ്വർണ്ണജയന്തി ഷഹാരി റോസ്ഗാർ യോജന (SJSRY) സംയോജിത

ഭവന നിർമ്മാണ ചേരിവികസന പദ്ധതി (IHSDP) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. കൂടാതെ MSDP പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിനായി 2.49 കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

## ഉറവിട മാലിന്യ സംസ്കരണ പദ്ധതി

122(1558) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ ജീർണ്ണനം നടക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് നഗരസഭകൾക്ക് ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം നഗരസഭകൾക്ക് സാമ്പത്തിക സഹായം നൽകിയെന്നത് വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ പല തദ്ദേശസ്ഥാപനങ്ങളിലും പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ പറ്റാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

### ഉത്തരം

(എ)1. പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിലേക്കായി പരിസ്ഥിതി ദിനമായ ജൂൺ 5 മുതൽ ഒരു ക്യാമ്പയിൻ ശുചിത്വമിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

2. 13 സംഘടനകളെ കണ്ടെത്തി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഒരു വർക്ക്ഷോപ്പ് നടത്തി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

3. മാലിന്യം കൈകാര്യം ചെയ്യുന്നതിലേക്കായി ഓരോ ജില്ലയിലും 3 റിസോഴ്സ്പേഴ്സണെ കണ്ടെത്തി പരിശീലനം നൽകിയിട്ടുണ്ട്.

4. ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണം നടത്തുന്നതിന് വേണ്ടിയും അജൈവ മാലിന്യങ്ങൾ പുനഃചംക്രമണം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും തായ്ക്കോണ്ടോ അസോസിയേഷൻ മുഖേന നടപ്പിലാക്കുന്ന 'Dare to Clean Challenge' എന്ന പദ്ധതിക്ക് സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. ഈ പരിപാടിയിൽ മുഴുവൻ സിനിമാതാരങ്ങളും സിനിമാ വ്യവസായവും നല്ല രീതിയിൽ യോജിച്ച് പ്രവർത്തിച്ചു വരുന്നു. ആയതിനുവേണ്ടി പ്രതിഫലം കൂടാതെ പ്രമുഖ സിനിമാ താരങ്ങൾ പരസ്യങ്ങളിൽ അഭിനയിക്കുകയും ചെയ്തിരുന്നു.

5. ഡിസംബർ 4-ന് സമൂഹത്തിലെ വിവിധ തരത്തിലുള്ള ആളുകളെ ഉൾപ്പെടുത്തി അഭിപ്രായ സ്വരൂപീകരണത്തിനും സന്നദ്ധ പ്രവർത്തനത്തിനുമുള്ള സഹകരണം ഉറപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പത്തനംതിട്ട ഒഴികെയുള്ള മുഴുവൻ നഗരസഭകൾക്കും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് ഒന്നാംഘട്ട സാങ്കേതികാനുമതിയും അർഹമായ സർക്കാർ സാമ്പത്തിക സഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാണ് കേന്ദ്രീകൃത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ പദ്ധതി രൂപീകരിച്ച് നടപ്പാക്കി വന്നിരുന്നത്. എന്നാൽ മാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിക്കാത്തതുമൂലം കേന്ദ്രീകൃത പ്ലാന്റുകളിലെത്തുന്ന മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാൻ കഴിയാതെ വരുന്നു. ഈ പ്രശ്നങ്ങൾ മുൻനിർത്തി ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്രാമുഖ്യം നൽകി വരുന്നു. അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി സെൻട്രലൈസ്ഡ് സംവിധാനത്തിൽ കൊണ്ടുവരികയും ആയത് തരംതിരിച്ച് റീസൈക്ലേഴ്സിന് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കേന്ദ്രീകൃത സംവിധാനത്തിൽ എത്തുന്നതുമൂലം കീടങ്ങളും ദുർഗന്ധവും ഒഴിവാക്കാൻ കഴിയും.

**നഗരസഭകളിലെ പദ്ധതി രൂപീകരണം**

123 (1559) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും

ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിലെ പദ്ധതി രൂപീകരണത്തിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ ആണ് പുറപ്പെടുവിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(ബി) നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നവീനങ്ങളായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ ഉപയോഗപ്പെടുത്തി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇത് എത്ര നഗരസഭകളിൽ നടപ്പിലാക്കാനാണ് ആലോചിക്കുന്നത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) 16-11-2013-ലെ സ.ഉ (എംഎസ്.) 362/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയനുസരിച്ചാണ് നഗരസഭകൾ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. വിശദാംശങ്ങൾ പ്രസ്തുത ഉത്തരവിൽ ലഭ്യമാണ്.

(ബി) 1. പ്ലിന്ത് ഏര്യ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി പരിഷ്കരണം നഗരസഭകളിൽ നടപ്പിലാക്കി.

2. പരസ്യ നികുതി പരിഷ്കരിക്കുവാൻ മോഡൽ നിയമാവലി എല്ലാ നഗരസഭകൾക്കും അയച്ചുകൊടുത്ത് പരസ്യ നികുതി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ നഗരസഭകൾക്കും നൽകിയിട്ടുണ്ട്.

3. വിനോദ നികുതി ചോർച്ച തടയുവാൻ സിനിമാ തീയേറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. സ്വകാര്യ സംരംഭകരെ പങ്കെടുപ്പിച്ച് പി.പി.പി. മാതൃകയിൽ വരുമാന ദായകമായ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ ഉപയോഗപ്പെടുത്തി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരിയിൽ 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപ സംഗമം നടത്തുകയും കേരളത്തിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത സംഗമത്തിൽ 29 തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നായി 80 പദ്ധതികൾ

നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ നടത്താമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുന്നതിനായി സർക്കാർ പാർട്ട്ണർ കേരള മിഷൻ രൂപീകരിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്.

## പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പദ്ധതി

124 (1560) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇതിനുവേണ്ടി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) ഇത്തരം സംസ്കരണ കേന്ദ്രങ്ങളിൽ വേണ്ടതായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ-സൈക്ലിംഗ്‌വഴി പുനരുപയോഗം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പഞ്ചായത്ത് തലത്തിലും നഗരസഭാ തലത്തിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിവരുന്നു. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് കവറുകൾ റീ-സൈക്ലിംഗിനും റോഡ് ടാറിംഗിനും ഉപയോഗപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്. റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗവും ക്ലീൻ കേരള കമ്പനിയും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സിമന്റ് പ്ലാന്റുകളിലെ നിർമ്മാണ ചൂളകളിൽ കൽക്കരിയോടൊപ്പം ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് സഞ്ചികൾ ഇന്ധനമായി ഉപയോഗിക്കാൻ ദേശീയ തലത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ആയത് കേരളത്തിൽ നടപ്പിലാക്കാൻ പാലക്കാട്ടെ മലബാർ സിമന്റ്സ് നടപടി എടുത്തു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി ( MRF) ഉണ്ടാക്കി അവിടെ സംഭരിക്കാനും സ്ക്രാപ് ഡീലർമാർവഴി അവ പുനഃചംക്രമണത്തിന് നൽകാനും ശുചിത്വമിഷന്റെ ജില്ലാ ഓഫീസുകൾവഴി നടപടി എടുത്തുവരുന്നു. നഗരസഭാ പ്രദേശങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിവഴി ശേഖരിച്ച് പുനഃചംക്രമണത്തിനായി

കൈമാറാനും നടപടി എടുത്തിട്ടുണ്ട്.

(ബി) ശുചിത്വമിഷനും ക്ലീൻ കേരള കമ്പനി ലിമിറ്റഡും മുഖേനയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) ഉണ്ട്.

**ഉറവിടമാലിന്യ സംസ്കരണ പദ്ധതി**

125 (1561) ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉറവിട മാലിന്യ സംസ്കരണത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ;

(ബി) ഇതിനായി നടപ്പിലാക്കിയ വൻകിട പദ്ധതികളിൽ ഏതെങ്കിലും പ്രവർത്തനക്ഷമമായിട്ടുണ്ടോ ;

(സി) പ്രസ്തുത മേഖലയിൽ സംസ്ഥാനം അലോട്ട് ചെയ്ത 100 കോടി പദ്ധതിയിൽ എന്ത് തുക ചെലവാക്കുകയുണ്ടായി ; ക്ലീൻ കേരള കമ്പനിക്ക് ഇതിനകം പിരിച്ച ഷെയറുകൾ എത്ര ; എന്ത് തുകയുടെ ബിസിനസ് ഇതിനകം നടത്തുകയുണ്ടായി ;

(ഡി) മാലിന്യ നിർമ്മാർജ്ജനത്തിന് ഉറവിടമാലിന്യ സംസ്കരണത്തിന്റെ പ്രസക്തി ഉയർത്തിപ്പിടിച്ച് സി.പി.ഐ. (എം.) സംഘടിപ്പിച്ചിട്ടുള്ള ശുചിത്വകേരളം കാമ്പെയിൻ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ഇ) ജനസാന്ദ്രത വളരെ ഉയർന്നതും ഭൂമിയുടെ ലഭ്യത കുറഞ്ഞതുമായ നമ്മുടെ സംസ്ഥാനത്തിനിണങ്ങിയ മാലിന്യ സംസ്കരണ പദ്ധതികൾ ഏത് തരത്തിലുള്ള വയാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൻകിട പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

(സി) സംസ്ഥാനം അനുവദിച്ച 100 കോടി രൂപയിൽ 49.89 കോടി രൂപ

ഉറവിട മാലിന്യസംസ്കരണ പദ്ധതികൾക്കും 28.62 കോടി രൂപ ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിനുമായി ചെലവഴിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിക്ക് ഇതിനകം 1000 രൂപ മൂല്യമുള്ള 47001 ഓഹരികളിൽ നിന്നായി 47001000 രൂപയുടെ മൂലധനമുണ്ട്. കമ്പനി ഇതിനോടകം 511458 രൂപയുടെ ബിസിനസ് നടത്തിയിട്ടുണ്ട്.

(ഡി) മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശിയമായിട്ടുള്ള ജനകീയ കമ്മിറ്റിയിലൂടെയോ രാഷ്ട്രീയപാർട്ടികൾ സംഘടിപ്പിക്കുന്ന ക്യാമ്പെയിനിലൂടെയോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ് എന്നതാണ് സർക്കാർ നിലപാട്.

(ഇ) ജനസാന്ദ്രത വളരെ ഉയർന്നതും ഭൂമിയുടെ ലഭ്യത കുറഞ്ഞതുമായ സംസ്ഥാനത്ത് പരിസ്ഥിതിക്ക് കോട്ടം വരാത്തരീതിയിൽ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിനും ഉറവിട മാലിന്യസംസ്കരണത്തിനും പ്രാധാന്യം നൽകുന്ന രീതിയാണ് അനുയോജ്യമെന്ന് കാണുന്നത്. അതിനോടൊപ്പം ശേഷിക്കുന്ന സ്ഥലങ്ങളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കാനുള്ള സംവിധാനവും അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്നതിന് ഉതകുന്ന റിസോഴ്സ് റിക്കവറി സെന്ററുകളും വഴിയുള്ള പൊതുമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താനും നടപടി എടുത്തുവരുന്നു.

**എം.എസ്.ഡി.പി. കുടിവെള്ള പദ്ധതി**

126 (1562) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഹുമുഖ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കുപ്പാടിത്തറ, പടിഞ്ഞാറേത്തറ വില്ലേജുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്.

(ബി) പദ്ധതി പൂർത്തീകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ പമ്പിംഗ് നടത്തി കൊണ്ടിരിക്കുകയാണ്.

(സി) പണി പൂർത്തീകരിച്ചിട്ടുണ്ട്.

**നഗരപ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനം**

127 (1563) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശ രാജ്യങ്ങളിലെ വിവിധ വൻ നഗരങ്ങളിലെ ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് സമാനമായ പദ്ധതികൾ കാലതാമസം കൂടാതെ ഇവിടെ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കി വരുന്നു. ആയതിന്റെ നിർവ്വഹണത്തിലേക്കായി ഉയർന്നതോതിൽ സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പ്ലാന്റുകളുള്ള നഗരസഭകളിൽ ആയവ കുറ്റമറ്റതാക്കി ആധുനിക രീതിയിലാക്കുന്നതിനും 100% സാമ്പത്തിക സഹായം നൽകി വരുന്നു. മാലിന്യം ഉറവിടത്തിൽതന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണിപ്പോൾ നടത്തി വരുന്നത്.

(ബി) യൂറോപ്യൻ യൂണിയനും ബ്രിട്ടനും നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത

ഉറവിട മാലിന്യ സംസ്കരണ പദ്ധതികളും യൂറോപ്യൻ യൂണിയനും ജർമ്മനി പോലുള്ള രാജ്യങ്ങളും നടപ്പിലാക്കിവരുന്ന അജൈവമാലിന്യങ്ങളുടെ പുനഃചംക്രമണ പദ്ധതിയും ഇവിടെ നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ട്.

**കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ & ഡെവലപ്മെന്റ്) നിയമം**

128 (1564) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ &ഡവലപ്മെന്റ്) നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഇതിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ&ഡവലപ്മെന്റ്) ബിൽ നിയമമായിട്ടില്ല. സമീപകാലത്ത് ഫ്ലാറ്റ് നിർമ്മാണ രംഗത്ത് ഉടലെടുത്ത വിവാദങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഈ രംഗത്തെ തട്ടിപ്പും വെട്ടിപ്പും നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളുടെ താത്പര്യം സംരക്ഷിക്കുന്നതിനും ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനും ധനവിനിയോഗം നിയന്ത്രിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് റിയൽ എസ്റ്റേററ് അതോറിറ്റിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുള്ളതായി ബഹു. മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയുള്ളതും കക്ഷികളും കെട്ടിട നിർമ്മാതാക്കളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പര്യാപ്തവുമായ അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

**കേരള സുസ്ഥിര നഗരവികസന പദ്ധതി**

129 (1565) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015 സാമ്പത്തിക വർഷം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി വിവിധ നഗരസഭകളുടെ ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകളാണ് സമർപ്പിച്ചത് ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനോടകം അംഗീകാരം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ബാക്കിയുള്ള പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-2015 സാമ്പത്തിക വർഷം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന കേന്ദ്ര സർക്കാരിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**പൊതുസ്ഥലങ്ങളിലെ പരസ്യപ്രദർശനം**

130 (1566) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് അടുത്ത കാലത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽനിന്നും ലഭിക്കുന്ന വരുമാനം ആർക്കൊക്കെ വീതിച്ചുനൽകുന്നതിനാണ് തീരുമാനം എടുത്തിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത നടപടിമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുമെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതുസ്ഥലങ്ങൾ കയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്ത് പകരം സംവിധാനം ഏർപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. പൊതു നിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ലക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ /റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിലും അഞ്ചു വർഷത്തെ പ്രാഥമിക കാലയളവിലേക്ക് കെ.എസ്.ഇ.ബി.-യുമായി കരാറിലേർപ്പെട്ടുകൊണ്ട് തുടർനടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

2. പൊതുനിരത്തുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് മുമ്പ് കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതികൂടി ക്ലീൻ കേരളാ കമ്പനി നേടേണ്ടതും സുരക്ഷാ കാരണങ്ങളാൽ ഇലക്ട്രിക്ക് പോസ്റ്റിൽ പ്രദർശിപ്പിച്ചിട്ടുള്ള ബോർഡുകൾ നീക്കം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ഇല്ക്ട്രിസിറ്റി ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(ബി) 6-11-2014-ലെ സ.ഉ (കൈ) നമ്പർ 194/2014/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പരസ്യ നികുതി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട നികുതി കഴിച്ചുള്ള തുകയുടെ 20 ശതമാനം ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പൊതു നിരത്തുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്ത് നിയമാനുസൃതം പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്.

**കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ**

131 (1567) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പേമെന്റ് ഓഫ് സാലറി സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിലവിലുള്ള 90429/2013/Fin. dated, 17-10-2013, 66517/2013/Fin. Dev. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 90429/WW1/Fin. No. അനൗദ്യോഗിക കുറിപ്പു പ്രകാരം ലഭിച്ച ശ്രീ. കുട്ടി അഹമ്മദ് കുട്ടി കമ്മിറ്റി റിപ്പോർട്ട് ശുപാർശയായ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി മുഖാന്തരം നൽകുന്നത് സംബന്ധിച്ച വിഷയം U.O. (f) 14913/Dev.3/2014/Fin. പ്രകാരം ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

മുനിസിപ്പൽ കോമൺ സർവ്വീസിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന മീറ്റിംഗിന്റെ മിനിട്ട്സാണ് 66517/Dev.3/2013 നമ്പർ പ്രകാരം ധനവകുപ്പിന് ലഭിച്ചിട്ടുള്ളത്.

(ബി) കണക്കാക്കിയിട്ടുണ്ട്. മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിയാൽ പ്രതിവർഷം 210 കോടി രൂപ സർക്കാരിന് അധിക ബാധ്യതയുണ്ടാകും. എന്നാൽ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നിലവിൽ സർക്കാർ നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിൽനിന്നും ഈ തുക തട്ടിക്കിഴിച്ചാൽ സർക്കാരിന് 5.32 കോടി രൂപയുടെ അധിക ബാധ്യതയാണ് ഉണ്ടാകുന്നത്. 2013-14 വർഷത്തിൽ ജനറൽ പർപ്പസ് ഫണ്ടായി കോർപ്പറേഷനുകൾക്കും നഗരസഭകൾക്കുമായി അനുവദിച്ചത് 204.68 കോടി രൂപയാണ്.

## പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ

132 (1568) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4 (2) (എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം സംസ്ഥാനത്തെ നഗരസ്വഭാവം ആർജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കാവുന്നതും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്നതുമാണ്. ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (2) ഖണ്ഡപ്രകാരം ഒരു സ്ഥലത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം.

## കൊല്ലം വികസന അതോറിറ്റി

133 (1569) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം വികസന അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൊല്ലം വികസന അതോറിറ്റി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ, പ്രോജക്ടുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതികൾക്ക് 2014-15 സാമ്പത്തികവർഷം അനുവദിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 3-4-2013-ലെ സർക്കാർ ഉത്തരവ് G.O (M.S) No. 142/2013/LSGD പ്രകാരം പുനഃസ്ഥാപിക്കപ്പെട്ട കൊല്ലം വികസന അതോറിറ്റിയുടെ ആസ്തി ബാധ്യതകൾ കൊല്ലം കോർപ്പറേഷനിൽ നിന്നും കൈമാറി വരികയാണ്. കൊല്ലം വികസന അതോറിറ്റിയുടെ ആണ്ടാമുക്കത്തെ, ചിന്നക്കടയോട് ചേർന്നുള്ള വസ്തുവിൽ ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടായ 5 കോടി രൂപ ചെലവാക്കി ഒരു വ്യാപാര സമുച്ചയം ആരംഭിക്കുന്നതിനു കിറ്റ്കോ-യെ ചുമതലപ്പെടുത്തുകയും പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്. കൂടാതെ വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും ചെറുകിട വ്യവസായ സംരംഭവും പ്രദർശനവും-താമരക്കുളം പ്രോജക്ട് PPP മോഡൽ പദ്ധതിയായ Partner Kerala Mission-ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആദ്യത്തെ 4 പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) 2014-15-ൽ താഴെപ്പറയുന്ന പ്രോജക്ടുകളാണ് അനുമതിക്കായി സമർപ്പിച്ചിരുന്നത് :

1. വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും, ചെറുകിട വ്യവസായ സംരംഭവും പ്രദർശനവും-ആണ്ടാമുക്കം താമരക്കുളം.

2. പായിക്കട വാണിജ്യ പ്രദേശ പുനരുദ്ധാരണം- ഫേസ് 1.

3. പബ്ലിക്ക് ലൈബ്രറിയുടെ എതിർഭാഗത്തായി മൊബിലിറ്റി ഹബ്.

4. മാർക്കറ്റ് വികസനം-തൃക്കടവൂർ ഗ്രാമ പഞ്ചായത്ത്

5. ഓഷ്യനേറിയം-കൊല്ലം ബീച്ച് പരിസരം.

6. റോഡ് വികസനം (ആർ.ഒ.ബി., എസ്.പി. ഓഫീസ് മുതൽ താമരക്കുളം-പണ്ടകശ്ശാല പാലം-വാടി വഴി കച്ചേരിമുക്ക്).

7. ജംഗ്ഷൻ മെച്ചപ്പെടുത്തൽ സ്കീം. -ഹൈസ്കൂൾ ജംഗ്ഷൻ

8. ജംഗ്ഷൻ മെച്ചപ്പെടുത്തൽ സ്കീം - കടപ്പാക്കട ജംഗ്ഷൻ

തൻ വർഷത്തെ പ്രോജക്ടുകളോടൊപ്പം 2015-സാമ്പത്തിക വർഷം കൊല്ലം വികസന അതോറിറ്റി പള്ളിത്തോട്ടത്ത് വിലയ്ക്ക് വാങ്ങിയ 5 ഏക്കർ വസ്തുവിൽ 3.5 ഏക്കറോളം വസ്തു ഭവന നിർമ്മാണ പദ്ധതിക്കായി വിലയ്ക്ക് നൽകിയിട്ടുള്ളത് കഴിച്ച് ഉപയോഗ്യശൂന്യമായി കിടക്കുന്ന സ്ഥലത്ത് ഫ്ലാറ്റ് സമുച്ചയം പണിയുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) മേൽ പദ്ധതികളിൽ 2014-15-ൽ ആണ്ടാമുക്കം വ്യാപാര സമുച്ചയം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര ഓഫീസ്, വിപണന സമുച്ചയവും മൾട്ടിപ്ലക്സ് കൺവെൻഷൻ സെന്ററും ചെറുകിട വ്യവസായ സംരംഭവും പ്രദർശനവും-താമരക്കുളം പ്രോജക്ട് PPP മോഡൽ പദ്ധതിയായ Partner Kerala Mission-ന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ആദ്യത്തെ 4 പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി&ഇ) പ്രസ്തുത പദ്ധതികൾക്കായി 8-10-2014 തീയതിയിലെ G. O. (Rt) No.2601/2014/LSGD ഉത്തരവ് പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്നും ലഭിക്കുകയും Ways and means clearance ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപടിക്ക് സ്റ്റേ

134 (1570) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മുനിസിപ്പാലിറ്റികളുടെയും നഗരസഭകളുടെയും ഏതെങ്കിലും നടപടി സർക്കാർ സ്റ്റേ ചെയ്യുകയോ റദ്ദ് ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏതെല്ലാം നടപടികളാണ് സ്റ്റേ ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റിയുടെ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയുള്ള നടപടികളാണ് സർക്കാർ സ്റ്റേ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാവുന്ന പദ്ധതികൾ

135 (1571) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാവുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പാർട്ണർ കേരള സംഗമത്തിൽ എത്ര തദ്ദേശ സ്ഥാപനങ്ങൾ എത്ര പദ്ധതികൾ മുന്നോട്ടു വയ്ക്കുകയുണ്ടായി ; പങ്കാളിത്തത്തിനായി മുന്നോട്ട് വന്ന സ്വകാര്യ നിക്ഷേപകർ എത്രയാണ് ;

(സി) ഏതെല്ലാം തദ്ദേശസ്ഥാപനങ്ങൾ ഏതെല്ലാം ഭൂമിയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഇതിനകം മുന്നോട്ട് വന്നിട്ടുണ്ട് ;

(ഡി) പങ്കാളിത്ത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

1. Waste Management
2. Shopping Complex, Convention Centres, Multiple Cinema Hall.
3. Sewarage
4. Amusement Park
5. Flyover Bridges & Parking lots
6. Markets
7. Bust Terminals
8. Comfort Station
9. Parks, Town Beautification & Street light.
10. Hoardings

(ബി) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 90 പദ്ധതികൾ നിക്ഷേപകർക്ക് പരിചയപ്പെടുത്തുകയും അതിൽ നിക്ഷേപ സാദ്ധ്യതയുള്ള 80 പദ്ധതികൾക്ക് 104 നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ച് മുന്നോട്ടു വരികയുമുണ്ടായി.

(സി) വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേരളത്തിലെ നഗരസഭകളിൽ ഭൂരിഭാഗവും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. നഗരസഭകൾക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കാൻ സാധിക്കാതെ വരുന്നതിനാൽ നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ വികസന പദ്ധികൾക്കായി സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഫണ്ട് കണ്ടെത്തി നഗരസഭകളുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിക്ഷേപകർക്ക് നഗരസഭകളിലെ നിക്ഷേപ സാദ്ധ്യതകൾ പരിചയപ്പെടുത്തുന്നതിനായാണ് പാർട്ട്ണർ കേരള നിക്ഷേപക സംഗമം സംഘടിപ്പിച്ചിട്ടുള്ളത്. നഗരസഭകളുടെ കൈവശമുള്ള വസ്തുക്കളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പദ്ധതികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പാക്കുന്നതിന് ആവശ്യമായ സാമ്പത്തിക ഭദ്രത നഗരസഭകൾക്ക് ഇല്ലാത്തതിനാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ചെറുതും വലുതും ഉൾപ്പെടെ ആകർഷകമായ പദ്ധതികൾ ഏറ്റെടുത്തു നടത്തുകവഴി നഗരസഭകളുടെ പൊതുവായ ഉന്നമനമാണ് ലക്ഷ്യമാക്കുന്നത്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി താജ് ഗേറ്റ്വേയിൽ വച്ച് നിക്ഷേപക സംഗമത്തിൽ 400-ഓളം നിക്ഷേപകർ പങ്കെടുക്കുകയും 90 പദ്ധതികൾ നിക്ഷേപകർക്ക് പരിചയപ്പെടുത്തുകയും അതിൽ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾക്ക് (4868.79 കോടി രൂപ) നിക്ഷേപകർ താൽപര്യം പ്രകടിപ്പിക്കുകയും 104 നിക്ഷേപകർ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ ചർച്ചകൾ ആകാമെന്ന് താൽപര്യ പത്രം നൽകുകയും ചെയ്തിട്ടുണ്ട്.

**നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം**

136 (1572) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹായമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്. നഗരവികസനവുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനായി 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്തമേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് 'അർബൻ 2020' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഇതിലേക്കായി 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾക്ക് ഈ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) ഈ പദ്ധതിക്ക് നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**ക്ലീൻ കേരള കമ്പനി**

137 (1573) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവമാലിന്യങ്ങൾ സംസ്കരിക്കുവാനോ നിർമ്മാർജ്ജനം ചെയ്യുവാനോ എന്തെങ്കിലും പദ്ധതികൾ ക്ലീൻ കേരള കമ്പനി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെ എന്ന് വിശദമാക്കാമോ ;

(സി) ശാസ്ത്രീയമായി സംസ്കരിക്കുമെന്ന് ഉറപ്പുള്ള ഏജൻസികൾ മുഖേനയാണോ ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഇങ്ങനെ ഒരു തീരുമാനം എടുക്കുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവമാലിന്യങ്ങളിൽനിന്നും സി.എൻ.ജി. ഉൽപാദിപ്പിച്ച് അവ സിലിണ്ടറുകളിൽ നിറച്ച് പാചക വാതകമായി ഗാർഹിക ഉപയോഗത്തിനും ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയുടെ ഉപയോഗത്തിനും വിതരണം ചെയ്യുന്ന പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(സി) അതെ.

(ഡി) നഗരമാലിന്യങ്ങളിൽ 50 ശതമാനത്തോളം വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-മാലിന്യങ്ങളും സംസ്കരിക്കുന്നതിന് സംസ്ഥാനത്ത് ഒരു പദ്ധതിയും നിലവിൽ ഉണ്ടായിരുന്നില്ല. അവ ദിനംപ്രതി വർദ്ധിച്ച് വരുന്ന സാഹചര്യവും അവയുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി സംസ്ഥാനത്ത് മറ്റൊരു പദ്ധതിയും നിലവിലില്ലാത്ത സാഹചര്യവും കണക്കിലെടുത്താണ് ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകിയത്.

## ക്ലീൻ കേരള കമ്പനിയുടെ മാലിന്യശേഖരണം

138 (1574) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള കമ്പനി എവിടെ നിന്നൊക്കെയാണ് പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നത് ;

(ബി) ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾക്ക് പ്രതിഫലം നൽകുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതു നിരക്കിലാണ് ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽനിന്നും 60 മുനിസിപ്പാലിറ്റികളിൽനിന്നുമാണ് ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നത്. കൂടാതെ സംസ്ഥാനത്തെ സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യങ്ങളും ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് കിലോഗ്രാമിന് രണ്ടുരൂപ നിരക്കിലും ഇ-മാലിന്യങ്ങൾക്ക് കിലോഗ്രാമിന് അഞ്ചു രൂപ നിരക്കിലും പ്രതിഫലം നൽകുന്നു.

## സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ

139 (1575) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ തയ്യാറാക്കിയിട്ടുള്ള സംയോജിത ജില്ലാ വികസന രൂപരേഖ, മാതൃക ജില്ലാ പ്ലാനായി പഞ്ചായത്തിരാജ് റിപ്പോർട്ടിൽ ശ്രീ. മണിശങ്കർ അയ്യർ ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) കേരളത്തിലെ ഏതെല്ലാം ജില്ലകളിൽ പ്രസ്തുത മാതൃക നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(സി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത മാതൃക നടപ്പാക്കി കൊണ്ടിരിക്കുന്നത് ; ആയതിന്റെ പുരോഗതി സംബന്ധിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ തയ്യാറാക്കിയിട്ടുള്ള സംയോജിത ജില്ലാവികസന രൂപരേഖ ജില്ലാ പ്ലാനായി പരിഗണിക്കാവുന്ന 3 പദ്ധതികളിൽ ഒന്നായി ശ്രീ. മണിശങ്കർ അയ്യർ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സംയോജിത ജില്ലാ വികസന രൂപരേഖ ഘട്ടംഘട്ടമായി നടപ്പിലാക്കാൻ സർക്കാർ 1-2-2007-ലെ സ.ഉ (സാ) നമ്പർ 354/07/ ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ഒരു പൈലറ്റ് പദ്ധതിയായി കൊല്ലം ജില്ലയിൽ സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കുകയും അതോടൊപ്പംതന്നെ ഒന്നാംഘട്ടമായി ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലുംകൂടി വ്യാപിപ്പിക്കാൻ സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് സമിതി തീരുമാനിച്ചിട്ടുണ്ട്.

**സംസ്ഥാന ശുചിത്വമാസ ക്യാമ്പയിൻ**

140 (1576) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഒക്ടോബർ രണ്ട് മുതൽ നവംബർ ഒന്നു വരെ സംസ്ഥാന ശുചിത്വ മാസമായി ക്യാമ്പയിൻ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ;

(ബി) ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് കേരള നിയമസഭയിലെ പ്രതിപക്ഷ നേതൃസ്ഥാനത്തുള്ള ആരെയെല്ലാം പങ്കെടുപ്പിക്കുകയുണ്ടായി ;

(സി) ഈ പരിപാടിയുടെ ഉദ്ഘാടന ദിവസത്തെ പരസ്യ ചാർജ്ജ് ഉൾപ്പെടെ മൊത്തം പരസ്യ ചെലവ് എത്ര കോടിയായിരുന്നു ;

(ഡി) ഈ പരിപാടിക്ക് വേണ്ടി ചെലവാക്കിയ മൊത്തം തുക എത്ര ; ഇനം തിരിച്ച് വിശദമാക്കാമോ ;

(ഇ) പ്രസ്താവനകൾക്കും പരസ്യങ്ങൾക്കും അപ്പുറത്ത് ക്യാമ്പയിൻ വിജയിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി എന്തായിരുന്നു ; ഈ പരിപാടിക്ക് പൊതു സമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ സംസ്ഥാനതല യോഗം സർക്കാർ വിളിച്ച് ചേർക്കുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ടായിരുന്നു.

(ബി) ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് നിയമസഭാ പ്രതിപക്ഷ നേതാവിനെ ക്ഷണിച്ചിരുന്നെങ്കിലും പ്രസ്തുത ദിവസം അദ്ദേഹം സ്ഥലത്തുണ്ടാകില്ലായെന്ന് അറിയിച്ചിരുന്നു.

(സി) ഈ പരിപാടിയുടെ ഉദ്ഘാടന ദിവസത്തെ പരസ്യച്ചെലവ് ഉൾപ്പെടെ മൊത്തം പരസ്യച്ചെലവ് 0.20 കോടി രൂപയാണ്.

(ഡി) ഈ പരിപാടിക്കുവേണ്ടി നാളിതുവരെ ചെലവാക്കിയിട്ടുള്ളത് 9261362 രൂപയാണ്. ഇനം തിരിച്ച് വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) ആരോഗ്യം, ശുചിത്വം മേഖലകളിൽ സംസ്ഥാനം നാളിതുവരെ നേടിയ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുക, എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ഉറപ്പാക്കുക, മാലിന്യ സംസ്കരണ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രതിസന്ധി പൊതുജനപങ്കാളിത്തത്തോടെ പരിഹരിക്കുക എന്നീ ലക്ഷ്യങ്ങളോടെ ക്യാമ്പയിന്റെ പ്രധാന പ്രമേയങ്ങളും അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചും സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രാരംഭ പ്രവർത്തനങ്ങൾ, ഉദ്ഘാടനങ്ങൾ, സ്കൂൾ/കോളേജുതല പരിപാടികൾ, കുടുംബശ്രീ/തൊഴിലുറപ്പ് പദ്ധതി പരിപാടികൾ, അങ്കണവാടിതല പരിപാടികൾ, സ്വാപ് മേളകൾ, സ്ഥാപന ശുചിത്വ പരിപാടികൾ, ശുചിത്വ മേള, സാംസ്കാരിക പരിപാടികൾ, കുട്ടികൾക്കുവേണ്ടിയുള്ള മത്സരങ്ങൾ മുതലായവ പ്രധാന പരിപാടികളായി കർമ്മ പദ്ധതിയിൽ ചേർത്തിരുന്നു. ഈ പരിപാടി വിജയിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാർ, ജില്ല-ബ്ലോക്ക് ഗ്രാമ പഞ്ചായത്ത്, നഗരസഭാതല അസോസിയേഷൻ ഭാരവാഹികൾ, സ്കൂൾ/കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്., എസ്.പി.സി. പോലുള്ള സംഘടനകളുടെ സംസ്ഥാനതല മേധാവികൾ, പത്രപ്രവർത്തകർ എന്നിവരുടെ യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നു.

## മാലിന്യ സംസ്കരണ പ്ലാന്റുകൾ

141 (1577) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കുറ്റമറ്റതാക്കി ആധുനികവത്ക്കരിക്കുന്നതിന് എന്ത് നടപടിയാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളിൽ പ്രവർത്തിച്ച് വിജയമെന്ന് കണ്ട മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റ്, ഒരു മാതൃകാ പ്ലാന്റായി കൊച്ചിയിൽ സ്ഥാപിക്കാനായി കൈക്കൊണ്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; ഇത് എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കും ?

ഉത്തരം

(എ) പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്ന നഗരസഭകളുടെ പ്രോജക്ട് പരിശോധിച്ച് സാങ്കേതികാനുമതിയും 100 % സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു. ഇത്തരത്തിൽ നിലവിലുള്ള പ്ലാന്റുകൾ കുറ്റമറ്റതാക്കുന്നതിനും പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ പുതിയ ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നാളിതുവരെ പദ്ധതി തയ്യാറാക്കി സമർപ്പിച്ച 27 നഗരസഭകൾക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 100 % സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളിൽ പ്രവർത്തിച്ച് വിജയമെന്ന് കണ്ട് മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള പ്ലാന്റ് ഒരു മാതൃകാ പ്ലാന്റായി കൊച്ചിയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (PPP mode) സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാർ കൈക്കൊണ്ടു വരുന്നു. ആയതിന്റെ നിർവ്വഹണത്തിലേക്കായി കൊച്ചി നഗരസഭയെ ചുമതലപ്പെടുത്തുകയും ട്രാൻസാക്ഷൻ അഡ്വൈസറായി KITCO-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ നിർവ്വഹണത്തിലേക്കുള്ള Request for proposal (RFP) സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

**കായംകുളം സർക്കാർ ഐ.റ്റി.ഐ.-യ്ക്ക് ഭൂമി**

142 (1578) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ കായംകുളം നഗരസഭയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.റ്റി.ഐ.യ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി നഗരസഭ നൽകിയില്ലെങ്കിൽ അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്രവേശനം നടത്താൻ കഴിയുകയില്ല എന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കായംകുളം നഗരസഭ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദവിവരം ലഭ്യമാക്കാമോ ;

(സി) ഐ.റ്റി.ഐ.-യ്ക്ക് ആവശ്യമായ സ്ഥലം നഗരസഭയ്ക്ക് എന്നത്തേക്ക് കൈമാറാൻ കഴിയും എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സർക്കാർ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിന് കായംകുളം വില്ലേജിൽനിന്നും 46.36 ആർ സ്ഥലം സ്ഥലമേറ്റെടുക്കൽ നടപടിക്രമം പ്രകാരം ഏറ്റെടുക്കുന്നതിന് 16-9-2014-ലെ സ.ഉ. (സാധാ) നമ്പർ 4427/14/റവന്യൂ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ ചെലവുകൾക്കായി 25 ലക്ഷം രൂപ ജില്ലാ കളക്ടറുടെ വർക്ക് ഡിപ്പോസിറ്റ് അക്കൗണ്ടിലേക്ക് 2014 മാർച്ച് മാസത്തിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ, 50 ലക്ഷം രൂപ 2014-15 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്നതിന് ആലപ്പുഴ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.)-യെ ജില്ലാ കളക്ടർ നിയമിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാക്കി തുക ഒടുക്കുന്നതിന് നഗരസഭ പ്രാപ്തമാണ്.

(സി) സ്ഥലമേറ്റെടുക്കൽ നടത്തുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും കായംകുളം നഗരസഭ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കി സ്ഥലം നഗരസഭയ്ക്ക് കൈമാറുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം സർക്കാർ ഐ.ടി.ഐ. നിർമ്മാണത്തിനുവേണ്ടി ലഭ്യമാക്കുന്നതാണ്.

**കുടിവെള്ളം മാലിന്യവിമുക്തമാക്കാൻ നടപടി**

143 (1579) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീടുകളോടനുബന്ധിച്ചുള്ള കിണറുകൾ മിക്കവയും കക്കൂസുകളിൽനിന്നുള്ള മാലിന്യങ്ങൾമൂലം മലിനപ്പെടുന്നതായി പല പഠനങ്ങളും കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാനായി എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്ത് നഗരപ്രദേശങ്ങളിൽ സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ടാങ്കർ ലോറികളിൽ ശേഖരിച്ച് ചില അനധികൃത ഏജൻസികൾ ജലാശയങ്ങളിലും മറ്റും തള്ളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) എങ്കിൽ ഈ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ ആയത് അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും പരാതികൾ പരിഹരിക്കുകയും ചെയ്തു വരുന്നു.

(സി&ഡി) ഉണ്ട്. ഇത്തരത്തിലുള്ള അനധികൃത ടാങ്കറുകൾക്ക് സെപ്റ്റേജ് നൽകാതിരിക്കുന്നതിനായും ഈ വിഷയത്തിൽ പൊതുജന ശ്രദ്ധ ക്ഷണിക്കുന്നതിനായും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മാധ്യമങ്ങളിൽ സംസ്ഥാന വ്യാപകമായി പത്രപരസ്യം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അനധികൃത ടാങ്കർ ലോറികൾ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 340 (എ) (ബി) വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി നടപടി സ്വീകരിക്കാവുന്നതാണ്.

**പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച നടപടി**

144 (1580) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽനിന്നും വിരമിച്ച ഡോ. കെ. സുമയുടെ പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭ നടപ്പിലാക്കിയ നേത്രചികിത്സാ ക്യാമ്പിന്റെ പേരിൽ 3 വർഷമായി തടഞ്ഞുവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) നേത്രചികിത്സാ ക്യാമ്പിന് ചെലവാക്കിയ പ്ലാൻ ഫണ്ടിന് പകരം തനത് ഫണ്ട് സർക്കാരിലേക്കടയ്ക്കാൻ മുനിസിപ്പാലിറ്റി തീരുമാനിക്കുകയും അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച അനുമതി മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റേയും മുനിസിപ്പൽ തീരുമാനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 2009-10-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലും എ.ജി. ഓഡിറ്റ് റിപ്പോർട്ടിലും 53419 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് മാർഗ്ഗരേഖയ്ക്കു വിരുദ്ധമായതിനാൽ ഓഡിറ്റ് തടസ്സത്തിൽ വച്ചത് ശ്രദ്ധതിയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അന്ധതാ നിവാരണ പരിപാടി എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചതിനു തുല്യമായ തുകയായ 53419 രൂപ തനതുഫണ്ടിൽനിന്നും സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന് സർക്കാർ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നഗരസഭകളുടെ ഗ്രേഡ് ഉയർത്തിയതുമായി ബന്ധപ്പെട്ട അധിക തസ്തികകൾ**

145 (1582) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തി ഉത്തരവായതുമായി ബന്ധപ്പെട്ട് നഗരസഭകളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ പുതുതായി ആവശ്യമുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) തസ്തികകൾ കണക്കാക്കിയിട്ടില്ല.

(സി) പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

146 (1583) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള റോഡിന് (എം.എൽ.എ. റോഡ്) സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് കോഴിക്കോട് കോർപ്പറേഷൻ സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് സിവിൽ സ്റ്റേഷൻ മുതൽ ചെമ്പ്ര പാലം വരെയുള്ള ഭാഗത്ത് 200 മീറ്റർ ഒഴിവാക്കി ബാക്കി ഭാഗം ഏറ്റെടുക്കുന്നതിനായി 1,12,71,338 രൂപ (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപാ മാത്രം) നഗരസഭ 21-6-2011-ൽ എൽ.എ. തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. അതിൽ 5 ബ്ലോക്കുകളിലായി 84,79,872 (എൺപത്തിനാല് ലക്ഷത്തി എഴുപത്തൊൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തിരണ്ട് രൂപാ മാത്രം) രൂപയുടെ അവാർഡ് പാസ്സാക്കിയിട്ടുണ്ട്. ഇരുഭാഗത്തുനിന്നും ഒരേ രീതിയിൽ സ്ഥലം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ചില കക്ഷികൾ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസ് തീർപ്പാകാനുള്ള സാഹചര്യത്തിൽ പ്രസ്തുത സ്ഥലങ്ങൾ ഒഴികെയാണ് എടുത്തിട്ടുള്ളത്. കൂടാതെ, രണ്ട് റീ-സർവ്വേ നമ്പരുകളിൽ സബ് ഡിവിഷൻ റിക്കാർഡുകൾ പരിശോധിച്ചപ്പോൾ ഭൂമി കൂടുതലുള്ളതായി കാണപ്പെട്ടതിനാൽ പ്രസ്തുത ഭൂമി ഒഴിവാക്കിയാണ് അവാർഡ് പാസ്സാക്കിയിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിൽ ഫയലുകളൊന്നും നിലവിലില്ല.

## നഗരസഭകളിലെ അനധികൃത അറവുശാലകൾ

147 (1584) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല നഗരസഭകളിലും അനധികൃത അറവുശാലകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ നടത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) അറവുശാലകളിലെ മാലിന്യം ജലാശയങ്ങളിലും പൊതു സ്ഥലങ്ങളിലും തള്ളുന്നതുമൂലമുള്ള ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അത് തടയുന്നതിനുള്ള എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളിൽ ആധുനിക രീതിയിലുള്ള അറവുശാലകൾ പ്രവർത്തിക്കുന്നുണ്ട് ; ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട് ; ഈ തുക കൊണ്ട് എത്ര അറവുശാലകൾ സ്ഥാപിക്കുവാൻ സാധിക്കും ; വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് വീടുകളുടെ എണ്ണം കൂടുകയും വീട്ടിനുചുറ്റുമുള്ള സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞും വരുന്ന സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) അനധികൃത അറവുശാലകൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അനധികൃതമായി കശാപ്പ് നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുള്ളതും ആയതിന് എതിരെ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് കണ്ടുപിടിച്ചു നടപടി സ്വീകരിക്കുന്നതിന് നഗരസഭകളിൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി.-യ്ക്ക് വിധേയമായി സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള അറവുശാലകൾക്ക് മാത്രമേ പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുള്ളൂ. നഗരസഭകളിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ മുഖേന പീരിയോഡിക്കലായി പരിശോധനകൾ നടത്തി വരുന്നു.

(ഡി) തൃശ്ശൂർ കോർപ്പറേഷനിൽ ആധുനിക രീതിയിലുള്ള അറവുശാല പ്രവർത്തിക്കുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 20 നഗരസഭകളിൽ അറവുശാലകൾ സ്ഥാപിക്കുവാൻ നഗരസഭകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായാണ് സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്.

(ഇ) മൃഗങ്ങളുടെ കശാപ്പും മാംസ വിൽപ്പനയും നിയന്ത്രിക്കുന്നത് ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ 11-ാമത് ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ശാസ്ത്രീയമായി ആധുനിക അറവുശാലകൾ സ്ഥാപിക്കുവാൻ

സർക്കാർ പ്രത്യേക ധനസഹായം അനുവദിച്ചു വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം 50 ഗ്രാമപഞ്ചായത്തുകളെ ഇതിലേക്കായി തെരഞ്ഞെടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശാസ്ത്രീയമായ അറവുശാല നിർമ്മിക്കുന്നതിൽ സാങ്കേതിക സഹായം നൽകുവാൻ ശുചിത്വമിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം 23 നഗരസഭകൾക്ക് അറവുശാലകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപയും നഗരസഭകൾക്ക് അറവുശാലകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്.

## കൊയിലാണ്ടി നഗരസഭയിൽ വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ്

148 (1585) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നഗരസഭയിൽ വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റിനായി തീരദേശ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; നഗരസഭ ഡിവിഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട് ; തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ എത്ര ; പെർമിറ്റ് നൽകുന്നതിനുള്ള തടസ്സം എന്താണ് ;

(സി) തീർപ്പാക്കാത്തവയിലെ അപേക്ഷകർ ആരെല്ലാം ; പേര് വിവരം, മേൽവിലാസം എന്നിവ നഗരസഭ ഡിവിഷൻ തിരിച്ച് വിശദമാക്കാമോ ;

(ഡി) ഇവയിൽ CRZ നിയമം കാരണം പെർമിറ്റ് നൽകാൻ കഴിയാത്തത് ഏതെല്ലാം എന്ന് സ്പഷ്ടമാക്കാമോ ?

### ഉത്തരം

(എ) 26-1-2013-നുശേഷം 44 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഡിവിഷൻ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഒരെണ്ണം തീർപ്പാക്കിയിട്ടുണ്ട്. 43 അപേക്ഷകൾ അവശേഷിക്കുന്നു. അവയിൽ 18 അപേക്ഷകൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. മറ്റ് അപേക്ഷകരോട് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ സമർപ്പിക്കുവാനുള്ള അപേക്ഷ, പ്ലാൻ എന്നിവ ഹാജരാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) അപേക്ഷകരുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

149 (1586) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എത്ര സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളാണ് സ്ഥാപിക്കുന്നത് ;

(ബി) ഇവയിൽ ഏതെങ്കിലും പ്രവർത്തനക്ഷമമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണ് ;

(സി) ബാക്കിയുള്ളവ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 13 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.

(ബി) ഉണ്ട്. എറണാകുളം ബ്രഹ്മപുരത്ത് ഒരെണ്ണം പ്രവർത്തനക്ഷമമായിട്ടുണ്ട്.

(സി) എത്രയുംവേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്.

## നഗരങ്ങളിൽ പൊതുടോയ്‌ലറ്റുകൾ

150 (1587) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ പൊതു ടോയ്‌ലറ്റുകളുടെ അഭാവവും, ഉള്ളവയുടെ വൃത്തിഹീനതയും പൊതുജനങ്ങൾക്കുണ്ടാക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതു ടോയ്‌ലറ്റുകളുടെ നടത്തിപ്പ് ലേലം ചെയ്തു നൽകുന്നതുമൂലം ടോയ്‌ലറ്റ് പരിസരത്തു രൂപപ്പെടുന്ന അനാശാസ്യ നടപടികളും, വൃത്തിഹീനതയും, അമിതനിരക്ക് ഈടാക്കലും ഒഴിവാക്കാൻ കുടുംബശ്രീ പോലുള്ള ഏജൻസികളെ ഇവയുടെ നടത്തിപ്പ് ഏൽപ്പിക്കുന്നതിനും കൂടുതൽ പൊതു ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുമുള്ള സമഗ്രപദ്ധതി തയ്യാറാക്കി നടപ്പാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നഗരസഭകൾ സ്ഥാപിച്ചിട്ടുള്ള പൊതുശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും കൃത്യമായി മെയിന്റനൻസ് നടത്തുന്നതിനും കൂടുതൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും നഗരസഭകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**ജവഹർലാൽ നെഹ്റു നഗര നവീകരണ പദ്ധതി**

151 (1588) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ, ജവഹർലാൽ നെഹ്റു നഗര നവീകരണ പദ്ധതി (ജൻറം) പ്രകാരം എത്ര ബസുകൾ വാങ്ങിയിട്ടുണ്ട് ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ കൊല്ലം നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിശദാംശം കോർപ്പറേഷൻ തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ, ജവഹർലാൽ നെഹ്റു നഗര നവീകരണ പദ്ധതി (ജൻറം) പ്രകാരം 80 എ.സി. ലോ ഫ്ലോർ ബസുകളും 240 നോൺ എ.സി. ലോ ഫ്ലോർ ബസുകളും വാങ്ങിയിട്ടുണ്ട്. ഇതിനായി 127.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ജൻറം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കൊല്ലം നഗരത്തെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ജൻറം പദ്ധതിയുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് 400 ബസുകൾ വാങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുള്ള പദ്ധതിയിൽ കൊല്ലം നഗരവും ഉൾപ്പെട്ടിട്ടുണ്ട്. കൊല്ലം, ആലപ്പുഴ എന്നീ രണ്ട് നഗരങ്ങൾ ഉൾപ്പെടുന്ന ക്ലസ്റ്ററിന് 48 കോടി രൂപ അടങ്കലിൽ 30 എ.സി. ബസുകളും 70 നോൺ എ.സി. ബസുകളുമാണ് അനുവദിച്ചിട്ടുള്ളത്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് ബസ് സപ്ലൈ ചെയ്ത വകയിലെ ബാലൻസ് പേമെന്റ് ഇനത്തിൽ 4.64 കോടി രൂപ ചെലവായിട്ടുണ്ട്. 2008-09 മുതൽ 2012-13 വരെ അനുവദിച്ച തുകയിലെ നീക്കിയിരുപ്പിൽനിന്നുമാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്.

## നഗരങ്ങളിൽ ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി

152 (1589) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്ലാന്റുകളുടെ സവിശേഷതകൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പ്ലാന്റുകളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

### ഉത്തരം

(എ) നഗരമാലിന്യങ്ങൾ സംസ്കരിക്കുന്നതിലേക്കായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പി.പി.പി. അടിസ്ഥാനത്തിൽ എറണാകുളത്ത് ബ്രഹ്മപുരത്ത് മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തെർമൽ ടെക്നോളജിയിൽ അധിഷ്ഠിതമായ ഗ്യാസിഫിക്കേഷൻ, പൈറോളിസിസ്, പ്ലാസ്മ ഗ്യാസിഫിക്കേഷൻ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പരിസ്ഥിതിക്ക് ഇണങ്ങിയതും ദുർഗന്ധം വമിക്കാത്തതും മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്നതുമായ തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് നടപടി എടുത്തുവരുന്നത്.

(സി) ആദ്യഘട്ടമായി ബ്രഹ്മപുരത്ത് 300 ടൺ പ്രവർത്തനശേഷിയുള്ള ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് യോഗ്യതാ നിർണ്ണയ ദർഘാസ് (RFQ) ക്ഷണിക്കുന്ന ഘട്ടം വരെയായിട്ടുണ്ട്.

(ഡി&ഇ) ഉണ്ട്. ദർഘാസ് നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്ന പ്ലാന്റിൽനിന്നും ഉൽപാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ അളവുകളെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. പ്ലാന്റിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലാണ് ലഭ്യമാകുന്ന വൈദ്യുതിയുടെ അളവ് നിശ്ചയിക്കേണ്ടത്.

**ആറ്റിങ്ങൽ നഗരസഭയിലെ ഗതാഗതക്കുരുക്ക്**

153 (1590) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർച്ചയായി ഏറ്റവും നല്ല നഗരസഭയ്ക്കുള്ള പുരസ്കാരം ലഭിച്ചുവരുന്ന ആറ്റിങ്ങൽ നഗരസഭ ഇന്ന് അനുഭവിക്കുന്ന ഗുരുതരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ചില സമാന്തര റോഡുകൾ നവീകരിക്കാൻ ഒരു പ്രോജക്ട് ബഹു. മന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു. ഈ പദ്ധതിക്ക് അനുമതി നൽകാൻ നഗരവികസന ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുമോ ;

(ബി) കെ.എസ്.യു.ഡി.പി.-യുടെ വക പദ്ധതിയിൽ ആറ്റിങ്ങൽ നഗരസഭയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; നഗരസഭയുടെ മാർക്കറ്റ്, ചവർ സംസ്കരണ കേന്ദ്രം, മറ്റ് വികസന പദ്ധതികൾ എന്നിവയ്ക്ക് എന്തെങ്കിലും ഫണ്ട് അനുവദിക്കാൻ പദ്ധതിയുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) എ.ഡി.ബി-യുടെ ഉപ പദ്ധതിയായ കെ.എൽ.ജി.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2013 മാർച്ച് മാസത്തിൽ നഗരസഭകളുടെ റോഡ് നവീകരണത്തിനുള്ള പ്രോജക്ടുകൾ എ.ഡി.ബി. മുൻപാകെ സമർപ്പിച്ചിരുന്നു. ഇതിൽ ആറ്റിങ്ങൽ നഗരസഭയുടെ പദ്ധതിയും ഉൾപ്പെട്ടിരുന്നു. മൂല്യനിർണ്ണയ വേളയിൽ ചൂണ്ടിക്കാണിച്ച ചില ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നഗരസഭ ലഭ്യമാക്കിയിട്ടില്ല. ഇതിനിടയിൽ കെ.എൽ.ജി.ഡി.എഫ്.-മായി ബന്ധപ്പെട്ട 15 മില്യൻ ഡോളർ എ.ഡി.ബി. റദ്ദാക്കിയ സാഹചര്യത്തിൽ ഈ പദ്ധതിക്കായി ധനസഹായം അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(ബി) കെ.എസ്.യു.ഡി.പി. നോഡൽ ഏജൻസിയായ യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയിൻകീഴിൽ ആറ്റിങ്ങൽ നഗരസഭയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ അംഗീകരിച്ച 306 കോടി രൂപ അടങ്കലുള്ള ഒരു ഖരമാലിന്യ

സംസ്കരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രസ്തുത നഗരസഭയിൽ നടന്നുവരുന്നു. ആറ്റിങ്ങൽ നഗരസഭയുടെ മാർക്കറ്റ് നവീകരണത്തിന് 7.2 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതിയും രണ്ടാംഘട്ട ഖരമാലിന്യ സംസ്കരണ പരിപാടികൾക്കായി 6.31 കോടി രൂപ അടങ്കലുള്ള മറ്റൊരു പദ്ധതിയും യു.ഐ.ഡി.എസ്.എസ്.എം.റ്റി. ട്രാൻസിഷൻ ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും അവയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ല.

## പ്ലാസ്റ്റിക് ശേഖരണ ദിനാചരണം

154 (1592) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാന്ധി ജയന്തി ദിനമായ 2014 ഒക്ടോബർ 2 പ്ലാസ്റ്റിക് ശേഖരണ ദിനമായി ആചരിച്ചുകൊണ്ട് പരമാവധി പ്ലാസ്റ്റിക് ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറണമെന്ന സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള നടപടികൾ എത്ര നഗരസഭകൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(ബി) ഇപ്രകാരം നടപടികൾ സ്വീകരിക്കാത്ത നഗരസഭകൾ ഏതൊക്കെ ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ; പ്ലാസ്റ്റിക് ശേഖരിച്ച വകയിൽ നഗരസഭകൾക്ക് നൽകിയ തുകയുടെ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത സംവിധാനം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

| | | | |
|---|---|---|---|
| (എ) | നഗരസഭകൾ | - | 38 എണ്ണം |
| | കോർപ്പറേഷനുകൾ | - | 3 എണ്ണം |
| (ബി) | കോർപ്പറേഷൻ | - | കൊച്ചി, തൃശ്ശൂർ |
| | മുനിസിപ്പാലിറ്റികൾ | - | ചേർത്തല, തിരുവല്ല, വൈക്കം |

ആലുവ, കളമശ്ശേരി, കോതമംഗലം, പെരുമ്പാവൂർ, തൃക്കാക്കര, തൃപ്പൂണിത്തുറ, ഗുരുവായൂർ, ഇരിങ്ങാലക്കുട, നിലമ്പൂർ, കൂത്തുപറമ്പ്.

പ്ലാസ്റ്റിക് ശേഖരിച്ച വകയിൽ നഗരസഭകൾക്ക് നൽകിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്, ഇ-മാലിന്യ ശേഖരണം എന്നിവയുടെ പുരോഗതി

155 (1593) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരകാര്യ വകുപ്പിന്റെ പദ്ധതികളായ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്, ഇ-മാലിന്യ ശേഖരണം എന്നിവ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്താണ് കാരണം ;

(സി) നടപ്പിലാക്കിയവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് അവിടേക്ക് പ്ലാസ്റ്റിക് എത്തിച്ച് ഷ്രെഡ്ഡ് ചെയ്യുന്നതിന് ആവശ്യമായ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ആയതിനായി റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കാനും നടപടി എടുത്തിട്ടുണ്ട്. ഈ പ്ലാന്റുകൾ നിർവ്വഹണം നടത്തുന്നതിനുള്ള ഉത്തരവാദിത്തം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇത്തരത്തിലുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തി വരുന്നുണ്ട്.

## പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ ശേഖരിച്ച് നിർമ്മാർജനം ചെയ്യുന്നതിന് നടപടി

156 (1594) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുവാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ; എങ്കിൽ ഏതു വിധത്തിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇലക്ട്രോണിക് മാലിന്യങ്ങൾ ജനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(സി) അലക്ഷ്യമായ രീതിയിൽ വീടുകളിലും സ്ഥാപനങ്ങളിലും കുട്ടിയിട്ട് പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ട്യൂബ് ലൈറ്റുകളും സി.എഫ്.എൽ.-കളും ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തൊക്കെ പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) മൂന്നു മാസത്തിലൊരിക്കൽ സംസ്ഥാനത്തെ 14 കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനുള്ള ഒരു താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് വിജയമാകുന്ന പക്ഷം ഇതൊരു സ്ഥിരം സംവിധാനം ആക്കാനും ആലോചനയുണ്ട്.

(ബി) ഇലക്ട്രോണിക് മാലിന്യങ്ങൾ ജനങ്ങളിൽനിന്നും ശേഖരിക്കുന്നതിന് നഗരസഭകൾവഴി സംവിധാനം ഏർപ്പെടുത്തി വരുന്നു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണകേന്ദ്രം തുടങ്ങിയിട്ടുണ്ട്. മറ്റു നഗരങ്ങളിലും സംവിധാനം ഏർപ്പെടുത്തിവരുന്നു. മാസംതോറും ഇലക്ട്രോണിക് മാലിന്യങ്ങൾ വീടുകളിൽനിന്നും ശേഖരിക്കുവാനുള്ള സംവിധാനം ഒരുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്.

(സി) മറ്റു ഇ-മാലിന്യങ്ങളോടൊപ്പം 90:10 എന്ന അനുപാതത്തിൽ ട്യൂബ്‌ലൈറ്റുകളും സി.എഫ്.എൽ.-കളും ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനി ഇ-ടെണ്ടർ നടപടിവഴി തെരഞ്ഞെടുത്ത എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ധാരണയിലെത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി. സഹായം**

157 (1595) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.ബി. സഹായത്തോടെയുള്ള സുസ്ഥിരനഗരവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ഒന്നുംതന്നെ ലഭിക്കുന്നില്ല. എ.ഡി.ബി. വായ്പയാണ് ലഭിക്കുന്നത്.

(സി) കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1422.47 കോടി രൂപ അടങ്കലുള്ള ഒരു സുസ്ഥിര നഗരവികസന പദ്ധതി നടപ്പിലാക്കുന്നതിന് 221.2 മില്യൻ ഡോളർ വായ്പ അനുവദിക്കുന്ന ഒരു കരാറിൽ 8-12-2006-ൽ എ.ഡി.ബി.-യുമായി മുൻ സർക്കാർ ഒപ്പു വച്ചിട്ടുണ്ട്.

(ഡി) ശുദ്ധജല വിതരണം, ഖരമാലിന്യ/മലിനജല നിർമ്മാർജ്ജനം, വെള്ളക്കെട്ട് നിവാരണം, ഗതാഗതസൗകര്യ വികസനം, ദാരിദ്ര്യലഘൂകരണം, ദരിദ്രവിഭാഗങ്ങളുടെ ഉപജീവനകാര്യ വിപുലീകരണം തുടങ്ങിയ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി മാറ്റാനുള്ള തീരുമാനം**

158 (1596) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയായി മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് അടിസ്ഥാനമായ മാനദണ്ഡം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതിനുള്ള വ്യവസ്ഥകൾ ഇല്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4 (2) (എഫ്) വകുപ്പ് പ്രകാരമാണ് പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നത്.

(സി) ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി മാറ്റുന്ന വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

**മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും റോഡുകൾ നിർമ്മിക്കാൻ ഫണ്ട്**

159 (1597) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ റോഡുകൾ നിർമ്മിക്കാൻ എത്ര മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട് ; മുനിസിപ്പാലിറ്റികളുടെ പേരും, തുകയും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മുനിസിപ്പാലിറ്റികൾക്ക് റോഡ് നിർമ്മാണത്തിന് ഫണ്ട് നൽകിയതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) ഒൻപതു പ്രാവശ്യം 'ശുചിത്വനഗരം' അവാർഡ് നേടുകയും കഴിഞ്ഞവർഷം ഏറ്റവും നല്ല നഗരസഭയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത ആറ്റിങ്ങൽ നഗരസഭയിലെ ഏതാനും റോഡുകളുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) റോഡുകളുടെ ശോചനീയാവസ്ഥയും നഗരസഭകളുടെ മോശമായ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് 2013-14 വർഷം റോഡ് നവീകരണത്തിനായി മലപ്പുറം നഗരസഭയ്ക്ക് 15 കോടിയും കണ്ണൂർ നഗരസഭയ്ക്ക് 5 കോടിയും നിലമ്പൂർ, കോട്ടയ്ക്കൽ നഗരസഭകൾക്ക് 4.5 കോടി വീതവും തൊടുപുഴ നഗരസഭയ്ക്ക് 1.45 കോടി രൂപയും പാല, കോട്ടയം, ആലപ്പുഴ, പാലക്കാട്, കാസർകോട് നഗരസഭകൾക്ക് 1.43 കോടി രൂപ വീതവും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) 4-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2014-15-ൽ ടി നഗരസഭകൾക്ക് അനുവദിക്കുന്ന റോഡ് സംരക്ഷണ ഫണ്ടിൽനിന്നും തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയോടെയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) ഇല്ല. അപേക്ഷ പരിശോധിച്ചു വരികയാണ്.

## അർബൻ 2020 പദ്ധതി

160 (1598) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ 2020 എന്ന പദ്ധതിയുടെ ഭാഗമായി പദ്ധതികൾ തയ്യാറാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട സ്ഥാപനങ്ങളും വ്യക്തികളും ഏതൊക്കെയാണ് ;

(ബി) പ്രസ്തുത സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച നടപടിക്രമം വിശദമാക്കാമോ ;

(സി) പദ്ധതി തയ്യാറാക്കുന്ന ഏജൻസികൾക്ക് നിശ്ചയിക്കപ്പെട്ട യോഗ്യതയും പ്രതിഫലത്തിന്റെ നിരക്കും വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾ എത്ര പദ്ധതികൾ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) എംപാനൽ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) അതാത് മേഖലകളിൽ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ പ്രാവീണ്യമുള്ള സ്ഥാപനങ്ങളിൽനിന്നും താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് കേരളത്തിനകത്തും പുറത്തും പ്രചാരമുള്ള പത്രങ്ങളിൽ പരസ്യം കൊടുക്കുകയും ഇപ്രകാരം താൽപര്യപത്രം നൽകിയ സ്ഥാപനങ്ങളെ, തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ചീഫ് ടൗൺപ്ലാനർ, പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി., തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റിയുടെ പ്രാഥമിക പരിശോധനകൾക്കും വിലയിരുത്തലുകൾക്കുംശേഷം ബന്ധപ്പെട്ട മേഖലകളിൽ ഏറ്റവും കുറഞ്ഞത് 10 പദ്ധതി റിപ്പോർട്ടുകളെങ്കിലും പൂർത്തിയാക്കിയിട്ടുള്ള ഏജൻസികളെ തെരഞ്ഞെടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. മൊത്തം പദ്ധതി അടങ്കലിന്റെ 1.5%-മായി പ്രതിഫലം നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മിഷൻ 676-ക്ലീൻ കേരള പദ്ധതി

161 (1599) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ക്ലീൻ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള ക്ലീൻ കേരള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും 60 മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കപ്പെടുന്നതും നിരത്തുകളിലും മറ്റും ചിതറിക്കിടക്കുന്നതുമായ മോശം പ്ലാസ്റ്റിക്കുകൾ കഴുകി വൃത്തിയാക്കി പൊടിച്ച് ബേൽ ചെയ്ത് പുനഃചംക്രമണത്തിനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി.
2. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ചിപ്പുകളാക്കി മാറ്റി ഇവ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ റോഡുകളുടെ ടാറിംഗ്.
3. ഇ-മാലിന്യങ്ങൾ ശേഖരിച്ച് കേന്ദ്ര സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷിപത്രമുള്ള റീ-സൈക്ലിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി.

4. പ്രതിദിനം 50 ടൺ വരെ മാലിന്യം ഉണ്ടാകുന്ന നഗരങ്ങളിൽ CNG Bottling Plant-കൾ സ്ഥാപിക്കുന്ന പദ്ധതി.

5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

6. മാലിന്യസംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി.

(സി) 1. പ്ലാസ്റ്റിക് പ്രോസസ്സിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. സംസ്ഥാനത്തെ ഈ രീതിയിലുള്ള ആദ്യത്തെ പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് ടി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

2. പി.ഡബ്ല്യൂ.ഡി-യുമായി ചേർന്ന് 2 കിലോമീറ്റർ റോഡ് ടാറിംഗ് പൂർത്തീകരിച്ചു.

3. ഇ-മാലിന്യശേഖരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ഒക്ടോബർ 5-ാം തീയതി പദ്ധതി ആരംഭിക്കുകയും കേരളത്തിലെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപന ങ്ങളിൽ നിന്ന് ഇ-മാലിന്യങ്ങൾ ശേഖരിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

4. CNG Bottling Plant-കൾ സ്ഥാപിക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുകയും കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു അംഗീകൃത ഏജൻസിയുമായി ധാരണ യിലെത്തുകയും ചെയ്തിട്ടുണ്ട്.

6. മാലിന്യ സംസ്കരണത്തിനായി കൊച്ചിയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്ന പ്ലാന്റിനുവേണ്ടിയുള്ള രൂപരേഖ പ്രസ്തുത പദ്ധതിയുടെ ട്രാൻസാക്ഷൻ അഡ്വൈസർ ആയ KITCO തയ്യാറാക്കി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതികളുടെ നിലവിലെ അവസ്ഥ പ്രതിമാസം അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

**മിഷൻ 676-ൽ ഉൾപ്പെടുത്തി തലസ്ഥാന നഗരവികസനം**

162 (1600) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി തലസ്ഥാനനഗര വികസനത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) 40.39 കോടി രൂപ ചെലവിൽ തമ്പാനൂർ-പഴവങ്ങാടിയിലെ സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതി.

(200 ദിവസത്തിനകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.)

(ബി)പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി വയ്ക്കുന്നു.*

(സി&ഡി) ഓരോ പദ്ധതിയും സമയബന്ധിതമായി നടപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

**നഗരകാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

163 (1601) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരകാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവ ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇത് ബഡ്ജറ്റിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നീക്കിവച്ചതിന് പുറമെയാണോ ;

(സി) ഇവയിൽ പൂർത്തിയായ പദ്ധതികൾ ഏതെല്ലാം ; പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പൂർത്തിയായ പദ്ധതികളും ആരംഭിക്കാത്ത പദ്ധതികളും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

## നഗരങ്ങളെ സ്മാർട്ട് സിറ്റികളായി വികസിപ്പിക്കുന്ന കേന്ദ്ര പദ്ധതി

164 (1602) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നഗരകാര്യ വകുപ്പ്, ഇന്ത്യയിലെ നൂറ് നഗരങ്ങളെ സ്മാർട്ട് സിറ്റികളായി വികസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ കേരളത്തിലെ ഏതെല്ലാം പട്ടണങ്ങളെയാണ് ശിപാർശ ചെയ്തിട്ടുള്ളത് ;

(ബി) ഇതിനായി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തൊക്കെ നടപടികളാണ് ആവശ്യമുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച അന്തിമമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

165 (1603) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന അതോറിറ്റികൾ രൂപീകരിക്കാൻ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വികസന അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള അർബൻ ആർട്ട് കമ്മീഷന്റെ വ്യവസ്ഥ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ ഉൾപ്പെടുന്നുണ്ടോ ; എങ്കിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാരിന് ഏതെങ്കിലും പ്രദേശത്തിന്റെ ആസൂത്രിത വികസനത്തിനായി കേരള ടൗൺ & കൺട്രി പ്ലാനിംഗ് കമ്മീഷനുമായും ചീഫ് ടൗൺ പ്ലാനറുമായും കൂടിയാലോചിച്ച് ഒരു വികസന അതോറിറ്റി രൂപീകരിക്കാവുന്നതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും വ്യവസ്ഥകൾക്ക് വിധേയമായി വികസന അതോറിറ്റിക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.

(i) ഈ ആക്ടിൻകീഴിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി വികസന അതോറിറ്റി പ്രദേശത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ഭൂമിയുടെ പുനഃക്രമീകരണം ലാന്റ് പൂളിംഗ് അല്ലെങ്കിൽ ലാന്റ് ബാങ്കിംഗ് പദ്ധതികളുടെ തയ്യാറാക്കലും നടപ്പാക്കലും ;

(ii) വികസനാവശ്യങ്ങളുടെ കൈമാറ്റം, താമസസൗകര്യ റിസർവേഷൻ മുതലായ മാർഗ്ഗങ്ങൾവഴി വികസന അതോറിറ്റി പ്രദേശത്തിനു വേണ്ടിയുള്ള പ്ലാനുകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുക ;

(iii) ആവശ്യം വരികയാണെങ്കിൽ പ്രത്യേക ചുമതല ഏജൻസികൾ സ്ഥാപിക്കുകയും അവരുടെ യഥാക്രമമുള്ള ചുമതലകളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും അവരെ സഹായിക്കുകയും ചെയ്യുക ;

(iv) വികസന അതോറിറ്റി പ്രദേശത്തിൽ ഈ ആക്ടിൻകീഴിലുള്ള പ്ലാനുകളുടെ നടപ്പാക്കലിന്റെ ഏകോപനം ;

(v) മുകളിൽ (i) മുതൽ (iii) വരെ ഇനങ്ങൾക്ക് അനുബന്ധമായോ ആനുഷംഗികമായോ അനന്തരഫലമായോ ഉള്ളതോ അല്ലെങ്കിൽ അതുു സംഗതിപോലെ, സർക്കാരോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയോ,

അതതു സമയം നിർദ്ദേശം നൽകാവുന്ന പ്രകാരമുള്ളതോ ആയ അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക എന്നിവയാണ്.

(സി) ഉൾപ്പെടുന്നുണ്ട്. സംസ്ഥാനത്തിനകത്തെ നാഗരികവും പാരിസ്ഥിതികവുമായ രൂപരേഖയുടെ സൗന്ദര്യാത്മകമായ ഗുണനിലവാരം സംരക്ഷിക്കുക, വികസിപ്പിക്കുക, നിലനിർത്തുക എന്നിവയാണ് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

**കേരള ടൗൺ & കൺട്രി പ്ലാനിംഗ് കമ്മീഷൻ**

166 (1604) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ & കൺട്രി പ്ലാനിംഗ് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഈ കമ്മീഷന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) (i) സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥല സംബന്ധമായ ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപീകരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിന് ഉപദേശം നൽകുക.

(ii) ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റികളും ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് സ്പേഷ്യൽ പ്ലാനിംഗ് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശവും ഉപദേശവും നൽകുക.

(iii) സംസ്ഥാനത്തിനുവേണ്ടിയുള്ള ദീർഘവീക്ഷണ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധസർക്കാർ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥല സംബന്ധമായ ആസൂത്രണവും വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക ; ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ കീഴിലുള്ള സംസ്ഥാന ദീർഘവീക്ഷണപ്ലാൻ തയ്യാറാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

(ബി) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർ പേഴ്സൺ, ചീഫ് സെക്രട്ടറി,

തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ധനകാര്യ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറിമാർ, ചീഫ് ടൗൺ പ്ലാനർ, ലാൻഡ് റവന്യൂ കമ്മീഷണർ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) ചീഫ് എഞ്ചിനീയർ, വനം-വന്യജീവി വകുപ്പ് മേധാവി, കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർപേഴ്സൺ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർപേഴ്സൺ, കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് എം.പി.-മാർ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് എം.എൽ.എ. മാർ (ഇതിൽ ഒരാൾ പ്രതിപക്ഷ നേതാവ് ആയിരിക്കണം), സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് ജില്ലാ/മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ചേംബർ ഓഫ് മേയേഴ്സിന്റെ ചെയർ പേഴ്സൺ, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, സർക്കാർ നോമിനേറ്റ് ചെയ്യുന്ന മൂന്ന് നോൺ ഒഫീഷ്യൽ മെമ്പർമാർ (ഇതിൽ രണ്ടുപേർ ട്രാൻസ്പോർട്ടേഷൻ, കൃഷി അല്ലെങ്കിൽ സാമ്പത്തിക ശാസ്ത്രം എന്നിവയിൽ പ്രത്യേക പരിജ്ഞാനവും പ്രായോഗിക പരിചയവുമുള്ളവരും, ഒരാൾ ടൗൺ ആന്റ് കൺട്രി പ്ലാനിംഗിൽ വൈദഗ്ധ്യവും, യോഗ്യതയുമുള്ളയാളും ആയിരിക്കണം) എന്നിവർ ഉൾപ്പെടുന്നു.

(സി) ഇല്ല.

**കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്**

167 (1605) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ് തയ്യാറാക്കിയതിന്റെ പശ്ചാത്തലം വിശദമാക്കുമോ ;

(ബി) ഇപ്പോൾ ഏതെല്ലാം നഗരങ്ങൾക്കാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ പുരോഗതി വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നഗര ഗ്രാമാസൂത്രണകാര്യത്തെ സംബന്ധിച്ച് ഒരു ഏകീകൃത നിയമം നിലവിൽ ഉണ്ടായിരുന്നില്ല. നഗര ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്നത് പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തിനും മലബാർ പ്രദേശത്തിനും യഥാക്രമം ബാധകമായിരുന്ന 1108, (ME)-ലെ ടൗൺ പ്ലാനിംഗ് ആക്ട്-1120 (ME)-ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട്,

1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് എന്നീ ആക്ടുകളാണ്. ഈ ആക്ടുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മാസ്റ്റർ പ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും നിലനിന്നുപോരുന്നത്. 74-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം നിലവിൽ വന്നപ്പോൾ ജില്ലാ ആസൂത്രണ സമിതിക്കും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിക്കും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും സ്ഥലാസൂത്രണ പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേകമായ വ്യവസ്ഥകൾ പ്രസ്താവിച്ചിരുന്നില്ല. സിവിൽ റിട്ട് പെറ്റീഷൻ നമ്പർ 24526/2009-I, 22857/10F എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 9-1-2001-ൽ പുറപ്പെടുവിച്ച ഒരു വിധിന്യായത്തിൽ 1108-ലെ ടൗൺ പ്ലാനിംഗ് ആക്ടിലെയും 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ടിലെയും വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണെന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകളുമായി പൊരുത്തമില്ലാത്തതാണെന്നും പ്രസ്താവിച്ചിരുന്നു. ഈ വിധിന്യായത്തിനെതിരെ സമർപ്പിച്ച റിട്ട് അപ്പീൽ പരിഗണിക്കവേ, കേരള സർക്കാർ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്ന കേരള നഗര ഗ്രാമാസൂത്രണ നിയമം സമയബന്ധിതമായി കൊണ്ടു വരണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം ഭരണവകുപ്പ് ഇത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുകയും പ്രസ്തുത നിയമനിർമ്മാണം നടത്തുവാൻ നിർദ്ദേശിച്ചിരുന്നതിന്റെയും അടിസ്ഥാനത്തിലാണ് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് തയ്യാറാക്കിയത്.

(ബി) നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ മാസ്റ്റർ പ്ലാനുകളുടെ സ്റ്റേജ് അനുബന്ധമായി ചേർക്കുന്നു.*

## കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ വ്യവസ്ഥകൾ

168 (1606) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ കേന്ദ്ര സർക്കാരിന്റെ ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെ യാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാന നഗര-ഗ്രാമാസൂത്രണ കമ്മീഷന്റെ രൂപീകരണം, സംസ്ഥാനത്തിനു വേണ്ടിയും ജില്ലയ്ക്കുവേണ്ടിയും മെട്രോപൊളിറ്റൻ പ്രദേശത്തിലുമുള്ള ദീർഘ വീക്ഷണ പ്ലാനുകൾ, എക്സിക്യൂഷൻ പ്ലാനുകൾ എന്നിവയുടെ തയ്യാറാക്കൽ, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, വിശദമായ നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കൽ, അവയ്ക്ക് അനുസൃതമായുള്ള ഭൂവിനിയോഗവും വികസനവും വികസന അതോറിറ്റികളുടെ രൂപീകരണം, കേരള അർബൻ ആർട്ട് കമ്മീഷന്റെ രൂപീകരണം എന്നിവയാണ് കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ.

(ബി) കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ കേന്ദ്ര സർക്കാരിന്റെ ശിപാർശകൾ ഉൾക്കൊള്ളിച്ചിട്ടില്ല.

**കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്**

169 (1607) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പ്രകാരം മാസ്റ്റർ പ്ലാൻ ആരാണ് തയ്യാറാക്കേണ്ടത് ; ആയതിന്റെ നിയമപരമായ പ്രക്രിയ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഓർഡിനൻസിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എക്സിക്യൂഷൻ പ്ലാൻ ആരാണ് തയ്യാറാക്കേണ്ടത് ; ആയതിന്റെ നിയമപരമായ പ്രക്രിയ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 1. ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ, ഏതു സമയത്തും, പ്രമേയംവഴി, ഒരു തദ്ദേശ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ സ്വീകരിക്കുന്നതിനോ തീരുമാനിക്കാവുന്നതും ആയതിന്റെ ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും വിപുല പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ പരസ്യപ്പെടുത്തേണ്ടതും അങ്ങനെയുള്ള വിജ്ഞാപനം തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ അതിർത്തികളും ഏത് ആവശ്യത്തിനുവേണ്ടിയാണ് അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുമാണ്.

2. മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പുമായും മറ്റ് സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും കൂടിയാലോചിച്ച് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്ലാൻ തയ്യാറാക്കുവാനുള്ള ഉദ്ദേശം വിജ്ഞാപനം ചെയ്ത തീയതി മുതൽ രണ്ട് വർഷത്തിനകം, അങ്ങനെയുള്ള പ്ലാനുകൾ ഏതെങ്കിലും നേരത്തെ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ, അവ പുനരവലോകനം ചെയ്തതിനുശേഷം തദ്ദേശാസൂത്രണ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ പ്ലാൻ പ്രമേയം സഹിതം സർക്കാരിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

3. (2)-ാം ഉപവകുപ്പ് പ്രകാരമുള്ള കരട് മാസ്റ്റർ പ്ലാൻ ലഭിക്കുന്നതിൻമേൽ സർക്കാരിന് കമ്മീഷനുമായും ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ചതിന് ശേഷം, അങ്ങനെയുള്ള പ്ലാൻ ലഭിച്ച് അറുപത് ദിവസത്തെ കാലയളവിനുള്ളിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനാലോ മുനിസിപ്പൽ കൗൺസിലിനാലോ ടൗൺ പഞ്ചായത്തിനാലോ ഗ്രാമപഞ്ചായത്തിനാലോ പ്രസിദ്ധീകരിക്കുന്നതിനായി അനുമതി നൽകാവുന്നതാണ്.

4. ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, (3)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ, കരട് മാസ്റ്റർ പ്ലാൻ വെബ്സൈറ്റിലും, പ്രസിദ്ധീകരണം സംബന്ധിച്ച ഒരു നോട്ടീസ് ഔദ്യോഗിക ഗസറ്റിലും തദ്ദേശാസൂത്രണ പ്രദേശത്ത് വിപുല പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാനപത്രങ്ങളിലും (അവയിൽ ഒന്ന് പ്രാദേശിക ഭാഷയിലായിരിക്കേണ്ടതാണ്) നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 60 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ട ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച് കൊണ്ടും പൊതുജനത്തിന് പരിശോധിക്കുന്നതിനായി ആയതിന്റെ ഒരു പകർപ്പ് ലഭ്യമാകുന്ന സ്ഥലമോ സ്ഥലങ്ങളോ സൂചിപ്പിച്ച് കൊണ്ടും പ്രസിദ്ധീകരിക്കേണ്ടതാണ്.

എന്നാൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമ പഞ്ചായത്തോ, 11-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം ചീഫ് ടൗൺ പ്ലാനർ കരട് പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്താൽപോലും അങ്ങനെയുള്ള ഒരു നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്.

5. മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചതിനുശേഷം ഉടൻതന്നെ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ അതനുസംഗതിപോലെ ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോ പൊളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ അയച്ചുകൊടുക്കേണ്ടതും ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയോ കഴിയുന്നത്ര വേഗം അങ്ങനെയുള്ള പ്ലാൻ ലഭിച്ച തീയതി മുതൽ അറുപതു ദിവസക്കാലയളവിനുള്ളിൽ പ്ലാനിൻമേൽ അവരുടെ അഭിപ്രായങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ ആയത് സർക്കാരിന് നൽകേണ്ടതുമാണ്.

6. (4)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം തന്നെ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ, ഈ ആക്ടിന്റെ 32-ാം വകുപ്പ് പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റിയെ നിയമിക്കേണ്ടതും, അത് ആക്ഷേപങ്ങളും അഭിപ്രായങ്ങളും കൈകാര്യം ചെയ്യേണ്ടതും, കേൾക്കപ്പെടാനുള്ള അവസരം രേഖാമൂലം ആവശ്യപ്പെട്ട എല്ലാ ആളുകളെയും കേൾക്കേണ്ടതും അതിന്റെ റിപ്പോർട്ട് നിശ്ചിത മാതൃകയിൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ കഴിയുന്നത്ര വേഗം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ നിശ്ചയിച്ച സമയപരിധി മുതൽ അറുപത് ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതുമാണ്.

7. ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമ പഞ്ചായത്തോ (6)-ാം ഉപവകുപ്പ് പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച തീയതി മുതൽ കഴിയുന്നതും അറുപത് ദിവസങ്ങൾക്കകം, അങ്ങനെയുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും അങ്ങനെയുള്ള ആക്ഷേപങ്ങളിൻമേലും

അഭിപ്രായങ്ങളിൻമേലുമുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ടും പരിഗണിക്കേണ്ടതും ആവശ്യമെന്നു കരുതാവുന്ന രൂപഭേദപ്പെടുത്തലുകൾ പ്ലാനിൽ വരുത്താവുന്നതും മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ പാസ്സാക്കുകയോ സ്വീകരിക്കുകയോ ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാൻ ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അസ്സൽ സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ട് ഈ ഉപവകുപ്പ് പ്രകാരം അതിന്മേലുള്ള ശിപാർശകൾ എന്നിവ സഹിതം സർക്കാരിന് അനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്.

8. സർക്കാരിന്, (7)-ാം ഉപവകുപ്പ് പ്രകാരമുള്ള മാസ്റ്റർ പ്ലാൻ ലഭിച്ച തീയതി മുതൽ കഴിയുന്നതും അറുപത് ദിവസങ്ങൾക്കകം, ആക്ഷേപങ്ങളും അഭിപ്രായങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ അവയും ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായ ത്തിന്റെയോ ശിപാർശകൾ എന്തെങ്കിലുമുണ്ടെങ്കിൽ, അവയും, ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ നിന്നോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മറ്റിയിൽ നിന്നോ കരട് പ്ലാനിൻമേൽ ലഭിച്ചിട്ടുള്ള അഭിപ്രായങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയും പരിഗണിച്ചതിനു ശേഷവും ഈ ആക്ടിൻ കീഴിൽ തയ്യാറാക്കിയിട്ടുള്ള ദീർഘവീക്ഷണ പ്ലാനിന്റെയും മറ്റേതെങ്കിലും പ്ലാനിന്റെയോ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷവും രൂപഭേദപ്പെടു ത്തലുകളോടു കൂടിയോ അല്ലാതെയോ പ്ലാനിന് അനുമതി നൽകാവുന്നതും മാസ്റ്റർ പ്ലാനിന് അനുമതി നൽകിയ വസ്തുത അറിയിച്ചുകൊണ്ട് ഔദ്യോഗിക ഗസറ്റിൽ ഒരു നോട്ടീസ് പ്രസിദ്ധീകരിക്കാവുന്നതുമാണ്. എന്നാൽ സർക്കാരിന് ഈ ആക്ടിൻ കീഴിലുള്ള പ്ലാനുകളും സർക്കാരോ ഭാരത സർക്കാരോ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യങ്ങളും മുൻഗണനകളും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മാസ്റ്റർ പ്ലാനിനെ സംബന്ധിച്ചുള്ള മറ്റേതെങ്കിലും കാര്യങ്ങളിൻമേലും ചീഫ് ടൗൺ പ്ലാനറുടെ സാങ്കേതിക അഭിപ്രായം ലഭ്യമാക്കാവുന്നതാണ്.

എന്നുമാത്രമല്ല, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള രൂപഭേദങ്ങൾ ഏതെങ്കിലു മുണ്ടെങ്കിൽ അവ ഉൾപ്പെടുത്തുന്നതിനായി മാസ്റ്റർ പ്ലാൻ തിരികെ അയച്ചിട്ടുണ്ടെങ്കിൽ രൂപഭേദം വരുത്തിയ പ്ലാൻ തൊണ്ണൂറ്

ദിവസത്തിനുള്ളിൽ ഈ ആക്ടിൻ കീഴിൽ ആ പ്ലാൻ പുതിയതായി സമർപ്പിക്കുന്ന എന്നതുപോലെ സർക്കാരിലേക്ക് അനുമതിക്കായി വീണ്ടും സമർപ്പിക്കേണ്ടതാണ്.

എന്നിരുന്നാലും ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമ പഞ്ചായത്തോ മുൻപറഞ്ഞ ക്ലിപ്ത നിബന്ധനയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സമയപരിധിക്കകം വീണ്ടും സമർപ്പിക്കുവാൻ വീഴ്ചവരുത്തിയാൽ സർക്കാരിന് അങ്ങനെയുള്ള പ്ലാനിനെ സംബന്ധിച്ച് അവർക്ക് യുക്തമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

9. രൂപഭേദം വരുത്തുന്നതിനായി ഒരു പ്ലാൻ തിരികെ അയച്ചിട്ടുള്ളപ്പോൾ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അപ്രകാരം രൂപഭേദം വരുത്തിയ പ്ലാൻ സർക്കാരിന് അനുമതിക്കായി വീണ്ടും സമർപ്പിക്കുന്നതിന് മുൻപ്, മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തോ, രൂപഭേദപ്പെടുത്തലുകൾ തദ്ദേശ ആസൂത്രണ പ്രദേശങ്ങളിൽ നിന്നോ അതിന്റെ ഭാഗത്തുനിന്നോ ഏതെങ്കിലും ഭൂമി ഒഴിവാക്കുകയോ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ മുൻപ് ആർജ്ജിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഭൂമി ആർജ്ജിക്കുകയോ ചെയ്യുന്നത് ഉൾപ്പെടുന്ന സംഗതിയിൽ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമ പഞ്ചായത്തോ ഒരു കരട് പ്ലാൻ അതേ രീതിയിൽ പാസ്സാക്കേണ്ടതും പ്രസിദ്ധീകരിക്കേണ്ടതുമാണ്.

10. സർക്കാർ മാസ്റ്റർ പ്ലാനിന് അനുമതി നൽകിയതിനുശേഷം എത്രയും വേഗത്തിൽ, ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അതിന്റെ ഒരു പകർപ്പ്, അതതു സംഗതി പോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ അയച്ചുകൊടുക്കേണ്ടതും സർക്കാർ മാസ്റ്റർ പ്ലാനിന് അനുമതി നൽകിയത് സംബന്ധിച്ച നോട്ടീസ് കുറഞ്ഞത് ഒരു പ്രാദേശിക പത്രത്തിൽ എങ്കിലും അതിന്റെ പകർപ്പ് ഏതൊക്കെ സ്ഥലങ്ങളിൽ റഫറൻസിനോ വിൽപ്പനക്കോ ലഭ്യമാണെന്നുള്ള വിവരവും കൂടി പ്രസ്താവിച്ചുകൊണ്ട് പ്രസിദ്ധീകരി

ക്കേണ്ടതാണ്. സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനോ അതിന്റെ പ്രസക്ത ഭാഗങ്ങളോ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

11. ചീഫ് ടൗൺ പ്ലാനറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ (3) മുതൽ (8) വരെ ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

12. (2) മുതൽ (8) വരെ ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള സമയപരിധി പാലിച്ചിട്ടില്ലായെങ്കിലും 63-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പരിമിതികൾക്ക് മാസ്റ്റർ പ്ലാനിന് അനുമതി ലഭിക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

എന്നാൽ അനുമതി ലഭിച്ച ഒരു മാസ്റ്റർ പ്ലാൻ നിലവിലുണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന് ഈ ആക്ട് പ്രകാരമുള്ള അനുമതി ലഭിക്കുന്നതുവരെ മാത്രം ബാധകമാകുന്നതാണ്.

(ബി) ഒരു തദ്ദേശ ആസൂത്രണ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ കണക്കിലെടുത്തുകൊണ്ട് മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോടൊപ്പം ആദ്യത്തെ അഞ്ച് വർഷകാലയളവിലേക്കായി എന്നാൽ 36-ാം വകുപ്പ് (8)-ാം ഉപവകുപ്പുപ്രകാരം സർക്കാർ തദ്ദേശ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാനിന് അനുമതി നൽകിയതിനുശേഷം നാലുമാസത്തിനു മുൻപായും ഒരു എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതും അതത് സംഗതി പോലെ ജില്ലാ ആസൂത്രണ കമ്മിറ്റിക്കോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ അനുമതിക്കായി അയച്ചുകൊടുക്കേണ്ടതുമാണ്.

എന്നാൽ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ നഗര പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ 11-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം ചീഫ് ടൗൺ പ്ലാനർ ആസൂത്രകൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്തു എങ്കിൽപോലും, ഒരു എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

2. ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയോ സർക്കാരിലെ നഗര-ഗ്രാമാസൂത്രണ വകുപ്പുമായി കൂടിയാലോചിച്ചതിനുശേഷം, (1)-ാം ഉപവകുപ്പുപ്രകാരം അതിന് അയച്ചുകൊടുത്ത എക്സിക്യൂഷൻ പ്ലാൻ ലഭിച്ച തീയതി മുതൽ

മുപ്പത് ദിവസത്തിനകവും എക്സിക്യൂഷൻ പ്ലാൻ മാസ്റ്റർ പ്ലാനിനും ഈ ആക്റ്റിൻ കീഴിലുള്ള മറ്റേതെങ്കിലും പ്ലാനിനും സർക്കാരോ ഭാരതസർക്കാരോ വ്യവസ്ഥ ചെയ്തിട്ടുള്ള മുൻഗണനകൾക്കും ഉദ്ദേശ്യങ്ങൾക്കും അനുസൃതമാണെന്നും ഉറപ്പുവരുത്തിയതിനുശേഷവും രൂപഭേദപ്പെടുത്തലുകളോടുകൂടിയോ അല്ലാതെയോ ആയത് പാസ്സാക്കേണ്ടതുമാണ്. എന്നാൽ, ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയോ നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതി ഏതെങ്കിലുമുണ്ടെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിനായി പ്ലാൻ തിരികെ അയച്ചിട്ടുള്ള പക്ഷം, ഭേദഗതി വരുത്തിയ പ്ലാൻ മുപ്പത് ദിവസത്തിനുള്ളിൽ വീണ്ടും സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയോ അനുമതിക്ക് പുതിയതായി സമർപ്പിച്ചിട്ടുള്ള പ്ലാൻ എന്നപോലെ പ്ലാനിന് അനുമതി നൽകേണ്ടതുമാണ്.

3. ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയോ തദ്ദേശ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള ഒരു എക്സിക്യൂഷൻ പ്ലാനിന് അനുമതി നൽകിയതിനുശേഷം എത്രയും വേഗത്തിൽ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ആയത് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

4. (2) ഉപവകുപ്പുപ്രകാരം എക്സിക്യൂഷൻ പ്ലാനിന് അംഗീകാരം ലഭിച്ച തീയതി മുതൽ മൂന്ന് വർഷത്തിനുശേഷം ഉടൻ തന്നെയും എന്നാൽ അതിനുശേഷം നാലുമാസം കഴിയുന്നതിനുമുൻപായും മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ നഗര പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അങ്ങനെയുള്ള പ്ലാൻ പുനഃപരിശോധിക്കേണ്ടതും അങ്ങനെയുള്ള പ്ലാനിന്റെ കാലാവധി അവസാനിക്കുന്ന തീയതി മുതൽ ആരംഭിക്കുന്ന നാല് വർഷത്തേക്കായി ഒരു പുതിയ എക്സിക്യൂഷൻ പ്ലാൻ, ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള രൂപഭേദപ്പെടുത്തലുകളോടു കൂടിയും ഭേദഗതികളോടു കൂടിയും തയ്യാറാക്കേണ്ടതും ഈ ആക്റ്റിൻ കീഴിൽ അനുമതി വാങ്ങേണ്ടതുമാണ്.

5. അതത് സംഗതി പോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിക്കോ മേൽപ്പറഞ്ഞ (2)-ഉം (4)-ഉം ഉപവകുപ്പുകളിൽ നിർണ്ണയിച്ചിട്ടുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

## കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നൂറ് സ്മാർട്ട് സിറ്റി പദ്ധതി

170 (1608) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, നൂറ് സ്മാർട്ട് സിറ്റി പദ്ധതിയിൻ കീഴിൽ, കേരളത്തിന് ശിപാർശ ചെയ്തവ ഏതെല്ലാമാണ് ;

(ബി) സ്മാർട്ട് സിറ്റികളായി കേരളത്തിൽ നിന്നും പരിഗണിച്ചവ ഏതൊക്കെ ;

(സി) പ്രസ്തുത പദ്ധതിവഴി ഏതെല്ലാം സിറ്റികൾക്ക് എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) എന്തെല്ലാം മാനദണ്ഡം അടിസ്ഥാനമാക്കിയാണ് പ്രസ്തുത സിറ്റികളെ ശിപാർശ ചെയ്തതെന്ന വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച പ്രഖ്യാപനം നടത്തിയതല്ലാതെ അതുസംബന്ധിച്ച അന്തിമമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## നഗരകാര്യ വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ

171 (1609) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഭവനനിർമ്മാണത്തിന് നഗരകാര്യ വകുപ്പു മുഖേന നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള പദ്ധതികൾ ഏതെല്ലാമാണ് ; ഈ പദ്ധതിയുടെ ആനുകൂല്യം ആർക്കെല്ലാം ലഭിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, ജനകീയാസൂത്രണ പദ്ധതിയിലെ ഭവനപദ്ധതി, ആശ്രയ ഭവന നിർമ്മാണ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളായ സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി (BSUP), രാജീവ് ആവാസ് യോജന, (RAY) എന്നിവയിലെ ഭവന നിർമ്മാണ പദ്ധതികളുമാണ് നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നഗരസഭകളിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതികൾ. ഇ.എം.എസ്. ഭവന പദ്ധതി 31-3-2012-ന് അവസാനിച്ചുവെങ്കിലും ടി കാലയളവിനുമുമ്പ് കരാർ വച്ച ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ധനസഹായം നൽകിവരുന്നു. ഇതിനുപുറമേ ജനകീയാസൂത്രണ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭകൾ രൂപകൽപ്പന നടത്തുന്ന ഭവന നിർമ്മാണ പദ്ധതികളും ഉണ്ട്.

(ബി) നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി (BSUP), സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP), രാജീവ് ആവാസ് യോജന, (RAY) എന്നിവയാണ് ഭവന നിർമ്മാണത്തിന് നഗരകാര്യ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ.

(സി) ഭവനപദ്ധതികളിലെല്ലാം തന്നെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം ഉറപ്പുവരുത്താറുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി മാത്രമായി പ്രത്യേക ഫണ്ട് (സ്പെഷ്യൽ കംപോണന്റ് പ്ലാൻ) വകയിരുത്തി അതിൽനിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നഗരസഭകളിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതികളും ടി വിഭാഗക്കാർക്ക് മാത്രമായുള്ളതാണ്.

**നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ**

172 (1610) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) തുടർച്ചയായി വിലയിരുത്തുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. വകുപ്പുമന്ത്രി മൂന്ന് പ്രാവശ്യം നഗരങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി.

(ബി) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ മാസ്റ്റർ പ്ലാനുകളുടെ സ്റ്റേജ് അനുബന്ധമായി ചേർക്കുന്നു.*

(സി) ആലപ്പുഴ നഗരത്തിന് 1999-ൽ പ്രസിദ്ധീകരിച്ച ഒരു കരട് മാസ്റ്റർ പ്ലാൻ പ്രാബല്യത്തിലുണ്ട്. ഈ പ്ലാൻ തുടർ നടപടികൾ സ്വീകരിച്ച് അംഗീകൃതമാക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ ആലപ്പുഴ മാസ്റ്റർ പ്ലാനിന്റെ കരട് പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാൻ 21-1-2014-ൽ നഗരസഭാ കൗൺസിലിൽ അവതരിപ്പിച്ചു. കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് കരട് മാസ്റ്റർ പ്ലാൻ പുതുക്കി അന്തിമ രൂപം നൽകിവരുന്നു.

**തമ്പാനൂർ, കിഴക്കേക്കോട്ട ബസ് ടെർമിനലുകളുടെ ദുരവസ്ഥ**

173 (1611) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിലെ ജനത്തിരക്കേറിയ തമ്പാനൂർ, കിഴക്കേക്കോട്ട എന്നീ ബസ് ടെർമിനലുകളുടെ വർഷങ്ങളായി തുടരുന്ന ദുരവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) വാഹന ഗതാഗതവും കാത്തുനില്പും കാൽനടയാത്രയും ദുഷ്കരമായ ഈ സ്ഥിതിക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അറിവുണ്ടോ ;

(സി) അപമാനകരമായ ഈ സ്ഥിതിവിശേഷം അവസാനിപ്പിച്ച് ഇവിടം സുരക്ഷിതമാക്കുന്നതിനുള്ള പദ്ധതി അടിയന്തരമായി നടപ്പാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) ഉണ്ട്. തിരുവനന്തപുരം തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. നിർമ്മിച്ച ബസ് ടെർമിനൽ കോംപ്ലക്സ് പ്രവർത്തന സജ്ജമായിട്ടുണ്ട്. ബസ് യാത്രക്കാർക്കുവേണ്ട സൗകര്യങ്ങളും ഷോപ്പിംഗ് മാളും 220-ൽ പരം കാറുകൾക്കും 500-ൽ അധികം ഇരുചക്രവാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യവും ഈ ഷോപ്പിംഗ് മാളിലുണ്ട്. കെ.എസ്.യു.ഡി.പി.-യുടെ കീഴിൽ നടന്നുവരുന്ന ഓടയുടെ നിർമ്മാണവും യാർഡ് ലെവലിംഗും യാർഡ് പേവിംഗും പൂർത്തിയാകുമ്പോൾ തമ്പാനൂരിലെ യാത്രാക്ലേശത്തിനും പാർക്കിംഗ് പ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരമാകും. കിഴക്കേക്കോട്ട കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കൊപ്പം സ്വകാര്യ ബസ്സുകളുടെയും സർവ്വീസ് കേന്ദ്രമാണ്. ആധുനിക രീതിയിലുള്ള ബസ് ടെർമിനൽ സജ്ജീകരിക്കുന്നതിന് നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികശേഷി ഇല്ലാത്തതാണ്. ട്രിഡ രൂപകല്പന ചെയ്തിട്ടുള്ള കൊമേഴ്സ്യൽ കോംപ്ലക്സിന്റെയും ബസ് ടെർമിനലിന്റെയും നിർമ്മാണം നടപ്പിലാക്കുന്നതോടെ കിഴക്കേക്കോട്ടയിലെ ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. ബസ് ഡിപ്പോയും പരിസരങ്ങളും വൃത്തിയായി പരിപാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഗതാഗത വകുപ്പിൽനിന്നും ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

**സംസ്ഥാനത്ത് ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ**

174 (1612) <u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ എത്രത്തോളം ഉണ്ടെന്നും പ്രതിവർഷം എത്ര ടൺ മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നുണ്ട് എന്നതിന്റെയും കണക്ക് ശേഖരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ഇ-വേസ്റ്റ് രഹിതമാക്കുന്നതിനും, വേസ്റ്റ് ശേഖരണം, കൈമാറ്റം എന്നീ കാര്യങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി പുതിയ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉത്ഭവിക്കുന്ന ഇ-വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുവാൻ നഗരകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ലീൻ കേരള കമ്പനി മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള ഹൈദരാബാദ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ക്ലീൻ കേരള കമ്പനി, ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാൻ കരാറിലേർപ്പെടുകയും സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങിയിട്ടുമുണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ ഇ-വേസ്റ്റ് രഹിതമാക്കുന്നതിനും വേസ്റ്റ് ശേഖരണം, കൈമാറ്റം എന്നീ കാര്യങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി പുതിയ ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും മുഖേന സർക്കാർ സ്വീകരിച്ചുവരികയാണ്.

**ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ**

175 (1613) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ അംഗീകാരമുള്ള ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗ് സ്കീമുകൾ ഏതൊക്കെയാണ് ;

(ബി) പ്രസ്തുത സ്കീമുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(സി) ഡീറ്റെയിൽഡ് ടൗൺ പ്ളാനിംഗ് സ്കീമുകളെ പുനരാവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ, ഇതിനായി ഔട്ട് സോഴ്സിംഗ് നടപടി ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേരളത്തിൽ നിലവിലുള്ള ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ സ്കീമിനും സർക്കാർ അംഗീകാരം ലഭിച്ച വർഷം അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആകെ 113 സ്കീമുകളുള്ളതിൽ 3 സ്കീമുകൾ 1970-ന് മുൻപ് അംഗീകാരം ലഭിച്ചവയാണ്. 28 സ്കീമുകൾ 1971-1980 കാലയളവിലും 47 സ്കീമുകൾ 1981-1990 കാലയളവിലും 35 സ്കീമുകൾ 1991-2000 കാലയളവിലും അംഗീകാരം ലഭിച്ചവയാണ്. 2000-നുശേഷം ഇവയിൽ 6 സ്കീമുകൾക്ക് വേരിയേഷൻ നടത്തിയിട്ടുണ്ട്.

(സി) ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളെ പുനരാവിഷ്കരിക്കുക എന്നത് 'സ്കീം ഓഫ് പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം' എന്ന പദ്ധതിയുടെ ഒരു ഘടകമാണ്. ഈ പദ്ധതിയുടെ 2012-ൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 30 ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്കീം ഏരിയയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ ഇതര ഏജൻസികൾ മുഖേന സാദ്ധ്യമാകുമോ എന്ന് പരിശോധിക്കുന്നതിന് ചില പൈലറ്റ് സ്റ്റഡികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് നടത്തുന്നുണ്ട്.

## 2014-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

176 (1614) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ ലക്ഷ്യമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രകാരം തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന പ്ലാൻ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്ലാൻ തയ്യാറാക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക-പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കാൻ ഈ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളുടെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുകയും അവയുടെ വളർച്ച നിയന്ത്രിക്കുകയും ചെയ്യുകയാണ് 2014-ലെ കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ (ഓർഡിനൻസ് 16/2014) ലക്ഷ്യം.

(ബി) ടി ഓർഡിനൻസ് പ്രകാരം സംസ്ഥാനത്തിനായി ഒരു പെർസ്പെക്ടീവ് പ്ലാനും ജില്ല/മെട്രോപൊളിറ്റൻ തലങ്ങളിൽ പെർസ്പെക്ടീവ് പ്ലാനുകളും ലോക്കൽ പ്ലാനിംഗ് ഏരിയ/ജോയിന്റ് പ്ലാനിംഗ് ഏരിയാതലങ്ങളിൽ മാസ്റ്റർ പ്ലാനുകളും ഒരു ലോക്കൽ പ്ലാനിംഗ് ഏരിയയ്ക്കുള്ളിലുള്ള പ്രത്യേക പ്രദേശങ്ങൾക്ക് വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കാൻ വ്യവസ്ഥയുണ്ട്. കൂടാതെ ജില്ല/മെട്രോപൊളിറ്റൻ ഏരിയ/ലോക്കൽ പ്ലാനിംഗ് ഏരിയകൾക്ക് എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കാനും ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

(സി) സംസ്ഥാനത്തിനായുള്ള പെർസ്പെക്ടീവ് പ്ലാൻ സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് കമ്മീഷനും ജില്ലാതലത്തിലുള്ള പെർസ്പെക്ടീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും അതത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും മെട്രോപൊളിറ്റൻ പ്രദേശത്തിനുള്ള പെർസ്പെക്ടീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും അതത് മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റിയും മാസ്റ്റർ പ്ലാനുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/വില്ലേജ് പഞ്ചായത്ത്)ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയും അവയുടെ എക്സിക്യൂഷൻ പ്ലാൻ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് തയ്യാറാക്കേണ്ടത്.

(ഡി) ഇല്ല.

**ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മാണം**

177 (1615) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്നും ഏതെങ്കിലും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ എന്തെന്നും വിശദീകരിക്കാമോ ;

(ഡി) ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിരുന്നു.

(ബി&സി) പ്രസ്തുത നിർമ്മാണം 24-2-2010-ലെ ജിഡ ജനറൽ കൗൺസിൽ അംഗീകാര പ്രകാരം കിറ്റ്കോവഴി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് കിറ്റ്കോ 4 നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. മേൽ നിർദ്ദേശങ്ങൾ പരിശോധിച്ചശേഷം പഞ്ചായത്ത് കമ്മിറ്റിയിലെ 24-12-2013-ലെ 2(6)-ാം നമ്പർ തീരുമാനപ്രകാരം പഴയ പഞ്ചായത്താഫീസിന്റെ കിഴക്കുവശത്തുനിന്നും ആരംഭിച്ച് വസ്തേരി പാലത്തിനുസമീപം എത്തിച്ചേരുന്ന നിർദ്ദേശം പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതാണ്. ഇതിനാവശ്യമായ എസ്റ്റിമേറ്റ്, ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലങ്ങളുടെ സർവ്വേ വിവരങ്ങൾ എന്നിവ തയ്യാറാക്കി 23-10-2014-ൽ കിറ്റ്കോ ജിഡയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ജനറൽ കൗൺസിലിന്റേയും സർക്കാരിന്റെയും അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതിക്കുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

**ചേരിവികസനത്തിനുള്ള വിവിധ പദ്ധതികൾ**

178 (1616) <u>ശ്രീ. സി. മോയിൻ കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരി വികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ചേരി വികസനത്തിനുള്ള കേന്ദ്ര പദ്ധതികൾ ഏതെല്ലാം ; ഇവയുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(സി) രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ഡി) തിരുവനന്തപുരം നഗരത്തിലെ ചെങ്കൽച്ചൂള പ്രദേശത്തിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) രാജീവ് ആവാസ് യോജന (RAY), ബേസിക് സർവീസസ് ഫോർ അർബൻ പൂവർ (BSUP), സംയോജിത പാർപ്പിട ചേരിവികസന പദ്ധതി (IHSDP) എന്നിവയാണ് ചേരിവികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) RAY, BSUP, IHSDP എന്നിവയാണ് ചേരിവികസനത്തിനായുള്ള കേന്ദ്ര പദ്ധതികൾ. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും കണ്ണൂർ നഗരസഭയിലുമാണ് RAY പദ്ധതി നടപ്പിലാക്കുന്നത്. BSUP പദ്ധതിപ്രകാരം 343.40 കോടി രൂപയുടെ അടങ്കൽ തുകയുടെ പദ്ധതിക്കാണ് കേന്ദ്രാനുമതി നൽകിയിട്ടുള്ളത്. തിരുവനന്തപുരം മേഖലയിൽ 12513 ദരിദ്ര കുടുംബങ്ങൾക്കും കൊച്ചി മേഖലയിൽ 9744 ദരിദ്ര കുടുംബങ്ങൾക്കും പുതിയ വീടുകൾ ലഭ്യമാകും. തിരുവനന്തപുരത്ത് 7424 വീടുകളുടേയും കൊച്ചിയിൽ 7159 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 45 മുനിസിപ്പാലിറ്റികളിലും തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിലുമാണ് IHSDP പദ്ധതി നടപ്പിലാക്കുന്നത്. 27332 ലക്ഷം രൂപയുടെ പദ്ധതിക്കാണ് കേന്ദ്രാനുമതി ലഭ്യമായിട്ടുള്ളത്. 17100 വീടുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം കോർപ്പറേഷനിലെ മതിപ്പുറം, കൊല്ലം കോർപ്പറേഷനിലെ SMP പാലസ്, കൊച്ചി കോർപ്പറേഷനിലെ തുരുത്തി, തൃശ്ശൂർ കോർപ്പറേഷനിലെ നെല്ലങ്കര ഹരിജൻ ലക്ഷം വീട് കോളനി, കോഴിക്കോട് കോർപ്പറേഷനിലെ മാലൂർ കുന്ന് എന്നീ കോളനികളാണ് രാജീവ് ആവാസ് യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ.

(ഡി) KURDFC, അർബൻ ഹൗസിംഗ് മിഷൻ എന്നീ ഏജൻസികളുടെ സഹായത്തോടെ പൊതുമേഖലാ പങ്കാളിത്തത്തിൽ ചെങ്കൽചൂള കോളനിയുടെ സമഗ്രവികസനത്തിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

## തീരദേശ പരിപാലന നിയമ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

179 (1617) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മാണം നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര കേസുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) അവയിൽ സ്വന്തം സ്ഥലത്ത് വീട് നിർമ്മിച്ച കേസുകൾ എത്രയാണ് ;

(സി) ടൂറിസ്റ്റ് റിസോർട്ടുകൾ നിർമ്മിച്ച കേസുകൾ എത്രയാണ് ;

(ഡി) ഇത്തരത്തിൽ നിർമ്മിക്കപ്പെട്ട കമേഴ്സ്യൽ ബിൽഡിംഗുകൾ എത്രയാണെന്നും സർക്കാർ കെട്ടിടങ്ങൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഇ) മേൽപ്പറഞ്ഞിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്ത കെട്ടിടങ്ങൾ എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമ വ്യവസ്ഥകൾ ലംഘിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട 19115 നിർമ്മാണങ്ങളുണ്ട്.

(ബി) 16939 നിർമ്മാണങ്ങൾ.

(സി) 432 നിർമ്മാണങ്ങൾ.

(ഡി) കൊമേഴ്സ്യൽ കെട്ടിടങ്ങൾ 308, സർക്കാർ കെട്ടിടങ്ങൾ 21.

(ഇ) 1415 നിർമ്മാണങ്ങൾ.

## വൈപ്പിൻ - പള്ളിപ്പുറം തീരദേശപാത

180 (1618) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ - പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണത്തിന് ജിഡയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഫണ്ട് എത്രയെന്നും എന്നാണ് പ്രസ്തുത നിർമ്മാണത്തിന് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര റീച്ചുകളായാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ റീച്ചുകളും പൂർത്തീകരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ;

(ഡി) ഏതെങ്കിലും റീച്ചിൽ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(ഇ) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 19-1-2012-ൽ കൂടിയ 26-ാം ജിഡ ജനറൽ കൗൺസിൽ 23.60 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി 3 റീച്ചുകളായി തിരിച്ച് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി-എഫ്) ഈ പദ്ധതിയിൽ രണ്ടാം റീച്ച് സെയ്ദു മുഹമ്മദ് റോഡുമുതൽ ഞാറക്കൽ ആശുപത്രി റോഡുവരെ 7.13 കി.മീറ്ററിന് 4.91 കോടി രൂപയ്ക്ക് സർക്കാർ അനുമതി ലഭ്യമായി നിർമ്മാണം തുടങ്ങിയെങ്കിലും പരിസരവാസികൾ തടസ്സം ഉന്നയിച്ചിരിക്കുന്നതിനാൽ നിർമ്മാണം നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. ഒന്നും രണ്ടും റീച്ചുകളിൽ നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടില്ല. ഇറിഗേഷൻ വകുപ്പ്, കടൽഭിത്തിയിൽ നിന്നും 3 മീറ്റർ വിട്ട് റോഡ് നിർമ്മിക്കുവാൻ പാടുള്ളൂ എന്നറിയിച്ചിട്ടുണ്ട്. കടൽജലം അടിച്ചുകയറി റോഡ് ഗതാഗതയോഗ്യമല്ലാതായി തീരുന്നതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ചശേഷം റോഡ് ഉയർത്തി നിർമ്മിക്കണമെന്നും വെള്ളക്കെട്ട് ഒഴിവാക്കുവാൻ ഇടവിട്ട് കാന നിർമ്മിക്കണമെന്നും സ്ഥലവാസികൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി തരുവാൻ കിറ്റ്കോയെ എൽപ്പിച്ചിട്ടുണ്ട്. മേൽ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുകയാണ്. പ്രസ്തുത തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ ആകുമെന്ന് വ്യക്തമാക്കുന്നതിന് സാധിക്കുന്നില്ല.

## മുളവുകാട് റോഡിന്റെ നിർമ്മാണത്തിന് ജിഡയിൽനിന്നും ഫണ്ട്

181 (1619) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളവുകാട് റോഡിന്റെ നിർമ്മാണത്തിന് ജിഡയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രയെന്നും എന്നാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മുളവുകാട് റോഡ് നിർമ്മാണത്തിന് 26-11-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3220/12/തസ്വഭവ ഉത്തരവ് പ്രകാരം 2.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,97,32,764 രൂപ നൽകിയിട്ടുണ്ട്.

(ബി) മുളവുകാട് നിലവിലുള്ള 5.50 കി.മീ. ദൂരം വരുന്ന റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിന് ജനപങ്കാളിത്തത്തോടെ ജിഡ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണിത്. മുളവുകാട് റോഡിന്റെ വടക്കെ അറ്റത്തുനിന്നും 2.50 കി.മീറ്റർ ദൂരം (ഫെയ്സ് I) ആയി പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 കി.മീ ഭാഗത്ത് (ഫെയ്സ് II) 140 സ്ഥല ഉടമകൾ സ്ഥലം വിട്ടുനൽകിയിട്ടില്ല. സ്ഥലം പൂർണ്ണമായി വിട്ടുനൽകിയാൽ മാത്രമേ റോഡുപണി പൂർത്തീകരിക്കാൻ നിർവ്വാഹമുള്ളൂ. സ്ഥലമുടമകളിൽനിന്നും ആധാരം, മുന്നാധാരം, കരമടച്ച രസീത് (സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും), പൊസഷൻ സർട്ടിഫിക്കറ്റ്, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ സ്വീകരിച്ച്, ഈ പദ്ധതിയുടെ കൺസൾട്ടന്റായ കിറ്റ്കോ റിപ്പോർട്ട് നൽകി. ജിഡ സെക്രട്ടറിയുടെ അംഗീകാരത്തോടെ ബന്ധപ്പെട്ട രജിസ്ട്രാർ ആഫീസിൽ തീറാധാരം നടത്തി നഷ്ടപരിഹാരതുകയ്ക്കുള്ള ചെക്ക് നൽകിയാണ് സ്ഥലം ഏറ്റെടുക്കുന്നത്. ശേഷിക്കുന്ന ഭൂവുടമകൾ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം വിട്ടുനൽകിയാൽ എത്രയും പെട്ടെന്ന് രജിസ്ട്രേഷൻ നടത്തി പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

(സി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കിറ്റ്കോ പലതവണ കത്തുകൾ അയയ്ക്കുകയും കിറ്റ്കോയുടെയും ജിഡയുടെയും പഞ്ചായത്തിലേയും പ്രതിനിധികളും ചേർന്ന് ബന്ധപ്പെട്ട സ്ഥല ഉടമകളുടെ വീടുകൾ സന്ദർശിച്ച് ആവശ്യമായ രേഖകൾ ഉടൻ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട രേഖകൾ സ്വീകരിക്കുന്നതിനായി മുളവുകാട് ഐ.പി. യൂണിറ്റിൽ ഒരു അദാലത്തും നടത്തിയിട്ടുള്ളതാണ്.

(ഡി) ബന്ധപ്പെട്ട ഭൂവുടമകൾ ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ മാത്രമേ, രജിസ്ട്രേഷൻ നടത്തുവാൻ സാധിക്കുകയുള്ളൂ. അതിനുശേഷമേ റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം**

182 (1620) <u>ശ്രീ. സി. മോയിൻ കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ ജോലി നേടുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) ഓരോ ജില്ലയുടെയും ആസ്ഥാനത്ത് മാത്രം കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നതുകൊണ്ട് മറ്റ് പ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികൾ അവിടെ എത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പി.എസ്.സി., യു.പി.എസ്.സി., ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് 'മുസ്ലിം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം' എന്ന പേരിൽ 14 ജില്ലകളിലായി 16 പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ ആവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി ലഭ്യമാക്കുന്ന പക്ഷം ഫാക്കൽറ്റികൾക്കുള്ള ഓണറേറിയം മാത്രം നൽകി പരിശീലന ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനകം 21 പരിശീലന ഉപകേന്ദ്രങ്ങൾ ആയിട്ടുണ്ട്.

**സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരണം**

183 (1621) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷ ജനവിഭാഗത്തിന്റെ ക്ഷേമത്തിനായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ കോർപ്പറേഷൻ മുഖേന നാളിതുവരെയായി എന്തെല്ലാം വായ്പാ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത് ;

(ബി) കഴിഞ്ഞ രണ്ട് വർഷമായി എത്ര രൂപ ഇതിനായി നീക്കിവെച്ചിട്ടുണ്ട് ; എത്ര രൂപ വായ്പയായി വിതരണം ചെയ്തുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ഫിനാൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് സ്വയംതൊഴിൽ വായ്പ, പ്രവാസി സ്വയംതൊഴിൽ വായ്പ, നിതാഖത്ത്

സ്വയംതൊഴിൽ വായ്പ, വിദേശത്ത് ജോലി നേടുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ (സ്റ്റുഡന്റ് പ്ലസ്, പാരന്റ് പ്ലസ്), ബിസിനസ് ഡവലപ്മെന്റ് വായ്പ, ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) 9.2 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. നാളിതുവരെ 5.8 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

## മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജോലി ചെയ്യുന്ന ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ വേതനം

184 (1622) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ന്യൂനപക്ഷ പ്രൊമോട്ടർമാരായി നിയമിച്ചവർക്ക് എത്ര രൂപയാണ് ഓണറേറിയമായി നിശ്ചയിച്ചിട്ടുള്ളത് ;

(സി) ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ ഓണറേറിയം എന്നുമുതൽ വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 11-3-2013 മുതൽ.

(ബി) പ്രതിമാസം 4,000 രൂപ.

(സി) ഓണറേറിയം നൽകുന്നതിനുള്ള മുഴുവൻ തുകയും ജില്ലാകളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് ഉടൻതന്നെ വിതരണം പൂർത്തീകരിക്കും.

## എം.എസ്.ഡി.പി.-യുടെ നടപ്പാക്കൽ

185 (1623) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എസ്.ഡി.പി.-യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എം.എസ്.ഡി.പി. നടപ്പാക്കുന്നതിൽ എന്തെല്ലാം പുരോഗതിയാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സാമൂഹികം, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിൽ ദേശീയ ശരാശരിയേക്കാൾ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയുമാണ് എം.എസ്.ഡി.പി. പദ്ധതിയുടെ ലക്ഷ്യം.

(ബി) ഉണ്ട്. എം.എസ്.ഡി.പി. പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പാക്കുന്നത്.

(സി) വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻബത്തേരി, പനമരം, കൽപ്പറ്റ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമായാണ് എം.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കി വരുന്നത്. എം.എസ്.ഡി.പി. പ്രകാരമുള്ള വില്ലേജ് ക്ലസ്റ്ററുകൾ രൂപീകരിച്ച് വിവിധ ജില്ലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു.

(ഡി) 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തിയ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)-യുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. വയനാട് ജില്ലയിലെ പത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു.
2. 23 സർക്കാർ സ്കൂളുകളിലായി 38 അധിക ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തീകരിച്ചു.
3. മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിലെ പാടിച്ചിറ വില്ലേജിലേക്കുള്ള കുടിവെള്ള പദ്ധതി വിപുലീകരണം പൂർത്തീകരിച്ചു.
4. പൂതാടി ഗ്രാമ പഞ്ചായത്തിലെ നടവയൽ വില്ലേജിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചു.

5. പടിഞ്ഞാറേത്തറ, കുപ്പാടി വില്ലേജിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചു.

6. മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിലെ ലാബോറട്ടറി നവീകരണം പൂർത്തീകരിച്ചു.

7. സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

12-ാം പദ്ധതിയിൽ വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻബത്തേരി, പനമരം, കൽപ്പറ്റ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള പദ്ധതി, നൈപുണ്യ വികസനം എന്നീ മേഖലകളിലായി വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## മദ്രസ അദ്ധ്യാപകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കൽ

186 (1624) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ ക്ഷേമ പെൻഷൻ സ്കീമിൽ അംഗങ്ങളായിട്ടുള്ള അദ്ധ്യാപകർക്ക് പലിശ രഹിത വായ്പാപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഇവയുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) ഉണ്ട്. കുറഞ്ഞത് 2 സെന്റ് വസ്തുവെങ്കിലും സ്വന്തമായുള്ള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് 2.5 ലക്ഷം രൂപ ഭവന വായ്പയായി അനുവദിക്കുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്.

## മദ്രസ അദ്ധ്യാപകരുടെ പെൺമക്കളുടെ വിവാഹം

187 (1625) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ അദ്ധ്യാപകരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ 2 വർഷം അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും 10,000 രൂപ വീതം ധനസഹായം (പ്രതിവർഷം പരമാവധി 100 പേർക്ക്) നൽകുന്നതാണ്.

## കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉയർന്ന തസ്തികകളിലെ മുസ്ലീം പ്രാതിനിധ്യം

188 (1626) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസംസ്ഥാന സർക്കാരുകളിലെ ഉയർന്ന തസ്തികകളിൽ മുസ്ലീം പ്രാതിനിധ്യം രണ്ടു ശതമാനത്തിലും കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സിവിൽ സർവ്വീസ് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ;

(സി) മുസ്ലിം ഉദ്യോഗാർത്ഥികൾക്കായി സിവിൽ സർവ്വീസസ് ഫീ റീഇംബേഴ്സ്മെന്റ് സ്കീം നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സിവിൽ സർവ്വീസ് പരിശീലനം നേടുന്നവർക്ക് (പരമാവധി 200 പേർക്ക്) നിബന്ധനകൾക്ക് വിധേയമായി കോഴ്സ് ഫീസായി പരമാവധി 20,000 രൂപയും ഹോസ്റ്റൽ ഫീസായി പരമാവധി 10,000 രൂപയും റീഇംബേഴ്സ് ചെയ്യുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം

189 (1627) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകൃതമായോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മാധ്യമങ്ങൾ വഴിയോ അല്ലാതെയോ റിപ്പോർട്ട് ചെയ്യപ്പെട്ട ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന വിഷയത്തിൽ കാര്യമായ ഇടപെടൽ നടത്താൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അവയുടെ കൂടുതൽ വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2013-ലെ 37-ാം നമ്പർ ഓർഡിനൻസ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. 5-6-2013-ലെ സ.ഉ.(അച്ചടി) നമ്പർ 163/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അഡ്വ. എം. വീരാൻകുട്ടിയെ ചെയർമാനായും അഡ്വ. വി. വി. ജോഷി, അഡ്വ. കെ. പി. മറിയുമ്മ എന്നിവരെ അംഗങ്ങളായും നിയമിച്ചു.

(ബി) ഉണ്ട്. ആരോഗ്യ വകുപ്പിൽ എൻ.സി.എ. പ്രകാരം നഴ്സുമാരെ നിയമിക്കുന്ന വിഷയത്തിൽ ഉണ്ടായ കാലതാമസം പരിഹരിക്കുന്നതിനും കോഴിക്കോട് ജില്ലയിലെ വിവിധ അനാഥാലയങ്ങളിലേക്ക് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കുട്ടികളെ കൊണ്ടുവന്നതുമായി ബന്ധപ്പെട്ട വിഷയത്തിലും ശിക്ഷാകാലാവധി കഴിഞ്ഞശേഷവും സ്വദേശത്തേക്ക് പോകാൻ കഴിയാത്ത ബംഗ്ലാദേശ് പൗരൻമാരുടെ വിഷയത്തിലും ആരാധനാലയങ്ങളുടെയും ഖബർസ്ഥാനുകളുടെയും നിർമ്മാണത്തിന് കളക്ടറുടെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികളിലും മറ്റു നിരവധി വിഷയങ്ങളിലും കമ്മീഷൻ സമയോചിതമായി ഇടപെട്ട് പരിഹാരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

190 (1628) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നിട്ട് എത്ര മാസമായി ; ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ കമ്മീഷൻ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) ഇതിൽ ചെയർമാൻ അടക്കം എത്ര പേർ അംഗങ്ങളായിട്ടുണ്ട് ; എത്ര ജീവനക്കാരുണ്ട് ; ഇവർക്കൊക്കെ ശമ്പളയിനത്തിലും അലവൻസ് ഇനത്തിലും പ്രതിമാസം എത്ര രൂപ വേണ്ടിവരും ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 18 മാസം. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്നുണ്ടാവുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റു ചുമതലകൾ നിർവഹിക്കുക, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഏൽപിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(ബി) ന്യൂനപക്ഷ അവകാശ ലംഘനവും വിവേചനവും സംബന്ധിച്ച് ലഭിച്ച വിവിധ പരാതികളിൻമേൽ സമയബന്ധിതമായി തീർപ്പുകൽപിക്കുക, വിവിധ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുകയും ജില്ലകൾതോറും യോഗങ്ങൾ സംഘടിപ്പിച്ച് ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ ഭരണകൂടവുമായും ജില്ലാതല ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ന്യൂനപക്ഷങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും കമ്മീഷൻ നടത്തിയിട്ടുള്ളത്.

(സി) സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ചെയർമാൻ അടക്കം 3 അംഗങ്ങളാണുള്ളത്. ഡെപ്യൂട്ടേഷൻ മുഖേന ആറ് ജീവനക്കാരും കരാറടിസ്ഥാനത്തിൽ അഞ്ച് ജീവനക്കാരും ഔട്ട്സോഴ്സിംഗ് മുഖേന ഒരാളും ജോലി നോക്കുന്നുണ്ട്. ഇവരുടെ ശമ്പളവും അലവൻസും ഇനത്തിൽ പ്രതിമാസം 935221 രൂപ ചെലവു വരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു :

| | |
|---|---|
| ചെയർമാൻ | 1,81,600 |
| മെമ്പർ (2 പേർ) | 1,71,653 |
| മെമ്പർ സെക്രട്ടറി | 91,540 |
| രജിസ്ട്രാർ | 80,122 |
| ഫിനാൻസ് ഓഫീസർ | 50,875 |
| സെക്ഷൻ ഓഫീസർ | 45,134 |
| അസിസ്റ്റന്റ് (2 പേർ) | 25,187 |
| ജൂനിയർ അസിസ്റ്റന്റ് (കരാർ) (2 പേർ) | 18,006 |
| ഓഫീസ് അറ്റന്റഡന്റ് കം ഡ്രൈവർ (കരാർ) (2 പേർ) | 16,659 |
| പി.എ. ടു ചെയർമാൻ (കരാർ) | 18,940 |
| പാർട്ട് ടൈം സ്വീപ്പർ (ഔട്ട് സോഴ്സ്) | 4,000 |

## ന്യൂനപക്ഷ വികസനം

191 (1629) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷ വിഭാഗത്തിന്റെ നാനോന്മുഖ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശദമാക്കുമോ ?

### ഉത്തരം

താഴെ ചേർത്ത പദ്ധതികൾ നടപ്പാക്കി വരുന്നു :

1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് 'മുസ്ലിം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം' എന്ന പേരിൽ പരിശീലനകേന്ദ്രങ്ങളും അവയുടെ ഉപകേന്ദ്രങ്ങളും ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.
2. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി
3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായ പദ്ധതി.

4. 2014-15 സാമ്പത്തിക വർഷം മുതൽ സി.എച്ച്. മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് പദ്ധതി (പുതിയത്) വകുപ്പ് നേരിട്ട് നടപ്പാക്കുന്നു.

5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി.

6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിപാടി.

7. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉറുദു ഒന്നാം ഭാഷയായെടുത്ത് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് നൽകുന്ന ക്യാഷ് അവാർഡ്.

8. സി.എ/ഐ.സി.ഡബ്ല്യൂ.എ/സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.

9. ദ്വിവത്സര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്കുള്ള ഫീ റീഇംബേഴ്സ്മെന്റ് സ്കീം.

10. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് ഹ്രസ്വകാല ഫെല്ലോഷിപ്പ്.

11. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവർക്കും ഉപേക്ഷിക്കപ്പെട്ടവർക്കുമുള്ള ഭവന നിർമ്മാണ പദ്ധതി.

12. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളായ മാനന്തവാടി, സുൽത്താൻ ബത്തേരി, പനമരം, കൽപ്പറ്റ എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി).

13. ന്യൂനപക്ഷ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തി.

14. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു. വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

15. ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു.

<u>കൂടാതെ മുൻവർഷങ്ങളിൽ താഴെ ചേർത്ത പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്</u> :

16. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി./പ്ലസ് ടു, ബിരുദ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിപാടി.

17. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വനിതകൾക്കായിട്ടുള്ള കാലിഗ്രാഫി പരിശീലന പദ്ധതി.

18. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങളുടെ ബി ടെക് - ന് പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ ലാപ്ടോപ്പ്.

19. 9-ാം ക്ലാസ്സിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠനമേശയും കസേരയും വിതരണം.

**ന്യൂനപക്ഷ കമ്മീഷൻ**

192 (1630) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ക്ഷേമപദ്ധതികളാണ് ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2013-ലെ 37-ാം നമ്പർ ഓർഡിനൻസ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. 5-6-2013-ലെ സ.ഉ. (അച്ചടി) നമ്പർ 163/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അഡ്വ. എം. വീരാൻകുട്ടിയെ ചെയർമാനായും അഡ്വ. വി. വി. ജോഷി, അഡ്വ. കെ. പി. മറിയുമ്മ എന്നിവരെ അംഗങ്ങളായും നിയമിച്ചു.

(ബി) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്നുണ്ടാവുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവഹിക്കുക, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഏൽപിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി&ഡി) കമ്മീഷൻ മുഖേന ക്ഷേമപ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല.

**ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമ്മാണ ധനസഹായം**

193 (1631) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷവിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമ്മാണത്തിന് നൽകുന്ന ധനസഹായം ജില്ലകളിൽ വിതരണം ചെയ്തതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ധനസഹായ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

(എ) ഓരോ ജില്ലയിലേക്കും ഭവന പദ്ധതിക്കുവേണ്ടി അനുവദിച്ച തുക വർഷം

തിരിച്ച് താഴെ കൊടുക്കുന്നു :

| ജില്ലയുടെ പേര് | 2013-14 | 2014-15 |
|---|---|---|
| തിരുവനന്തപുരം | 136 ലക്ഷം | 20 ലക്ഷം |
| കൊല്ലം | 112 ലക്ഷം | 20 ലക്ഷം |
| പത്തനംതിട്ട | 48 ലക്ഷം | 8 ലക്ഷം |
| ആലപ്പുഴ | 104 ലക്ഷം | 36 ലക്ഷം |
| കോട്ടയം | 60 ലക്ഷം | 20 ലക്ഷം |
| ഇടുക്കി | 100 ലക്ഷം | 40 ലക്ഷം |
| എറണാകുളം | 110 ലക്ഷം | 26 ലക്ഷം |
| തൃശ്ശൂർ | 124 ലക്ഷം | 20 ലക്ഷം |
| പാലക്കാട് | 88 ലക്ഷം | 36 ലക്ഷം |
| മലപ്പുറം | 408 ലക്ഷം | 80 ലക്ഷം |
| കോഴിക്കോട് | 214 ലക്ഷം | 48 ലക്ഷം |
| വയനാട് | 180 ലക്ഷം | 46 ലക്ഷം |
| കണ്ണൂർ | 112 ലക്ഷം | 62 ലക്ഷം |
| കാസർഗോഡ് | 104 ലക്ഷം | 36 ലക്ഷം |
| ആകെ | 1900 ലക്ഷം | 498 ലക്ഷം |

2013-14 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/വിവാഹബന്ധം വേർപെടുത്തിയവർക്കുമായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലേക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 19 കോടി രൂപ വകയിരുത്തുകയും 14 ജില്ലകളിലായി 950 വീടുകൾ ടി വിഭാഗത്തിനായി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/വിവാഹബന്ധം വേർപെടുത്തിയവർക്കും/ഉപേക്ഷിക്കപ്പെട്ടവർക്കുമായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 14 ജില്ലകളിലായി 249 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി വർദ്ധിപ്പിക്കുന്നതാണ്.

## ന്യൂനപക്ഷക്ഷേമ പദ്ധതികൾ

194 (1632) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി 2013-14 ബഡ്ജറ്റിൽ വക കൊള്ളിച്ച തുക എത്രയാണ് ; എന്തെല്ലാം പദ്ധതികളാണ് ഈ മേഖലയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ;

(ബി) ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുകയെത്ര ; നാളിതുവരെയുള്ള ചെലവ് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2013-14 ബഡ്ജറ്റിൽ ന്യൂനപക്ഷ ക്ഷേമത്തിനായി പദ്ധതിയേതര (നോൺ പ്ലാൻ) ഇനത്തിൽ 23.5036 കോടി രൂപയും പദ്ധതി (പ്ലാൻ) ഇനത്തിൽ 103 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. പദ്ധതിയിനത്തിലുള്ള തുക വിവിധ പദ്ധതികൾക്ക് താഴെ ചേർത്ത പ്രകാരം വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് :

| 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പദ്ധതികൾ | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി | 400 | 400 |
| 2. സി.എ/ഐ.സി.ഡബ്ല്യൂ.എ./സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ് | 20 | 19.98 |
| 3. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി | 20 | 20 |
| 4. ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് | 100 | 100 |

ഫീ-റീഇംബേഴ്സ്മെന്റ് സ്കീം

| (1) | (2) | (3) |
|---|---|---|
| 5. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ് | 5 | 2.45 |
| 6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/ വിവാഹമോചിതർക്ക് ഭവന പദ്ധതി | 1900 | 1900 |
| 7. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) | 7000 | 1532.51 |
| 8. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ ക്യാപിറ്റൽ നൽകുന്ന പദ്ധതി | 840 | 840 |
| 9. ആഫീസ് കമ്പ്യൂട്ടറൈസേഷൻ | 15 | ... |

## ന്യൂനപക്ഷ പ്രൊമോട്ടർമാർ

195 (1633) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് തലത്തിൽ എത്ര ന്യൂനപക്ഷ പ്രൊമോട്ടർമാരെയാണ് നിയമിച്ചിട്ടുള്ളത് ;

(ബി) ഇവർക്ക് ഓണറേറിയമായി എത്ര രൂപയാണ് നൽകുന്നത് ;

(സി) ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ ചുമതലകൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലായി ഒരു വർഷത്തേക്ക് ആകെ 903 പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) പ്രതിമാസം 4,000 രൂപ.

(സി) 1. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക, ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിലെത്തിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക.

2. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക പ്രശ്നങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യാധിഷ്ഠിതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വകുപ്പിനെ സഹായിക്കുകയും ചെയ്യുക.

3. വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ എല്ലാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായം നൽകുക.

4. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളിൽ ആവശ്യമായ സഹകരണം നൽകുക.

5. ന്യൂനപക്ഷ വിഭാഗങ്ങളുടെ പരാതികൾ ന്യൂനപക്ഷ കമ്മീഷൻ മുഖേന പരിഹാരം കാണുന്നതിന് ആവശ്യമായ സഹായം നൽകുക.

6. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതി രൂപീകരണത്തിലും നടപ്പാക്കലിലും വകുപ്പ് ഉദ്യോഗസ്ഥന്മാരെ സഹായിക്കുക.

7. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും വിവിധ സ്കോളർഷിപ്പുകൾക്ക് യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിന് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുക.

8. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്തുകൾ, ന്യൂനപക്ഷക്കാരുമായി സംവദിക്കാനുള്ള കണ്ണികളായി ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിൽ ന്യൂനപക്ഷ ക്ഷേമവകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായവും സേവനവും നൽകുന്നവരായി വർത്തിക്കുക.

9. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിനും അവ യഥാസമയം

സമർപ്പിക്കുന്നതിനും ആവശ്യമായ സഹായം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ചെയ്ത് കൊടുക്കുക.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള കുടിവെള്ള പദ്ധതി

196 (1634) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) 2013-14 സാമ്പത്തിക വർഷം എത്ര രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് ; 2014-15 സാമ്പത്തിക വർഷം എത്ര രൂപ ഈയിനത്തിൽ ചെലവഴിക്കാനുദ്ദേശിക്കുന്നുണ്ട് ; ഈ പദ്ധതി നടത്തിപ്പിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ശുദ്ധജല ദൗർലഭ്യം അനുഭവിക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയാണിത്. 2013-14 സാമ്പത്തിക വർഷത്തിൽ ആകെ 4 കോടി രൂപ അടങ്കലുള്ള കുടിവെള്ള പദ്ധതികൾ, കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ വകയിരുത്തിയ 7.80 കോടി രൂപയിൽ 2 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ശുദ്ധജല വിതരണത്തിനുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സാമൂഹ്യക്ഷേമ പദ്ധതി

197 (1635) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ സാമൂഹ്യക്ഷേമ പദ്ധതികളുടെ വിശദാംശം നൽകാമോ ;

(ബി) തുക വിനിയോഗം ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) ആനുകൂല്യം വിതരണം ചെയ്യുന്നതിന് ആകെ ചെലവഴിച്ച തുക എത്രയാണ് എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ സാമൂഹ്യക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. തീരദേശ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായി ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം.
2. നിർദ്ധന വിദ്യാർത്ഥികൾക്ക് സൗജന്യപഠന മേശയുടെയും കസേരയുടെയും വിതരണം.
3. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് രണ്ടര ലക്ഷം രൂപ വരെ ധനസഹായം.
4. പാസ്‌വേഡ്-ഹൈസ്കൂൾ-ഹയർ സെക്കന്ററി-കോളേജ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പ് 14 ജില്ലകളിലുമായി 28 ക്യാമ്പുകൾ.
5. ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാർ-കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പുകളുടെ പ്രവർത്തനങ്ങളും ക്ഷേമ പദ്ധതികളും ജനങ്ങളിലെത്തിക്കാൻ സംസ്ഥാനത്തുടനീളം പ്രൊമോട്ടർമാർ.
6. സൈനിക-അർദ്ധസൈനിക മേഖലകളിൽ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം.
7. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി.
8. സ്വകാര്യ ITI-ൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.
9. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി.
10. ചാർട്ടേർഡ് അക്കൗണ്ടൻസി/കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.

11. കരിയർ ഗൈഡൻസ് പരിശീലനം-14 ജില്ലകളിലായി 200 ഏകദിന ക്യാമ്പുകൾ.

12. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിന് ഫെല്ലോഷിപ്പ് നൽകുന്നതിനുള്ള പദ്ധതി.

13. ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)

14. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ധനസഹായം നൽകുന്ന പദ്ധതി.

(ബി) അനുബന്ധമായി ചേർക്കുന്നു.*

| | | |
|---|---|---|
| (സി) | 2011-12 (ലക്ഷത്തിൽ) | 955.99 |
| | 2012-13 (ലക്ഷത്തിൽ) | 126.80 |
| | 2013-14 (ലക്ഷത്തിൽ) | 4814.95 |
| | ആകെ | 5897.74 |

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി

198 (1636) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ 2013-14 സാമ്പത്തിക വർഷം നിർമ്മിക്കാൻ ധനസഹായം നല്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം എത്ര വീടുകൾക്ക് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട് ?

### ഉത്തരം

(എ-സി) ഉണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/വിവാഹബന്ധം വേർപെടുത്തിയവർക്കുമായി ന്യൂനപക്ഷക്ഷേമ വകുപ്പ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലേക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 19 കോടി രൂപ വകയിരുത്തുകയും തുക പൂർണ്ണമായും ജില്ലാ കളക്ടർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലായി 950 വീടുകൾ (വീടൊന്നിന് 2 ലക്ഷം രൂപ ധനസഹായം) നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലായി 249 വീടുകൾ അനുവദിച്ചിട്ടുണ്ട്.

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

199 (1637) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ മുഖേന ലഭ്യമാക്കുന്ന വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ സ്കോളർഷിപ്പുകൾ സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിനും അപേക്ഷകൾ കൃത്യതയോടെ സമർപ്പിക്കുന്നതിനും സഹായകമായ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) 1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ ഫണ്ട് മാത്രം വിനിയോഗിച്ച് ബിരുദ പഠനം മുതൽ ഉന്നത വിദ്യാഭ്യാസം തേടുന്ന സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടി പഠിക്കുന്നവരുമായ മുസ്ലീം, ലത്തീൻ ക്രിസ്ത്യൻ, പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കാണ് സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് നൽകിവരുന്നത്. വാർഷിക വരുമാനം 4.50 ലക്ഷം രൂപ കവിയാത്തവർക്കാണ് അർഹത.

2. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന ഫൗണ്ടേഷൻ, കോമൺ, പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 6000 രൂപയും ഇന്റർമീഡിയറ്റ്/എക്സിക്യൂട്ടീവ് ഫൈനൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 12000 രൂപ വീതവും സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ

ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് 1 ലക്ഷം രൂപ ഫെല്ലോഷിപ്പും നൽകിവരുന്നു.

3. സ്വകാര്യ ഐ.ടി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് പദ്ധതി പ്രകാരം സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ദ്വിവൽസര, ഐ.ടി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് 2 വർഷം/1 വർഷം / 6 മാസം കാലയളവിൽ യഥാക്രമം 20000, 10000, 5000 എന്ന തോതിൽ ഫീസ് റീഇംബേഴ്സ്മെന്റ് ചെയ്യുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

(ബി) കേന്ദ്ര സർക്കാർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ്, മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് യഥാക്രമം കോളേജ് വിദ്യാഭ്യാസ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖേനയും നടപ്പാക്കിവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

200 (1638) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

**ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് തുക**

201 (1639) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ; 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ന്യൂനപക്ഷജനവിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) മുൻസർക്കാരിന്റെ കാലത്ത് 2010-11 സാമ്പത്തികവർഷം എത്ര രൂപയാണ് ന്യൂനപക്ഷക്ഷേമത്തിനായി നീക്കിവച്ചത് ; വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന എം.എസ്.ഡി.പി.-ക്കല്ലാതെ ന്യൂനപക്ഷക്ഷേമത്തിനായി എത്ര തുകയാണ് മുൻസർക്കാരിന്റെ കാലത്ത് പ്ലാൻ സ്കീം നടപ്പിലാക്കാൻ ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത് ?

ഉത്തരം

(എ) മത ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസവും സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഹരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സഹായകമായ പദ്ധതികൾ/പ്രവർത്തനങ്ങളാണ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി, മദ്രസ്സാദ്ധ്യാപകരുടെ പെൺമക്കൾക്കായുള്ള വിവാഹ ധനസഹായ പദ്ധതി, അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള സൗജന്യ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുള്ള സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് എന്നീ തുടർ പദ്ധതികൾക്ക് പുറമെ അതത് വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന പദ്ധതികളും നടപ്പാക്കിവരുന്നു. നടപ്പ് വർഷം താഴെ ചേർത്ത പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി.
2. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
3. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി.

4. ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.

5. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.

6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/വിവാഹ മോചിതർക്ക്/ ഉപേക്ഷിക്കപ്പെട്ടവർക്ക് ഭവന പദ്ധതി.

7. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)

8. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ ക്യാപിറ്റൽ നൽകുന്ന പദ്ധതി.

2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ന്യൂനപക്ഷ ജനവിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക വിവരം ചുവടെ ചേർക്കുന്നു :

| 2011-12 (രൂപ കോടിയിൽ) | 2012-13 (രൂപ കോടിയിൽ) | 2013-14 (രൂപ കോടിയിൽ) |
|---|---|---|
| NIL (പ്ലാൻ) | 78.699 (പ്ലാൻ) | 103 (പ്ലാൻ) |
| 14.1407 (നോൺപ്ലാൻ) | 13.8497 (നോൺപ്ലാൻ) | 23.5036 (നോൺപ്ലാൻ) |
| ആകെ 14.1407 | ആകെ 92.5487 | ആകെ 126.5036 |

മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി വിഹിതം ലഭിച്ചിരുന്നില്ല.

(ബി) 2012-13 വർഷം മുതലാണ് വകുപ്പിന് പ്ലാൻഫണ്ട് അനുവദിച്ച് തുടങ്ങിയത്.

## ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള സഹായപദ്ധതികൾ

202 (1640) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷവിഭാഗങ്ങൾക്ക് എന്തെല്ലാം സഹായപദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ നാളിതുവരെ എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം കാറ്റഗറിയിൽ എത്ര തുക വീതം അനുവദിച്ചുവെന്നും ആകെ വായ്പക്കാരുടെ എണ്ണവും വ്യക്തമാക്കുമോ ;

(സി) ന്യൂനപക്ഷവിഭാഗങ്ങളിൽപ്പെട്ട വനിതകൾക്ക് ന്യൂനപക്ഷക്ഷേമ കോർപ്പേറഷൻ പ്രത്യേക വായ്പാപദ്ധതി നടപ്പാക്കിവരുന്നുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ന്യൂനപക്ഷ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ഫിനാൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, പ്രവാസി സ്വയം തൊഴിൽ വായ്പ, നിതാഖാത് സ്വയം തൊഴിൽ വായ്പ, വിദേശത്ത് ജോലി നേടുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ (സ്റ്റുഡന്റ് പ്ലസ്, പാരന്റ് പ്ലസ്), ബിസിനസ് ഡവലപ്മെന്റ് വായ്പ, ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) നാളിതുവരെ 5.8 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. സ്വയം തൊഴിൽ കാറ്റഗറിയിൽ 272 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല. പരിശോധിക്കുന്നതാണ്.

**ന്യൂനപക്ഷക്ഷേമ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

203 (1641) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവ ഓരോന്നിനും എന്തു തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയാണോ എന്നറിയിക്കുമോ ;

(സി) ഇവയിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പദ്ധതിയിലേക്ക്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് :

1. ഇ-സാക്ഷരതാ പദ്ധതി
2. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ വീടുകളിലെ വാതിലുകൾക്കും ജനാലകൾക്കും അടപ്പ് (ഷട്ടർ) നിർമ്മിക്കുന്നതിനുള്ള ധനസഹായ പദ്ധതി - (400 ദിന കർമ്മ പദ്ധതി)
3. മദ്രസ്സ അദ്ധ്യാപകർക്കുള്ള പാർപ്പിട പദ്ധതി (500 ദിന കർമ്മ പദ്ധതി)
4. ന്യൂനപക്ഷ മത വിഭാഗത്തിലെ തൊഴിൽ രഹിതർക്കുള്ള മൾട്ടി പർപ്പസ് ജോബ് ക്ലബ്.

(ബി) തുകയൊന്നും നീക്കി വച്ചിട്ടില്ല.

(സി) പദ്ധതി ആരംഭിച്ചിട്ടില്ല.

**റബ്ബർ വിലയിടിവ്**

204 (1643) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിലയിടിവിനെ തുടർന്ന് പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ നേരിട്ട് റബ്ബർ സംഭരിക്കാൻ എത്ര രൂപ മാറ്റിവച്ചു ; എത്ര റബ്ബർ സംഭരിച്ചു ;

(സി) എത്ര രൂപയാണ് ഇപ്പോൾ മാർക്കറ്റിലെ റബ്ബർ വില; എത്ര രൂപയ്ക്കാണ് സർക്കാർ സംഭരിക്കുന്നത് ;

(ഡി) റബ്ബറിന് സർക്കാർ തറവില നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് സർക്കാർ നിശ്ചയിച്ച തറവില ;

(ഇ) റബ്ബർ കർഷകർക്ക് കാർഷിക സബ്സിഡി നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) റബ്ബർ കർഷകരുടെ ആവശ്യം പരിഗണിച്ച് റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ ?

<u>ഉത്തരം</u>

(എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്ന നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 56/2014/ കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ. എസ്. എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014 തീയതിയിലെ സ.(എംഎസ്.) നമ്പർ 232/2014/കൃഷി പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽനിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014 തീയതിയിലെ സ.ഉ (എംഎസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ 'വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) 2014-15' എന്ന ശീർഷകത്തിൽനിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്)

അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 27-11-2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(സി) റബ്ബറിന്റെ മാർക്കറ്റ് വില ഇപ്പോൾ (29-11-2014) കിലോയ്ക്ക് 117.00 രൂപയാണ്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകിയാണ് റബ്ബർ സംഭരണം നടത്തുന്നത്.

(ഡി) ഇല്ല.

(ഇ) റബ്ബർ വിളയുടെ ഉല്പാദനം, വിപണനം സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് റബ്ബർ ബോർഡ് മുഖേനയാണ്. റബ്ബറിന്റെ പരമ്പരാഗതമായ സ്ഥലങ്ങളിൽ ഹെക്ടറിന് 25000 രൂപ പരമ്പരാഗതമല്ലാത്ത സ്ഥലങ്ങളിൽ ഹെക്ടറിന് 35000 രൂപ എന്ന ക്രമത്തിലാണ് റബ്ബർ ബോർഡ് നടീലിനായി സബ്സിഡി നൽകിവരുന്നത്.

(എഫ്) ആവശ്യപ്പെട്ടിട്ടുണ്ട്.

**ജൈവവൈവിധ്യ സംരക്ഷണം**

205 (1644) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവവൈവിധ്യ സംരക്ഷണത്തിനായി കൃഷി വകുപ്പ് കൂടുതൽ ശ്രദ്ധ ചെലുത്തുമോ ;

(ബി) എങ്കിൽ സ്കൂൾ തലത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഒരു പ്ലാൻ തയ്യാറാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ജൈവവൈവിധ്യ സംരക്ഷണം ജൈവ വൈവിധ്യ ബോർഡ് വഴിയാണ് നടപ്പിലാക്കി വരുന്നത്.

**നീര ഉല്പാദനവും വിപണനവും**

206 (1645) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനവും വിപണനവും എത്രത്തോളം വിജയകരമാണെന്ന് അറിയിക്കുമോ ;

(ബി) നീര ഉല്പാദന മേഖലയിൽ കർഷകരുടെ പങ്കാളിത്തം എത്രത്തോളം ഉണ്ടെന്ന് അറിയിക്കുമോ ;

(സി) നീര കർഷകരുടെ വരുമാന ലഭ്യത വിഭാവനം ചെയ്തതുപോലെ ലഭിച്ചു തുടങ്ങിയോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) മറ്റു പാനീയങ്ങളെ അപേക്ഷിച്ച് നീരയുടെ മേന്മ വിളംബരം ചെയ്യുന്നതിനും വിപണിയിൽ ശക്തമായ സാന്നിധ്യം അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനവും വിപണനവും വിജയകര മാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയുടെ പടന്നക്കാട് കേന്ദ്രത്തിൽ നീരയുടെ പൈലറ്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ദിവസം 160 ലിറ്റർ പൂങ്കുല നീര് ലഭിക്കുന്നു. അതിൽനിന്ന് 75 ലിറ്റർ നീര ഉൽപ്പാദിപ്പിച്ച് ലിറ്ററിന് 150 രൂപ നിരക്കിൽ 10,500 രൂപയ്ക്ക് വിൽപ്പന നടത്തുന്നു. കൂടാതെ 9 കിലോഗ്രാം കേരചക്കര ഉണ്ടാക്കി കിലോയ്ക്ക് 600 രൂപ നിരക്കിൽ 5,400 രൂപയ്ക്ക് വിൽക്കുന്നു. ആകെ പ്രതിദിന വരുമാനം 15,900 രൂപയാണ്. കൂടാതെ നാളികേര വികസന കോർപ്പറേഷനിൽ പ്രതിദിനം 100 ലിറ്റർ നീര ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതായും പ്രതിദിനം 15,000 രൂപ വരുമാനം ഉള്ളതായും അറിയിച്ചിട്ടുണ്ട്.

(ബി&സി) നീര ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് നാളീകേര-നീരബോർഡ് രൂപീകരിച്ചുകൊണ്ട് നപടികൾ പുരോഗമിക്കുന്നത്. നീര ഉല്പാദന വിപണനവുമായി ബന്ധപ്പെട്ട് നാളികേര-നീര ബോർഡിന്റെ ആക്ഷൻപ്ലാൻ രൂപീകരണത്തിനുള്ള യോഗങ്ങൾ ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കാർഷിക സർവ്വകലാശാലയുടെ ഔട്ട്ലെറ്റുകളിലൂടെയും നാളികേര വികസന കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലൂടെയും ഇപ്പോൾ നീരയുടെ വിപണനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് നീരയുടെ മേന്മയ്ക്ക് പ്രചാരം നൽകിക്കൊണ്ട് വിപണനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ

ഭാഗമായി നീര വെൻഡിംഗ് മെഷീനുകൾ ഇതിനോടകം ചില സ്ഥലങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞു. കൂടുതൽ നീര വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

## നിറവ് പദ്ധതി മലപ്പുറം ജില്ലയിൽ

207 (1646) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 'നിറവ്' പദ്ധതി നടപ്പാക്കുന്ന മണ്ഡലങ്ങളിലേക്ക് അനുവദിച്ച തുക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) പൊന്നാനി മണ്ഡലത്തിലേക്ക് ഈ പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) ഇല്ലായെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തത് എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) നിറവ് പദ്ധതി നടപ്പിലാക്കുവാൻ മണ്ഡലാടിസ്ഥാനത്തിൽ തുകകളൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഓരോ മണ്ഡലങ്ങൾക്കായി നിറവ് പദ്ധതിയിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ആർ.കെ.വി.വൈ. പദ്ധതിയിൽ നിറവ് മണ്ഡലങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് നടപ്പിലാക്കുന്നത്.

(സി) ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്താത്തതുകൊണ്ട് നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി നടപ്പിലാക്കുന്നത്.

## ആലപ്പുഴ ജില്ലയിലെ കൃഷിനാശം

208 (1647) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷവും വരൾച്ചയുംമൂലം ആലപ്പുഴ ജില്ലയിൽ സംഭവിച്ച കൃഷിനാശത്തിന്റെ കണക്ക് ലഭ്യമാക്കുമോ ;

(ബി) കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) നഷ്ടപരിഹാരമായി നൽകേണ്ട തുക നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ഡി) അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) മാവേലിക്കര നിയോജക മണ്ഡലത്തിൽ കർഷകർക്കു വിതരണം ചെയ്യാനുള്ള തുക എത്ര ; പ്രസ്തുത തുക അടിയന്തരമായി വിതരണംചെയ്യുമോ ; കുടിശ്ശികത്തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രാഥമിക കണക്കുകൾ പ്രകാരം ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലയിൽ 2014-ലെ കാലവർഷത്തിൽ 53.69 കോടി രൂപയുടെയും വരൾച്ചയിൽ 15.73 കോടി രൂപയുടെയും നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു.

(ബി-ഇ) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പിന്റെ 11-6-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്ന് ധനസഹായം നൽകിവരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്ന് ധനസഹായം നൽകുന്നത്. കേന്ദ്രസർക്കാർ എസ്.ഡി.ആർ.എഫ്. മാനദണ്ഡം പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 343/2012/ ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽനിന്ന് 11-6-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ എസ്.ഡി.ആർ.എഫ്. മാനദണ്ഡം വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 25-10-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 470/2013/ഡിഎംഡി ഉത്തരവിൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തുകയിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം**

209 (1648) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലഭിക്കുന്ന പച്ചക്കറികളിൽ കീടനാശിനിയുടെ സാന്നിദ്ധ്യം

ഏറി വരുന്ന എന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരമുള്ള പച്ചക്കറികൾ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ നഗരങ്ങളിലെ പച്ചക്കറിക്കടകൾ, ജൈവപച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽനിന്നും ശേഖരിച്ച പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറിയിൽ എത്തിച്ച് പരിശോധന നടത്തുന്നു.

**പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്താൻ നടപടി**

210 (1649) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിപണികളിലെത്തുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിധ്യം കണ്ടെത്തിയിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള പച്ചക്കറികളുടെ വിപണനം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പച്ചക്കറികളിലെ കീടനാശിനി അളവ് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തുകയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ്

റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ കറിവേപ്പില, പുതിനയില, കോളിഫ്ലവർ, ചുവപ്പ് ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ എന്നിവയിൽ അമിതമായ തോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്.

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽകൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ചെക്ക് പോസ്റ്റുകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ കീടനാശിനികൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽകൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**ഓണാട്ടുകര പാക്കേജ്**

211 (1650) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര പാക്കേജിന്റെ ഭാഗമായി ഏതൊക്കെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ഇനിയും ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കരിപ്പുഴ പാർട്ട് 10.

**കേരളത്തിലെ കർഷകരിൽനിന്നും പച്ചക്കറിയും പഴങ്ങളും സംഭരിക്കാൻ നടപടി**

212 (1651) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യായവിലയ്ക്ക് പച്ചക്കറിയും പഴങ്ങളും ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിനുള്ളിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടത്തിയ സംഭരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത മൂന്ന് വർഷങ്ങളായി സംസ്ഥാനത്തിന് പുറത്തുനിന്നും ഇവ സംഭരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും ഒഴിവാക്കി സംസ്ഥാനത്തിനു പുറത്തു നിന്നും ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ അവ സംഭരിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കേരളത്തിൽ നിന്നു മാത്രം അവ സംഭരിക്കുവാനും തികയാതെ വരുന്ന അവസരങ്ങളിൽമാത്രം സംസ്ഥാനത്തിനുപുറത്തുനിന്നും സംഭരിക്കുന്നതിനും അതുവഴി നമ്മുടെ കർഷകർക്ക് പരമാവധി പ്രയോജനം ലഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, ഹോർട്ടികോർപ്പ് എന്നീ ഏജൻസികളാണ് പച്ചക്കറി വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിനുമായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു. 264 വിപണികൾ കൗൺസിലിന് നിലവിൽ ഉണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കൂട്ടായി വിപണനം ചെയ്യുന്നതുവഴി അവർക്ക് ന്യായമായ വില ഉറപ്പാക്കുവാൻ കഴിയുന്നു.

2012 മേയ്-ആഗസ്റ്റ് മാസങ്ങളിൽ പൊതുവിപണികളിൽ പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി കൗൺസിൽ വിപണിയിൽ ഇടപെടുകയും പൊതുജനങ്ങൾക്ക് 30% വിലക്കിഴിവിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 150 ചില്ലറ വില്പനശാലകൾ സംസ്ഥാനത്തുടനീളം നടത്തുകയുമുണ്ടായി. ഈ ചില്ലറ വില്പന ശാലകൾവഴി 14.82 കോടി രൂപ മൂല്യമുള്ള 5582 മെട്രിക് ടൺ പച്ചക്കറികൾ, 10 ലക്ഷം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. ഇതുകൂടാതെ ക്രിസ്തുമസ് സീസണിൽ സംഘടിപ്പിച്ച 130 പച്ചക്കറി ചില്ലറ വില്പന ശാലകൾ വഴി 2.44 കോടി രൂപ മൂല്യമുള്ള 881 ടൺ പച്ചക്കറി, ഉപഭോക്താക്കൾക്ക് 30% വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പച്ചക്കറിയുടെ അനിയന്ത്രിതമായ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുവേണ്ടി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് 30% വിലക്കിഴിവിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 152 ചില്ലറ വിൽപ്പന ശാലകൾ 2013 ജൂൺ-സെപ്റ്റംബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം ആരംഭിച്ചു. ഈ ചില്ലറ വില്പന ശാലകൾ വഴി 20.45 കോടി രൂപ മൂല്യമുള്ള 5058 മെട്രിക് ടൺ പച്ചക്കറികൾ 8.25 ലക്ഷം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. 2014 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്തുടനീളം ആരംഭിച്ച 111 ചില്ലറ വിൽപ്പന ശാലകൾ വഴി 4 കോടി രൂപ മൂല്യമുള്ള 996 മെട്രിക് ടൺ പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. ഹോർട്ടികോർപ്പ് കഴിഞ്ഞ മൂന്നുവർഷങ്ങളായി സംസ്ഥാനത്തിനുള്ളിൽ നടത്തിയ സംഭരണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| 2012-13<br>(ആകെ തുക) | 2013-14<br>(ആകെ തുക) | 2014-15 (31-10-2014 വരെ)<br>(ആകെ തുക) |
|---|---|---|
| 10.42 കോടി | 27.73 കോടി | 28.58 കോടി |

(ബി) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തിന് പുറത്തുനിന്നും പച്ചക്കറികളും പഴങ്ങളും സംഭരിക്കാറില്ല. ഹോർട്ടികോർപ്പ് സംസ്ഥാന

ത്തിനുപുറത്തുനിന്നും സംഭരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| 2012-13 (ആകെ തുക) | 2013-14 (ആകെ തുക) | 2014-15 (31-10-2014 വരെ) (ആകെ തുക) |
|---|---|---|
| 14.85 കോടി | 31.29 കോടി | 27.83 കോടി |

(സി&ഡി) കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ കർഷകരിൽനിന്ന് നേരിട്ടും കർഷക ഗ്രൂപ്പുകൾ, ക്ലസ്റ്ററുകൾ, കൃഷി വകുപ്പിന്റെ വേൾഡ് മാർക്കറ്റുകൾ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., സ്വാശ്രയ കർഷക സമിതികൾ എന്നിവ മുഖേന ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നുണ്ട്. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിന് പുറത്തുനിന്നും സംഭരിക്കാറില്ല. ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ ദിവസവും 45 ഇനം പച്ചക്കറികൾ ആവശ്യമായി വരാറുണ്ട്. ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ ദിവസവും വിതരണ സ്റ്റാളുകളിൽ നിന്നുള്ള ഇന്റന്റ് ലഭിക്കുകയും ഇതിൽ സംസ്ഥാനത്തെ കർഷകരിൽ നിന്നുമുള്ള ഉൽപ്പന്നങ്ങൾ എടുക്കുന്നതിന് മുൻഗണന നൽകുകയും ബാക്കിയുള്ള ഇനങ്ങൾ മാത്രം അയൽ സംസ്ഥാനങ്ങളിൽനിന്നും സംഭരിക്കുകയുമാണ് പതിവ്.

## തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്ന പദ്ധതി

213 (1652) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15-ൽ സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 11,500 രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 178.25 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ നെൽകൃഷിയുടെ ആകെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകവഴി സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം.

(സി) കുടുംബശ്രീ, ജനശ്രീ, സ്വാശ്രയ സംഘം, കർഷക ക്ലബ്, തരിശുഭൂമിയുടെ ഉടമകൾ എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) 2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. അതിനായി 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-13 വർഷം ആർ.കെ.വി.വൈ. കരാർ കൃഷി-തരിശ് നിലം പദ്ധതി പ്രകാരം ആകെ 1005 ഹെക്ടർ തരിശുനിലം കൃഷി യോഗ്യമാക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി 210.75 ലക്ഷം രൂപ 14 ജില്ലകളിലുമായി ചെലവഴിക്കുകയുണ്ടായി. 13-ാമത് ഫിനാൻസ് കമ്മീഷൻ അവാർഡ് (കുട്ടനാട് പാക്കേജ്) പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 368.4 ഹെക്ടർ തരിശുനിലം നെൽകൃഷിയോഗ്യമാക്കു കയുണ്ടായി. അതിനായി 110.52 രൂപ ചെലവഴിക്കുകയുണ്ടായി. 2013-14 വർഷം തരിശുനിലനെൽകൃഷി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലായി 1653.95 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 491.33 ലക്ഷം രൂപ നൽകുകയുണ്ടായി. ഇതിനുപുറെമ 2012-13-ൽ നടപ്പിലാക്കിയ തരിശുനിലകൃഷി നിലനിർത്തുന്നതിനായി 652.93 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 15000 രൂപ സബ്സിഡി നിരക്കിൽ) 95.26 ലക്ഷം രൂപ ചെലവഴിച്ച് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 250 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 75 ലക്ഷം രൂപയും ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി.

**ഭക്ഷ്യവിളകളുടെ ഉല്പാദന വർദ്ധനവിനായി പദ്ധതി**

214 (1653) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഭക്ഷ്യ വിളകളുടെ ഉൽപാദനത്തിൽ ഉണ്ടായിട്ടുള്ള കുറവിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ ഏതെങ്കിലും ഏജൻസി ഗൗരവമായ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഇങ്ങനെ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് റിപ്പോർട്ടോ നിർദ്ദേശങ്ങളോ സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെയോ നിർദ്ദേശങ്ങളുടെയോ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെയോ നിർദ്ദേശങ്ങളുടെയോ അടിസ്ഥാനത്തിൽ ഭക്ഷ്യ വിള ഉൽപാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഇ) അത്തരത്തിൽ രൂപം നൽകിയ പദ്ധതിയെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി-ഇ) ബാധകമല്ല.

**റബ്ബർ സംഭരണം**

215 (1654) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റബ്ബർ കർഷകരിൽനിന്നും റബ്ബർ സംഭരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം പ്രഖ്യാപനം നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(സി) അതനുസരിച്ച് റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടെങ്കിൽ ഇതേവരെ എത്ര ടൺ റബ്ബർ സംഭരിച്ചിട്ടുണ്ടെന്നും കർഷകർക്ക് നൽകുന്ന വിലയെത്രയാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നനിൽക്കുന്ന സാഹചര്യത്തിലാണ് കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് തീരുമാനിച്ചത്.

(സി) 27-11-2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകിയാണ് കർഷകരിൽനിന്നും റബ്ബർ സംഭരണം നടത്തുന്നത്.

**റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി**

216 (1655) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലയിടിവ് തുടരുന്ന സാഹചര്യത്തിൽ കർഷകൻ റബ്ബർ കൃഷി എന്നേക്കുമായി ഉപേക്ഷിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പുതിയതായി റബ്ബർ പ്ലാന്റ് ചെയ്യുന്നതിന് കർഷകർ തയ്യാറാകാത്ത സാഹചര്യം കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(സി) ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനു ആലോചനയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അനുബന്ധ വകുപ്പുകളുമായി ചേർന്ന് സംയുക്തമായി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വേണ്ട വകുപ്പുതല നടപടി സമയബന്ധിതമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിലയിരുത്തിയിട്ടില്ല.

(സി&ഡി) പ്ലാന്റേഷൻ കോർപ്പറേഷനുമായി സഹകരിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങാൻ ആലോചിക്കുന്നു.

**റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി**

217 (1656) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിനോട് എന്തെല്ലാം സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ ?

ഉത്തരം

സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്ന നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ(എംഎസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ. എസ്. എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 232/2014/കൃഷി പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽനിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ. എസ്. എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. റബ്ബറിന്റെ ഇറക്കുമതി തടയുക.
2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റെയും റബ്ബർ ഉല്പന്നങ്ങളുടെയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.
4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.
5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.
6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.

7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.

8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.

9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുക.

10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

**ആദിവാസി മേഖലകളിൽ പാരമ്പര്യകൃഷി പദ്ധതി**

218 (1657) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലകളിൽ പാരമ്പര്യകൃഷി പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഇനം കൃഷിയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് ; ഇതിൽ ഏതെല്ലാം ഇനം കൃഷിയിറക്കി വിളവെടുത്തു ;

(സി) കൃഷിയിറക്കാത്ത പാടങ്ങളിൽ കൃഷിയിറക്കിയതായി കണക്കുകളുണ്ടാക്കിയതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അട്ടപ്പാടി ബ്ലോക്കിലെ ആദിവാസി മേഖലയിൽ "കോംപ്രിഹൻസീവ് അഗ്രിക്കൾച്ചറൽ ഡവലപ്പ്മെന്റ് ഇൻ ട്രൈബൽ ഹാംലെറ്റ്സ് ഓഫ് അട്ടപ്പാടി" എന്ന സമഗ്ര കാർഷിക വികസന പദ്ധതി 2013-14 സാമ്പത്തിക വർഷം ആരംഭിച്ചു. നടപ്പിലാക്കി വരുന്ന പദ്ധതി 2014-15 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(ബി) ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പഴം, പച്ചക്കറികൾ, തോട്ടവിളകൾ, പരുത്തി എന്നീ വിളകളുടെ കൃഷി വ്യാപനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന

പ്രധാന ഘടകം. 2013-14-ലെ രണ്ടാം വിള സീസണിൽ കൃഷി ഇറക്കി വിളവെടുത്ത വിളകൾ ചുവടെ ചേർക്കുന്നു :

1. ചെറുധാന്യങ്ങളായ ക്വവരക്, ചോളം.
2. പയറുവർഗ്ഗങ്ങളായ പയർ, മുതിര, ഉഴുന്ന്, തുവര പരിപ്പ്.
3. പച്ചക്കറികൾ.
4. തോട്ടവിളകൾ (കൃഷി ഇറക്കിയത്) തെങ്ങ്, കമുക്, കാപ്പി.

2014-15-ലെ ഒന്നാം വിള സീസണിൽ ക്വവരക്, ചാമ എന്നീ ചെറുധാന്യങ്ങളും തുവര, മുതിര, പയർ എന്നീ പയറുവർഗ്ഗങ്ങളും പരുത്തി, നിലക്കടല, വിവിധ ഇനം പച്ചക്കറികളും കൃഷി ചെയ്തു. നിലക്കടല, റാഗി, പയർ എന്നിവയുടെ വിളവെടുത്തു. 2014-15 രണ്ടാം വിള സീസണിൽ മുതിര, ഉഴുന്ന്, ചോളം, ബീൻസ് എന്നിവ കൃഷി ചെയ്യാൻ വിത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതി അവലോകനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ജില്ലാതലത്തിലും ബന്ധപ്പെട്ട ബ്ലോക്കുതലത്തിലും (അട്ടപ്പാടി ബ്ലോക്ക്) പഞ്ചായത്തുതലത്തിലും (അഗളി, പുതൂർ, ഷോളയാർ) ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൃഷിനാശംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി**

219 (1658) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിനാശംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇത്തരത്തിൽ എത്ര അപേക്ഷകർക്ക് തുക വിതരണം ചെയ്യാനുണ്ടെന്ന് അറിയിക്കുമോ ;

(സി) ശ്രീ. സി. പി. നാരായണൻ, ചെരുപറമ്പി വീട്, പനിച്ചയം, അശമന്നൂർ, എറണാകുളം എന്നയാൾ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ, സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) നഷ്ട പരിഹാര തുകയുടെ നിരക്ക് കുറച്ചിട്ടുണ്ടോ ; എങ്കിൽ വർദ്ധിപ്പിക്കാൻ

നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കൃഷിനാശംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകുന്നുണ്ട്. കൂടാതെ കൃഷി നശിച്ച കർഷകർക്ക് വീണ്ടും വിതയ്ക്കുന്നതിനായി 'കണ്ടിജൻസി പ്രോഗ്രാം റ്റു മീറ്റ് നാച്ചുറൽ കലാമിറ്റി' എന്ന പദ്ധതി വഴി സൗജന്യ നിരക്കിൽ വിത്ത് വിതരണം നടത്തിവരുന്നു.

(ബി) 2013-14 മുതൽ 1,34,037 കർഷകർക്ക് തുക വിതരണം ചെയ്യാനുണ്ട്.

(സി) IDEAS പരിശോധിച്ചതിൽ ഈ നിവേദനം ലഭിച്ചതായി കാണുന്നില്ല.

(ഡി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ(എംഎസ്.) നമ്പർ 239/2012/ഡി. എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ. (എംഎസ്.) നമ്പർ 239/2012 ഡിഎം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവിൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

**തരിശുഭൂമി കണ്ടെത്തി മാതൃകാ ജൈവകൃഷി തോട്ടങ്ങൾ ആരംഭിക്കാൻ നടപടി**

220 (1659) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ തരിശുഭൂമി കണ്ടെത്തി മാതൃകാ ജൈവകൃഷി തോട്ടങ്ങൾ ആരംഭിക്കാനുള്ള നിർദ്ദേശം നൽകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) മാതൃകാജൈവകൃഷി തോട്ടങ്ങൾ രൂപപ്പെടുത്തുന്നതിന് കൃഷിഭവനുകൾക്ക് നിശ്ചിത ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ ജൈവകൃഷി പ്രോത്സാഹനം കൃഷി ഭവനുകളിലൂടെ നടപ്പിലാക്കാവുന്നതാണ്. 50 സെന്റ് മുതൽ ഒരു ഏക്കർ വരെയുള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക പുഷ്പവിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം എന്നതിലേക്ക് 10,000 രൂപ ധനസഹായം നൽകുന്നതാണ് പദ്ധതി.

(ബി) മാതൃകാ ജൈവകൃഷിത്തോട്ടങ്ങൾ രൂപപ്പെടുത്തുന്നതിന് കൃഷി ഭവനുകൾക്ക് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കപ്പെട്ട 2,59,880 രൂപ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് അലോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കുറുപ്പന്തറ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

221 (1660) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന് കീഴിലുള്ള കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറുപ്പന്തറ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-2-2014-ൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) ലേലകേന്ദ്രത്തിന് പിക്കപ്പ് വാൻ വാങ്ങുന്നതിന് ധനകാര്യ വകുപ്പ്

അനുമതി നൽകിയിട്ടുണ്ടോ ; ധനകാര്യ വകുപ്പിലെ ഇതുസംബന്ധിച്ചുള്ള ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(സി) ലേലകേന്ദ്രത്തിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രസ്തുത ഫയൽ കൃഷി വകുപ്പിന്റെ ഏത് വിഭാഗമാണ് കൈകാര്യം ചെയ്യുന്നത് ; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-2-2014-ൽ കുറുപ്പന്തറ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് വിളിച്ചുകൂട്ടിയ യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട് :

1. കർഷകർക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ട്രാൻസ്പോർട്ട് സബ്സിഡി കൊടുത്തു തീർക്കുന്നതിന് 2¼ ലക്ഷം രൂപ അനുവദിക്കുക.

2. ഓപ്പറേഷണൽ കോസ്റ്റ് 3 ലക്ഷം രൂപയുൾപ്പെടെ 5 ¼ ലക്ഷം രൂപ അനുവദിക്കുക.

3. പുതിയ ഒരു പിക്ക്അപ്പ് വാൻ അനുവദിക്കുക.

2013-14 സാമ്പത്തിക വർഷത്തിൽ കോട്ടയം കുറുപ്പന്തറ ജില്ല സംഭരണ വിപണന കേന്ദ്രത്തിനായി ട്രാൻസ്പോർട്ട് സബ്സിഡിയായി 1.75 ലക്ഷം രൂപയും ഓപ്പറേഷണൽ കോസ്റ്റിനായി 0.50 ലക്ഷം രൂപ അടക്കം ആകെ 2.25 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ കൂടുതൽ തുക കണ്ടെത്തുവാൻ സാധിച്ചില്ല. 2014-15 സാമ്പത്തിക വർഷം മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുറുപ്പന്തറ ജില്ല സംഭരണ വിതരണ കേന്ദത്തിന് ട്രാൻസ്പോർട്ട് സബ്സിഡിക്കും ഓപ്പറേഷൻ ചെലവിനും ഒരു പിക്ക്അപ്പ് വാൻ വാങ്ങുന്നതുൾപ്പെടെ ആവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതുമാണ്.

(ബി) പരിഗണനയിലാണ്. ഫയൽ നമ്പർ 80470/AWC2/14/Fin

(സി) കൃഷി (എൻ.സി.എ.) വകുപ്പ് 25199/NCA2/14/AD

**കർഷകഭവൻ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം**

222 (1661) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് നിർമ്മിച്ചിട്ടുള്ള കർഷക ഭവൻ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിനു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതിനുവേണ്ടി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) 2011 ജൂൺ മുതൽ 2014 നവംബർ വരെ കർഷക ഭവനിൽ എത്ര കർഷകർ താമസിച്ചുവെന്നും ഇതുമൂലം കൃഷി വകുപ്പിന് എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കർഷക ഭവൻ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്ക് എല്ലാ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർക്ക് കർഷക ഭവനം അനുവദിക്കുന്നതിന് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ ശിപാർശ ആവശ്യമാണ്. താമസ സൗകര്യം വേണമെന്ന വിവരവും മുൻകൂട്ടി അറിയിക്കേണ്ടതുണ്ട്. താമസ സൗകര്യത്തിന് മുറികൾ അനുവദിക്കുമ്പോൾ തിരിച്ചറിയൽ കാർഡും ആവശ്യമാണ്.

(ബി) 2011 ജൂൺ മുതൽ 2014 നവംബർ വരെ കർഷക ഭവനിൽ 407 കർഷകർ താമസിച്ചിട്ടുണ്ട്. വാടക ഇനത്തിൽ 20,350 രൂപ ലഭിച്ചിട്ടുണ്ട്.

**പച്ചക്കറിയുടെ വിലവർദ്ധനവ്**

223 (1662) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ചക്കറി വിൽപ്പന മേഖലയിൽ ഇടനിലക്കാരുടെ ഇടപെടൽമൂലം വിലവർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ യഥാർത്ഥ കർഷകന് ന്യായമായ വില ലഭിക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ ;

(സി) കൂടുതൽ സർക്കാർ നിയന്ത്രിത പച്ചക്കറി മാർക്കറ്റുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് 6 കാർഷിക മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നു. കാർഷിക മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങൾകൂടി ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. വി.എഫ്.പി.സി.കെ.-യുടെ നിയന്ത്രണത്തിലുള്ള കർഷക വിപണികളിലും കർഷകർക്ക് നേരിട്ട് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് സൗകര്യമുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമായി കൗൺസിലിന്റെ കീഴിൽ സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കൂട്ടായി വിപണനം ചെയ്യുന്നതുവഴി അവർക്ക് ന്യായമായ വില ഉറപ്പാക്കുവാൻ കഴിയുന്നു.

**വില്ലേജിൽ ഒരു മാതൃകാകൃഷിത്തോട്ടം പദ്ധതി**

224 (1663) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികസംസ്കൃതി വീണ്ടെടുക്കുക എന്ന ലക്ഷ്യത്തിനായി കർഷകസംഘം സംസ്ഥാനക്കമ്മിറ്റി ആരംഭിച്ച 'വില്ലേജിൽ ഒരു മാതൃകാ കൃഷിത്തോട്ടം' പദ്ധതിയെക്കുറിച്ച് അറിയാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കൃഷി വകുപ്പിൽനിന്നും എന്തെല്ലാം സഹായങ്ങൾ നൽകുകയുണ്ടായിട്ടുണ്ടെന്ന വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അറിയില്ല.

(ബി) കൃഷി വകുപ്പിൽനിന്നും യാതൊരു സഹായവും പ്രസ്തുത പദ്ധതിക്ക് നൽകിയിട്ടില്ല.

**ജൈവ വൈപ്പിൻ പദ്ധതി**

225 (1664) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊക്കാളി നെൽ - മത്സ്യ കൃഷി എന്നിവയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള ജൈവ വൈപ്പിൻ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ സ്പെഷ്യൽ ഓഫീസറുടെ പ്രവർത്തന മേഖല, ഉത്തരവാദിത്വങ്ങൾ എന്നിവ വിശദീകരിക്കാമോ ;

(സി) ജൈവ വൈപ്പിൻ പദ്ധതി നടത്തിപ്പിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ഡി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നായരമ്പലം പഞ്ചായത്തിലുള്ള നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള 239.17 ലക്ഷം രൂപയുടെ പ്രോജക്ടിന് ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്. കെ.എൽ.ഡി.സി. തയ്യാറാക്കിയ 7685.19 ലക്ഷം രൂപയുടെ 10 പദ്ധതികൾ ആർ.ഐ.ഡി.എഫ്.-ലും 632.15 ലക്ഷം രൂപയുടെ ഒരു പദ്ധതി ആർ.കെ.വി.വൈ. പദ്ധതിയിലും അംഗീകാരത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള കാർഷിക സർവകലാശാലയിലെ റിട്ടയേർഡ് പ്രൊഫസർ ആയ ശ്രീ. കെ. ജി. പത്മകുമാറിനെ “International Research and Training Centre for Below Sea Level Farming in Kuttanad” എന്ന പദ്ധതിയുടെ പ്രോജക്ട് ഡയറക്ടർ/സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ "ജൈവ വൈപ്പിൻ പദ്ധതിയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം" സംബന്ധിച്ച ചുമതല ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) എറണാകുളം ജില്ലയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം സംബന്ധിച്ച് 8-5-2013-ൽ ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും എറണാകുളം ജില്ലയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം സംബന്ധിച്ച് കിറ്റ്കോ തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാനപരമായി അംഗീകരിച്ച് അത് നടപ്പിലാക്കുന്നതിനാവശ്യമായുള്ള ഫണ്ട് കണ്ടെത്തുന്നതിനുമായുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി :

1. പാടശേഖരങ്ങളിൽ കൊയ്ത്തിന് നേരിടുന്ന തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കാംകൊയുടെ കീഴിൽ പൊക്കാളി

പ്രദേശത്തേക്ക് അനുയോജ്യമായ കൊയ്ത്ത് യന്ത്രം, നിലം ഒരുക്കുന്നതിന് അനുയോജ്യമായ പവർ ടില്ലർ എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

2. പൊക്കാളി നില വികസന ഏജൻസി ശക്തിപ്പെടുത്തുന്നതിനായി 2013-14 വർഷം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 440 ഹെക്ടർ പൊക്കാളി നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 44 ലക്ഷം രൂപ നൽകുകയുണ്ടായി. കൂടാതെ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി വികസന പദ്ധതി പ്രകാരം 13 ലക്ഷം രൂപ ചെലവഴിച്ചു കൊണ്ട് 130 ഹെക്ടറിൽ കൃഷി നടപ്പിലാക്കുകയുണ്ടായി. 2014-15 വർഷം പൊക്കാളി കൃഷി നടപ്പിലാക്കുന്നതിനായി 325 ഹെക്ടർ സ്ഥലത്ത് 32.5 ലക്ഷം രൂപ ആർ.കെ.വി.വൈ. പദ്ധതി പ്രകാരവും പ്രത്യേക നെല്ലിനങ്ങളുടെ പദ്ധതി പ്രകാരം 300 ഹെക്ടർ സ്ഥലത്തേക്ക് 30 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

3. നായരമ്പലം പഞ്ചായത്തിലുള്ള നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 239.17 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) പദ്ധതികൾ അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഓരോ പഞ്ചായത്തിലും മാതൃകാ പച്ചക്കറിത്തോട്ടം**

226 (1665) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ മാതൃകാ പച്ചക്കറിത്തോട്ടം പദ്ധതി ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം സംസ്ഥാനത്ത് എത്ര പച്ചക്കറിത്തോട്ടം ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ മാതൃകാ പച്ചക്കറിത്തോട്ടം പദ്ധതി ആരംഭിച്ചിട്ടില്ല. എന്നാൽ ഒരേക്കർ കൃഷിയിടത്തിൽ വിവിധതരം കാർഷിക ഫലപുഷ്പ വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃക കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സംയോജിത മാതൃക കൃഷിത്തോട്ട പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ ജൈവകൃഷി വികസനത്തിന് സംസ്ഥാന സർക്കാർ വിവിധ സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 10-2-2010-ലെ സ.ഉ.(പി.)39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവ കൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ ഓർഗാനിക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000 രൂപ നിരക്കിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. 2011-12 വർഷം ജൈവ കൃഷി വികസനത്തിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ അനുവദിച്ച 450 ലക്ഷം രൂപ പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. 2011-12 കാലയളവിൽ ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായ ത്തോടുകൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു. ഇതിനുപുറമെ 2010-11 വർഷം ജൈവകൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് 2-ാം വർഷവും ജൈവ കൃഷി നടത്തുന്നവർക്ക് പ്രാരംഭകാലത്ത് ഉൽപ്പാദന കുറവുമൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് 2-ാം വർഷവും ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി. 2012-ൽ കാസർഗോഡ് ജൈവ ജില്ലയായി പ്രഖ്യാപിച്ചു. ബോധവത്കരണം, ക്ലസ്റ്ററുകൾ വഴി പച്ചക്കറി കൃഷി, ജൈവവള കമ്പോസ്റ്റ് നിർമ്മാണം, മാതൃക കൃഷിത്തോട്ട നിർമ്മാണം, പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ നവീകരണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. 2013-14, 2014-15 വർഷങ്ങളിലും മേൽപ്പറഞ്ഞ പരിപാടികൾക്കു പുറമെ ഇക്കോഷോപ്പ് വഴി ജൈവ ഉല്പന്ന വിപണനം, ജൈവ സർട്ടിഫിക്കേഷൻ എന്നിവയുടെ പ്രവർത്തനം പുരോഗമിക്കുന്നു.

സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.-മാർ, ത്രിതല പഞ്ചായത്തു

പ്രതിനിധികൾ, കൃഷി അനുബന്ധ മേഖലാ വകുപ്പുകൾ എന്നിവരുടെ യോഗങ്ങളും ബോധവത്ക്കരണ കാമ്പയിനുകളും നടത്തി വരുന്നു. ഓരോ നിയോജക മണ്ഡലങ്ങൾക്കും അനുയോജ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നു. കൂടാതെ ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടുകൂടി മുൻ വർഷങ്ങളിലെ പോലെ 2014-15 സാമ്പത്തിക വർഷത്തിലും വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി, വയനാട് എന്നീ 8 ജില്ലകളിലായി നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ താഴെ പറയുന്നു :

1. സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവർക്കായി ജൈവ കൃഷി രീതികൾ പരിചയപ്പെടുത്താനും ബോധവൽക്കരിക്കാനും വേണ്ടിയുള്ള മാനവ വികസനശേഷി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

2. 3136 ഹെക്ടർ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി 14 ജില്ലകളിലും 627.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. 160 ഹെക്ടറിൽ സങ്കരയിനം പച്ചക്കറികളുടെ ഉല്പാദനത്തിനായി 32 ലക്ഷം രൂപ നൽകുന്നു.

4. 25 ലക്ഷം സങ്കരയിനം പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുവാൻ 62.68 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 50,000 ഗുണമേൻമയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ കർഷകർക്ക് വിതരണം ചെയ്യാൻ 5 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമേ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ ധനസഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

**നീര ഉല്പാദനവും വിതരണവും നടത്തുന്നതിന് ഏജൻസികൾ**

227 (1666) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ :

(എ) നീര ഉല്പാദിപ്പിക്കുന്നതിന് നാളികേര വികസന ബോർഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, ബോണഫൈഡ് ജാഗറി പ്രൊഡ്യൂസേഴ്സ്, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കേരള അബ്കാരി ചട്ടം ഭേദഗതി ചെയ്യാത്തതു കാരണം നീരയുടെ ഉൽപ്പാദനമോ വിതരണമോ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 3-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 17/2014/നികുതി വകുപ്പ് തീയതി പ്രകാരം സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/ സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കർഷക പെൻഷൻ**

228(1667) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്ക് കർഷക പെൻഷൻ നൽകുന്നത് വിലയിരുത്താറുണ്ടോ ;

(ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് വേണ്ടി എത്ര അപേക്ഷകളാണ് പരിഗണനയിൽ ഉള്ളതെന്ന് അറിയിക്കുമോ ;

(സി) പെരുമ്പാവൂർ മണ്ഡലത്തിൽ സമർപ്പിച്ച അപേക്ഷകരുടെ എണ്ണം എത്രയാണ് ;

(ഡി) അപേക്ഷകർക്ക് പെൻഷൻ ലഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ 320793 പേർക്ക് നൽകി വരുന്നു.

(സി) 2614.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

**ആഗോള കാർഷിക സംഗമം**

229(1668) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടുത്തിടെ നടന്ന ആഗോള കാർഷിക സംഗമത്തിന്റെ നേട്ടങ്ങൾ നമ്മുടെ കാർഷിക രംഗത്തിന് എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) 2016-ൽ കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമായി പ്രഖ്യാപിക്കാനുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1. സമ്പൂർണ്ണ ജൈവ കൃഷി സംസ്ഥാനം എന്ന മഹത് ലക്ഷ്യത്തിലേക്ക് മുന്നേറുന്ന കാർഷിക കേരളത്തെ പൂർണ്ണമായും ജൈവകൃഷിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

2. കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തമായ ഉല്പന്നങ്ങളുടെ മേന്മയും മൂല്യവും ലോക വിപണിയെ അറിയിച്ച് ആഗോള വിപണി കണ്ടെത്തും.

3. യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

4. ഓർഗാനിക് കൃഷി ഫുഡ് പ്രോസസിംഗ് മറൈൻ എക്സ്പോർട്ട്സ്, ലാന്റ് സ്കേപ്പിംഗ്, കോക്കനട്ട് എക്സ്ട്രാക്റ്റ്, പൈനാപ്പിൾ കൃഷി ടെക്നോളജി ഫാം പ്രൊഡ്യൂസ് തുടങ്ങിയ മേഖലകളിൽ വ്യവസായം നടത്തുന്നതിന് നടപടി സ്വീകരിക്കും.

5. പഴം, പച്ചക്കറി, പൂക്കൾ എന്നിവയുടെ പോളിഹൗസ്, കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കും.

6. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ളവരും വിദേശ സംരംഭകരും കാർഷിക മേഖലയിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കും.

(ബി) സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ പഞ്ചായത്ത് പ്രതിനിധികൾ, കൃഷി വകുപ്പ് കൃഷി അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി കാർഷിക വികസന സമിതി കൂടുകയുണ്ടായി. ഓരോ നിയോജക മണ്ഡലത്തിലും മേൽപ്പറഞ്ഞവരെ ഉൾപ്പെടുത്തി എം.എൽ.എ.-മാർ പങ്കെടുക്കുന്ന ആലോചനയോഗങ്ങൾ നടക്കുന്നു. ഓരോ നിയോജക മണ്ഡലത്തിനും അനുയോജ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

**തനതു കാർഷിക വിളകളുടെ ആഗോള വിപണനം**

230 (1669) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനതു കാർഷിക വിളകൾ ആഗോള വിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഞവര നെല്ല്,വാഴക്കുളം പൈനാപ്പിൾ, പാലക്കാടൻ മട്ട, മലബാർ കുരുമുളക് എന്നീ രാജ്യാന്തര വിപണിയിൽ വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങൾ ആഗോള വിപണിയിലെത്തിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പോളിഹൗസ് ഫാർമിംഗ് പ്രോത്സാഹിപ്പിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മലബാർ മേഖല കേന്ദ്രീകരിച്ച് പോളിഹൗസ് ഫാമിംഗ് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നകാര്യം സർക്കാർ പരിഗണിയ്ക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ തനതു കാർഷിക വിളകൾ ആഗോള വിപണിയിൽ എത്തിക്കുന്നതിന് സർക്കാർ പ്രത്യേകമായി പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഈ ലക്ഷ്യം മുൻനിർത്തി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകർ മുതൽ കാർഷികോല്പന്ന കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ പ്രതിനിധികൾ വരെയുള്ളവരെ

ഉൾപ്പെടുത്തികൊണ്ട് ഒരു ആഗോള കാർഷിക സംഗമം (ഗ്ലോബൽ അഗ്രോ മീറ്റ്) 2014 നവംബർ 6, 7 എന്നീ തീയതികളിലായി അങ്കമാലിയിൽ വച്ച് നടത്തുകയുണ്ടായി.

(ബി) അങ്കമാലിയിൽ വച്ച് 2014 നവംബർ 6, 7 തീയതികളിൽ നടന്ന ആഗോള കാർഷിക സംഗമത്തിൽ നീര, ഞവര അരി, വാഴക്കുളം പൈനാപ്പിൾ, പാലക്കാടൻ മട്ട, മലബാർ കുരുമുളക് എന്നീ ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ സംരംഭകരുടെ മുന്നിൽ അവതരിപ്പിച്ചിരുന്നു.

(സി) പോളിഹൗസ് ഫാമിംഗ് ഉൾപ്പെടെയുള്ള ആധുനിക കാർഷിക സങ്കേതങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് 2012-13 സാമ്പത്തിക വർഷം മുതൽ ഹൈടെക് അഗ്രികൾച്ചർ എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയനുസരിച്ച് അഞ്ച് സെന്റ് മുതൽ ഒരു ഏക്കർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിച്ച് കൃഷി ചെയ്യുന്നതിന് ആകെ ചെലവിന്റെ 75% സബ്സിഡിയായി നൽകുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് മുതൽ മുടക്കിനാവശ്യമായ തുക നിലവിലെ വ്യവസ്ഥകളനുസരിച്ച് ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള സേവനവും ലഭ്യമാക്കുന്നു. കേരളത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) മലബാർ മേഖല കേന്ദ്രീകരിച്ച് പോളിഹൗസ് ഫാമിംഗ് മികവിന്റെ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി

231 (1670) ശ്രീ. പാലോട് രവി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഫാമുകളിൽ ജൈവവളങ്ങളും ജൈവകീടനാശിനികളും മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതികൾക്ക് മുൻഗണന നൽകികൊണ്ടുള്ള കൃഷി പ്രവർത്തനങ്ങൾ അവലംബിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന് അനുബന്ധമായി ജൈവ വളത്തിന്റെ ലഭ്യത, എല്ലാ കൃഷി ഫാമുകളിലും ഉറപ്പാക്കാൻ പശു വളർത്തൽ കേന്ദ്രങ്ങൾ എല്ലാ ഫാമുകളിലും ആരംഭിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. ആയതിലേക്കായി ഫാമുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജൈവ വളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിന്റെ ഫാമുകളിൽ പശു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിൻപ്രകാരം തിരുവനന്തപുരം ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമല, ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാം, ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാം എന്നീവിടങ്ങളിൽ പശുവളർത്തൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിലെ പന്തളം ഷുഗർകെയിൻ ഫാമിൽ 50-ലധികം പശുക്കളുള്ള ഒരു ഡയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പുല്ലാട് സീഡ് ഫാം, അടൂർ സീഡ് ഫാം എന്നിവയിലും പശു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിലെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഡയറി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ വേങ്ങോട് സ്റ്റേറ്റ് സീഡ് ഫാമിലും കാങ്ങോൾ സ്റ്റേറ്റ് സീഡ് ഫാമിലും പശുവളർത്തൽ കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

കാസർഗോഡ് ജില്ലയിലെ പുല്ലൂർ ഫാമിൽ 18 പശുക്കളുള്ള ഡയറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ 8 പശുക്കളുള്ള ഡയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് ജില്ലകളിൽ പശുവളർത്തൽ കേന്ദ്രം ഫാമിൽ തുടങ്ങുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ പശുവളർത്തൽ കേന്ദ്രം ഉടനെ തന്നെ ആരംഭിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ 4 ഫാമുകളിലായി 20 ലക്ഷം രൂപയുടെ പ്രോജക്ടിന് ജില്ലാ പഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടൻ

ആരംഭിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ 20 പശുക്കൾക്കുള്ള തൊഴുത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കി നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്.

(സി&ഡി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും, അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേക്കായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിലെല്ലാം അവിടെനിന്നും ലഭിക്കുന്ന ജൈവവളം ഉപയോഗിച്ചുള്ള കൃഷി നടത്തി വരുന്നുണ്ട്. അത് കഴിയുന്നത്ര കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**കൃഷി ജനകീയമാക്കുവാൻ പദ്ധതികൾ**

232 (1671) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ജനകീയമാക്കുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പദ്ധതികളെക്കുറിച്ച് കൂടുതൽ അവബോധം സമൂഹത്തിൽ സൃഷ്ടിച്ച് കൃഷി ജനകീയമാക്കുന്നതിനും കൃഷി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളും നടപടികളുമാണ് നടപ്പിലാക്കുന്നത് :

1. <u>പൊതുജന പങ്കാളിത്ത പദ്ധതി</u> :

(എ) കർഷക ദിനാചരണം.

(ബി) കാർഷിക വികസന സമിതി യോഗം

(സി) കർഷക അവാർഡ്

(ഡി) ഗവേഷകരും ഉദ്യോഗസ്ഥരും കൃഷിക്കാരും തമ്മിലുള്ള

മുഖാമുഖം പരിപാടി.

2. ആത്മ പദ്ധതികൾ :

   (എ) എക്സ്പോഷർ വിസിറ്റ്

   (ബി) പരിശീലന പരിപാടികൾ

   (സി) ഫാർമേഴ്സ് ഫീൽഡ് സ്കൂൾ

   (ഡി) പ്രദർശനത്തോട്ടം സ്ഥാപിക്കൽ

   (ഇ) ടെക്നോളജി മീറ്റ്

3. ലീഡ്സ് (LEADS)പദ്ധതി.

4. പദ്ധതികളുടെ വിവിധ മാദ്ധ്യമങ്ങളിൽ കൂടിയുള്ള പ്രചരണം, വിവിധ പ്രസിദ്ധീകരണങ്ങൾ.

5. അച്ചടി പ്രസിദ്ധീകരണങ്ങൾക്കൊപ്പം വിത്ത് വിതരണം.

6. മൊബൈൽ ഫോണിലൂടെ മെസ്സേജിംഗ് സർവ്വീസ്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളുടെ പാക്കേജ്

233 (1672) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർവ്വഹണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഇതിനായി നീക്കിവച്ചിരിക്കുന്ന തുകകൾ എത്ര വീതമെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ വിവരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചുവടെ ചേർക്കുന്നു :

ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 123.52 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ 42.46 % പൂർത്തീകരിച്ചിട്ടുണ്ട്. 4609.53 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

ആർ.കെ.വി.വൈ. സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പെട്ടി, പറയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട് മോട്ടോർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ഫീൽഡ് തല വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

2. പച്ചക്കറി കൃഷി വ്യാപനത്തിനായി 163 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 201 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്.

3. കറവമാട്, താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി 636 കറവമാടുകളെയും 74550 താറാവുകളെയും വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 478.53 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

4. കാർഷിക യന്ത്രവൽക്കരണത്തിനായി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2745.30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

5. മത്സ്യവ്യാപനത്തിനായി 277.84 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പടുത്തി 459.4 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

6. കോഴിവളർത്തൽ പദ്ധതിക്കായി 479 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 12 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 15120 യൂണിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

7. ജൈവകൃഷി വ്യാപനത്തിനായി 65 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിൽ 490 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

**നിറവ് പദ്ധതി**

234 (1673) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ് ' പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ ഭാഗമായി കുന്ദമംഗലം മണ്ഡലത്തിൽ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടെയും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തി വിത്തു മുതൽ വിപണി വരെയുള്ള സമഗ്ര വികസനത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളും 'നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) 2014-15-ലാണ് കുന്ദമംഗലം നിയോജക മണ്ഡലത്തെ 'നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. കുന്ദമംഗലം നിയോജക മണ്ഡലത്തിൽ മണ്ഡലതല മീറ്റിംഗ് കൂടി ആവശ്യമായ പദ്ധതികൾ തയ്യാറാക്കി വരികയാണ്.

**നിറവ് പദ്ധതി**

235 (1674) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ് പദ്ധതിപ്രകാരം എത്ര കോടി രൂപയുടെ പദ്ധതികളാണ് ഒരു നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയെന്നും ഈ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതവും, സർക്കാർ വിഹിതവും എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) 'നിറവ് പദ്ധതികളിൽ ഏതൊക്കെ വകുപ്പുകളിൽപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്താൻ കഴിയുക എന്നും വെളിപ്പെടുത്താമോ ;

(സി) ഇതുവരെ നിറവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതൊക്കെ നിയോജക

മണ്ഡലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞുവെന്നും ആരംഭിച്ച പദ്ധതികൾ ഏതു ഘട്ടം വരെയെത്തി എന്നും വെളിപ്പെടുത്തുമോ ;

(ഡി) കോട്ടയം ജില്ലയിലെ ഏതൊക്കെ മണ്ഡലങ്ങളിലാണ് 'നിറവ്' പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയെത്തിയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികളാണ് നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഓരോ മണ്ഡലങ്ങളും തയ്യാറാക്കുന്ന പദ്ധതികളുടെ തുകയനുസരിച്ച് ഇതിൽ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകരിക്കുന്ന പദ്ധതികളുടെ തുക അനുസരിച്ചായിരിക്കും തുക അനുവദിക്കുന്നത്.

(ബി) കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നീ മേഖലകളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുത്താം.

(സി) 2011-12-ൽ 'നിറവ്' പദ്ധതി നടപ്പിലാക്കുവാൻ 12 നിയോജക മണ്ഡലങ്ങൾ തെരഞ്ഞെടുത്തതിൽ 11 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കി. ഇതിനായി ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 737.58 ലക്ഷം രൂപ അനുവദിച്ചു. നെൽകൃഷി വികസനം, തെങ്ങുകൃഷി, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കാർഷിക യന്ത്രവൽക്കരണം, തൊഴിൽസേന, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ജാതികൃഷി, വെറ്റില കൃഷി, വിത്ത്/തൈകളുടെ വിതരണം എന്നീ പദ്ധതികൾ 2011-12-ൽ അംഗീകരിച്ചു. ചെങ്ങന്നൂർ, തൊടുപുഴ, പാല, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ, കോട്ടയ്ക്കൽ, ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം, കൽപ്പറ്റ, കൂത്തുപറമ്പ് എന്നീ നിയോജക മണ്ഡലങ്ങളിൽ വിജയകരമായി നടപ്പിലാക്കി.

(ഡി) കോട്ടയം ജില്ലയിലെ 2011-12-ൽ തെരഞ്ഞെടുത്ത പാല, 2013-14-ൽ വൈക്കം, പുതുപ്പള്ളി, 2014-15-ൽ കടുത്തുരുത്തി, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി എന്നീ നിയോജക മണ്ഡലങ്ങളാണ് നിറവ് പദ്ധതി നടപ്പിലാക്കുവാനായി തെരഞ്ഞെടുത്തത്. ഇതിൽ പാലാ നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള നിയോജക മണ്ഡലങ്ങളിൽ മണ്ഡലതല മീറ്റിംഗുകൾ കൂടി പദ്ധതികൾ

തയ്യാറാക്കി വരുന്നു.

**നിറവ് പദ്ധതി**

236 (1675) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ്' പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ; വിശദവിവരങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 'നിറവ്' പദ്ധതിക്കായി പ്രത്യേകിച്ച് തുകയൊന്നും കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ അനുവദിച്ചിട്ടില്ല. നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി നടപ്പിലാക്കുന്നത്. 2012-13-ൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിറവ് പദ്ധതിക്കായി ആകെ 303 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കൊല്ലം | - | 15.30 ലക്ഷം |
| ആലപ്പുഴ | - | 15.30 ലക്ഷം |
| ഇടുക്കി | - | 113.3 ലക്ഷം |
| കോട്ടയം | - | 30.3 ലക്ഷം |
| മലപ്പുറം | - | 39.3 ലക്ഷം |
| തൃശ്ശൂർ | - | 45.3 ലക്ഷം |

| | | |
|---|---|---|
| വയനാട് | - | 15.30 ലക്ഷം |
| കോഴിക്കോട് | - | 13.60 ലക്ഷം |
| കണ്ണൂർ | - | 15.30 ലക്ഷം |

(ബി) കോങ്ങാട് മണ്ഡലത്തെ 2013-14 സാമ്പത്തിക വർഷമാണ് 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയത്. 31-5-2014-ൽ മണ്ഡലതല മീറ്റിംഗ് കൂടി കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതികളായ തരിശുഭൂമിയിൽ നെൽകൃഷി, ജാതികൃഷി, കിഴങ്ങുവർഗ്ഗ കൃഷി എന്നിവ കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ട്. മണ്ഡലത്തിന്റെ മാത്രമായി പദ്ധതികളൊന്നും അംഗീകരിച്ചിട്ടില്ല.

(സി) 25-11-2011-ലെ ജി.ഒ.(ആർറ്റി.) നമ്പർ 2193/2011/കൃഷി പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.*

**നിറവ് പദ്ധതി**

237 (1676) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'നിറവ്' പദ്ധതി കുട്ടനാട്ടിൽ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

കുട്ടനാട് നിയോജക മണ്ഡലം നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കനത്ത മഴയിൽ വാമനപുരം നിയോജക മണ്ഡലത്തിലുണ്ടായ കൃഷിനാശം**

238 (1677) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 വർഷത്തിൽ പലപ്പോഴായി പെയ്ത കനത്ത മഴയിൽ വാമനപുരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നാശം സംഭവിച്ച കാർഷിക വിളകൾ ഏതെല്ലാം ; ഇവയുടെ എണ്ണവും വ്യാപ്തിയും നഷ്ടംവന്ന തുകയും എത്ര വീതമാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രകൃതി ദുരന്തങ്ങളിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ഓരോ വിളകൾക്കും എത്ര രൂപ വീതമാണ് നഷ്ടപരിഹാരമായി നൽകി വരുന്നതെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുമോ ;

(സി) വാമനപുരം നിയോജക മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; എത്ര തുക വീതം ; ഇനി എത്ര പേർക്ക് എന്തു തുക കുടിശ്ശികയായി നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി കർഷകർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും പ്രസ്തുത അപേക്ഷകളിൽ കൃഷി വകുപ്പ് എങ്ങനെയാണ് തീർപ്പ് കൽപ്പിക്കുന്നതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 2014 വർഷത്തിൽ പലപ്പോഴായി പെയ്ത കനത്ത മഴയിൽ വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സംഭവിച്ച കൃഷിനാശം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകിവന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)-നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 470/2013/ ഡി.എം.ഡി. ഉത്തരവിൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്താൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) വാമനപുരം നിയോജക മണ്ഡലത്തിൽ 2014-ൽ പെയ്ത കനത്ത മഴയിൽ കൃഷിനാശം സംഭവിച്ച 1725 കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നത് പരിശോധിച്ചുവരുന്നു.

(ഡി) കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കർഷകർ യഥാസമയം കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷയും അനുബന്ധരേഖകളും സ്വീകരിച്ച് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ ഉദ്യോഗസ്ഥരോടൊപ്പം കൃഷി സ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നഷ്ടപരിഹാരത്തുക നിശ്ചയിച്ച് തുക അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകി വരുന്നു.

## സമഗ്ര പച്ചക്കറി വികസന പദ്ധതി

239 (1678) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷണറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് കർഷകർക്ക് ലഭ്യമാകുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാനും ഭക്ഷ്യസുരക്ഷ പരിഗണിച്ച് വിഷവിമുക്തമായ പച്ചക്കറി സംസ്ഥാനത്ത് ലഭ്യമാക്കുവാനും 2012-13-ൽ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിക്ക് തുടക്കം കുറിച്ചു. ജൈവകൃഷിക്ക് ഊന്നൽ നൽകിക്കൊണ്ട് പച്ചക്കറി കൃഷിയിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ കൃഷി, മട്ടുപ്പാവിലെ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി തരിശുനില കൃഷി, വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി, പയർ-കിഴങ്ങുവിള വികസനം, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, മഴ മറകളിലെ പച്ചക്കറി കൃഷി, സങ്കരഇനം വിത്തുകളുടെ ഉപയോഗം, ഹൈടെക് പോളീ ഹൗസുകളിൽ സംരക്ഷിത കൃഷി, തുറസായ സ്ഥലത്തെ കൃത്യതാ കൃഷി, സൂക്ഷ്മ കൃഷിയും ഫെർട്ടിഗേഷനും, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളും, നഴ്സറികളും രൂപീകരിക്കുക എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(സി) പദ്ധതിയിലൂടെ നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെപ്പറ്റിയുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പച്ചക്കറി വികസന പദ്ധതി - ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1. | <u>പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക :</u><br>20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നൽകുന്നു. | 500 |
| 2. | <u>അർബൻ ക്ലസ്റ്റർ</u> :<br>(എ) <u>മട്ടുപ്പാവിലെ കൃഷി പ്രോത്സാഹനം</u> :<br>2000 രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 75 % സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിക്കായി വിതരണം ചെയ്യുന്നു. (425 ലക്ഷം)<br>(ബി) <u>ആവർത്തന ചെലവുകൾ</u> :<br>കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകൾ | 525 |

കൃഷി യോഗ്യമാക്കുന്നതിനും വിത്ത്, തൈകൾ, വളം എന്നിവ നൽകുന്നു. (100 ലക്ഷം)

3. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി : 300

(എ) തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000 രൂപ സഹായധനം (100 ലക്ഷം)

(ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ, കിണർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിൽ സഹായം നൽകുന്നു. (40 ലക്ഷം)

(സി) 2500 വിദ്യാലയങ്ങളിൽ ക്ലബുകളുടെ പ്രവർത്തന ചെലവായി 1000 രൂപ വീതം നൽകുന്നു. (25 ലക്ഷം)

(ഡി) പ്രോജക്ടടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. (135 ലക്ഷം)

| (1) | (2) | (3) |
|---|---|---|
| 4 | ജില്ലാ ക്ലസ്റ്റർ വികസനം : | 1780 |
| | (എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനം (ക്ലസ്റ്ററിന് 75,000 രൂപ നിരക്കിൽ ആകെ 600 ലക്ഷം) | |
| | (ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000 രൂപ നിരക്കിൽ) വികസന സഹായം (435 ലക്ഷം) | |
| | (സി) പമ്പ് സെറ്റുകൾ 1720 പമ്പ് സെറ്റുകൾക്ക് 10,000 രൂ പ നിരക്കിൽ സഹായധനം (172 ലക്ഷം) | |
| | (ഡി) സസ്യസംരക്ഷണ ഉപാധികൾ 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ ധനസഹായം. (15 ലക്ഷം) | |
| | (ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ (42 ലക്ഷം രൂപ) | |
| | (എഫ്) ഹരിത ഫണ്ട് - ക്ലസ്റ്ററുകളുടെ അടിസ്ഥാന ചെലവുകൾ | |

ക്കായി ഒരു ക്ലസ്റ്ററിന് 2000 രൂപ നിരക്കിൽ സഹായധനം (16 ലക്ഷം)

(ജി) തരിശുനില കൃഷി ഹെക്ടറിന് 30,000 രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം (150 ലക്ഷം)

(എച്ച്) പ്രസിദ്ധീകരണങ്ങൾ/മാധ്യമങ്ങൾ വഴി 20 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം (100 ലക്ഷം)

(ഐ) മറ്റു ചെലവുകൾ (13 ലക്ഷം)

(ജെ) പ്രവർത്തന ചെലവുകൾ (17 ലക്ഷം)

(കെ) സർക്കാരിതര സ്ഥാപനങ്ങൾ വഴി 2.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റ് വിതരണം. (50 ലക്ഷം)

(എൽ) പിണറായി പഞ്ചായത്തിലെ ഇടക്കടവ് ജലസേചന പദ്ധതി. (7.2 ലക്ഷം)

(എം) മാനന്തവാടി ബ്ലോക്കിലെ ആദിവാസി ഊരുകളിലെ പച്ചക്കറി കൃഷി (7.624 ലക്ഷം)

(എൻ) ഫീൽഡ് അസിസ്റ്റന്റ്മാരുടെ കരാർ നിയമനം (127.5 ലക്ഷം)

| (1) | (2) | (3) |
|---|---|---|
| 5. | ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം : | 1730 |
| | (എ) നടപ്പുവർഷത്തിലെ 100 പ്രവർത്തനക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം (630 ലക്ഷം) | |
| | (ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട 95 ക്ലസ്റ്ററുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം. (190 ലക്ഷം) | |
| | (സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉല്പാദനത്തിനും വിപണനത്തിനുമുള്ള ധനസഹായം (900 ലക്ഷം) | |
| 6. | സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം : | 50 |
| | തെരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വള പ്രയോഗം (50 ലക്ഷം) | |

| | | |
|---|---|---|
| 7. | ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ - 2013-14, 2014-15 രൂപീകരിക്കപ്പെട്ട 40 ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്ക് 10 ലക്ഷം രൂപ നിരക്കിൽ സംഭരണ വിപണന ധനസഹായം (400 ലക്ഷം) | 400 |
| 8. | കിഴങ്ങു പയറുവിള വികസനം : | 300 |
| | (എ) കിഴങ്ങുവിള വികസനം - സി.റ്റി.സി.ആർ.ഐ. മുഖേന പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്നു. (75 ലക്ഷം) | |
| | (ബി)പയറുവിള വികസന ഹെക്ടറിന് 10,000 രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം - (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിൽ 25 ലക്ഷം രൂപ) | |
| 9. | നഴ്സറികളുടെ സ്ഥാപനം - ബ്ലോക്കുതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികളുടെ രൂപീകരണം (75 ലക്ഷം) | 75 |
| 10. | മഴമറകൾ - 75% സബ്സിഡി നിരക്കിൽ 100 ചതുരശ്ര മീറ്ററിൽ 200 മഴമറകൾ സ്ഥാപിക്കുന്നതിന് 50,000 രൂപ വീതം ധനസഹായം (100 ലക്ഷം) | 100 |

| (1) | (2) | (3) |
|---|---|---|
| 11. | സങ്കരവിത്തിനങ്ങളുടെ പരീക്ഷണത്തോട്ടങ്ങൾ - 225 പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം (25 ലക്ഷം) | 25 |
| 12. | സൂക്ഷ്മ ജലസേചനവും, ജലസേചനംവഴിയുള്ള വളപ്രയോഗവും - 50 സെന്റ് വീതം വരുന്ന 1400 യൂണിറ്റുകൾക്ക് 30,000 രൂപ വീതം ധനസഹായം നൽകുന്നു. (425 ലക്ഷം) | 425 |
| 13. | എക്സ്റ്റേണൽ മോണിറ്ററിംഗ് (40 ലക്ഷം) | 40 |
| 14. | ഡോക്യുമെന്റേഷൻ (50 ലക്ഷം) | 50 |
| 15. | സാങ്കേതിക സഹായവും കരാർ നിയമനവും (50 ലക്ഷം) | 50 |
| 16. | അവാർഡുകൾ നൽകുന്നതിന് (50 ലക്ഷം) | 50 |
| 17. | പരിശീലനം, പ്രചരണം, ബോധവത്ക്കരണം (100 ലക്ഷം) | 100 |

| | | |
|---|---|---|
| 18. | ആകാശവാണിവഴി കർഷകരുടെ വിജയഗാഥ പ്രചരണം (50 ലക്ഷം) | 50 |

**നിറവ് പദ്ധതിയുടെ പ്രവർത്തന പുരോഗതി**

240 (1679) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ആരംഭിച്ച നിറവ് പദ്ധതി പ്രകാരം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിറവ് പദ്ധതിയിൻകീഴിൽ പുതുതായി എന്തെങ്കിലും പരിപാടികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2011-12-ൽ തെരഞ്ഞെടുത്ത നിറവ് മണ്ഡലങ്ങൾക്കായി 2012-13-ലെ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നെൽ കൃഷി വികസനം, തെങ്ങുകൃഷി വികസനം ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കാർഷിക യന്ത്രവൽക്കരണം, തൊഴിൽസേന, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ജാതി കൃഷി, വെറ്റില കൃഷി, വിത്ത്/തൈകളുടെ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കി. ടി പദ്ധതികളുടെ നടത്തിപ്പിനായി 737.58 ലക്ഷം രൂപ വിവിധ മണ്ഡലങ്ങൾക്കായി നൽകുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം ആർ.കെ.വി.വൈ. പദ്ധതികളായ തരിശുഭൂമി നെൽകൃഷി, ജാതികൃഷി, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിറവ് മണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകിവേണം നടപ്പിലാക്കാൻ എന്ന നിർദ്ദേശം എല്ലാ ജില്ലാതല കൃഷി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള മുഖേന കുത്തുപ്പറമ്പ്, കൽപ്പറ്റ, പേരാമ്പ്ര, ബാലുശ്ശേരി, നാദാപുരം, കോട്ടക്കൽ, നോർത്ത് പറവൂർ, ചെങ്ങന്നൂർ, പത്തനാപുരം, കൊടുങ്ങല്ലൂർ, തൊടുപുഴ, പാലാ എന്നീ 12 നിയോജക മണ്ഡലങ്ങളിലെ സമഗ്ര കാർഷിക വികസനത്തിനായി കൂടുതൽ പ്രദേശങ്ങളിലേക്ക് പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുക, ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ പച്ചക്കറി ലഭ്യമാക്കുക എന്നീ

ലക്ഷ്യങ്ങളോടെ താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് :

- നിയോജക മണ്ഡലങ്ങളിലെ വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 1,10,000 പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണം നടത്തി.
- 5,50,000 പച്ചക്കറി തൈകളുടെ വിതരണം നടത്തി.
- കൂടുതൽ സ്ഥലങ്ങളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 550 ഹെക്ടർ തരിശുഭൂമിയിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിച്ചു.
- കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 39000 കിഴങ്ങുവർഗ്ഗ വിള കിറ്റുകളുടെ വിതരണം നടത്തി.
- ഫലവർഗ്ഗവിളകളുടെ പ്രോത്സാഹത്തിനായി 61000 ഫലവൃക്ഷത്തൈകളുടെ വിതരണം നടത്തി.
- 61000 ടിഷ്യൂക്കൾച്ചർ വാഴകളുടെ വിതരണം നടത്തി.
- ഉപഭോക്താക്കൾക്ക് ന്യായവിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 11 ചില്ലറ വില്പനശാലകൾ ആരംഭിച്ചു.

മൃഗസംരക്ഷണ വകുപ്പ് 2012-13 വർഷത്തെ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി നിറവ് പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് വിവിധ മണ്ഡലങ്ങളിൽ നടപ്പിലാക്കിയത് :

1. പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി - കോട്ടയ്ക്കൽ.
2. മലബാറി ആടുകളുടെ പ്രജനനം - തൊടുപുഴ
3. പന്നി വളർത്തൽ - പാലാ.
4. സ്കൂളുകളിലെ ആടു വളർത്തൽ പദ്ധതി - കൊടുങ്ങല്ലൂർ.
5. കിടാരി വളർത്തൽ പദ്ധതി-പത്തനാപുരം, ചെങ്ങന്നൂർ, തൊടുപുഴ, പാലാ, കോട്ടയ്ക്കൽ, കൽപ്പറ്റ, നാദാപുരം, കൂത്തുപറമ്പ്.

(ബി) ഉണ്ട്. സംസ്ഥാന കൃഷി വകുപ്പ് മാസം തോറും നടത്താറുള്ള അവലോകന യോഗത്തിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. 2013-14-ലും, 2014-15-ലും തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളിൽ മണ്ഡലതല മീറ്റിംഗുകൾ കൂടുകയും പദ്ധതികൾ തയ്യാറാക്കി വരുകയും ചെയ്യുന്നു. മീറ്റിംഗ് നടക്കാത്ത

മണ്ഡലങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ പ്രതിമാസ യോഗത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ധനപരവും ഭൗതികവുമായ പുരോഗതി വിലയിരുത്തി വരുന്നു.

(സി) മണ്ഡലങ്ങളിൽനിന്നും സമർപ്പിക്കുന്ന പദ്ധതികളിൽ പുതിയ പരിപാടികൾ ഉൾപ്പെടുത്തുന്ന പക്ഷം ആയതുംകൂടി പരിഗണിക്കുന്നതാണ്.

**ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ**

241 (1680) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പാക്കുന്ന കാർഷിക വികസന പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എന്തു തുകയുടെ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) ഏത് ഏജൻസിവഴി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോർട്ടികൾച്ചർ വിളകളുടെ വിത്തുമുതൽ വിപണിവരെയുള്ള ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ. ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും, ഉല്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുക, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, സംയോജിത സസ്യസംരക്ഷണ മുറകൾ നടപ്പിലാക്കുക, സംരക്ഷിത കൃഷി നടപ്പിലാക്കുക ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പാനന്തര പരിപാലനം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം, ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ് പാക്കിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള

അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മാനവവിഭവശേഷി വികസനം എന്നിവയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പ്, കശുമാവ്, കൊക്കോ, പുഷ്പങ്ങൾ എന്നീ വിളകളാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ കൂൺ കൃഷിയും, തേനീച്ച വളർത്തലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 100.2396 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള മുഖാന്തരമാണ് കേരളത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നത്.

**മുട്ട, പഴം, പച്ചക്കറി, കോഴിയിറച്ചി എന്നിവയുടെ ഉപഭോഗം**

242 (1681) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-2014 വർഷത്തിൽ സംസ്ഥാനത്ത് ആളോഹരി അനുപാതംവച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് ആവശ്യമായി വന്നതും, സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെട്ടതും, അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നും കൊണ്ടുവന്നതുമായ മുട്ട, പഴം, പച്ചക്കറി, കോഴിയിറച്ചി എന്നിവയുടെ കണക്ക് ഓരോന്നും ഇനം തിരിച്ച് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

ICMR-ന്റെ ശിപാർശകൾ പ്രകാരം ഒരു വ്യക്തിക്ക് ഒരു ദിവസം 200 ഗ്രാം പച്ചക്കറികളും 100 ഗ്രാം പഴവർഗ്ഗങ്ങളും ആവശ്യമാണ്.

ഈ ശിപാർശ പ്രകാരം കേരളത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 2013-14-ൽ ആകെ 24.38 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതിൽ 11.9 ലക്ഷം ടൺ പച്ചക്കറി കേരളത്തിൽ ഉല്പാദിപ്പിച്ചു. ബാക്കി ആവശ്യമായ 12.48 ലക്ഷം ടൺ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്നതായി കണക്കാക്കപ്പെടുന്നു. പഴവർഗ്ഗങ്ങളുടെ കാര്യത്തിൽ 2013-14-ൽ ആകെ 12.19 ലക്ഷം ടൺ പഴങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. ചക്ക, പപ്പായ എന്നീ പഴവർഗ്ഗങ്ങൾ ഉൾപ്പെടെ ആകെ 24.82 ലക്ഷം ടൺ പഴവർഗ്ഗങ്ങൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്.

ഇതുകൂടാതെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ശൈത്യമേഖലകളിൽ നിന്നും 5 ലക്ഷം ടൺ പഴവർഗ്ഗങ്ങളും കേരളത്തിൽ വിൽപ്പനയ്ക്കായി എത്തിച്ചിട്ടുണ്ട്.

**കർഷക വയൽ വിദ്യാലയം പദ്ധതി**

243 (1682) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ കൃഷി ഭവനു കീഴിലും കർഷകവയൽ, വിദ്യാലയം പദ്ധതി പ്രകാരം എത്ര ഹെക്ടർ കൃഷി ഏലകളിൽ കൃഷി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് പ്രത്യേക ടാർജറ്റ് ഓരോ കൃഷി ഭവനു കീഴിലും നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിൽ കർഷക വിദ്യാലയം പദ്ധതി പ്രകാരം 219.8 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്.

(ബി) ഡെമോൺസ്ട്രേഷൻ, സംയോജിത കീടരോഗ നിയന്ത്രണത്തെക്കുറിച്ചുള്ള കർഷകർക്കുള്ള പരിശീലന പരിപാടി, ഐ.പി.എം., കിറ്റ് ഉടങ്ങിയവ ലഭ്യമാക്കുന്നു.

(സി) പ്രത്യേക ടാർജറ്റ് ഓരോ കൃഷി ഭവനും നിശ്ചയിച്ചിട്ടുണ്ട്. കൃഷി ഭവന്റെ പേരും ടാർജറ്റും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | കൃഷി ഭവൻ | കാർഷിക വയൽ വിദ്യാലയം |
|---|---|---|
| | | ടാർജറ്റ് എണ്ണം |
| 1 | തലയാഴം | 1 |
| 2 | ഉദയനാപുരം | 1 |

| | | |
|---|---|---|
| 3 | വെള്ളൂർ | 1 |
| 4 | തലയോലപ്പറമ്പ് | 1 |
| 5 | കല്ലറ | 1 |
| | ആകെ | 5 |

**വയനാട് ജില്ലയിലെ ഇഞ്ചി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ**

244 (1683) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കർഷകരുടെ ഉത്പ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ജില്ലയിൽ ആധുനിക ഇഞ്ചി സംസ്കരണശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. വിലയിലെ അസ്ഥിരത: കഴിഞ്ഞ വർഷം ഒരു ചാക്ക് (60 കിലോഗ്രാം) പച്ച ഇഞ്ചിക്ക് 7000 രൂപ വരെ വില വന്നിരുന്നത് ഈ വർഷം 1500 രൂപ ആയി.
2. വർദ്ധിച്ച കൃഷി ചെലവ് : കൃഷി ചെലവ് ഏക്കറിന് ഒരു ലക്ഷം രൂപയിൽ അധികമാണ്. എന്നാൽ, ഡവലപ്മെന്റ് ഓഫ് സ്പൈസസ് പദ്ധതി പ്രകാരവും ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരവും ഇഞ്ചി കൃഷിക്ക് ഏക്കറിന് 5000 രൂപ മാത്രമാണ് ധനസഹായമായി നൽകുന്നത്. ഇതിനാൽ, വയനാട് ജില്ലയിലെ ധാരാളം കർഷകർ കർണ്ണാടക സംസ്ഥാനത്ത് പോയി ഭൂമി പാട്ടത്തിന് എടുത്ത് ഇഞ്ചി കൃഷി ചെയ്യുന്നുണ്ട്.
3. കീടരോഗബാധ : 'മഹാളി' എന്ന് കൃഷിക്കാർ വിളിക്കുന്ന 'സോഫ്റ്റ്

റോട്ട് എന്ന രോഗം വ്യാപകമായി കാണുന്നു.

(ബി) സംസ്ഥാനത്തെ കൃഷി വകുപ്പിന് കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ ഒന്ന് വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. അവരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മൊത്തവ്യാപാര വിപണികളിൽ നേരിട്ട് എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തിനനുസരിച്ച് ഗ്രേഡ് ചെയ്യുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലത്തിലൂടെ വിപണനം ചെയ്യുന്നതുമൂലവും ഇടനിലക്കാരെ ഒഴിവാക്കി വിപണനം നടത്തുന്നതുമൂലവും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു.

(സി) വയനാട് ജില്ലയിൽ വാല്യു അഡീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.ഐ.ഐ.എസ്.റ്റി. (National Institute for Interdisciplinary Science and Technology)-യും എം.ആർ.സി.എം.പി.യു. (Malabar Regional Co-operative Milk Producers Union Ltd)-വും സംയുക്തമായി 255.27533 ലക്ഷം രൂപയുടെ ഇഞ്ചി സംസ്കരണത്തിനായുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**ഭക്ഷ്യവസ്തുക്കളിലെ അമിത കീടനാശിനി പ്രയോഗം**

245 (1685) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യധാന്യങ്ങളിലേയും പഴം, പച്ചക്കറി എന്നിവയിലേയുംഅമിത കീടനാശിനി പ്രയോഗംമൂലം സംസ്ഥാനത്ത് ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ ക്രമാതീതമായി പടരുന്ന സാഹചര്യത്തിൽ വിഷവിമുക്ത ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നത് ;

(ബി) ജൈവ കൃഷിരീതി വ്യാപകമാക്കുന്നതിന് ബോധവത്ക്കരണവും മറ്റ് സഹായങ്ങളും കൃഷി ഭവനുകൾവഴി നടപ്പാക്കുന്നത് കാര്യക്ഷമമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) ഭക്ഷ്യധാന്യങ്ങളിലെയും പഴം, പച്ചക്കറി എന്നിവയിലേയും അമിത കീടനാശിനി പ്രയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് കൃഷി വകുപ്പ് കർഷകർക്ക് ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജൈവകൃഷി, ജൈവകീടനാശിനികൾ, ജൈവിക നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) ജൈവ കൃഷിയെക്കുറിച്ചുള്ള ബോധവത്ക്കരണത്തിനായി കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷകർ എന്നിവരെ ഉൾപ്പെടുത്തി ഒരു കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്.

**കർഷക ഇൻഷ്വറൻസ് പദ്ധതി**

246 (1686) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത് എന്ന് മുതലാണ് ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പദ്ധതി നടപ്പിലാക്കിയതിലൂടെ ഇതിനകം സംസ്ഥാനത്തെ എത്ര കൃഷിക്കാർക്ക് ഇൻഷ്വറൻസ് ബെനിഫിറ്റ്സ് ലഭിക്കുകയുണ്ടായി ;

(സി) സർക്കാർ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിലേക്ക് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്രയായിരുന്നു; എത്ര തുക ഇതിനകം പ്രീമിയമായി അടയ്ക്കുകയുണ്ടായി ;

(ഡി) ഗുണഭോക്താക്കളുടെ വിഹിതമായി ഇതിനകം അടച്ച പ്രീമിയം തുക എത്ര ?

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 1995 മുതലും കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി 1999 മുതലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി 2008 മുതലും നാളികേര ഇൻഷ്വറൻസ് പദ്ധതി 2009 മുതലും നടപ്പിലാക്കി വരുന്നു. എന്നാൽ 2014 മുതൽ ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതിക്കു പകരം പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് ഇതുവഴി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. പരിഷ്കരിച്ച ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവമൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദന നഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ

നൽകുന്നത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ (അതിവൃഷ്ടി, അനാവൃഷ്ടി, ശക്തിയായ കാറ്റ്, വരൾച്ച) എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭംമൂലം ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. 2013-14 വർഷത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി. 2014-15 വർഷങ്ങളിൽ തെങ്ങൊന്നിന് (15 വർഷം വരെ പ്രായമുള്ളവ) (16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ളവ) 1750 രൂപയും ഇൻഷ്വറൻസ് സംരക്ഷണമായി നൽകി വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം ഒക്ടോബർ വരെ 41234 കർഷക പദ്ധതിയിൽ അംഗങ്ങളാകുകയും 47,36,410 രൂപ പ്രീമിയമായി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ 118,88,268 രൂപ ഇൻഷ്വറൻസ് സംരക്ഷണമായി 2166 കർഷകർക്ക് നൽകിയിട്ടുണ്ട്. 2013-14 വർഷത്തിൽ റാബി സീസണിൽ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ 11,223 കർഷകർ ഗുണഭോക്താക്കളാകുകയും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ 17,095 കർഷകർ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയ്ക്ക് 100 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 2014-15-ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 500 ലക്ഷം രൂപ സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഒരു കോടി രൂപ പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്ന അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ഡി) 2014-15-ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 47.36 ലക്ഷം രൂപ പ്രീമിയമായി അടച്ചിട്ടുണ്ട്.

**കർഷക രജിസ്ട്രേഷൻ**

247 (1687) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക രജിസ്ട്രേഷന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത രജിസ്ട്രേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) രജിസ്റ്റർ ചെയ്ത കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത് എവിടെയെല്ലാമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ കർഷകരെയും അവരുടെ കൃഷിയെയും കുറിച്ചുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാക്കുകയും അത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നൽകുകയും ചെയ്യുക.

(സി) രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ, വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ പ്രാഥമികമായി കാലതാമസം കൂടാതെ തെരഞ്ഞെടുക്കുന്നതിനും കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് ലഭിക്കുന്നതിനും, കൃഷിയെ സംബന്ധിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും സഹായകരമായിരിക്കും.

(ഡി) സംസ്ഥാനത്തെ കൃഷിഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. കൃഷിഭവനിൽ ലഭ്യമായ അപേക്ഷ കർഷകൻ പൂരിപ്പിച്ച് കൃഷി ഭവനിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ച് അപേക്ഷയിലെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുകയും ചെയ്യുന്നു.

**കർഷക സൊസൈറ്റികൾക്ക് നീര ഉല്പാദനത്തിനായി യഥാസമയം ഫണ്ട്**

**ലഭ്യമാക്കൽ**

248 (1688) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക സൊസൈറ്റികളെ അവഗണിച്ച് കൃഷി വകുപ്പ് നീര പദ്ധതി അട്ടിമറിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കർഷക സൊസൈറ്റികൾക്ക് നീര ഉൽപാദനവുമായി ബന്ധപ്പെട്ട് നൽകേണ്ട ഫണ്ട് യഥാസമയം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിലൂടെ തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണസംഘങ്ങളെ സഹായിക്കുന്നതിനുള്ള നടപടികളാണ് കൃഷി വകുപ്പിൽ സ്വീകരിച്ചുവരുന്നത്.

(ബി) കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ കൃഷി, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തിക്കൊണ്ട് ജി.ഒ.(എംഎസ്.) നമ്പർ 66/2014/നികുതി വകുപ്പ്, തീയതി 13-5-2014 പ്രകാരം 'നാളികേര നീര ബോർഡ് ' രൂപീകരിക്കുകയും തുടർന്ന് നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ആക്ഷൻ പ്ലാൻ രൂപീകരിച്ച് വരുകയും ചെയ്യുന്നു. 18-11-2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2051/2014/കൃഷി പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അഗ്രിചീഫ്, കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സസ്, അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ മാനേജർ എന്നിവരും കാർഷിക സർവ്വകലാശാലയിലെ മൂന്നു ശാസ്ത്രജ്ഞരും കമ്മിറ്റിയിലെ അംഗങ്ങളാണ്. ഇതുവരെ ലഭിച്ച അപേക്ഷകൾ 4-12-2014 തീയതിയിലെ കമ്മിറ്റി യോഗത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**കർഷക കടാശ്വാസ കമ്മീഷൻ**

249 (1689) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കാർഷിക മേഖലയെ സഹായിക്കുന്നതിൽ കർഷക കടാശ്വാസ കമ്മീഷൻ വലിയ പങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷക ആത്മഹത്യകൾ കുറയുന്നതിനും, കൃഷി ശക്തിപ്പെടുത്തുന്നതിനും കർഷക കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തണമെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ നൂതന പദ്ധതികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. 2007-ൽ രൂപീകരിച്ച കമ്മീഷന്റെ കാലാവധി 18-3-2012-ൽ അവസാനിച്ചതിനെ തുടർന്ന് 19-5-2012-ലെ ജി.ഒ.(പി) നമ്പർ 210/2012/RD നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. ആർ. ഉദയഭാനു ചെയർമാനായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽവന്ന 18-1-2007-നോ അതിനുമുമ്പോ കർഷകനിൽനിന്ന് സഹകരണ സംഘത്തിനോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്കോ നൽകാനുള്ള ബാധ്യതകൾക്കാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്തിരുന്നത്. എന്നാൽ വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങളും നിലവിൽ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകരിൽ നിന്ന് കടാശ്വാസത്തിനുള്ള അപേക്ഷകൾ കമ്മീഷനിൽ സ്വീകരിക്കുന്നുണ്ട്. 113502 കർഷകർക്ക് ഇതിനകം കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നൽകുന്നതുവഴി കർഷക ആത്മഹത്യ തടയുന്നതിലും അത്തരത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിലും കർഷക കടാശ്വാസ

കമ്മീഷൻ പങ്ക് വഹിക്കുന്നുണ്ട്.

**ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടി**

250 (1690) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉല്പാദന വർദ്ധനവിനായി നെൽകൃഷിയിലും മറ്റ് കാർഷികവിളയിലും ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും മനുഷ്യജീവനും ആരോഗ്യത്തിനും ജൈവസമ്പത്തിനും വൻ ഭീഷണിയായി മാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) മിഷൻ 676 വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; അതിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം തടയുന്നതിനായി കൃഷി വകുപ്പ് കർഷകർക്ക് ബോധവൽക്കരണ പരിശീലന പരിപാടികൾ എല്ലാ കൃഷിഭവൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിന് വളപ്രയോഗം നടത്തുവാൻ കർഷകരെ ഉപദേശിക്കുകയും, ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 2500 ഹെക്ടർ പ്രദേശത്ത് ജൈവ സർട്ടിഫിക്കേഷൻ, കമ്പോസ്റ്റ് യൂണിറ്റ്,

മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് പച്ചിലവള കൃഷി, പ്രദർശനത്തോട്ടം, ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ കോഴിക്കോട്, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ 2000 ഹെക്ടർ പ്രദേശത്ത് ജൈവ സർട്ടിഫിക്കേഷന് ധനസഹായം, ജൈവകൃഷി മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. എല്ലാ നിയോജക മണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധികളിലും ബോധവത്ക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

(സി) മിഷൻ 676-ന്റെ ഭാഗമായി വിള ആരോഗ്യ പരിപാലന പദ്ധതി 2013-14 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 69 ബ്ലോക്കുകളിലെ 481 കൃഷി ഭവനുകളിലെ കീടരോഗ നിരീക്ഷണ യൂണിറ്റുകൾവഴി കർഷകർക്ക് കീടരോഗ നിയന്ത്രണത്തിന് ആവശ്യമായ സാങ്കേതിക ഉപദേശവും സഹായവും യഥാസമയം ലഭ്യമാക്കി വരുന്നതുമൂലം കീടനാശിനികളെ ആശ്രയിക്കുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്.

## ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹോർട്ടികൾച്ചർ വിളകളുടെ ഉല്പാദനം

251 (1691) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹോർട്ടികൾച്ചർ വിളകളുടെ ഉൽപ്പാദനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിവഴി ഉല്പാദനത്തിൽ പ്രകടമായ മുന്നേറ്റം ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാൻ ടി വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 400 ചതുരശ്ര മീറ്റർ

വിസ്തീർണ്ണമുള്ള പോളീഹൗസ് നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2.805 ലക്ഷം രൂപ ധനസഹായമായി നൽകി വരുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നൽകിയിട്ടുള്ളത്.

2013-14 സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി തുടരുകയും 128000 ചതുരശ്ര മീറ്റർ പോളീഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ 3 കോടി രൂപ വകയിരുത്തുകയും ചെയ്തു. ഇതിൻപ്രകാരം 400 മുതൽ 4000 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളീഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 75 % തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 25 ശതമാനം തുകയായ 233.75 രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്. കൂടാതെ മുൻവർഷത്തിൽ നിന്നും നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചുകൊണ്ട് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 111 (ആകെ 44400 ചതുരശ്ര മീറ്റർ) പോളീഹൗസുകൾ നിർമ്മിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഹൈടെക് പദ്ധതി നടത്തിപ്പിനായി ആകെ 9 കോടി രൂപ വകയിരുത്തുകയും ആയതിൽ പോളീഹൗസുകളുടെ നിർമ്മാണത്തിന് സംസ്ഥാന വിഹിതമായി 3 കോടി രൂപ (25 ശതമാനം)യും കേന്ദ്ര വിഹിതമായി (50 ശതമാനം) 6 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കിയ നാച്യുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചറിലെ ഹൈടെക് കൃഷി പദ്ധതി, സംസ്ഥാന സർക്കാർ 2012-13-ൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു. സംസ്ഥാനത്ത് ഹൈടെക് കൃഷിയുടെ പ്രോത്സാഹനാർത്ഥം പോളീഹൗസുകൾ സ്ഥാപിക്കുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് 2012-13 സാമ്പത്തിക വർഷം അനുവദിച്ച 54 ലക്ഷം രൂപ ഉപയോഗിച്ച് 500 ചതുരശ്ര മീറ്റർ വീതമുള്ള പോളീഹൗസുകൾ നിർമ്മിച്ചിട്ടുണ്ട്. പോളീഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.

1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
2. ഉന്നതഗുണനിലവാരമുള്ള കാർഷിക ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.
3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു.
4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട്ഫ്ളവർ, കട്ട് ഫോളിയേജ് എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.
6. കുറഞ്ഞ തൊഴിലുപയോഗിച്ച് കൊണ്ട് കൃഷി സാധ്യമാക്കുക.

(സി) പ്രസ്തുത പദ്ധതിയുമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, സംസ്ഥാന കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയവരാണ് സഹകരിക്കുന്നത്.

(ഡി) ഉണ്ട്. ഹൈടെക് കൃഷി പദ്ധതിയിലൂടെ പ്രധാനമായും സലാഡ് വെള്ളരി, വള്ളിപ്പയർ, തക്കാളി, കാപ്സിക്കം തുടങ്ങിയ പച്ചക്കറികളും ജെർബറ, കാർണേഷൻ, റോസ്, അലങ്കാര ഇലച്ചെടികൾ തുടങ്ങിയ പുഷ്പവിളകളുമാണ് പോളീഹൗസുകളിൽ കൃഷി ചെയ്തുവരുന്നത്. ഒരു വിളയിൽ നിന്നും 3 മുതൽ 10 മടങ്ങ് വരെ അധിക വരുമാനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്രമീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉല്പാദനത്തേക്കാളും പല മടങ്ങ് കൂടുതലാണ്.

**കയ്പാട് സമഗ്ര വികസന പദ്ധതി**

252 (1692) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയ്പാട് സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കയ്പാട് കൃഷി സംരക്ഷണവുമായി ബന്ധപ്പെട്ട് ചേർന്ന, ബഹു. കൃഷി

മന്ത്രിയുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കയ്പാട് വികസന ഏജൻസി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) മലബാർ കയ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് എന്തൊക്കെ സഹായങ്ങളാണ് നല്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) കയ്പാട് മേഖലയിൽ പുതുതായി എന്തെങ്കിലും പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ& ബി) പരിശോധിച്ചുവരുന്നു.

(സി) കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസിയാണ് രൂപീകരിച്ചിട്ടുള്ളത്.

(ഡി) ആത്മ പദ്ധതി പ്രകാരം 2010-ൽ മലബാർ കയ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് പരിശീലനത്തിനായി 83,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) കയ്പാട് മേഖലയിൽ 2014-15 വർഷത്തിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ അനുവദിച്ചിട്ടുണ്ട്. കാട്ടാമ്പള്ളി കയ്പാട് പ്രദേശത്ത് 1560 മീറ്റർ ബണ്ട് പുനർനിർമ്മാണത്തിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 306 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർവഴി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ചിറക്കൽ പഞ്ചായത്തിൽ 3 വി.സി.ബി.-കൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

**റബ്ബർ സംഭരണ നടപടികൾ**

253 (1693) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ച റബ്ബർ സംഭരണ

നടപടികളെക്കുറിച്ച് വിശദമാക്കാമോ ;

(ബി) സർക്കാർ പ്രഖ്യാപിച്ച റബ്ബർ സംഭരണം ഏതെല്ലാം ഏജൻസികളെയാണ് ഏല്പിച്ചിരുന്നത് ; വിശദമാക്കുമോ ;

(സി) റബ്ബർ സംഭരണം ഏതെങ്കിലും തരത്തിൽ വിപണിയിൽ ചലനം സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) സംഭരണ നടപടികൾക്കായി ഖജനാവിൽ നിന്നും നാളിതുവരെ ചെലവാക്കിയ തുക സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസേഴ്സ് കമ്പനികൾ എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തുന്നത്. ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തത്തക്ക വിധം കിലോയ്ക്ക് 6 രൂപ കൈകാര്യച്ചെലവായി സംഭരണ ഏജൻസികൾക്ക് അനുവദിക്കുകയും ഇതിനായി കൃഷി സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും സംഭരണത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർ മാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ് ഫെഡ്) റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുവാനായി 5 കോടി രൂപ വീതം 2435-01-101-85-വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയിലൂടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 232/2014/കൃഷി പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽനിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014

തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്.4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികൾ എന്നീ ഏജൻസികളെയാണ് റബ്ബർ സംഭരണം ഏൽപ്പിച്ചിരിക്കുന്നത്.

(സി) റബ്ബർ സംഭരണംമൂലം കർഷകർക്ക് ന്യായമായ വില ലഭിക്കാൻ കഴിഞ്ഞു. വിപണി വില ഒരു പരിധി വരെ നിയന്ത്രിക്കുവാൻ കഴിഞ്ഞെങ്കിലും അന്താരാഷ്ട്ര വിപണിയിലെ വിലയിടിവ്മൂലം കാര്യമായ ചലനം വിപണിയിൽ ഉണ്ടായിട്ടില്ല.

(ഡി) കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽനിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർ മാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ് ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ൽ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 23-10-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 576/2014/സഹ. പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

**വിഷാംശം ഇല്ലാത്ത പച്ചക്കറികൾ ലഭ്യമാക്കാൻ നടപടി**

254 (1694) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും മാരകമായ കീടനാശിനികൾ ഉപയോഗിച്ച് കൃഷി ചെയ്തെടുക്കുന്ന പച്ചക്കറികൾ കേരളത്തിൽ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇപ്രകാരം കേരളത്തിൽ എത്തിച്ചേരുന്ന പച്ചക്കറികൾ പിടിച്ചെടുത്ത് നശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കേരളത്തിലെ ജനങ്ങൾക്ക് വിഷാംശം ഇല്ലാത്ത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ കറിവേപ്പില, പുതിനയില, ക്വാളിഫ്ളവർ, ചുവപ്പ് ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ എന്നിവയിൽ അമിതമായ തോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തര യോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽകൂടി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ട് വരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. വിഷാംശം ഇല്ലാത്ത പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിനും പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

**വിഷാംശം കലർന്ന പച്ചക്കറികളുടെ വിതരണം**

255 (1695) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ :

(എ) വിഷാംശം കലർന്ന പച്ചക്കറികളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നതെന്ന കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗൗരവതരമായ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി. ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്ന തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും ഭക്ഷ്യസുരക്ഷ പരിഗണിച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. സെയ്ഫ് ടു ഈറ്റ് എന്ന പദ്ധതി പ്രകാരം പഴം, പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിൽ പരിശോധിച്ച് ആവശ്യമായ മുൻകരുതലുകൾ കർഷകർക്കും ഉപഭോക്താക്കൾക്കും കച്ചവടക്കാർക്കും നൽകി വരുന്നുണ്ട്.

**ഇടുക്കി പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുക**

256 (1696) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ആകെ തുക എത്ര ;

(ബി) അനുവദിച്ച തുകയിൽ എന്ത് തുക ചെലവഴിച്ചു ;

(സി) ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇടുക്കി പാക്കേജിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ; പദ്ധതിയുടെ കാലാവധി തീരുന്നതിന് മുമ്പ് ലഭിച്ച തുക ചെലവഴിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 764.42 കോടി രൂപ.

(ബി) 215.87 കോടി രൂപ.

(സി) അനുബന്ധത്തിൽ കാണാവുന്നതാണ്.*

(ഡി) ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹു. മുഖ്യമന്ത്രി ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ 16-10-2014-ൽ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർപദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്ന് ബഹു. കേന്ദ്ര കൃഷി മന്ത്രി ബഹു. മുഖ്യമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ അറിയിച്ചിട്ടുണ്ട്.

**റബ്ബർ ഇറക്കുമതി**

257 (1697) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം റബ്ബർ ഇറക്കുമതി നടത്തിയത് സംബന്ധിച്ച കണക്കുകൾ അറിയുമോ ; എങ്കിൽ ലഭ്യമാക്കാമോ ;

(ബി) റബ്ബർ ഇറക്കുമതി നിർബാധം നടക്കുന്നതുമൂലം ഉണ്ടായ വിലയിടിവുവഴി, കഴിഞ്ഞ മൂന്നു വർഷത്തിനകം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഷ്ടത്തിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2014-15-ൽ 263,683 ടൺ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതിൽ 196,697 ടൺ ഡ്യൂട്ടി പെയ്ഡ് ചാനലിലൂടെയും 66,986 ടൺ ഡ്യൂട്ടിഫ്രീ ചാനലിലൂടെയുമാണ് ഇറക്കുമതി ചെയ്തിട്ടുള്ളത്.

(ബി) ഇല്ല.

**റബ്ബർ ഉല്പാദനവും സംഭരണവും വിലയിടിവും**

258 (1698) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര ടൺ റബ്ബർ ഉല്പാദിപ്പിക്കുന്നതായി കണക്കാക്കിയിട്ടുണ്ട് ;

(ബി) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്ന നില ആരംഭിച്ചത് എപ്പോൾ മുതലാണ് ;

(സി) റബ്ബർ വിലയിടിവുമൂലം സമ്പദ്ഘടനയ്ക്കുണ്ടായതായി കണക്കാക്കപ്പെടുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) അഞ്ചു രൂപ കൂടുതൽ നൽകി റബ്ബർ സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് എന്നു മുതലാണ് ;

(ഇ) ഇപ്രകാരം ഇതിനകം സംഭരിച്ച റബ്ബർ എത്ര ടൺ ആണെന്ന് വെളിപ്പെടുത്താമോ ; ഏതെല്ലാം ഏജൻസികൾക്ക് സംഭരണ ചെലവ് ഇനത്തിൽ എന്തു തുക വീതം ഇതിനകം നൽകുകയുണ്ടായി ?

ഉത്തരം

(എ) ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കേരളയുടെ കണക്ക് പ്രകാരം 2012-13-ൽ കേരളത്തിലെ റബ്ബർ ഉല്പാദനം 800050 മെട്രിക് ടണ്ണാണ്. 2011-12-ൽ കേരളത്തിലെ റബ്ബർ ഉല്പാദനം 798940 മെട്രിക് ടണ്ണും 2010-11-ൽ ഇത് 770580 മെട്രിക് ടണ്ണുമാണ്.

(ബി) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്ന നില ആരംഭിച്ചത് 2012-ന് ശേഷമാണ്.

(സി) ഇല്ല.

(ഡി) ഉണ്ട്. 6-11-2014 മുതലാണ് അഞ്ച് രൂപ കൂടുതൽ നൽകി റബ്ബർ സംഭരിക്കുന്നതിന് തീരുമാനിച്ചത്.

(ഇ) 27-11-2014 വരെ റബ്ബർ മാർക്ക് 585.5 ടണ്ണും മാർക്കറ്റ് ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർ മാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ് ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ൽ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 23-10-2014-ലെ സ.ഉ.(സാധാ) നമ്പർ 576/2014/സഹ. പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

## നീരയുടെ ഉൽപ്പാദനം

259 (1699) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനം, വിതരണം ഇവ ലക്ഷ്യമിട്ട് നാളികേര വികസന ബോർഡിന് കീഴിൽ എത്ര സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സൊസൈറ്റികൾക്ക് നീര ഉല്പാദനത്തിനും, വിപണനത്തിനുമുള്ള ലൈസൻസ് അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളുണ്ട് ; വ്യക്തമാക്കുമോ ;

(സി) നീരയുടെ ഉല്പാദനവും, വിതരണവും സാർവ്വത്രികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാളികേര വികസന ബോർഡുമായി

ബന്ധപ്പെട്ട വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

(സി) നീരയുടെ ഉല്പാദനവും വിതരണവും സാർവ്വത്രികമാക്കുന്നതിലേക്ക് തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണസംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടി കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. 18-11-2014 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2051/2014/കൃഷി പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും രൂപീകരിച്ചിട്ടുള്ള നാളികേര-നീര ബോർഡിന്റെ ആക്ഷൻ പ്ലാൻ രൂപീകരണത്തിനുള്ള യോഗങ്ങൾ ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര (കേരാമൃതം), തെങ്ങിൻ പൂക്കുലയിൽ നിന്നും കേരചക്കര എന്നിവയുടെ ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി 3 പൈലറ്റ് പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം കാമ്പസിൽ നടപ്പിലാക്കിവരുന്നു. പ്രോജക്ടിനായി 45 ലക്ഷം രൂപയാണ് 2013-14-ൽ നൽകിയിരുന്നത്. ഒന്നാം പൈലറ്റ് പ്രോജക്ടിന്റെ പൂർത്തീകരണത്തിനും വിപണനം ശക്തിപ്പെടുത്തുന്നതിനുമായി 265 ലക്ഷം രൂപയുടെ പ്രോജക്ടിന് സർക്കാർ അനുമതി നൽകുകയും 85 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്കും 45 ലക്ഷം നീരയുടെ വിപണനത്തിനായി നാളികേര വികസന കോർപ്പറേഷനും നൽകിക്കൊണ്ട് നീര ഉല്പാദനവും വിപണനവും സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. കാർഷിക സർവ്വകലാശാലയുടെ ഔട്ട്‌ലെറ്റുകളുടെയും നാളികേര വികസന കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലൂടെയും ഇപ്പോൾ വിപണനം നടത്തി വരുന്നു.

**ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ നടപടി**

260 (1700) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നാളികേര ബയോപാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും 28-2-2014-ൽ ബയോപാർക്കിന്റെ ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 23-7-2014-ൽ ചേർന്ന അഗ്രി ബയോപാർക്ക്സ് സൊസൈറ്റി ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കോഴിക്കോട് വടകരയിലുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര അധിഷ്ഠിത വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**സംസ്ഥാന കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകിയ നടപടി**

261 (1701) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന കൃഷിവകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയിൽ 2011 ജൂൺ മുതൽ 2014 നവംബർ വരെ എത്ര ഭൂമിയാണ് വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും 10 ഏക്കർ സ്ഥലം സ.ഉ.(കൈ) നമ്പർ 488/2013/റവന്യൂ തീയതി 1-11-2013 പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് കാലിത്തീറ്റ ഫാക്ടറി പണിയുന്നതിനായി വിട്ടുനൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വലിയതുറ കോക്കനട്ട് നഴ്സറിയിൽനിന്നും 39 സെന്റ് സ്ഥലം തിരുവനന്തപുരം എയർപോർട്ടിന് സ.ഉ.(എംഎസ്.) നമ്പർ 410/2014/ആർ.ഡി. തീയതി 23-9-2014 പ്രകാരം നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോഴ ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും 30

ഏക്കർ സ്ഥലം സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കീഴിൽ സയൻസ് സെന്റർ സ്ഥാപിക്കുന്നതിന് വേണ്ടി സ.ഉ.(സാധാ) നമ്പർ 593/2013/കൃഷി തീയതി 3-4-2013 പ്രകാരം കൈമാറിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ISDF എരുത്തേമ്പതിയിൽ നിന്നും 93.82 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റി, അയ്യന്തോൾ തൃശ്ശൂർ എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. HDF മലമ്പുഴയിൽനിന്നും 7 സെന്റ് സ്ഥലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി വിട്ടുനൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ, പന്തളം കരിമ്പ് വിത്തുല്പാദന കേന്ദ്രത്തിന്റെ ഭാഗമായുള്ള കോന്നി ജൈവകൃഷിത്തോട്ടത്തിന്റെ 2.1868 ഹെക്ടർ സ്ഥലം നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജിന്റെ റോഡ് നിർമ്മാണത്തിനുവേണ്ടി വിട്ടുനൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ തിരുവനന്തപുരം ആനയറ AUWM-ന്റെ (കാർഷിക നഗര മൊത്ത വ്യാപാര വിപണി) അധീനതയിലുള്ള 3 1/2 ഏക്കർ സ്ഥലം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ പണിയുന്നതിന് പാട്ടവ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്. ആനയറ കാർഷിക മൊത്ത വ്യാപാര വിപണി AUWM-ലെ തന്നെ 37 1/2 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ റീജിയണൽ പ്രൊക്യൂർമെന്റ് സെന്ററിന് വിട്ടുകൊടുത്തിട്ടുണ്ട്.

**ജൈവകൃഷി പ്രോത്സാഹിപ്പിക്കാനായി പദ്ധതി**

262 (1702) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജൈവകൃഷി പ്രോത്സാഹിപ്പിക്കാനായി ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് ; എത്ര ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

പരമ്പരാഗത കൃഷി രീതികൾ, വളപ്രയോഗം, സംസ്കരണം എന്നിവയെക്കുറിച്ചുള്ള അറിവുകൾ സംരക്ഷിക്കുകയും അവയുടെ മേന്മ വർദ്ധിപ്പിക്കുകയും ചെയ്ത് ജൈവകൃഷി കേരളത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന് 10-2-2010-ലെ സ.ഉ. (പി) 39/2010/കൃഷി പ്രകാരം ഒരു ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ 2013-14 ജൈവകൃഷി പദ്ധതി ബോധവത്ക്കരണ പരിപാടികൾ നടപ്പാക്കിയും കർഷക ക്ലസ്റ്ററുകൾ രൂപീകരിച്ചും ഇക്കോഷോപ്പുകൾ സ്ഥാപിച്ചും വിപുലപ്പെടുത്തി ജില്ലയിലെ 41

പഞ്ചായത്തുകളിലായി 5215 കർഷകർക്ക് പരിശീലനം ലഭ്യമാക്കി. ജൈവ പച്ചക്കറി കൃഷി ചെയ്യുവാൻ 15-25 ഹെക്ടർ വിസ്തീർണ്ണത്തിൽ 287 ക്ലസ്റ്ററുകൾക്ക് രൂപം കൊടുത്തു. ക്ലസ്റ്ററുകൾ അടിസ്ഥാനമായി 15500 കർഷകർ ജൈവകൃഷി ചെയ്യുന്നു. ഈ പദ്ധതിയിലൂടെ 423 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ 11895 നാടൻ കമ്പോസ്റ്റ് യൂണിറ്റുകളും നിർമ്മിച്ച് 35000 ടൺ ജൈവവളം ഉല്പാദിപ്പിച്ച് ജൈവകാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായി 6 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 82 കർഷകരുടെ കൃഷിയിടങ്ങളിൽ ജൈവകൃഷി മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിച്ചു. 2014-15 വർഷം ജില്ലയിൽ 2500 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി സർട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2016 വർഷത്തോടെ കേരളം ജൈവ സംസ്ഥാനമാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ അനുവദിക്കുന്നതാണ്. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മാണം ജൈവ സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും എന്ന ഘടകം നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായി 500 ഹെക്ടർ വീതം ഭൗതിക ലക്ഷ്യം കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകൾക്ക് നൽകുകയും ഇത് നടപ്പിലാക്കുന്നതിനായി 2063 കർഷകരെ തെരഞ്ഞെടുക്കുകയും ചെയ്തു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയ്നുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. 2012-13 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെ പതിനാല് ജില്ലകളിലായി 26 പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

**നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി**

263 (1703) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിന് ഫലം കണ്ടോ എന്ന് വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ഹെക്ടർ നെൽപ്പാടമായിരുന്ന തരിശു കിടന്നിരുന്നത് എന്ന് വ്യക്തമാക്കാമോ ; തരിശു കിടന്ന നെൽപ്പാടങ്ങളിൽ എത്ര ഹെക്ടർ സ്ഥലത്ത് അധികമായി ഇപ്പോൾ കൃഷി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തരിശു കിടന്ന നെൽപ്പാടങ്ങളിൽ കൃഷിയിറക്കാൻ കർഷകർക്ക് സഹായം നൽകാറുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികൾവഴി ഇങ്ങനെ സഹായം നൽകുന്നുണ്ട് ; എന്തൊക്കെ സഹായങ്ങളാണ് നൽകാറുള്ളതെന്ന വിശദമാക്കാമോ;

(സി) കഴിഞ്ഞ വർഷം നെൽകൃഷിയിറക്കി കടക്കെണയിലായ കർഷകരുടെ എണ്ണം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കർഷകർ ഇത്തരത്തിൽ കടക്കെണിയിലായി എന്ന് വ്യക്തമാക്കാമോ ; ഇവർ കൃഷി ചെയ്ത് നഷ്ടത്തിലായതിന്റെ കാരണം പഠിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇത്തരത്തിൽ നെൽകൃഷി ചെയ്ത് കടത്തിലായ കർഷക കുടുംബങ്ങൾക്ക് എന്തെങ്കിലും ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) അടുത്ത കൃഷിയിറക്കാൻ ഇവർക്ക് മുൻകൂറായി എന്തൊക്കെ സഹായങ്ങൾ ചെയ്തു കൊടുക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 2011-12 വർഷം 8408.836 ലക്ഷം രൂപ, 2012-13 വർഷം 9562.95 ലക്ഷം രൂപ, 2013-14 വർഷം 11240.47 ലക്ഷം രൂപയ്ക്കും വിവിധ നെൽകൃഷി വികസന പദ്ധതികൾ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ നടപ്പിലാക്കുകയുണ്ടായി. 2014-15 വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം - 180000 ഹെക്ടറിലേക്ക് സംസ്ഥാന വിഹിതമായി 2700 ലക്ഷം രൂപയും ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 5400 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും, പാടശേഖര സമിതികളുടെ പ്രവർത്തനച്ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ പൊക്കാളി നെൽകൃഷി വികസന പദ്ധതി പ്രകാരം 695 ഹെക്ടർ സ്ഥലത്തേക്കായി 69.5 ലക്ഷം രൂപ, പതിമൂന്നാം ധനകാര്യ

കമ്മീഷൻ അവാർഡ് പ്രകാരം 166.67 ഹെക്ടർ തരിശുനില നെൽകൃഷി വികസനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു. നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിയതു വഴി കർഷകർ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന നെൽകൃഷിയുടെ വിസ്തീർണ്ണത്തിൽ സാധാരണയിൽ കാണുന്ന കുറവിന് മാറ്റമുണ്ടായിട്ടുണ്ട്. നെൽകൃഷിയിൽ ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതുമൂലം കർഷകർക്ക് ആകർഷണീയമായ ഉല്പാദനവും ലാഭവും ലഭിക്കുന്നുണ്ട്. ഇത്തരം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മേൽത്തരം ഗുണമേന്മയുള്ള അതാത് സ്ഥലങ്ങൾക്കനുയോജ്യമായ വിത്തുകൾ ഉണ്ടാക്കുന്നതിനും സ്വയം പര്യാപ്തത ആയിട്ടുണ്ട്. പാലക്കാട് ജില്ല കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് ഉല്പാദനം ഗണ്യമായി കൂടിയിട്ടുണ്ട്. സംസ്ഥാനത്തെ കൃഷിഭവനുകളിൽ തയ്യാറാക്കിയ കരട് ഡേറ്റാബാങ്ക് പ്രകാരം 19386.5 ഹെക്ടർ തരിശുനിലമാണ് സംസ്ഥാനത്ത് കണക്കാക്കിയിട്ടുള്ളത്. കഴിഞ്ഞ 3 വർഷങ്ങളായി 6416.7 ഹെക്ടർ തരിശുഭൂമിയിൽ കൃഷി വകുപ്പ് മുഖാന്തരം നെൽകൃഷി നടപ്പിലാ ക്കുകയുണ്ടായി. 2014-2015 വർഷം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 178.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനും പുറമെ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശുനില നെൽകൃഷി വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) നൽകാറുണ്ട്. കൃഷി വകുപ്പ് മുഖാന്തിരവും ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയും സഹായം നൽകുന്നുണ്ട്. തരിശായി കിടക്കുന്ന വയലുകളൊറ്റ പ്രാവശ്യം എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം കൃഷിക്കനുയോജ്യമാക്കി കൊടുക്കുന്നു. (കുറ്റിക്കാടുകൾ നീക്കം ചെയ്യുക, മണ്ണ് ഇളക്കുക, മണ്ണ് നിരപ്പാക്കൽ) ഇതിനും പുറമേ ഉൽപ്പാദനോപാധികളുടെ ചെലവ് വഹിക്കുന്നതിനുള്ള സഹായങ്ങളാണ് നൽകുന്നത്.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ജൈവകൃഷി**

264 (1704) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ നിരോധിക്കപ്പെട്ട കീടനാശികൾ അനിയന്ത്രിതമായ അളവിൽ അടങ്ങിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പ്രവണതകൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ

വിശദമാക്കുമോ ;

(സി) പ്രശ്ന പരിഹാരത്തിന് സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി. ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും ഭക്ഷ്യസുരക്ഷ പരിഗണിച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്ത് ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. സെയ്ഫ് ടു ഈറ്റ് എന്ന പദ്ധതി പ്രകാരം പഴം, പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിൽ പരിശോധിച്ച് ആവശ്യമായ മുൻകരുതലുകൾ കർഷകർക്കും ഉപഭോക്താക്കൾക്കും കച്ചവടക്കാർക്കും നൽകി വരുന്നുണ്ട്.

(സി) ഉണ്ട്. 2010-11 മുതൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാനത്ത് ആരംഭിച്ചു. 2013-14 ൽ കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിക്കുകയുണ്ടായി. കോഴിക്കോട്, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ 2000 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവകൃഷി, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവയും പ്രോത്സാഹിപ്പിക്കുന്ന തിനുള്ള പദ്ധതികൾ നിലവിലുണ്ട്. സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനം നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിലും ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ

എന്നിവരെ ഉൾപ്പെടുത്തി ബോധവത്ക്കരണ ക്യാംമ്പയിനുകൾ നടത്തി വരുന്നു. 'സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം' നടപ്പിലാക്കുമ്പോൾ ഏറ്റവും മികച്ച മൂന്ന് ജൈവ അസംബ്ലി നിയോജക മണ്ഡലങ്ങൾക്കും അസംബ്ലി നിയോജക മണ്ഡലത്തിലെ ഏറ്റവും മികച്ച മൂന്ന് ജൈവ കാർഷിക പഞ്ചായത്തുകൾക്കും അവാർഡ് നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

## കാർഷിക നയം

265 (1705) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമസഭയിൽ 2014 ജൂലൈ മാസം എട്ടാം തീയതി കാർഷിക നയം അംഗീകരിച്ചതിന്റെ വെളിച്ചത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നയം നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കാർഷിക നയത്തെക്കുറിച്ച് കർഷകരേയും പൊതുജനങ്ങളേയും ബോധവത്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) 2014 ജൂലൈ 8-ന് നിയമസഭയിൽ നിർദ്ദേശിച്ച തിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ ഉൾപ്പെട്ട കാർഷിക നയത്തിന്റെ പൂർണ്ണ രൂപം അംഗീകാരത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.

(സി) പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ സെമിനാറുകൾ സംഘടിപ്പിച്ച് കാർഷിക നയം ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ 11-9-2014-ന് ചേർന്ന നയ രൂപീകരണ സമിതിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും കൃഷി അനുബന്ധ മേഖലകളിലെ 2-3 മാസ്റ്റർ ട്രയ്നേഴ്സിനെ തെരഞ്ഞെടുത്ത് കാർഷിക നയവുമായി ബന്ധപ്പെട്ട് വിദഗ്ധ പരിശീലനം നൽകുന്നതിനും മാസ്റ്റർ ട്രെയിനേഴ്സിനെ വിനിയോഗിച്ച് കാർഷിക നയത്തെക്കുറിച്ച് കർഷകരെയും പൊതുജനങ്ങളെയും ബോധവത്ക്കരിക്കൻ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## കായംകുളം നിയമസഭാ മണ്ഡലത്തിലെ കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

266 (1707) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നിയമസഭാ നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിന്റെ

രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 2013-14-ൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് എത്ര കുളങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ടെണ്ടർ ക്ഷണിച്ചു ;

(ബി) അതിൽ എത്ര പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തു ; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു ;

(സി) രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ (2014-15) ഒരു പ്രവൃത്തിപോലും ടെണ്ടർ ചെയ്തിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ; എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത് ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ്. ടെണ്ടർ മുഖേന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നില്ല. കായംകുളം നിയമസഭാ നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2013-14 ൽ 11 കുളങ്ങൾ പുനരുദ്ധരിക്കാനുള്ള അനുമതി ലഭിച്ചതിൽ 5 കുളങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) 2014-15-ലെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

**നെടുമ്പന ഇരവിപുരം കൃഷിഭവനുകളുടെ നിയന്ത്രണ അധികാര വിഭജനം**

267 (1708) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡല പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് നെടുമ്പന ഗ്രാമപഞ്ചായത്തിനെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തുകയും, പകരമായി പൂയപ്പള്ളി ഗ്രാമപഞ്ചായത്തിനെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തുവെങ്കിലും പൂയപ്പള്ളി കൃഷി ഭവൻ ഇപ്പോഴും കൊട്ടാരക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലാണെന്ന വസ്തുത ഗവൺമെന്റ് ശ്രദ്ധിച്ചുവോ ;

(ബി) ഭരണപരമായ സൗകര്യം കണക്കിലെടുത്ത് നെടുമ്പന കൃഷി ഭവനെ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഇരവിപുരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും, പൂയപ്പള്ളി കൃഷി ഭവനെ ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും ഉൾപ്പെടുത്തി ഉത്തരവാകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക**

268 (1709) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നല്കിവരുന്ന നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) തുക വെട്ടിക്കുറച്ചത് കർഷകർക്ക് ആശ്വാസകരമല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വെട്ടിക്കുറച്ച തുകയ്ക്കു പുറമേ അധിക തുക നൽകുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആയതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)-നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽ നിന്ന് സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്രസർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ

പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## ഗ്ലോബൽ അഗ്രോമീറ്റിന്റെ ചെലവ്

269 (1710) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിക്കുന്നതിന് മൊത്തം പ്രതീക്ഷിച്ച ചെലവ് എത്രയെന്നും ചെലവായതെത്രയെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇതിനായുള്ള ചെലവ് കൃഷി വകുപ്പിന്റെ ഏതെല്ലാം ഹെഡ്ഡുകളിൽനിന്ന് എത്ര വീതമാണെന്നു വെളിപ്പെടുത്തുമോ ;

(സി) ചെലവുകൾ പ്രധാനമായും ഏതെല്ലാം ഇനങ്ങളിലായിരുന്നുവെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഗ്ലോബൽ അഗ്രോമീറ്റ് സംഘടിപ്പിക്കുന്നതിന് മൊത്തം പ്രതീക്ഷിച്ച ചെലവ് 205 ലക്ഷം രൂപയും ആകെ ചെലവായ തുക 219.62 ലക്ഷം രൂപയുമാണ്.

(ബി) 1. സർക്കാർ ഉത്തരവ് നമ്പർ 1236/2014/AD തീയതി 19-7-2014 പ്രകാരം 2401-001-87 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽനിന്ന് 25 ലക്ഷം രൂപയും.

2. സർക്കാർ ഉത്തരവ് നമ്പർ 1856/2014/AD തീയതി 10-10-2014 പ്രകാരം

(i) കേന്ദ്ര സർക്കാരിന്റെ 'ആത്മ' പദ്ധതിയിലെ നൂതന പ്രവർത്തനങ്ങൾ എന്ന ഘടകത്തിൽ നിന്നും 25 ലക്ഷം രൂപയും.

(ii) ടി ആത്മ പദ്ധതിയിലെ 'വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ' (B8) നിന്നും 16 ലക്ഷം രൂപയും.

(iii) വിജ്ഞാപന വ്യാപനം ശക്തിപ്പെടുത്തൽ എന്ന സംസ്ഥാനാവിഷ്കൃത

പദ്ധതിയിലെ പൊതുജന പങ്കാളിത്തം എന്ന ഘടകത്തിൽ നിന്നും 10 ലക്ഷം രൂപയും.

(iv) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ഇന്റർനാഷണൽ മീറ്റിന്റെ പ്രൊവിഷനിൽനിന്നും 37.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 88.50 ലക്ഷം രൂപയിൽ 51 ലക്ഷം രൂപ കൃഷി വകുപ്പിന്റെ 2401-00-109-80 (പ്ലാൻ) ശീർഷകത്തിൽനിന്നും ഉപയോഗിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്. (ആകെ 25+88.5=113.50 ലക്ഷം രൂപ).

(സി) ചെലവുകൾ പ്രധാനമായും താഴെപ്പറയുന്ന ഇനങ്ങളിലായിരുന്നു :

1. പരസ്യം (റോഡ് ഷോ ഉൾപ്പെടെ)
2. ഭക്ഷണം
3. താമസസൗകര്യം
4. ഹാൾ വാടക
5. എക്സിബിഷൻ
6. യാത്രാസൗകര്യം.

**കുട്ടനാട് പാക്കേജ്**

270 (1711) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രം സമയപരിധി നീട്ടി നൽകിയിട്ടുണ്ട് ; നീട്ടിയ സമയപരിധി എന്ന് അവസാനിക്കുമെന്ന് അറിയിക്കുമോ ;

(ബി) ദീർഘിപ്പിച്ച സമയപരിധിക്കകം പാക്കേജ് പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പാക്കേജിന്റെ പ്രാദേശിക തലത്തിലുള്ള മേൽനോട്ടം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ മുൻഗണനാക്രമം

കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ 2015 മാർച്ച് വരെയും KEL-3 ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

(ബി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ബഹു. കേന്ദ്ര കൃഷി മന്ത്രി ബഹു. മുഖ്യമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി&ഡി) 7-10-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ എല്ലാ വകുപ്പ് തലവന്മാർക്കും പ്രാദേശിക തലത്തിലുള്ള മേൽനോട്ടം വഹിക്കുന്നതിനും പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുട്ടനാട് പാക്കേജ്**

271 (1712) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചത് എന്നായിരുന്നുവെന്നും വീണ്ടും നീട്ടികിട്ടാൻ കേന്ദ്രസർക്കാരിന് യഥാസമയം കത്ത് നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ ;

(ബി) പദ്ധതി കാലാവധി നീട്ടികിട്ടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിൽ അതിൻപ്രകാരം ലഭിച്ച മറുപടി സംബന്ധിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുമായി മുന്നോട്ടു പോകാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെങ്കിൽ അതിനുള്ള കേന്ദ്രഫണ്ട് എങ്ങനെ കണ്ടെത്തും എന്നത് സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായിട്ടാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ 7-10-2014-നും 16-10-2014-നും ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(ബി) ബഹു. മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കേന്ദ്ര കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നൽകുന്നതിനായി കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ടി കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് കേന്ദ്ര ഫണ്ട് ലഭിക്കുന്നതാണ്.

(ഡി) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർപദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡമുള്ള കേന്ദ്ര പദ്ധതികൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ പദ്ധതിയിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ പദ്ധതികൾ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

**കുട്ടനാട് പാക്കേജ്**

272 (1713) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടു പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ മാവേലിക്കര

മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കുളങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾക്കായി 2014-15 വർഷക്കാലം ഓരോ വകുപ്പിനും വകയിരുത്തിയ തുക എത്രയെന്നു വ്യക്തമാക്കുമോ ; ഓരോ വകുപ്പും ഒക്ടോബർ 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1-ൽ കാണാവുന്നതാണ്.*

(ബി) അനുബന്ധം 2-ൽ കാണാവുന്നതാണ്.*

**കുട്ടനാട് പാക്കേജ് - നിലവിലെ പ്രവൃത്തികൾ**

273 (1714) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജ് ഇപ്പോൾ നിലവിലുണ്ടോ ; 2012-ൽ കുട്ടനാട് പാക്കേജ് അവസാനിച്ചു എന്ന കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ നിലപാട് മറികടക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) കുട്ടനാട് പാക്കേജിന്റെ പേരിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ; ഇതുമൂലം പ്രദേശത്ത് എന്തെങ്കിലും നേട്ടമുണ്ടാക്കാനായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(സി) നിലവിൽ പാക്കേജിന്റെ ഭാഗമായി എന്തൊക്കെ പ്രവൃത്തികൾ നടക്കുന്നുണ്ട് ; ഓരോ പ്രവൃത്തികൾക്കും ചെലവാകുന്ന തുക ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) പ്രവൃത്തികൾ ഏതു ഘട്ടംവരെയായി എന്നും എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ച തായിട്ടാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ 7-10-2014-നും 16-10-2014-നും ബഹു. മുഖ്യമന്ത്രി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(ബി) നാളിതുവരെ 400.904 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമൂലം പ്രദേശത്ത് നേട്ടമുണ്ടാക്കാനിടയുണ്ട്. വിശദവിവരം അനുബന്ധം 1-ൽ കാണാവുന്നതാണ്*

(സി) അനുബന്ധം 2-ൽ കാണാവുന്നതാണ്.*

(ഡി) പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL-1, KEL-2, 13-ാം ധനകാര്യ കമ്മീഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ 2015 മാർച്ച് വരെയും KEL-3, ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

### വീട്ടുകളിലെ പച്ചക്കറി കൃഷി

274 (1715) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) ഇതിനായി കൃഷി ഭവനുകൾ മുഖേന എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീട്ടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു :

1. സ്കൂൾ വിദ്യാർത്ഥികൾ മുഖേന വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി നൽകുന്നു.
2. വീട്ടമ്മമാർക്ക് കൃഷി ചെയ്യുന്നതിനായി 5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി നൽകുന്നു.
3. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധയിനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വീതം 28334 ഗുണഭോക്താക്കൾക്ക് കൃഷിക്കായി നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ പുനർജ്ജീവിപ്പിക്കുന്നതിന് വിത്ത്, വളം, തൈകൾ എന്നിവ നൽകുന്നതിനും സഹായം നൽകുന്നുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി മുഖാന്തരം വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ എന്നിവ വഴി ഗുണമേന്മയുള്ള പച്ചക്കറി വിത്തു പാക്കറ്റുകളും പച്ചക്കറി തൈകളും വിതരണം നടത്തി വരുന്നു. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം 2004 മുതൽ 'ഹരിത നഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാളിതുവരെ 18000-ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം വെജിറ്റബിൾ ഡവലപ്മെന്റ് പദ്ധതി പ്രകാരം, മുനിസിപ്പൽ പ്രദേശങ്ങളിലെ വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, മരട്, ഏലൂർ, കളമശ്ശേരി, ആലുവ എന്നീ മുനിസിപ്പാലിറ്റികളിൽ ' ഗ്രോബാഗ് ' പദ്ധതിയും കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 6650 വീടുകളിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 33 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കൗൺസിൽ വിതരണം ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം എറണാകുളം ജില്ലയിലെ 42 കൃഷി ഭവനുകൾ വഴി 3000 യൂണിറ്റ് ഗ്രോബാഗുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. 2014-15 സാമ്പത്തിക വർഷം കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

(ബി) വ്യക്തമാക്കാം. 50 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് 20 രൂപ വില വരുന്ന 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളാണ് നൽകുന്നത്. ഈ കിറ്റുകൾ സ്കൂളുകൾ മുഖേന സൗജന്യമായി നൽകുന്നു. ഇതിനായി സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ 400 ലക്ഷം രൂപയും ആർ.കെ.വി.വൈ. പദ്ധതിയിൻ കീഴിൽ 600 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 5 ലക്ഷം വീട്ടമ്മമാർക്ക് 20 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ കൃഷി ഭവനുകൾ മുഖേന സൗജന്യമായി നൽകുന്നു. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ ആകെ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നഗര/ നഗരപ്രാന്ത പ്രദേശങ്ങളിലെ മട്ടുപ്പാവ് കൃഷിക്കായി 25 ഗ്രോബാഗുകൾ അടങ്ങുന്ന ഗ്രോബാഗ് യൂണിറ്റുകൾ 28334 കർഷകർക്ക് കൃഷിക്കായി നൽകുന്നു. 2000 രൂപ

വില വരുന്ന ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിലാണ് നൽകുന്നത്. ഗുണഭോക്താക്കൾ 500 രൂപ കൃഷി ഭവനിൽ അടയ്ക്കേണ്ടതാണ്. 28334 ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നതിനായി 425 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകൾ പുനരുദ്ധരിച്ച് കൃഷി യോഗ്യമാക്കുന്നതിന് വിത്ത്, പച്ചക്കറി തൈകൾ, വളം എന്നിവ നൽകുന്നതിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഭവനുകൾ വഴി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സൗജന്യമായി പച്ചക്കറി തൈകൾ വിതരണം ചെയ്യുകയും കുറഞ്ഞത് 5 സെന്റ് സ്ഥലം ഉള്ള കർഷകർക്ക് തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ധനസഹായം നൽകിവരുകയും ചെയ്യുന്നു.

**കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ വിവിധ പദ്ധതികൾ**

275 (1716) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക, റിലീസ് ചെയ്ത തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്ര ; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കുമോ ;

(ഡി) കേന്ദ്ര സർക്കാർ കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലാവധിയാണ് നീട്ടിനൽകിയിട്ടുള്ളത്, വിശദമാക്കാമോ ;

(ഇ) കേന്ദ്ര സർക്കാർ കാലാവധി നീട്ടി നൽകാത്തതുമൂലം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ വരികയെന്ന് വ്യക്തമാക്കുമോ ;

(എഫ്) കുട്ടനാട് പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക, റിലീസ് ചെയ്ത തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ

അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ചത് 300 കോടി രൂപയാണ്. ഇതിൽ നാളിതുവരെ 126.4305 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) അനുബന്ധം 2-ൽ കാണാവുന്നതാണ്.*

(ഡി) കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ 2015 മാർച്ച് വരെയും KEL-3, ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

(ഇ) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ബഹു. കേന്ദ്ര കൃഷി മന്ത്രി ബഹു. മുഖ്യമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർപദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡമുള്ള കേന്ദ്ര പദ്ധതികൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ പദ്ധതിയിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ പദ്ധതികൾ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

**കുട്ടനാട് പാക്കേജിന് ചെലവഴിച്ച തുക**

276 (1717) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് 346.904 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ടി പാക്കേജിൻ കീഴിൽ 400.904 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| വകുപ്പ്/ ഏജൻസി | പദ്ധതി അടങ്കൽ | തയ്യാറാക്കിയ പദ്ധതികൾ | അനുവദിച്ച തുക (രൂപ കോടിയിൽ) | റിലീസ് ചെയ്ത തുക (രൂപ കോടിയിൽ) | വിനിയോഗിച്ച തുക (രൂപ കോടിയിൽ) |
|---|---|---|---|---|---|
| ജലസേചനം | 1518.5 | 1976.015 | 771.8425 | 161.2534 | 147.1197 |
| കൃഷി | 188.20 | 157.824 | 131.614 | 78.9033 | 78.2721 |
| സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ | 10 | 14.66 | 9.40725 | 9.32725 | 9.32815 |
| കേരള കാർഷിക സർവ്വകലാശാല | 13.2 | 21.493 | 21.493 | 21.293 | 16.2522 |
| മൃഗസംരക്ഷണം, KLDB | 4.73 | 11.39 | 9.22 | 7.14 | 6.91775 |
| മത്സ്യബന്ധനം, അഡാക്ക്, മത്സ്യഫെഡ് | 4.77 | 4.72 | 4.4 | 2.34 | 2.36 |
| പരിസ്ഥിതി FIRMA, വനം. | 35.5 | 22.5 | 21.79 | 14.134 | 14.104 |
| വിനോദസഞ്ചാരം | 0.5 | 0.5 | 0.5 | 0.5 | 0.12 |
| 13th FCA | 65 | 300 | 300 | 227.497 | 126.4305 |
| ആകെ | 1840.400 | 2509.102 | 1270.267 | 522.388 | 400.904 |

**കേരസമൃദ്ധി പദ്ധതി**

277 (1718) <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> :

ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരസമൃദ്ധി എന്ന പദ്ധതിയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) നാളികേര വികസനത്തിനും കേര സുഭിക്ഷയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15 വർഷത്തിൽ കുറിയ ഇനം/സങ്കരയിനം തെങ്ങുകൃഷി കർഷകർക്കിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരസമൃദ്ധി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്ത് കുറിയ ഇനം തെങ്ങുകൃഷി 25% സ്ഥലത്ത് വ്യാപിപ്പിക്കുക.
2. സംസ്ഥാനത്ത് 10% സ്ഥലത്ത് സങ്കരയിനം തെങ്ങുകൃഷി വ്യാപിപ്പിക്കുക.
3. കുറിയ ഇനം വിത്തുതേങ്ങയുടെ ഉല്പാദനത്തിനായി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ 50 ഹെക്ടർ സ്ഥലത്ത് മാതൃവൃക്ഷത്തോട്ടങ്ങളുണ്ടാക്കുക.
4. ഹൈബ്രിഡൈസേഷനുവേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ 10 ഹെക്ടർ സ്ഥലത്ത് കുറിയ ഇനം തെങ്ങുകളുടെ germplasm ശേഖരമുണ്ടാക്കുക.
5. ഹൈബ്രിഡൈസേഷനുവേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജമാക്കുക.

6. നിലവിലെ ആവശ്യകത അനുസരിച്ച് WCT തെങ്ങിൻതൈകൾ വിതരണം ചെയ്യുക.

7. സംസ്ഥാനത്ത് തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. കുറിയ ഇനം വിത്തുതേങ്ങകൾ സംഭരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

2. കുറിയ ഇനം മാതൃവൃക്ഷങ്ങൾ കണ്ടെത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. കുറിയ ഇനം തെങ്ങുകൾ കണ്ടുപിടിക്കുന്നതിനുള്ള പ്രക്രിയയിൽ സഹായിക്കുന്നതിന് ജില്ലകളിൽ ടെക്നിക്കൽ ഉദ്യോഗസ്ഥരെ നിയമിക്കൽ.

4. ഫാമുകളിലെ കുറിയ ഇനം തെങ്ങിൻ തൈകളുടെ ഉല്പാദന പ്രക്രിയയിൽ തെങ്ങിൻ തൈകളുടെ പരിപാലനത്തിന് ധനസഹായം.

5. DXT (സങ്കരയിനം) തെങ്ങിൻ തൈ ഉല്പാദനത്തിന് കുറിയ ഇനം മാതൃവൃക്ഷങ്ങളിൽ പ്രോജക്ടടിസ്ഥാനത്തിൽ ഹൈബ്രിഡൈസേഷൻ പരിപാടി.

6. ഹൈബ്രിഡൈസേഷനുവേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജരാക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.

7. കുറിയ ഇനം തെങ്ങിൻ തൈകൾ വാങ്ങി വിതരണം ചെയ്യൽ.

8. കൃഷി വകുപ്പിന്റെ ഫാമുകളിൽ കുറിയ ഇനം തെങ്ങിൻ തൈകളുടെ മാതൃവൃക്ഷത്തോട്ടം നിർമ്മിക്കൽ.

9. ഹൈബ്രിഡൈസേഷനുവേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കൽ.

ഇവ കൂടാതെ വിത്തു തേങ്ങ കർഷകർക്കിടയിൽനിന്ന് ശേഖരിച്ച് ഫാമുകളിൽ എത്തിക്കുന്നതിനും തൈകളുടെ വിതരണത്തിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവുകൾ, ഹൈബ്രിഡൈസേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) 2014-15 വർഷത്തിൽ കേരസമൃദ്ധി പദ്ധതിക്കായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള പദ്ധതി മാർഗ്ഗരേഖ

കൃഷിഭവൻ തലം വരെ ലഭ്യമാക്കിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ ജില്ലാതല ഉദ്യോഗസ്ഥന്മാരുടെ യോഗങ്ങളും, ജില്ലാതലത്തിൽ പദ്ധതി നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പ് ചർച്ച ചെയ്തു കഴിഞ്ഞു. മാസംതോറും പദ്ധതി അവലോകനവും നടന്നു വരുന്നു. കൂടാതെ ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരും ജില്ലാതല ഉദ്യോഗസ്ഥരും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പും പുരോഗതിയും അവലോകനം ചെയ്തുവരുന്നു.

**ഹരിതഗ്രാമം പദ്ധതി**

278 (1719) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന് കീഴിൽ ഹരിത ഗ്രാമം പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ എവിടെയെല്ലാമാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഹരിതഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള നോഡൽ ഏജൻസിയായി മാതൃകാ ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകി ആരംഭിച്ചിട്ടുണ്ട്.

(ബി) ഒരു ജില്ലയിൽ ഒരു പഞ്ചായത്ത് എന്ന കണക്കിൽ 14 മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, കൊല്ലം ജില്ലയിൽ പെരിനാട്, പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സൗത്ത്, കോട്ടയം ജില്ലയിൽ വാഴൂർ, ഇടുക്കി ജില്ലയിൽ കാമാക്ഷി, എറണാകുളം ജില്ലയിൽ മൂക്കന്നൂർ, തൃശ്ശൂർ ജില്ലയിൽ താന്നിയം, പാലക്കാട് ജില്ലയിൽ അഗളി, മലപ്പുറം ജില്ലയിൽ പുലാമന്തോൾ, കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി, വയനാട് ജില്ലയിൽ തിരുനെല്ലി, കണ്ണൂർ ജില്ലയിൽ പെരിങ്ങോംവയക്കര, കാസർഗോഡ് ജില്ലയിൽ മൊഗ്റൽ പുത്തൂർ എന്നീ 14 ഗ്രാമപഞ്ചായത്തുകളാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ളത്. മാണിക്കൽ പഞ്ചായത്തിൽ പദ്ധതിക്ക് തുടക്കമിട്ടു.

(സി) തെരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും ഹൈടെക് കൃഷി രീതി

അവലംബിച്ച് സുരക്ഷിതമായ പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ഉറപ്പ് വരുത്തുക, എല്ലാ വീടുകളിലും സൗരോർജ്ജ പാനൽ, മഴവെള്ള സംഭരണി, ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കി അതുവഴി പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുക, വാഴ, പച്ചക്കറി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുക, ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പ് വരുത്തുക, വൃത്തിയുള്ള പരിസ്ഥിതി-സൗഹൃദ ആവാസ വ്യവസ്ഥ ഉറപ്പുവരുത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്ത്രീ ശാക്തീകരണം, കർഷക സമൂഹത്തിന്റെ ആദായം വർദ്ധിപ്പിക്കുക, അവരുടെ ജീവിത നിലവാരം ഉയർത്തുക, തെരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിനെയും ഓരോ മാതൃകാ ഹൈടെക് ഹരിതഗ്രാമങ്ങൾ ആക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

**കാസർഗോഡ് ജില്ലയിലെ കാർഷിക വരുമാനം**

279 (1720) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ കൃഷിത്തോട്ടങ്ങളിലെ കഴിഞ്ഞ മൂന്ന് വർഷത്തെ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഉല്പന്നങ്ങളുടെ ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

**അമ്പലപ്പുഴ മണ്ഡലത്തിലെ കൃഷി വകുപ്പ് ഓഫീസുകൾ**

280 (1721) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ എത്ര ഓഫീസുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കൃഷി ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 17 ഓഫീസുകൾ നിലവിലുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) ബാധകമല്ല.

**സംസ്ഥാനത്ത് നീര ഉല്പാദനം നടത്തുന്ന ഏജൻസികൾ**

281 (1722) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉല്പാദനം എവിടെയെല്ലാമാണ് നടത്തുന്നതെന്നും ഏതെല്ലാം ഏജൻസികളാണ് ഇത് സംഭരിക്കുന്നതെന്നും വ്യക്തമാക്കുമോ; ഉല്പന്നങ്ങളുടെ വിശദാംശം ലഭ്യാക്കുമോ ;

(ബി) നീര ഉല്പന്നങ്ങളുടെ വിതരണവും വില്പനയും ഇപ്പോൾ എങ്ങനെയാണ് നടത്തുന്നത് ; എവിടെയെല്ലാമാണെന്നും അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾവഴി നീര ഉല്പന്ന വിതരണവും വില്പനയും നടത്തുവാൻ അവസരം നൽകിയാൽ അത് തെങ്ങ് മേഖലയ്ക്ക് ഗുണകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സഹകരണ സംഘങ്ങളുമായി ചേർന്ന് വിതരണ വില്പന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയും (കേരാമൃതം) തെങ്ങിൻ പൂക്കുലയിൽ നിന്നും കേരചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്ന് പൈലറ്റ് പ്രോജക്ടുകൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയതിൽ ആദ്യ പ്രോജക്ട് നീലേശ്വരം ക്യാമ്പസിൽ നടപ്പിലാക്കി വരുന്നു. ടി നീര പൈലറ്റ് യൂണിറ്റിൽ കേര നീര

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉല്പാദിപ്പിക്കുന്നു. നാളികേര വികസന കോർപ്പറേഷനാണ് വിപണന ചുമതല. നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂരുള്ള കേന്ദ്രത്തിൽ നീര സംഭരണവും സംസ്കരണവും നടത്തുന്നുണ്ട്. കാർഷിക സർവ്വകലാശാല കേരാമൃതം (കേരനീര) കേരചക്കര എന്നീ ഉല്പന്നങ്ങളാണ് ഉണ്ടാക്കുന്നത്.

(ബി) നീര ഉൽപ്പന്നങ്ങളുടെ വിതരണവും വില്പനയും ഇപ്പോൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻവഴിയാണ് നടത്തുന്നത്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലെ വെൻഡിംഗ് മെഷീൻ മുഖേനയും കോർപ്പറേഷന്റെ ഏലത്തൂർ, എടപ്പള്ളി എന്നിവിടങ്ങളിലുമുള്ള വില്പന കേന്ദ്രങ്ങൾ മുഖേനയുമാണ് വിപണനം നടത്തുന്നത്.

(സി) ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തിയാൽ നീര വിപണനത്തിലൂടെ തെങ്ങ് മേഖലയ്ക്ക് ഗുണകരമാകുമെന്ന് കരുതുന്നു.

(ഡി) പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സർക്കാർ തലത്തിൽ റബ്ബർ സംഭരണം**

282 (1723) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റബ്ബർ കർഷകരിൽനിന്നും റബ്ബർ സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) റബ്ബർ സംഭരണത്തിലൂടെ ലക്ഷ്യമിട്ടത് എന്തായിരുന്നു ; ഈ ലക്ഷ്യം ഏത് അളവുവരെ നേടാനായി എന്നറിയിക്കാമോ ;

(സി) വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ച റബ്ബർ സംഭരണ പരിപാടികളിലൂടെ ഈ വർഷം സംഭരിച്ച റബ്ബറിന്റെ കണക്ക് ലഭ്യമാണോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) സർക്കാർ തലത്തിൽ റബ്ബർ സംഭരിക്കാനുള്ള നടപടി ഫലപ്രദമാണോ ; റബ്ബർ വിലയിൽ ഇത് പ്രതിഫലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിലൂടെ ലക്ഷ്യമിട്ടിരുന്നത്, ആർ.എസ്.എസ്. 4 ഗ്രേഡിലുള്ള റബ്ബറിന്റെ വില 171 രൂപ എത്തുന്നതുവരെ സംഭരണം തുടരാനായിരുന്നു. സംഭരണത്തിലൂടെ ഒരു പരിധി വരെ വിലയിടിവ് നിയന്ത്രിക്കാനും കർഷകർക്ക് ന്യായവില ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

(സി) 27-11-2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(ഡി) റബ്ബർ സംഭരണ നടപടി ഫലപ്രദമാണ്. എന്നാൽ റബ്ബർ ഒരു വ്യാവസായിക വിളയായതിനാലും വില അന്താരാഷ്ട്ര വിപണിയെ ആശ്രയിച്ചിരിക്കുന്നതിനാലും റബ്ബർ വില കാര്യമായി ഉയരുന്നില്ല.

**കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി**

283 (1724) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികവിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരിച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവമൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദന നഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന അന്തരീക്ഷതാപ നിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, അനാവൃഷ്ടി, ശക്തിയായ കാറ്റ്, തുടർദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്. കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭംമൂലം ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിപ്പിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. 2013-14 വർഷത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി. 2014-2015 വർഷങ്ങളിൽ തെങ്ങൊന്നിന് (15 വർഷം വരെ പ്രായമുള്ളവ) 600 രൂപയിൽ നിന്നും 900 രൂപയായും (16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ളവ) 1,150 രൂപയിൽനിന്നും 1,750 രൂപയായും ഉയർത്തിയിട്ടുണ്ട്.

(ബി) പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. 2014-15 വർഷത്തെ മേൽപ്പറഞ്ഞ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(സി) അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നത്.

(ഡി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്കു ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ലിന് ഒരു ഹെക്ടറിന് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 10% പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നു. പ്രീമിയം തുകയുടെ 75% കേന്ദ്ര സംസ്ഥാന സർക്കാരും 25% മാത്രം കർഷകനും വഹിക്കുന്നു. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ മറ്റ് കാർഷിക വിളകൾക്കു കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഈ കാർഷിക വിളകൾക്കുള്ള പ്രീമിയത്തിന്റെ 50% കേന്ദ്ര സംസ്ഥാന സർക്കാരും 50% കർഷകരും വഹിക്കും. പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആകെ പ്രീമിയം തുകയുടെ 60% പ്രീമിയം സബ്സിഡി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകരും ചേർന്ന് നൽകുന്നു.

**സർക്കാർ കൊടുത്തുതീർക്കാനുള്ള തുക**

284 (1725) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താഴെപ്പറയുന്ന ഇനങ്ങളിൽ എന്ത് തുക വീതമാണ് കൊടുത്തുതീർക്കാനുള്ളതെന്ന് ഒടുവിലത്തെ കണക്കുകൾ പ്രകാരം വ്യക്തമാക്കാമോ ?

1. കൃഷിക്കാർക്കുള്ള സബ്സിഡികൾ
2. കൃഷിക്കാർക്കുള്ള ക്രെഡിറ്റ് റിലീഫ്
3. നെല്ല് സംഭരണ സബ്സിഡി
4. റബ്ബർ സംഭരണ സബ്സിഡി
5. കർഷകർക്കുള്ള പെൻഷൻ

ഉത്തരം

(എ) 1. കൃഷിക്കാർക്കുള്ള സബ്സിഡികൾ :

സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖേന കൃഷിക്കാർക്കുള്ള സബ്സിഡി ഇനത്തിൽ ആകെ 369.011 കോടി രൂപയാണ് 2014-15 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചത്. ഇതിൽ 158.429 കോടി രൂപ 15-11-2014 വരെ ഇ-പേമെന്റ്വഴി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇനിയും കൊടുത്തു തീർക്കാനുള്ള തുക 210.582 കോടി രൂപ.

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷം 68.11 കോടി രൂപയാണ് സബ്സിഡി ഇനത്തിൽ കർഷകർക്ക് നൽകാനായി അനുവദിച്ചിട്ടുള്ള ടി പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. സബ്സിഡി തുക എത്രയും പെട്ടെന്ന് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കൃഷിക്കാർക്കുള്ള ക്രെഡിറ്റ് റിലീഫ് :

കൃഷി വകുപ്പ് മുഖേന കാർഷിക വായ്പ അനുവദിക്കുന്നില്ല. പൊതുമേഖലാ ബാങ്കുകൾ (സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്, ദേശസാൽകൃത ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്) സഹകരണ ബാങ്കുകൾ മുതലായവയാണ് കാർഷിക വായ്പ അനുവദിക്കുന്നത്. രൂക്ഷമായ കാർഷിക പ്രതിസന്ധിയെ തുടർന്ന് സാമ്പത്തിക തകർച്ച നേരിട്ട് കടത്തിലാകുകയും സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തതുമായ കർഷകരുടെ കടങ്ങളിൽ കടാശ്വാസ കമ്മീഷൻ ശിപാർശ നടത്തി വരുന്നു. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് കടാശ്വാസം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർക്ക് തുക അനുവദിക്കുന്നു.

3. നെല്ല് സംഭരണ സബ്സിഡി :

2014-15 ഒന്നാം സീസണിൽ നാളിതുവരെ കർഷകരിൽ നിന്നും 127055.814 മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു. ഇതിന്റെ വിലയായ 241 കോടി രൂപയിൽ 181 കോടി രൂപ കർഷകർക്ക് നെൽ വിലയായി നൽകിയിട്ടുണ്ട്. ബാക്കി നൽകാനുള്ളത് 60 കോടി രൂപയാണ്. നെല്ല് സംഭരണ സബ്സിഡിയായി 151 കോടി രൂപ സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട് എന്നു കാണുന്നു.

4. റബ്ബർ സംഭരണ സബ്സിഡി :

റബ്ബർ സംഭരിച്ച ഇനത്തിൽ കർഷകർക്ക് കിലോഗ്രാമിന് അധികം നൽകിയ തുക ഉൾപ്പെടെ 44.63 ലക്ഷം രൂപ ഫെഡറേഷന് ലഭിക്കാനുണ്ട് എന്ന് കാണുന്നു.

5. കർഷകർക്കുള്ള പെൻഷൻ :

81.82 കോടി രൂപ.

## ശുചിത്വ മിഷൻ

285 (1726) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ശുചിത്വമിഷൻ വഴി കുട്ടനാട്ടിൽ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ തെരഞ്ഞെടുത്ത രീതി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി എക്കോസാൻ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചപ്പോൾ പ്രാദേശികമായി എതിർപ്പുകൾ വന്ന സാഹചര്യത്തിൽ കക്കൂസ് മാലിന്യം സുരക്ഷിതമായും പരിസ്ഥിതി സൗഹൃദമായും കൈകാര്യം ചെയ്യുത്തക്ക ഇതര സാങ്കേതിക വിദ്യയുള്ള ഗാർഹിക ടോയ്‌ലെറ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി സർവ്വീസ് പ്രൊവൈഡർമാരിൽ നിന്ന് താല്പര്യ പത്രം (Expression of Interest) ക്ഷണിക്കുകയുണ്ടായി. തുടർന്ന് അനുയോജ്യമായ ടെക്നോളജി നിർദ്ദേശിക്കപ്പെട്ട സ്ഥാപനങ്ങളിൽനിന്നും സാങ്കേതിക-ധനകാര്യ ബിഡ്ഡുകൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ ഒരു കക്കൂസ് നിർമ്മിക്കുന്നതിന് വളരെ ഉയർന്ന തുക ക്വാട്ട് ചെയ്ത സാഹചര്യത്തിൽ അത് ഒഴിവാക്കുവാൻ തീരുമാനിക്കുകയും തുടർന്ന് ചെലവ് ചുരുക്കിയും അതേസമയം സാങ്കേതിക മികവുള്ളതും പരിസ്ഥിതി സൗഹൃദവുമായ ഗാർഹിക കക്കൂസ് ഉറപ്പാക്കുന്നതിനായി പൈലറ്റ് അടിസ്ഥാനത്തിൽ ഒരു വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കുന്നതിന് ടെണ്ടർ വിളിക്കുകയുണ്ടായി. അതിൻ പ്രകാരം വ്യത്യസ്തമായ സാങ്കേതികവിദ്യ നിർദ്ദേശിക്കപ്പെട്ട രണ്ടു സ്ഥാപനങ്ങൾ കുട്ടനാട്ടിൽ നിലവിൽ പൈലറ്റ് ആയി ഗാർഹിക കക്കൂസ് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) 1,70,000 (ഒരു ലക്ഷത്തി എഴുപതിനായിരം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല.

## പച്ചക്കറിയിലെ കീടനാശിനി

286 (1727) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണ് എന്ന് വിശദമാക്കാമോ ;

(ബി) സുരക്ഷിത പച്ചക്കറിക്കായി രൂപീകരിക്കുന്ന അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; കീടനാശിനി പരിശോധിക്കുന്നതിനുള്ള സംവിധാനം കൂടി ഇവയ്ക്കുണ്ടാവുമോ ;

(സി) വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി സാമ്പിൾ പരിശോധനാ ഫീസ് ഭീമമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കീടനാശിനി ചേർന്ന പച്ചക്കറിയുടെ വർദ്ധിച്ചുവരുന്ന ഇറക്കുമതി ഉടനടി തടയാൻ ഓരോ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ചും പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങുമോ ; വിശദമാക്കാമോ ;

(ഇ) പച്ചക്കറിയിലെ കീടനാശിനി പരിശോധിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ കറിവേപ്പില, പുതിനയില, കോളിഫ്ളവർ, ചുവപ്പ് ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ എന്നിവയിൽ അമിതമായ തോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ നഗരങ്ങളിലെ പച്ചക്കറികടകൾ, ജൈവപച്ചക്കറികടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ കാസർഗോഡ് ജില്ലയിലെ പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽനിന്നും ശേഖരിച്ച 64 ഇനം പച്ചക്കറികൾ മേൽപ്പറഞ്ഞ പരിശോധനാശാലയിൽ പരിശോധിച്ചതിൽ കറിവേപ്പില, പുതിനയില, ക്വാളിഫ്ളവർ, ചുവപ്പ്/പച്ച ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ, മല്ലിയില,

റാഡിഷ് (വെള്ള, ചുവപ്പ്), കാരറ്റ്, വെള്ളരി, വെണ്ടയ്ക്ക, സാമ്പാർ മുളക്, നെല്ലിക്ക, വഴുതന, പാവയ്ക്ക, കോവയ്ക്ക, മുരിങ്ങയ്ക്ക, ചുവന്നുള്ളി എന്നിവയിൽ അമിതമായ തോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്ന് അമിതമായ അളവിൽ കീടനാശിനികൾ തളിച്ച് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴം, പച്ചക്കറികൾ എന്നിവയുടെ ഉറവിടം കണ്ടെത്തുക, അവയുടെ കേരളത്തിലേക്കുള്ള വരവ് തടയുക, അവയിലുള്ള കീടനാശിനികളുടെ അളവ് കണ്ടുപിടിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക, കീടനാശിനികളുടെ അമിത ഉപയോഗത്തിന്റെ ദോഷവശങ്ങളെപ്പറ്റി കർഷകരെയും ഉപഭോക്താക്കളെയും ബോധവാന്മാരാക്കുക, പഴം, പച്ചക്കറികൾ എന്നിവയിൽനിന്ന് കീടനാശിനികളുടെ അംശം പരമാവധി നീക്കം ചെയ്യാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കുക.

(സി) വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി പരിശോധനാ ലാബിൽ കൃഷി വകുപ്പിന്റെ ശിപാർശയോടുകൂടി വരുന്ന കർഷകരുടെ സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 3500 രൂപ മുതൽ 8000 രൂപ വരെ പരിശോധനാഫീസ് ഈടാക്കുന്നു. ഫീസ് കുറയ്ക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പരിഗണിക്കാവുന്നതാണ്.

## രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും വർദ്ധിച്ച ഉപയോഗത്തിനെതിരെ നടപടി

287 (1728) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷികരംഗത്ത് രാസവളങ്ങളുടെയും, രാസകീടനാശിനികളുടയും ഉപയോഗം വർദ്ധിച്ചുവരുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(ബി) ജൈവ വളങ്ങളും, ജൈവ കീടനാശിനികളും സർക്കാർ ചുമതലയിൽ ഉത്പാദിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സ്വകാര്യസ്ഥാപനങ്ങൾ ഗുണമേന്മയില്ലാത്ത ജൈവവളങ്ങൾ പ്രചരിപ്പിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ജൈവകീടനാശിനികൾ വിപണിയിൽ ലഭ്യമല്ലാത്ത വസ്തുതയെ നേരിടാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ ഇവയുടെ അമിത ഉപയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജൈവകൃഷി ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ സർക്കാർ തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. മണ്ണ്/പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്തുന്നതിന് എല്ലാ കൃഷിഭവൻ മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി സംയോജിത കീടനിയന്ത്രണ പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) നിലവിൽ നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

(സി) 2013 നവംബർ മാസം മുതൽ ജൈവവളങ്ങൾ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO-1985)-ൽ ഉൾപ്പെടുത്തി ഇവയുടെ ഉല്പാദനത്തിനും വിപണനത്തിനും ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഗുണമേന്മയില്ലാത്ത ജൈവവളങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ പ്രചരിപ്പിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കർഷകർക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്.

(ഡി) ജൈവകീടനാശിനികൾ നിലവിൽ വിപണിയിൽ ലഭ്യമാണ്. ജൈവകീടരോഗ നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർതലത്തിൽ സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറി, മണ്ണുത്തി, തൃശ്ശൂർ മുഖേന ജൈവകീട നിയന്ത്രണ ഉപാധികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കൂടുതൽ ജൈവകീടനാശിനികൾ പ്രയോഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ ശാക്തീകരണം**

288 (1729) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശാക്തീകരണത്തിന്റെ ഭാഗമായി ഫാമുകൾ തമ്മിൽ സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും മത്സരം ഉണ്ടാക്കിയെടുക്കാൻ സമ്മാനപദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

(എ) കൃഷി ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് :

1. ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പരിപാടികൾ എന്നിവ നടന്നുവരുന്നു.
2. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
3. ഫാമുകളിൽ നിലവിലുള്ള ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
4. കൃഷി ഫാമുകളിൽ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതുവഴി ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.
5. ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സരബുദ്ധി ഉളവാക്കുന്നതിനു കാര്യക്ഷമവും ഉല്പാദനമേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനം ഏർപ്പെടുത്തിയിട്ടുണ്ട്.
6. ജില്ലാഫാം ഉപദേശകസമിതിയിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാരെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.
7. ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി രീതി ഫാമുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.
8. നടീൽ വസ്തുക്കളുടെ ഉല്പാദനത്തിൽ (പഴവർഗ്ഗങ്ങളുടെ ഗ്രാഫ്റ്റ്, ലെയറുകൾ, തൈകൾ, പച്ചക്കറി തൈകൾ, കുറിയഇനം തെങ്ങിൻ തൈകൾ ടിഷ്യൂകൾച്ചർ തൈകൾ) ഗണ്യമായ വർദ്ധന വരുത്തുന്നതിന് ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ലേബർ പടി, വിപണന കൗണ്ടർ ക്വാർട്ടേഴ്സ്, കാറ്റിൽ ഷെഡ് എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. Capital outlay, RKVY, RIDF എന്നിവയിൽ ഈ വർഷം തുക അനുവദിച്ചിട്ടുണ്ട്.

(സി) ഫാമുകളുടെ ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സരബുദ്ധി ഉളവാക്കുന്നതിന് കാര്യക്ഷമവും ഉല്പാദനമേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒന്നാം സമ്മാനമായി 15 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 10 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 5 ലക്ഷം രൂപയുമാണ് നൽകുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ നടന്നുവരുന്നു.

**നെൽകർഷകരുടെ പ്രശ്നങ്ങൾ**

289 (1730) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് യഥാസമയം വിലനൽകാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനില്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര സബ്സിഡി യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) ഇത്തരം കർഷകർക്ക്, സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം നൽകാൻ കഴിയാത്തതു കാരണം വായ്പാ തിരിച്ചടവ് യഥാസമയം നടത്താൻ കഴിയുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കർഷകർക്ക് വായ്പാ തിരിച്ചടവിൽ ഇളവുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നെല്ലിന്റെ സംഭരണ വില നൽകുന്നത് സപ്ലൈകോയാണ്. കേന്ദ്ര സർക്കാരിൽനിന്നും സബ്സിഡി ലഭിക്കുന്നതിന് കാലതാമസമുണ്ടായ അവസരങ്ങളിൽ നെല്ലിന്റെ വില നൽകുന്നതിൽ താമസമുണ്ടായിട്ടുണ്ട്. ഈ സീസണിൽ (2014-15 ഒന്നാം സീസൺ) സംഭരിച്ച നെല്ലിന്റെ വില യഥാസമയം കർഷകർക്ക് നൽകിവരുന്നുണ്ട്.

(ബി) കേന്ദ്ര സബ്സിഡി യഥാസമയം ലഭിക്കുന്നതിനായി കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്തതിന്റെ വിവരങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുന്നതോടെയാണ് കേന്ദ്ര സബ്സിഡി അനുവദിക്കുന്നത്.

(സി&ഡി) ഈ സീസണിൽ സംഭരിച്ച നെല്ലിന്റെ വില സപ്ലൈകോ യഥാസമയം നൽകി വരുന്നുണ്ട്.

**പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി**

290 (1731) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ എത്തിക്കുന്ന പച്ചക്കറികളിലും പഴങ്ങളിലും മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ കീടനാശിനികളാണ് ഇവയിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത് ; ഇത്തരത്തിലുള്ള കീടനാശിനി പ്രയോഗംമൂലം മനുഷ്യർക്ക് എന്തൊക്കെ അസുഖങ്ങളാണ് പിടിപെടുന്നത് എന്ന് വിശദമാക്കാമോ ;

(ബി) കീടനാശിനികൾ തളിച്ച പച്ചക്കറികൾ കേരളത്തിലേക്ക് എത്തുന്നത് തടയാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ; കേരളത്തിലേക്കെത്തുന്ന പച്ചക്കറികൾക്ക് എവിടെയൊക്കെയാണ് ഇത്തരത്തിലുള്ള പരിശോധനകൾ നടത്തുന്നത് ;

(സി) പരിശോധനയിൽ മാരകമായി കീടനാശിനി തളിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്ന പച്ചക്കറികളും പഴങ്ങളും നശിപ്പിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതു മാർഗ്ഗത്തിലൂടെയാണ് ഇവ നശിപ്പിക്കുക ; എത്ര ടൺ പച്ചക്കറികളും പഴങ്ങളുമാണ് ഇത്തരത്തിൽ നശിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ എത്തിക്കുന്ന പഴം, പച്ചക്കറികളിൽ ക്ലോർപൈറിഫോസ്, സൈപർമെത്രിൻ, എത്തയോൺ, മിഥെയിൽ പാരത്തയോൺ, പ്രൊഫനോഫോസ്, ക്യൂനാൽഫോസ്, ബൈഫെൻത്രിൻ, ഫെൻപ്രൊപ്പോതിൻ, ലാംബ്ഡാ, സൈഹാലോത്രിൻ, ഫെൻവാലറേറ്റ് മുതലായ കീടനാശിനികളുടെ അവശിഷ്ടങ്ങൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കീടനാശിനി പ്രയോഗംമൂലം മനുഷ്യർക്ക് ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ പിടിപെടുന്നു.

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ മുഖ്യമന്ത്രി ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി ഈ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽ ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുക്കഴിഞ്ഞു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭ്യമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുടെ യോഗം വിളിക്കുവാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പരിശോധനയിൽ മാരകമായ കീടനാശിനി തളിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്ന പച്ചക്കറികളും പഴങ്ങളും നശിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

## ആദിവാസികൾക്ക് നെൽകൃഷിക്ക് ധനസഹായം

291 (1732) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വികസനത്തിനായും നെൽകർഷകർക്ക് സബ്സിഡിയായും 2011-12, 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര തുക നൽകി ; ഈ ഇനത്തിലെ ജില്ല തിരിച്ചുള്ള ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) വയനാട്, കോഴിക്കോട് ജില്ലകളിൽ ആദിവാസികൾക്ക് നെൽകൃഷി നടത്തുന്നതിന് എത്ര തുക അനുവദിച്ചു ; എത്ര രൂപ ചെലവഴിച്ചുവെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ആദിവാസികളായ ഗുണഭോക്താക്കളുടെ പേരും വിലാസവും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) നെൽകൃഷി വികസനത്തിനായും നെൽ കർഷകർക്ക് സബ്സിഡിയായും സംസ്ഥാനത്ത് 2011-2012 വർഷം 8408.836 ലക്ഷം രൂപയും 2012-13 വർഷം 9562.95 ലക്ഷം രൂപയും 2013-14 വർഷം 11240.47 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് (അനുബന്ധം 1) ആയി ചേർത്തിരിക്കുന്നു.*

(ബി) കോഴിക്കോട് ജില്ലയിലെ ആദിവാസികൾക്ക് നെൽകൃഷി നടത്തുന്നതിനായി 22176 രൂപ അനുവദിക്കുകയുണ്ടായി. 2012-13-ൽ 11088 രൂപയും 2013-14-ൽ 11088 രൂപയും ചെലവഴിക്കുകയുണ്ടായി.

(സി) കോഴിക്കോട് ജില്ലയിലെ ആദിവാസികളായ ഗുണഭോക്താക്കളുടെ പേരും വിലാസവും ചുവടെ ചേർക്കുന്നു :

1. സരിത, പുതുപ്പാടി, കുന്നുമ്മൽ, പുതുപ്പാടി (P.O.)
2. ജിഷ, പുതുപ്പാടി, കുന്നുമ്മൽ, പുതുപ്പാടി (P.O.)
3. സുനിത, പുതുപ്പാടി, കുന്നുമ്മൽ, പുതുപ്പാടി (P.O.)
4. ശാന്ത, പ്ലാപ്പറ്റ, പുതുപ്പാടി (P.O.)
5. ചന്ദ്രൻ, വെള്ളാരക്കുന്ന്, കാക്കവയൽ (P.O.)
6. സുലോചന, കാലടികുന്ന്, പുതുപ്പാടി (P.O.)

വയനാട് ജില്ലയിലെ ആദിവാസികളായ ഗുണഭോക്താക്കളുടെ പേരും വിലാസവും ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാർഷിക രംഗത്ത് നിക്ഷേപത്തിനൊരുങ്ങുന്നവർക്ക് കൃഷി സ്ഥലം നൽകാൻ തീരുമാനം

292 (1733) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികരംഗത്ത് നിക്ഷേപത്തിനൊരുങ്ങുന്ന കമ്പനികൾക്കും വ്യക്തികൾക്കും കൃഷിസ്ഥലം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥലം നൽകുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ് ;

(സി) ഇതിനായി പ്രത്യേകം സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) വ്യക്തികളെയും കമ്പനികളെയും തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) കാർഷിക രംഗത്ത് നിക്ഷേപത്തിനൊരുങ്ങുന്ന കമ്പനികൾക്കും വ്യക്തികൾക്കും കൃഷി സ്ഥലം നൽകുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

## മാവേലിക്കരയിൽ ഹൈടെക്ക് പച്ചക്കറിയുല്പാദന യൂണിറ്റ്

293 (1734) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ VFPCK-യുടെ ഹൈടെക്ക് പച്ചക്കറിയുത്പാദന യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നോ ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) ഈ യൂണിറ്റ് ആരംഭിക്കുന്നില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഏതു കമ്പനിക്കാണ് യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയത് ; ടെൻഡറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തിരുന്നു ; ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ടെണ്ടർ നടപടിക്രമങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; ഈ പദ്ധതിക്ക് ഭൂമി കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ; ടെൻഡറിനായി കമ്പനികളെ ക്ഷണിച്ചതിന്റെയും പരസ്യം നൽകിയതിന്റെയും തീയതികളും വിശദാംശങ്ങളും ലഭ്യമാക്കുമോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ടെണ്ടർ അംഗീകരിച്ച യോഗത്തിന്റെ മിനിട്സും, തീരുമാനങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ ;

(ഇ) ടെണ്ടർ അംഗീകരിച്ചതിനുശേഷം കമ്പനിയുമായി ഒപ്പുവച്ച എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇത്തരം ടെണ്ടറുകൾ നടത്തുമ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ; ഈ പദ്ധതിയുടെ ടെൻഡറിൽ, മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഇളവുവരുത്തിയിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ടെണ്ടർ മാനദണ്ഡങ്ങൾ ഇളവുവരുത്തിയതിന്റെ അറിയിപ്പുകളോ പകർപ്പുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; 2014-15-ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ കുറെ ആൾക്കാർ ചേർന്ന് പ്രവർത്തനം തടസ്സപ്പെടുത്തിയിരിക്കുകയാണ്.

(സി) ഷീൽ ബയോടെക്, ന്യൂഡൽഹി എന്ന കമ്പനിയ്ക്കാണ് ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയത്. ഹൈടെക് പച്ചക്കറി ഉല്പാദന യൂണിറ്റ് നിർമ്മിക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുക്കുന്നതിനായി സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴി 5-2-2014-ൽ ഇ-ടെണ്ടർ നൽകിയപ്പോൾ ഷീൽ ബയോടെക് എന്ന കമ്പനി മാത്രമാണ് പങ്കെടുത്തത്. ടെണ്ടറിന്റെ വിശദാംശങ്ങൾ അനുബന്ധം 5-ആയി ചേർത്തിരിക്കുന്നു.* താല്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള പത്ര പരസ്യം നൽകിയപ്പോൾ രണ്ട് കമ്പനികൾ മാത്രമാണ് താല്പര്യ പത്രം നൽകിയത്. പത്ര പരസ്യത്തിന്റെ പകർപ്പ് അനുബന്ധം 1-ആയും ഭൂമി കൈമാറിയതിന്റെ രേഖകളുടെ പകർപ്പ് അനുബന്ധം 2-ആയും ചേർത്തിരിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിവുള്ള കമ്പനികൾ കുറവാണ് എന്ന് തിരിച്ചറിഞ്ഞതിനാൽ വെജിറ്റബിൾ & ഫ്രൂട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രൊമോഷൻ കൗൺസിൽ കേരള ബോർഡിന്റെ തീരുമാന പ്രകാരം ഷീൽ ബയോടെക്, ന്യൂഡൽഹി എന്ന കമ്പനിയുടെ ടെണ്ടർ സ്വീകരിച്ച് വർക്ക് ഓർഡർ നൽകുകയായിരുന്നു.

(ഡി) ടെണ്ടർ അംഗീകരിച്ച യോഗങ്ങളുടെ മിനിട്സും തീരുമാനങ്ങളുടെ പകർപ്പും അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു.*

(ഇ) എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധം നാലായി ചേർത്തിരിക്കുന്നു. ഇ-ടെണ്ടർ മുഖേനയാണ് നൽകുവാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഇളവുകളൊന്നും നൽകിയിട്ടില്ല. നെഗോസിയേഷൻ ടെണ്ടർ തുകയിൽ നിന്ന് 15 ലക്ഷം രൂപ കുറവ് വരുത്തുകയാണുണ്ടായത്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രധാന പദ്ധതികളും ചെലവായ തുകയും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | മൈക്രോ ഇറിഗേഷൻ | 0.35,587 |
| 2. | കുട്ടനാട് പാക്കേജ് | 46.175 |
| 3. | സുസ്ഥിര നെൽകൃഷി വികസനം | 83.8437 |
| 4. | ആർ.കെ.വി.വൈ. | 57.98 |
| 5. | സി.ഡി.ബി. | 8.5 |
| 6. | ഭക്ഷ്യ സുരക്ഷ | 4.81258 |
| 7. | അഗ്രോ സർവ്വീസ് സെന്റർ | 0.43,852 |
| 8. | ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് | 2.19,872 |
| 9. | പച്ചക്കറി വികസനം | 45.14,044 |
| 10. | സോയിൽ ഹെൽത്ത് | 0.14 |
| 11. | കാർഷിക വിജ്ഞാന വ്യാപനം | 2.53,64 |
| | ആകെ | 252.12,123 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2014-15 വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ :

1. കുട്ടനാട് പാക്കേജ്
2. സുസ്ഥിര നെൽകൃഷി വികസനം
3. ആർ.കെ.വി.വൈ.
4. സി.ഡി.ബി.
5. അഗ്രോ സർവ്വീസ് സെന്റർ
6. സ്പൈസസ് ഡവലപ്പ്മെന്റ്
7. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്
8. പച്ചക്കറി വികസനം
9. സോയിൽ ഹെൽത്ത്
10. കാർഷിക വിജ്ഞാന വ്യാപനം

**കാർഷിക രംഗത്തെ ആധുനികവത്ക്കരണം**

294 (1735) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികരംഗത്തെ ആധുനികവത്ക്കരണത്തിനു നടപടി സ്വീകരിക്കുമോ ;

(ബി) കാർഷിക ഗവേഷണസ്ഥാപനങ്ങൾവഴി നാടൻ വിത്തിനങ്ങൾ സംരക്ഷിക്കുമോ ;

(സി) ഔഷധ കൃഷിയെ വാണിജ്യവത്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആധുനിക കാർഷിക സങ്കേതങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും അവ വ്യാപിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന 2012-13 സാമ്പത്തിക വർഷം മുതൽ ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതി നടപ്പിലാക്കി വരികയാണ്

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## തെങ്ങിൽനിന്നും നീരയും മറ്റ് മൂല്യവർദ്ധിതോത്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുന്നതിന് നടപടി

295 (1737) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിൽനിന്നും നീരയും, മറ്റു മൂല്യവർദ്ധിതോത്പന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര നീര ടെക്നീഷ്യന്മാരെ നാളിതുവരെയായി പരിശീലിപ്പിച്ചിട്ടുണ്ടെന്നും, എത്ര തെങ്ങുകൾ ഇപ്പോൾ നീര ഉത്പാദനത്തിനായി ചെത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രതിദിനം എത്ര ലിറ്റർ നീര ഉത്പാദിപ്പിക്കുന്നുണ്ടെന്നും, എത്ര ലിറ്റർ നീര വിപണനം നടത്തുന്നുണ്ടെന്നും എത്ര വിറ്റുവരവുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം, വെള്ളാനിക്കര, വെള്ളായണി എന്നീ ക്യാംപസുകളിൽ നീര പൈലറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ആകെ 540 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ യൂണിറ്റിനും വേണ്ടി 180 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുവരെ നീരയുടെ പൈലറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് (നീലേശ്വരം പടന്നക്കാട്) 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളികേര വികസന കോർപ്പറേഷനാണ് വിപണന ചുമതല.

(ബി) 2013-14 വർഷത്തിൽ 30 പേർക്കും 2014-15 വർഷത്തിൽ ഇതുവരെ 32 പേർക്കുംകൂടി ആകെ 62 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇപ്പോൾ 100 തെങ്ങുകൾ പരീക്ഷണാടിസ്ഥാനത്തിൽ ചെത്തുന്നു. 200 തെങ്ങുകൾ കൂടി ചെത്താൻ തയ്യാറെടുക്കുന്നു.

(സി) കാർഷിക സർവ്വകലാശാലയിൽ ഇപ്പോൾ ദിവസം 160 ലിറ്റർ പൂങ്കുലനീര് ലഭിക്കുന്നു. അതിൽനിന്ന് 75 ലിറ്റർ നീര ഉല്പാദിപ്പിച്ച് ലിറ്ററിന് 150 രൂപാ നിരക്കിൽ 10,500 രൂപയ്ക്ക് വിൽപ്പന നടത്തുന്നു. കൂടാതെ 9 കിലോഗ്രാം കേരചക്കര ഉണ്ടാക്കി കിലോയ്ക്ക് 600 രൂപാ നിരക്കിൽ 5,400 രൂപയ്ക്ക് വിൽക്കുന്നു. ആകെ പ്രതിദിന വരുമാനം 15,900 രൂപയാണ്. കൂടാതെ നാളികേര വികസന കോർപ്പറേഷനിൽ പ്രതിദിനം 100 ലിറ്റർ നീര ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതായും പ്രതിദിനം 15,000 രൂപ വരുമാനം ഉള്ളതായും അറിയിച്ചിട്ടുണ്ട്.

**പാടശേഖരങ്ങൾക്ക് മട കുത്തുന്നതിന് അഡ്വാൻസ് അനുവദിക്കൽ**

296 (1738) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും മട വീണ ഏതെല്ലാം പാടശേഖരങ്ങൾക്ക് മട കുത്തുന്നതിന് എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കളക്ടേറ്റിൽ കൂടിയ യോഗത്തിലെ തീരുമാന പ്രകാരം മട കുത്തുന്നതിന് പാടശേഖരങ്ങൾക്ക് അഡ്വാൻസ് തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഇക്കഴിഞ്ഞ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും മട വീണ പാടശേഖരങ്ങളിൽ മട കുത്തുന്നതിന് ധനസഹായ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) അഡ്വാൻസ് തുക അനുവദിച്ചിട്ടില്ല.

(സി) ഇക്കഴിഞ്ഞ കാലവർഷത്തിൽ മട വീണ പാടശേഖരങ്ങൾക്ക് മട കുത്തുന്നതിന് തുക അനുവദിച്ച് നൽകിയിട്ടില്ല. കർഷകർ കൃഷിയെ രക്ഷിക്കാനായി സ്വന്തമായി മട കുത്തുകയും തുക പിന്നീട് എസ്റ്റിമേറ്റ് എടുത്ത് നൽകുകയുമാണ് ചെയ്യുന്നത്.

**കാർഷികമേഖലയിൽ കേന്ദ്ര മുതൽമുടക്കോടെയുള്ള പദ്ധതികൾ**

297 (1739) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിൽ 100% കേന്ദ്ര മുതൽമുടക്കോടെയുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കാർഷികമേഖലയിൽ കേന്ദ്ര-സംസ്ഥാനവിഹിതം സംയുക്തമായി ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇക്കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ മേൽസൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്കായി ലഭ്യമാക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം എത്രയെന്നും ചെലവാക്കിയ തുകയുടെ വിവരങ്ങൾ പദ്ധതിയിനം തിരിച്ചും നൽകാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ 100% കേന്ദ്ര മുതൽമുടക്കോടെ 2014-15-ൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

(എ) പാലക്കാട് ജില്ലയിൽ മാത്രമായി നടപ്പിലാക്കുന്ന നെൽകൃഷിക്കു വേണ്ടിയുള്ള ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (NFSM-Rice)

(ബി) നാളികേര വികസന ബോർഡിന്റെ ചെറുകിട തെങ്ങിൻ തോട്ടങ്ങളിൽ സമ്മിശ്ര കൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതി. ടി പദ്ധതി ആലപ്പുഴ ജില്ലയിൽ കുട്ടനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇടുക്കി ജില്ലയിൽ ഇടുക്കി പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും നടപ്പിലാക്കുന്നു.

(സി) സംസ്ഥാനത്തൊട്ടാകെയായി നടപ്പിലാക്കുന്ന ദേശീയ ബയോഗ്യാസ് പദ്ധതി.

(ബി) 2014-15 സാമ്പത്തിക വർഷം കേന്ദ്ര സംസ്ഥാന വിഹിതം സംയുക്തമായി വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(സി) 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ഏതാനും പദ്ധതികൾ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നടപ്പിലാക്കിയിട്ടില്ല. (NMSA-RAD/CCSAMMN/SHM) മുൻ മൂന്നു വർഷങ്ങളിലെ വിശദാംശം അനുബന്ധം രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

**റബ്ബർ ബോർഡിന്റെ പ്രവർത്തനം**

298 (1740) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) റബ്ബർ കർഷകർക്ക് നിലവിൽ സബ്സിഡി വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) റബ്ബർ ബോർഡിന്റെ പ്രവർത്തനം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് മാറ്റുകയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇത് ഈ കാർഷിക മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് അറിയാമോ ;

(ഇ) റബ്ബർ ബോർഡിന്റെ പ്രവർത്തനം സംസ്ഥാനത്ത് തുടരുന്നതിനും കർഷകരുടെ ആശങ്ക പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നുനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിലെ സ.ഉ. (എംഎസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ. എസ്. എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014-ലെ തീയതിയിലെ സ.ഉ. (എംഎസ്.)നമ്പർ 232/2014/കൃഷി പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽനിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്. എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് :

1. റബ്ബറിന്റെ ഇറക്കുമതി തടയുക.
2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റെയും റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽനിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.
4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതു പോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.

5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.

6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40 ശതമാനമായി വർദ്ധിപ്പിക്കുക.

7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.

8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.

9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുക.

10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

(ബി) റബ്ബർ കർഷകർക്ക് സബ്സിഡി നൽകുന്നത് റബ്ബർ ബോർഡാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ബാധകമല്ല.

## നെല്ലടിസ്ഥാനത്തിലുള്ള കാർഷിക രീതിയുടെ സ്ഥായിയായ വികസന പദ്ധതി

299 (1741) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വർദ്ധിപ്പിക്കുന്നതിനും ശരാശരി ഉല്പാദനം ഹെക്ടറിന് 3 ടണ്ണിൽ കൂടുതൽ ആക്കുന്നതിനും വേണ്ടി നെല്ലടിസ്ഥാനത്തിലുള്ള കാർഷിക രീതിയുടെ സ്ഥായിയായ വികസന പദ്ധതി 2009-2013 കാലത്ത് നടപ്പാക്കുന്നതിന് എത്ര രൂപ സംസ്ഥാനത്താകെ അനുവദിച്ചു ; വ്യക്തമാക്കാമോ ;

(ബി) എത്ര രൂപ ചെലവഴിച്ചു ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) 2009-ൽ സംസ്ഥാനത്താകെ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി നടത്തി ; 2013-ൽ അത് എത്ര ഹെക്ടറായി ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) 2009-ൽ ആകെ എത്ര മെട്രിക് ടൺ നെല്ല് ഉല്പാദനം നടന്നു ; ഇത് 2013-ൽ എത്രയായി ; ഉല്പാദനത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഇ) വയനാട്ടിലെ ആദിവാസി കർഷകർക്ക് പദ്ധതിയുടെ ഭാഗമായി പ്രസ്തുത കാലയളവിൽ എത്ര രൂപ നൽകി ; ആയതിന്റെ ഭൗതിക നേട്ടം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2009-2013 കാലയളവിൽ നെല്ലടിസ്ഥാനത്തിലുള്ള കാർഷിക രീതിയുടെ സ്ഥായിയായ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 50809.28 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ബി) 44455.08 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) 2009-10-ൽ 234013 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2013-2014-ൽ നെൽകൃഷിയുടെ വിസ്തീർണ്ണം 199611 ഹെക്ടർ ആയിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) 2009-ൽ ആകെ 598339 മെട്രിക് ടൺ നെല്ലുല്പാദിപ്പിക്കുകയുണ്ടായി. ആയത് 2013-14-ൽ 550626 മെട്രിക് ടൺ ആവുകയുണ്ടായി. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**പ്രകൃതിക്ഷോഭങ്ങൾക്കുള്ള നഷ്ടപരിഹാരം**

300 (1742) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭങ്ങൾമൂലം നാശനഷ്ടങ്ങൾക്കിരയാവുന്ന കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക കാർഷിക വിളകൾ ഓരോന്നിനും എത്ര രൂപാ നിരക്കിലായിരുന്നു; ഏറ്റവും ഒടുവിൽ നിരക്കിൽ വരുത്തിയ മാറ്റം അനുസരിച്ച് നിലവിലുള്ള നിരക്കുകൾ വിശദമാക്കാമോ ;

(ബി) തന്നാണ്ടിൽ പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷിനാശം സംഭവിച്ചതിന്റെ കണക്കുകൾ ശേഖരിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ.കെ.) വകുപ്പിന്റെ 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകിവന്നിരുന്നത്. ഓരോ വിളയ്ക്കും നൽകിവന്നിരുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനസഹായത്തിന്റെ തോത് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)-നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രധാന വിളകൾക്ക് നല്കുന്ന ധനസഹായത്തിൽ വന്നിട്ടുള്ള വ്യത്യാസം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. 2014-ലെ വേനൽമഴയും ചുഴലിക്കാറ്റും മൂലം സംസ്ഥാനത്ത് 417.6 കോടി രൂപയുടെയും തെക്കുപടിഞ്ഞാറൻ കാലവർഷം മൂലം 124.8 കോടി രൂപയുടെയും കൃഷിനാശം ഉണ്ടായതായി പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കുന്നു.

**അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ**

301 (1744) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നാം നിയമസഭാ സമ്മേളനത്തിലെ ചോദ്യം നമ്പറിന് (6024, 7-7-2014) മറുപടിയായി അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിൽ 144 ഒഴിവുകളുണ്ട് എന്ന് മറുപടി നൽകിയതിൻപ്രകാരം പ്രസ്തുത മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ ; അതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ ഇനിയും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാൻ ശേഷിക്കുന്നവ അടിയന്തരമായി റിപ്പോർട്ടു ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ സംസ്ഥാനത്ത് എത്ര ഒഴിവുകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ടെന്ന് അറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) പതിനൊന്നാം നിയമസഭാ സമ്മേളനത്തിലെ 6024-ാം നമ്പർ ചോദ്യത്തിന് കൃഷി അസിസ്റ്റന്റ് തസ്തികയിൽ 144 ഒഴിവുകൾ ഉണ്ടെന്ന് മറുപടി നൽകിയിട്ടില്ല എന്ന വസ്തുതയിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ക്ഷണിക്കുന്നു. എന്നിരുന്നാലും അഗ്രിക്കൾച്ചറൽ തസ്തികയിൽ വിവിധ കാരണങ്ങളാൽ ഉണ്ടായ ഒഴിവുകൾ പല ഘട്ടങ്ങളിലായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേക്ക് വിവിധ ഘട്ടങ്ങളിലായി 146 ഉദ്യോഗാർത്ഥികളെ പി.എസ്.സി. ശിപാർശ ചെയ്യുകയും അവർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ സംസ്ഥാനത്ത് 87 ഒഴിവുകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്.

**കൃഷി വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

302 (1745) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന് കീഴിൻ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവയ്ക്ക് ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയുള്ളതാണോ ;

(സി) ഇവയിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം ; പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം, പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കൃഷി വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളും നീക്കിവച്ച തുകയും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നീക്കി വച്ച തുക (കോടി രൂപ) | റിമാർക്ക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| | (എ) പതാകനൗക (ഫ്ലാഗ് ഷിപ്പ്) പദ്ധതികൾ : | | |
| 1 | പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത | 70.00 | 2014-15 ലെ ബഡ്ജറ്റ് വിഹിതം |
| 2 | കേരസമൃദ്ധി | 5.00 | |
| | (ബി) മറ്റ് പ്രധാന പദ്ധതികൾ : | | |
| 1. | നീര ഉല്പാദനം | 5.40 | ഇതിൽ 2.65 കോടി രൂപ 2014-15 ബഡ്ജറ്റ് വിഹിതമാണ്. 0.45 കോടി രൂപ 2013-14-ലെ ബഡ്ജറ്റ് വിഹിതം |
| 2. | മേഖല കൃഷി ഡയറക്ടറേറ്റ് | | തുകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല |
| 3. | വിള ആരോഗ്യപരിപാലനം | 13.35 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 4. | കീടരോഗ നിരീക്ഷണം | | |
| 5. | എല്ലാ കർഷക ഭവനങ്ങളിലും പോഷകതോട്ടങ്ങൾ | 0.00 | |
| 6. | കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും | 5.00 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 7. | നിറവ് പദ്ധതി | 0.00 | ഉപധനാഭ്യർത്ഥനവഴി നാമമാത്രമായി 1000 രൂപ മാത്രം അനുവദിച്ചു |

| (1) | (2) | (3) | (4) |
|---|---|---|---|
| 8. | ലീഡ്സ് (LEADS ) പദ്ധതി | 3.3978 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 9. | കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം | 14.50 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 10. | ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി | 0.00 | ആർ.കെ.വി.വൈ.-ൽ നിന്നും തുക അനുവദിച്ചു |
| 11. | വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് | 5.14 | 2014-ൽ ഉപധനാ ഭ്യർത്ഥന വഴി അനുവദിച്ച തുക |
| 12. | അഗ്രോ സർവ്വീസ് സെന്ററുകൾ | 27.50 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 13. | ജൈവകൃഷി പ്രോത്സാഹനം | 13.35 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 14. | ഓർഗാനിക് സർട്ടിഫിക്കേഷൻ | | |
| 15. | ഗുണമേന്മാ പരിശോധനാ സംവിധാനം | 0.75 | 2014-15-ലെ ബഡ്ജറ്റ് വിഹിതം |
| 16. | തൃശ്ശൂരിലെ അഗ്രികോംപ്ലക്സ് | 10.00 | 2013-14 -ലെ ബഡ്ജറ്റ് വിഹിതം ഇതിൽ 2 കോടി രൂപ അനുവദിച്ചു. |
| 17. | പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം | 0.00 | പദ്ധതിയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. |

(സി) കൃഷി വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഭൂരിഭാഗവും 2014-15 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുന്നവയാണ്. ഇവയുടെ നിർവ്വഹണം നടന്നുവരുന്നു. 2015 മാർച്ചോടുകൂടി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്. നീര ഉല്പാദനം, കേരസമൃദ്ധി, കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും, ജൈവകൃഷി പ്രോത്സാഹനം, തൃശ്ശൂരിലെ അഗ്രി കോംപ്ലക്സ് എന്നിവയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇവ ദീർഘകാലാടിസ്ഥാനത്തിലുള്ളവ ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തിൽ മാത്രമേ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ. മേഖല കൃഷി ഡയറക്ടറേറ്റ് പച്ചക്കറി, പുഷ്പകൃഷിക്കായി മികവിന്റെ കേന്ദ്രം എന്നീ പദ്ധതികൾ ആരംഭിച്ചിട്ടില്ല. പച്ചക്കറി, പുഷ്പകൃഷിക്കായി മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതോടനുബന്ധിച്ച് ഒരു പ്രൊപ്പോസൽ എസ്.എച്ച്.എം. കേരള, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നിറവ് പദ്ധതിക്കും ഉപധനാഭ്യർത്ഥനയിലൂടെ നാമമാത്ര തുക മാത്രമേ ലഭിച്ചിട്ടുള്ളൂ. കൂടുതൽ തുക ലഭിക്കുന്നതിനനുസരിച്ച് പദ്ധതി ആരംഭിക്കുന്നതാണ്.

## മിഷൻ 676 കൃഷി വകുപ്പ്

303 (1746) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-വഴി എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനും കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) മിഷൻ 676 വഴി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| | പതാകനൗക (ഫ്ലാഗ് ഷിപ്പ് പദ്ധതികൾ) : |
| 1 | പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത |
| 2 | കേരസമൃദ്ധി |
| | മറ്റ് പ്രധാന പദ്ധതികൾ : |
| 1 | നീര ഉല്പാദനം |
| 2 | മേഖല കൃഷി ഡയറക്ടറേറ്റ് |
| 3 | വിള ആരോഗ്യപരിപാലനം |
| 4 | കീടരോഗ നിരീക്ഷണം |
| 5 | എല്ലാ കർഷക ഭവനങ്ങളിലും പോഷകതോട്ടങ്ങൾ |
| 6 | കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും |
| 7 | നിറവ് പദ്ധതി |
| 8 | ലീഡ്സ് (LEADS ) പദ്ധതി |
| 9 | കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം |
| 10 | ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി |
| 11 | വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് |
| 12 | അഗ്രോ സർവ്വീസ് സെന്ററുകൾ |
| 13 | ജൈവകൃഷി പ്രോത്സാഹനം |
| 14 | ഓർഗാനിക് സർട്ടിഫിക്കേഷൻ |
| 15 | ഗുണമേന്മാ പരിശോധനാ സംവിധാനം |
| 16 | തൃശ്ശൂരിൽ അഗ്രോകോംപ്ലക്സ് നിർമ്മാണം |
| 17 | പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം |

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തുടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. പദ്ധതി നിർവ്വഹണം നടന്നുവരുന്നു. പുതിയ പദ്ധതികൾക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പച്ചക്കറി-പുഷ്പകൃഷിക്കായുള്ള മികവിന്റെ കേന്ദ്രം എന്ന പദ്ധതിക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ആസ്ഥാനമാക്കി ഉത്തരമേഖലാ കൃഷി ഡയറക്ടറേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണം പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി Small Farmers Agri Business Consortium (SFAC) ആണ്.

(സി) തുടർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. 2014-15 പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള ഭൂരിഭാഗം പദ്ധതികളും 2015 മാർച്ചോടുകൂടി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 9.195 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന് 2.45 കോടി രൂപയുടെ ഒരു പദ്ധതി പരിഗണനയിലാണ്. എല്ലാ നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാമ്പയിനുകൾ നടന്നു വരുന്നു. ദീർഘകാല പദ്ധതികളായ കേരസമൃദ്ധി, നീര ഉല്പാദനം, തൃശ്ശൂരിലെ അഗ്രികോംപ്ലക്സ്, കാർഷിക മാൾ എന്നിവ 2015-16 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. മേഖല കൃഷി ഡയറക്ടറേറ്റ് 'നിറവ്'' എന്നീ പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരികയാണ്.

**ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം**

304 (1747) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി പ്രസ്തുത സ്ഥാപനം പ്രവർത്തനരഹിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വെയർ ഹൗസിംഗ് കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ് ഇപ്പോൾ ഈ സ്ഥാപനം ഉള്ളതെന്ന കാര്യം അറിയുമോ ;

(ഡി) എന്തു കൊണ്ടാണ് പ്രസ്തുത മിൽ തുറന്നു പ്രവർത്തിപ്പിക്കാത്തതെന്നു വ്യക്തമാക്കുമോ ;

(ഇ) മിൽ തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആലത്തൂർ മോഡേൺ റൈസ് മിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) 8-6-2010 മുതൽ മിൽ പ്രവർത്തിക്കുന്നില്ല.

(സി) വെയർഹൗസിംഗ് കോർപ്പറേഷന്റെ മേൽ നോട്ടത്തിലാണ് പ്രസ്തുത മിൽ ഇപ്പോൾ ഉള്ളത്

(ഡി) പ്രവർത്തനാവശ്യമായ നെല്ല് സംഭരിച്ച് നൽകുവാനുള്ള കരാർ ആലത്തൂർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി ഏറ്റെടുത്തിരുന്നുവെങ്കിലും മിൽ പ്രവർത്തിക്കുവാൻ ആവശ്യമായ നെല്ല് നിശ്ചിത അളവിലും നിശ്ചയിക്കപ്പെട്ട നിരക്കിലും സപ്ലൈ ചെയ്യുവാൻ സൊസൈറ്റിക്ക് സാധിച്ചില്ല. അതുമൂലം മിൽ പ്രവർത്തിപ്പിക്കുവാൻ സാധിച്ചില്ല. കൂടാതെ കോർപ്പറേഷനിലുള്ള താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാനുള്ള കോടതി ഉത്തരവ് പ്രകാരം 17-8-2010-ൽ മിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന താൽക്കാലിക ജീവനക്കാരെയും പിരിച്ചുവിടുകയുണ്ടായി.

(ഇ) മിൽ തുറന്നുപ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ കേരള സ്റ്റേറ്റ് സീഡ് അതോറിറ്റിയുമായി നടത്തിയിട്ടുണ്ട്. മിൽ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിലാണ്.

**പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക ഒഴിവുകൾ**

305 (1748) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപകക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്നും, ആകെ തസ്തിക എത്രയെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ നിലവിൽ 63 അദ്ധ്യാപക തസ്തികകൾ ഉണ്ട്. ഇതിൽ 31 അദ്ധ്യാപക തസ്തികകൾ കോളേജ് ആരംഭിച്ചകാലത്ത് കാർഷിക സർവ്വകലാശാലയുടെ വിവിധ സ്ഥാപനങ്ങളിൽനിന്നും പടന്നക്കാട് കോളേജിലേക്ക് മാറ്റപ്പെട്ടവയാണ്. ഈ

കോളേജിനുവേണ്ടി സർക്കാർ 32 അദ്ധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇപ്പോൾ അവിടെ 25 സ്ഥിര അദ്ധ്യാപകർ ജോലി ചെയ്യുന്നു. അതിനുപുറമേ 10 ടീച്ചിംഗ് അസിസ്റ്റന്റുമാരെ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിലും സ്റ്റേഷനുകളിലുമുള്ള അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് 2010 യു.ജി.സി. റെഗുലേഷന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. സ്റ്റാറ്റ്യൂട്ടിന്റെ അംഗീകാരം ലഭിച്ചാലുടനെ ഒഴിവുകൾ നികത്താവുന്നതാണ്. പടന്നക്കാട് കാർഷിക കോളേജിൽ നിലവിലുള്ള തസ്തികകൾ, ഒഴിവുകൾ എന്നിവയുടെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

306 (1749) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ (ഗ്രേഡ്-II) റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം) നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നത് ; നിലവിൽ പി.എസ്.സി.-യിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപായി ഉണ്ടാകാവുന്ന ഒഴിവുകൾ കണ്ടെത്തി അവ നിയമനത്തിനായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) കന്നുകാലി സംരക്ഷണത്തിനും കുളമ്പ് രോഗ പ്രതിരോധത്തിനും മൃഗസംരക്ഷണ വകുപ്പിൽ മതിയായ രീതിയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി അധികമായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയമിക്കുമോ ;

(ഡി) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽ ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലാത്തത് കാരണം രോഗ ബാധിതമായ പക്ഷി-മൃഗാദികളെ അതിർത്തി കടന്ന് കേരളത്തിലേക്ക് കടത്തുന്നുവെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) തിരുവനന്തപുരം ജില്ലയിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള വർക്കിംഗ് അറേഞ്ച്മെന്റുകൾ ക്യാൻസൽ ചെയ്ത് ആ ഒഴിവുകളിൽക്കൂടി ഈ ലിസ്റ്റിൽ നിന്നും നിയമനത്തിനായി ശുപാർശ ചെയ്യുമോ ;

(ജി) നിലവിലെ റാങ്ക് ലിസ്റ്റിലെ എൻ.ജെ.ഡി. ഒഴിവുകൾ കാലതാമസം ഒഴിവാക്കി വീണ്ടും നിയമനം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-3-2015 വരെ നീട്ടിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 22 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു

(സി) ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ നിലവിൽ ഉണ്ട്.

(ഡി&ഇ) ആവശ്യത്തിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ നിലവിൽ ഉണ്ട്. സർട്ടിഫിക്കറ്റ് പരിശോധന, നിരീക്ഷണം എന്നിവയ്ക്ക് ശേഷം മാത്രമേ ചെക്ക് പോസ്റ്റുകളിൽക്കൂടിവരുന്ന പക്ഷി മൃഗാദികളെ അതിർത്തി കടന്ന് പ്രവേശിക്കുവാൻ അനുവദിക്കുന്നുള്ളൂ.

(എഫ്) റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റുകൾ ക്യാൻസൽ ചെയ്ത് നിയമനം നടത്തി വരുന്നു.

(ജി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാസർകോട് ജില്ലയിലെ വെറ്ററിനറി സർജൻമാർ**

307 (1750) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ ആകെ എത്ര വെറ്ററിനറി സർജൻമാരുടെ തസ്തികകളാണ് ഉള്ളതെന്ന് പറയാമോ ;

(ബി) ജില്ലയിൽ വെറ്ററിനറി സർജൻമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കരുന്തളം, കാലിച്ചാനടുക്കം മൃഗാശുപത്രികളിൽ മൂന്നുവർഷമായി വെറ്ററിനറി സർജൻമാരില്ലാത്തതിനാൽ പ്രദേശത്തെ ക്ഷീരകർഷകർ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവിടങ്ങളിൽ വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 43 തസ്തികകൾ ഉണ്ട്.

(ബി) 13 ഒഴിവുകൾ ഉണ്ട്.

(സി&ഡി) വെറ്ററിനറി സർജൻമാരുടെ തസ്തിക ദീർഘനാളായി ഒഴിഞ്ഞു കിടക്കുന്നതിനെ തുടർന്ന് കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കന്നുകുട്ടി പരിപാലനം**

308 (1751) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നുകുട്ടികളുടെ പരിപാലനത്തിനായി ക്ഷീരകർഷകർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ടെന്ന വ്യക്തമാക്കുമോ ;

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന വ്യക്തമാക്കുമോ ;

(സി) എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഒരു പശുക്കുട്ടിയെ 4 മാസം പ്രായം മുതൽ 30 മാസം പ്രായം വരെ ശാസ്ത്രീയമായി പരിചരിക്കുന്നതിനും പോഷകാഹാരം നൽകുന്നതിനും ആവശ്യമായ ചെലവിന്റെ പകുതി തുക പരിധിക്ക് വിധേയമായി 12,500 രൂപ വരെ കർഷകർക്ക് നൽകുന്നു. കന്നുകുട്ടിയെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം, വിരമരുന്ന്, പരിശീലനം, പുൽവിത്ത്, ധാതുലവണ മിശ്രിതം, കന്നുകുട്ടി തീറ്റ എന്നിവയുടെ ചെലവ് ഇതിൽ ഉൾപ്പെടുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ കാഫ് അഡോപ്ഷൻ പ്രോഗ്രാം അനുസരിച്ച് 30042 കന്നുകുട്ടികൾക്കും, ഗോവർദ്ധിനി പദ്ധതി പ്രകാരം 38160 കന്നുകുട്ടികൾക്കും, ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 16900 കന്നുകുട്ടികൾക്കും 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള സുരഭിരക്ഷാ പദ്ധതിയനുസരിച്ച് 12500 കന്നുകുട്ടികൾക്കുമായി ആകെ 97602 കന്നുകുട്ടികളെ സംരക്ഷിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്.

(ബി) 1. പദ്ധതിയിൽ എൻറോൾ ചെയ്യുന്ന സമയത്ത് കർഷകന് സ്വന്തമായി 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടി ഉണ്ടായിരിക്കണം.

2. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം. ബി.പി.എൽ. ഗുണഭോക്താക്കളുടെ അഭാവത്തിൽ എ.പി.എൽ. ഗുണഭോക്താക്കളെയും പരിഗണിക്കും.

3. പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ അപേക്ഷകർക്കും ആനുകൂല്യം നൽകേണ്ടതാണ്.

4. ആകെ തെരഞ്ഞെടുക്കപ്പെട്ടവരിൽ 10 ശതമാനം പട്ടികജാതിയിൽ ഉള്ളവരായിരിക്കണം. ഇപ്രകാരം ലഭ്യമല്ലെങ്കിൽ പൊതുവിഭാഗത്തെയും പരിഗണിക്കാവുന്നതാണ്.

5. മുൻപ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്ത കർഷകർ, സ്ത്രീകൾ, വിധവകൾ, ജവാന്മാരുടെയും, എക്സ് സർവ്വീസുകാരുടെയും ആശ്രിതർ എന്നിവർക്ക് മുൻഗണന നൽകണം.

6. ഗുണഭോക്തൃപട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം ആവശ്യമാണ്.

7. ഗോവർദ്ധിനി, സുരഭിരക്ഷ എന്നീ പദ്ധതികളിൽ സർക്കാർ മൃഗാശുപത്രിയിൽ സൂക്ഷിച്ചിട്ടുള്ള കന്നുകുട്ടി ജനനരജിസ്റ്ററിലെ മുൻഗണനാക്രമത്തിലാണ് കന്നുകുട്ടികളെ തെരഞ്ഞെടുക്കുന്നത്.

(സി) ഗോവർദ്ധിനി, സുരഭിരക്ഷ എന്നീ പദ്ധതികളിൽ എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ല. സർക്കാർ മൃഗാശുപത്രിയിൽ സൂക്ഷിച്ചിട്ടുള്ള കന്നുകുട്ടി ജനനരജിസ്റ്ററിലെ മുൻഗണനാക്രമത്തിലാണ് കന്നുകുട്ടികളെ തെരഞ്ഞെടുക്കുന്നത്.

**സംസ്ഥാനത്ത് പക്ഷിപ്പനി തടയാൻ നടപടി**

309 (1752) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആശങ്ക തുടരുമ്പോൾ സർക്കാർ കാര്യക്ഷമമായി ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതൊക്കെ ജില്ലകളിൽ ഏതെല്ലാം തരം പക്ഷിമൃഗാദികളിലാണ് ഇത് വ്യാപകമായിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇതിനെതിരെ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുവരെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ താറാവുകളിലാണ് രോഗം സ്ഥിരീകരിച്ച റിപ്പോർട്ടുകളുള്ളത്. താറാവുകളിലാണ് വ്യാപകമായി ഇപ്പോൾ രോഗം കാണുന്നത്.

(സി) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ Animal Husbandry, Dairying & Fisheries Department പുറപ്പെടുവിച്ചിട്ടുള്ള Revised Guidelines അനുസരിച്ചാണ് പ്രതിരോധ/മുൻകരുതലുകൾ പ്രാവർത്തികമാക്കുന്നത്. ഇതിൽ പ്രധാനമായും പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന് 10 കി.മീ. ചുറ്റളവ് കണക്കാക്കി അകത്തെ ഒരു കി.മീ. ചുറ്റളവിലുള്ളവയെ നശിപ്പിച്ചും തുടർന്നുള്ള 9 കി.മീ. ചുറ്റളവിലുള്ള പക്ഷികളെ നിരീക്ഷിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയാണ് പ്രധാനം.

**കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്താൻ നടപടി**

310 (1753) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര വെറ്ററിനറി പോളി ക്ലിനിക്കുകളാണ് ഉള്ളത് ;

(ബി) ഇവയുടെ പേരുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) വെറ്ററിനറി പോളി ക്ലിനിക്കുകൾ ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ് എന്ന് പറയാമോ ;

(ഡി) കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്താനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കാഞ്ഞങ്ങാട്, വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 50 വെറ്ററിനറി പോളിക്ലിനിക്കുകളാണ് ഉള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കാസർഗോഡ് ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്ക് ഇല്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

**കോഴിക്കോട് ജില്ലയിൽ പേവിഷബാധയേറ്റ കന്നുകാലികൾക്ക് കുത്തിവയ്പ്പെടുത്ത് കൊലപ്പെടുത്തിയ സംഭവം**

311 (1754) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് പേപ്പട്ടിയുടെയും കീരിയുടെയും കടിയേറ്റ് എത്ര കന്നുകാലികൾ പേവിഷബാധമൂലം ചത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ, നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കന്നുകാലികൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പേപ്പട്ടിയുടെ കടിയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകാതെ കുത്തിവയ്പ്പെടുത്തു ; അവയെ കൊല്ലാനുള്ള ഉത്തരവ് മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി ഡോക്ടർമാർക്കു നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്താമോ ;

(ഇ) ഇല്ലെങ്കിൽ വെറ്ററിനറി ഡോക്ടർമാർ പേവിഷബാധയേറ്റ കന്നുകാലികൾക്ക് കുത്തിവയ്പ്പെടുത്തു കൊലപ്പെടുത്തിയ വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് പേവിഷബാധമൂലം 28 കന്നുകാലികൾ ചത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നഷ്ടപരിഹാരം നൽകിയിട്ടില്ല. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(സി) ഇല്ല. നായ്ക്കളുടെ കടിയേറ്റ കന്നുകാലികൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്പ് നൽകി വരുന്നു.

(ഡി) പേപ്പട്ടിയുടെ കടിയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകാതെ കുത്തിവയ്പ്പെടുത്ത് അവയെ കൊല്ലാനുള്ള ഉത്തരവ് മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി ഡോക്ടർമാർക്കു നൽകിയിട്ടില്ല.

(ഇ) രോഗബാധയേറ്റ് അക്രമാസക്തമായ ഉരുക്കളെ ഉടമസ്ഥരുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ആവശ്യപ്രകാരം ദയാവധം നടത്തിയിട്ടുണ്ട്.

**പേപ്പട്ടിയുടെ കടിയേൽക്കുന്ന വളർത്തുമൃഗങ്ങൾ**

312 (1755) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടിയുടെ കടിയേൽക്കുന്ന വളർത്തുമൃഗങ്ങൾക്ക് കുത്തിവയ്പ്പ് നൽകിയിട്ടും പേയിളകുന്നതായ വാർത്തശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുത്തിവപ്പ് ഫലപ്രദമാവാതെ കൊല്ലപ്പെടുന്ന കന്നുകാലികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പേവിഷബാധയേറ്റു ചാവുന്ന വളർത്തുമൃഗങ്ങളുടെ ഉടമസ്ഥർക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.

**താറാവുകൾക്ക് അജ്ഞാത രോഗം**

313 (1756) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ താറാവുകൾ അജ്ഞാത രോഗം കാരണം കൂട്ടത്തോടെ ചാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി രോഗം പടർന്നു പിടിക്കുന്നത് തടയുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) മൃഗസംരക്ഷണ വകുപ്പ് താറാവുകൾക്ക് കൃത്യമായി വാക്സിൻ നൽകുന്നില്ലെന്ന പരാതി ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) താറാവുകൾക്ക് ജീവനാശം സംഭവിച്ച് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്ത ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, പത്തനംതിട്ട ജില്ലയിലെ പെരിങ്ങര എന്നീ പ്രദേശങ്ങളിലെ 1 കി.മീ. ചുറ്റളവിലെ രോഗം ബാധിച്ചതും അവയോടൊപ്പം ഉണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നു സംസ്കരിച്ചു വരുന്നു. ടി ജില്ലകളിലേയ്ക്കും പുറത്തേക്കുമുള്ള പക്ഷി, പക്ഷി ഉത്പന്നങ്ങൾ, തീറ്റ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചിട്ടുണ്ട്. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നൽകുന്നുണ്ട്.

(സി&ഡി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷിപ്പനിക്ക് ഫലപ്രദമായ വാക്സിൻ ഇപ്പോൾ ലഭ്യമല്ല. താറാവുകളെ സാധാരണയായി ബാധിക്കുന്ന Duck plague, Duck pasteurllosis എന്നീ രോഗങ്ങൾക്ക് ആവശ്യമായ വാക്സിൻ വകുപ്പിൽ നിന്നും താറാവുകൾക്ക് സൗജന്യമായി നൽകുന്നുണ്ട്.

(ഇ) താറാവുകൾക്ക് ജീവനാശം സംഭവിച്ചതിന് കർഷകർക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികളെടുക്കുന്നതാണ്. പക്ഷിപ്പനി ബാധിച്ചതുമൂലം കൊന്നു സംസ്കരിച്ച പക്ഷികൾക്ക് രണ്ടു മാസത്തിനു താഴെ പ്രായമുള്ളവയ്ക്ക് ഒന്നിന് 100 രൂപാവീതവും രണ്ടു മാസവും അതിനുമുകളിലും പ്രായമുള്ളവയ്ക്ക് ഒന്നിന് 200 രൂപാവീതവും നഷ്ടപരിഹാരമായി അപ്പോൾത്തന്നെ വിതരണം ചെയ്തു വരുന്നു.

## കന്നുകാലികളിലെ കുളമ്പുരോഗം

314 (1757) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളമ്പ് രോഗം ബാധിച്ച് മരണപ്പെട്ട കന്നുകാലികളുടെ, ഉടമകളായ ചെറുകിട ക്ഷീരകർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള ധനസഹായം അനുവദിക്കുന്നുണ്ടോ;

(ബി) കന്നുകാലികൾ കുളമ്പ് രോഗം ബാധിച്ച് മരണപ്പെട്ടിട്ടുള്ളതിന്മേൽ ധനസഹായത്തിനായി അപേക്ഷിച്ചിട്ടുള്ള പാവപ്പെട്ട ഗ്രാമീണ ക്ഷീരകർഷകർക്ക് മതിയായ ധനസഹായം ലഭ്യമാക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുളമ്പ് രോഗം ബാധിച്ച മരണപ്പെട്ട കന്നുകാലികൾക്ക് 20,000 രൂപയും കന്നുകുട്ടികൾക്ക് 7,000 രൂപയും കിടാരികൾക്ക് 12,000 രൂപയും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

(ബി) മതിയായ ധനസഹായം ലഭ്യമാക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുന്നതാണ്.

## മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

315 (1758) ശ്രീ. കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ ഓരോന്നിനും എത്ര തുകവീതം നീക്കിവച്ചിട്ടുണ്ട്; ഇത് ബഡ്ജറ്റിൽ നീക്കിവച്ച തുകയ്ക്ക് പുറമെയുള്ളതാണോ;

(സി) ഇവയിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം; പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം; പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം?

<u>ഉത്തരം</u>

(എ) 1. കുടപ്പനക്കുന്നിൽ മികവിന്റെ കേന്ദ്രം

2. തിരുവനന്തപുരത്തും കൊല്ലത്തും ഹൈടെക് ഫാമുകൾ

3. നിരണം താറാവ് വളർത്തൽ കേന്ദ്രത്തിന്റെ വിപുലീകരണം

4. വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫാർമസ്യൂട്ടിക്കൽ ഡിവിഷൻ

5. കപ്പാട് പന്നിവളർത്തൽ കേന്ദ്രം ശാക്തീകരിക്കൽ

6. സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ക്ലിനിക്കുകൾ

7. തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഡിജിറ്റൽ എക്സ്റേ

8. ആഭ്യന്തര മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കൽ

9. ആട്ടുവസന്തയ്ക്കെതിരെയുള്ള പ്രതിരോധ മരുന്ന് ഉത്പാദനവും വിതരണവും

10. കൊമേരി ആട്ടുവളർത്തൽ കേന്ദ്രത്തിന്റെ നവീകരണം

11. മൃഗസംരക്ഷണ വകുപ്പിന് ഐ.ടി. സെൽ

12. പക്ഷിരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ്

13. അകിട് രോഗ നിയന്ത്രണ കിറ്റുകൾ

14. കറവപ്പശുക്കൾക്ക് സൗജന്യ വിരമരുന്ന് നൽകുന്ന പദ്ധതി

15. കുടപ്പനക്കുന്ന് കന്നുകാലി ഫാമിൽ ഹൈടെക് ഫോഡർ യൂണിറ്റ്

16. കോലാഹലമേട് ഹൈടെക് ബുൾമദർ ഫാം

17. ജീനോമിക് ലാബ്

18. മാളയിലെ കോഴിത്തീറ്റ ഫാക്ടറി

19. ഹൈടെക് ലെയർ ഫാം കുടപ്പനക്കുന്ന്

20. മോഡേൺ മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് കുടപ്പനക്കുന്ന്

21. ബ്രോയിലർ ബ്രീഡിംഗ് ഫാം, കാസർഗോഡ്

22. കോഴിക്കോട് ചെമ്മഞ്ചേരിയിൽ പ്രതിദിനം 300 ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ ഫാക്ടറി

23. 500 മെട്രിക് ടൺ ശേഷിയുള്ള കാലിത്തീറ്റ ഉല്പാദന ഫാക്ടറി-തൊടുപുഴ

24. പ്രതിദിനം 300 മെട്രിക് ടൺ ശേഷിയുള്ള ധാതുലവണ 25.മിശ്രിത ഫാക്ടറി, ആതവനാട്

25. ഇടയാറിലെ ആധുനിക മാംസ സംസ്കരണ പദ്ധതി

26. മുണ്ടയാട് ആധുനിക കോഴിസംസ്കരണ പദ്ധതി

27. സംയോജിത പന്നി വളർത്തൽ പദ്ധതി

28. ചാലക്കുടിയിലെ ആധുനിക അറവ് ശാല

29. സ്ത്രീ ശാക്തീകരണ പദ്ധതി

30. ഗോട്ട് ഡെവലപ്മെന്റ് ബോർഡ്

(ബി) 1. കുടപ്പനക്കുന്ന് എൽ.എം.റ്റി.സി.-യെ മികവിന്റെ കേന്ദ്രം- 40 ലക്ഷം

2. തിരുവനന്തപുരത്തും കൊല്ലത്തും ഹൈടെക് ഫാമുകൾ-40 കോടി (13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

3. നിരണം താറാവ് വളർത്തൽ കേന്ദ്രത്തിന്റെ വിപുലീകരണം-ആകെ 12.8526 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ളത്. (13-ാം ധനകാര്യ കമ്മീഷൻ-കുട്ടനാട് പാക്കേജ്) ഇതിൽ 8.85 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്.

4. വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫാർമസ്യൂട്ടിക്കൽ ഡിവിഷൻ- 1.9 കോടി രൂപ (13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

5. കപ്പാട് പന്നിവളർത്തൽ കേന്ദ്രം ശാക്തീകരിക്കൽ-4.89 കോടി RIDF

6. സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ക്ലിനിക്കുകൾ- 99.7 ലക്ഷം

7. തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഡിജിറ്റൽ എക്സ്റേ-18 ലക്ഷം

8. ആഭ്യന്തര മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കൽ-333 ലക്ഷം

9. ആട്ടവസന്തയ്ക്കെതിരെയുള്ള പ്രതിരോധ മരുന്ന് ഉത്പാദനവും വിതരണവും- 25 ലക്ഷം +12.36 ശതമാനം നിരക്കിൽ സർവ്വീസ് ചാർജ്ജ്

10. കൊമേരി ആട്ടവളർത്തൽ കേന്ദ്രത്തിന്റെ നവീകരണം-4.5 കോടി (RKVY -തുക ലഭിച്ചിട്ടില്ല)

11. മൃഗസംരക്ഷണ വകുപ്പിന് ഐ.ടി. സെൽ- 50 ലക്ഷം

12. പക്ഷിരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ്- 26.1 ലക്ഷം (കേന്ദ്രാവിഷ്കൃതം)

13. അകിട് രോഗ നിയന്ത്രണ കിറ്റുകൾ-75 ലക്ഷം

14. കറവപ്പശുക്കൾക്ക് സൗജന്യ വിരമരുന്ന് നൽകുന്ന പദ്ധതി- 200 ലക്ഷം

15. കുടപ്പനക്കുന്ന് കന്നുകാലി ഫാമിൽ ഹൈടെക് ഫോഡർ യൂണിറ്റ്- 7,70,000 രൂപ

16. കോലാഹലമേട് ഹൈടെക് ബുൾമദർ ഫാം- 15.28 കോടി രൂപ (സംസ്ഥാന വിഹിതം-11.28 കോടി രൂപ, കേന്ദ്ര പദ്ധതി - (NPCBB) 3 കോടി), RKVY-1 കോടി

    രണ്ടാം ഘട്ടം 19.97 കോടി (13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

17. ജീനോമിക് ലാബ്-12-ാം പദ്ധതിയിൽ 10.9 കോടി രൂപ (2013-14 മുതൽ 2016-17 വരെ)

18. മാള കോഴിത്തീറ്റ ഫാക്ടറി-സംസ്ഥാന വിഹിതം 5.70 കോടി രൂപ RKVY 9.80 കോടി രൂപ

19. ഹൈടെക് ലെയർ ഫാം കുടപ്പനക്കുന്ന്-10 കോടി രൂപ (13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

20. മോഡേൺ മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് കുടപ്പനക്കുന്ന്-4.75 കോടി രൂപ

21. ബ്രോയിലർ ബ്രീഡിംഗ് ഫാം, കാസർഗോഡ്-4 കോടി രൂപ

22. കോഴിക്കോട് ചെമ്മഞ്ചേരിയിൽ പ്രതിദിനം 300 ടൺ ഉത്പാദന ശേഷിയുള്ള കാലിത്തീറ്റ ഫാക്ടറി-1151 ലക്ഷം

(2011-12 - 201 ലക്ഷം

2012-13 - 450 ലക്ഷം

2013-14 - 300 ലക്ഷം

2014-15 - 200 ലക്ഷം)

875 ലക്ഷം (13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

23. 500 മെട്രിക് ടൺ ശേഷിയുള്ള കാലിത്തീറ്റ ഉല്പാദന ഫാക്ടറി-8 കോടി രൂപ

2013-14 - 200 ലക്ഷം

2014-15 - 600 ലക്ഷം)

875 ലക്ഷം (13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

24. പ്രതിദിനം 300 മെട്രിക് ടൺ ശേഷിയുള്ള ധാതുലവണ മിശ്രിത ഫാക്ടറി, ആതവനാട്- 1 കോടി രൂപ

25. ഇടയാറിലെ ആധുനിക മാംസ സംസ്കരണ പദ്ധതി-3102 ലക്ഷം

26. മുണ്ടയാട് ആധുനിക കോഴിസംസ്കരണ പദ്ധതി-100 ലക്ഷം

27. സംയോജിത പന്നി വളർത്തൽ പദ്ധതി-200 ലക്ഷം

28. ചാലക്കുടിയിലെ ആധുനിക അറവ് ശാല- 3740 ലക്ഷം

29. സ്ത്രീ ശാക്തീകരണ പദ്ധതി - 300 ലക്ഷം

30. ഗോട്ട് ഡെവലപ്മെന്റ് ബോർഡ് -തുക ലഭ്യമായിട്ടില്ല

(സി) <u>പൂർത്തിയാക്കിയ പദ്ധതികൾ</u> :

1. തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഡിജിറ്റൽ എക്സ്റേ

2. മൃഗസംരക്ഷണ വകുപ്പിന് ഐ.ടി. സെൽ

3. പക്ഷിരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ്

4. കുടപ്പനകുന്ന് കന്നുകാലി ഫാമിൽ ഹൈടെക് ഫോഡർ യൂണിറ്റ്

5. കോലാഹലമേട് ഹൈടെക് ബുൾമദർ ഫാം.

<u>പുരോഗമിക്കുന്ന പദ്ധതികൾ</u> :

1. കുടപ്പനകുന്ന് എൽ.എം.റ്റി.സി.-യെ മികവിന്റെ കേന്ദ്രമാക്കുന്നത്
2. തിരുവനന്തപുരത്തും കൊല്ലത്തും ഹൈടെക് ഫാമുകൾ
3. നിരണം താറാവു വളർത്തൽ കേന്ദ്രത്തിന്റെ വിപുലീകരണം
4. വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫാർമസ്യൂട്ടിക്കൽ ഡിവിഷൻ
5. കപ്പാട് പന്നി വളർത്തൽ കേന്ദ്രം ശാക്തീകരണം
6. സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ക്ലിനിക്
7. ആഭ്യന്തര മുട്ട ഉല്പാദനം വർദ്ധിപ്പിക്കൽ
8. ആടുവസന്തയ്ക്കെതിരെയുള്ള പ്രതിരോധ മരുന്ന് ഉത്പാദനവും വിതരണവും
9. അകിട് രോഗ നിയന്ത്രണ കിറ്റുകൾ
10. കറവപ്പശുക്കൾക്ക് സൗജന്യ വിരമരുന്ന് നൽകുന്ന പദ്ധതി
11. ജിനോമിക് ലാബ്
12. കോഴിക്കോട് ചെമ്മഞ്ചേരിയിൽ പ്രതിദിനം 300 ടൺ ഉൽപാദന ശേഷിയുള്ള കാലിത്തീറ്റ ഫാക്ടറി (2015 ജനുവരിയിൽ പൂർത്തിയാക്കുവാൻ കഴിയും).
13. 500 മെട്രിക് ടൺ ശേഷിയുള്ള കാലിത്തീറ്റ ഉത്പാദന ഫാക്ടറി, തൊടുപുഴ (എല്ലാ ജോലികൾക്കും കരാറുകൾ നൽകി കഴിഞ്ഞു.)
14. പ്രതിദിനം 300 ടൺ ഉത്പാദനശേഷിയുള്ള ധാതുലവണ മിശ്രിത ഫാക്ടറി, ആതവനാട് (ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു)
15. ഇടയാറിലെ ആധുനിക മാംസ സംസ്കരണ പദ്ധതി
16. ആധുനിക പന്നി വളർത്തൽ പദ്ധതി
17. മാള കോഴിത്തീറ്റ ഫാക്ടറി
18. ഹൈടെക് ലെയർ ഫാം കുടപ്പനകുന്ന്.

പണി ആരംഭിക്കാത്ത പദ്ധതികൾ

1. ഗോട്ട് ഡെവലപ്മെന്റ് ബോർഡ് സ്ഥാപിക്കുന്നത് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു
2. കൊമേരി ആടുവളർത്തൽ കേന്ദ്രത്തിന്റെ നവീകരണം
3. മോഡേൺ മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് കൂടപ്പനക്കുന്ന്
4. ബ്രോയിലർ ബ്രീഡിംഗ് ഫാം, കാസർഗോഡ്
5. സ്ത്രീ ശാക്തീകരണ പദ്ധതി
6. ചാലക്കുടിയിലെ ആധുനിക അറവ് ശാല
7. മുണ്ടയാട് ആധുനിക കോഴിസംസ്കരണ പദ്ധതി

**വെറ്ററിനറി സർവ്വകലാശാലയിലെ കോഴ്സിന് എൻ.ആർ.ഐ. ക്വാട്ട**

316 (1759) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി സർവ്വകലാശാലയിൽ ഏതെങ്കിലും കോഴ്സിന് എൻ.ആർ.ഐ. സീറ്റിൽ പ്രവേശനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനകം ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റുകളിൽ എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നടത്തിയിട്ടുണ്ടായിരുന്നു; വിശദമാക്കാമോ;

(ബി) എൻ.ആർ.ഐ. സീറ്റ് ഏർപ്പെടുത്തുകയില്ലെന്ന നിലപാട് വെറ്ററിനറി സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടായിരുന്നുവോ; ഗവൺമെന്റിൽനിന്നും സർവ്വകലാശാലയ്ക്ക് ഇത് സംബന്ധമായി എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ;

(സി) പ്രസ്തുത പ്രശ്നത്തിൽ ബഹു. മുഖ്യമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പിന് വിരുദ്ധമായി സർവ്വകലാശാല തീരുമാനവുമായി മുന്നോട്ട് പോയിട്ടുള്ളതായി അറിയുമോ?

ഉത്തരം

(എ) ഉണ്ട്. ഡബ്ല്യൂ.പി. (സി) നമ്പർ 19041/2014 കേസിലെ 17-10-2014 തീയതിയിലെ ഇടക്കാല വിധി പ്രകാരം ബി.വി.സി ആന്റ് എ.എച്ച്. കോഴ്സിന് 5 സീറ്റിൽ അഡ്മിഷൻ നടത്തിയിട്ടുണ്ട്.

(ബി) സർവ്വകലാശാല എൻ.ആർ.ഐ. ക്വാട്ട ഏർപ്പെടുത്തിയിരുന്നു. എന്നാൽ 30-8-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 185/2014/എ.ഡി പ്രകാരം എൻ.ആർ.ഐ. ക്വാട്ട ഏർപ്പെടുത്തിയ യൂണിവേഴ്സിറ്റി തീരുമാനം റദ്ദാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17-10-2014 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം എൻ.ആർ.ഐ. അഡ്മിഷൻ നടത്തുകയുണ്ടായി എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

**സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം**

317 (1760) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള പ്രസ്സുകൾ ആധുനികവൽക്കരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആധുനികവൽക്കരണ നടപടികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി സി.റ്റി.പി. വെബ് ഓഫ് സെറ്റ് മെഷീൻ എന്നിവ മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, വാഴൂർ ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് എന്നിവിടങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ പഴയ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീനുകൾ മാറ്റി ബൈ-ബാക്ക് രീതിയിൽ പുതിയ ഷീറ്റ്ഫെഡ് മെഷീനുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഗവൺമെന്റ് പ്രസ്സുകളേയും കാലഹരണപ്പെട്ട ലെറ്റർ പ്രസ്സിൽ നിന്നും ഓഫ്സെറ്റ് അച്ചടി സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. പുതിയ ഡിജിറ്റൽ കളർ പ്രിന്റർ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമവും സമയബന്ധിതവുമായി നടത്തുന്നതിനുള്ള Work Flow Automation സംവിധാനം സ്ഥാപിക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

## ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

318 (1761) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകൾ നവീകരിക്കുന്നതിന് ശ്രമിക്കുന്നുണ്ടോ;

(ബി) അച്ചടി രംഗത്തെ നൂതന സാങ്കേതിക വിദ്യയും, പുതിയ രീതികളും പ്രസ്സുകളിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) എല്ലാ സർക്കാർ വകുപ്പുകൾക്കും ആവശ്യമായ ഫോറം, രജിസ്റ്റർ മുതലായവ സർക്കാർ പ്രസ്സുകളിൽ തന്നെയാണോ അച്ചടിക്കുന്നത്;

(ഡി) ഈ സാമ്പത്തിക വർഷം സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിന് കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) നവീകരണത്തിനുള്ള നടപടികൾ തുടർന്നു വരുന്നു.

(ബി) ആവശ്യമായ ഫണ്ടും പുതിയ സാങ്കേതിക വിദ്യയിൽ പരിചയ സമ്പന്നരായ ജീവനക്കാരുടെ അഭാവവും കാരണം അച്ചടി രംഗത്തെ നൂതന സാങ്കേതിക വിദ്യയും പുതിയ രീതികളും പ്രസ്സുകളിൽ പൂർണ്ണതോതിൽ നടപ്പാക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്.

(സി) എല്ലാ സർക്കാർ വകുപ്പുകൾക്കും ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും സർക്കാർ പ്രസ്സുകളിലാണ് അച്ചടിക്കുന്നത്. സർക്കാർ വകുപ്പുകളുടെ അച്ചടി ജോലികൾ സർക്കാർ പ്രസ്സുകൾക്കുപുറമേ സി ആപ്റ്റ്, കെ.ബി.പി.എസ്. എന്നീ സ്ഥാപനങ്ങളിലും അച്ചടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) നടപ്പുസാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 575 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## എം.എൽ.എ.-മാർക്ക് സ്റ്റേഷനറി സാധനങ്ങൾ

319 (1762) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാർക്ക് ഓഫീസ് ആവശ്യങ്ങൾക്കായി ഓരോ വർഷവും നൽകി വരുന്ന സ്റ്റേഷനറി സാധനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) എം.എൽ.എ.-മാർക്ക് ഓഫീസ് ആവശ്യങ്ങൾക്കായി ഓരോ വർഷവും നൽകിവരുന്ന സ്റ്റേഷനറി സാധനങ്ങളുടെ പത്രിക അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി&സി) എം.എൽ.എ.-മാർക്ക് വിതരണം ചെയ്ത ജെൽ പേന ഉപയോഗയോഗ്യമല്ലെന്ന് പരാതി ലഭിച്ചതിനെത്തുടർന്ന് കരാറുകാരനോട് പകരം പേനകൾ വിതരണം ചെയ്യാൻ നിർദ്ദേശിക്കുകയും അപ്രകാരം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**നഷ്ടപ്പെട്ട ജനന രജിസ്റ്ററുകൾക്ക് പരിഹാരം**

320 (1763) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനനരജിസ്റ്ററുകൾ കാലപ്പഴക്കം മൂലമോ മറ്റ് കാരണങ്ങളാലോ നഷ്ടപ്പെട്ടുമൂലം നിരവധി ആളുകൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി രജിസ്റ്ററുകൾ നഷ്ടപ്പെട്ടുമൂലം ജനനസർട്ടിഫിക്കറ്റുകൾ ലഭിക്കാത്തവർക്ക് എസ്.എസ്.എൽ.സി. ബുക്കോ മറ്റ് രേഖകളോ ആധാരമാക്കി ജനന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന സമയത്തുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ല. ആയതിനാൽ എസ്.എസ്.എൽ.സി. ബുക്കോ മറ്റു രേഖകളോ ആധാരമാക്കി ജനന സർട്ടിഫിക്കറ്റ് നൽകാൻ ടി രജിസ്ട്രേഷൻ നിയമത്തിൽ വ്യവസ്ഥയില്ല. കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുപോയ രജിസ്റ്ററുകളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്തെങ്കിലും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, വില്ലേജ് ഓഫീസറുടെയോ/ പോലീസ് ഉദ്യോഗസ്ഥരുടെയോ അന്വേഷണത്തിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, രേഖകളുടെ പുനർസൃഷ്ടി നടത്തി ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ യാതൊരു രേഖയും ലഭ്യമല്ലാത്ത സാഹചര്യത്തിൽ സംഭവം രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാര പരിധിക്കുള്ളിൽ നടന്നതാണെന്ന് ബോദ്ധ്യപ്പെട്ടശേഷം തദ്ദേശ രജിസ്ട്രാർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതും, അതോടൊപ്പം ബന്ധപ്പെട്ട വർഷത്തെ ജനന-മരണ രജിസ്റ്റർ നശിച്ചുപോയതായുള്ള ഒരു സാക്ഷ്യപത്രവും കൂടി തദ്ദേശ രജിസ്ട്രാർ അനുവദിക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ.-യുടെ അനുമതിയോടുകൂടി ബന്ധപ്പെട്ട രജിസ്ട്രാർക്ക് രജിസ്ട്രേഷൻ നടത്താവുന്നതുമാണ്.

## സൗജന്യ വൈഫൈ സംവിധാനം

321 (1764) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ സൗജന്യ വൈഫൈ സംവിധാനം ഏർപ്പെടുത്തിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) അഭിനന്ദനാർഹമായ ഈ നടപടി സ്വീകരിച്ച സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയിലെ പ്രസ്തുത പഞ്ചായത്തിന് ഗവൺമെന്റ് എന്തെങ്കിലും പാരിതോഷികമോ പ്രോത്സാഹനമോ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) സംസ്ഥാനത്ത് മറ്റേതെങ്കിലും പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ എവിടെയെങ്കിലും ഇത്തരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പുരോഗമനപരമായ ആശയം നടപ്പാക്കിയ പ്രസ്തുത പഞ്ചായത്തിന് പ്രത്യേക പാരിതോഷികം നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാനത്ത് മറ്റൊരു പഞ്ചായത്തിലും ഇത്തരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മലപ്പുറം, കാസർഗോഡ് നഗരസഭകളിൽ വൈഫൈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രത്യേക പാരിതോഷികം നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**ജില്ലാതല പഞ്ചായത്ത് മുൻ അംഗങ്ങൾ**

322 (1765) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചയാത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല പഞ്ചായത്ത് മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ ;

(ബി) എത്ര രൂപ ബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇവർക്ക് ഇൻഷ്വറൻസ് പ്രീമിയം പരിഗണിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള അംഗങ്ങളെയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഉണ്ട്. പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(ഡി) നിലവിലുള്ള അംഗങ്ങളെ ഒക്ടോബർ 2014 മുതൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ**

323 (1766) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ത്രിതലപഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ 2011-12, 2012-13, 2013-14, കാലയളവിൽ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്ത ഫണ്ടുകളുടെ വിശദാംശങ്ങൾ, ഫണ്ടുകൾ ലഭിച്ച ഗുണഭോക്തൃ ലിസ്റ്റടക്കം വ്യക്തമാക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്ത റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ 2014-15 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ഇ) പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് 2014-15 വർഷക്കാലം സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു

**കുഴിക്കാണി പ്രദേശവാസികളെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

324 (1767) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ 3,4 വാർഡുകളോട് ചേർന്നു കിടക്കുന്നതും ഇപ്പോൾ മറ്റത്തൂർ പഞ്ചായത്തിലെ 19-ാം വാർഡിലുൾപ്പെട്ടതുമായ കുഴിക്കാണി പ്രദേശത്തെ നൂറിലധികം വരുന്ന കുടുംബങ്ങളെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) അപേക്ഷയിൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**പുൽപ്പറ്റ പഞ്ചായത്തിൽ സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും പദ്ധതി**

325 (1768) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവിൽ പുൽപ്പറ്റ പഞ്ചായത്തിൽ നിർമ്മിക്കുന്ന പഞ്ചായത്ത് സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും എന്ന പദ്ധതിക്ക് ധനകാര്യ വകുപ്പ് അനുമതി ലഭിച്ചിട്ടും ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) ഭരണാനുമതി എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പുൽപ്പറ്റ പഞ്ചായത്തിൽ മലപ്പുറം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സാംസ്കാരിക നിലയവും അംഗൻവാടി കെട്ടിട നിർമ്മാണവും എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിലേക്കായി ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ നിലവിലെ SOR പ്രകാരം വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടതിൻ പ്രകാരം ആയത് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. വിശദമായ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**ഇ.എം.എസ്. ഭവന പദ്ധതി**

326 (1769) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ഭവന പദ്ധതി നിലവിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ അനുവദിച്ചുവെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി 2012 മാർച്ച് 31-ന് പൂർത്തിയായി. എന്നാൽ 2012 മാർച്ച് 31 വരെ കരാർ വച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| ആനാട് | 63 |
| കല്ലറ | 64 |
| നന്ദിയോട് | 47 |
| നെല്ലനാട് | 60 |
| പനവൂർ | ... |
| പാങ്ങോട് | ... |
| പെരിങ്ങമ്മല | 438 |
| പുല്ലമ്പാറ | ... |
| വാമനപുരം | 121 |
| ആകെ | 793 |

**ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ പ്രമോഷൻ**

327 (1770) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിൽ 21-1-2014-ലെ 1852-ാം നമ്പർ നക്ഷത്രരഹിത ചോദ്യത്തിന് ഉത്തരമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ പ്രൊമോഷൻ നിബന്ധനയിൽ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് സൂപ്പർവൈസർമാരുടെ പ്രൊമോഷൻ തസ്തികയിലേക്ക് റേഷ്യോ അനുവദിച്ചിട്ടില്ലെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ 1996-ൽ എൽ.ഡി.സി. ആയി ജോലിയിൽ പ്രവേശിച്ചവരടക്കം 19 പേരെ സി.ഡി.പി.ഒ. ആയി തുടർന്ന് പ്രൊമോട്ട് ചെയ്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഏത് റേഷ്യോ പ്രകാരമാണെന്നു പറയാമോ; ഇതിനെ സാധൂകരിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ജനന സർട്ടിഫിക്കറ്റിലെ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനുള്ള നടപടിക്രമം

328 (1771) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നൽകുന്ന ജനന സർട്ടിഫിക്കറ്റിലെ വിവരങ്ങൾ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതമൂലം ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പ്രധാന സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ജനന സർട്ടിഫിക്കറ്റ് നിർബന്ധമായതിനാൽ അതിലെ വിലാസം, പേരിലെ മാറ്റം എന്നിവ തിരുത്തുന്നതിന് കൂടുതൽ ലളിതമായ നടപടിക്രമം ഏർപ്പെടുത്താമോ;

(സി) നിലവിൽ ഇതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പേര്, ഇനിഷ്യൽ, വിലാസം എന്നിവയിലെ തെറ്റ് തിരുത്താൻ ഹാജരാക്കേണ്ട രേഖകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഇല്ല. ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി1-20741/2009 നമ്പർ സർക്കുലറിലെ (7) തിരുത്തലുകൾ എന്ന ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ സുതാര്യവും വ്യക്തവുമാണ്. ആയത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രാവർത്തികമാക്കിയിട്ടുള്ള സാഹചര്യത്തിൽ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനന സർട്ടിഫിക്കറ്റിലെ വിലാസം, പേരിലെ മാറ്റം എന്നിവ തിരുത്തുന്നതിന് നിലവിൽ ലളിതമായ നടപടിക്രമങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പേര്, ഇനിഷ്യൽ, വിലാസം എന്നിവയിലെ തെറ്റ് തിരുത്തലിനായി താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതുണ്ട്.

1. 5 രൂപാ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.
2. ജനനം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത്. (സ്ഥാപനം നിലവിലില്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽ വച്ച് നടന്ന ജനന മരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് കക്ഷിയുടെ സത്യവാങ്മൂലം മതിയാകുന്നതാണ്.)

3. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം)

4. സ്കൂൾ രേഖ, ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്.

5. വിശ്വസനീയമായ വ്യക്തിയുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾ)

6. കുട്ടിയുടെ പേര് ഇനിഷ്യൽ തുടങ്ങിയവ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായി തിരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ, തിരിച്ചറിയിൽ രേഖ, മുൻപ് വാങ്ങിയ അസൽ ജനന സർട്ടിഫിക്കറ്റ് എന്നിവയും സ്കൂളിൽ ചേർക്കുന്നതിന് മുൻപ് ജനന രജിസ്റ്ററിൽ ചേർത്തിട്ടുള്ള പേര് സ്കൂൾ രേഖയുമായി വ്യത്യാസമുണ്ടെങ്കിൽ കുട്ടിയുടെ സ്കൂൾ രേഖ മാതാപിതാക്കളുടെ സംയുക്ത അപേക്ഷ, 100 രൂപ മുദ്രപ്പത്രത്തിൽ മാതാപിതാക്കളുടെ സത്യവാങ്മൂലം, മുൻപ് വാങ്ങിയ അസൽ ജനന സർട്ടിഫിക്കറ്റ് എന്നിവ സഹിതം 50 രൂപ കോംപൗണ്ടിംഗ് ഫീസ് ഒടുക്കി തിരുത്താവുന്നതുമാണ്.

## പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം പഞ്ചായത്ത് ലൈസൻസ് നൽകാത്ത സ്ഥിതി

329 (1772) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ ആശാസ്ത്രീയത കാരണം പഞ്ചായത്ത് ലൈസൻസ് നൽകാത്ത സ്ഥിതിയുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇല്ലെങ്കിൽ പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2011 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളെ 2 കാറ്റഗറികളായി തിരിച്ചിട്ടുണ്ട്. മുൻപ് കെ.എം.ബി.ആർ. ബാധകമാക്കിയിരുന്ന ഗ്രാമപഞ്ചായത്തുകളാണ് ഒന്നാമത്തെ കാറ്റഗറിയിൽ വരുന്നത്. മറ്റു

പഞ്ചായത്തുകളെല്ലാം രണ്ടാമത്തെ കാറ്റഗറിയിൽപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻകൂർ പെർമിറ്റ് അനിവാര്യമാണ്. എന്നാൽ കാറ്റഗറി രണ്ടിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ 100 ചതുരശ്രമീറ്റർ വരെയുള്ളതും ഗ്രൂപ്പ് എ 1 താമസ ആവശ്യ ഒക്യൂപൻസിയിലെ ഏക കുടുംബ താമസാവശ്യ കെട്ടിടങ്ങളെയും (2 നില) മറ്റു ചില നിർമ്മാണങ്ങളെയും മുൻകൂർ പെർമിറ്റ് വാങ്ങുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം നിർമ്മിതികളെല്ലാം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കേണ്ടതാണ്. കെട്ടിടം നിർമ്മിക്കുന്നത് ചട്ട ലംഘനം ഉണ്ടെങ്കിൽ അത് നിർത്തിവയ്ക്കുന്നതിനും ലംഘനത്തോടെ നിർമ്മിച്ച ഭാഗം പൊളിച്ചു നീക്കുന്നതിനും കെട്ടിട ഉടമയോട് നിർദ്ദേശിക്കുന്നതിനും സെക്രട്ടറിക്ക് ചുമതലയുണ്ട്. 2013 മാർച്ച് 31 വരെയുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതിനുവേണ്ടിയുള്ള ചട്ടങ്ങൾ 21-3-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 150/2014/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

## ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

330 (1773) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ ഏതെങ്കിലും വിഭജിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഇത്തരത്തിലുള്ള വിഭജനത്തിന് പരിഗണിക്കപ്പെടുന്നത്; പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡം വിശദമാക്കാമോ?

### ഉത്തരം

ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

## ആനാട് ഗ്രാമപഞ്ചായത്തിലെ സേവനങ്ങളിന്മേൽ കാലതാമസം

331 (1774) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ബിൽഡിംഗ് പെർമിറ്റ്, എൻ.ഒ.സി. എന്നിവ നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ്, എൻ.ഒ.സി. എന്നിവയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചു; അപേക്ഷകന്റെ പേര്, വിലാസം, അപേക്ഷ ലഭിച്ച തീയതി, അതിന്മേൽ സേവനം ലഭ്യമാക്കിയ തീയതി എന്നിവ വേർതിരിച്ച് വിവരം നൽകുമോ;

(സി) നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിട്ടും സേവനം ലഭ്യമാക്കാത്ത എത്ര കേസുകളുണ്ട് ; പ്രസ്തുത കേസുകളിൽ യഥാസമയം സേവനം ലഭ്യമാക്കാത്തതിന്റെ കാരണം ഓരോ കേസിലും വിശദമാക്കുമോ;

(ഡി) പഞ്ചായത്ത് ഓവർസീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ട് യഥാസമയം ലഭ്യമാക്കാത്തത് പ്രസ്തുത കാലതാമസത്തിന് കാരണമായിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ മൂവ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(എഫ്) ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് സെക്രട്ടറിയുടെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികൾ ഓരോ കേസിലും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് 16-12-2013-ലെ സർക്കുലർ പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബിൽഡിംഗ് പെർമിറ്റിനായി 155 അപേക്ഷകളും എൻ.ഒ.സി.-യ്ക്കായി 131 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സമയപരിധിക്കുള്ളിൽ സേവനം ലഭിക്കാത്ത 16 കേസുകൾ നിലവിലുണ്ട്. വിശദവിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. (ക്രമനമ്പർ 140 മുതൽ 155 വരെ)

(ഡി & ഇ) ഉണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കൃത്യാന്തര ബാഹുല്യവും സമയക്കുറവുമാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്.

(എഫ്) സ്ഥലപരിശോധന സമയബന്ധിതമായി നടത്തുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പുതിയ ഗ്രാമപഞ്ചായത്തുകൾ**

332 (1775) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലോക്കൽ ലെവൽ പ്രോഗ്രാമുകൾ**

333 (1776) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് 2011-12, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ ലോക്കൽ ലെവൽ പ്രോഗ്രാമുകൾക്ക് വേണ്ടി ആകെ എത്ര കോടി രൂപയാണ് ഓരോ വാർഷിക പദ്ധതികളിലും വകയിരുത്തിയിരുന്നതെന്ന വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കോടി വീതമാണ് ഓരോ വർഷവും ചെലവായിട്ടുള്ളതെന്നും ഓരോ വർഷവും ചെലവായ തുക വാർഷിക പദ്ധതിയിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം വീതമായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ വർഷവും ചെലവഴിക്കാൻ കഴിയാതെ പോയ തുക എത്ര കോടി വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ (സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ്) വകുപ്പിന്റെ കണക്കനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് 2011-12, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2011-12 | - | 2574.05 കോടി രൂപ |
| 2013-14 | - | 4000 കോടി രൂപ |
| 2014-15 | - | 4700 കോടി രൂപ |

(രൂപ കോടിയിൽ)

| | ചെലവഴിക്കപ്പെട്ട തുക | ശതമാനം |
|---|---|---|
| 2011-12 | 2885.98 | 112 |
| 2013-14 | 4021.6 | 101 (താല്കാലികം) |
| 2014-15 (31-10-2014 വരെ) | 1014.65 | 22 (താല്കാലികം) |

2011-12, 2013-14 വർഷങ്ങളിൽ ചെലവഴിക്കപ്പെടാതെ പോയിട്ടില്ല. 2014-15 വർഷത്തിൽ ചെലവഴിക്കപ്പെടാത്ത കണക്ക് മാർച്ച് 31-ന് ശേഷമേ ലഭ്യമാകുകയുള്ളൂ.

**സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ പങ്ക്**

334 (1777) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീയുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിൽ എത്ര സി.ഡി.എസ്.-കളും എ.ഡി.എസ്.-കളും അയൽക്കൂട്ടങ്ങളും ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) കുടുംബശ്രീയുടെ പ്രവർത്തനാരംഭം കുറിച്ച ആലപ്പുഴ നഗരസഭയിൽ എത്ര സി.ഡി.എസ്.-കളും , എ.ഡി.എസ്.-കളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിലൂടെ എത്ര കുടുംബങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനായെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള സി.ഡി.എസുകളുടെ ചെയർപേഴ്സൺമാർ ആരാണെന്നും അവർ എത്ര വർഷമായി പ്രസ്തുത സ്ഥാനങ്ങളിൽ തുടരുന്നുവെന്നും അറിയിക്കുമോ;

(ഇ) ആലപ്പുഴ നഗരത്തിലെ സി.ഡി.എസ്.-കളുടെ ദൈനംദിന ചെലവുകളും സി.ഡി.എസ് അക്കൗണ്ടന്റുമാരുടെ ശമ്പളവും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സ്വാശ്രയപദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിനുള്ള പ്രോജക്ടുകൾ നൽകി ഒരു വർഷം കഴിഞ്ഞിട്ടും പദ്ധതി തുടങ്ങുന്നതിനുള്ള അനുമതിയും സഹായവും നൽകാത്തത് എന്തുകൊണ്ടാണ്;

(ജി) കുടുംബശ്രീ ഗ്രൂപ്പുകൾ വഴി സാധാരണക്കാരുടെ സാനിട്ടേഷൻ സൗകര്യങ്ങളും ഭവനപദ്ധതിയും തുടർന്നു നടപ്പാക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റുകളും മറ്റും നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നുവരുന്ന തുടർ പരിപാടിയായ സ്ത്രീപദവി സ്വയംപഠന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള എല്ലാ പരിപാടികളുടെയും വിലയിരുത്തൽ സംസ്ഥാനതലത്തിൽ രണ്ട് മാസത്തിലൊരിക്കൽ നടക്കുന്നുണ്ട്. അതുപോലെ ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളുടെ റിവ്യൂവും ഇംപാക്ട് അസസ്മെന്റും എല്ലാ മാസവും നടക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പുതിയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ പരിഹരിച്ച് അനുയോജ്യമായ മാറ്റങ്ങളും മെച്ചപ്പെടുത്തലുകളും കുടുംബശ്രീ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ ഉണ്ടാക്കുന്നത്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ആലപ്പുഴ നഗരസഭയിൽ രണ്ട് സി.ഡി.എസ്-കളും 52 എ.ഡി.എസുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 20320 കുടുംബങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) ആലപ്പുഴ നോർത്ത് സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി ഷീല ജയിംസ് ആണ്. ടിയാൾ ചെയർപേഴ്സണായി 10 വർഷമായി പ്രവർത്തിക്കുന്നു. ആലപ്പുഴ സൗത്ത് സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി രാജേശ്വരി ഉദയൻ ആണ്. ടിയാൾ 3 വർഷമായി ചെയർപേഴ്സണായി പ്രവർത്തിക്കുന്നു.

(ഇ) ഉണ്ട്. സി.ഡി.എസ്.-അക്കൗണ്ടന്റുമാരുടെ ശമ്പളം ജില്ലാ മിഷനിൽ നിന്ന് 2014 ജൂൺ മാസം വരെ നൽകിയിട്ടുണ്ട്. തുടർന്നുള്ള ശമ്പളത്തിനുള്ള അപേക്ഷയും വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. സി.ഡി.എസ്-ൽ നിന്ന് 2014 നവംബർ മാസം വരെയുള്ള തുക അനുവദിച്ചിട്ടുള്ളതിനാൽ തുടർന്നുള്ള ഗഡു 2014 ഡിസംബർ വരെയുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) സ്വാശ്രയ പദ്ധതി കുടുംബശ്രീ നടപ്പിലാക്കുന്നില്ല.

(ജി) നിർമ്മാണ മേഖലയിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ, ഹഡ്കോയുടെ സഹായത്തോടെ വനിതകൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി 'കുടുംബശ്രീ കൺസ്ട്രക്ഷൻസ്' എന്ന പേരിൽ സംഘം രൂപീകരിച്ചിട്ടുണ്ട്. ഈ സംഘം വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. നിലവിൽ എറണാകുളം, പാലക്കാട് ജില്ലകളിലാണ് പരിശീലനം ലഭിച്ച സംഘം പ്രവർത്തിക്കുന്നത്. സംസ്ഥാന ട്രൈബൽ വകുപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിലെ എടക്കാട്ടുവയലിൽ 100 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

**ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ട പദ്ധതികൾ**

335 (1778) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നിർവ്വഹണത്തിനായി ഇതേവരെ ധനകാര്യ വകുപ്പ് അനുവദിച്ച തുക എത്രയാണെന്നും അതിൽ എസ്.സി.പി./ടി.എസ്.പി. ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കാമോ ;

(സി) ഇതേവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി പൊതുവിലും എസ്.സി.പി/ ടി.എസ്.പി. ഇനത്തിലും വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് ബഡ്ജറ്റിൽ 3841.57 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2014-15 അനുവദിച്ചത് (കോടി രൂപയിൽ)

| | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| പൊതു ആവശ്യഫണ്ട് | 22.57 | 31.91 | 539.34 |
| സംരക്ഷണ നിധി (റോഡിതരം) | 69.06 | 48.29 | 252.64 |
| സംരക്ഷണ നിധി (റോഡ്) | 190.51 | ... | 568.79 |
| വികസന ഫണ്ട് | 301.27 | 303.79 | 727.51 |
| എസ്.സി.പി. | 111.68 | 111.68 | 335.04 |
| ടി.എസ്.പി. | 19.21 | 19.21 | 57.65 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് | ... | ... | 403.9 |
| ആകെ | 714.33 | 514.9 | 2884.9 |

(സി) ഇതേവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി പൊതുവിൽ 5424.22 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 2.12 കോടി രൂപ എസ്.സി.പി.-യിലും, 1.39 കോടി രൂപ ടി.എസ്.പി.-യിലും ചെലവഴിച്ചിട്ടുണ്ട്. (ലഭ്യമായിട്ടുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം)

**ത്രിതല പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ചെലവായ തുക**

336 (1779) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ ത്രിതല പഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കുവാൻ എന്ത് തുകയാണ് ചെലവായത്; ശതമാന കണക്ക് വിശദമാക്കാമോ ;

(ബി) ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിങ്ങനെ തരംതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഗ്രാമപഞ്ചായത്തുകൾക്ക് 802.97 കോടി രൂപയും (23.28%), ബ്ലോക്ക് പഞ്ചായത്തുകൾക്ക് 176.53 കോടി രൂപയും (28.43%), ജില്ലാ പഞ്ചായത്തുകൾക്ക് 228.36 കോടി രൂപയും (17.75%) രൂപയും ചെലവായിട്ടുണ്ട്.

**വാർഡ് വിഭജനം**

337 (1780) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് ഇലക്ഷന് മുന്നോടിയായി ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി വാർഡുകളുടെ വിഭജനം നടത്തുവാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം വാർഡുകളാണ് വിഭജിക്കണമെന്ന നിർദ്ദേശത്തിലുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) ബാധകമല്ല.

**വയലാർ പട്ടികജാതി കോളനിയിലെ കുടിവെള്ള പ്രശ്നം**

338 (1781) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയലാർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനു നിലവിലുള്ള പദ്ധതി പ്രകാരമുള്ള തുക മുൻകൂറായി നൽകി കുടിവെള്ളത്തിന്റെ കണക്ഷൻ എടുക്കാൻ അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഇപ്രകാരം മുൻകൂറായി പണം നൽകി കുടിവെള്ളം എത്തിക്കുന്നതിന് എന്ത് തടസ്സമാണുള്ളത് എന്നു വ്യക്തമാക്കുമോ ;

(സി) വയലാർ പഞ്ചായത്തിലെ പട്ടികവിഭാഗക്കാർ അനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ, ഇവർക്ക് കുടിവെള്ളമെത്തിക്കുന്ന പദ്ധതി പ്രകാരമുള്ള തുക മുൻകൂറായി നൽകാനും അത് അടിയന്തരമായി അനുവദിക്കാനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിലും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം "സബ്സിഡി" അഡ്വാൻസായി നൽകാവുന്നതല്ല. കുടിവെള്ള ഗാർഹിക കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്. കോൺട്രാക്ടർക്കോ ഗുണഭോക്തൃ സമിതിക്കോ തുക നൽകാവുന്നതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**ശുചിത്വമിഷൻ പദ്ധതി**

339 (1782) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷൻ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശുചിത്വ മിഷൻ വഴി മാലിന്യമുക്ത കേരളം പദ്ധതി നടപ്പിലാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടാകുന്ന പകർച്ചവ്യാധികളുടെ വ്യാപനവും സാമൂഹ്യ ശുചിത്വം നിലനിർത്തുന്നതിനും അനിവാര്യമായി ഉണ്ടായിരിക്കേണ്ട ഖര-ദ്രവ മാലിന്യ പരിപാലനത്തിൽ മതിയായ സൗകര്യങ്ങൾ ഇല്ലായ്മയും കണക്കിലെടുത്ത് സംസ്ഥാനത്തെ ഒരു സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനാണ് മാലിന്യമുക്ത കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഈ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും

മറ്റ് ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും കൂട്ടായ പരിശ്രമത്താലാണ് നടപ്പിലാക്കി വരുന്നത്. മാലിന്യമുക്ത കേരളം പരിപാടിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് സമ്പൂർണ്ണ ആരോഗ്യ ശുചിത്വ മിഷനും ക്ലീൻ കേരള മിഷനും സംയോജിപ്പിച്ച് 2008 ജനുവരിയിൽ ശുചിത്വമിഷന് രൂപം നൽകിയാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള ശുചിത്വ കേരളം പദ്ധതി, നഗര ഖരമാലിന്യ പദ്ധതി, നിർമ്മൽ ഭാരത് അഭിയാൻ, ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ എന്നീ പ്രധാന പദ്ധതികൾ ശുചിത്വ മിഷൻ വഴി പഞ്ചായത്ത് വകുപ്പും കേരള സുസ്ഥിര നഗരവികസന പദ്ധതി, ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം, ഇടത്തരം ചെറുപട്ടണങ്ങളുടെ നഗരസൗകര്യ വികസന പദ്ധതി എന്നീ പദ്ധതികൾ നഗരകാര്യ വകുപ്പ് വഴിയും സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ഇവ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനായി താഴെപ്പറയുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഉള്ളത് :

1. വീടുകൾ, സ്കൂൾ, ആശുപത്രി, അംഗൻവാടി എന്നിവിടങ്ങളിൽ പൂർണ്ണമായും കക്കൂസുകൾ ലഭ്യമാക്കുക.

2. ഗൃഹങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണ സംവിധാനം സൗകര്യപ്പെടുത്തുക.

3. ഉറവിടത്തിൽ തന്നെയുള്ള തരംതിരിച്ചുള്ള സംഭരണവും, ജൈവവസ്തുക്കളുടെ ഉറവിട സംസ്കരണവും സാദ്ധ്യമാക്കുക.

4. ചന്ത, ആശുപത്രി, സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക.

5. മാലിന്യ സംസ്കരണത്തിനായി പൊതു മാലിന്യ സംസ്കരണ സംവിധാനം സാദ്ധ്യമാക്കുക

6. നിഷ്ക്രിയ മാലിന്യ നിർമ്മാർജ്ജനത്തിന് സാനിട്ടറി ലാന്റ്ഫിൽ സംവിധാനം നടപ്പിലാക്കി തുടങ്ങുക.

7. ജനവാസകേന്ദ്രങ്ങൾ വൃത്തിയും വെടിപ്പുമുള്ളതാക്കുക.

8. എല്ലാ പ്രധാന നഗരകേന്ദ്രങ്ങളിലും, തീർത്ഥാടന-വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, വ്യാപാര കേന്ദ്രങ്ങളിലും, പൊതു സ്ഥാപനങ്ങളിലും മാലിന്യം വലിച്ചെറിയുന്ന ശീലത്തിൽ മാറ്റം വരുത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക.

9. ദ്രവമാലിന്യ പരിപാലനത്തിനായി ഒരു ദീർഘകാല കാഴ്ചപ്പാടോടു കൂടിയ രൂപരേഖ തയ്യാറാക്കുക. നിലവിലുള്ള സ്വീവറേജ് സംവിധാനം മൂന്നുമടങ്ങാക്കി വർദ്ധിപ്പിക്കുക.

(സി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മൽ ഭാരത് അഭിയാൻ (NBA) എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. വീടുകളിലും, സ്കൂളുകൾ, അംഗൻവാടി എന്നിവിടങ്ങളിൽ കക്കൂസ് നിർമ്മാണത്തിന് സഹായിക്കുക എന്നതാണ് ഈ പദ്ധതി വഴി പ്രധാനമായും ലക്ഷ്യമിടുന്നത്. ഈ പദ്ധതി വഴി ഗാർഹിക തലത്തിലുള്ള ഖര-ദ്രവ മാലിന്യ പദ്ധതികൾക്കും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

(ഡി) മാലിന്യമുക്ത കേരളം പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, റൂറൽ ഡവലപ്പ്മെന്റ് വകുപ്പ് എന്നീ വകുപ്പുകൾ വഴിയാണ് ശുചിത്വ മിഷന് തുക ലഭ്യമാക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന പ്ലാൻ ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പദ്ധതി നടപ്പിലാക്കാനുള്ള സാമ്പത്തിക സഹായമായി ലഭ്യമാക്കി വരുന്നു. ഖര-ദ്രവ മാലിന്യ പദ്ധതികൾ, സെപ്റ്റേജ് മാനേജ്മെന്റ്, അറവുശാലകളുടെ നിർമ്മാണം, കക്കൂസ് നിർമ്മാണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കാണ് ശുചിത്വ മിഷൻ വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നത്.

## കെട്ടിട നികുതി നിർണ്ണയം

340 (1784) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിട നികുതി നിർണ്ണയത്തിനുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; ഇത് സംബന്ധമായി ഏറ്റവും ഒടുവിൽ വരുത്തിയ മാറ്റം വിശദമാക്കാമോ; നിരക്കുകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരമുള്ള മാറ്റമാണ് വരുത്തിയിട്ടുള്ളത് ?

ഉത്തരം

വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചിരുന്നതിനു പകരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാക്കി നികുതി നിർണ്ണയിക്കുന്ന രീതിയാണ് നിലവിലുള്ളത്. കെട്ടിടങ്ങളുടെ ഉപയോഗ രീതിക്കനുസൃതമായി ഓരോ ഇനം കെട്ടിടത്തിന്റെയും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ച് നികുതി നിർണ്ണയം നടത്തുന്ന രീതിയാണ് നിലവിൽ വന്നിട്ടുള്ളത്. പ്രസ്തുത അടിസ്ഥാന നിരക്കുകളിന്മേൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത, കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ നിർമ്മിതി, എയർ കണ്ടീഷനിംഗ് സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട നിരക്കിൽ വർദ്ധനവും/ഇളവും അനുവദിക്കുന്നു. ഇതിനനുസൃതമായി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും, കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 14-1-2011-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് 13-3-2013-ലെ സ.ഉ (പി) നമ്പർ 88/2013/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം അടിസ്ഥാന വസ്തു നികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും സംബന്ധിച്ച മാനദണ്ഡങ്ങളിലും ഫാറങ്ങളിലും ഉൾപ്പെടെ പ്രസ്തുത ചട്ടത്തിന് ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതുപോലെ, കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും ഭേദഗതി വരുത്തി 15-3-2013-ലെ സ.ഉ. (അ) നമ്പർ 100/13/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ. (അ) 19/2011/തസ്വഭവ തീയതി 14-1-2011-ലെ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലും സ.ഉ. (അ) 17/2011/തസ്വഭവ തീയതി 14-1-2011-ഉത്തരവ് പ്രകാരം നഗരസഭകളിലും, കോർപ്പറേഷനുകളിലും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകളിലെ ഏറ്റവും കുറഞ്ഞ നിരക്കിനും ഏറ്റവും കൂടിയ നിരക്കിനും വിധേയമായി അതാത് പഞ്ചായത്ത്/നഗരസഭാ കൗൺസിലുകൾ നിശ്ചയിക്കുന്ന നിരക്കുകൾക്കനുസൃതമായിട്ടാണ് വസ്തു നികുതി വസൂലാക്കുന്നത്. പ്രസ്തുത മിനിമം/മാക്സിമം നിരക്കുകളിൽ ഭേദഗതി വരുത്തിയിട്ടില്ല.

## ഗ്രാമീണ സൂക്ഷ്മ തൊഴിൽ സംരംഭക പദ്ധതി

341 (1785) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കുടുംബശ്രീകളിലെ സ്ത്രീകളെ സാമൂഹ്യമായും സാമ്പത്തികമായും, ശാക്തീകരിക്കുന്നതിന് എന്തെല്ലാം വരുമാനദായക പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും, ഇതുവഴി എത്ര സ്ത്രീകൾക്ക് ജോലി ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ സൂക്ഷ്മ തൊഴിൽ സംരംഭക പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയിലൂടെ കഴിഞ്ഞ മൂന്നു വർഷത്തിനിടെ എത്ര സംരംഭകർക്ക് തൊഴിൽ ആരംഭിക്കാനും സബ്സിഡി നേടാനും കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(സി) ആട്ടുഗ്രാമം, ക്ഷീരസാഗരം, ബഡ്സ് സ്കൂളുകൾ, യുവശ്രീ, സ്കിൽ & പ്ലേസ്മെന്റ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതികൾക്കുള്ള എത്ര അപേക്ഷകളിന്മേൽ ജില്ലാ മിഷൻ തീർപ്പുകൽപ്പിക്കാനുണ്ട്;

(ഇ) അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കാനുള്ള തടസ്സം എന്താണെന്നും ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) യുവശ്രീ, ഗ്രാമീണ സൂക്ഷ്മതൊഴിൽ സംരംഭ പദ്ധതി, സമഗ്ര സംഘകൃഷി എന്നീ പദ്ധതികളിലായി 2392 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) 18-നും 55-നും ഇടയിൽ പ്രായമുള്ള കുടുംബശ്രീ വനിതകൾക്ക് പരിശീലനം, വായ്പ, സബ്സിഡി എന്നിവയോടെ സുസ്ഥിരവരുമാനം ഉറപ്പാക്കി തൊഴിൽ നൽകുന്ന ഗ്രാമീണ സൂക്ഷ്മതൊഴിൽ സംരംഭ പദ്ധതി ജില്ലയിൽ നടപ്പാക്കി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവഴി 717 സംരംഭകർക്ക് തൊഴിൽ ആരംഭിക്കാനും സബ്സിഡി നേടാനും സാധിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഈ പദ്ധതികളുടെ അപേക്ഷകളിന്മേൽ ജില്ലാമിഷനിൽ തീർപ്പ് കൽപ്പിക്കാൻ ബാക്കിയില്ല.

(ഇ) ബാധകമല്ല.

**കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഇളവുകൾ**

342 (1786) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് പരിധിയിൽ രണ്ടര സെന്റ് മാത്രം സ്ഥലമുള്ള അപേക്ഷകർക്ക് സ്വന്തമായി താമസിക്കുന്നതിന് വീട് നിർമ്മിക്കുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെല്ലാം ഇളവുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ വീടു പണിയുന്ന ഒരാൾ നിർബന്ധമായി പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമെന്നും അവർക്ക് നൽകിയിട്ടുള്ള ഇളവുകൾ എന്തെല്ലാമെന്നും ഇനംതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) രണ്ടര സെന്റ് മാത്രമുള്ള പ്ലോട്ടിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നില്ല. എന്നാൽ മൂന്നര സെന്റിൽ അധികരിക്കാത്ത വിസ്തൃതിയിലുള്ള പ്ലോട്ടിൽ 3 നിലകൾവരെയുള്ള വീട് നിർമ്മാണത്തിനുള്ള ലഘൂകൃത വ്യവസ്ഥകൾ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം VIII-ൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) അദ്ധ്യായം VIII-ലെ വ്യവസ്ഥകൾ പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുവദനീയമായ നിലകൾ മൂന്നും സ്റ്റെയർ റൂമും ആയിരിക്കും. നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ജില്ലാ റോഡുകൾ, ഗ്രാമപഞ്ചായത്ത് നോട്ടിഫൈ ചെയ്ത റോഡുകൾ എന്നിവ ഒഴികെയുള്ള സ്ട്രീറ്റിനോടു ചേർന്നുള്ള പ്ലോട്ടതിരിൽ നിന്നും കെട്ടിടത്തിലേക്കുള്ള ദൂരം കുറഞ്ഞത് 2 മീറ്റർ മതിയാകും. എന്നാൽ ഡവലപ്പ്മെന്റ് പ്ലാൻ, മറ്റു ചട്ടങ്ങൾ/ ബൈലോകൾ എന്നിവ പ്രകാരമുള്ള സ്ട്രീറ്റ് അലൈൻമെന്റ്/ബിൽഡിംഗ് ലൈൻ തുടങ്ങിയ നിയന്ത്രണങ്ങൾ ബാധകമാണ്. വീടിന്റെ ഫ്രണ്ട് യാർഡ് കുറഞ്ഞത് 1.8 മീറ്റർ മതിയാകും. പ്ലോട്ടിന്റെ പ്രത്യേക ആകൃതി പ്രകാരം ഇതിന് സാദ്ധ്യമാകാത്ത പക്ഷം, പ്രസ്തുത ഫ്രണ്ട് യാർഡിന് ആവറേജ് 1.8 മീറ്റർ വീതിയും, എന്നാൽ ഏതൊരു പോയിന്റിലും കുറഞ്ഞത് 1.2 മീറ്റർ വീതിയും ഉണ്ടായിരുന്നാൽ മതിയാകും. വീടിന്റെ റിയർ സൈഡിൽ ആവറേജ് 1 മീറ്ററും കുറഞ്ഞത് 0.5 മീറ്ററും വീതിയുണ്ടായാൽ മതിയാകും. വീടിന്റെ ഒരു വശത്ത് ഇത് 0.9 മീറ്ററും മറുവശത്ത് 0.6 മീറ്ററും വീതിയിൽ സെറ്റ് ബാക്ക് ഉണ്ടായിരിക്കണം. 2.0 മീറ്ററിൽ കൂടുതൽ

ഉയരത്തിൽ വെന്റിലേറ്റർ ഒഴികെ മറ്റ് തുറപ്പുകൾ പ്രസ്തുത 0.6 മീറ്റർ സെറ്റ് ബാക്ക് നിഷ്കർഷിക്കുന്ന വശത്ത് ഉണ്ടായിരിക്കാൻ പാടില്ല. എന്നാൽ വീതി 0.9 മീറ്റർ ഉള്ള പക്ഷം അവിടെ തുറപ്പുകൾ അനുവദനീയമാണ്. 0.9 മീറ്റർ വീതിയുള്ള വശം അല്ലാത്ത ഒരു വശത്തെ തുറന്ന സ്ഥലം ആ വശത്ത് യാതൊരു രീതിയിലുമുള്ള തുറക്കലും ഇല്ലാതിരിക്കുകയും ആ വശത്തെ പ്ലോട്ടുടമ സ്വമേധയാ രേഖാമൂലം അത് സമ്മതിക്കുകയും ചെയ്യുന്ന പക്ഷം ആ വശത്തെ തുറന്ന സ്ഥലം ചുരുക്കുകയോ കെട്ടിടം പ്ലോട്ടതിരിനോട് ചേർത്തു കെട്ടുകയോ ചെയ്യാവുന്നതാണ്. തറവിസ്തീർണ്ണ അനുപാതം, കവറേജ്, റോഡിന്റെ കേന്ദ്ര രേഖയിൽ നിന്നുള്ള അകലം, പ്രവേശനമാർഗ്ഗ വീതി, റോഡിന്റെ വീതിയും റോഡിനോടുചേർന്നുള്ള പറമ്പിന്റെയും കാര്യത്തിലുള്ള പൊക്ക നിയന്ത്രണം, കാർ പാർക്കിംഗ്, കെട്ടിട ഭാഗങ്ങളുടെയും വെളിച്ചത്തിന്റെയും വെന്റിലേഷന്റെയും അളവുകൾ എന്നിവ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമല്ല.

**വാർഡ് വിഭജനത്തിനായി ഡി-ലിമിറ്റേഷൻ കമ്മീഷൻ നടപടികൾ**

343 (1787) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഡ് വിഭജനത്തിനായി ഡി-ലിമിറ്റേഷൻ കമ്മീഷൻ നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് നടന്നിട്ടുള്ള യോഗങ്ങളുടെയും കൂടിയാലോചനകളുടെയും വിശദാംശം വ്യക്തമാക്കാമോ ; ഓരോ ജില്ലയിലും നടന്നിട്ടുള്ള പ്രവർത്തനങ്ങളും നടപടികളും വിശദമാക്കാമോ ;

(സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലും നഗരസഭയിലും ഈ വിഷയം സംബന്ധിച്ച് നടന്നിട്ടുള്ള നടപടികളുടെയും കൂടിയാലോചനകളുടെയും വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

## കെട്ടിട നിർമ്മാണത്തിലെ നിയമതടസ്സങ്ങൾ

344 (1788) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ മൂന്ന് സെന്റിൽ താഴെ വസ്തു ഉള്ളവർക്ക് കെട്ടിട നിർമ്മാണത്തിന് നിയമതടസ്സങ്ങൾ എന്തെങ്കിലും നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മൂന്നിൽ താഴെ സെന്റ് സ്ഥലം മാത്രം കൈവശമുള്ളവർക്ക് റോഡ് വികസനത്തിനും മറ്റും ആവശ്യമെങ്കിൽ വസ്തു സറണ്ടർ ചെയ്യാം എന്ന വ്യവസ്ഥയിൽ കെട്ടിട നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഇല്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, 3 സെന്റിൽ താഴെ വസ്തു ഉള്ളവർക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിന് നിയമ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റോഡ് വികസനത്തിനും മറ്റും ആവശ്യമെങ്കിൽ വസ്തു സറണ്ടർ ചെയ്യാം എന്ന വ്യവസ്ഥയിൽ കെട്ടിട നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകാൻ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. എന്നാൽ റോഡു വികസനത്തിനായി ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നപക്ഷം, ബാക്കി പ്ലോട്ടിൽ നിർമ്മാണം നടത്തുന്നതിനുള്ള ലഘൂകൃത വ്യവസ്ഥകൾ പ്രസ്തുത ചട്ടങ്ങളിലെ അദ്ധ്യായം XI-ൽ പ്രതിപാദിയ്ക്കുന്നുണ്ട്.

## എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ തണ്ണീർത്തട നീർത്തട പദ്ധതി

345 (1789) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന തണ്ണീർത്തട നീർത്തട പദ്ധതിയിൽ വരുന്ന പ്രദേശത്തിന്റെ ഡേറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തുമോ ;

(ബി) പ്രസ്തുത പഞ്ചായത്തിൽ പൊതു തോടോ/ഒഴവ് തോടോ കയ്യേറിയത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ 2008 മുതൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുകയും പെർമിറ്റ് ക്യാൻസൽ ചെയ്യുകയും ചെയ്ത പെർമിറ്റുകളുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന സർവ്വേ നമ്പർ. 368/9 എ.-യിൽ വരുന്ന സ്ഥലം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതാണോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ ഡേറ്റാബാങ്ക് പ്രസിദ്ധപ്പെടുത്തുന്നതിനായി 18-9-2014 തീയതിയിൽ കാക്കനാട് ഗവൺമെന്റ് പ്രസ്സിൽ നൽകിയിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള കരട് ഡേറ്റാബാങ്ക് പുനഃപരിശോധന നടത്തി 4-10-2012-ൽ പരിശോധനയ്ക്ക് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും 4-1-2013-ൽ പ്രസിദ്ധീകരിക്കുന്നതിന് ഗവൺമെന്റ് പ്രസ്സിൽ നൽകിയിട്ടുള്ളതുമാണ്. സി.ഡി. പേജുകളുടെ ക്രമനമ്പർ രേഖപ്പെടുത്തി അറിയിച്ചതിനെ തുടർന്ന് 18-9-2014-ൽ ആയത് രേഖപ്പെടുത്തി പ്രസിദ്ധീകരണത്തിനായി കാക്കനാട് ഗവൺമെന്റ് പ്രസ്സിൽ നൽകിയിട്ടുണ്ട്.

(ബി) ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ വാദ്ധ്യാരുപറമ്പിൽ ജയകുമാർ വക സ്ഥലത്തുള്ള തോട് നികത്തിയത് ഓംബുഡ്സ്മാൻ ഉത്തരവ് പ്രകാരം പുനഃസ്ഥാപിച്ചിരുന്നു. ഇതുമൂലം നഷ്ടം സംഭവിച്ചെന്നുള്ള ജയകുമാർ വാദ്ധ്യാരുപറമ്പിൽ, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിനെതിരെ പറവൂർ സബ് കോടതി മുമ്പാകെ നൽകിയ കേസ് തള്ളി വിധി ആയിട്ടുള്ളതും തുടർന്ന് ടിയാൻ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

(സി) 2008 മുതൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുകയും പെർമിറ്റ് ക്യാൻസൽ ചെയ്യുകയും ചെയ്ത. പെർമിറ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. :

1. ബാബു, വാദ്ധ്യാരുപറമ്പിൽ തെക്കുപുറം എന്നയാൾക്ക് 501/2008/09 നമ്പർ പ്രകാരം പെർമിറ്റ് നൽകുകയും പരാതി ലഭിച്ചതിനാൽ പെർമിറ്റ് റദ്ദുചെയ്യുകയും ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

2. ദിലീപ് നികത്തിൽ പറയകാട് എന്നയാൾക്ക് 949 നമ്പർ പ്രകാരം നൽകിയ പെർമിറ്റ് റദ്ദുചെയ്യുകയും ആയത് പിന്നീട് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

3. മല്ലിക വാരിശ്ശേരിൽ എന്നിവർക്ക് 1016 നമ്പർ പ്രകാരം മേൽക്കൂര മാറ്റത്തിനുമാത്രമായി പെർമിറ്റ് നൽകുകയും പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പെർമിറ്റ് പിൻവലിക്കുകയും ചെയ്തിട്ടുള്ളതാണ്.

4. ജോസഫ് കളത്തിപറമ്പിൽ എന്നയാൾക്ക് വാസഗൃഹേതര കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുകയും കരം തീർത്ത രസീതിൽ വെറ്റ് ലാന്റ് എന്ന് രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പെർമിറ്റ് റദ്ദുചെയ്യുകയും ചെയ്തു.

(ഡി) ടി സർവ്വേ നമ്പറിൽപ്പെട്ട സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല.

## ചിറ്റുമല ബ്ലോക്കിന് സോണൽ ഓഫീസ്

346 (1790) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റുമല ബ്ലോക്കിന്റെ പരിധിയിൽ വരുന്ന തൃക്കടവൂർ, തൃക്കരുവ, പനയം എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ സൗകര്യാർത്ഥം അഞ്ചാലുംമൂട്ടിൽ ഒരു സോണൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്ന് മുതൽ പ്രസ്തുത സോണൽ ഓഫീസ് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ; ഇല്ലെങ്കിൽ അതിനുള്ള സത്വരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## തൃശ്ശൂർ ജില്ലയിലെ തിപ്പലിശ്ശേരി സെന്റർ-പള്ളിക്കുളം-ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് ടാറിംഗ് പ്രവൃത്തികളുടെ നടപടി

347 (1791) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 80 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയ തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ-കടങ്ങോട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തിപ്പലിശ്ശേരി സെന്റർ-പള്ളിക്കുളം-ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് ടാറിംഗ് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ കഴിവതും വേഗത്തിൽ പൂർത്തിയാക്കി റോഡ് പുനരുദ്ധാരണം നടത്തുന്നതിന് എൽ.എസ്.ജി.ഡി. തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ-കടങ്ങോട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തിപ്പലശ്ശേരി സെന്റർ-പള്ളിക്കുളം-ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് ടാറിംഗ് പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

**വേങ്ങൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്ഥലം അനുവദിക്കാൻ നടപടി**

348 (1792) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എൻ.സി.വി.റ്റി. അംഗീകാരം ലഭിക്കുന്നതിന് പര്യാപ്തമായ ഭൗതിക സാഹചര്യം ഒരുക്കേണ്ടതിനാൽ, പഞ്ചായത്ത് വക സ്ഥലം കൈമാറാൻ സർക്കാർ അംഗീകാരം നൽകുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽനിന്നും ലഭിച്ച പ്രൊപ്പോസൽ 47581/ആർ.സി.4/2014/തസ്വഭവ തീയതി 23-7-2014 മേലെഴുത്ത് പ്രകാരം ഐ.ടി.ഐ.-ക്ക് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം 11 ഇന പരിപാടിയിൽ ഉൾപ്പെടുത്തി കളിസ്ഥലമായി ഉപയോഗിക്കാൻ വേണ്ടി വാങ്ങിയ ഭൂമി ആയതിനാൽ കളിസ്ഥലത്തിന് പകരം സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ചും പതിനൊന്നിന പരിപാടി പ്രകാരം പഞ്ചായത്ത് ആർജ്ജിച്ച ഭൂമി കൈയൊഴിയാൻ പറ്റുമോ എന്നുമുള്ള വിവരങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ തിരികെ നൽകിയിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

**ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം**

349 (1793) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി - പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ സഹായകരമായ കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതിയുടെ വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി കാഞ്ഞിരപ്പള്ളിയിലെ എം.പി.ഐ. വക സ്ഥലത്തുനിന്ന് 1.25 ഏക്കർ സ്ഥലം വിട്ടുകിട്ടണമെന്ന ജലവിഭവ വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത്രയും സ്ഥലം വിട്ടുനൽകുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി-പരിയാരം പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1.25 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തി പ്രസ്തുത സ്ഥലം ഏറ്റെടുക്കലിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ നടപടികൾ നടന്നുവരുന്നു.

**പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി**

350 (1794) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ എത്ര വീടുകളാണ് പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയിട്ടുള്ളത് ;

(ബി) കേരളത്തിൽ ഏതെങ്കിലും പഞ്ചായത്തിലോ കോർപ്പറേഷനിലോ മുനിസിപ്പാലിറ്റിയിലോ പ്രസ്തുത പദ്ധതി നടപ്പിലായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് നടപ്പിലായിട്ടുള്ളത് ;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണ് ;

(ഇ) പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കാത്തതിനു കാരണമെന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന "പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതി" എന്ന പേരിൽ ഭവന നിർമ്മാണ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി-എഫ്) ബാധകമല്ല.

**കുടുംബശ്രീ മിഷന്റെ ചാനൽ**

351 (1795) ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ മിഷന്റെ ഒരു മാധ്യമ ചാനൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി മിഷൻ ഏതെല്ലാം രീതിയിലാണ് താല്പര്യപ്രകടനത്തിനുള്ള അറിയിപ്പിന്റെ പരസ്യം നൽകിയത് എന്നറിയിക്കാമോ; ഏജൻസിക്ക് എന്തെല്ലാം യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്;

(സി) ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) മിഷന്റെ പരസ്യത്തെ തുടർന്ന് എത്ര ഏജൻസികൾ ആണ് താല്പര്യ പത്രം നൽകിയിരുന്നതെന്ന് അറിയിക്കാമോ ; തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ഏജൻസിക്കുള്ള യോഗ്യതകൾ എന്തെല്ലാമാണ് ;

(ഇ) ചാനലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനുദ്ദേശിക്കുന്നു; ഇതിനകം ചെലവായ തുകയെത്ര ; ചാനലിനായി ഏതെല്ലാം നിലയിൽ പണം സ്വരൂപിക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇല്ല.

(ബി-ഇ) ബാധകമല്ല.

**കുടുംബശ്രീ മിഷന്റെ കീഴിൽ മാധ്യമ പരിശീലനം**

352 (1796) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ മിഷന്റെ കീഴിൽ നടക്കുന്ന മാധ്യമ സംബന്ധമായ പ്രൊഡക്ഷൻ, കൺസൾട്ടൻസി പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ ഒരു സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചുകൊണ്ട് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി സർക്കാർ തലത്തിൽ എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ; കുടുംബശ്രീയ്ക്ക് ചാനൽ ആരംഭിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊള്ളുന്നത് എപ്പോഴാണ്; ഇതുസംബന്ധമായി പുറപ്പെടുവിച്ച ഗവ .ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്താകെ മാധ്യമ പരിശീലനം നല്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) കുടുംബശ്രീയ്ക്ക് ചാനൽ തുടങ്ങാനും മാധ്യമ പരിശീലനത്തിനും മറ്റുമായി പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര; ഇത് ഏത് നിലയിൽ സമാഹരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല. കുടുബശ്രീക്ക് ചാനൽ ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(സി) തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതാണ്. ഇതിനായി പ്രാഥമിക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) മാധ്യമ ചാനൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല. മാധ്യമ പരിശീലനത്തിന് 60 ലക്ഷം രൂപ ചെലവ് വരുന്നതാണ്. ഇത് പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.

**കുടുംബശ്രീ മിഷന്റെ കീഴിൽ ആരംഭിക്കുന്ന മാധ്യമ ചാനൽ**

353 (1797) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷന്റെ കീഴിൽ ഒരു മാധ്യമ ചാനൽ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച മന്ത്രിസഭായോഗ തീരുമാനത്തിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ചാനൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; ചാനലിന്റെ ആരംഭപ്രവർത്തനങ്ങൾ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം ദിനപത്രങ്ങളിൽ പരസ്യം നൽകിക്കൊണ്ടാണ് പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചത് ;

(ഇ) തെരഞ്ഞെടുക്കപ്പെട്ട ഏജൻസിക്ക് ഈ മേഖലയുമായി ബന്ധപ്പെട്ടുള്ള പരിചയവും മറ്റും വിശദമാക്കാമോ ; പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കരാർ വ്യവസ്ഥകൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഇ) ബാധകമല്ല.

## ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ശ്രീ. ഹരിപ്രസാദിന് ആശ്വാസ കിരണം പദ്ധതി സഹായം

354 (1798) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ വലിയവീട്ടിൽ സുലോചന, കണ്ണാടിപൊയിൽ പി.ഒ., എന്നവരുടെ മകൻ ശ്രീ. ഹരിപ്രസാദിന് ആശ്വാസ കിരൺ പദ്ധതി സഹായം നിർത്തിവച്ചതിന്റെ കാരണം അറിയിക്കാമോ ;

(ബി) നിർദ്ധനനും കടുത്ത ശാരീരിക മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന ആളുമായ ഹരിപ്രസാദിന് പദ്ധതി സഹായം തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വകരിക്കുമോ?

ഉത്തരം

(എ) ശ്രീ. ഹരിപ്രസാദ്, വലിയവീട്ടിൽ കണ്ണാടിപ്പൊയിൽ എന്നയാളെ പരിചരിക്കുന്ന ടിയാന്റെ മാതാവായ ശ്രീമതി സുലോചനയ്ക്ക് 2011 ജൂൺ മുതൽ 2014 ആഗസ്റ്റ് വരെയുള്ള കാലയളവിലെ പ്രതിമാസ ധനസഹായം അനുവദിച്ച് ഇലക്ട്രോണിക് മണിയോർഡറായി നൽകുകയും ടിയാൾ മണിയോർഡർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 1-9-2014 മുതൽ ലൈഫ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലാണ് ധനസഹായം അനുവദിക്കാതിരുന്നത്.

(ബി) ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിച്ചു വരുന്നതിനാലാണ് 09/2014 മുതൽ ധനസഹായം അനുവദിക്കാതിരുന്നത്. ശിശുവികസന പദ്ധതി ഓഫീസർമാർ മുഖേന ലൈഫ് സർട്ടിഫിക്കറ്റുകൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച നടപടികൾ ഉടനടി പൂർത്തിയാക്കി കുടിശ്ശികയുൾപ്പെടെ ധനസഹായം കഴിവതും വേഗം അനുവദിക്കുന്നതാണ്.

## കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ എൽ.ഡി.-ക്ലർക്ക് ഒഴിവുകൾ

355 (1799) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വിവിധ പഞ്ചായത്തുകളിൽ 1-7-2014 പ്രകാരം എൽ.ഡി.-ക്ലർക്ക് തസ്തികയിൽ നികത്താനുള്ള എത്ര ഒഴിവുകളുണ്ട്; വിശദമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് വഴി 179 ദിവസം ജോലി ചെയ്ത അംഗപരിമിതരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിച്ചത് പി.എസ്.സി. വഴിയുള്ള എൽ.ഡി. ക്ലർക്ക് നിയമനത്തെ ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതിയ ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു വരെയായി; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇറിഗേഷൻ, പൊതുമരാമത്ത്, അഗ്രിക്കൾച്ചർ തുടങ്ങിയ വകുപ്പുകളിൽ നിന്നും നിരവധി പേരെ പഞ്ചായത്തിലേക്ക് പുനർ വിന്യസിച്ചതുപ്രകാരം പഞ്ചായത്ത് വകുപ്പിൽ നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്?

## ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ 1-7-2014 പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 22 ഒഴിവുകളുണ്ട്.

(ബി) ഇല്ല.

(സി) ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ഇറിഗേഷൻ, പൊതുമരാമത്ത്, അഗ്രിക്കൾച്ചർ തുടങ്ങിയ വകുപ്പുകളിൽ നിന്നും 448 പേർ പഞ്ചായത്തുവകുപ്പിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നു.

## മീഡിയാശ്രീ പ്രോജക്ട് നടപ്പാക്കൽ

356 (1800) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ ഡയറക്ടറേറ്റിൽ മീഡിയാശ്രീ പ്രോജക്ട് ഇംപ്ലിമെന്റേഷനുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇതുസംബന്ധമായ മന്ത്രിസഭാ തീരുമാനം എന്താണെന്ന് വിശദമാക്കാമോ;

(സി) മീഡിയാശ്രീ പ്രോജക്ടിനും ചാനൽ ആരംഭിക്കുന്നതിനും കണക്കാക്കപ്പെട്ട മൊത്തം ചെലവ് എത്ര; ഇതിനായുള്ള ബഡ്ജറ്റ് പ്രൊവിഷൻ എത്ര; മറ്റേതെല്ലാം നിലയിൽ പണം സ്വരൂപിക്കാനുദ്ദേശിക്കുന്നു;

(ഡി) മീഡിയാശ്രീ പ്രോജക്ടിന്റെ ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കാൻ ടെണ്ടർ വിളിക്കുകയുണ്ടായോ; ടെണ്ടർ പരസ്യം ഏതെല്ലാം പത്രങ്ങൾക്ക് നൽകുകയുണ്ടായി; പരസ്യം കുടുംബശ്രീയുടെ വെബ്സൈറ്റിൽ ഉണ്ടായിരുന്നത് ഏതെല്ലാം ദിവസങ്ങളിലായിരുന്നു; അപേക്ഷിച്ചവർ എത്ര; ക്വാളിഫിക്കേഷന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ എന്തെല്ലാമായിരുന്നു;

(ഇ) യോഗ്യതയുള്ളവരിൽ നിന്നും നിരക്ക് ക്വാട്ട് ചെയ്തു വാങ്ങിയ പൊതുമാനദണ്ഡം എന്തായിരുന്നു; ടെണ്ടർ നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) ഈ രംഗത്തെ സർക്കാർ ഏജൻസികളായ ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ, സി-ഡിറ്റ് എന്നീ സ്ഥാപനങ്ങളെ ടെണ്ടറിൽ പങ്കെടുപ്പിച്ചിട്ടുണ്ടായിരുന്നുവോ ;

(ജി) കോഴിക്കോട്ടെ സൗത്ത് ഏഷ്യൻ കോളേജ് പ്രവർത്തനം ആരംഭിച്ചത് ഏത് തീയതി മുതലാണ് ; ഇവർക്ക് ഈ രംഗത്തെ പ്രവർത്തന പരിചയം എന്താണ് ; ഈ സ്ഥാപനവുമായി കുടുംബശ്രീ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടോ; വ്യവസ്ഥകൾ വിശദമാക്കാമോ ?

ഉത്തരം

(എ) മീഡിയശ്രീ പ്രോജക്ട് ഇംപ്ലിമെന്റേഷനായി സുതാര്യമായ മാർഗത്തിൽ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

(ബി) കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ഇതൊരു പരിശീലന പരിപാടിയാണ്. ഇത് നയപരമായ തീരുമാനം ആവശ്യമുള്ള വിഷയമല്ല.

(സി) മീഡിയാശ്രീ പ്രോജക്ട് കണക്കാക്കപ്പെട്ട മൊത്തം ചെലവ് 60 ലക്ഷം രൂപയാണ്. പ്ലാൻഫണ്ടിൽ നിന്നും ഈ തുക ചെലവഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ചാനൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

(ഡി) മീഡിയാശ്രീ പ്രോജക്ടിന്റെ ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് പത്രപ്പരസ്യം നൽകിയിരുന്നു. മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപത്രങ്ങളിലും കുടുംബശ്രീയുടെ വെബ്സൈറ്റിലും പരസ്യം നൽകുകയുണ്ടായി. പരസ്യം കുടുംബശ്രീയുടെ വെബ്സൈറ്റിൽ 1-10-2014 മുതൽ നാളിതുവരെ നിലവിലുണ്ട്. 9 പേർ അപേക്ഷിച്ചു. ക്വാളിഫിക്കേഷന് വ്യവസ്ഥ ചെയ്തിരുന്നു. താഴെപ്പറയുന്നവയാണ് വ്യവസ്ഥകളായി നിശ്ചയിച്ചിരുന്നത്.

1. ഏജൻസികൾ കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയായിരിക്കണം.
2. ഏജൻസികൾക്ക് ദൃശ്യമാധ്യമത്തിൽ മുൻപരിചയം ഉണ്ടായിരിക്കണം.
3. ചാനലുകളിൽ പ്രവൃത്തിപരിചയമുള്ള വ്യക്തികൾക്കും ഏജൻസികൾക്കും മുൻഗണന ലഭിക്കുന്നതാണ്.
4. അപേക്ഷകർക്ക് ഡയറക്ടർമാർ, ക്യാമറാമാൻമാർ, സൗണ്ട് റെക്കോഡിസ്റ്റുകൾ, എഡിറ്റർമാർ, വിഷ്വൽ ഡിസൈനർമാർ എന്നിവരുടെ പ്രവൃത്തിപരിചയമുള്ള ഒരു ടീം ഉണ്ടായിരിക്കണം.
5. അപേക്ഷകർക്ക് മാധ്യമപരിശീലനത്തിൽ പരിശീലനം നൽകൽ/ പഠിപ്പിക്കൽ എന്നീ മേഖലകളിൽ മൂന്നു വർഷത്തെ പരിചയമുണ്ടായിരിക്കണം.

6. അപേക്ഷകർക്ക് കുറഞ്ഞത് 3 വർഷത്തെയെങ്കിലും ഓഡിറ്റഡ് റിപ്പോർട്ട് ഉണ്ടായിരിക്കണം.

7. ഏജൻസികൾക്ക് പരിശീലനം നൽകുന്നതിനുള്ള കെട്ടിട സൗകര്യം, സാങ്കേതിക ഉപകരണങ്ങൾ എന്നിവ ഉണ്ടായിരിക്കണം. ഇവയുടെ വിശദാംശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

8. അപേക്ഷകർക്ക് TAN/PAN രജിസ്ട്രേഷനുകൾ ഉണ്ടായിരിക്കണം. കൂടാതെ ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ അടങ്ങിയ സി.ഡി. സമർപ്പിക്കണമെന്നും വിശദമായ പദ്ധതിയും ബഡ്ജറ്റും ഉൾക്കൊള്ളുന്നതായിരിക്കണം പ്രോജക്ട് പ്രൊപ്പോസൽ എന്നും വ്യവസ്ഥ ചെയ്തിരുന്നു.

(ഇ) നിരക്ക് ക്വാട്ട് ചെയ്യുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. വിശദമായ പദ്ധതിയും ബഡ്ജറ്റും ആവശ്യപ്പെടുകയാണ് ചെയ്തിരുന്നത്. ടെണ്ടർ നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.*

(എഫ്) ഈ രംഗത്തെ സർക്കാർ ഏജൻസികളായ ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ, സി-ഡിറ്റ് എന്നീ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടില്ല.

(ജി) കോഴിക്കോട്ടെ സൗത്ത് ഏഷ്യൻ കോളേജ് 2011 മേയ് മാസം പ്രവർത്തനം ആരംഭിച്ചു. കാലിക്കറ്റ് സർവകലാശാലയുടെ അഫിലിയേഷനും കേരള സർക്കാരിന്റെ അംഗീകാരവും കരസ്ഥമാക്കി പ്രവർത്തിക്കുന്ന സൗത്ത് ഏഷ്യൻ കോളേജിന്റെ എം.ജെ.ടി. പ്രോഗ്രാമിലൂടെ (മാസ്റ്റർ ഓഫ് ജേർണലിസം ആന്റ് ടെലിവിഷൻ പ്രൊഡക്ഷൻ) പ്രിന്റ്-ടെലിവിഷൻ ജേർണലിസം, റേഡിയോ, ഫിലിം, പരസ്യം, ന്യൂമീഡിയ, ഗവേഷണം തുടങ്ങിയ എല്ലാ മേഖലകളിലും പരിശീലനം നൽകുന്നുണ്ട്. ഈ ബിരുദാനന്തര ബിരുദ പ്രോഗ്രാം 2012 ലാണ് തുടങ്ങിയത്.

ക്ലാസ്സ് റൂമുകൾ, ലൈബ്രറി, ഹോസ്റ്റൽ, കാന്റീൻ, സ്റ്റുഡിയോ, ഷൂട്ടിംഗ് ഫ്ളോർ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഈ കോളേജിൽ ലഭ്യമാണ്. പ്രാക്ടിക്കൽ പരിശീലനത്തിന് ആവശ്യമായ ആധുനിക ക്യാമറകൾ, ഫൈനൽ കട്ട്പ്രോ (FCP), സൗണ്ട് റെക്കോർഡിംഗ് സംവിധാനങ്ങൾ, ക്രെയിൻ യൂണിറ്റ്, ലൈറ്റ് യൂണിറ്റ് എന്നിവ സ്വന്തമായുള്ള സൗത്ത് ഏഷ്യൻ കോളേജിന്റെ അക്കാദമിക് കൗൺസിൽ അംഗങ്ങൾ കേരളത്തിലെ പ്രമുഖ മാധ്യമ-സിനിമാ പ്രവർത്തകർ ഉൾപ്പെട്ടതാണ്. ഈ സ്ഥാപനവുമായി കുടംബശ്രീ എഗ്രിമെന്റിൽ സൗത്ത് ഏഷ്യൻ കോളേജ് ഒന്നാം കക്ഷിയായും കുടുംബശ്രീ രണ്ടാംകക്ഷിയായും ഒപ്പിട്ടിട്ടുണ്ട്. എഗ്രിമെന്റിലെ വ്യവസ്ഥകൾ താഴെപറയും പ്രകാരമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>വ്യവസ്ഥകൾ</u> :

1. മീഡിയാശ്രീ പദ്ധതിയുടെ ആദ്യഘട്ടത്തിൽ നടത്തുന്ന ദ്വിദിന ശിൽപ്പ ശാലയിൽ ഒരു CDS-ൽ നിന്നുള്ള രണ്ട് അംഗങ്ങൾ വച്ച് കേരളത്തിലെ 1072 CDS-കളിൽ നിന്നായി 2144 അംഗങ്ങൾക്ക് അതത് ജില്ലയിൽ വച്ച് പരിശീലനം നൽകാൻ ഒന്നാം കക്ഷി ബാധ്യസ്ഥനായിരിക്കും.

2. മീഡിയാശ്രീ പദ്ധതിയുടെ രണ്ടാം ഘട്ടമായ ഫ്രെയിംശ്രീയുടെ ഭാഗമായുള്ള തൊഴിൽ ഗ്രൂപ്പുകൾക്ക് ഒരു ഗ്രൂപ്പിൽ 5 (അഞ്ച്) അംഗങ്ങൾ എന്ന കണക്കിൽ കേരളത്തിലാകമാനം 28 ഗ്രൂപ്പുകൾക്ക് ദ്വിദിന ശിൽപശാലയും ചേർത്ത് 20 ദിവസത്തെ പരിശീലനം നൽകൽ ഒന്നാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും

3. അതത് ജില്ലകളിലുള്ളവർക്ക് പരിശീലനകേന്ദ്രം, ഭക്ഷണം, താമസം എന്നിവ ഒരുക്കിക്കൊടുക്കുന്നത് ഒന്നാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും.

4. പരിശീലനത്തിന് ആവശ്യമായ മൊഡ്യൂൾ, പരിശീലകർ, ഉപകരണങ്ങൾ, പുസ്തകങ്ങൾ, പരീക്ഷ, സർട്ടിഫിക്കറ്റ് എന്നിവ ഒരുക്കേണ്ടത് ഒന്നാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും.

5. പരിശീലനത്തിന് ആവശ്യമായ അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടത് രണ്ടാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും.

6. രണ്ടാംഘട്ടത്തിൽ രൂപീകരിക്കുന്ന ഫ്രെയിംശ്രീ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് രണ്ടാംകക്ഷിയുടെ അനുമതിയോടെ നടത്താൻ ഒന്നാം കക്ഷിക്ക് പൂർണ്ണമായ അധികാരമുണ്ടായിരിക്കും.

7. മേല്പടി പരിശീലനത്തിലൂടെ കുടുംബശ്രീ അംഗങ്ങളെ റിപ്പോർട്ടിംഗ്, വീഡിയോ പ്രൊഡക്ഷൻ, സ്ക്രിപ്റ്റ് റൈറ്റിംഗ്, ക്യാമറ, എഡിറ്റിംഗ് എന്നീ മേഖലകളിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റിയെടുക്കലും പരിശീലനത്തിന്റെ മികവ് അവലോകനം നടത്തി രണ്ടാം കക്ഷിയെ ബോധ്യപ്പെടുത്തലും ഒന്നാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും.

8. രണ്ടാം ഘട്ട പരിശീലനം നേടിയവരെ ഉപയോഗിച്ച് തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കുമ്പോൾ ഇവർക്കാവശ്യമായ തൊഴിൽ യൂണിറ്റിന് വേണ്ടി വരുന്ന ഉപകരണങ്ങൾ വാങ്ങി നൽകൽ രണ്ടാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും.

9. മേല്പടി തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മുഴുവൻ സാങ്കേതിക പിന്തുണയും നൽകാൻ ഒന്നാം കക്ഷിക്ക് ഉത്തരവാദിത്തമുണ്ടായിരിക്കും.

10. രണ്ടാം കക്ഷി അംഗീകരിച്ച സമയക്രമം അനുസരിച്ച് പരിശീലനാർത്ഥികളെ ലഭ്യമാക്കുന്നതിൽ മനഃപൂർവ്വമായ വീഴ്ചയുണ്ടാക്കിയാൽ ഒന്നാം കക്ഷിക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ ഉത്തരവാദിത്തം രണ്ടാം കക്ഷിക്കുണ്ടായിരിക്കുന്നതുമായിരിക്കും.

11. മീഡിയശ്രീയുമായി ബന്ധപ്പെട്ട പരിശീലനം, പരിശീലനം നടത്തുന്ന ദിവസം മുതൽ നാലു ദിവസത്തിനകം ഒന്നാം കക്ഷി കാര്യക്ഷമമായി പൂർത്തീകരിക്കേണ്ടതാണ്.

12. മേല്പടി പദ്ധതിയുടെ ആത്യന്തിക ലക്ഷ്യമായി രണ്ടാം കക്ഷി തുടങ്ങാൻ ഉദ്ദേശിക്കുന്ന ടെലിവിഷൻ ചാനലിൽ പ്രവർത്തിക്കാൻ ഉതകുന്ന തരത്തിൽ മേൽപ്പറഞ്ഞ പരിശീലന പദ്ധതിയിലൂടെ പരിശീലനത്തിനെത്തുന്നവരെ പ്രാപ്തമാക്കൽ ഒന്നാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും.

13. മേല്പടി പരിശീലന പദ്ധതികൾക്ക് എല്ലാ ചെലവുകളും ഉൾപ്പെടെ മൊത്തം 60,00,000 രൂപ (അറുപത് ലക്ഷം രൂപ)യും ആവശ്യമെങ്കിൽ സർവീസ് ടാക്സുമടക്കം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് ഒന്നാം കക്ഷിക്ക് നേരിട്ട് ലഭ്യമാക്കാൻ രണ്ടാം കക്ഷി ബാധ്യസ്ഥയായിരിക്കും.

14. മേല്പടി തുകയിലെ 60% ആദ്യ ഗഡുവായും ഫ്രയിംശ്രീ പദ്ധതിയുടെ ആരംഭത്തിൽ ബാക്കി 25%-ഉം പദ്ധതിക്കൊടുവിൽ ശേഷിക്കുന്ന 15% -ഉം 2% TDS കിഴിച്ച് ഒന്നാം കക്ഷിക്ക് നൽകാൻ രണ്ടാം കക്ഷി ബാധ്യസ്ഥനായിരിക്കും.

15. മേല്പടി കരാർ പ്രകാരമല്ലാതെയുള്ള ഏതെങ്കിലും പ്രവർത്തികൾ ഏൽപ്പിച്ചാൽ അതിനുള്ള പ്രതിഫലം ഒന്നാം കക്ഷിക്ക് നൽകാൻ രണ്ടാം കക്ഷിക്ക് ഉത്തരവാദിത്തമുണ്ടയിരിക്കും.

16. മേല്പടി പദ്ധതിയുടെ ആത്യന്തിക ലക്ഷ്യമായി രണ്ടാം കക്ഷി തുടങ്ങാൻ ഉദ്ദേശിക്കുന്ന ടെലിവിഷൻ ചാനലിന്റെ കൺസൽട്ടന്റ്/ടെക്നിക്കൽ പാർട്ണറായി പ്രവർത്തിക്കാനുള്ള തിരഞ്ഞെടുപ്പിൽ ഒന്നാം കക്ഷിക്ക് മുൻഗണന നൽകുന്നതായിരിക്കും.

17. ഈ കരാറിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാൽ ഇരു കക്ഷികളും ഉഭയസമ്മത പ്രകാരം പ്രശ്നം പരിഹരിക്കേണ്ടതാണ്.

18. പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ രേഖകൾ, ഉത്തരവുകൾ എന്നിവ രണ്ടാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും.

19. പദ്ധതിയുമായി ബന്ധപ്പെട്ട ചടങ്ങുകൾ, സർക്കാർ പ്രതിനിധികളുടെ സാന്നിദ്ധ്യം, പ്രസ്തുത ചടങ്ങുകൾക്ക് ആവശ്യമായിവരുന്ന സാമ്പത്തിക ബാധ്യതകൾ, പരിശീലനത്തിനാവശ്യമായ പ്രതിനിധികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തൽ എന്നിവ രണ്ടാം കക്ഷിയുടെ ഉത്തരവാദിത്തമായിരിക്കും.

20. കൂടാതെ പരിശീലനത്തെപ്പറ്റിയുള്ള പ്രതിമാസ റിപ്പോർട്ട് രണ്ടാം കക്ഷിക്ക് ഒന്നാം കക്ഷി നൽകേണ്ടതാണ്. പരിശീലനത്തെപ്പറ്റിയുള്ള വീഡിയോ ഡോക്യുമെന്റേഷൻ ഒന്നാം കക്ഷി രണ്ടാം കക്ഷിയെ പരിശീലനം കഴിഞ്ഞ് ഏൽപ്പിക്കേണ്ടതാണ്.

**കോഴിക്കോട് ജില്ലയിൽ ലോക ബാങ്കിന്റെ ധനസഹായം**

357 (1801) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ ലോക ബാങ്കിന്റെ ധനസഹായം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകൾക്ക് ലഭിച്ചു എന്നും എന്ത് തുക ലഭിച്ചു എന്നും വിശദമായി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിനും പെർഫോമൻസ് ഗ്രാന്റിനായി നൽകിയ ഇവാല്യുവേഷൻ പോയിന്റ് എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ 2013-14 സാമ്പത്തിക വർഷത്തിൽ ലോക ബാങ്ക് ധനസഹായം ലഭിച്ച പഞ്ചായത്തുകളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) കോഴിക്കോട് ജില്ലയിൽ ലോകബാങ്ക് ധനസഹായം ലഭിച്ച പഞ്ചായത്തുകളുടെ വാർഷിക പ്രവർത്തന വിലയിരുത്തലിന്റെ വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പഞ്ചായത്ത് ഓഫീസർമാരുടെ പ്രവർത്തനം, വാഹനം, ഡ്രൈവർമാർ**

358 (1802) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത് ഓഫീസർമാരുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതല എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) എത്ര ഗ്രാമ പഞ്ചായത്തുകൾക്കാണ് സ്വന്തമായി വാഹനം ഉള്ളത് എന്നും ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉള്ള ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയെന്നും അറിയിക്കുമോ ;

(ഡി) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ എത്ര താൽക്കാലിക ഡ്രൈവർമാർ ഉണ്ടെന്ന വിവരം നല്കുമോ ;

(ഇ) പഞ്ചായത്തുകളിൽ എത്ര ഡ്രൈവർ തസ്തികകളുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടെന്നും ബാക്കിയുള്ളവ വിടാതിരിക്കാൻ കാരണമെന്തെന്നും അറിയിക്കുമോ ; ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ ഡ്രൈവർമാരെയും പി.എസ്.സി. മുഖേന നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) 1. തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ

2. കുടുംബശ്രീ-സി.ഡി.എസ്. മെമ്പർ സെക്രട്ടറി

3. സാക്ഷരത-പഞ്ചായത്തുതല കോ-ഓർഡിനേറ്റർ

4. അക്ഷയ-പഞ്ചായത്തുതല കോ-ഓർഡിനേറ്റർ

5. സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം-പുരോഗതി റിപ്പോർട്ട് സമർപ്പിക്കൽ.

6. തൊഴിൽ രഹിത വേതനത്തിന് സെക്രട്ടറിക്ക് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ-തൊഴിൽ രഹിത വേതനവിതരണം.

7. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററുകളുടെ ചുമതലക്കാരൻ
8. ഗ്രാമപഞ്ചായത്തിന്റെ ജനറൽ, സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ സെക്രട്ടറിയോടൊപ്പം പങ്കെടുക്കുക.
9. ഗ്രാമപഞ്ചായത്തിനു വേണ്ടി വിവിധ കോടതികളിൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ഹാജരാകുകയും വ്യവഹാരങ്ങളുടെ നടത്തിപ്പ് ചുമതലയും.
10. എസ്.സി./എസ്.ടി. പദ്ധതികളുടെ നിർവ്വഹണ ചുമതല വഹിക്കുക.

(സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഡ്രൈവർ തസ്തിക നിലവിലുള്ള 167 ഗ്രാമപഞ്ചായത്തുകളിലെയും നിയമനം പി.എസ്.സി. വഴിയാണ് നടത്തുന്നത്. തസ്തിക നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാർ ജോലി നോക്കുന്നത്.

**അൺ-എയ്ഡഡ് സ്കൂളുകൾക്ക് കെട്ടിട നികുതി ഒഴിവാക്കിയ നടപടി**

359 (1803) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. ബി. സത്യൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളെ പഞ്ചായത്തുകൾക്ക് നൽകേണ്ടുന്ന കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയ നടപടിമൂലം പഞ്ചായത്തുകൾക്കുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) അൺഎയ്ഡഡ് സ്കൂളുകളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയതു പോലെ സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്കും കെട്ടിട നികുതി ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) അൺഎയ്ഡഡ് സ്കൂളുകൾക്ക് കെട്ടിട നികുതി ഒഴിവാക്കിയത് പഞ്ചായത്തുകൾക്ക് വരുമാന നഷ്ടം വരുത്തുമെന്നതിനാൽ പ്രസ്തുത നടപടി തിരുത്താൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളെ പഞ്ചായത്തുകൾക്ക് നൽകേണ്ടുന്ന കെട്ടിടനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പിൽ 2013-ൽ വരുത്തിയ ഭേദഗതി പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറിതലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളേയും വസ്തു നികുതി, ഉപനികുതി മുതലായവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി&സി) അൺ എയ്ഡഡ് സ്കൂളുകളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കെട്ടിട നികുതിയും ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

## പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

360 (1804) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 നവംബർ 30-ന്റെ കണക്കനുസരിച്ച് ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവയുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് നൽകുമോ ;

(ബി) ചെലവിനത്തിൽ നന്നേ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക വർഷം അവസാനിക്കുവാൻ വളരെ ചുരുങ്ങിയ ദിവസങ്ങൾ മാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവഴിക്കുവാൻ കഴിയുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന് സാമ്പത്തിക പ്രതിസന്ധി കാരണമാകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ 802.97 കോടി രൂപയും (23.28%) ബ്ലോക്ക് പഞ്ചായത്തുകൾ 176.53 കോടി രൂപയും (28.43%) ജില്ലാ പഞ്ചായത്തുകൾ 228.36 കോടി രൂപയും (17.15%) ചെലവഴിച്ചിട്ടുണ്ട്.

(ബി) നന്നേ കുറവ് വന്നിട്ടില്ല.

(സി) മുഴുവൻ ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി പദ്ധതി അംഗീകാര നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കിയിരുന്നു. പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനുള്ള നടപടികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. സാമ്പത്തിക ഞെരുക്കം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടില്ല.

**സംസ്ഥാനത്തെ കുളങ്ങളുടെ സംരക്ഷണം**

361 (1805) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ സംരക്ഷണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം കേന്ദ്രസംസ്ഥാന പദ്ധതികളിൽപ്പെടുത്തിയാണ് കുളങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്താൻ നിർദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയിൽ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച സ.ഉ.(എംഎസ്.) നമ്പർ 362/13/തസ്വഭവ, 16-11-2013 പ്രകാരം മാർഗ്ഗരേഖയിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ എന്നതിൽ കുളങ്ങൾ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 6-11-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 362/13/തസ്വഭവ 1 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 'സഹസ്ര സരോവർ' പദ്ധയിലുൾപ്പെടുത്തിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയും പ്രവൃത്തികൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ നഗരസഭകളിൽ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധയിലുൾപ്പെടുത്തി പ്രവൃത്തി നടത്തി വരുന്നുണ്ട്. കൂടാതെ പ്രവൃത്തി നടത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥ സംവിധാനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

**മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വിഭജനം**

362 (1806) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പുതുക്കാട് മണ്ഡലത്തിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണപരമായ സൗകര്യത്തിനുവേണ്ടി വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണപരമായ സൗകര്യത്തിനുവേണ്ടി വിഭജിക്കണമെന്ന ആവശ്യം ഈ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുകയാണ്.

**സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം**

363 (1807) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതമായി 2014-15 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) ഇതിൽ എത്ര കോടി രൂപ ഇതുവരെ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചു നൽകി ;

(സി) അനുവദിച്ചുനൽകിയ തുകയിൽ എത്ര കോടി രൂപ ഗ്രാമപഞ്ചായത്തുകൾ ഇതേവരെ ചെലവഴിച്ചു ; വിശദമാക്കാമോ ;

(ഡി) ഇത് പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) സാമ്പത്തിക വർഷം അവസാനിക്കാറായതു കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകൾ യഥാസമയം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-2015 സാമ്പത്തിക വർഷം 2595.59 കോടി രൂപ വകയിരുത്തി.

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് 1524.11 കോടി രൂപ അനുവദിച്ചു നൽകി.

(സി) ഗ്രാമപഞ്ചായത്തുകൾ 802.97 കോടി രൂപ ചെലവഴിച്ചു.

(ഡി) 30.93%.

(ഇ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എല്ലാ ജില്ലകളിലെയും സെക്രട്ടറിമാരുടെ അവലോകയോഗം വിളിച്ചുചേർത്ത് പദ്ധതി പുരോഗതി വിലയിരുത്തുന്നു. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ ജില്ലകളിൽ സെക്രട്ടറിമാരുടെ അവലോകനയോഗം നടത്തിവരുന്നു. എല്ലാ ബുധനാഴ്ചകളിലും ചേരുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ പദ്ധതി പുരോഗതി വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പഞ്ചായത്തിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ**

364 (1808) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് മറ്റ് വകുപ്പിലെ സമാന തസ്തികയിലുള്ള ജീവനക്കാരുടേതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഏകീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം പഞ്ചായത്ത് വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം ഡ്യൂട്ടിയാണ്.

(ബി) ഇത് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷം ആക്കി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ സ്വീകരിച്ചു വരികയാണ്.

**കപ്പത്തോട്ടിലെ കുളവാഴകൾ നീക്കം ചെയ്യുന്നതിന് നടപടി**

365 (1809) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് വർഷകാലങ്ങളിൽ കരകവിഞ്ഞൊഴുകി വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിനും, ഈ പഞ്ചായത്തുകളിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കപ്പത്തോട്ടിലെ കുളവാഴകൾ നീക്കം ചെയ്ത് ആഴംകൂട്ടി കെട്ടിസംരക്ഷിക്കുന്നതിനുമായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസ്തുത പഞ്ചായത്തുകളൊന്നും പദ്ധതി വച്ചിട്ടില്ല. ഉദ്ദേശം 5 കിലോ മീറ്റർ ദൈർഘ്യമുള്ള കപ്പത്തോട് വെട്ടി ആഴം കൂട്ടി കല്ല് കെട്ടി സംരക്ഷിക്കുന്നതിന് ഭാരിച്ച ഒരു സംഖ്യ ചെലവു വരുന്നതാണ്. ടി പ്രവൃത്തി ഏറ്റെടുക്കാനുള്ള സാമ്പത്തികശേഷി ഗ്രാമപഞ്ചായത്തുകൾക്കില്ല എന്നാൽ ടി തോട്ടത്തിലെ കുളവാഴകൾ നീക്കം ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതം**

366 (1810) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ചിരുന്ന തുക എത്രയാണെന്നും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്നും നാളിതുവരെ എന്ത് തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി അടങ്കൽ തുകയിൽ 2013-14, 2014-15 സാമ്പത്തികവർഷം എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ബഡ്ജറ്റിൽ വകയിരുത്തിയ തുക 2013-14 (തുക രൂപയിൽ)

| | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 257600000 | 364800000 | 6362300000 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 710855000 | 489844000 | 2499070000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 2128865000 | ... | 5485832000 |
| വികസന ഫണ്ട് | 5298436000 | 5320780000 | 22064738000 |
| ആകെ | 8395756000 | 6175424000 | 36411940000 |

അനുവദിച്ച തുക (2013-14 തുക രൂപയിൽ)

| | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 257600000 | 364800000 | 6362300000 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 710855000 | 489384000 | 2499070000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 2128865000 | ... | 5485832000 |
| വികസന ഫണ്ട് | 529843600 | 5320780000 | 21823944855 |
| ആകെ | 8395756000 | 6174964000 | 36171146855 |

(ബി) ബഡ്ജറ്റിൽ വകയിരുത്തിയ തുക 2014-15 (തുക രൂപയിൽ)

| | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 301000000 | 425600000 | 7441302000 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 767396000 | 536614000 | 2807121000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 2116885000 | ... | 6319934000 |
| വികസന ഫണ്ട് | 6173940000 | 6214882000 | 26150511000 |
| ആകെ | 9359221000 | 7177096000 | 42718868000 |

അനുവദിച്ച തുക 2014-15(തുക രൂപയിൽ)

| | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 225750042 | 319199544 | 5393476503 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 690656400 | 482952600 | 2526408900 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 1905196500 | ... | 5687940600 |
| വികസന ഫണ്ട് | 8360795000 | 4346917400 | 11202161500 |
| ആകെ | 11182397942 | 5149069544 | 24809987503 |

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി അടങ്കൽ തുകയിൽ 2013-14, 2014-2015 സാമ്പത്തിക വർഷങ്ങളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഓഡിറ്റ്**

367 (1811) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വർഷം എത്ര വീതം പെർഫോമൻസ് ഓഡിറ്റ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ കൊല്ലത്തിൽ നാല് പ്രാവശ്യവും മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ കൊല്ലത്തിൽ രണ്ട് പ്രാവശ്യവും പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ ഓഡിറ്റ് നടത്തുന്നതിന് വീഴ്ച വരുത്തിയതിന് ബന്ധപ്പെട്ട വിഭാഗത്തിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിൽ ത്രൈമാസികമായും, മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അർദ്ധവാർഷികമായുമാണ് പെർഫോമൻസ് ഓഡിറ്റ് നടത്തി വരുന്നത്.

(ബി) ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും ക്രമപ്രകാരം, നിശ്ചിത ഇടവേളകളിൽ തന്നെ പെർഫോർമൻസ് ഓഡിറ്റ് നടത്തിവരുന്നുണ്ട്. എന്നാൽ നഗരസഭകളിലെ പെർഫോമൻസ് ഓഡിറ്റ് വാർഷികാടിസ്ഥാനത്തിലാണ് ഇപ്പോൾ നടന്നു വരുന്നത്. കൂടാതെ ചില നഗരസഭകളിൽ പെർഫോമൻസ് ഓഡിറ്റ് കുടിശ്ശികയുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.)* മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായി, നഗരസഭകളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനു മാത്രമായി ഒരു ഉദ്യോഗസ്ഥ സംവിധാനം ഇല്ല. നഗരകാര്യ വകുപ്പ് മേഖലാ ജോയിന്റ് ഡയറക്ടറുടെ കീഴിൽ, മറ്റു ജോലികൾ നിർവ്വഹിക്കുന്നതിനോടൊപ്പമാണ്, നഗരസഭകളിലെ പെർഫോമൻസ് ഓഡിറ്റും നടത്തിവരുന്നത്. ഉദ്യോഗസ്ഥരുടെ അനുദിന ഉത്തരവാദിത്തങ്ങൾക്ക് പുറമേ നിർവ്വഹിക്കേണ്ടിവരുന്ന ജോലിയായതുകൊണ്ടാണ് പലപ്പോഴും പെർഫോമൻസ് ഓഡിറ്റ് കുടിശ്ശികയാകുന്നത്.

(സി) അനുദിന ഉത്തരവാദിത്തങ്ങൾക്കു പുറമെ ചെയ്യുന്ന ജോലിയായതിനാലും, ഉദ്യോഗസ്ഥരുടെ എണ്ണം പരിമിതമായതിനാലും, മനപൂർവ്വമല്ലാത്ത കാരണങ്ങളാലുണ്ടാകുന്ന കാലതാമസമായതിനാലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ, നടപടികൾ ഒന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതി**

368 (1812) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ ഒഴിവാക്കുന്നതിന് പ്രസ്തുത സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആയത് സംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ആയത് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്ത്രീകളും പെൺകുട്ടികളും കക്ഷിയായിട്ടുള്ള ഏത് പരാതിയും സ്വീകരിക്കുക, എത്രയും പെട്ടെന്ന് ആവശ്യമായ ഇടപെടലുകളും പരിഹാരവും സഹായസംവിധാനവും ഉണ്ടാക്കുക.

2. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന ഏത് അതിക്രമത്തിനും വിവേചനത്തിനും നിയമ ലംഘനത്തിനും ചൂഷണത്തിനും അനീതിക്കുമെതിരെ സ്വയം ഇടപെടുക, പരിഹരിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുക.

3. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക.

4. സ്ത്രീകളുടേയും പെൺകുട്ടികളുടേയും പ്രശ്നങ്ങൾ പരിഹരിക്കുവാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക.

5. ആവശ്യമായ നിയമ സഹായവും ഉപദേശവും പ്രചരണവും നൽകുക.

(ബി) ഉണ്ട്. പഞ്ചായത്തുതല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുവാൻ ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുതല ജാഗ്രതാ സമിതികളും പഞ്ചായത്തുതല സമിതികളും നിയമസഹായ സമിതികളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തുകളിലെ കുട്ടികളെ സംബന്ധിച്ച വിവരം വാർഡുതലത്തിൽ സർവ്വേ നടത്തി കണ്ടെത്തുന്നതിനും, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലന

പരിപാടികൾ സംഘടിപ്പിക്കുന്നതിനും പെൺകുട്ടികൾക്കെതിരെയുള്ള പ്രശ്നങ്ങൾ ജാഗ്രതാ സമിതിയിൽ എത്തിച്ച് പ്രശ്നപരിഹാരം ഉണ്ടാക്കുവാൻ അംഗൻവാടി വർക്കർമാർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു. കൂടാതെ ശൈശവ വിവാഹം, ബാലവ്യാപാരം, ബാലപീഡനം എന്നിവ തടയുന്നതിനും ജാഗ്രതാ സമിതികൾ നടപടി സ്വീകരിച്ചു വരുന്നു.

(സി&ഡി) ഇല്ല. ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി കേരള പഞ്ചായത്ത് രാജ് ആക്ട് 2-ാം വകുപ്പിന്റെ (vi a)ഖണ്ഡം 35(1)-ാം വകുപ്പ്, 163-ാം വകുപ്പ്, എന്നിവ ഭേദഗതി ചെയ്യാനും 164 എ എന്ന പുതിയ വകുപ്പ് ആക്ടിൽ ചേർക്കാനും കേരള പഞ്ചായത്ത്രാജ് മൂന്നാം പട്ടികയിൽ ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകൾ എന്ന ശീർഷകത്തിൻ കീഴിൽ 'സി' മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലകൾ എന്ന ഉപശീർഷകത്തിൻ കീഴിൽ xiii-ാം ഇനത്തിൽ 6-ാം ഉപ ഇനമായി ഗ്രാമപഞ്ചായത്ത് തലത്തിലും നിയോജക മണ്ഡലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുക എന്നത് ചേർക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇത് കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് 254 (2)-ാം വകുപ്പിൽ ഗ്രാമ പഞ്ചായത്തുതലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും അവയുടെ ഘടനയും ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിക്കുന്നതിനായി 'X എ' എന്ന ഖണ്ഡം ചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

**കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ**

369 (1813) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എം.എൽ.എ. അദ്ധ്യക്ഷനായി നിയോജക മണ്ഡലം തലത്തിൽ മേൽനോട്ട സമിതികൾ എല്ലാ മണ്ഡലങ്ങളിലും രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മണ്ഡലങ്ങളിലാണെന്നും എത്ര തവണ യോഗം ചേർന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യോഗം വിളിച്ചു ചേർത്തത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വിളിച്ചുചേർത്ത യോഗങ്ങളിൽ ജനപ്രതിനിധികൾ എന്തെല്ലാം പരാതികളാണ് ഉന്നയിച്ചത് ; പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ?

ഉത്തരം

(എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഇടുക്കി ജില്ലയിലെ മൂന്ന് മണ്ഡലങ്ങൾ ഒഴികെ ബാക്കി എല്ലാ ജില്ലകളിലും എം.എൽ.എ.-മാർ അദ്ധ്യക്ഷനായി മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) അനുബന്ധം I ആയി ചേർക്കുന്നു.*

(സി) അതാത് നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ/അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കൺവീനറായാണ് യോഗങ്ങൾ വിളിച്ചു ചേർക്കുന്നത്.

(ഡി) അനുബന്ധം II ആയി ചേർക്കുന്നു.*

## അട്ടപ്പാടിയിലെ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പദ്ധതി (പ്ലാൻ നോൺപ്ലാൻ) ചെലവ്

370 (1814) ശ്രീ. എ. കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14 വർഷങ്ങളിൽ അട്ടപ്പാടിയിലെ ഗ്രാമപഞ്ചായത്തു കളുടെയും ബ്ലോക്കുപഞ്ചായത്തുകളുടെയും പദ്ധതി (പ്ലാൻ, നോൺ പ്ലാൻ) ചെലവ് എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കായുള്ള പ്രത്യേക ഘടക പദ്ധതികളിലേക്ക് പദ്ധതിയുടെ എത്ര ശതമാനം തുകയാണ് നീക്കി വച്ചത്; അതിന്റെ എത്ര ശതമാനം ചെലവഴിച്ചു ;

(സി) ചെലവഴിക്കപ്പെടാത്ത പദ്ധതി തുക വക മാറ്റിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) 2014-15 വർഷത്തെ ഇതുവരെയുള്ള പദ്ധതിച്ചെലവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) 2014-15 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതികളിലേക്ക് നീക്കിവച്ച തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു എന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)

| | 2012-13 | | 2013-14 | |
|---|---|---|---|---|
| | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺ പ്ലാൻ |
| അഗളി ഗ്രാമപഞ്ചായത്ത് | 57 | 11 | 70 | 75 |
| പുതൂർ ഗ്രാമപഞ്ചായത്ത് | 60 | 9 | 67 | 23 |
| ഷോളയൂർ ഗ്രാമപഞ്ചായത്ത് | 39 | 57 | 60 | 74 |
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 66 | -- | 73 | -- |

(ബി)

2012-13

| | എസ്.സി.പി. | | ടി.എസ്.പി. | |
|---|---|---|---|---|
| | ആകെ അടങ്കൽ തുകയിൽ നീക്കിവച്ചത് | ചെലവ് | ആകെ അടങ്കൽ തുകയിൽ നീക്കിവച്ചത് | ചെലവ് |
| അഗളി ഗ്രാമ പഞ്ചായത്ത് | 4 | 33 | 37 | 59 |
| പുതൂർ ഗ്രാമപഞ്ചായത്ത് | 2 | 53 | 36 | 60 |
| ഷോളയൂർ ഗ്രാമപഞ്ചായത്ത് | 6 | 100 | 42 | 51 |
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 4 | 73 | 44 | 83 |

2013-14

| | എസ്.സി.പി | | ടി.എസ്.പി | |
|---|---|---|---|---|
| | ആകെ അടങ്കൽ തുകയിൽ നീക്കി വച്ചത് | ചെലവ് | ആകെ അടങ്കൽ തുകയിൽ നീക്കിവച്ചത് | ചെലവ് |
| അഗളി ഗ്രാമപഞ്ചായത്ത് | 3 | 57 | 27 | 48 |
| പുതൂർ ഗ്രാമപഞ്ചായത്ത് | 1 | 40 | 27 | 52 |
| ഷോളയൂർ ഗ്രാമപഞ്ചായത്ത് | 5 | 51 | 34 | 50 |
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 3 | 69 | 37 | 75 |

(സി) ഇല്ല.

(ഡി) അഗളി ഗ്രാമ പഞ്ചായത്ത് - 11%

പുതൂർ ഗ്രാമ പഞ്ചായത്ത് - 18%

ഷോളയൂർ ഗ്രാമ പഞ്ചായത്ത് - 13%

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് - 42%

(ഇ)

| | എസ്.സി.പി. | ടി.എസ്.പി |
|---|---|---|
| അഗളി ഗ്രാമ പഞ്ചായത്ത് | 23 | 8 |
| പുതൂർ ഗ്രാമ പഞ്ചാത്ത് | 9 | 9 |
| ഷോളയൂർ ഗ്രാമപഞ്ചായത്ത് | 10 | 12 |
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | 99 | 36 |

**പഞ്ചായത്തുകളിലെ നികുതി പിരിവ്**

371 (1815) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പഞ്ചായത്തുകളിലെ പ്രാദേശിക നികുതി വരുമാനമായി ലഭിക്കുന്ന തുകയുടെ കഴിഞ്ഞ 10 വർഷത്തിനിടയിലെ കണക്ക് (സംസ്ഥാനത്തെ മൊത്തത്തിൽ) നൽകുമോ;

(ബി) നികുതി പിരിവ് യഥാർത്ഥ നികുതിയേക്കാൾ കുറവ് രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ വിശദമാക്കുമോ ;

(സി) പഞ്ചായത്തുകൾ കൂടുതൽ പ്രവർത്തനങ്ങൾ പ്രാദേശിക ഫണ്ടുപയോഗിച്ച് ചെയ്യുന്നതിന് പ്രോൽസാഹനം നൽകുമോ; വിശദമാക്കുമോ;

(ഡി) പരമാവധി പ്രാദേശിക വിഭവസമാഹരണം നടത്തുന്ന പഞ്ചായത്തുകൾക്ക് കൂടുതൽ പണം നൽകി പ്രോൽസാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

| | | (രൂപ കോടിയിൽ) |
|---|---|---|
| (എ) | 2003-04 | 113.49 |
| | 2004-05 | 123.61 |
| | 2005-06 | 156.13 |
| | 2006-07 | 156.31 |
| | 2007-08 | 177.66 |
| | 2008-09 | 167.99 |
| | 2009-10 | 206.64 |

| | |
|---|---|
| 2010-11 | 201.68 |
| 2011-12 | 251.77 |
| 2012-13 | 269.15 |

(ബി) ശ്രദ്ധയിൽപ്പെട്ടില്ല.

(സി) കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാറുണ്ട്.

(ഡി) നികുതി പിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനമാക്കി മൊത്തം വികസന ഫണ്ടിന്റെ പരമാവധി 10% തുക പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നുണ്ട്. മികച്ച പഞ്ചായത്തുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് സ്വരാജ് പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

**പഞ്ചായത്തുകളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ്**

372 (1816) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പഞ്ചായത്തുകളിലെ പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ആധാർ നിർബന്ധമാക്കുന്നത് പരിഗണിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) വീട്ടു നമ്പരുമായി ആധാർ ബന്ധപ്പെടുത്തി പഞ്ചായത്തുകളിലെ വോട്ടർപ്പട്ടിക നവീകരിക്കുന്നതു പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

**കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത്**

373 (1817) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വാർഡുകളുടെ എണ്ണം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ത്രിതല പഞ്ചായത്ത് ഇലക്ഷന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകളുടെ വിഭജനം ലക്ഷ്യമിടുന്നുണ്ടോ ; എങ്കിൽ നടപടികൾ അറിയിക്കുമോ ;

(സി) കൊല്ലം ജില്ലയിലെ തന്നെ ഏറ്റവും വിസ്തൃതി കൂടിയതും ജനസംഖ്യയിൽ മുന്നോക്കം നിൽക്കുന്നതുമായ ഗ്രാമപഞ്ചായത്താണ് കല്ലുവാതുക്കല്ലെന്ന് ബോധ്യമുണ്ടോ ;

(ഡി) പ്രസ്തുത ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വാർഡുകളുടെ എണ്ണം 23-ഉം ജനസംഖ്യ 52541-ഉം ഭൂവിസ്തൃതി 35.57 ച.കി.മീറ്ററുമാണ്.

(ബി) ഉണ്ട്. 2015-ൽ നടക്കേണ്ടുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയോട് നിലവിലുള്ള പഞ്ചായത്തുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പരാതികളും ആക്ഷേപങ്ങളും കൂടി പരിഗണിച്ചുകൊണ്ട് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിച്ചതിന് ശേഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പഞ്ചായത്തുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ**

374 (1818) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ പത്ത് വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

**പഞ്ചായത്തുകളിലും നഗരസഭകളിലും വാർഡ് വിഭജനം**

375 (1819) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിലും, നഗരസഭകളിലും വാർഡ് വിഭജനം നടത്താൻ ഉദ്ദേശ്യമുണ്ടോ; പഞ്ചായത്തുകൾ വിഭജിക്കാൻ ഉദ്ദേശ്യമുണ്ടോ; നിലവിലുള്ള സംവരണസ്വഭാവം വ്യത്യാസം വരുത്താൻ ഉദ്ദേശ്യമുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് തീരുമാനം കൈക്കൊള്ളാൻ കഴിയുമോ; വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള സംവരണ വാർഡുകൾ ഒരു ടേം കൂടി തുടരാൻ തീരുമാനം എടുക്കാൻ ഉദ്ദേശമുണ്ടോ ; വ്യക്തമാക്കാമോ ;

(സി) എത്ര ജനസംഖ്യക്കാണ് ഒരു വാർഡ്, ഒരു ഗ്രാമപഞ്ചായത്തിൽ എത്ര വാർഡ്, ജനസംഖ്യ-മാനദണ്ഡം എത്ര എന്നിവ വ്യക്തമാക്കാമോ; പഞ്ചായത്തുകൾ-മുനിസിപ്പാലിറ്റികൾ ആക്കുന്നതിനും ടൗൺ പഞ്ചായത്തുകൾ ആക്കുന്നതിനും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരള പഞ്ചായത്ത്രാജ് നിയമം 10-ാം വകുപ്പ് പ്രകാരം പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്തുന്നതിനുള്ള ചുമതല സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. പുതിയ ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) കേരള പഞ്ചായത്ത് രാജ് നിയമം 6, 7, 8, 9 വകുപ്പുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി സംവരണ വാർഡുകൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

**ഗ്രാമപഞ്ചായത്തുകളുടെ വിഭജനം**

376 (1820) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയത് ഉണ്ടാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളാണ് വിഭജന പട്ടികയിലുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2015-ൽ നടക്കേണ്ടുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി & സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

**ഗ്രാമപഞ്ചായത്തുകളുടെ വിഭജനം**

377 (1821) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കാൻ നിർദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(സി) ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2015-ൽ നടക്കേണ്ടുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റി സംസ്ഥാനത്ത് നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിൽ ചിലത് വിഭജിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി & സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

## മിഷൻ 676-ൽ ഉൾപ്പെടുത്തിയ പഞ്ചായത്ത് വകുപ്പ് പദ്ധതികൾ

378 (1822) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പഞ്ചായത്ത് വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവ ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട്; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയാണോ ;

(സി) ഇവയിൽ പൂർത്തിയാക്കിയവ ഏതെല്ലാം; പണി ആരംഭിച്ചത് ഏതെല്ലാം; പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) 1. എല്ലാവർക്കും വീട്

2. പാട്ടകൃഷി

3. ക്ഷേമപെൻഷനുകൾ

4. ഖരമാലിന്യ സംസ്കരണ യൂണിറ്റ്

5. അറവുശാലകൾ

6. മാതൃക ഗ്യാസ് ക്രിമറ്റോറിയം

7. നീന്തൽ പരിശീലനം, അഗ്നിശമന പ്രവർത്തന പരിശീലനം

(ബി) തുക നീക്കി വയ്ക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇ.എം.എസ്. ഭവന പദ്ധതിയിൽ 8045 വീടുകൾ പൂർത്തീകരിച്ചു. അറവ്ശാലകൾ പണി ആരംഭിച്ചിട്ടുണ്ട്. മറ്റു പദ്ധതികൾ പ്രാരംഭദശയിലാണ്.

## കോഴിക്കോട് ജില്ലയിലെ CDS-കളുടെ പ്രവർത്തനം

379 (1823) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് ജില്ലയിൽ CDS-കളുടെ ദൈനംദിന ചെലവിനുള്ള ഭരണ നിർവ്വഹണ ഗ്രാന്റും, CDS അക്കൗണ്ടന്റുമാരുടെ ശമ്പളവും മാസങ്ങളായി മുടങ്ങി കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ദേശസാൽകൃത-സഹകരണ ബാങ്കുകളിൽ നിന്നും ലിങ്കേജ് വായ്പ എടുത്ത അയൽക്കൂട്ടങ്ങൾക്ക്, വായ്പയ്ക്ക് നൽകുന്ന പലിശ, സബ്സിഡി, മാച്ചിംഗ് ഗ്രാന്റ് എന്നിവയിൽ എത്ര രൂപ കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ജില്ലയിൽ എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ മൂന്ന വർഷക്കാലയളവിൽ, കുടുംബശ്രീ ജില്ലാ മിഷൻ കോഴിക്കോട് ജില്ലയിൽ എത്ര പൊതുപരിപാടി സംഘടിപ്പിച്ചുവെന്നും അതിന് എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ സി.ഡി.എസുകളുടെ ദൈനംദിന ചെലവിനുള്ള ഭരണ നിർവ്വഹണ ഗ്രാന്റ് 2014 ജൂൺ മാസം വരെ നൽകിയിട്ടുണ്ട്. വിവിധ സി.ഡി.എസുകൾ സമർപ്പിച്ച ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് അപാകതയുള്ളവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാമിഷനിൽ തീർപ്പാകാതെ കിടക്കുന്ന എല്ലാ തപാലുകളും ഫയലുകളും അടിയന്തരമായി തീർപ്പാക്കുന്നതിലേക്ക് 2014 ഡിസംബർ 10 മുതൽ 18 വരെ ഫയൽ തീർപ്പാക്കൽ അദാലത്ത് നടത്തുന്നതിന് നടപടി എടുക്കുകയും ഇതിന്റെ ഭാഗമായി മുഴുവൻ സി.ഡി.എസുകളിൽ നിന്നും തീർപ്പാക്കാനുള്ള ഫയലുകളുടെ വിവരങ്ങൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ ശമ്പളം 2014 സെപ്റ്റംബർ വരെയുള്ളത് നൽകിയിട്ടുള്ളതാണ്. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നാം ക്വാർട്ടർ വിതരണം ചെയ്യുന്നതിലേക്കായി ലഭ്യമായ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചുവരികയും ഫയൽ തീർപ്പാക്കൽ അദാലത്തിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ബി) മാച്ചിംഗ് ഗ്രാന്റ് കുടിശ്ശികയായി 1,07,11,107 രൂപയും, പലിശ സബ്സിഡി കുടിശ്ശികയായി 64,33,367 രൂപയും നൽകുവാനുണ്ട്.

(സി) മാച്ചിംഗ് ഗ്രാന്റിൽ 2706 അപേക്ഷകളും, പലിശ സബ്സിഡി ഇനത്തിൽ 1612 അപേക്ഷകളും തീർപ്പാക്കാനുണ്ട്.

(ഡി) കുടുംബശ്രീ 15-ാം സംസ്ഥാന വാർഷികത്തിന്റെ ഭക്ഷ്യ വിപണനമേള, പൊതുസമ്മേളനം എന്നിവ ഉൾപ്പെടെ ആകെ 14 പൊതുപരിപാടികൾ സംഘടിപ്പിക്കുകയും ഈ ഇനങ്ങളിലായി 1,14,47,859 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## വികലാംഗർക്കുള്ള വൈകല്യ സർട്ടിഫിക്കറ്റുകൾ

380 (1824) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ലെ ഡിസ്എബിലിറ്റി ആക്ട് പ്രകാരം എല്ലാ വികലാംഗർക്കും വൈകല്യ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗർക്ക് ഐ.ഡി. കാർഡുകളും സർട്ടിഫിക്കറ്റും വിതരണം ചെയ്തതിന്റെ കണക്കുകൾ ജില്ലാ തലത്തിൽ വെളിപ്പെടുത്തുമോ ;

(സി) ജില്ലാതലത്തിലും മണ്ഡലതലത്തിലും പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് ഇതേവരെ കാർഡ് ലഭിച്ചിട്ടില്ലാത്തവർക്ക് സാമൂഹ്യസുരക്ഷാമിഷൻ വഴി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകപ്പെട്ട തിരിച്ചറിയൽ കാർഡിന്റെയും സർട്ടിഫിക്കറ്റിന്റെയും ജില്ലാതല കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | ആകെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 4104 |
| 2 | കൊല്ലം | 4513 |
| 3 | പത്തനംതിട്ട | 2287 |
| 4 | ആലപ്പുഴ | 5581 |
| 5 | കോട്ടയം | 5864 |

| (1) | (2) | (3) |
|---|---|---|
| 6 | ഇടുക്കി | 2517 |
| 7 | എറണാകുളം | 6770 |
| 8 | തൃശ്ശൂർ | 7008 |
| 9 | പാലക്കാട് | 6013 |
| 10 | മലപ്പുറം | 10418 |
| 11 | കോഴിക്കോട് | 8083 |
| 12 | വയനാട് | 1841 |
| 13 | കണ്ണൂർ | 6102 |
| 14 | കാസർകോഡ് | 4306 |
| | ആകെ | 75407 |

ജില്ലാ തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകി വരുന്നുണ്ട്.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തുവാനുദ്ദേശിക്കുന്ന വികലാംഗ സെൻസസിന്റെ അടിസ്ഥാനത്തിൽ ഇനിയും സർട്ടിഫിക്കറ്റും കാർഡും ലഭിക്കാത്തവരുടെ കണക്കുകൾ ശേഖരിച്ച് ടി രേഖകൾ ലഭിക്കാത്തവർക്ക് ആയത് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ശ്രുതി തരംഗം പദ്ധതി**

381 (1825) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കിയ ശ്രുതിതരംഗം പദ്ധതിക്കുവേണ്ടി കോക്ളിയർ ഇംപ്ളാന്റേഷൻ വാങ്ങുന്നതിനായി, സീൽഡ് ടെണ്ടർ, ഇ-ടെണ്ടർ, ആഗോള ടെണ്ടർ എന്നിവയിൽ ഏതെങ്കിലും ക്ഷണിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങളും ടെണ്ടർ ഫാറം പകർപ്പുകളും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ക്ഷണിച്ചിട്ടില്ല. കേരളത്തിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറിയിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ലഭ്യമായ 4 കമ്പനിയുടെ കോക്ലിയാർ ഇംപ്ലാന്റിന്റെ സാങ്കേതികമായ സ്വീകാര്യത, ഓപ്പറേഷനു മുമ്പുള്ള സാങ്കേതിക സഹായവും മേൽനോട്ടവും ഗുണനിലവാരവും എന്നിവ വിലയിരുത്തി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ കോക്ലിയാർ ഇംപ്ലാന്റുകൾ ശിപാർശ ചെയ്യുവാൻ 22-10-2011-ലെ സ.ഉ.(ആർറ്റി.)നമ്പർ 3713/2011/ആ.കു.വ. പ്രകാരം ഗവൺമെന്റ് ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതിക പരിശോധനയും ഈ രംഗത്തെ വിദഗ്ദ്ധരായ ഡോക്ടർമാരിൽ നിന്നുള്ള Feed back-ഉം വിലയിരുത്തിയതിനുശേഷം കമ്മിറ്റി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ ഇംപ്ലാന്റ് അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റേതുമാണെന്ന് ശിപാർശ ചെയ്തതു പ്രകാരം മേൽ കമ്പനികളിൽ നിന്നും സർക്കാർ അനുമതി നൽകിയിട്ടുള്ളതു പ്രകാരമാണ് കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങുന്നത്.

**രാമന്തളിയിൽ പുതിയ അംഗൻവാടി**

382 (1826) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ പ്രോജക്ടിനു കീഴിൽ രാമന്തളി പഞ്ചായത്തിൽ പുതുതായി അംഗൻവാടി അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് അംഗൻവാടി അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. രാമന്തളി പഞ്ചായത്തിൽ പയ്യന്നൂർ ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിൽ ഉരുത്തുമ്മൽ പട്ടികജാതി കോളനിയിൽ പുതുതായി അംഗൻവാടി അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷയിന്മേൽ പരിശോധന നടത്തി കേന്ദ്ര സർക്കാരിന്റെ 'Anganwadi on demand' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## സ്നേഹപൂർവ്വം - ആശ്വാസകിരണം - പദ്ധതികൾ

383 (1827) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹു. സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, സഭയെ അറിയിച്ചിരുന്നത്, സ്നേഹപൂർവ്വം-ആശ്വാസകിരണം-പദ്ധതികളിൽ ധനസഹായത്തിന് അപേക്ഷിച്ച മുഴുവൻ പേർക്കും 2014 സെപ്റ്റംബർ 30-നു മുമ്പ് അതു നൽകുമെന്നാണ്. എന്നാൽ ഇരു പദ്ധതികളിലുമായി 25000-ത്തിൽ അധികം പേർക്ക് ഇനിയും ധനസഹായം ലഭിക്കാത്തത് എന്തുകൊണ്ടാണ് ;

(ബി) പ്രസ്തുത അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സ്നേഹപൂർവ്വം പദ്ധതി ധനസഹായത്തിനുവേണ്ടിയുള്ള 8563 അപേക്ഷകൾ കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്നതായി അറിയിച്ചിരുന്നു. ഇതിനു പുറമേ കോഴിക്കോട് റീജിയണൽ ഡയറക്ടർ ആഫീസിൽ നിന്നും 3825 അപേക്ഷകൾ കൂടി ലഭിക്കുകയുണ്ടായി. ടി കാലയളവിൽ ആകെ ലഭ്യമായിരുന്ന 12388 അപേക്ഷകളിൽ 9952 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 2436 അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് 15-12-2014-ന് മുമ്പ് ധനസഹായം അനുവദിച്ചു നൽകുന്നതാണ്. ആശ്വാസകിരണം പദ്ധതി ധനസഹായത്തിനുവേണ്ടി ലഭിച്ചതിൽ കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് തീർപ്പാക്കാനുണ്ടായിരുന്ന 15692 അപേക്ഷകളിൽ 5971 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാക്കി 9721 പേർക്ക് 31-12-2014-നു മുമ്പ് ധനസഹായം അനുവദിക്കുന്നതാണ്. ആശ്വാസകിരണം പദ്ധതി ധനസഹായം അനുവദിച്ചു വരുന്ന 60130 പേരുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്ന ജോലി കൂടി ഇതേ കാലയളവിൽ ചെയ്യേണ്ടി വന്നതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായി. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്തിട്ടുണ്ട്.

(ബി) ആശ്വാസകിരണം, സ്നേഹപൂർവ്വം പദ്ധതി ധനസഹായം അനുവദിക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്തു നിന്നും മനഃപൂർവ്വമുള്ള അനാസ്ഥ ഉണ്ടായിട്ടില്ല. വളരെയധികം അപേക്ഷകൾ ലഭിച്ചതിനാലും ലൈഫ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ജോലികളും ഒരേ സമയം ചെയ്യേണ്ടി വന്നതിനാലാണ് കാലതാമസം ഉണ്ടായത്.

## ശ്രുതിതരംഗം പദ്ധതിക്കായി ഉപകരണങ്ങൾ

384 (1828) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 25-4-2012 മുതൽ 31-3-2013 വരെ കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കിയ' ശ്രുതിതരംഗം 'പദ്ധതിക്കുവേണ്ടി എത്ര കോക്‌ളിയർ ഇംപ്‌ളാന്റേഷൻ ഉപകരണങ്ങൾ വാങ്ങി എന്നു വ്യക്തമാക്കുമോ ;

(ബി) ഈയിനത്തിൽ എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളത് ;

(സി) പർച്ചേസ് ചട്ടങ്ങൾ പാലിച്ചാണോ പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് ; വിശദാംശങ്ങൾ നല്കുമോ ?

<u>ഉത്തരം</u>

(എ) 25-4-2012 മുതൽ 31-3-2013 വരെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിക്കുവേണ്ടി 200 കോക്ലിയർ ഇംപ്ലാന്റുകൾ വാങ്ങിയിട്ടുണ്ട്.

(ബി) 9,13,04,200 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ കോക്ലിയർ ഇംപ്ലാന്റ് സർജറിയിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ലഭ്യമായ 4 കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതികമായ സ്വീകാര്യത, ഓപ്പറേഷനു മുമ്പുള്ള സാങ്കേതിക സഹായവും മേൽനോട്ടവും ഗുണനിലവാരവും എന്നിവ വിലയിരുത്തി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ കോക്ലിയാർ ഇംപ്ലാന്റുകൾ ശിപാർശ ചെയ്യുവാൻ 22-10-2011-ലെസ.ഉ(ആർറ്റി.)നമ്പർ 3713/2011/ആ.കു.വ. പ്രകാരം ഗവൺമെന്റ് ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റുകളുടെ സാങ്കേതിക പരിശോധനയും ഈ രംഗത്തെ വിദഗ്ദ്ധരായ ഡോക്ടർമാരിൽ നിന്നുള്ള Feed back-ഉം വിലയിരുത്തിയതിനുശേഷം കമ്മിറ്റി കേരളത്തിലെ കുട്ടികൾക്ക് അനുയോജ്യമായ ഇംപ്ലാന്റ് അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കോക്ലിയാർ മെഡിക്കൽ ഡിവൈസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റേതുമാണെന്ന് ശിപാർശ ചെയ്തതു പ്രകാരം മേൽ കമ്പനികളിൽ നിന്നും സർക്കാർ അനുമതി നൽകിയിട്ടുള്ളത് പ്രകാരമാണ് കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങുന്നത്.

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് സ്റ്റാമ്പ് വിൽപ്പന

385 (1829) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരള സാമൂഹ്യ സുരക്ഷ മിഷൻ ഫണ്ട് സ്വരൂപിക്കുന്നതിനായി അച്ചടിച്ച് വിതരണം ചെയ്ത സ്റ്റാമ്പുകളുടെ വിൽപ്പന പൂർത്തീകരിക്കുന്നതിനായി എത്ര തവണയാണ് സമയം ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് എന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചത് എന്നു വിശദമാക്കുമോ ;

(സി) പ്രസ്തുത സ്റ്റാമ്പ് വിൽപനയുമായി ബന്ധപ്പെട്ട ക്രമക്കേടിനെ സംബന്ധിച്ചും പണാപഹരണത്തെക്കുറിച്ചും, എക്സിക്യൂട്ടീവ് ഡയറക്ടറുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടേയും ഇക്കാര്യത്തിലുള്ള കൃത്യവിലോപത്തെ സംബന്ധിച്ചും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) മൂന്ന് തവണ സമയം ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്റ്റാമ്പ് വിൽപന നടത്തുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയ 31-12-2012-വരെ മാത്രമേ സ്റ്റാമ്പ് വിൽപ്പന നടത്തിയിട്ടുള്ളു. പ്രസ്തുത തീയതിക്കുശേഷം വിൽപ്പനയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും സ്റ്റാമ്പുകളൊന്നും തന്നെ നൽകിയിട്ടില്ല.

(സി) സ്റ്റാമ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ക്രമക്കേടുകളോ പണാപഹരണമോ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നടന്നതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

## ശിശു സംരക്ഷണ പരിപാടി

386 (1830) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ശിശു സംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക-ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നല്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി 2009 മുതൽ നടപ്പിലാക്കി വരുന്നു. 2014 മേയ് മാസം മുതൽ സംസ്ഥാനതല ശിശുസംരക്ഷണ യൂണിറ്റും ഒക്ടോബർ മാസം മുതൽ എല്ലാ ജില്ലകളിലും ജില്ലാതല ശിശുസംരക്ഷണ യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചു.

(ബി) വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ വരത്തക്കവണ്ണം സംയോജിപ്പിച്ചാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ബാലനീതി സേവനങ്ങൾ ഉറപ്പാക്കുക, കുടുംബതലത്തിലും സമൂഹതലത്തിലുമുള്ള ശിശു സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുക, 2000-ലെ ബാലനീതി നിയമത്തിന്റെ പരിധിയിൽ വരുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ, പുനരധിവാസം എന്നിവ ഉറപ്പാക്കുക, കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും ശിശു സംരക്ഷണത്തെപ്പറ്റിയുമുള്ള സാമൂഹ്യ അവബോധം വർദ്ധിപ്പിക്കുക എന്നിവയാണ്.

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി സാമൂഹികതലത്തിൽ പ്രചാരണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ലൈംഗികാതിക്രമങ്ങൾ പ്രതിരോധിക്കുവാനുള്ള ആന്തരിക ശേഷി കുട്ടികളിൽ വളർത്തുവാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ജില്ലാതല ബോധവൽക്കരണ പരിപാടികൾ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

(ഡി) പ്രചാരണ പ്രവർത്തനങ്ങൾ, അദ്ധ്യാപകരുടെ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ്, പരിശീലകരുടെ കൈപുസ്തകം, ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനുള്ള പരിപാടികൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ കുമളിയിൽ മാതാപിതാക്കളുടെ ക്രൂര പീഡനത്തിനിരയായ കുട്ടിയുടെ എല്ലാ ചികിത്സാ ചെലവുകളും ഈ പദ്ധതി പ്രകാരം സർക്കാർ വഹിച്ചുവരുന്നു. Committee on child Rights Violations of Vulnerable Children റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പീഡനത്തിനിരയാകുന്ന കുട്ടികൾക്ക് അടിയന്തര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി

ഓഫീസർമാർക്കും 20,000 രൂപ കരുതൽ തുകയായി അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയ്ക്കടുത്ത് രണ്ടാനച്ഛന്റെ ക്രൂരമർദ്ദനത്തെ തുടർന്ന് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ കുട്ടിക്ക് അടിയന്തര ചികിത്സാ ചെലവുകൾ ഈ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ തന്നെ പിതാവ് തിളച്ച എണ്ണ ഒഴിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് കോഴിക്കോട് കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിച്ച കുട്ടിക്ക് അടിയന്തര ചികിത്സാ സഹായമായി 99,703 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**കേരള സാമൂഹ്യ മിഷന്റെ വിവിധ പദ്ധതികൾ**

387 (1831) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള കേരള സാമൂഹിക മിഷൻ പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു ; ആയതുപ്രകാരം നാളിതുവരെ എന്ത് തുക ചെലവഴിച്ചു ;

(ബി) ഈ നടപ്പുവർഷം ആശ്വാസകിരണം പദ്ധതിക്ക് എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(സി) കാൻസർ സുരക്ഷ പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ഡി) താലോലം പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു ; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ഇ) ശ്രുതിതരംഗം പദ്ധതിക്ക് ഈ നടപ്പുവർഷം എന്തുതുക ചെലവഴിച്ചു ; എത്രപർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു

(എഫ്) സ്നേഹപൂർവ്വം പദ്ധതിക്ക് ഈ നടപ്പുവർഷം എന്തുതുക ചെലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(ജി) വയോമിത്രം പദ്ധതിക്ക് ഈ നടപ്പുവർഷം എന്തുതുക ചെലവഴിച്ചു; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; സ്നേഹസ്പർശം പദ്ധതിക്ക് ഈ നടപ്പുവർഷം എന്ത് തുക ചെലവഴിച്ചു; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെയും 31-10-2014 വരെ ചെലവഴിച്ച തുകയുടെയും പദ്ധതി തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| പദ്ധതിയുടെ പേര് | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | 31-10-2014 വരെ ചെലവഴിച്ച തുക |
|---|---|---|
| ആശ്വാസകിരണം | 2300 ലക്ഷം | 2468.99 ലക്ഷം |
| സ്നേഹസ്പർശം | 150 ലക്ഷം | 144.42 ലക്ഷം |
| സ്നേഹസാന്ത്വനം(എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള പ്രത്യേക പാക്കേജ്) | 900 ലക്ഷം | 455.39 ലക്ഷം |
| താലോലം പദ്ധതി | 700 ലക്ഷം | 507 ലക്ഷം |
| ക്യാൻസർ സുരക്ഷ | 700 ലക്ഷം | 340 ലക്ഷം |
| വയോമിത്രം പദ്ധതി | 700 ലക്ഷം | 426.72 ലക്ഷം |
| വിശപ്പുരഹിത നഗരം പദ്ധതി | 180 ലക്ഷം | 178.6 ലക്ഷം |
| ശ്രുതിതരംഗം പദ്ധതി | 1000 ലക്ഷം | 409.17 ലക്ഷം |
| സ്നേഹപൂർവ്വം പദ്ധതി | 700 ലക്ഷം | 704.78 ലക്ഷം |
| വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പ് | 100 ലക്ഷം | 18.63 ലക്ഷം |
| സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ കെയർ പ്രൊവൈഡർമാരെ നിയോഗിക്കുന്ന പദ്ധതി | 200 ലക്ഷം | 69.76 ലക്ഷം |
| മോഡൽ പാരാപ്ലീജിക് സെന്റർ | 50 ലക്ഷം | ഇല്ല |
| ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ | 50 ലക്ഷം | ഇല്ല |
| സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സെൻസസ് | 500 ലക്ഷം | 0.19 ലക്ഷം |
| സ്റ്റേറ്റ് ഇനിഷ്യേയേറ്റീവ് ഓൺ ഡിസബിലിറ്റീസ് | 4000 ലക്ഷം | 100.70 ലക്ഷം |

(ബി) നടപ്പു വർഷം ആശ്വാസകിരണം പദ്ധതി ചെലവുകൾക്കായി 31-10-2014 വരെ 2468.99 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. 60135 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി ആവശ്യമായി വന്ന തുക മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ചു.

(സി) നടപ്പു വർഷം ക്യാൻസർ സുരക്ഷാ പദ്ധതി ചെലവുകൾക്കായി 31-10-2014 വരെ 340 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം പുതുതായി രജിസ്റ്റർ ചെയ്ത 193 കുട്ടികൾക്കും നേരത്തേ രജിസ്റ്റർ ചെയ്ത ചികിത്സ നേടി വരുന്ന 3696 കുട്ടികൾക്കും ചികിത്സാ സഹായം ലഭിച്ചിട്ടുണ്ട്.

(ഡി) നടപ്പു വർഷം താലോലം പദ്ധതി ചെലവുകൾക്ക് 31-10-2014 വരെ 507 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം പുതുതായി രജിസ്റ്റർ ചെയ്ത 458 കുട്ടികൾക്കും മുൻവർഷം രജിസ്റ്റർ ചെയ്തിട്ടുള്ള 8417 കുട്ടികൾക്കും സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്.

(ഇ) ശ്രുതിതരംഗം പദ്ധതിക്ക് നടപ്പുവർഷം 31-10-2014 വരെ 409.17 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പുവർഷം 69 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി.

(എഫ്) സ്നേഹപൂർവ്വം പദ്ധതിക്ക് നടപ്പു വർഷം 31-10-2014 വരെ 704.78 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. 21726 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം നൽകിയിട്ടുണ്ട്.

(ജി) വയോമിത്രം പദ്ധതിക്ക് നടപ്പു വർഷം 31.10.2014 വരെ 426.72 ലക്ഷം രൂപ ചെലവഴിച്ചു. 109000 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം നൽകിയിട്ടുണ്ട്. സ്നേഹസ്പർശം പദ്ധതിക്ക് നടപ്പു വർഷം 31.10.2014 വരെ 144.42 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. 1817 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

**സമഗ്ര പോഷകാഹാര പദ്ധതി**

388 (1832) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സമഗ്ര പോഷകാഹാര നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നല്കുമോ ;

(ഡി) സമഗ്ര പോഷകാഹാര പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏതു രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 4-2-14-ലെ സ.ഉ.(സാധാ) നമ്പർ 08/2014/സാനീവ പ്രകാരം സംസ്ഥാന പോഷകാഹാര നയം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അങ്കണവാടികൾ വഴി 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അനുപൂരകപോഷകാഹാരം നൽകി വരുന്നു. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് അമൃതം ന്യൂട്രിമിക്സ്, ടേക്ക് ഹോം റേഷൻ ആയും 3 മുതൽ 6 വയസ്സുവര പ്രായമുള്ള കുട്ടികൾക്ക് അവൽ, ശർക്കര, കപ്പലണ്ടി മിഠായി, പാൽ, മുട്ട ഇവയിലേതെങ്കിലും രാവിലേയും (മോണിംഗ് സ്നാക്ക്) ചോറ്, ചെറുപയർ, പച്ചക്കറി, ഇവയിലേതെങ്കിലും ഉച്ചയ്ക്കും, ഗോതമ്പ് ഉപ്പുമാവ്, റവ ഉപ്പുമാവ്, പായസം ഇവയിലേതെങ്കിലും വൈകുന്നേരവും നൽകി വരുന്നു. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് റവ ഉപ്പുമാവ്, ഗോതമ്പ് ഉപ്പുമാവ് ഇവയിലേതെങ്കിലും നൽകുന്നു. അങ്കണവാടികൾ വഴി നൽകി വരുന്ന പോഷകാഹാരങ്ങളിൽ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന അളവിൽ കലോറി പ്രോട്ടീൻ അടങ്ങിരിയിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള ഐ.സി.ഡി.എസ്. സംവിധാനം സമഗ്രമായി പരിഷ്കരിച്ച് ഐ.സി.ഡി.എസ്. മിഷൻ ആക്കുന്നതു വഴി നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടാകുന്നതാണ്.

(സി) പോഷകാഹാരത്തിന്റെ പ്രാധാന്യം, സമീകൃതാഹാരം, അവയുടെ ലഭ്യത, ഇവയുടെ വിശദാംശങ്ങൾ അതത് ക്ലാസ്സുകൾക്കനുസരിച്ച് ശാസ്ത്ര പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഇപ്പോൾ പൂരകപോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി പൂരക പോഷകാഹാര പരിപാടിയുടെ ചെലവ്, മോണിറ്ററിംഗ് എന്നിവ പ്രാഥമികമായും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

**വികലാംഗപെൻഷൻ അനുവദിക്കാൻ നടപടി**

389 (1834) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വികലാംഗ പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച് ശ്രീ. അഭിലാഷ്, കാര്യവട്ടം, ഉണ്ടത്തിൽ, തിരുവനന്തപുരം, നഗരസഭയിൽ 28-12-2012-ൽ നൽകിയ നമ്പർ 8138/2012 അപേക്ഷയിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നറിയിക്കാമോ ;

(ബി) വികലാംഗ പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച് പുതുക്കിയ മാനദണ്ഡം വ്യക്തമാക്കാമോ; ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് ;

(സി) ശ്രീ. അഭിലാഷ് ബഹു. മുഖ്യമന്ത്രിക്ക് 14-10-2014 തീയതിയിൽ നൽകിയ നമ്പർ 6991/14/സി.എം. പുതിയ അപേക്ഷയിന്മേൽ വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ടോ ; മുൻ അപേക്ഷയുടെ സീനിയോറിറ്റി ലഭിക്കുമോ ; ഈ അപേക്ഷയുടെ നടപടിക്രമം എന്തായി എന്നറിയിക്കുമോ?

ഉത്തരം

(എ) ശ്രീ. അഭിലാഷ് വി. എസ്. 28-12-2012-ന് തിരുവനന്തപുരം സഗരസഭയിൽ സമർപ്പിച്ച 8138/12-ാം നമ്പർ അപേക്ഷ ടിയാന്റെ കുടുംബ വാർഷിക വരുമാനം വികലാംഗപെൻഷൻ അനുവദിക്കുന്നതിനുള്ള വരുമാന പരിധിയായി നിശ്ചയിച്ചിരുന്ന 22,375 രൂപയേക്കാൾ കൂടുതലായതിനാൽ നിരസിച്ചിരുന്നു.

(ബി) 20-6-2014 ലെ സർക്കാർ ഉത്തരവ് നമ്പർ 52/2014 സാനീവ പ്രകാരം വികലാംഗ പെൻഷന് അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 1-4-2014 മുതൽ ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നിശ്ചിത അപേക്ഷാഫോറം പൂരിപ്പിച്ച് താഴെപ്പറയുന്ന രേഖകളുടെ പകർപ്പു സഹിതം വാർഡ് കൗൺസിലറുടെ ശിപാർശയോടെ സമർപ്പിക്കണം :

1. റേഷൻ കാർഡ്
2. ആധാർ, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്
3. 40% മുതൽ അംഗവൈകല്യമുണ്ടെങ്കിൽ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം :

(സി) ശ്രീ. അഭിലാഷ് ബഹു. മുഖ്യമന്ത്രിക്ക് 14-10-2014-ന് സമർപ്പിച്ച 6991/14/സി.എം. എന്ന അപേക്ഷ ബഹു. ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും 23-10-2014-ന് ഫിൻ 7/81748/14-ാം നമ്പർ പ്രകാരം തിരുവനന്തപുരം നഗരസഭയിലെ കഴക്കൂട്ടം മേഖലാ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതും ആയത് ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് സഹിതം 1-11-2014-ന് തിരുവനന്തപുരം നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പെൻഷൻ അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുമുണ്ട്. ടിയാന്റെ മുൻ അപേക്ഷ അന്ന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം നിരസിച്ചിട്ടുള്ളതിനാൽ സീനിയോരിറ്റി ലഭിക്കുന്നതല്ല. നഗരസഭ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കൽപ്പറ്റ കാട്ടുനായ്ക്ക കോളനിയിലെ മരണം

390 (1835) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പോഷകാഹാരക്കുറവും അജ്ഞാതരോഗവും കൊണ്ട് കൽപ്പറ്റ കാട്ടുനായ്ക്ക കോളനിയിൽ ഒരു വർഷത്തിനിടെ 12 പേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അജ്ഞാതരോഗം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) പോഷകാഹാരക്കുറവും ശുദ്ധജല ലഭ്യതയും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നടപ്പിലാക്കിയ ആരോഗ്യ സുരക്ഷിതത്വ നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയെ തുടർന്ന് അങ്കണവാടിയിലെ പോഷകാഹാര വിതരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് വച്ചാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. പോഷകാഹാരവിതരണത്തിൽ കേന്ദ്ര സർക്കാരിന്റെയും ബഹു. സുപ്രീം കോടതിയുടെയും നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾ, അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാരം റോ ഫുഡ് ആയി വീട്ടിലേക്ക് കൊടുത്തു വിടുന്നുണ്ട്. അങ്കണവാടി പ്രവർത്തനത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല പ്രാഥമികമായും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്.

(സി) എല്ലാ കോളനികളിലും അങ്കണവാടി പ്രവർത്തകർ അമ്മമാരുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നു. തൂക്കം കുറഞ്ഞ കുട്ടികൾക്ക് ഡബിൾ റേഷൻ നൽകുന്നതോടൊപ്പം ഡോക്ടറുടെ സേവനവും ലഭ്യമാക്കുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വിളർച്ചയ്ക്കുള്ള അയൺ ഗുളികകൾ വിതരണം ചെയ്യുന്നു. കൂടാതെ എല്ലാ കോളനികളിലും കുത്തിവയ്പുകളും ആരോഗ്യ ക്ലാസ്സുകളും നടത്തുന്നുണ്ട്.

## നിർദ്ധനരായ വൃദ്ധജനങ്ങളുടെ ചികിത്സ

391 (1836) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കും ശുശ്രൂഷയ്ക്കും നഗര, ഗ്രാമവ്യത്യാസമില്ലാതെ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിൽ ഇതിനായി 2013-14, 2014-15 എന്നീ വർഷങ്ങളിൽ എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ടായിരുന്നുവെന്നും, അതിൽ എന്ത് തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) ഇതിനായി പഞ്ചായത്ത് തലത്തിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ?

### ഉത്തരം

(എ) വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകികൊണ്ട് സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പു രോഗികളുടെ വീടുകളിൽ എത്തി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും, തിരിച്ചു കൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സേവനങ്ങൾ നൽകുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നു.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കാസർകോഡ് ജില്ലയിൽ വയോമിത്രം പദ്ധതി ചെലവുകൾക്കായി 17,45,757 രൂപയും 2014-15 വർഷത്തിൽ 31-10-2014 വരെ 13,33,500 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) നിലവിൽ വയോമിത്രം പദ്ധതി പഞ്ചായത്തുതലത്തിൽ ആരംഭിച്ചിട്ടില്ല.

**ഹീമോഫീലിയ ധനസഹായ പദ്ധതി**

392 (1837) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സാമൂഹ്യ സുരക്ഷാമിഷൻ ഹീമോഫീലിയ ധനസഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; എത്ര രോഗികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) ധനസഹായ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പ്രസ്തുത രോഗികൾക്ക് കാരുണ്യ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) രോഗികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഹീമോഫീലിയ രോഗബാധിതർക്ക് 2014-15 സാമ്പത്തിക വർഷം മുതൽ പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നതിന് 4-7-2014-ൽ സ.ഉ.(എംഎസ്.)നമ്പർ 58/2014/സാ. നീ. വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതുവരെയായി 217 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവുമൂലം ഉണ്ടാകുന്ന ഹീമോഫിലിയയും അനുബന്ധരോഗാവസ്ഥയും ഉള്ള രോഗബാധിതർക്ക് APL/BPL വ്യത്യാസമില്ലാതെ പ്രതിമാസം 1000 രൂപ ധനസഹായം അനുവദിക്കുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഹീമോഫീലിയ രോഗികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടില്ല.

**ധർമ്മടം നിയോജക മണ്ഡലത്തിൽ അങ്കണവാടി ട്രെയിനിംഗ് സെന്ററിന്റെയും ബാലഭവന്റെയും കെട്ടിടനിർമ്മാണം**

393 (1838) ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് അനുവദിച്ച അങ്കണവാടി ട്രെയിനിംഗ് സെന്ററിന്റെയും ബാലഭവന്റെയും കെട്ടിടനിർമ്മാണം എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രവൃത്തിയുടെ കരാർ നല്കിയിരുന്നത് ആർക്കാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂരിലെ പിണറായിയിൽ അനുവദിച്ചിട്ടുള്ള അങ്കണവാടി പരിശീലന കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (PICOS) എന്ന നിർമ്മാണ ഏജൻസിയ്ക്കാണ് അങ്കണവാടി പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തിയുടെ കരാർ നൽകിയിരിക്കുന്നത്.

(സി) ശിശുക്ഷേമ സമിതിയുമായി നിർമ്മാണ ഏജൻസിയ്ക്ക് നൽകിയിരുന്ന കാലാവധി അവസാനിച്ചതിനാൽ, കരാർ കാലാവധി നീട്ടി പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ**

394 (1839) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നിന്നും എത്രപേർക്ക് വാഹനങ്ങൾ നൽകി ; വാഹനങ്ങൾ ലഭിച്ചവരുടെ പേരും മേൽവിലാസവും ലഭ്യമാക്കാമോ;

(ബി) മുച്ചക്ര വാഹനത്തിന് അപേക്ഷിക്കുന്നവർക്ക് എന്തൊക്കെ സർട്ടിഫിക്കറ്റുകളാണ് സമർപ്പിക്കേണ്ടത് ; വരുമാനപരിധി നിബന്ധന ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മൂന്ന് പേർക്ക് നൽകിയിട്ടുണ്ട്.

1. ശ്രീമതി പ്രിയങ്ക. പി.പി, പയ്യനാടൻ ഹൗസ്, ടെമ്പിൾ ഗേറ്റ്. പി. ഒ, തലശ്ശേരി, കണ്ണൂർ

2. ശ്രീ. ജോസ്. സി. എം, ചിറയത്ത്, ചാത്തൻപാറ.പി.ഒ, കണ്ണൂർ

3. ശ്രീ. ദാമോദരൻ, തെക്കടവൻ, ചെറിയ കണ്ണൂർ, കനായി. പി. ഒ, കണ്ണൂർ

(ബി) അപേക്ഷകൻ കോർപ്പറേഷനിൽ നിന്ന് നൽകുന്ന പ്രത്യേകം തയ്യാറാക്കിയ അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത് ഹാജരാക്കേണ്ടതാണ് :

1. വരുമാന സർട്ടിഫിക്കറ്റിന്റെ കോപ്പി (വരുമാന പരിധി 70000 രൂപ വരെ)

2. ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെങ്കിൽ ലൈസൻസിന്റെ കോപ്പി

3. വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി

4. റേഷൻ കാർഡിന്റെ 1, 2 പേജിന്റെ കോപ്പികൾ

5. മോട്ടോറൈസ്ഡ് സ്കൂട്ടർ ഇല്ലായെന്നുള്ള പഞ്ചായത്ത് മെമ്പറുടെ/ പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്

6. വിദ്യാർത്ഥിയാണെങ്കിൽ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്

7. വയസ്സ് തെളിയിക്കുന്ന രേഖ.

**മുളക്കുളം ഗ്രാമപഞ്ചായത്തിലെ വൃദ്ധസദനം**

395 (1840) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മുളക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിന്റ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് എൽ.എസ്.ജി.ഡി., സി.ഇ-യുടെ ഓഫീസിൽ നിന്നും സാമൂഹ്യനീതി വകുപ്പിന് എന്നാണ് ലഭിച്ചത് ; ഫയൽ നമ്പർ നൽകാമോ ;

(ബി) പ്രസ്തുത വൃദ്ധസദനം പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന നയപരിപാടികൾ വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ചുള്ള 27-8-2014-ലെ മന്ത്രിതല യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ ; ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ) മുളക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. 1-12-2014-ൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ, 21-11-2014-ലെ ഡിബി6/11383/14 സിഇ തസ്വഭവ നമ്പർ കത്തു പ്രകാരമാണ് എസ്റ്റിമേറ്റ് ലഭിച്ചത്.

(ബി) നിലവിലുള്ള കോട്ടയത്തെ വൃദ്ധസദനം ഇപ്പോൾ ചങ്ങനാശ്ശേരി താലൂക്കിൽ പള്ളം ബ്ലോക്കിലുള്ള ആശ്രമം വകയായുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ തിരുവഞ്ചൂരുള്ള ചിൽഡ്രൻസ് ഹോമിനടുത്ത് ഒഴിഞ്ഞു കിടക്കുന്ന മൂന്നു കെട്ടിടങ്ങൾ പുതുക്കി പണിത് വൃദ്ധസദനം പ്രവർത്തിപ്പിക്കാൻ ആലോചിക്കുന്നുണ്ട്. ഈ സ്ഥലവും കൂടി ലഭിക്കുകയാണെങ്കിൽ സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം വൃദ്ധസദനങ്ങൾ ആരംഭിക്കാവുന്നതാണ്.

(സി) 27-8-2014-ൽ കൂടിയ മന്ത്രിതല യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു.* 8-10-2014-ൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിലെ തീരുമാനമനുസരിച്ച് കാരിക്കോട് വൃദ്ധമന്ദിരത്തിന്റെ ബാക്കി പണികൾ പൂർത്തീകരിക്കുന്നതിന് പഴയ കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ മുളക്കുളം പഞ്ചായത്ത് എൻജിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ 1-12-2014-ന് ലഭിച്ചിട്ടുണ്ട്.

**ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അങ്കണവാടികൾ**

396 (1841) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അങ്കണവാടികളുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം അങ്കണവാടികളെയാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത് എന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ചാലക്കുടി നിയോജക മണ്ഡലത്തിൽ നിന്നും അങ്കണവാടി നവീകരണത്തിനായി കൊടകര പഞ്ചായത്തിൽ ഉൾപ്പെട്ട അങ്കണവാടി സെന്റർ നമ്പർ 23-ന്റെ പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും ആയതിന് മതിയായ രേഖകൾ ലഭിച്ചിരുന്നില്ല. രേഖകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയിൻ കീഴിൽ ചാലക്കുടി നിയോജക മണ്ഡലത്തിലെ സെന്റർ നമ്പർ 8, സെന്റർ നമ്പർ 5, സെന്റർ നമ്പർ 111, സെന്റർ നമ്പർ 113, സെന്റർ നമ്പർ 115 എന്നീ അങ്കണവാടികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

**അട്ടപ്പാടി അങ്കണവാടി കുട്ടികളുടെ ക്ഷേമം**

397 (1842) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ എത്ര അങ്കണവാടികളാണ് നിലവിൽ ഉള്ളത് ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) കൗമാരക്കാർക്കുള്ള മെഡിക്കൽ അങ്കണവാടി പദ്ധതി ഇവിടെ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള അങ്കണവാടികളിൽ എത്ര എണ്ണത്തിന് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട് ;

(ഡി) കുട്ടികൾക്ക് വേണ്ട കളിപ്പാട്ടങ്ങൾ, ചെറിയ ഫർണിച്ചറുകൾ, കിടക്കകൾ, കുടിവെള്ളം, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ ഇല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിൽ എത്ര കുട്ടികളാണ് അങ്കണവാടികളിൽ എത്തുന്നത് ; ഊരുകളിലെ എല്ലാ കുട്ടികളും അംഗൻവാടികളിൽ എത്തുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(എഫ്) നിലവിൽ അങ്കണവാടികളിൽ കുട്ടികൾക്ക് നൽകുന്ന ഭക്ഷണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ജി) ഭക്ഷണത്തിന് നിലവിൽ ഒരു കുട്ടിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്ര രൂപയാണ് ; ഭക്ഷണത്തിനുള്ള തുക മുൻപേർ ആയി നൽകാറുണ്ടോ ; ഇല്ലെങ്കിൽ എത്ര രൂപ സർക്കാർ നൽകാൻ കുടിശികയുണ്ട് ?

<u>ഉത്തരം</u>

(എ) അട്ടപ്പാടിയിൽ 172 അങ്കണവാടികളും, 3 മിനി അങ്കണവാടികളും ചേർത്ത് ആകെ 175 അങ്കണവാടികൾ ആണ് നിലവിലുള്ളത്. ആയത് പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| അഗളി | - | 64 (63+1 മിനി അങ്കണവാടി) |
| പുതൂർ | - | 57 (55+2 മിനി അങ്കണവാടി) |
| ഷോളയൂർ | - | 54 |

(ബി) അട്ടപ്പാടിയിൽ കൗമാര പ്രായക്കാരായവർക്ക് മെഡിക്കൽ അങ്കണവാടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ കൗമാര പ്രായക്കാർക്കുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ സബല എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 'കിശോരി ദിവസ്' ആചരിക്കുന്നുണ്ട്. ടി ദിവസം മെഡിക്കൽ ചെക്കപ്പ്/റെഫറൽ സർവ്വീസ് എന്നിവ നൽകി വരുന്നു.

(സി) നിലവിലുള്ള 13 അങ്കണവാടികൾക്ക് അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്.

(ഡി) കളിപ്പാട്ടങ്ങൾ, ചെറിയ ഫർണിച്ചറുകൾ, കുടിവെള്ളം എന്നിവ ലഭ്യമല്ലാത്ത അങ്കണവാടികൾ ഒന്നും തന്നെ ഇല്ല. 9 അങ്കണവാടികളിൽ സ്വന്തമായി കുടിവെള്ള സൗകര്യം ഉണ്ട്. 114 അങ്കണവാടികൾക്ക് സമീപ പ്രദേശത്തു നിന്നും കുടിവെള്ളം ലഭ്യമാണ്. 52 സ്ഥലങ്ങളിൽ കുറച്ച് അകലെ കുടിവെള്ളം ലഭ്യമാണ്. അങ്കണവാടികളിൽ കിടക്ക ലഭ്യമല്ല. പായയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. അട്ടപ്പാടിയിലെ 44 അങ്കണവാടികൾക്ക് ടോയ്‌ലെറ്റ് സൗകര്യം ഇല്ല.

(ഇ) നവംബർ 2014-ലെ കണക്കുകൾ പ്രകാരം മൂന്ന് വയസ്സിനും 6 വയസ്സിനുമിടയിൽ പ്രായമുള്ള 1414 കുട്ടികൾ അങ്കണവാടി ഗുണഭോക്താക്കളാണ്. ഊരുകളിലെ എല്ലാ ഗുണഭോക്താക്കളേയും അങ്കണവാടിയിൽ എത്തിക്കുന്നതിന് വർക്കർ, ഹെൽപ്പർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(എഫ്) 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി നൽകിവരുന്നു. 3 വയസ്സു മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ബർഫി/ലഡു, പാൽ, മുട്ട ഇവയിൽ ഏതെങ്കിലും morning snack ആയും ഉച്ചഭക്ഷണമായി അരി, ചെറുപയർ, ചേർത്ത കഞ്ഞിയും റവ ഉപ്പുമാവ്, പയർ ശർക്കര ചേർത്തത് ഇവയിൽ ഏതെങ്കിലും ജനറൽ ഫീഡിംഗ് ആയും നൽകി വരുന്നു. കൂടാതെ ഗുരുതര പോഷകാഹാരകുറവുള്ള കുട്ടികൾക്ക് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ തയ്യാറാക്കുന്ന തെറാപ്യൂട്ടിക് ഫുഡ് മിക്സഡ് വ്യക്തിഗത Diet ചാർട്ടിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. കൂടാതെ 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ കമ്മ്യൂണിറ്റി കിച്ചൻ ഗുണഭോക്താക്കളുമാണ്.

(ജി) കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടിക്ക് ഒരു ദിവസത്തേക്ക് 4 രൂപയും ഗുരുതരമായ പോഷകാഹാര കുറവുള്ള കുട്ടിക്ക് 6 രൂപയും ആണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ 50% കേന്ദ്ര ഗവൺമെന്റ് റീഇമ്പേഴ്സ്മെന്റായി നൽകിവരുന്നു. അധികാരവികേന്ദ്രീകൃതാസൂത്രണ പദ്ധതിയെ തുടർന്ന് അങ്കണവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ് പൂരക പോഷകാഹാര പദ്ധതി. ജനകീയാസൂത്രണ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയായി തുക വകയിരുത്തിയാണ് നടപ്പിലാക്കി വരുന്നത്. പഞ്ചായത്ത് പ്രാദേശിക ഭക്ഷണ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് അനുസൃതമായി പ്രോജക്ട് വച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലേക്ക് കേന്ദ്ര സർക്കാർ മാനദണ്ഡത്തിനേക്കാൾ കൂടുതൽ തുക ചെലവ് വരാറുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചു വരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ അങ്കണവാടികൾ**

398 (1843) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിലേക്കായി നബാർഡിൽ നിന്നും എത്ര തുക ധനസഹായം ലഭിച്ചു;

(സി) നബാർഡിൽ നിന്നുള്ള ധനസഹായത്താൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു; വിശദാംശം നൽകാമോ ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിലുണ്ട്; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ ?

ഉത്തരം

(എ) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

1. സ്റ്റേറ്റ് പ്ലാൻ ഫണ്ട് :

സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അങ്കണവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവരുന്നു.

2. <u>നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതി</u> :

നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം ഒരു അങ്കണവാടിക്ക് 8.10 ലക്ഷം രൂപ ചെലവിൽ 376 അങ്കണവാടികൾ നിർമ്മിക്കുന്നതിന് NABARD-RIDF പദ്ധതിപ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.

3. <u>മാതൃകാ അങ്കണവാടി പദ്ധതി</u> :

ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന 140 നിയോജക മണ്ഡലങ്ങളിലും സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ.-യുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള ഒരു അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഒരു അങ്കണവാടിക്ക് 8.10 ലക്ഷം രൂപ ചെലവിൽ 376 അങ്കണവാടികൾ നിർമ്മിക്കുന്നതിന് NABARD-RIDF പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 6.88 ലക്ഷം രൂപ NABARD വിഹിതവും 1.22 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവുമാണ്. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നു.

(സി) നബാർഡ് ധനസഹായത്താൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിൽ 138-ാം നമ്പർ അങ്കണവാടിയുടെ കെട്ടിടനിർമ്മാണം നടന്നു വരുന്നു.

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത 28 അങ്കണവാടികൾ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## മിശ്രവിവാഹ ദമ്പതികൾക്ക് ധനസഹായം

399 (1844) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിശ്രവിവാഹ ദമ്പതികൾക്ക് സർക്കാർ നൽകുന്ന സഹായം എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ; ഇതിനുള്ള മാനദണ്ഡം എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) മിശ്രവിവാഹ ദമ്പതികൾക്ക് നൽകുന്ന ധനസഹായം എത്രയെന്നും ഏതു വർഷം വരെയുള്ള അപേക്ഷകൾക്ക് ഈ തുക നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) മിശ്ര വിവാഹ ദമ്പതികൾക്ക് നൽകുന്ന ധനസഹായ തുക വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വഴി പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് വിവാഹധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാവുകയും മൂന്നു കൊല്ലം കഴിയാതിരിക്കുകയും ചെയ്യുന്ന ദമ്പതികൾക്ക് ധനസഹായം അനുവദിക്കുന്നു. അപേക്ഷകരുടെ കുടുംബവാർഷിക വരുമാന പരിധി 22,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) മിശ്രവിവാഹ ദമ്പതികൾക്ക് വിവാഹധനസഹായമായി 30,000 രൂപ അനുവദിച്ചു വരുന്നു. ധനസഹായം നൽകിയത് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അങ്കണവാടി ജീവനക്കാർക്ക് പഞ്ചായത്ത് നൽകുന്ന ഓണറേറിയം**

400 (1845) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടി ജീവനക്കാർക്ക് പഞ്ചായത്തുകൾ നൽകുന്ന പ്രതിമാസ ഓണറേറിയം (അഡീഷണൽ) 150 രൂപ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അഡീഷണൽ ഓണറേറിയം 1,000 രൂപയാക്കി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**അനാഥാലയങ്ങൾ**

401 (1846) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എത്ര അനാഥാലയങ്ങൾ ഉണ്ട് ;

(ബി) പ്രസ്തുത അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നു വ്യക്തമാക്കുമോ ;

(സി) അനാഥാലയങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പല അനാഥാലയങ്ങളും മതിയായ തോതിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ അനാഥാലയങ്ങളിൽ ഒരുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 1176 സ്ഥാപനങ്ങൾ കുട്ടികൾക്കുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടുകൂടി പ്രവർത്തിച്ചുവരുന്നു.

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം നേടിയ സ്ഥാപനങ്ങൾ ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിന് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതും, ആയത് പരിഗണിച്ച് സർക്കാർ ഗ്രാന്റ് ഇൻ എയ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ഗ്രാന്റ് നൽകുകയുള്ളൂ. നിലവിൽ ഒരു അന്തേവാസിക്ക് 1-4-2014 മുതൽ 800 രൂപയാണ് പ്രതിമാസ ഗ്രാന്റ് ആയി അനുവദിച്ചിട്ടുള്ളത്.

(സി) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള, ഗ്രാന്റ് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ ബന്ധപ്പെട്ട അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു. ഡയറക്ടർ ശിപാർശ ചെയ്തു തരുന്ന അപേക്ഷകൾ സർക്കാർ പരിശോധിച്ച് ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂഷൻ ആയി ഉത്തരവ് നൽകുന്നു. ഇപ്രകാരം അനുമതി ലഭിക്കുന്ന സ്ഥാപനങ്ങൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അതാത് വർഷം സെപ്റ്റംബർ 30-ന് മുമ്പ് നൽകുന്നു. ആയത് ജില്ലാ ഓഫീസർ പരിശോധിച്ച് പ്രൊവിഷണലായി ഗ്രാന്റ് നൽകുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് ഇൻ എയ്ഡ് നൽകിയത് റഗുലറൈസ് ചെയ്യുന്നു. വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് നൽകി വരുന്നത്. ഇത് ഗ്രാമ പ്രദേശങ്ങളിൽ 34,000 രൂപയും നഗരപ്രദേശങ്ങളിൽ 38,000 രൂപയും വാർഷിക വരുമാന പരിധിയിൽ വരുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് നൽകുന്നത്. 5 വയസ്സിനും 21 വയസ്സിനും മദ്ധ്യേ പ്രായമുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഗ്രാന്റ് ആയി നൽകുന്നത്. സ്ഥാപനത്തിലെ 75% കുട്ടികളെങ്കിലും അപ്രകാരം ഉള്ളവരായിരിക്കണം. ഒരു അന്തേവാസിക്ക് 40 സ്ക്വയർ ഫീറ്റ് താമസ സൗകര്യം ഉണ്ടായിരിക്കണം.

(ഡി) ഇല്ല.

(ഇ) അനാഥാലയങ്ങളുടെ മേൽനോട്ട നിരീക്ഷണങ്ങൾ ശക്തമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ 26 ഓളം ഘടകങ്ങൾ ഒരു നിശ്ചിത ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും പുതുക്കി നൽകിവരുന്നതും. കൂടാതെ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർമാർ മുഖേനയും പോലീസ് വകുപ്പ് വഴിയും സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നു. പോരായ്മകൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിന് ബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലാ തലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ നിരീക്ഷണ സമിതിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മൂലപ്പിലാവ് അങ്കണവാടിയെ മാതൃക അങ്കണവാടിയായി ഉയർത്താൻ നടപടി

402 (1848) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ മൂലപ്പിലാവ് അങ്കണവാടിയെ മാതൃക അങ്കണവാടിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കുന്നതിൽ വന്ന കാലതാമസത്തിന് കാരണം വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത അങ്കണവാടിയെ മാതൃക അങ്കണവാടിയായി എപ്പോൾ പ്രഖ്യാപിക്കുമെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ മൂലപ്പിലാവ് അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് ലഭിച്ച ശുപാർശയിൽ സംഭവിച്ച പിഴവ് കാരണം ടി അങ്കണവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് അനുമതി നൽകിയ 10-2-2014-ലെ സ.ഉ. (സാധാ)നമ്പർ 95/2014/സാനീവ ഉത്തരവിൽ നിയോജക മണ്ഡലത്തിന്റെ പേര് കുന്ദമംഗലം എന്നു തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 7-11-2014-ലെ സ.ഉ(സാധാ) നമ്പർ 659/2014 സാനീവ പ്രകാരം ഏലത്തൂർ നിയോജക മണ്ഡലം എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കാസർഗോഡ് പരവനടുക്കത്ത് മഹിളാമന്ദിരം

403 (1849) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെമ്മനാട് പഞ്ചായത്തിലെ പരവനടുക്കത്ത് സ്ഥിതിചെയ്യുന്ന മഹിളാമന്ദിരത്തിൽ നിലവിൽ എത്ര പേരാണ് താമസിക്കുന്നത്;

(ബി) മാനസികരോഗമുള്ളവർ, അമ്മമാർ, കുഞ്ഞുങ്ങൾ എന്നിവരടക്കമുള്ള അന്തേവാസികൾ അതീവ ശോചനീയാവസ്ഥയിലാണ് കഴിയുന്നതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന മഹിളാ മന്ദിരത്തിൽ നിലവിൽ 27 പേർ താമസിക്കുന്നുണ്ട്.

(ബി&സി) കാസർഗോഡ് മഹിളാമന്ദിരം നിലവിൽ പ്രവർത്തിക്കുന്നത് ഒബ്സർവേഷൻ ഹോമിനോട് ചേർന്ന ഭാഗത്താണ്. മഹിളാമന്ദിരത്തിന് സ്വന്തമായി കെട്ടിടം പണി ആരംഭിക്കുകയും ആദ്യഘട്ടപണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ ഫ്ളോറിംഗ്, വയറിംഗ്, പ്ലംബിങ്, ചുറ്റുമതിൽ, ഷീറ്റ് റൂഫിംഗ്, കിണർ തുടങ്ങിയ അനുബന്ധ പ്രവൃത്തികൾ കൂടി പൂർത്തിയായാൽ മഹിളാമന്ദിരം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്.

## സാമൂഹ്യക്ഷേമ പെൻഷനുകൾ

404 (1850) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളാണ് നിലവിൽ വിതരണം ചെയ്യപ്പെടുന്നതെന്നും ഓരോന്നിന്റെയും തുകയെത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പെൻഷൻ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ക്ഷേമപെൻഷന്റെ പേര് | പ്രതിമാസ വിഹിതം (രൂപയിൽ) |
|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 600 |
| 80 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്കുള്ള പെൻഷൻ | 1200 |
| അഗതി (വിധവ) പെൻഷൻ | 800 |
| വികലാംഗപെൻഷൻ | 800 |
| 80%-ഉം അതിന് മുകളിലും വൈകല്യമുള്ള വർക്കുള്ള പെൻഷൻ | 1100 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 800 |

(ബി) ഈ സാമൂഹ്യക്ഷേമ പെൻഷനുകളുടെ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്. മറ്റു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1. അറുപത് വയസ്സ് പൂർത്തിയായിരിക്കണം<br>2. കേരള സംസ്ഥാനത്ത് 3 വർഷം സ്ഥിരതാമസം |
| വികലാംഗപെൻഷൻ | 1.അസ്ഥിവൈകല്യം ചുരുങ്ങിയത് 40 %<br>2. അന്ധർ കൂടുതൽ കാഴ്ചയുള്ള കണ്ണിൽ 6/60 അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്. |

| | |
|---|---|
| | 3. ബധിരർ-കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത് |
| | 4. മാനസിക വൈകല്യം-ഐ.ക്യൂ 50-ൽ താഴെ |
| അഗതി (വിധവ) പെൻഷൻ | വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെട്ടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്. |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1. 50 വയസ്സ് പൂർത്തിയായിരിക്കണം<br>2. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം. |

**വികലാംഗക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് സബ് കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട്**

405 (1851) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിലെ 1808/ഡി2/13 എസ്.ജെ.ഡി. നമ്പർ ഫയലിലെ തീർപ്പ് പ്രകാരം, അന്വേഷണം നടത്താൻ നിയോഗിച്ച വികലാംഗക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ സബ്കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ശിപാർശയെന്തെങ്കിലുമുണ്ടെങ്കിൽ ആയതിന്മേൽ ആവശ്യമായ തുടർനടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ബോർഡ് അംഗീകരിക്കുന്ന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക**

406 (1852) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പെൻഷനുകൾ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്താകെ ഇത്തരം ക്ഷേമപെൻഷനുകൾ എത്ര പേർക്ക് ലഭിക്കുന്നുവെന്ന ഇനം തിരിച്ചുള്ള കണക്ക് നല്കുമോ ;

(ഡി) പ്രസ്തുത ഇനത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഇ) ക്ഷേമപെൻഷനുകൾ നല്കുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഏതു മാസം വരെയാണ് പെൻഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പെൻഷൻ കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സാമൂഹ്യനീതി വകുപ്പ് പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകളാണ് വികലാംഗപെൻഷൻ, അഗതി (വിധവ)പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ. ഈ പെൻഷനുകൾ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്. മറ്റു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1. അറുപത് വയസ്സ് പൂർത്തിയായിരിക്കണം.<br>2. കേരള സംസ്ഥാനത്ത് 3 വർഷം സ്ഥിര താമസം |
| വികലാംഗപെൻഷൻ | 1. അസ്ഥിവൈകല്യം : ചുരുങ്ങിയത് 40%<br>2. അന്ധത : കാഴ്ചശക്തി കുറവുള്ള |

| | |
|---|---|
| | കണ്ണിൽ 6/60 അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്.<br>3. ബധിരത :-കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്.<br>4. മാനസിക വൈകല്യം :-ഐ.ക്യൂ 50-ൽ താഴെ |
| അഗതി (വിധവ) പെൻഷൻ | വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്. |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1. 50 വയസ്സ് പൂർത്തിയായിരിക്കണം.<br>2. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം. |

(സി) സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ നിലവിലെ എണ്ണം ചുവടെ ചേർക്കുന്നു.

- ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 725411
- 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ - 102777
- അഗതി(വിധവ) പെൻഷൻ - 1009217
- വികലാംഗപെൻഷൻ - 286820
- 80%ഉം അതിനുമുകളിൽ അംഗവൈകല്യമുള്ളവർ - 38701
- 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 67518

(ഡി) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 70380.98 ലക്ഷം

അഗതി (വിധവ) പെൻഷൻ - 101729.08 ലക്ഷം

വികലാംഗപെൻഷൻ - 34275.44 ലക്ഷം

50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 6805.83 ലക്ഷം

(ഇ) ഉണ്ട്. 2014 ആഗസ്റ്റ് മാസം വരെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.

(എഫ്) ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി പെൻഷൻ വിതരണം നടത്തുന്നതാണ്.

**സ്നേഹപൂർവ്വം പദ്ധതി**

407 (1853) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്നേഹപൂർവ്വം പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; കഴിഞ്ഞ അദ്ധ്യയന വർഷം സ്കോളർഷിപ്പ് നൽകിയത് വൈകിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഇനത്തിൽ കഴിഞ്ഞ അദ്ധ്യയനവർഷം എന്ത് തുക ചെലവഴിച്ചു ?

ഉത്തരം

6-6-2012-ലെ സ.ഉ.(എംഎസ്.) 36/2012/സാക്ഷേവ നമ്പർ ഉത്തരവ് പ്രകാരം സ്നേഹപൂർവ്വം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14 അദ്ധ്യയന വർഷത്തെ ആനുകൂല്യത്തിനുവേണ്ടി അപേക്ഷിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലായിരുന്നു. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് മാത്രമായി ആനുകൂല്യം പരിമിതപ്പെടുത്തിയിരുന്നത് കണക്കിലെടുക്കാതെ അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ കണ്ടെത്തി തരംതിരിക്കുന്നതും അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് വാങ്ങുന്നതും ശ്രമകരമായ ജോലിയായതിനാൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിട്ടു. കഴിഞ്ഞ അദ്ധ്യയന വർഷത്തെ (2013-14) സ്നേഹപൂർവ്വം പദ്ധതി ധനസഹായം അനുവദിക്കുന്നതിന് 11,41,96,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

**മാവേലിക്കരയിലെ മാതൃകാ അംഗൻവാടി**

408 (1854) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 32-ാം നമ്പർ അംഗൻവാടിയിൽ 4 വർഷത്തോളം ഹെൽപ്പറായി ജോലി ചെയ്തിരുന്ന തഴക്കര ചെറകുന്നം മലയിൽ വീട്ടിൽ രാധാമണിയെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാധാമണിയെ ഹെൽപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുമോ ; ഏത് അംഗൻവാടിയാണ് മാതൃകാ അങ്കൻവാടിയാക്കി മാറ്റിയിരിക്കുന്നത്; നിലവിൽ ഇതിന്റെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ) അംഗൻവാടി ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 46 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. 23-11-2010 മുതൽ താൽക്കാലിക അങ്കണവാടി ഹെൽപ്പറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി രാധാമണിയ്ക്ക് 46 വയസ്സ് പൂർത്തിയായതിനെ തുടർന്നാണ് ടിയാളെ താൽക്കാലിക സേവനത്തിൽ നിന്നും മാറ്റി നിർത്തിയതും സ്ഥിര നിയമനത്തിന് പരിഗണിക്കാതിരുന്നതും.

(ബി) മാവേലിക്കര നിയോജക മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിൽ 51-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സാമൂഹ്യസുരക്ഷാ മിഷനിലെ അഴിമതി**

409 (1855) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷാ മിഷനിലെ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; കണ്ടെത്തിയ വിവരങ്ങൾ അറിയിക്കാമോ ;

(ബി) ഫണ്ട് ശേഖരണത്തിന് സ്റ്റാമ്പ് വിതരണം നടത്തിയതിലെ ക്രമക്കേട് അന്വേഷിച്ചിരുന്നോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ക്രമക്കേട് നടത്തിയവർ ആരൊക്കെയാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടിയെന്തെന്നും അറിയിക്കാമോ ?

ഉത്തരം

(എ) കേരളാ സാമൂഹ്യ സുരക്ഷാ മിഷനിൽ ക്രമക്കേട് നടന്നുവെന്നാരോപിച്ച് ശ്രീ. കെ. ഷാജി നൽകിയ പരാതിയിൽ ബഹു. ലോകായുക്ത അന്വേഷണം നടത്തിയിരുന്നു. ലോകായുക്ത 2013 ഡിസംബറിൽ നടത്തിയ അന്വേഷണത്തിലും മിഷനിൽ അഴിമതി നടന്നതായി നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി & സി) സാമൂഹ്യസുരക്ഷാ മിഷന്റെ വിവിധ ക്ഷേമപദ്ധതികൾക്കായുള്ള ധനസമാഹരണത്തിന്റെ ഭാഗമായി സ്റ്റാമ്പ് അച്ചടിച്ച് വിതരണം നടത്തിയതിൽ ക്രമക്കേട് ആരോപിച്ച് ബഹു. ലോകായുക്ത മുമ്പാകെ സമർപ്പിച്ച പരാതിയിൽ നടന്ന അന്വേഷണം കൂടാതെ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം 2012 നവംബറിൽ അന്വേഷണം നടത്തിയിരുന്നു. സ്റ്റാമ്പ് വിൽപ്പനയിൽ ക്രമക്കേട് നടന്നതായി നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക**

410 (1856) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഏത് കാലയളവ് വരെ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) കുടിശ്ശിക തുക എന്ന് നൽകാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ പെൻഷനുകൾ 2014 ആഗസ്റ്റ് മാസം വരെ വിതരണം ചെയ്യുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 2014 സെപ്റ്റംബർ മുതലുള്ള പെൻഷൻ വിതരണത്തിനായി ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി അടിയന്തരമായി പെൻഷൻ കുടിശ്ശിക വിതരണം നടത്തുന്നതാണ്.

**അങ്കണവാടികളുടെ സുരക്ഷ**

411 (1857) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പല അങ്കണവാടികളും സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

ഉണ്ട്. നാമമാത്രമായ അങ്കണവാടികൾ മാത്രമാണ് സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ കണ്ടെത്തിയിട്ടുള്ളത്. അങ്കണവാടി കെട്ടിടങ്ങൾ സുരക്ഷിതമായാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എല്ലാ വർഷവും ബന്ധപ്പെട്ട എഞ്ചിനീയറിൽ നിന്നും കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അങ്കണവാടികൾ സൗകര്യപ്രദവും സുരക്ഷിതവുമായ കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിന് നടപടികളെടുത്തിട്ടുണ്ട്. സ്വന്തമായി സ്ഥലമുള്ള എല്ലാ അങ്കണവാടികൾക്കും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികൾക്കും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## മദ്യാസക്തിക്കും വിപത്തിനുമെതിരെ ബോധവൽക്കരണം

412 (1858) ശ്രീ. എം. ഉമ്മർ :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം നടപ്പാക്കിയ ശേഷം ഉണ്ടായ സാമൂഹ്യ മാറ്റത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതെക്കുറിച്ച് വിശദമാക്കുമോ ;

(ബി) മദ്യാസക്തിക്കും വിപത്തിനുമെതിരെ സമൂഹത്തിൽ വിശിഷ്യാ സ്ത്രീ സമൂഹത്തിൽ വളർന്നു വന്ന വികാരം സജീവമായി നിലനിർത്താനും, മദ്യ ഉപയോഗം പരിപൂർണ്ണമായി നിയന്ത്രിക്കാനും ഉതകും വിധമുള്ള പ്രചാരണ, ബോധവൽക്കരണ പദ്ധതികളെന്തെങ്കിലും സാമൂഹ്യനീതി വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അത്തരമൊരു ബൃഹത് പദ്ധതി ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇല്ല. സാമൂഹ്യനീതി വകുപ്പ് വഴി ബോധവത്ക്കരണ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല.

(സി) പരിശോധിക്കാവുന്നതാണ്.

## വൃദ്ധജനങ്ങൾക്കായി റീഹാബിലിറ്റേഷൻ സെന്റർ

413 (1859) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ നന്തി ലൈറ്റ് ഹൗസിനോട് ചേർന്നുള്ള സ്ഥലത്ത് വൃദ്ധജനങ്ങൾക്കായി റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ബഹു. മന്ത്രി സമക്ഷം നൽകിയ അപേക്ഷയിന്മേലുള്ള തുടർനടപടികൾ വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് ജില്ലാ സമൂഹ്യനീതി ഓഫീസ് ഇതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ നന്തി ലൈറ്റ് ഹൗസിനോട് ചേർന്നുള്ള സ്ഥലത്ത് വൃദ്ധജനങ്ങൾക്കായി റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ബഹു. സാമൂഹ്യനീതി വകുപ്പുമന്ത്രിയ്ക്ക് നൽകിയ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി ബഹു. ശ്രീ. കെ. ദാസൻ എം.എൽ.എ.-യുമായി ചർച്ച ചെയ്യുവാനും ലൈറ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം വകുപ്പിനുലഭിക്കുന്നതിനായുള്ള അപേക്ഷ ലാന്റ് ട്രാൻസ്ഫറിനുള്ള നിശ്ചിത അപേക്ഷാഫാറത്തിൽ സ്കെച്ചും പ്ലാനും ഉള്ളടക്കം ചെയ്ത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഈ വിഷയം ശ്രീ. കെ. ദാസൻ എം.എൽ.എ.-യുമായി ചർച്ച ചെയ്യുകയും ഭൂമിയുടെ സ്കെച്ചും പ്ലാനും തയ്യാറാക്കി നൽകുവാൻ മൂടാടി വില്ലേജ് ആഫീസറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ള വിവരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം - ബോധവൽക്കരണ നടപടികൾ**

414 (1860) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധമാതാപിതാക്കളെ മക്കൾ സംരക്ഷിക്കാതെ വഴിയിലോ ഗുരുവായൂർ പോലുള്ള അമ്പലനടകളിലോ ഉപേക്ഷിക്കുന്ന സംഭവങ്ങൾ ഈ അടുത്ത കാലത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാതാപിതാക്കളെ സംരക്ഷിക്കാൻ തയ്യാറാകാത്ത മക്കളുടെ പേരിൽ എന്തൊക്കെ നിയമ നടപടികളാണ് എടുക്കാൻ കഴിയുക ; വിശദാംശം വ്യക്തമാക്കുമോ ;

(സി) വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കേണ്ട നിയമപരവും ധാർമ്മികവുമായ ബാദ്ധ്യത മക്കളെ ബോദ്ധ്യപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 വകുപ്പ് 24 അനുസരിച്ച് മുതിർന്ന പൗരന്മാരെ പരിചരിച്ചിരുന്ന അല്ലെങ്കിൽ സംരക്ഷിച്ചിരുന്ന ആൾ ആരുതന്നെയായാലും, പൂർണ്ണമായും

ഒഴിവാക്കണമെന്ന ആഗ്രഹത്തോടെ മുതിർന്ന പൗരനെ എവിടെയെങ്കിലും ഉപേക്ഷിച്ചാൽ അയാൾ മൂന്നുമാസത്തെ കഠിനതടവിനോ വെറും തടവിനോ അല്ലെങ്കിൽ 5000 രൂപ വരെ പിഴയ്ക്കോ അതുമല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷാർഹമാണ്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാനനയം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കേണ്ട നിയമപരവും ധാർമ്മികവുമായ ബാദ്ധ്യത മക്കളെ ബോദ്ധ്യപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആയതിന്റെ ഭാഗമായി നിലവിൽ 4 ജില്ലകളിൽ നിർമ്മ കൈരളിയുടെ "സ്വീറ്റ് 70" എന്ന നാടകം അവതരിപ്പിക്കുകയുണ്ടായി. മറ്റു ജില്ലകളിൽ കൂടി ടി നാടകം അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെയിന്റനൻസ്, അപ്പലേറ്റ് ട്രൈബ്യൂണലുകളിലെ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും സബ് കളക്ടർമാർക്കും നിയമത്തെ കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് വഴി പരിശീലനം നൽകുകയുണ്ടായി. എല്ലാ വർഷവും എല്ലാ ജില്ലകളിലും വയോജന ദിനം ആചരിക്കുകയും പ്രസ്തുത ദിനത്തിൽ വയോജന നയത്തെയും, വയോജനങ്ങൾക്കായുള്ള നിയമത്തെ കുറിച്ച് ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു.

**മിശ്രവിവാഹിതർക്കുള്ള ധനസഹായം**

415 (1861) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിശ്രവിവാഹിതരായ ദമ്പതികൾക്ക് സർക്കാർ എന്തെല്ലാം ധനസഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മിശ്രവിവാഹിതരായ ദമ്പതികളുടെ വരുമാനം കണക്കാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) മിശ്രവിവാഹിതർക്കു ധനസഹായം നൽകുന്ന പദ്ധതിയെ സംബന്ധിക്കുന്ന നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ, വകുപ്പുതല സർക്കുലറുകൾ എന്നിവയുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

## ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വഴി പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് വിവാഹധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 30,000 രൂപയാണ് ഒറ്റത്തവണ ധനസഹായമായി നൽകുന്നത്.

(ബി&സി) വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാവുകയും മൂന്നു കൊല്ലം കഴിയാതിരിക്കുകയും ചെയ്യുന്ന ദമ്പതികൾക്ക് ധനസഹായം അനുവദിക്കുന്നു. അപേക്ഷകരുടെ കുടുംബവാർഷിക വരുമാനപരിധി 22,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) മിശ്രവിവാഹ ധനസഹായ പദ്ധതിയുടെ വ്യവസ്ഥകൾ, പദ്ധതി ഭേദഗതി വരുത്തിക്കൊണ്ട് 24-4-2002-ൽ പുറപ്പെടുവിച്ച സ.ഉ.(എംഎസ്.) 5/2002/സാക്ഷേവ, മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും അർഹതയുള്ള കുടുംബ വാർഷിക വരുമാന പരിധി ഉയർത്തി നിശ്ചയിച്ചുകൊണ്ടും 9-9-2010-ൽ പുറപ്പെടുവിച്ച സ.ഉ.(എംഎസ്.)66/2010/സാക്ഷേവ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

## മിഷൻ 676 മുഖേന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ

416 (1862) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഭിന്നശേഷി ഉള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഭിന്നശേഷി ഉള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യസുരക്ഷയ്ക്കായി 13 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ 676 മുഖേന വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. നിർഭയ പദ്ധതി
2. ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിട നിർമ്മാണം
3. സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും
4. സർക്കാർ-സാമൂഹ്യ സംഘടനാ കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും.
5. അട്ടപ്പാടി പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും.
6. ഹീമോഫീലിയ രോഗികൾക്ക് മാസത്തിൽ 1000 രൂപ വീതം പെൻഷൻ
7. കേഴ്‌വി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും.
8. കിഡ്നി/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000 രൂപ വീതം പെൻഷൻ
9. ആശ്വാസകിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS-core banking മുഖേനയും നൽകും.
10. നിഷിനെ National University for disabilities and rehabiliation ആയി ഉയർത്തും.
11. Gender Awareness Programme-നു കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും.
12. എറണാകുളത്ത് ഷീ-ടാക്സി സംവിധാനം ഏർപ്പെടുത്തും.
13. തിരുവനന്തപുരത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർ വുമൺ (ഷീ ഷോപ്പ്) നടപ്പിലാക്കും.

(സി & ഡി)

| സ്കീമുകൾ | പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കൽ & പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ |
|---|---|
| (1) | (2) |
| നിർഭയപദ്ധതി2235-02-103-79(P) | നിർഭയ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 9 ജില്ലകളിലായി 10 നിർഭയ ഷെൽറ്റർ ഹോമുകൾ ആരംഭിച്ച കഴിഞ്ഞു. 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രി കളിലും One Stop Crisis Cell പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിടനിർമ്മാണം 2235-02-001-94(P) | കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും 7-8-2014-ന് കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. |
| സാമൂഹ്യ പുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും 2235-60-200-72(06) | പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി സ.ഉ.(സാധാ)നം.365/2014 സാ.നീ.വ തീയതി 19-5-2014 പ്രകാരം നൽകിയിട്ടുണ്ട്. |
| സർക്കാർ-സാമൂഹ്യ സംഘടന കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും.2235-60-02-104-83 | 14 സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ 14 വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് 3,73,38, 000 രൂപയുടെ പ്രൊപ്പോസലിന് 18-8-2014-ലെ സ.ഉ(സാധാ)നം.530/14/സാനീവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| അട്ടപ്പാടി പട്ടികവർഗ്ഗ കുടുംബങ്ങളി ലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിയ്ക്കും 2235-60-200-83 | അട്ടപ്പാടി ICDS പ്രോജക്ടിലെ അങ്കണവാടികളിൽ പ്രീ-സ്കൂൾ സാധനങ്ങൾ വാങ്ങുന്നതിനും (43 ലക്ഷം), അട്ടപ്പാടിയിലെ Tribal girls club ൽ sports kit വാങ്ങുന്ന (70,000) പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| ഹീമോഫീലിയ രോഗികൾക്ക് മാസത്തിൽ 1000 രൂപ വീതം പെൻഷൻ 2235-60-200-720 (00)NP | 217 ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ അനുവദിച്ചു. |

| (1) | (2) |
|---|---|
| കേഴ്വി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും. 2235-02-101-78(P) | Oto Acoustic Emission (OAE) ഉപകരണം വാങ്ങി 40 സർക്കാർ ആശുപത്രികളിൽ നൽകി കഴിഞ്ഞു. |
| വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000/- രൂപ വീതം പെൻഷൻ | <u>പെൻഷൻ അനുവദിച്ച വിശദവിവരം</u> :<br>ഡയാലിസിസിന് വിധേയരാകുന്ന ഗുണഭോക്താക്കൾ - 2522<br><br>വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേരായവർ -392 |
| ആശ്വാസകിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS-Core banking മുഖേനയും നൽകും 2235-60-200-72(02) | ആവശ്യമായ തുക സാമൂഹ്യ സുരക്ഷാമിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ച് പദ്ധതി നടപ്പാക്കുന്നതാണ്. പദ്ധതിയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. |
| നിഷിനെ National University for disabilities and rehabilia tion ആയി ഉയർത്തും 2235-02-101-78 | നിഷിനെ സർവ്വകലാശാലയായി പ്രഖ്യാപിക്കുന്നതിന് നിയമനിർമ്മാണത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നു. കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. |
| Gender Awareness Programm e-ന് കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും. | 6-5-2014-ലെ സ.ഉ.(സാധാ) നമ്പർ 295/2014/ സാനീവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് . |
| എറണാകുളത്ത് ഷീ ടാക്സി സംവിധാനം ഏർപ്പെടുത്തും | തിരുവനന്തപുത്തും എറണാകുത്തും ഷീ-ടാക്സി സംവിധാനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| തിരുവനന്തപുരത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർ വുമൺ(ഷീ ഷോപ്പ്)നടപ്പിലാക്കും | ജെൻഡർ പാർക്കിൽ നിന്ന് സമർപ്പിച്ച പ്രൊപ്പോ സൽ പരിഗണനയിലാണ്. |

**കിലയെ സർവ്വകലാശാലയാക്കൽ**

417 (1863) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂരിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) സർവ്വകലാശാലയാക്കി ഉയർത്താൻ നീക്കം നടക്കുന്നുണ്ടോ ; എങ്കിൽ ഇതിനായുള്ള പ്രവർത്തനം ഏതു ഘട്ടംവരെയെത്തി എന്ന് വിശദമാക്കാമോ ;

(ബി) കില സർവ്വകലാശാലയാക്കുകയാണെങ്കിൽ എന്തൊക്കെ കോഴ്സുകൾ ആരംഭിക്കാനാണ് നീക്കം ; ഇതിന്റെ പ്രവർത്തന ചുമതലയ്ക്ക് ഏതു വകുപ്പാണ് മേൽനോട്ടം വഹിക്കുക ; ഇവിടെ അഡ്മിഷൻ ലഭിക്കാനുള്ള മാനദണ്ഡം എന്താണ് ?

ഉത്തരം

(എ) ഉണ്ട്. 21-8-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 286/2013/തസ്വഭവ പ്രകാരം കിലയെ കൽപ്പിത സർവ്വകലാശാലയായി വികസിപ്പിക്കാൻ ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കില സർവ്വകലാശാലയാക്കുമ്പോൾ അധികാര വികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം, പോളിസി സ്റ്റഡീസ് തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ അന്തിമമായി തീരുമാനമെടുക്കുന്നത് യൂണിവേഴ്സിറ്റിയുടെ അക്കാദമിക് കൗൺസിലാണ്. യൂണിവേഴ്സിറ്റി നിർണ്ണയിക്കുന്ന വകുപ്പുകളുടെ കീഴിലായിരിക്കും കോഴ്സുകൾ ആരംഭിക്കുക. യു.ജി.സി. നിഷ്കർഷിക്കുന്ന പ്രകാരമുള്ള മാനദണ്ഡങ്ങളാണ് അഡ്മിഷനു വേണ്ടി വിഭാവനം ചെയ്യുന്നത്.

**കില -യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റുന്ന തീരുമാനം**

418 (1864) ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിലയെ കൽപിത സർവ്വകലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിലയെ സർവ്വകലാശാലയാക്കുന്നതുമൂലം താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- അധികാര വികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും ആഴത്തിലുള്ള പഠനങ്ങൾ നടത്തുക.
- അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട അക്കാദമിക് കോഴ്സുകൾ ആരംഭിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗും മറ്റു പരിപാടികളും മെച്ചപ്പെട്ട രീതിയിൽ നടത്തുക.

(സി) 1. ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള നയരൂപീകരണത്തിന് സർക്കാരിന് സഹായകമാകുന്നു.

2. പഠനങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലനങ്ങൾ രൂപപ്പെടുത്തുന്നതു വഴി പരിശീലനത്തിന്റെ ഗുണനിലവാരം ഉയരുന്നു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്കും ജനപ്രതിനിധികൾക്കും ഉന്നത പഠനത്തിനുള്ള അവസരമുണ്ടാക്കുന്നു.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ രൂപപ്പെടുത്തുവാൻ കഴിയുന്നു.

(ഡി) 1. കില സർവ്വകലാശാലയാക്കുന്നതിനുള്ള കരുതൽ ധനമായി നാളിതുവരെ 15 കോടി 32 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ചു കഴിഞ്ഞു.

2. അധിക സ്ഥലമെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(നക്ഷത്ര ചിഹ്നമിടാത്ത 1488, 1489, 1492, 1581, 1591, 1642, 1684, 1706, 1736, 1743, 1783, 1833, 1847 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)